Advert, *v. i.* (to) മനസ്സുവയ്ക്ക, ശ്രദ്ധിക്ക, ആലോചിക്ക, കുറിക്കൊള്ളുക, അനുലക്ഷിക്ക, ഉദ്ദേശിച്ചുപറയുക; **-vertence**, **-vertency**, *n.* ശ്രദ്ധ, അവധാനം, അവഹിതത, മനോയോഗം, അപേക്ഷ.

Advertise (-īz'), *v. t.* അറിയിക്കുക, വിജ്ഞാപിപ്പിക്ക, പരസ്യംചെയ്ക, പ്രകാശിപ്പിക്ക; **-er**, *n.* പ്രകാശകൻ, പരസ്യം ചെയ്യോൻ, ജ്ഞാപകൻ; **ment**, *n.* പരസ്യം, വിജ്ഞാപനം, ഘോഷണ.

Advice, *n.* ഉപദേശം, അനുശാസനം, ബോധനം, സമാചാരം, വാർത്ത; 'to take a. അഭിപ്രായംചോദിക്ക'; 'letter of a. ചരക്കയച്ച വിവരത്തിനുള്ള കത്തു്'; 'legal a. നിയമജ്ഞാഭിപ്രായം'; 'medical a. വൈദ്യാഭിപ്രായം'; **advise**, *v. t. and v. i.* ഉപദേശിക്ക, അനുശാസിക്ക, ബോധിപ്പിക്ക, നിവേദിപ്പിക്ക, ജ്ഞാപിപ്പിക്ക, വിചാരിപ്പിക്ക, ആലോചിക്ക; **visable**, *a.* ഉചിതമായ, യോഗ്യം, യുക്തം, ഉപദേഷ്ടവ്യമായ; **-visability**, *n.* ഹിതം, യോഗ്യത, ഔചിത്യം; **-visedly**, *adv.* ബോധപൂർവം; **-er**, *n.* മന്ത്രി, ആലോചനക്കാരൻ, ഉപദേഷ്ടാവ്; 'spiritual a. അദ്ധ്യാത്മഗുരു'; **-ory**, *a.* ഉപദേശകമായ.

Advocate, *n.* വക്കീൽ, ന്യായവാദി, പരാർത്ഥവാദി, പക്ഷസമർത്ഥകൻ, വക്താവ്, മദ്ധ്യവർത്തി, ആശ്രയൻ, രക്ഷകൻ, അഭിഭാഷകൻ, *v. t.* ന്യായംപറക, ശുപാർശ ചെയ്യുക, പരാർത്ഥം വദിക്കുക, പക്ഷംസമർത്ഥിക്ക, പക്ഷംരക്ഷിക്ക.

Adz, Adze, *n.* വായ്ചി, മഴു, കഠാരിക, തക്ഷണി.

Ægis (ē'jis) പരിച, പാലനം.

Æon, Eon (ē'on), *n.* കാലം, യുഗം, കല്പം, അനന്തകാലം.

Aerate, Aerial etc. see under **Air.**

Aerie, *n.* കഴുക്കൂട്, കഴുക്കുഞ്ഞുങ്ങൾ.

Æsculapian, വൈദ്യശാസ്ത്രസംബന്ധമായ, ആയുർവേദസംബന്ധമായ, ഔഷധസംബന്ധമായ.

Æsthetics (-ēs), *n.* രസജ്ഞാനം, രസജ്ഞാനശാസ്ത്രം, സൂക്ഷ്മബോധം; **-ic**, **-ical**, *a.* ഇനിമയായ, മനോഹരമായ, രസബോധപരമായ.

Afar, *adv.* ദൂരെ, നെടുംതാലയിൽ, അകലെ, ദൂരെനിന്നു്, ദൂരത്തോളം, ദൂരാത്, ആരാത്, ദൂരെ, ദൂരം, 'a. off ദൂരസ്ഥമായ'.

Affable (-fa-bl), *a.* വിനയമുള്ള, ലോഹ്യമുള്ള, സുജനമായ, സുശീലമായ, മധുരാലാപമായ, പ്രിയവാദിയായ, **-bility**, *n.* മധുരാലാപത, ലോഹ്യം, സുശീലത്വം, സൌജന്യം, പ്രശ്രയം, **-Affably**, *adv.* ചാട്ടുക്തിയോടെ, മൃദുവചനത്തോടെ, സുജനവത്തായി, സപ്രശ്രയം.

Affair (af'fār), *n.* കാര്യം (കാരിയം), വിഷയം, അവസ്ഥ, സംഗതി, വ്യാപാരം, (pl); പ്രവൃത്തി, കാര്യാദികൾ, ഉദ്യോഗം; ചെറുപട; (mil.); 'a. of honour ദ്വന്ദ്വയുദ്ധം'; 'a. of love പ്രേമരഹസ്യം'.

Affect, *v. t.* പറക, തട്ടുക; ഇളക്കുക, ക്ഷോഭിപ്പിക്ക; രസംഭാവിക്കുക, താല്പര്യം കാട്ടുക; ഭാവംനടിക്ക, കപടമായി ഭാവിക്ക; 'to be a. ed to, to be a. ed towards, താൽപര്യമായിരിക്ക, **-ation**, *n.* നാട്യം, കാപട്യം, വേഷംകെട്ടൽ, ഗോഷ്ഠി; അഹങ്കാരം, ആടോപം, മിഥ്യാഗൌരവം; ഛദ്മം; വിലാസം, അഭിനയം, ഹാവം; **-ed**, *a.* ആകുലമായ, അഭിഭൂതമായ, ഉപഹതമായ, വികൃതമായ, കൃതകമായ, കൃത്രിമമായ; മിഥ്യാ in comp.; 'by an a. courage മിഥ്യാപ്രതാപത്തോടെ; അഹങ്കാരിയായി, മാനിയായി, സന്ദർപ്പനായി'; **-edly**, *adv.* അഹങ്കാരത്തോടെ, ആടോപത്തോടെ, സാഹങ്കാരം, സാടോപം; **-ing**, *a.* കരുണമായ, മർമ്മഭേദിയായ; **-ingly**, *adv.* കരുണമായ്; **-ion**, *n.* പ്രേമം, അനുരാഗം, സ്നേഹം, പ്രണയം, പ്രീതിവാത്സ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്യം; ധർമ്മം, സംസ്കാരം, വികാരം, അനു ഭാവം, വൃത്തി, ഭാവം, വിക്രിയ, രാഗം; **-ionate,** *a.* സ്നിഗ്ദ്ധമായ, സ്നേഹശീലമുള്ള, പ്രണയിയായ, സപ്രണയമായ, സാനുരാഗമായ, വത്സലമായ; **-ionately** *adv.* പ്രേമത്തോടെ, സപ്രേമം, സസ്നേഹം, സാനുരാഗം.

Affiance, *n.* വിവാഹനിശ്ചയം, വാഗ്ദാനം; ശ്രദ്ധ, വിശ്വാസം; *v. t.* വിവാഹം നിശ്ചയിക്കുക.

Affidavit, *n.* സത്യവാങ്മൂലം, ശപഥ പത്രം; സത്യവാങ്മൂലരേഖ, (L).

Affiliate, *v. t.* ദത്തെടുക്ക; അംഗമാക്കിത്തീർക്ക; (to, with) ചേർക്കുക. സംശ്ലേഷിപ്പിക്ക, സംയോജിപ്പിക്ക; (to, on, up) പിതാവെന്നു തീർച്ചപ്പെടുത്തുക; **-ation,** *n.* സംശ്ലേഷം, സംയോജനം, ദത്തു; ജനകനിർണ്ണയം, വംശനിർണ്ണയം.

Affinal, *a.* വിവാഹബന്ധുത്വമുള്ള; **-finity,** *n.* (with, to, between) വിവാഹ ബന്ധുത്വം, സംബന്ധം, സമ്പർക്കം, യോഗം; ബന്ധുത്വം, സാദൃശ്യം, സാമ്യം.

Affirm, *v. t.* ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക, പ്രസ്താവിക്കുക, ഉറപ്പായിപ്പറക; *v. i.* സത്യംചെയ്തുപറക; **-ation,** *n.* ഉക്തി, ദൃഢീകരണം, ദൃഢവചനം, പ്രമാണീകരണം, നിശ്ചയത്തോടുള്ള വാക്ക്; പ്രതിജ്ഞ, പക്ഷം; **-ative,** *a.* സ്വീകാരദ്യോതകമായ or സൂചകമായ, പക്ഷാനുകൂലമായ; 'അതെ' എന്നു സമ്മതിക്കുന്ന; *n.* അനുസരണം, സ്ഥാപനം, അനുസരണവാചി, ഉവ്വ്, അതെ.

Affix, *v. t.* അനുബന്ധിക്ക, സംയോജിപ്പിക്ക, ആയോജിപ്പിക്ക, പതിക്കുക പറ്റിക്കുക; (മുദ്ര)വയ്ക്കുക; (ഒപ്പ്)ഇടുക; *n.* അനുബന്ധം, പ്രത്യയം.

Afflatus, *n.* ആവേശം.

Afflict, *v. t.* ക്ലേശിപ്പിക്ക, പരിതപിപ്പിക്ക, പീഡിപ്പിക്ക, ആയാസപ്പെടുത്തുക; **-ed,** *a.* ആർത്തൻ, ദുഃഖിതൻ, അഭിഭൂതൻ, പീഡിതൻ, ആതുരൻ; **-tion,** *n.* ക്ലേശം, ബാധ, പീഡ, കഷ്ടം, വ്യഥ, ദുഃഖം; **-ine -ive,** *a.* ക്ലേശാവഹം, വ്യഥാകരം.

Affluence, *n.* പ്രവാഹം, സമൃദ്ധി, സധനത, ധനബാഹുല്യം, സമ്പത്ത്; **-fluent** *a.* ഐശ്വര്യമുള്ള, സമൃദ്ധം, ധനാഢ്യം, മഹാധനമുള്ള; സുസ്ഥിതിയുള്ള, ഒഴിടത്തേയ്ക്കു പ്രവഹിക്കുന്ന; *n.* പോഷകനദി, ഉപനദി; **-Afflux,** *n.* പ്രവാഹം, ഒഴുക്ക്, ചാട്ടം.

Afford, *v. t.* വിളയിക്കുക, ഉണ്ടാക്കുക, നൽകുക, കഴിയുക, സമർത്ഥമായി ഭവിക്ക; (can, may etc.) കഴിയുക, നിർവ്വാഹമുണ്ടാക്കുക.

Affrey, *n.* കലഹം, പോര്, അമളി, ദ്വന്ദ്വം, യുദ്ധം: *v. t.* ഭയപ്പെടുത്തുക.

Affright, *v. t.* സംത്രാസമുണ്ടാക്ക, ഭയപ്പെടുത്തുക, ഭീഷണിപ്പെടുത്തുക. വെരുട്ടുക; *n.* ഭയം; സംത്രാസം, ഭീഷണി, സാദ്ധ്വസം.

Affront (af-frunt'), *v. t.* (മുഖത്തുനോക്കി) അവജ്ഞചെയ്യുക, അപമാനിക്ക, അധിക്ഷേപിക്ക, തിരസ്കരിക്ക; *n.* ധിക്കാരം, നിന്ദ, അവജ്ഞ, നികൃതി, അപമാനം, തിരസ്കാരം, മാനഭംഗം.

Affuse, *v. t.* മേല് തളിക്കുക, വാർത്തുക, സേചനംചെയ്ക; **-fusion,** *n.* തളിക്കൽ, ആസേകം, പ്രോക്ഷണം, ധാര; (med).

Afield, *adv.* കളത്തിൽ.

Afire, *adv.* തീ പററിയെരിഞ്ഞുകൊണ്ട്, കോപത്തോടെ; a. ദഹ്യമാനമായ.

Aflame *adv.* എരിഞ്ഞുകൊണ്ട്, ജ്വാലയായി; *a.* ദഹ്യമാനമായ.

Afloat, *a.* വെള്ളത്തിൻമീതെ ഒഴുകിക്കൊണ്ടിരിക്കുന്ന, പ്ലവമാനമായ, കപ്പലിലുള്ള; 'a rumour is a. വാർത്ത പ്രസൃതമായിരിക്കുന്നു; *adv.* പ്ലവമാനമായി, അലഞ്ഞുകൊണ്ട്, ഒഴുകിക്കൊണ്ട്'.

Afoot, *adv.* കാൽനടയായി; 'the matter being a. ആരംഭിച്ചിരിക്കുന്ന'.

Afore, *adv. or prep.* മുൻപിൽ, അഗ്രേ, പുരഃ, സംമുഖം; പൂർവ്വം; പുരാ; ഗതകാലേ; 'a. cited, a. mentioned, a. said, മുൻ പറഞ്ഞ, പൂർവ്വോക്തം, പ്രാഗുക്തം'; ,a. thought, പൂർവ്വസങ്കൽപിതം'; 'a. times *adv.* പുരാ, പണ്ട്'.

Afortiori (ā'for-shi-ō'ri), *adv.* പ്രബല കാരണത്താൽ, (L)

Afraid, *a.* വെരുണ്ട, ഭീതമായ, ഭയാനപിതമായ, ശങ്കാനപിതമായ; 'I am a. I cān not help, നിങ്ങൾക്കു സാഹായ്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്യാൻ കഴികയില്ലെന്നാണ് എനിക്കു തോന്നുന്നതു്.

Afresh, *adv.* പുതുതായി, നവമായി, അഭിനവമായി; വീണ്ടും.

Afront, *adv.* എതിരായി, അഭിമുഖമായി; *prep.* മുൻപിൽ.

Aft, *a. and adv.* അമരത്തു്, പിന്നണിയത്തിൽ.

After, *prep.* അനു, പശ്ചാൽ, പിന്നാലെ, പിറകേ; 'to go a. അനുഗമിക്ക, അനുസരിക്ക'; (of time) അനന്തരം, ശേഷം, 'a. that, തദനന്തരം, അതിനുശേഷം'; 'a. one another, ആനുപൂർവ്യേണ'; (rank) കഴിച്ചാൽ; (consequence) നിമിത്തം; 'a. what you have said I shall be careful, നിങ്ങൾ ഇങ്ങിനെ പറഞ്ഞ സ്ഥിതിക്കു് ഞാൻ സൂക്ഷിച്ചുകൊള്ളാം'; (in spite of) ശേഷവും; 'a. all our advise you took that course, ഞങ്ങൾ ഇത്രയൊക്കെ പറഞ്ഞശേഷവും (പറഞ്ഞിട്ടും) നീ അവ്വണ്ണം പ്രവൃത്തിച്ചു'; (object) ആയിക്കൊണ്ടു്, വേണ്ടി, പററി; (imitation) അനുസരിച്ചു്, പോലെ, പ്രകാരം; 'a. all, ആകപ്പാടെ, ഒടുവായി, ശേഷമായി; 'day a. day, ദിവസേന'; 'to be a. കിട്ടുവാൻ ശ്രമിക്കുക'; 'a. birth, *n* മാച്ചു്, മറുപിള്ള, ജരായു'; 'a. brain, അനുമസ്തിഷ്കം'; 'a. game *n.* വഴിയേ തോന്നിയ ഉപായം; 'a. glow *n.* സായംപ്രകാശം, സന്ധ്യാപ്രകാശം'; 'a. inquiry, ഉത്തരജിജ്ഞാസ'; 'a. life *n.* ആയുശ്ശേഷം, പാരത്രികജീവിതം'; 'a. noon, *n* അപരാഹ്നം, പരാഹ്നം, ഉച്ചതിരിഞ്ഞ സമയം' 'a. pains, *n.* പ്രസവോത്തരവേദന'; 'a. thought, *n.* ഉത്തരചിന്ത, അനുബോധം'; 'a. wards, പശ്ചാൽ, അനന്തരം; *a.* പിന്നത്തെ, ഇനിയത്തെ, വരുവാനുള്ള, പിൻഭാഗത്തുള്ള, അമരത്തുള്ള.

Again, (a-gen'), *adv* മേലും, ഇന്നിയും, വീണ്ടും, അതുകൂടാതെ; എന്നുതന്നെയല്ല; a. and a. പിന്നെയും പിന്നെയും, കൂടക്കൂടെ, വഴംവാരം'; 'now and a. ഓരോരിക്കൽ'.

Against, (a-genst) *prep.* എതിരായു്, (പ്രതി, അഭി); വിരോധമായു്, വിരുദ്ധമായ്, പ്രാതികൂല്യമായു്; അത്ഥം; 'ആപൽകാലാത്ഥം ധനം സൂക്ഷിക്കണം, should lay by wealth a. calamities.'

Agape (a-gāp'), *a.* വായു് തുറന്നുനില്ക്കുന്ന, അത്ഭുതപ്പെട്ട, ജൃംഭമാണമായ, *adv.* വായു് തുറന്നു്, ജൃംഭമാണമായു്.

Agape, *n* സ്നേഹസദ്യ.

Agaric, *n.* കമിഴു.

Agastric, *a.* ജഠരശൂന്യമായ.

Agate, *n.* വൈഡൂര്യം.

Agave, മെറെൽപ്പകൈത.

Age (āj), *n.* വയസ്സു്, പ്രായം, നെടുംകാലം, യുഗം, കാലം, തലമുറ; 'a. of the world കല്പം'; 'old a. വൃദ്ധത്വം, വാദ്ധക്യം'; പരിണതവയസ്സു്; 'of the same a. സമകാലീനം, സമാനവയസ്കം'; *v i* വയസ്സനാകുക, ജീണ്ണിക്കുക; -ed *a.* വൃദ്ധനായ, ജീണ്ണം, പുരാണം.

Agenda (aj-end'a), *n* കാര്യക്കുറിപ്പു്, യാദാസ്സു്, കാര്യക്രമപത്രം, കാര്യപരിപാടി.

Agent, *n.* പ്രതിഹസ്തൻ, പ്രതിനിധി, കാര്യക്കാരൻ; കത്താവു്, (gr); ഹേതു, കാരണം; സാധനം; ശക്തി; **-Agency,** *n.* കർതൃത്വം, കാര്യസ്ഥസ്ഥാനം, മുഖ്യത്വം; കാരണം; നിയോഗിപദം; നിയോജ്യത്വം.

Agglomerate, *v. t and v. i* സഞ്ചയിക്ക, ഏകത്രരാശീകരിക്ക, ഉരുട്ടിക്കൂട്ടുക, ഉരുട്ടിവയ്ക്കുക; **-ation,** *n* സഞ്ചയം, രാശീകരണം, കൂട്ടൽ, കൂമ്പാരം.

Agglutinate, *v t* ഒട്ടിക്കുക, പററിക്കുക, സംയോജിപ്പിക്ക, സംശ്ലേഷിപ്പിക്ക, സംലഗ്നമാക്കുക; **-nation,** *n* സംയോജനം, സംയോഗം, ഒന്നിച്ചുകൂട്ടൽ.

Aggrandize, *v t* മേന്മപ്പെടുത്തുക, വലുതാക്കുക, അധികമാക്കുക, വിവർദ്ധിപ്പിക്ക, ഉൽക്കർഷപ്പെടുത്തുക, ഉന്നതിവരുത്തുക; **-ment,** *n* വിവൃദ്ധി, ഉന്നതി, അഭ്യുദയം, ഉൽക്കർഷം, ഉപചയം, ഉദയം.

Aggravate, *v t.* ഘനംകൂട്ടുക, വർദ്ധിപ്പിക്ക; വലുതാക്കുക; വളത്തിപ്പറക; പ്രകോപിപ്പിക്ക, സംക്ഷോഭിപ്പിക്ക, ഉദ്ദീപിപ്പിക്ക; **-vation,** *n.* ഘനം, വലിപ്പം, വൃദ്ധി, ഉപചയം, വിഷമം, അതിവണ്ണനം, പ്രകോപനം, ഉദ്ദീപനം.

Aggregate, *v. t* കൂട്ടുക, സംഗ്രഹിക്ക, രാശീകരിക്ക, സഞ്ചയിക്ക; *a.* തൊകയായ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രട്ടിയ, ഏകീകൃതമായ, സമാഹൃതം, സഞ്ചിതം; **-ion,** *n.* ക്രട്ടം, സമൂഹം; സംഗ്രഹണം, രാശീകരണം.

Aggress, *v i.* ആദ്യമായാക്രമിക്ക, ശണ്ഠയിടുക, ലംഘിക്കുക, ഹിംസാരംഭം തുടങ്ങുക; **-sion,** *n.* ആക്രമം, അതിക്രമം, ലംഘനം; പ്രഥമാപകാരം, ഹിംസാരംഭം; **-ive,** *a.* ആക്രമിക്കുന്ന, പ്രഥമാപകാരിയായ; 'a. step, ഹിംസാരംഭം, പ്രഥമാക്രമണം'; **-or,** *n* പ്രഥമാപകാരകൻ, ആക്രാമകൻ, അക്രമി.

Aggrieve, (-grev'), *v. t.* ഞെരുക്കുക, മനസ്സുനോവിക്ക, വേദനപ്പെടുത്തുക, ദുഃഖിപ്പിക്ക'; to be a. ed. വ്യസനിക്കുക, സങ്കടം അനുഭവിക്കുക'.

Aghast, *a* അമ്പരന്ന, ഭ്രമിച്ച, സസാദ്ധ്വസമായ, ഭയാഭിഭൂതമായ; വിസ്മയാകുലമായ, ആശ്ചര്യചകിതമായ; *adv.* അമ്പരന്ന്, ഭ്രമിച്ച്, വിസ്മയാകുലമായി.

Agile, (aj'il), *a.* വേഗമുള്ള, ചുറുക്കുള്ള, ലാഘവമുള്ള, ലഘുശരീരമായ; **-gility,** *n.* വേഗം, ചുറുചുറുക്ക്.

Agio, *n.* നാണയവിലവ്യത്യാസം, പലിശ, വട്ടം.

Agitate (aj'itat'), *v. t.* കലക്കുക, ഇളക്കുക, പ്രക്ഷോഭിപ്പിക്ക, സംക്ഷോഭിപ്പിക്ക, ആകലീകരിക്ക, ഉദ്വേജിപ്പിക്ക; ഊററത്തോടെ വാദിക്കുക; കലഹിപ്പിക്കുക, ഇളക്കിവിടുക; -ed, *a.* ക്ഷുബ്ധം, ആകുലം, വിഹ്വലം, വിക്ലവമായ, പരിപ്ലവമായ; പ്രമഥിതമായ, വിലോഡിതം: **tation,** *n.* ഇളക്കം, സംക്ഷോഭം, ഉദ്വേഗം, ഉപപ്ലവം, ആകുലത്വം, വിലോഡനം; വിചാരണ, പ്രക്ഷോഭണം; **-tator,** *n.* ഇളക്കിവിടുന്നവൻ, ഉത്സാഹിപ്പിക്കുന്നവൻ, ക്ഷോഭകൻ, പ്രക്ഷോഭകാരി.

Aglow (a-glo'), *a.* അഗ്നിദീപ്തമായ, ചുട്ടുവേവുന്ന, ജ്വലിക്കുന്ന, ചെന്തളിച്ച; *adv.* 'അഗ്നിദീപ്തമായി, ജ്വലിച്ച്',ചെന്തളിച്ച്'.

Agnail, *n.* നഖച്ചുറ്റ്, കഴിനഖം, വിരൽകുരു.

Agnate, *a.* അച്ഛൻവഴിബന്ധമുള്ള; *n.* അച്ഛൻവഴിയുള്ള ബന്ധു; **-tion,** *n.* അച്ഛൻവഴിബന്ധം.

Agnomen, *n.* വിശേഷണപ്പേര്.

Agnostic, *n.* അനീശ്വരവാദി, നിരീശ്വരവാദി.

Ago, Agone, *a. and adv.* മുമ്പ്, മുൻ, പൂർവം; 'long a. പുരാ, പണ്ട്'.

Agog, *a. and adv.* ദ്രുതഗതിയോടെ, തിടുക്കത്തോടെ.

Agoing, *adv.* പൊയ്ക്കൊണ്ട്.

Agony, *n.* അതിപ്രയത്നം, അതിദുഃഖം, വ്യഥ, യാതന, വേദന, സന്താപം; **sharp,** *a.* തീവ്രവേദന; **-ize,** *v. t. and v. i.* പ്രയത്നിക്ക, വേദനപ്പെടുത്തുക, പീഡിപ്പിക്ക.

Agrarian, *a.* വ്യവസായഭൂമിസംബന്ധമായ, നിലംസംബന്ധമായ, ഭൂമിവിഷയകം.

Agree, *v. i.* ഒരുമയായിരിക്ക, ഒപ്പമായിരിക്ക, മനസ്സുയോജിക്ക; (to) സമ്മതിക്ക, യോജിക്ക; ഉടമ്പടിചെയ്ക, ഒക്കുക, നിരന്നുവരിക; കരാർചെയ്യുക; ഗ്രഹിക്ക, സ്വീകരിക്ക, അനുജ്ഞനൽക, ഹിതമാകുക; **able,** *a.* ഒരുക്കമുള്ള, മനസ്സുള്ള; രമ്യമായ, സുഖം in comp. സുഖസ്പർശത്യുള്ള etc; മനോജ്ഞമായ, പ്രിയം, സൂനൃതം, അഭിമതം, സുഭഗം; അനുരൂപം, യോഗ്യം, തുല്യം, സദൃശം; **-ably,** *adv.* ഒത്തവണ്ണം, യഥാസുഖം, അനുരൂപമായി; **-ability, -ableness,** *n.* രമണീയത, സൌഹാർദ്ദം, ഔചിത്യം, യോജിപ്പ്; **-ment,** *n.* കരാർ, ഉടമ്പടി, നിശ്ചയം, സമയം, സംവിത്; ഐക്യം, സമ്മതി, ഐകമത്യം; സാദൃശ്യം, സംവാദം, സ്വീകാരം.

Agrestic, *a.* അസഭ്യമായ, ഗ്രാമ്യമായ.

Agriculture, *n* കൃഷി, കർഷണം; 'science of a. കൃഷികർമ്മവിദ്യ'; **-turist,** *n.* കൃഷിക്കാരൻ, കൃഷീവലൻ, കർഷകൻ.

Agronomial, *a.* ക്ഷേത്രകർമ്മവിഷയകമായ, കൃഷികർമ്മസംബന്ധിയായ.

Aground, *a. and adv* ഉറച്ചുപോയ, കരയ്ക്കു കയറിയ, അടിഞ്ഞ, കരയ്ക്കടിഞ്ഞ.

Ague, (āgu) *n.* കുളിർപ്പനി, ശീതജ്വരം, തുള്ളപ്പനി, കംപജ്വരം; 'tertain, a. ത്ര്യാഹികവിഷമം'; 'quartan a. ചാതുർത്ഥികവിഷമം'.

Ah, (ä), *intj,* അയ്യോ! ഹാ! ആ! ഹന്ത!

Aha, (ä-hä), *intj.* ആശ്ചര്യസൂചകമായ ശബ്ദം, അഹോ! അഹഹ! ആഹാ! അങ്ങിനെയോ!.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Ahead, (a-hed'), *adv.* മുമ്പിൽ, മുമ്പോട്ട്; ഭാവിയിൽ, അഗ്രേ; 'to get a. of, കടന്നുനില്ക്ക, മുന്തിനില്ക്ക'.

Aheap, *adv.* കുന്നിച്ച്, ക്രമകൂട്ടി, സങ്കലിതമായി.

Aid, *v. t.* തുണയ്ക്കുക, സഹായിക്കുക, ഉപകരിക്കുക; *n.* ഉപകാരം, തുണ, സഹായം; **-less**, *a.* അസഹായമായ.

Aid-de-camp, (ad'de-kon), *n.* ആസന്നസഹായൻ, സേനാപതി സഹായൻ.

Ail, (āl), *v. i.* നോവുക, സങ്കടപ്പെടുക; *v. t.* സങ്കടപ്പെടുത്തുക, കഴയ്ക്കുക, അസുഖമുണ്ടാക്കുക 'what a. s. him, അവന്ന് എന്താണ സുഖക്കേട്?'; **-ing**, *a.* പീഡിതമായ, ക്ഷുദ്രരോഗപീഡിതം; **-ment**, *n.* പീഡ, ആതങ്കം, ദീനം, ക്ഷുദ്രരോഗം, വ്യാധി, രോഗം.

Aim, (ām), *v. i.* ലാക്കുവയ്ക്കുക; *v. t.* ലക്ഷീകരിക്ക, ഉദ്ദേശിക്കുക, മനസ്സുവയ്ക്കുക, ലക്ഷ്യംകണ്ടോങ്ങുക; 'to cry a. ധൈര്യപ്പെടുത്തുക'; *n.* കുറി, ലാക്ക്, ലക്ഷ്യം, നോട്ടം, ശരവ്യം; സംധാനം; അഭിപ്രായം, ആശയം, വാഞ്ഛ, കാംക്ഷ, ഹേതു, ചികീർഷിതം, ഉദ്ദേശം, താൽപര്യം, ഗതി.

Air (ār), *n.* കാററ്, വായുമണ്ഡലം, ആകാശം; താളം, രാഗം, സംഗീതം, മൂർച്ഛന; കാലാവസ്ഥ; സഹവാസം; ഗന്ധം; പ്രസിദ്ധി; ഭാവം, മുഖഭാവം, ആകാരം, മാതിരി; 'in the a. കിംവദന്തിയുണ്ടാക, അസ്ഥിരമായിരിക്ക'; 'to put on a. s. വലിപ്പംനടിക്കുക'; 'to take the a. കാററുകൊള്ളുക, ഉലാത്തുക'; 'to take a. പരസ്യമായിത്തീരുക'; 'give air, പ്രസിദ്ധമാക്കുക'; 'a. balloon വിമാനം'; 'castle in the a. മനോരാജ്യം'; 'a. cell കാറററ'; 'a. line ഋജുരേഖ'; 'a. pump പമ്പ്, കാററടിക്കുന്ന കുഴൽ; വായുപ്രക്ഷേപകയന്ത്രം'; 'a. threads വണ്ണാൻവല, മാറാമ്പൽ'; 'a. sac, a. vessel, വായുകോശം'; *v. t.* കാററുകൊള്ളിക്കുക, കാററത്തിടുക, ആററുക; **-iness**, *n.* വായുസഞ്ചാരം; ഉല്ലാസം, ഉന്മാദം; **-y**, *a.* വായവമായ, വായുമയമായ, ആകാശത്തിലേക്കുയർന്നുനിൽക്കുന്ന, വായുസഞ്ചാരമുള്ള, വായുസമമായ; ആത്മമയമായ; വ്യർത്ഥമായ; ഗൗരവഭാവംനടിക്കുന്ന; **-Aerate**, *v. t.* കാററുകലത്തുക; കാറേറൽപിക്ക; 'aerated waters, വായുമിശ്രപാനീയം'. **-Aeration**, *n.* വായുസംയോജനം; **-Aerial**, *a.* വായവമായ, വായുമയമായ; വാസ്തവമല്ലാത്ത; ഉന്നതമായ; ലഘുവായ; **-Aerification**, *n.* വായുസമ്മിശ്രണം, വായുരൂപീകരണം, വായുരൂപപരിണാമം; **-Aeriform**, *n.* വായുരൂപത്തിലുള്ളത്, വാസ്തവമല്ലാത്തത്; **-Aerify**, *v. t.* കാററുകലത്തുക, വായുമയമാക്കി മാററുക; **-Aerolite, -lith**, *n.* കൊള്ളിമീൻ; ആകാശത്തിൽനിന്ന വീണ അഗ്നിക്കല്ല്; **-Aerology**, *n.* വായുശാസ്ത്രം; **-Aerometer**, *n.* വായുഘനമാനമാപകയന്ത്രം; **-Aeronaut**, *n.* വിമാനസഞ്ചാരി; **-Aeronautics**, *n.* ആകാശയാനവിദ്യ, വിമാനശാസ്ത്രം.

Aisle (īl), *n.* കയ്യാല, ദേവാലയനടപ്പാത.

Ait (āt), *n.* പുളിനം, അന്തരീപം, തുരുത്ത്; 'ഓട്ട്' എന്ന ധാന്യം.

Ajar (-jār'), *adv.* അൽപം തുറന്ന, അല്പവിവൃതമായ; തമ്മിൽതെററിയിരിക്കുന്ന, പിണങ്ങിയിരിക്കുന്ന.

Akimbo, *a. adv.* ഇടുപ്പിൽ (കൈ) വച്ച്, കുനിഞ്ഞ, നമ്രമായ.

Akin, *a.* രക്തബന്ധമുള്ള, അടുത്ത, സഗോത്രമായ, സജാതീയമായ; സദൃശമായ, സമാനമായ, സംബന്ധിയായ.

Alabaster, *n.* വെൺകല്ല്, ചന്ദ്രകാന്തക്കല്ല്.

Alack, *intj.* അയ്യോ!, ഹാ!.

Alacrity, *n.* ചുറുചുറുക്ക്(പ്പ്), ഉത്സാഹം, ശീഘ്രത്വം, ക്ഷിപ്രത, അവിളംബം.

Alamode, വഴക്കപ്രകാരം, നടവടിപ്രകാരം.

Alarm, *n.* അമ്പരപ്പ്, പരിഭ്രമം, ത്രാസം, ശങ്ക, ഭയം, സാധ്വസം; ആയുധംധരിപ്പാനുള്ളവിളി, സാന്നാഹനികം; ഭയധ്വനി, ഭയാക്രന്ദനം; 'a. bell ഭയസൂചകഘണ്ടാനാദം'; പ്രാഗ്ഭയസൂചന, ആപൽസൂചകനാദം'; *v. t.* പ്രാക്സൂചനനൽകുക, ഭയപ്പെടുത്തുക, സംത്രസിപ്പിക്ക, ഞെട്ടിക്കുക; ആയുധംധരിക്കേണ്ടതിന് വിളിക്കുക; **-ing**, *a.* ഭയാവഹമായ, ഉദ്വേഗകാരമായ. ത്രാസജനനമായ, ഭയപ്രദമായ; **-ist**, *n.* ഭയോൽപാദകൻ; **-Alarum**, *n.* സ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസൂചകമണിനാദം; പ്രബോധഘണ്ട; സാന്നഹനികം, ഭയധ്വനി.

Alas, *intj.* അയ്യോ, അയ്യയ്യോ!, ഹാ!, കഷ്ടം!, ഹന്ത!, ആഹന്ത!, അത്യാഹിതം.

Alate, *a.* see **Alar.**

Albatross, *n.* കിന്നരപ്പുള്ള്, കപ്പൽകാക്ക.

Albeit, *adv.* എന്നാലും, എങ്കിലും, എന്നിട്ടും, ആകിലും.

Albescent, *a.* അൽപം വെളുപ്പുള്ള, ഈഷൽ ശ്വേതം, ശ്വേതപ്രായം.

Albino, *n.* വെളുമ്പൻ, പൂമീൻമനുഷ്യൻ, പാണ്ഡുപ്പിറപ്പ്.

Albugineous, *a.* അണ്ഡശുക്ലാംശോപമമായ.

Albugo, *n.* ശുക്ലം; ചക്ഷുരോഗം.

Album, *n.* കുറിപ്പുപുസ്തകം, ഛായാപടസൂക്ഷിക്കുന്നപുസ്തകം, ഛായാചിത്രഗ്രന്ഥം, ആൽബം.

Albumen, *n.* (മുട്ടയുടെ) വെള്ളക്കരു, അണ്ഡശുക്ലാംശം.

Albuminuria, *n.* മൂത്രരോഗം; മൂത്രവാച്ച.

Alburnum, *n.* മരവെള്ള.

Alchemist, *n.* രസവാദി, രസായനവിത്, രസജ്ഞൻ.

Alchemy, Alchymy (al'kimi), *n.* രസവിദ്യ, രസസിദ്ധി.

Alcohol (alk'hol), *n.* മധുസാരം, മദ്യസാരം, ചാരായം, റാക്ക്; **-ism,** *n.* മദ്യപാനരോഗം.

Alcoran, *n.* മഹമ്മദീയധർമ്മഗ്രന്ഥം.

Alcove, *n.* മൂല, ഒതുങ്ങിയഇടം, ഏകാന്തം, ഏകാന്തസ്ഥലം, നിഭൃതസ്ഥാനം, കുഞ്ജം, പർണ്ണശാല.

Alderman, *n.* നഗരാധികാരി, പുരാദ്ധ്യക്ഷൻ; വൃദ്ധജനം, ഗുരുജനം.

Ale, (āl), *n.* യവസുര, യവസുരം, മദ്യം, 'a. house, ശുണ്ഡ, പാനാഗാരം, മദ്യപാനസ്ഥലം'; 'keeper of an a. house, ശൗണ്ഡികൻ'.

Aleatory, *a.* യദൃച്ഛാധീനമായ.

Alert, *a.* ഉണർവുള്ള, ജാഗരൂകമായ, ദക്ഷം, സാവധാനം, അവഹിതം, അതന്ദ്രം, ഉദ്യമി; ഉദ്യോഗി; **-ness,** *n.* ഉണർവ്, ജാഗരൂകത, അവധാനം, ദക്ഷത.

Alias, *adv.* അന്യഥാ.

Alibi, *n.* അന്യസ്ഥാനവർത്തിത്വം.

Algebra (al'je-bra), *n.* ബീജഗണിതം; **-ical,** *a.* ബീജവിഷയകമായ.

Alien (āl'yen), *a.* അന്യമായ, വിദേശീയം, അന്യദേശീയം; വിരക്തമായ, വിരുദ്ധം, ഭിന്നം, അപ്രസ്തുതം; **-ate,** *v. t.* പരാധീനപ്പെടുത്തുക, വിഘടിപ്പിക്ക, വിശ്ലേഷിപ്പിക്ക, വിനാശംചെയ്ക, വിഭേദിപ്പിക്ക, വിച്ഛേദിപ്പിക്ക; വിരാജിപ്പിക്ക, വിരക്തമാക്കുക; **-ation,** *n.* അന്യാധീനപ്പെടുത്തൽ, വിക്രയം; വിഘടനം, വിരാഗം, വിരക്തി.

Alight (a-lit') *v. i.* ഇറങ്ങുക, അവതരിക്ക; താഴുക, അവനിപതിക്ക; പറന്നുവീഴുക; *a.* പ്രകാശമുള്ള, പ്രദീപ്തം.

Alike, *a.* ഒപ്പമായ, സദൃശമായ, തുല്യം, സമാനം, സമം.

Aliment, *n.* ഊണ്, ആഹാരം, ഭോജനം, **-al, -ary,** *a.* പോഷകം, പുഷ്ടിപ്രദം, ശക്തിവർദ്ധകം; **-ation,** *n.* പോഷണം, ദഹനം, ഭരണം; 'a. y. canal, ദഹനേന്ദ്രിയങ്ങൾ'.

Alimony, *n.* ജീവനാംശം, ന്യായമായിഉപേക്ഷിച്ച ഭാര്യയ്ക്കുകൊടുക്കുന്ന ജീവനാംശം.

Aliquant, *a.* ശിഷ്ടംകൂടാതെ ഹരിക്കാൻ കഴിയാത്ത.

Aliquot, *a.* ശിഷ്ടംകൂടാതെ ഹരിക്കാവുന്ന.

Alive, *a.* ഉയിരുള്ള, ചുറുചുറുക്കായ, ജീവത്തായ, ജീവനുള്ള, സജീവമായ, സചേതനമായ; അഭിജ്ഞമായ, അറിവുള്ള; ഓർമ്മയുള്ള; 'caught him a. ജീവനോടെ പിടിച്ചു; ജീവഗ്രാഹം ഗ്രഹിച്ചു'; 'he is a. to nature's laws, അവന് പ്രകൃതിനിയമങ്ങളെക്കുറിച്ചു അറിവുണ്ട്'; 'he was the proudest man a. അവൻ ഭൂമിവാസികളിൽവച്ചു വലിയ ഗർവിയായിരുന്നു.'

Alkali, *n.* ക്ഷാരം, സർജിക, ലവണസാരം, ചുണ്ണാമ്പ്; **-fy** *v. t.* ക്ഷാരീകരിക്ക; **-ne,** *a.* ക്ഷാരസ്വഭാവമായ, ക്ഷാരവിശിഷ്ടമായ.

All (awl), *a.* മുഴുവൻ, എല്ലാം, സമസ്തം, ഒക്കെ; 'beyond a. doubts, സംശയാതീതമായി'; *a. and pron.* അഖിലം, നിഖിലം, സമസ്തം, എല്ലാ; *adv.* മുഴുവനും, മുററും, തീരെ, ആകപ്പാടെ, അശേഷം, പൂർണ്ണമായി; 'a. along, എപ്പോഴും, ഇതുവരെ'; 'a, at once, ക്ഷണത്തിൽ, പെട്ടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു്"; 'a. but, ഏകദേശം, മുക്കാലേമുണ്ടാ ണ്ണിയും'; 'a. hollow, തീരെ, മുഴുവനും'; 'a. one, ഒന്നുതന്നെ, ഒരുപോലെ'; 'a. over, എപ്പോഴും, മുഴുവനും, തീരെ'; 'a. the better, അത്രയും നല്ലതു്"; 'a. the same, എന്നിട്ടും, താനും'; *n.* എല്ലാവരും, ഏവരും'; 'our a. is at stake, പോയാൽ നമ്മുടെയെല്ലാം പോയി'; 'my a. എന്റെ സർവ്വസ്വവും'; 'a. of it, അതെല്ലാം'; 'a. of us, നാമെല്ലാം'; 'after a. എല്ലാംകൊണ്ടും, എന്തായിട്ടും, എന്നിട്ടും'; 'a. in a. ഒക്കെയും, ആകപ്പാടെ, സമ്പൂർണ്ണം'; 'a. told, എല്ലാംകൂടി, ആകപ്പാടെ'; 'and a., മററും, ശേഷമുള്ളതും'; 'at a. യാതൊന്നും, ഒട്ടുംതന്നെ'; 'for good and a. തീരെ മടങ്ങിവരാതവണ്ണം'; 'not at a. ഒട്ടുമില്ല, അല്ലേ അല്ല'; 'once for a. നിശ്ചയമായും'; 'a. fool's day, ഏപ്രിൽമാസം ഒന്നാംതീയതി'; 'a. fours, നാലുകാലിന്മേൽ'; 'to be on a. fours, to go on a. fours, to run on a. fours, സമമായിരിക്ക, സർവ്വസംഗതികളിലും ഒത്തിരിക്കുക'; 'a hail, വന്ദനം, ജയജയ, വിജയിപ്പൂതാക, ശുഭമസ്തു'; 'a. saints' day, പുണ്യജനദിനം, പുണ്യവാളപെരുനാൾ, നവംബർ ഒന്നാംതീയതി'; 'a. souls' day, പരേതാത്മദിനം'; (നവംബർ രണ്ടാംതീയതി)'; 'a. bearing, സർവ്വംസഹം'; 'a. conquering, സർവ്വംജയം, സർവ്വം ദമം'; 'a destroying സർവ്വംകഷം'; 'a knowing സർവ്വജ്ഞൻ, സർവ്വവിത്"; 'a. pervading, സർവ്വവ്യാപി, സർവ്വഗതൻ, വിശ്വാത്മാവ്"; 'a. powerful, സർവ്വശക്തൻ'; *n.* സർവ്വം, അഖിലം, എല്ലാവരും, എല്ലാം, സാകല്യം.

Allay, *v. t.* പ്രശമിപ്പിക്ക, ഉപശമിപ്പിക്ക, ലഘുവാക്കുക; ശാന്തമാക്കുക; 'a. ing of heat, നിർവ്വാപണം; സാന്ത്വനപ്പെടുത്തുക; കാഠിന്യംകുറയ്ക്കു, തണുപ്പിക്ക'; **-er,** *n.* ശമകൻ, ശാന്തിപ്രദൻ, ശാന്തികരൻ; **-ment,** *n.* പ്രശമനം, സാന്ത്വനം; 'a. of hunger, ക്ഷുത്പ്രതീകാരം, വിശപ്പടക്കൽ'.

Allege ('al-lej'), *v. t.* പ്രതിജ്ഞചെയ്യുക, വാദിക്കുക, ദൃഢമായി പറയുക, ഉറപ്പിച്ചു പറയുക; ഒഴികഴിവുപറയുക; മിഥ്യയായി പറയുക; 'a. against, ദോഷാരോപണം ചെയ്യുക; **-ation,** *n.* പ്രതിജ്ഞ, വാക്ക്, വാദം, വചനോപന്യാസം; ദോഷാരോപം, പഴി; വ്യപദേശം, ഛദ്മം, വ്യാജം.

Allegiance (al-lēj'ians), *n.* നിഷ്ഠ, ഭക്തി, അനുരാഗം; സ്വാമിഭക്തി, രാജഭക്തി, രാജനിഷ്ഠ.

Allegory (al'-lig-ri), *n.* രൂപകം, ദൃഷ്ടാന്തം; **-ical,** *a.* ലാക്ഷണികമായ, രൂപകമയമായ; **-ically,** *adv.* ദൃഷ്ടാന്തേന, ദൃഷ്ടാന്തമായി; **-ize,** *v. t.* ദൃഷ്ടാന്തംകാട്ടുക, രൂപകമായി കാട്ടുക; **Allegro,** *adv.* ത്വരിതമായി, ചൈതന്യത്തോടെ.

Alleviate, *v. t.* ഉപശമിപ്പിക്ക, സാന്ത്വനപ്പെടുത്തുക, തണുപ്പിക്ക, ലഘൂകരിക്ക; **-ion,** *n.* ഉപശമം, പ്രശമം; നിർവ്വാപണം, തണുപ്പിക്കൽ, സാന്ത്വനം, ലഘൂകരണം; **-ive,** *a.* ശാന്തിദമായ, ശമകം.

Alley (-li), *n.* ഇടവഴി, ഉദ്യാനപഥം, വീഥി; ദുർഗ്ഗമമാർഗ്ഗം, സംബാധപഥം.

Alliance, see under **Ally.**

Alligate, *v. t* അനുബന്ധിക്ക; **-ion,** *n.* സംബന്ധം, സംയോജനം.

Alligator, *n.* മുതല, ചീങ്കണ്ണി, നക്രം, ഗ്രാഹം.

Alliteration (-shun), *n.* അനുപ്രാസം.

Allocate *v. t.* സ്ഥാനദാനംചെയ്ക; **-Allocation,** *n.* സ്ഥാനദാനംവയ്ക്കൽ, പങ്കിടൽ.

Allocution, *n* പ്രസംഗം, പാഠകം.

Allodium, *n.* ജന്മം, അട്ടിപ്പേർ.

Allopathy, *n.* അലോപ്പതിവൈദ്യം, ഔഷധപ്രയോഗം.

Allot, *v. t.* പങ്കുവയ്ക്കുക, പകുക്കുക, വീതംവയ്ക്കു, വിഭജിക്ക; **-ment,** *n.* വിഭാഗം, വിഭജനം, അംശം, ഭാഗം.

Allow, *v. t. and v. i.* കൊടുക്കുക, അനുവദിക്ക; സ്വീകരിക്ക, സമ്മതിക്ക; ബാക്കികൊടുക്ക, വെച്ചുകൊടുക്കുക, തള്ളിക്കൊടുക്ക; 'to a. of പറയുക, കൊള്ളുക'; **-able,** *a.* അനുജ്ഞേയം, അനുവദിക്കത്തക്ക, അനുമോദ്യം; 'a. mistake മാപ്പുകൊടുക്കത്തക്ക കുററം, ക്ഷമാർഹാപരാധം'; 'not a. പ്രതിഷിദ്ധം, നിഷിദ്ധം'; **-ance,** *n.* അനുമതി, അനുവാദം, അനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞ്ഞ; ശമ്പളം, വേതനം, നിരൂപിതമൂല്യം; വൃത്തി, സ്വീകാരം, ന്യൂനീകരണം.

Alloy, *n.* കലപ്പ്, മിശ്രണം, ദോഷം; ലോഹക്കൂട്ട്, മിശ്രധാതു; പൊന്നിന്റെയും വെള്ളിയുടെയും മാററ്; 'no happiness is without a. ദുഃഖംകലരാത്ത സുഖമില്ല'; **-ed,** *a.* മിശ്രിതം, ദൂഷിതം; 'un a. pleasure നരംസുഖം, കേവലസുഖം, ദുഃഖാസംഭിന്നമായസുഖം'; *v. t.* കൂട്ടുക, ചേൎക്കുക, കൂട്ടുചേൎക്കുക; മാററുകുറയ്ക്കു, ശുദ്ധികുറയ്ക്കു; കലൎത്തുക, ദൂഷിപ്പിക്ക, ഹീനമാക്കുക.

Allspice, *n.* വാൽമുളക്.

Allude, *v. t.* ഉദ്ദേശിച്ചുപറക, ചൂണ്ടിപ്പറക, സൂചിപ്പിച്ചുപറക; **-lusion,** *n.* ഉദ്ദേശം, ഉദാഹരണം; കീൎത്തനം, ഇംഗിതം, സൂചനം.

Allure, *v. t.* ഹരിക്കുക, വശീകരിക്ക, ആകർഷിക്ക, പ്രലോഭിപ്പിക്ക; **-ing,** *a.* വശീകരിക്കുന്ന, പ്രലോഭകമായ, ഹാരിയായ, ആകർഷകമായ; **-ment,** *n.* പ്രലോഭനം; വശീകരണം, വഞ്ചനം, വികാരഹേതു, ആകർഷണം.

Alluvium, *n.* ആററുവണ്ടൽ, മണ്ണ്, കരമണ്ണ്, തീരമണ്ണ്, പുളിനം; **-luvial,** *a.* പുളിനമയമായ.

Ally (al-li'), *n.* മിത്രം, സഹായി, പക്ഷ്യൻ, സഹകാരി; *v. t.* (to, with) സംബന്ധിപ്പിക്ക, സംയോജിപ്പിക്ക, സംശ്ലേഷിപ്പിക്ക; ഉടമ്പടിചെയ്ക; സഖ്യംചെയ്ക; **-liance,** *n.* സന്ധി, സഖ്യം, മൈത്രി; സംബന്ധം; 'matrimonial a. വിവാഹബന്ധം'.

Almamater, *n.* ഭക്ഷണംനൽകുന്ന മാതാവ്, ഉൗട്ടുന്നഅമ്മ; വിദ്യാലയം.

Almanac, *n.* പഞ്ചാംഗം, തിഥിവാരക്കുറിപ്പ്, പംജിക.

Almighty (awl-mit'i) *a.* സൎവ്വശക്തിയുള്ള, സൎവ്വസാമൎത്ഥ്യമുള്ള.

Almond (ä'mund), *n.* വാതാമക്കായ്, വാതാമഫലം, ബദാംകുരു.

Almonry, *n.* ധൎമ്മശാല, ഭിക്ഷാദാനഗൃഹം; ഭൈക്ഷ്യശാല; **-Almoner,** *n.* ധൎമ്മവിചാരിപ്പുകാരൻ, ഭിക്ഷപകരുന്നവൻ.

Almost, *adv.* ഏകദേശം, ഏറെക്കുറെ, മിക്കവാറും, ഏതാണ്ടെല്ലാം; 'a. never ഒരിക്കലുമില്ല'; 'a. nothing ഒട്ടുമില്ല'; 'a. dead മൃതപ്രായം, മൃതകൽപം'.

Alms (ämz), *n.* ഭിക്ഷ, ഭിക്ഷാദാനം, ഉപകാരം, ഉതവി; 'beg a. ഭിക്ഷാടനംചെയ്ക, ഭിക്ഷയാചിക്ക'; 'a. giving ഭിക്ഷാദാനം, ത്യാഗം'; 'a. house അന്നമന്ദിരം, ഭിക്ഷാഗേഹം; 'a. man ഭിക്ഷുകൻ, ഭിക്ഷാശി, ഭിക്ഷക്കാരൻ'.

Aloe (al'o), *n.* ഒരുമാതിരിച്ചെടി.

Aloft, *adv.* മേൽ, മീതെ, ഉയരത്തിൽ, ഉപരി; ആകാശത്തിൽ; മേൽപെട്ട്.

Alone, *a.* തനിച്ച്, ഏകാന്തമായ, ഏകാകിയായ, അദ്വിതീയമായ; കേവലം, മാത്രം; in comp.

Along, *adv.* നെടുകെ, നീളമായി, നേരെ; 'a. with, ചേൎന്ന്'; *prep.* അരികിൽ, സമീപത്തിൽ.

Aloof, *adv.* ദൂരെ, വേറായി, അകന്ന്, ഒതുങ്ങി.

Alopecia, *n.* അകേശത, കേശഹീനത്വം, മുടിയില്ലായ്മ.

Aloud, *adv.* ഉറക്കെ, ഉച്ചത്തിൽ, ഉച്ചസ്വരേണ, പ്രകാശമായി, ഉന്മുക്തകണ്ഠം.

Alpaca, *n.* ഒരുമാതിരി പെരുവിയാവെള്ളാട്, ആട്ടുരോമംകൊണ്ടുള്ള വസ്ത്രം.

Alpha, *n.* യവനഭാഷയിലെ ഒന്നാമത്തെ ലിപി; ആരംഭം.

Alphabet, *n.* വൎണ്ണമാല, അക്ഷരമാല; **-ical,** *a.* വൎണ്ണക്രമാനുസാരിയായ; **-ically,** *adv.* അക്ഷരക്രമമനുസരിച്ച്, വൎണ്ണക്രമേണ, വൎണ്ണാനുസാരേണ.

Alpine, *a.* മലകൾനിറഞ്ഞ, കരട്ടുമുരടായ.

Already (awl-red'-i) *adv.* കഴിഞ്ഞ്, തീൎന്ന്; മുമ്പേതന്നെ, മുൻകൂട്ടി; ഇതിന്നിടയിൽ, അപ്പൊഴേക്ക്.

Also, *adv.* കൂടെ, അവ്വണ്ണം, സഹ, മാത്രമല്ല, അതിന്നുപുറമേ, ഉം.

Altar, *n.* ബലിപീഠം, വേദിക, വേദി; ചൈത്യം, സ്ഥണ്ഡിലം.

Alter (awl'-ter), *v. t.* മാററുക, വ്യത്യാസപ്പെടുത്തുക; *v. i.* മാറുക, വേറാകുക, തിരിയുക; **-able,** *a.* മാററത്തക്ക; **-ation,** *n.* വികാരം, ഭേദഗതി, വികൃതി, വിപൎയ്യാസം; **-ative,** *n.* രക്തശുദ്ധിക്കുള്ള ഔഷധം.

Altercate, *v. i.* ശണ്ഠയിടുക, കലഹിക്ക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവദിക്ക, തൎക്കിക്ക; **-ion,** *n.* വിവാദം, കലഹം, വാഗ്യുദ്ധം.

Alter-ego, *n.* ലിംഗദേഹം, സൂക്ഷ്മശരീരം.

Alternate, *v. t.* മാറിമാറിച്ചെയ്യുക, ഒന്നിടവിട്ടുചെയ്യുക; *a.* ഒന്നിടവിട്ട; **-nation,** *n.* മാറിമാറിവരുംമുറ, പരിവൃത്തി, പൎയ്യായം; **-tive,** *n.* രണ്ടിലൊന്നു്, പക്ഷാന്തരം, വികല്പം; *a.* രണ്ടിലൊന്നായ, പക്ഷാന്തരമായ; **-ly,** *adv.* പൎയ്യായേണ, യഥാക്രമം, രണ്ടിലൊന്നായ.

Although (awl-thoʹ), *conj.* എങ്കിലും, എന്നാലും, എന്നിട്ടും, ആകിലും, എന്നുവരികിലും, ആയിട്ടും.

Altimeter, *n.* പൊക്കമളക്കുന്ന യന്ത്രം.

Altitude, *n.* ഉയരം, ഉന്നതി, പൊക്കം; ശ്രേഷ്ഠത, വൈശിഷ്ട്യം.

Altogether, *adv.* ഒരുമിച്ചു്, മുറ്റും, എല്ലാംകൂടി, ആകെ, ആകപ്പാടെ, സാകല്യേന; അശേഷം, മുഴുവനും.

Altruism (al·troʹizm), *n.* പരോപകാരചിന്ത, പരക്ഷേമേച്ഛ.

Alum, *n.* പടിക്കാരം, ചീനക്കാരം, സ്ഫടി, തുവരി, സ്ഫാടികി.

Aluminium, *n.* അലൂമിനിയം എന്ന ലോഹം.

Alumnus, *n.* വിദ്യാൎത്ഥി; pl. **Alumni.**

Alveary, *n.* തേനീച്ചക്കൂടു്; കൎണ്ണദ്വാരം; **-veolus,** *n.* തേനറ.

Always, *adv.* എപ്പോഴും, സൎവ്വദാ, സദാ, സതതം, നിരന്തരം, അനവരതം, തുടൎച്ചയായി.

Amain, *adv.* പ്രസഭം, ബലാൽ, സവേഗം, ജവേന.

Amalgam, *n.* കലപ്പു്, മിശ്രധാതു, കാംസ്യം; **-ate,** *v. t.* രസമിശ്രണംചെയ്ക, ചാലിക്കുക, കലൎത്തുക, സംമിശ്രമാക്കുക, സംശ്ലേഷിപ്പിക്ക, സംയോജിപ്പിക്ക; **-ation,** *n.* ധാതുസംമിശ്രണം; സംയോജനം, സംയോഗം, സമ്മേളനം.

Amanuensis, *n.* ഗുമസ്തൻ, എഴുത്തുകാരൻ, ക്ലെൎക്കു്, കാപ്പിസ്റ്റു്, ലിപികാരൻ.

Amaranth, -us, *n.* വാടാമല്ലിക, മുള്ളഞ്ചീര; മയിലാഞ്ചി.

Amass, *v. t.* വാരിക്കൂട്ടുക, ശേഖരിക്ക, സമ്പ്രുപിക്കുക, സമ്പാദിക്കുക, സഞ്ചയിക്ക, സംഗ്രഹിക്ക, സംഭരിക്ക, രാശീകരിക്ക.

-ment, *n.* ശേഖരം, സഞ്ചയം, സംഗ്രഹം.

Amateur, (amʹatūr, amatärʹ), *n.* വിദ്യാതൽപരൻ.

Amatory, *a.* അൻപുള്ള, കാമസംബന്ധമായ, കാമിയായ, പ്രേമശീലമായ, ശൃംഗാരപ്രിയമായ.

Amaze, *v. t.* മലപ്പിക്ക, അമ്പരപ്പിക്ക, ആശ്ചൎയ്യപ്പെടുത്തുക, വിസ്മയിപ്പിക്ക; **-ed,** *a.* അമ്പരപ്പിച്ച, വിസ്മാപിതം, വിസ്മിതം; വിസ്മയാകുലം; **-ment,** *n.* അമ്പരപ്പു്, സംഭ്രമം, വിസ്മയം, ആശ്ചൎയ്യം; **-edly,** *adv.* സവിസ്മയം, സാശ്ചൎയ്യം, ആശ്ചൎയ്യത്തോടെ, **-ing,** *a.* വിസ്മയകാരിയായ, വിചിത്രമായ; അതിരിക്തമായ.

Amazon, *n.* ശൂര, ശണ്ഠക്കാരി.

Ambages, *n.* വക്രോക്തി.

Ambassador, *n.* ദൂതൻ, രാജദൂതൻ, രാജപ്രണിധി, സ്ഥാനപതി, രാജപ്രതിനിധി, മന്ത്രി, കാൎയ്യസ്ഥൻ; **-ship, -Ambassage,** *n.* ദൌത്യം, പ്രണിധികാൎയ്യം.

Amber, *n.* തൃണമണി, അമ്പർ; **-gris,** *n.* പൊന്നമ്പർ, മീനമ്പർ.

Ambidextrous, *a.* രണ്ടുകൈകളും ഒരുപോലെ വശമായ, ഉഭയഹസ്തകശീലമായ; അസരളമായ, ഉഭയപക്ഷപാതിയായ.

Ambient, *a.* വ്യാപിച്ച, പരന്ന, വ്യാപകമായ; നിപാതി, ഗാമി; in comp; ചൂഴ്ന്ന, വേഷ്ടകമായ, പരിവേഷ്ടകമായ.

Ambiguity, -biguousness, *n.* വക്രോക്തി, സംനിഗ്ദ്ധാൎത്ഥത, സന്ദേഹാൎത്ഥം; **-biguous,** *a.* നിശ്ചയമററ, ദ്വയാൎത്ഥമായ, സംനിഗ്ദ്ധാൎത്ഥമായ, അവ്യക്തം, അസ്പഷ്ടം, സംനിഗ്ദ്ധം; **-ly,** *adv.* അസ്പഷ്ടമായി, അൎത്ഥവ്യക്തിയില്ലാതെ.

Ambit, *n.* മണ്ഡലം, ചക്രവാളം, വൎത്തുളം, വളയം.

Ambition, *n.* അതിതാല്പൎയ്യം, സ്പൃഹാ, ആകാംക്ഷ; കീൎത്തിസ്പൃഹ, ഐശ്വൎയ്യകാംക്ഷ, ഉച്ചപദവാഞ്ഛ; 'a. of getting a throne, രാജ്യലോഭം, രാജ്യതൃഷ്ണ'; **-tious,** *a.* അതിതാല്പൎയ്യമുള്ള, സസ്പൃഹമായ, സാകാംക്ഷമായ, ഐശ്വൎയ്യപ്രേപ്സുവായ, യശസ്കാമം; **-ly,** *adv.* ഐശ്വൎയ്യാകാംക്ഷയോടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Amble, *v. i.* മന്ദഗതിയായ്പോകുക, ലളിതഗമനംചെയ്ക; *n.* മന്ദയാനം, ഘോരിതം; **-er,** *n.* ഘോരിതഗാമി, മന്ദഗാമി.

Ambrosia, (-zhia), *n.* അമൃതം, സുധ, പീയൂഷം; **-al,** *a.* അമൃതമയമായ, അമൃതതുല്യമായ.

Ambry, *n.* ഭണ്ഡാഗാരം.

Ambulate, *v. i.* വിചരിക്ക, പരിക്രമിക്ക, അങ്ങിങ്ങു നടക്കുക; **-ion,** *n.* പരിക്രമം, പര്യടനം.

Ambulance, *n.* പോർക്കളചികിത്സാലയം, വൈദ്യശാല; 'a car, മുറിവേററവരെ കൊണ്ടുപോകുന്ന വാഹനം, ആംബുലൻസ്വണ്ടി'.

Ambuscade, Ambush, (-boosh), പതുങ്ങിയിരുപ്പ്, നിഭൃതാവസ്ഥിതി, ഒളിച്ചിരിക്കുന്ന സ്ഥലം; ഒളിച്ചിരിക്കുന്ന പട; കണി, തന്ത്രം; *v. t.* ഒളിച്ചിരിക്കുക, പതുങ്ങിയിരിക്കുക; 'to lay an a. h. സൈന്യത്തെ ഒളിച്ചിരുത്തുക.'

Ambustion, *n.* തീപ്പൊള്ളൽ.

Ameliorate (-mēl'yo-) *v. t.* നന്നാക്കുക, പരിഷ്കരിക്ക, ശ്രേയസ്കരമാക്കുക, സമുന്നതിയിലേക്ക നയിക്ക; **-ration,** *n.* വൎദ്ധനം, സമുന്നതി, പരിഷ്കരണം, ശ്രേയസ്കരം.

Amen (āmen'-, ämen) *intj. or adv.* ഓം, ഭവതു, ഏവമസ്തു, തഥാസ്തു, അങ്ങിനെതന്നെ.

Amenable, *a.* അധീനമായ, ഉത്തരവാദംചെയ്യേണ്ട, ആജ്ഞാകരമായ.

Amend, *v. t.* ശരിപ്പെടുത്തുക, നന്നാക്കുക, പിഴതിരുത്തുക, ഭേദഗതിചെയ്ക; **-able,** *a.* ശരിയാക്കത്തക്ക; **-ment,** *n.* ശരിപ്പെടുത്തൽ, നന്നാക്കൽ, സംശോധനം; ദോഷശോധനം, ഭേദഗതി; **-Amends,** *n.* ഈട്, പ്രായശ്ചിത്തം, പ്രമാൎജനം, നിസ്താരം, നിഷ്കൃതി, നന്നാക്കൽ.

Amenity, *n.* രമ്യത, മനോജ്ഞത.

Amerce, *v. t.* പിഴകൽപിക്കുക, പിഴപ്പിക്കുക; **-ment,** *n.* പിഴ.

Amethyst, *n.* വൈഡൂര്യം.

Amiable (āmi-), *a.* പ്രിയമായ, പ്രേമിക്കത്തക്ക, സുശീലമായ, സുപ്രിയം, സുജനം; പ്രിയദൎശനമായ, രമണീയമായ; **-ness,** *n.* സൌജന്യം, സദ്ഭാവം, സുശീലത്വം; **-Amiably,** *adv.* പ്രീത്യാ, സ്നേഹഭാവേന, പ്രീതിയോടെ.

Amicable, *a.* ശണ്ഠയില്ലാത്ത, ഇണക്കമുള്ള, മൈത്രമായ, ഹിതമായ, സ്നേഹശീലമായ; **-ness,** *n.* മിത്രത്വം, സഖ്യം, സൗഹാൎദ്ദം; **-cably,** *adv.* മിത്രംപോലെ, സ്നേഹപൂൎവം, സൗഹാൎദ്ദത്തോടെ.

Amid, -st, *prep.* ഇടയിൽ, നടുക്ക്, മദ്ധ്യത്തിൽ, കൂട്ടത്തിൽ, കൂടെ.

Amildar, *n.* റവന്യൂഉദ്യോഗസ്ഥൻ, പോലീസധികാരി.

Amiss, *a.* പിശകായ, കുററമുള്ള, അനുചിതമായ, അയോഗ്യമായ; ദോഷിയായ; *adv.* അനുചിതമായി, അയോഗ്യമായി, തെററായി; 'to take a തെററിദ്ധരിക്കുക, മുഷിയുക.'

Amity, *n.* ചങ്ങാത്തം, നന്മനം, ഇണക്കം, മൈത്രി, സ്നേഹഭാവം, സഖ്യം.

Ammonia, *n.* ക്ഷാരവായു.

Ammunition, *n.* യുദ്ധോപകരണങ്ങൾ, യുദ്ധസാമഗ്രികൾ.

Amnesia, *n.* ഓൎമ്മക്കുറവ്, സ്മൃതിനാശം.

Amnesty, *n.* മാപ്പ്, വിട്ടുതൽ, ദോഷക്ഷമ, ദോഷത്തിൽനിന്നു വിമോചനം.

Among, -st, *prep.* ഇൽ, നടുവിൽ, മദ്ധ്യേ, കൂട്ടത്തിൽ, കൂട്ടത്തിൽവച്ച്.

Amorous, *a.* പ്രേമമുള്ള, കാമമുള്ള, മോഹമുള്ള, കാമുകമായ, പ്രേമശീലമായ, രസികമായ, ശൃംഗാരപ്രിയമുള്ള, സവിലാസമായ, സവിഭ്രമമായ, ലളിതമായ; **-ly,** *adv.* സകാമം, സാനുരാഗം, സവിലാസം.

Amorphous, *a.* ഒഴുക്കററ, വിരൂപമായ, ചന്തംകെട്ട.

Amount, *v. i.* തൊകയാകുക, ആയിരിക്കുക, തുല്യമായിരിക്കുക; *n.* തൊക, മൊത്തം, സമുച്ചയം.

Amour (amōr'), *n.* കുലവിയൽ, ശൃംഗാരവിലാസം, കാമകാൎയ്യം.

Amphibious, *a.* നിലത്തിലും നീരിലും വാഴുന്ന, സ്ഥലജലചരം, ദ്വിധാഗതിയായ.

Amphibiology, *n.* സന്നിഗ്ദ്ധവചനം, ശ്ലേഷം.

Amphitheatre, *n.* പോരങ്കണം, രംഗം, രംഗഭൂമി, രംഗാംഗണം.

Ample, *a.* വിശാലമായ, വിപുലം, ബൃഹത്ത്, വിസ്തീൎണ്ണം, വിസ്തൃതം, പ്രചുരം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഭൂതം, ബഹുലം, യഥേഷ്ടം; **-ness,** *n.* വിശാലത; പ്രാചുര്യം; **-plification,** *n.* വർണ്ണനം, വിസ്തീർണ്ണപ്രസ്താവം, വിസ്താരം, വൃദ്ധി, മഹത്വം, പ്രാചുര്യം; **-plify,** *v. t. and v. i.* വലുതാക്കുക, വിസ്താരമാക്കുക, വിസ്തരിക്കുക; **-plitude,** *n.* വർണ്ണം, വലിപ്പം, വിശാലത; ബാഹുല്യം, ബുദ്ധിവലിപ്പം; **-ply,** *adv.* സവിസ്തരം, പ്രചുരം, യഥേഷ്ടം, ധാരാളമായി.

Amputate, *v. t.* മുറിക്കുക, അവയവം തുണ്ടിക്കുക, അംഗച്ഛേദം ചെയ്ക, നികൃന്തനം ചെയ്ക; **-ion,** *n.* ഛേദം, കർത്തനം, മുറിക്കൽ.

Amuck, *a. and adv.* ബുദ്ധിഭ്രമമുള്ള, ഭ്രാന്തുപിടിച്ച, ബുദ്ധിഭ്രമത്തോടെ; 'to run a. ഭ്രാന്തുപിടിച്ചോടി കണ്ടവരെ കുത്തിക്കൊല്ലുക'.

Amulet, *n.* രക്ഷ, യന്ത്രം, രക്ഷാകരണ്ഡം.

Amuse (a-mūz') *v. t.* കളിപ്പിക്കുക, ഉല്ലാസപ്പെടുത്തുക, വിനോദിപ്പിക്ക, രമിപ്പിക്ക, നന്ദിപ്പിക്ക; 'a. oneself, വിഹരിക്ക, വിലസുക, ക്രീഡിക്ക'; **-ment,** *n.* വിനോദം, വിനോദനം, ക്രീഡ, കേളി, വിലാസം, കൗതുകം; **-ing,** *a.* വിനോദിയായ, ഹൃദയംഗമമായ, രമ്യമായ.

An, *a.* ഒരു.

Anachronism, *n.* കാലഗണനത്തെറ്റ്, കാലനിർദ്ദേശപ്രമാദം.

Anaconda, *n.* വലിയ നീർപാമ്പ്.

Anaemia (an-ēm'ia), *n.* രക്തക്കുറവ്, പിത്തം; **-aemic,** *a.* രക്തക്കുറവുള്ള, ചോരവാറിയ.

Anaesthetic, *a.* ബോധംകെടുക്കുന്ന, സംബോധനനാശകമായ; **-Anaesthesia, -thesis,** *n.* ബോധക്ഷയം.

Anagogy, *n.* ഗൂഢാർത്ഥം.

Anagraph, *n.* വർണ്ണനം, പരിഗണനാപത്രം.

Analogy (-o-ji), *n.* ഒപ്പം, സാമ്യം, സാദൃശ്യം, സമാനത, സംബന്ധം; **-ical, -ous,** *a.* സദൃശമായ, തുല്യരൂപം, സമാനം, അനുരൂപം, സംബന്ധിയായ, ആനുഷംഗികമായ; **-ly,** *adv.* സാദൃശ്യേന, ഔപമ്യേന.

Analyze, *v. t.* പിരിക്കുക, വിഭജിക്കുക, വിച്ഛേദിപ്പിക്ക, വിഭിന്നമാക്കുക, ഖണ്ഡംഖണ്ഡമാക്കുക, പ്രത്യേകംപ്രത്യേകമാക്കുക.

Analysis, *n.* വിഭാഗം, വ്യവച്ഛേദം, വിഭേദം, വ്യാകരണം; സാരം.

Ananas, *n.* കൈതച്ചക്ക.

Anaphrodisiac, *a.* കാമശാമകമായ.

Anarchy (an'-ärk-i), താറുമാറ്, കുഴപ്പം, അരാജകത, അശാസനം, അനീശ്വരത, രാജവിപ്ലവം; **-Anarch, Anarchist,** *n.* അരാജകതപ്രതിപാദകൻ, അരാജകപക്ഷക്കാരൻ; **-chic, -chical,** *a.* അരാജകമായ; **-chism,** *n.* അരാജകത്വം; അരാജകപക്ഷം.

Anathema, *n.* ശാപം, അഭിശാപം, ആക്രോശം, ഭ്രഷ്ടാ, ഭ്രഷ്ടൻ; **-tise,** *v. t.* ശപിക്കുക, ആക്രോശിക്ക.

Anatomy, *n.* വേർപെടുത്തൽ, പൃഥക്കരണം, വിച്ഛേദം. ശരീരവ്യവച്ഛേദവിദ്യ, ശരീരവ്യവച്ഛേദശാസ്ത്രം; **-ize,** *v. t.* ശരീരം വ്യവച്ഛേദിക്ക, കീറിപ്പരിശോധിക്ക; **-ist,** *n.* വ്യവച്ഛേദകൻ.

Ancestor, *n.* പൂർവ്വപുരുഷൻ, പൂർവ്വജന്മാർ, (pl.); **-cestral,** *a.* പിതൃകം, പൈതൃകം; 'a. l property പൂർവ്വസ്വത്ത്, പിത്രാർജ്ജിതം'; **-cestry,** *n* വംശപരമ്പര.

Anchor (ang'-kėr) *n.* നംക്രൂരം, നൗബന്ധനകീലം, ലാംഗലം; *v. t.* നങ്കൂരമിടുക, ഗതിനിരോധിക്ക; **-age,** *n.* നങ്കൂരമിടുന്ന സ്ഥലം.

Anchoret, Anchorite, *n.* യതി, സന്യാസി, അരണ്യകൻ, വനവാസി, വാനപ്രസ്ഥൻ.

Ancient (ān'shent), *a.* പുരാണം, പുരാതനം, പൂർവ്വം, പ്രാക്കാലീനം, പ്രാക്തനം, പ്രാചീനം; *n.* (pl. a. s) വൃദ്ധന്മാർ, പ്രാചീനപുരുഷന്മാർ; ധ്വജം, പതാക, കൊടി; **-ly,** *adv.* പണ്ട്, മുമ്പ്; **-ness,** *n.* പ്രാചീനത, പുരാതനത്വം.

And, *conj.* ഉം, കൂടി, പിന്നെ, അങ്ങിനെ, അനന്തരം.

Andiron, (-ī-ėrn), *n.* ഇരിമ്പുകട്ട.

Androgynous, *a.* ദ്വിലിംഗവിശിഷ്ടമായ.

Aneal, *v. t.* തൈലാഭ്യംഗംചെയ്യുക, എണ്ണപുരട്ടുക.

Anear, *adv.* സകാശമായി, അടുത്ത്, പ്രായം; *v. t.* അഭിഗമിക്ക, അടുത്തുവരിക.

Anecdote, *n.* കെട്ടുകഥ, ഉപാഖ്യാനം, ചെറുകഥ, ആഖ്യായിക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Anemograph, *n.* വായുവേഗദിഗ്ദർശക യന്ത്രം.
Anemometer, *n.* വായുവേഗമാപകയന്ത്രം.
Anent, *prep. and adv.* എതിർ, ഉദ്ദേശിച്ച്, അധികരിച്ച്.
Anew, *adv.* പുതുക്കെ, പുതുതായ്, പിന്നെയും, രണ്ടാമതും, തിരികെ.
Angel, *n.* ദേവദൂതൻ; ഈശ്വരപ്രേഷ്യൻ, സ്വർഗ്ഗദൂതൻ; 'arch a. പ്രധാനദേവദൂതൻ'; **-ic, -ical,** *a.* ദിവ്യമായ, ദേവദൂതോപമമായ, അമാനുഷം.
Anger, *n.* കോപം, രോഷം, ക്രോധം, അമർഷം; *v. t.* പ്രകോപിപ്പിക്ക, ക്രോധിപ്പിക്ക; **-Angry,** *a.* ജാതാമർഷമായ, രുഷ്ടമായ, സാമർഷം, സരോഷം, കോപിയായ, കുപിതം, ക്രുദ്ധം; **-ily,** *adv.* കോപത്തോടെ, സകോപം, രോഷത്തോടെ, സരോഷം.
Angle, *n.* കോണം, വളവ്, ചായ്‌വ്; ബളിശം; *v. i.* ചൂണ്ടയിടുക; **-er,** *n.* മത്സ്യവേധകൻ, ചൂണ്ടക്കാരൻ; **-ing,** *n.* മത്സ്യഗ്രഹണം, ചൂണ്ടയിടീൽ; **-gular,** *a.* കോണമുള്ള, കോണവിശിഷ്ടമായ, അസ്രോപേതം; ശൂഷ്കിച്ച.
Anguish, *n.* കഠിനവേദന, മഹാവ്യസനം.
Anhelation, *n.* ഉച്ഛ്വാസനം, ഹൃദയകമ്പം, വേപഥു.
Anicut, Annicut, *n.* ചിറ, അണക്കെട്ട്.
Animadvert, *v. i.* കുറിക്കൊള്ളുക, പ്രസ്താവിക്ക; ആക്ഷേപിക്ക, നിന്ദിക്ക; പരീക്ഷിക്ക, ചർച്ചചെയ്യുക; **-version,** *n.* നിന്ദ, ഉപാലംഭം; പരീക്ഷണം, ചർച്ച.
Animal, *n.* ജന്തു, പ്രാണി, ജീവി; മൃഗം, തിര്യക്; *a.* പ്രാണിസംബന്ധിയായ, ചേതനയുള്ള; 'a. food, മാംസാഹാരം'; 'a. pleasures, വിഷയസുഖങ്ങൾ'; 'a. kingdom, പ്രാണിവർഗ്ഗം'; **-cule,** *n.* അണുപ്രാണി, ക്ഷുദ്രജന്തു; **-mate,** *a.* ചേതനയുള്ള, ജീവനുള്ള; *v. i.* ചൈതന്യം നൽകുക, ജീവൻനൽകുക; **-mation,** *n.* ജീവദാനം, ചൈതന്യം, ഉല്ലാസം, പ്രഹ്ലത; **-or,** *n.* പ്രാണദൻ, പ്രോത്സാഹകൻ.
Animosity, *n.* പക, ദ്വേഷം, വൈരം, വിരോധം, മത്സര്യം.
Animus, *n.* (pl-mi), ചോദന, ഉദ്ദേശം.

Anise, (-is), *n.* ചോമ്പ്, സാലേയം.
Ankle, *n.* കണങ്കാൽ, ഗുൽഫം.
Anklet, *n.* നൂപുരം, മഞ്ജീരം.
Anna, *n.* അണ.
Annalist, *n.* ചരിത്രകാരൻ.
Annals, *n.* വാർഷികവൃത്താന്തം, വാർഷികചരിത്രം, ചരിത്രാഖ്യാനം.
Anneal, *v. t.* കാച്ചിത്തുകയ്ക്ക, പളുങ്കുപോലാക്കുക, ഇനാമൽചെയ്ക, വാട്ടുക.
Annex, *v. t.* സംയോജിപ്പിക്ക, അനുബന്ധിക്ക; **-ation,** *n.* സംയോജനം, അനുബന്ധം; 'a thing a. d അനുബന്ധം'; **-ed,** a. സംയോജിതമായ.
Annihilate, *v. t.* സമുച്ഛേദനം ചെയ്ക, ഉന്മൂലനംചെയ്ക, നശിപ്പിക്ക, വിലോപിപ്പിക്ക; **-ion,** *n.* ഇല്ലായ്മചെയ്യൽ, ഉച്ഛേദം, ക്ഷയം, നാശം, അവസാദനം, വിലോപം, വിനാശം, പ്രലയം.
Anniversary, *a.* വർഷംതോറുമുള്ള, സാംവത്സരികം, വാർഷികം; *n.* വാർഷികോത്സവം; 'a. of birth, ജന്മദിനം'; 'a. of death, മൃതതിഥി'.
Anno-Domini, *n.* ക്രിസ്ത്വബ്ദം.
Annomundi, *n.* (സൃഷ്ടിമുതൽക്കുള്ള) ലോകാബ്ദം.
Annotate, *v. t.* വ്യാഖ്യാനിക്ക, ടീകയെഴുതുക, ഭാഷ്യമെഴുതുക; **-ion,** *n.* ടീക വ്യാഖ്യാനം, ഭാഷ്യം, ടിപ്പണി; **-or,** *n.* ടീകാകാരൻ ഭാഷ്യകൃത്ത്.
Announce, *v. t.* വെളിക്കപറക, പ്രസ്താവിക്ക, നിവേദിപ്പിക്ക, വിളംബരംഷിക്ക; പ്രകാശിപ്പിക്ക; **-er,** *n.* പ്രസ്താവകൻ, ആഖ്യായകൻ, സന്ദേശഹരൻ; **-ment,** *n.* പ്രസ്താവന, ഖ്യാപനം, നിവേദനം, വിളംബരം ഷണം; വാർത്ത, സമാചാരം, സന്ദേശം.
Annoy, *v. t.* ബാധിക്ക, പീഡിപ്പിക്ക, ദുഃഖിപ്പിക്ക, അസഹ്യപ്പെടുത്തുക, ഉപദ്രവിക്ക; **-ance,** *n.* ഉപദ്രവം, തൊന്തരവ്, പീഡ, വ്യഥ, ക്ലേശം, ബാധ, ദുഃഖം; **-er,** *n.* പീഡാകരൻ; **-ing,** *a.* ബാധകം, ദുഃഖപ്രദം.
Annual, *a.* വാർഷികമായ, സാംവത്സരികം, ആബ്ദികം, പ്രതിവർഷമുള്ള; **-ly,** *adv.* പ്രതിവർഷം, വർഷം തോറും; **-nuity,** *n.* വാർഷികവേതനം.
Annul, *v. t.* അഴിക്കുക, മാററുക, നീക്കുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവലോപിപ്പിക്ക, നിരസിക്കുക, ദുർബല മാക്കുക; **-ment,** *n.* ലോപം, ദുർബല പ്പെടുത്തൽ.
Annular, (-lèr), *a.* മോതിരവടിവായ, മണ്ഡലാകാരമായ, വലയാകാരമായ, വളയമുള്ള.
Annulet, *n.* ക്ഷുദ്രവലയം.
Annunciate, *v. t.* അറിയിക്ക, പ്രസിദ്ധമാക്കുക; **-ation,** *n.* അറിയിപ്പു്, പരസ്യം.
Anodyne (an'ōdīn), *n.* വേദനശമിപ്പിക്കുമൌഷധം, ശൂലഘ്നം.
Anoint, *v. t.* എണ്ണപുരട്ടുക, പൂശുക, പ്രതിഷ്ഠിക്ക, അഭിഷേകംചെയ്ക; **-er,** *n.* അഭിഷേചകൻ, വിലേപകൻ; **-ing,** *n.* വിലേപനം, അഭ്യഞ്ജനം, അഭിഷേകം, പൂച്ചു്.
Anomaly, *n.* വിധിവിരോധം, നിയമവിരോധം, ക്രമക്കേടു്; **-ous,** *a.* നിയമവിരുദ്ധം; **-ously,** *adv.* അനിയമമായി, ക്രമവിരുദ്ധമായി.
Anon, *adv.* വിരവോടെ, തൽക്ഷണം, ഉടനേ, സപദി, ശീഘ്രം, തുടിതിയായി
Anonymous, *a.* പേരറിയാത്ത, അജ്ഞാതനാമാവായ; **-ly,** *adv.* നാമനിർദ്ദേശം, കൂടാതെ, പേരില്ലാതെ, പേരുവയ്ക്കാതെ.
Another, *a.* ഇനിയുമൊരു, പിന്നൊരു, വേറൊരു, ഒന്നുകൂടി; 'one a. അന്യോന്യം, തമ്മിൽതമ്മിൽ'; 'one after a. ഓരോന്നായി, ഒന്നിന്റെ പുറകേ ഒന്നായി'; 'one with a. ഒരുമിച്ചു്':
Answer (-sèr), *v. t.* പറയുക, ഉത്തരംപറയുക; *v. i.* ഉത്തരംനൽകുക, പ്രതിപാദിക്ക, പ്രതിവചിക്ക, സമാധാനംപറയുക; ഉത്തരവാദംചെയ്യുക; *n.* ഉത്തരം, മറുപടി, പ്രതിവചനം, പ്രത്യുക്തി, പ്രത്യുത്തരം; **-able,** *a.* ഉത്തരംപറയേണ്ട, ഉത്തരംപറയത്തക്ക, ചുമതലയുള്ള.
Ant, *n.* എറുമ്പു്, പിപീലിക; **-hill,** *n.* പുററു്, വല്മീകം, വാമലൂരം, കുലകം.
Antagonist, *n.* എതിരാളി, വിപക്ഷൻ, ശത്രു, വൈരി; **-ic,** *a.* വിരുദ്ധമായ, എതിരായ, വിരോധിയായ; **-nism,** *n.* വിരോധം, വൈരം, പ്രാതികൂല്യം.
Antarctic, *a.* ദക്ഷിണകേന്ദ്രീയമായ, ദക്ഷിണധ്രുവസംബന്ധമായ; *n.* ദക്ഷിണകേന്ദ്രം, ദക്ഷിണധ്രുവം.
Antecede, *v. t. and v. i.* മുൻചെല്ലുക, കവിയുക; **-cedence,** *n.* മുൻപോകൽ, പുരോഗമനം; **-cedent,** *a.* മുൻപുള്ള, പൂർവ്വഗാമിയായ, പൂർവ്വഗതമായ, മുൻകൂട്ടി വിചാരിക്കത്തക്ക; *n.* പുരോഗതി; (pl) കീഴ്നടപ്പു്, പൂർവ്വവൃത്താന്തം; **-cessor,** *n.* പൂർവ്വികൻ, കാരണവൻ.
Antechamber, *n.* തലവാതൽ, മുഖമണ്ഡപം.
Antedate, *n.* മുൻതീയതി; *v. t.* മുൻതീയതിവച്ചെഴുതുക; മുൻകൂട്ടി അനുഭവിക്ക.
Antediluvian, *a.* വിശ്വപ്രളയത്തിനുമുമ്പുള്ള, അതിപുരാണമായ.
Antelope, *n.* കൃഷ്ണസാരം, ഹരിണം, ഏണം; മൃഗം, കുരങ്ഗം.
Antemeridian, *a.* ഉച്ചയ്ക്കുമുമ്പു്, കാലത്തെ.
Antennae (-nē), *n.* pl. പൂച്ചികളുടെ സ്പർശിനികൾ.
Anterior, *a.* പണ്ടത്തെ, പ്രാക്തനം, പൂർവ്വം.
Anteroom, *n.* എതിരെ, എതിർമുറി.
Anthelmintic, *a.* കൃമിഘ്നമായ; *n.* വിഴലരി.
Anthem, *n.* മംഗളഗീതം, സ്തുതിരൂപഗീതം, ഈശ്വരസ്തുതി.
Anther, *n.* അല്ലിമുകുളം.
Anthology, *n.* പൂക്കല, മഞ്ജരി, കവിതാമഞ്ജരി.
Anthropology, *n.* മാനവജാതിശാസ്ത്രം, മനുഷ്യദേഹശാസ്ത്രം.
Anthropophagous, *a.* മാനുഷഭക്ഷകമായ; **-Anthropophagi,** *n.* ക്രവ്യാശികൾ; (pl) രാക്ഷസർ.
Anti, *prfx.* പ്രതി, എതിർ, പകരം.
Antic, *n.* കോമാളി, പുറങ്ങാടി, വിദൂഷകൻ; ചേട്ട, ചേഷ്ട; അസാധാരണരൂപം; *a.* കോമാളിയായ, അയോഗ്യമായ.
Antichamber, *n.* ഉപശാല.
Anticipate (-tis'i-), *v. t.* മുൻകൂട്ടി എടുക്കുക, മുൻകൂട്ടി ഗ്രഹിക്കുക, മുൻകൂട്ടി അറിയുക, മുൻകൂട്ടി അനുഭവിക്ക; കാലത്തിനുമുമ്പുചെയ്ക, മുൻകണ്ടു പ്രവർത്തിക്ക; **-pation,** *n.* മുൻവിചാരം, മുന്നറിവു്, മുൻപ്രവൃത്തി; പൂർവ്വാസ്വാദനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Anticlimax, *n.* നീചത്വം.

Antidote, *n.* പരിഹാരം, മറുമരുന്ന്, പ്രതിവിഷം; 'dealer in a. s. വിഷവൈദ്യൻ, ജാംഗുലികൻ'; **-al**, *a.* വിഷഘ്നമായ.

Antimony, *n.* നീലാഞ്ജനക്കല്ല്, സ്രോതോഞ്ജനം, യാമുനം, സൗവീരം, സുരമ.

Antipathy, *n.* വെറുപ്പ്, വിരോധം, വൈരം, വിദ്വേഷം; 'natural. a. ശാശ്വതികവിരോധം'.

Antiphony, *n.* പ്രതിധ്വനി, പ്രതിഗാനം.

Antipodes, *n.* (pl.) പ്രതിലോമം, എതിർഭൂഗോളത്തിന്റെ എതിർവശങ്ങളിലായി താമസിക്കുന്നവർ.

Antipyrin(e), *n.* ജ്വരമില്ലാതാക്കുന്ന ഔഷധം.

Antique (-tēk') *a.* പഴയ, പണ്ടത്തെ, പ്രാചീനം, പുരാതനം, പ്രാക്തനം; (style) അപ്രചലിതമായ, (ഭാഷാസരണി) ലുപ്തപ്രയോഗമായ; **-tiquary, -tiquarian**, *n.* പ്രാക്കാലീനവിഷയകോവിദൻ, പ്രാക്കാലീനവിഷയപണ്ഡിതൻ; **-tiquity**, *n.* പഴക്കം, പുരാതനകാലം; പുരാതനത്വം, പ്രാക്കാലീനത്വം; (pl.) പ്രാചീനാവശിഷ്ടങ്ങൾ.

Antiseptic, *a.* പൂതിനാശകമായ; ചീയാതെ സൂക്ഷിക്കുന്ന; *n.* ചീയാതെ സൂക്ഷിക്കുന്ന സാധനം.

Antisocial (an-ti-sōsh'al) ജനസമൂഹവിരോധമായ.

Antithesis, *n.* പ്രതിപക്ഷത, വിരോധം, അർത്ഥവൈപരീത്യം, എതിർമൊഴി; pl. **Antitheses.**

Antitype, *n.* മൂലമൂർത്തി, ആദർശം.

Antler, *n.* മാൻകൊമ്പ്, ഹരിണശൃംഗം, മൃഗവിഷാണം; **-ed**, *a.* ശൃംഗവത്തായ, വിഷാണിയായ, കൊമ്പുള്ള.

Anus, *n.* ഗുദം, അപാനം, പായു.

Anvil, *n.* അടകല്ല്; 'to be on the a. ആലോചനയിലിരിക്കുക'.

Anxiety, *n.* ചിന്ത, ഉല്കണ്ഠ, ഔൽസുക്യം, വ്യഗ്രത, മനസ്താപം, ചിത്തോദ്വേഗം, ആകലിതത്വം, ഉൽകലിക, രണരണകം; **-Anxious** (ank'-shus), *a.* വേവലാധിയുള്ള, ചിന്താകുലമായ, വ്യാകുലിതം, ഉദ്വിഗ്നം, ഉല്കണ്ഠിതം; ഉൽസുകം; ഉദ്വേഗകരം; **-ly**, *adv.* സോദ്വേഗം, സോല്കണ്ഠം, സചിന്തം, ഉല്കണ്ഠയോടെ.

Any, *a.* ആരെങ്കിലും, ഏതെങ്കിലും, വല്ല, യാതൊരു, ഏതാനും; 'at a. rate, in a. case എന്തായാലും, എങ്ങിനെയെങ്കിലും, യാതൊന്നുകൊണ്ടും'; *adv.* എന്തെങ്കിലും, ഒട്ടും, അൽപംപോലും; 'is he a. better? അവന്ന് ഒട്ടു ഭേദമായോ?'; 'a. more അൽപംകൂടെ; ഇനി; മേലാൽ'; **-how, -wise**, *adv.* എന്തായാലും, എങ്ങിനെയെങ്കിലും, ഏതുവിധമെങ്കിലും; 'a. longer ഇനി, മേലാൽ'; **-where**, *adv.* എങ്ങും എവിടെയെങ്കിലും, വല്ലേടവും; 'a. thing but അശേഷമില്ല', a. thing like, വല്ലപ്രകാരവും'; a. thing the matter? വിശേഷിച്ചുവല്ലതുമുണ്ടോ?'.

Aorist, *n.* അദ്യതനഭൂതകാലം, ഭൂതകാലം.

Aorta, (ā-or'ta), മൂലനാഡി, വലിയ രക്തനാളം.

Apace, *adv.* ത്വരിതഗതിയായി, വേഗം, വിരവോടെ, ശീഘ്രം.

Apanthropy, *n.* സഹവാസവിരക്തി, ഏകാന്തവാസാസക്തി.

Apart, *adv.* ഒരുഭാഗമായി, തനിയെ; ഏകാന്തത്തിൽ, മാറി; **-ment**, *n.* ശാല, ആവാസം, സൗധം; അന്തഃപുരം, അന്തർവേശ്മം, മുറി, അറ.

Apathy, *n.* ഔദാസീന്യം, ഉദാസീനത, മന്ദത, ഉന്മേഷക്കുറവ്; **-etic**, *a.* ഉദാസീനമായ; വീതരാഗമായ, നിരീഹം, നിരപേക്ഷമായ; നിരുത്സാഹമായ.

Ape, *n.* വാലില്ലാക്കുരങ്ങൻ, വാനരം, പ്ലവം, പ്ലവംഗം; അനുകാരി, ഗോഷ്ഠിക്കാരൻ; *v. t.* കുരങ്ങത്താംകാട്ടുക, അനുകരിക്കുക; **-Apery**, *n.* കുരങ്ങത്തരം; **-Apish**, *a.* ഗോഷ്ഠികാട്ടുന്ന, കാപേയം, വാനരോപമം.

Apepsy, *n.* അജീർണ്ണം.

Aperient, *a.* വിരേചനമുണ്ടാക്കുന്ന, വയറിളക്കുന്ന; *n.* ഭേദിമരുന്ന്, രേചകം, രേചനം.

Aperture, *n.* തുറപ്പ്, തൊള, ഛിദ്രം, രന്ധ്രം, സൂക്ഷ്മദ്വാരം.

Apetalous, *a.* ദലഹീനം, നിഷ്പത്രം, നിർദ്ദളം, ഇതളില്ലാത്ത.

Apex, *n.* ശിഖരം, ഉച്ചി, ശിഖ, ചൂഡ, അഗ്രം, ശിരസ്സ്, മസ്തകം, അററം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Aphorism, *n.* നീതിവാക്യം, പഴമൊഴി, സൂത്രം, വചനം.

Aphthae (af'thē) *n.* വായ്പുണ്ണ്.

Apiary, *n.* തേനീച്ചക്കൂട്.

Apiece, *adv.* ഓരോന്നിന്, ഓരോത്തൎക്ക്.

Apocryphon (pl,-pha) (fon-fa), *n.* ത്യക്തഗ്രന്ഥം, ക്രിസ്ത്യാനികളുടെ മതഗ്രന്ഥത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രന്ഥം; പ്രമാണമല്ലാത്തഗ്രന്ഥം; **-phal,** *a.* പ്രമാണമല്ലാത്ത, സംനിഗ്ദ്ധപ്രമാണമായ, കളവായ.

Apogee, *n.* പരമചാന്ദ്രായനം; അററം, ഉയരം, ഉയച്ച.

Apologue, *n.* ഉപകഥ, ഉപാഖ്യാനം.

Apology, *n.* ക്ഷമാപ്രാൎത്ഥന, ക്ഷമായാചന, കുററംസമ്മതിക്കൽ സ്വദോഷസ്വീകാരം; വ്യപദേശം; 'to tender an a. തെററുസമ്മതിക്കുക, ക്ഷമായാചനംചെയ്യുക.; **-ist,** *n.* സ്വദോഷസ്വീകാരി, വ്യപദേഷ്ടാവ്; **-ize,** *v. i.* ക്ഷമയാചിക്ക, സ്വദോഷത്തെയംഗീകരിക്ക; **-getic, -getical,** വ്യപദേശകമായ, ന്യായംകാട്ടുന്ന.

Apophlegmatic, *a.* കഫനാശനമായ.

Apophthegm, *n.* നീതിവചനം, സൂത്രം, വചനം.

Apoplexy, *n.* മൂൎച്ഛാരോഗം, അംഗവികൃതി, ക്ഷിപ്രസന്നി; **-plectic, -plectical,** *a.* സന്നിയുള്ള, ക്ഷിപ്രസന്നിലക്ഷണമുള്ള

Apostate, *n.* സ്വധൎമ്മത്യാഗി, സ്വധൎമ്മഭ്രഷ്ടൻ, സ്വധൎമ്മച്യുതൻ; **-Apostasy, -cy,** *n.* സ്വധൎമ്മത്യാഗം, ധൎമ്മഭ്രംശം, പരധൎമ്മാശ്രയം; **-tatise,** *v. t.* സ്വധൎമ്മം ത്യജിക്ക, സ്വധൎമ്മത്തിൽനിന്നു ഭ്രംശിക്ക, പരധൎമ്മമാശ്രയിക്ക.

Apostle, *n.* ഈശ്വരപ്രേരിതൻ, ഈശ്വരദൂതൻ.

Apostrophe, *n.* സംബോധനം, അക്ഷരലോപം; **-ize,** *v. t.* സംബോധനംചെയ്ക, ആമന്ത്രണംചെയ്ക.

Apothecary, *n.* ഭേഷജവിക്രയി, മരുന്നുകച്ചവടക്കാരൻ.

Apothegm, (ap'othem), *n.* പഴമൊഴി, നീതിവാക്യം, സൂത്രം.

Appal, -pall (ap-pawl') *v. t.* പേടിപ്പിക്ക, വിരട്ടുക, സംത്രസിപ്പിക്ക, ഭയപ്പെടുത്തുക; **-ing,** *a.* ഭയങ്കരമായ.

Appanage, *n.* രാജകുമാരന്മാൎക്ക് ഉപജീവനാൎത്ഥമുള്ള ഭൂമി; അധീനരാജ്യം; ഓഹരി, അവകാശം.

Apparatus, *n.* ഉപകരണം, പണിക്കോപ്പ്, യന്ത്രം, സാമഗ്രി.

Apparel, *n.* ഉടുപ്പ്, വസ്ത്രം, വേഷം; *v. t.* ചമയിക്കുക, അണിയിക്കുക.

Apparent, *a.* കാണാവുന്ന, തോന്നുന്ന, വ്യക്തമായ, അഭിവ്യക്തമായ, സ്ഫുടമായ, സ്പഷ്ടമായ, പ്രത്യക്ഷം, പ്രകാശം, അവിഭ്രതം; മിഥ്യയായ, അവാസ്തവം; ബാഹ്യമായ; 'to make a. വ്യക്തമാക്ക, ആവിഷ്കരിക്ക, പ്രകടീകരിക്ക'; **-ly,** *adv.* വ്യക്തമായി, സ്പഷ്ടമായി, തെളിവായി.

Apparition, *n.* തോന്നൽ, മായാരൂപം, ആഭാസം, ഛായ, ആകാരം; വേതാളം, പിശാച്.

Appeal, *v. i.* അപ്പീൽകൊടുക്കുക, പുനൎവ്വിചാരപ്രാൎത്ഥന ചെയ്ക, അഭയമൎത്ഥിക്ക, അന്യായപ്പെടുക; *n.* പുനൎവ്വിചാരപ്രാൎത്ഥന, പ്രമാണീകരണം, അപ്പീൽവിചാരണ; അപ്പീലവകാശം, കല്പന, പ്രയോഗം, ഉപായം; **-able,** *a.* അപ്പീൽ ബോധിപ്പിക്കാവുന്ന; **-pellant,** *n.* അപ്പീലന്യായക്കാരൻ; **Appellate,** *a.* അപ്പീൽ സംബന്ധിച്ച; **-Appellee,** *n.* അപ്പീൽപ്രതി.

Appear, *v. i.* പ്രത്യക്ഷമാക, കാണായ്വരിക, ഉദിക്കുക, ഉദ്ഗമിക്കുക, പ്രകാശിക്ക, പ്രാദുൎഭവിക്ക, അവഭാസിക്ക, ഹാജരാക, വെളിവായ്വരിക, തോന്നുക; **-ance,** *n.* ഉദയം, പ്രാദുൎഭാവം, ആവിൎഭാവം, ഉപസ്ഥിതി, ഹാജർ; ആകാരം, ആകൃതി, രൂപം; 'good in a. ശോഭനാകൃതി, സുദൃശ്യം, പ്രേക്ഷണീയം'; ആഭാസം, തോന്നൽ, ഛായ, ആഭ.

Appease, (ap-pēz') *v. t.* സാന്ത്വനപ്പെടുത്തുക, ഉപശമിപ്പിക്ക, സമാധാനപ്പെടുത്തുക, തോഷിപ്പിക്ക, അനുനയിക്ക; **-ing,** *n.* സാന്ത്വനം, ഉപശാന്തി പ്രസാദനം, അനുനയം; **-ment,** *n,* ശമിപ്പിക്കൽ.

Appellation, *n.* പേര്, അഭിധാനം; **-tive,** *a.* അഭിധായിയായ; സാമാന്യമായ.

Append, *v. t* ചേൎക്കുക, കൂട്ടുക, അനുബന്ധിക്ക; **-age,** *n.* ചേൎത്തത്, അനുബന്ധം, ഉപാഹിതഭാഗം, ഉപകരണം. **-ed,** *n.* സംയോജിതം, ഉപാഹിതം; **-ix,** *n.* പരിശിഷ്ടം, ശേഷസംഗ്രഹം, ബാക്കിചേൎത്തത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Appertain, *v. i.* സ്വന്തമാകുക, ഉള്ളതാകുക, സംബന്ധിക്കുക, ചേർന്നിരിക്കുക; **-tenance,** *n.* അനുബന്ധം, ഉപകരണം, ഉപസ്കരം, സാമഗ്രി.

Appetence, -tency, *n.* അത്യാഗ്രഹം, നൈസർഗ്ഗികേച്ഛ; **-tent,** *a.* അത്യാശയുള്ള.

Appetite, *n.* കാമം, രാഗം, ഇച്ഛ, അഭിലാഷം, രുചി; വിശപ്പ്, ബുഭുക്ഷ, ക്ഷുത്ത്, 'sensual a. വിഷയരുചി, വിഷയോപരാഗം'.

Applaud (ap-plawd') *v. t.* പുകഴ്ത്തുക, പ്രശംസിക്ക, ശ്ലാഘിക്ക, അഭിനന്ദിക്ക, സ്തുതിക്ക, സമ്മതിക്ക; **-plause,** *n.* പ്രശംസ, ശ്ലാഘ, സ്തുതി; ധന്യവാദങ്ങൾ, കൈകൊട്ടിയാർക്കൽ; **-plausive,** *a.* ശ്ലാഘാന്വിതം, സ്തുതിമയമായ.

Apple, *n* മധുരജംബു, ആപ്പിൾപഴം, ആതാവൃക്ഷം, ആതാവൃക്ഷഫലം; (of the eye) കൃഷ്ണമണി, താര, കനീനിക; 'a. of discord, ഭേദബീജം, കലഹബീജം'.

Apply, *v. t.* സംയോജിപ്പിക്ക, ന്യസിക്കുക, വെയ്ക്കുക, അപ്പിക്കുക, നിവേദിപ്പിക്കുക; പ്രയോഗിക്ക; ആശ്രയിക്ക, അർത്ഥിക്ക, യാചിക്ക; അനുഷ്ഠിക്കുക, മനംവയ്ക്കുക; *v. i.* ചേരുക, സംബന്ധിക്കുക, അപേക്ഷിക്കുക, പ്രയോഗിക്ക; **-pliance,** *n.* ഉപായം, ഉപകരണം, സാമഗ്രി; **-plicable,** *a.* പ്രയോജ്യമായ, സംഗതമായ, സംബന്ധമായ; **-plicant,** *n.* പ്രാർത്ഥയിതാവ്, അർത്ഥി, യാചകൻ, അപേക്ഷകൻ; **-plication,** *n.* യോജനം, വിധാനം, സംപ്രയോഗം, നിവേശനം, ന്യാസം, അപ്പണം, മനോനിയോഗം, ചിത്താസക്തി, അഭ്യസനം, അദ്ധ്യവസായം, അഭിനിവേശം, ആസക്തി, അനുഷ്ഠാനം; ഉപയോഗം, പ്രയോജനം; സംബന്ധം; പ്രാർത്ഥന, അപേക്ഷ.

Appoint, *v. t.* നിയമിക്കുക, ഉദ്യോഗത്തിലാക്കുക, നിയോഗിക്ക; നിശ്ചയിക്ക; സംഭരിക്കുക, നിർദ്ദേശിക്കുക, നിരൂപിക്കുക; **-ment,** *n.* നിയമനം, നിയോഗം, അധികാരം, പദം; നിയമം, വിധി, ആജ്ഞ, ശാസനം; ഉപകരണം; നിരൂപണം; സ്ഥാപനം, സമയം, സങ്കേതം.

Apportion, *v. t.* പകുത്തുകൊടുക്കുക, പങ്കിടുക, വിഭജിക്ക.

Apposite, *a.* യുക്തമായ, യഥാർത്ഥമായ, വിനീതമായ; **-ly,** *adv.* സ്ഥാനത്തിൽ, യഥാർത്ഥമായി; **-sition,** *n.* സമാനാധികരണം, ഏകാന്വയം.

Appraise, *v. t.* വിലവയ്ക്കുക, വിലകെട്ടുക, കണ്ടുകെട്ടുക; **-ment,** *n.* വിലമതിക്കൽ, മൂല്യനിശ്ചയം; കണ്ടുകെട്ടൽ; **-er,** *n.* മൂല്യനിരൂപകൻ.

Appreciate, *v. t.* ഗുണാഗുണമറിയുക, ഗ്രഹിക്ക, വിവേചിക്ക; **-ation,** *n.* വിലമതിപ്പ്, ബഹുമാനം, ഗുണഗ്രഹണം, ഗുണാഗുണജ്ഞാനം, ഗുണാഗുണവിവേചനം.

Apprehend, *v. t.* ഗ്രഹിക്ക, പരാമർശിക്ക, ആക്രമിക്ക, ധരിക്ക; പരിശങ്കിക്ക; ഊഹിക്ക, അനുമാനിക്ക, അവഗമിക്ക, അധിഗമിക്ക; ഉപലഭിക്ക; *v. i.* തോന്നുക, ഭയപ്പെടുക; **-hension,** *n.* ഗ്രഹണം, ആസേധം, ആശങ്ക, അനുമാനം, തർക്കം, ധാരണ, ബുദ്ധി; 'of quick a. തീക്ഷ്ണമതി'; 'of dull a. സ്ഥൂലമതി; **-hensive,** *a.* വിവേകബുദ്ധിയുള്ള, ആശങ്കമാനമായ, ശങ്കിതമായ.

Apprentice, *n.* തൊഴിൽശീലിക്കുന്നവൻ, തൊഴിൽശിഷ്യൻ, ശിൽപവിദ്യാശിഷ്യൻ, അന്തേവാസി; **-ship,** *n.* സേവാകാലം, ശിഷ്യത്വകാലം.

Apprise (of), see **Inform.**

Approach (-prēch), *v. t.* സമീപിക്കുക, ഉപഗമിക്ക, സമുപഗമിക്ക, അഭിഗമിക്ക; *v. i.* അണയുക, എത്തുക, ഒത്തുവരിക; *n.* ആഗമം, അവതാരം, ഉപസ്ഥിതി, സന്നികർഷം, ആസന്നത; പ്രവേശം, ഉപസപ്പണമാർഗ്ഗം; **-ing,** *a.* സന്നികൃഷ്ടമായ, ആസന്നം, സമുപസ്ഥിതം; **-able** *a.* അടുത്തുചെല്ലത്തക്ക, ഉപസപ്പണീയം, സമുപഗമ്യം.

Appropriate, *v. t.* കൈവശപ്പെടുത്തുക, സ്വന്തമാക്കിത്തീർക്ക, സ്വാധീനമാക്കുക, സ്വായത്തമാക്ക, വിനിയോഗിക്ക, ഉപയോഗിക്ക; *a.* ഉപപന്നമായ, സംഗതമായ, ഉചിതം, യുക്തം; **-ly,** *adv.* ഉപപന്നമായി, യുക്തമായി; **-ion,** *n.* കൈവശപ്പെടുത്തൽ, സ്വായത്തമാക്കൽ, വിനിയോഗം, ഉപകൽപനം.

Approve, *v. t.* തെളിയിക്ക, അനുമോദിക്കുക, അനുമതിനൽകുക, സമ്മതിക്കുക, പ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശംസിക്ക, അഭിനന്ദിക്ക, പ്രതിനന്ദിക്ക; **-al,** *n.* അനുമോദനം, അഭിനന്ദനം, സമ്മതി, പ്രശംസ; **-ed,** *a.* സമ്മതമായ, പ്രശസ്തമായ, പരീക്ഷിതമായ; **-probation,** *n.* സമ്മതം, സമ്മതി, അനുമതി, സാധുവാദം, ധന്യവാദം, പ്രശംസ.

Approximate, *v. t.* അടുപ്പിക്കുക, അടുത്തെത്തിക്കുക, ഉപനയിക്ക; *v. i.* അടുക്കുക, അടുത്തുചെല്ലുക; *a.* അടുത്ത, സമീപമായ, ആസന്നമായ, സന്നികൃഷ്ടമായ; **-ation,** *n.* ആസന്നത, ഉപഗമം; അടുപ്പം.

April, *n.* ഏപ്രിൽ, നാലാമത്തെ മാസം, മീനം, മേടം, ചൈത്രം വൈശാഖം, മധുമാസം.

Apron, *n.* കടിപ്രച്ഛദം, മുന്നാരത്തുണി.

Apropos a. and adv. പിന്നെ, വിശേഷിച്ച്, ഈ സംബന്ധത്തിൽ.

Bear, *v. t.* (bore, borne, born) വഹിക്കുക, ഏന്തുക, നയിക്കുക, ധരിക്കുക, ആലംബിക്കുക, ഭരിക്കുക; സ്നേഹംഭാവിക്കുക; സഹിക്കുക; സാക്ഷിപറയുക; സംഭാഷണംനടത്തുക, അത്ഥംകൊള്ളുക; പെരുമാറുക; ഉത്ഭവിപ്പിക്കുക, പ്രസവിക്കുക, കായ്ക്കുക; 'to b. down കീഴമത്തുക'; to b. a hand സഹായിക്കുക'; to b. in mind ഓർമ്മവയ്ക്കുക'; 'to b off അടക്കുക; പ്രാപിക്കുക'; 'to b. out ഉറപ്പിച്ചുപറക'; 'to b. up താങ്ങിനിത്തുക, ധൈര്യമവലംബിക്ക'; 'b. oneself പെരുമാറുക'; 'b. company സഹചരിക്ക, അനുസരിക്ക'; *v. i.* കായ്ക്കുക, ഫലമുള്ളതായിരിക്ക; കഷ്ടമനുഭവിക്ക; പെരുക്കുക; (upon) ഞെരുങ്ങുക; (on) സംബന്ധിക്കുക; സാരമായിരിക്കുക; നില്ക്കുക; 'to b. back പിന്തിരിയുക'; to b upon കുറിവയ്ക്കുക'; 'to b. up to അടുത്തുചെല്ലുക'; 'to b. with ക്ഷമിക്കുക'; -**able**, *a.* സഹ്യമായ, വഹിക്കത്തക്ക; -**er**, *n* വാഹകൻ, ചുമട്ടുകാരൻ; മഞ്ചച്ചുമരൻ; ഫലവൃക്ഷം; കൊണ്ടുവരുന്നവൻ;ധരിച്ചിരിക്കുന്നവൻ;-**ing**, *n.* അവസ്ഥാനം, സ്ഥിതി; വൃത്തി, വത്ത

Digitized by Arya Samaj Foundation Chennai and eGangotri

നം, ആചരണം, രീതി; 'to bring one to his b. gs ഭ്രമിച്ചുപോകുക'; 'to take b. gs കാൎയ്യത്തിന്റെ സ്ഥിതി മനസ്സിലാക്കുക'.

Beard (bērd), *n.* മീശ, താടി, ശ്മശ്രു, കൂൎച്ചം, മുഖരോമം; ശൂകം, ഓക്; ഫലം, കണ്ണം; *v. t.* താടിക്കുപിടിച്ചു വലിക്ക, എതിൎക്കുക; അധിക്ഷേപിക്ക; **-ed,** *a.* മീശയുള്ള, സശ്മശ്രുവായ, ശ്മശ്രുലമായ, കൂൎച്ചധരം; **-less,** *a.* മീശകിളിൎക്കാത്ത, ശ്മശ്രുഹീനം, അജാതശ്മശ്രു, അനുദ്ഭിന്നശ്മശ്രു; പ്രവൃത്തികഠിനത്ത.

Beast, *n.* മൃഗം, ജന്തു; മൃഗപ്രായൻ; 'b. of prey ശ്വാപദം,'; 'b of hurdēn ചുമട്ടുമൃഗം, ധുൎയ്യം'; **-liness,** *n.* മൃഗസ്വഭാവം, ജഘന്യത്വം; **-ial, -ly,** *a.* മൃഗതുല്യമായ, മൃഗശീലമായ.

Beat, *n.* അടി, ആഘാതം, പ്രഹാരം, താഡനം; സ്പന്ദനം, സ്ഫുരണം; *v. t* താഡിക്ക, അടിക്ക, പ്രഹരിക്ക, വിധ്വംസിക്ക, തോല്പിക്ക, ഭഞ്ജിക്ക; *v. i.* സ്പന്ദിക്ക, കമ്പനംചെയ്ക, വേപനംചെയ്ക, സംഹരിക്കുക; **-down,** നിപതിപ്പിക്കുക, താഴ്ത്തുക, കുറയ്ക്കുക; 'to b. into അടിച്ചുകയററി മനസ്സിലാക്കുക'; 'to b. off ഓടിച്ചുകളക'; 'to b out അടിച്ചുപരത്തുക'; 'to b. out of വിടത്തുക'; 'to b the hoof കാൽനടയായിപ്പോക'; 'to b. timē താളംപിടിക്കുക'; 'to b. about തിരയുക'; 'to b. about the bush വളച്ചുകെട്ടിപ്പറയുക'; 'to b. up and down അങ്ങോട്ടും ഇങ്ങോട്ടും ഓടുക'; **-er,** *n.* അടിക്കുന്നവൻ, കാട്ടു തെളിക്കുന്നവൻ.

Beatify, *v. t.* പരമാനന്ദം നൽകുക; **-ic- -ical,** *a.* ആനന്ദപ്രദമായ, അപവൎഗ്ഗദമായ, മോക്ഷപ്രദമായ; **-cation,** *n.* മഹാഭാഗ്യം.

Beatitude, *n.* മോക്ഷം, മുക്തി, നിശ്രേയസം, അപവൎഗ്ഗം, പരമഗതി, കൈവല്യം; 'desirous of b. മുമുക്ഷു, മോക്ഷേച്ഛു'

Beau (b), *n.* സുവേഷൻ, സുഭഗംമന്യൻ, വിടൻ, (pl.) **Beaux** (bōz); fem. **Belle.**

Beauideal, (bōidē'al, *n.* പരിപൂൎണ്ണഭംഗി, പരമരമണീയത.

Beauty, *n.* അഴക്, സൌന്ദൎയ്യം, ചാരുത, ലാവണ്യം, ശോഭ, കാന്തി, രൂപം, രമണീയത, മനോജ്ഞത്വം, ശ്രീ; സുന്ദരി; **-tify,** *v. t.* ശോഭിപ്പിക്ക, ഭംഗിയാക്കുക, അലങ്കരിക്ക; *v. i.* ഭംഗിപൂണ്ടിരിക്ക; **-teous, -tiful,** *a.* ഭംഗിയുള്ള, സുന്ദരമായ, രമ്യം, രമണീയം, കാന്തം, മനോജ്ഞം, സുരൂപം, ലാവണ്യവത്തായ, രുചിരമായ, ശോഭനം, ചാരു, മഞ്ജുളം; **-ly,** *adv.* സുന്ദരമായി, സുഷ്ഠുവായി; ഭംഗിയായി, സു; in comp.

Beaver, *n.* നീൎനായ്; നീൎനായ്തോൽ; ശിരസ്ത്രാണഭാഗം, മുഖരക്ഷ, ഉരുക്കുതൊപ്പി.

Becalm, *v. t.* അടക്കുക, അമൎത്തുക, പ്രശമിപ്പിക്ക.

Because, *conj.* ആകയാൽ, നിമിത്തം, അതുകൊണ്ട്.

Beck, *n.* സംജ്ഞ, സങ്കേതം, ആംഗ്യം;

Beckon, *v. t.* ആംഗ്യം കാട്ടുക, കൈമാടി വിളിക്ക.

Becloud, *v. t.* ഇരുളാക്കുക, മങ്ങിക്കുക, മറയ്ക്കുക.

Become, *v. i.* ആകുക, സംഭവിക്കുക, *v. t.* ഉചിതമായിരിക്ക, പാറുക; തക്കതായിരിക്ക; **-ing,** *a.* ഉചിതമായ, അനുരൂപമായ, യുക്തമായ, ഉപപന്നമായ; **-ingly,** *adv.* യഥോചിതം, യഥാൎഹം, യുക്തമായി, അനുരൂപമായി, വേണ്ടപോലെ.

Bed, *n.* കിടക്ക, ശയ്യ, ശയനം, തല്പം, ശയനീയം; ഭാൎയ്യ; തടം; അടി; അട്ടി; വരി; *v. t.* കിടത്തുക, ശയിപ്പിക്ക; പരിഗ്രഹിക്ക; ശയനം നൽകുക; തടമാക്കിനടുക; അമഴ്ത്തുക; *v i..* കിടക്കുക, പരിഗ്രഹിക്ക; 'to be brought to b. പ്രസവിക്കുക'; 'take to b. ദീനമായിക്കിടക്ക'; 'to go out of b. കവിഞ്ഞൊഴുകുക'; 'the second b. രണ്ടാമത്തെ ഭാൎയ്യ'; 'b. chamber, room ഉറക്കറ, ശയ്യാഗൃഹം'; 'b. clothes ശയ്യോപസ്തരങ്ങൾ'; 'b. sheet ശയനാസ്തരണം; ഉത്തരച്ഛദം, കിടക്ക വിരിപ്പ്'; 'b. curtain കൊതുകുമറ'; 'b. fellow കൂടെ ഉറങ്ങുന്നവൻ'; 'b. ridden കിടപ്പിലായ'; 'b: stead കട്ടിൽ'; 'b. swerver വ്യഭിചാരി'; **-Bedding,** *n.* ശയ്യോപകരണം, ശയനസാമഗ്രി.

Bedash, Bedaggie, see stain.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Bedaub, *v. t.* പൂശുക.
Bedeck, *v. t.* അലങ്കരിക്ക, അണിയിക്ക.
Bedew, *v. t.* മഞ്ഞു പെയ്യുക, നനയ്ക്കുക, ആർദ്രീകരിക്ക, ക്ലേദിപ്പിക്ക, സേചനം ചെയ്ക.
Bedight, *a.* അലങ്കാരംചെയ്യപ്പെട്ട.
Bedim, *v. t.* ഇരുളാക്കുക, മങ്ങിക്കുക, മലിനീകരിക്ക, കല്മഷീകരിക്ക.
Bedizen, *v. t.* മോടിയില്ലടുക്കുക, അലങ്കരിക്കുക.
Bedlam, *n.* ഭ്രാന്താശുപത്രി; ഉന്മത്തനിവാസം, വാതുലാലയം; **-ite,** *a.* ഉന്മത്തമായ, വാതുലമായ.
Beduck, *v. t.* നീരിൽമുക്കുക, നിമജ്ജനം ചെയ്യിക്ക.
Bee, *n.* ഈച്ച, വണ്ട്, അളി, ഭ്രമരം, ഭൃംഗം, മധുകരം, ഷട്പദം; 'honey b. സരഘ, മധുമക്ഷിക, തേനീച്ച'; 'b. hive മധുകോശം, തേനീച്ചക്കൂട്'; 'beses-wax മധുജം, ശിക്ഥം, മെഴുക്'.
Beech, *n.* ഒരുവക കാട്ടുമരം.
Beef, *n.* മാട്ടിറച്ചി, ഗോമാംസം.
Beer, *n.* ബീർ എന്ന മദ്യം, യവസുര, യവമദ്യം.
Beet, *n.* ഒരുവക കിഴങ്ങുള്ള ചെടി.
Beetle, *n.* നിലന്തല്ലി; വണ്ട്, ചെള്ള്; 'b. brow ഉന്തിയ നൊറി.'; 'b. head പെണ്ണൻ; *v. t.* മുട്ടികൊണ്ടിടിക്കുക; *v. i.* ഉന്തുക, ഉന്തിനില്ക്കുക.
Befall, *v. t.* സംഭവിക്ക, സമാപതിക്ക, നേരിടുക.
Befit, *v. i.* സമുചിതമായിരിക്കുക.
Befool, *v. t.* തമാശയാക്കുക, തോൽപിക്കുക, മറയനാക്കുക, വ്യാമോഹിപ്പിക്കുക, കളിപ്പിക്കുക.
Before, *prep.* മുമ്പിൽ, മുമ്പേ, ആദ്യം, പൂർവ്വം; അഗ്രേ, സമക്ഷം, പ്രത്യക്ഷം; *adv.* മുമ്പിൽ, ആദ്യമായിട്ട്, പണ്ട്; b. one's face മുഖത്തുനോക്കി'; **-hand,** *adv.* മുൻകൂട്ടി.
Befoul, *v. t.* അഴക്കാക്കുക, ദുഷിപ്പിക്കുക, മലിനമാക്കുക; അകപ്പെടുക.
Befriend, *v. t.* സ്നേഹംകാട്ടുക; ആദരിക്കുക; അനുഗ്രഹിക്ക, ഉപകരിക്ക; സഹായം ചെയ്യുക; അനുകൂലിക്ക.
Beg, *v. t.* അഭ്യർത്ഥിക്ക, അപേക്ഷിക്ക, യാചിക്ക; *v. i.* ഭിക്ഷയാചിക്കുക, ഭിക്ഷാടനം ചെയ്ക; **-ging,** *n.* യാചനം, യാച്ഞ, പ്രാർത്ഥന; ഭിക്ഷ, ഭിക്ഷാടനം; 'to go a b. ing ആളെ കിട്ടാതെപോകുക'; **-gar,** *v. t.* ദരിദ്രീകരിക്ക, സർവസ്വം ഹരിക്ക; 'b. s description വർണ്ണനാതീതം'; *n.* പ്രാർത്ഥകൻ, അർത്ഥി, ഭിക്ഷു, യാചകൻ, ദരിദ്രൻ; **-ly,** *a.* നിർദ്ധനമായ, കൃപണമായ; നീചമായ, അപകൃഷ്ടമായ; **-y,** *n.* ദൈന്യം, കാർപ്പണ്യം, ദാരിദ്ര്യം, ഭൈക്ഷ്യം.
Beget, *v. t.* ജനിപ്പിക്കുക, ഉൽപാദിപ്പിക്ക, സൃഷ്ടിക്കുക, ഉണ്ടാക്കുക; **-ter,** *n.* ജനകൻ, പിതാവ്, അച്ഛൻ.
Begin, *v. i. and v. t.* ആരംഭിക്ക, പ്രാരംഭിക്ക, പ്രക്രമിക്ക, ഉപക്രമിക്ക, തുടങ്ങുക, ഉത്ഭവിക്ക, പുറപ്പെടുക; **-ner,** *n.* ആരബ്ധാവ്, നവച്ഛാത്രൻ, പുതിയവൻ; **-ing,** *n.* ആരംഭം, ഉപക്രമം; ആദി; മൂലം, യോനി, പ്രഭവം; പരിശ്രമം.
Begird, *v. t.* അരമുറുക്കുക; പരിവേഷ്ടിക്ക, ചുററിടക്കുക; വളയുക; **-ie,** *v. t.* അരഞ്ഞാൺ ധരിക്കുക.
Begnaw, *v. t.* കാർന്നുതിന്നുക, കരളുക; ഭക്ഷിച്ചുകളക.
Begone, *intj.* പോ, പൊയ്ക്കൊ; *n.* പോയതു്.
Begrease, *v. t.* കൊഴുപ്പിടുക, വസപുരട്ടുക; സ്നിഗ്ദ്ധീകരിക്ക.
Begrime *v.t.* അഴക്കാക്കുക, മലിനീകരിക്ക.
Begrudge (-gurj'), *v. i.* അസൂയ ഭാവിക്ക, അസൂയപ്പെടുക.
Beguile, *v. t.* വിനോദിപ്പിക്ക; വ്യാമോഹിപ്പിക്ക, വഞ്ചിക്കുക, ആകർഷിക്ക, പ്രലോഭിപ്പിക്ക.
Behalf (-häf') *n.* ഉപകാരം, സഹായം, നിമിത്തം, പക്ഷം; 'in b. of him അവന്റെ ഗുണത്തിനായി'; 'on b. of him അവനുവേണ്ടി'.
Behave, *v. i. and v. t.* ആചരിക്കുക, വർത്തിക്കുക, വ്യവഹരിക്കുക, നടക്കുക, നടത്തുക, അനുഷ്ഠിക്കുക; 'well b. ed സദാചാരി; **-haviour** ആചാരം, വൃത്തി, വ്യവഹാരം, ചേഷ്ടിതം, ചരിതം, ആചരണം, നടപ്പ്, പെരുമാററം; 'good b. r നല്ലനടപ്പ്'; 'bad b. r ദുർന്നടപ്പ്'; 'to be upon one s good b. r നല്ലനടപ്പുകാരനോ എന്നു പരീക്ഷിക്ക'.
Behead, *v. t.* തലവെട്ടുക, കഴുവിലേററുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിരച്ഛേദംചെയ്ക; **-ing**, *n.* ശിരച്ഛേദം; 'worthy of b. ശീർഷച്ഛേദ്യം.'

Behemoth, *n.* നദിക്കുതിര.

Behest, *n.* കല്പന, ആജ്ഞ.

Behind, *prep.* പിമ്പിൽ, മറവിൽ, അപ്പുറം; വഴിയേ, കാലം (കുറവുള്ള); *adv.* പിന്നാക്കം, പിറകിലൂടെ, പിറകോട്ടു; ഇനിയും; കഴിഞ്ഞ, ശേഷം; 'be b. ഉത്സാഹിപ്പിക്ക'; 'b. -hand വൈകിയ, അമാന്തമായ'.

Behold *v. t* (-held, -held) നോക്കുക, ദർശിക്ക; *v. i.* കാണുക; **-en**, *a.* കടപ്പെട്ടിരിക്കുന്ന, നന്ദിയുള്ള; **-er**, *n.* പ്രേക്ഷകൻ, ദർശകൻ, ദ്രഷ്ടാവ്, കാണി, കാഴ്ചക്കാരൻ.

Behoof, *n.* പ്രയോജനം, അർത്ഥം, ഫലം, വൃദ്ധി, ലാഭം, ഗുണം.

Behoove, **Behove**, *v. t.* (used impersonally with it) ഉചിതമായിരിക്ക, വേണ്ടിവരിക.

Belabour, *v. t.* വേലചെയ്യുക, പ്രവർത്തിക്കുക; തല്ലുക, പ്രഹരിക്ക.

Belate, *v. i* താമസിപ്പിക്ക.

Belaud, *v. t.* പുകഴ്ത്തുക.

Belay, *v. t.* തടുക്കുക, വഴിയടയ്ക്കുക, പ്രതിരോധിക്ക, ഉപരോധിക്ക.

Belch (belsh), *v. t.* ഏമ്പലിടുക, തേട്ടുക, കക്കുക; പുറത്താക്കുക; *v. i.* തേട്ടിവരിക; *n.* തേട്ടൽ, ഏമ്പക്കം.

Beldam, *n.* കിഴവി.

Beleaguer (ér), *v. t.* വളയുക, നിരോധിക്കുക.

Belfry, *n.* മണിനില, മണിഗോപുരം.

Belie, *v. t.* തെററിച്ചുപറക, മറിച്ചുപറക, അസത്യംപറയുക, മിഥ്യാഭിയോഗംചെയ്യുക, അപവദിക്ക.

Belief, *n.* വിശ്വാസം, വിശ്രംഭം, പ്രത്യയം; ശ്രദ്ധ, ആസ്തിക്യബുദ്ധി; മതി, ബുദ്ധി; **-lieve**, *v. t. and v i.* വിശ്വസിക്ക, ഉറയ്ക്കുക, വിചാരിക്ക; 'to b. in നല്ലതെന്നു വിശ്വസിക്ക'; 'to b. on പ്രമാണമായി വിശ്വസിക്ക'; **-er**, *n* വിശ്വാസി, ശ്രദ്ധാലു, ശ്രദ്ധാന്വിതൻ.

Belittle, *v. t.* ചെറുതാക്കുക, ലഘൂകരിക്ക.

Bell, *n.* മണി, ഘണ്ട; 'small b. കിങ്കിണി'; 'b. clapper ഘണ്ടാവാദകൻ'; **Belfry**, *n.* മണിഗോപുരം, മണിത്തൂൺ; 'b. metal ഓട്'; 'b. pepper കപ്പൽമുളക്, പറങ്കിമുളക്'; to bear the b. മുന്തിനില്ക്കുക'; 'to loose the b. തോററുപോക'.

Belladonna, *n.* കണ്ടകാരിക.

Belle (bel), *n.* സുന്ദരി, രൂപവതി, സുഭഗംമന്യ

Bellicose, *a.* കലഹപ്രിയമായ, കലഹശീലമായ, രണോത്സുകമായ, യുദ്ധസ്പൃഹമായ.

Belligerent, *a.* പോർചെയ്തുകൊണ്ടിരിക്കുന്ന, ബദ്ധസമരമായ, യോധനശീലമായ.

Bellow, *v. i.* മുക്കായിടുക, നദിക്കുക, ഗർജ്ജിക്കുക; *n.* മുക്കറ, ഗർജ്ജനം, നിനാദം; **-ing**, *n.* മുക്കറ etc.

Bellows (-lōz), *n.* (pl.) ഉല, വിശറി, വാതസഞ്ചാരത്തിനുള്ള സാമഗ്രി.

Belly, *n.* വയറ്, ഉദരം, ജഠരം, തുന്ദം, കുക്ഷി; 'b. ache വയററുനോവ്, വയററുവേദന, ഉദരശൂലം'; 'b. bound മലബന്ധമുള്ള, ബദ്ധോദരമായ'; 'b. god ഉദരംഭരി, ഔദരികൻ'; 'b. worm കൃമി, ഇര (വെര)'.

Belong, *v. i.* ഉള്ളതാക, സ്വന്തമായിരിക്കുക; ചേർന്നിരിക്കുക; ഉചിതമായിരിക്ക; അവകാശമായിരിക്ക; **-ing**, *n.* സ്വത്ത്; അനുബന്ധം.

Beloved, *a.* പ്രിയമായ, ഇഷ്ടമായ, ദയിതമായ, വല്ലഭമായ; 'b. person ദയിതജനം'; *n.* ദയിത, വല്ലഭ, പ്രിയൻ, പ്രിയ.

Below, *prep.* കീഴിൽ, താഴെ, അടിയ്ക്കു, *adv.* അടിയിൽ, താഴെ; ഭൂമിയിൽ, ഇഹത്തിൽ; പാതാളത്തിൽ; കീഴ്ക്കോർട്ടിൽ (L); താഴോട്ടു.

Belt, *n.* അരക്കച്ച, അരവാറ്; മേഖല, രശന, കാഞ്ചി, ബന്ധനം, വലയം; കടലിടുക്ക്; മണ്ഡലവിഭാഗം; *v. t.* മേഖലാരൂപത്തിൽ പരിവേഷ്ടിക്ക.

Belvedere, *n.* ചന്ദ്രശാല.

Bemoan, *v. t.* പുലമ്പുക, പ്രലപിക്ക, മുറയിടുക; *v. i.* ദുഃഖിക്ക.

Bench, *n.* ബെഞ്ച്, പീഠം, ഫലകം; 'b. of justice ധർമ്മാസനം,വ്യവഹാരാസനം'.

Bend, *v. t.* വളയ്ക്കുക, നമിപ്പിക്ക, നമ്രീകരിക്ക, വക്രീകരിക്ക മനസ്സുവയ്ക്കുക; കീഴമർത്തുക; *v. i.* വളയുക, ഉന്തിനില്ക്ക, കുനിയുക, കുനിയുക, വണങ്ങുക, ചായുക; **Bent**, *a.* വളഞ്ഞ, ആനമിതമായ, നാമിതമായ, ആഭുഗ്നമായ; *n.* വളവ്, നതി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വക്രത; വങ്കം, പുടഭേദം; ശീലം, വാഞ്ഛ, നിശ്ചയം, പ്രവൃത്തി, അഭിനിവേശം; -ing, *n.* നതി, നമനം, അവനമനം.

Beneath, *prep.* താഴെ, കീഴിൽ, അടിയിൽ; അധമം, പഠാറാത്തതു്; *adv.* ഇഹത്തിൽ.

Benedict, *n.* നവോഢൻ, നവപരിണീതൻ.

Benediction, *n.* ആശീർവാദം, ആശിസ്സ്, (in dramas) നാന്ദി, ധന്യവാദം; സ്തവം, സ്തുതി; **Benedictory**, *a.* മാങ്ഗളികമായ; 'b. stanza നാന്ദീശ്ലോകം, നാന്ദി.

Benefaction, *n.* ഉപകാരം, ഉപകൃതം, ഹിതം, നന്മ.

Benefactor, *n.* ഉപകാരി, ഉപകർത്താവ്, ഹിതകൃത്, ഉപകാരകൻ, പ്രിയകരൻ.

Benefice (-fis), *n.* ഉപകാരം, ധർമ്മശിക്ഷകവൃത്തി, ധർമ്മം; പള്ളിവകവരവ്.

Beneficence, *n.* ഉപകാരം, ധർമ്മം, ഉപകാരശീലത, പരോപകാരം; ഹിതം, ദയ, കൃപ, ത്യാഗിത.

Beneficent, *a.* ദാനശീലമായ, ത്യാഗശീലമായ, പരോപകാരിയായ, ഉപകാരപരമായ; (thing) ഹിതകരമായ, ഹിതാവഹമായ.

Beneficial (-fish'al), *a.* ഹിതമായ, ഹിതാവഹം, ഉപകാരകം, ലാഭജനകം, കല്യാണകാരകം, സുഖപ്രദം.

Benefit, *n.* ഉപകാരം, ഹിതം, അനുഗ്രഹം; ഫലം, ലാഭം; 'for public b. ജനഹിതാർത്ഥം'; *v. t.* ഉപകരിക്ക, അനുഗ്രഹിക്ക, ഹിതംചെയ്യുക, ലാഭംനല്കുക; *v. i.* ഉപകാരമുണ്ടാക, ഗുണമുണ്ടാക.

Benevolence, *n.* പരഹിതേച്ഛ, പരോപകാരിത, ദയ, കൃപ, ഉദാര..; -lent, *a.* ഹിതൈഷിയായ, ഉപകാരപരമായ, ദയാലുവായ, പരഹിതേച്ഛുവായ; -ly, *adv.* പരഹിതേച്ഛയോടെ, കൃപയോടെ, ദയാപൂർവം.

Benight, *v. t.* രാത്രിയായിപ്പോക, ഇരുട്ടുക, തമോവൃതമായിപ്പോക; -ed, *a.* തമോവൃതമായ; അറിവില്ലാത്ത.

Benign (-nīn'), **Benignant**, *a.* ദയാലുവായ, പ്രേമപരം, സദയം, സുഖപ്രദം, കൃപാലു; -ity, *n.* ദയ, പ്രീതി, കൃപ, അനുഗ്രഹം, ദയാലുതം.

Benison (-zn), *n.* ആശിസ്സ്, ആശീർവാദം

Benumb (-num'), *v. t.* മരവിപ്പിക്ക, സ്തംഭിപ്പിക്ക, ജഡീകരിക്ക; -edness, *n.* സ്തംഭനം.

Benzoin, Benjamin, *n.* സാമ്പ്രാണി.

Bequeath, *v. t.* മരണപത്രപ്രകാരം കൊടുക്കുക, ഒസ്യത്തുപ്രകാരം കൊടുക്കുക, അർപ്പിക്കുക; -quest, *n.* മരണപത്രികയാലുള്ള ദാനം.

Bereave, *v. t.*അപഹരിക്ക, ഇല്ലാതാക്കുക, വിനാശകരിക്കുക; ഭ്രംശിപ്പിക്ക, അപനയിക്ക; -ed, *a.* അപഹരിക്കപ്പെട്ട, ഇല്ലാതായ.

Bereft, *a.* രഹിതം. ഹീനം, വിയുക്തം; -ment, *n.* വിപ്രയോഗം വിയോഗം, വിരഹം, വേർപാടു്.

Berlin, *n.* നാലുരുളുമുള്ള വണ്ടി; പലനിറത്തിലുള്ള കമ്പിളിനൂൽ.

Berry, *n.* ചെറുകായി, ഗുലി, ഗുടിക.

Berth, *n.* നങ്കൂരസ്ഥാനം, കപ്പലിലെ പള്ളിയറ; കപ്പലിലെ ഉറക്കറ, ശയനാഗാരം.

Beryl, *n.* ഗോമേദകം.

Bescatter, see **Scatter**.

Beseech, *v. t.* അനുനയിപ്പിക്ക. പ്രസാദിപ്പിക്ക. ഇരന്നുചോദിക്ക, വിനയത്തോടെ പ്രാർത്ഥിക്ക; -er, *n.* പ്രാർത്ഥകൻ, യാചകൻ.

Beseem, *v. t.* യോഗ്യമായിരിക്ക, ഉചിതമായി തോന്നുക; പററുക.

Beset, *v t.* അലങ്കരിക്ക; നിരോധിക്ക, ആക്രമിക്ക. ആകുലീകരിക്ക; *a.* ആകുലമായ, അഭിഭൂതമായ; -ting, *a.* ദൃഢമായ്പററുന്ന, പരിഞ്ഞുപോയ.

Beshrew, *v. t.* അമംഗളം പ്രാർത്ഥിക്ക, ശപിക്കുക.

Beside, *prep.* പാർശ്വത്തിൽ, അരികിൽ, വശത്തു്.

Besides, *prep.* പുറമേ. ഒഴികെ ഇന്നിയും, കൂടാതെ, *adv.* വേറെയും, മററും, അധികമായി.

Besiege (-bĭsēj), *v. t.* രോധിക്ക, അവരോധിക്ക, വളയുക, ആക്രമിക്ക; -er, *n.* അവരോധകൻ; -ing, *n.* അവരോധനം.

Beslave, *v. t.* വശീകരിക്ക, ദമിപ്പിക്ക.

Besmear, *v t.* പൂശുക, പുരട്ടുക, അഴുക്കാക്കുക.

Besmirch, *v. t* അഴുക്കാക്കുക, മലിനീകരിക്ക; നിറംമങ്ങിക്ക; മാനംകെടുക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Besom, *n.* ചൂൽ, മാർജ്ജനി, ശോധനി.

Besot, *v. t.* മോഹിപ്പിക്ക. മയക്കുക, ജഡീകരിക്ക; **-ted,** *a.* മൂഢബുദ്ധിയായ, മൂഢാത്മാവായ.

Bespangle, *v. t.* ഉപശോഭിപ്പിക്ക, അലങ്കരിക്ക.

Bespatter, *v. t.* അഴുക്കാക്കുക, മലിനമാക്കുക, ദൂഷണംപറയുക.

Bespeak, *v. t.* പറഞ്ഞുവയ്ക്കുക, ശട്ടംകെട്ടുക; സൂചിപ്പിക്ക, ലക്ഷണംകാട്ടുക, കാണിക്കുക.

Besprinkle, *v. t.* തളിക്കുക, വിതറുക, പ്രോക്ഷണംചെയ്ക.

Best, *a* ഉത്തമമായ, എററവും, പ്രശസ്തതമം, ശ്രേഷ്ഠം, പരമം; *adv.* ഏററവും നന്നായി.

Bestain, see **Stain.**

Bestead, *v. t.* സഹായിക്ക, ദുഃഖംതീർക്കുക, ഉപയോഗപ്പെടുത്തുക; *v. i.* പ്രയോജനകരമായിരിക്ക.

Bestial, *a.* മൃഗപ്രായമായ.

Bestir, *v. t.* ചേഷ്ടിപ്പിക്ക, ഉണർത്തുക, ഉദ്യമിപ്പിക്ക.

Bestow (bē-stō′), *v. t.* ദാനംചെയ്ക, പ്രദാനംചെയ്ക, നിക്ഷേപിക്ക, പ്രയോഗിക്ക; **-al,** *n* ദാനം, പ്രതിപാദനം; **-er,** *n.* ദാതാവ്, കൊടുക്കുന്നവൻ.

Bestraught, *a.* വ്യഗ്രമായ, ചിന്താകുലമായ; *see* **Anxious.**

Bestrew, *v. t.* ആസ്തരണംചെയ്ക, വിരിക്കുക.

Bestride, *v t.* കയറുക.

Bestud, *v. t.* ഖചിതമാക്കുക.

Bet, *n.* പന്തയം, പണയം, പണം, പ്രതിജ്ഞ; *v. t. and v. i.* പന്തയംവയ്ക്കുക; ചൂതാടുക.

Betake, *v. t.* എടുക്കുക, അംഗീകരിക്ക.

Betel (bē′tl), *n* വെററിലക്കൊടി, താംബൂലി, പുന്നാഗവല്ലി, നാഗലത; 'b. box താംബൂലകരണ്ടം, പൂഗപാത്രം, വെററിലച്ചെല്ലം'.

Bethink, *v. t.* നിനയ്ക്കുക, വിമർശിക്കുക, ഉദ്ദേശിക്കുക; *v. i.* ആലോചിക്കുക.

Betide, *v. t. or v. i.* നേരിടുക, ആപതിക്ക, ഉണ്ടാക.

Betimes, *adv* കാലത്തേ, നേരത്തേ; യഥാസമയം, പതിവത്തിൽ.

Betise, *n.* മൗർഖ്യം, മൂഢത.

Betoken (-tō′kn), *v. t.* കുറികാട്ടുക, സൂചനകാട്ടുക, ദർശിപ്പിക്ക.

Betray, *v. t.* വഞ്ചിക്കുക, ശത്രുക്കളുടെ കയ്യിൽ അകപ്പെടുത്തുക; ഭേദിക്ക; **-al,** *n.* വഞ്ചന, കള്ളം, വിശ്വാസഘാതകം, **-er,** *n* വിശ്വാസഘാതകൻ, വഞ്ചകൻ.

Betrim, *v t.* അലങ്കരിക്ക.

Betroth, *v. t* വിവാഹനിശ്ചയംചെയ്ക, വാക്കുകൊടുക്ക; **-al,** *n.* വാഗ്ദാനം.

Better, *a.* ശ്രേയസ്സായ, ഭദ്രതരമായ, ഉയർന്ന, അധികവിലയുള്ള; *adv.* അധികമായി, ശ്രേയസ്സായി, നന്നായി; *v. t.* നന്നാക്കുക, തിരുത്തുക; **Betters,** *n* (pl.) ശ്രേഷ്ഠന്മാർ.

Between, Betwixt, *prep.* ഇടയിൽ, നടുവേ, മദ്ധ്യേ.

Bevel, *n.* ചെരിവ്, കോണളക്കുന്ന ഉപകരണം; *a.* ചെരിവായ; *v. t. and v. i.* ചായുക.

Beverage (-ér-āj) *n.* പാനം, പേയം, ചാറായം.

Bevy, *n.* കൂട്ടം; സ്ത്രീജനസംഘം; പാവക്കൂട്ടം; മാൻകൂട്ടം.

Bewail, *v. t.* കരയുക, വിലപിക്കുക, പുലമ്പുക, പരിതപിക്ക; **-ing,** *n.* ശോകം, വിലാപം, പരിദേവനം.

Beware, *v. i.* (with, of) ശ്രദ്ധിക്ക, കരുതുക, അവഹിതമായിരിക്ക.

Bewilder, *v. t.* ആകുലീകരിക്ക, വിക്ലവീകരിക്ക, അന്ധാളിപ്പിക്ക, **-ed,** *a.* വിക്ലവമായ, ആകുലീഭൂതമായ, സംഭ്രാന്തമായ; **-ment,** *n.* സംഭ്രമം, വൈക്ലവ്യം, വ്യാകുലതാ.

Bewitch, *v. t.* മയക്കുക, വശീകരിക്ക, മോഹിപ്പിക്ക; ഒടിവയ്ക്കുക; **-ing,** *a.* മോഹനമായ; **-ment,** *n.* ഒടി, മായ, മോഹനം, മോഹം, വശീകരണം.

Bey (bā), *n.* തുരുക്കഗവർണ്ണർ, അമീർ, സുൽതാൻ.

Beyond, *prep.* അപ്പുറം, കടന്ന്, അതിക്രമിച്ച്, മീതേ, അധികം; *adv.* അങ്ങ്, ദൂരെ; 'go b ചതിക്കുക'; 'I was b. myself ഞാൻ എന്നെത്തന്നെ മറന്നുപോയി'.

Bezel, *n.* മോതിരത്തിന്റെ പട്ടം.

Bezoar, *n.* ഗോരോചന.

Bias, *n.* ചെരിവ്, ചായ്വ്; അഭിലാഷം;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശീലം; പക്ഷപാതം; പ്രോത്സാഹനം; *v. t.* ചെരിക്കുക, പ്രോത്സാഹിപ്പിക്ക; മുന്നഭിപ്രായമുണ്ടാക.

Bib, *n.* വായിനീത്തുണി; *v. t.* ഉറക; മോന്തുക; **-ber,** *n.* മദ്യപൻ, കുടിയൻ.

Bible, *n.* ക്രിസ്തുമതഗ്രന്ഥം.

Bibliography, *n.* പുസ്തകവിവരണം, പുസ്തകവിദ്യ.

Bibliomania, *n.* ഗ്രന്ഥസമ്പാദ്യഭ്രാന്ത്.

Bibulous, *a.* ജലശോഷകമായ, ഊറിപ്പിടിക്കുന്ന, നീർപിടിത്തമുള്ള.

Biceps, *n* ഭുജദശ (മുണ്ടായ്).

Bicker, *v. i.* വഴക്കിടുക; ഒഴക്കുക; ഇളകിക്കൊണ്ടിരിക്കു; *n.* കലഹം; **-er,** *n.* വഴക്കാളി; **-ing,** *n.* ചെറുപട, കലഹം, വിവാദം.

Bicycle, *n.* സൈക്കിൾ, ചവിട്ടുവണ്ടി.

Bid, *v. i* വിലപറക, പ്രസിദ്ധമാക്കുക; ആജ്ഞാപിക; വിളിക്കുക, പറയുക; 'b. adieu or farewell ആമന്ത്രിക, യാത്ര പറയുക'; 'b. defiance ധിക്കാരംപറയുക'; **-der,** *n.* ക്രേതാവ്, ലേലംവിളിക്കുന്നവൻ; **ding,** *n.* ആദേശം, ആജ്ഞ, വിലപറയൽ; ലേലംവിളി.

Bide, *v. i.* വസിക്കുക, താമസിക്കുക; *v. t.* സഹിക്കുക; കാത്തിരിക്കുക.

Biennial, *a.* ദ്വിവാർഷികമായ, ദ്വിവർഷീണം, ദ്വൈവർഷികം.

Bier (bēr), *n.* ശവപ്പെട്ടി, പ്രേതവാഹനം.

Bifold, *a.* ദ്വിഗുണമായ, ദ്വൈധമായ.

Biformed, *a.* ദ്വിരൂപമായ.

Biferous, *a.* ആണ്ടിൽ രണ്ടുവട്ടംകായ്ക്കുന്ന.

Bifurcate, -d, *a.* വിശ്ലേഷിതമായ, രണ്ടാക്കിയ; *v. t.* വിഭേദിപ്പിക്ക, രണ്ടാക്കുക; **-tion,** *n.* രണ്ടാക്കൽ.

Big, *a.* വലിയ, മഹാകായമായ, ബൃഹൽകായമായ; മഹാപ്രമാണം, അതിപ്രമാണം, സ്ഥൂലം, വിപുലം, പൃഥു; ഗർഭമുള്ള; സങ്കുലം, പൂർണ്ണം, സങ്കീർണ്ണം; 'to talk b. ഉറക്കെപറക, വമ്പുപറക'; **-ness,** *n.* വണ്ണം, സ്ഥൂലത, മഹത്വം.

Bigamy, *n.* ദ്വിവിവാഹം, ദ്വിപത്നീകരണം, ദ്വിഭർത്തൃകരണം; **-ist,** *n.* രണ്ടുഭാര്യയുള്ളവൻ, ദ്വിപത്നീകൻ; ദ്വിഭർത്തൃക, രണ്ടുഭർത്താവുള്ളവൾ.

Bight, *n* വളവ്, മൂല, ഉൾക്കടൽ.

Bigotry, *n.* സ്വമതാസക്തി, മതഭ്രാന്ത്, ഇതരമതവിരോധം; **Bigoted,** *a.* **Bigot,** *n.* നിർബന്ധശീലൻ, മതവൈരാഗി, അന്യാഭിപ്രായവിരോധി.

Bigwig, *n.* പെരുന്തലവൻ.

Bijou, *n.* ക്ഷുദ്രാലങ്കാരം, ക്ഷുദ്രഭൂഷണം, തുച്ഛഭൂഷണം.

Bilateral, *a.* ഇരുവശമുള്ള, ഇരുപക്ഷം സംബന്ധിച്ച.

Bilbo, *see* **Sword.**

Bile, *n.* പിത്തം, മായു; വെറുപ്പ്, കോപം; **Bilious,** *a.* പിത്തമുള്ള, മുൻകോപമുള്ള, പൈത്തികമായ.

Bilge, *n.* കപ്പലിന്റെ അടിഭാഗം.

Bilingual (-wal), *a.* ദ്വിഭാഷാവാദിയായ, രണ്ടുഭാഷയടങ്ങിയ.

Bilinguous, *a.* ദ്വിജിഹ്വമായ.

Biliteral, *a.* ദ്വയാക്ഷരമുള്ള.

Bilk, *v. t.* ചതിക്കുക, പരാജിതമാക്കുക.

Bill, *n.* കൊക്ക്, ചുണ്ട്; ഒരുവകവാൾ; അന്യായഹർജി; നിയമപത്രം; കണക്കുചീട്ട്; കണക്ക്; 'b. of costs കോടതിച്ചെലവുകണക്ക്'; 'b. of credit. കടജാമ്യപത്രം'; 'b. of exchange ഉണ്ടിക, കൈമാററപ്പത്രം'; 'b. of fare ഭക്ഷണവിവരപ്പത്രം'; 'b. of health കപ്പല്ക്കാരുടെ ആരോഗ്യസാക്ഷ്യപത്രം'; 'b. of loading ചരക്കുകയററിയ രസീതു്'; *v. t.* ചുംബിക്കുക; പാടുക.

Billet, *n.* ചീട്ട്, കുറിപ്പ്, ലേഖ്യം; കാഷ്ഠഖണ്ഡം; *v. t* സൈന്യങ്ങളെ വസിപ്പിക്ക.

Billetdoux (bil'-a-dö'), *n.* കാമലേഖനം.

Billion, *n.* ലക്ഷംകോടി, ഖർവ്വം, (1,000,000,000,000) (Fr) ആയിരം കോടി.

Billow, *n.* വലിയഅല, ഓളം, മഹോർമ്മി, തരംഗം; *v i.* അലയുന്നു; **-y,** *a.* കല്ലോലമാലാകുലമായ, തരംഗിതം.

Bimetallic, *a.* രണ്ടുലോഹങ്ങൾചേർന്ന, ദ്വിധാതുമയമായ; **-ism,** *n.* ദ്വിധാതുപരിമാണം.

Bin, *n.* പെട്ടകം, പത്തായം.

Binary, *a.* ദ്വിഗുണമായ, ദ്വൈധം.

Bind, *v. t.* കെട്ടുക, ബന്ധിക്കുക; നിയന്ത്രിക്കുക, ബാദ്ധ്യസ്ഥപ്പെടുക; കുത്തിക്കെട്ടുക; ഉറപ്പിക്കുക, സംയോജിപ്പിക്ക; 'to b. over ജാമ്യംവാങ്ങുക'; 'to b. to നിശ്ചയിക്കുക'; 'to b. up വിലയിക്ക'; *v. i.*

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കെട്ടാക്കുക; നിന്നുപോക; ബന്ധമുണ്ടാക; കരാർചെയ്ക; കട്ടിയാക്കുക; **-er**, *n.* ബയൻഡർ, കെട്ടുന്നവൻ; **-ery**, *n.* പുസ്തകം കെട്ടുന്ന സ്ഥലം; **-ing**, *n.* കെട്ട്, ബന്ധം, ബന്ധനം, വേഷ്ടനം, പട്ടം, ആവരണം; **-Bound**, *a.* ബദ്ധമായ, നിബദ്ധം, നിയന്ത്രിതം, കെട്ടിയ.

Binnacle, *n.* (കപ്പലിലെ) കരുവിക്കൂട്, കരുവിപ്പെട്ടി.

Binocular, *a.* ദ്വിനേത്രമായ, രണ്ടുകണ്ണുള്ള.

Biography, *n* ജീവചരിത്രം, ജീവനവൃത്താന്തം; **-er**, *n.* വൃത്താന്തലേഖകൻ, വൃത്താന്താഖ്യാതാവ്, ചരിതനിവേദകൻ.

Biology, *n* പ്രാണിശാസ്ത്രം.

Bioscope, Biograph, *n.* ചലനചിത്രം, ബയസ്കോപ്പ്, ചലച്ചിത്രം.

Bipartition, *n.* രണ്ടാക്കൽ, ദ്വിധാകരണം.

Biped, *n.* ഇരുകാലുള്ളപ്രാണി, ദ്വിപാദ്, ദ്വിപദം.

Biplane, *n.* ഒരുമാതിരിവിമാനം.

Birch (bérch), *n.* ഒരുമാതിരിമരം; ഭൂർജവൃക്ഷം; **-en**, *a.* ഭൂർജമയമായ, ഭൂർജനിർമ്മിതമായ.

Bird (bérd), *n.* പറവ, പക്ഷി.

Birth (bérth) *n.* പിറപ്പ്, ഉല്പത്തി, ജന്മം, വംശം, യോനി, മൂലം; 'after b. മറപിള്ള, മാച്ച്', 'high b. കുലീനത'; 'low b. കുലഹീനത്വം'; 'b. day പിറന്നാൾ, ജന്മദിനം'; 'b. place ജന്മഭൂമി'; 'b. right ജന്മാവകാശം'.

Biscuit (bis'kit), *n.* പലഹാരം, ബിസ്കറ്റ്.

Bisect, *v. t.* രണ്ടായിമുറിക്ക, രണ്ടുസമാംശങ്ങളായിവിഭജിക്ക.

Bishop, *n.* ധർമ്മാദ്ധ്യക്ഷൻ, മെത്രാൻ, മെത്രാപ്പൊലീത്ത (syr): ചതുരംഗത്തിലെ ആന; **-ric**, *n.* ധർമ്മാധികാരം.

Bismuth, *n.* ഒരുവകലോഹം.

Bison, *n.* കാട്ടുപോത്ത്, വനവൃഷഭം.

Bit, *n.* കഷണം, ഖണ്ഡം, അല്പം; കടിഞാണ്; തമര്; തുളക്കാൻപല്ല്; 'b. stock ബൃമ്മ്'; 'a b. അല്പം'; 'b. by b. കുറേശ്ശ'

Bitch (bich), *n.* പെൺനായ്, ശുനി, കുക്കരി, സരമ.

Bite, *v. t.* കടിക്കുക, ദംശിക്ക, ചവണംചെയ്ക, ചവയ്ക്കുക, ക്രൂരതിനാൽ പീഡിപ്പിക്ക; അധിക്ഷേപിക്ക; *n.* കടി, ദംശം; പൽപാട്; **-ing**, *n.* ദംശനം; 'b. of conscience, അനുതാപം; *a.* ദംശകമായ, പീഡാകരമായ, പീഡിപ്പിക്കുന്ന.

Bitter, *a.* കയ്പുള്ള, ദുഃഖമായ, ക്രൂരമായ, തീക്ഷ്ണമായ; **-ly**, *adv.* കയ്പായി, കട്ടമായി, നിഷ്ഠുരമായി, പ്രമുക്തകണ്ഠമായി (weep); **-ness**, *n.* കട്ടുത, തീക്ഷ്ണത; ഉഗ്രശോകം; മാത്സര്യം.

Bitumen, *n.* മണ്ണെണ്ണ, കന്മദം, അശ്മജം.

Bivalve, *n.* ചിപ്പി; *a.* ഇരുമൂടിയുള്ള, ദ്വികോശമായ.

Bivouac (biv'ö-ak), *n.* രാത്രിയിലെ വെളിപ്പാളയം; *v. i.* രാത്രിയിൽ വെളിസ്ഥലത്തു കാവൽകാക്കുക.

Bizarre, *a.* see **Grotesque**.

Blab, *v. i.* and *v. t* വിവേകമില്ലാതെ പറയുക, രഹസ്യംഭേദിക്ക; **-ber**, *n.* രഹസ്യഭേദകൻ, വായാടി.

Black, *a.* കറുത്ത, കൃഷ്ണമായ, കാളമായ, നിഷ്പ്രഭമായ, മങ്ങിയ, അസിതമായ; നിന്ദ്യം, ദാരുണം; *n.* കറുപ്പ്, കൃഷ്ണവർണ്ണം; **-en**, *v. t.* കറുപ്പിക്ക, കൃഷ്ണീകരിക്ക, ദുഷിപ്പിക്ക, കളങ്കപ്പെടുത്തുക; **-ish**, *a.* ആനീലമായ; **-ness**, *n.* കറുപ്പ്, കാളിമാവ്, നീലത, തമസ്, തിമിരം; **-smith**, *n.* അയസ്കാരൻ, കൊല്ലൻ.

Bladder, *n.* മൂത്രാശയം, വസ്തി.

Blade, *n* ഇല; കത്തിയുടെ വായ്; ദളം, അങ്കുരം; സ്കന്ധാസ്ഥി.

Blain, *n.* സ്ഫോടം, വ്രണം, പരു.

Blame, *v. t.* നിന്ദിക്കുക, കുറ്റംപറക, ഗർഹിക്ക, *n.* ദോഷം, അപരാധം; ഗർഹ, ആക്ഷേപം, ഉപാലംഭം; **-able**, *a.* നിന്ദ്യം, നിന്ദനീയം, ഗർഹണീയം; **-er**, *n.* നിന്ദകൻ, പരിവാദകൻ, അധിക്ഷേപകൻ; **-less**, *a.* അനിന്ദ്യം, നിഷ്കളങ്കം, വിശുദ്ധം; **-lessness**, *n.* അനിന്ദ്യത, അനവദ്യത.

Blanch (blahsh), *v. t.* and *v. i.* വെളുപ്പിക്കുക, ധവളീകരിക്ക, വിളറുക.

Bland, *a.* മൃദുവായ, കോമളമായ, മസൃണമായ, സൗമ്യമായ, പ്രിയംവദമായ; **-ish**, *v. t.* ഓമനവാക്കുപറയുക; **-dishment**, *n.* വിലാസം, വിഭ്രമം; പ്രിയവാക്യം, മുഖസ്തുതി, അനുനയം.

Blank, *a.* വെളുത്ത; ഭയവിവശമായ; ശൂന്യമായ, ലേഖരഹിതമായ, എഴുത്തില്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്ത; ഏകാന്തമായ; അസപ്രാസംഗീനമായ; *n.* എഴുമാത്താതാം; ശൂന്യത.

Blanket, *n.* കമ്പിളി, കമ്പളം, കംബളം.

Blare, *v. i.* ഉച്ചത്തിൽനദിക്ക, ഗജ്ജനം ചെയ്ക; *n.* ഉച്ചനാദം, ഉദ്ഘോഷം.

Blarney, *n.* സ്തുതി, നയച്ചൊല്ല്.

Blaspheme, (f m), *v. t. and v. i.* ഈശ്വരനിന്ദ ചെയ്യുക, അവമാനിച്ചുപറയുക, അഭിശപിക്ക; **-ous,** *a.* ഈശ്വരനിന്ദകമായ, പാഷണ്ഡീയം; **-y,** *n.* പാഷണ്ഡത, ഈശ്വരനിന്ദ.

Blast, *n.* കടുങ്കാററ്, കുഴലൂത്ത്, നാദം; വിഷവായു; അശ്മഭേദനം; വിനാശം, ക്ഷയം; *v. t.* വിനശിപ്പിക്ക, വിഹനിക്ക, ഉണക്കുക, മ്ലാനീകരിക്ക, ക്ഷയിപ്പിക്ക; **-er,** *n.* വിനാശകൻ.

Blatant, *see* **Noisy.**

Blaze, *v. i.* ജ്വലിക്ക, എരിയുക, പ്രദീപിക്കുക, പ്രകാശിക്കുക; **-ing,** *a.* ഉജ്ജ്വലമായ, പ്രദീപ്തം, ദേദീപ്യമാനം, ഭാസ്വരം, **Blaze,** *n.* പ്രഭ, അച്ചിസ്, രശ്മി, പ്രകാശം.

Blazon, *v. t.* വണ്ണിക്കുക, അലങ്കരിക്ക, പ്രഖ്യാപനംചെയ്ക, പ്രകാശിപ്പിക്ക, ഉദ്ഘോഷിക്ക.

Bleach, *v. t.* വെളുപ്പിക്കുക, വെള്ളയാക്കുക, നിറംപോക്കുക.

Bleak, *a.* അതിശീതമായ (winter); നിറമില്ലാത്ത; വെളുത്ത, ശൂന്യമായ.

Blear, *v. t.* മങ്ങൽവരുത്തുക; കുരുടാക്കുക; കണ്ണുകെട്ടിക്കളക; **-ed,** *a.* പീളയടിഞ്ഞ, 'b. -eyed, പറഞ്ഞാൽമനസ്സിലാകാത്ത, ക്ലിന്നാക്ഷമായ'.

Bleat, *v. i.* രേഭണംചെയ്ക, മേമേന്നു് കരയുക, ആട്ടുകരയുക; *n.* ആട്ടിന്റെ കരച്ചിൽ, രേഭണം.

Bleed, *v. t.* ചോരയൊലിപ്പിക്ക; *v. i.* ചോരയൊലിക്ക, **-er,** *n.* രക്തസ്രാവകൻ, രക്തമോചകൻ, ചോരചാടിക്കുന്നവൻ; **-ing,** *n.* രക്തസ്രാവം, രക്തമോക്ഷണം, രക്തസ്രുതി.

Blemish, *n.* കറ, കറവ്, കളങ്കം, ഛിദ്രം; *v. t.* വിരൂപമാക്കുക, മലിനമാക്കുക, കളങ്കപ്പെടുത്തുക, അപകീത്തിപ്പെടുത്തുക.

Blench, *v. i and v. t.* പിൻവാങ്ങുക, സങ്കോചിക്ക, ക്രുദ്ധുക, മുഖംവാട്ടുക, വിവണ്ണമാകുക.

Blend, *v. t.* കൂട്ടിക്കലത്തുക, സംയോജിപ്പിക്കുക, ഭ്രമിപ്പിക്ക; *v. i.* സംയോജിക്ക; കലരുക; **-ed,** *a.* സമ്മിശ്രമായ, സങ്കീണ്ണമായ; ഏകരൂപമായ, ഏകീഭൂതമായ,

Bless, *v. t.* ആശീവ്വദിക്കുക, സുഖിയാക്കിത്തീക്ക, ഉത്സാഹപ്പെടുത്തുക, പ്രതിഷ്ഠിക്കുക, സ്തുതിക്കുക; **-ed,** *a.* ധന്യൻ, മഹാഭാഗൻ, സുഖി, സുഖഭാക്, പുണ്യശ്ലോകൻ; **-edness,** *n.* ധന്യത കൃതാത്ഥത; പരമാനന്ദം, പരമസുഖം; അപവഗ്ഗം; **-ing,** *n.* ആശിസ്, ആശീവാദം; വരം; ഹിതം, കുശലം, ധന്യത്വം, ലാഭം, സുഖം.

Blight (bl,t), *n.* വിഷപ്പനി, നാശം, ക്ഷയം; *v. t.* വിഫലീകരിക്ക; നശിപ്പിക്ക.

Blind, *a.* അന്ധമായ, ഹതജ്ഞാനമായ; മറഞ്ഞുകിടക്കുന്ന, മനസ്സിലാകാത്ത, ഫലമാകാത്ത; *v. t* മറച്ചുവയ്ക്കുക, വഞ്ചിക്കുക; *n.* മറ, തിരസ്കരിണി, ഉപായം, വ്യാജം; കുതിരയ്ക്കുവയ്ക്കുന്ന കണ്ണുമൂടി; **-fold,** *v. t.* മുണ്ടു കൊണ്ടു കണ്ണുകെട്ടുക; **-ly,** *adv.* അന്ധവാ, കുരുടനേപ്പോലെ, നോട്ടമില്ലാതെ, സാഹസമായി; **-ness,** *n.* അന്ധത; അജ്ഞാനം, മോഹം.

Blink, *v. t.* കണ്ണിറുക്കിനോക്കുക, കണ്ണുചിമ്മുക; *v. t.* നോക്കാതിരിക്കുക, ഒഴിച്ചുകളക, ഒഴിയുക; *n.* കണ്ണുചിമ്മൽ, നിമീലനം, കടക്കൺനോട്ടം, പൊരി.

Bliss, *n.* പരമസുഖം, സുഖാതിശയം, പ്രഹർഷം, അപവഗ്ഗം; **-full,** *a.* ആനന്ദമയമായ, സാനന്ദം, പരമസുഖഭാക്കായ, സുഖാവഹമായ; **-fully,** *adv.* പരമാനന്ദപൂവ്വകം, സസുഖം; **-less,** *a.* സുഖഹീനമായ, നിരാനന്ദമായ.

Blister, *n.* പൊക്കിളം, പൊള്ളൽ, ത്വക്സ്ഫോടം, ശോഫം, വ്രണം; *v. t.* പൊക്കിളിക്കുക; **-y,** *a.* പൊക്കിളപൊന്തിയ.

Blithe, -ful, -some, *a.* ഹൃഷ്ടമായ, പ്രമുദിതം, സാനന്ദം, പ്രസന്നവദനമായ; **-ly,** *adv.* സഹർഷം, ഹൃഷ്ടമനസ്സോടെ; **-ness,** *n.* പ്രഹർഷം, ആഹ്ലാദം.

Blizzard, *n.* സഹിമവാത്യ, മഞ്ഞോടും വർഷത്തോടുംകൂടിയ കാററ്.

Bloat, *v. t.* വീപ്പിക്കുക പീനീകരിക്ക; *v. i.* വീക്കുക, തടിക്കുക; **-ed,** *a.* വീത്തതായ, തടിച്ച.

Block, *n.* കുററി, കാഷ്ഠം ശില; വന്യശിലാകാഷ്ഠം; ഉപരോധം, പ്രവ്യൂഹം, അന്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രായം; പിണ്ഡം, ഭാരം; **-up,** *v. t.* അവരോധിക്ക, പ്രതിരോധിക്ക, സ്തംഭിപ്പിക്ക, **-ade,** *v. t.* രോധിക്ക; *n.* ഉപരോധം, അവരോധം, പരിവേഷ്ടനം; **-head,** *n.* മൂൽപിണ്ഡബുദ്ധി, സ്ഥൂലധീ; മൂഢൻ; ദുർബ്ബുദ്ധി, മൂർഖൻ.

Blonde (blond), *a.* അഴകുള്ള; *n.* സുന്ദരൻ.

Blood, *n.* രക്തം, ശോണിതം, ചോര; ഗോത്രം, കുലം; 'of whole b. സോദരമായ, സോദര്യമായ, സഗർഭമായ'; 'of noble b. കുലീനം, അഭിജാതം'; 'of royal b. രാജകുലപ്രസൂതം'; (Temper) ശീലം; 'hot b. ed തീവ്രകോപമുള്ള, സുലഭകോപമുള്ള'; *v. t.* ചോരപ്പുരട്ടുക; **-less,** *a.* രക്തഹീനം; രക്തസ്രവമില്ലാത്ത; **-letter,** *n.* രക്തസ്രാവകൻ; രുധിരമോക്ഷകൻ, ചോരചാടിക്കുന്നവൻ; **-red,** *a.* രക്തവർണ്ണമായ, ലോഹിതവർണ്ണമായ; **-shed,** *n.* രക്തസ്രാവം, രക്തപാതം, നരഹത്യാ, ചോരചിന്തിക്കൽ; **-shot,** *a.* രക്തപൂർണ്ണമായ, ശോണിതാപ്ലുതമായ; **-thirsty,** *a.* രുധിരപ്രിയമായ, ജിഘാംസുവായ, കൊലപാതകിയായ, വധോദ്യതമായ; **-vessal,** *n.* രക്തവാഹിനി, ധമനി, നാഡി; **-y,** *a.* രക്തമയമായ, രക്താക്തമായ; ക്രൂരം, മാരാത്മകം, നൃശംസം.

Bloom, *n. see* **Blossom,** below; 'b. of youth യൌവ്വനഭരം, നവയൗവ്വനം'; 'in the b. ing of youth ആദ്യത്തെ വയസ്സിൽ, നവയൗവ്വനത്തിൽ'; *v. i.* വിരിയുക, ഫുല്ലമാകുക, വികസിക്കുക, സ്ഫുടമാകുക, വിടരുക; വർദ്ധിക്കുക.

Blossom, *n.* പുഷ്പം പൂവ്, കുസുമം; *v. i.* വിടരുക, വികസിക്കുക, പ്രഫുല്ലമാകുക; **-ed, -ing,** *a.* സ്ഫുടിതമായ, വിടന്ന, വികസിതമായ, വികചമായ, ഭിന്നമായ; സ്ഫുടിതകുസുമമായ; സ്ഫീതം.

Blot, *n.* മറു, തുടപ്പ്; അവമാനം, കളങ്കം; *v. t.* മലിനപ്പെടുത്തുക, ദൂഷിപ്പിക്ക, കറപ്പിക്ക; അസ്പഷ്ടമാക്കുക; 'b. out വിനാശംചെയ്ക, ഉച്ഛേദിക്ക; 'b. ing paper മഷിശോഷകപത്രം, ഒപ്പുതാൾ'.

Blotch (bloch), *n.* കറ; അപച്ഛൃതി; ചൊറി, കുരു, വ്രണം; *v. t.* മലിനമാക്കുക.

Blouse (blowz), *n.* മേലങ്കി, ഒരുമാതിരി ജായ്ക്കററ്, ബ്ളൗസ്.

Blow (blō), *n.* അടി, പ്രഹാരം, വെട്ട്, കുത്ത്; ആക്രമം, അപകടം; കൊട്ടുകാററ്; ഊത്ത്; സ്ഫുടനം, വികാസം; 'to come to b. അടികൂട്ടുക, പടയേല്ക്കുക'; *v. i.* കാററൂതുക, കാററടിക്കുക; കാഹളമൂതുക; വമ്പുപറക, പുഷ്പിക്കുക; ഉച്ഛ്വസിക്ക, *v. t.* ഊതുക; (കാററ്) അടിച്ചോടിക്കുക; ധ്വനിപ്പിക്കുക; മൂക്കുചീററുക; (up, down) വെടിവച്ചുപറത്തുക; പ്രസിദ്ധമാക്കുക; ഊതിപ്പറപ്പിക്കുക; കണ്ണാടിപ്പാത്രം ഊതിയുണ്ടാക്കുക; വീപ്പിക്ക; ഗർവ്വുനടിക്ക; കിതപ്പിക്കുക; വികസിപ്പിക്ക; 'to b. great guns ഓളം ഭയങ്കരമായി അലയ്ക്കുക'; 'to b. hot and cold ഒരിക്കൽ ഒരുവിധംപറക പിന്നൊരിക്കൽ മറെറാരുവിധം പറക'; 'to b. away ഉദ്ധൂതമാക്കുക, ഉൽക്ഷേപിക്ക, പറത്തുക'; 'to b. out ഊതിക്കെടുത്തുക'; 'to b. over കാററുതളരുക, ശമിക്കുക'; 'to b. up ഊതിവീപ്പിക്കുക, ഗർവ്വത്താൽവീക്കുക; പൊട്ടിക്കുക; വെടിവച്ചുപറത്തിക്കളക; ഉറക്കെ ശകാരിക്ക'; 'to b. upon അപവാദംപറക'; 'to b. one's own trumpet ആത്മപ്രശംസ ചെയ്യുക'; **-ing,** *n.* വിരിവ്, വികാസം, പ്രോത്ഫുല്ലത; നാദം; **pipe,** *n.* ധമനീ; വേണുധമനി.

Blubber, *n.* തിമിമേദസ്; *v. i.* അതിരോദനംകൊണ്ടു മുഖവീക്കംവരിക; **-ed,** *a.* ഉച്ഛൂനമായ, സ്ഫീതം, വീത്ത.

Bludgeon (bluj'un), *n.* ഗദ, കുറുന്തടി.

Blue, *a.* നീലമായ, ശ്യാമം; *n.* നീലം, നീലിമാവ്, നീലവർണ്ണം; **-ish,** *a.* ഇളംനീലമായ, ആനീലമായ; 'b. devils വിഷാദം'; 'b. jacket കപ്പൽപടയാളി'; 'b. light മത്താപ്പ്'; 'b. ribbon പദവിചിഹ്നം'; 'b. ruin മഹാനാശം, 'ജിൻ' എന്ന മദ്യം'.

Bluff, *n.* കീഴ്ക്കാംകുത്തായുള്ള കര; വൻപ്പ്; *a.* പരന്ന മുഖമുള്ള, കട്ടംതുക്കായ; സ്ഥൂലമായ; പരുഷമായ; *v. t.* ജാഡപറഞ്ഞ് ചതിക്കുക.

Blunder, *n.* തെററ്, പിഴ, പ്രമാദം, ദോഷം; *v. i.* തെററുക, പ്രമാദംപററുക; **-er,** *n.* തെററുകാരൻ, സ്ഖലനശീലൻ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-ing, *a.* പ്രമാദിയായ, പ്രമത്തമായ, അദക്ഷമായ; **-ingly,** *adv.* സ്ഖലനപൂർവം.

Blunt, *a.* മൂർച്ചയില്ലാത്ത, കുണ്ഠിതം, നിസ്തേജസ്സായ; സ്ഥൂലമായ, മന്ദമായ, അവിദഗ്ദ്ധമായ; സരളമായ, ഋജുപ്രകൃതിയായ; രൂക്ഷമായ, അസഭ്യമായ; *v. t.* മൂർച്ചകളയുക, കുണ്ഠീകരിക്ക; മന്ദിപ്പിക്ക; കുറച്ചുകളക; ശമിപ്പിക്ക; **-ly,** *adv* സരളതയോടെ, സപാരുഷ്യം, ആചാരമില്ലാതെ, അവിദഗ്ദ്ധമായി; **-ness,** *n.* അതീക്ഷ്ണത, സ്ഥൂലത, ബുദ്ധിമാന്ദ്യം, പാരുഷ്യം etc.

Blur, *n.* മങ്ങൽ, കളങ്കം, മലം, ദൂഷണം; *v. t.* മങ്ങിക്ക, മറയ്ക്കുക, മലിനമാക്കുക, അഴുക്കുപുരട്ടുക.

Blurt, *v. t.* (with, out) നോക്കിക്കാണാതെ പറയുക, വിചാരിക്കാതെ പറയുക; (at) തുച്ഛമാക്കിപ്പറയുക.

Blush, *v. i.* ലജ്ജിക്കുക, മുഖം ചുവക്കുക; ശോഭിക്കുക; *v. t.* അരുണീകരിക്ക, ചുവപ്പിക്ക; *n.* അരുണിമ, രക്തിമ, കപോലരാഗം, നാണത്താലുള്ള മുഖച്ചുവപ്പ്; രാഗഛായ, ലജ്ജാവികാരം; 'at b', at the first b. ആദ്യത്തെ നോട്ടത്തിൽ'; **-ful,** *a.* ലജ്ജയുള്ള; **-ing,** *a.* ചുവപ്പുള്ള; **-less,** *a.* നാണംകെട്ട.

Bluster, *v. i.* വീമ്പുപറയുക, ഗർജ്ജിക്ക; ഉച്ചത്തിൽശബ്ദിക്ക, വികത്ഥനംചെയ്ക, ശ്ലാഘിക്ക; തർജ്ജിക്ക; ഊറ്റമായി കാറ്റടിക്കുക; *n.* ഗർജ്ജനം, തുമുലം, കോലാഹലം, ഉൽക്രോശം; മുഴക്കം; കോളു്.

Boa (b. constrictor), *n.* മലമ്പാമ്പു്, അജഗരം, വാഹസം.

Boar, *n.* ആൺപന്നി, വരാഹം, കിരി, കോലം; **-ish,** *a.* പന്നിക്കൊത്ത, വരാഹമായ; അസഭ്യമായ, ഗ്രാമ്യമായ.

Board, *n.* ഫലകം, പലക, ഭോജനാസനം, ഗ്രാസം, ആഹാരം; സഭ, പരിഷത്തു്, ഗണം, കപ്പലിന്റെ മേൽത്തട്ടു്, നൗകാതലം, നൗകാപൃഷ്ഠം; (pl.) രംഗം; കട്ടിയുള്ള ഒരുമാതിരി കടലാസു്; *v. t.* മച്ചിടുക, പലകയടിക്കുക; കപ്പലിൽ കയറുക, തീവണ്ടിയിൽ കയറുക; ഊണു കൊടുക്ക, വിടുതികൊടുക്ക; *v. i.* ഉണ്ടുതാമസിക്കുക; **-er,** *n.* ചക്രം കൊടുത്തു ഉണ്ടുതാമസിക്കുന്നവൻ; കപ്പലിൽ കയറുന്നവൻ; **-ing,** *n.* നൗകാരോഹണം, മച്ചു്, വിടുതി; 'b. ing house വിടുതിവീടു്'; 'b. ing school അന്നപാഠശാല'.

Boast, *v. i.* വികത്ഥനംചെയ്ക, വമ്പുപറയുക, ഗർവംനടിക്ക; **-er,** *n.* ആത്മശ്ലാഘി, വികത്ഥനശീലൻ, ശൂരംമന്യൻ; **-ful,** *a.* ആത്മശ്ലാഘാപരം, വികത്ഥനമായ, ഗർവിതം, അവലിപ്തം; **-fully,** *adv.* ഗർവത്തോടെ, വികത്ഥനപൂർവം; **-ing,** *n.* അഹങ്കാരോക്തി, ദർപ്പം, വികത്ഥനം, ഗർവം; **-ingly,** *adv.* സഗർവം, സദർപ്പം.

Boat, *n.* പടവു്, വള്ളം, നൌ, തരണി; 'a small b. ഉഡുപം, നൗകപ്ലവം, കോലം'; 'b man വള്ളക്കാരൻ, നാവികൻ, ഓടുപിക്കൻ'; 'b. swain മുഖ്യനാവികൻ, കണ്ണയാരൻ'; **-ing,** *n.* വള്ളംകളി; 'ferry b. കടത്തുവള്ളം'.

Bob, *v. t.* താഡിക്കുക, അടിക്കുക; *v. i.* ഉന്തുക, ഉരുട്ടുക; *n.* ചെണ്ടു്; തൂണ്ടലിര; അടി; നറുക്കിയമുറി; ഉലയാട്ടം; കൊള്ളിവാക്കു്; പല്ലവി.

Bobbin, *n.* തന്തുകീലം, കറാലനാഡിക.

Bobtail, *n.* ചെറുവാൽ, ഛിന്നപുച്ഛം, ഛിന്നപുച്ഛധാരി.

Bode, *v. t.* ശുഭാശുഭംസൂചിപ്പിക്ക, അറിവിക്ക, മുൻകൂട്ടിപ്പറക; **-ment,** *n.* ശുഭാശുഭലക്ഷണം, പൂർവചിഹ്നം, നിമിത്തം.

Bodice (-is), *n.* മാർച്ചട്ട, കഞ്ചുകം, ചോളം, കൂർപ്പാസകം.

Bodkin, *n.* സൂചി, ഛുരിക, നാരാചം, വേധനിക, കൃപാണിക.

Body, *n.* ഉടൽ, തണ്ടു്, തടി, ആൾ; കൂട്ടം; സേന, സൈന്യദളം; പദാർത്ഥം; 'in a b. സമേതമായി, സംഘമായി'; 'b. of the house ഗർഭം, ഉദരം'; 'b. guard ആസന്നപരിചാരകൻ'; **Bodiless,** *a.* അനംഗമായ; etc; **-ily,** *a.* ശാരീരികം, കായികം; *adv.* സശരീരം, സാകല്യേന; 'b. pain ശരീരവേദന, ദേഹക്ലേശം'.

Bog, *n.* ചതുപ്പുനിലം, കായൽപ്പാടം, അനൂപം, പങ്കം; **-gy,** *a.* പങ്കിലം, ആനൂപം.

Boggle, *v. i.* സങ്കോചിക്കുക, സംശയിക്കുക, അലങ്കോലമായിച്ചെയ്യുക; വാക്കുമാറുക.

Bogle, Bogy, *n.* പിശാചു്, ഭൂതം, പ്രേതം.

Bogus, *a.* കള്ളമായ, ഛദ്മികം.

Boil, *v. t.* പുഴുങ്ങുക; തിളപ്പിക്ക; കാച്ചുക; പചിക്കുക; 'to b. down കുറുക്കുക';

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

v. i. തിളയ്ക്കുക; പതച്ചുവരുക; ക്രോധം കലമ്പുക; *n.* കുരു, പരു, വ്രണം, സ്ഫോടം, പിടകം; **-ed,** *a.* പക്വം, വെന്തു്; **-er,** *n.* കെടാരം, സ്ഥാലി, പിരാം, ഉരു, തിളപ്പിക്കുന്ന പാത്രം; 'to be at the b. ing point അതികോപമായിരിക്കുക'; 'to keep the pot b. ing ജാഗ്രതയായി വർത്തിക്കുക'.

Boisterous, *a.* ഗർജ്ജനകാരിയായ, പ്രചണ്ഡമായ, ഉല്ക്കടമായ; 'b. noise കോലാഹലം, തുമുലാരവം; കലഹകാരിയായ'; 'b. laughter അട്ടഹാസം'; **-ly,** *adv.* പ്രചണ്ഡമായി, ഉല്ക്കടമായി, കോലാഹലത്തോടെ; **-ness,** *n.* പ്രചണ്ഡത, ഒച്ച, കോളു്, കോപം, നിലവിളി.

Bold, *a.* ധൈര്യമുള്ള, അഞ്ചാത്ത; ശൂരമായ; നിർലജ്ജമായ, അവിനീതമായ; പ്രഗത്ഭമായ; നിർവിശങ്കമായ, സുപ്രകാശമായ; സ്പഷ്ടമായ, **-ly,** *adv.* സാഹസത്തോടെ, നിർഭയം, പ്രഗത്ഭമായി; **-ness,** *n.* സാഹസം, ശൌര്യം, ധൃഷ്ടത, അവിനയം; നിർഭയത.

Bole, *n.* തടി, സ്കന്ധം, പ്രകാണ്ഡം; പുറവു്.

Bolis, *n.* കൊള്ളിമീൻ.

Boll, *n.* നാഡി; കാണ്ഡം.

Bolster, *n.* തലയണ, ഉപധാനം, *v. t.* താങ്ങുക, സമാലംബിക്ക; *v. i.* ഒന്നിച്ചു കിടക്കുക.

Bolt, *n.* അമ്പു്; ഇടിത്തീ; മിന്നൽ; വലിയ ആണി; ഓടാമ്പൽ; വിലങ്ങു്; ഓട്ടം, ഒളിച്ചോട്ടം; മുറം, അരിപ്പ; *v. t.* എയ്യുക; ധൃരയായിപറക; വിഴുങ്ങുക; കാടിളക്കുക; പൂട്ടുക; തഴുതിടുക; ബന്ധനത്തിലിടുക, തള്ളുക; 'to b. to the bran സൂക്ഷ്മമായി പരിശോധിക്ക'; *v. i.* അമ്പുപോലെ പായുക, ചാടിപ്പോക; തള്ളിക്കളക; വഴിവിട്ടുപോക.

Bolus, *n.* ഗുളിക, ഗുളി.

Bomb (bom), *n.* ആഗ്നേയാസ്ത്രം, തീക്കട്ടക്ക; മുഴക്കം; **-bard,** *n.* ചക്കതോക്കു്, ചട്ടിപ്പീരങ്കി; *v. t.* വെടിവെയ്ക്കുക, ചട്ടിപ്പീരങ്കി വെടിയാൽ ചുട്ടുതകർക്കുക; **-bardier,** *n.* പീരങ്കിപ്പടയാളി; **-bardment,** *n.* പീരങ്കിവെടി.

Bombast, *n.* പഞ്ഞി; നിരർത്ഥകമായ ശബ്ദപുഷ്ടി, അസാരവാക്യം; **-tic, -tical,** *a.* അസാരമായ, ആവശ്യമില്ലാത്തവിധം ശബ്ദഘോഷമുള്ള; **-ry,** *n.* അതിശയോക്തിവാദം. अतिशयोक्तिवाद

Bon, *a.* നല്ല, ഉറപ്പുള്ള.

Bonafide (fīd'a), *adv.* and *a.* ഉത്തമവിശ്വാസത്തോടെ; പരമാർത്ഥമായ; **-s,** *n.*, നിർവ്യാജത.

Bonbon (bongbong), *n.* മിഠായി.

Bond, *n.* കെട്ടു്, ബന്ധം, പാശം; (pl.) ബന്ധനം, സ്നേഹബന്ധം; ബാദ്ധ്യത; ഇടപാടാധാരം, പ്രതിജ്ഞാപത്രം; നിയമം; *a.* അടിമപ്പെട്ട, സ്വാതന്ത്ര്യമില്ലാത്ത; *v. t.* ചുങ്കംകൊടുക്കുന്നതുവരെ സാമാനം കിടങ്ങിലടയ്ക്കുക; **-age,** *n.* ബന്ധനം, ദാസ്യം, തടവു്; 'b. man ദാസൻ അടിമ, കിങ്കരൻ'; 'b. maid ദാസി, ചേടി.

Bone, *n.* എല്ലു്, അസ്ഥി, മുള്ളു്; 'a b. of contention വാദവിഷയം'; 'a b. to pick വാദം'; to pick a b. with കലഹിക്കുക, കാര്യംനീക്കുക'; *v. t.* എല്ലുനീക്കുക; എല്ലുവയ്ക്കുക; വളമിടുക; കക്കുക; വളവുനോക്കുക; **-less,** *a.* അസ്ഥിഹീനം, നിരസ്ഥി; **-y,** *a.* അസ്ഥിമയമായ, അസ്ഥിപൂർണ്ണമായ.

Bonfire, *n.* ജയസൂചകാഗ്നി, ദീപോത്സവം.

Bonhomie, *n.* സൗജന്യം, സുജനത.

Bonmot (bongmō), *n.* കളിച്ചൊല്ലു്; നർമ്മവചനം; രസികോക്തി.

Bonnet, *n.* തൊപ്പി, സ്ത്രീകളുടെ ശിരോവേഷ്ടനം.

Bonny, *a.* അഴകുള്ള, സുന്ദരമായ; ഹൃഷ്ടം, സുപ്രീതം; സുലളിതം.

Bonton, *n.* വിനീതാചാരം, സുജനത.

Bonus, *n.* വേതനാധികദാനം; പ്രതിഫലം; ലാഭം.

Bonvivant, *n.* സുഖൈകവൃത്തി.

Booby (bōō'by), *n.* മന്ദൻ, മന്ദൻ, മൂഢൻ; ഒരുവക നീർപറവ.

Book, *n.* പുസ്തകം. ഗ്രന്ഥം; 'in one's b. s കടപ്പെട്ടിരിക്കുക'; 'b. of b. s വേദപുസ്തകം'; 'b. keeping കണക്കെഴുത്തു്'; 'b. oath വേദഗ്രന്ഥംതൊട്ടുചെയ്യുന്നസത്യം'; 'without b. ഓർമ്മയിൽനിന്നു്'; 'to speak by the b. ശരിയായിപ്പറക'; *v. t.* പുസ്തകത്തിൽ എഴുതുക; കുറിക്കുക; നിശ്ചയിക്കുക; **-ish,** *a.* പുസ്തകപഠനത്തിൽനിന്നുലഭിച്ച, വ്യവഹാരവിസംവാദിയായ, അവ്യവഹാര്യമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Boom, *n.* പായ്മരത്തണ്ട്; മുഴക്കം, ഒച്ച; വിലപ്പെരുക്കം, *v. t.* മുളങ്ങുക, മുഴങ്ങുക; തിരമറിച്ചോടുക; വിലകയറുക.

Boon, *n.* പ്രസാദം; വരം, ദാനം; *a.* നല്ല, വിലാസിയായ, ഉദാരം, പ്രമുദിതം, 'b. companion സഹപാഠി, സഹഭോജൻ'.

Boor, *n.* ഉഴവൻ, നാടൻ, ഗ്രാമികൻ, വൃഷലൻ; **-ish,** *a.* ഗ്രാമ്യം, അശിഷ്ടം, അസഭ്യം.

Boot, *v. t.* ഉതകുക, ലാഭംവരുത്തുക; ചെരിപ്പിടുക, *n.* ഉപശമനം; നിവാരണംവരുത്തുന്നവൻ; പാദുക, പാദത്രം; **-less,** *a.* നിഷ്ഫലമായ, വ്യർഥം, ചെരിപ്പില്ലാത്ത.

Booth, *n.* പന്തൽ, ചെററപ്പുര, പടമണ്ഡപം, പടഭവനം.

Booty, *n.* കവച്ച, കൊള്ള, അപഹൃതം, ലുണ്ഠിതം.

Borax, *n.* വെൺകാരം. പൊൻകാരം.

Border, *n.* വക്ക്, അരിക്, അതൃത്തി, പര്യന്തം, പ്രാന്തം, പരിസരഭൂമി, ഉത്സംഗം, ഉപാന്തം; അഞ്ചലം, ദശ; തീരം; തടം; 'b. land രണ്ടുരാജ്യങ്ങളുടെ അതൃത്തിദേശം; തക്കറിഷയം'; *v. i.* (on, upon) തൊട്ടിരിക്കുക, അടുത്തിരിക്കുക, എത്തുക; *v. t.* അരികുവയ്ക്കുക, തൊട്ടുകിടക്കുക; **-er,** *n.* പ്രാന്തവാസി, സമീപസ്ഥൻ; **-ing,** *a.* പ്രാന്തമായ, പര്യന്തസ്ഥമായ, നികടസ്ഥമായ.

Bore, *v. t.* തുളയിടുക, തുളയ്ക്കുക, വ്യഥയുണ്ടാക്കുക; *n.* തുള, ഛിദ്രം, രന്ധ്രം; തുളപ്പൻ. വേധനി; സുഷിരം, ഛിദ്രവ്യാസം; വേലാതരംഗം; **-rer,** *n.* ബുഭ്മ; തുരപ്പൻ.

Boreal, *a.* വടക്കുള്ള, ഉദീചീനം.

Boreas, *n.* വടക്കൻകാററ്.

Born, p. p. of Bear ജനിച്ച; ധരിക്കപ്പെട്ട; b. again പുനർജാതനായ'; 'b. days ആയുഷ്കാലം.

Borough (bur'ō), *n.* നഗരം, സ്വപരിപാലനാധികാരമുള്ള പട്ടണം.

Borrow (bor'ō), *v. t.* കടംവാങ്ങുക, വായ്പവാങ്ങുക. മററൊരിടത്തുനിന്നുംസ്വീകരിക്ക; അനുകരിക്ക; **-er,** *n.* കടംവാങ്ങുന്നവൻ, വായ്പക്കാരൻ. ഋണയാചകൻ.

Bosh, *n.* and *intj.* പാഴ്‌വാക്ക, അബദ്ധം, മൃഷാഭാഷണം.

Bosom (boo'zum), *n.* മാറ്, മാറിടം, വക്ഷസ്സ്, ഉരസ്സ്, നെഞ്ച്; ഗർഭം, അഭ്യന്തരം; ഹൃദയം, മനസ്സ്; 'b. friend പ്രിയസുഹൃത്ത്'; സ്തനം, കൊങ്ക, വക്ഷോജം, കുചം.

Boss, *n.* മുഴ, നിയാമകൻ, മാസ്റ്റർ; ജലാശയം; *v. t.* മൊട്ടുവയ്ക്കുക, അലങ്കരിക്കുക; മേൽനോട്ടംവഹിക്ക.

Botany, *n.* ഉദ്ഭിദവിദ്യ, ഔഷധിശാസ്ത്രം, വനസ്പതിശാസ്ത്രം; സസ്യശാസ്ത്രം, **-ist,** *n.* ഔഷധശാസ്ത്രജ്ഞൻ.

Botch, *n.* പരു, വ്രണം, സ്ഫോടം ഛിദ്രം, ദോഷം; *v.t.* വ്രണമുണ്ടാക്ക, തുന്നിപ്പിടിക്ക.

Both, *a.* and *pron.* രണ്ട്, രണ്ടും; 'in b. ways ഉഭയഥാ'; 'in b. places ഉഭയത്ര'; *conj.* ഉം, ഉം; മാത്രമല്ല, ഉം, കൂടെ.

Bother, *v. t.* അലട്ടുക, ഉഴററുക, ക്ലേശിപ്പിക്ക, പീഡിപ്പിക്ക, ബാധിക്ക; *n.* സങ്കടം, അലട്ടൽ, സൊല്ല, ക്ലേശം.

Botree, *n.* അരശുമരം, ബോധിവൃക്ഷം.

Bottle, *n.* കാചകുപ്പി, കാചഭാജനം, കുപ്പി; *v. t.* കാചകുപ്പിയിലാക്കുക, കുപ്പിയിലടയ്ക്ക.

Bottom, *n.* അസ്ഥിവാരം, അടി, കീഴ്ഭാഗം, അടിത്തട്ട്, തലം, അധോഭാഗം; മലം, ശേഷം, അവശേഷം; *v. i.* അടിയിടുക, അസ്ഥിവാരമിടുക; **-less,** *a.* അഗാധമായ, അതലസ്പർശം, അടിയററ; 'to be at the b. കാരണമായിരിക്ക'.

Boudoir (-bōōd'war'), *n.* അന്തഃപുരം, നേപഥ്യഗൃഹം.

Bough (-bow), *n.* കൊമ്പ്, ശാഖ, വിടപം.

Boulder, *n.* വലിയ ഉരുളൻകല്ല്, കല്ല്.

Bounce, *v. i.* തട്ടുക, കുതിക്കുക, പായുക, പ്രപതിക്ക, പലായനംചെയ്ക; ധ്വനിക്കുക; ആത്മപ്രശംസചെയ്യുക; *n.* തട്ട്, ചാട്ടം, കുതി, പലായനം; വ്രണം; ധ്വനി.

Bound, *n.* പ്ലുതി, പ്ലവം, വല്ഗനം; മര്യാദ, സീമ, അതിർ, പര്യന്തം, അന്തം; പ്രതിഘാതം, ഉത്പതനം, ചാട്ടം; *v. t.* സീമയിടുക, അതിരിടുവയ്ക്കുക; *v. i.* കുതിക്കുക, ചാടുക; തെറിക്കുക; 'b. up in ഒന്നായിച്ചേർന്ന'; **-less,** *a.* അനന്തമായ, അമിതം, നിസ്സീമം, നിരവധി; **-dary,** *n.* അതിര്, അതിത്തി, സീമ, മര്യാദ, പര്യന്തം, അവധി.

Bounty, *n.* ദയ, ഔദാര്യം, ദാനം, ധർമ്മം;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

—**-teous, -tiful,** *a.* വദാന്യമായ, ഉദാരം, മുക്തഹസ്തം, ദാനശീലമായ; **-ly,** *adv.* അതിത്യാഗത്തോടെ, മുക്തഹസ്തം; **-ness,** *n.* ഔദാര്യം, വദാന്യത; ത്യാഗിത; പ്രദാനം; പാരിതോഷികം; കൃപ, അനുഗ്രഹം, പ്രസാദം.

Bouquet (-bōk'ā), *n.* പൂച്ചെണ്ട്, മംഗലവാക്കപതിച്ച പൂപ്പന്ത്, കുസുമസ്തബകം, പുഷ്പഗുച്ഛം.

Bourn, Bourne (-bōrn), *n.* *see* **Boundary.**

Bout, *n.* മുറ, പോരാട്ടം, ശോധന, പ്രയത്നം.

Bovine, *a.* ഗവ്യം, ഗോവിനെസംബന്ധിച്ച.

Bow, *v. i.* തലകുനിക്ക, കുമ്പിടുക, വണങ്ങുക, നമിക്ക, പ്രണമിക്ക, അഭിവാദനം ചെയ്ക, അഭിവന്ദിക്ക, പ്രഹ്വീഭവിക്ക, പാദങ്ങളിൽപതിക്ക; അംഗീകരിക്ക, അഭ്യുപഗമിക്ക; *v. t.* വളയ്ക്കുക, ആനമിപ്പിക്ക, പ്രഹ്വീഭവിപ്പിക്ക, നമ്രീകരിക്ക; *n.* വണങ്ങൽ, പ്രണാമം, പ്രണതി, നമസ്കാരം; ധനുസ്സ്, വില്ല്, കാർമ്മുകം, കോദണ്ഡം; 'b. man ധന്വി, ധനുർധരൻ, ധാനുഷ്കൻ'; 'b. string, *n.* മൗർവി, ഗുണം, ശിഞ്ജിനി, ഞാണ്'; 'b. shot ബാണഗോചരം, ശരപാതം; മഴവില്ല്; വീണവില്ല്; നാകക്കയർ; കപ്പലിൽ മുന്നണിയം'.

Bowels, *n.* (pl.) കുടൽ, ഉദരകോശങ്ങൾ, ആന്ത്രങ്ങൾ; (fig) അഭ്യന്തരം, ഗർഭം.

Bower, *n.* നികുഞ്ജം, കുഞ്ജം, ലതാമണ്ഡപം, വള്ളിക്കുടിൽ; കുടീരം, പർണ്ണശാല; *v. t.* പരിവേഷ്ടിക്ക, ചുററുക, പരിവരണംചെയ്ക; **-y,** *a.* കുഞ്ജവത്തായ, ലതാപരിച്ഛന്നമായ, വള്ളിക്കുടിലുള്ള.

Bowl (-bōl), *n.* കിണ്ണം, കപ്പ്, പാത്രം, ഭാജനം, ശരാവം; പന്ത്; വിഷം; *v. i.* പന്തുരുട്ടുക; ഉരുണ്ടുപോകുക.

Box, *n.* പെട്ടി ചിമിഴ്, പേടിക, മഞ്ജൂഷ; മുഷ്ടിപ്രഹാരം, കൈക്കുത്ത്, ഇടി, പാണിഘാതം; *v. i.* കൈചുരുട്ടി ഇടിക്കുക, മല്ലയുദ്ധംചെയ്യുക; *v. t* മുഷ്ടികൊണ്ടു പ്രഹരിക്ക; **-er,** *n.* മല്ലയോധൻ, ബാഹുയോധി, തല്ലുകാരൻ; **-ing,** *n.* മല്ലയുദ്ധം, ബാഹുയുദ്ധം, ബാഹുബാഹവി, തല്ല്.

Boy, *n.* ആൺകുട്ടി, ബാലൻ, ബാലകൻ, കുമാരൻ, ദാരകൻ; വാല്യക്കാരൻ; **-hood,** *n.* ബാല്യം, ശൈശവം, ബാലഭാവം; **-ish,** *a.* ബാലിശമായ, ബാലേയമായ; ശിശുയോഗ്യമായ, ബാലസദൃശമായ, കുട്ടിയേപ്പോലത്ത, ബാലഭാവസുലഭമായ.

Boycott, *v. t.* പുറത്താക്കുക, ഇടപെടാതെ ബഹിഷ്കരിക്ക; *n.* ബഹിഷ്കാരം, ബഹിഷ്കരണം.

Brabble, *n.* കലഹം, വഴക്ക്, ശണ്ഠ.

Brace, *n.* യുഗ്മം, യുഗളം, ദ്വയം, ഇണ, ഇരട്ട; ബന്ധം, ബന്ധനം, ചർമ്മബന്ധം; *v. i.* ഇറുക്കി കെട്ടുക, ബന്ധിക്കുക, ദൃഢീകരിക്ക; സംസ്തംഭിപ്പിക്ക, ശക്തിയേ വർദ്ധിപ്പിക്ക; **-ing,** *a.* ശക്തിവർദ്ധകമായ, ബലവർദ്ധകമായ.

Bracelet, *n.* കങ്കണം, കടകം, വള, ഹസ്തസൂത്രം, കരഭൂഷണം; 'marriage b. വിവാഹകൗതുകം.

Bracket, *n.* തട്ടുപടി; താങ്ങുപലക; ആവരണചിഹ്നം.

Brackish, *a.* ക്ഷാരമായ, ക്ഷാരരസയുക്തമായ.

Brag, *v. i.* വിരട്ടുക, പൊങ്ങച്ചംപറയുക, വികത്ഥനംചെയ്ക, ആത്മപ്രശംസചെയ്ക; *n.* ആത്മശ്ലാഘ, വികത്ഥനം, വ്യർത്ഥസ്തുതി; **-ingly,** *adv.* അഹങ്കാരത്തോടേ, ആത്മശ്ലാഘയോടേ; **-Braggart,** *n.* വികത്ഥനശീലൻ, ആത്മശ്ലാഘി, പിണ്ഡീശൂരൻ; *a.* വികത്ഥനശീലമായ, etc.

Brahma, *n.* സൃഷ്ടികർത്താവ്, പരമാത്മാവ്, പരമേശ്വരൻ.

Brahman, *n.* ബ്രാഹ്മണൻ, വിപ്രൻ. ദ്വിജൻ, ദ്വിജന്മാവ്, അഗ്രജന്മാവ്; അഭ്യസ്തവിദ്യൻ; **-ical,** *a.* ബ്രാഹ്മമായ, ബ്രാഹ്മണജാതീയമായ.

Braid, *n.* കബരി, വേണി, തലമുടി, ധമ്മില്ലം, കേശപാശം, കേശബന്ധം; കയറ്; നാട; പിന്നൽവേല; *v. i. and v. t.* വേണീകരിക്ക, മുടിപിന്നുക, പിന്നുക, മിടയുക; ആക്ഷേപിക്കുക.

Braille, *n.* അന്ധലിപി.

Brain, *n.* തലച്ചോറ്, മസ്തിഷ്കം; ബുദ്ധി. മതി; **-less,** *a.* ബുദ്ധിഹീനമായ, നിർബുദ്ധിയായ; **-pan,** *n.* കപാലം, ശിരോസ്ഥി; **-sick,** *a.* മൂഢമതിയായ, ഭ്രാന്തചിത്തമായ, സംഭ്രാന്തിയായ.

Brake, *n.* ചെറുകാട്, ഗുല്മഗഹനം, കണ്ടകാനനം; കൈപ്പിടി, മാവുകുഴയ്ക്കുന്ന തൊട്ടി; കടിഞ്ഞാൺ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Bramble, *n.* മുള്ള്, കണ്ടകം; മുൾച്ചെടി.

Bran, *n.* ഉമി, തവിട്, തുഷം, ധാന്യത്വക്ക്, ബുസം.

Branch, *n.* ശാഖ, വിടപം, അംശം; ഉപനദി, അല്പസരിത്ത്; അപത്യം, കുലസന്താനം, വംശം; *v. t. or v. i.* പടർത്തുക, പിരിക്കുക, വിഭജിക്കുക; 'to b. off ശാഖയായിപ്പിരിക്കുക'; 'to b. out സവിസ്തരം സംസാരിക്കുക'; **-y, -ing,** *a.* ശാഖിയായ, ശാഖാമയമായ, വിസ്തീർണ്ണമായ, വിസ്താരയുക്തമായ; **-less,** *a.* കൊമ്പില്ലാത്ത, നഗ്നമായ.

Brand, *n.* തീക്കൊള്ളി, ഉൽക; കളങ്കം, ലാഞ്ഛനം, അപകീർത്തിചിഹ്നം; വാൾ; സാമാനയിനം; ചൂടുവെക്കുന്ന ഇരുമ്പുതുണ്ട്; *v. t.* ചൂടുവയ്ക്കുക, അടയാളമിടുക; കറാറുസ്ഥാപിക്കുക; **-ed,** *a.* ചൂടുവച്ച, ദുഷ്കീർത്തിചിഹ്നാങ്കിതം; **-new,** *a.* നവം, നൂതനം, പുതിയ.

Brandish, *v. t.* ചുഴറ്റുക, ഇളക്കുക, ആട്ടുക.

Brandy, *n.* ഒരുവകച്ചാരായം, സുര, ആസവം, വാരുണി.

Brangle, *n.* കലഹം, വ്യാക്രോശം.

Brass, *n.* പിത്തളം, പിത്തള, ഓട്, ഓട്ടുപാത്രം, ധാർഷ്ട്യം; **-y,** *a.* പിത്തളകൊണ്ടുണ്ടാക്കിയ, ലജ്ജയില്ലാത്ത; **Brasier,** *n.* കന്നാൻ; **-Braze,** *v. t.* പിത്തളപൊതിയുക, കൂട്ടിവിളക്കുക; 'brasen face മട്ടാളൻ'.

Brat, *n.* ശിശു, ബാലൻ, വടു.

Bravado, *n.* ഭീഷണി; തകൃതി.

Brave, *v. t.* പരാക്രമംകാട്ടുക, ഭർത്സിക്ക, എതിർത്തുനില്ക്കുക, ധർഷിക്ക; *a.* വീരനായ, ശൂരനായ, വിക്രാന്തനായ, ധീരനായ; ഉദാരനായ, തേജസ്വിയായ; *n.* പരാക്രമി, ധീരൻ, വീര്യവാൻ, സാഹസികൻ; **-ly,** *adv.* സധൈര്യം; നിർഭയം, സവിക്രമം, ശൂരവത്തായി; **-ry,** *n.* വീര്യം, ശൗര്യം, ധൈര്യം. പരാക്രമം, വിക്രമം, വികത്ഥനം, ആത്മശ്ലാഘ.

Bravo, *intj.* ശരി! ശരി!; *n.* ഘാതകൻ, ആതതായി.

Brawl, *n.* അമളി, കലി, കലഹം, വിവാദം, ദ്വന്ദം, വിപ്രതിപത്തി; *v. i.* വിവദിക്ക, കലഹിക്ക, ചീത്തപറക.

Brawn, *n.* പന്നിയിറച്ചി, സൂകരമാംസം; ദശ, മാംസപേശി, സ്നായു; ബാഹു, കരബലം; **-y,** *a.* മാംസളമായ, ദൃഢാംഗം; സന്നദ്ധശരീരം.

Bray (brā), *v. t.* പൊടിക്കുക, മട്ടിക്കുക, അരയ്ക്കുക; (കഴുത) കരയുക; **-ing,** *n.* കഴുതയുടെ കരച്ചിൽ, ദാരുണശബ്ദം, അദ്രിപാഠം.

Breach, *n.* ഛിദ്രം, രന്ധ്രം; ഭംഗം, ഭേദനം, അതിക്രമം, ലംഘനം; 'b. of promise പ്രതിജ്ഞാഭംഗം'; *v. t.* പൊളിക്കുക, ഇടിക്കുക.

Bread (bred), *n.* റൊട്ടി, അപ്പം, അട, അപൂപം; അന്നം, ആഹാരം; 'b. winner, *n.* കുടുംബത്തലവൻ; എല്ലാവരെയും തീററിപ്പോററുന്നവൻ.

Breadth, *n.* see under **Broad.**

Break, *v. t. and v. i.* (brōke, brōken) പൊട്ടിക്കുക, ഭേദിക്കുക, ഭഞ്ജിക്കുക, ഖണ്ഡിക്കുക; തുറന്നുപറക; പൊടിക്കുക; മട്ടിക്കുക, അതിക്രമിക്കുക; ഉല്ലംഘിക്ക, വിലോപിപ്പിക്ക; വഴിയിൽതാമസിക്ക; കൂട്ടം പിരിക്കുക; ക്രമത്തെഭഞ്ജിക്കുക; സാവകാശത്തിൽ തെര്യപ്പെടുത്തുക; ശക്തികുറയ്ക്കുക; കതിരായ ശീലിപ്പിക്ക; 'to b. down പൊളിച്ചിറക്കുക'; 'to b. in ബലമായിത്തുറക്കുക; അഭ്യസിക്കുക'; 'to b. of വിടുവിക്ക'; 'to b. off പൊട്ടിച്ചുകളക, വിടുക'; 'to b. out പൊട്ടിപ്പുറപ്പെടുക്കുക'; 'to b. up ഖണ്ഡങ്ങളാക്കുക, ഛിന്നഭിന്നമാക്കുക, തരിശിടുക; നിർത്തുക; പിരിച്ചുവിടുക'; 'to b. the back ഒന്നിനും കഴിവില്ലാതാക്കുക; കഠിനഭാഗംതീർക്കുക'; 'to b. bulk ഭാണ്ഡം ചെറുതാക്കുക'; 'to b. cover മറവിൽനിന്നും വെളിപ്പെടുക'; 'to b. ground പ്രവൃത്തി ആരംഭിക്കുക, നങ്കൂരം എടുക്കുക'; 'to b. the ice ആദിയിലെ പ്രയാസംതീർക്കുക, ആരംഭിക്കുക, സംഭാഷണംതുടങ്ങുക'; 'to b. a path ബലാൽകാരമായി മാർഗ്ഗമുണ്ടാക്കുക'; *v. i.* പിളരുക, പൊളിയുക; കാണാതെയാകുക, പുലരുക; കാററുപൊട്ടുന്നടിക്കുക; നീങ്ങുക; ബലംക്ഷയിക്ക; ഞെരിയുക; ദരിദ്രനാകുക; തമ്മിൽ ഇടയുക; 'to b. away പിടിവിട്ടുവിട്ടുപൊയ്ക്കളക'; 'to b. down തകർന്നുപോക'; 'to b. forth പുറപ്പെട്ടുവരിക; പ്രശോഭിക്ക'; 'to b. from പൊട്ടുന്നവേ ഗൃഹത്തിൽനിന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോകുക'; 'to b. into ഭേദിച്ചു് ഉള്ളിൽ കടക്ക'; 'to b. in upon പെട്ടന്നവേ സമീപിക്ക'; 'to b loose ബലാല്ക്കാരമായി ചാടിപ്പോകുക. മര്യാദലംഘിച്ചുനടക്കുക'; 'to b. off അററുപോക, നിന്നുകളക'; 'to b. off from ഉപേക്ഷിക്കുക'; 'to b. out ചാടിപ്പുറപ്പെടുക, ഉയരുക'; 'to b. over കവിയുക, അതിക്രമിക്കുക'; 'to b. upon തോന്നുക'; 'to b. with തമ്മിൽമുറിക്കുക, പറഞ്ഞുധരിപ്പിക്ക'; 'b. of day, n. പ്രഭാതം'; 'b. down, n. പൊളിവു്, പതനം'; 'b. neck, n. വലിയവീഴ്ച; തൂക്കായസ്ഥലം'; 'b. water തുറമുഖച്ചിറ, കൽക്കെട്ടു്, സേതു'; 'b. fast പ്രാതരാശം'; -able, a. ഉടയുന്ന; -age, n. പൊളിവു്, നഷ്ടം; -er, n. ഉടയ്ക്കുന്നവൻ, ഭഞ്ജകൻ, ഭേദകൻ; കരയുടയ്ക്കുന്നഓളം; കല്ലുപൊടിക്കുന്ന യന്ത്രം;

Breast, n. മാറിടം, ഉരസ്സു്, വക്ഷസ്സു്; സ്തനം, പയോധരം, കുചം; ഹൃദയം, അന്തഃകരണം, ചിത്തം, മനസ്സു്; 'b. plate ഉരസ്ത്രാണം, കവചം'; 'b. work കോത്തളം; 'make a clean b. ചെയ്ത പാപങ്ങളെ ഏററുപറക'; v. t. മാറുനേർക്കുക, എതിർത്തുനിൽക്കുക, തടുത്തുനിൽക്കുക.

Breathe, v. i. ശ്വസിക്ക, വീർപ്പിടുക, ജീവിക്ക; വിശ്രമിക്കുക; പതുക്കെവീശുക; പരിമളംപുറപ്പെടുക; v. t. ശ്വാസോച്ഛ്വാസംചെയ്യുക, ഉച്ഛ്വസിക്ക, നിശ്വസിക്ക; (into) ഊതുക; മന്ത്രിക്കുക; പരിമളംപുറപ്പെടുവിക്കുക; കാളംവിളിക്ക; ശരീരംചലിപ്പിക്ക; വ്യായാമംചെയ്യുക; വിശ്രമിക്ക; കിതപ്പുണ്ടാക്കുക; ക്ഷീണിപ്പിക്കുക; 'to b one's last മരിക്കുക'; 'to b. a vein ചോരകൊത്തുക.

Breath, n. ശ്വാസം, നിശ്വാസം, ഉച്ഛ്വസിതം; പ്രാണൻ; ഇളംകാററു്; സൌരഭ്യം; അല്പവ്യായാമം; -ing, n. ശ്വാസം, ശ്വസിതം; സ്പൃഹ, ഇച്ഛ; 'b hole വാതായനം, ഗവാക്ഷം, ജന്നൽ; -less, a പ്രാണഹീനമായ, ശ്വാസംനിന്ന, മൃതം, മരിച്ച, ഉൽക്രാന്തവായുവായ.

Breech, n. പശ്ചാദ്ഭാഗം, നിതംബം, കടിപ്രദേശം; -es, n. കടിവസ്ത്രം, ശാടകം, കാൽച്ചട്ട, കാലുറ.

Breed, v. t. ജനിപ്പിക്കുക, ഉല്പാദിപ്പിക്കുക, പ്രസവിക്കുക; കുഞ്ഞിനെ വളർത്തുക, പോററിരക്ഷിക്കുക; കാരണമായിത്തീരുക, ഉണ്ടായിരിക്കുക, കന്നുകാലികളെ സംരക്ഷിച്ചു വർദ്ധിപ്പിക്ക; v. i. വർദ്ധിക്കുക, ഗർഭവതിയായിരിക്കുക; ജനിക്ക; ജീവിക്ക; കന്നുകാലികൾ പെരുകുക; സന്താനമുണ്ടാക; 'well bred, നല്ല കുലത്തിലുള്ള, മര്യാദയുള്ള'; n. വംശം, ജാതി; അപത്യം; കുട്ടി; സമുല്പന്നം; ശാബകഗണം, ശിശുജാതം; -er, n. ജനകൻ, പോഷകൻ, വിനേതാവു്; -ing, n. പോഷണം, പാലനം, സംവർദ്ധനം; ശിക്ഷണം, വിനയം, സഭ്യത, സുശീലത.

Breeze, n. ഇളംകാററു്, മൃദുപവനൻ, മന്ദാനിലൻ, വാതം, അനിലൻ; 'agreeable b. സുഖസ്പർശമായ വാതം'; -y, a. കാററുള്ള, വാതവത്തായ.

Brethren, n. (pl) കൂട്ടക്കാർ, ഇനക്കാർ, സഹോദരർ.

Brevet, n. പദവിപത്രം; ശമ്പളമില്ലാത്ത ബഹുമാനമായ സ്ഥാനക്കയററം.

Breviary n. സംഹിത, സംഗ്രഹം; സ്തോത്രസംഗ്രഹം.

Brevity, n. ചുരുക്കം, സംക്ഷേപം.

Brew, (brö) v. t. ചാരായം വാററുക; ചതിക്കുക; v. i. തലയ്ക്കുമേലാകുക; -age, n. നിഷ്പാകം; -ery, n. യവസുരാപചനസ്ഥാനം, ചാരായംവാററുസ്ഥലം.

Bribe, n. കൈക്കൂലി, കോഴ, ഉപായനം; v. t. കൈക്കൂലി കൊടുക്കുക, കോഴകൊടുത്തു വശത്താക്കുക; -er, n. കോഴകൊടുക്കുന്നവൻ, കൈക്കൂലിപ്പണം; കൈക്കൂലി കൊടുപ്പു്, കൈക്കൂലിവാങ്ങൽ.

Brica-brac, n. കൌതുകസാധനം.

Brick, n. ചുടുകട്ട, ഇഷ്ടിക, കട്ട, ചെങ്കല്ലു്, 'b. clay, കളിമണ്ണു്'; 'b. kiln (kil), കട്ടച്ചൂള'; 'b. layer, n. കട്ട കെട്ടുന്നവൻ, ലേപകൻ'; 'b. maker, n. കട്ടയറുക്കുന്നവൻ'; 'b. work, ഇഷ്ടികാനിർമ്മിതം'; v. t. കട്ടകെട്ടുക.

Bridal, n. വിവാഹോത്സവം, ഉദ്വാഹകർമ്മം; a. വൈവാഹികമായ, വിവാഹയോഗ്യമായ.

Bride, n. മണവാട്ടി, വധു, നവവധു. പാണിഗൃഹീത, നവോഢ; 'b. chamber, വിവാഹമണ്ഡപം'; -groom, n. മണവാളൻ, വരൻ, പരിണേതാവു്, പരിഗ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ്ഠീതാവ്, **-maid,** *n.* ജന്യ, തോഴി; **-man,** *n.* തോഴൻ, ചങ്ങാതി.

Bridge (brij), *n.* പാലം; സേതുധാരണം, സംവരം; 'b. of the nose, മൂക്കിന്റെ പാലം, നസാവംശം'; 'draw b. യന്ത്രപ്പാലം'; 'flying b. ചെങ്ങാടം'; 'pontoon b. തോണിച്ചങ്ങാടം'; 'suspension b. കമ്പിത്തൂക്കുപാലം'; 'tubular b കുഴൽപാലം'; *v. t.* പാലം കെട്ടുക; (over) സമാപ്തി കാണുക.

Bridle, *n.* കടിഞ്ഞാൺ, വല്ഗ, രശ്മി; നിഗ്രഹം, സംയമം; *v. t.* കടിഞ്ഞാൺഇടുക; പിടിച്ചുനിറുത്തുക, നിയന്ത്രിക്ക.

Brief, *a.* അല്പകാലത്തേക്കുള്ള, അചിരമായ, ക്ഷണികമായ, കുറുകിയ, സ്വല്പമായ, അചിരസ്ഥായിയായ, സംക്ഷിപ്തം, അദീർഘം; സംക്ഷേപം, സാരപത്രം, വ്യവഹാരക്കുറിപ്പ്.

Brier, Briar, *n.* മുൾ, മുൾച്ചെടി, ഗോക്ഷുരം, കണ്ടകഗുല്മം; **-y,** *a.* കണ്ടകാവൃതമായ.

Brig, *n.* രണ്ടു പായ്മരമുള്ള ചെറുകപ്പൽ.

Brigade, *n.* പടവകുപ്പ്, ചമൂ, വാഹിനി, സൈന്യദളം; **-ier,** *n.* വാഹിനീപതി, ചമൂപതി.

Brigand, *n.* കൊള്ളക്കാരൻ, പിടിച്ചുപറിക്കാരൻ, ചോരൻ, ദസ്യു.

Brigantine, *n.* കടൽകള്ളന്മാരുടെകപ്പൽ.

Charm, *n.* ഗാരുഡം, മന്ത്രം; രക്ഷ; ചിത്താകൎഷകത്വം, രാമണീയകം, മനോജ്ഞത, കാന്തി; പ്രലോഭനം; *v. t.* മന്ത്രംകൊണ്ടു വശീകരിക്ക, അഭിചരിക്ക; പരിമോഹിപ്പിക്ക, വിമോഹിപ്പിക്ക; ഹരിക്ക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-er, *n.* ഗാരുഡികൻ, ജാംഗുലികൻ; പ്രിയ, മുഗ്ദ്ധ; **-ing**, *a.* രമണീയം, രമ്യം, മനോരമം, കമനീയം, ചേതോഹരം, ഹാരി; **-ingly**, *adv.* മനോരമമായി, സുഭഗമായി, ചാരുതയോടെ; **-less**, *a.* നിഃശ്രീകം, കാന്തിഹീനം.

Chart, *n.* വിവരണപത്രം; കടൽപടം; കുറിപ്പ്, വഴികാട്ടി.

Charter, *n.* പട്ടയം, നിയമപത്രം, ശാസനപത്രം; പ്രത്യേകാവകാശം; കപ്പൽ കേവിന്നുകൊടുക്കുന്നതു്; കപ്പൽ കേവിന്നുവാങ്ങുന്നതു്.

Charwoman, *n.* കൂലിക്കാരി, സൈരന്ധ്രി.

Chary, *a.* പരിമിതമായ, സശ്രദ്ധമായ, അമുക്തഹസ്തമായ; **-ly**, *adv.* അമുക്തഹസ്തമായി.

Chase, *v. t.* കൂടെഓടുക, പിൻതുടരുക, അനുധാവനംചെയ്ക, അനുസരിക്കുക; (away) നിരസിക്ക, നിരാകരിക്ക; വേട്ടയാടുക; *n.* വേട്ട, നായാട്ടു്, മൃഗയാ, അനുധാവനം; ജാംഗലം; **-er**, *n.* അനുധാവകൻ മൃഗയു, വേട്ടക്കാരൻ.

Chasm, (kazm), *n.* പിളർപ്പു്; അഗാധം, ശൂന്യാവലി, വിലം, ഗർത്തം.

Chaste, *a.* (of a woman) സതി, കുലസ്ത്രീ, പാതിവ്രത, പരിശുദ്ധശീല, ഏകപത്നി; വിശുദ്ധം, നിർമ്മലം; ജിതേന്ദ്രിയം, നിഷ്കാമം, അവ്യഭിചാരി; **-Chastity**, *n.* സതീത്വം, ചാരിത്ര്യം, പാതിവ്രത്യം; വിശുദ്ധി; ഇന്ദ്രിയനിഗ്രഹം, ബ്രഹ്മചര്യം, ജിതേന്ദ്രിയത്വം.

Chastise, Chasten, *v. t.* ദണ്ഡിക്കുക, ശിക്ഷിക്കുക, നന്നാക്കുക, തിരുത്തുക; **-er**, *n.* ദണ്ഡപ്രണേതാവു്, ശാസിക്കുന്നവൻ; **-ment**, *n.* ശാസനം, നിഗ്രഹം, ദണ്ഡം, ശിക്ഷ.

Chat, *v. i.* നിർബ്ബാധമായിസംസാരിക്ക, സംഭാഷണംചെയ്ക, സല്ലപിക്ക, വെടിപറയുക; *n.* സല്ലാപം, വിശ്രംഭാലാപം, വൃഥാകഥ.

Chateau (shä-tō), *n.* ഗ്രാമവാസമാളിക, ഉദ്യാനവീടു്.

Chatter, *n.* ജംഗമസാമാനങ്ങൾ, വിഭവം.

Chatter, *n.* കിലകിലാരവം; ചിപ്പലാപം, ജല്പിതം, വൃഥാലാപം, *v. i.* പ്രജല്പിക്ക, അലയ്ക്കുക, കൂജനംചെയ്ക; **-er**, *n.* ജല്പകൻ, വാചാലകൻ, വാവട്ടകൻ.

Chatwood, *n.* വിറകു്.

Chauvinism (shov'inizm), *n.* അതിർകടന്ന ഗുരുഭക്തി; അന്ധമായ രാജഭക്തി; ദേശഭക്തി.

Chaw (cha), *v. t.* ചവയ്ക്കുക, പരിദംശിക്ക; **-bacon**, *n.* അസഭ്യം; ഗ്രാമ്യജനം.

Cheap, *a.* വിലകുറഞ്ഞ, അല്പമൂല്യമായ, സുലഭം, സുഖക്രേയം; മിതമായ; ഉപയോഗമററ; **-en**, *v. t.* വിലകുറയ്ക്കുക, വിലയിടിയുക; **-ly**, *adv.* കുറഞ്ഞവിലയ്ക്കു്, സുലഭമായി, പരിമിതമായി.

Cheat, *v. t.* വഞ്ചിക്കുക, മോശംചെയ്യുക, തന്ത്രാകാട്ടുക, തോല്പിക്കുക; പോക്കുക; *n.* വഞ്ചന, തന്ത്രം, പ്രതാരണം, കൈതവം; വഞ്ചകൻ, പ്രതാരകൻ; **-ing**, *n.* പ്രതാരണം, വഞ്ചനം.

Check, *v. t.* തടുക്കുക, അടക്കുക, സംയമിക്ക, നിരോധിക്ക, പ്രതിഷേധിക്ക; *n.* പ്രതിബന്ധം, സംരോധം, പ്രതിഷേധം, നിഗ്രഹം, സംയമം, നിരോധം.

Checker, *n.* ഒത്തുനോക്കുവോൻ; *v. t.* പലവർണ്ണക്കള്ളിഉണ്ടാക്കുക; സുഖദുഃഖാദികൾക്കധീനമാക്കുക; 'c. r board ചതുരംഗപ്പലക'.

Checkmate, *v. t.* അടിയറവുപറയിക്ക, തോല്പിക്ക, ഭഞ്ജിക്കുക; *n.* തോൽവി, പരാഭവം, ഭംഗം.

Cheek, *n.* കപോലം, ഗണ്ഡം, കവിൾ; **-y**, *a.* ഉദ്ധതമായ, ധൃഷ്ടമായ.

Cheep, *v. i.* കൂജനംചെയ്യുക.

Cheer, *n.* ഹർഷം, ഉന്മേഷം; നിഃസ്വനം, ആർത്തുവിളി; സ്ഥൈര്യം, ധൈര്യം, സ്ഥിരത; 'c. up സമാശ്വസിക്കുക, ധൈര്യപ്പെടുക'; ആഹാരം, ഭോജനം; *v. t.* ആശ്വസിക്കുക, സമാശ്വസിക്കുക; പ്രഹർഷിപ്പിക്ക, ഉല്ലസിപ്പിക്ക, ഉന്മേഷപ്പെടുത്തുക; പ്രോത്സാഹിപ്പിക്ക, പ്രേരിപ്പിക്ക, പ്രസാദിപ്പിക്ക; *v. i.* (up) ആശ്വസിക്ക, സമാശ്വസിക്ക, ഹർഷിക്ക, ഉന്മേഷംകൊള്ളുക; **-ful**, *a.* സഹർഷം, പ്രഫുല്ലം, സാനന്ദം, ഹൃഷ്ടം, പ്രസന്നം, ഉല്ലാസിതം; **-fulness**, *n.* പ്രസന്നത, ഉല്ലാസം, ഹർഷം, ആനന്ദം, ആഹ്ലാദം; **-less**, *a.* വിഷണ്ണമായ, നിരാനന്ദം; **-y**, *a.* ഉല്ലാസമായ.

Cheese, *n.* പാൽക്കട്ടി; **-monger**, *n.* ദധിജവിക്രയി; 'c paring കൃപണമായ'; *n.* കൃപണത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Cheetah, *n.* ചെമ്പുലി.

Chemise (she-mēz'), *n.* സ്ത്രീകളുടെ ഉള്ളങ്കി.

Chemistry, *n.* രസക്രിയ, രസതന്ത്രം, രസവിദ്യ; **Chemist**, *n.* രസജ്ഞൻ, രസതന്ത്രവിത്ത്; **Chemical works**, രസക്രിയാഗാരം; രസക്രിയാശാല.

Cheque (chek), *n.* ഉണ്ടിയൽ, ധനപ്രദാനലേഖം, പണംകൊടുക്കണമെന്നുള്ള ചീട്ട്.

Chequer, *v. t.* പലവൎണ്ണമാക്കുക, കർബ്ബുരീകരിക്ക, ശബളീകരിക്ക; **-ed**, *a.* നാനാവൎണ്ണമുള്ള, ശബളം.

Cherish, *v. t.* ലാളിക്കുക, പോഷിപ്പിക്കുക, പാലിക്കുക, പ്രേമംകാട്ടുക; ധരിക്കുക, വളൎത്തുക; ഭജിക്കുക കയറുക; സ്നേഹിക്കുക **-er**, *n.* പോഷകൻ, പാലകൻ.

Cheroot (sheröt), *n.* പുകയിലച്ചുരുട്ട്.

Cherry, *a.* ചുവന്ന, രക്തപ്രസാദമുള്ള; 'c. pepper കാന്താരിമുളക്'; *n.* ഒരുമാതിരി ഫലവൃക്ഷം.

Chersonese, *n.* ദ്വീപകല്പം.

Cherub, *n.* ദേവലോകവാസി; **-ic**, *a.* ദിവ്യം.

Chess, *n.* ചതുരംഗക്കളി; 'c. man ചതുരംഗക്കരു'.

Chest, *n.* മാർവ്വ്; വലിയ പെട്ടി.

Chestnut (ches'nut) *n.* ഒരുവക മരം; ഒരുവക കായ്, തവിട്ടുനിറം.

Chevalier (shevalēr') *n.* കുതിരവീരൻ, സാദി, അശ്വാരോഹൻ, മഹാവീരൻ.

Chew, *v. t.* ചവയ്ക്കുക, ചവ്വണംചെയ്ക, സന്ദംശിക്ക; **-ing**, *n.* രോമന്ഥം, ചവ്വണം, ചവ, അണയാട്ടൽ.

Chicane, *n.* കപടം, ഛലം, വ്യപദേശം, മിഥ്യാപത്തി; **-er**, *n.* മിഥ്യാവിവാദി, കുതൎക്കം ചെയ്യുന്നവൻ; **-ery**, *n.* കൗശലം, വാക്ഛലം, പക്ഷാഭാസം, അനൃതവാക്.

Chicken, *n.* കോഴിക്കുഞ്ഞ്, ചെല്ലപ്പിള്ള; 'c. hearted ഭീരു, കാതരൻ'.

Chickenpox, *n.* പൊങ്ങൻപനി.

Chickpeas, *r.* ചാണകം.

Chicony, *n.* ഒരു ഇംഗ്ലീഷ്ചെടി.

Chide, *v t. a d v. i.* നിൎഭത്സിക്ക, തൎജ്ജിക്ക; നിന്ദിക്ക, അധിക്ഷേപിക്ക; കലഹം ഉണ്ടാക്കുക; **-er**, *n.* നിന്ദകൻ.

Chief, *a.* പ്രധാനം, മുഖ്യം, പരമം, ഉത്തമം, വിശിഷ്ടം; *n.* പ്രധാനി, നായകൻ, അഗ്രിമൻ അദ്ധ്യക്ഷൻ, സേനാപതി; **-ly**, *adv.* പ്രധാനമായി, വിശേഷമായി, മുഖ്യമായി; **-tain**, *n.* മുഖരൻ, നായകൻ, പതി, ഈശ്വരൻ, ഗണപതി, സാമന്തൻ.

Chignon (shē'nyong), *n.* ധമ്മില്ലം.

Chilblain, *n.* വാതക്കുരു, വീക്കം, പാദസ്ഫോടം.

Child, *n.* കുട്ടി, കുഞ്ഞ്, ബാലൻ, ശിശു, അപത്യം, പുത്രൻ, പുത്രി; സന്താനം, പ്രജ, സന്തതി; 'to be with c. ഗൎഭമുണ്ടായിരിക്ക'; 'c. bearing പ്രസവം'; 'beyond c. bearing വിഗതാൎത്തവമായ'; 'capable of c. സരജസ്സ'; 'c. bed പ്രസൂതികാലം'; 'c. birth പ്രസവം, ജനനം'; **-hood**, *n.* ബാല്യം, ശൈശവം, കൗമാരകം, ബാലഭാവം, ബാലാവസ്ഥ; **-ish**, *a.* ബാലിശം, ബാലേയം, ബാലോചിതം; **-ishly**, *adv.* ബാലനെപ്പോലെ, കുട്ടിയെപ്പോലെ; **-less**, *a.* നിരപത്യമായ, അപുത്രം, നിർവംശം; **-like**, *a.* ശിശുതുല്യം, ബാലാനുരൂപം, ബാലോപമം.

Chill, *n.* ശൈത്യം, ശീതം, ഹിമം, സോദവിഷ്ടംഭം; *a.* ശീതളം, ശിശിരം; *v. t.* ശീതീകരിക്ക, തേജോഹീനമാക്കുക, ഉത്സാഹം കുറയ്ക്കുക; **-y**, *a.* ഈഷച്ഛീതം, ആശിശിരം; കുളിരുള്ള.

Chilli, *n.* കപ്പൽമുളക്.

Chilognath (kil o-nath), *n.* ചേരട്ട, തേരട്ട.

Chime, *n.* ഐകതാനം, താളൈക്യം, സ്വരസംവാദം; ഘണ്ടാനാദം, മണിനാദം; *v. i.* സംവദിക്ക, അനുരൂപമായിഭവിക്ക; *v. t.* വാദ്യംമുഴക്കുക.

Chimera (kimē'ra), *n.* അസംഭവകല്പന, മനോരഥസൃഷ്ടി, ശശവിഷാണം, മിഥ്യാവാസന; **-ical**, *a.* മനോരഥസൃഷ്ടമായ, കാല്പനികമായ, ഭാവനാകല്പിതം, അമൂലകം.

Chimney *n.* പുകക്കുഴൽ, ധൂമനിൎഗ്ഗമം, ധൂമനാളി, ധൂമരന്ധ്രം; അഗ്നികുണ്ഡം.

Chin, *n.* താടി, ചിബുകം, ഹനു.

China, *n.* ചീനരാജ്യം, പിഞ്ഞാണം; **-ware**, *n.* പിഞ്ഞാണം.

Chinacloth, *n.* ചീനാംശുകം, ചീനമുണ്ട്.

Chinch, *n.* മൂട്ട, മത്കുണം.

Chine, *n.* പൃഷ്ഠം, കശേരുക; കന്ദരം, ദ്രോണി; ജന്തുക്കളുടെ നട്ടെല്ലിൻതുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Chink, *n.* വിള്ളൽ, രന്ധ്രം; ചണിതം, രാവം, ശബ്ദം; *v. i.* പിളരുക, മുഴങ്ങുക; *v. t.* കലുക്കുക, മുഴക്കുക; **-y**, *a.* അനേകരന്ധ്രമുള്ള, ബഹുവിവരമായ, വളരെ ഓട്ടയുള്ള.

Chintz, *n.* ചിത്രച്ചീട്ടിത്തുണി.

Chip, *n.* ഖണ്ഡം, ലവം, വിദലം; *v. t.* തുണ്ടംതുണ്ടമായി വെട്ടുക; **-Chippings**, *n.* ഖണ്ഡങ്ങൾ; **-py**, *a.* അസ്വസ്ഥം, അസുസ്ഥം; ഖണ്ഡപൂർണ്ണം; 'c. of the old block പിതൃസദൃശൻ'.

Chirognomy, *n.* സാമുദ്രികം.

Chirography, (kī-), *n.* കയ്യെഴുത്ത്; സാമുദ്രികാലക്ഷണം; **-rology**, *n.* ആംഗ്യസംഭാഷണം; **-romancy**, *n.* കൈനോട്ടം, **-romancer**, **-mantist**, *n.* കൈനോട്ടക്കാരൻ.

Chirp, *v. i.* ശബ്ദിക്ക, കൂജനംചെയ്ക; സാനന്ദംവന്ദിക്ക; **-ing**, *n.* വിരാവം, കൂജിതം, ചിലപ്പ്; **-ing**, **-or**, **-y**, *a.* ഉല്ലസിതം, പ്രഹൃഷ്ടം, പ്രഫുല്ലവദനമായ.

Chirrup *see* **Chirp**.

Chirt, *v. t* നിപീഡിപ്പിക്ക.

Chisel, *n.* ഉളി; *v. t.* കൊത്തുക, ചെത്തുക, പണിയുക.

Chit, *n.* കട്ടി, പത്രം, ചീട്ട്; **-chat**, *n.* ജല്പനം, വിസ്രംഭാലാപം, വിസ്രംഭസംഭാഷണം.

Chivalry (shiv'-), *n.* ശൗര്യഗുണം, സുവിക്രമം, സുവീര്യം, പൗരുഷം; **-ous**, *a.* സുവിക്രാന്തമായ, മഹാവീര്യമായ.

Chloroform, *n.* ക്ലോറോഫോം, ബോധഹരൗഷധം.

Chlorosis, *n.* മഞ്ഞപ്പിത്തം.

Chocolate, *n.* ചോക്കൊളേറ്റ്, മധുരദ്രവ്യം.

Choice (chois), *n. see* Under **Choose**.

Choir (kwīr), *n.* പാട്ടുകാർ, ഗായകഗണം, ഗായകചക്രം.

Choke, *v. t. or v. i.* പ്രതിരോധിക്കുക; സ്തംഭിക്കുക; കഴുത്തുഞെരിക്കുക, ശ്വാസംമുട്ടിക്ക; **-ed**, *a.* കലുഷമായ, നിരുദ്ധശ്വാസമായ, ശ്വാസംമുട്ടിച്ച.

Choler, *n.* പിത്തം, കോപം, ചിനം, അമർഷം; **-ic**, *a.* ക്രോധിലം, ക്രോധനം, ചണ്ഡം, കോപിയായ; 'c. constitution പിത്തപ്രകൃതി, കോപശീലത'.

Cholera. *n.* വിഷൂ(സൂ)ചിക, മഹാമാരി.

Choose, *v. t. and v. i.* (chose, chosen) വരിക്കുക, തിരഞ്ഞെടുക്കുക; ഗ്രഹിക്കുക; വേർതിരിക്കുക; ഇഷ്ടപ്പെടുക, കഴിവുണ്ടാക്ക; **-Choice**, *n.* വരണം, ഗ്രഹണം, തിരിഞ്ഞെടുക്കൽ, മനോബന്ധം, ഉത്തമാംശം; വികല്പം, കാമം, രുചി; *a.* സർവോത്തമം, വിശിഷ്ടം, പരമം; 'c. food വിശിഷ്ടാന്നം'; 'c. girl സ്ത്രീരത്നം'; **-less**, *a.* അവികല്പമായ, തിരിവില്ലാത്ത.

Chop, *v. t. or v. i.* മുറിക്ക കൃന്തനംചെയ്ക, തുണ്ടമാക്കുക; *n.* ശകലം; 'c. house പാകശാല'; **-Chops**, *n.* മുഖം, വദനം.

Chord (kord), *n.* വീണയുടെ തന്ത്രി, ഗുണം; ഞാണ്.

Chorion, *n.* ഗർഭകോശം, ഗർഭവേഷ്ടനം.

Chorister, *n.* പാട്ടുകാരൻ, വാദ്യക്കാരൻ; കിന്നരൻ.

Chorus, *n.* പല്ലവി, അനുപദം; ഗായകഗണം.

Chose (shōz), *n.* സാധനം; ജംഗമം; 'c. in action വ്യവഹാരത്തിൽനിന്നു കിട്ടാനുള്ള സ്വത്ത്'.

Chouse, *v. t.* തോല്പിക്ക, ചതിക്ക; *n.* മടയൻ; ചതി; വഞ്ചകൻ.

Chowchow, *n.* അവിയൽ; ഉപ്പിലിട്ടത്; *a.* പലസാധനങ്ങൾകൂടിയുള്ള.

Chowrie, **Chowry**, *n.* ചാമരം, രോമഗുച്ഛം.

Chrematistics, *n.* (pl.) ധനപരിപാലനശാസ്ത്രം, രാജ്യക്ഷേമവിദ്യ.

Chrestomathy, *n.* വിദേശഭാഷയിൽനിന്നുള്ള പാഠമാല.

Chrism, *n.* സംസ്കാരതൈലം, സ്നാനതൈലം.

Christ, *n.* ക്രിസ്തു.

Christen (kris'n), *v. t.* പേരിടുക, നാമകരണംചെയ്ക.

Christmas (kris'-), *n.* ക്രിസ്തുവിന്റെ പിറന്നാളാഘോഷം.

Chromatic, *a.* വർണ്ണസംബന്ധിയായ; ഗ്രാമീണമായ.

Chronic (kron'ik), *a.* കാലികം, ദീർഘസ്ഥായിയായ, വിട്ടുമാറാത്ത.

Chronicle, *n.* ഇതിഹാസം, പുരാവൃത്താഖ്യാനം, ചരിത്രം; *v. t.* ദിനവൃത്താന്തമെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഴുതുക, യഥാക്രമം രചിക്ക; **-er**, *n.* പുരാവൃത്തരചകൻ, ഇതിഹാസലേഖകൻ.

Chronology, *n.* കാലനിർണ്ണയവിദ്യ; കാലക്രമേണ പുരാവൃത്തവിവരണം; **-ist**, *n.* കാലഗണകൻ; പുരാവൃത്തരചകൻ; **-ical**, *a.* കാലാനുസാരി, കാലക്രമാനുസാരിയായ; 'in c. order ആനുപൂർവ്യേണ, കാലാനുസാരേണ'.

Chronometer, *n.* കാലമാപനം, ഘടീയന്ത്രം.

Chrysalis, *n.* കോശകാരൻ, കോശസ്ഥൻ; കൂടപ്പുഴു.

Chrysolite, *n.* ചന്ദ്രകാന്തം.

Chrysophilite, *n.* സുവർണ്ണപ്രിയൻ, കനകലുബ്ധൻ.

Chubby, *a.* കൊഴുത്ത, വൃത്തമായ; വർത്തുളം.

Chubfaced, *a.* സ്ഥൂലാസ്യമുള്ള, വട്ടമുഖമുള്ള.

Chuck, *v. t.* or *v. i.* കൊതിക്കുക; പൊട്ടിച്ചിരിക്കുക; ഉന്തുക; *n.* പനററൽ, കൊക്കരിപ്പ്.

Chuckle, *v. i.* ഉള്ളിൽ ചിരിക്ക, കിളുകിളുക്കുക; *a.* അദക്ഷമായ, ഗ്രാമ്യമായ; 'c. head ഗ്രാമ്യജനം, നാടൻ'.

Chuff, *n.* ഗ്രാമികൻ, സ്ഥൂലബുദ്ധി, മന്ദൻ, അസഭ്യൻ; **-y**, *a.* ഗ്രാമ്യമായ; സ്ഥൂലമായ; അസഭ്യമായ.

Chum, *n.* വയസ്യൻ, പ്രിയസുഹൃത്ത്.

Chump, *n.* കനത്ത മരക്കട്ട; *a.* ജഡബുദ്ധിയായ, സ്ഥൂലധീയായ.

Church, (chėrch), *n.* ദേവാലയം; തൊഴുവോർ; ധർമ്മം; **-y**, *a.* ധർമ്മോന്മത്തം, അതിശ്രദ്ധാവ്യഗ്രം; 'c. yard ശ്മശാനം, പിതൃവനം, പ്രേതഭൂമി'.

Churl, *n.* നാടൻ, ഗ്രാമ്യജനം, വൃഷലൻ; അവിനീതൻ, വാമശീലൻ; കൃപണൻ; **-ish**, *a.* അശിഷ്ടം, അശ്ലീലം, ഗ്രാമ്യം, അസഭ്യം; ഖലം, ദുരാചാരം; **-ness**, *n.* അവിനയം, അസഭ്യത, etc.

Churn, *v. t.* കലക്കുക, കടയുക, മന്ഥിക്കുക, മന്ഥനംചെയ്യുക; **-ing**, *n.* മന്ഥനം, മന്ഥം; 'c. rope കടച്ചിൽകയർ, മന്ഥനരജ്ജു'; 'a. pot used for c. ing ഗർഗരി, മന്ഥനി, കടച്ചിൽകലം.'

Chute, *n.* ജലപ്രപാതം, വെള്ളച്ചാട്ടം.

Chutni, *n.* ചട്ട്ണി, കൂട്ടാൻ, ഒരു കറി, ഉപദംശം, വ്യഞ്ജനം.

Chyle (kīl), *n.* അന്നരസം, ധാതുപാകം, **-ous**, *a.* അന്നരസമയമായ.

Chyme, *n.* അന്നപാകം.

Cibarious, *a.* ആഹാരസംബന്ധമായ; **-bation**, *n.* ഭക്ഷണം.

Cicatrice, Cicatrix, *n.* രൂഢക്ഷതം, വടുവ്, പാട്.

Cicatrize, *v. t.* മുറിവുണക്കുക; 'c. d. ഉണങ്ങിയ, ശുഷ്കം, രോപിതം'; **-ation**, *n.* വ്രണരോപണം, വ്രണശോഷണം.

Cicerone, *n.* വഴികാട്ടുന്നവൻ, തെളിവായ്കാട്ടുന്നവൻ; അപൂർവവസ്തുദർശകൻ.

Cider, *n.* ജംബുമദ്യം; ലന്തപ്പഴക്കായ്.

Cidevaunt, *a.* പൂർവമായ, മുമ്പുണ്ടായിരുന്ന.

Cigar, *n.* പുകയിലച്ചുരുട്ട്.

Cigarette, *n.* സിഗററ്റ്.

Cimbal, *see* **Cymbal.**

Cimeter, *n.* കഠാരി, വക്രഖഡ്ഗം.

Cimex, *n.* മത്ക്കുണം, രക്തപം.

Cinch, *n.* പല്ല്യാണബന്ധം.

Cinchona (sin-kō'-), *n.* കൊയിനാമരപ്പട്ട.

Cincture, *n.* മേഖല, രശന, അരപ്പട്ട, കാഞ്ചി.

Cinder, *n.* അംഗാരം, ഭസ്മം, അഗ്ന്യുച്ഛിഷ്ടം, ചാരം.

Cinerary, *a.* ഭസ്മസംബന്ധിയായ.

Cinnabar, *n.* രക്തപാരദം, ചായില്യം.

Cinnamon, *n.* ഇലവർങ്ഗപ്പട്ട, ഗോരുഗന്ധം, സുഗന്ധിത്വക്.

Cinque (singk), *n.* അഞ്ച്, പഞ്ചകം.

Cipher (sī'fėr), *n.* ശൂന്യം, ബിന്ദു, ഖം; അക്ഷരം, വർണ്ണം; ബീജാക്ഷരം, ഗൂഢാക്ഷരം; 4 അങ്കം; *v. t.* അങ്കവിദ്യയഭ്യസിക്ക, ഗൂഢാക്ഷരത്തിലെഴുതുക; **-ing**, *n.* അങ്കവിദ്യ, ഗണനവിദ്യ, ഗണനം.

Circar (sėr'kar), *n.* ജില്ല.

Circle (sėr'kl), *n.* വട്ടം, മണ്ഡലം, വൃത്തം, വലയം, ഗോളം; പരിധി. *v. t.* ചുററുക, പരിവേഷ്ടിക്കുക; *v. i.* വട്ടത്തിൽ ചുററുക, പരിഭ്രമിക്കുക; **-Circular**, *a.* വർത്തുളമായ, വൃത്തമായ, മണ്ഡലാകാരമായ, ചക്രാകൃതിയായ, ഗോളമായ; **-ly**, *adv.* വട്ടത്തിൽ, മണ്ഡലരൂപേണ.

Circuit (sėr'kit), *n.* പര്യടനം, ആവൃത്തി, മണ്ഡലം, പരിണാഹം; *v. i.* പര്യടനംചെയ്ക, സഞ്ചീട്ടുചെയ്ക; **-ous**, *a.* വക്രം, കുടിലഗാമിയായ, അതിദീർഘം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Circulate, *v. t. or v. i.* ചുററിത്തിരിയുക, പ്രസിദ്ധപ്പെടുത്തുക, പരത്തുക, പ്രസരിപ്പിക്ക; **-ion,** *n.* ചുററിത്തിരിച്ചൽ, പരിവൎത്തനം, പ്രചാരം; 'c. of blood രക്തവഹനം'; **-ing,** *a.* ചുററിത്തിരിയുന്ന, പരിവൎത്തിയായ.

Circumambient, *a.* ചുററിത്തിരിയുന്ന; പരിഗതമായ, വ്യാപകം, പരിവേഷകം.

Circumambulate, *v. i.* വലംവയ്ക്കുക, ചുററിനടക്കുക; **-lation,** *n.* പ്രദക്ഷിണം.

Circumcise, *v. t.* തൊലികന്തിക്ക, ത്വക്കഛേദിക്ക; **-cision,** *n.* പരിച്ഛേദനം.

Circumduct, *v.* . ചുററിത്തിരിപ്പിക്ക; ലോപിക്ക; **-ion,** *n.* ലോപം; മോഘീകരണം.

Circumference, *n.* പരിധി, മണ്ഡലം, പരിവേഷം; 'c. of a wheel നേമി'.

Circumflex, *n.* സ്വരിതോച്ചാരണം, ദീൎഘോച്ചാരണചിഹ്നം; *a.* ചുററിപ്പോകുന്ന.

Circumfluent, -fluous, *a.* പരിസ്യന്ദിയായ, പരിഗളിതമായ, ചുററിയൊഴുകുന്ന; **-fluence,** *n.* പരിസ്രവം, പരിസ്യന്ദനം.

Circumfuse, *v. t.* ചുററം ഒഴിക്കുക, വ്യാപിക്ക; **-ile,** *a.* വ്യാപകം, ആയ.

Circumjacent, *a.* ഉപാന്തികം, പൎയ്യന്തസ്ഥം, സമീപത്തുള്ള, ചുററിനം തൊട്ടിരിക്കുന്ന.

Circumlittoral, *a.* കരയ്ക്കുതൊട്ട.

Circumlocution, *n.* വക്രോക്തി, അതിവാക്ക്, അതിശയോക്തി.

Circumlocutory, *a.* വക്രം, ബഹുവാക്യമായ.

Circumnavigate, *v. t.* ചുററിക്കപ്പലോടിക്കുക; **-tion,** *n.* കപ്പൽഭൂപ്രദക്ഷിണം.

Circumrotation, *n.* ചക്രാവൎത്തം, പരിവൎത്തം, ആവൃത്തി; **-tory,** *a.* ആവൎത്തമാനം, പരിവൎത്തിയായ, ചുററിത്തിരിയുന്ന.

Circumscribe, *v. t.* ഉൾപ്പെടുത്തുക, സംയമിക്ക, സങ്കോചിപ്പിക്ക; **Circumscription,** *n.* സങ്കോചം, സംയമം.

Circumspect, *a.* സമീക്ഷ്യകാരിയായ, അവഹിതമായ, ദക്ഷമായ, **-ion,** *n.* ജാഗ്രത, സമീക്ഷ്യകാരിത്വം, ദക്ഷത; **-ly,** *adv.* ജാഗ്രതയോടെ.

Circumstance, *n.* പരിതഃസ്ഥിതി, ദശ, അവസ്ഥ, സ്ഥിതി, ഭാവം, വൃത്തം, വിഷയം; സംബന്ധം; **-ed,** *a.* സ്ഥിതമായ, അവസ്ഥിതം; ഭൂതം, സ്ഥം, in comp; **-stantial** (shal), *a.* സവിസ്തരമായ, വിസ്തീൎണ്ണം; അപ്രകൃതം, ആഗന്തുകം, അപ്രത്യക്ഷം; **-ly,** *adv.* യഥാവൃത്തം, സവിസ്തരമായി, etc; **-stantiate,** *v. t.* വിവരമായി പറക, അപ്രത്യക്ഷപ്രമാണത്തോടെ പ്രതിപാദിക്ക.

Circumvallate, *v. t.* കിടങ്ങുകൊണ്ട പരിവേഷിക്ക, കിടങ്ങുകൊണ്ട ഉപരോധിക്ക; **-ion,** *n.* ചുററുമുള്ള ഉപരോധനം, പരിഖാനിൎമ്മാണം, കിടങ്ങുണ്ടാക്കൽ.

Circumvent (sér-), *see* **Cheat.**

Circumvolve, *v. t. see* **Revolve.**

Circus, *n.* കളരി, ക്രീഡാരംഗം, ക്രീഡാങ്കണം, ക്രീഡാചക്രം.

Cist, *n.* ചെപ്പ്, പെട്ടി, കോശം, ആവേഷ്ടനം; സമാധി.

Cistern, *n.* നീൎത്തൊട്ടി, കുളം, ജലാശയം, തോയാധാരം.

Cit, *n.* നാഗരികൻ നഗരജനം.

Citadel, *n.* കോട്ട, ദുൎഗ്ഗം.

Cite, *v. t* ഉപനയിക്ക, ഉപന്യസിക്ക, ഉപക്ഷേപിക്ക, അവതരിപ്പിക്ക, വിളിക്കുക; **-ation,** *n.* ആഹ്വാനം, അവതാരണം, ഉപന്യസ്തവാക്യം, അവതരണം.

Citron, *n.* ജംബീരം, ജംഭീരം, ബീജപൂരം.

City, *n* പുരി, നഗരം, **-Citizen,** *n.* പൌരൻ, പുരവാസി; 'c s and villagers പൌരജാനപദന്മാർ'; **-like,** *adv.* പൌരവത്; പൌരനെപ്പോലെ, **-ship,** *n.* പൌരത്വം, പൌരാധികാരം.

Civet, -cat, *n.* ഗന്ധമാൎജ്ജാരൻ, വെരുക്.

Civil, *n.* പൌരൻ, പൌരീ.

Civil, *a.* ദക്ഷിണമായ, സാദരം, പ്രിയംവദം, സാന്ത്വനയം, അനുകൂലം; നഗരസംബന്ധമായ, പൌരസംബന്ധമായ, രാജ്യസംബന്ധമായ; ഭരണാധീനമായ, നാഗരികത്വമുള്ള, ന്യായമുള്ള; 'c. year ജനവരിയിൽ തുടങ്ങുന്ന സാധാരണവൎഷം'; 'c. service രാജ്യഭരണത്തിലെ ഉദ്യോഗസേവനം'; 'c. war പ്രകൃതിക്ഷോഭം, ജനപ്രകോപം'; **-ity,** *n.* ദാക്ഷിണ്യം, ആദരം, സൌജന്യം, സുശീലത; **-ly,** *adv.* സാദരം, സപ്രശ്രയം; **-Civilize,** *v. t.*

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഗരികത്വംവരുത്തുക, ഉൽക്കർഷപ്പെടുത്തുക, **-ation,** *n.* സഹ്യത, ആചാരശിഷ്ടത; നാഗരികത്വം; **-ed,** *a.* നാഗരികത്വമുള്ള.

Clack, *v. i.* കിലകിലാരവമുണ്ടാകുക; മുഴക്കത്തോടെ സംഭാഷണംചെയ്ക; *n.* വാവദൂകത, അതിജല്പനം; മുഴക്കം, കിലകിലാരവം; പരുഷശബ്ദം.

Clad, *see under* **Clothe.**

Claim, *v. t.* അവകാശംപറയുക, അവകാശപ്പെടുക, അവകാശം ചോദിക്കുക; ഉറപ്പായി പറയുക; *v. i.* അവകാശിയായിരിക്ക, അവകാശംലഭിക്ക; അർഹിക്ക; *n.* അധികാരം, അവകാശം ന്യായം; **-ant,** *n.* അർത്ഥി, പ്രാർത്ഥയിതാവു്.

Clam, *v. t.* സാന്ദ്രീകരിക്ക, ഒന്നിച്ചുമണിയടിക്ക; *n.* ഘണ്ടാനാദം; **-my,** *a.* സാന്ദ്രമായ, ഘനമായ.

Clamancy, *n.* ആവശ്യകത.

Clamant, *a.* സോല്പ്രാസമാക്രോശിക്കുന്ന, ഉച്ചത്തിലാക്രോശിക്കുന്ന.

Clamber, *v. i.* പിടിച്ചുകയറുക, പ്രയാസപ്പെട്ടുകയറുക, ആയാസത്തോടെ കയറുക.

Clamor, Clamour, *v. i.* നിലവിളിക്കുക, ആർക്കുക, ആവലാധിപറക, ബുദ്ധിമുട്ടിച്ചുചോദിക്കുക; *n.* മഹാരവം, നിലവിളി, കൂകിവിളി, ആരവം; **-ous,** *a.* മഹാസ്വനമായ, മുഖരം.

Clamp, *v. t.* പട്ടയിട്ടുറപ്പിക്കുക, കെട്ടുകെട്ടിക്കുക; മണ്ണിട്ടുമൂടുക; *n.* ഇഷ്ടകാരാശി; കീലകം; പാദാഘാതം.

Clan, *n.* ഗണം; വംശം, കുലം, വർഗ്ഗം, ശംഖ, ജാതി; 'c. s man, *n.* വംശ്യൻ.

Clandestine, *a.* നിഭൃതമായ, രഹസ്യമായ, പ്രച്ഛന്നം, ഗൂഢം; 'c. marriage ചോരികാവിവാഹം'; **-ly,** *adv.* നിഭൃതമായി, ഒളിച്ചു്.

Clang, *v. i.* ക്വണിക്ക, ധ്വനിക്ക, ശിംജിക്കുക; *n.* ശിഞ്ജിതം, ക്വണിതം, തുമുലരവം, ശസ്ത്രഘോഷം.

Clank, *n.* കില്വക്കം, ശിഞ്ജിതം, ക്വണിതം, ഝംഝനം.

Clap, *v. t.* താളംപിടിക്കുക; കൊട്ടുക, ന്യസിക്കുക; കൈകൊട്ടിപ്രശംസിക്ക; കാരാഗൃഹത്തിലിടുക; (to, into, up, upon) അടയ്ക്കുക, ചാരിക്കളക; **-ing,** *n.* കൈത്താളം, താളം; പ്രശംസാശബ്ദം; മേഘശബ്ദം; ധ്വനി, സംഘാതശബ്ദം; **-per,** *n.* മണിനാക്കു്; കൈ കൊട്ടുന്നവൻ.

Claptrap, *n.* പ്രശംസ കിട്ടുവാനുള്ള തന്ത്രം.

Claret, *n.* ഒരുവക മദ്യം.

Clarify (-'fi) *v. t.* സംശോധിപ്പിക്ക, വിമലീകരിക്ക; *v. i.* വിമലീഭവിക്ക, പ്രസാദിക്ക, തെളിയുക.

Clarinet, Clarionet, *n.* വേണു, വംശം, കുഴൽ.

Clarion, *n.* തൂര്യം, കാഹളം, കാളം.

Clarity, *n.* തിളക്കം, സ്വച്ഛത, ശോഭ.

Clash, *v. t. and v. i.* തമ്മിൽമുട്ടുക ,സംഘട്ടനംചെയ്ക, വിരോധിക്ക, ഇടയുക; *n.* കൂട്ടിമുട്ടൽ, സംഘട്ടം; വിരോധം, വിസംവാദം, വിപ്രതിപത്തി; **-ing,** *a.* പരസ്പരവിരോധിയായ, വിരുദ്ധാത്മമായ, വിസംവാദിയായ.

Clasp, *v. t.* ആശ്ലേഷിക്ക, ആലിംഗനംചെയ്ക, പരിഷ്വജിക്ക, പരിരംഭണംചെയ്ക; കൊളുത്തുക, പരിവേഷ്ടിക്ക, അമുഴ്ത്തുക; *n.* ആശ്ലേഷം, ആലിംഗനം, പരിരംഭം, പരിഷ്വംഗം; കൊളുത്തു്, പട്ട; 'c. knife മടക്കുകത്തി'; **-er,** *n.* ലത, വള്ളി.

Class, *n.* വർഗ്ഗം, സഹാദ്ധ്യായിഗണം, ശ്രേണി, ഗണം, സമൂഹം, സംഘം; ജാതി; വർണ്ണം; 'people of lower c. അപരവർണ്ണന്മാർ, അന്ത്യജാതീയർ'; 'of the same c. വർഗ്ഗ്യം, വർഗ്ഗീയം, സവർണ്ണം; **-ify,** *v. t.* വർഗ്ഗക്രമേണ തിരിക്കുക, തരംതിരിക്കുക, വർഗ്ഗീകരിക്ക, ഗണീകരിക്ക; **-Classical,** *a.* സംസ്കൃതമായ, ശ്രേഷ്ഠം, പ്രഥമവർഗ്ഗീയം; **-fier,** *n.* ഗണകാരൻ, തരംതിരിക്കുന്നവൻ; വൈയാസൻ.

Clatter, *n.* പടപടശബ്ദം, ക്വണിതം, ധ്വനി, തുമുലരവം, ഝണഝണശബ്ദം; *v. i.* ക്വണിക്കുക, ധ്വനിക്കുക.

Clause (klauz), *n.* പദം, അംശം, അധികരണം; വാക്യം; നിയമം.

Clausure, *n.* അവരോധം, തടവു്.

Clavated, *a.* ഗ്രന്ഥിലം, ജടിലം.

Clavicle, *n.* പൂണെല്ലു്, കണ്ഠാസ്ഥി.

Claw, *n.* നഖം, നഖരം; *v. t.* മാന്തുക, നഖത്താൽ കീറുക.

Clay, . കളിമണ്ണു്; മൃത്തിക; പങ്കം, ജംബാളം; ദേഹം, 'made of c. മൃൺമയമായ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

v. t. ചളിപുരട്ടുക; **-ish,** *a.* പങ്കിലം, കർദമം, ചളിയായ.

Claymore, *n.* കൊട്ടുവാൾ.

Clean, *a.* വൃത്തിയായ, ശുചിയായ, പവിത്രമായ, വിശുദ്ധം, നിർമ്മലം; നിർദ്ദോഷം; മസൃണം; *v. t.* ശുദ്ധിപ്പെടുത്തുക; *adv.* മുഴുവനും, സാകല്യേന; **-ly,** *a* നിർമ്മലം, പവിത്രദേഹം; *adv.* ശുചിയായി, നിർമ്മലമായി; **-liness,** *n.* ശൗചം, ശുദ്ധി, നിർമ്മലത; **-ness,** *n.* ശുചിത, പവിത്രത്വം, നിർമ്മലത, അഴുക്കില്ലായ്മ.

Cleanse (klenz), *v. t* ശുദ്ധമാക്കുക, പൂതമാക്കുക; കഴുകുക, പവിത്രീകരിക്ക; **-er,** *n.* ശോധകൻ, ശുദ്ധമാക്കുന്നവൻ, കഴുകുന്നവൻ.

Clear (kler), *a.* പ്രസന്നം, സ്വച്ഛം, തെളിവുള്ള; സ്പഷ്ടം, സുപ്രകാശം, വ്യക്തം; (fig) നിശ്ചിന്തം, നിഷ്കളങ്കം, നിസ്സന്ദേഹം; *adv.* സ്പഷ്ടമായി, തെളിവായി; അശേഷം, മുഴുവനും; *n.* വിസ്തീർണ്ണതയഖിലം; അകം; 'make c. വ്യക്തമാക്കുക, തെളിവാക്കുക'; 'in the c. ഉള്ളിൽ'; 'to get c. off വിട്ടുപോക'; 'to come off c. ദോഷംകൂടാതെയിരിക്കുക'; 'to keep c. from ഒഴിഞ്ഞുനില്ക്കുക'; 'c. form debt കടംവീട്ടുക, ഋണമുക്തമാക്കുക'; 'stand c. തെറുക'; **-age,** *n.* നീക്കം; **-ance,** *n.* നീക്കം, വെടിപ്പ്, ചുങ്കച്ചീട്ട്, കപ്പലോട്ടത്തിനുള്ള സാഹചര്യപത്രം; ലാഭം; 'c. cut പ്രത്യേകതയുള്ള, സംക്ഷിപ്തമായ'; 'c. headed പ്രസന്നമതിയായ'; 'c. sighted വിവേകമുള്ള'; *v. t.* തെളിവാക്കുക, വെളിവാക്കുക; മോചിപ്പിക്കുക; ദോഷംനീക്കുക; ലംഘിക്കുക; ലാഭംപ്രാപിക്ക, ലാഭമാക്കുക; മുടക്കംനീക്കുക; 'to c. ship for action കപ്പൽപടയ്ക്കൊരുക്കുക'; 'to c. the land കപ്പൽ പുറങ്കടലിൽ പോക'; 'to c. up സംശയം തീർക്കുക'; *v. i.* (up, of, away) തെളിയുക, മേഘംനീങ്ങുക, ഒഴിവുലഭിക്ക; കപ്പലോടിക്കാൻ അനുവാദംലഭിക്ക; 'to c. out പോകുക'; **-ly,** *adv.* വ്യക്തമായി, സ്പഷ്ടമായി; പ്രസന്നമായി, സ്പഷ്ടാർത്ഥമായി; **-ness,** *n.* തെളിവ്, പ്രസാദം, വൈശദ്യം, വിമലത, ശുദ്ധി; സ്പഷ്ടത.

Cleave, *v. i.* പററുക, ചേരുക; സംലഗ്നമാക; ഉചിതമായിരിക്ക, വിള്ളുക, വിദലിതമാകുക; *v. t.* ചിന്തുക, പിളക്കുക, വിദാരണംചെയ്ക, വിഭേദിക്ക, വിപാടനംചെയ്ക; **-Clevage,** *n.* പിളപ്പ്; രത്നക്കഷ്ണം; **-er,** *n.* വെട്ടുകത്തി; **Cloven,** *a.* പിളന്ന, വിദീർണ്ണം, വിഭിന്നം; 'c. hoofed ദ്വിശഫം, ഇരട്ടക്കുളമ്പുള്ള'.

Cleft, *a.* വിള്ളൽ, ദരി, ഭംഗം, സന്ധി, രന്ധ്രം.

Clement, *a.* ശാന്തമായ, കരുണമായ; **-ency,** *n.* ക്ഷമ, ശാന്തത, സൌമ്യത, കാരുണ്യം, കൃപ.

Clench, Clinch, *v. t.* (the fist) മുഷ്ടിചുരുട്ടുക, കൈമടക്കിയിടിക്കുക, മുഷ്ടിചുരുട്ടി പീഡിപ്പിക്ക; ദൃഢീകരിക്ക, സ്ഥിരീകരിക്ക.

Clepsydra, *n.* നാഴികവട്ടക.

Clergy, *n.* പുരോഹിതവർഗ്ഗം, ധർമ്മാദ്ധ്യാപകവർഗ്ഗം; **-man,** *n.* പുരോഹിതൻ, ധർമ്മശംസകൻ, ധർമ്മപ്രവക്താവ്; **-Clerical,** *a.* യാജകീയം, ധർമ്മോപദേശവിഷയം; ലോകസംബന്ധിയായ, എഴുത്തുസംബന്ധിച്ച, രായസം സംബന്ധിച്ച.

Clerk, (klärk), *n.* ലിപികാരൻ, ലേഖകൻ, കണക്കപ്പിള്ള; ധർമ്മാദ്ധ്യാപകൻ; പണ്ഡിതൻ, കൃതവിദ്യൻ; **-ship,** *n.* എഴുത്തുജോലി.

Clever, *a.* ചതുരം, ദക്ഷം, വിചക്ഷണം, വിദഗ്ദ്ധം, നിപുണം, കശലം; മിടുക്കുള്ള; **-ly,** *adv.* ചതുരമായി, സപാടവം; **-ness,** *n.* മിടുക്ക്, ചാതുര്യം, വൈചക്ഷണ്യം, പാടവം, നൈപുണ്യം, മതിപ്രകർഷം.

Clew, Clue, *n.* നൂലുണ്ടാക്കുന്ന സൂത്രകോശം; തുമ്പ്, ഒററ്, മാർഗ്ഗദർശകം; *v. t.* വഴികാട്ടുക, ഒററുകൊടുക്കുക.

Click, *v. t.* സംഘട്ടനംചെയ്ക, മുട്ടുക; കിടുകിടശബ്ദമുണ്ടാക്കുക; *v. t.* മുഴക്കുക; *n.* കിടുകിടശബ്ദം; വാതലിന്റെ കൊളുത്ത്.

Client, *n.* കക്ഷി; ചാന്നവൻ, ആശ്രിതൻ; **-ele,** *n.* അനുസംഘാതം.

Cliff, *n.* പ്രപാതം, കീഴാംതൂക്കായ കല്ല്.

Clift, *n. see* **Cleft.**

Climate, Clime, *n.* പ്രകൃതി, ശീതോഷ്ണാവസ്ഥ; ദേശം, പ്രദേശം.

Climax, *n.* പരമകാഷ്ഠ, പരാകോടി, സമഗ്രാവസ്ഥ, ഉച്ചാവസ്ഥ.

Climb (klīm), *v. t. or v. i.* പററിക്കേറുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുക, കേറുക; ആരോഹണംചെയ്ക, മുകളിൽ കയറുക; **-er**, *n.* കേറുന്നവൻ, അധിരോഹി, ആരോഢാവ്; വല്ലരി, വല്ലി, വള്ളി.

Clinch, *n.* ശ്ലേഷം, രണ്ടർത്ഥമുള്ള വാക്യം.

Cling, *v. i.* ഒട്ടിക്കൊള്ളുക, പററിക്കൊള്ളുക, ചേരുക, കെട്ടിപ്പിടിക്ക; *n.* ചേച്ച്; ഭീതി; ഭക്തി.

Clinic, *n.* ദീനക്കാരൻ, രോഗപീഡിതൻ; രോഗിയുടെ കിടക്കയ്ക്കടുത്തുവച്ച് വിദ്യാർത്ഥികൾക്കു നൽകുന്ന ചികിത്സോപദേശം; **-Clinical**, *a.* കിടപ്പിലായ; രോഗത്തെപ്പററിയുള്ള; 'c. l baptism രോഗശയനീയമതകർമ്മാനുഷ്ഠാനം'; 'c. l thermometer ജ്വരമാത്ര'.

Clink, *v. t. and v. i.* കിലുകിലുക്കുക; *n.* ശിഞ്ജിതം, ക്വണിതം, കിങ്കിണീശബ്ദം; നാദം, ശബ്ദം.

Clip, *v. t.* നറുക്കുക, കത്തരിക്ക, കുറയ്ക്കുക, കുറുക്കുക; മുറുകെകെട്ടിപ്പിടിക്ക, ഇറുക്കുക; സംഹരിക്ക; **-per**, *n.* വഞ്ചകൻ; മുണ്ഡി; **-ping**, *n.* ഖണ്ഡം, വിദലം, നറുക്ക്.

Clique, (klēk), *n.* കക്ഷി, ഇനം, ഗണം, സംഘം; **-ism**, *n.* സംഘശീലത.

Cloak, *n.* കഞ്ചുകം, പ്രാവാരം, അവഗുണ്ഠനം; കപടവേഷം, വ്യാജം; *v. t.* മൂടുക, മറയ്ക്കുക, അവഗുണ്ഠനംചെയ്യുക.

Clock, *n.* നാഴികമണി, ഘടിക, യാമനാളി; **-maker**, *n.* ഘടികാരൻ; **-work**, *n.* ഘടീകർമ്മം.

Clod, *n.* മണ്ണാങ്കട്ട. പൂഴി, ലോഷ്ടം; കട്ട, പിണ്ഡം; ഭൂമി; 'c. hopper കൃഷീവലൻ, ഗ്രാമ്യൻ, മന്ദധീ'; *v. t.* കട്ടകൊണ്ടു ദണ്ഡിക്ക; **-dy**, *a.* ലോഷ്ടപൂർണ്ണം, ലോഷ്ടമയം, കട്ടനിറഞ്ഞ.

Clog, *v t.* ഉപരോധിക്ക, നിരോധിക്ക, തടയുക, പ്രതിബന്ധിക്ക, സ്തംഭിക്ക; ചങ്ങലതളയ്ക്കുക; *n.* പാശം, ബന്ധനം, ശൃംഖല; വിഘ്നം, അന്തരായം; **-gy**, *a.* പ്രതിരോധിയായ, വിഘ്നകരമായ, തടസ്സമുണ്ടാക്കുന്ന, തടയുന്ന.

Cloister, *n.* മഠം, വിഹാരം; **-al**, *a.* തനിയേ ഇരിക്കുന്ന, വിവിക്തസേവിയായ; **-er**, *n.* മുനി, സന്ന്യാസി.

Close (klōs), *v. t.* അടയ്ക്കുക, മറയ്ക്കുക, മൂടുക, നിമീലനംചെയ്ക; സംയോജിപ്പിക്ക; പൊതിയുക; അവസാനിക്കുക, സമാപിക്കുക; *v. i.* തമ്മിൽചേരുക, മുകുളീഭവിക്ക, മുറിക്കൂടുക; അവസാനിക്കുക; 'c. round മുഴുവനും പരിവേഷ്ടിക്ക'; 'c. with യോജിക്ക; സംഘട്ടനംചെയ്ക; യുദ്ധംചെയ്ക; *n.* ഒടുവ്, ഒടുക്കം, അവസാനം, അന്തം, വിരാമം, ക്ഷയം, സിദ്ധി, സമാപ്തി; വളച്ചുകെട്ടിയസ്ഥലം, നടപ്പുര; *a.* അടച്ചിരിക്കുന്ന, പൂട്ടിയിരിക്കുന്ന, നിമീലിതം; ബദ്ധം, തടഞ്ഞിരിക്കുന്ന; ഗാഢം, അശിഥിലം, ദൃഢം, ഘനം; അവിരളം, സാന്ദ്രം, നിബിഡം, നിരന്തരം; ആസന്നം, സമീപസ്ഥം, നികടവർത്തി, സമീപമായ, നികടമായ; വിവിക്തം, ഗുപ്തം; ഏകാഗ്രം; നിർവാതം; സങ്കടം, സങ്കുചിതം, അവിസ്തൃതം, ഇടുങ്ങിയ; ദൃഢസൗഹൃദം, സുപരിചിതം, ഉററ; കൃപണമായ; സംക്ഷിപ്തമായ; *adv.* അടുത്ത്, സമീപത്തിൽ, നിരന്തരമായി; **-ly**, *adv* നിഭൃതമായി, രഹസ്യത്തിൽ; നിരന്തരമായി; ചിത്താസക്തിയോടെ; ഗാഢമായി, ദൃഢമായി; **-ness**, *n.* സമീപത, സന്നികർഷം, സന്നിധി; രഹസ്സ്, ഗുപ്തി; ഘനത; നിർവാതത.

Closet, *n* ഉള്ളറ, നിഭൃതാഗാരം; *v. t.* ഉള്ളറയിൽവച്ചുപൂട്ടുക, മറച്ചുവയ്ക്കുക, സ്വകാര്യമായി സംസാരിക്ക.

Closure, *n.* പ്രാവരണം; അടവ്; വാദസമാപ്തി.

Clot, *n.* കട്ട, പിണ്ഡം, ഘനത, ഗുല്മം 'c. of blood കട്ടച്ചോര, ഘനശോണിതം'; 'c. of hair ജട'; *v. i.* സാന്ദ്രീഭവിക്ക, കട്ടിയാകുക, ഘനീഭവിക്ക, പിണ്ഡീഭവിക്ക, ജടയാകുക; **-ted. -ty**, *a.* പിണ്ഡീഭൂതം, ഘനീഭൂതം, കട്ടയായ.

Cloth, *n.* വസ്ത്രം, വസനം, ചേല, അംബരം, മുണ്ട്; 'fine c. നേരിയത്, അംശുകം'; **-Clothe**, *v. t.* മുണ്ടുടുക്കുക, മുണ്ടുചുററുക, വസ്ത്രാലങ്കാരംചെയ്യുക; **-ed**, **-Clad**, *a.* (in) വസ്ത്രംധരിച്ച, സംവീതമായ; **ier**, *n.* മുണ്ടുനെയ്യുവോൻ, പടകാരൻ, വസ്ത്രനിർമ്മാതാവ്; **-ing**, *n.* പരിധാനം, ആച്ഛാദനം, പരിച്ഛദം, വസനം, ഉടുപ്പുസാമാനങ്ങൾ; 'food and c. ഗ്രാസാച്ഛാദനം, ഊണും ഉടുപ്പും'.

Cloud, *n.* കോള്, കാറ്, മേഘം, ഘനം, അഭ്രം, ജീമൂതം, ധൂമയോനി, (fig) ഘശവിഷാണം, ഖപുഷ്പം; പടലം; ദുർന്നിമിത്തം; *v. t.* മറയ്ക്കുക; ആവരണംചെയ്യുക; ഇരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളാൽമറയ്ക്കുക; മലിനമാക്കുക; **-ed,** *a.* കാർകൊണ്ട, മേഘാവൃതമായ, അഭ്രിതം, അഭ്രാച്ഛാദിതം, തമോവൃതം; **-less,** *a.* കാറില്ലാത്ത, നിരഭ്രം, അമേഘം etc; **-y,** *a.* കാറുപരന്ന, മേഘാകീർണ്ണം, ഇരുളടഞ്ഞ, തമോവൃതം, തിമിരാച്ഛന്നം, ഇരുണ്ട.

Clough (kluf, klow), *n.* കന്ദരം, ദരി, മലയിടുക്ക്.

Clout, *n.* ഒട്ടിക്കുന്ന തുണി; പ്രഹാരം, ആഘാതം; *v. t.* ജീർണ്ണവസ്ത്രങ്ങളെ തുന്നിച്ചേർക്കുക; പ്രഹരിക്ക, അടിക്കുക; **-erly** *a.* ഗ്രാമ്യമായ.

Clove, *n.* ലവംഗവൃക്ഷം; ലവംഗം, ദേവകുസുമം.

Clover, *n.* ഒരുചെടി, ത്രിപത്രം; 'in c. ഐശ്വര്യം, ഭാഗ്യം'.

Clown, *n.* ഗ്രാമ്യൻ, നാടൻ, കൃഷീവലൻ, വൃഷലൻ, ജാനപദൻ, അസഭ്യജനം; **-ishly,** *adv.* ഗ്രാമ്യവത്, ആഭാസമായി.

Cloy, *v. t.* നിറച്ചുമുട്ടിക്കുക; മൂക്കുമുട്ടെത്തിന്നുക, ചെടിക്കുംവരെത്തിന്നുക; കുത്തിനിറയ്ക്കുക; കുത്തിവാരുക.

Club, *n.* വടി, ഗദ, ലഗുഡം, പരിഘം; ഗണം, സമാജം, മേളകം; പംക്തി, സഹഭോജികളുടെ സംസർഗ്ഗം; അംശം, ഭാഗം, *v. t.* ഗദകൊണ്ടടിക്കുക; സഞ്ചയിക്ക; മേളിക്ക, ഒന്നിച്ചുകൂടുക; വ്യയംവിഭജിപ്പിക്ക.

Cluck, *v. i.* കൊക്കുക, പനററുക; *v. t.* കൊക്കിവിളിക്കുക, വിളിച്ചുകൂട്ടുക; *n.* പനററൽ.

Clue, *n. see* **Clew.**

Clump, *n* കട്ടി, ഗുച്ഛം, സഞ്ചയം, തോപ്പ്; കൂട്ടം, കുല, സ്തംബം, ഗുല്മം, *v. i.* ജഡഗതിയായിപ്പോക.

Clumsy, *a.* അചതുരം, അദക്ഷം, അസുന്ദരം, ഗ്രാമ്യം, സ്ഥൂലം. **-ly,** *adv.* അദക്ഷമായി, അപാടവമായി; **-ness,** *n.* അചാതുര്യം.

Cluster, *n.* കുല; കററ, ഗുല്മം, ഗുച്ഛം, സ്തംബം, സ്തബകം, സംഘം, ഗണം, സമൂഹം, സമുദായം; *v. t.* ഒരിടത്തുചേരുക, ഏകീഭവിക്ക, പിണ്ഡീഭവിക്ക; *v. t* ഏകീകരിക്ക, പിണ്ഡീകരിക്ക, സമാഹരിക്ക.

Clutch, *v. t.* ഗ്രഹിക്ക, എടുക്കുക, ചുരുട്ടിപ്പിടിക്കുക; *v. i.* കൈനീട്ടുക, തട്ടിപ്പറിക്ക; *n.* ഗ്രഹം; ഗ്രഹണം, മുഷ്ടിബന്ധം, കൈ, നഖം.

Clutter, *n.* കുഴപ്പം, കോലാഹലം, തുമുലശബ്ദം; *v. i.* കോലാഹലമുണ്ടാക്കുക, സങ്കുലമായിത്തീരുക.

Clyster, *n.* വസ്തിപ്രയോഗം; 'c. pipe വസ്തി'.

Coacervate, *see* **collect.**

Coach, *n.* വണ്ടി, രഥം, വാഹനം; 'c. house രഥശാല'; 'c. maker രഥകാരൻ'; 'c. man വണ്ടിക്കാരൻ, സൂതൻ, സാരഥി; *v. t.* വണ്ടിയിൽ കയററിക്കൊണ്ടുപോക; സ്വകാര്യമായി പഠിപ്പിക്ക; *v. i.* വണ്ടിയിൽ സവാരിചെയ്ക.

Co-act, *v. t.* നിർബന്ധിക്കുക; *v. i.* സഹകരിക്ക; **-ion,** *n.* ബലാൽകാരം; **-ive,** *a.* പ്രമാഥി, ബലാന്വിതൻ, സബലൻ.

Coadjacent, *a. see* **Adjacent.**

Coadjutant, *a.* പരസ്പരസഹായമായ, സഹകാരിയായ,

Coadjutor, *n.* സഹായിക്കുന്നവൻ, സഹകാരി, കൂട്ടാളി.

Coagulate, *v. t. and v. i.* ഘനീകരിക്ക, കട്ടിയാക്കുക, ഘനീഭവിക്ക, ഉറയുക; **-ion,** *n.* ഉറയൽ, സംഹതി.

Coal, *n.* കല്ക്കരി, നിലക്കരി, വിളക്കരി; *v. i.* കരിയെടുത്തുകൊള്ളുക; 'c. field, *n.* കല്ക്കരിഭൂമി, ഖനിജാംഗാരക്ഷേത്രം'; 'c. gas, ഖനിജാംഗാരവായു, കല്ക്കരിവായു'; 'c. mine, pit കല്ക്കരിഖനി. കല്ക്കരിക്കുഴി'.

Coalesce, *v. i.* ചേരുക, സമ്മേളിക്ക, സംഗമിക്ക, ഏകീഭവിക്ക, സംശ്ലേഷിക്ക, **-ence,** *n.* സംമിളനം; **-ent,** *a.* ചേരുന്ന, ഒന്നിക്കുന്ന, സംമിളിതമായ, **Coalition,** *n.* ചേർച്ച, സംയോഗം, സംശ്ലേഷം, മേളനം.

Coalise, *v. i.* സന്ധിയുണ്ടാക്ക.

Coarse (kōrs), *a.* തടിച്ച, കനത്ത, സ്ഥൂലമായ, ഘനം, അസഭ്യം, അശ്ലീലം, ഗ്രാമ്യം; അവാച്യം, നീചം, നികൃഷ്ടം, ഗർഹ്യം; **-en,** *v. t.* തടിപ്പിക്കുക, സ്ഥൂലീകരിക്ക; ഘനീകരിക്ക; **-ish,** *a.* ഈഷൽസ്ഥൂലമായ; ഘനമായ; **-ness,** *n.* സ്ഥൂലത, ഗ്രാമ്യത, അശ്ലീലത; തടിപ്പ്.

Coast, *n.* തീരം, തടം; സീമ; ദേശം, പ്രദേശം; *v. i.* കരയടുത്ത് ഓടുക; തുറമുഖം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തോരംവച്ച് കപ്പലോട്ടുക; **-ing**, *a.* തീരമട്ടത്തു, സഞ്ചരിക്കുന്ന; **-line**, *n.* തീരരേഖ; **-ward** *adv.* അഭിതീരം, കരയിലേക്ക്, കരയ്ക്ക്; **-wise**, *adv.* അനുതീരമായി, കരപററി, കരപിടിച്ച്.

Coat, *n.* ഉടുപ്പ്, കോട്ട്, കഞ്ചുകം; 'c. of mail, *see* **Armour**; 'c. of arms കുലചിഹ്നം'; പടലം; ആച്ഛാദനം, പുടം, ആവേഷ്ടനം; രോമം (മൃഗങ്ങളുടെ); *v. t.* ആച്ഛാദിക്ക, അവഗുണ്ഠനം ചെയ്ക, കുപ്പായമിടുക; പൂശുക, പൊതിയുക; **-ing**, *n.* പടലം, പുടം, ആച്ഛാദനം, ലേപം, തേപ്പ്, പൂച്ച്, കഞ്ചുകവസ്ത്രം, ഉടുപ്പിനുള്ള തുണികൾ.

Coax, *v. t.* ചാട്ടുവാക്യങ്ങളാൽ സാന്ത്വനം ചെയ്ക, അനുനയിക്ക, പറഞ്ഞുമയക്കുക, *n.* പൊണ്ണൻ, പൊട്ടൻ; **-er**, *n.* ചാട്ടുവാക്യകാരൻ, മുഖസ്തുതിക്കാരൻ; **-ing**, *n.* ചാട്ടുവചനം.

Cob, *n.* അഗ്രം: തലവൻ; ലുബ്ധൻ; തട്ടുകതിര; കററ, ചിലന്തി.

Cobalt, *n.* മനശ്ശില; ഒരുവക നീലവർണ്ണം.

Cobble, *n.* തുണ്ടംവച്ചു തുന്നുക: വൃത്തികേടായി തയ്ച്ചുനന്നാക്കുക; **-bler**, *n.* ചെരുപ്പുകുത്തി, ചക്കിലിയൻ, നിപുണനല്ലാത്ത, ശില്പി.

Cobra, *n.* നാഗം, ഫണി, പാമ്പ്.

Coccyx (kok'siks), *n.* ഗുദാസ്ഥി.

Cochineal, *n.* രക്തവർണ്ണമുള്ള പ്രാണി, ചെഞ്ചായം.

Cochlea, *n.* കർണ്ണവള്ളി.

Cock, *a.* പൂവൻകോഴി, താമ്രചൂഡം, ശിഖി; 'c. s comp ശിഖ, ചൂഡ; വേഷാഭിമാനി'; 'c. sparrow ചടകം; പ്രണാളി, ജലയന്ത്രം; മുഖരൻ, നായകൻ; തൃണോച്ചൂരം, ചെറുതോണി; തോക്കുകൊത്തി'; 'c. and bull story കള്ളക്കഥ, പച്ചക്കളവ്'; 'c. of the walk തലവൻ'; 'game c. പോരുകോഴി'; 'c. eye കോങ്കണ്ണ്'; 'c. swain വഞ്ചിമൂപ്പൻ'; 'c. fair ഭീരു'; *v. t.* ഉന്നമിപ്പിക്ക, ഉൽക്ഷേപിക്ക; *v. i.* സലീലം ചലിക്ക, സലീലം ചരിക്ക, ദർപ്പിക്ക; **Cocky**, *a.* സാഹങ്കാരത്തോ, സ്വാവലംബ്യമായ, സ്വതന്ത്രമായ.

Cockatrice, *n.* പെരുമ്പാമ്പ്.

Cockboat, *n.* ചരക്കുവള്ളം, ക്ഷുദ്രനൌക, പൊട്ടുവള്ളം.

Cocker, *v. t. see* **Fondle.**

Cockle, *n.* കള; ശുക്തി, ചിപ്പി.

Cockloft, *n.* മച്ച്, മച്ചിൻപുറം, ചന്ദ്രശാല, ശിരോഗൃഹം.

Cockney, *n.* ഓമനബാലകൻ, അധീരൻ; നഗരവാസി.

Cocoanut, *n.* തേങ്ങാ, നാളികേരം; കേരശികാഫലം (tree); തെങ്ങ്, തൃണദ്രുമം.

Cockroach, *n.* പാററ, ക്രറ.

Cocoon, *n.* പട്ടുപുഴുവിന്റെ കൂട്, കോശം.

Coction, *n.* വേവ്, ഭക്ഷണപാകം, ജഠരാഗ്നിബലം.

Cod, *n.* തോട്; ചെറുസഞ്ചി; ബീജകോശം; തലയണ; ഒരുതരംമത്സ്യം; 'c. liver oil മീൻനെയ്യ്'.

Coddle, *v. t.* പതുക്കെവേവിക്കുക; ഓമനിക്കുക; *n.* സ്ത്രീപ്രകൃതി, സ്ത്രൈണം.

Code, *n.* ചട്ടപ്പുസ്തകം; സംഹിത; ധർമ്മസംഹിത; **-ify**, *v. t.* നിയമം രേഖപ്പെടുത്തുക.

Codefendant, *n.* കൂട്ടുപ്രതി.

Codger, *n.* അധമൻ; കിഴവൻ; ഒരാൾ.

Codicil, *n.* മരണപത്രാനുബന്ധം.

Coefficacy, *n.* സഹകാരിത, സംയോഗിത.

Coefficient (-'fish'ent), *n.* മാനം, ഗുണം.

Coemption, *n.* അഖിലവസ്തുക്രയം, എല്ലാവസ്തുക്കളുടെയും വില്പന.

Coequal, *a.* സമാനപദസ്ഥമായ, സമാനധർമ്മമായ, സമാനഭാവമായ; **-ity**, *n.* സമാനാവസ്ഥ, തുല്യഭാവം, സഹധർമ്മം.

Coerce, *v. t.* സംയമിക്ക, നിരോധിക്ക, നിയന്ത്രിക്ക; നിർബന്ധിക്ക; **-ion**, *n.* സംയമം, നിയന്ത്രണം; **-ive**, *a.* നിയാമകമായ, പ്രതിരോധിയായ, നിർബന്ധിക്കുന്ന.

Coetaneaous, **Coeval**, *a.* സമകാലീനം, തുല്യവയസ്സം; *n.* വയസ്യൻ, തുല്യവയസ്സ്

Coexist (-egz-ist), *v. i.* സമാവർത്തിക്ക, ഏകത്രവർത്തിക്ക or ഭവിക്ക, ഏകകാലത്തിൽ ഭവിക്ക or ജീവിക്ക; **-ence**, *n.* ഏകകാലാവസ്ഥാനം, സഹവർത്തനം, സഹജീവനം; **-ent**, *a.* സഹവർത്തിയായ, സഹജീവിയായ.

Coextend, *v. i.* സമാവിസ്തൃതമാകുക or വ്യാപിക്ക; **-sion**, *n.* അഭിവ്യാപ്തി, സമവിസ്താരം.

Coffee (ko.'i), *n.* കാപ്പി എന്ന പടം, കുരു or പാനീയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Coffer, *n.* പെട്ടി, പണപ്പെട്ടി.

Coffin, *n.* ശവപ്പെട്ടി; *v. t.* ശവപ്പെട്ടിയിൽകിടത്തുക.

Cog, *v. t.* സ്തുതിക്കുക, വഞ്ചിക്കുക, ചതിക്കുക; *n.* ചക്രത്തിൻെറ പല്ല്, നേമിദന്തം.

Cogent, *a.* ബലവത്, പ്രബലം, നിരുത്തരം; **-ly,** *adv.* നിരുത്തരമായി; **-gency,** *n.* ബലം, സാമത്ഥ്യം, പ്രഭാവം, ശക്തി.

Cogglestone, *n.* ചുള്ളിഖണ്ഡം.

Cogitate, *v. t.* ചിന്തിക്ക, ധ്യാനിക്ക, വിമശിക്ക, ആലോചിക്ക; **-ion,** *n.* ചിന്ത, വിചാരം, വിതക്കം; **-ive,** *a.* ചിന്തനക്ഷമം; ചിന്തനപരം; **-able,** *a.* ചിന്ത്യം, മനോഗോചരം.

Cognate, *a.* സജാതിയായ, ഏകജാതീയം, തുല്യപ്രഭവം; *n* സജാതി, ജ്ഞാതി; **-ion,** *n.* ജ്ഞാതിഭാവം, സംബന്ധം, സജാതീയത്വം.

Cognition, *n.* ജ്ഞാനം, പ്രജ്ഞാനം, പ്രത്യക്ഷം.

Cognis(z)e, *v. t.* അറിയുക, കണ്ടറിയുക; **-able,** *a.* ജ്ഞേയം, ബോദ്ധ്യം; വിചായ്യം.

Cognisance, Cognizance, *n.* അറിവ്, വിചാരണം, ചച്ച, അനുയോഗം; ചിഹ്നം, ലക്ഷണം, സംജ്ഞ, ലിംഗം; 'to take c. of കാണുക, കണ്ടറിയുക, വിചാരിക്കുക etc'.

Cognomen, *n.* തറവാട്ടുപേർ, കുലനാമം, ഉപനാമം; വീട്ടുപേർ; **-mination,** *n.* ആരൂഢപ്പേർ.

Cohabit, *v. i.* സംവസിക്ക, അഭിഗമിക്ക, സംഭോഗംചെയ്യുക; **-tation,** *n.* സംവാസം, സംഭോഗം.

Coheir (-ār'), *n.* സഹദായഭാക്, കൂട്ടവകാശി.

Cohere (-hēr'), *v. i.* തമ്മിൽപററുക, തമ്മിൽചേരുക, സംശ്ലേഷിക്ക; യോജിച്ചിരിക്കുക; **-ence,** *n.* സംസക്തി, സംയോഗം, സംശ്ലേഷം, സംബന്ധം; **-ent,** *a.* സംശ്ലിഷ്ടം, സംലഗ്നം, തമ്മിൽപററിയ; സംഗതം, അവിരുദ്ധം, അനുരൂപം;

Cohesion, *n.* സംസക്തി, പരസ്പരചേർച്ച, സംയോഗം, സംശ്ലേഷം, സംലഗ്നത,

Cohesive, *a.* സാന്ദ്രം, സംലഗ്നശീലം, സ്നിഗ്ദ്ധം.

Cohobate, *v. t.* വീണ്ടും വാറ്റിപ്പിക്ക.

Cohort, *n.* സൈന്യദളം, ഗുല്മം.

Coif, *n.* മകുടം, ശിരസ്ത്രം, ശിരോവേഷ്ടനം, തൊപ്പി.

Coil, *n.* ചുരുൾ, മണ്ഡലം, ആവേഷ്ടനം; ഗുണം; തുമുലം, വ്യസ്തര; 'mortal c. നശ്വരദേഹം'; *v. t.* മണ്ഡലീകരിക്ക, വത്തുലീകരിക്ക, ചുരുട്ടുക, വൃത്തമാക്കിത്തീക്കുക; പരിവേഷ്ടിപ്പിക്കുക.

Coin, *n.* നാണയം, നാണകം; *v. t.* നാണയമടിക്ക, മുദ്രയടിക്ക; **-age,** *n.* മുദ്ര, കല്പന, സൃഷ്ടി; **-er,** *n* മുദ്രാകാരൻ, കല്പകൻ, നാണയമടിക്കുന്നവൻ.

Coincide, *v. i.* ഒക്കുക, ഏകീഭവിക്കുക, സംഗമിക്ക, ഏകമനസ്സാകുക, അനുരൂപമായി ഭവിക്കുക, സമാനമായി ഭവിക്കുക; **-ence,** *n.* സന്നിപാതം, സംഗമം, സംയോഗം; ഐകമത്യം, ഏകചിത്തത; സംവാദം, അനുരൂപത, ദൈവയോഗം; 'by an unlucky c ദുർദൈവാൽ'; **-ent,** *a.* സമ്പാതിയായ; സമകാലീനം; അവിരുദ്ധം, അനുരൂപം.

Coinheritance, *n.* ദായഭാഗം; **-itor,** *n.* ദായാദൻ.

Coinstantaneous, *a.* സമകാലീനം.

Coir, *n.* കയർ.

Coition, *n.* മൈഥുനം, സുരതം, രതിക്രിയ.

Coke, *n.* പാറിഎരിച്ച ഒരുവക നിലക്കരി.

Collaborator, *n.* സഹകാരി, സഹകൃത്തു; ഒത്തുപ്രവത്തിക്കുന്നവൻ.

Colander, *n.* അരിപ്പ, അരിച്ചുററി, ശോധിനി.

Colation, Colature, *n.* അരിക്കൽ, ശോധനം.

Cold, *a.* തണുത്ത, ശീതമായ, ശീതളമായ, (fig) അനാദരയുക്തം, വിരക്തം, നിഃസ്നേഹം, നിരുത്സാഹം, ഉദാസീനം; 'c blooded or hearted നിർദ്ദയം, നിഷ്ഠുരം'; *n.* ശീതം, കുളിര്, തണുപ്പ്, ശൈത്യം, ശിശിരം; **-ly,** *adv.* തണുത്തു്, ശൈത്യേന, നിരുത്സാഹമായി, **-ness,** *n.* ശീതത, ശൈത്യം; അനാദരം, നിഃസ്നേഹത, വിരക്തി, ഔദാസീന്യം.

Colic, *n.* നോവ്, ശൂലം, വേദന, ഉദരശൂലം, വയററുവേദന; *a.* വയററുനോവുണ്ടാക്കുന്ന.

Collapse, *v. i.* ക്ഷയിക്ക, ലയിക്ക, ഉടയുക, പൊളിയുക, സങ്കോചിക്ക; *n.* ഉടവ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൊളിവ്, സങ്കോചം, സംഹാരം, ക്ഷയം, ലയം.

Collar, *n.* കുപ്പായക്കഴുത്ത്, കാളർ, ഗ്രൈവം, ഗ്രൈവേയം, കണ്ഠഭൂഷണം, മാല; *v. t.* കാളർധരിക്കുക; **-bone,** *n.* ഗ്രീവാസ്ഥി, വാളയെല്ല്.

Collate, *v t.* ഒത്തുനോക്കുക, ശോധിക്കുക, നിരൂപിക്കുക; **-ion,** *n.* സംപരീക്ഷണം, സംശോധനം, ഉപമാനം; കാലത്തേഭക്ഷണം; വൃത്തിപ്രതിപാദനം; **-tor,** *n.* ഒത്തുനോക്കുന്നവൻ.

Collateral, *a.* ആനുഷംഗികം, പ്രാസംഗികം, നേരേയുള്ളതല്ലാത്ത, അസരളം; ഭിന്നശാഖം, ഉപലോമം; സമാനോദകം, സപിണ്ഡം; പാർശ്വാപാർശ്വികഗതം; *n.* സമകാലീനൻ; സപിണ്ഡൻ; **-ly,** *adv.* പാർശ്വാപാർശ്വിയായ, അസരളമായ, വക്രമായ, വളഞ്ഞ

Colleague (-lēg), *n.* സഹായൻ, സഹകാരി, സമാനവ്യാപാരൻ.

Collect, *v. t.* ശേഖരിക്ക, കൂട്ടുക, സമാഹരിക്ക, സംഭരിക്ക, പിണ്ഡീകരിക്ക, രാശീകരിക്ക; അനുമാനിക്ക, ഊഹിക്ക; *v. i.* സമ്മേളിക്ക,സമാഗമിക്ക; *see* **Assemble;** **-ion,** *n.* കൂട്ടം, ഗണം, സംഘം, നിവഹം, സമൂഹം, സമുച്ചയം, വൃന്ദം; **-ive,** *a.* കൂട്ടായ, സമവേതമായ, ഗണീഭൂതം, ഏകീകൃതം; **-ively,** *adv.* ഒന്നായി, ഒന്നിച്ച്, ഏകീഭവിച്ച്, സംഘമായി, സാകല്യേന; **-or,** *n.* ശേഖരിക്കുന്നവൻ, സംഗ്രാഹകൻ; അധികാരി.

College (kol′lej), *n* വിദ്യാലയം, പാഠശാല; മഠം, വിഹാരം; ഗണം, സമാജം, ജനസമൂഹം; **-Collegian,** *n.* വിദ്യാർത്ഥി; ഛാത്രൻ, വിദ്യാലയപ്രവിഷ്ടൻ; **-Collegiate,** *a.* വിദ്യാലയസംബന്ധമായ.

Collet, *see* **Collar.**

Collide, *v. i.* സമാഹനിക്ക കൂട്ടിമുട്ടുക, സംഘട്ടനംചെയ്ക, സമ്മട്ടിക്ക; **-Collision,** *n.* കൂട്ടിമുട്ടൽ, സംഘട്ടം, സമാഘാതം, പ്രതിപാതം, സമ്മട്ടം, സംഘർഷണം.

Colligation, *n.* സംബന്ധം.

Collimation, *n.* സന്ധാനം.

Collinear, *a.* സമരേഖാസ്ഥിതം, ഒരേ ഒരു ഋജുരേഖയിലുള്ള.

Collocate, *v. t.* സംസ്ഥാപിക്ക, പ്രതിസ്ഥാപിക്ക, വയ്ക്കുക, ന്യസിക്ക, നിവേശിപ്പിക്ക; നിയോജിപ്പിക്ക; **-ion,** *n.* വയ്ക്കൽ, ഇടൽ, സ്ഥാപനം, നിവേശനം.

Collocution, *n.* സംഭാഷണം, കഥാപ്രസംഗം, കഥായോഗം; സംവാദം, സങ്കഥ.

Collogue, *see* **Flatter.**

Colonnade, *n.* സമാനാന്തരസ്തംഭപംക്തി, ഒരേഅകലത്തിലുള്ള തൂണുകൾ.

Collop, *n.* മാംസഖണ്ഡം, മാംസലവം, മാംസത്തുണ്ടം.

Colloquy, *n* സംസാരം, സല്ലാപം, സംഭാഷണം, സംവാദം; **-al,** *a.* ആലാപവിഷയമായ, സംഭാഷണയുക്തമായ; 'c. style സംഭാഷണശൈലി, സല്ലാപോചിതമായ ഭാഷാസരണി'.

Collude, *v. i.* കൂട്ടുകൂടി പ്രവർത്തിക്കുക, വഞ്ചിക്കുക; **-lusion,** *n.* പക്ഷപാതം; വഞ്ചന, ശാഠ്യം, കപടം; **-lusive,** *a.* യോജിച്ചുചെയ്യുന്ന.

Colly, *n* അംഗാരമലം, അംഗാരകിട്ടം; *v. t.* കരികൊണ്ടു കറുപ്പിക്കുക; **-ed,** *a.* അംഗാരമലിനം, മലീമസം, കറുത്ത, കൃഷ്ണം; **-er,** *n.* കരികുഴിക്കുന്നവൻ, കരിവില്ക്കുന്നവൻ; **-y,** *n.* കൽക്കരിവിളയുന്നിടം.

Collyrium, *n.* മയ്യ്, മഷി, അഞ്ജനം. കജ്ജലം, നേത്രാഞ്ജനം.

Colon, *n.* രണ്ടുപൊട്ടുകൾ (:); മഹാന്ത്രം, പെരുങ്കുടൽ, മലാശയം.

Colonel, (kér′nel) *n.* ഉപസേനാധിപതി, ഗുല്മപതി, സൈന്യദളാദ്ധ്യക്ഷൻ, വാഹിനീപതി.

Colony, *n.* കുടിയേറിപ്പാർപ്പ്, നാട്, പുതുക്കുടി, അധിനിവേശം; **-ist,** *n.* അധിവാസി; **-ize,** *v. t.* അധിവസിക്ക, അധിനിവേശിക്ക, കുടിയേറിപ്പാർക്കുക.

Colossus, *n.* ബൃഹൽപ്രതിമ, ഭീമമൂർത്തി; **-Colossal,** *a.* ബൃഹൽകായമായ, അതിമാനഷാകാരമായ, ഭീമവിഗ്രഹമായ.

Colour (kol′ér) *n.* നിറം, വർണ്ണം, രാഗം, രംഗം; വർണ്ണകം, ലേപകം; 'to change c. വിവർണ്ണമാകുക, അപദേശം; വ്യാജം; പതാക, കൊടി, ധ്വജം, കേതു; *v t.* നിറംമാറുക, നിറംകൊടുക്കുക, രഞ്ജിപ്പിക്കുക, മറയ്ക്കുക, ശമിപ്പിക്കുക; സത്യംപോലെ തോന്നിക്കുക, സത്യസന്നിഭമാക്കുക; *v. i.* രാജിതമാകുക, ലജ്ജയാൽ അരുണവദനമാകുക; **-ing,** *n.* രഞ്ജനം; 'art of c. ചിത്രകർമ്മം, ആലേഖ്യവിദ്യ'; വർണ്ണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നം, അലങ്കാരം; **-ist**, *n.* രംജകൻ, നിറം കൊടുക്കുന്നവൻ; **-less**, *a.* അറ്റ്വർണ്ണം, വിവർണ്ണം, വർണ്ണഹീനം; **-Colorate**, *a.* നിറമുള്ള; **-Colorific**, *a.* നിറംനൽകുന്ന വർണ്ണദമായ.

Colporteur (tēr), *n.* പുസ്തകംവില്ക്കുന്നവൻ.

Colt, *n.* കുതിരക്കുട്ടി അശ്വശാബം; ചപലൻ, മത്തൻ; **-ish**, *a.* ചപലം, തരളം, ചഞ്ചലം, ലോലം, ഇളകുന്ന.

Colter, *n.* കലപ്പക്കൊഴുവ്, ഹലദന്തം, ഫാലദന്തം.

Columbarium, **Columbary**, *n.* മാടപ്പിറാക്കൂട്, കപോതാഗാരം, വിടങ്കം; **-Columbine**, *a.* മാടപ്പിറാവിനു തുല്യമായ, കപോതസദൃശമായ, കപോതീയമായ.

Column (-um) *n.* തൂണ്, സ്തംഭം, യൂപം, സ്ഥാണു, സ്ഥൂണ; സൂചി, വ്യൂഹം, സൈന്യഭാഗം, പത്രഭാഗം, ധാര; 'c. of smoke ധൂമരാശി, ധൂമോൽപ്പിണ്ഡം'.

Coma *n.* അതിനിദ്ര, മയക്കം; **-tose**, *a.* അതിനിദ്രാതുരമായ.

Comate, *n.* സഹായി, സഹവാസി.

Comb (kōm), *n.* ചീപ്പ്, കേശമാർജ്ജനി; കോഴിപ്പൂവ്, കുക്കുടചൂഡ; ദരി; *v. t.* ചീകുക, വിജടീകരിക്ക; **-maker**, *n.* ചീപ്പുണ്ടാക്കുന്നവൻ.

Combat, *n.* പോർ, യുദ്ധം, സംഗ്രാമം, സമരം; 'single c. ദ്വന്ദ്വയുദ്ധം'; 'mingled c. തുമുലം, രണസങ്കുലം'; *v. t.* യുദ്ധംചെയ്യുക, വിവദിക്ക; നിരോധിക്ക, ഖണ്ഡിക്ക, നിരസിക്ക, നിരാകരിക്ക; **-ant**, *n.* യോധൻ, യോദ്ധാവ്, ഭടൻ, വീരൻ; **-ive**, *a.* വഴക്കുണ്ടാക്കുന്ന, കലഹപ്രിയമായ.

Combine, *v. t.* സംയോജിപ്പിക്ക, ഒന്നിച്ചുചേർക്കുക, സംശ്ലേഷിപ്പിക്ക, സംധാനംചെയ്ക; ഏകീകരിക്ക; *v. i.* സമ്മേളിക്ക, ഒന്നിച്ചുചേരുക. സംഹതമായിഭവിക്ക, ഏകീഭവിക്ക; **-ation**, *n.* സംഗതി, സംയോഗം, സംസർഗ്ഗം, സന്ധി, സംഘാതം, സംഗം, സഹായത, സംശ്ലേഷം.

Combustible, *a.* ദീപിക്കുന്ന, ദീപിടിക്കുന്ന, ദാഹ്യമായ. ദാഹഗ്രാഹകം, ജ്വലനാർഹം, ദഹനശീലം; (fig) ശീഘ്രകോപിയായ, ക്രോധിലനായ; *n* ദാഹ്യപദാർത്ഥം.

Combustion (-yum), *n.* എരിച്ചിൽ, ദാഹം, ദഹനം, ജ്വലനം.

Come, *v. i.* (came, come), വരിക, ആഗമിക്ക; എത്തുക; അടുക്കുക, ഉളവാക; കാണാറാകുക;ആയിത്തീരുക; 'c. about സംഭവിക്ക'; 'c. abroad വിദേശസഞ്ചാരംചെയ്യുക, പരസ്യമായിത്തീരുക'; 'c. across കാണാൻസംഗതിയാകുക'; 'c. back നിവൃത്തിക്ക, പ്രത്യാഗമിക്ക'; 'c. between വിഭേദിപ്പിക്കുക'; 'c. down ഇറങ്ങുക'; 'c. down upon ആക്ഷേപിക്കുക, ആക്രമിക്കുക'; 'c. home സ്വദേശത്തിലെത്തുക, ബോദ്ധ്യമാകുക'; 'c. it over തോല്പിക്കുക'; 'c. of, ജനിക്കുക, ഫലമാകുക'; 'c. off, out നിഷ്ക്രമിക്ക, നിർഗ്ഗമിക്ക; പ്രവർത്തിക്ക, നിവർത്തിക്ക'; 'c. over ആശ്രയിക്ക'; 'c. round മുൻപടിവരുക. സുഖപ്പെടുക, മാറിമറിഞ്ഞുവരിക, അലിവുതോന്നുക'; 'c. short ന്യൂനീഭവിക്ക, ദുർല്ലഭമാകുക'; 'c. to വഴിപ്പെടുക, നല്ലസംബന്ധംവരിക, നങ്കൂരമിടുക, എത്തുക, തുകയാകുക'; 'c. to the scrotch ചങ്കുറപ്പുകാട്ടുക'; 'c. to time കൃത്യമായി പ്രവർത്തിക്ക'; 'c. true നേരാകുക'; 'c. under ഉൾപ്പെടുക'; 'c. up കയറുക, ഉത്ഭവിക്കുക. നടപ്പിലാവുക'; 'c. up to ഒത്തുവരിക'; 'c. up with പ്രാപിക്ക, എത്തുക'; 'c. upon നേരിടുക ആക്രമിക്ക'; **-ing**, *a.* വരുന്ന, ആഗാമിയായ; *n.* വരവ്, പ്രത്യക്ഷീഭാവം; **-er**, *n.* വരുന്നവൻ.

Comedy, *n.* നാടകം, ഭാണകം, പ്രഹസനം, ഹർഷപ്രധാനനാടകം; **-ian**, *n.* നടൻ, കുശീലവൻ, നർത്തകൻ. വൈഹാസികൻ; പ്രഹസനകൃത്.

Comely, *a.* ചാരു, സുന്ദരം, സുരൂപം; **-ness**, *n.* സൗന്ദര്യം.

Comestible, *a.* *see* **Eatable.**

Comet, *n.* വാൽനക്ഷത്രം, ധൂമകേതു, ഉൽപാതം, ഉൽക.

Comfit, **-fiture**, *n.* മിഷ്ടാന്നം, മോദകം, മധുരദ്രവ്യം.

Comfort, *v. t.* സമാശ്വസിപ്പിക്ക, സാന്ത്വനംചെയ്ക, സന്തോഷിപ്പിക്ക, ആനന്ദിപ്പിക്ക, ഹർഷിപ്പിക്ക, സുഖംനൽകുക; *n.* ആശ്വാസനം, സാന്ത്വനം, സന്തോഷണം; സുഖം, സ്വാസ്ഥ്യത, സൗഖ്യം, സ്വാസ്ഥ്യം. നിർവൃതി; **-able**, *a.* സുഖകരം, സുഖദം; ആശ്വാസകം, ശാന്തിദം, ക്ലേശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഹം, ക്ലമവിനോദകം; **-ably**, *adv.* സുഖമായി, യഥാസുഖം; **-er**, *n.* ആശ്വാസകൻ, സന്തോഷദൻ, ശോകാപഹൎത്താവു്, സാന്ത്വവാദകൻ; ഔല്ലസ്യം, കാന്താവലംബനം; **-less**, *a.* നിരാനന്ദം, സുഖരഹിതം, സന്തോഷഹീനം. സുഖമില്ലാത്ത.

Comic, Comical, *a.* ചിരിയുണ്ടാക്കുന്ന, ഹാസജനകം, ഹാസകരം, ഹാസ്യോല്പാദകം; അപരൂപം, അസംഗതം; **-ity, al-ness**, *n.* ഹാസ്യത, കൗതുകം, അപരൂപത.

Comity, *n.* *see* **Civility.**

Comma, *n.* അല്പവിരാമചിഹ്നം, അങ്കുശചിഹ്നം.

Command, *v. t.* ആജ്ഞാപിക്കുക, കല്പിക്കുക, ആദേശിക്കുക, ശാസിക്ക, നിയോഗിക്ക; നടത്തുക, അധിപനായിരിക്കുക; നിയമനംചെയ്ക, നിയന്ത്രണംചെയ്ക, സ്വന്തമാക്കുക, സ്വായത്തീകരിക്ക, മേൽവിചാരംചെയ്ക, കാക്കുക; അവലോകനംചെയ്ക; വരുത്തുക; കൊടുക്കുക; *n.* കല്പന, ആജ്ഞ, ആദേശം, നിദേശം, ശാസനം, നിയോഗം; അധികാരം, പ്രഭുത്വം, ആധിപത്യം അധിഷ്ഠാതൃത്വം; ഉന്നതനില; കാഴ്ച; ഭരണശക്തി; സൂക്ഷിപ്പ്, സ്വാധീനം, സേനാനായകന്റെ അധീനത്തിലുള്ള സേനയുടെ വിഭാഗം; **-ant, -er**, *n.* ആജ്ഞാപകൻ, ആദേഷ്ടാവു്; പതി, നായകൻ. അദ്ധ്യക്ഷൻ; ചമൂപതി, സേനാനി, സേനാദ്ധ്യക്ഷൻ; 'c. in chief സേനാപതി, സേനാദ്ധ്യക്ഷൻ'; **-ing**, *a.* അധികാരമുള്ള, അധികാരം നടത്തുന്ന, ഉത്തമമായ; **-ment**, *n.* കല്പന, ആജ്ഞ, വിധി, ചോദന, ശാസ്ത്രാജ്ഞ, ധൎമ്മാജ്ഞ; അധികാരം, നായകത്വം.

Commemorate, *v. t.* ഓൎമ്മയ്ക്കായി ഉത്സവം കൊണ്ടാടുക, ഉത്സവംആചരിക്ക, സംസ്മരിപ്പിക്ക, വൎണ്ണിക്ക; **-ion**, *n.* ഉത്സവകരണം, സ്മരണോത്സവം; **-ive**, *a.* സ്മാരകമായ, സ്മരണകൃത്തായ.

Commence, *v. t.* തുടങ്ങുക, ആരംഭിക്കുക, പ്രാരംഭിക്ക, പ്രക്രമിക്ക, ഉപക്രമിക്ക; *v. i.* ആരംഭമിടുക; **-ment**, *n.* ആരംഭം, ഉപക്രമം, പ്രസ്താവം, മുഖം, ആദി, ആമുഖം, പ്രസ്താവന, അനുഷ്ഠാനം, പ്രവൃത്തി; സൎവ്വകലാശാലാപദവിലഭിക്കുംദിവസം.

Commend, *v. t.* പുകഴ്ത്തുക, പ്രശംസിക്ക; സ്തുതിക്ക, ശ്ലാഘിക്ക, വൎണ്ണിക്ക; സമൎപ്പിക്ക, കയ്യിൽ നിക്ഷേപിക്ക, അധീനമാക്കിച്ചെയ്യുക; **able**, *a.* പ്രശംസ്യമായ, ശ്ലാഘ്യം, സ്തുത്യം; **-ation**, ശ്ലാഘ, പ്രശംസ, സ്തുതി; **-atory**, *a.* ശ്ലാഘാസൂചകമായ, പ്രശംസാകരം, സ്തുതിദ്യോതകം. **-er**, *n.* പ്രശംസകൻ, സ്താവകൻ.

Commensalism, -sality, -sation, *n.*; സഹഭോജനം.

Commensurate, *v. t.* അനുരൂപമാക്കിച്ചെയ്യുക, അനുഗുണമാക്കിച്ചെയ്യുക, സാധാരണ അളവാക്കുക, ക്രമപ്പെടുത്തുക; *a.* സാധാരണഅളവുള്ള, തുല്യഅളവുള്ള,

Commensurable, *a.* അനുരൂപം, അനുഗുണം, സദൃശം, തുല്യം, സമം.

Comment, *v. i.* വ്യാകരിക്ക, വിവരിച്ചുപറക, ഭാഷ്യമെഴുതുക, വ്യാഖ്യാനിക്കുക, നിരൂപിക്കുക, ചൎച്ചചെയ്യുക; **-ary**, *n.* ടീക, വ്യാഖ്യ, വൃത്തി, ഭാഷ്യം; നിരൂപണം, പരീക്ഷണം, ചൎച്ച; **-ator, -er**, *n.* ഭാഷ്യകൃത്ത്, ഭാഷ്യകാരൻ, വ്യാഖ്യാതാവു്, ടീകാകാരൻ.

Commentitious, *a.* കൃത്രിമം, കല്പിതം.

Commerce, *n.* വാണിജ്യം, കച്ചവടം, ക്രയവിക്രയം; വ്യവഹാരം, സംഗതി, സംസൎഗ്ഗം; *v. i.* കച്ചവടംചെയ്ക, **-ial**, *a.* വാണിജ്യവിഷയകം, വാണിജ്യസംബന്ധിയായ.

Commination, *n.* ശാപം; ഭീഷണി; **-atory**, *a.* ഭയപ്പെടുത്തുന്ന.

Commingle, *v. t.* കലൎത്തുക, ഏകീകരിക്ക, സംയോജിപ്പിക്ക.

Comminute, *v. t.* ചൂൎണ്ണമാക്കുക, അരയ്ക്കുക, നേൎമ്മയാക്കുക; **-ion**, *n.* ചൂൎണ്ണനം, പേഷണം, ക്ഷോദം, പൊടിക്കൽ.

Commiserate, *v. t.* അനുകമ്പപ്പെടുക, ദയചെയ്യുക; **-ion**, *n.* ദയ, അനുകമ്പ, കരുണ; **-ive, able**, *a.* കരുണാത്മകം, അനുകമ്പാശീലം, സദയം, ദയാൎദ്രം.

Commissary, *n.* സൈന്യങ്ങൾക്കുള്ള ഭക്ഷണാദിസാധനങ്ങൾ, സേനയ്ക്കു ഭക്ഷണംകൊടുക്കുന്നവൻ, പ്രതിനിധി, കാൎയ്യസ്ഥൻ.

Commissariat, *n.* പട്ടാളങ്ങൾക്കു ഊണു മുതലായവയ്ക്കുള്ള ഡിപ്പാൎട്ട്മെന്റ്, സൈന്യഭക്ഷണാധികാരി.

Commit, *v. t.* ചെയ്യുക, ആചരിക്കുക, അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്യസിക്കക; അപ്പിക്കക, ന്യസിക്കക, നി ക്ഷേപിക്ക; നിയോഗിക്ക, തടവിലാക്കക; 'c. to the jail തടവിൽ പ്രവേശിപ്പിക്ക'; 'to c. a bill നിയമപത്രം പരിശോധിക്കാനേല്പിക്ക'; 'c. to the paper എഴുതിവയ്ക്കുക'; **-ment, -tal,** *n.* ആചരണം, കരണം, പ്രവൃത്തി; സമപ്പണം; കാരാഗാരപ്രവേശനം, ജയിൽവാറണ്ട്; **-tee,** *n.* വിചാരകസഭ, പരിപാലകസഭ; അന്യന്റെ ദേഹത്തെ രക്ഷിക്കുന്നവൻ; **-ter,** *n.* സമപ്പകൻ, കമ്മി, പ്രവത്തിക്കുന്നവൻ; **-mission,** *n.* ആചരണം, കരണം; സമർപ്പണം, നിഷേധം, ന്യാസം, നിയോഗം, വ്യാപാരം, അധികാരം; ആജ്ഞാപത്രം, ആദേശം; ദല്ലാൽവട്ടം; നിയുക്തജനങ്ങൾ; *v. t.* നിയോഗിക്കുക, ആദേശിക്കുക; **-er,** *n.* നിയോഗി, അധികാരി, പ്രതിനിധി, പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ.

Commix, *v. t. and v. i.* കലത്തുക, മിശ്രീകരിക്ക, കലരുക; **-ture,** *n.* കലർപ്പ്, മിശ്രണം, മിശ്രിതപദാർത്ഥം.

Commode, *n.* സ്ത്രീമസ്തകാഭരണം.

Commodious, *a.* ഉചിതം, യോഗ്യം; സോപകരണം, യഥായുക്തം; **-ly,** *adv.* യുക്തമായി, യോഗ്യമായി; **ness,** *n.* യോഗ്യത, ഔചിത്യം.

Commodity, *n.* ഹിതം, അനുകൂലം, ആദായം; പണ്യം; ദ്രവ്യം, ക്രയവസ്തു, ഭാണ്ഡം, ചരക്ക്.

Common, *a.* സാധാരണമായ, സാമാന്യം, പൊതുവായ, സർവീയമായ, സാർവലൗകികം; പ്രാകൃതം, ഗ്രാമ്യം; പ്രസിദ്ധം, വ്യാവഹാരികം; എപ്പൊഴും കാണുന്ന; ബഹുസ്വാമികം; സുലഭം; 'c. report ജനപ്രവാദം'; 'c food ഗണാന്നം, സഹഭോജനം'; *n.* പ്രചാരം, സർവസാധാരണസ്ഥലം; **-alty,** *n.* പ്രജകൾ, ലോകർ, അവരവർഗ്ഗന്മാർ; **-law,** *n.* ദേശാചാരം, ദേശവ്യവഹാരം, ദേശവിധി; **-ly,** *adv.* സാമാന്യമായി, സാമാന്യേന, മിക്കവാറും, പലപ്പൊഴും; **-place,** *a.* പ്രസിദ്ധമായ, പ്രാകൃതമായ, സാധാരണമായ; **-wealth,** *n.* പ്രജാധീനമായ രാജ്യതന്ത്രം, പ്രജാപ്രഭുത്വം; **ness,** *n.* സാധാരണത്വം, നീചത്വം, ആഭാസത്വം; **-s,** *n.* (pl) സാമാന്യജനങ്ങൾ, പ്രജാപ്രതിനിധിസഭ; ഭക്ഷണം; വിട്ടതി; മൈതാനം; 'to be on short c. s ഭക്ഷണം കുറയ്ക്കുക'.

Commorancy, *n.* വാസം, വസതി.

Commotion, *n.* ക്ഷോഭം, വിപ്ലവം, പ്രകോപം, കലഹം.

Commune, *v. i.* സംഭാഷണംചെയ്ക; സംമന്ത്രിക്ക, സംവദിക്ക; *n.* **-ion,** *n.* സംഭാഷണം, സംവാദം, വ്യവഹാരം, സംസർഗ്ഗം, സംഗം, സംഗമം **-ity,** *n.* സമാജം, ജനസമൂഹം, പ്രജ. ജനം; ജനത, ഗണം; സാമാന്യം, സാധാരണ്യം; ഐക്യം, സാമ്യം.

Communicate, *v. t.* കഥിക്ക, നിവേദിപ്പിക്ക, പറയുക, അറിയിക്ക, സംദേശിക്ക; വിതരണംചെയ്ക, നൽകുക; *v. i.* സംഗമിക്ക, സമാഗമിക്ക, സംഗതമാകുക; സല്ലപിക്ക, സംവദിക്ക, വ്യവഹരിക്ക; സഞ്ചരിക്ക; **-ion,** *n.* കഥനം, നിവേദനം, വിജ്ഞാപനം, സന്ദേശം, ലേഖം, ലേഖ്യം'; ദാനം, വിതരണം, സംഗമം, സംസർഗ്ഗം; സംവ്യവഹാരം, സങ്കഥ, സല്ലാപം, സംവാദം, സാമാന്യപഥം; സഞ്ചാരം; **-ive,** . സംവാദശീലമായ; 'not c. മിതവാക്കായ, വാഗ്യതമായ'.

Commute, *v. t.* പരിവത്തിപ്പിക്ക, മാററുക, ശിക്ഷ മാററുക, ശിക്ഷ ലഘുവാക്കുക; **-ation,** *n.* പരിവത്തനം, വിനിമയം; വിക്രിയ, വിപരിണാമം, വിപര്യയം, മാററം, കൈമാററം.

Commutual, *a.* പരസ്പരമായ.

Compact, *a.* അടുക്കിക്കെട്ടിയ, സുസംഹതമായ, നിബിഡം, ഘനം, സാന്ദ്രം, ദൃഢം, *n.* നിയമം, സമയം, അഭ്യുപഗമം, ഉടമ്പടി, സന്ധി, കരാർ; 'a written c. നിയമപത്രം'; *v. t.* സംഹനിക്ക, സന്ധാനംചെയ്ക, സംശ്ലേഷിപ്പിക്ക, ഘനീകരിക്കുക, കട്ടിയാക്കുക; **-ly,** *adv.* ദൃഢമായി, നിബിഡമായി, ഘനമായി, കട്ടിയായി; **-ness,** *n.* സംഹതി, നിബിഡത etc.

Companion, *n.* സഖി, സഹചരൻ, മിത്രം, വയസ്യൻ, ചങ്ങാതി; 'c. of the king (in love matters) നമ്മസുഹൃത്ത്'; 'c. of youth ബാലസഹചരൻ'; 'c. at school, സഹാദ്ധ്യായി'; 'c. in arms സഹയോദ്ധാവ്'; 'c. in joy and sorrow സമദുഃഖസുഖൻ'; **-ship,** *n.* സാഹചര്യം, സാഹായ്യം, സംസർഗ്ഗം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Company, *n.* സാഹചര്യം, സംഗതി, സമാഗമം, സംസർഗ്ഗം; ജനസമൂഹം, പരിഷത്ത്, സമാജം, ദലം, സംഘം, പംക്തി, വർഗ്ഗം; 'c. of soldiers സൈന്യദളം, സൈന്യഗുല്മം'; 'c. of traders കച്ചവടസംഘം, ശ്രേണി; നാടകസംഘം'.

Compare, *v. t.* ഒപ്പിച്ചുനോക്കുക, തുലനം ചെയ്ക, ഉപമിക്ക, സദൃശീകരിക്ക; ഏകത്രപരീക്ഷിക്കുക; **-parable,** *a.* ഉപമിക്കാവുന്ന, സദൃശമായ; **-parative,** *a.* താരതമ്യമായ; **-ly,** *adv.* ഔപമ്യേന, ഉപമാനേന, അപേക്ഷിച്ച്; **parison,** *n.* തുലന, ഉപമ, സാദൃശ്യം, ഔപമ്യം.

Compart, *v. t.* വിഭാഗിക്കുക, പകുക്കുക; **-ition,** *n.* വിഭജനം, മുറിക്കൽ; **-ment,** *n.* മുറി, ശാല, കോഷ്ഠം, അറ; ഛേദം, ഭാഗം, അംശം.

Compass, *v. t.* ചൂഴുക, വളയുക, പരിവേഷ്ടിക്ക; ലഭിക്ക; ഘടിപ്പിക്ക, സാധിപ്പിക്ക, സമ്പാദിക്ക; *n.* വിഷയം, ഗോചരം; മണ്ഡലം; പരിണാഹം, വിസ്താരം, പരിമാണം, പര്യന്തം; പരിമിതത, അനതിക്രമം; ദിങ്ങ്നിർണ്ണയയന്ത്രം; **-es,** *n.* മഴുലി, മഴ്വാരം.

Compassion, *n.* ദയ, അനുകമ്പ, കൃപ, ഘൃണ, കരുണ; **-ate,** *a.* സദയമായ, കരുണാർദ്രമായ, സാനുകമ്പം, കൃപാലു, ദയാലു, **-ately,** *adv.* സദയം, കൃപയോടെ, മനസ്സലിവോടെ.

Compaternity, *n.* ധർമ്മപിതൃത്വം.

Compatible, *a.* ചേന്ന, അനുഗുണമായ, അനുരൂപം, ഉപയുക്തം; *see* **Consistent;** **-tibility,** *n.* യോജിപ്പ്, അവിരോധം, യോഗ്യത, അനുരൂപത, അവിസംവാദം.

Compatriot, *n.* സ്വദേശജൻ, സഹദേശാഭിമാനി.

Compeer, *n.* വയസ്യൻ, സമാനൻ, ചങ്ങാതി.

Compel, *v. t.* നിർബന്ധിക്കുക, പിടിച്ചുപറിക്കുക; ബലാല്ക്കാരംചെയ്യുക; കൂട്ടിച്ചേർക്കുക; **-pulsory,** *a.* അവശ്യകമായ, ബാദ്ധ്യതയുള്ള, നിർബന്ധിതമായ; **-ly,** *adv.* ബലാൽ, ആവശ്യമായി; **-pulsion,** *n.* നിർബന്ധം, ബലാല്ക്കാരം, ബലം.

Compellation, *n.* അഭിവാദ്യം, പേര്, നാമധേയം; **-lative,** *n.* അഭിധാനവാചി.

Compend, Compendium, *n.* സംക്ഷേപം, സാരം, ചുരുക്കം; **-dious,** *a.* സംക്ഷിപ്തമായ, അവിസ്തീർണ്ണം, പരിമിതം; **-ly,** *adv.* ചുരുക്കി, സംക്ഷേപമായി, **-ness,** *n.* ചുരുക്കം, സംക്ഷേപം, സംഗ്രഹം.

Fetter, *n.* കാൽവിലങ്ങ്, കാലാമം; *v. t.* കാൽതളയ്ക്കുക.

Fetus, *n.* ഗർഭം, ഭ്രൂണം, പിണ്ഡം, പ്രജ.

Feu, (fū) *n.* നിലം കുത്തകയ്ക്കുകൊടുക്കൽ.

Feud (fūd), *n.* കലഹം, വഴക്ക്, തീരാപ്പക, ശണ്ഠ; കുടിജന്മാവകാശം.

Feudal, *a.* ഭൂമിസംബന്ധം, സാമന്തരീതിയിലുള്ള; **-dalism,** *n.* കുടിസമ്പ്രദായം; സാമന്തത; **-datory,** *n.* സാമന്തൻ.

Fever, *n.* ജ്വരം, താപം, ദേഹദാഹം; 'inflammatory f. ദാഹജ്വരം'; 'typhoid f. സന്നിപാതജ്വരം, തന്ദ്രികസന്നിപാതം'; 'ardent f. താപോൽബണം, കഠിനജ്വരം'; 'eruptive f. മസൂരിപ്പനി'; 'bilious f. പിത്തപ്പനി'; 'intermittent f. വിട്ടുവിട്ടുവരും പനി'; 'malarial f മലമ്പനി'; 'phlegmatic f. കഫജ്വരം'; 'puerperal f. പ്രസവപ്പനി'; 'remittent f. വിഷമജ്വരം'; 'slight f. കായു'; *v. t.* ജ്വരമുണ്ടാക്കുക, പനിവരുത്തുക; **-ish,** *a.* ജ്വരാർത്തം; ജ്വരജനകം; വെമ്പലുള്ള.

Few. (fū), *a.* അല്പം, ശകലം; **-ness,** *n.* കുറവ്.

Fez, *n.* തുക്കിത്തൊപ്പി.

Fiancee, *n.* വധു, വിവാഹത്തിനു നിശ്ചയിക്കപ്പെട്ടവൾ.

Fiaseo, *n.* അമാന്തം, ഭംഗം, മോശം, അസിദ്ധി.

Fiat, *n.* കല്പന, വിധി, തീർപ്പ്.

Fib, *n.* പൊയ്; വെടി; *v. i.* പൊയ്പറയുക, പോച്ചപറയുക.

Fibre (fī-bér), *n.* നാരു്, നൂല്, നരമ്പ്; 'f of a lotus മൃണാളം, മൃണാളി; **-Fibrous,** *a.* നാരുള്ള.

Fickle, *a.* സ്ഥിരമില്ലാത്ത, അസ്ഥിരം, ചപലം, ചലചിത്തമുള്ള, മാറുന്ന; **-ness,** *n.* അസ്ഥിരത, ചപലത, തരളത, ധീരത.

Fiction, *n.* നോവൽ, കെട്ടുകഥ; കല്പന, സൃഷ്ടി; **-tious,** *a.* ഉള്ളതല്ലാത്ത, മിഥ്യയായ, പൊളിയായ; **-ly,** *adv.* കള്ളമായി, പൊളിയായി.

Fiddle, *n.* ഫിഡിൽ, സാരംഗി, പിനാകി; *v. t.* സാരംഗിവായിക്ക, പിനാകിവായിക്ക; 'f. stick ഫിഡിൽകമ്പ്, ശാരിക'.

Fidelity, *n.* ഭക്തി, ആസക്തത, വിശ്വാസ്യത്വം; 'f. to husband പാതിവ്രത്യം, സതീത്വം, ചാരിത്ര്യം'.

Fidget (fij'et) *v. i.* കുടുകുടുക്കുക, ഇളകുക; *n.* കുടുകുടുപ്പ്, തുടിപ്പ്, പതപ്പ്, ഇളക്കം; **-ety,** *a.* സൈ്വരമില്ലാത്ത, പരിഭ്രമമുള്ള, പതപ്പുള്ള.

Fiducial, *a.* വിശ്വാസമുള്ള, വിശ്വസ്തം, അസന്ദിഗ്ദ്ധം; വിശ്വസിച്ചേല്പിച്ച; **-ly,** *adv.* വിശ്വാസമായി; **-ary,** *a.* വിശ്വസ്തമായ; ഏല്പിച്ച; *n.* ഏല്പിച്ചതുവച്ചുകൊണ്ടിരിക്കുന്നയാൾ, ന്യാസധാരി, നിക്ഷേപധാരി.

Fie (fi) *intj.* വെറുപ്പിനെ സൂചിപ്പിക്കുന്ന വ്യാക്ഷേപകം; ഛീ, ധിക്; കഷ്ടം.

Fief (fef), *n.* ഭൂമി, കൃഷിഭൂമി; പ്രതിഫലം.

Field, *n.* വയൽ, നിലം, കണ്ടം; പുൽതറ; മൈതാനം; 'a collection of f s. പാടം'; കൈദാരകം, കൈദാര്യം, പോക്കളം; യുദ്ധം; കാട്ടുപ്രദേശം; സ്ഥലം; സ്ഥാനം;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പന്തയവസ്തും; **-marshal,** *n.* യുദ്ധശ്രേനേതാവു്; **-piece,** *n.* ചെറപീരങ്കി.

Fiend (f nd) *n.* തീരാപ്പകയുള്ളോൻ, പ്രാണവൈരി, അരക്കൻ, രാക്ഷസൻ; **-ish, -like,** *a.* പിശാചതുല്യമായ, പകയുള്ള, കൊടിയ, ആസുരമായ.

Fierce (f rs), *a.* ഉഗ്രം, ക്രൂരം, ഘോരം, ദാരുണം, ഭീഷണം; *see* **Dreadful, Grim** also; തീക്ഷ്ണം, ചണ്ഡം, പരുഷം; നിഷ്ഠൂരം; കോപാകുലം; **-ly,** *adv.* തീക്ഷ്ണമായി, തീവ്രമായി, ക്രൂരമായി, നിഷ്ഠൂരമായി; **-ness,** *n.* ക്രൂരത, ഉഗ്രതാപം, തീക്ഷ്ണത, ചണ്ഡത; സംരംഭം.

Fiery, *a.* തീപോലുള്ള; *see* under **Fire.**

Fife, *n.* ഓടക്കുഴൽ, വേണു, വംശം; **-er,** *n.* കുഴൽക്കാരൻ.

Fifteen, *a.* and *n.* പതിനഞ്ചു്.

Fifth, *a.* അഞ്ചാമത്തെ.

Fifty, *n.* അൻപതു്.

Fig, *n* അത്തിമരം, ന്യഗ്രോധം, ഉദുംബരം; 'to care a f. for തൃണംപോലെകരുതുക'.

Fight (fit), *v. i.* പോരാടുക, യുദ്ധംചെയ്യുക; *v. t.* എതിക്കുക; *n.* യുദ്ധം, പോർ; **-er,** *n.* യോദ്ധാവു്; യുയുത്സു.

Figment, *n.* കല്പിതം, കെട്ടുകഥ മനഃസൃഷ്ടി.

Figurante, *n.* നർത്തകി, ലാസിക.

Figure, *n.* അക്കം, ആകാരം, രൂപം, പ്രതിമ, കായം, ദേഹം, വിഗ്രഹം, അലങ്കാരം, രൂപകം, ലക്ഷണ, ഉപചാരം, പ്രതിഷ്ഠ, ഗൗരവം, യശസ്സ്, കീത്തി; *v. t.* രൂപപ്പെടുത്തുക, ആകൃതിവരുത്തുക, വിചാരിക്ക, വണ്ണിക്ക, ചിന്തിക്ക, അലങ്കരിക്ക; എണ്ണുക; നേരത്തേകാട്ടുക; **-Figurate,** *a.* ആകാരത്തോടുകൂടിയ, മൂത്തിയോടുകൂടിയ; **-Figurative,** *a.* സാലങ്കാരമായ; ലാക്ഷണികം, ഔപചാരികം; 'f. use ഉപചാരം'; **-ly,** *adv.* അലങ്കാരത്തോടെ, ഉപലക്ഷണത്തോടെ; **-ured,** *a.* രൂപമുള്ള; **-urine,** *n.* ചെറിയപ്രതിമ, 'f caster, f. flinger, ജ്യോതിഷക്കാരൻ;' 'f. flinging ജാതകം ഗണിക്കൽ'; 'f. of speach അലങ്കാരം'; 'to cut a f. കീത്തിമാനാക.

Filaceous, *a.* നാരുകൊണ്ടുള്ള; **-Filament,** *n.* നാരു്, നൂലു്.

Filander, *n.* കങ്കാരുമൃഗം.

Filch, *v. t.* ചില്ലറയായി മോഷ്ടിക്കുക; **-er,** *n.* ചില്ലറക്കള്ളൻ; **-ingly,** *adv.* മോഷണമായി.

File, *n.* അരം, കമ്പി; പടയണി, പടപ്പന്തി; അട്ടി, പട്ടിക; 'rank, and f. പടയാളി നിര'; *v.* . അടുക്കിവയ്ക്കു, ക്രമമായി സൂക്ഷിക്കുക, കോടതിയിൽ സ്വീകരിച്ചു രേഖപ്പെടുത്തുക; രാകുക; *v. i.* വരിയായിനടക്കുക; 'to f. with തുടർന്നുനടക്കുക'.

Filial, *a.* പുത്രാനുരൂപം ആയ, പുത്രയോഗ്യം, പുത്രീയം; 'f. duty പുത്രധർമ്മം'; 'f. affection പുത്രവാത്സല്യം, പിതൃഭക്തി'; **-ly,** *adv.* പുത്രതുല്യം, പുത്രധർമ്മാനുരൂപമായി; **-Filiation,** *n.* പുത്രത്വം, പിതൃനിർണ്ണയം.

Filibuster, *n.* കവർച്ചക്കാരൻ; *v. i.* കൊള്ളപണിചെയ്യുനടക്കുക, നിയമനിർമ്മാണത്തടസ്സംചെയ്യുക.

Filiform, *a.* നീണ്ടുകനംകുറഞ്ഞ, നൂലുപോലുള്ള.

Filigree, *n.* സ്വർണ്ണക്കിന്നരിത്തയ്യൽ.

Filings, *n.* ലോഹപ്പൊടി, കിട്ടം.

Fill, *v. t. or v. i.* നിറയ്ക്കുക, പൂർണ്ണമാക്കുക; ധാരാളം നൽകുക, കവിയുക; ഒഴിവിൽ നിയമിക്കു; കപ്പലിന്റെ പായ് കാറ്റുകൊള്ളുക, നികത്തുക; 'to f. in ചേർത്തെഴുതുക'; 'to f. out പൂർണ്ണമാക്കുക'; 'to f. up എഴുതുക, ഒഴിവിൽനിയമിക്കു'; *v. i.* നിറയുക; *n.* നിറയൽ, വേണ്ടുവോളമുള്ള അവസ്ഥ; **-ed,** *a.* പൂരിതം, പൂർണ്ണം, വ്യാപ്തം, സംഭൃതം.

Fillet, *n.* തലമുടിക്കെട്ടു്; *v. t.* ചെറിയ നാടകൊണ്ടു കെട്ടുക.

Fillip, *v. t.* വിരൽനൊടിക്കുക, നഖംതെറിക്കുക; *n.* ഞൊടി or നൊടി; ചുണവരുത്തുന്ന വസ്തു.

Filly, *n.* പെൺകുതിരക്കുട്ടി, ബാലതുരഗി.

Film, *n.* പാട, പടലം, ചിലന്തിനൂൽ; *v. t.* പാടകൊണ്ടു മൂടുക; **-y,** *a.* പടലാവൃതം.

Filter, *v. t.* അരിക്കുക, ശുദ്ധമാക്കുക, തെളിയിക്കുക; *v. i.* ഊറുക; *n.* അരിപ്പു്, ഏണിപ്പാനി; **-trate,** *v. t.* same as **Filter;** *n.* അരിച്ചതു്, ശുദ്ധിയാക്കിയ ജലം; **-tration,** *n.* അരിക്കൽ.

Filth, *n.* ചേറു്, ചെളി, അഴുക്കു്; പാപം, അശുദ്ധി; **-thily,** *adv.* അഴുക്കായി, മലിനമായി; **-y,** *a.* മലിനം, പങ്കിലം; അശുദ്ധം; കുത്സിതം, നിന്ദ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Fin, *n.* മീൻചിറക്; 'f. footed ജലപാദം'; **-less,** *a.* ചിറകില്ലാത്ത; **-Finny,** *a.* ചിറകുള്ള.

Final, *a.* ഒടുവിലത്തെ, അന്തിമം ആയ; നിസ്സന്ദേഹം, മാററമില്ലാത്ത, മറിച്ചാചെയ്യാനൊക്കാത്ത; **-ly,** *adv.* അവസാനമായി, ഒടുവിൽ, ആകപ്പാടെ; **-Fine,** *n.* ഒടുവ്, അവസാനം; 'in f. e ചതുക്കത്തിൽ'; *v. t. or v. i.* അവസാനിപ്പിക്കുക'; **-Fineless,** *a.* അവസാനമില്ലാത്ത.

Finance, *n.* വരവ്, മുതലെടുപ്പ്, ധനാഗമം, കരം; (pl.) മുതൽപണം; വരവുചെലവുശാസ്ത്രം; **-nancial,** *a.* ധനസംബന്ധമായ, ഭണ്ഡാരം സംബന്ധിച്ച, പണം സംബന്ധിച്ച; **-nancialist, -nancier,** *n.* രാജ്യധനകാര്യക്കാരൻ, ആയവ്യയശാസ്ത്രജ്ഞൻ; **-nancially,** *adv.* പണം സംബന്ധിച്ച്, ധനസംബന്ധമായി.

Finch, *n.* ഒരുവകപ്പക്ഷി.

Find, *v. t.* കണ്ടുപിടിക്കുക, കണ്ടെടുക്കുക, കാണുക, തിരഞ്ഞുകാണുക, കണ്ടെത്തുക, പ്രാപിക്കുക, അന്വേഷിക്ക; നിശ്ചയിക്ക, ചിന്തിക്ക; വ്യാഖ്യാനിക്ക; വ്യക്തീകരിക്ക; **-ing,** *n.* അറിഞ്ഞതു്, കണ്ടതു്, കിട്ടിയതു്; പണിയായുധം, മുതൽ; നിശ്ചയം, വിധി.

Fine, *a.* നന്നത്ത, സൂക്ഷ്മം; തന്ത, നേർത്ത; 'f cloth നേറിയ വസ്ത്രം, കട്ടികുറഞ്ഞ മുണ്ടു്'; തീക്ഷ്ണം, പേലവം; സുകുമാരം, കോമളം, മൃദു; വിശുദ്ധം, വിമലം, നിർമ്മലം, ഉത്തമം, വിശിഷ്ടം; സുന്ദരം, ശോഭനം, സുഭഗം, ഭംഗിയുള്ള; *n.* പിഴ, പ്രായശ്ചിത്തം, ശീലക്കാശു്, കൈക്കൂലി; *v. t.* ശോധിക്കുക, അഴുക്കുകളുക, കാച്ചുക, പിഴയിടുക; *v. i.* പിഴകൊടുക്കുക; **-ly,** *adv.* നേരിയതായി, സൂക്ഷ്മമായി, തനിവായി, ഭംഗിയായി, ചാരുവായി; **-ness,** *n.* സൂക്ഷ്മത; നേർമ്മ, ഭംഗി, ശോഭ, ലാവണ്യം; **-ry,** *n.* ശോഭ, ആഡംബരം, ബാഹ്യശോഭ; അലങ്കാരം, മണ്ഡനം; ഭക്ഷണം; ആഭരണം, പരിഷ്കാരം; 'fond of f. അലങ്കാരപ്രിയമായ, മണ്ഡനപ്രിയമായ'.

Finesse, *n.* മായ, സൂക്ഷ്മോപായയോഗം; കൗശലം, ധൂർത്തത, തന്ത്രം.

Finger, *n.* വിരൽ, അംഗുലി, അംഗുലം; 'second f. fore f. ചൂണ്ടുവിരൽ'; 'middle f. പാമ്പുവിരൽ, നടുവിരൽ'; 'ring f. മോതിരവിരൽ, അണിവിരൽ'; 'little f. ear f. മോതിരവിരൽ, കഞ്ഞുവിരൽ'; 'f. alphabet ആംഗ്യാക്ഷരമാല'; 'f. board വീണയുടെ കൈപ്പലക'; 'f. post ചൂണ്ടുപലക'; 'to burn one's f. നഷ്ടപ്പെടുക'; 'to have at one's f. s end നല്ല നിശ്ചയമുണ്ടായിരിക്കുക'; *v. t.* വിരൽകൊണ്ടു തൊടുക; കളിക്കുക; വീണാദികം വായിക്ക; മോഷ്ടിക്കുക; *v. i.* മീട്ടുക; **-gered,** *a.* വിരലുള്ള; **-er,** *n.* മോഷ്ടാവ്; **-ing,** *n.* സ്പർശം etc.

Finical, *a.* അതിസൂക്ഷ്മം, ഏകാന്തകോമളം or പേലവം, അത്യുൽകൃഷ്ടം.

Fingle, *n.* ലഘുത്വം, അസാരത്വം, പീറത്തരം.

Finis *n.* *see* **End.**

Finish, *v. t.* തീർക്കുക, പൂർത്തിയാക്കുക; *v. i.* തീരുക, സമാപ്തമാവുക; *n.* സമാപ്തി, പരിഷ്കാരം, മിനുക്കം.

Finite, *a.* അളവുള്ള, പരിച്ഛേദ്യമായ, നിരൂപണീയം, സാദ്യന്തം; 'not f. അനന്തം'; **-ly,** *adv.* നിയതമായി.

Fir (fėr), *n.* ദേവതാരവൃക്ഷം.

Fire, *n.* തീ, അഗ്നി, പെരുന്തീ; പീരങ്കിവെടി; വികാരം, മനോരാജ്യം, വീര്യം, ഉത്സാഹം, തേജസ്സ്. സത്വം; 'submarine f ബാഡവാഗ്നി, ബഡവാനിലൻ'; *v. t.* എറിക്കുക, ദഹിക്കുക, ജ്വലിപ്പിക്കുക; പ്രോത്സാഹിപ്പിക്ക, സംക്ഷോഭിപ്പിക്ക, പ്രേരിപ്പിക്ക; *v. i.* ദീപിക്ക. എരിയുക, ജ്വലിക്ക, കത്തുക; 'f. arms തോക്കുകൾ'; 'f. fall തീക്കട്ട. കൊള്ളിമീൻ'; 'f. brand തീക്കൊള്ളി, മനസ്സിൽ തീപിടിപ്പിക്കുന്നവൻ'; 'f. cracker പടക്കം'; 'f. drake കൊള്ളിമീൻ, വാണം'; 'f. eater ഇന്ദ്രജാലക്കാരൻ, കലഹപ്രിയൻ'; 'f. engine തീകെടുത്തിയന്ത്രം'; 'f. fly മിന്നാമിനുങ്ങു്'; 'f. irons, f. set കടില'; 'f. man തീകെടുത്തിയന്ത്രക്കാരൻ'; 'f. pan നെരിപ്പോടു്'; 'f. place അടുപ്പു്'; 'f. proof തീകത്താത്ത'; 'f. side പാദകം, വീടു്'; 'f. water ചാരായം'; 'f. wood വിറകു്'; 'f. works വെടിക്കെട്ടു്, കരിമരുന്നുപ്രയോഗം'; 'f. worship അഗ്ന്യാരാധനം'; 'running, f. അണിവെടി'; 'to set on

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

f. ചീവയ്ക്കുക'; 'to take f. തീകത്തുക, കോപിക്കുക'; -er, n. തീവയ്ക്കുന്നവൻ; -Firing, n. വെടി, വെടിവയ്പ്, തീവയ്പ്; -Fiery, a. അഗ്നിമയമായ, ജ്വലിക്കുന്ന, എരിയുന്ന, പൊള്ളുന്ന, ചുടുന്ന, ചുടുചുടയുള്ള, ചുറുക്കുള്ള.

Fieriness, n. കോപം, ചുറുക്ക്, ചുണ ചൊടി.

Firkin (fér-), n. ഒൻപതു ഗ്യാലൻ, വീപ്പ.

Firm (férm), a. ദൃഢം, സ്ഥിരം, നിശ്ചലം, ധീരം, അകമ്പിതം, വിറയ്ക്കാത്ത, ഇളകാത്ത, ഇടറാത്ത; ഗാഢം, കട്ടത്ത, ബലമുള്ള, സാന്ദ്രം; n. കൂട്ടുകച്ചവടം, വ്യാപാരസ്ഥലം; -ly, *adv.* ദൃഢമായി, സ്ഥിരമായി, ഉറപ്പായി; -ness, n. ദൃഢത, സ്ഥൈര്യം, ധൈര്യം, അക്ഷോഭം; കട്ടപ്പം, ഘനം, സന്ധി.

Firmament, n. ആകാശം, നഭോമണ്ഡലം നഭഃസ്ഥലം, ഖഗോളം; -al, a. ആകാശീയം, നഭഃസ്ഥം.

First (ferst), a. ഒന്നാമത്തായ, മുഖ്യമായ, മികച്ച, പ്രഥമം, അഗ്രിമം, പ്രമുഖം, പ്രധാനം; 'f. half പൂർവാർദ്ധം, ആദ്യത്തെപകുതി'; 'f. part of the day പൂർവാഹ്നം'; 'f. part of night പൂർവരാത്രം'; 'for the f. time ആദ്യമായി'; 'f. born അഗ്രജൻ, പൂർവജൻ, ജ്യേഷ്ഠൻ'; 'f. rate ശ്രേഷ്ഠം, ഉൽകൃഷ്ടം, ഉത്തമം, വിശിഷ്ടതമം, ഒന്നാംതരം'; -ly, *adv.* ആദ്യമായി.

Firth, Frith, n. നദീമുഖദേശം.

Fiscal, a. ധനസംബന്ധിയായ; n. ഖജനാധികാരി.

Fish, n. മീൻ, മത്സ്യം; v. i. മീൻപിടിക്കുക; 'f. basket മീൻകൂട്ട'; 'f. hook ചൂണ്ട, ബളിശം'; -er, -erman, n. മുക്കുവൻ, വാലൻ, ദാശൻ, വലക്കാരൻ; -ery, -ing, n. മീൻപിടിത്തം.

Fissile, a. പിളക്കത്തക്ക.

Fissiparous, a. ഉടൽവെടിച്ചു പിറപ്പിക്കുന്ന, സ്വയംഭേദിച്ചുല്പാദിപ്പിക്കുന്ന.

Fission, n. ഛേദം, പിളപ്പ്, വെടിപ്പ്.

Fissure (fish'ūr), n. പിളർപ്പ്, വെടിപ്പ്.

Fist, n. കൈമുട്ടി, മുഷ്ടി, ചുരുട്ടിയ കൈ; v. t കൈചുരുട്ടിയിടിക്കുക or കുത്തുക.

Fisticuffs, n. (pl) മുഷ്ടിയുദ്ധം, തല്ല്.

Fistula, n. നാഡി; നാഡീവ്രണം; 'f. in anus ഭഗന്ദരം'.

Fit, a. തക്ക, സൌകര്യമുള്ള, പററിയ, യോഗ്യം, അനുരൂപം, ഉചിതം; v. t. യോജിപ്പിക്കുക, ചേർക്കുക; 'f. up അലങ്കരിക്ക'; v. i. യോജിക്ക, ചേരുക; n. ആക്രമം, ആവേശം, 'f. of anger കോപാവേശം'; 'f. of fever ജ്വരാക്രമം; മൂർച്ഛ, പിച്ച്'; -ful, a. ചപലം, അനിത്യം, വിഷമം, അസ്ഥിരം; -ly, *adv.* യുക്തമായി, ഉചിതമായി; -ness, n. യുക്തത, ക്ഷമത, ചേർച്ച, യോജിപ്പ്; -ter, n. യന്ത്രംചേർത്തുടുക്കുന്നവൻ.

Fitch, n. ചണകം, പോക്കാൻപൂച്ച.

Five, a. and. n. അഞ്ച്; in f. ways അഞ്ചായി, പഞ്ചധാ'; 'f. times അഞ്ചിരട്ടി'; 'f. fold അഞ്ചുമടങ്ങ്, പഞ്ചഗുണം'.

Fifth, a. പഞ്ചമം, അഞ്ചാമത്തെ.

Fives, n. ഒരുതരം പന്തുകളി.

Fix, v. t. സ്ഥാപിക്ക; ഉറപ്പിക്ക, സ്ഥിരീകരിക്ക, ദൃഢീകരിക്ക; (f. upon) നിശ്ചയിക്ക, നിരൂപിക്ക; ബന്ധിക്ക, നിവേശിപ്പിക്ക, കുത്തിയുറപ്പിക്ക; -ed, a. വ്യവസ്ഥിതം, ഉറപ്പിച്ച, സ്ഥാപിതം; നിയതം, നിശ്ചിതം; ചേർന്നുച്ച; സ്ഥാവരം; -edly, *adv.* ദൃഢമായി, സ്ഥിരമായി, കണ്ണിമയ്ക്കാതെ, ഏകാഗ്രമായി; -edness, n. ഉറപ്പ്, സ്ഥിരത; -ity, n. സ്ഥിരത, സ്ഥൈര്യം, നിഷ്ഠ, -ture, n. സ്ഥാവരദ്രവ്യം.

Fizz, -le, n. സീൽകാരം, ചെല്ല; v. i. വണ്ടുപോലെമൂളുക, സീൽകാരം പുറപ്പെടുവിക്ക; ചീററുക.

Flabby, a. മൃദുവായ, വഴങ്ങുന്ന; -ness, n. മാർദ്ദവം, വഴക്കം.

Flaccid, (flak'sid), a. മൃദു, കോമളം, ലളിതം, അകഠിനം; -Flaccidity, n. മാർദ്ദവം, കോമളിമ.

Flag, v. i. അയഞ്ഞുകിടക്ക, തൂങ്ങിക്കിടക്ക; ബലംകുറയുക, ഭഗ്നോത്സാഹമായി മവിക്ക; പാവുക, പടുക്കുക; n. കൊടി, കൊടിക്കൂറ, പതാക; ശിലാപട്ടം, പ്രസ്തരം; 'f. staff കൊടിമരം'; 'red f. ആപൽസൂചകചിഹ്നം'; 'to hang out the white f. സമാധാനത്തിനപേക്ഷിക്ക'; 'to hang the f. half mast high, or half staff വ്യസനക്കൊടിതൂക്കുക'; 'strike or lower the f. കീഴടങ്ങുക';

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'yellow f. സാംക്രമികരോഗക്കൊടി'; *v. t.* കൊടികാട്ടുക'; **-ging,** *n.* കല്ലുപാകിയവഴി.

Flagellate, *v. t.* ചമ്മട്ടികൊണ്ടടിക്കുക, പ്രഹരിക്കുക; **-ion,** *n.* കശാഘാതം, കശാപ്രഹാരം.

Flageolet, *n.* ഓടക്കുഴൽ, മുരളി, വേണു.

Flagitate, *v. t.* ബുദ്ധിമുട്ടിച്ചുചോദിക്ക; **-tation,** . നിർബന്ധം, ബുദ്ധിമുട്ടിക്കൽ; **-Flagitious** (-jish-us), *a.* ഘോരമായ, ദാരുണം, അതിപാപി, അതിനിന്ദ്യം; **-ly,** *adv.* നിന്ദ്യമായി, ദാരുണമായി; **-gitiousness,** *n.* മഹാപാപം, അതിദുഷ്ടത, ദൌരാത്മ്യം.

Flagon, *n.* കുടുക്ക, കുപ്പി, കൂജ.

Flagrant, *a.* ഘോരമായ, ദാരുണം, അതിനിന്ദ്യം, പാപിഷ്ഠതമം; തെളിഞ്ഞ, സർവ്വജ്ഞാതം, ലോകപ്രസിദ്ധം; **-Flag-rancy,** *n.* പാതകം, കൊടുമ, അതിദുഷ്ടത, സുവ്യക്തത.

Flail, *n.* നെൽക്കററയടിക്കുന്ന കൊട്ടുപിടി, കണ്ടനി.

Flair, *n.* *see* **Odour.**

Flake, *n.* ചെതിൾ, പാളി, ശകലം, ലവം, അല്പഭാഗം; *v. i.* ശകലീഭവിക്ക, ചെതിളാവുക; **-y,** *a.* ചെതിളായ, അല്പമായ.

Flambeau (flam'bō), *n.* ദീപ്പന്തം, ജ്വാല, ചൂട്ട്; pl. **Flambeaux.**

Flame, *n.* ജ്വാല, ശിഖ, അർച്ചിസ്; *v. t.* ജ്വലിപ്പിക്ക, ദഹിപ്പിക്ക; *v. i.* ജ്വലിക്ക, ദഗ്ദ്ധമാക; **-ing,** *a.* പ്രദീപ്തം, ഉജ്ജ്വലം, ജ്വലിതം; 'f. fire ജ്വാലാഗ്നി'; **-y,** *a.* ജ്വാലാമയം.

Flamingo, *n.* മരാളം, രാജഹംസം, നീർനാര.

Flange (flanj), *n.* ഉന്തൽ, വെള്ളമ്പുപൊക്കം; ചക്രത്തിന്റെ അരികുപൊക്കം.

Flank, *n.* പക്കം, വശം, പാർശ്വം, പാർശ്വഭാഗം, പാർശ്വാംഗം; *v. t.* വശത്തുനിന്ന് എതിർക്കുക, പാർശ്വരക്ഷചെയ്യുക, രക്ഷിക്കുക, തൊട്ടുനില്ക്കുക.

Flannel, *n.* ഒരുവക കമ്പിളിത്തുണി, ഫ്ലാനൽതുണി.

Flap, *n.* പ്രാലംബം, തൂങ്ങിക്കിടക്കുന്നതു്, മൂടി; വാതിൽ; തൂക്കുപലക; കുടയുന്നശബ്ദം; *v. t.* ചിറകടിക്കുക; 'to f. in the mouth അധിക്ഷേപിക്കുക'; *v. i.* ചിറകടിച്ചുപറക്കുക; തൂങ്ങിക്കിടക്കുക; f. eared തളക്കാതുള്ള'; 'f mouthed ചുണ്ടുമലർന്ന'.

Flare, *v. i.* മിന്നുക, മിന്നുക, വിറച്ചെരിയുക, *n.* ലോലശിഖ, ലോലജ്വാല.

Flash, *v. i.* സ്ഫുരിക്കുക, ദീപിക്കുക, തിളങ്ങുക, കത്തിക്കാളുക, പെട്ടെന്നു ജ്വലിക്ക, or ഉദിക്കുക; *v. t.* ജ്വാലയുണ്ടാക്കുക; കമ്പിയടിക്കുക, പൊടുന്നനവേ തോന്നിക്കുക, അലങ്കരിക്ക, തട്ടിത്തെറിപ്പിക്ക; *n.* മിന്നൽ, നൊടിയിട, നിമിഷം; നീചഭാഷ, പാത്തിചീപ്പ്; *a.* നിസ്സാരമായ, വിലയില്ലാത്ത; 'f house വേശ്യാലയം'; **-er,** *n.* മിന്നുന്നതു്; **-ily,** *adv.* കാഴ്ചയ്ക്കുമാത്രമായി; **-iness,** *n.* പ്രഭ; **-ing,** *a.* ജ്വലിക്കുന്ന, ചീളിക്കത്തുന്ന; **-y,** *a.* ക്ഷണപ്രഭമായ, തൈജസം; അസാരമായ.

Flask, *n.* കുപ്പി; **-et,** *n.* ചെറുകുപ്പി; കുട്ട.

Flat, *a.* പരന്ന, നിരന്ന, സമമായ, സമരേഖം; താഴ്ന്ന, നതം, വീണ, പതിച്ച; അസാരം, വിരസം, രസഹീനം; സ്പഷ്ടം, സ്ഫുടം, വ്യക്തം, അവക്രം, അസന്ദിഗ്ദ്ധം; താഴെവീണ; 'f. cap ലണ്ടൻനഗരക്കാരൻ'; 'f. tint ഒരേനിറം'; 'to fall f. നിരർത്ഥകമാകുക'; *adv* നീരെ, നേരേ; *n.* സമഭൂമി, നിരന്നസ്ഥലം; സൈകതം, പുളിനം; പലക; മന്ദം; *v. t.* പരത്തുക; മന്ദമാക്കുക; *v. i.* പരന്നുപോകുക; **-ly,** *adv.* സമമായി; സ്ഫുടമായി, വ്യക്തമായി, സന്ദേഹംകൂടാതെ; **-ness,** *n.* സമത, നിരപ്പ്, നിമ്നത, അസാരത; **-ten,** *v. t.* സമീകരിക്കുക, സമമാക്കുക; നിമ്നീകരിക്ക; രസമില്ലാതാക്കുക; *v. i.* നിരപ്പാകുക, സമമാകുക.

Flatter, *v. t.* പുകഴ്ത്തുക, മുഖസ്തുതിപറയുക, വാഴ്ത്തുക; പ്രിയംവദിക്ക; അനുനയിക്ക; മിഥ്യയായി ആശയെ ഉല്പാദിപ്പിക്ക or വർദ്ധിപ്പിക്ക; **-er,** *n.* ചാടുകാരൻ, മുഖസ്തുതിക്കാരൻ; **-ing,** *a.* പുകഴ്ത്തുന്ന, സ്തുതിമയം, പ്രീതികരം, **-ingly,** *adv.* അതിപ്രശംസാപൂർവം, പുകഴ്ത്തി, സാന്ത്വനപൂർവം; **-y,** *n.* ശ്ലാഘ, സ്തുതി, അതിപ്രശംസ, മധുരവചനം, വ്യാജസ്തുതി; അനുനയം, ആരാധനം, സന്തോഷണം.

Flatulent, *a.* കുടലിൽ വായുവുള്ള, ആത്തുവായുവുണ്ടാക്കുന്ന; ശൂന്യമായ, വ്യർത്ഥമായ; **-Flatulence -cy,** *n.* വായു, ആ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ത്രവായു; വൻപ്; **-Flatus,** *n.* ആന്ത്ര വായു, വായു.

Flaunt, *v. t. or v. i.* കല്പക്കക; ദപ്പത്തോടെ ചുററിനടക്കുക; **-ing,** *a.* ഉദ്ധതഗതിയായ, വിലാസംകൊണ്ടു മന്ദഗാമിയായ, സുഭഗംമന്യമായ; 'a f. gait വികടഗതി'.

Flavour (-vėr), *n.* സ്വാദം, രസം, രുചി, വാസന; *v. t.* രുചികരമാക്കുക; **-ed,** *a.* സ്വാദുള്ള; **-less,** *a.* വിരസമായ; **-ous,** *a.* മിഷ്ടംആയ, സ്വാദുള്ള, രുചിയുള്ള.

Flaw, *n.* ദോഷം, പഴുത്, വൈകല്യം, രന്ധ്രം, ന്യൂനത; കൊട്ടങ്കാററ്, ചണ്ഡവാതം; ഭംഗം, സന്ധി, രന്ധ്രം; *v. t* പൊട്ടിക്ക, കേടുവരുത്തുക **-less,** *a.* പഴുതില്ലാത്ത, നിർദ്ദോഷമായ; നീരന്ധ്രമായ; **-y,** *a.* സരന്ധ്രം, സദോഷം, പഴുതുള്ള, കാററുള്ള.

Flax, *n.* ചണം; **-en,** *a.* ചണംകൊണ്ടുണ്ടാക്കിയ, അഴകുള്ള.

Flay, *v. t.* ഉരിക്ക, തോലുരിക്ക, തൊലിക്ക.

Flea, *n.* മക്ഷികം, മൽകുണം, തല്പകീടം; **-bite,** *n.* ചെള്ളുകടി; അല്പവേദന.

Fleam, *n.* ശസ്ത്രം.

Fleck, *n.* പുള്ളി, വിന്ദു, കറ, കീറ്.

Fledge, (flej), *v. t.* ചിറകുണ്ടാക്കുക; **-ed,** *a.* സംജാതപക്ഷം, ചിറകുള്ള; **-Fledgeling,** *n.* ചിറകുമുളച്ച പക്ഷിക്കുഞ്ഞ്.

Flee, *v. i.* ഓടിപ്പോകുക, രക്ഷപ്പെടുക, ത്യജിക്ക.

Fleece, *n.* ആട്ടുരോമം; *v. i.* അപഹരിക്ക, ഉരിച്ചുകളയുക; **-ed,** *a.* രോമംകത്തിരിച്ച, രോമമുള്ള, കൊള്ളയിട്ട; **-cy,** *a.* ധാരാളം രോമമുള്ള.

Fleer, *v. i. and v. t.* അപഹസിക്ക, തിരസ്കരിക്ക, നിന്ദിക്ക; *n.* അവഹാസം, തിരസ്കാരം, അവജ്ഞ.

Fleet, *n.* കപ്പൽപട, കപ്പൽനിര; *a.* ചുറുക്കായ, വിരവുള്ള, വേഗമായ; *v. i.* വേഗത്തിൽപോകുക; **-ing,** *a.* ക്ഷണികം, ക്ഷണഭംഗുരം, അധ്രുവം; *see* **fickle; -ly,** *adv.* ശീഘ്രമായി, വേഗത്തിൽ, സത്വരം; **-ness,** *n.* വേഗം, ത്വര, ത്വരിതഗതി, ദ്രുതഗതി.

Flesh, *n.* ഇറച്ചി, മാംസം, ശരീരം, തടി, ദേഹം; വിഷയാസക്തി; 'f. colour മാംസവർണ്ണം'; 'f. monger മാംസവിക്രയി'; **-less,** *a.* അമാംസം, അപുഷ്ടം, മാംസഹീനം, **-ly,** *a.* ശാരീരികം, ദൈഹികം, വിഷയി, സാംസാരികം, ഐഹികം; **-y,** *a.* മാംസളം, പുഷ്ടം, പീനം, പീവരം; മേദസ്വി, തടിച്ച, വീങ്ങിയ, കനത്ത.

Flexibility, *n.* കുഞ്ചനീയത്വം, മൃദുത്വം, വളയ്ക്കാവുന്ന അവസ്ഥ; അനുനേയത്വം; **-Flexible,** *a.* വഴങ്ങുന്ന, കോമളം, മൃദു; അനുനയിക്കാവുന്ന.

Flexion, Flexture, *n.* വളവ്, കോട്ടം, ആനതി, വക്രത; **-Flexuous,** *a.* വളഞ്ഞ, കോടിയ, വക്രം, കുടിലം, ഭംഗുരം.

Flick, *v. t.* ആഹനിക്ക, പ്രഹരിക്ക, തല്ലുക; *n. see* **Flip.**

Flicker, *v. i.* ചലിക്കുക, മിന്നിമിനിക്കുക, മഞ്ചിക്കുക; ചിറകടിക്കുക; **-ing,** *a.* ചഞ്ചലം, മിന്നുന്ന; *n.* ചഞ്ചലശിഖ; ചലനം, ചാഞ്ചല്യം.

Flimsy, *a.* മെലിഞ്ഞ, അസാരം, സാരഹീനം; അല്പബലം; **-ness,** *n.* അസാരത.

Flinch (flinsh), *v. i.* പിൻവാങ്ങുക, ക്രസുക; **-ing,** *n.* പിൻവാങ്ങൽ, ക്രച്ഛ്രം.

Fling, *v. t.* എറിയുക, വീശുക; 'f. open തട്ടിത്തുറക്കുക'; *n.* ഏറ്, ക്ഷേപണം, പ്രക്ഷേപം, വീച്ച്, ഒരുവക നർത്തനം.

Flint, *n.* തീക്കല്ല്, അരണി, അഗ്നിഗ്രാവം; **-y,** *a.* തീക്കല്ലുള്ള; കഠിനഹൃദയമായ, പാഷാണഹൃദയം.

Flip, *n.* പാനകം.

Flip, *v. t and v. i.* ഉന്തുക, അടിക്കുക. ആസ്ഫാലനംചെയ്ക.

Flippant, *a.* വായാടിയായ, വാചാലംആയ, കുറുമ്പുള്ള, മര്യാദയില്ലാത്ത; ചപലം, അസ്ഥിരം; **-ly,** *adv.* വാക്ചാപല്യത്തോടെ; **-Flippancy,** *n.* വാക്ചാപല്യം, വായാടിത്തം, കുറുമ്പ്, ചാപല്യം.

Flirt, *v. t.* തൂവുക, തെറിക്കുക; *v. i.* അവഹസിക്ക, അധിക്ഷേപിക്ക; കൊഞ്ചുക, വിഭ്രമിക്ക, വിലസുക, വിലാസം or വിഭ്രമംകാട്ടുക; സ്പന്ദിക്ക, തുടിക്ക, സ്ഫുരിക്ക; *n.* തെറിപ്പ്; വിലാസിനി, ലീലാവതി, പ്രഗത്ഭ, മായക്കാരി; **-ation,** *n.* ലീല, ഹേല, വിലാസം, പ്രേമലീല; സ്പന്ദനം, സ്ഫുരണം, ഹൃദയകമ്പം.

Flisk, *n.* തുള്ളൽ, ചാട്ടം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Flit, *v. i.* മന്ദംചലിക്കുക, പറന്നുപോക, പാറിപ്പോക; ചിറകടിക്കുക, അങ്ങിങ്ങായിനടക്കുക; **-ter,** *v. t.* കുടയുക; *n.* കീറത്തുണി, തുണിത്തുണ്ട്; 'f. r mouse വവ്വാൽ, കടവാതൽ;' **-tiness,** *n.* അസ്ഥിരത, മനോചാഞ്ചല്യം; **-ting,** *n.* ഭ്രമണം, ചലനം, പറക്കൽ; **-tingly,** *adv.* അസ്ഥിരമായി.

Flitch, *n.* ഉപ്പിട്ടുണക്കിയപന്നിയിറച്ചി.

Float, *n.* നീന്തുന്നത്, പ്ലവം, ഉഡുപം, ചങ്ങാടം; *v. t.* നീന്തുക, പ്ലവിക്ക, (മീതെ) ഒഴുകി നീങ്ങുക; **-ing,** *a.* വെള്ളത്തിൽ പൊന്തിക്കിടക്കുന്ന, സ്ഥിരമാകാത്ത, തീർച്ചയാകാത്ത; 'f. g capital വ്യാപാരമുതൽ'.

Flocculent, *a.* സാന്ദ്രം, ഘനീഭൂതം.

Flock, *n.* കൂട്ടം, പററം, യൂഥം, സമൂഹം, ഗണം; ആട്ടിൻരോമത്തിരൾ; *v. i.* പററമാകുക, കൂടുക, കൂട്ടമാകുക, ഒന്നിക്കുക, ഏകീഭവിക്കുക.

Floe (flō), *n.* ഒഴുകുന്ന മഞ്ഞുകട്ടി.

Flog, *v. t.* ചമ്മട്ടികൊണ്ടടിക്കുക, ചാട്ടകൊണ്ടടിക്കുക, പ്രഹരിക്ക, അടിക്കുക; **-ing,** *n.* കശാഘാതം; 'deserving f. കശ്യം'.

Flood (flud), *n.* ജലപ്രളയം, വെള്ളപ്പൊക്കം, ആററുപെരുക്കം, പൂരം, പ്രവാഹം; 'universal f. മഹാപ്രളയം,ഭൂതസംപ്ലവം; ബാഹുല്യം'; 'f. of tears ബാഷ്പപൂരം or വർഷം, അശ്രുപാതം'; 'f. gate ജലദ്വാരം, ജലനിർഗമം'; 'f. tide വേലിയേററം'; *v. t.* കവിഞ്ഞൊഴുകുക, വെള്ളപ്പൊക്കമുണ്ടാക; പൂരിപ്പിക്ക.

Flook, *n.* ഫലദന്തം, കൊഴു.

Floor, *n.* ഭൂമി, നിലം, തറ, ഭൂതലം; നില, തട്ട്; *v. t.* പലകയടിക്ക or നിരത്തുക; തള്ളിവീഴ്ത്തുക; ഉത്തരംമുട്ടിക്ക; **-er,** *n.* അടി; ഉചിതമായ മറുപടി; ദുസ്സാദ്ധ്യകർമ്മം.

Flop, *v. t.* ചിറകിട്ടടിക്ക, ആസ്ഫാലനം ചെയ്ക.

Flora, *n.* പുഷ്പാധിദേവത; ഓഷധിജാതം; സസ്യാദികൾ.

Floral, *a.* കൌസുമം, പുഷ്പസംബന്ധമായ.

Florid, *a.* പൂവുള്ള, അലങ്കരിച്ച, പ്രകാശിക്കുന്ന വർണ്ണമുള്ള, ചുവന്ന; **-ity, -ness,** *n.* കവിൾത്തുടുപ്പ്, അരുണിമ; വാഗലംകാരം, അലങ്കാരശോഭ.

Floriferous, *a.* പുഷ്പോൽപാദകം, പുഷ്പപ്രദം.

Florilege, *n.* പൂവിറുക്കൽ.

Florist, *n.* മാലാകാരൻ, പൂക്കാരൻ; പുഷ്പവിദ്യാജ്ഞൻ.

Florin, *n.* ഒരുറുപ്പികവിലയുള്ള ഒരു വെള്ളിനാണയം.

Floss, *n.* ചിലചെടികളിലുള്ള പട്ടുപദാർത്ഥം 'f. silk ഇഴപ്പട്ട്'; **-sification,** *n.* പുഷ്പിക്കൽ, പൂക്കൽ; **-sy,** *a.* മിനുക്കമുള്ള, മൃദുവായ.

Flota, *n.* കപ്പൽക്കൂട്ടം; **-tage,** *n.* പ്ലവം; **-tation,** *n.* ഒഴുക്ക്; **-tilla,** *n.* ചെറിയ കപ്പലുകൾ.

Flounce, *v. t.* തൊങ്ങലുവച്ചലങ്കരിക്കുക; *n.* കഞ്ചാ.

Flounce, *v. i.* പെട്ടെന്നുനീങ്ങുക, അക്ഷമമായിച്ചലിക്ക; *n.* ആകസ്മികമായ അംഗവിക്ഷേപം.

Flounder, *v. i.* മറിയുക, അക്ഷമമായി ചലിക്ക, ഉരുളുക, തുടിക്കുക.

Flour, *n* മാവ്, പൊടി, ചൂർണ്ണം.

Flourish, *v. t. or v. i.* എഴിക്കുക, സമൃദ്ധിപ്പെടുക; ശോഭിപ്പിക്ക,രഞ്ജിപ്പിക്ക; ഭ്രമിപ്പിക്ക; *n.* ആഡംബരം, ശോഭ, അലങ്കാരം; നിസ്വനം (ചെണ്ടയുടെ); വൻപുപറച്ചിൽ, ഗർവോക്തി; ഭ്രമണം, ഉദ്ഗമം; **-ing,** *a.* സമൃദ്ധം, സുസ്ഥിരം, വർധിഷ്ണു.

Flout, *v. t.* നിന്ദിക്കുക, പുച്ഛിക്കുക; **-ingly,** *adv.* പുച്ഛമായി.

Flow, *v. i.* ഒഴുകുക, സ്രവിക്ക, പ്രസ്രവിക്ക, നിഷ്യന്ദിക്ക, ഗളിക്ക, പ്രവഹിക്ക, പൊഴിയുക, ഊറുക, പ്രസർപ്പിക്ക, പ്രസരിക്ക; ശിഥിലീഭവിക്ക, ശ്ലഥമാവുക; *n.* ഒഴുക്ക്, സ്രവം, സ്രവണം, സ്രുതി, സ്രാവം, ക്ഷരണം, ഗളനം, പ്രവൃത്തി, അഭിസ്യന്ദനം, ഊററ്, പൊഴിക്കൽ, പ്രവാഹം, സ്രോതസ്സ്, രയം; വേലിയേററം; **-ing,** *a.* ഒഴുകുന്ന, പ്രസ്രുതം, സ്യന്ദി; ഇടറാത്ത, അസ്ഖലിതം; 'a f. delivery അസ്ഖലിതഭാഷണപദ്ധതി', **-ingly,** *adv.* ഇടറാതെ, തടസ്സമില്ലാതെ, ദ്രുതമായി.

Flower, *n.* മലർ, പൂവ്, പുഷ്പം, സുമം, അവതംസം, ലലാമഭൂതം, ശ്രേഷ്ഠം, അലങ്കാരം, തിലകഭൂതം, ഉൽകൃഷ്ടം; 'f. of age യൌവ്വനം'; 'f. of youth നവയൌവ്വനം'; *v. i.* ഫുല്ലമാകുക, വികാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിക്ക, വിടരുക, പൊട്ടുക; പതയ്ക്കുക; *v. t.* പൂക്കളാൽ അലങ്കരിക്ക or ശോഭിപ്പിക്ക; **-ed,** *a.* പൂത്ത, പുഷ്പിച്ച, കുസുമിതം, വികസിതം, ഫുല്ലം, സ്ഫുടിതം; **-ing,** *a.* കുസുമിതം, പൂക്കുന്ന; **-less,** *a.* പൂവില്ലാത്ത, അകുസുമം, കുസുമഹീനം; **-y,** *a.* പുഷ്പമയമായ, പുഷ്പശാലിയായ; അലംകൃതമായ.

Fluctuate, *v. i.* അങ്ങോട്ടുമിങ്ങോട്ടുംമാറുക, കേറിയിറങ്ങിനില്ക്കുക; നിശ്ചയമില്ലാതിരിക്കുക; സന്ദേഹിക്ക, ചലിയ്ക്കുക, അസ്ഥിരമാകുക, ചഞ്ചലമാകുക; **-ing,** *a.* ഏറിക്കുറയുന്ന, ഉലയുന്ന, ദോളായമാനം, അസ്ഥിരം, ചഞ്ചലം, തരളം; **-ion,** *n.* അസ്ഥൈര്യം, ഉലവ്, ഏറ്റക്കുറച്ചിൽ, ചാഞ്ചല്യം, സന്ദേഹം, അനവസ്ഥിതി, ആന്ദോളനം.

Flue (flö), *n.* പുകപോക്കി, പുകക്കുഴൽ, ധൂമമാർഗ്ഗം.

Fluent, *a.* (of persons) വാക്പടുവായ, ദ്രുതവാക്കായ; അനർഗ്ഗളം, അവിശ്രാന്തം, ദ്രുതം, അനവരതം; **-ly,** *adv.* ഒഴുക്കോടെ, ദ്രുതമായി, വാഗ്വിഭവത്തോടെ; **-Fluency,** *n.* വാക്പടുത്വം, വാഗ്വിഭവം, അനർഗ്ഗളത, ഒഴുക്ക്.

Fluid, *a.* ദ്രവമായ; *n.* ദ്രവം, രസം, ദ്രവവസ്തു; *see* **Liquid, -ity,** *n.* ദ്രവത, ഒഴുകാനുള്ള കഴിവ്.

Fluke, *n.* നംകൂരപ്പല്ല്, കൊക്കി.

Fluke, *n.* കരുട്ടടി; ഒരുവകമീൻ.

Flummery, *n* മുഖസ്തുതി, മിഥ്യാപ്രശംസ, മിഥ്യാസ്തുതി.

Flunky, Flunkey, *n.* വേലക്കാരൻ, ദാസൻ, നീചകർമ്മകരൻ.

Fluorine, *n.* കാസാതം, ഒരുമാതിരി ലോഹസാരം.

Flurry, *n.* സംഭ്രമം, വ്യഗ്രത, മോഹം, പരപരപ്പ്, പതപതപ്പ്; *v. t.* ക്ഷോഭിപ്പിക്ക, വിരട്ടുക.

Flush, *a.* പുതുതായ, പ്രൌഢം, തേജസ്വി; സമൃദ്ധം, ധനസമ്പന്നം, മുക്തഹസ്തം, അതിവ്യയപരം; *n.* അരുണിമ, രാഗം, കപോലരാഗം; ബാഹുല്യം, സമൃദ്ധി; *v. t.* ചൊവപ്പിക്കുക, അരുണീകരിക്ക, ദർപ്പമുണ്ടാക്കുക, ഉല്ലാസപ്പെടുത്തുക; *v. i.* അരുണീഭവിക്ക, മുഖം ചൊവക്കുക; **-ed,** *a.* അരുണിതം, ലോഹിതം; ഉദ്ധതം, ഗർവിതം.

Fluster, *v. t.* കലക്കുക, കുഴപ്പമുണ്ടാക്കുക, മദിപ്പിക്ക, മോഹിപ്പിക്ക; ചൂടാക്കുക; *n.* പതപതപ്പ്, കുഴപ്പം, ചിത്തഭ്രമം, മോഹം, വ്യാകുലത.

Flute (flöt), *n.* പുല്ലാങ്കുഴൽ, മുരളി; *v. i.* കുഴലൂതുക, പുല്ലാങ്കുഴൽ വായിക്ക.

Flutter, *v. i.* ആട്ടുക, ചിറകടിക്കുക, പടപടക്കൊട്ടുക, തുടിക്ക; *v. t.* ആട്ടുക, ക്ഷോഭിപ്പിക്കുക, ആകുലീകരിക്ക, സ്ഫുരിപ്പിക്ക; *n.* ഉൽക്ഷേപണം; വികമ്പം, സ്ഫുരണം, സ്പന്ദനം, തുടിപ്പ്, ഉച്ഛ്വസനം; ക്ഷോഭം, സംഭ്രമം; **-ing,** *n.* ചിറകടി; *a.* വിചലം, കമ്പമാനമായ.

Fluvial, *a.* നദീസംബന്ധിയായ.

Flux, *n.* ഒഴുക്ക്, ധാര, പ്രവാഹം, സ്പന്ദനം; *v. t.* വിദ്രവിപ്പിക്ക, വിലയിപ്പിക്ക; **-ible,** *a.* ദ്രാവ്യം, ഗളനീയം.

Fluxion, *n.* പാച്ചിൽ, ക്ഷരണം.

Fly, *n.* ഈച്ച, കൊതുക്, മക്ഷിക; ചൂണ്ടലിര; ഒറ്റക്കുതിരവണ്ടി; കാറ്റുകാട്ടി; 'fire f. മിന്നാമിനുങ്ങ്'; 'f. fishing ചൂണ്ടലിടൽ'; 'f. leaf പുറംതാൾ'; 'f. net കൊതുകുവല'; 'on the f. നിലത്തുവീഴുമുമ്പേ'; 'f. blown ചീഞ്ഞ'; 'f. boat ചെറുവള്ളം'; 'f. man വണ്ടിക്കാരൻ'; 'f. speck കുത്ത്, വിന്ദു'; *a.* മനസ്സിലായ; *v. i.* പറക്കുക, ഉല്പതിക്കുക, ആകാശസഞ്ചാരംചെയ്യുക, പായുക, ഓടിപ്പോക; 'to f. off തെറിച്ചുപോക'; 'to f. on ആക്രമിക്കുക'; 'to f. open കുത്തിത്തുറക്കുക'; 'to f. out പുറത്തേക്കു ചാടുക'; *v. t.* പറപ്പിക്കുക, വിട്ടുപായുക; **-er, -Flier,** *n.* ഓട്ടൻ, പായുന്നവൻ, ശീഘ്രഗാമി; **-ing,** *n.* ഡയനം, പറക്കൽ, ഉൽപതനം; *a.* പറക്കുന്ന, ചിറകുള്ള, പായുന്ന; 'f. g colours പറക്കുന്ന കൊടി'; 'to come off with f colours ജയലക്ഷ്മിയെ വരിക്ക'; 'f. g dragon കൊള്ളിമീൻ'; 'f. g fox കടവാതിൽ, വവ്വാൽ'; 'f. g frog മരമാക്രി'; 'f. g machine വിമാനം'; 'f. g party or army or artillery ശീഘ്രസേന'; 'f. g shot പറക്കുമ്പോഴുള്ള വെടി'.

Flight, *n.* പലായനം, പാച്ചിൽ; പറക്കൽ, ഡയനം, ഉല്പതനം; 'down ward f. അവഡീനം'; പറവക്കൂട്ടം, പക്ഷിമാല, മതിവിലാസം, ബുദ്ധിവിലാസം'; 'f. of

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

steps സോപാനപംക്തി, സോപാന പരമ്പര'; 'f. of an arrow ശരപാതം'; **-y**, *a.* ചലബുദ്ധിയായ, ഭ്രാന്തമതിയായ, അസ്ഥിരമായ.

Foal, *n.* കുതിരക്കുട്ടി, കഴുതക്കുട്ടി; 'in f. with f. കുതിരയ്ക്കു ഗർഭമുണ്ടാക്കുക'; *v. t.* *or v. i.* കുതിര or കഴുത പെറുക.

Foam, *v. i.* നുരയ്ക്കുക, പതയ്ക്കുക, കോപിക്കുക; *v. t.* തിളപ്പിക്കുക; *n.* പത, നുര, മണ്ഡം, 'snowy f. ഹിമധവളം, ഫേനപടലം; **-y**, *a.* പതയുള്ള, നുരച്ച, ഫേനിലം.

Fob, *n.* ഘടികാരക്കീശ; 'f. chain ഘടികാരച്ചങ്ങല'; *v. t.* ചതിക്കുക; 'to f. off ചതിയിൽ മാററിക്കളയുക'.

Focus, *n.* കേന്ദ്രം; *v. t.* ഏകത്രീകരിക്ക, ഒരിടത്താക്കുക.

Fodder, *n.* യവസം, പുല്ല്, വയ്ക്കോല്; *v. t.* കന്നുകാലികൾക്ക തീററികൊടുക്കുക.

Foe, *n.* ശത്രു, എതിരാളി, രിപു, വിരോധി.

Foetus, *see* **Fetus.**

Fog, *n.* മൂടൽമഞ്ഞു്; **-gy**, *a.* മൂടൽമഞ്ഞുള്ള, മങ്ങിയ.

Foh, (fo), *intj.* ച്ഛ!

Foible, *n.* കുററം, കുറവു്, ഛിദ്രം, ന്യൂനത, വൈകല്യം, ദോഷം.

Foil, *v. t.* പരാജയപ്പെടുത്തുക, ഭഞ്ജിക്ക, പങ്കപ്പെടുത്തുക, മറുക്ക, ഖണ്ഡിക്ക, നിഷ്ഫലമാക്കുക; **-Blunt;-** *n.* ഭംഗം, തോൽവി; മിഥ്യാഖഡ്ഗം, കളിവാൾ, പത്രം; പ്രഭാവർദ്ധകം, കാന്തിവർദ്ധകം; കാക്കപ്പൊന്നു്; കണ്ണാടിയുടെ രസത്തകിടു്; 'f. stone കള്ളരത്നം'; **-ed**, *a.* (of persons) ഭഗ്നോദ്യമനായ, ഹതാശയനായ *see* **Dissappointed**; (of efforts etc.) ഭഗ്നം, ഖണ്ഡിതം.

Foin, *n.* അടി, വാൾതട്ടു്, ഖഡ്ഗാഘാതം; *v. t.* വടികൊണ്ടടിക്കുക, പ്രഹരിക്ക.

Foist, *v. t.* കള്ളമായി എഴുതിച്ചേർക്കുക, കൃത്രിമമാക്കുക; **-Foistiness**, *n.* പൂതിഗന്ധിത.

Fold, *n.* പട്ടം, തവണ, ഉരു, ഇരട്ടി; ആലിംഗനം; മടക്കൽ, ആല, ആട്ടിൻകൂട്ടം; സഭ; അതിർ; 'f. yard ആടിനെ ഇടുന്ന സ്ഥലം'; *v. t.* മടക്കുക, മിടയുക; കൈകെട്ടുക; മറയ്ക്കുക, പൊത്തുക; ആലിംഗനംചെയ്ക; ആലയിലാക്കുക; *v. i.* മടങ്ങുക, തമ്മിൽപിണയുക; **-er**, *n.* കടലാസുകത്തി; **-ing**, *n.* മടക്കു്, മുളയ്ക്കൽ; 'f. g. chair മടക്കകസാല'.

Folderol, *n.* ഭോഷത്തം, മൂഢത്തം.

Foliage, *n.* ഇല, തഴ.

Folio, *n* രണ്ടായി മടക്കിയ കടലാസ്, ദലം, വലിയ പുസ്തകം; നിയമത്തിൽ അനവധി വാക്കുകൾ; *v. t.* പുസ്തകത്തിനു് അക്കമിടുക; **-ose**, *a.* ഇലകൾ അധികമുള്ള; **-osity**, *n.* വണ്ണം, വലിപ്പം; **-Folious**, *a.* പത്രംപോലുള്ള, കട്ടികുറഞ്ഞ; **-Folium**, *n.* ഇല; നേരിയ തകിടു്.

Folk, *n.* ജനം, ജനങ്ങൾ, ജനത; 'old f. വൃദ്ധജനം, വൃദ്ധന്മാർ'; **-lore**, *n.* പുരാണകഥകൾ, പഴയകഥകൾ.

Follow, *v. t.* പുറകേപോകുക *or* വരിക, അനുഗമിക്ക, അനുകരിക്ക; സേവിക്ക, അനുവർത്തിക്ക, അനുസരിക്ക, ഉപാസിക്ക, ഭജിക്ക, ആശ്രയിക്ക, ശുശ്രൂഷിക്ക; നോക്കിക്കൊണ്ടിരിക്കുക, ശ്രദ്ധയോടെ കേൾക്കുക; മനസ്സിലാക്കുക, തൊഴിൽചെയ്യുക; *v. i.* ഉണ്ടാകുക, ഉൽപാദിക്കുക, സിദ്ധിക്കുക; **-er**, *n.* അനുയായി, അനുവർത്തി, അനുഗാമി, അനുസാരി; പരിജനം, സേവകൻ, ഉപജീവി, അനുചരൻ, സഹചരൻ, പരിവാരം, ആശ്രിതൻ, ഭക്തൻ; **-ing**, *a.* പുറകേവരുന്ന, ഇനിപ്പറയുന്ന, അനുഗമിക്കുന്ന; *n.* അനുസരണം, അനുയാനം, അനുഗമനം, അനുവർത്തനം; 'f. g day അടുത്തദിവസം'; 'f. g words ഈ വാക്കുകൾ, വഴിയേവരുന്നവാക്കുകൾ'.

Folly, *see* under **Fool.**

Foment, *v. t.* ഒററൽവയ്ക്കുക, കിഴിയുന്നുക; വേതിടുക, ചൂടുപിടിപ്പിക്ക; ഉദ്ദീപിപ്പിക്ക, സംവർദ്ധിപ്പിക്ക, ഉത്തേജിപ്പിക്ക, പ്രോത്സാഹിപ്പിക്ക, പ്രവർത്തിപ്പിക്ക; **-ation**, *n.* പ്രസ്വേദനം, വിയർപ്പിക്കൽ, ചൂടുവയ്ക്കൽ, ദ്രവസ്വേദം; ഉദ്ദീപനം, സംവർദ്ധനം, **-er**, *n.* നുണയൻ, കലഹകാരി, ഉപജാപകൻ, ഭേദകരൻ.

Fond, *a.* വത്സലം ആയ, അനുരക്തം, പ്രണയി; സേവി, ആസക്തം; അതിപ്രിയമായ, ബുദ്ധികെട്ട, മൂഢം, മുഗ്ദ്ധം; **-ly**, *adv.* സാനുരാഗം, സപ്രേമം, അതിസ്നേഹത്തോടെ, അതിവാത്സല്യത്തോടെ, അരുമയായി; **-ness**, *n.* അനുരാഗം, ആസക്തി, രതി, പ്രീതി, പ്രണയം, സ്നേഹം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാത്സല്യം, അഭിരുചി, കാമം, ഇഷ്ടം, ഈഹ.

Fondle, *v. t.* ലാളിക്ക, താലോലിക്കുക, മടിയിലിരുത്തിത്തഴുകുക, ആലിംഗനം ചെയ്ക, ഓമനിക്ക; **-ing,** *n.* ലാളനം, ഉപലാളനം, താലോലിപ്പ്, ആലിംഗനം, തഴുകൽ; സ്നേഹഭാജനം.

Font, *n.* ഉറവ്, ജ്ഞാനസ്നാനത്തൊട്ടി.

Food, *n.* അന്നം, ആഹാരം, ഭോജനം ഭോജ്യം, ഭക്ഷണം; 'cooked f. ഓദനം'; 'forbidden f. അഭക്ഷ്യം'.

Fool, *n.* മടയൻ, മന്ദൻ, മൂർഖൻ, മൂഢൻ, അജ്ഞൻ, അല്പമതി; 'f. hardy വിവേകമില്ലാത്ത'; 'f.'s cap മൗഢ്യചിഹ്നം'; 'f.'s errand വിഡ്ഢിത്തം'; 'to make a f. of മടയത്തരംകാട്ടുക'; 'to play the f. കോമാളിത്തം പ്രദർശിപ്പിക്ക'; *v. t.* മോഹിപ്പിക്ക, മയക്കുക, വഞ്ചിക്ക, ചെണ്ടകൊട്ടിക്കുക; **-ery,** *n.* പ്രഹസനം, വിനോദം, വിഡംബന; മണ്ടത്തരം, മടയത്തരം; **-ish,** *a.* മണ്ടത്തരമായ; **-ishly,** *adv.* ബുദ്ധിമോശമായി, മടയത്തരമായി; **-ishness,** *n.* ഭോഷത്തം, ബുദ്ധിനാശം; **-Folly,** *n.* മൂഢത, ബുദ്ധിമാന്ദ്യം, അബദ്ധം.

Foot, *n.* പാദം, അടി; പന്ത്രണ്ടിഞ്ച്; പദാദി or കാലാംപ്പട; അടിവാരം, ചുവട്; ചരണം; *v. t.* കാലുകൊണ്ടുതല്ലുക, ചവുട്ടുക, തൊഴിക്കുക; *v. i.* നടനംചെയ്ക, നടക്കുക; 'f. ball കാൽപന്ത്'; 'f. board കാൽപലക'; 'f. boy, f. page വാല്യക്കാരൻ, ചേടൻ, ഭൃത്യൻ'; 'f. fight പദാതിയുദ്ധം'; 'f. bridge സംക്രമസേതു'; 'f. fall കാലൊച്ച'; 'f. hot തൽക്ഷണം, ഉടനേ'; 'f. licker പീഠമർദ്ദൻ, സേവകൻ, കിങ്കരൻ'; 'f. mark or print ചുവട്, പാദചിഹ്നം, പാദപംക്തി, പദവി, പദ്ധതി, പാദമുദ്ര'; 'f. pace പാദന്യാസം, പീഠം, ചരണക്രമം'; 'f. path സഞ്ചരണം, ചരണവീഥി, ഊടുവഴി, വഴിത്താര'; 'f pad കൊള്ളക്കാരൻ'; 'f. passenger കാൽനടയായിട്ടുപോകുന്നവൻ'; 'f. pavement നട'; 'f. post അഞ്ചൽ'; 'f. race ഓട്ടപ്പന്തയം'; 'f. sore ഉള്ളംകാൽ'; .. നടന്നുകാൽപൊട്ടിയ; 'f. step ചവുട്ടടി, വഴി'; 'f. stone ശവക്കുഴിക്കുവയ്ക്കുന്ന കാല്ലുലേ കല്ല്'; 'f. stool പാദപീഠം, ചരണപീഠം'; 'f. worn നടന്നുതേഞ്ഞ'; 'cubic f. കണ്ടിയടി'; 'f. by f. ക്രമേണ'; 'from head to f. ആപാദചൂഡം'; 'square f. ചതുരശ്രയടി'; 'to put one's f. down ഉറച്ചുനില്ക്കുക'; 'to put the best f. foremost ആവുന്നതു യോഗ്യതകാട്ടുക'; 'to set on f. പ്രവർത്തിപ്പിക്ക, ആരംഭിക്ക'; 'under f. കാൽക്കീഴിൽ, അധീനത്തിൽ. താഴ്ന്നവിലയ്ക്കു'; 'to f. a bill കണക്കിൻപ്രകാരം കടംതീർക്കുക'; **-ed,** *a.* പാദമുള്ള, സ്ഥിരതയുള്ള, നിലയുള്ള; **-ing,** *n.* നില, സ്ഥാനം, ഉദ്യോഗം, ഭൂമി, ആസ്പദം; മൂലം, ചുവട്, ആശ്രയം, ആധാരം; സ്ഥിതി, വൃത്തി, അവസ്ഥ, ദശ; കാലൊച്ച, ആക്കെത്തൊക; **-Footstep,** *n.* അടി, മട്ട്; **-y,** *a.* താണ, ദരിദ്രനായ.

Fop, *n.* മോടിക്കാരൻ, പച്ചക്കാമദേവൻ; മോടിക്കാരി, രൂപഗർവിത; **-doodle,** *n.* വിടുഭോഷൻ; **-ling,** *n.* ഡംഭൻ; **-pish,** *a.* ഡംഭിയായ.

For, *prep.* ആൽ, കൊണ്ട്, കാരണത്താൽ, കാരണം, നിമിത്തം, ഹേതുവാൽ; (purpose) ഇന്ന്, ആയി; (for the sake of) വേണ്ടി; (in exchange for) പകരം, പ്രതി, വിനിമയമായി; (considering) അപേക്ഷിച്ച്, പ്രതീക്ഷിച്ച്, ആലോചിച്ച്; towards) ക്ക്, ഉദ്ദേശിച്ച്, അഭിമുഖമായി, ലേക്ക്, ങ്കലേക്ക്; (regarding) ഉദ്ദേശിച്ച്, പ്രതി; (showing price) ക്ക്; (duration) ഓളം, ക്ക്, വരെ; (fit for) ന്ന്, ക്ക്, ഉചിതം, യോഗ്യം; (in the character of) ആയി, എന്നപോലെ, എന്നവണ്ണം; according to) ഇടത്തോളം, പ്രകാരം; 'he is a respectable man f. aught I know ഞാൻ അറിഞ്ഞിടത്തോളം അയാൾ ഒരു മാന്യനാണ്'; (wish) ഉണ്ടെങ്കിൽ നന്നായിരുന്നു, ആയാൽകൊള്ളാമായിരുന്നു, എത്രനന്ന്; 'O! f. a heart to love God ദൈവത്തെ സ്നേഹമുള്ള ഒരു മനസ്സുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു'; 'O! f. better times നല്ലകാലം വന്നെങ്കിൽ കൊള്ളാമായിരുന്നു'; 'as f. me ഞാനോ?'; 'f. me, f. all me എന്റെ അവസ്ഥയോ?';

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'f. this ഇതുനിമിത്തം'; 'f. to ആയ്യേറണ്ടു'; 'were it not f., if it were not f., had it not been f. ഇല്ലായിരുന്നുവെങ്കിൽ; അല്ലായിരുന്നുവെങ്കിൽ'; *conj.* നിമിത്തം, കൊണ്ടു; എന്തെന്നാൽ, എന്തുകൊണ്ടെന്നാൽ; എങ്ങിനെയെന്നാൽ, കാരണം; 'f. as much as കൊണ്ടു', നിമിത്തം, ആകയാൽ;' 'f. why എന്തുനിമിത്തം, എന്തിന്നു'; *n.* അനുകൂലകക്ഷി; 'the f. s and agains ts അനുകൂലക്കാരും പ്രതികൂലക്കാരും'.

Forage, *n.* യവസം, ഘാസം, ആടുമാടുകൾക്കുള്ള തീററി; പാഥേയം, പൊതി; മേച്ചിലിനുതേടൽ; *v. i.* ബലാൽ തീററി പിടുങ്ങുക, തീററിയന്വേഷിച്ചു നടക്കുക; **-ing,** *n.* തീററിയന്വേഷണം.

Foray, *n.* പാഞ്ഞേറാറം, കൊള്ള.

Forbear (forbär'), *v. t or v. i.* വിരമിക്ക, പരിഹരിക്ക, പിൻവാങ്ങുക, ത്യജിക്ക; വിളംബിക്ക, താമസിക്ക; സഹിക്ക, ക്ഷമിക്ക; നിരോധിക്ക, അടക്കുക; **-ance,** *n.* ക്ഷമ, തിതിക്ഷ, അടക്കം, സഹനം, സഹിഷ്ണുത; നിവൃത്തി, ത്യാഗം, ദമം; **-ing,** *a.* തിതിക്ഷുവായ, അതിക്ഷമയുള്ള; **-ingly,** *adv.* പൊറുത്തു, ക്ഷമിച്ചു.

Forbid, *v. t.* വിലക്കുക, നിഷേധിക്കുക, നിരാകരിക്കുക; നിരോധിക്ക, പിൻവാങ്ങിപ്പിക്കുക; **-ding, -dance.** *n.* പ്രതിഷേധം, പ്രത്യാഖ്യാനം; നിവാരണം, നിരോധം; **-ding,** *a.* അറപ്പുണ്ടാക്കുന്ന, ബീഭത്സജനകം; **-dingly,** *adv.* ബീഭത്സമായി.

Force, *n.* ഊക്കു, ശക്തി, സാമത്ഥ്യം; പ്രഭാവം, വീൎയ്യം, ശൌൎയ്യം, പരാക്രമം, ഊൎജ്ജസ്സ്, പ്രതാപം, ഗൌരവം; ബലാല്ക്കാരം, സാഹസം, ആവേശം; ആവേഗം, ആപാതം; സിദ്ധി, ഫലം, നിഷ്പത്തി; പട, സേന; *v. t.* നിർബന്ധിക്കുക; ആക്കുക; ബലംചെയ്യുക, ബലാൽസംഗം ചെയ്യുക; പിടിച്ചുപറിക്കുക; സാധൂവാക്കുക; അദ്ധ്യാപനിക്കുക'; 'f. away പിടിച്ചെടുക്കുക'; 'f. back പിറകോട്ടുതള്ളുക'; 'f. down അമത്തുക'; 'f. forward മുന്നോട്ടുതള്ളുക'; 'f. in അമുക്കുക, തള്ളിക്കയററുക'; 'f. out വലിച്ചെടുക്കുക'; 'f. upon ബലാല്ക്കാരംചെയ്യുക, മേൽവച്ചുകെട്ടുക'; *v. i* ബലംഏല്പിക്കുക, വിഷമമാക്കുക, പ്രധാനമായിരിക്ക; **-Forced,** (forst), *a.* ഉണ്ടാക്കിത്തീൎത്ത, കൃത്രിമം, ക്ലിഷ്ടം (as meaning); **-cible,** *a.* ബലമുള്ള, പ്രബലമായ, സമത്ഥം, ദൃഢം, തീക്ഷ്ണം; ബലാൽകൃതം, സാഹസികം; 'f. entry and detainer കയ്യേററക്കൈവശം'; **-cibly,** *adv.* ബലാല്ക്കാരേണ.

Forcemeat, *n.* മിഷ്ടാന്നം, വ്യഞ്ജനം.

Forceps, *n.* കുടില്.

Ford, *a.* കടവു, പുഴ; *v. t.* നടന്നുകടക്കുക; **-able,** *a.* നടന്നുകടക്കാൻ കഴിയുന്ന.

Fore, *a.* മുമ്പിലുള്ള, അഗ്രേഉള്ള; ആദ്യമുള്ള; മുൻഭാഗത്തെ; പണ്ടത്തെ; അണിയത്തെ; 'f and aft അണിയംമുതൽ അമരംവരെ'; 'to the f. മുമ്പായി, കാണത്തക്കവണ്ണം, ജീവനോടെ'; *prep.* മുൻപിൽ; *pfx.* മുൻ; 'f. fathers പൂൎവ്വജന്മാർ'; 'f. foot അഗ്രപാദം'; 'f. head നെററി'; 'f. lock മുൻകുടുമ'; 'f. man അദ്ധ്യക്ഷൻ, അധീശൻ'; 'f. mentioned പൂൎവ്വോക്തം, മുൻപറഞ്ഞ'; 'f. most പ്രധാനം, ഉൽകൃഷ്ടം, പരമം'; 'f. noon പൂൎവ്വാഹ്നം, പൂൎവ്വകാലം'; 'f part അഗ്രഭാഗം, മുൻഭാഗം'; 'f. rank മുന്നണി, അഗ്രപദം'; 'f. ward സേനാമുഖം, രണശിരസ്സു'; 'foreword *see* **Preface**'.

Foreadmonish, *v. t.* മുൻകൂട്ടി ബുദ്ധിപറഞ്ഞുകൊടുക്കുക.

Foreadvise, *v. t.* മുൻകൂട്ടി ആലോചന നൽകുക.

Forallege, *v. t.* മുൻകൂട്ടി സൂചിപ്പിക്കുക.

Foreappoint, *v. t.* മുൻനിശ്ചയിക്കുക.

Forearm, *n.* അഗ്രഭുജം, കൈത്തണ്ടു; *v. t.* സജ്ജമാക്കുക.

Forebear, *n.* പൂൎവ്വജൻ.

Forebode, *v. t.* സൂചിപ്പിക്ക, മുൻകൂട്ടിപ്പറയുക, മുൻകൂട്ടിഅറിയുക or അനുമാനിക്ക; **-er,** *n.* അനിഷ്ടത്തെ അറിയിക്കുന്നവൻ, അനിഷ്ടസൂചകൻ; **-ing,** *n.* അനിഷ്ടസൂചനം, അനിഷ്ടജ്ഞാനം or ദൎശനം.

Forecabin, *n.* അണിയക്കാമറ.

Forecast, *v. t.* പൂൎവ്വംചിന്തിക്ക, നിരൂപിക്ക or നിൎദ്ദേശിക്ക; *v. i.* മുന്നാലോചനചെയ്യുക; *n.* മുൻവിചാരം, പൂൎവ്വകല്പന, പൂൎവ്വചിന്തനം, ദീൎഘദൃഷ്ടി, മുൻകരുതൽ.

Forecastle, *n.* അണിയക്കാമറ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forechosen, *a.* മുൻനിയമിച്ച, ആദ്യം തിരഞ്ഞെടുത്ത.
Forecited, *a.* മുൻപ്രസ്താവിച്ച,മേലുദ്ധരിച്ച.
Foreclose, *v. t.* പ്രതിബന്ധിക്കുക, മുടക്കുക, പ്രതിഷേധിക്കുക; 'to f. e a mortgager കാണവസ്തു തിരിച്ചെടുക്കാനുള്ള അവകാശം ഇല്ലാതാക്കുക'; **-closure,** *n.* കാണംവീട്ടുവാനുള്ള അവകാശം ഇല്ലാതാക്കൽ.
Foredate, *v. t.* മുൻതീയതിവച്ചെഴുതുക.
Foredeck, *n.* അണിയത്തട്ട്.
Foredeem, *v. t.* മുൻകൂട്ടിനിശ്ചയിക്ക.
Foredesign, (-desīn'), *v. t.* മുന്നാലോചനയോടെ പ്രവൎത്തിക്കുക.
Foredispose, *v. t.* മുൻകൂട്ടി നൽകുക.
Foredoom, *v. t.* മുൻകൂട്ടിവിധിക്കുക; *n.* മുൻതീൎച്ച; തലയിലെഴുത്ത്, വിധി.
Foredoor, *n.* മുഖവാതിൽ, ഉമ്മറം.
Foreelder, *n.* പൂൎവികൻ.
Foreend, *n.* ആരംഭം.
Forefend, *v. t.* വിലക്കുക, പ്രതിഷേധിക്കുക, മുടക്കുക.
Forefront, *n.* മുന്നണി.
Foregift, *n.* മാമൂഷം, കൈക്കൂലി.
Foregleam, *n.* അരുണോദയം.
Forego, *v. t.* ത്യജിക്ക, ഉപേക്ഷിക്ക, വിടുക; *v. i.* കഴിയുക; 'a foregone conclusion മുൻതീൎച്ചചെയ്ത കാൎയ്യം, പൂൎവനിൎണ്ണീതം, സിദ്ധാന്തം', **-goer,** *n.* മുൻപേപോകുന്നവൻ, ത്യാഗി; **-going,** *a.* മുൻപറഞ്ഞ.
Forehand, *n.* കുതിരയുടെമുൻഭാഗം; മുഖ്യഭാഗം, ശ്രേഷ്ഠത; *a.* മുൻകൂട്ടിച്ചെയ്ത.
Forehead, (for'ed), *n.* നെററി; മുഖം; ഉമ്മറം.
Forehear, *v. i. and v. t.* മുൻകേൾക്കുക.
Foreign, *a.* വിദേശീയം, പരദേശീയം, വിദേശജം, പരദേശ്യം, അന്യം, പുറത്തുള്ള; 'f. country വിദേശം, മറുനാട്'; **-er,** *n.* വൈദേശികൻ; **-ism,** *n.* വിദേശീയത്വം; **-ness,** *n.* ബാഹ്യത, ഭിന്നത, അപ്രകൃതത, അസംബന്ധം.
Forejudge, *v. t.* മുൻവിധിയിടുക, ഉദ്യോഗത്തിൽനിന്നും നീക്കുക; വിധിയാൽ നശിപ്പിക്ക.
Foreknow, *v. t.* മുമ്പേ അറിയുക; **-ledge,** *a.* പൂൎവജ്ഞാനം, ഭവിഷ്യദ്ജ്ഞാനം.

Foreland, *n.* മുനമ്പ്, കോടി.
Forelay, *v. t.* മുൻവയ്ക്കുക.
Foreleader, *n.* അഗ്രഗാമി, മുമ്പൻ.
Foremilk, *n.* പ്രസവസമയത്തോ അതിനു മുമ്പോ ഉള്ള പാല്.
Forename, *n.* സ്വന്തംപേർ; *v. t.* മുമ്പായിപ്പറക.
Forenight, *n.* പൂൎവരാത്രി.
Forenotice, *n.* മുന്നറിയിപ്പ്.
Forensic, -sical, *a.* വ്യവഹാരികം, കോടതിസംബന്ധിച്ച.
Foreordain, Foreordinate, *v. t.* മുൻനിയമിക്ക, മുൻനിശ്ചയം ചെയ്ക; **-nation,** *n.* മുൻതീൎച്ച.
Forepromised, -ist, *a.* മുൻകൂട്ടി വാഗ്ദാനംചെയ്ത.
Forerent, *n.* മുൻപാട്ടം.
Forerun, *v. t.* മുൻപേ ഓടുക, അച്ചാരമായിരിക്കുക, അറിയിക്കുക; **-ner,** *n.* മുൻപേ പോകുന്നവൻ, പുരോഗാമി, പൂൎവപുരുഷൻ; ലക്ഷണം.
Foresay, -speak, *v. t.* മുൻപേപറക.
Foresee, *v. t.* മുൻകൂട്ടി കാണുക, ഭാവികാണുക; **-sight,** *n.* ദൂരദൎശിത്വം, ദീൎഘദൃഷ്ടി.
Foreshadow, *v. t.* മുൻകൂട്ടി നിഴലിക്കുക.
Foreshore, *n.* കടൽപ്പുറം.
Foreshow, *see* **Forebode.**
Foreside, *n.* മുൻഭാഗം, കടൽപുറം, പുറംപൊലി.
Forest, *n.* വനം, കാട്, അരണ്യം; 'growing in f. വന്യം, ആരണ്യകം, വനോത്ഭവം'; 'f. law വനനിയമം'; *v. t.* കാടാക്കുക, കാട്ടുപിടിപ്പിക്കുക; **-al,** *a.* വനംസംബന്ധിച്ച; **-er,** *n.* വനേചരൻ, കാട്ടാളൻ; വനമുദ്യോഗസ്ഥൻ, വനപാലകൻ; **-try,** *n.* വനശാസ്ത്രം, കൃത്രിമവനവിദ്യ.
Forestall, *v. t.* മുമ്പേ ഗ്രഹിക്കുക or വാങ്ങുക; മുൻകൂട്ടി കൊടുത്തു നിഷ്ഫലമാക്കുക; മുൻകൂട്ടി ആലോചിക്കുക; തടുക്കുക.
Foretaste, *v. t.* മുൻകൂട്ടി അനുഭവിക്ക, ആസ്വാദിക്ക or ഭുജിക്ക; *n.* പൂൎവാനുഭവം, പൂൎവജ്ഞാനം; പൂൎവാസ്വാദം, പൂൎവഭുക്തി.
Foretell, *v. t. or v. i.* മുന്നറിവിക്കുക, ഭാവിപറയുക, പ്രദൎശിപ്പിക്ക, വരുവാനിരിക്കുന്നതിനെ പറയുക; **-er,** *n.* ഭവിഷ്യദ്വാദി, ഭാവിദൎശകൻ, ദൈവജ്ഞൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forethink, *v. t.* നേരത്തേ വിചാരിക്ക; -**Forethought,** *n.* മുൻവിചാരം, പ്രസമീക്ഷണം, ദീർഘദൃഷ്ടി, പൂർവ്വവിചാരണം.

Foretoken, *n.* മുന്നടയാളം, മുൻസൂചന, ഭാവിലക്ഷണം; *v. t.* മുൻകൂട്ടി സൂചിപ്പിക്കുക.

Forewarn, *v. t.* മുന്നറിവിക്ക, മുൻകൂട്ടി തെര്യപ്പെടുത്തുക; -**ing,** *n.* മുന്നറിയിപ്പു്, പൂർവ്വബോധനം.

Forfeit, (-fit), *v. t.* കുററംകൊണ്ടു കൈവിടുക or കളയുക; *a.* പ്രായശ്ചിത്തമായ, പിഴയായെടുക്കാവുന്ന or അടക്കാവുന്ന; *n.* നഷ്ടം, പിഴ; -**able,** *a.* നഷ്ടപ്പെടത്തക്ക, പിഴയായിപ്പോകത്തക്ക; -**ed,** *a.* നഷ്ടമായ, ഭ്രഷ്ടം; -**ure,** *n.* നഷ്ടപ്പെടൽ, ഹാനി, ച്യുതി, ശിക്ഷ, അപഹാരം, നാശം.

Forge, *n.* കൊല്ലന്റെ ആല, നിർമ്മാണസ്ഥാനം, അഗ്നികുണ്ഡം; *v. t.* കണ്ടുപിടിക്ക, ഉണ്ടാക്കുക, നിർമ്മിക്കുക, പഴുപ്പിച്ചടിക്കുക, ആകൃതിപ്പെടുത്തുക; കളവായുണ്ടാക്കുക, കള്ളയാധാരമുണ്ടാക്കുക; *see* **Counterfeit;** -**er,** *n.* കള്ളയാധാരമുണ്ടാക്കുന്നവൻ; -**gery,** *n.* കള്ളയാധാരനിർമ്മാണം, കള്ളയാധാരം; -**ging,** *n.* ലോഹമടിച്ചുപരത്തൽ; ഘടനം, രചനം, കള്ളരേഖാനിർമ്മാണം.

Forget, *v. t.* മറക്കുക, വിസ്മരിക്കുക, -**ful,** *a.* മറവിയുള്ള, വിസ്മരണശീലമായ, ഓർക്കാത്ത; -**fulness,** *n.* മറവി, വിസ്മൃതി, സ്മൃതിലോപം, അനവധാനം.

Forgetmenot, *n.* ഒരുവക നീലപ്പൂവ്.

Forgive, *v. t.* പൊറുക്കുക, പൊറുത്തുവിടുക or കൊടുക്കുക, ക്ഷമിക്ക, സഹിക്ക; ഉപേക്ഷിക്ക; -**ness,** *n.* പൊറുതി, ക്ഷമ, സഹിഷ്ണുത, മർഷണം; -**ing,** *a.* പൊറുതിയുള്ള, തിതിക്ഷുവായ.

Fork, *v. i. or v. t.* വേർപെടുത്തുക, പിരിക്കുക, വിഭേദിക്ക, രണ്ടായിത്തിരിക്ക; *n.* മുള്ളു്, കണ്ടകം, ശൂലം; -**ed, -y,** *a.* ദ്വിശിഖമായ, ഇരുമുനയുള്ള; 'f. lightning വിദ്യുല്ലത'.

Forlorn, *a.* ഉപേക്ഷിക്കപ്പെട്ട, നിസ്സഹായമായ, ത്യക്തം, വിധുരം, അനാഥം, നിരവലംബം, നിരാധാരം, നിരാശ്രയം.

Form, *n* രൂപം, ആകാരം, ആകൃതി, മൂർത്തി; തന്ത്രം, മാർഗ്ഗം, രീതി, ഭേദം, പദ്ധതി, വിധി, നിയമം, സ്ഥിതി, ആചാരം, മര്യാദ, വ്യവഹാരം; രചന, വിന്യാസം; വിദ്യാർത്ഥിക്കൂട്ടം, കൂടപ്പഠിക്കുന്നവരുടെ സംഘം; ദീർഘപീഠം; *v. t.* രൂപപ്പെടുത്തുക, നിർമ്മിക്കുക; ഭാഷയാക്കുക, രചിക്കുക; ശീലിപ്പിക്കുക; -**mal,** *a.* അത്യാചാരസേവിയായ, നിയമനിഷ്ഠം, അത്യാദരയുക്തം, സഭ്യാചാരവിശിഷ്ടം; നൈയാമികം, വ്യവഹാരാനുരൂപം, ആചാരാനുസാരിയായ; യഥാർത്ഥം, വിശിഷ്ടം; -**alist,** *n.* നിയമമാത്രസേവി, ആചാരപ്രിയൻ; -**ality,** *n.* ആചാരം, ഉപചാരം, അത്യാദരം; -**malise, -malize,** *v. t.* രൂപപ്പെടുത്തുക, നിയമാനുസാരമാക്കുക; -**ally,** *adv.* സോപചാരം, അത്യാദരത്തോടെ, -**ation,** *n.* ഘടന, ഘടനം, വിധാനം രചന, ഉല്പാദനം, ഉത്ഭവം, സൃഷ്ടി; -**ed,** *a.* ഉണ്ടാക്കിയ, ചെയ്ത, നിർമ്മിതം, രചിതം; രൂപം, ആകാരം, ആകൃതി with ആയ in comp; -**less,** *a.* നിരാകാരം, അരൂപം.

Former, *n.* ഉരുവുണ്ടാക്കുന്നവൻ; *a.* പൂർവ്വം, പ്രഥമം, ആദ്യം, പ്രചീനം; -**ly,** *adv.* ആദ്യമായി, പണ്ടു്.

Formic, *a.* എറുമ്പിനെസംബന്ധിച്ച; -**Formicary,** *n.* പുററു്, വല്മീകം.

Formidable, *a.* ദാരുണം, ഭയാവഹം, ഭീഷണം, ഘോരം, ഉഗ്രം; പ്രബലം, അതിഘോരം; -**ness,** *n.* ഭയാനകത്വം.

Formula, *n.* സൂത്രം, വിധി, നിയമം, വ്യവസ്ഥ; -**Formulate,** *v. t.* സൂത്രരൂപേണ രചിക്ക, വ്യവസ്ഥാപിക്ക.

Formulary, *n.* കല്പസൂത്രം, പദ്ധതി.

Fornicate, *v. i.* വ്യഭിചരിക്ക, വേശ്യാസേവചെയ്ക, അഭിഗമിക്ക; -**ion,** *n.* ജാരകർമ്മം, വേശ്യാഗമനം; -**or,** *n.* വ്യഭിചാരി, ജാരൻ; -**Fornicatress,** *n* വേശ്യ.

Forsake, *v. t.* ത്യജിക്ക, ഉപേക്ഷിക്ക; -**er,** *n.* ത്യാഗി; -**ing,** *n.* ത്യാഗം, വിട്ടുകളയൽ, ഉത്സർഗം.

Forsooth, *adv.* സത്യമായി, നിശ്ചയമായും, യഥാർത്ഥമായി.

Forswear (-swār') *v. t.* ഇല്ലെന്നാണയിടുക, ആണയിട്ടുപേക്ഷിക്ക, മറയ്ക്കുക; കള്ളസ്സത്യംചെയ്ക; -**er,** *n.* കള്ളസ്സത്യംചെയ്യുന്നവൻ.

Fort, Fortress, *n.* ദുർഗ്ഗം, കോട്ട; 'Governor of a f. കോട്ടയ്ക്കധിപൻ'.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forte, *n.* വിശിഷ്ടഗുണം, പ്രധാനഗുണം.

Forth, *adv.* മുന്നേ, വെളിയെ; തുടങ്ങി, ആരംഭിച്ചു, മുതൽക്കു; 'f coming ആസന്നം, ഉപസ്ഥിതം, അടുത്തിരിക്കുന്ന'; **-Forthwith,** *adv.* പെട്ടെന്നു, തുടിതിയിൽ, വേഗം, ഉടൻതന്നെ.

Fortify, *v. t.* കോട്ടകെട്ടുക, ബലപ്പെടുത്തുക, സ്ഥിരീകരിക്ക; **-ication** *n.* ഉറപ്പു, കോട്ട, ദുർഗ്ഗം, കോട്ടകിടങ്ങുകൾ.

Fortitude, *n.* ധൈര്യം, സത്വം, ധീരത, മനഃസ്ഥൈര്യം; വീര്യം, ശൌര്യം, സാഹസം, പൗരുഷം.

Fortnight, *n.* പക്ഷം പതിന്നാലുനാൾ, അർദ്ധമാസം; **-ly,** *a., adv. and n.* പക്ഷത്തിലൊരിക്കലുള്ള; പക്ഷത്തിലൊരിക്കൽ; പ്രതിപക്ഷപത്രം.

Fortuity, *n.* ദൈവയോഗം, ദൈവഘടന, ദൈവം, സമാപത്തി; **-ous,** *a.* ദൈവാധീനം, ആകസ്മികം; **-ously,** *adv.* യാദൃച്ഛികമായി.

Fortune, *n.* ദൈവം, ഭാഗ്യം, ഭാഗധേയം, വിധി; അദൃഷ്ടം, ഭവിതവ്യത; *see* **Fate;** ഋദ്ധി, ശ്രീ, ഐശ്വര്യം, ധനം; ശുഭം, കല്യാണം, പുണ്യോദയം; bad f. ദുർദ്ദൈവം, മന്ദഭാഗ്യം; 'tell f. ശുഭാശുഭം പറക'; ചിന്തിക്ക or നിരൂപിക്ക'; 'f. teller ദൈവജ്ഞൻ. ഗണകൻ'; 'f. telling ശുഭാശുഭദർശനം'; **-ate,** *a.* ഭാഗ്യമുള്ള, മഹാഭാഗം, സൌഭാഗ്യമുള്ള; മംഗലം, ശുഭം; **-ately,** *dv.* ദൈവയോഗാൽ, ഭാഗ്യംകൊണ്ടു, ഭാഗ്യവശാൽ.

Forty, *a. and n.* നാല്പതു.

Forum, *n.* ന്യായസ്ഥലം, പഞ്ചായത്തു.

Forward -wərd), *a.* മുന്നിട്ടുനില്ക്കുന്ന, ആദിമം; അപൂർവ്വകാലം, അകാലിതം, നിർലജ്ജം, അവിനീതം; ഉദ്ധതം, ഉദ്യുക്തം; *adv.* മുൻപോട്ടു, മേൽപോട്ടു; *v. t.* തുണയ്ക്കു, പ്രവദ്ധിപ്പിക്ക, അനുഗ്രഹിക്ക, അയച്ചുകൊടുക്ക; പ്രേരിപ്പിക്ക, പ്രമോദിപ്പിക്ക; ത്വരിപ്പിക്ക; **-ing,** *n.* അയപ്പു; *a.* അയച്ചുകൊടുക്കുന്ന; **-ly,** *adv.* ത്വരയോടെ, തിരക്കോടെ; **-ness,** *n.* ഉത്സാഹം, അവിലംബം, ഉദ്യോഗം; പ്രാഗത്ഭ്യം, നിർലജ്ജത, ധാർഷ്ട്യം, അവിനയം, പ്രതിഭാനം.

Fosse, Foss (fos), *n.* അകിടു; **-sethe,** *n.* നണക്കുഴി.

Fossick, *v. t.* ലാഭത്തിനായന്വേഷിക്ക.

Fossil, *a.* കുഴിച്ചെടുത്ത, ശിലാജാതമായ; *n.* ധാതു, ശിലാഭവം, ധാതുദ്രവ്യം; **-ist,** *n.* ധാതുശാസ്ത്രജ്ഞൻ.

Foster, *v. t.* പോഷിപ്പിക്ക, പോററുക, പോററിവളർത്തുക; മനസ്സിൽകരുതുക; *v. i.* ഒപ്പംവളരുക; *a.* പോഷകം, പോററുന്ന; 'f. babe, 'f. child പോഷ്യപുത്രൻ, വളർത്തുകുട്ടി'; 'f. brother വളർത്തുസഹോദരൻ'; 'f. dam, f nurse ധാത്രി; ആയ'; 'f. father വളർത്തച്ഛൻ, ധർമ്മതാതൻ'; 'f. mother ധാത്രി, ഉപമാതാവു്, പ്രതിപാലിക; 'f. land ജന്മഭൂമി'; **-age,** *n.* പോററൽ, വളർത്തൽ, വളർത്തുകൂലി; **-ing,** *a.* പോററുന്ന; **-ling,** *n.* വളർത്തുകുട്ടി; **-Fostress,** *n.* ധാത്രി.

Foul, *a.* ചീത്ത, ചീത്ത, മലിനം, കല്മഷം, മലദൂഷിതം, അശുദ്ധം, പങ്കിലം; കുത്സിതം, കശ്മലം, നിന്ദ്യം, ദുഷ്ടം; അവാച്യം, അശ്ലീലം; കപടം, പാപം; 'f. play ദുരിതം, പാപം'; 'f. weather ദുർദ്ദിനം'; 'f. quality രജോഗുണം'; 'f. smell പൂതിഗന്ധം, ദുർഗ്ഗന്ധം'; 't · fall, f. of മീതേ വീഴുക, തമ്മിൽ തെററുക; സംഘട്ടനംചെയ്ക'; 'f. mouthed ദുർമുഖം, വാഗ്ദുഷ്ടം; *v. t.* അഴുക്കാക്കുക, മലിനപ്പെടുത്തുക, ദൂഷിപ്പിക്ക; **-ly,** *adv.* അതിദുഷ്ടമായി, അഴുക്കായി, മലിനമായി, ഘോരമായി; **-ness,** *n.* അഴുക്കു, മാലിന്യം, ഗർഹ്യത.

Found, *v. t.* സ്ഥാപിക്ക, അടിസ്ഥാനമിടുക, നിർമ്മിക്ക; **-ation,** *n.* പ്രതിഷ്ഠാപനം, നിർമ്മാണം; അസ്ഥിവാരം; മൂലം, ആധാരം, ഉപഷ്ടംഭം; **-er,** *n.* സംസ്ഥാപകൻ, പ്രവത്തകൻ, ആരംഭകൻ, ആദികർത്താവു്; *v. i.* മുങ്ങിമരിക്കുക; **-ling,** *n.* അനാഥശിശു.

Foundry, Foundery, *n.* വാർപ്പടശാല.

Fount, Fountain, *n.* ഊററു, പ്രസ്രവണം, ഉത്ഭവസ്ഥാനം, മൂലം, പ്രഭവം, ഹേതു; ധാരായന്ത്രം.

Four, *a. and n.* നാലു; 'f. times നാലു ഗുണം'; 'in f. ways ചതുർധാ'; 'f. cornered ചതുരശ്രം, നാലുമൂലയുള്ള'; 'f. fold നാലുമടങ്ങു'; 'f. footed നാലുകാലുള്ള'; **-Fourth,** *a.* നാലാമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ; *n.* ചതുൎത്ഥഭാഗം, ചതുൎത്ഥാംശം; **-ly,** *adv.* നാലാമതായി; **-Fourteen,** *a.* പതിന്നാല്; **-th,** *a.* പതിന്നാലാമത്തെ.

Fowl, *n.* പറവ, പക്ഷി, കോഴി; *v. i.* പക്ഷികളെ പിടിക്ക, ബന്ധിക്ക; **-er,** *n.* വേടൻ, വ്യാധൻ, പക്ഷികളെ പിടിക്കുന്നവൻ; **-ing,** *n.* പക്ഷിഗ്രഹണം; ചെറുതരം തോക്ക്.

Fox, *n.* കുറുനരി, സൃഗാലൻ.

Fracas (frakä'), *n.* ശണ്ഠ, കുഴപ്പം, കലഹം.

Fraction, *n.* ഭാഗം, ഭിന്നം, അംശം; **-al,** *a.* അപൂൎണ്ണമായ.

Fractious (-shus) *a.* കലഹകാരിയായ, വാതുചൊല്ലുന്ന, ശീഘ്രകോപമായ.

Fracture, *n.* ഉടവ്, വെടിപ്പ്, ഭംഗം, ഭേദം, വിദാരണം, വിച്ഛേദം; *v. t.* ഭഞ്ജിക്ക, ഉടയ്ക്കുക, പൊട്ടിക്ക.

Fragile (fraj'il), *a.* നിഷ്പ്രയാസം മുറിക്കത്തക്ക or ഉടയ്ക്കത്തക്ക, ഭംഗുരം, സുഖഭേദ്യം; **-ity,** *n.* ഭംഗുരത, ഭിദുരത.

Fragment, *n.* തുണ്ട്, അംശം, ഖണ്ഡം, ശകലം; **-ary,** *a.* തുണ്ടുതുണ്ടായ, അപൂൎണ്ണമായ.

Fragrant, *a.* നറുമണമുള്ള, സുരഭിയായ, സുഗന്ധിയായ; **-ly,** *adv.* സൌരഭ്യത്തോടെ; **-Fragrance, Fragrancy,** *n.* പരിമളം, നറുമണം.

Frail, *a.* ഭംഗുരമായ, നശ്വരം, അനിത്യം; **-ness, -ty,** *n.* തളൎച്ച, ഭംഗുരത, നശ്വരത്വം; ദോഷം, സ്ഖലിതം.

Frame, *v. t.* ഉണ്ടാക്കുക, വിരചിക്കുക, നിബന്ധിക്ക; സദൃശീകരിക്കുക; 'f. in the mind മനസ്സിൽചിന്തിക്ക'; *n.* നിൎമ്മാണം, ഘടന; ആധാരം, ചട്ടക്കൂട്, ആവരണം; ശരീരം, ദേഹം, കായം'; 'f. of body ദേഹബന്ധം; ഭാവം, വൃത്തി, ദശ; 'joyous f of mind ആനന്ദവൃത്തി; ആകാരം, രൂപം, രീതി, സംസ്ഥാനം'.

Franc (frangk), *n.* ഒരു ഫ്രഞ്ചുനാണയം.

Franchise, *n.* സ്വാധീനത, വോട്ടവകാശം. വരണാവകാശം, ഔദാൎയ്യശീലം, *v. t.* വോട്ടവകാശംകൊടുക്കുക, സ്വാതന്ത്ര്യം നൽകുക.

Frangible, *see* **Fragile.**

Frank, *a.* കപടമില്ലാത്ത, നിഷ്കപടമായ, നിൎവ്യാജം, സരളം; 'f. hearted ശുദ്ധാന്തഃകരണൻ'; **-ly,** *adv.* നിൎവ്യാജമായി, സരളമായി; **-ness,** *n.* കപടമില്ലായ്മ, നിഷ്കാപട്യം, ഔദാൎയ്യം, ദാക്ഷിണ്യം, സാരള്യം.

Frankincense, *n.* സാമ്പ്രാണി.

Frantic, *a.* ഉന്മത്തമായ; 'f. with rage ക്രോധോന്മത്തം, കോപോന്മാദി'; **-ally,** *adv.* ഉന്മത്തനെപ്പോലെ, സോന്മത്തം **-ness,** *n.* ഉന്മാദം വ്യാമോഹം, ചിത്തവിപ്ലവം, ചിത്തവിഭ്രമം.

Frater, *n.* പരിവ്രാട്, യതി; ബന്ധു, ബാന്ധവൻ.

Fraternal, *a.* ഭ്രാത്രീയം, ഭ്രാതൃസന്നിഭം, സഹോദരപരം; **-ly,** *adv.* സഹോദരനെപ്പോലെ.

Fraternity, *n.* സഹോദരനില, ഭ്രാതൃത്വം, സംസൎഗ്ഗം, ബന്ധുര; **-Fraternize,** *v. i.* ചങ്ങാത്തംകെട്ടുക, ഭ്രാതൃതുല്യംസമ്മേളിക്ക; ഏകീഭവിക്ക.

Fratricide, *n.* സഹോദരക്കൊല, ഭ്രാതൃവധം; ഭ്രാതാവിനെക്കൊന്നവൻ, ഭ്രാതൃഘാതകൻ.

Fraud, *n.* കപടം, പൊളി, കള്ളം, വഞ്ചന; **-Fraudulent,** *a.* കപടമുള്ള, വഞ്ചകമായ, പ്രതാരകമായ; **-Fraudulence, -cy,** *n.* കള്ളം, കപടം.

Fraught (frawt), *a.* ചുമത്തപ്പെട്ട, ഏറ്റപ്പെട്ട, നിറച്ച, നിറഞ്ഞ.

Fray, *n.* ശണ്ഠ, കലഹം, യുദ്ധം; *v. t.* ഭയപ്പെടുത്തുക, ഉരയ്ക്കുക; *v. i.* ഭയപ്പെടുക, ഉരയുക.

Freak, *v. t.* ചിത്രീകരിക്ക; *n.* കാമചാരൻ, ചാപല്യം, ലഹരി, തരംഗം, വിലാസം, വിഭ്രമം; **-ish,** *a.* ചപലം, ലോലം, കാമചാരി.

Freckle, *n.* പുള്ളി, വടു; *v. t.* പുള്ളികുത്തുക.

Free, *a.* മൎയ്യാദയില്ലാത്ത, അതിരില്ലാത്ത; സ്വാതന്ത്ര്യമായ, സ്വാധീനം, അനധീനം, സ്വച്ഛന്ദം; മുക്തം, വിമുക്തം, തടവില്ലാത്ത, തടയപ്പെടാത്ത, അനൎഗളം; നിൎവിഘ്നം, ബാധയില്ലാത്ത; വീതചിന്തം, വിശദം, സ്വസ്ഥം; ചെലവാക്കുന്ന, കയ്യയച്ച, ത്യാഗശീലം, വ്യയപരം; തോന്നിയതുപോലുന്ന, വാക്കിനു നിയന്ത്രണമില്ലാത്ത; സൌജന്യം, വിലകൂടാതെ; സൎവസാധാരണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംമംന്യം; (from, of) ഇല്ലാത്ത, നീങ്ങിയ, രഹിതമായ; 'f. agency, f. will സ്വേച്ഛ, സ്വാതന്ത്ര്യം, സ്വാച്ഛന്ദ്യം, സൈ്വരത'; 'f. booter കൊള്ളക്കാരൻ, കവച്ചക്കാരൻ'; 'f. booting കൊള്ള'; 'f. born ജന്മസ്വാതന്ത്ര്യം, ജന്മനാസ്വാതന്ത്ര്യമുള്ള'; ,f. hearted, f. minded, *see* **Frank**; 'f. hold കരമൊഴിവായ ഭൂമി'; 'f. holder സ്വന്തംഭൂമിയുള്ളവൻ'; 'f. liver കുക്ഷിംഭരി; ഔദരികൻ'; 'f. man സ്വതന്ത്രൻ, സ്വാധീനൻ'; 'f. spoken സ്ഫുടവാദി, സ്പഷ്ടവാക്ക്'; 'f. thinker നാസ്തികൻ, അനീശ്വരവാദി'; 'f. women സ്വാധീന, സൈ്വരിണി'; *v. t.* സ്വതന്ത്രമാക്കുക, സ്വാതന്ത്ര്യം നൽകുക, മോചിപ്പിക്ക; (from, f) ഒഴിവാക്കുക, വിടുക; **-dom**, *n.* സ്വതന്ത്രത; സ്വാതന്ത്ര്യം; മോചനം; നിർവിഘ്നത, തടസ്സമില്ലായ്മ; അവിനയം, മര്യാദാതിക്രമം; പ്രാഗത്ഭ്യം; മുക്തി; **-ly**, *adv.* സ്വേച്ഛയായി, സ്വച്ഛന്ദമായി; ധാരാളം, ലോഭംകൂടാതെ, കയ്യയച്ച്; യഥേഷ്ടം; നിർവിഘ്നമായ; വിലകൂടാതെ; **-ness**, *n.* നിർവിഘ്നത, നിഷ്കാപട്യം; ത്യാഗശീലം.

Freeze, *v.i.* or *v.t.* ഉറയുക, ശൈത്യത്താൽ കട്ടിയായിത്തീരുക; മരവിക്കുക; 'a frozen mass of ice ഹിമപിണ്ഡം'; 'f. g point വെള്ളം ഉറയുന്ന തണുപ്പിന്റെ അളവ്'; **-Frozen**, *a.* തണുത്തുറച്ച; ദയയില്ലാത്ത; **-Frozenness**, *n.* പരിതാപമില്ലായ്ക.

Freight (frāt), *n.* കേവ്; ചരക്ക്; കടത്തുകൂലി, കേവുകൂലി; ചരക്കുകയററിപ്പോക്ക്; *a.* ചരക്കുകയററുന്ന; *v. t.* ചരക്കുകയററുക; **-er**, *n.* ചരക്കുകയററുന്നവൻ, കേവുപിടിക്കുന്നവൻ; കേവുകപ്പൽ.

Frenetic, -ical, *see* **Frantic.**

Frenzy, *n.* ഉന്മാദം, ചിത്തവിഭ്രമം, ചിത്തവിപ്ലവം; **-ed**, *a.* ഉന്മത്തം, ഭ്രാന്തചിത്തം.

Frequent, *a.* കൂടെക്കൂടെയുള്ള, നിത്യമായ, സതതം, പതിവായ; *v. t.* കൂടെക്കൂടെ or പതിവായിപോക; **-quency**, *n.* പൗനഃപുന്യം, നിത്യത, സാധാരണത്വം, അവിച്ഛേദം; കൂടെക്കൂടെ പോകാവുന്ന; **-tage, -tation**, *n.* പതിവായിപോകുക, സന്തതഗമനം; **-tative**, *n.* ആവർത്തനക്രിയ; **-ter**, *n.* പതിവുകാരൻ, പരിചയക്കാരൻ; **-ly**, *adv.* വീണ്ടുംവീണ്ടും, മുറയ്ക്കുമുറയ്ക്ക്, വാരംവാരം, സതതം, പതിവായി; **-ness**, *n.* പതിവ്.

Fresco, *n.* ശീതത; കുഡ്യചിത്രം.

Fresh, *a.* നവം, പുത്തൻ, നൂതനം; കടിക്കത്തക്ക, ആസ്വാദ്യം, അലവണം, ശീതളം, സുഖം, (of breezes); ചൈതന്യമുള്ള, വീര്യമുള്ള, സരസം, അശ്രാന്തം, അക്ലാന്തം; **-en**, *v. t.* നവീകരിക്കുക; **-ly**, *adv.* പുതുതായി, ഉടനേ, തണുത്തതായി, സുഖമായി; **-ness**, *n.* പുതുമ. നൂതനത, അക്ഷീണത; തേജസ്സ്, വീര്യം, സരസത്വം, അശ്രാന്തി; ഓരുരസമില്ലാത്തത്; നവരക്തവർണ്ണം.

Fret, *v. t.* സന്താപിപ്പിക്ക, ക്ഷോഭിപ്പിക്ക, പീഡിപ്പിക്ക, ക്ലേശിപ്പിക്ക; ഉരവുക, ഉരസുക, തേമ്പിപ്പിക്ക, ഉരച്ചുകളക; വിചിത്രമായികൊത്തുപണിചെയ്ക; *v. i.* തേഞ്ഞുപോകുക; ക്ഷോഭിക്ക, ക്ലേശിക്ക; തുളുമ്പുക, ചിനങ്ങുക; *n.* ക്ഷോഭം, അലച്ചിൽ, ചിത്തവ്യഥ, ശുണ്ഠി, മനഃക്ഷോഭം; വിചിത്രപ്പണി; **-ful**, *a.* പീറപിടിച്ച, ദുർമ്മനസ്സുള്ള, ദുഷ്പ്രകൃതിയായ; **-fully**, *adv.* ചിത്തക്ഷോഭത്തോടെ, മനസ്താപത്തോടെ.

Fretty, *a.* ചിത്രപ്പണിചെയ്ത.

Friabe, *a.* നുറുങ്ങത്തക്ക, ഉടയത്തക്ക, പേടിയാകത്തക്ക.

Friar (ér), *n.* ആണ്ടി. യോഗി, മുനി, സന്യാസി; **-y**, *n.* മഠം, ആശ്രമം, വിഹാരം.

Fribble, *see* **Trifle.**

Fricassee, *n.* പൊരിച്ച ഇറച്ചി.

Friction, *n.* ഘർഷണം, സംഘർഷം, ഉരസൽ.

Friday, *n.* വെള്ളിയാഴ്ച.

Friend, (frend), *n.* സ്നേഹിതൻ, മിത്രം, സഖി, സ്നിഗ്ദ്ധൻ, ഇഷ്ടൻ; 'an old f. ചിരമിത്രം, പഴയസ്നേഹിതൻ'; 'a true f. സന്മിത്രം'; *v. t.* ഉപകരിക്ക, അനുഗ്രഹിക്ക; **-less**, *a.* ബന്ധുഹീനം, അശരണം; *see* **Forlorn**; **-ship**, *n.* സഖ്യം, മൈത്രി, സൌഹൃദം, സ്നേഹം, പ്രണയം, പ്രീതി, അനുരാഗം; സാഹായ്യം; **-Friendly**, *a.* ഇഷ്ടമുള്ള, സ്നിഗ്ദ്ധം, സ്നേഹശീലം; ഹിതം, ഹിതകരം, സുഖാവഹം; 'on f. terms സ്നേഹഭാവേന'; 'f. dispute പ്രണയകലഹം, പ്രീതികലഹം'; *adv.* സ്നേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹമായി, സ്നിഗ്ദ്ധമായി, പ്രിയമായി; **-ness,** *n.* മൈത്രി, സൗഹാർദ്ദം, ഹിതേഷ്ഠ, പ്രണയം, സ്നേഹശീലത.

Frieze, *n.* പരുപരുത്ത കംബളം; തൂണിന്റെ ഭാഗം.

Frigate, *n.* വേഗതയുള്ള പടക്കപ്പൽ.

Fright, (frīt), *n.* പേടി, ഭയം, ത്രാസം, ഭീതി, ഉദ്വേഗം; **-en,** *v. t.* ഭയപ്പെടുത്തുക, ഉദ്വേഗമുണ്ടാക്കുക; **-ed,** *a.* പേടിച്ച, ഭീതം, ഭയാർത്തം, ഭയാകുലം, ഭയാവിഷ്ടം; **-ful,** *a.* ഭീമം, വികടം, ദാരുണം, ഘോരം, ഭയാനകം; **-fully,** *adv.* ദാരുണം, ഘോരം, ഉഗ്രം.

Frigid, *a.* തണുത്ത, മരവിച്ച, ശീതം, ശിശിരം; നിരുത്സാഹം, നിഃസ്നേഹം; *see* **Cold; -ity,** *n.* മഞ്ഞ്, ശൈത്യം, ജഡത; **-ly,** *adv.* തണുത്ത്, ശിശിരമായി; സ്നേഹമില്ലാതെ.

Fringe, *n.* അഞ്ചലം, തുമ്പ്, അരിക്, തുഞ്ചം; *v. t.* ജാലർപിടിപ്പിക്കുക, അരികുവയ്ക്കുക.

Frippery, *n.* കീറത്തുണി; പഴംതുണിവില്ക്കുന്നസ്ഥലം; പ്രയോജനമില്ലാത്തവസ്തു.

Friseur, (frisér), *n.* തലമുടി അലങ്കരിക്കുന്നയാൾ; **-Frisure,** *n.* മുടിചുരുട്ടുന്നരീതി.

Frisk, *v. i.* ക്രീഡിക്ക, കളിക്ക, അങ്ങിങ്ങുരമിക്ക, തുള്ളുക or ചാടുക, വിഹരിക്ക; **-y,** *a.* ഹൃഷ്ടമായ, പ്രഹൃഷ്ടം, സാനന്ദം.

Frit, *n.* കണ്ണാടിക്കുള്ള ചേരുവ, ചാഴി.

Frith, *n.* ജലസന്ധി, അഴിമുഖം, ഉറ.

Fritillary, *n.* ഒരുതരംചെടി; ഒരുമാതിരി ചിത്രശലഭം.

Fritter, *n.* രോശ, തുണ്ട്; *v. t.* തുണ്ടുതുണ്ടാക്കുക, നുറുക്കുക; 'to f. away കുറയ്ക്കുക, ക്രമേണ ഇല്ലാതാക്കുക'.

Frivol, *see* **Trifle.**

Frivolous, *a.* മുഖ്യമല്ലാത്ത, ലഘു, തുച്ഛം, ചപലം; **-ness, -Frivolity,** *n.* ലാഘവം, നിസ്സാരത, ചാപലം, നിരർത്ഥകവ്യാപാരം.

Frizz, -le, *v. t. or v. i.* രോമംമുറുക്കുക, ചുരുട്ടുക.

Fro, *adv.* അങ്ങിങ്ങായി; 'going to and f. അങ്ങോട്ടും ഇങ്ങോട്ടും പോകുക'.

Frock, *n.* മേലങ്കി, ഉത്തരീയം, കഞ്ചുകം.

Frog, *n.* തവള, മാക്രി, മണ്ഡൂകം.

Frolic, *a.* ഉല്ലാസമായ, കളിയുള്ള; *v. i.* കളിക്കുക, വിലസുക, രമിക്കുക; *n.* കളി, കേളി, വിലാസം, ക്രീഡ; **-some,** *a.* വിലാസപ്രിയം, വിലാസി (ആയ), ക്രീഡാപരം, പരിഹാസശീലം.

From, *prep.* ഇൽ, നിന്ന്, മുതൽ, തുടങ്ങി, ഹേതുവായിട്ട്.

Frond, *n.* ഇലയും തണ്ടും, ഓലയും മടലും; **-ation,** *n.* ഓലക്കൊത്തൽ; **-ent,** *a.* ഇലയുള്ള.

Front, *n.* മുൻപുറം, നെററി, അഗ്രഭാഗം, മുഖം, മൂർദ്ധാവ്; നെഞ്ചുറപ്പ്; മുന്നണി; 'f. door മുൻപുറവാതിൽ'; *a.* മുൻപുറത്തുള്ള, മുമ്പിലുള്ള; *v. i.* നേരേനില്ക്കുക, അഭിമുഖീഭവിക്കുക; *v. t* മുഖത്തോടുമുഖം നോക്കുക; **-age,** *n.* മുൻവശം, മുൻപ്, മുഖം; **-al,** *a.* മുൻവശത്തുള്ള, നെററിയെ സംബന്ധിച്ച; *n.* നെററിപ്പട്ടം, നെററിയെല്ല്; **-ate, -ated,** *a* അകലം വർദ്ധിച്ചുവർദ്ധിച്ചുവരുന്ന, വീതിയേറിവരുന്ന; **-ed,** *a.* മുൻഭാഗമുള്ള, മുഖപ്പുള്ള; **-tier,** *n.* അതിർത്തി, പര്യന്തം; . അതിർത്തിയായിരിക്കുന്ന, തൊട്ടിരിക്കുന്ന; **-less,** *a.* ധൃഷ്ടമായ, ലജ്ജയില്ലാത്ത; **-let,** *n.* ലലാടപട്ടം.

Frontispiece, *n.* മുഖചിത്രം, ഗ്രന്ഥാദിയിലുള്ള ചിത്രം; 'f. of a house ഗൃഹമുഖം'.

Frost, *n.* ഉറച്ചപോകൽ; കുളിര്; ശൈത്യം; മഞ്ഞ്, തുഷാരം; 'f. bitten തുഷാരോപഹതം, മഞ്ഞുരുക്കിയ'; *v. t.* ശൈത്യത്താൽ ഉറക്കുക; മഞ്ഞുപെയ്യുക; വെളുപ്പിക്ക.

Froth, *n.* പത, തിള; ഫേനം; (fig) പൊള്ളപ്രഭാഷണം; *v. t.* പതപ്പിക്ക. തിളപ്പിക്ക; *v. i.* പതയുക, തിളവരിക; **-y,** *a.* പതഞ്ഞ; അസാരം, നിസ്സാരം, ലഘു, പൊള്ളയായ.

Frounce, *v. t.* ചുരുട്ടുക, ചുരുളാക്കുക; *n.* ചുരുൾ.

Frousy, Frowzy, *a.* കാറിയ, നാറുന്ന, പൂതിഗന്ധിയായ

Froward, *a.* ദുശ്ശാഠ്യമുള്ള, അതിലാളിതം, അടങ്ങാത്ത; പ്രതികൂലം, വക്രസ്വഭാവം; **-ly,** *adv.* ദുശ്ശീലത്തോടെ, പ്രതികൂലമായി; **-ness,** *n.* കൊള്ളരുതായ്മ, ശാഠ്യം, പ്രതികൂലത.

Frown, *n.* ഭ്രൂഭംഗം, കണ്ണുരുട്ടൽ, തുറിച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നോട്ടം, മുഖംകറപ്പിക്കൽ, കോപം; *v. i.* പുരികംചുളിപ്പിക്ക, തുറിച്ചുനോക്കുക; **-ing,** *a.* കണ്ണുരുട്ടുന്ന, പുരികംവളച്ച; **-ingly,** *adv.* ഭ്രൂഭംഗത്തോടുകൂടി, കണ്ണുരുട്ടി.

Fructify, *v. t.* ഫലപ്രദമാക്കുക; *v. i.* ഫലവത്താക; **-Fructuous, -Fructiferous,** *a.* ഏററവും ഫലപ്രദമായ, ഫലദായിയായ.

Frugal, *a.* പിടിച്ചുചെലവുചെയ്യുന്ന, മിതവ്യയംചെയ്യുന്ന, **-ity,** *n.* ചുരുക്കിച്ചെലവ്, സ്വല്പവ്യയം, കൃപണത്വം; **-ly,** *adv.* മിതവ്യയത്തോടെ, കൃപണമായ.

Fruit, *n.* പഴം, ഫലം, കായ്; സസ്യം, ഉൽപന്നം; പരിണാമം, ഉത്തരഫലം, കർമ്മഫലം; അപത്യം, സന്താനം, പ്രജ; അർത്ഥം, ലാഭം, ഫലപ്രാപ്തി; 'f. garden ഫലവാടി'; 'f. season or time ഫലകാലം or സമയം'; 'f. stock or stem സസ്യമഞ്ജരി, ഫലമഞ്ജരി'; 'f. tree ഫലവൃക്ഷം, വനസ്പതി'; **-age,** *n.* പഴങ്ങൾ, ഫലോച്ചയം, ഫലഭാരം, ഫലാഗമം; **-erer,** *n.* പഴക്കച്ചവടക്കാരൻ; **-ery,** *n* പഴങ്ങൾ, പഴങ്ങൾ വില്ക്കുന്നിടം; **-ful,** *a.* വളരെ കായ്കളുള്ള, ഏറെ സന്താനങ്ങളുള്ള, ധാരാളം പ്രസവിക്കുന്ന; **-fulness,** *n.* സമൃദ്ധി; **-less,** *a.* നിഷ്ഫലമായ, നിരർത്ഥകം, വ്യർത്ഥം, വന്ധ്യം, ഫലഹീനം, **-lessly,** *adv.* വ്യർത്ഥമായി, നിഷ്ഫലമായി; **-lessness,** *n.* വൈയർത്ഥ്യം, അനുപയോഗം, വ്യർത്ഥത, വൈഫല്യം; **-Fruition,** *n.* ഉപഭോഗം, അനുഭവം, സുഖോപഭോഗം, ആസ്വാദം, സുഖാനുഭവം.

Frumentaceous, *a.* ഗോതമ്പുകൊണ്ടുള്ള; ധാന്യംകൊണ്ടുള്ള.

Frump, *n.* കശ്മല.

Frustrate, *v. t.* വിഫലമാക്കുക, ഭഞ്ജിക്കുക, ഖണ്ഡിക്കുക, വൃഥാവാക്കുക; *a.* വിഫലമായ; **-ed,** *a.* നിഷ്ഫലമാക്കിയ; **-ion,** *n.* ഭംഗം, പാഴാക്കൽ; **-ive, -ory,** *a.* പാഴാക്കുന്ന, ഭഞ്ജകം.

Frutescent, *a.* കുററിക്കാട്ടുള്ള, ഗുല്മവൃതമായ.

Fry, *n.* ചെറുമീൻതിരള് or കൂട്ടം; *v. t.* പൊരിക്കുക; *n.* പൊരിച്ചതു്; **-ed,** *a.* പൊരിച്ച.

Fuddle, *v.t.* മദിപ്പിക്ക, ലഹരിപിടിപ്പിക്ക; *v. i.* മദിക്ക; **-er,** *n.* കള്ളുകുടിയൻ, പാനാസക്തൻ.

Fudge (fuj), *n.* കെട്ടുകഥ, വെറുംകള്ളം; *intj.* ഛെഛെ!

Fuel, *n.* വിറക്, കൊള്ളി, ഇന്ധനം.

Fugacious, *a.* ഓടിപ്പോകുന്ന, പലായനശീലമായ; അസ്ഥിരമായ, നിലനില്ക്കാത്ത.

Fugitive, *a.* പറന്നുപോകുന്ന, തപ്പിപ്പിഴച്ചോടുന്ന; *n.* ഓടിപ്പോകുന്നവൻ, കാന്ദിശീകൻ.

Fulcrum, *n.* ആധാരം, ആലംബം, ആശ്രയം.

Fulfil, *v. t.* സമ്പൂർത്തിയാക്കുക, സാധിക്ക, നിർവ്വഹിക്ക, സഫലമാക്കുക; **-ler,** *n.* നിർവ്വാഹകൻ, പൂരയിതാവു്, പൂർത്തിയാക്കുന്നവൻ; **-ment,** *n.* പൂരണം, പൂർത്തിയാക്കൽ; 'f. of desires കൃതാർത്ഥത, കാമസിദ്ധി, ഇച്ഛാപൂരണം'.

Fulgent, *a.* ജ്വലിക്കുന്ന, തിളങ്ങുന്ന; *see* **Bright; -Fulgency,** *n.* തിളക്കം, ദീപ്തി, തേജസ്സ്.

Fulgurate, *v. i.* മിന്നുക, വിദ്യോതിക്ക, സ്ഫുരിക്കുക.

Full (föl), *a.* നിറഞ്ഞ, പൂർണ്ണമായ, പൂരിതം; പരിണതം, പക്വം, സമ്പന്നം; *n.* മുഴപ്പു്, പൂർണ്ണത, സാകല്യം; 'in f. സവിസ്തരം, സാകല്യേന, മുഴുവൻ'; *adv.* മുഴുവൻ, എല്ലാം; 'at f. നിറഞ്ഞാൽ'; 'f. age പൂർണ്ണവയസ്സു്', 'f. bloomed മുഴുവനും വിടൎന്ന'; 'f. blown നന്നേവിടൎന്ന'; 'f. butt ഊക്കോടെ'; 'f. dress പദവിവസ്ത്രം'; 'f. drive വേഗത മുഴുവൻ ഉപയോഗിച്ചു്'; 'f. formed പുഷ്ടമായ, ഉരുണ്ട'; 'f. hot തീപോലത്തെ'; 'f. grown പ്രൗഢമായ, വയസ്സുതികഞ്ഞ'; 'f. laden പൂർണ്ണഭാരം കയററിയ'; 'f. moon വെളുത്തവാവു്, പൂർണ്ണേന്ദു'; *v. t.* മുണ്ടു കഞ്ഞിപിഴിഞ്ഞു തേയ്ക്കുക; കഞ്ഞിപിഴിയുക, തടിപ്പിക്കുക; **-er,** *n.* വെളുത്തേടൻ, അലക്കുകാരൻ, രജകൻ; **-y,** *adv.* അശേഷവും, സവിസ്തരം, മുഴുവൻ; **-ness,** *n.* പൂർണ്ണത, മുഴപ്പു്, നിർഭരത; ബാഹുല്യം, പ്രാചുര്യം; പരിണാമം, പരിപാകം, സിദ്ധി, പ്രൗഢി.

Fulminate, *v. t. or v. i.* ഇടിവെട്ടുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖണ്ഡിക്ക, ശപിക്ക; **-tion,** *n.* ഇടിശബ്ദം; ശാപം, ഖണ്ഡനം.

Fulsome (fŏl'sum), *a.* ഗർഹിതമായ, വിരസമായ, മട്ടിപ്പിക്കുന്ന; നാററമുള്ള; അസഹ്യമായ; **-ly,** *adv.* ഓക്കാനംവരുത്തുന്ന; **-ness,** *n.* വഷളത്തം, വിരസത.

Fulvous, *a* കട്ടുമഞ്ഞ, പിംഗളം, കപിലം.

Fumble, *v. i.* തപ്പുക, ഉഴന്നുതിരിയുക, തിരിച്ചും മറിച്ചും നോക്കുക, മോശമായിച്ചെയ്ക, സംഭാഷണത്തിൽ ഇടറുക; *v. t.* സാമർത്ഥ്യമില്ലാതെ ചെയ്യുക; **-ing,** *a.* സംഭ്രാന്തമായ, ചൊവ്വുംനേരുമില്ലാതെ കാര്യംചെയ്യുന്ന; *n.* വാലുംശേലുമില്ലാത്ത പ്രവൃത്തി.

Fume, *n.* പുക or ആവി; ക്രോധം; ഗന്ധസാരമില്ലാത്തതു്; *v. i.* പുകവിടുക, ആവിപാറത്തുക, ക്രോധിക്ക; 'to f. away ചീററുക, പുകഞ്ഞുപോക; ആവിയായിപ്പോക'; *v. t.* പുകയ്ക്കുക, പുകയേല്പിക്ക; **-Fumatory;** *n.* പുകയ്ക്കുന്ന സ്ഥലം; **-Fumid,** *a.* ധൂമമയമായ; **-Fumiferous,** *a.* പുകയുണ്ടാക്കുന്ന; **-Fumosity,** *n.* പുകയായിരിക്കുന്ന അവസ്ഥ; **-Fumy,** *a.* പുകയുള്ള.

Fumigate, *v. t.* പുകയ്ക്കുക. ഗ്യാസേല്പിക്ക.

Fumitory, *n.* നാററമുള്ള ചെടി.

Fun, *n.* പരിഹാസം, നർമ്മം, ക്രീഡ, കേളി, പ്രഹസനം, കളി, ക്രീഡാകൗതുകം; 'in f. നേരംപോക്കായി, നർമ്മഭാഷിതമായി'; **-Funny,** *a.* നേരംപോക്കായ, ഹാസ്യജനകം, വിനോദശീലമായ; ഉപഹാസ്യമായ.

Funambulate, *v. i.* കയർവടത്തിന്മേൽ കയറിനടക്കുക, ഞാണിന്മേൽ നടക്കുക; **-list,** *n.* ഞാണിന്മേൽ കളിക്കാരൻ.

Function, *n.* പ്രവൃത്തി, വ്യാപാരം, തൊഴിൽ, കർമ്മം, കൃത്യം, ക്രിയ, വൃത്തി; നിയോഗം, അധികാരം, ആചരണം, അനുഷ്ഠാനം, കരണം; ഇന്ദ്രിയം, ശക്തി, കർമ്മേന്ദ്രിയം; **-ary,** *n.* ഉദ്യോഗസ്ഥൻ, അധികാരി, കാര്യനിർവാഹകൻ, അധികൃതൻ.

Fund, *n.* സഞ്ചയം, രാശി; മൂലധനം; (pl) നാട്ടുകടം; നിക്ഷേപം; 'public f. സർക്കാർബാദ്ധ്യത മുതൽ'; 'sinking f. ബാദ്ധ്യതകളൊഴിപ്പാൻ നീക്കിവെച്ച മുതൽ'; *v. t.* ധനം കരുതുക; ധനം ഉപയോഗിക്കുക; പണം മുതലിൽ ഉറപ്പിക്ക; കടപ്പത്രം കൊടുക്കുക; **-able,** *a.* ഫണ്ടാക്കാവുന്ന, കടപ്പത്രമാക്കാവുന്ന.

Fundament, *n.* ഗുദം, (ശരീരത്തിന്റെ) അധോഭാഗം.

Fundamental, *a.* മൂലാധാരമായ, മുഖ്യമായ, മൗലികം, പ്രധാനം, സാരഭൂതം; *n.* പ്രധാനതത്വം, മൂലതത്വം.

Fundus, *n.* അധോഭാഗം, തലം, മൂട്ട്.

Funeral, *n.* ശേഷക്രിയ, ഉദകകർമ്മം, പ്രേതകാര്യം or കൃത്യം; *a.* ശവസംസ്കാരസംബന്ധമായ, ശേഷക്രിയസംബന്ധിച്ച; 'f. pile ചിത'; **-nereal,** *a.* ശവസംസ്കാരസംബന്ധമായ; **-nereally,** *adv* വിലാപത്തോടെ.

Fungus, *n.* (pl. fungi) കുമിൾ, കൂൺ; അരിമ്പുണ്ണ്; **-gal, -goid,** *a.* കുമിൾസംബന്ധിച്ച; **-gous,** *a.* കുമിൾപോലെയുള്ള.

Funicle, *n.* നൂല്; **-Funis,** *n.* പൊക്കിൾവള്ളി.

Funk, *n.* വലിയഭയം.

Funnel, *n.* പുകക്കുഴൽ, നാളി, കുഴൽ, പാത്തി.

Fur, *n.* മൃദുരോമം, മൃദുരോമചർമ്മം; 'f. on the tongue കല്കം, അഴുക്ക്'; **-red,** *a.* രോമംനിറഞ്ഞ; അഴുക്കുള്ള.

Furbish, *v. t.* മിനുക്കുക, തേച്ചുമിനുക്കുക, തുടച്ചുതിളക്കുക; **-er,** *n.* തുടയ്ക്കുന്നവൻ, തേക്കുന്നവൻ; **-ing,** *n.* തുടപ്പ്, മിനുക്കൽ.

Furcate, -Furcated, *a.* കവരമുള്ള, ദ്വ്യഗ്രമായ; **-cation,** *n.* കവരപ്പെടുത്തൽ, കവയ്ക്കൽ.

Furfur, *n.* തലപ്പൊററ്, ചുണങ്ങ്.

Furl, *v. i.* ചുരുട്ടുക, മടക്കുക.

Furlong, *n.* അരയ്ക്കാൽമൈൽ, 440 മുഴം.

Furlough (fér'lō), *n.* കല്പന, ഉത്തരവ്, അനുവാദയവധി.

Furnace, *n.* ഉല, ചൂള, ശിക്ഷ, ദണ്ഡനം, ക്ലേശം; 'portable f. ചൂട്ടടുപ്പ്'.

Furnish, *v. t.* എത്തിച്ചുകൊടുക്കുക, സംഭരിച്ചുകൊടുക്കുക, തയ്യാറാക്കിക്കൊടുക്കുക, തേടിക്കൊടുക്കുക; **-niture,** *n.* സംഭാരം, സാമാനം, കോപ്പുകൾ, വീട്ടുസാമാനം, സാമഗ്രി.

Furor, *n. see* **Fury.**

Furore, *n.* അത്യാശ്ചര്യം, മഹദ്വിസ്മയം.

Furrow, *n.* ഉഴവുചാല്, ചാല്, ചുളി;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'to draw a straight f. തെററി നടക്കാതിരിക്കുക'; *v. t.* ഉഴുക, ചാലിടുക, ചുളിയിടുക; **-y**, *a.* ചുളിയുള്ള.

Further, *a.* ദൂരെയുള്ള, ദൂരതരമായ, ദൂരസ്ഥം; അധികം, അധികതരം; *adv.* ഏറെദൂരെ, അപ്പുറത്തു്, അകലെ; ഉം കൂടെ, അത്രയുമല്ല; a. little f. on കുറേക്കൂടിഅങ്ങു്"; *v. t.* അധികമാക്കുക, വൎദ്ധിപ്പിക്കുക, സഹായിക്കുക; **-ance**, *n.* സാഹായ്യം, വദ്ധന; **-er**, *n.* അഭിവൃദ്ധിപ്പെടുത്തുന്നവൻ, സഹായി; **-more**, *adv.* കൂടാതെ, പുറമെ, അത്രയുമല്ലാതെ; **-most**, *a.* ഏററവും അകന്ന, അങ്ങേഅററത്തുള്ള; **-some**, *a.* ആനുകൂല്യമുള്ള, ആദായമുള്ള; **-Furthest**, *a.* ഏററവും അകലെയുള്ള; *adv.* നന്നേ ദൂരെ.

Furtive, *a.* കട്ട, മോഷ്ടിച്ച, കളവുചെയ്ത, അപഹൃതമായ; **-ly**, *adv.* ആരുംഅറിയാതെ, കളവായി.

Furuncle, *n.* പരു; **-cular**, *a.* പരുവുള്ള.

Fury, *n.* ചണ്ഡത, ഉഗ്രത; കോപം, ക്രോധം, രോഷം; ദുർഗ്ഗ; **-Furious**, *a.* പ്രചണ്ഡം, പ്രബലം, ഉഗ്രം, തീവ്രം; മത്തം, ഉല്ക്കടം; കോപിച്ച; **-ly**, *adv.* ഉഗ്രമായി, ചണ്ഡമായി, കോപത്തോടെ; സകോപം; **-ness**, *n.* സംരംഭം, കോപാകുലത്വം.

Fuscous, *a.* തവിട്ടുനിറമായ; ഇളംകറുപ്പായ, ആനീലം.

Fuse, *v. t.* ഉരുക്കുക, കൂട്ടിക്കലത്തുക, ചേരുവചേക്കുക; *v. i.* ഉരുകുക, കൂടിക്കലരുക, ദ്രവീഭവിക്ക; **-ible**, *a.* ദ്രാവം, ഉരുക്കാവുന്ന; **-ion**, *n.* ഉരുക്കൽ, ദ്രാവം, ചേരുവ, സംമിശ്രണം.

Fusil, *n.* ചെറിയതോക്കു്; **-leer**, **-lier**, *n.* പടയാളി; **-lade**, *n.* അണിവെടി; *v. t.* അണിവെടിവയ്ക്കുക.

Fusome, *a.* അഴകുള്ള.

Fuss, *n.* തിരക്കു്, ബഹളം, കോലാഹലം, പതപതപ്പു്; **-y**, *a.* ബഹളമായ, സംഭ്രമകാരിയായ.

Fust, *n.* സ്തംഭം; നാററം, ശ്രുത്; *v. i.* നാറുക, **-tiness**, *n.* ദുർഗ്ഗന്ധം; **-ty**, *a.* നാററമുള്ള.

Fustian, *n.* കട്ടിക്കൂടിയതുണി; അതിശയോക്തി, വൻപുവാക്കു്; *a.* തടിച്ചതുണിയാലുള്ള; അതിഗർവ്വിതമായ.

Futile, *a.* വ്യഥാവായ, ഫലമില്ലാത്ത; **-ly**, *adv.* നിഷ്ഫലമായി, പ്രയോജനമില്ലാതെ; **-tility**, *n.* നിഷ്ഫലത്വം, വിഫലത, വ്യത്ഥവാക്കു്.

Future, *a.* ഭവിഷ്യത്തായ, വരാനുള്ള, ഭാവിയിലുള്ള, അനാഗതമായ; മറുലോകത്തുള്ള, പാരത്രികമായ; **-ity**, *n.* വരുങ്കാലം, ഭാവികാലം, ഉത്തരകാലം; 'to deal in f. s ഭാവിലാഭംനോക്കി കച്ചവടംചെയ്ക'.

Fuzz, *n.* ധൂളി.

Fy, (fi) *intj.* ഛീ!

Fyke, *n.* കൂടുവല.

Gab, *v. i.* പേശുക, സംസാരിക്ക, വത്തമാനംപറയുക; **ber**, *n.* വാചാലൻ; 'gift of the g. വാചാലത്വം'.

Gabble, *v. i.* പിറുപിറുപ്പറയുക, മന്ത്രിക്കുക.

Gaberdine, *n.* മേലങ്കി; പരുക്കൻകുപ്പായം.

Gabel, *n.* കരം, ചുങ്കം, നികുതി, വരി.

Gable, *n.* ഗൃഹശിഖരം, പ്രാസാദശിഖരം, മച്ചുടപ്പു്.

Gaby, *n.* നിസ്സാരൻ, പെൺണ്ണൻ, ഭോഷൻ.

Gad, *n.* അസ്ത്രമുന, കുന്തമുന, മുന, ക്രതു്; എഴുത്താണി; ക്രുത്തവടി; 'upon the g. വിഷമത്തിൽ'; *v. i.* അലഞ്ഞുനടക്കുക or തിരിയുക; **-ding**, *n.* പയ്യടനം, അലഞ്ഞുനടപ്പു്.

Gadfly, *n.* ഒരുമാതിരി ഈച്ച, ദംശകൻ, ഗോമക്ഷിക, കാട്ടീച്ച.

Gael, *n.* ഗാലവംശക്കാർ; **-lic**, *a.* ഗാല രേഖ സംബന്ധിച്ച; *n.* ഗാല്യഭാഷ.

Gaff, *n.* ഉടക്കു, ഉടക്കുളി; *v. t.* കുന്താംകൊണ്ടുകുത്തുക.

Gaffer, *n.* കിഴവൻ, മേസ്തിരി.

Gag, *v. t.* വായ്കെട്ടുക, വായടയ്ക്കുക, മുഖംബന്ധിക്കുക; വായ് തിക്കിത്തുറക്കുക; *n.* വായ്കെട്ടു്, മുഖബന്ധനി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Gage (gāj), *n.* പന്തയം, പന്തയംകെട്ടൽ; അളവ്, അളവുയന്ത്രം; വെല്ലുവിളി; *v. t.* പണയംവയ്ക്കുക, ആണയിടുക, വീരവാദംചെയ്ക; അളക്കുക.

Gaggle, *v. i.* കൂജനംചെയ്ക, പനറുക, ചിലയ്ക്കുക; *n.* എരണ്ടക്കൂട്ടം.

Gaiety, *n. see* **Gay.**

Gain, *n.* ലാഭം; *v. t.* സമ്പാദിക്ക, ആർജ്ജിക്ക, ലാഭംഎടുക്ക; ക്രമേണ മുന്നോട്ടുനീങ്ങുക; *n.* ലാഭം, പ്രാപ്തി, ഫലം, ഫലോദയം, ആർജ്ജനം; **-er,** *n.* ലാഭക്കാരൻ, സമ്പാദ്യക്കാരൻ; **-ful,** *a.* ലാഭമുള്ള, ലാഭകരമായ; **-ly,** *adv.* ഒതുക്കത്തോടെ, സാമത്ഥ്യത്തോടെ, ചതുരമായി.

Gainsay, *v. t.* മറുത്തുപറയുക; **-er,** *n.* മറുത്തുപറയുന്നവൻ, നിഷേധകൻ.

Gairish, *a.* അതിശോഭനമായ, രൂപഗർവിതമായ; **-ness,** *n.* അതിശോഭ, രൂപഗർവം, ഡംഭ്.

Gait, *n.* നടത്ത, നടക്കുംവിധം, ഗതി, ഗമനം; 'graceful in g. ചാരുഗാമിയായ'.

Gala, *n.* ഉത്സവം, ഉത്സവദിവസം.

Galaxy, *n.* നാകവീഥി, താരാപംക്തി; സുരഗംഗ; സുവസ്തമണ്ഡലം.

Gale, *n.* കൊടുങ്കാററ്, ചണ്ഡമാരുതൻ.

Gall, (gawl), *n.* പിത്തം, കടുകോപം; ഉരവ്, ക്ഷതം, കടി; 'g. bladder പിത്തകോശം'; 'g. nut കടുക്ക', 'g. sickness പിത്തജ്വരം'; *v. t.* ഉരഞ്ഞുപൊട്ടലുണ്ടാക്കുക, ഉപദ്രവിക്ക, പീഡിപ്പിക്ക, ക്ലേശിപ്പിക്ക, മമ്മംഭേദിക്ക; *v. i.* പരിഹസിക്കുക, തന്നത്താനെ എരിയുക; **-ing,** *a.* പരുഷമായ, മമ്മംപിളക്കുന്ന.

Gallant, *n.* വല്ലഭൻ; *v. t.* സ്ത്രീകൾക്ക് ഉപചാരംചെയ്യുക; *a.* സ്ത്രീകളെ ഉപചരിക്കുന്ന, സ്ത്രീലാലനായ; സുശീലനായ, ദക്ഷിണനായ; **-try,** *n.* വണക്കം.

Gallant, *a.* വീരം, ശൂരം, വിക്രാന്തം, മഹാവീരം; ശോഭനം, അഴകുള്ള; **-ly,** *adv.* വിക്രമത്തോടെ; **-ness,** *n.* വിക്രമം, ശൗര്യം; **-try,** *n.* വീര്യം, ശൗര്യം, വിക്രമം, പൗരുഷം, ഉദാരത, മാഹാത്മ്യം; വീരന്മാർ.

Galleon, . പഴയ വലിയ പായ്കപ്പൽ.

Gallery, *n.* നട, തിണ്ണ, മഞ്ചം, രംഗാസനം, ഇരിപ്പിടത്തട്ട്.

Galley, *n.* തണ്ടുവച്ച തോണി or കപ്പൽ; അച്ചെഴുത്തുതട്ട്; കപ്പലിലെ അടുക്കള; 'g. slave തടവുശിക്ഷയായി തണ്ടുവലിക്കുന്നവൻ'; 'g. worm തേരട്ട'.

Gallon, *n.* ഗാലൺ.

Golloon, *n.* നാട, കര, കസവ്; **-looned,** *a.* കസവുള്ള.

Gallop, *v. i.* കുതിച്ചോടുക; *v. t.* കുതിരയെ ചാടിക്കുക; *n.* കുതിപ്പ്.

Gallows, *n.* തൂക്കുമരം, ചല്ലടംകെട്ടുന്നനാടം.

Galoche, Galoshe, *n.* മെതിയടി, പാദുക, മഴച്ചെരിപ്പ്.

Galvanic, *a.* വിദ്യുച്ഛക്തിജനകമായ or സംബന്ധമായ; **-Galvanism,** *n.* വിദ്യുദ്ധാതു; **-vanise, -vanize,** *v. t.* വിദ്യുച്ഛക്തിയേല്പിക്കുക, വിദ്യുച്ഛക്തിയാൽ സ്വർണ്ണം മുക്കുക, ഇരുമ്പിന്നു നാകംപൂശുക; 'g ed iron നാകംപൂശിയ ഇരുമ്പുതകിട്'; **-vanologist,** *n.* വിദ്യുച്ഛക്തിശാസ്ത്രജ്ഞൻ.

Gambier, *n.* കാററ്, കാത്ത്.

Gamble, *v. i.* ചൂതാടുക; *v. t.* പണം കളിച്ചുതോല്ക്കുക; **-bler,** *n.* ചൂതാട്ടക്കാരൻ, ധൂത്തൻ, അക്ഷധൂത്തൻ; **-ing,** *n.* ചൂതുകളി, ദ്യൂതം, അക്ഷക്രീഡ, ദേവനം, കൈതവം, കള്ളം; 'g. house ദ്യൂതശാല, ചൂതുപുര'.

Gamboge, *n.* ഒരുവക മഞ്ഞപ്പശ.

Gambol, *v. i.* ക്രീഡിക്ക, നൃത്തംവയ്ക്ക, അങ്ങിങ്ങായി തുള്ളിച്ചാടുക, തുള്ളുക, തത്തിത്തുള്ളുക; *n.* തുള്ളിക്കളി.

Game, *n.* കളി, ക്രീഡ, വിനോദം, നേട്ടം, നായാട്ട്; സങ്കല്പം; *v. i.* കളിക്കുക, പണംവച്ചുകളിക്കുക, ചൂതാടുക; *a.* ശൌര്യമുള്ള, പിൻവാങ്ങാത്ത; മുടന്തായ, പംഗുവായ; 'g. cock പോരുകോഴി'; 'g. leg മുടന്തുകാൽ'; **-ing,** *n.* ചൂതാട്ടം, ദ്യൂതം; **-ster,** *n.* ധൂത്തൻ; **-some,** *a.* ക്രീഡാപരം, ലീലാപരം, വിലാസശീലം, വിനോദശീലം, ഉല്ലാസിയായ, പരിഹാസിയായ.

Gamin, *n.* അധികപ്രസംഗിച്ചെറുക്കൻ.

Gammer, *n.* വയസ്സുചെന്ന സ്ത്രീ, കിഴവി.

Gammon, *n.* പുകയത്തുണക്കിയ പന്നിയിറച്ചി, ശംഖിക്കളി; ചതി; *v. t.* പന്നിയിറച്ചി ഉണക്കുക; ചതിക്കുക.

Gamut, *n.* സരളി, സ്വരഗ്രാമം.

Gander, *n.* ആൺവാത്ത; ഹംസം.

Ganesh, *n.* ഗണേശൻ, ഗണപതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Gang, *n.* കൂട്ടം, സംഘം; 'g. way കപ്പലിറ്റലവഴി'; *v. i.* പോകുക, നടക്കുക; **-er**, *n.* മേലാൾ, മൂപ്പൻ.

Ganges, *n.* ഗംഗാനദി.

Ganglion, *n.* മജ്ജാതന്തുദയാംഗം; സിരാസ്ഫോടം; (pl. Ganglia).

Gangrene, *n.* വ്രണം, പുണ്ണ്, *v. t. and v. i.* വ്രണപ്പെടുത്തുക, അഴുകുക.

Gaol, *n.* തടവ്, ജയിൽ; **-er**, *n.* ജയിലർ, തടവുകാര്യക്കാരൻ.

Gap, *n.* പിളപ്പ്, ഓട്ട, രന്ധ്രം, വിടവ്.

Gape, *v. i.* വായ് തുറക്കുക, കോട്ടുവായിടുക; കാത്തുനോക്കുക; *n.* കോട്ടുവായ്; വിടവ്; 'g. e seed ദുർല്ലഭമായ കാഴ്ച'; **-Gaping**, *n.* വിസ്മയദർശനം; ജൃംഭണം.

Garb, *n.* ഉടുപ്പ്. വസ്ത്രം, വേഷം, വസനം.

Garbage, *n.* ഉച്ഛിഷ്ടം, മലം.

Garble, *v. t.* ചിതറുക; പെറുക്കുക, വക്രീകരിക്കുക, തിരിച്ചുമറിച്ചുപറയുക.

Garden, *n.* ഉദ്യാനം, ഉപവനം, തോട്ടം, തോപ്പ്; 'g. near a house ഗൃഹാരാമം'; 'pleasure g. ക്രീഡോപവനം'; 'flower g. പുഷ്പവനം or വാടിക, കുസുമാകരം'; 'fruit g. ഫലവൃക്ഷവാടിക'; 'vegetable g. സസ്യവാടിക'; g. wall തോപ്പുമതിൽ, ഉദ്യാനപ്രാകാരം'; 'g. husbandry തോട്ടക്കൃഷി, ചെറുകൃഷി'; 'g. party ഉദ്യാനവിരുന്ന്'; 'g. stuff മലക്കറിസാധനങ്ങൾ'; 'kitchen g മലക്കറിത്തോട്ടം'; *v. i.* തോട്ടംവച്ചുപിടിപ്പിക്കുക; *v. t.* തോട്ടത്തിൽ കൃഷിചെയ്യുക; **-er**, *n.* ഉദ്യാനപാലകൻ, മാലാകാരൻ, തോട്ടക്കാരൻ; **-ing**, *n.* ഉദ്യാനകർമ്മം, ഉദ്യാനസേവനം, തോട്ടക്കൃഷി.

Gargantuan, *a.* ആനപോലത്ത, മലപോലത്ത.

Gargle, *v. t.* കവിൾക്കൊള്ളുക, ഉപസ്പർശിക്കുക.

Grish, *a* അഴകുകാട്ടുന്ന, മോടികാട്ടുന്ന, ശൃംഗാരംതുളുമ്പുന്ന; **-ly**, *adv.* പച്ചക്കാമദേവനായി; **-ness**, *n.* അഴകിയരാവണത്വം.

Garland, *n.* മാല, കാവ്യമഞ്ജരി; *v. t.* പൂമാലചൂടുക, മാലയിടുക.

Garlic, *n.* വെള്ളുള്ളി; 'cloves of g. വെളുള്ളിക്കുടം'; **-ky**, *a.* വെള്ളുള്ളിഉള്ള or പോലുള്ള.

Garment, *n.* വസ്ത്രം, ഉടുപ്പ്, വസനം; under or lower g. ഉള്ളുടുപ്പ് or അടിയുടുപ്പ്'; 'upper g. മേലുടുപ്പ് or ഉത്തരീയം'; **-ed**, *a.* അലങ്കാരമണിഞ്ഞ'; **-ure**, *n.* വസ്ത്രം.

Garner, *n.* കളം, കളപ്പുര, ധാന്യാഗാരം; *v. t.* കളപ്പുരയിലിടുക, പത്തായത്തിൽ ഇടുക.

Garnet, *n.* ചുവപ്പുരത്നം.

Garnish, *v. t.* അണിയുക, അലങ്കരിക്കുക; എത്തിക്കുക; അറിയിപ്പയയ്ക്കുക; *n.* ശൃംഗാരമോടി; **-ment**, *n.* ഭൂഷണം, അലങ്കാരം, അറിയിപ്പ്; **-niture**, *n.* അലങ്കാരസാധനം, വസ്ത്രം.

Garret, *n.* മച്ചിൻപുറം, ശിരോഗൃഹം, അട്ടം തട്ടിൻപുറം.

Garrison, *n.* കോട്ടപ്പട, കാവൽസൈന്യം, ദുർഗ്ഗസൈന്യം, രക്ഷിവർഗ്ഗം; *v. t.* സൈന്യത്തെ കാവലിനുനിർത്തുക.

Garrote, *v. t.* ഞെക്കിക്കൊല്ലുക, ഞെക്കിതാഴെതള്ളിയിട്ട് മോഷ്ടിക്കുക; *n.* ഞെക്കിക്കൊല.

Garrulous, *a.* ധാരാളംപറയുന്ന, വായാടിയായ, ധാരയായി സംഭാഷണംചെയ്യുന്ന; **-ness, Garrulity**, *n.* വാചാലത, ബഹുഭാഷിത്വം.

Garter, *n.* കാലുറകെട്ടുന്ന നാട; ഇംഗ്ലണ്ടിലെ ഒരു സ്ഥാനം.

Garth, *n.* അംഗണം; ഉപവനം; ധരണം.

Gas, *n.* വായു, വാതകം; 'g. burner, 'g. jet, g. light വാതകദീപം'; 'g. coal ഒരുവക കല്ക്കരി'; 'g. tar കീല്, താർ'; 'g. well വാതകഖനി'; 'g. works വാതകജനകസ്ഥാനം'; **-eous, -iform**, *a.* വാതകരൂപമായ, യാതൊരു രൂപവുമില്ലാത്ത; **-ification**, *n.* വാതകീകരണം; **-ify**, *v. t.* വാതകമാക്കുക; **-meter, -ometer**, *n.* വാതകമാപനയന്ത്രം; **-sing**, *n.* ആത്മശ്ലാഘ.

Gash, *v. t.* ആഴത്തിൽ വെട്ടുക, കുത്തിമുറിക്കുക; *n.* വെട്ട്, കുത്ത്, പിളപ്പ്; **-ful**, *a.* ഭയങ്കരമായ.

Gasp, *v. i.* വീർപ്പുമുട്ടുക, കൃച്ഛ്റമായി ശ്വസിക്കുക, ശ്വാസംമുട്ടുക; ആഗ്രഹംതോന്നുക; *v. t.* 'forth, out, away' വിങ്ങിപ്പറയുക, കിതപ്പോടെ പറയുക; 'at the last g. ഉൽശ്വാസസമയം'.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Gastly, *see* **Ghastly.**

Gastric, *a.* ജഠരസംബന്ധമായ, പചനേന്ദ്രിയസംബന്ധമായ; 'g. digestion ദഹനം, ദീപനം'; 'g. fluid, g. guice ജഠരനീർ, ജഠരാഗ്നി'; **-tritis**, *n.* ആമാശയവീക്കം; **-trology**, *n.* ജഠരശാസ്ത്രം.

Gastronome, *n.* ഔദരികൻ, ഉദരംഭരി, ഉദരപരായണൻ, തിന്മൻ; **-Gastronomy**, *n.* ഉദരപരായണത; **-troscope**, *n.* ആമാശയദർശിനി; **-troscopy**, *n.* ആമാശയദർശനം; **-trostomy**, *n.* വയർകീറൽ.

Gate, *n.* ദ്വാരം, ഗേററ്, പടിവാതിൽ, ആനവാതിൽ; 'g. way ഗോപുരം, തോരണം, നട, ദ്വാരപഥം'.

Gather, *v. t.* സഞ്ചയിക്ക, ശേഖരിക്ക, സമാഹരിക്ക, സംഗ്രഹിക്ക, സംഭരിക്ക; *see* **Collect**; അറിയുക, അനുമാനിക്ക, ഊഹിക്ക; ഉദ്ധരിക്ക; *v. i.* ഒന്നിച്ചുചേരുക, സംഗമിക്ക, സമ്മേളിക്ക, ഏകീഭവിക്ക; പ്രവൃദ്ധിക്ക, ചലംകെട്ടുക; *n.* മടിപ്പ്, മടക്ക; **-er**, *n.* ശേഖരിപ്പുകാരൻ, അവചായി, കരംപിരിക്കുന്നയാൾ; **-ing**, *n.* ശേഖരിപ്പ്, സമൂഹം, സമാഗമം, ജനസമൂഹം, ലോകസംഘം.

Gatlinggun, *n.* യന്ത്രത്തോക്ക്.

Gauche (gōsh), *a.* ഇടംകയ്യായ, വൃത്തികെട്ട; **-Gaucherie**, *n.* വൃത്തികേട്. അഭംഗി.

Gaud, *n.* ബാഹ്യശോഭ, പുറംമോടി; **-y**, *a.* പുറംശോഭയുള്ള, ഉജ്ജ്വലം, ശോഭനം, നാനാവർണ്ണമായ; 'having a g. dress ഉജ്ജ്വലവേഷം ധരിച്ച'; *n.* ഉത്സവം; **-ness**, *n.* അതിശോഭ, നാനാവർണ്ണത.

Gauge, *see* **Measure.**

Gaunt (gänt), *a.* മെലിഞ്ഞ, കൃശദേഹമായ, ക്ഷീണകായമായ.

Gauntlet, *n.* ഇരുമ്പുകയ്യുറ; 'to throw down the g. പോരിനു വിളിക്കുക'; 'take up the g. പോർവിളിസ്വീകരിക്ക'.

Gauze, *n.* നേരിയസിൽക് or ലിനൻ.

Gawk, *n.* മൂർഖൻ, മടയൻ; കുക്കോപ്പക്ഷി; **-y**, *a.* മടയനായ, വൃത്തികെട്ട; *n.* മൂഢൻ, സ്ഥൂലദേഹൻ.

Gay, *a.* പ്രമോദിയായ, ഉല്ലാസിതം, പ്രമുദിതം; വിലാസിയായ, കേളിപരം; മോടിയുള്ള; **-Gaiety**, *n.* പ്രമോദം, ഉല്ലാസം, പ്രഹർഷം, ആഹ്ലാദം; ഉത്സവം; **-ly**, *adv* സഹർഷം, ഉല്ലാസത്തോടെ, ആനന്ദത്തോടെ; ഉജ്ജ്വലമായി, ശോഭനമായി.

Gaze, *v. i.* നിരീക്ഷിക്കുക, ഉററുനോക്കുക, സ്ഥിരമായിനോക്കുക, മിഴിച്ചുനോക്കുക; *n.* അവലോകനം, നോട്ടം; 'with a fixed g. അനിമേഷനയനമായി, ബദ്ധദൃഷ്ടിയായി'.

Gazelle,(-zel'), *n.* അറബിമാൻ, ഹരിണം.

Gazette *n.* വാർത്താപത്രം, വർത്തമാനപ്പത്രം; *v. t.* ഔദ്യോഗികമായി പ്രസിദ്ധംചെയ്യുക.

Gazetteer, *n.* ഭൂവിവരണനിഘണ്ടു.

Gear, (gēr) *n.* വസ്ത്രം, ആഭരണം, ചമയം; ഉപകരണം; രചന; ആയുധസംഭരണം; ആചാരം; കാര്യം; പൽചക്രം; ചേർച്ച; നിസ്സാരകാര്യം; 'g. wheel പൽചക്രം'; 'in g. തമ്മിൽ ഘടിച്ചിരിക്കുന്ന'; 'out of g ഘടിപ്പുവിട്ട'; നിരുപയോഗമായ'; 'to throw in g. യന്ത്രങ്ങൾതമ്മിൽഘടിപ്പിക്കുക, പ്രവൃത്തിചെയ്യിക്കത്തക്കതാക്കുക'; 'to throw out of g യന്ത്രങ്ങൾതമ്മിൽ വേർപെടുത്തുക'; *v. i.* തമ്മിൽ ഘടിക്കുക; *v. t.* ചമയിക്ക; **-ing**, *n.* കുതിരക്കോപ്പ്; യന്ത്രസഹിതത.

Gecko, *n.* ഗവ്വളി or പല്ലി.

Geese, pl. of **Goose.**

Gelastic, *a.* ചിരിയേസംബന്ധിച്ച.

Gelatin, Gelatine, *n.* മാംസപ്പശ; **-Gelatinous**, *a.* സാന്ദ്രമായ, പശയുള്ള, ഒട്ടുന്ന.

Geld, *v. t.* ഉടയ്ക്കുക, വൃഷണച്ഛേദംചെയ്യുക; *n.* പണം, വരി, പ്രായശ്ചിത്തം, പ്രതിഫലം; **-ing**, *n.* മുഷ്കമുടച്ച കുതിര; ഷണ്ഡൻ.

Gelid, *a.* അതിശീതമായ, ഹിമമായ, ശിശിരം.

Gelly, *see* **Jelly.**

Gem, *n.* രത്നം, മണി; മൊട്ട്; *v. t.* മൊട്ടുവയ്ക്കുക; രത്നംപതിക്കുക; രത്നങ്ങളാൽ ശോഭിപ്പിക്ക; **-mary**, *a.* രത്നസംബന്ധമായ; *n.* രത്നങ്ങൾ; **-med**, *a.* രത്നഖചിതം; **-meous**, *a.* രത്നതുല്യമായ; **-my**, *a.* മണിമയം, രത്നോജ്ജ്വലമായ.

Gemmate, *a.* മുകുളിതം, ബദ്ധപല്ലവം.

Gemini, *n.* മിഥുനം, മിഥുനരാശി, ദ്വന്ദ്വം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുഗ്മം; -**Geminate**, -**Geminous**, *a.* ഇണയായ, ഇരട്ടയായ, ദ്വിഗുണമായ.

Gender, *n.* വിധം, ലിംഗം, പ്രകൃതി, ആൺപെൺ; *v. t.* ഉല്പാദിപ്പിക്കുക; *v. i.* മൈഥുനംചെയ്യുക.

Genealogy, *n.* സന്താനവഴി, വംശാവലി; -**logical**, . . പാരമ്പര്യസംബന്ധമായ; -**logically**, *adv.* വംശാവലിപ്രകാരം; -**ist**, *n.* വംശക്രമജ്ഞൻ, വംശാവലിരചകൻ.

General, *a.* സാധാരണമായ, സാമാന്യമായ, പൊതുവായ, സാർവത്രികം, അവിശേഷക; 'a. g. rule ഉത്സർഗം, സാമാന്യവിധി'; 'a g. practice ലോകാചാരം, ജനവ്യവഹാരം'; 'against g. practice ലോകവിരുദ്ധം'; 'a g. opinion ബഹുമതം'; *n.* സേനാപതി, സേനാനായകൻ; 'g. practitionerവൈദ്യൻ'; 'brigadier g. ഉസനാംഗനായകൻ'; 'lieutenant g. സഹനായകൻ'; 'major g. ഉപനായകൻ'; 'in g. മിക്കവാറം, സാമാന്യമായി'; -**ity**, *n.* ബഹുതരഭാഗം, പ്രധാനഭാഗം, സാമാന്യത; -**ize**, *v. t.* ജാതിയെ നിർദ്ദേശിക്ക, സാമാന്യമായിപ്പറയുക; -**ization**, *n.* ജാതിനിർദ്ദേശം, സാമാന്യധർമ്മകഥനം, സാമാന്യവാദം; -**ly**, *adv.* ഏറെക്കുറെ, മിക്കവാറം, സാമാന്യമായി; -**ness**, *n.* വ്യാപകത്വം, സാമാന്യത; -**ship**, *n.* സേനാദ്ധ്യക്ഷത്വം; രണകൗശല്യം; യുദ്ധനൈപുണ്യം.

Generate, *v. t.* ജനിപ്പിക്കുക, ഉല്പാദിപ്പിക്ക, കാരണമാകുക; -**ion**, *n.* ഉല്പാദനം, പ്രസവം, ഉത്ഭവം; അന്വയം, വംശം, ജാതി, സന്താനം, സന്തതി; പുരുഷന്മാർ, പുരുഷപരമ്പര, തലമുറ; 'former g. s കഴിഞ്ഞ തലമുറ'; -**ive**, *a.* ഉല്പാദിപ്പിക്കുന്ന, ജനകം; 'g. organ ഉപസ്ഥം, യോനി'; -**or**, *n.* ജനയിതാവ്, ജനകൻ, ജന്മദാതാവ്.

Generic, -**ical**, *a.* ജാതിയിൽപെട്ട, സാമാന്യം, സാധാരണം, വർഗ്ഗീയം; 'g. property ജാതിധർമ്മം, ലക്ഷണം or സ്വഭാവം; സാമാന്യധർമ്മ of ലക്ഷണം'; -**ally**, *adv.* ജാതിയുദ്ദേശിച്ച്, സാമാന്യമായി.

Generous, *a.* ഉദാരം, വദാന്യം, ത്യാഗശീലം, ദാനശീലം, ബഹുപ്രദം; മഹാത്മാവായ, ഉദാരചേതസ്സായ, കലീനം, അഭിജാതം; -**ness**, -**osity**, *n.* ഔദാര്യം, ത്യാഗം, ദാനശീലം, വദാന്യത; മാഹാത്മ്യം.

Genesis, *n.* ഉല്പത്തി, ആദി.

Genial, *a.* സുഖപ്രദം, ആനന്ദദം, സുഖാവഹം, രമ്യം, രമണീയം, പ്രസന്നം, സുഖകരം, ഉത്സാഹവർദ്ധകം; ജീവനുണ്ടാക്കുന്ന; പ്രസന്നചിത്തമായ, സോല്ലാസം, ഉദാരം; -**ly**, *adv.* പ്രസന്നമായി, സാനന്ദം, പ്രഹ്ലമായി; -**ness**, *n.* രമ്യത, ഉല്ലാസം, പ്രസാദം, പ്രസന്നത.

Geniculate, *a.* കമ്പുള്ള, വളവുള്ള; *v. t.* കമ്പുണ്ടാക, മൊട്ടുണ്ടാക; -**lation**, *n.* മട്ടുന്നൽ, വക്രത; -**ed**, *a.* ഗ്രന്ഥിലമായ.

Genie, *n.* ഭൂതം, പിശാച്.

Genital, *a.* ജനനസംബന്ധിയായ.

Genitive, *a.* ഷഷ്ഠീവിഭക്തിസംബന്ധിച്ച; *n.* ഷഷ്ഠീവിഭക്തി, സംബന്ധവിഭക്തി.

Genitor, *see* **Generator**.

Genius,*n.* (pl. genii) ഭൂതം, വേതാളം; (pl. geniuses) ധീ, മതി, ബുദ്ധി, മതിപ്രഭാവം, മതിപ്രകർഷം; ധീസമ്പന്നൻ, ധീമാൻ; കല്പനാശക്തി; പ്രകൃതി; സ്വഭാവം; ലക്ഷണം, സ്വധർമ്മം; 'dramatic g. നാട്യശക്തി, കല്പന'; 'good g. സുദൈവം'; 'evil g. ദുർദ്ദൈവം'.

Genteel, *a.* വിനീതം, ദക്ഷിണം, സഭ്യം, സുശീലം, സദാചാരം; കലീനം, അഭിജാതം; ചാരു, ലളിതം, സുഭഗം; -**ly**, *adv.* ആര്യമായി, സുജനതയോടെ; -**ness**, -**Gentility**, *n.* വിനയം, ആര്യത, സൗജന്യം, സുശീലത, സഭ്യത; ആഭിജാത്യം, കുലോൽകർഷം; ലാളിത്യം, ചാരുത.

Gentian (-shan), *n.* ഭൂനിംബം.

Gentile, *n.* അന്യദേശീയൻ, ഭിന്നമതസ്ഥൻ; ഗോത്രജൻ, ജ്ഞാതീയൻ.

Gentle, *a.* ഭദ്രം, കല്യാണം, സുഖം; കോമളം, മൃദു, മസൃണം, സുകുമാരം, മൃദുലം, മന്ദം, സൌമ്യം; 'a g. laugh മന്ദസ്മിതം'; 'g. breeze മന്ദാനിലൻ, മൃദുപവനൻ'; 'g. means സാമോപചാരം, മൃദുപായം'; 'g. words പ്രിയവചനം, തറവാട്ടുകാരനായ, കലീനനായ'; 'a girl of g. blood കുലകന്യക; (അഭിസംബോധനചെയ്യുമ്പോൾ) അല്ലയോ, അയി, സൗമ്യ!, ആര്യ'; 'g. folk ആര്യമിത്രന്മാർ, സാധുജനങ്ങൾ'; ശാന്തമായ, ദാന്തമായ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-ness, *n.* മൃദുത, കോമളത, സൌമ്യത, മന്ദത; 'g. of manners ആചാരസൌജന്യം, ആൎയ്യവൃത്തി'; **-Gently**, *adv.* മൃദുവായി, സുഖമായി; മന്ദമായി, പതുക്കെ, നിഭൃതമായി, സൌമ്യതയോടെ; **-Gentleman**, *n.* ആൎയ്യൻ, കുലീനൻ, മഹാൻ, മഹാനുഭാവൻ; **-ly**, *a.* സഭ്യമായ, വിനീതം, സുശീലം, ആൎയ്യം.

Gentry, *n.* കുലീനന്മാർ, മാന്യന്മാർ, തറവാട്ടുകാർ, ഗൃഹസ്ഥന്മാർ.

Genuflect, *v. t.* ഭക്തിയോടെ മുട്ടുകുത്തുക; **-ion**, *n.* മുട്ടുകുത്തിനമസ്കാരം.

Genuine, *a.* ശുദ്ധമായ, കലർപ്പററ, അകൃത്രിമം, നിൎവ്യാജം, സത്യം, യഥാർത്ഥം; **-ly**, *adv.* കലർപ്പില്ലാതെ, ശുദ്ധമായി; **-ness**, *n.* ശുദ്ധത, കലർപ്പില്ലായ്മ, നിൎവ്യാജത്വം, അകൃത്രിമത.

Genus, *n.* ജാതി, വൎഗ്ഗം, വകുപ്പ്, ഇനം.

Geography, *n.* ഭൂവിവരണം, ഭൂമിശാസ്ത്രം; **-er**, *n.* ഭൂഗോളശാസ്ത്രജ്ഞന്മാർ; **-ical**, *a.* ഭൂഗോളശാസ്ത്രവിഷയകമായ.

Geology, *n.* ഭൂതത്ത്വം, ഭൂഗർഭശാസ്ത്രം, ഭൂതത്ത്വവിദ്യ; **-ical**, *a.* ഭൂതത്ത്വവിഷയകമായ; **-ist**, *n.* ഭൂതത്ത്വജ്ഞൻ.

Geometry, *n.* ഭൂമിതി, ജ്യാമിതി, രേഖാഗണനം, ക്ഷേത്രഗണിതം; **-ician**, *n.* ഭൂമിതിജ്ഞൻ.

Georgic, *n.* കൃഷികാവ്യം, കൃഷിഗീതം; *a.* കൃഷിസംബന്ധമായ.

Germ, *n.* കരുപ്പ്, മുള, അങ്കുരം; ബീജം, മൂലം, ആദി, ബീജകാരണം, **-Germinate**, *v. i.* മുളയ്ക്കുക, വികസിക്ക; **-ing**, *a.* അങ്കുരിതമായ; **-ion**, *n.* ഉദ്ഭേദം, സ്ഫുടനം.

German, Germane, *a.* അടുത്ത ബന്ധുവായ, ഉററബന്ധുമുള്ള, സംബന്ധപ്പെട്ട.

German, *n.* ജൎമ്മനിരാജ്യക്കാരൻ; ജൎമ്മൻഭാഷ; 'high g. ദക്ഷിണജൎമ്മൻഭാഷ'; 'low g. ഉത്തരജൎമ്മൻഭാഷ'; 'g. silver നല്ല വെള്ളോട്ട്'.

Gerund (jer'-), *n.* ക്രിയാനാമം.

Gest, *n.* സാദ്ധ്യം; നാടകം, കഥ, ആംഗ്യം; യാത്രത്താവളം.

Gestation, *n.* ഗർഭധാരണം, ഗർഭിണീഭാവം; വസ്ത്രധാരണം.

Gesticulate, *v. i.* ആംഗ്യംകാട്ടുക, അംഗങ്ങളാ സഞ്ചലിപ്പിക്ക; *v. t.* അഭിനയിക്ക, നിരൂപിക്ക, നടിക്കുക; **-ion**, *n.* അഭിനയം, ആംഗ്യം, ചേഷ്ട, സൂചന; **-or**, *n.* ആംഗ്യംകാട്ടുന്നവൻ.

Gesture, *n.* ആംഗ്യം, അംഗവിക്ഷേപം, വ്യാപാരം, ഇംഗിതം, അഭിനയം, വിലാസം, ഹാവം, ഹസ്താദിചാലനം; *v. t.* or *v. i.* ആംഗ്യംകാട്ടുക, അഭിനയിക്കുക.

Get, *v. t.* കിട്ടുക, ലഭിക്ക, വ്യാപിക്കുക, ഗ്രഹിക്ക, നേടുക, കൈവശമാക്ക, കയ്യിലുണ്ടാക; ജനിപ്പിക്കുക; പഠിപ്പിക്കുക, മനസ്സിലാക്കുക, ചെയ്യിക്കുക; **-among**, ഇടയിൽ പ്രവേശിക്കുക or കടക്കുക **-at**, എത്തുക, പ്രാപിപ്പിക്കുക, സമീപിക്കുക; **-away**, അപസരിക്ക, കടന്നുപോകുക, ദൂരെപ്പോകുക; **-back**, തിരികെ കിട്ടുക, തിരികെ വാങ്ങുക etc; **-beyond**, കടക്കുക, അതിക്രമിക്ക; **-down**, ഇറങ്ങുക, താഴത്തിറങ്ങുക, അവതരിക്കുക; *v. t.* താഴത്തിറക്കുക etc; **-in**, കടക്കുക, പ്രവേശിക്കുക; **-into**, കയറുക, കടക്കുക, നടപ്പാക; **-off**, വാഹനത്തിൽനിന്നിറങ്ങുക, ഒഴിഞ്ഞുപോകുക, ദൂരെപ്പോകുക; **-on**, മുന്നോട്ടുപോകുക, അഭിവൃദ്ധിയെ പ്രാപിക്കുക, കഴിഞ്ഞുകൂടുക; **-out**, പുറത്തുപോക, പുറത്തുവരിക, നിൎഗ്ഗമിക്ക; ഉപേക്ഷിക്ക, സ്വതന്ത്രമാവുക; **-over, -through**, കടക്കുക, അക്കരപിടിക്കുക, അതിക്രമിക്കുക; മുഴവനാക്കുക; **-together**, ഒന്നിച്ചുചേൎക്കുക, ശേഖരിക്കുക, സഞ്ചയിക്ക; **-up**, എഴുന്നേല്ക്കുക, ഉണരുക, തയ്യാറാവുക; **-upon**, മേൽകയറുക; **-ter**, *n.* ലഭിക്കുന്നവൻ, പ്രാപകൻ; **-ting**, *n.* ലാഭം, അവാപ്തി, കിട്ടൽ.

Gewgaw, (gū'-), *n.* വിലയില്ലാത്ത സാധനം; കളിപ്പാട്ടം; *a.* നിസ്സാരം, പുറം മനോഹരമായ, പ്രസരിപ്പുള്ള.

Geyser, *n.* ചുടുവെള്ളച്ചാട്ടം, ഉഷ്ണോദകം, ഉഷ്ണസ്രോതസ്സ്.

Ghastly, *a.* പ്രേതതുല്യമായ, വിവൎണ്ണമായ, വിളറിയ; കരാളം, വികടം, ഉഗ്രം, ഭയാനകം; **-ness**, *n.* പ്രേതതുല്യത, വിളൎച്ച, വികടത്വം, ദാരുണത്വം.

Ghaut, *n.* മലയിടുക്ക്, മലമ്പാത, പൎവ്വതപംക്തി.

Ghee, *n.* നെയ്യ്, ഘൃതം.

Ghost (gōst), *n.* ആത്മാവ്, ദേഹി; ഭൂതം, പിശാച്; **-like**, *a.* പ്രേതതുല്യമായ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-ly, *a.* പ്രേതവിഷയകം; പാരത്രികം, ആത്മവിഷയം.

Giant, *n.* മഹാപുരുഷൻ, ബൃഹൽകായൻ, രാക്ഷസൻ; ദൈത്യൻ; *see* **Demon,** -*a*, **-like,** *a.* വണ്ണിച്ച, വലിയ, മഹാശരീരമായ,വികടമായ; **-ess,** *n.* രാക്ഷസി, ബൃഹച്ഛരീര; **Gigantic, -cal,** *a.* അതിമഹത്തായ, ഭീമവിഗ്രഹമായ, അതിമഹത്തായ, സ്ഥൂലകായമായ; **-Giganticide,** *n.* അസുരവധം.

Gibber, *v. i.* ജല്പിക്കുക; *see* **Babble; -ish,** *n.* അസംബന്ധവചനം, പ്രലാപം, പ്രജല്പിതം; *a.* നിരർത്ഥകമായ.

Gibbet, *n.* ശൂലം, കഴുമരം, തൂക്കുമരം, വധസ്ഥാനം; *v. t.* തൂക്കുക, ശൂലത്തിൽ തറയ്ക്കുക; അപമാനിക്ക.

Gibbose, Gibbous, *a.* ഉന്തിയ, വക്രമായ, കൂനുള്ള.

Gibe, *see* **abuse.**

Giblets, *n* (pl.) കോഴിയുടെ ചങ്കും കരളും.

Giddy, *a.* തലച്ചുററലുള്ള, മന്ദിച്ച, ഉന്മാദിയായ; (fig) ചാപലം, ചഞ്ചലം, അസ്ഥിരം; ഉദ്ധതം, **-ly,** *adv.* വിചാരശൂന്യമായി, ചാപല്യത്തോടെ; **-ness,** *n.* തലച്ചുററൽ, മാന്ദ്യം; അസ്ഥൈര്യം etc.

Giffgaff, *n.* കൊള്ളകൊടുക്കൽ, ഇടപാട്.

Gift, *n. see* **Give.**

Gig, *n.* ചാട്ടുളി, കുന്തം; വിലാസിനി; പമ്പരം; ഒററക്കുതിരവണ്ടി; കൊച്ചുവള്ളം; *v. t.* ഉളിചാണ്ടി മീൻപിടിക്കുക.

Giggle, *v. i.* വിങ്ങിച്ചിരിക്കുക, അടക്കിച്ചിരിക്കുക; *n.* വിങ്ങിച്ചിരി, കള്ളച്ചിരി; **-gly,** *a.* കള്ളച്ചിരിയുള്ള.

Gild, *v. t.* പൊന്നുപൂശുക, സ്വർണ്ണംമുക്കുക; പ്രകാശിപ്പിക്ക, വിദ്യോതിപ്പിക്ക; **-ing,** *n.* പൊൻപൂച്ച്; **-ed, -Gilt,** *a.* പൊൻപൂശിയ, സുവർണ്ണിതം, രഞ്ജിതം.

Gill, *n.* ശ്വാസേന്ദ്രിയം, താടിമാംസം, ചികിത്സകൻ, താഴ്‌വര; ആഴക്കളവ്; വാല്യക്കാരത്തി, പ്രിയ, വിലാസിനി; ഒരുവക മദ്യം; കഴച്ചിൽകാരി.

Gimcrack, *n.* കളിപ്പാട്ടം, ക്രീഡനകം.

Gimlet, *n.* തമര്, തിരുവുളി; 'g eye കോങ്കണ്ണ്'; *v. t.* തുളയ്ക്കുക.

Gin, *n* ഒരുവക ചാരായം; വല; പഞ്ഞിററാട്ട്, പഞ്ഞികടച്ചിൽയന്ത്രം; *v. t.* കുടുക്കുക, പഞ്ഞികടയുക.

Gingellyoil, *n.* എള്ളെണ്ണ.

Ginger, *n.* ഇഞ്ചി; 'dry g. ചുക്ക്'; 'g. bread ഇഞ്ചിമിട്ടായി'.

Gingerly, *adv.* പേടിയോടെ, ശങ്കിച്ച്, സാവധാനത്തിൽ, പതുക്കെ.

Gingelly, *n.* എള്ള്.

Gip, Gyp, *n.* വേലക്കാരൻ, ഭൃത്യൻ.

Gipsy, Gypsy, *n.* ബിലാത്തിക്കുറവൻ, ഒട്ടി.

Giraffe, *n.* ഒട്ടകപ്പുള്ളിമാൻ.

Gird, *v. t.* ഇറുകെക്കെട്ടുക, ചുററിക്കെട്ടുക; കുത്തുക, കളിയാക്കുക; *n.* ഉദ്വേഷ്ടനം, അരക്കച്ച; കുത്ത്, പരിഹാസം; **-ed, -Girt,** *a.* ചുററിക്കെട്ടിയ, പരിവേഷ്ടിതം; **-er,** *n.* മുറുക്കുന്നവൻ; **-ing,** *n.* അരക്കച്ച.

Girdle, *n.* കച്ച, കാഞ്ചി, മേഖല, രശന, ഒഡ്യാണം (of women); കടിസൂത്രം, കടിവലയം; അരപ്പട്ട (of men); വേഷ്ടനം, ചക്രവാളം; രാശിചക്രം; *v. t.* അരയ്ക്കുകെട്ടുക, കച്ചകെട്ടുക.

Girl, *n.* പെൺകുട്ടി, പെണ്ണ്, കന്യ, ബാല, ബാലിക, കുമാരി, ദാരിക; *see* **Daughter,** also; **-hood,** *n.* ബാലഭാവം, ബാല്യം, കുമാരീത്വം; **-ish,** *a.* കന്യാരൂപമായ.

Girth (gérth), **Girt,** *n.* നടുക്കെട്ട്, ഉടഞ്ഞാൺ; വണ്ണം, ചുററളവ്; **-Girt,** *v. t.* ചുററിക്കെട്ടുക, വളച്ചുകെട്ടുക; വണ്ണം അളക്കുക.

Gist, *n* സാരം, മുഖ്യാംശം, ഭാവം, ഫലിതാർത്ഥം.

Give (giv), *v. t.* കൊടുക്കുക, ദാനംചെയ്യുക, സമ്മാനിക്കുക, തരിക, സമ്മതിക്കുക, ഏല്പിച്ചുകൊടുക്കുക, വിലകൊടുക്കുക, ഉണ്ടാക്കുക, ലഭിക്കുക; അറിയിക്കുക; അധികാരപ്പെടുത്തുക, നിയോഗിക്കുക; ചെയ്യുക; വിചാരിക്കുക; സങ്കല്പിക്കുക; ജനിപ്പിക്കുക; വാക്കുകൊടുക്കുക; മനസ്സിലാക്കിക്കൊടുക്കുക; **-away,** കൊടുത്തുകളയുക; **-back,** മടക്കിക്കൊടുക്കുക, തിരികെ നൽകുക; **-forth,** പ്രകാശിപ്പിക്ക, പ്രസ്താവിക്ക; **-in,** അനുമാനിക്ക, ഉപേക്ഷിക്ക, വിട്ടുകൊടുക്ക; **-off,** ഉപേക്ഷിക്കുക; **-out,** പ്രസ്താവിക്ക, പുറത്തുപറയുക, പ്രഖ്യാപനംചെയ്ക; മോചിപ്പിക്ക, പുറത്തുവിടുക; **-over,** ത്യജിക്ക, ഉത്സർജ്ജിക്ക, അസാദ്ധ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മെന്നുവച്ചു തള്ളിക്കളയുക; **-up,** ഉപേക്ഷിക്ക, വിരമിക്ക; **-way,** വിരമിക്ക, തകരുക, ഭഗ്നമാകുക; മാർഗ്ഗം നൽകുക; വഴിപ്പെടുക, വശപ്പെടുക, അധീനപ്പെടുക; **-er,** *n.* നൽകുന്നവൻ, ത്യാഗി; ദായകൻ, ദൻ, പ്രദൻ, ദായി etc. at the end of comp; 'g. of milk പയോദായിനി, ദുഗ്ദ്ധപ്രദ etc; **-ing,** *n.* ദാനം, വിസർജ്ജനം, ത്യാഗം, വിതരണം, അർപ്പണം; പ്രതിപാദനം, വിശ്രാണനം; **-Gift,** *n.* ദാനം, സമ്മാനം, കാഴ്ച, ദക്ഷിണ, പ്രാഭൃതം, ഉപായനം, ഗുണം, അനുഗ്രഹം, ശക്തി; **-ed,** *a.* ഉപേതം, സമ്പന്നം, വിശിഷ്ടം, യുക്തം etc. in comp; ഗുണമുള്ള, ഗുണസമ്പന്നമായ.

Gizzard, *n.* പക്ഷിയുടെ ചങ്ക്; പക്വാശയം; 'to fret the g. വിഷമിപ്പിക്കുക'; 'to stick in one's g. തൊണ്ടവിട്ടിറങ്ങാതിരിക്കുക, വിരോധം തോന്നുക'.

Glabrous, *a.* മിനുസമായ, രോമമില്ലാത്ത; **-Glabrity,** *n.* മിനുസത, കഷണ്ടി.

Glacial, *a.* ഹിമരൂപമായ, ഹൈമം, ശൈത്യത്താലുറഞ്ഞ; 'g drift മഞ്ഞുപ്രവാഹത്തിലെ കല്ലുംമണ്ണും'; 'g. epoch or period ഹിമയുഗം'; **-ciate,** *v. i.* മഞ്ഞായിത്തീരുക; *v. t.* മഞ്ഞാക്കുക, മഞ്ഞുകൊണ്ടുമൂടുക; **-ciation,** *n.* മഞ്ഞുകട്ടിയാകൽ.

Glacier, *n.* ഹിമാനി, മഞ്ഞുകട്ട.

Glacis or Glases, *n.* മലഞ്ചരിവ്, പ്രവണഭൂമി, നിമ്നഭൂമി, താഴ്‌വര.

Glad, *a.* സന്തോഷമുള്ള, പ്രീതം, പ്രമുദിതം, സോല്ലാസം, പ്രസന്നം; ഹർഷജനകം, ആനന്ദകരം, രമണീയം; **-den,** *v. t.* ആനന്ദിപ്പിക്ക, സന്തോഷിപ്പിക്കുക; **-dening,** *n.* ഹർഷദം, പ്രീതിപ്രദം, ഹർഷകരം; **-ly,** *adv.* സഹർഷം, സാനന്ദം, പ്രീതിയോടെ **-ness,** *n.* സന്തോഷം, പ്രമോദം, ആഹ്ലാദം, പ്രീതി, തുഷ്ടി; **-some,** *see (a.)*

Glade, *n.* കാട്ടുവഴി, ചോലപ്പാത, ഗുല്മമാർഗ്ഗം, വനപഥം.

Gladiator, *n.* വാൾവീരൻ; മല്ലൻ; പോരാളി; **-ature,** *n.* വാളഭ്യാസം.

Glair, *n.* മുട്ടയുടെ വെള്ളക്കരു, അണ്ഡശുക്ലം, കൊഴുത്ത സാധനം; *v. t.* മുട്ടയുടെ വെള്ളപുരട്ടുക; **-y,** *a.* കൊഴുത്ത, മിനുസമായ, പ്രസന്നമായ.

Glama, *n.* പീള.

Glamour, *n.* കൺകെട്ട്, ഇന്ദ്രജാലം; 'g. gift or might ജാലശക്തി, സ്ത്രീകളുടെ സമ്മോഹനശക്തി'.

Glance, *n.* നോട്ടം, ഈക്ഷണം, ആലോകിതം; അദ്ധ്വവീക്ഷണം, ചെറുനോട്ടം; സ്ഫുരിതം, സ്ഫുരണം, ദ്യുതി; *v. i.* വീക്ഷിക്കുക, ഒന്നുനോക്കുക; തിളങ്ങുക, മിന്നുക, തെറിച്ചുപോകുക; *v. t.* മിഴിച്ചുനോക്കുക, സൂചിപ്പിക്ക; **-cing,** *a.* എറിക്കുന്ന, തെറിച്ചുപോകുന്ന; **-cingly,** *adv.* തിരക്കിൽ, പെട്ടെന്ന്, ഇടയിൽ.

Gland, *n.* അധിമാംസം, മാംസപിണ്ഡം, മാംസഗ്രന്ഥി; 'lachrymal g. അശ്രുപിണ്ഡം'; 'lymphatic g. രസപിണ്ഡം'; 'salivary g. ലാലോല്പാദകപിണ്ഡം'; 'sebacious g. നെയ്പിണ്ഡം'; 'sweat g. സ്വേദപിണ്ഡം'; **-dular, -dulous,** *a.* പിണ്ഡസംബന്ധമായ.

Glanders, *n.* ക്ഷയഗു.

Glare, *n.* കാന്തി, മിന്നമിനുപ്പ്, തേജസ്, ദീപ്തി, അതിദീപ്തി; ഉഗ്രദൃഷ്ടി, ക്രോധദൃഷ്ടി; *v. i.* മിന്നുക, ഒളിവീശുക, പ്രദ്യോതിക്ക, കണ്ണുമഞ്ഞുന്നവിധം തിളങ്ങുക, തുറിച്ചുനോക്കുക, ഭയങ്കരമായി നോക്കുക; **-ing,** *a* സന്ദീപ്തം, ഉജ്ജ്വലം, ദേദീപ്യമാനം, തിളങ്ങുന്ന; സുപ്രകാശം, തെളിഞ്ഞ; പ്രത്യക്ഷം; **-ingly,** *adv.* സുപ്രകാശമായി.

Glass, *n.* കുപ്പി, സ്ഫടികം; പളുങ്കുപാത്രം, ചഷകം, കാചഭാജനം; കണ്ണാടി, മുഖക്കണ്ണാടി, ആദർശം, ദർപ്പണം, മുകുരം; *a.* കണ്ണാടികൊണ്ടുള്ള; 'g. faced തൻതോടമില്ലാത്ത'; *v. t.* പ്രതിബിംബിക്ക, മുഖംകാണുക; കണ്ണാടിച്ചട്ടമിടുക; കണ്ണാടിച്ചില്ലുവയ്ക്കുക; മിനുക്കുക; **-like,** *a.* കണ്ണാടിപോലുള്ള; **-y,** *a.* സ്ഫടികംപോലുള്ള, സ്ഫാടികം, സ്ഫടികപ്രഭം, സുപ്രസന്നം; സ്നിഗ്ദ്ധം, മിനുസമായ; **-Glaze,** *v. t.* കണ്ണാടിവയ്ക്കുക, കവടിയിടുക, വർണ്ണംതേയ്ക്കുക; *v. i.* മിനുസപ്പെടുത്തുക; *n.* കവടിയിടൽ; മിനുസത, സ്നിഗ്ദ്ധത; **-Glazier,** *n.* മിനുക്കുന്നവൻ.

Glaucous, *a.* ഘനശ്യാമമായ, മേഘനീലം, സമുദ്രവർണ്ണമായ.

Glaze, *see* under **Glass.**

Gleam, *n.* പ്രഭ, കാന്തി, തേജസ്സ്, പ്രകാശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രവാഹം; സ്ഫുരണം; രശ്മി, കിരണം; *v. i.* പരിസ്ഫുരിക്കുക, അല്പം പ്രകാശിക്കുക, ഉജ്ജ്വലിക്ക, തിളങ്ങുക; **-y,** *a.* ക്ഷണപ്രഭമായ, മിന്നിമറയുന്ന.

Glean, *v. t.* കൊയിത്തുസമയം പൊഴിയുന്ന ധാന്യം പെറുക്കുക ഉച്ഛിഷ്ടം പെറുക്കുക, അവശേഷംസംഗ്രഹിക്കുക; *n.* ധാന്യശേഷം, കാലാ, ശേഷധാന്യസഞ്ചയം; **-er,** *n.* കാലാ പെറുക്കുന്നവൻ, ശേഖരിക്കുന്നവൻ; **-ing,** *n.* കാലാപെറുക്കിക്കൂട്ടിയതു്.

Glebe, *n.* മണ്ണു്, മൺകട്ട, ഭൂമി, വയൽ, കോവിൽനിലം; **-bosity,** *n.* വളം, ഫലപുഷ്ടി; **-bous, -by,** *a.* വളമുള്ള.

Glede, Gleed, Glide, *n.* പരുന്തു്, ഗൃദ്ധ്രം.

Glee, *see* **Delight.**

Gleet, *n.* മധുമേഹം, പ്രമേഹം.

Glen, *n.* മലഞ്ചരിവു്, ഉപത്യക, കന്ദരം.

Glib, *a.* വഴുവഴുപ്പായ, മസൃണം, സ്നിഗ്ദ്ധം, പൊഴിയുന്ന; *v. t.* വഴുവഴുപ്പുള്ളതാക്കുക; **-ly,** *adv.* വാക്കുവഴുവലോടെ; മസൃണമായി; **-ness,** *n.* വാക്ചാപല്യം, മസൃണത.

Glide, *v. i* മന്ദമായൊഴുകുക, തെന്നുക, ചാറുക, ചരുക്കുക, വഴുതുക.

Gliff, *n.* പെട്ടെന്നുള്ള കാഴ്ച.

Glimmer, *v. i.* മന്ദംമന്ദംജ്വലിക്ക, അല്പാല്പം പ്രകാശിക്കുക or സ്ഫുരിക്കുക; *n.* മന്ദപ്രഭ, സ്ഫുരണം; **-ing,** *a.* മന്ദദ്യുതി, പാണ്ഡുകിരണം; മങ്ങിയ, മന്ദം, അവ്യക്തം.

Glimpse, *n.* ഒരുനോക്കു്, മുഹൂർത്തദർശനം, അല്പവീക്ഷണം, കണ്ണേറി; മിന്നക്കം, അചിരപ്രഭ.

Glint, *v. i.* പ്രകാശിക്ക; *v. t.* ദ്യോതിപ്പിക്ക; *n.* പ്രകാശം.

Glisten, Glister, *v. i.* സ്ഫുരിക്കുക, പ്രകാശിക്കുക, ദ്യോതിക്കുക; **-ing,** *a.* മിന്നസമുള്ള.

Glitter, *v. i* ദ്യോതിക്ക, പ്രകാശിക്ക, ഭാസിക്ക, മിന്നുക; *n.* ദീപ്തി, പ്രഭ, ജ്യോതിസ്സ്, തിളക്കം, ആഭ; **-ing,** *a.* ഉജ്ജ്വലം, ഭാസുരം.

Gloaming, *n.* സന്ധ്യ, പ്രദോഷം.

Gloat, *v. i.* തുറിച്ചുനോക്കുക, ദുരാശയോടെ നോക്കുക.

Globe, *n.* ഗോളം, ഉണ്ട, മണ്ഡലം, ഭൂമണ്ഡലം, ഭൂഗോളം; *v. t.* ഗോളാകൃതിയാക്കുക; **Globate, -Globular,** *a.* ഉരുണ്ട, വർത്തുളമായ, ഗോളാകാരമായ; **-ly,** *adv.* ഗോളാകാരമായി, മണ്ഡലരൂപമായി, ഉരുണ്ടു്; **Globule,** *n.* ബിന്ദു ലഘുഗോളം, ഗോളകം, ചെറുഗോളം.

Glomerate, *a.* ഉരുണ്ട, ചുരുണ്ട; *v. t.* ചുരുട്ടിക്കൂട്ടുക, മണ്ഡലീകരിക്ക, ഗോളീകരിക്ക, കബളീകരിക്ക.

Gloom, *n.* ഇരുട്ടു്, അന്ധകാരം, തിമിരം; മങ്ങൽ, വിഷാദം, നിഴൽ, ഛായ; *v. t.* മങ്ങിക്കുക; **-Gloomy,** *a.* ഇരുണ്ട, മങ്ങിയ, ദീനമായ, മ്ലാനമായ, ഖിന്നമായ; **-ly,** *adv.* നിഷ്പ്രഭമായി, വിഷാദത്തോടെ; **-ness,** *n.* നിഷ്പ്രഭത്വം etc; വിഷാദം, ഖേദം, മങ്ങൽ.

Glory, *n.* കീർത്തി, യശസ്സ്, മഹിമാവു്, തേജസ്സ്, ദ്യുതി; മാഹാത്മ്യം, ഗൌരവം; പ്രശംസ, സ്തുതി; രത്നം, അവതംസം, തിലകം, മണി; പാപവിമോചനം; 'vain g. അഹങ്കാരം, വികത്ഥനം'; *v. i.* അത്യന്തം പ്രമോദിക്ക, ആനന്ദിക്ക or ഉല്ലസിക്ക; തന്നത്താൻ പുകഴ്ത്തുക, വികത്ഥനംചെയ്ക; **-Glorify,** *v. t.* സങ്കീർത്തനംചെയ്ക, പ്രശംസിക്ക, ശ്ലാഘിക്ക; സ്വർഗ്ഗത്തയയ്ക്കുക, പരമപദം പ്രാപിപ്പിക്കുക, ആരാധിക്കുക; **-ication,** *n* ഗുണവർണ്ണനം, പ്രശംസ; **-rious,** *a.* യശസ്സുള്ള. കീർത്തിയുള്ള, വിശ്രുതം; കീർത്തികരം, യശസ്കരം, മഹോജ്ജ്വലം, സുപ്രഭം; വിശിഷ്ടം, പരമം, ഉത്തമം, ശ്രേഷ്ഠം; **-ly,** *adv.* പ്രതാപത്തോടെ, കീർത്തിയോടെ, ശ്രേഷ്ഠമായി.

Gloss, *n.* ടീക, ടിപ്പണി, ഭാഷ്യം, വ്യാഖ്യാനം; ബാഹ്യശോഭ, കല്പിതശോഭ; *v. t.* ടീകകൊണ്ടു വ്യാഖ്യാനിക്ക, ഭാഷ്യമെഴുതുക; പുറമേ ശോഭിപ്പിക്ക, മിനുസപ്പെടുത്തുക; **-y,** *a.* മിനുസമായ, സ്നിഗ്ദ്ധമായ; ബാഹ്യപ്രഭം, പുറംശോഭയുള്ള, ബഹിരമണീയമായ.

Glossary, *n.* നിഘണ്ടു, കോശം, അകരാദി; **-ist,** *n.* കോശലേഖകൻ, നിഘണ്ടുകർത്താവു്.

Glossa, *n.* ജന്തുക്കളുടെ നാവു്; **-al,** *a.* നാവിനെസംബന്ധിച്ച, ഭാഷാസംബന്ധമായ (pl glos'sae).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Glottis, *n.* ഉപജിഹ്വ, ചെറുനാക്ക്; **-tology**, *n.* ഭാഷാശാസ്ത്രം.

Glove, *n.* കയ്യുറ.

Glow, *v. i.* ചൂട്, വെയില്, എരിച്ചിൽ, ഊഷ്മാവ്, ദീപ്തി, തേജസ്സ്; രക്തത, രാഗം, അരുണിമ; *v. i.* ദീപിക്ക, പ്രകാശിക്ക, ദഹിക്ക, ചുവക്കുക; **-ing**, *a.* പ്രദീപ്തമായ, അരുണം, ചുവന്ന; **-ingly**, *adv.* തേജസ്സോടെ, ചൂടോടെ; **-worm**, *n.* മിന്നാമിനുങ്ങ്, പ്രഭാകീടം.

Glower, *v. i.* പുരികംചുളിച്ചുനോക്കുക, കോപിച്ചുനോക്കുക.

Gloze, *see* **Flatter.**

Glue, *n.* പശ; *v. t.* ഒട്ടിക്കുക, പററിക്കുക; **-y**, *a.* കുഴമ്പുപോലുള്ള, മഴമഴപ്പുള്ള.

Glum, *a.* വാമശീലമായ, കുണ്ഠിതമായ, വിഷാദമുള്ള; *n.* മുഖഖേദം, കുണ്ഠിതം, വിഷാദം.

Glump, *v. i.* മുഖംവീപ്പിക്കുക; **-py**, *a.* മുഖംവീപ്പിച്ച.

Glut, *v. t.* ഭക്ഷിക്കുക, ഗ്രസിക്കുക, ധാരാളം തിന്നുക; അധികംതൃപ്തിപ്പെടുത്തുക. ചെടിപ്പിക്കുക; *n.* ചെടിപ്പ്; അതിതൃപ്തി; തിന്നസാധനം.

Gluten, *n.* കോതമ്പുമാവിൻെറ പശ; **-tinate**. *v. t.* പശകൊണ്ട് ഒട്ടിക്കുക.

Glutinous, *a.* പശയുള്ള, മഴമഴപ്പുള്ള.

Glutton, *n.* തിന്മൻ, തീററിപ്പണ്ടം, ഉദരംഭരി; **-ous**, **-ish**, *a.* അത്യഗ്നിയുള്ള, അത്യാത്തിയോടെ തിന്നുന്ന; **-ously**, *adv.* അത്യാത്തിയോടെ.

Gnarl, *v. i.* അമറുക; **-ed**, *a.* ഗ്രന്ഥിലം. ചുറയുള്ള.

Gnash, *v. t.* പല്ലുകടിക്കുക, പല്ലുഞെർമ്മുക; **-ingly**, *adv.* പല്ലുകടിച്ചുകൊണ്ട്.

Gnat (nat), *n.* കൊതുക്, മശകം, വനമക്ഷിക.

Gnaw (na), *v. t. and v. i.* കടിക്കുക, കാന്തുക, കരളുക; **-ing**, *n.* കടി, ചവ, ചർവ്വണം.

Gnome (nōm), *n.* നിധികാക്കുന്നഭൂതം, കള്ളൻ.

Gnomon (nō'mon), *n.* സൂര്യഘടികാരസൂചി.

Gnu, Gnoo (nū), *n.* കൃതിർമാൻ (of Africa).

Go, *v. i.* പോകുക, ഗമിക്കുക, ചെല്ലുക, നടപ്പാക, ഫലമാക, ഉണ്ടാക; 'g. astray ഭ്രമിക്കുക, വഴിതെററിപ്പോക; 'go on foot കാൽനടയായിപ്പോക'; 'as the story g es പോൽ, ആണപോൽ'; 'g. for nothing g. to dogs വിഫലമാവുക'; 'g. between മദ്ധ്യസ്ഥൻ'; 'female g. ശംഭളി, സുരതദൂതി'; 'to g. about പരിഗമിക്ക, പുറപ്പെടുക, ഉദ്യമിക്കുക'; 'to g. against അക്രമിക്ക, വിപരീതമാകുക'; 'to g. ahead കവിഞ്ഞുപോക, കടന്നുപോക'; 'to g. and come മാറിക്കൊണ്ടിരിക്കുക'; 'to g. aside തെററിപ്പോക, മാറിപ്പോക'; 'to g. asunder പിരിഞ്ഞുപോക, പൊട്ടിപ്പോക'; 'to g. back on വഴിയേ നടക്കുക, ഉപേക്ഷിക്കുക, ഒററികൊടുക്കുക'; 'to g. by അറിയാതെ കടന്നുപോകുക'; 'to g. down അസ്തമിക്കുക, താഴോട്ടുപോകുക'; 'to g. for തിരിഞ്ഞുപോക, പകരമാകുക, അനുകൂലിക്കുക'; 'to g. in for പക്ഷംനില്ക്കുക', 'to go in to, to g. into അരികിൽചെയ്യുക, ഭോഗിക്കുക'; 'to g. on മുന്നോട്ടുപോകുക. ചെയ്തുകൊണ്ടിരിക്കുക'; 'to g. on all fours കൃത്യമായിരിക്ക, നാലുകാലിന്മേൽ നിരങ്ങുക'; 'to g. over കടക്കുക, പക്ഷംമാറുക; വായിക്കുക, പരിശോധിക്കുക, കവിയുക, നിത്തിവയ്ക്കുക'; 'to g. through സാധിപ്പിക്കുക, സഹിക്കുക, അപഹരിക്കുക'; 'to g. through with നിവത്തിക്കുക'; 'to g. to the ground യുദ്ധത്തിൽ നശിച്ചുപോക, മടയിൽ കടക്കുക'; 'to g. to naught ഫലമില്ലാതാക'; 'to g. under അസ്തമിക്ക, നശിച്ചുപോകുക'; 'to g. up വെറുതെയാക, പ്രയോജനശൂന്യമാക'; 'to g. upon പ്രമാണമായിക്കരുതുക'; 'g. cart കുട്ടികളെ പിടിച്ചുനടക്കുന്ന വണ്ടി'; *n.* പ്രവൃത്തി; സംഭവം, വഴക്കം, നടവടി, കോലാഹലം, മദ്യം, ചുണ; **-er**, *n.* പോകുന്നവൻ; **-ing**, *n.* പോക്ക്, പുറപ്പാട്; ഗർഭധാരണം, ഗർഭം; pl. നടപ്പ്, അവസ്ഥ, പ്രവൃത്തി; **-Goneness**, *n.* തളർച്ച, പൈദാഹം.

Goad, *n.* തോട്ടി, അങ്കുശം; നിർബന്ധം; *v. t.* തോട്ടിയിട്ടുപിടിക്കുക, കുത്തുക, കുത്തിപ്പൊക്കുക, പ്രോത്സാഹിപ്പിക്ക, പ്രവത്തിപ്പിക്ക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Goal, *n.* കുറി, ലക്ഷ്യം, ഉദ്ദേശം, താല്പര്യം, അഭിപ്രായം, അന്തഃസ്ഥാനം.

Goat, *n* ആട്, കോലാട്, അജം; **-ish,** *a.* ആടിനുതുല്യമായ; **-ly,** *adv.* ആട്ടിനുതുല്യമായി.

Gob, *n.* ഒരുവായ്, ഒരുകവിൾ, കുറച്ച്; **-bet,** *n.* കബളം, ഒരുപിടി; *v. t.* സ്വാദോടെ വിഴുങ്ങുക; **-ble,** *v. t. and v. i.* എളുപ്പത്തിൽ തിന്നുക, വേഗം വിഴുങ്ങുക.

Gobemouche (-mush'), *n.* തുറന്ന വായോടെ കേൾക്കുന്നവൻ; കേട്ടതെല്ലാം വിശ്വസിക്കുന്നവൻ.

Goblet, *n.* ചഷകം, പാനപാത്രം, പിടിമൊന്ത.

Goblin, *n.* ഭൂതം, വേതാളം, പിശാച്, രാക്ഷസൻ, നിശാചരൻ.

God, *n.* ദൈവം, ദേവൻ, ഈശ്വരൻ, സ്രഷ്ടാവ്; ഉപാസനാസ്വരൂപം; **Goddess,** ദേവി, ദേവപത്നി; 'g. father ധർമ്മപിതാവ്'; 'g. mother ധർമ്മമാതാവ്'; **-less,** *a.* നിരീശ്വരനായ, നാസ്തികൻ, അനീശ്വരവാദി; **-lessness,** *n.* നാസ്തികത, മിഥ്യാദൃഷ്ടി; **-like,** *a.* ദൈവതുല്യം ആയ, ദേവോപമം, ദിവ്യം; **-ly,** *a.* ധർമ്മികമായ, ഈശ്വരഭക്തനായ; **-liness,** *n.* ധർമ്മസേവ, പുണ്യശീലത, ഈശ്വരഭക്തി; **-ship,** *n* ദേവത്വം, ദേവഭാവം; **-Godsend,** *n.* ഈശ്വരപ്രേരിതൻ.

Godown, *n.* വ്യാപാരശാല. പണ്ടികശാല.

Goggle, *v. i.* കണ്ണുവിറപ്പിക്കുക, കണ്ണുമിഴിക്കുക, കണ്ണുതുറിപ്പിക്ക or ഉരുട്ടുക; 'g. eyed മണ്ടക്കണ്ണുള്ള, വക്രദൃഷ്ടിയായ'.

Goglet, Gurglet, *n.* ക്രൂജ.

Goiter, Goitre, *n.* കണ്ഠരോഗം, തൊണ്ടവീക്കം.

Gold, *n.* പൊന്ന്, തങ്കം, സ്വർണ്ണം, കനകം; **-en,** *a.* ഹൈമം, സൌവർണ്ണം.

Golf, *n.* പന്താട്ടം, പന്തുകളി, കന്ദുകലീല.

Gondola, *n.* കളിവള്ളം; **-lier,** *n.* കളിവള്ളം തുഴയുന്നവൻ.

Gong, *n.* ചേങ്ങല, കാംസ്യം; 'g. metal ഓട്'.

Gonorrhea; -orrhaea (-re'a), *n.* അസ്ഥിസ്രാവം, ശുക്ലസ്രാവം.

Good, *a.* നല്ല, കൊള്ളാവുന്ന, ശുഭമായ, ശോഭനമായ, ധർമ്മശീലമുള്ള, സച്ചരിതമുള്ള, പുണ്യമായ; യോഗ്യമായ, സുജനമായ, പ്രിയകാരിയായ; അന്യൂനം, അക്ഷതം, സംപൂർണ്ണം; ധാരാളം, അനല്പം, പ്രചുരം; വളരെ; 'for g., for g. and all പൂർണ്ണമായി, മടങ്ങിവരാവണ്ണം'; g. afternoon (അപരാഹ്ന) കുശലം'; g. breeding നല്ല മര്യാദ, ആര്യത്വം'; g. by or bye യാത്രാസമയത്തെവന്ദനം'; 'g. consideration വാത്സല്യം, ഉചിതമായ പ്രതിഫലം'; 'g. day (മദ്ധ്യാഹ്നസമയംപറയുന്ന) കുശലം'; 'g. evening (സന്ധ്യാസമയം പറയുന്ന) കുശലം'; 'g. humour സരസത്വം'; 'g. morning (പ്രഭാതസമയത്തു പറയുന്ന) കുശലം'; 'g. nature സദ്ഭാവം, സുസ്വഭാവം, സുശീലത'; 'g. looking ദർശനീയമായ, പ്രിയദർശനമായ, രമ്യാകാരം'; 'g. manners വിനയം, മര്യാദ, സുനീതി, സുശീലത'; സദാചാരം', 'g. sense വിവേകം, ജ്ഞാനം, പ്രബുദ്ധത, സുശീലത'; 'g. will ഹിതേച്ഛ, പ്രീതി, അനുരാഗം'; **-ly,** *a.* ചാരുവായ, സുന്ദരമായ, രമ്യമായ; അനല്പം, ബഹു, വളരെ; **-ness,** *n* നന്മ, സാധുത, പ്രശസ്തത, ശ്രേഷ്ഠത, വിശിഷ്ടത; സാധുശീലത, ധാർമ്മികത്വം, സുശീലത, ദയ, സൌജന്യം. 'tendency to g. സത്വഗുണം'; **-Good,** *n.* നന്മ, ഭാഗ്യം, ഹിതം, ആദായം, ഗുണം, സൌഭാഗ്യം; (pl) ചരക്ക്, ജംഗമസാമാനങ്ങൾ, വിഭവങ്ങൾ.

Goose, *n.* ഹംസം, കളഹംസം, വൻവാത്ത; ഇസ്തിരിപ്പെട്ടി; പൊണ്ണൻ; ഒരുവക ആട്ടം; 'ruddy g. ചക്രവാകം, കോകം'; **-Gooseberry,** *n.* നെല്ലിക്ക; മടയൻ; **-Goosery,** *n.* വാത്തക്കൂട്, പൊണ്ണത്തരം.

Gorcock, കുളക്കോഴി.

Gorcrow, *n.* ബലിക്കാക്ക.

Gordian, *a.* കുഴപ്പമുള്ള, വിഷമമായ; 'g. knot മഹാവിഷമം'; 'to cut the g. knot ശൂരതയാൽ വിഷമത്തിൽനിന്നും രക്ഷപ്പെടുക'.

Gore, *n.* ഉറഞ്ഞ or പിണഞ്ഞരക്തം; രക്തഗുല്മം, രക്തപിണ്ഡം; ചേർത്തുതുന്നിയ വസ്ത്രഖണ്ഡം; *v. t.* കുത്തുക, കീറുക, മുറിവേല്പിക്കുക; **-ed,** *a.* തോൽമുറിഞ്ഞ, തൊലികീറിയ; **-y,** *a.* രക്താക്തം, ചോരപുരണ്ട, കൊലപാതകമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Gorge, *n.* തൊണ്ട, കണ്ഠം; രന്ധ്രം, ഇടുക്കുവഴി, ഗിരികന്ദരം; *v. t.* വിഴുങ്ങുക, കുത്തിനിറയ്ക്കുക, പൂരിപ്പിക്കുക; വയറുനിറയ്ക്കുക, അത്യന്തംതൃപ്തിപ്പെടുത്തുക.

Gorgeous (-jus), *a.* ചിറപ്പായ, പകിട്ടായ, ശോഭായമാനമായ; **-ly**, *adv.* അതിശോഭയോടെ, ഉജ്ജ്വലമായി; **-ness**, *n.* അതിതേജസ്, സുപ്രഭ.

Gorget, *n.* കണ്ഠകവചം, കണ്ഠരക്ഷ.

Gorgon, -gonian, *a.* വികൃതരൂപമായ, അവലക്ഷണമായ; **-gonise**, *v. t.* ഭയപ്പെടുത്തുക, ഭയപ്പെടുത്തി കല്ലാക്കുക.

Gorilla, *n.* ഒരുതരം വലിയകുരങ്ങ്.

Gormand, -Gourmand, *n. see* **Glutton**; **-ize**, *v. i.* അത്യാഹാരംകഴിക്കുക, കണക്കിലധികം ഉണ്ണുക

Gorse, *n.* ഒരുതരം മുൾച്ചെടി.

Gosling, *n.* വാത്തക്കുഞ്ഞ്, ഹംസശാവകം.

Gospel, *n.* സുവാർത്ത, ശുഭവാർത്ത; ക്രൈസ്തവമതഗ്രന്ഥം.

Gossamer, *n.* ചിലന്തിനൂല്.

Gossip, *n.* വായാടി, വാവല്ലകൻ; കൂട്ടുകുടിയൻ; വീൺചൊല്ല്; ജനപ്രവാദം, ജല്പിതം പ്രലാപം; *v. i.* ജല്പിക്ക, വെറുതെ സംസാരിക്ക.

Gouge (gowj; göj), *n.* കാരുളി, ചതിയൻ; *v. t.* ചുഴയുക, കീറുക.

Gourd (görd), *n.* ചുരക്കാ, കമ്മട്ടിക്കാ; 'vessel of g. മരയോട്ട്, കമണ്ഡലു'; 'bitter g. കാട്ടുചുരക്കായ്'; 'snake g. പടവലങ്ങ'.

Gourmet, *n.* ആസ്വാദപരായണൻ.

Gout, *n.* വാതരക്തം, വാതശോണിതം; **-y**, *a.* വാതഗ്രസ്തം, വാതരോഗിയായ.

Govern, *v. t. or v. i.* ഭരിക്കുക, പരിപാലനംചെയ്ക, വശീകരിക്ക, നിയന്ത്രിക്ക; വിഭക്തിയെ ആശ്രയിക്ക; **-ment**, *n.* ഭരണം, നിയമനം; ശാസനം, അധികാരം, വാഴ്ച, പ്രഭുത്വം, കോയ്മ, സർക്കാർ, മന്ത്രിസഭ; **-or**, *n.* ശാസിതാവ്, ഭരണാധികാരി; **-orship**, *n.* ഭരണകർത്തൃത്വം, ആധിപത്യം, പ്രഭുത്വം.

Gown, *n.* സ്ത്രീകളുടെആട, നിലയങ്കി.

Grab, *v. t. and. v. i* പിടിച്ചുപറിക്ക; *n.* പിടിച്ചുപറി; **-ble**, *v. i.* തപ്പുക, സ്പർശിക്കുക; ഇഴയുക, നിരങ്ങുക.

Herring, *n.* ഒരുവകമീൻ, മത്തി, ചാള.
Hesitate, *v. i.* താമസിക്കുക, കുഴമ്പുക, അറയ്ക്കുക, വിളംബിക്കുക, തൎക്കിക്കുക, ഇടറുക; **-ingly,** *adv.* സംശയിച്ച്, തൎക്കിച്ച്, വികല്പത്തോടെ; ഇടറി; **-ion,**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

n. ശങ്ക, സംശയം, വികല്പം, സന്ദേഹം, അറപ്പ്; ഇടച്ച്, സ്ഖലനം, സ്വരഭംഗം.

Hesper, -us, *n.* അന്തിനക്ഷത്രം, ശുക്രൻ; **-ian,** *a.* പടിഞ്ഞാറുള്ള, പാശ്ചാത്യമായ; *n.* പാശ്ചാത്യൻ.

Hesperid, *n.* ഓണപ്പക്ഷി, ചിത്രശലഭം; **-perian,** *a.* ചിത്രശലഭത്തെ സംബന്ധിച്ച.

Hest, *n. see* **Command.**

Hestern, -al, *a.* കഴിഞ്ഞദിവസത്തെ, ഇന്നലത്തെ.

Hetairism, *n.* സാമൂഹ്യവ്യഭിചാരജീവിതം.

Heteroclite, *n.* ക്രമവിപരീതമായ ശബ്ദരൂപം; വ്യവസ്ഥയില്ലാത്തവൻ; *a.* വിധിവിരുദ്ധമായ, ക്രമഭംഗമുള്ള.

Heterodont, *n.* പലതരത്തിലുള്ള പല്ലുള്ള ജന്തു; *a.* പലവിധമായ പല്ലുള്ള.

Heterodox, *a.* ഭിന്നമതമായ, ധർമ്മവിരുദ്ധമായ, ആചാരവിരുദ്ധമായ; **-y,** *n.* വിധർമ്മം, ഭിന്നധർമ്മം, ആചാരവിരോധം.

Heterogeneous, -geneal, *a.* വർഗ്ഗവ്യത്യാസമുള്ള, വിജാതീയമായ, ഭിന്നജാതീയമായ; *see* **Different.**

Heterogenesis, *n.* സ്വയോല്പാദകത്വം.

Hew, (hū), *v. t.* മുറിക്കുക, വെട്ടിമുറിക്കുക, ഛേദിക്കുക; *see* **Cut; -er,** *n.* മുറിക്കുന്നവൻ, ഛേദകൻ; **Hewn,** *a.* മുറിക്കപ്പെട്ട, ഛിന്നം; ഛേദിക്കപ്പെട്ട.

Hexagon, *n.* ആറുകോണം, ഷട്കോണം.

Hexameter, *n.* ഷട്പദി, ആറടിവൃത്തം, ഷട്ചരണം.

Hexapod, *n.* ഷട്പദം, ആറുകാലുള്ള ജന്തു.

Hey, *intj.* ഹേ! ആഹാ; പിടിച്ചോ പിടിച്ചോ, ശ്ശൂ! ശ്ശൂ!, ഹോ ഹോ!; **-day,** *intj.* ഹഹഹ, ഹോ!; *n.* ഉല്ലാസം, പ്രമോദം, ഹർഷം; 'h. of youth നവയൗവനം'.

Hiatus, *n.* വിള്ളൽ, വിടവ്; തുള, പിളപ്പ്, ഇട, ഭംഗം.

Hibernal, *a.* മാരികാല സംബന്ധമായ, ഹൈമന്തം, ഹൈമന്തികം; **-nacle,** *n.* മാരിയുറ; **-nate,** *v. i.* ശീതകാലം നയിക്കുക, ഹേമന്തം കഴിച്ചുകൂട്ടുക.

Hiccough, Hiccup (hik'kup), *n.* എക്കിൾ, ഇക്കിൾ, ഹിക്ക, ഹിധ്മ; *v. i.* എക്കിളിടുക.

Hide, *n.* ചർമ്മം, തുകൽ; *v. t.* കണ്ടിക്കുക, കശയാലടിക്കുക; *v. i.* മറയ്ക്കുക, ഒളിക്കുക, മൂടിവയ്ക്കുക; **Hid, -Hidden,** *a.* മറയ്ക്കപ്പെട്ട, മൂടപ്പെട്ട, ഒളിക്കപ്പെട്ട, ഗൂഢം, ഗുപ്തം, പ്രച്ഛന്നം; **-ing,** *n.* മറയ്ക്കൽ, ഗോപനം, ഗുപ്തി, പ്രച്ഛാദനം; 'h. place ഗൂഢസ്ഥാനം'.

Hideous, *a.* ബീഭത്സം, വികൃതം, ഭീഷണം, ഘോരം, കരാളം, ഉഗ്രദർശനം, ഭീമാകൃതിയായ; **-ly,** *adv.* ഉഗ്രമായി, ഘോരരൂപത്തോടെ, ബീഭത്സമായി; **-ness.** *n.* ഘോരത, കരാളത, ഉഗ്രത.

Hie (hī), *v. i.* വിരഞ്ഞുപോകുക, വേഗം പോകുക.

Hiemal, *a. see* **Hibernal.**

Hiemate. *v. i. see* **Hibernate.**

Hierarchy, *n.* ആചാര്യാധിപത്യം, പുരോഹിതാധിപത്യം.

Hieratic, *a.* പ്രതിഷ്ഠിതമായ, പൗരോഹിത്യസംബന്ധമായ; 'h. character പുരാതനമിശ്രലിപി'.

Hierocracy, *n.* മതാധികാരിക്കൂട്ടം, പുരോഹിതാധിപത്യം.

Hieroglyph, -ic, *n.* ചിത്രലിപി, ഗൂഢലിപി, സങ്കേതലിപി.

Hierolatry, *n.* സിദ്ധാരാധന, മഹാദാരാധന.

Hierology, *n.* പരിശുദ്ധകാര്യശാസ്ത്രം; പ്രാചീനാക്ഷരശാസ്ത്രം.

Hieron, *n.* ക്ഷേത്രം, പ്രതിഷ്ഠാമണ്ഡപം.

Higgle, *v. i.* നടന്ന് അപ്പംവില്ക്കുക; തർക്കിക്കുക, വിലപേശുക; **-gler,** *n.* വിലപേശുന്നവൻ.

Higgledypiggledy, *adv.* മറിച്ചാൻകിറിച്ചാൻ.

High (hī), *a.* ഉയർന്ന, ഉച്ചം, ഉന്നതം, ഉത്തുംഗം; ഉത്തമമായ, വിശിഷ്ടം, മുഖ്യം, ശ്രേഷ്ഠം; *see* **Principal;** ശക്തിമത്തായ, തീക്ഷ്ണം, തീവ്രം, പ്രബലം, ഉറക്കുള്ള; (tone) ഉദാത്തം, ഉത്താളം; (rank) വിശിഷ്ടം, ഉൽകൃഷ്ടം, സഗൗരവം; (of h. family) കുലീനമായ, അഭിജാതമായ; ഗർവ്വോദ്ധതമായ, ഗർവ്വിതം; ഗഹനമായ; അധികമായ; കഠിനമായ, രൂക്ഷതയുള്ള; 'h. water വേലിയേറ്റം'; 'h. and low ഉച്ചാവചം, അധരോത്തരം, ഉത്തമാധമം, ഉന്നതാനതം, നതോന്നതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിമ്നോന്നതം'; 'h. er and h. er അധികാധികം, അധികമധികം, ഉത്ത രോത്തരം'; *adv.* മന്തിയവിധത്തിൽ; ഉയരത്തിൽ; അധികമായി; ഉത്തമമായി; ശക്തിയായി; നല്ലവണ്ണം; *n.* ഉയൎന്ന സ്ഥലം; കുന്ന്; ആകാശം; മഹാന്മാർ; 'h. altar പ്രധാന വേദി'; 'h. blown പൊങ്ങച്ചമുള്ള'; 'h. born അഭിജാത മായ, കുലീനമായ'; 'h. bred സുശീല മായ, തറവാട്ടമാഹാത്മ്യമുള്ള'; 'h. built ഉച്ചമായ, പൊക്കമുള്ള'; 'h. day ഉത്സവദിനം'; 'h. fed അതിപുഷ്ടമായ, ഭോജനസുഖം ശീലിച്ച'; 'h. flying അ പരിമിതമായ'; 'h. go മദ്യപാനഘോ ഷം'; 'h. handed ഉദ്ധതമായ, അമി തമായ, അക്രമമായ'; 'h. hearted ധൈൎയ്യമുള്ള, ചിത്തോല്കൎഷമുള്ള'; 'h. jinks തുള്ളലും ചാട്ടവും'; 'h. land മ ലപ്രദേശം, അധിത്യക, കുന്നിൻപുറം'; 'h. mettled ഉശിരുള്ള, മഹാസത്വ മായ, ഓജസ്വിയായ'; 'h. minded മ ഹാത്മാവായ, മഹാമനസ്സമായ, മഹാശ യ(നാ)മായ'; 'h. noon നട്ടുച്ച'; 'h. note ഉച്ചസ്വരം'; 'h. principled പുണ്യശീലമുള്ള'; 'h. proof കട്ടപ്പമുള്ള, എല്ലാത്തെയും കവിഞ്ഞുനില്ക്കുന്ന'; 'h. reaching വലിയ ഭാവമുള്ള, അഭിമാന കാംക്ഷയുള്ള'; 'h. road പെരുവഴി, രാജമാൎഗ്ഗം, രാജപാത, ഘണ്ടാപഥം'; 'h. seas പുറംകടല്'; 'h. seasoned സുവാസിതമായ'; 'h. sighted അഹം ഭാവമുള്ള, കണ്ണ് തുറക്കാത്ത'; 'h. souled മാനമുള്ള'; 'h. sounding ഒച്ച കേല്പിക്കുന്ന'; 'h. spirited മഹാസ ത്വമായ, ഉൎജ്ജിതമുള്ള, ചുറുക്കുള്ള'; 'h stomached ഡംഭുള്ള'; 'h. swelling ഊതിവീൎത്ത'; 'h. tide വേലി യോരം'; 'h. time അവസരം, വൈ കിയ കാലം'; 'h. treason രാജദ്രോ ഹം'; 'h. watermark ഏറ്റത്തിന്റ് വെള്ളംവന്നെത്തിയ അതിരു്'; 'h. way പെരുവഴി'; 'h. way man വഴിക്കവ ൎച്ചക്കാരൻ, പിടിച്ചുപറിക്കാരൻ'; 'h. way robbery പെരുവഴിക്കവൎച്ച, പി ടിച്ചുപറി'; 'h. wrought പ്രയത്നപരി ഷ്കൃതമായ'; 'the most h. പരമൻ, ഈശ്വരൻ, ദൈവം'; *v. i.* പൊന്തുക; **-ering,** *a.* ഉയരുന്ന; **-est,** *a.* ഉച്ചൈ സ്തമമായ; **-ly,** *adv.* പൊങ്ങി, വളരെ, അത്യന്തം, അതീവ; **-ness,** *n.* ദേവൻ, തിരുമനസ്സുകൊണ്ട്, അവിടുന്ന്, തത്രഭ വാൻ, തത്രഭവതി; **-Height,** *n.* ഉയരം, പൊക്കം, ഔന്നത്യം, ഉച്ഛ്റായം, ഉച്ചത, ഉന്നതി; ഉച്ചസ്ഥാനം, പൎവ്വതം; പരമാ വധി, പരകാഷ്ഠ, പരകോടി; പരമപദം, ശ്രേഷ്ഠത്വം, വിശിഷ്ടത; **-en,** *v. t.* ഉന്ന യിക്കുക; വൎദ്ധിപ്പിക്കുക, കൂട്ടുക.

Hilarity, *n.* ആനന്ദം, ഉല്ലാസം, പ്രമോ ദം, കൌതുകം, ആഹ്ളാദം, ഉത്സവം; **-larious,** *a.* സോല്ലാസമായ, സാന ന്ദമായ.

Hilding, . അസാരൻ, നീചൻ.

Hill, *n.* ഗിരി, പൎവ്വതം, കുന്ന്, അദ്രി, മ ല, ശൈലപാദം; **-ock,** *n.* കോട്ട, വപ്രം, ഉന്നതഭൂഭാഗം; **-y,** *a.* കുന്നുകൾനിറഞ്ഞ, പൎവ്വതമയമായ, കുന്നും കുഴിയുമായ, ഉന്ന താനതം.

Hilt, *n.* വാൾപിടി, പിടി, ഖഡ്ഗമുഷ്ടി.

Hilum, *n.* കണ്ണ്.

Hind, *n.* പെൺമാൻ, മാൻപേട, മൃഗി; ഭൃത്യൻ, വേലക്കാരൻ; ഗ്രാമ്യജനം, നാടൻ, കൃഷിക്കാരൻ.

Hind, -Hinder, *a.* പടിഞ്ഞാറുള്ള, പ ശ്ചിമം, പുറകിലുള്ള, പിന്നിലുള്ള; 'h. part പുറകുവശം, നിതംബം, പൃഷ്ഠം'.

Hinder, *v. t.* തടുക്കുക, വിഘ്നമുണ്ടാക്കുക, നിഷേധിക്കുക, നിരോധിക്കുക; **-ance,** *n.* പ്രതിഷേധം, നിവാരണം, പ്രതിബ ന്ധം, വിഘ്നം, അന്തരായം, പ്രതിരോധം, വ്യാഘാതം, ബാധ; **-er,** *n.* നിവാരകൻ, പ്രതിബന്ധകൻ, വിഘ്നകാരി, വിഘ്നകൃത്.

Hinge, *n.* ഖീല്, ചുഴിയാണി, മൂലാധാരം, കേന്ദ്രം, ദ്വാരസന്ധി, ഉരൽകാറി, ചുഴി ക്കാറി; *v. i.* (upon) അവലംബിക്കുക, അപേക്ഷിക്കുക.

Hink, *n.* കത്തി, അരിവാൾ.

Hinny, *n.* ഓമന, ആരോമൽ.

Hint, *v. t.* സൂചിപ്പിക്കു, ഉപന്യസിക്കു, ഉദ്ദേശിക്കു; *n.* സൂചന.

Hip, *intj.* ഹോ, ഹേ; *n.* ഇടുപ്പ്, അര, കടി, നിതംബം, ജഘനം; **-ped,** *a.* വിഷണ്ണം, ഖിന്നം.

Hippocratism, *n.* വൈദ്യശാസ്ത്രം, ആയു ൎവേദം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Hippopathology, *n.* മൃഗചികിത്സാശാസ്ത്രം, അശ്വചികിത്സാശാസ്ത്രം.
Hippophagy, *n.* അശ്വമാംസഭോജനം.
Hippophile, *n.* അശ്വപ്രിയൻ.
Hippopotamus, *n.* നീർക്കുതിര, കരിയാദസ്.
Hire, *v. t.* കൂലിക്കുവയ്ക്കുക, കൂലിക്കുവാങ്ങുക, കൂലിക്കുകൊടുക്കുക, പാട്ടത്തിനു വാങ്ങുക etc; *n.* കൂലി, വാടക, കൂലിക്കൊടുപ്പു്; **-ling**, *n.* കൂലിക്കാരൻ; *a.* കൂലിക്കുവേലചെയ്യുന്ന; **-rer**, *n.* കൂലിക്കു് or വാടകയ്ക്കു കൊടുക്കുന്നവൻ.
Hirple, *v. i.* മുടന്തിനടക്കുക.
Hirsute, *a.* രോമംതിങ്ങിയ, രോമം നിറഞ്ഞ.
Hiss, *v. i.* ചീറുക, ഫൂൽക്കാരമുണ്ടാക്കുക, സീൽക്കാരമുണ്ടാക്കുക; **-ing**, *n.* ചീറൽ, ചീററം, സീൽക്കാരം, പാമ്പിന്റെ ചീററൽ, ഫൂൽകാരം.
Histology, **-tiology**, *n.* ദേഹധാതുതത്വശാസ്ത്രം; **-tonomy**, *n.* ദേഹധർമ്മതത്വശാസ്ത്രം.
History, *n.* ചരിത്രം, ഇതിഹാസം, പുരാവൃത്തം, പുരാണോപാഖ്യാനം; വൃത്താന്തം, വാർത്ത; **-ic**, **ical**, *a.* ചരിത്രസംബന്ധമായ, ഐതിഹാസികം; **-ically**, *adv.* ചരിത്രാനുസാരേണ; **-Historian**, **Historiographer**, *n.* ചരിത്രകാരൻ, ചരിത്രലേഖകൻ.
Histrion, *n.* നാടകക്കാരൻ, അഭിനയക്കാരൻ; **-ic**, **-ical**, *a.* നാടകീയം, രംഗയോഗ്യം, നാട്യയോഗ്യം; **-ically**, *adv.* നാടകപ്രകാരം; **-ism**, *n.* നാടകം, അഭിനയം; **-nize**, *v. t.* അഭിനയിക്കുക.
Hit, *v. t. or v. i.* തൊടുക, അടിക്കുക, പ്രാപിക്കുക, കിടക്കുക; ഊഹിക്കുക; കണ്ടുപിടിക്കുക; നിവൃത്തിക്കുക, ലാഭപ്പെടുക; *n.* അടി, പ്രഹാരം, താഡനം; ദൈവഘടന, ദൈവം, ഭാഗ്യവശാലുള്ളസാദ്ധ്യം, തോന്നൽ; കളിയായുള്ള തള്ളു്.
Hitch, *v. t.* കൊളുത്തുക, ഗ്രഹിക്കുക, കുടുക്കുക, ആകംവയ്ക്കുക; നിരക്കുക; *v. i.* കുടുങ്ങുക, പാറുക, നിരങ്ങുക; തമ്മിൽമുട്ടുക; പ്രതിബന്ധമാകുക; *n.* കൊളുത്തു്, അന്തരായം; നിത്തു്, ഇടച്ച, വിക്കു്; തടസ്സം; ആകർഷണം, കെട്ടു്.
Hithe, *n.* ഘട്ടം, തരസ്ഥാനം, കടവു്.
Hither, *adv.* ഇവിടെ; ഇങ്ങു്; *a.* അടുത്തുള്ള; **-most**, *a.* ഏററവും അടുത്തുള്ള, അത്യന്തികം; **-ward**, *adv.* ഇവിടേക്കു്; **-to**, *adv.* ഇന്നുവരെ, ഇക്കാലംവരെ, ഏതൽക്കാലപര്യന്തം.
Hive, *n.* തേൻകൂടു്, മധുകോശം; *v. t.* കൂട്ടിലാക്കുക; *v. i.* ഒന്നിച്ചുപാർക്കുക.
Hives, *n.* കള്ളപ്പല്ലു്, തൊണ്ടയിലെ മുള്ളു്.
Hoar, *a.* വെളുത്ത, ധവളമായ, ശുഭ്രം, ശോഭം; *see* **White**; നരച്ച, വയസ്സുചെന്ന; പൂപ്പുപിടിച്ച; *n.* നര, പഴക്കം; *v. i.* പൂപ്പുപററുക; **-iness**, *n.* വെണ്മ, നര, വാൎദ്ധക്യം; **-y**, *a.* വെളുത്ത, ചാരനിറമായ; നരച്ച, പ്രായംചെന്ന.
Hoard, *n.* കൂട്ടം, ശേഖരം, സഞ്ചയം; മറ, വേലി, തടസ്സം; *v. t.* ശേഖരിച്ചുവയ്ക്കുക, കൂട്ടുക, സഞ്ചയിക്ക, സംഗ്രഹിക്ക.
Hoarse, *a.* രൂക്ഷമായ, പരുഷം, ഭഗ്നം, സഗദ്ഗദം; **-ly**, *adv.* രൂക്ഷസ്വരത്തോടെ, സംരംഭത്തോടെ, സഗദ്ഗദം; **-ness**, *n.* ഭംഗം, ഭേദം, രൂക്ഷത, സ്വരഭംഗം, സ്വരരൂക്ഷത.
Hoax, *n.* വഞ്ചനം (ന), പ്രതാരണം (ണ), ചെണ്ടകൊട്ടിക്കൽ; *v. t.* വഞ്ചിക്ക.
Hob, *n.* ഗ്രാമ്യൻ, നാട്ടിൻപുറത്തുകാരൻ; ചക്രത്തിന്റെ അരട; അടുപ്പിന്നുമേലുള്ള ഇരുമ്പുതട്ടു്; *v. t.* ചവുട്ടിത്തേക്കുക; 'h. nailed കടയാണിതറച്ച'.
Hobbism, *n.* ഏകഛത്രാധിപത്യവാദം.
Hobble, *v. i.* മുടന്തിനടക്കുക, ഞൊണ്ടുക, കാൽവലിച്ചിഴച്ചുനടക്കുക; *v. t.* കാൽകെട്ടുക; വിഷമിപ്പിക്കുക, പരിഭ്രമിപ്പിക്കുക.
Hobbledehoy, *n.* യുവാവു്, പൊണ്ണച്ചെറുക്കൻ.
Hobby, *n.* മനോരഥം, ചിരകാമ്യം, പ്രിയവസ്തു, ഹിതമായ തൊഴിൽ, അഭിരുചി; 'h. horse ക്രീഡാശ്വം, മരക്കുതിര; ചുണയുള്ള ഒരുവകക്കുതിര'.
Hobgoblin, *n.* ഭൂതം, പിശാചു്, വേതാളം, രാക്ഷസൻ.
Hobson's choice, *n.* ഒരേഒരു അവസരം.
Hock; **Hough**, (hok), *n.* മൃഗത്തിന്റെ കാലിന്റെ മുട്ടു്; പന്നിയുടെ കാൽകഷണം; *v t.* കുതികാൽവെട്ടുക, മുടന്താക്കുക.
Hockey, *n.* വളകോൽപന്താട്ടം, കാററവടിപ്പന്തുകളി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Hocus, *v. t.* see **Hoax**; **-pocus**, *n.* ചെപ്പടിവിദ്യ, മായാവിദ്യ, മന്ത്രതന്ത്രം, ഇന്ദ്രജാലം.

Hod, *n.* കമ്മായത്തൊട്ടി.

Hodgepodge (hoj'poj), *n.* കൂട്ടിക്കലപ്പ്, നാനാദ്രവ്യസമൂഹം, അവിയൽ, (not in the sense of curry).

Hoe, *n.* മൺവെട്ടി, തൂമ്പ; *v. t.* മൺവെട്ടുക, കൊത്തുക, കിളയ്ക്കുക; 'to h. one's row ഓഹരിയനുസരിച്ച ജോലിചെയ്യുക'.

Hog, *n.* പന്നി, വരാഹം, സൂകരം; **-gish**, *a.* സൂകരോപമം, പന്നിയെപ്പോലുള്ള.

Hogmanay, *n.* ആണ്ടിന്റെ അവസാനദിനം.

Hogo, *n.* അതിതീക്ഷ്ണം.

Hogshead, *n.* 63 ഗാലൺ.

Hoiden, *n.* നാണമില്ലാത്തവൻ, നാണമില്ലാത്തവൾ, നിർലജ്ജ; *a.* മര്യാദകെട്ട, നാണംകെട്ട; നെഞ്ഞുറപ്പുള്ള; *v. i.* നാണമില്ലാതെ കൊഞ്ചിക്കുഴയുക.

Hoist, *v. t.* ഉയർത്തുക, എടുക്കുക, ഏററുക, ഉന്നമിപ്പിക്ക.

Hold, *v. t.* ധരിക്കുക, പിടിക്കുക, അവലംബിക്ക, താങ്ങുക, പരാമർശിക്ക, വാങ്ങുക; കൈവശത്തിലാക്കുക, ബലാൽ ധരിക്കുക; ഉണ്ടാക, ഉടമസ്ഥനായിരിക്കുക; വശത്തിൽ വരുത്തുക, സ്ഥാനം വഹിക്കുക; വിടാതെപിടിക്കുക, തടുക്കുക, നടത്തുക, നിറവേററുക, നിർവഹിക്കുക; ചെയ്യുക, കൂടുക; കൊള്ളുക നിൽക്കുക; അംഗീകരിക്ക, സ്ഥിരമായിനിൽക്കുക, മുറുകെപ്പിടിക്കുക, അഭിപ്രായപ്പെടുക; വിചാരിക്കുക, കരുതുക; നടക്കുക, വെക്കുക; 'to h. a wager വാതുപിടിക്കുക, വാതുകെട്ടുക'; 'to h. forth കൈനീട്ടുക, നീട്ടിക്കാണിക്കുക'; 'to h. in പിടിച്ചുവയ്ക്കുക, തടുത്തുനിർത്തുക'; 'to h. in hand കളിപ്പിക്കുക, ആഗ്രഹാജനിപ്പിക്കുക'; 'to h. in play സ്വാധീനപ്പെടുത്തുക, കളിക്കുക'; 'to h. off അകന്നുനിൽക്കുക'; 'to h. on പിടി നിർത്തുക'; 'to h. one's day വാക്കുമാറാതെനടക്കുക'; 'to h. one's own പിന്നാക്കമാകാതിരിക്കുക, 'to h. out വെളിക്കുകാട്ടുക, സഹിച്ചുനിൽക്കുക'; 'to h. up നിവർത്തുക, രക്ഷിക്ക, പിടിച്ചുനിർത്തുക'; 'to h. water വെള്ളംചോരാതിരിക്കുക'; *v. i.* സ്ഥിരമായിനിൽക്കുക, അനുബന്ധിക്ക, ആലംബിക്ക; വിരമിക്ക, നിവർത്തിക്ക, അടക്കുക; (imper.) നിൽക്ക്, വിടുക, മിണ്ടാതിരിക്ക്, വെറുതേയിരിക്ക്; നിലയ്ക്കുനിൽക്കുക; (with, to, for) ചേർന്നിരിക്കുക, പററിയിരിക്കുക 'to h. forth പ്രസംഗിക്കുക, ഘോഷിച്ചുപറയുക; 'to h. in അമർത്തുക, പിടിച്ചുനിർത്തുക'; 'to h. on മുറുകെപ്പിടിക്കുക, നിലനിന്നുപോരുക'; 'to h. out എതിർത്തുനിൽക്കുക, സഹിച്ചുനിൽക്കുക'; 'to h. over വീണ്ടുംനിൽക്കുക; സ്വാധീനത്തിൽനിന്നുപോക'; 'to h. to, to h. with പക്ഷംചേരുക, അനുകൂലിക്കുക'; 'to h. together കൂടിനിൽക്കുക, ചേർന്നിരിക്കുക'; 'to h. up നേരേനിൽക്കുക, മഴതുവരുക പിന്നിലാകാതിരിക്കുക'; *n.* പിടി, ധാരണം, ഗ്രഹണം, അവലംബനം, കൈവശം; അധികാരം, അവകാശം; തടവ്, കാരാഗൃഹം, ബന്ധനസ്ഥാനം; ആധാരം, ആശ്രയം; ദുർഗ്ഗം, കോട്ട; ദീർഘചിഹ്നം (mus); **-er**, *n.* പിടിക്കുന്നവൻ, ധാരയിതാവ്, കുടിയാൻ, ഉണ്ടികക്കച്ചവടക്കാരൻ 'share h. ഓഹരിക്കാരൻ, കൂറുകാരൻ'; **-ing**, *n.* പിടിത്തം, ഗ്രഹണം etc; *a.* പിടിക്കുന്ന, ധരിച്ച; ധാരി and ധര in comp; **-Holdfast**, *n.* കൊളുത്ത്, കുററി.

Hole, *n.* ഓട്ട, സുഷിരം, രന്ധ്രം, കഹരം; കന്ദരം, ദരി, ഗുഹ; മട, പൊനം, കുഴി, വങ്ക്; വിള്ളൽ; *v. t.* കുഴിക്കുക, തുളയ്ക്കുക; മാളത്തിലാക്കുക, വങ്കിലിടുക; *v. i.* വങ്കിൽപോക, കുഴിയിൽവീഴുക.

Holland, *n.* ഹാളൻഡുരാജ്യം, ലന്തരാജ്യം.

Hollow, *a.* പൊള്ളയായ, അന്തഃശൂന്യമായ, ഉദരാകൃതിയായ, പുടാകാരമായ; അസാരമായ, നിസ്സാരമായ, ശൂന്യമായ; നിരർത്ഥകം, നിഷ്ഫലം; കള്ളമായ, ഗംഭീരമായ; *n.* (of trees) പൊത്ത്, കോടരം, പോട്; ഗുഹ, വിലം, പൊള്ള; അകം, അഭ്യന്തരം, ഉദരം; കുഴി. ഗർത്തം; ദരി, കന്ദരം; ഓട, കല്യ, പ്രണാളി; 'h. of the hand കരപുടം'; 'h. of the navel നാഭിഗർത്തം. നാഭിച്ചുഴി, പൊക്കിൾച്ചുഴി'; *v. t* കുഴിക്കുക, പൊള്ളപ്പെടുത്തുക, പുടീകരിക്കുക; **-ness**, *n.* ശൂന്യത, അസാരത, അസത്യത.

Holocaust, *n.* ഹോമം.

Holt, *n.* വനം, ചെറുകാട്, പടപ്പ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Holy, *a.* പുണ്യം, പവിത്രം, പരിശുദ്ധം, പരിപൂതം, വിമലം, ശുദ്ധമതിയായ; 'h. study വേദാദ്ധ്യയനം'; 'h. wisdom ബ്രഹ്മജ്ഞാനം'; 'h. writing ശ്രുതി, വേദങ്ങൾ'; 'h land പുണ്യഭൂമി'; 'h. place of pilgrimage തീർത്ഥം, ക്ഷേത്രം, പുണ്യസ്ഥാനം'; **-ly,** *adv.* പുണ്യമായി, പവിത്രതയോടെ; **-ness,** *n.* പവിത്രത, പുണ്യത, ശുചിത, പുണ്യശീലത, ധാർമ്മികത്വം; 'his or her h. ഭഗവാൻ, ഭഗവതി'; **-Holyiday,** *n.* പുണ്യാഹം, പുണ്യദിനം; അവധിദിവസം; ഉത്സവം, ഉത്സവദിനം'; 'h. people യാത്രാജനം'.

Homage, *n.* ജന്മിവണക്കം, നമസ്കാരം, അഭിവന്ദനം, പ്രണാമം, അർച്ചനം, ഉപാസന, പ്രഭുഭക്തി; 'pay or do h. പ്രണമിക്ക, വന്ദിക്ക, വണങ്ങുക'.

Home, *n.* വീട്, മാടം, മഠം, മന, ഗൃഹം, വാസം, വാസസ്ഥാനം, ഭവനം, *see* **House**; 'touching h. മർമ്മസ്പൃക്'; 'goes h. to me എന്നെ ലക്ഷ്യമാക്കുന്നു'; 'h. born ഗൃഹജാതം'; 'h. bound വീട്ടിലേക്കുപോകുന്ന'; 'h. bred ഗൃഹജാതമായ, ഗൃഹ്യമായ'; 'h. made ഗൃഹനിർമ്മിതമായ, ഗൃഹോല്പന്നമായ'; 'h. sick ഗൃഹവിരഹാർത്തമായ'; 'h. stall, h. stead ഗൃഹം. വാസം, വീട്'; 'h. thrust ഏറ്റകുത്ത്'; 'h. farm, h. grounds പുരയിടം, പറമ്പ്'; 'h. rule സ്വയംഭരണം'; 'h. ruler സ്വയംഭരണവാദി'; 'h. speaking നേരേയുള്ളവാക്ക്'; 'to come h. തന്നിൽതട്ടുക'; **-less,** *a.* വീടില്ലാത്ത, നിരാലയമായ; **-lily,** *adv.* പരുക്കനായി; **-liness,** *n.* വീടെന്നവിചാരം, സാധാരണത്വം; **-ly,** *a.* ഗൃഹ്യം, ഗൃഹജം; ഗ്രാമ്യമായ, പ്രാകൃതമായ, അപരിഷ്കാരമായ; *adv.* അസഭ്യതയോടെ; **-ward,** *adv.* ഗൃഹാഭിമുഖമായി, അഭിഗൃഹമായി.

Homicide, *n.* ആൾക്കൊല, നൃഹത്യ, മനുഷ്യവധം; ഘാതകൻ; **-al,** *a.* മനുഷ്യഘാതിയായ.

Homily, *n.* ധർമ്മവാക്യം.

Hommock, *n.* കൂർത്തകുന്ന്, കിളരം or എകരം.

Homogeneal, Homogeneous, *a.* ഒരേ ഇനത്തിലുള്ള, സജാതീയമായ, ഏകജാതിയായ, സാധർമ്മ്യമുള്ള, സമാനഭാവമായ; 'h. vowels സവർണ്ണങ്ങൾ'.

Homologous, *a.* തുല്യപരിമാണമായ, സമപരിമാണമായ.

Homonym, *n.* ഭിന്നാർത്ഥശബ്ദം; 'a collection of h.s ഭിന്നാർത്ഥവർഗ്ഗം'; **-ous,** *a.* ഭിന്നാർത്ഥമായ, അനേകാർത്ഥമായ.

Hone, *n.* ചാണക്കല്ല്, ചാണ; കവിളാവീക്കം; *v. i.* ക്ലേശിക്ക.

Honest, *a.* സത്യസന്ധമായ, ഋജുവായ, സരളമായ, വിമലാത്മാവായ, ന്യായമായ, സച്ചരിതമായ, സാധുശീലമായ, സത്യവാദിയായ; സത്യമായ; *see* **Frank** also; 'h. gain ന്യായാർജ്ജിതം'; 'h. statement നിർവ്യാജവചനം'; **-ly,** *adv.* സരളമായി, ന്യായമായി, ശുചിയോടെ, നിർവ്യാജമായി, സത്യസന്ധതയോടെ; **-y,** *n.* സത്യസന്ധത, ആർജ്ജവം, നിഷ്കാപട്യം, സാരള്യം, അകൗടില്യം, ശുദ്ധഭാവം, വൈമല്യം. സത്യത, നേര്.

Honey, *n.* തേൻ, മധു, മാക്ഷികം; 'h. of flowers പുഷ്പാസവം, പുഷ്പരസം'; 'h. bee തേനീച്ച, മധുമക്ഷിക'; 'h. comb തേൻകൂട്, മധുകോശം'; h. moon ആനന്ദമാസം'; 'h. tongued തേൻവാക്കുള്ള, മധുരഭാഷിയായ; *v. t.* മധുരീകരിക്കുക; *v. i.* ഉപലാളിക്കുക; *see* **Fawn**; **-ed,** *a.* മധുമധുരമായ, സുധാസ്യന്ദിയായ, മധുരമായ.

Honor, Honour (on'er), *n.* മാനം, അവസ്ഥ, അന്തസ്സ്, ആദരം, സല്ക്കാരം; സേവ, ശുശ്രൂഷ, ആരാധനം; ഖ്യാതി, കീർത്തി, യശസ്സ്; ഗൗരവം, ഉൽകൃഷ്ടപദം, ഉന്നതി, ആഭിജാത്യം; പ്രാധാന്യം, ശ്രേഷ്ഠത്വം; 'your or his h. അത്രഭവാൻ or തത്രഭവാൻ'; **-able,** *a.* പൂജ്യം, മാന്യം, പൂജാർഹം, ആദരണീയം; വിഖ്യാതം, വിശ്രുതം, സുപ്രസിദ്ധം; യശസ്കരം, കീർത്തികരം, ശ്ലാഘ്യം; മാനദം; കുലീനം, ഉദാരചരിതം; *see* **Noble**; ശുചിയായ, ന്യായാചാരമുള്ള; *see* **Honest**; **-ary,** *a.* ബഹുമാനമായ, കീർത്തികരം, യശസ്കരം, പ്രശസ്യം, അലംഭകരം, മാനമാത്രദായിയായ; **-Honorably,** *adv.* മാനമായി, ഗൗരവത്തോടെ, പ്രശംസാപൂർവ്വകം, ധാർമ്മികതയോടെ, ഋജുതയോടെ, സരളതയോടെ, ന്യായമായി; *v. t.* പൂജിക്കുക, അർച്ചിക്കുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സല്ക്കരിക്കുക, ആദരിക്കുക, ബഹുമാനിക്കു ക; സേവിക്ക, ആരാധിക്കുക; അനുഗ്രഹിക്കുക, പ്രസാദിക്കുക.

Honorarium, *n.* ദക്ഷിണ, വീരചങ്ങല, ബഹുമാനദാനം, പ്രതിഫലം.

Hood, *n.* പടം, പത്തി, ഫണം; പത്തിപോലുള്ള, ശിരസ്സും; വണ്ടിമേലാപ്പ്, പുകക്കുഴൽത്തൊപ്പി; *v. t.* മറയ്ക്കുക, മൂടുക, കണ്ണുകെട്ടുക.

Hoodwink, *v. t.* മുണ്ടുകൊണ്ടു കണ്ണുകെട്ടുക, മൂടുക, മറയ്ക്കുക.

Hoof, *n.* കുളമ്പ്, ഖുരം; **-ed,** *a.* കുളമ്പുള്ള.

Hook, *n.* കൊളുത്ത്, തോട്ടി, അരിവാൾ, ആകർഷണി; 'fish h. ബഡി(ളി)ശം, ചൂണ്ട'; *v. t.* ഉടക്കുക, ഇട്ടുപിടിക്കുക, വളയ്ക്കുക; **-ed,** *n.* വക്രം, കുടിലം, കുഞ്ചിതം, തോട്ടിപോലുള്ള.

Hoop, *n.* ചക്രം, വളയം, പട്ട, വള; (pl) പാവാടവളയം; നിലവിളി, കൂകൂകൂരപ്പ്; *v. t.* പട്ടകെട്ടുക, വളയ്ക്കുക, ചുററുക; **-er,** *n.* പീപ്പ or വീപ്പപണിയുന്നവൻ; ഒരുവക കാട്ടരയന്നം.

Hoot, *n.* കൂക്കൽ, പരിഹാസസൂചകമായ ആർപ്പ്; ധിക്കാരം; *v. i.* കൂക്കിവിളിക്കുക, ഘൂൽകാരംചെയ്യുക.

Hoove, *n.* (മാടിന്റെ) ഉദരവീപ്പുരോഗം.

Hop, *v. i.* തുള്ളുക, തത്തിച്ചാടുക, ഒററക്കാലിൽചാടുക, മുടന്തുക, നൃത്തംചെയ്യുക; 'ഹോപ്പുകാ' പറിക്കുക; *n.* ഒററക്കാൽചാട്ടം, ചാട്ടം, വല്ഗിതം.

Hope, *n.* ആശ, പ്രത്യാശ, ആശംസ, ആകാംക്ഷ, പ്രതീക്ഷ, അപേക്ഷ, മനോരഥം, ആശാബന്ധം; 'giving h. ആശ്വാസനം, ആശ്വാസം'; *v. i.* ആശിക്കുക, ആശിച്ചുപാർക്കുക, വാഞ്ഛയോടിരിക്കുക; *v. t.* ആശിക്കുക, പ്രതീക്ഷിക്കുക, കാത്തിരിക്കുക; 'a vain h. വൃഥാഭിലാഷം; **-ful,** *a.* ആശയുള്ള; (Giving hopes) ആശാജനകം, ആശാകാരിയായ; **-fully,** *adv.* ആശയോടെ, പ്രത്യാശയോടെ; **-less,** *a.* ആശയില്ലാത്ത, ആശാഹീനമായ; **-lessly,** *adv.* നൈരാശ്യത്തോടെ.

Hopomythumb, Hopthumb, *n.* ഹ്രസ്വൻ, മുണ്ടൻ, കുള്ളൻ.

Hopple, *v. t.* കാൽ കൂട്ടിക്കെട്ടുക.

Hora, *n.* മുഹൂർത്തം; മണിക്കൂർ, ഘടിക; **-al, -ary,** *a.* മൌഹൂർത്തികം, മണിക്കൂറിനെ സംബന്ധിച്ച.

Horde, *n.* സഞ്ചാരിക്കൂട്ടം, മഹാസംഘം; കൊള്ളക്കാർക്കൂട്ടം.

Horizon, *n.* ദിങ്മണ്ഡലം, ദിക്ചക്രം, അടിവാനം, അംബരാന്തം, മണ്ഡലം; 'the eastern h. പ്രാചീമൂലം'; **-Horizontal,** *a* സമമായ, ദിഗന്തസമമായ, അനുപ്രസ്ഥമായ; **-ly,** *adv.* സമമായി, നിരപ്പോപ്പിച്ച്, അനുപ്രസ്ഥമായി.

Horn, *n.* കൊമ്പ്, ശൃംഗം, വിഷാണം; കാഹളം, ശംഖ്; ചന്ദ്രാഗ്രം, ചന്ദ്രശിഖ; **-ed,** *a.* കൊമ്പുള്ള, ശൃംഗിയായ; ശൃംഗാകൃതിയായ; **-y,** *a.* കൊമ്പുള്ള, കൊമ്പുകൊണ്ടുണ്ടാക്കിയ; കഠിനമായ.

Hornet, *n.* കടന്നൽ, വരട.

Horologe, (hor'oloj), *n.* സമയം കുറിക്കുന്ന യന്ത്രം, നാഴികമണി, ഘടി.

Horoscope, *n.* ജാതകം, ജന്മപത്രം, ജന്മപത്രിക.

Horror, *n.* വിറ, നടുക്കം, ഭീതി, ത്രാസം, സന്ത്രാസം, ഭയകമ്പം; ബീഭത്സത, രൌദ്രത, ഭയാനകം; 'h. stricken ഭ്രമാകുലമായ'; 'h. struck ഭ്രമമുള്ള'; **-rible,** *a.* ഘോരം, ഭയാനകം, ഭീഷണം, പേടിയുണ്ടാക്കുന്ന; **-Horrid;** *a.* പരുക്കനായ, മുള്ളുമുള്ളുപോലുള്ള, ഭയങ്കരമായ; **-ridly,** *adv.* ഘോരമായി; ദാരുണമായി, ഉഗ്രതയോടെ; **rify,** *v. t.* പേടിപ്പിക്കുക, ഭയപ്പെടുത്തുക; **-rific,** *a.* ഭയംകരമായ, നടുക്കമുണ്ടാക്കുന്ന; **-rification,** *n.* പേടിപ്പിക്കൽ, ഭയംജനിപ്പിക്കുന്നസംഗതി.

Horripilate, *v. t.* രോമമയിർക്കൊള്ളിക്ക, പുളകംകൊള്ളിക്കുക; **-ed,** *a.* പുളകിതമായ, രോമാഞ്ചിതം; **-ion,** *n.* പുളകം, രോമാഞ്ചം, രോമഹർഷണം, പുളകോദ്ഭേദം, കുളിർ.

Horse, *n.* കുതിര, അശ്വം, ഹയം, വാജി; കുതിരപ്പട, തുണിതാങ്ങുംചട്ടം; 'h. aloes ഒരുവക വലിയ കൈത'; 'h. ant, h. emmet കട്ടെറുമ്പ്'; 'a white h. കർക്കം'; 'a fleet h ജവനം'; 'a pack h. സ്ഥൌരി'; 'a h. for sacrifice അശ്വമേധീയം, യാഗക്കുതിര'; 'a chariot h. രഥക്കുതിര, രഥ്യം'; 'h breaking or training അശ്വപരിശീലനം'; 'h. breaker അശ്വശിക്ഷകൻ, കുതിരയെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭ്യസിപ്പിക്കുന്നവൻ'; 'h. dealer അശ്വവ്യാപാരി, കുതിരക്കച്ചവടക്കാരൻ'; 'h. laughter അട്ടഹാസം'; 'h. man കുതിരസ്സവാരിക്കാരൻ'; 'h. play ആർത്തു വിളിച്ചുള്ള കളി'; 'h. power ഒരു കുതിരയ്ക്കുള്ള ശക്തി. അശ്വശക്തി'; 'h. manship അശ്വാരോഹണകൗശലം'; 'h. shoe ലാടം'; 'h. trappings അശ്വാസ്തരണം'; 'h. whip കശ, ചമ്മട്ടി, കുതിരച്ചാട്ട'; 'salt h. ഉപ്പിട്ട മാട്ടിറച്ചി'; *v. t.* കുതിരയെക്കൊടുക്കുക, കുതിരകേറുക; കുതിരയിണചേരുക; കാൽ കവച്ചിരിക്കുക; *v. i.* കുതിരകയറുക; **-Horsiness,** *n.* കുതിരഗ്ഗുണം, അശ്വപ്രിയം; **-Horsy,** *a.* കുതിരയ സംബന്ധിച്ച.

Hortation, *see* **Exhortation.**

Horticulture, *n.* തോട്ടവേല, ഉദ്യാനപാലനം; **-ist,** *n.* ഉദ്യാനവിദ്യ അറിഞ്ഞവൻ.

Hortussiccus, *a.* ഉണക്കി സൂക്ഷിക്കുന്ന ശഷ്പാദിമാതൃക.

Hosanna, *n.* മംഗളഗീതം; ഈശ്വരനോടുള്ള പ്രാർത്ഥനാഗീതം.

Hose, *n.* കാലുറ, ചരണകോശം or സ്റ്റാക്കിംഗ്സ്; നീക്കുഴൽ; **-Hosier,** *n.* ബൂട്ട്സുറ വില്പനക്കാരൻ; **-Hosiery,** *n.* കാലുറവ്യാപാരം.

Hospitable, *a.* ആതിഥേയമുള്ള, സല്ക്കാരശീലമുള്ള, വന്നവരെആദരിക്കുന്ന, **-Hospitably,** *adv.* ബഹുമാനത്തോടെ, ഔദാര്യത്തോടെ.

Hospital, *n.* ആശുപത്രി, ആതുരശാല, ചികിത്സാലയം.

Hospitality, *n.* ആതിഥ്യം, ആതിഥ്യകർമ്മം, അതിഥിസല്ക്കാരം, ഉപചാരം.

Host, *n.* കൂട്ടം, സംഘം, സമൂഹം, ഗണം; *see* **Multitude;** പട, സൈന്യം; ആതിഥ്യക്കാരൻ, വീട്ടുകാരൻ, ഭോജനദായി, ആതിഥ്യകൃത്ത്; **-age,** *n.* വിശ്വാസസ്ഥാനം, ശരീരബന്ധകം, പണയമായി ഏല്പിക്കപ്പെട്ടയാൾ, ആൾപണയം. പണയാളി; **-ess.** *n.* ഗൃഹിണി, ഭോജനദാത്രി

Hostel, *n.* വഴിയമ്പലം, ഹോസ്റ്റൽ, വിദ്യാർത്ഥികളുടെ പാർപ്പിടം; **-er,** *n.* സത്രക്കാരൻ, വഴിയമ്പലക്കാരൻ, വിദ്യാർത്ഥി; **-ry,** *n.* വഴിയമ്പലം, സത്രം, വിദ്യാർത്ഥിമന്ദിരം.

Hostile, *a.* പകയുള്ള, പ്രതികൂലമായ, വിപക്ഷമായ, വിരുദ്ധം, വിപരീതം; **-ly,** *adv.* ശത്രുവെന്നവണ്ണം; **-ity,** *n.* വിപക്ഷത, വൈരം, ശത്രുത, വിരോധം; 'in a state of constant h. സദാ ബദ്ധവൈരമായ'; 'natural h. സ്വാഭാവവൈരം; വിഗ്രഹം; പിണക്കം, യുദ്ധം'.

Hostler, *n.* കുതിരക്കാരൻ,അശ്വപാലകൻ.

Hot, *a.* ഉഷ്ണമായ, ചൂടുള്ള, പൊള്ളുന്ന, ചുട്ട, ഉഗ്രം, തീക്ഷ്ണം; മുൻകോപിയായ, ക്രോധമുള്ള, സാഹസിയായ, തീക്ഷ്ണകർമ്മാവായ; 'h. blooded or headed ചണ്ഡപ്രകൃതിയായ, സംരംഭിയായ, ശീഘ്രകോപിയായ'; **-ly,** *adv.* തീക്ഷ്ണമായി, തീവ്രമായി, ഉഗ്രമായി; **-ness,** *n.* ഉഷ്ണത, താപം, ഉഗ്രത, ചണ്ഡത; തീക്ഷ്ണത.

Hotchpotch, *n.* പുഴുക്ക്; ഭാഗിക്കാൻ ഒന്നായിക്കൂട്ടിയ വസ്തു.

Hotel, *n.* ഹോട്ടൽ, ക്ലബ്ബ്, ചോററുപുര, വഴിയമ്പലം; കോവിലകം, മഹാന്മാരുടെ വീട്.

Hottentotism, *n.* ഒരുവക വിക്ക്.

Hotspur, *n.* സംരംഭി, സാഹസികൻ.

Hough (hok), *n.* ഉരുതുട.

Houlet, *n.* കൂമൻ.

Hound, *n.* വേട്ടപ്പട്ടി, വേട്ടനായ്; *v. t.* നായെ പിടികൂട്ടുക; നായ്ക്കളെ കൂട്ടിക്കൊണ്ടു നായാടുക.

Hour (our), *n.* മണിക്കൂർ, അഹോരാത്രത്തിന്റെ 24-ൽ ഒരംശം; രണ്ടരനാഴിക.

Houri, *n.* ദേവസ്ത്രീ, ദിവ്യാംഗന, സ്വർഗ്ഗകന്യക.

House, *n.* വീട്, ഗൃഹം, മന്ദിരം, ഭവനം, വസതി; കുലം, അന്വയം, വംശം; ഗൃഹജനം, കുടുംബം, പരിവാരം; കച്ചവടസംഘം; ആലോചനസഭ; 'h. breaker കന്ധ്യഛേദി, ഗൃഹഭേദകൻ'; 'h. hold gods കുലദേവതകൾ'; 'h. holder ഗൃഹി, ഗൃഹപതി'; 'h. keeper വീട്ടുസൂക്ഷിപ്പുകാരൻ, ഗൃഹാവേക്ഷകൻ'; 'h. maid വേലക്കാരി, ദാസി; 'h. keeping ഗൃഹകർമ്മം or വ്യാപാരം'; 'h. wife ഗൃഹിണി, ഗൃഹകാര്യകുശല, ഗൃഹമേധിനി'; 'h. wifery ഗൃഹകാര്യകുശലത'; *v. t.* ഇരിക്കുമിടംകൊടുക്കുക; **-less,** *a.* വീടില്ലാത്ത, നിരാലയം, നിരാശ്രയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Housing, *n.* സൂമാർചെയ്ക, വീട്ടിൽപം പ്പിക്കൽ.

Hovel, *n.* ആല, കുടിൽ, പണ്ണശാല, തുന്ന കുടി; *v. t.* ആലയിലാക്കുക, രക്ഷാസ്ഥല ത്താക്കുക; **-er,** *n.* ഉടഞ്ഞുതാഴുന്ന കപ്പ ലിൽനിന്നും ആളുകളേയും സാമാനങ്ങളെ യും രക്ഷിക്കുന്നവൻ.

Hover, *v. i.* ചുററിപ്പറക്കുക, വട്ടമിട്ടു പറ ക്കുക, ചുററിപ്പററി നില്ക്കുക; *n.* മറവ്. ര ക്ഷ, മൂടി; **-ing,** *n.* കറക്കം, പരിഭ്രമണം, മണ്ഡലാവൃത്തി.

How, *adv.* എങ്ങിനെ, ഏതുവിധത്തിൽ; എത്രത്തോളം; എന്തുകാൎയ്യത്തിന്; **-beit,** *conj.* എങ്കിലും, ആകിലും, എന്നിട്ടും, എ ത്രയായിട്ടും; **-ever,** *adv.* എത്രവന്നാലും, എത്രആയാലും; *conj.* എന്നാലും, എങ്കി ലും; **-so, -ever,** *adv.* and *conj.* ഏതു വിധമായാലും, ഏതുതരത്തിലായാലും etc.

Howdah, *n.* അമ്പാരി, വരാന്ധകം.

Howdy, *n.* സൂതികൎമ്മിണി, വയററാട്ടി; പ തിച്ചി.

Howel, *n.* ഒരുവക ചീപ്പുളി; *v. t.* ഉളികൊ ണ്ടു മിനുസപ്പെടുത്തുക.

Howitzer, *n.* ചട്ടിപ്പീരങ്കി.

Howl, *v. i.* ഓരിയിടുക, ഊളംവിളിക്കുക, നീട്ടിവിളിക്കുക, ഉൽക്രോശിക്കുക, മോങ്ങു ക; *n.* **-ing,** *n.* ഓരി, ഊളൻവിളി, മോ ങ്ങൽ,ആക്രന്ദനം; 'h. of dogs ബുക്കനം'.

Hoy, *n.* പടവ്, മഞ്ചു്, ഓടിവള്ളം, പ ത്തേമാരി; *intj.* ഹോയി, ഹേ, ആരതു്.

Hub, *n.* ചക്രനാഭി; ലക്ഷ്യം, ശരവ്യം; ക ത്തിപ്പിടി; മുഴ.

Hubbub, *n.* കോലാഹലം, ആരവാരം, ക ശപിശശബ്ദം.

Hucklebone, *n.* ശ്രോണ്യസ്ഥി, ഇടുപ്പെല്ല്.

Huckster, *n.* ചില്ലറവ്യാപാരി, നീചൻ; *v. i.* ചില്ലാക്കച്ചവടംചെയ്യുക.

Hud, *n.* തൊണ്ടു്, തോടു്.

Huddle, *v. t.* വാരിവലിച്ചുകൂട്ടുക, കൂട്ടിയടു ക്കുക; *v. i.* തിങ്ങിക്കൂടുക, സങ്കുലീഭവി ക്കുക; *n.* കൂട്ടം, ക്രമമററ കൂട്ടം, സം ക്ഷോഭം.

Hudge, *n.* ഇരുമ്പുതൊട്ടി.

Hue, *n.* വൎണ്ണം, നിറം, ഛായം, രാഗം, ഛ വി; കൂക്കിവിളി വിളിവിളി; 'h. and cry കോലാഹലം, വിളിവിളി, സംഹൂതി'.

Huff, *n.* മൂർഖവെറി, കോപം, രോഷം, സംരംഭം; ദൎപ്പം; ഔദ്ധത്യം; ദാംഭികൻ, മൂർഖൻ വികത്ഥനൻ; *v. t.* or *v. i.* ഊതിവീർപ്പിക്കുക, വിസ്താരപ്പെടുത്തുക, വൎദ്ധിപ്പിക്കുക; ചീറുക, കോപിക്കുക; **-er,** *n.* മൂർഖൻ, ദാംഭികൻ, ശൂരംമന്യൻ; **-ish,** *a.* ചീറുന്ന, കോപിക്കുന്ന.

Hug, *v. t.* കെട്ടിപ്പിടിക്കുക, പുണരുക, ത ഴുകുക, ആലിംഗനംചെയ്ക, കരപററി യോടുക; *n.* ഇറുകെത്തഴുകൽ, കെട്ടിയ ണപ്പു്, ആലിംഗനം, സംശ്ലേഷം.

Huge (hūj), *a.* വലുപ്പമുള്ള, ബൃഹത്തായ, സ്ഥൂലമായ, വിശാലമായ, വിപുലമായ; വണ്ണമുള്ള, മഹാകായമായ; **-ly,** *adv.* വലുതായി, മഹത്തായി; **-ness,** *n.* വലു പ്പം, അതിമഹത്വം, സ്ഥൂലത.

Hulk, *n.* പഴയ കപ്പലിന്റെ ഉടൽ, ജീർണ്ണനൗക.

Hull, *n.* തോടു്, ഉമി; കപ്പലിന്റെ ത ടിച്ച ഭാഗം.

Hum, *v. i.* or *v. t.* കീഴ്സ്വരത്തിൽ പാ ടുക, മന്ത്രിക്കുക, ഇരയ്ക്കുക, ഗുഞ്ജിക്കു; **-ming,** *n.* ഗുഞ്ജനം, കളരവം, ഝങ്കാ രം, അസ്പഷ്ടധ്വനി.

Human, *a.* മനുഷ്യരെ സംബന്ധിച്ച, മാ നുഷം, പൌരുഷേയം, മാനവീയം; മനു ഷ്യ and നര in comp; 'h. nature മാനുഷ്യകം, പുരുഷത്വം, നരസ്വഭാവം'; 'a. h. brute നരപശു'; 'h. kind മനുഷ്യജാതി, മനുഷ്യവൎഗ്ഗം'; **-ize,** *v. t.* മനുഷ്യഗുണമുണ്ടാക്കുക, സഭ്യാചാരംപഠി പ്പിക്കുക; **-ly,** *adv.* മനുഷ്യനെപ്പോലെ; **-Humane,** *a.* ദയാലുവായ, കൃപാലു, സദയം, ദയാർദ്രം, പരോപകാരശീല മുള്ള, ദീനാനുകമ്പിയായ; *see* **-Kind;** **-ity,** *n.* മനുഷ്യഗുണം, ദയ, കരുണ, കൃപ, ആപന്നാനുകമ്പ, ദീനവാത്സല്യം, മനുഷ്യത; മനുഷ്യജാതി; **-ly,** *adv.* ദയ യോടെ, കരുണയോടെ, അനുകമ്പയോ ടെ or സാനുകമ്പം.

Humation, *n.* കഴിച്ചിടൽ, ശവം മറവു ചെയ്യൽ.

Humble, *a.* താണ, എളിയ; അല്പമതി യായ; വണക്കമുള്ള, നമ്രം, വിനീതം, നി രഹങ്കാരം, വിനയശീലം; ദീനം, ആപ ന്നം, നിർധനം; 'in h. days ആപ ത്തിൽ, ദരിദ്രാവസ്ഥയിൽ'; 'the frien- ds of h. days ആപൽകാലീനമിത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ'; *v. t.* താഴ്ത്തുക, മാനംകെടുത്തുക, അവനമിപ്പിക്ക, ഗർവ്വംഭഞ്ജിക്ക; (refl) താഴുക, വണങ്ങുക, ഗർവ്വംകളയുക; 'h. bee ഭ്രമരം'; **-ed,** *a.* താഴ്ത്തിയ, ഗർവ്വംനശിപ്പിച്ച, ആനതം, നമ്രീകൃതം, പാതിതം; **-ing,** *n.* മാനഭംഗം, അഭിഭവം; **-ness,** *n.* താഴ്ച, താഴ്മ, അപകൃഷ്ടത, ക്ഷുദ്രത; വിനയം, നമ്രത, അനഭിമാനം; **-Humbly,** *adv.* താഴ്മയോടെ, എളിമയോടെ, താഴ്മയായി.

Humbug, *n.* ചതി, വഞ്ചന, പ്രതാരണം, കപടം; പിരട്ടുകാരൻ, പിത്തലാട്ടക്കാരൻ, ചതിയൻ, വഞ്ചകൻ; *v. t.* ചതിക്കുക, പററിക്കുക; ചെണ്ടകൊട്ടിക്കുക; **-ger,** *n.* ചതിയൻ; **-gery,** *n.* ചതി.

Humdrum, *a.* ഏകതാളമായ, സാധാരണമായ, വിരസമായ; *n* വിരസംവരുത്തുന്നവൻ, മൂഢൻ, സ്ഥൂലധീ.

Humerus, *n.* ഭുജാസ്ഥി, പ്രഗണ്ഡാസ്ഥി.

Humid, *a.* ഈർപ്പമുള്ള, ഈറനായ, നനഞ്ഞ, ആർദ്രമായ; **-ity,** *n.* ഈർപ്പം, ഈറം, ആർദ്രത.

Humiliate, *v. t.* ഗർവ്വംകളയുക, തോല്പിക്കുക; താഴ്ത്തുക; *see* **Humble**; **-ing,** *a.* മാനംകെടുത്തുന്ന, ദർപ്പഹരം; **-ion,** *n.* ഗർവ്വഭംഗം, അവമാനത, മാനഹാനി, അഭിഭവം, അപകർഷം, ഇഴിവ്, പണിവ്.

Humility, *n.* അടക്കം, പണിവ്, അനുസരണം, വിനയം, ശാലീനത, അനഹങ്കാരം, അനൌദ്ധത്യം.

Hummock, *n.* മൊട്ടക്കുന്ന്.

Hummum, *n.* സ്വേദസ്നാനം; വ്യായാമസ്ഥലം.

Humor, Humour (-mér), *n.* ഭാവം, വൃത്തി, മനോവൃത്തി, ശീലം, പ്രകൃതി; 'good h. സദ്ഭാവം, സുശീലത'; 'bad h. വക്രഭാവം ദുഃശീലം'; 'joyous h. ആനന്ദവൃത്തി, മനോലൌല്യം, ബുദ്ധിചാപല്യം'; ഈറം, നനവ്; രസം, ജലം, ധാതു; 'disorder of the three h. s' ദോഷത്രയം or ത്രിദോഷകോപം'; വൈദഗ്ദ്ധ്യം, രസികത, രസം, വൈചിത്ര്യം; *v. t.* പ്രസാദിപ്പിക്കുക; അനുവൎത്തിപ്പിക്കുക, അനുരഞ്ജിപ്പിക്കുക, സന്തോഷിപ്പിക്കുക; **-ing,** *n.* അനുവൎത്തനം, ഭാവാനുപ്രവേശം; **-ist,** *n.* വൈഹാസികൻ, ഹാസകരൻ, വിദൂഷകൻ; രസജ്ഞൻ, സരസൻ, ഫലിതക്കാരൻ; **-ous,** *a.* നേരംപോക്കായ, ഫലിതമായ, സരസം, ഹാസ്യം; in comp. use നർമ്മ; **-ously,** *adv.* സരസമായി, വിനോദാർത്ഥം, പരിഹാസപൂർവ്വം, ഫലിതമായി; **-some,** *a.* വക്രശീലമായ, ദുഃശീലം, ചലചിത്തമുള്ള, ലോലമതിയായ; *see* **Fickle.**

Hump, *n.* ഉപ്പൂടി, പോഞ്ഞ്, തിമിൽ, കകുദം; 'h. back കൂനൻമുതുക്'.

Hun, *n.* ഹങ്കേറിയൻ.

Hunch, *n.* മുഴ, കൂന്; പിണ്ഡം; *v. t.* കൈമുട്ടുകൊണ്ടു താഡിക്ക or തിക്കുക; 'h. backed കൂനുള്ള'.

Hundred, *n.* നൂറ്; *a.* നൂറ്; **-th,** *a.* *and* *n.* നൂറാമത്തെ, നൂറാമത്തതു്.

Hunger, *n.* പശി, വിശപ്പ്, ക്ഷുധ, ബുഭുക്ഷ; *v. i.* പശിയെടുക്ക, വിശക്കുക; ആഗ്രഹിക്കുക, **-Hungry,** *a* പശിയുള്ള, വിശപ്പുള്ള, ക്ഷുധാൎത്തം, ക്ഷുൽപീഡിതം; അവസന്നം, ക്ഷീണം, ക്ഷാമം, കൃശം.

Hunk, *n.* വലിയ തുണ്ടം.

Hunker, *n* പരിഷ്കാരവിരോധി, പഴമപ്രിയൻ; **-ism,** *n.* പരിഷ്കാരവിരോധം,

Hunks, *n.* ലുബ്ധൻ.

Hunt *v. t. or v. i.* വേട്ടയാടുക, പിൻതുടരുക, ആരാഞ്ഞുപാൎക്കുക; *n.* **-ing,** *n.* വേട്ട, വേട്ടയാടൽ, പിൻപററൽ, മൃഗയ, അനുസരണം, അന്വേഷണം, അനുധാവനം; 'h. dress മൃഗയാവേഷം'; **-er,** **-Huntsman,** *n.* വേട്ടക്കാരൻ, വ്യാധൻ, ജീവാന്തകൻ.

Hurdle, *n.* തട്ടി, കാഷ്ഠാവരണം, വേലി; 'h. race തട്ടിക്കുതിരപ്പന്തയം'; *v. t.* മരവേലികെട്ടുക.

Hurdy-gurdy, *n.* ഒരു മാത്രം.

Hurl, *v. t.* ചാട്ടുക, എറിയുക, ചുഴററിയെറിയുക; *n.* വീശിയേറ്, ഏറ്, ചാട്ടൽ, ക്ഷേപണം; തുമുലം, കോലാഹലം; **-ing,** *n.* ഏറ്, ക്ഷേപണം; 'h. of stones ശിലാവർഷം'.

Hurlyburly, *n.* അമളി, കോലാഹലം, ഇരപ്പ്.

Hurra, Hurrah (hö-), *n. and intj.* ജയശബ്ദം, ഹർഷനിസ്വനം, ഹർഷനാദം; ജയജയ, ഭേഷ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Hurricane, *n.* പുയൽ, കോട, കൊടുങ്കാററ്, മഹാവാതം, വേഗാനിലൻ, ചക്രവാതം, ജവാനിലൻ.

Hurry, *n.* ത്വര, വേഗം, സംഭ്രമം, വ്യഗ്രത, ആകുലത്വം; *v. i.* ബദ്ധപ്പെടുക, വേഗം പോകുക, സംഭ്രമത്തോടെ ഗമിക്കുക; *v. t.* വേഗപ്പെടുത്തുക, ത്വരിപ്പിക്ക; **-ed,** *a.* ത്വരിതമായ, ശീഘ്രം; 'a h. speach ധൃതിയിലുള്ള പ്രസംഗം, ത്വരിതോദിതം'; **-edly,** *adv.* വേഗത്തിൽ, ബദ്ധപ്പെട്ട്, സത്വരം, സംഭ്രമത്തോടെ, വ്യഗ്രമായി.

Hurt, *n.* പരുക്ക്, ക്ഷതം, ഹിംസ, അപകാരം, പീഡ; അപായം, ക്ഷയം, ചേതം, നഷ്ടം, നാശം: *v. t.* പരുക്കേല്പിക്ക, പീഡിപ്പിക്ക, ഹിംസിക്ക, ദ്രോഹിക്ക, അപകാരംചെയ്ക, ചേതപ്പെടുത്തുക, നഷ്ടപ്പെടുത്തുക; **-ful,** *a.* പരുക്കുണ്ടാക്കുന്ന, പീഡാകരം, ഹിംസാത്മകം, ഹാനികരം; ഹിംസ്രം; **-fully,** *adv.* ഹിംസാപൂർവം, സാപകാരം, പരുക്കേല്പിച്ച്; **-less,** *a.* പരുക്കുകൂടാത്ത, അക്ഷതമായ; അഹിംസ്രമായ, അനപകാരിയായ.

Hurtle, *v. i.* കൂട്ടിമുട്ടുക, സംഘട്ടനം ചെയ്ക; ത്ധടിതിയിൽ നിഷ്ക്രമിക്ക; മാറൊലിക്കൊള്ളുക, പ്രതിധ്വനിക്കുക.

Husband, *n.* കണവൻ, ഭർത്താവ്, പതി, ദയിതൻ, നാഥൻ, പ്രിയതമൻ; 'h. and wife ദമ്പതിമാർ, ജായാപതിമാർ, ഭാര്യാപതിമാർ'; 'h.'s brother ദേവരൻ, ദേവലൻ'; 'a second h. രണ്ടാംഭർത്താവ്', ദിധിഷു'; 'h.'s sister നനാന്ദാവ്'; 'h.'s brothers wife യാതാവ്'; 'sister's h. സ്യാലൻ, ഭഗിനീപതി'; *v. t.* പരിമിതമായി ചെലവുചെയ്ക, പിടിച്ചുചെലവുചെയ്ക; **-less,** *a.* വിധവ, അനാഥ, നിർണാഥ; **-ry,** *n.* വേളാൺമ, കൃഷി, കൃഷിപ്പണി, വൈശ്യവൃത്തി; പരിമിതവ്യയം, വീട്ടുകാര്യജ്ഞാനം; **Husbandman,** *n.* ഉഴവൻ, വേളാളൻ, കൃഷിക്കാരൻ, കൃഷീവലൻ; വൈശ്യൻ.

Hush, *intj.* ശ്ശ്!, മിണ്ടരുത്!, ശബ്ദം!; *v. i.* മിണ്ടാതിരിക്കുക, സംസാരിക്കാതിരിക്കുക; *v. t.* അടക്കുക, ശമിപ്പിക്കുക, മിണ്ടാതാക്കുക; *a.* നിശ്ശബ്ദമായ, ശാന്തമായ.

Husk, *n.* ഉമി, തോട്, പട്ട.

Hussar, *n.* കുതിരവീരൻ.

Hussy, *n.* വന്ധകി.

Hustle (hus'l), *v. t.* തുരത്തുക, ഉന്തിത്തള്ളുക; കുലുക്കുക; സംക്ഷോഭിപ്പിക്ക; *v. i.* ഉന്തിത്തള്ളിപ്പോകുക.

Hut, *n.* കുടിൽ, ചെററപ്പുര, ചാള, പന്ത; *v. t.* കുടിലിൽ പാർപ്പിക്കുക; *v. i.* ചെററയിൽ പാർക്കുക.

Hutch (huch), *n.* പെട്ടി, പെട്ടകം, ധാന്യകോശം, പത്തായം.

Huzza, *n.* ആനന്ദശബ്ദം, ആരവാരം.

Hyacinth, *n.* ഒരുപൂച്ചെടി; ഒരുവകരത്നം.

Hyalescence, *n.* അച്ഛത, സ്ഫടികത്വം; **-Hyaline,** *a.* കാചമയമായ, കണ്ണാടിയായ, സ്ഫടികതുല്യമായ; *n.* ആകാശം; സമുദ്രം; **-lography,** *n.* കാചലേഖനം; **-Hyaloid,** *a.* സ്ഫടികതുല്യമായ.

Hybrid, *a.* സങ്കരമായ, ഇരുജാതിചേർന്നുണ്ടായ; *n.* ഇരുജാതിസന്താനം; **-ism, -ity,** *n.* ജാതിസങ്കരത്വം.

Hydatoid, *a.* വെള്ളംപോലുള്ള.

Hydra, *n.* ജലവ്യാളം, ജലത്തിൽനിവസിക്കുന്ന അനവധിതലയുള്ള സർപ്പം; ഒരു ഭയങ്കരജന്തു; ദോഷസഞ്ചയം; കൂട്ടനക്ഷത്രം.

Hydraemia, *n.* രക്തക്കുറവ്, നീർപിത്തം.

Hydragogue, *a.* നീർവറുന്ന; *n.* നീർവററിക്കുന്ന മരുന്ന്.

Hydraulic, -ical, *a.* ജലപ്രേരിതമായ; ജലവാഹിനിയായ; **-ics,** *n.* ചലജ്ജലവിജ്ഞാനം.

Hydriad, *n.* ജലദേവത.

Hydrocele, *n.* കോശവൃദ്ധി, ആന്ത്രശൂലം, വൃദ്ധിവീക്കം.

Hydrocephalus, *n.* തലച്ചോർനീരിനുള്ള രോഗം, മസ്തിഷ്കശോഫം, ശിരോഗ്രഹം.

Hydrogen, *n.* അബ്ജനകം, ജലബാഷ്പം.

Hydrography, *n.* ജലാശയവിവരണം, സമുദ്രവേലാദിവിവരണം.

Hydromel, *n.* ജലമധു.

Hydropathy, *n.* ജലവൈദ്യം, ജലപ്രയോഗചികിത്സ.

Hydrophid, *n.* കടൽപാമ്പ്.

Hydrophobia, -phoby, *n.* ജലസന്ത്രാസം, ജലഭയരോഗം; പേനായ്വിഷരോഗം.

Hydropsy, *n.* നീർവീക്കം.

Hyemal, *a.* ഹൈമന്തം, ശീതകാലീനം.

Hyena, Hyaena, *n.* തരക്ഷു, തർക്ഷു, കഴുതപ്പുലി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Hygiene, *n.* ആരോഗ്യവിദ്യ.
Hygrometer, *n.* ക്ലേദമാപകം.
Hylic, *a.* ജഡപദാർത്ഥസംബന്ധമായ; **-lism,** *n.* ഭൗതികവാദം.
Hymen, *n.* വിവാഹം; വിവാഹദേവത, മന്മഥൻ; കന്യാചർമ്മം; **-eal,** *a.* വൈവാഹികം, ദാമ്പത്യസംബന്ധമായ.
Hymn (him), *n.* സ്തോത്രം, സൂക്തം, ഗേയം, ഗാനം, സ്തുതിഗീതം; 'chanter of h. s ഉദ്ഗാതാവു്'; *v. t.* ഗാനംചെയ്യുക, പാടിസ്തുതിക്കുക or പ്രശംസിക്കുക.
Hyp, *n. see* **Dejection.**
Hyperbole, *n.* അതിശയോക്തി, അത്യുക്തി, സത്യാതിക്രമം; **-ic, -ical,** *a.* അത്യുക്തിപൂർവം; **-ize,** *v. t.* വീർപ്പിച്ചു പറയുക.
Hyperborean, *a.* വടക്കുള്ള, ഉദീചീനം, ഉത്തരീയം.
Hypercritic, *n.* അതിസൂക്ഷ്മമായി നിരൂപണംചെയ്യുന്നവൻ, ഛിദ്രാന്വേഷി, ദോഷൈകദൃക്, അത്യധികം കുററം പറയുന്നവൻ.
Hypertrophy, *n.* അതിവളച്ച്.
Hyphen, *n.* സംയോഗചിഹ്നം, വിയോഗചിഹ്നം; '‒' എന്ന വര; *v. t.* വരയിട്ടു ചേർക്കുക; വരയിട്ടു വേർപെടുത്തുക.
Hypnosis, *n.* മയക്കം; **-nobate,** *n.* ഉറക്കത്തിൽ നടക്കുന്നവൻ.
Hypnotic, *a.* ഉറക്കംവരുത്തുന്ന, നിദ്രാജനകമായ; **-notism,** *n.* മയക്കം.

Hypochondria, *n.* പിത്തോന്മാദം, വായുകോപം; മിഥ്യാരോഗഭീതി, വിഷാദം, അവസാദം; **-cal,** *a.* പിത്തോന്മാദിയായ, വിഷണ്ണമായ.
Hypocrite, *n.* കപടനാട്യക്കാരൻ, കള്ളസ്സന്യാസി, കാപട്യക്കാരൻ, ദാംഭികൻ; **-ical,** *a.* ദംഭിയായ, കപടക്കാരനായ, ദാംഭികമായ; **-ically,** *adv.* കള്ളമായി, സവ്യാജം; **-Hypocrisy,** *n.* കാപട്യം, പുറംപൂച്ച്, ബകവൃത്തി, കള്ളത്തരം, ആയ്യരൂപത.
Hypodermic, *a.* തൊലിക്കകത്തുള്ള, ത്വഗന്തർഗതമായ.
Hypostasis, *n.* ആദിവസ്തു, ഭാവം, സത്വം, തത്ത്വം, പുരുഷൻ; ഊറൽ.
Hypostrophe, *n.* രോഗപുനരാഗമനം.
Hypotenuse, *n.* കർണ്ണം, ശ്രുതി, വിപുലരേഖ.
Hypothec, *n.* കടിയാൻെറ വിളവിന്മേൽ ജന്മിവാരത്തിനുള്ള പണയാവകാശം.
Hypothecate, *v. t.* പണയംവയ്ക്കുക.
Hypothesis, *n.* ഉപന്യാസം, പ്രതിജ്ഞ, സങ്കേതം, സമയം; **-thetic, -thetical,** *a.* ഉപന്യസ്തം, സാങ്കേതികം, കല്പിതം; **-ally,** *adv.* സോപന്യാസം, സസങ്കേതം, പ്രതിജ്ഞാക്രമേണ.
Hysteria (Hyster'ics), *n.* വാതോന്മാദം, ഹർഷമൂർഛ, മോഹം, മോഹാലസ്യം, കോട്ട്, ശന്നി; **-Hysteric, -al,** *a.* മോഹാലസ്യമുള്ള, മൂർഛയുള്ള, തളച്ച്യുള്ള.

I *pron.* ഞാൻ, അടിയൻ, നാം, ഈയുള്ളോൻ, ഈയുള്ളോം.
Iamatology, *n.* ഔഷധിശാസ്ത്രം.
Iambic, *n.* ഒരുലഘുവും ഒരുഗുരുവും കൂടിയ ഗണം.
Ice (īs) *n.* മഞ്ഞുകട്ട, ഹിമസംഹതി; 'i. berg ഹിമപർവതം, ഹിമരാശി, ഒഴുകുന്ന മഞ്ഞുമല, മഞ്ഞുകട്ടി.; *v. t.* ഹിമീകരിക്കുക, മഞ്ഞുകൊണ്ടുതണുപ്പിക്കുക; **-Icy,** 'i cold, *a.* മഞ്ഞുപോലെതണുത്ത'; ഹിമശിശിരം, ശീതം; നിരുത്സാഹമായ, സ്നേഹമില്ലാത്ത, വീതരാഗമായ.
Ichneumon, *n.* കീരി, നകുലം.

Ichor, *n.* പൂയരക്തം, വ്രണനീർ.
Ichthyography, *n.* മത്സ്യവിവരണം; **-Ichthyology,** *n.* മത്സ്യശാസ്ത്രം.
Icon, *n.* മൂർത്തി, ദേവതാപ്രതിമ; **-oclasm,** *n.* പ്രതിമാഭംഗം; **-oclast,** *n.* ദേവതാപ്രതിമാഭഞ്ജകൻ, വിഗ്രഹഭഞ്ജകൻ; **-ography,** *n.* പ്രതിമാലിഖനം; **-ology,** *n.* പ്രതിമാവിദ്യ.
Icosahedron, *n.* വിംശതിമുഖക്ഷേത്രം.
Icterus, *n.* പിത്തകാമല.
Idea, *n.* മതി, ബുദ്ധി; മതം, അഭിപ്രായം, ആശയം, മനോഗതം, ഭാവം; സങ്കല്പം, കല്പന, ഭാവന; വാസന, ബോധം; **-deal,**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

a. മനഃകല്പിതമായ, മാനസമായ, സദ്ഗുണസംയുക്തം, മാതൃകയാക്കത്തക്ക; *n.* മനോരഥസൃഷ്ടി, ആദർശം വിശിഷ്ടാഭിപ്രായം; **-ism,** *n.* ബാഹ്യശൂന്യവാദം; **-ly,** *adv.* മനസ്സുകൊണ്ട്, ഭാവനാപൂർവ്വം.

Identical, *a.* അതുതന്നെയായ, അനന്യം, അനന്യരൂപം, നിർവിശേഷം, അഭിന്നം അവ്യതിരിക്തം; **-ly,** *adv.* അഭിന്നമായി, അനന്യമായി, സമമായി, നിർവിശേഷമായി; **-Identify,** *v. t.* സമീകരിക്കുക, തത്തുല്യമാക്കുക, അതുതന്നെ ഇതെന്നു പ്രതിപാദിക്കുക; *v. i.* അനന്യമാകുക; **-ication,** *n.* അനന്യമാക്കൽ, സമീകരണം, ഏകരൂപത, സായുജ്യം, വിഭാവനം; **-Identity,** *n.* ഐക്യം, അനന്യത, അഭേദം, താദാത്മ്യം, സാരൂപ്യം, സായുജ്യം; 'i. of thought ചിദൈക്യം'; 'i. of class സാവർണ്ണ്യം'.

Ideology, *n.* മാനസശാസ്ത്രം.

Idiocrasy, *n. see* **Idiosyncrasy.**

Idiograph, *n.* സ്വന്തഅടയാളം, പ്രത്യേക അടയാളം.

Idiolatry, *n.* സ്വയംപൂജ; സ്വയാഭിമാനം.

Idiom, *n.* വാക്സമ്പ്രദായം, വാഗ്വ്യവസായം, വാക്പദ്ധതി, വിശിഷ്ടസ്വരൂപം; **-omatic, -al,** *a.* നടപ്പായ, ഭാഷാരീതിയനുസരിച്ചുള്ള.

Idiosyncrasy, *n.* ദേഹക്കൂറ്, ദേഹസ്വഭാവം.

Idiot, *n.* ജളൻ, മൂർഖൻ, മൂഢൻ, മാടൻ, അജ്ഞൻ. അനാത്മജ്ഞൻ; **-Idiocy,** *n.* മൂഢത, മൂർഖത, അജ്ഞത, ബാലിശത, മടയത്തം.

Idle (i'dl), *a.* വേലയില്ലാത്ത, തൊഴിലില്ലാത്ത, അലസമായ, കാര്യവിമുഖമായ; അവ്യാപൃതം, നിരുദ്യോഗം, നിശ്ചേഷ്ടം, ഉദാസീനം, നിരുത്സാഹം; നിരർത്ഥകം, നിഷ്പ്രയോജനം, വ്യർത്ഥം; *v. t* സമയം നഷ്ടപ്പെടുത്തുക, കാലംകളയുക; നേരംപോക്കുക, സമയംകൊല്ലുക; *v. i.* അലസമായിരിക്ക, വെറുതേയിരിക്ക, മിനക്കെടുക; **-er,** *n.* അലസൻ, മിനക്കെടുന്നവൻ; **-ness,** *n.* അല്പസത, ആലസ്യം, ഉദാസീനത; അനുദ്യോഗം, കാര്യശൂന്യത, തൊഴിലില്ലായ്മ; **-Idly,** *adv.* അലസമായി; തൊഴിലില്ലാതെ; നിരർത്ഥകമായി, വെറുതെ, മന്ദം.

Idol, *n.* പ്രതിമ, വിഗ്രഹം, ദേവതാവിഗ്രഹം, പ്രതികൃതി; പ്രേമവസ്തു; തെററായ വിശ്വാസം; **-ater** (Idolatrous), *n.* പ്രതിമാപൂജകൻ, വിഗ്രഹാരാധനക്കാരൻ; **-Idolatry,** *n.* വിഗ്രഹാരാധന, പ്രതിമാർച്ചനം, ദേവതാർച്ചനം, പ്രതിമാസേവ; **-atrize,** *v. t.* പ്രതിമയേ നിർമ്മിക്ക; വിഗ്രഹത്തേ ആരാധിക്ക, പൂജിക്ക or അർച്ചിക്കുക; **-Idolize,** *v. t.* ദൈവമായിക്കരുതുക, ദൈവത്തെപ്പോലെ പൂജിക്കുക, മേന്മപ്പെടുത്തുക; **-oclast,** *n.* വിഗ്രഹഭഞ്ജകൻ.

Idoneous, *a.* തക്ക, യുക്തമായ, പററിയ, യോജിക്കുന്ന; *see* **Fit.**

Idyl, Idyll (ī'dil), *n.* ആയർപാട്ട്, ചെറുകവിത, സരസകവിത, ആനായകവിത; **-lic,** *a.* ആയർപാട്ടിനെസംബന്ധിച്ച.

I. e (id est) എന്നുവെച്ചാൽ, അതായതു്.

If, *conj.* എങ്കിൽ, അങ്ങിനെയാകിൽ, അല്ലന്നമാണെങ്കിൽ, അപ്രകാരമായാൽ.

Igneous (-ūs), *n.* തീയുള്ള, ജ്വലിക്കുന്ന, എരിയുന്ന, ആഗ്നേയമായ.

Igni-Fatuus, *n.* മിഥ്യാഗ്നി, മിഥ്യാദീപ്തി, കൊള്ളിവായ്പിശാച്.

Ignite, *v. t. or v. i.* ജ്വലിപ്പിക്കുക, കത്തിക്കുക, ദീപിപ്പിക്കുക, ദഹിപ്പിക്ക, തപിപ്പിക്ക; **-ion,** *n.* കൊളുത്തൽ, ജ്വലനം, എരിച്ചിൽ.

Ignoble, *a* ഇടിവുള്ള, താണകുലത്തിലുള്ള, ഹീനജാതിയായ, അനാര്യം; *see* **Base;** അകീർത്തികരമായ, ലജ്ജാകരം; **-nobly,** *adv.* അനാര്യമായി, നീചമായി, അകീർത്തികരമായി.

Ignominy, -nomy, *n.* മാനഭംഗം, അപഖ്യാതി; അപകർഷം, കളങ്കം; **-ious,** *a.* മാനംകെട്ട, ലജ്ജാകരം, നിന്ദ്യം.

Ignoramus, *n.* മൂഢൻ, അജ്ഞൻ, പണ്ഡിതംമന്യൻ.

Ignore, *v. t.* സ്വീകരിക്കാതിരിക്കുക, ഗൌനിക്കാതിരിക്കുക, വകവയ്ക്കാതിരിക്കുക, അറിയാതിരിക്കുക; **-Ignorance,** *n.* അറിവില്ലായ്മ, അജ്ഞാനം, അവിദ്യ, ജ്ഞാനാഭാവം, മോഹം; ജ്ഞാനഹീനത, അനഭിജ്ഞത, അജ്ഞത; 'difference imagined by i. അവിദ്യാകല്പിതഭേദം'; **-ant,** *a.* അറിവില്ലാത്ത, അജ്ഞം, അനഭിജ്ഞം; മൂഢം, അവിജ്ഞം, അപണ്ഡി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം, വിദ്യാരഹിതം; **-antly,** *adv.* അറിവില്ലായ്കയാൽ, അജ്ഞാനംകൊണ്ട്, അജ്ഞാനപൂർവ്വം.

Iguana, *n.* ഉടുമ്പ്, ഗോധ.

Ileum, ileon, *n.* കൃശാന്ത്രം; **-ileac, -iliac,** *a.* ആന്ത്രികം, ആന്ത്രസംബന്ധമായ; 'i. pain ആന്ത്രശൂലം, ആന്ത്രവ്യാധി'.

Ilium, *n.* അരക്കെട്ടെല്ല്.

Ilk, *a.* അതേ, അതുതന്നെയായ, ഓരോരുത്തൻ.

Ill, *a.* ചീത്തയായ, ആകാത്ത, കൊള്ളരുതാത്ത, ദുഷ്ടം, പാപം, കുത്സിതം, അശുഭം; expressed by ദുർ, കു, അപ etc.; സുഖമില്ലാത്ത, അസ്വസ്ഥം, രോഗമുള്ള; *n.* ദുഷ്ടത, ഖലത, അസത്ത്, അസാധുത്വം; പാപം, ദുരാചാരം, ദോഷം, അപരാധം; അനിഷ്ടം, അശുഭം, ദുർഗ്ഗതി, അനർത്ഥം, അരിഷ്ടം, കഷ്ടം; അപകാരം, അപകൃതി, അഹിതം, സുഖക്കേട്, രോഗം, വ്യാധി, അസ്വാസ്ഥ്യം; *adv.* അസാധുവായി, അന്യായമായി, ദുഷ്ടമായി, ചീത്തയായി, വേണ്ടാത്തതായി; ദുഃഖത്തോടെ, കഷ്ടമായി, കൃച്ഛ്റമായി; in comp. words ex. by ദുർ, കു, അപ, വി, അ etc; 'i. advised അപരീക്ഷിതം, അവിമൃശിതം'; 'i. affected വിരക്തം, ദ്രോഹബുദ്ധിയായ'; 'i. arranged, ordered or regulated ദുഷ്ക്രമം, ദുർവ്വിരചിതം, അവ്യവസ്ഥിതം'; 'i. behaved, bred or natured അവിനീതമായ, ദുഃശീലം, ദുർവൃത്തം; 'i. blood പക, ശത്രുത്വം'; 'i. breeding അപമര്യാദ, ദുരാചാരം, അസഭ്യത'; 'i. conditioned ദുഃസ്ഥിതം'; 'i. fame അപകീർത്തി, ദുഷ്കീർത്തി'; 'i. fated ദുർഭാഗ്യമായ, മന്ദഭാഗ്യം, ദൈവോപഹതം; 'i. favoured, -formed, -shaped കുരൂപമായ, ദുർദ്ദർശനമായ'; 'i. feeling മനസ്താപം, പക'; 'i. fitted അയോഗ്യം, അനുചിതം'; 'i. gotten അന്യായാർജ്ജിതം'; 'i. grounded അമൂലകം'; 'i. humour ദുഃശീലം, വൈരതി'; 'i. judged അനാലോചിതം'; 'i. nature നിർദ്ദയപ്രകൃതി'; 'i. temper ദേഷ്യം, ദുഷ്പ്രകൃതി, വാമശീലം or ശീലത'; 'i. tempered വക്രഭാവമുള്ള'; 'i. omened അശുഭസൂചകമായ'; 'i. sounding അപസ്വരം'; 'i. timed അകാലമായ, അപ്രാപ്തമായ, അകാലികമായ'; 'i. treat ചീത്തയായി പെരുമാറുക'; 'i. treatment അപകാരം, പീഡ, കൊള്ളരുതാത്ത പെരുമാററം'; 'i. turn അപകാരം, അപ്രിയം, അഹിതം, ദ്രോഹം; 'i. will ദുഷ്ടബുദ്ധി, ദ്രോഹം, ദ്വേഷം, മാത്സര്യം, അസൂയ'; **-ness,** *n.* സുഖക്കേട്, ദീനം, രോഗം, വ്യാധി, ദുഃഖം.

Ilapse, *v. i.* വീഴുക, പെട്ടെന്നു പ്രവേശിക്കുക; *n.* വഴുതൽ, വീഴ്ച, പതനം; ആക്രമണം.

Illaqueate, *v. t.* കുടുക്കുക, പിടിക്കുക, ഗ്രഹിക്കുക.

Illation, *n.* അനുമാനം, തർക്കം, ഊഹം; **-lative,** *a.* ആനുമാനികമായ; **-ly,** *adv.* അനുമാനിച്ച്, ഊഹിച്ച്.

Illegal, *a.* നിയമവിരുദ്ധമായ, ശാസ്ത്രവിരുദ്ധം, ന്യായവിരുദ്ധം, അന്യായം; **-ity,** *n.* നിയമവിരോധം, ധർമ്മവിരോധം, ശാസ്ത്രവിരോധം, ന്യായവിരോധം, നിയമഭംഗം; **-ly,** *adv.* നിയമവിരുദ്ധമായി.

Illegible, *a.* വായിക്കാൻ കഴിയാത്ത, ദുർവ്വാച്യമായ, അവ്യക്താക്ഷരം, അസ്പഷ്ടാക്ഷരം.

Illegitimate, *a.* നിയമാനുസാരമല്ലാത്ത, അന്യായം, നിയമവിരുദ്ധം; വിജാതം, ഒളിഭർത്താവിനുണ്ടായ, ജാരജാതം; അനൗരസം; കൃത്രിമം; **-ly,** *adv.* ന്യായരഹിതമായി, വ്യഭിചാരത്താൽ; **Illegitimacy,** *n.* വിജന്മം, വൈജാത്യം, അനൗരസത്വം, അധർമ്മജനനം.

Illesive, *a.* ഹാനിയുണ്ടാക്കാത്ത.

Illeviable, *a.* വസൂലാക്കാൻ പാടില്ലാത്ത.

Illiberal, *a.* അനാദരമായ, പിശുക്കുള്ള, കൃപണബുദ്ധിയായ, ഉാവിരിവില്ലാത്ത; **-ity,** *n.* ഔദാര്യക്കുറവ്, നീചത.

Illicit, *a.* പ്രതിഷിദ്ധമായ, അധർമ്മ്യം, അന്യായ്യം, നിയമവിരുദ്ധം.

Illimitable, *a.* നിരവധിയായ, അനന്തം, അമേയം, അളവില്ലാത്ത.

Illinition, *n.* പൂശല്; തൈലം; പൂച്ച്.

Illiterate, *a,* പഠിപ്പില്ലാത്ത, എഴുത്തറിയാത്ത, അശിക്ഷിതം, അവ്യുത്പന്നം, വിദ്യാഹീനം, നിരക്ഷരം, സംസ്കാരമില്ലാത്ത.

Illogical, *a.* ശരിയല്ലാത്ത, അയുക്തിസിദ്ധമായ, ന്യായവിപരീതം, യുക്തിയില്ലാത്ത; 'i. conclusion അപസിദ്ധാന്തം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിനിഗമം; **-ly,** *adv.* ന്യായവിരുദ്ധമായി.

Illude, *v. t.* വഞ്ചിക്കുക, ചതിക്കുക, കളിപ്പിക്കുക, മോഹിപ്പിക്കുക; **Illusion,** *n.* മായ, പ്രപഞ്ചം, ജാലം; *see* **Delusion, -Illusive, Illusory,** മായയായ, ജാലമായ, ഐന്ദ്രജാലികം; *see* **Delusive.**

Illume, Illumine, Illuminate, *v. t.* തെളിയിക്ക, ദ്യോതിപ്പിക്ക, പ്രകാശിപ്പിക്ക, ഉദ്ഭാസിപ്പിക്ക, ഉദ്ദീപിപ്പിക്ക; **-mination,** *n.* വെളിച്ചം, ഉദ്ഭാസനം, ദ്യോതനം, പ്രകാശനം, ദീപമാല, ദീപോത്സവം; **-minator,** *n.* ദ്യോതകൻ, പ്രകാശകൻ, ദീപകൻ, ശൃംഗാരമോടിക്കാരൻ.

Illustrate, *v. t.* തെളിയിക്കുക, വെളിവാക്കുക, ദൃഷ്ടാന്തപ്പെടുത്തുക, വ്യാഖ്യാനിക്കുക, വിവരിക്കുക, ഉദാഹരിക്കുക, ചിത്രത്താൽ വിശദീകരിക്കുക, ചിത്രംകൊണ്ടു ശോഭിപ്പിക്കുക; **-ion,** *n.* ഉദാഹരണം, ദൃഷ്ടാന്തം, നിദർശനം; വ്യാഖ്യാനം, പ്രകാശനം, നിരൂപണം; **-ive,** *a.* തെളിവുവരുത്തുന്ന, പ്രകാശകം; **-or,** *n.* പ്രകാശകൻ, നിദർശകൻ, വ്യാഖ്യാതാവ്.

Illustrious, *a.* വിശ്രുതമായ, ഖ്യാതം, പുകഴ്പെററ, പ്രസിദ്ധമായ; *see* **Famous;** വിശിഷ്ടം, ഉത്തമം, ഉൽകൃഷ്ടം, പരമം, ശോഭനം; **-ly,** *adv.* വിശ്രുതമായി, വിശിഷ്ടതയോടെ; **-ness,** *n.* വിശ്രുതി, ഖ്യാതി.

Image, *n.* പ്രതിമ, മൂൎത്തി, വിഗ്രഹം, പ്രതിബിംബം, പ്രതിച്ഛായ; *see* **Idea;** *v. t.* മനസ്സുകൊണ്ടുവിചാരിക്കുക, പ്രതിബിംബപ്പെടുത്തുക, ഛായകാട്ടുക; നിരൂപിക്കുക; **-ery,** *n.* മനഃകല്പന, മനഃസങ്കല്പം, ഭാവന; ലക്ഷണ; ആഡംബരം.

Imagine, *v. t.* നിനയ്ക്കുക, ഭാവിക്കുക, സങ്കല്പിക്കുക, ധ്യാനിക്കുക; ചിന്തിക്കുക, മനോരാജ്യംകൊള്ളുക. **-able,** *a.* സംഭാവ്യം, ചിന്തനീയം, നിനയ്ക്കാവുന്ന; **-ary,** *a.* മനഃകല്പിതം, വാസനാസൃഷ്ടം, ഭാവനാസൃഷ്ടം, മാനസം, കാല്പനികം, സങ്കല്പജം, മനോരാജ്യമായ; അടിസ്ഥാനമില്ലാത്ത; **-ation,** *n.* ഭാവന, കല്പന, സങ്കല്പം; (faculty of i.) കല്പനാശക്തി, ഭാവന; **-ative,** *a.* കല്പകം, ഭാവനാപരം, കല്പനാശീലമായ.

Imban, *v. t.* ശപിക്കുക.

Imband, *v. t.* സഖ്യംചെയ്യുക.

Imbathe, *v. t.* കുളിപ്പിക്കുക.

Imbecile, *a.* ക്ഷീണിച്ച, ദുർബ്ബലം, അശക്തം; അല്പമതിയായ, ക്ഷീണഹൃദയമായ; **-ity,** *n.* ദൌർബ്ബല്യം, ക്ഷീണഹൃദയത്വം.

Imbed, *v. t.* ഇട്ടുമൂടുക, മൂടിക്കളയുക.

Imbibe, *v. t.* നുകരുക, വലിച്ചെടുക്കുക, ഇറമിക്കുടിക്കുക; വശമാക്കുക, പഠിക്കുക, അഭ്യസിക്കുക.

Imbow, *v. t.* വില്ലുപോലെയാക്കുക, വളയ്ക്കുക, കോട്ടുക; **-ment,** *n.* വളയ്ക്കൽ, നമനം.

Imbox, *v. t.* പെട്ടിയിലിട്ടുവയ്ക്കുക.

Imbrangle, *v. t.* വലയിൽപിടിയ്ക്കുക; സമ്മിശ്രമാക്കുക.

Imbricate, *v. t* അതിവ്യാപിക്കുക.

Imbrocado, *n.* നീരാളം.

Imbroglio, *n.* വിഷമകഥ, തെററിദ്ധാരണം, മിശ്രം, കുഴപ്പം.

Imbrue, *v. t.* നനയ്ക്കുക, സേചിക്കുക, വെള്ളംപുരട്ടുക, ചോരപുരട്ടുക; 'i ed with blood രക്താക്തം, രക്തക്ലിന്നം'.

Imbue, *v. t.* ചായംപിടിപ്പിക്കുക, അഭിരഞ്ജിപ്പിക്കുക; ശാസിക്കുക' ഉപദേശിക്കുക, പഠിപ്പിക്കുക.

Imitate, *v. t.* അനുകരിക്ക, അനുഗമിക്ക, അനുസരിക്ക, പോലെചെയ്ക, കള്ളംചെയ്ക **-ion,** *n.* അനുകരണം, അനുകാരം, വിഡംബനം, അനുസരണം, പകരം, പ്രതിരൂപം, സാദൃശ്യം; **-ive,** *a.* അനുകരിക്കുന്ന, അനുകരണശീലമായ, അനുഗാമിയായ; **-or,** *n.* അനുകാരകൻ, അനുകരിക്കുന്നവൻ, അനുയായി, അനുകാരി.

Immaculate, *a.* മായമററ, കുററമററ, കറയററ, നിഷ്കളങ്കം, നിർമ്മലം, അനഘം, നിർദ്ദോഷം, വിമലം.

Immanent, *a.* ഉള്ളിലിരിക്കുന്ന, അന്തർഭവം, അന്തരസ്ഥം.

Immanity, *n.* അമാനുഷത്വം; കട്ടാളപ്രകൃതി.

Immanuel, *n.* യേശുക്രിസ്തുവിന്റെപേർ (അർത്ഥം: ദൈവം നമ്മുടെ മദ്ധ്യേ).

Immask, *v. t.* വേഷംമാറുക, ഒളിച്ചിരിക്കുക.

Immaterial, *a.* അമൂർത്തം, നിരവയവം, അശരീരി; ലഘു, അഗുരു, നിസ്സാരം, നിഷ്പ്രയോജനം, നിരർത്ഥകം; **-ism,** *n.*

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരാകാരവാദം; **-ist**, *n.* നിരാകാരവാദി; **-ity**, *n.* അമൂർത്തത, അശരീരത; **-ly**, *adv.* നിരർത്ഥകമായി, നിഷ്പ്രയോജനമായി.

Immature, *a.* അപക്വമായ, മൂതിരാത്ത, ഇളതായ, പ്രായമാകാത്ത, ആകാലികം; **-ly**, *adv.* അപക്വമായി, അപരിണതമായി, അതിശീഘ്രമായി, പാകമാകുംമുമ്പ്; **-ity, -ness**, *n.* ഇളപ്പം, അപാകം, അപരിണാമം, അപ്രൌഢത, അപ്രാപ്തകാലത.

Immeability, *n.* അചലത, ചലനമില്ലായ്മ.

Immeasurable (-mezh'-), *a.* അളവററ, എല്ലകയില്ലാത്ത, അമേയം, അമിതം, അപരിമാണം.

Immediate, *a.* നേരേയുള്ള, അടുത്ത, തൊട്ടു, ആസന്നം, സന്നിഹിതം; താല്ക്കാലികം; **-ly**, *adv.* ഉടനേ, താമസമെന്നിയേ, തൽക്ഷണം.

Immedicable, *a.* മാറാത്ത, സുഖപ്പെടാത്ത, അചികിത്സ്യമായ.

Immemorable, *a.* അസ്മർത്തവ്യമായ, സ്മരണയോഗ്യമല്ലാത്ത.

Immemorial, *a.* ഓർമ്മയിലെത്താത്ത, സ്മരണാതിക്രാന്തം, അതിപ്രാചീനം.

Immense, *a.* അളവില്ലാത്ത, അത്യന്തം, അപരിമേയം, മഹത്; **-ly**, *adv.* അത്യന്തമായി, അധികമായി; **-ity**, *n.* അളവില്ലായ്മ, സുമഹത്ത്വം; **-urable**, *a.* *see* **Immeasurable.**

Immerge (-merj') *v. t.* വെള്ളത്തിലാഴ്ത്തുക, മുക്കുക, പൂഴ്ത്തുക, നിമജ്ജിപ്പിക്ക.

Immerse, *v. t.* വെള്ളത്തിൽമുക്കുക or അമഴ്ത്തുക, അമുക്കുക, താഴ്ത്തുക, നിമജ്ജിപ്പിക്ക; **-ed**, *a.* മഗ്നം; വ്യാപൃതം, ലീനം, ജലത്തിൽമുക്കിയ, അമുക്കപ്പെട്ട; *see* **Fixed, Intent; -Immersion**, *n.* അമിഴ്ത്തൽ, നിമജ്ജനം, അവഗാഹനം, സ്നാനം, കളി; മഗ്നത, നിഷ്ഠ, തല്പരത, അഭിനിവേശം.

Immesh, *v. t.* വലയിൽപെടുത്തുക, കടുക്കുക.

Immethodical, *a.* ക്രമംകെട്ട, ക്രമഹീനം, ക്രമവിരുദ്ധം, അവ്യവസ്ഥിതം; **-ly**, *adv.* ക്രമംകെട്ട്, ക്രമവിരുദ്ധമായി, അക്രമമായി.

Immigrate, *v. t.* കുടിയേറിപ്പാർക്കുക, ദേശാന്തരാധിവാസംചെയ്യുക; **-ion**, *n.* കുടിയേററം, കുടിയേറിപ്പാർപ്പ്, ദേശാന്തരാധിവാസം; **-grant**, *n.* കുടിയേറിപ്പാർക്കുന്നവൻ, ദേശാന്തരാധിവാസി.

Imminent, *a.* നേരിടാനിരിക്കുന്ന, ഇങ്ങുവന്നുനില്ക്കുന്ന, ഉപസ്ഥിതം, ആസന്നം, തലയ്ക്കുമീതേതൂങ്ങുന്ന; ജീവിതസംശയാവഹമായ; **-Imminence**, *n* ആസന്നത, തലയ്ക്കുമീതേ തൂങ്ങൽ, സംഭാവ്യവിപത്.

Immit, *v. t.* അകത്തുകടത്തുക, ഉള്ളിൽപ്രവേശിപ്പിക്കുക; **-mission**, *n.* അകത്തുകടത്തൽ, അന്തഃപ്രവേശനം.

Immobile, *a.* ഇളക്കമില്ലാത്ത, സ്ഥിരം, നിശ്ചലം, അചലം, നിഷ്കമ്പം; **-bility**, *n.* ഇളക്കമില്ലായ്മ, സ്ഥിരത.

Immoderate, *a.* അതിർകടന്ന or വിട്ട, അമിതം, അപരിമിതം, അത്യന്തം; **-ly**, *adv.* അതിമാത്രമായി, അത്യന്തമായി; **-ion**, *n.* അടക്കമില്ലായ്മ, അതിരില്ലായ്മ, മര്യാദാതിക്രമം.

Immodest, *a.* മര്യാദയററ *or* ഇല്ലാത്ത, നാണമില്ലാത്ത, വിനയമില്ലാത്ത, നിർലജ്ജം, നിസ്ത്രപം; അശ്ലീലം, ഗർഹ്യം, അശുദ്ധം; അസാധുവായ, ചീത്തയായ, ദുർവൃത്തമായ; **-ly**, *adv.* നാണമില്ലാതെ, ധൃഷ്ടതയോടെ, അശ്ലീലമായി; **-y**, *n.* നാണമില്ലായ്മ, അവിനയം, ധൃഷ്ടത.

Immolate, *v. t.* ബലികഴിക്കുക, കൊല്ലുക, ബലിനൽകുക, കുരുതികൊടുക്കുക; **-lation**, *n.* ബലി, യാഗം, കുരുതി.

Immoral, *a.* കെട്ട, കൊടിയ, പാപിയായ, അസാധുവായ, ദുശ്ചരിത്രമായ, ദുരാചാരമായ, ധർമ്മവിരുദ്ധം, പുണ്യമല്ലാത്ത; **-ity**, *n.* ദുർമാർഗ്ഗം, അധർമ്മം, അശുദ്ധി, വ്യഭിചാരം, പാപം; **-ly**, *adv.* ധർമ്മവിരുദ്ധമായി, ദുരാചാരത്തോടെ.

Immortal, *a.* ചാകാത്ത, ശാശ്വതമായ, അമർത്ത്യം, സനാതനം, സദാസ്ഥായിയായ; **-ity**, *n.* മരണമില്ലാത്ത അവസ്ഥ, അമരത്വം, ആനന്ത്യം, നിത്യത; **-ize**, *v. t.* അമരീകരിക്കുക, ചാക്കില്ലാതാക്കുക, അക്ഷയമാക്കുക; **-ly**, *adv.* ജരിക്കാതെ, അനശ്വരമായി, ശാശ്വതമായി.

Immovable, *a.* നിലയുറച്ച, മാറ്റാത്ത, അചലമായ, സ്ഥിരം, സ്ഥാവരം.

Immunity, *n.* വിടുതൽ, മുക്തി; അഭാവം, ഇല്ലായ്മ, ന്യൂനത, രാഹിത്യം.

Immure, *v. t.* വളച്ചുകെട്ടുക, കെട്ടിയട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ്ക്കുക, കെട്ടിലടയ്ക്കുക, മൂടിവയ്ക്കുക, പരിവേഷ്ടിക്കുക.

Immutable, *a.* മാററാൻകഴിയാത്ത, നീക്കാൻകഴിയാത്ത, അവ്യയം, അവിക്രിയം, സ്ഥിരം; **-mutability,** *n.* അവികാരം, നിത്യത.

Imp, *n.* ചീത്തക്കുട്ടി; പിശാച്ച്, ഭൂതം.

Impact, *v. t.* ഞെരുക്കുക, അമൎത്തുക, ഞെരുക്കിക്കയറുക; *n.* തട്ടൽ, മുട്ടൽ, സമ്പൎക്കം, സംഘട്ടം, വേഗം, ഊക്ക്.

Impair, *v. t.* കെടുത്തുക, പാഴാക്കുക, ക്ഷയിപ്പിക്ക, ദൂഷിപ്പിക്ക, തേജസ്സഹരിക്ക; **-ed,** *a.* കെടുത്തപ്പെട്ട, പാഴാക്കപ്പെട്ട, വികലം, അപചിതം, ന്യൂനീകൃതം; **-ing,** *n.* ക്ഷയം, ഹ്രാസം, അപചയം, വൈകല്യം, ന്യൂനത.

Impale, *v. t.* കഴുവേററുക.

Impalpable, *a.* തൊട്ടറിവാൻകഴിയാത്ത, അസ്പൃശ്യം, അഗ്രാഹ്യം, ഇന്ദ്രിയാഗോചരം, അവ്യക്തം, അതിസൂക്ഷ്മം, വാസ്തവമല്ലാത്ത.

Impalsy, *v. t.* പക്ഷപാതംവരുത്തുക.

Impanel, *v. t.* പട്ടികയിൽ ഉൾപ്പെടുത്തുക; മദ്ധ്യസ്ഥനായിനിശ്ചയിക്കുക, പഞ്ചായത്തുകാരനായി നിശ്ചയിക്കുക.

Imparity, *n.* ഏററക്കുറവ്, ഭേദം, അതുല്യത, ചേൎച്ചകേട്, അയുക്തി.

Impart, *v. t.* നൽകുക, കൊടുക്കുക, പ്രതിപാദിക്ക, അൎപ്പിക്ക, നിക്ഷേപിക്ക, സംക്രമിപ്പിക്ക, ഗ്രഹിപ്പിക്ക; തെര്യപ്പെടുത്തുക, അറിയിക്കുക, പ്രകാശിപ്പിക്കുക; *v. i.* പങ്കുനൽകുക, കൂടിയാലോചിക്ക.

Impartial, *a.* പക്ഷപാതമില്ലാത്ത, നിഷ്പക്ഷമായ, സമദൎശിയായ, നീതിയുള്ള, ധൎമ്മ്യമായ; **-ity,** *n.* നിഷ്പക്ഷത, ധൎമ്മം, സമത, ന്യായ്യത; **-ly,** *adv.* നീതിയായി, ന്യായമായി, നിഷ്പക്ഷമായി.

Impartible, *a.* പകുക്കാൻകഴിയാത്ത, അവിഭാജ്യം.

Impassable, *a.* വഴിയില്ലാത്ത, കടക്കാൻ പാടില്ലാത്ത, അഗമ്യം, അലംഘ്യം, ദുസ്തരം, ഗഹനം.

Impassible, *a.* നിശ്ചേതനം, സുഖദുഃഖാക്ഷമം, മരവിച്ച.

Impassioned, *a.* അനുരക്തം, രാഗാഞ്ചിതം, ആസക്തചിത്തം; സരസം, രസികം, രാഗയുക്തം.

Impassive, *a.* ഉണൎവില്ലാത്ത, വേദനമററ, ഉത്സാഹമില്ലാത്ത, നിൎവികാരമായ.

Impatient (-shent), *a.* പൊറുക്കാത്ത, ക്ഷമയില്ലാത്ത, (for) ഉത്സുകം, സോല്ക്കണ്ഠം, ഉൽകം; (of) അസഹം, അക്ഷമം; അധീരം; **-ly,** *adv.* സോത്സുകം, പൊറുക്കാതെ, ക്ഷമിക്കാതെ; **-Impatience,** *n.* അധീരത, ഔത്സുക്യം, വ്യഗ്രത, ഉല്ക്കണ്ഠ, അക്ഷമ, അസഹത്വം.

Impavid, *a.* നിൎഭയമായ; **-ly,** *adv.* പേടികൂടാതെ.

Impawn, *v. t.* പണയംവെയ്ക്കുക.

Impeach, *v. t.* കുററംചുമത്തുക or ചാൎത്തുക, വിചാരണചെയ്ക, അഭിയോഗംചെയ്ക; അഭിശംസനംചെയ്ക, അപവദിക്ക; **-er,** *n.* അഭിയോക്താവ്, കുററംചുമത്തുന്നവൻ; **-ment,** *n.* കുററംചുമത്തൽ, വിചാരണ, അഭിയോഗം.

Impeccable, *a.* പാപമില്ലാത്ത, കുററമില്ലാത്ത, നിൎദ്ദോഷം.

Impecunious, *a.* പണമില്ലാത്ത, ദരിദ്രം, നിൎദ്ധനം.

Impede, *v. t.* തടുക്കുക, തടസ്സപ്പെടുത്തുക, വിഘ്നമുണ്ടാക്ക, കുണ്ഠമാക്കുക; **-Impediment,** *n.* തടസ്സം, പ്രതിബന്ധം, വിഘ്നം, അന്തരായം.

Impel, *v. t.* മുന്നോട്ടുതള്ളുക, നിയോഗിക്ക, ഉദ്യോഗിക്ക, പ്രോത്സാഹിപ്പിക്ക, പ്രവൎത്തിപ്പിക്ക, പ്രേരിപ്പിക്ക; *see* **Drive; -lent,** *n.* തള്ളിവിടുന്നവൻ, പ്രവൎത്തകൻ, പ്രേരകൻ, പ്രചോദകൻ.

Impend, *v. i.* തലയ്ക്കുമീതെ തൂങ്ങുക, ആലംബിക്ക, പ്രലംബിക്ക, അടുത്തിരിക്കുക, ആസന്നമായിരിക്ക, ഉപാഗമിക്കുക; **-ent, -ing,** *a.* അടുത്തിരിക്കുന്ന, ആസന്നം, ഉപസ്ഥിതം, ഉപനതം.

Impenetrable, *a.* കടക്കാത്ത, നുഴഞ്ഞുകൂടാത്ത, അഭേദ്യം, അച്ഛേദ്യം, അപ്രവേശ്യം, ദുൎഗ്ഗമം; കടുപ്പമുള്ള, കാഠിന്യം, വജ്രമയം.

Impenitent, *a.* പശ്ചാത്താപപ്പെടാത്ത, അനുതാപമില്ലാത്ത, മനസ്സുകല്ലായ, കരുണയില്ലാത്ത; *n.* അനുതാപഹീനൻ; **-Impenitence,** *n.* പശ്ചാത്താപമില്ലായ്മ, അനനുതാപം, കഠിനത, കഠോരത.

Imperative, *a.* പ്രവൎത്തിപ്പിക്കുന്ന, കല്പിക്കുന്ന, ആജ്ഞാപകം, നിയോജകം, ആദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശകം, വിധായകം, അവശ്യമായ, അവ
ശ്യകർത്തവ്യം, അനപേക്ഷ്യം; 'i. mood
ലോട്ട്, ആജ്ഞാർത്ഥം, വിധിരൂപം';
-ly, *adv.* അവശ്യമായി.

Imperceptible, *a.* കാണ്മാൻകഴിയാത്ത,
അസ്പഷ്ടമായ, തെളിയാത്ത, അഗോചരം,
അതിസൂക്ഷ്മം; 'i. to the senses ഇന്ദ്രി
യാഗോചരം, അതീന്ദ്രിയം'; 'i. to the
eye കണ്ണിന്നു കാണ്മാൻപാടില്ലാത്ത, അ
പ്രത്യക്ഷം, പരോക്ഷം, നയനാഗോചരം';
'i. difference അതിസൂക്ഷ്മഭേദം';
-ceptibility, *n* അഗോചരത; **-cepti-
bly,** *adv.* കാണ്മാൻകഴിയാത്തവണ്ണം,
അവ്യക്തമായി, അഗോചരമായി.

Imperfect, *a.* പൂൎണ്ണമാകാത്ത, കുറവുള്ള,
അപൂൎണ്ണം അപക്വം, അസമഗ്രം; ന്യൂന
മായ, സദോഷം; 'i. memory വികല
സ്മൃതി'; 'i. comparison ലുപ്തോപമ or
ലുപ്തസാദൃശ്യം; 'i. tense ലങ്ങ്, അപൂൎണ്ണ
ക്രിയ'; **-ion,** *n.* അപൂൎണ്ണത, കുറവ്,
ദോഷം, ഛിദ്രം, കളങ്കം, വൈകല്യം,
ന്യൂനത, ക്ഷതി; **-ly,** *adv.* അസംപൂൎണ്ണ
മായി. കുറവോടെ.

Imperforate, *a.* ദ്വാരമില്ലാത്ത, നീര
ന്ധ്രമായ, വിടവില്ലാത്ത.

Imperial, *a.* സാമ്രാജ്യസംബന്ധമായ, ച
ക്രവൎത്തിക്കുള്ള, വമ്പിച്ച; **-ism,** *n.* സമ്രാ
ഡധികാരം, സാമ്രാജ്യാധികാരം, അധി
രാജാധികാരം; **-ist,** *n.* സാമ്രാജ്യപക്ഷ
ക്കാരൻ.

Imperil, *v. t.* ആപത്തിനിടയാക്കുക.

Imperious, *a.* കല്പിക്കുന്ന, ആജ്ഞാപകം;
ദൎപ്പമുള്ള, ഉദ്ധതമായ, ആടോപമുള്ള;
-ness, *n.* ദൎപ്പം, ഔദ്ധത്യം, അഹംഭാവം,
ഗർവ്വ്.

Imperishable, *a.* അഴിവില്ലാത്ത, വാട്ടമി
ല്ലാത്ത, അനശ്വരമായ.

Impermeable, *a.* അപ്രവേശ്യമായ, അ
ഭേദ്യമായ.

Impersonal, *a.* അകർത്തൃകം, അകർത്തൃ
വാച്യം; ആളാക്കൂടാത്ത, അമൂൎത്തമായ';
'i. verb ഭാവവാച്യം'; **-personate,**
v. t. ചേതനയെ സങ്കല്പിക്കുക, സജീവ
മാക്കുക; വേഷമെടുക്കുക.

Impertinent, *a.* ഒക്കാത്ത, അധികപ്രസം
ഗമായ, അസംഗതമായ, അസംബന്ധം,
അനൎത്ഥകം, അവിനീതം; **-ly,** *adv.*
ധിക്കാരമായി, അധികപ്രസംഗമായി;
-nence, -nency, *n.* അവിനയം, ധി
ക്കാരം, അധികപ്രസംഗം, അനാവശ്യം,
അസംബന്ധം.

Imperturbable, *a.* ഇളകാത്ത, മനക്കല
ക്കംവരാത്ത, അക്ഷോഭ്യം, സമബുദ്ധി
യായ.

Impervious, *a.* ഇടയില്ലാത്ത, വിടവില്ലാ
ത്ത, തിങ്ങിയ, ദുഷ്പ്രവേശ്യം, അഭേദ്യം,
ഗഹനം, നിബിഡം.

Impetuous, *a.* വേഗമുള്ള, മുൻകോപമുള്ള,
തീവ്രം, ചണ്ഡം, തീക്ഷ്ണം, അവിവേ
കം; സംരംഭിയായ, അസമീക്ഷ്യകാരിയാ
യ; **-ly,** *adv.* വേഗത്തോടെ, ഊക്കോ
ടെ, മഹാവേഗത്തോടെ, ഉഗ്രമായി, സാ
ഹസത്തോടെ, തരസാ; **-ness, -petuo-
sity,** *n.* വേഗം, ആവേഗം, ചണ്ഡത,
സംരംഭം, തീവ്രത, അമർഷം.

Impetus, *n.* ഊക്ക്, വേഗം, ആവേഗം,
ഗതിശക്തി, പ്രേരണ, പ്രോത്സാഹം.

Impinge (-pinj′), *v. i.* മേൽവീഴുക, തട്ടു
ക, മുട്ടുക, സംഘട്ടനംചെയ്ക, സമാപ
തിക്കുക.

Impious, *a.* ദൈവഭക്തിയില്ലാത്ത, അധാ
ൎമ്മികം, അപുണ്യശീലം, ദുഷ്ടം, പാപിഷ്ഠം;
-ness, -Impiety, *n.* ഭക്തിയില്ലായ്മ,
അധൎമ്മം, ധൎമ്മലോപം, ദേവനിന്ദ, ഈ
ശ്വരനിന്ദ, ദുഷ്ടത.

Implacable, *a.* അചലം, ശമിക്കാത്ത, ശാ
ന്തപ്പെടാത്ത, ദീർഘദ്വേഷിയായ, അതി
ദ്വേഷിയായ; 'i. hatred ആമരണാന്തി
കവൈരം, ദീർഘദ്വേഷം, ബദ്ധവൈരം'.

Implant, *v. t.* നാട്ടുക, നടുക, പ്രതിഷ്ഠാപ
നംചെയ്യുക.

Implement, *a.* ഉപകരണം, സാധനം, ഉ
പസ്കരം, സാമഗ്രി, തട്ടുമുട്ടി, യന്ത്രം.

Implicate, *v. t.* ഉൾപ്പെടുത്തുക, അടക്കുക,
സംബന്ധപ്പെടുത്തുക, സംശ്ലേഷിപ്പിക്കുക;
-ion, *n.* സംബന്ധം, സംസൎഗ്ഗം, സമന്വ
യം അനുഷംഗം.

Implicit, *a.* മറുത്തുപറയേണ്ടാത്ത, നിൎവ്വി
വാദമായ, അസാംശയികം, വിചാരിക്കേ
ണ്ടാത്ത, അവിതൎക്കിതം, അനാശങ്കിതം;
-ly, *adv.* അവിതൎക്കമായി, ആശങ്കകൂടാ
തെ, നിശ്ശങ്കമായി, നിൎവ്വിവാദമായി.

Implore, *v. t.* and *v. i.* പ്രാൎത്ഥിക്കുക, അ
ഭ്യൎത്ഥിക്കുക, തെണ്ടുക, സവിനയം യാചിക്കുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക, അനുനയിക്ക, പ്രസാദിപ്പിക്ക; **-ingly,** *adv.* ബലാത്സംഗലിയായി, കൈക്കൂപ്പി, കാൽക്കൽവീണു്, വിനയമായി.

Imply, *v. t.* അൎത്ഥം or പൊരുളാംകൊള്ളുക, ആൎത്ഥമാക്കുക, കുറിക്കുക, സൂചിപ്പിക്കുക, ധ്വനിപ്പിക്കുക, വ്യഞ്ജിപ്പിക്കുക, ഉപലക്ഷിക്കുക, ദ്യോതിപ്പിക്കുക; *see* **mean;** in comp. അൎത്ഥ and ഗൎഭ are used eg. നിന്ദാൎത്ഥമായവാക്കു്, നിന്ദാഗൎഭമായവാക്കു്, in the sense 'words i. ing censure'; **-ed,** *a.* വിവക്ഷിതം; പ്രതീതം, ഉപലക്ഷിതം, സൂചിതം, ധ്വനിതം, അൎത്ഥമുൾക്കൊള്ളുന്ന; 'i. sense ധ്വനി, ഫലിതം, ഫലിതാൎത്ഥം, ധ്വനിതാൎത്ഥം, ഗൎഭിതാൎത്ഥം'; **-ication,** *n.* വിവക്ഷ, ഉപലക്ഷണം(ണം), ഭംഗി, വ്യഞ്ജന, അനുമാനം.

Impolite, *a.* അപമൎയ്യാദയായ, മൎയ്യാദയില്ലാത്ത, അശിഷ്ടം, അസഭ്യം, അനാൎയ്യം, അവിനീതം, വിനയയം or വണക്കംഇല്ലാത്ത.

Impolitic, *a.* ബുദ്ധിയില്ലാത്ത, ആലോചനയില്ലാത്ത, അയുക്തമായ, അനീതിജ്ഞം, നയനാഭിജ്ഞം, അവിജ്ഞം; അഹിതം, അനൎത്ഥാവഹം; **-ally,** *adv.* ആലോചിക്കാതെ, വിചാരംക്രൂടാതെ, നയംക്രൂടാതെ; **-Impolicy,** *n.* ദുൎന്നയം, അനയം, അനീതി, നയമില്ലായ്മ, മടത്തരം.

Imponderable, Imponderous, *a.* ഭാരമില്ലാത്ത, അഗുരുവായ, ലഘുവായ, നിൎഭാരം.

Import, *v. t.* വിദേശത്തുനിന്നുംകൊണ്ടുവരിക, ഇറക്കുമതിചെയ്യുക, ആവഹിക്കുക; സൂചിപ്പിക്കുക, ബോധിപ്പിക്കുക, ഉദ്ദേശിക്കുക; *see* Imply; mean; ഗുരുതയോടെ സംബന്ധിച്ചിരിക്കുക; പൊരുളായിരിക്കുക; *n.* (pl) ഇറക്കുമതികൾ, വിദേശച്ചരക്കുകൾ; അൎത്ഥം, ഭാവം, അഭിപ്രായം, സാരം, താല്പൎയ്യം, ആശയം, ഉദ്ദേശം, വിവക്ഷ; 'of like i. തുല്യാൎത്ഥമായ;' ഗുരുത്വം, ഗൌരവം; **-ance,** *n.* പ്രാധാന്യം, മഹത്ത്വം, ഗുരുത്വം, ഗൌരവം, പ്രഭാവം, ഗരിമാവു്, മഹിമാവു്; ഉത്കൎഷം, ഉന്നതി, പ്രതിഷ്ഠ, പ്രതിപത്തി, ഗൌരവപദം, ഉച്ചസ്ഥിതി; അഭിമാനം, ദൎപ്പം, ഡംഭു്, അഹങ്കാരം; **-ant,** *a.* മഹത്തായ, ഗുരുവായ, പ്രധാനം, പരമം; i., object ഗുൎവ്വൎത്ഥം'; **-antly,** *adv.* പ്രധാനമായി, ഗുരുതയോടെ, പരമമായി; **-ation,** *n.* ഇറക്കുമതി, ഇറക്കുമതിച്ചരക്കുകൾ.

Importune, *v. t.* അലട്ടുക, തെല്ലപ്പെടുത്തിച്ചോദിക്കുക, കെഞ്ചുക, നിൎബ്ബന്ധിച്ചു ചോദിക്കുക, അതിപ്രാൎത്ഥനകൊണ്ടസ്വസ്ഥപ്പെടുത്തുക or ആയാസപ്പെടുത്തുക; **-acy, -ity,** *n.* അരിപ്പു്, വിടാപ്പിടി, പിടിച്ചപിടി, അതിനിൎബ്ബന്ധം, നിത്യപ്രാൎത്ഥന; **-ate,** *a.* അലട്ടുന്ന, നിൎബ്ബന്ധശീലമായ; 'i. demand അതിനിൎബ്ബന്ധം'; **-ately,** *adv.* നിൎബ്ബന്ധമായി, അലട്ടിക്കൊണ്ടു്.

Impose, *v. t* നിക്ഷേപിക്കുക, നിവേശിപ്പിക്കുക, ന്യസിക്കുക, ചുമത്തുക, വിധിക്കുക, മോശംചെയ്യുക, വഞ്ചിക്കുക; **-ing,** *a.* മനസ്സിൽപതിയത്തക്ക, ഗാംഭീൎയ്യദ്യോതിയായ, ഗുരുപ്രഭാവം, വിസ്മയാവഹം, അത്ഭുതം, ഭവ്യം; **-ition,** *n.* ശിക്ഷ, ചുമത്തൽ, വരി, ന്യാസം, ആരോപണം, സ്ഥാപനം; കരം ശുല്കം, കപടം; *see* **Fraud.**

Impostor, *n.* വഞ്ചകൻ, ധൂൎത്തൻ, ദാംഭികൻ, പ്രതാരകൻ, കിതവൻ;(in religion) ധൎമ്മധ്വജി, കള്ളസ്സന്യാസി, *see* **Hypo--crite.**

Imposture, *n.* വഞ്ചന(നം), ദംഭം, കപടം, ചതി, മോശം, പ്രതാരണ; *see* **Fraud.**

Impossible, *a.* ചെയ്യാൻമേലാത്ത or കഴിയാത്ത, കഴിവില്ലാത്ത; അസാദ്ധ്യം, അസംഭവം, അകരണീയം, ദുഷ്കരം; **-bility,** *n.* അശക്യത, അസാദ്ധ്യത; അസാദ്ധ്യം, അസംഭവം; oft. ex. by ശശവിഷാണം ഗഗനകുസുമം etc.

Impost, *n.* തീരുവ, ആയം, ചുങ്കം, കരം, ശുല്കം; കുടിയിറ, രംഗമേഗം.

Imposthume, -mation, *n.* വീക്കം, കുരു, വിദ്രധി

Impotent, *a.* ബലഹീനമായ, തളൎന്ന, ക്ലീബം, നപുംസകം, നിഷ്പൗരുഷം; നിഷ്ഫലം, വ്യൎത്ഥം; **-ly,** *adv.* ദുൎബ്ബലമായി, നിൎവ്വീൎയ്യമായി, നിസ്സത്വമായി; **-Impotence, -potency,** *n.* ദൌൎബ്ബല്യം, വീൎയ്യാഭാവം, ക്ലീബത, അപൌരുഷം, വൈക്ലവ്യം, ആണ്മയില്ലായ്മ.

Impound, *v. t.* ആലയിലടയ്ക്കുക, പൌണ്ടിലടയ്ക്കുക, കോടതിബന്തവസ്സിൽ വയ്ക്കുക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-**age**, *n.* ബന്തവസ്സിൽവയ്ക്കൽ; ആല ക്കൂലി; -**er**, *n.* ആലയിലാക്കുന്നവൻ, പൗണ്ടിൽവെയ്ക്കുന്നവൻ.

Impoverish, *v. t.* നിർധനീകരിക്കുക, ദരിദ്രമാക്കുക, സ്വത്തുക്ഷയിപ്പിക്ക; വീര്യംഹരിക്ക, ശക്തിഹരിക്ക; -**ed**, *a.* സ്വത്തില്ലാത്ത, നിർധനമായ, അകിഞ്ചനം, പാവപ്പെട്ട; -**ment**, *n.* ദാരിദ്ര്യം, ധനനാശം, പരിക്ഷീണത.

Impracticable, *a.* അസാദ്ധ്യം, അശക്യം, ദുഷ്കരം, ചെയ്യാനൊക്കാത്ത; -**cability**, *n.* പ്രവൃത്ത്യസാദ്ധ്യം.

Imprecate, *v. t.* ശപിക്കുക, പ്രാകുക, ആക്രോശിക്കുക, അഭിശംസിക്കുക; -**ion**, *n.* ശാപം, ആക്രോശം, അഭിശംസനം; -**ory**, *a.* ശപിക്കുന്ന, ശാപഗർഭം, ആക്രോശകം, അനിഷ്ടാവേദിയായ.

Impregnable, *a.* പിടിക്കാൻകഴിയാത്ത, വെല്ലാൻകഴിയാത്ത, അജയ്യം, അലംഘ്യം, ദുർജയം, ഗഹനം, അഗമ്യം.

Impregnate, *v. t.* സേചിക്കുക, പ്രക്ഷേപിക്കുക, സാരംചെലുത്തുക, വ്യാപിപ്പിക്കുക, പൂരിപ്പിക്കുക; ഗർഭംധരിപ്പിക്ക or ഗ്രഹിപ്പിക്ക, ഉല്പാദിപ്പിക്കുക; *see* **Pregnant**; -**ed**, .. സേചിച്ച, വ്യാപ്തം, പൂർണ്ണം or ഗർഭം in comp; ആപന്നസത്വയായ, ഗർഭവതിയായ; -**ion**, *n.* സേകം, ഗർഭാധാനം, ഗർഭംധരിക്കൽ.

Impress, *v. t.* മുദ്രയടിക്ക, മുദ്രിതമാക്ക, അമുഴ്ത്തുക, പതിക്കുക, അടിക്കുക, നിവേശിപ്പിക്കുക, അടയാളമിടുക; ഹരിക്കുക, ആകർഷിക്കുക; *n.* മുദ്ര, അടയാളം, ചിഹ്നം, ലക്ഷണം; -**ed**, *a.* പതിഞ്ഞ, മുദ്രിതം, അങ്കിതം, മുദ്രയടിച്ച; 'deeply i. on the ground ഭൂമിയിൽ അവഗാഢമായ or പതിഞ്ഞ'; -**ion**, *n.* പതിപ്പ്, അടി, മുദ്ര, അങ്കനം, മുദ്രണം; സംസ്കാരം; ചിത്തസംസ്കാരം; അനുഭവം, ബുദ്ധി, മതി, മനം; പരിണാമം, ഉൽപന്നം, സംസ്കാരജന്യമായ ഫലം; ആഘാതചിഹ്നം, ഛേദം; -**ive**, *a.* ഹൃദയഹാരിയായ, ഹൃദയംഗമം, ഹൃദയസ്പൃക്.

Imprint, *n.* അച്ചിടുക, അച്ചടിക്കുക, മുദ്ര പതിക്കുക, മുദ്രയടിക്കുക, പതിക്കുക; *n.* പതിപ്പ്, അച്ചടിക്കാരന്റെ പേർ സ്ഥലം മുതലായവ.

Imprison, *v. t.* തടവിലിടുക, കാരാഗൃഹത്തിലടയ്ക്കുക, ബന്ധിക്കുക; തടവിൽപിടിക്കുക, ബന്ദിഗ്രാഹം ഗ്രഹിക്കുക; -**ment**, *n.* തടവ്, ബന്ധനം, ബന്ദീകരണം.

Improbable, *a.* നടക്കാത്ത, അസംഭവമായ, അനുപപന്നം, വിശ്വസിക്കാൻസാധിക്കാത്ത, ചേരാത്ത, ദുർഘടം, അഘടനീയം; -**bility**, *n.* നടപ്പില്ലായ്മ, ചേർച്ചയില്ലായ്മ, അസംഭവം, അസംഗതി.

Improbation, *n.* വിസമ്മതം; -**batory**, *a.* വിസമ്മതസൂചകമായ.

Improbity, *n.* വ്യാജം, ദോഷ്ട്യ, അനൃജുത, അസരളത്വം, കാപട്യം, കൌടില്യം, ശാഠ്യം, ഖലത; *see* **Fraud.**

Impromptu, *a.* അപ്പോഴത്തെ, ആകസ്മികം, അയത്നപൂർവം, നിനച്ചിരിക്കാത്ത, അചിന്തിതപൂർവം; *adv.* നിനച്ചിരിക്കാതെ, പൂർവചിന്തകൂടാതെ.

Improper, *a.* അയുക്തമായ, അനുചിതം, അനുപപന്നം, അനർഹം; oft ex. by കു and അ *prep*; 'i. union അസംഗതി, കുയോഗം'; -**ly**, *adv.* അയുക്തമായി, അസ്ഥാനത്തിൽ, അനുചിതമായി, അനുപപന്നമായി; -**Impropriety**, *n.* അനൗചിത്യം, അന്യായം, അയുക്തത; (of conduct) അവിനയം കുചരിതം, അമര്യാദ, ദുശ്ചരിതം, അകാര്യം, മര്യാദാതിക്രമം.

Improve, *v. t.* ഉല്കൃഷ്ടപ്പെടുത്തുക, സംസ്കരിക്കുക, ഉന്നതിവരുത്തുക, ശ്രേയസ്സു പ്രാപിപ്പിക്കുക; *v. i.* സംവർദ്ധിപ്പിക്കുക, അഭിവർദ്ധിപ്പിക്കുക, ഉല്കൃഷ്ടത്തിലെത്തുക, ഭദ്രതരമായിഭവിക്കുക; -**ment**, *n.* വൃദ്ധി, അഭിവൃദ്ധി, പ്രവൃദ്ധി, ഉല്കൎഷം, ഉന്നതി, ഉപചയം, ഉദയം, അഭ്യുദയം, ആഗമം, ആധിക്യം, ബൃംഹണം; ഭദ്രതരത്വം, വരീയസ്ത്വം; ശോധനം, പ്രതിസമാധാനം; പരിഷ്കാരം, ഗുണം, നന്മ, വളർച്ച; pl. സൌകര്യങ്ങൾ; ഉദയം, ദേഹണ്ണം, കഴിക്കൂറ്.

Improvident, *a.* ചരതംഇല്ലാത്ത, മുൻകരുതലില്ലാത്ത, അദീർഘദൃഷ്ടിയായ; -**ly**, *adv.* മുൻകരുതലില്ലാതെ, മുൻകാണാതെ; -**dence**, *n.* അദീർഘദൃഷ്ടി, അദൂരദൃഷ്ടി.

Improvise, *v. t* ഉടനേ കവിതരചിക്കുക, മുന്നൊരുക്കംകൂടാതെ സാധിക്കുക, താല്കാലികനിവൃത്തികാണുക.

Imprudent, *a.* അവിവേകമുള്ള, അനയജ്ഞമായ, അനഭിജ്ഞം, അവിവേകിയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ; (of acts) ആലോചിക്കാതെ ചെയ്ത; **-ly**, *adv.* അവിവേകമായി, ആലോചിക്കാതെ, സാഹസമായി; **-prudence**, *n.* ബുദ്ധിമോശം, അവിനയം, നിർലജ്ജത, അവിവേകം.

Impudent, *a.* ധിക്കാരമായ, ധൃഷ്ടമായ, ദുർവ്വിനീതമായ; **-ly**, *adv.* ധിക്കാരമായി; **-Impudence**, *n.* ധിക്കാരം, ധാർഷ്ട്യം.

Impugn (impūn'), *v. t.* ആക്ഷേപിക്കുക, തടുക്കുക. മറുത്തുപറക, എതിർവാദംചെയ്യുക, നിന്ദിക്കുക, ദോഷംഗ്രഹിക്കുക.

Impulse, *n.* വേഗം, പ്രവൎത്തനം, പ്രോത്സാഹനം; **-Impulsive**, *a.* പ്രവൎത്തകം, പ്രോത്സാഹകം, പ്രണോദകം, ആവേശശീലം, സാഹസപ്രവൃത്തിയായ, സംരംഭിയായ; **-ly**, *adv.* പെട്ടെന്നു്, ആകസ്മികപ്രവൃത്തിയോടെ.

Impunity, *n.* ശിക്ഷയില്ലായ്മ, ദണ്ഡാഭാവം, ദണ്ഡമുക്തി; അനപായം, അനപകാരം, അക്ഷതി, അനാശം, അഹിംസ.

Impure, *a.* അശുദ്ധം, അശുചി, അപവിത്രം, അഴുക്കുള്ള; ഗർഹ്യം, നിന്ദ്യം, കുത്സിതം, വൃത്തികെട്ട; പാംസുലം, വ്യഭിചാരിയായ; **-ly**, *adv.* അശുദ്ധമായി, അപവിത്രമായി; **-ity, -ness**, *n.* വൃത്തികേടു്, അശുചിത്വം; മലം, മാലിന്യം, അഴുക്കു്; ഗർഹ്യത, നിന്ദ്യത; പാംസുലത; വ്യഭിചാരം.

Impute, *v. t.* ചമത്തുക, ആരോപിക്കുക, ശങ്കരിക്കുക, ആക്ഷേപിക്കുക, നിന്ദിക്കുക; **-ation**, *n.* ചമത്തൽ, ആരോപണം, കല്പന; അഭിശംസനം, ആരോപം, അധിക്ഷേപം, ദൂഷണം, അപവാദം, കളങ്കം.

In, *pfx* ഇൽ, ഇല്ലാത്ത; *prep.* ഇൽ, അകത്തു്, ഉള്ളിൽ; വെച്ചു്; ആൽ, കൊണ്ടു്; 'he spent his money i. drink അവൻ കുടിമൂലം അവന്റെ പണം വ്യയംചെയ്തു'; 'it is not i. man അതു മനുഷ്യനാൽ കഴിയുന്നതല്ല'; ഓടെ; 'i. fear ഭയത്തോടെ'; 'i. contempt നിന്ദയോടെ'; 'i. pieces തുണ്ടംതുണ്ടമായി'; 'i. hand ഒരൊക്കം'; 'i. short ആകപ്പാടെ, ചുരുക്കത്തിൽ'; 'i. time കാലക്രമേണ, തക്കസമയത്തിൽ'; 'i. as much as ഓളം, പ്രകാരം, കൊണ്ടു്, നിമിത്തം'; 'i. that കൊണ്ടു്, നിമിത്തം'; 'i. the name of God ദൈവത്തെ വിചാരിച്ചു്'; 'to be i. for ശ്രമിക്കുക, യത്നിക്കുക, കുടുങ്ങിപ്പോക'; 'to be i. with, to keep i with അടുത്തുനിൽക്കുക, ചേൎന്നുനിൽക്കുക, ഇഷ്ടപ്പെടുക, മമതയുണ്ടാകുക'; *adv.* ഉള്ളിൽ, അകത്തു്; 'he takes i. the situation അവനു് സന്ദർഭം മനസ്സിലായി'; 'the liberals were i. അധികാരം ഉൽപറിഷ്ണുക്കാൎക്കായിരുന്നു'; 'lying i. പെറ്റുകിടക്കുന്ന'; 'he is not i. അവൻ വീട്ടിൽ ഇല്ല'; 'to put a horse i. കുതിരയെ മുടുക്കുക'; *n.* (pl) ഉദ്യോഗത്തിലിരിക്കുന്നവൻ; മൂല; **-ly**, *adv.* ഉള്ളിലുള്ള, രഹസ്യമായ; *adv.* ഉള്ളിൽ, മനസ്സിൽ; **-most**, *a.* നന്നേഉള്ളിലുള്ള, ഏറ്റവും അന്തർഭാഗത്തിലുള്ള, ആഴത്തിലുള്ള; **-ner**, *a.* ഉള്ളിലെ, ആത്മസംബന്ധമായ, അസ്പഷ്ടമായ; **-ner-most**, *a.* ഏറ്റവും അകത്തുള്ള.

Inability, *n.* അസാമർത്ഥ്യം, ദൌർബ്ബല്യം, അശക്തി, കഴിവില്ലായ്മ.

Inabstinence, *n.* അസംയമം, അനിഗ്രഹം.

Inaccessible, *a.* എത്താത്ത, അഗമ്യം, ദുഷ്പ്രാപം, ദുരാരോഹം, വിഷമസ്ഥം, അടുത്തുകൂടാത്ത, കയറിക്കൂടാത്ത, അസാദ്ധ്യമായ.

Inaccordant, *a.* യോജിപ്പില്ലാത്ത, ഭിന്നിച്ചിരിക്കുന്ന.

Inaccurate, *a.* ക്ലിപ്തമല്ലാത്ത, സൂക്ഷ്മമല്ലാത്ത, അയഥാൎത്ഥം, അനൃതം, ശരിയല്ലാത്ത, തെറ്റായ, വ്യത്യാസമുള്ള; **-racy**, *n.* അബദ്ധം, തെറ്റു്, പിഴ; **-ly**, *adv.* അയഥാൎത്ഥമായി, തിട്ടമില്ലാതെ, തെറ്റായി.

Inaction, Inactivity, *n.* ആലസ്യം, അനുദ്യോഗം, നിർവ്വ്യാപാരത്വം, കാൎയ്യദ്വേഷം, ഔദാസീന്യം.

Inactive, *a.* പ്രവൃത്തിചെയ്യാത്ത, മടിയുള്ള, അലസം, നിരുദ്യമം, അവ്യവസായം.

Inadequate, *a.* പോരാത്ത, കുറവുള്ള, അക്ഷമം, അയോഗ്യം, അസമൎത്ഥം, അപൎയ്യാപ്തം. അനുചിതം.

Inadmissible, *a.* അകത്തു പ്രവേശിപ്പിക്കാൻപാടില്ലാത്ത, സ്വീകാരയോഗ്യമല്ലാത്ത; 'i. into society പന്തിയിലിരുത്താത്ത, അപാംക്തം'.

Inadvertent, *a.* ശ്രദ്ധയില്ലാത്ത, ആലോചനയില്ലാത്ത, അനവധാനമായ, പ്രമാദിയായ, ശ്രദ്ധിക്കാതെചെയ്ത; **-ly**, *adv.* ശ്രദ്ധിക്കാതെ, പ്രമാദത്തോടെ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-Inadvertence, *n.* അജാഗ്രത, പ്രമാദം, ഉപേക്ഷ, അനവേക്ഷ, അനവധാനം.

Inaffable, *a.* സഹവാസശീലമില്ലാത്ത, ഇണക്കമില്ലാത്ത.

Inalienable, *a.* പരാധീനപ്പെടുത്തവയ്യാത്ത, അവിച്ഛേദ്യം, അനന്യഹാര്യം.

Inamorata, Inamorato, *n.* കാമുകൻ; *see* **Lover.**

Inane, *a.* ഒഴിവായ, ഒഴിഞ്ഞ, രിക്തം, ശൂന്യം, അസാരം, കൊള്ളരുതാത്ത; *n.* ഒഴിവ്, ശൂന്യത; **-ly,** *adv.* വൃഥാവിൽ, ഒന്നുമില്ലാതെ.

Inanimate, *a.* ഉയിരില്ലാത്ത, നിർജ്ജീവമായ, അചേതനം, പ്രാണഹീനം.

Inapplicable, *a.* പൊരുത്തമില്ലാത്ത, അനുപയോജ്യം, അയോഗ്യം, അനുചിതം; **-bility,** *n.* അനൗചിത്യം, അയോഗ്യത; **-cation,** *n.* ഉത്സാഹമില്ലായ്മ, ആലസ്യം, അനുദ്യോഗം, അനഭിനിവേശം.

Inapposite, Inappropriate, *a.* ചേരാത്ത, പററാത്ത, അയോഗ്യം, അസംഗതം.

Inappreciable, *a.* അത്യല്പമായ, വിലമതിക്കാൻമേലാത്ത.

Inapprehensible, *a.* അഗ്രാഹ്യമായ, കാണാൻമേലാത്ത; **-hensive,** *a.* നിശ്ശങ്കമായ, വീതഭയമായ.

Inapt, *a.* പററാത്ത, അപാത്രമായ, അയോഗ്യം; **-itude,** *n.* അയോഗ്യത, കറവ്; **-ly,** *adv.* അസ്ഥാനത്തിൽ, അസംഗതമായി, ചേർച്ചയില്ലാതെ.

Inarticulate, *a.* അവ്യക്തമായ, അസ്പഷ്ടം, അവ്യക്തവർണ്ണം, അവ്യക്താക്ഷരം, തിരിയാത്ത, തെളിവററ; **-ly,** *adv.* അസ്പഷ്ടമായി, അവ്യക്തമായി, ഇടച്ചയോടെ ഗദ്ഗദവാക്കോടെ.

Inartificial, *a.* അകൃത്രിമമായ, സഹജമായ, അവ്യാജമായ; **-ly,** *adv.* യുക്തിയില്ലാതെ.

Inasmuchas, *adv.* ഓളം, പ്രകാരം, കൊണ്ടു്, നിമിത്തം.

Inattentive, *a.* അശ്രദ്ധമായ, അനവധാനം, അനാസക്തം, ഉപേക്ഷകം, മന്ദാദരം, പ്രമത്തം, അനവഹിതം, ശൂന്യഹൃദയം; **-ly,** *adv.* അശ്രദ്ധമായി, പ്രമാദത്തോടെ; **-Inattention,** *n.* അശ്രദ്ധ, ഉപേക്ഷ, അനാദരം, ശൂന്യഹൃദയത്വം.

Inaudible, *a.* കേൾക്കാൻപാടില്ലാത്ത, അശ്രാവ്യം, കർണ്ണാഗോചരം; 'i weeping നിശ്ശബ്ദരോദനം'.

Inaugurate, *v. t.* അഭിഷേചിക്കുക, അധികാരത്തിലേപ്പെടുത്തുക, പ്രതിഷ്ഠിപ്പിക്കുക; ഉപക്രമിക്കുക, ആരംഭിക്കുക, മൂലിക്കുക; **-ral,** *a.* പ്രതിഷ്ഠാപനസംബന്ധിയായ, ആദ്യമായ, പ്രാരംഭമായ; **-ion,** *n.* അഭിഷേകം, പ്രതിഷ്ഠാപനം, ഉപക്രമം.

Inaurate, *v. t.* പൊന്നുപൊതിയുക, പൊൻപൂശുക, ഗിൽഡുചെയ്യുക.

Inauspicious, *a.* അമംഗളമായ, പ്രതികൂലമായ, അശുഭം; **-ly,** *adv.* അശുഭമായി. അശുഭലഗ്നത്തിൽ.

Inborn, Inbred, *a.* കൂടെപ്പിറന്ന, സഹജം, നൈസർഗ്ഗികം, സ്വാഭാവികം, സ്വഭാവജം, അന്തർഭവം.

Incalculable, *a.* കണക്കാക്കാൻമേലാത്ത, എണ്ണമററ, സംഖ്യാതീതം; അമിതമായ.

Incandescent, *a.* ചൂടോടെയെരിയുന്ന, പ്രജ്വലനം, അത്യുഷ്ണം; *n.* ചൂടുകൊണ്ടു പഴുത്ത; മിന്നുന്ന, ശോഭയുള്ള; **-ence,** *n.* അത്യുഷ്ണത, ഉച്ചണ്ഡത.

Incantation, *n.* മന്ത്രം, അഭിചാരം, യോഗം, മന്ത്രപ്രയോഗം, മായ; 'to use i. s മന്ത്രങ്ങളാൽ വശീകരിക്കുക or മോഹിപ്പിക്കുക, അഭിമന്ത്രിക്കുക'.

Incapable, *a.* അക്ഷമം, അശക്തം, അനുചിതം അയോഗ്യം; **-bility,** *n* ശേഷികേടു്, അനുചിതത്വം, അയോഗ്യത.

Incapacious, *a.* ചെറിയ, അവിപുലം, അവിശാലം.

Incapacitate, *v. t.* ശേഷിയില്ലാതാക്കുക, ശക്തി ഹരിക്കുക, അക്ഷമീകരിക്ക, അപാത്രീകരിക്കുക, അയോഗ്യപ്പെടുത്തുക.

Incapacity, *n.* ശേഷികേടു്, അസാമർത്ഥ്യം, അശക്തി, അയോഗ്യത, അപാത്രത; മേധാഭാവം, മേധയില്ലായ്മ, ബുദ്ധിഹീനത.

Incapsulate, *v. t.* അടച്ചുകളയുക (phys); **-lation,** *n.* അടഞ്ഞുപോകൽ.

Incarcerate, *v. t.* തടവിലടയ്ക്കു; **-ation,** *n.* തടവിലാക്കൽ, തടവു്.

Incarnadine, *v. t.* ചവപ്പിക്കുക, അരുണീകരിക്കുക; *a.* രക്തം, ആതാമ്രം, ചൊവന്ന.

Incarnate, *v. t.* ഉടലെടുക്കുക, അവതരിക്കുക; *a.* ഉടലെടുത്ത, അവതരിച്ച,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂൎത്തം; ശരീരമുള്ള; മനുഷ്യരൂപധാരിയായ, അവതീൎണ്ണം; **-ion**, *n.* അവതാരം, ശരീരധാരണം, ദേഹഗ്രഹണം, സശരീരത.

Incase, *v. t.* ഉറയിലിടുക, പൊതിയുക, ആവേഷ്ടിക്കുക.

Incautious, *a.* അജാഗ്രതയുള്ള, അവിവേകമായ, അനവധാനമായ, പ്രമത്തമായ; **-ly**, *adv.* സൂക്ഷിക്കാതെ; **-Incaution**, *n.* സൂക്ഷ്മമില്ലായ്മ, പ്രമാദം, അസമീക്ഷ.

Incendiary, *n.* പുരയ്ക്കു തീവയ്ക്കുന്നവൻ; കൊള്ളിവയ്ക്കുന്നവൻ; കലഹം ജനിപ്പിക്കുന്നവൻ; **-rism**, *n.* കൊള്ളിവയ്ക്കൽ, ഗൃഹദാഹം.

Incense, *n.* ധൂപം, നറുംപുക; സ്തുതി.

Incense, *v. t.* കൊളുത്തുക, എരിക്കുക, ഉത്തേജിപ്പിക്കുക, ഉദ്ദീപിപ്പിക്കുക; **-censed**, (-senst), *a.* ക്രുദ്ധമായ; **-ment**, *n.* അത്യുഷ്ണം, മഹാകോപം; **-censer**, **-censor**, *n.* കോപിപ്പിക്കുന്നവൻ; **-centive**, *n.* പ്രലോഭനം, പ്രചോദനം, പ്രവൎത്തനം, പ്രോത്സാഹനം, പ്രേരണം, ഉദ്ബോധകം; കാരണം, നിമിത്തം, പ്രയോജനം, ഹേതു; *a.* പ്രവൎത്തകമായ, പ്രചോദകം.

Incenter, *n.* ത്രികോണാന്തർവൃത്തകേന്ദ്രം.

Inception, *n.* ആദി, പ്രാരംഭം, ഉപക്രമം.

Inceration, *n.* അരക്കുപൊതിയൽ.

Incertitude, *n.* നിശ്ചയമില്ലായ്മ, വികല്പം, ശങ്ക, അനിൎണ്ണയം,

Incessant, *a.* ഇടവിടാത്ത, തുടൎച്ചയായ, മുറയ്ക്കുള്ള, സതതം, അനവരതം, അവിച്ഛിന്നം, അവിശ്രാന്തം; **-ly**, *adv.* ഇടവിടാതെ, തുടരെ, അവിരതമായി, അശ്രാന്തമായി, നിരന്തരമായി.

Incest, *n.* വ്യഭിചാരം, അഗമ്യഗമനം, മാതൃഗമനം, സ്വസൃഗമനം etc.; **-uous**, *a.* അഗമ്യഗാമിയായ, വ്യഭിചാരിയായ.

Inch (insh), *n.* ഇഞ്ചു്, ഒരംഗുലം.

Inchest, *v. t.* പെട്ടിയിലിടുക.

Inchoate (-kōāt), *a.* പൂൎത്തിയാകാത്ത, മുതിരാത്ത, അസംപൂൎണ്ണം; ഉപക്രാന്തം, അചിരപ്രാരബ്ധം; **-ion**, *n.* ഉപക്രമം, പ്രാരംഭം.

Incident, *n.* കാൎയ്യം, സംഗതി, സംഭവം, വൃത്താന്തം, പ്രസംഗം, ഘടന; ഉപാഖ്യാനം, പ്രാസംഗികകഥ; *a.* വീഴുന്ന, ആകസ്മികമായ; സാധാരണസംഭവമായ; ആശ്രിതമായ; **-al**, *a.* യാദൃച്ഛികമായ, പ്രാസംഗികം, ആനുഷംഗികം, ആഗന്തുകം, ആപതിതം, നൈമിത്തികം, ആഹാൎയ്യം, അപ്രകൃതം; 'i. cause ആഗന്തുകകാരണം, കാൎയ്യനിമിത്തം'; **-ally**, *adv.* പ്രസംഗവശാൽ, ബന്ധാകൊണ്ടു്, യദൃച്ഛയാ, ദൈവാൽ.

Incinerate, *v. t.* ചാമ്പലാക്കുക, ചാരമാക്കുക, ഭസ്മീകരിക്കുക.

Incipient, *a.* ആരംഭമായ, തുടങ്ങുന്ന, ഉപക്രാന്തം, പ്രഥമം, അഗ്രം, പുരോഗാമിയായ.

Incise, *v. t.* ചെത്തിയെടുക്കുക, കൊത്തിയെടുക്കുക, വാൎന്നെടുക്കുക, അരിയുക; ഛേദിക്കുക; **-ion**, *n.* കണ്ടിക്കൽ, വാൎന്നെടുക്കൽ, ഛേദം, കൎത്തനം; **-cisive**, *a.* മുറിപ്പെടുത്തുന്ന, വിമ്മാരപ്പല്ലു് or മുൻപല്ലു സംബന്ധിച്ച.

Incite, *v. t.* കുത്തിപ്പൊക്കുക, എഴിപ്പിക്കുക, പ്രവൎത്തിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, പ്രേരിപ്പിക്കുക, ഉദ്ദീപിപ്പിക്കുക, ഉത്തേജിപ്പിക്കു; **-ation**, **-ment**, *n.* പ്രചോദനം പ്രേരണം, ഉത്തേജനം; *see* **Incentive.**

Inclaudent, *a.* അടയാത്ത, പൂട്ടാത്ത.

Inclavated, *a.* ആണിതറച്ചു ബലപ്പെടുത്തിയ.

Inclement, *a.* സൌമ്യമല്ലാത്ത, നിഷ്ഠുരം, നിൎഘൃണം, നിൎദ്ദയം; (of weather) ഉഗ്രം, കഠോരം, രൂക്ഷം, അസൌമ്യം, തീവ്രം, പ്രചണ്ഡം, കടുത്ത, കൊടിയ; കോടയുള്ള; **-ency**, *n.* അദയ, അകാരുണ്യം, രൂക്ഷത, കടുപ്പം.

Incline, *v. i.* ചായുക, നമിക്കുക, ഇണങ്ങുക, പക്ഷപാതപ്പെടുക; *v. t.* ചായ്ക്കുക, നമിപ്പിക്കുക, ഇണക്കുക, പ്രവൎത്തിപ്പിക്കുക, പ്രേരിപ്പിക്കുക; *n.* ചെരിവു്, പ്രവണഭൂമി; **-ation**, *n.* ചായ്ക്കൽ, വളവു്, ചായ്‌വു്, ഭാവം, അഭിലാഷം, ഇച്ഛ, ചിത്തപ്രവൃത്തി; ആനതി; **-ed**, *a.* ചാഞ്ഞ, നതം, ആവൎജ്ജിതം, പ്രവൎത്തിതം, പ്രവണം in comp. ശീലം or ആലു in comp.

Inclip, *v. t.* കൂട്ടിപ്പിടിക്കുക.

Inclose, *see* **Enclose.**

Incloud, *v. t.* കാറമൂടുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Include, *v. t.* ഉൾപ്പെടുത്തുക, കൊള്ളുക, അടക്കുക, പരിഗ്രഹിക്കുക, അന്തർഗണിക്കുക, സമാവേശിപ്പിക്കുക, ധരിക്കുക; തീർക്കുക, അവസാനിപ്പിക്കുക; **-ed**, *a.* ഉൾപ്പെട്ടതപ്പെട്ട, അന്തർഭാവിതം, അന്തർഭൂതം, അന്തർഗതം, അവാന്തരം, ഗർഭിതം, അഭിവ്യാപ്തം; 'i. space അന്തരാളം, അഭ്യന്തരം'; **-ing**, **-Inclusive**, *a.* ചാരമുള്ള, വട്ടത്തിലുള്ള, ഉൾപ്പെടെയുള്ള; **-clusively**, *adv.* സംകല്യേന, അശേഷേണ, ഉൾപ്പെടെ, ഉൾപ്പെടുത്തി; **-clusion**, *n.* ഉൾപ്പെടുത്തൽ, അടക്കം, അന്തർഗണനം, പരിഗ്രഹം, അഭിവ്യാപ്തി, പ്രതിസംഹാരം.

Incogitable, *a.* അറിയാത്ത, ഗ്രാഹ്യമല്ലാത്ത; **-tance**, **-tancy**, *n.* വിചാരഹീനത, ബുദ്ധിയില്ലായ്മ.

Incognito, *a.* അറിയാത്ത, പ്രച്ഛന്നമായ, അലക്ഷിതമായ, ഗുപ്തരൂപമായ, വേഷം മാറിയ, ആൾമാറാട്ടമായ; *adv.* വേഷംമാറി, പ്രച്ഛന്നമായി, നിഭൃതാകാരത്തോടെ.

Incognisance, **-zance**, *n.* അറിയാതിരിക്കൽ, അപ്രതിപത്തി, അനഭിജ്ഞാനം; **-sant**, **-zant**, *a.* അറിയാത്ത, അനഭിജ്ഞമായ, അജ്ഞമായ.

Incoherent, *a.* പൊരുത്തമില്ലാത്ത, അസംഗതം, അസംബദ്ധം, അനന്വിതം; **ly**, *adv.* പൊരുത്തമില്ലാതെ, അസംഗതമായി; **-Incoherence**, *n.* പൊരുത്തമില്ലായ്മ, അസംബന്ധം, അനന്വയം, അസന്ദർഭം.

Incombustible, *a.* തീപറ്റാത്ത, അദാഹ്യം.

Income, *n.* വരുമാനം, ആദായം, ആയം, ഉദയം, ധനാഗമം, ധനോദയം.

Incometax, *n.* വരുമാനക്കരം, ആദായനികുതി.

Incomings, *n.* വരവ്, ആദായം, ലാഭം.

Incommensurable, *a.* അളവൊക്കാത്ത, അസമപരിമാണമായ, അസമാനമായ; അപര്യാപ്തമായ.

Incommensurate, *a.* സമമല്ലാത്ത, അതുല്യമായ, അപര്യാപ്തമായ, പോരാത്ത.

Incommode, *v. t.* തൊന്തരവുചെയ്യുക, ഉപദ്രവിക്കുക, പീഡിപ്പിക്കുക, ആയാസപ്പെടുത്തുക; **-modious**, *n.* അയോഗ്യമായ; ക്ലേശകരം; അസുഖദം.

Incommunicative, *n.* മിണ്ടാത്ത, ഉരിയാടാത്ത, വാംഗ്യതം, മിതവാക്കായ, സല്ലാപവിമുഖമായ.

Incomparable, *a.* നികരറ്റ, നേരറ്റ, ഉപമയില്ലാത്ത, അനുപമം; അപ്രതിമം, അനുപമേയം.

Incompassionate, *a.* പരിതാപമില്ലാത്ത, ക്രൂരം, നിർദ്ദയം, നൃശംസം *see* **Cruel**.

Incompatible, *a.* വൈരുദ്ധ്യമുള്ള *see* **Inconsistent**.

Incompetent, *a.* തക്കതല്ലാത്ത, അസമർത്ഥം, അയോഗ്യം, അകർമ്മക്ഷമം, **-ly**, *adv.* അയോഗ്യമായി, അസമർത്ഥമായി; **Incompetence**, **-cy**, *n.* പ്രാപ്തിക്കുറവ്, ശേഷികേട്, അശക്തി, അക്ഷമത, കാര്യാക്ഷമത, അപര്യാപ്തി.

Incomplete, *a.* അപൂർണ്ണമായ, പൂർണ്ണമാകാത്ത, കുറവായ, തികയാത്ത, തീരാത്ത, അനിഷ്പന്നം, സാവശേഷം; വികലം, ന്യൂനം, ഹീനാംഗം, അസമഗ്രം; **-ly**, *adv.* അപൂർണ്ണമായി, വൈകല്യത്തോടെ; **-ness**, *n.* മുഴുപ്പില്ലായ്മ, അപൂർണ്ണത, അസമാപ്തി; വൈകല്യം, ന്യൂനത, കുറവ്.

Incomplex, *a.* കൂട്ടുചേരാത്ത, കലർപ്പില്ലാത്ത, അസങ്കീർണ്ണം, ശുദ്ധം.

Incompliant, *a.* സമ്മതമാകാത്ത; ശാഠ്യമുള്ള.

Incomposite, *a.* കലർന്നതല്ലാത്ത, തനിയായ, ശുദ്ധമായ.

Incomprehensible, *a.* വിചാരാതീതമായ, അജ്ഞേയം, അഗമ്യം, ദുർബോധം, അചിന്ത്യം, അഗ്രാഹ്യം, ബോധാതീതം, ഇന്ദ്രിയാതീതം.

Inconceivable, *a.* നിനപ്പാൻകഴിയാത്ത, മനസ്സിനെത്താത്ത.

Inconclusive, *a.* ബോദ്ധ്യംവരുത്താത്ത, തീർച്ചചെയ്യാത്ത, അനിർണ്ണായകം; **-ly**, *adv.* തീർച്ചയാക്കാതെ, നിർണ്ണയം വരുത്താതെ.

Incongruous, *a.* പൊരുത്തമില്ലാത്ത, അസംഗതം, വിരുദ്ധം, അസംബദ്ധം; **-ness**, **-Incongruity**, *n.* ചേർച്ചയില്ലായ്മ, വിരോധം, അസംഗതി.

Inconsequent, *a.* അസംബന്ധമായ, ന്യായവിരുദ്ധമായ, അയുക്തിസിദ്ധമായ.

Inconsiderable, *a.* ചെറിയ, അല്പമായ, തുച്ഛം, ക്ഷുദ്രം, നിസ്സാരമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Inconsiderate, *a.* ആലോചിക്കാത്ത, വിവേകമില്ലാത്ത, സാഹസമുള്ള or സാഹസിയായ; **-ly**, *adv.* ആലോചിക്കാതെ, പെട്ടെന്നു, സാഹസമായി; **-ness**, *n.* അവിമൎശം, അസമീക്ഷ.

Inconsistent, *a.* ചെൎച്ചയില്ലാത്ത, ഒപ്പമില്ലാത്ത, നിരക്കാത്ത വിരുദ്ധമായ; പരസ്പരവിരോധിയായ; **-ly**, *adv.* ചെൎച്ചയില്ലാതെ, പരസ്പരവിരുദ്ധമായി.

Inconsistence, **-tency**, *n.* പരസ്പരവിരോധം, അസംബന്ധം, അനന്വയം, വിരോധം, വിപ്രതിപത്തി, വിരോധോക്തി.

Inconsolable, *a.* മനംതകൎന്ന, അശരണമായ, നിൎവിനോദം, ശോകാകുലം.

Inconsonant, *a.* *see* **Inconsistent.**

Inconspicuous, *a.* തെളിവില്ലാത്ത, പ്രകാശിക്കാത്ത, അപ്രകാശമായ, അസ്പഷ്ടം; അപ്രധാനം.

Inconstant, *a.* സ്ഥിരമല്ലാത്ത, നിലനില്ക്കാത്ത, അസ്ഥിരം, അദൃഢം, തരളം ലോലചിത്തം; **-Inconstancy**, *n.* അസ്ഥിരത, തരളത, ചഞ്ചലത്വം; *see* **Fickle.**

Incomsumable, *a.* ഭക്ഷിച്ചുപോകാത്ത; തീൎന്നുപോകാത്ത.

Incontaminate, *a.* നിഷ്കളങ്കമായ, ശുദ്ധമായ, പവിത്രം.

Incontestable, *a.* മറുത്തുചൊല്ലാൻപാടില്ലാത്ത, സന്ദേഹമററ, നിൎവിവാദം, അപ്രത്യാഖ്യേയം, സുനിശ്ചിതം.

Incontinent, *a.* അടക്കമില്ലാത്ത, അസംയതമായ, വ്യഭിചാരിയായ;**-Incontinence**, **-cy**, *n.* അടക്കമില്ലായ്മ, അസംയമം, അദമം, വ്യഭിചാരം, ലമ്പടത, ഇന്ദ്രിയാദമം.

Incontrovertible, *a.* വാദമില്ലാത്ത, തൎക്കമില്ലാത്ത, നിൎവിവാദം, അസന്ദിഗ്ദ്ധം.

Inconvenient, *a.* അസൗകൎയ്യമായ, അനുചിതമായ, അഹിതം, ദുഃഖകരം, ക്ലേശദം; **-Inconvenience**, *n.* അയോഗ്യത, അനൌചിത്യം, അനുപയോഗം; ക്ലേശം, അസുഖം, പീഡ, ആയാസം; *v. t.* അസൗകൎയ്യപ്പെടുത്തുക, ഉപരോധിക്കുക, ബോധിപ്പിക്കുക, പീഡിപ്പിക്കുക.

Inconversant, *a.* പരിചയമില്ലാത്ത, അനഭിജ്ഞം, അവിജ്ഞം, അനഭ്യസ്തം.

Incorporate, *v. t.* കൂട്ടുക, കലൎത്തുക, സംയോജിപ്പിക്ക, സംശ്ലേഷിപ്പിക്ക, ഏകീകരിക്കുക; *v. i.* ഏകീഭവിക്കുക, ചേരുക; **-ion**, *n.* കൂട്ടു, ചേൎപ്പു, സംയോഗം, സമ്മിശ്രണം, സംസൎഗ്ഗം.

Incorporeal, *a.* അശരീരിയായ, വിദേഹമായ, നിരവയവമായ.

Incorrect, *a.* തെററായ, ശരിയല്ലാത്ത, തിട്ടമല്ലാത്ത, പിശകായ, ഉണ്മയററ, അബദ്ധം, സദോഷം; അസത്യം, അയഥാൎത്ഥം; **-ly**, *adv.* തെററായി, അസത്യമായി, അയഥാൎത്ഥമായി; **-ness**, *n.* തെററു, ശരികേടു, പിശകു, അബദ്ധം, അസത്യത.

Incorrigible, *a.* തിരുത്താൻകഴിയാത്ത, അസാദ്ധ്യമായ, ശിക്ഷാതീതം.

Incorrodible, *a.* കറപിടിക്കാത്ത, ദ്രവിക്കാത്ത, അക്ഷയണീയം.

Incorrosive, *a.* നശിക്കാത്ത, അനാശങ്കം.

Incorrupt, *a.* പഴുതില്ലാത്ത, പരിശുദ്ധമായ, അദുഷ്ടമായ, ശുചിയായ, പവിത്രമായ, ശുദ്ധമായ; **-ness**, *n.* ശുചിത, ശുദ്ധത.

Incorruptible, *a.* നശിക്കാത്ത, കൈക്കൂലിവാങ്ങാത്ത, ന്യായംനടത്തുന്ന.

Increase, *v. i. and v. t.* വളരുക, വ്യാപിക്കുക, പെരുകുക, വിരിയുക, ഏറുക, അധികമാവുക, വൎദ്ധിക്കുക; *n.* വളൎച്ച, വ്യാപ്തി, പെരുക്കം, പരപ്പു, വിസ്താരം, ആധിക്യം; **-ing**, *a.* വളരുന്ന, വൎദ്ധിഷ്ണുവായ.

Incredible, *a.* വിശ്വസിക്കാൻപാടില്ലാത്ത, അശ്രദ്ധേയം, അവിശ്വാസ്യം, വിശ്വാസാനൎഹം.

Incrednlous, *a.* സന്ദേഹിക്കുന്ന അവിശ്വസിക്കുന്ന, അശ്രദ്ധാലുവായ, ശങ്കാശീലമായ; **-ly**, *adv.* സാശങ്കം, സന്ദേഹിച്ചു; **-Incredulity**, *n.* അവിശ്വാസം, സംശയം.

Incremate, *v. t.* ദഹിപ്പിക്കുക.

Increment, *n.* പെരുക്കം, വളൎച്ച, വൎദ്ധനം; *see* **Increase.**

Incriminate, *v. t.* കുററപ്പെടുത്തുക; *see* **Accuse.**

Incrust, *v. t.* പൊതിയുക, പൂശുക, അമൎത്തുക.

Incubate, *v. i.* അടയിരിക്കുക, അണ്ഡം പോഷിപ്പിക്കുക; **-ion**, *n.* അടയിരിപ്പു.

Incubus, *n.* കസ്വപ്നം, ദുഃസ്വപ്നം; ദുൎഭൂതം, യക്ഷി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Inculcate (-kāt), *v. t.* മനസ്സിൽ പതിപ്പിക്കുക, അനുശാസിക്കുക, ഉപദേശിക്കുക, ഉള്ളിൽ കടത്തുക, പഠിപ്പിക്കുക; *see* **Impress.**

Inculpate, *v. t* കുററം ചുമത്തുക or ചാർത്തുക, പഴിചൊല്ലുക or ചാരുക.

Incumbent, *n.* ഉദ്യോഗം വഹിക്കുന്നവൻ, ഉദ്യോഗസ്ഥൻ, അനുഭവിക്കുന്നവൻ, അധികൃതൻ; *a.* മേൽചുമത്തപ്പെട്ട, ഉപരിസ്ഥം; ആവശ്യകം.

Incur, *v. t.* നേരിടുക, ഇടവരിക, വരുവിക്കുക, ഭജിക്കുക, ആശ്രയിക്കുക; *v. i.* കടക്കുക, പ്രവേശിക്കുക; **-rence,** *n.* വരുത്തൽ, അകപ്പെടൽ.

Incurable, *a.* പരിഹരിക്കാൻമേലാത്ത, ശാശിയാകാത്ത, സ്വസ്ഥമാകാത്ത, അസാദ്ധ്യമായ; *n.* തീരാവ്യാധിക്കാരൻ.

Incurious, *a.* കൌതുകമില്ലാത്ത, അനുത്സുകം, കുതൂഹലമില്ലാത്ത.

Incursion, *n.* പ്രവേശം; ആക്രമം, അവസ്കന്ദം(ദനം), അഭിപ്രയാണം; **-cursive,** *a.* ആക്രമിക്കുന്ന.

Incurve, *v. t.* വളയ്ക്കുക, കുലയ്ക്കുക; **-curvate,** *a.* വളഞ്ഞ; *v. t.* വളയ്ക്കുക, ആകുഞ്ചനം ചെയ്ക; **-ion,** *n.* വളയ്ക്കൽ, ആകുഞ്ചനം;

Incus, *n.* അടകല്ല്.

Incuse, Incuss, *v. t.* അടിച്ചുണ്ടാക്കുക, നാണയമടിക്കുക.

Indebt (-det′), *v. t.* കടക്കാരനാക്കുക, ഋണബാദ്ധ്യതവരുത്തുക; **-ed,** *a.* കടപ്പെട്ട, ബാദ്ധ്യതപ്പെട്ട, കടം വീട്ടേണ്ടുന്ന, നന്ദികാട്ടേണ്ട; **-edness, -ment,** *n.* ബാദ്ധ്യത, കടപ്പാട്, ഋണം, കടപ്പെട്ടിരിക്കൽ, മു.

Indecent, *a.* സഭ്യമല്ലാത്ത, അസഭ്യമായ, ചേരാത്ത, നാണമില്ലാത്ത, അഴക്കുപിടിച്ച, ഡംഭുള്ള, അശ്ലീലം, അശ്രാവ്യം; അവിനീതം, നിർമ്മര്യാദം; അയുക്തം, നിന്ദ്യം; **-ly,** *adv.* അസഭ്യമായി, ചേരാത്തതായി, അശ്ലീലമായി; **-Indecency,** *n.* അശ്ലീലത; അവിനയം, അയുക്തം, നിന്ദ്യത, കരീതി, അനീതി, കുശീലം.

Indecision, *n.* തീർച്ചയില്ലായ്മ, സന്ദേഹം, അനിർണ്ണയം, വികല്പം, സംശയം, വികല്പശീലത, ചലചിത്തത, ലൌല്യം, ചഞ്ചലത.

Indecisive, *a.* തീർച്ചയാകാത്ത, സന്ദിഗ്ധം, അനിശ്ചിതം, സവികല്പം, അനിർണ്ണായകം; വികല്പശീലം; *see* **Fickle; -ly,** *adv.* അനിശ്ചിതമായി, സന്ദേഹത്തോടെ.

Indeclinable, *a.* പ്രത്യയങ്ങളൊന്നും ചേർന്നു മാററം വരാത്ത, അവ്യയം, അവികാര്യം; അവിഭക്തികം; 'an i. word അവ്യയം, നിപാതം'.

Indecorous, -Indecorum, *see* **Indecent, Indecency.**

Indeed, *adv.* തീർച്ചയായി, നിശ്ചയമായി, സത്യമായി; അതെ, തന്നെ; നൂനം; അതെയോ, തന്നെയോ, എന്ത്!.

Indefatigable, *a.* തളരാത്ത, ക്ഷീണിക്കാത്ത, കുറയാത്ത, അശ്രാന്തം, അവിഷണ്ണം മഹോത്സാഹം, ബഹുശ്രമക്ഷമം; *see* **Assiduous.**

Indefeasible, *a.* മാററാൻപാടില്ലാത്ത, തട്ടിക്കാൻ കഴിവില്ലാത്ത.

Indefensible, *a.* ഉത്തരം പറയാനില്ലാത്ത, തടുക്കുവാൻ കഴിയാത്ത, അനുത്തരം, അരക്ഷണീയം.

Indefinable, *a.* പറയാൻ കഴിയാത്ത, അനിർവാച്യം, അവർണ്ണനീയം, പരിച്ഛേദരഹിതം.

Indefinite (-in-it), *a.* എല്ലകയില്ലാത്ത, കുഴപ്പമായ, നിശ്ചയമില്ലാത്ത, അലക്ഷിതം, അനിർദ്ദിഷ്ടം.

Indelible, *a.* അഴിവില്ലാത്ത, ഉറച്ച, നിലയുള്ള, മങ്ങാത്ത, അക്ഷരം, ശാശ്വതം.

Indelicate, *a.* അസഭ്യം, അശ്ലീലം, ഗ്രാമ്യം, അയുക്തം, പരുഷം.

Indemnify, *v. t.* നഷ്ടത്തിനുത്തരവാദം ചെയ്ക, ഈടുനൽകുക, ജാമ്യം നൽകുക, നിഷ്കൃതിചെയ്യുക; **-Indemnity,** *n.* നഷ്ടപരിഹാരം, ഉത്തരവാദം, ജാമ്യം, നിഷ്കൃതി, പ്രതിഫലം; 'a paper granting i. അഭയപത്രം, ദണ്ഡാഭയപത്രം'; 'act of i. ദണ്ഡമോചനനിയമം',

Indent, *v. t. and v. i.* കുതയ്ക്കുക, പല്ലുവെട്ടുക, കുതവെട്ടുക, അരംകൊത്തുക, ദന്തുരീകരിക്കുക; തൊഴിൽ പരിശീലനത്തിനുടമ്പടിചെയ്ക; സാധനങ്ങൾക്കാവശ്യപ്പെടുക; *n.* വിടവ്, പള്ളം, കുത, പല്ല് (അറപ്പുവാൾ മുതലായവയുടെ); സാധനവിവരപ്പട്ടിക; **-ation,** *n.* പല്ല്, കുത, ഭംഗം; ദന്തുരീകരണം; **-ed,** *a.* പല്ലുപല്ലായ, പല്ലുള്ള, കുതച്ച, ദന്തുരം, ദന്തുരിതം, ഭംഗുരം, അനുക്രകചം; **-ure,** *n.* ഉടമ്പടി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരാർ, പ്രതിജ്ഞാനിയമം, പ്രതിജ്ഞാപത്രം.

Independent, *a* പരതന്ത്രമല്ലാത്ത, സ്വതന്ത്രമായ, ആത്മതന്ത്രമായ, അവിവശം, സ്വച്ഛന്ദം, സ്വൈരം, യാദൃച്ഛികം; *see* **Free**; '**i. of** കൂടാതെ, ഒഴിച്ച്', അപേക്ഷിക്കാതെ; *see* **Except**'; **-ly,** *adv.* സ്വാതന്ത്ര്യത്തോടെ, സ്വതന്ത്രമായി, സ്വൈരമായി, സ്വച്ഛന്ദമായി, യദൃച്ഛയാ, നിരപേക്ഷമായി; **Independence,** *n.* സ്വാതന്ത്ര്യം, ആത്മാധീനത, അപാരതന്ത്ര്യം, സ്വാച്ഛന്ദ്യം, സ്വൈരത.

Indescribable, *a.* വിവരിച്ചുപറയാൻമേലാത്ത, അകഥ്യം, വർണ്ണനാതീതം, അവർണ്ണനീയം.

Indestructible, *a* അഴിവില്ലാത്ത, നശിപ്പിക്കാൻകഴിയാത്ത, നാശമററ, അക്ഷയ്യമായ.

Indeterminable, *a.* നിർണ്ണയിക്കാൻവയ്യാത്ത, അലക്ഷ്യം, അപരിമേയം, സന്ദിഗ്ദ്ധം.

Indeterminate, *a.* നിശ്ചയമില്ലാത്ത, തിട്ടമില്ലാത്ത, അനിയതം, അനിർണ്ണീതം, സന്ദിഗ്ദ്ധം, സവികല്പം, അലക്ഷിതം; **-ion,** *n. see* **Indecision.**

Index *n.* സൂചി(ചീ)പത്രം, സൂചി, അനുക്രമണിക; പ്രദേശിനി, ദർശകം; (Indicative of) ex. by ജ്ഞാപകം, സൂചകം; *a. see* **Indicate.**

India, *n.* ഭാരതം, ഭ(ഭാ)രതവർഷം, ജംബുദ്വീപം; **-Indian,** *a.* ഭാരതദേശീയം, ഭാരതീയം; **-Indies,** *n.* pl. ഹിന്തുസ്ഥാനം, പശ്ചിമേന്ത്യാദ്വീപസമൂഹം.

Indicate, *v. t.* കാട്ടുക, കുറിക്കുക, സൂചിപ്പിക്കുക, ദ്യോതിപ്പിക്കുക; നിർദ്ദേശിക്കുക, ബോധിപ്പിക്കുക, ആവിഷ്കരിക്കുക, ലക്ഷ്യം ചെയ്യുക; **-ion,** *n.* കുറിപ്പ്, ലക്ഷണം, ചിഹ്നം, ലിംഗം, സൂചന, രൂപം, അഭിജ്ഞാനം, ഇംഗിതം; (Act) പ്രകാശനം, നിദർശം, പ്രദർശനം; **-ive, -ory,** *a.* കുറിക്കുന്ന, കാട്ടുന്ന, ഗമകം, സൂചകം, വ്യഞ്ജകം, ദ്യോതകം, ജ്ഞാപകം, നിർദ്ദേശകം, ബോധകം, പിശുനം.

Indict (in-dit), *v. t.* കുററംചുമത്തുക, അപവദിക്ക; **-ment,** *n.* കുററംചുമത്തൽ, അഭിയോഗം, അഭിയോഗപത്രം, കുററപത്രം.

Indifferent, *a.* പററില്ലാത്ത, അലക്ഷ്യമായ, സമഭാവമായ, വിരക്തമായ, മദ്ധ്യസ്ഥമായ; **-ly,** *adv.* ഉപേക്ഷയായി, അലക്ഷ്യമായി, മദ്ധ്യസ്ഥമായി; **-ence,** *n.* സമചിത്തത, ഉപേക്ഷ, അലക്ഷ്യഭാവം, സമഭാവം, നിസ്സംഗത.

Indigent (-jent), *a.* ഏഴയായ, ദരിദ്രമായ, അകിഞ്ചനം; *see* **Poor**; **-ly,** *adv.* ഏഴയായി, ദരിദ്രമായി, നിർദ്ധനമായി, അകിഞ്ചനമായി; **-gence, -cy,** *n.* വലച്ചില്, ദാരിദ്ര്യം, ദീനത, നിർദ്ധനത, ദുഃസ്ഥിതി.

Indigenous, *a.* നാട്ടിലുണ്ടായ, സ്വദേശോദ്ഭവം, സ്വദേശജാതം.

Indigestion (in-di-jest'yun), *n.* ദഹനമില്ലായ്മ, അജീർണ്ണം, അഗ്നിമാന്ദ്യം; **Indigestible,** *a.* ദഹിക്കാത്ത, ലയിക്കാത്ത, സഹിക്കാൻമേലാത്ത.

Indignant, *a.* കോപാകുലമായ, സരോഷമായ; **-ly,** *adv.* രോഷത്തോടെ; കോപത്തോടെ, ക്രോധത്തോടെ; **-Indignation,** *n.* മന്യു, സംരംഭം, കോപം, രോഷം. मन्यु, संरंभ, कोप, रोष

Indignity, *n.* അപ(വ)മാനം, പരിഭവം അവജ്ഞ, അനാദരം, തിരസ്കാരം, ധിക്കാരം; *see* **-Disgrace, Insult,** also.

Indigo, *n.* നീലം, കട്ടനീലനിറം.

Indirect, *a.* കോട്ടിയ, വളഞ്ഞ, വക്രം, കുടിലം, പരോക്ഷം; '**i. tax** പരോക്ഷകരം'; '**i. hint** വക്രോക്തി, ഭംഗിഭാഷണം'; **-ly,** *adv.* വക്രോക്തിയായി, വളഞ്ഞു്, കുടിലമായി.

Indiscernible, *a.* കാണാൻകഴിയാത്ത, അപ്രത്യക്ഷമായ, അവ്യക്തമായ.

Indiscreet, *a.* അവിവേകിയായ, വിവേകശൂന്യമായ, ബുദ്ധികെട്ട; **-ly,** *adv.* അവിവേകിയായി, ബുദ്ധിശൂന്യമായി; **Indiscretion,** *n.* ബുദ്ധിക്കുറവു്, അവിവേകം.

Indiscriminate, *a.* തരംതിരിച്ചറിവില്ലാത്ത, കുഴപ്പമായ, കുഴഞ്ഞ, നിർവിശേഷം, അപരിച്ഛിന്നം; സങ്കുലം, സങ്കീർണ്ണം, അവ്യവസ്ഥിതം; **-ing, -ive,** *a.* തരംതിരിച്ചറിഞ്ഞുകൂടാത്ത, അവിശേഷജ്ഞം, നിർവ്വിവേകം; **-ion,** *n.* അവിവേകം, അപരിച്ഛേദം, അവിജ്ഞാനം; **-ly,** *adv.* തരംതിരിച്ചല്ലാത്ത, അവിവിക്തമായി, നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശേഷമായി; കഴപ്പമായി, സങ്കലമായി, ക്രമമില്ലാതെ.

Indispensable, *a.* ആവശ്യകമായ, വേണ്ടിയ, അപരിത്യാജ്യം'; 'an i. duty നിത്യകർമ്മം'.

Indispose, *v. t.* വെറുപ്പുണ്ടാക്കുക, വിമുഖീകരിക്കുക, അരുചിയെ or വിരക്തിയെ ഉണ്ടാക്കുക or ജനിപ്പിക്കുക; **-ed,** *a.* വിരക്തം, വിമുഖം, പരാങ്മുഖം, അനുകൂലമല്ലാത്ത; അസ്വസ്ഥം, അസ്വസ്ഥശരീരം; **-ition,** *n.* വെറുപ്പ്, വിരക്തി, അരുചി, വിമുഖത, പ്രതികൂലത; അസ്വാസ്ഥ്യം, ശരീരസുഖമില്ലായ്മ.

Indisputable *see* **Incontestable.**

Indissoluble, *a.* പൊട്ടാത്ത, അഭേദ്യം, കട്ടിയായ, ദൃഢബദ്ധം; അലിയാത്ത, കലങ്ങാത്ത, അദ്രാവ്യം, അക്ഷരണീയം.

Indistinct, *a.* കഴഞ്ഞ, മങ്ങിയ, സങ്കുലം, അവ്യക്തം, അസ്ഫുടം; 'an i. speech ക്ലിഷ്ടം'; **-ly,** *adv.* അവ്യക്തമായി, അസ്പഷ്ടമായി, മങ്ങി, തെളിയാതെ; **-ness,** *n.* അവ്യക്തി, തെളിവില്ലായ്മ.

Indistinguishable, *a.* വകതിരിച്ചറിവാൻ കഴിയാത്ത or കാണ്മാൻകഴിയാത്ത, അപരിച്ഛേദ്യം, അലക്ഷ്യം.

Indite, *v. t.* എഴുതുക; കുററം ചുമത്തുക; ക്ഷണിക്കുക.

Individual, *a* ഒററയായ, തനിയായ, വ്യക്തിഗതം, അവ്യാപകം; *n.* ഒരുവൻ (ഒരുത്തി), വ്യക്തി, പുരുഷൻ, ഏകജനം; അവയവം; **-ity,** *n.* വ്യക്തിത, വ്യക്തി; പൃഥക്ത്വം, പാർഥക്യം; മമത; **-ly,** *adv.* ഒന്നൊന്നായി, ഏകൈകശ, പ്രത്യേകശ, ഏകൈകമായി, പ്രത്യവയവമായി പൃഥക് പൃഥക്കായി; **-ize,** *v. t.* തനിത്തനിയായി പറയുക.

Indivisible, *a.* അവിഭാജ്യം, അഭേദ്യം, നിരവയവം, വിഭജിക്കാൻ പാടില്ലാത്ത.

Indocile, *a.* മന്ദമതിയായ, വാക്കുകേൾക്കാത്ത, അനുസരിക്കാത്ത, അവിധേയം, വശപ്പെടാത്ത, അനധീനം, സ്വച്ഛന്ദം; **-cility,** *n.* വഴിപ്പെടായ്ക, മൂർഖത.

Indoctrinate, *v. t. see* **Advise.**

Indolent, *a.* ദേഹമനക്കാത്ത, വേലചെയ്യാത്ത, മടിയുള്ള, തന്ദ്രിലം, അലസം, മന്ദം, നിരുദ്യമം. നിരുത്സാഹം; **-Indolence,** *n.* മടി, അലസത, തന്ദ്രി, മന്ദത, ജാഡ്യം, കാര്യവിമുഖത.

Indomitable, *a.* അധീനപ്പെടാത്ത, വഴങ്ങാത്ത, മ(മെ)രുങ്ങാത്ത.

Indoor, *a.* വീട്ടിനകത്തുള്ള.

Indorse, *v. t.* പിൻപുറത്തെഴുതുക, ഒത്തുകൊള്ളുക; *see* **Endorse.**

Indubitable, *a.* ചോദിക്കേണ്ടാത്ത, സംശയിക്കേണ്ടാത്ത, നിശ്ചയമായ.

Induce, *v. t.* പ്രവർത്തിപ്പിക്കുക, നിയോഗിക്ക, പ്രചോദനംചെയ്ക, പ്രേരിപ്പിക്കുക; *see* **-Incite;** ആകർഷിക്ക, പ്രലോഭിപ്പിക്കുക; ജനിപ്പിക്ക; പ്രബോധിപ്പിക്ക; **-ment,** *n.* പ്രോത്സാഹനം, അനുനയം, പ്രചോദനം; കാരണം, നിമിത്തം; *see* **Incentive; -Induction,** *n.* അനുമാനം, അപവാഹം; **-Inductive,** *a.* ആനുമാനികം.

Induct, *v. t.* പ്രവേശിപ്പിക്കുക, ധർമ്മാധികാരത്തിൽ നിയോഗിക്കുക; **-ion,** *n.* പ്രതിഷ്ഠാപനം.

Indue, *v. t.* കൊടുക്കുക, നൽകുക.

Indulge, *v. i.* ആസക്തമായിഭവിക്കുക, നിരതമായിത്തീരുക, സേവിക്കുക, ഭജിക്കുക; *v. t.* ലാളിക്കുക, കൊഞ്ചിക്കുക, അനുഗ്രഹിക്കുക, തൃപ്തിപ്പെടുത്തുക; അനുമോദിക്കുക, അനുമാനിക്കുക, ക്ഷമിക്കുക, ഉപേക്ഷിക്കുക, നിഷേധിക്കാതിരിക്കുക; **-ence,** *n.* ആസക്തി, സേവ, ശീലത or ആലുത in comp; അദമം, അടക്കമില്ലായ്മ; തോഷണം, തർപ്പണം, അനുവർത്തനം, ലാളനം; പ്രസാദം, അനുഗ്രഹം, അനുജ്ഞ; **-ent,** *a.* ഇഷ്ടത്തിനു വിടുന്ന, സദയമായ, അനുകൂലമായ, ഛന്ദോനുരോധിയായ; **-ently,** *adv.* സദയം, സകാരുണ്യം.

Indurate, *v. i.* and *v. t.* ഉറപ്പിക്കുക, ഇറുക്കുക.

Industry, *n.* ഉദ്യമം, ഉദ്യോഗം, വ്യവസായം, അദ്ധ്യവസായം, ഉത്സാഹം, യത്നം, ക്രിയ, കർമ്മശീലത, കാര്യപ്രസക്തി, അഭ്യാസം, അനാലസ്യം, പരിശ്രമം; **-ous,** *a.* ഉദ്യമിയായ, വ്യവസായിയായ, സോത്സാഹമായ, കാര്യാസക്തം, കർമ്മശീലം, കർമ്മനിഷ്ഠം, കർമ്മാസക്തം, കർമ്മശൂരം, ക്രിയാപരായണം, പരിശ്രമശീലമുള്ള, പ്രയത്നിക്കുന്ന; **-iously,** *adv.* ഉത്സാഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തോടെ, പ്രയത്നത്തോടെ, അഭിനിവേശത്തോടെ.

Inebriate, *v. t.* മദിപ്പിക്കുക, ലഹരിപിടിപ്പിക്കുക, മയക്കുക; *n.* കുടിയൻ; **-ed**, *a.* മത്തമായ, മദോന്മത്തമായ, കുടിച്ചു ലക്കില്ലാത്ത; **-ion**, *n.* മദം, ലഹരി, ഉന്മാദം, ക്ഷീവത.

Ineffable, *a.* *see* **Indescribable.**

Ineffaceable, *a.* മായാത്ത, മായ്ച്ചുകളവാൻ പാടില്ലാത്ത; **-bly**, *adv.* മായ്ച്ചുകളവാൻ കഴിയാത്തവണ്ണം.

Ineffective, -ual, *a.* ഫലിക്കാത്ത, വ്യർത്ഥമായ, നിഷ്ഫലമായ; **-ly, -fectually, -ficaciously, -ficiently**, *adv.* ഫലശൂന്യമായി, വ്യർത്ഥമായി; **-ness, -fectuality, -fectualness, -ficacy, -ficaciousness, -ficiency**, *n.* ശേഷികേട്, വ്യർത്ഥത.

Ineffervescence, *n.* പതയില്ലായ്മ; **-vescent**, *a.* പതയില്ലാത്ത.

Inelastic, *a.* വലിവില്ലാത്ത, റബ്ബർപോലെ നീളുകയും കുറുകുകയും ചെയ്യാത്ത സ്ഥിതിസ്ഥാപകതാഹീനം.

Inelegant, *a.* അശോഭനം, അശ്ലീലം, അപ്രശസ്തം, അവിനീതം, അവലക്ഷണം; *see* **Indecent**; **-Inlegance**, *n.* അഴകില്ലായ്മ, ഭംഗിയില്ലായ്മ.

Ineligible, *a.* അർഹതയില്ലാത്ത, യോഗ്യതയില്ലാത്ത, അയുക്തം.

Ineloquent, *a.* വാഗ്വൈഭവമില്ലാത്ത. വാക്പടുവായ, അവാഗ്മിയായ.

Inept, *a.* തക്കതല്ലാത്ത, അനുചിതം, അനർഹം; മൂഢം, ബാലിശം.

Inequality, *n.* അസാമ്യം, അസാദൃശ്യം, ഭിന്നത.

Inequitable, *a.* അന്യായം, അധർമ്മം, ന്യായവിരുദ്ധം.

Ineradicable, *a.* ഉൻമൂലംചെയ്യാൻപാടില്ലാത്ത, അവിനാശ്യം.

Inert, *a.* ചുറുചുറുപ്പില്ലാത്ത, മന്ദമായ, ജഡം, നിശ്ചേഷ്ടം, അചലം, ഗതിഹീനം, നിശ്ചലം, അചേതനം; **-ly**, *adv.* മന്ദമായി, ജഡമെന്നപോലെ; **-ness**, *n.* ജാഡ്യം, അനുദ്യോഗം, മന്ദത, ആലസ്യം, കാര്യവിമുഖത; **-Inertia**, *n.* നിശ്ചലത, ജാഡ്യം, മാന്ദ്യം.

Inestimable, *a.* വിലകടന്ന, വിലമതിക്കാൻപാടില്ലാത്ത, അനർഘം(-ഘ്യം), അമൂല്യം, അത്യുൽകൃഷ്ടം.

Inevitable, *a.* തട്ടിത്തൂക്കൂടാത്ത, മാററവാൻ പാടില്ലാത്ത, അനിവാര്യം, അവശ്യഭാവിയായ, അപരിഹാര്യം; **-y** *adv.* അവശ്യമായി, നിയതമായി.

Inexcusable, *a.* ക്ഷമിക്കാൻവയ്യാത്ത, മാപ്പുനൽകാൻപാടില്ലാത്ത അമർഷണീയം; നിരുത്തരം,

Inexhaustible, *a.* തീരാത്ത, അക്ഷയം, അനന്തം, അവ്യയം.

Inexorable, *a.* വഴങ്ങാത്ത, മരുങ്ങാത്ത, നിഷ്ഠുരം, നിർദ്ദയം, കഠോരചിത്തം.

Inexpedient, *a.* അനുചിതം, അയോഗ്യം, അനുപപന്നം.

Inexperience, *n.* പഴക്കമില്ലായ്മ, പരിചയമില്ലായ്മ, അനുഭവരാഹിത്യം, അപക്വബുദ്ധിത്വം, അപരിണതമതിത്വം; **-ed**, *a.* അനുഭവമില്ലാത്ത, പരിചയമില്ലാത്ത, അപക്വബുദ്ധിയായ, അനഭിജ്ഞം.

Inexpert, *a.* തഴക്കമില്ലാത്ത, പഴക്കമില്ലാത്ത, അകുശലം, അവിദഗ്ധം, അപടു, അദക്ഷം.

Inexpiable, *a.* ക്ഷമിക്കവയ്യാത്ത, മറുകൃതിയില്ലാത്ത.

Inexplicable, *a.* തെളിവാക്കാൻകഴിയാത്ത, അവ്യാഖ്യേയം, അഗമ്യാർത്ഥം, ദുർബോധം, ഗഹനം.

Inexpressible, *a.* പറഞ്ഞറിയിക്കാൻമേലാത്ത, അനഭ്യൂഹ്യം, അകഥ്യം.

Inextinguishable, *a.* അണയ്ക്കാൻമേലാത്ത, അശാമ്യം, അനിർവാപ്യം.

Inextricable, *a.* കുഴഞ്ഞുമറിഞ്ഞ, ദുസ്തരം,

Infallible, *a.* പിഴയില്ലാത്ത, ഉറപ്പുള്ള, അമോഘം, നിശ്ചിതം; **-ness, -bility**, *n.* തെററില്ലായ്മ, പിഴയില്ലായ്മ, അഭ്രാന്തി.

Infamy, *n.* അപയശസ്സ്, ദുഷ്കീർത്തി, അപ്രതിഷ്ഠ; **-mous**, *a.* പേരുദൂഷിച്ച, അയശസ്കരം, നിന്ദ്യം; **-ousness**, *n.* *see n.*

Infant, *n.* കുഞ്ഞ്, കുട്ടി, ബാലൻ, ശിശു, സ്തനന്ധയൻ, അർഭകൻ, ദാരകൻ; *a.* ബാലകീയമായ, ബാലയോഗ്യമായ, കുട്ടികളുള്ള or തക്ക; **-fancy**, *n.* കുട്ടിപ്രായം, ബാല്യം, ബാല്യാവസ്ഥ, പ്രാരംഭം; **-ticide**, *n.* ബാലഹത്യ, ശിശുവധം; ബാലഘാതകൻ; **-tile, -tine**, *a.* ബാലകീയം, ശിശുസംബന്ധിയായ, കുട്ടികൾക്കുള്ള.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Infantry, *n.* കാലാളാംപട, പത്തികളം, പദാതികളം.

Infatuate, *v. t.* മൂഢനാക്കുക, മടയത്തംവരുത്തുക, മോഹിപ്പിക്കുക, മദിപ്പിക്കുക, ബുദ്ധികെടുത്തുക; **-ed**, *a.* മൂഢം, സംമൂഢം, വിമോഹിതം, നഷ്ടബുദ്ധിയായ, ബുദ്ധിഭ്രഷ്ടമായ, മടയത്തരമുള്ള; 'i by lust കാമാന്ധം, കാമമൂഢം'; **-ing**, *a.* മോഹിപ്പിക്കുന്ന, മോഹനം, ബുദ്ധിമയക്കുന്ന; **-ion**, *n.* മോഹം, മൂഢത, മൂർഖത; ബുദ്ധിനാശം, വിവേകഹാനി.

Infeasible, *a.* അസാദ്ധ്യമായ, കഴിയാത്ത, അശക്യമായ.

Infect, *v. t.* സഞ്ചരിപ്പിക്ക, സംക്രമിപ്പിക്ക, രോഗംപകൎത്തുക; ദൂഷിപ്പിക്കുക; *see* **Corrupt**; **-ed**, *a.* രോഗദൂഷിതം, ദീനം പകൎന്ന; ദൂഷിച്ച; **-ion**, *n.* പകൎച്ച, സഞ്ചാരം; ദൂഷണം; **-ious**, **-ive**, *a.* സംക്രമിക്കുന്ന, പകരുന്ന.

Infecundity, *n.* വന്ധ്യത്വം, നിഷ്ഫലത്വം.

Infelicity, *n.* അസുഖം, അകുശലം, ദുഃഖം, ആപത്തു്; **-ous**, *a.* അയോഗ്യമായ, അധന്യമായ.

Infer, *v. t.* അനുമാനിക്ക,ഊഹിക്ക; **-able**, *a.* അനുമേയം, അനുമാനിക്കത്തക്ക, ആനുമാനികം, തൎക്കസാദ്ധ്യം or ഗമ്യം; **-ence**, *n.* (process) അനുമിതി, യുക്തി, അപോഹനം, പരാമൎശം; (result) അനുമാനം, തൎക്കം, അഭ്യൂഹം, തൎക്കനിൎണ്ണയം; **-ential**, *a.* ആനുമാനികം, തൎക്കസിദ്ധം, ആനുഷംഗികം.

Inferior, *a.* കീഴിലുള്ള, ഇളയ, ന്യൂനംആയ, അല്പീയസ്സായ, നീചം, അവരം, അധരം, ജഘന്യം, അന്ത്യമം, അധഃസ്ഥം, നിമ്നം; ഗൌണം, അപ്രധാനം, ഉപസൎജ്ജനം; *n.* താഴെയുള്ളയാൾ, കീഴുദ്യോഗസ്ഥൻ; **-ity**, *n.* കീഴ്ത്തരം, ഇളപ്പം, താഴ്ച, അപ്രാധാന്യം, ഗൌണത്വം.

Infernal, *a.* നരകത്തിലുള്ള, നാരകം, നാരകീയം; ആസുരം, രാക്ഷസം; 'i. regions നരകം, പാതാളം, നാഗലോകം, പ്രേതലോകം, ബലിസദ്മം'; *n.* നരകവാസി.

Infertile, *a.* ഫലമില്ലാത്ത; *see* **Fruitless.**

Infest, *v. t.* ബാധിക്ക, ഉപരോധിക്ക, ഉപദ്രവിക്കുക, പീഡിപ്പിക്കുക, ക്ലേശിപ്പിക്കുക, അലട്ടുക; **-ed**, *a.* ബാധിതം; ആശ്രിതം, ഇഷ്ടം, സേവിതം.

Infidel, *a.* മതവിശ്വാസമില്ലാത്ത, അവിശ്വാസിയായ, മിഥ്യാദൃഷ്ടിയായ, അശ്രദ്ധാധനം; *n.* നാസ്തികൻ, ധൎമ്മനിന്ദകൻ, പാഷണ്ഡൻ; **-ity** *n.* നാസ്തികത, അനീശ്വരവാദം, ദേവനിന്ദ, ശാസ്ത്രാശ്രദ്ധ; വിശ്വാസഘാതം or ഭംഗം.

Infinite (in'fin-it), *a.* അന്തമില്ലാത്ത, ഒടുങ്ങാത്ത, അനന്തം, അമേയം, അമിതം, അപരിമിതം, അപാരം; 'an i. number പരാൎദ്ധം'; **-itude**, **-y**, *n.* ആനന്ത്യം, അനന്തത, അപാരത, സീമാഭാവം; **-ly**, *adv.* അമിതമായി, അനന്തമായി, അത്യന്തമായി.

Infinitesimal, *a.* അതിസൂക്ഷ്മം, അത്യന്തസൂക്ഷ്മം.

Infinitive, *a.* സാമാന്യരൂപം, തുമൻ, ഭാവരൂപം, ക്രിയാനാമം.

Infirm, *a.* ഉറപ്പില്ലാത്ത, ദുൎബ്ബലം, ക്ഷീണം, അവസന്നം; അസ്ഥിരം, സ്ഖലിതം, അദൃഢം; ജീൎണ്ണം, ജരാപരിണതം, ജരം; **-ity**, *n.* ഉറപ്പില്ലായ്മ, ദൌൎബ്ബല്യം; ദോഷം, വൈകല്യം; വ്യാധി, രോഗം.

Infirmary, *n.* ആസ്പത്രി, ആതുരശാല, ചികിത്സാലയം.

Infix, *v. t.* ഉറപ്പിക്കുക, തറച്ചുനിൎത്തുക; മനസ്സിലുറപ്പിക്കുക.

Inflame, *v. t.* തീമൂട്ടുക, തീകൊളുത്തുക, ദീപിപ്പിക്കുക; ഉത്തേജിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, ഉദ്ദീപിപ്പിക്കുക, പ്രകോപിപ്പിക്കുക, രോഷമുണ്ടാക്കുക; **-Inflammable**, *a.* കത്തിക്കത്തക്ക, എരിക്കത്തക്ക, ദാഹ്യം, ജ്വലനശീലമായ; **-Inflammation**, *n.* എരിച്ചിൽ, ജ്വലനം; താപം, ദാഹം; (In medicine) പാകം; 'i. of the eyes നേത്രപാകം'; **-Inflammatory**, *a.* എരിയുന്ന, ജ്വലിപ്പിക്കുന്ന, ദാഹകം, ദീപകം; സദാഹം, ചുട്ടച്ചിലുള്ള; 'i. fever ദാഹജ്വരം'.

Inflate, *v t.* ഊതിവീൎപ്പിക്കുക, വീൎപ്പിക്കുക; ഫീക്കുമാറാക്കുക; കണക്കിലേറെ വലുതാക്കുക; *v. i.* വീക്കുക, വണ്ണംവയ്ക്കുക; p. p. ഊതിവീൎപ്പിച്ച, വീൎത്ത, സ്ഫീതമായ, ഉദ്ധാതം; **-ed**, *a.* കാററുനിറച്ച, വീൎത്ത, പൊങ്ങച്ചമുള്ള; **-flation**, *n.* കാററുനിറയ്ക്കൽ, വാതപൂരണം, ആധിക്യം, ഔദ്ധത്യം; **-flatus**, *n.* വീൎപ്പു്, നിശ്വാസം.

Inflect, **-flex**, *v. t.* വളയ്ക്കുക, വണക്കുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപഭേദംവരുത്തുക, വികാരമുണ്ടാക്കുക; -ion, n. വളയ്യ്, ആനതി; വികാരം, രൂപം, വിഭക്ത്യാദികാര്യം, വിഭക്തി.

Inflexible, *a.* വളയാത്ത, ഇളകാത്ത, ഉറപ്പുള്ള, ഒരേരീതിയിലിരിക്കുന്ന; **-Inflexibility,** *n.* ഉറപ്പ്, കട്ടി, കാഠിന്യം, കഠോരത, ദൃഢസങ്കല്പത്വം; **-bly,** *adv.* സുദൃഢമായി, ദൃഢനിശ്ചയപൂർവം, നിർവികല്പമായി.

Inflict, *v. t.* ഏല്പിക്കുക, അടിക്കുക, ദണ്ഡിക്കുക; ചുമത്തുക, ഭാരപ്പെടുത്തുക; ഉപദ്രവിക്കുക, ദുഃഖിപ്പിക്കുക; **-fliction,** *n.* (പരുക്ക്) ഏല്പിക്കൽ, ദണ്ഡനം, ആപത്ത്, അപമാനം.

Inflorescence, *n.* പുഷ്പിക്കൽ, വികസനം

Influence (-flö ens), *n.* സ്വാധീനശക്തി, ബലം, പ്രഭാവം, ശക്തി, സാമർത്ഥ്യം, ഗുണം, പ്രതാപം; *v. t.* ഉത്സാഹിപ്പിക്കുക, സാധിപ്പിക്കുക, നടത്തുക, വശീകരിക്കുക, പ്രവർത്തിപ്പിക്കുക, പ്രേരിപ്പിക്കുക; **-encive, ent, -ential,** *a.* സ്വാധീനശക്തിയുള്ള, അധികാരമുള്ള; **entially,** *adv.* പ്രാബല്യത്തോടെ, അധികാരത്തോടെ.

Influenza, *n.* ഒരുവകപ്പനി.

Influx, *n.* ഒഴുക്ക്, ആഗമം, അന്തഃപ്രവാഹം or സ്രവണം.

Infold, *v. i.* പൊതിയുക, മൂടുക. ആച്ഛാദിക്കുക, ഉറയിലിടുക; ആശ്ലേഷിക്കുക.

Inform, *v. t.* അറിയിക്കുക, നിവേദിപ്പിക്കുക, ബോധിപ്പിക്കുക, പറയുക; രൂപമുളവാക്കുക; (against) അന്യായപ്പെടുക; **-mant,** *n.* അറിവുകൊടുക്കുന്നവൻ, വിജ്ഞാപകൻ; **-mation,** *n.* നിവേദനം, വിജ്ഞാപനം, ബോധനം; വാർത്ത, ഉദന്തം, വൃത്താന്തം; വിജ്ഞാനം, പ്രബുദ്ധത, അവഗമം; അഭിയോഗം, അഭിശംസനം, അന്യായം, കുറ്റാരോപണം; **-er,** *n.* അറിവുകൊടുക്കുന്നവൻ, സൂചകൻ, കർണ്ണ (ർണേ) ജപൻ.

Informal, *a.* പതിവല്ലാത്ത, ആചാരവിരുദ്ധമായ, നിയമവിരുദ്ധമായ; **-mality,** *n.* നടപടിഭംഗം, നിയമവിരുദ്ധത, അവ്യവസ്ഥ, അരീതി; **-ly,** *adv.* നടപടിവിരുദ്ധമായി, നിയമവിരുദ്ധമായി.

Infraction, *n.* ഭംഗം, വ്യതിക്രമം, ലംഘനം, ഉല്ലംഘനം.

Infrangible, *a.* പൊട്ടിപ്പാൻകഴിയാത്ത, ഭഞ്ജിപ്പാൻമേലാത്ത, അഭേദ്യം.

Infrequent, *a.* അസാധാരണമായ, ദുർല്ലഭമായ, പതിവില്ലാത്ത, വിരളം; **-quence, -quency,** *n.* വിരളത, ദുർല്ലഭത്വം, പതിവില്ലായ്മ; **ly,** *adv.* ചിലപ്പോൾ വല്ലപ്പോഴും, ദുർല്ലഭമായി.

Infringe, *v. t.* and *v. i.* ഉല്ലംഘിക്കുക, ഭഞ്ജിക്കുക, അതിക്രമിക്കുക, കടന്നുപോകുക; ഭഞ്ജിക്കുക; ഖണ്ഡിക്കുക; **-ment,** *n.* ലംഘനം, ഭംഗം, വ്യതിക്രമം, ലോപം, വ്യാഘാതം.

Infuriate, *v. t.* കോപിപ്പിക്കുക; *see* **Enrage;** *a.* കോപാകുലം, ക്രോധാന്ധം.

Infuscate, *v. t.* ഇരുട്ടുക, മങ്ങുക; കറുപ്പിക്കുക; *see* **Darken.**

Infuse, *v. t.* നിഷേചിക്ക, പകരുക, പ്രക്ഷേപിക്കുക, നിവേശിപ്പിക്കുക, ഉപദേശിക്കുക; കഥിക്കുക; **-ion,** *n.* നിഷേകം, പ്രക്ഷേപണം, നിവേശനം, സംമിശ്രണം; കഷായം, ഫാണ്ടം, ഹിമം,(cold i.) നിര്യൂസം, നിര്യൂഹം,ക്വാഥം; വാസനം, ഭാവനം.

Infusible, *a.* ഉരുകാത്ത.

Infusoria, *n.* pl. സൂക്ഷ്മാണുപ്രാണികൾ.

Ingathering, *n.* സസ്യസംഗ്രഹം, ഫലസഞ്ചയം.

Ingeminate, *v. t.* ഇരട്ടിക്കുക, വീണ്ടും വീണ്ടുംചെയ്യുക, ആവർത്തിക്കുക; *a.* ആവർത്തിച്ച.

Ingenious, *a.* സാമർത്ഥ്യമുള്ള, ചതുരം വിദഗ്ദ്ധം, പ്രവീണം, പടു, വിചക്ഷണം, ഉപായജ്ഞം, നിപുണം, തീക്ഷ്ണബുദ്ധിയായ; സുപ്രയുക്തം; യുക്തികൃതം; **-ly,** *adv.* ചതുരമായി, യുക്തിയോടെ; **-ness, -genuity,** *n.* യുക്തി, സുപ്രയോഗം, കല്പന, വൈദഗ്ദ്ധ്യം, പാടവം, കല്പനാശക്തി, മതിസൂക്ഷ്മത, സൂത്രം.

Ingenuous, *a.* നിഷ്കപടമായ, യഥാർത്ഥമായ, തനിയായ, ഉചിതമായ, ശ്രേഷ്ഠമായ, കുലീനമായ; **-ly,** *adv.* പരമാർത്ഥമായി, നിർവ്യാജമായി, മഹാനുഭാവമായി; **-ness,** *n.* നിഷ്കാപട്യം, അവ്യാജം, സരള്യം, ആർജ്ജവം, ശുദ്ധഭാവം; ഔദാര്യം, മഹാനുഭാവം, ആഭിജാത്യം.

Ingest, *v. t.* വയററിലാക്കുക, കുടലിലാക്കുക; **-gesta,** pl. പോഷണം, ആഹാരം; **-gestion,** *n.* ഭക്ഷണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Ingirt, *v. t.* ചുററുക, വളയുക; *a.* ചുററിയിരിക്കുന്ന.

Ingle, *n.* അഗ്നി; ഉല്മുകം.

Inglorious, *a.* കീർത്തിയില്ലാത്ത, താണ; മാനംകെട്ട; **-ly,** *adv.* നീചമായി, നികൃഷ്ടമായി.

Ingot, *n.* മൂശ; വാളം, ലോഹക്കട്ടി, പിണ്ഡം.

Ingraft, *v. t.* ഒട്ടിച്ചുചേൎക്കുക, കൂട്ടിച്ചേൎക്കുക, വെച്ചുപിടിപ്പിക്കുക; *see* **Engraft** also.

Ingrain, *v. t.* ദൃഢീകരിക്കുക, സ്ഥിരീകരിക്കുക; ഇഴയിഴയായി ചായംമുക്കുക.

Ingrate, *a.* നന്ദിയില്ലാത്ത, കൃതഘ്നം, അകൃതവേദിയായ; **-gratitude,** *n.* നന്ദികേട്, കൃതഘ്നത, അകൃതജ്ഞത.

Ingratiate, *v. t.* പ്രസാദഭാജനമായി ഭവിക്കുക, ആരാധിപ്പിക്കുക, പ്രസാദിപ്പിക്കുക, അനുരഞ്ജിപ്പിക്കുക, ഉപലാളിക്കുക.

Ingredient, *n.* അംഗം, സാധനം, ഭാഗം, അംശം, ഘടകം, ഉപകരണം.

Ingress, *n.* പ്രവേശം, പ്രവേശമാർഗ്ഗം, സംക്രമണം.

Inguen, *n.* അര, ഇടുപ്പ്.

Ingulf, *v. t.* വിഴുങ്ങുക, മുക്കിക്കളയുക.

Ingustable, *a.* രുചിയില്ലാത്ത, ചവറായ.

Inhabit, *v. t.* കുടിയിരിക്കുക, വസിക്കുക, പാൎക്കുക, അധിവസിക്കുക; **-able,** *a.* പാൎത്തുകൂടാ, താമസിക്കാൻ കൊള്ളാവുന്ന, വാസയോഗ്യം, ആജീവ്യം; **-ant,** *n.* പാൎപ്പുകാരൻ, നിവാസി, in comp, സ്ഥ.

Inhale, *v. t.* മൂക്കിലേറ്റുക, ശ്വാസംപിടിക്കുക, ആഘ്രാണിക്കുക, ശ്വസിക്കുക; **-ation,** *n.* മുകരൽ, ശ്വസനം.

Inharmonious, *a.* പരുഷസ്വരമുള്ള, സ്വരച്ചേൎച്ചയില്ലാത്ത, ചെവിക്കിമ്പമററ; അസംഗതം.

Inhere, *v. i.* നിലകൊള്ളുക, നിവസിക്കുക, അന്തർവൎത്തിക്കുക or അന്തർഭവിക്കുക or ജനിക്കുക, സഹജമായിരിക്കുക; **-ence,** *n.* പിരിയാത്ത, ചേൎച്ച, നിഷ്ഠ, സംസ്ഥ, അധിഷ്ഠാനം, അനുഷംഗം; **-ent,** *a.* നിഷ്ഠ in comp, അന്തർജാതം, അന്തൎവ്വത്തി, നിഗൂഢം; നിജം, സഹജം, സ്വാഭാവികം, നൈസൎഗ്ഗികം, പ്രകൃതിസ്ഥം; **-ently,** *adv.* പ്രകൃത്യാ, സഹജമായി.

Inherit, *v. t.* അനന്തരാവകാശമായി കിട്ടുക, പരമ്പരയാ കിട്ടുക, പൈതൃകാധികാരം ലഭിക്കുക; **-ance,** *n.* ദായലാഭം, തലമുറയായികിട്ടിയ സ്വത്ത്, തറവാട്ടുസ്വത്ത്; **-ed,** *a.* ക്രമാഗതം, തലമുറയായികിട്ടിയ; **-or,** *n.* ദായാദൻ, രിക്ഥാധികാരി, അവകാശി.

Inhibit, *v. t.* തടസ്സംചെയ്ക, വിലക്കുക, മുടക്കുക.

Inhospitable, *a.* ലോക്യമില്ലാത്ത, സല്ക്കാരംചെയ്യാത്ത, ആതിഥ്യവിമുഖം, അനാതിഥേയം; **-tality,** അസല്ക്കാരം, ലോക്യമില്ലായ്മ.

Inhuman, *a* മനുഷ്യപ്പററില്ലാത്ത, മനുഷ്യധൎമ്മമില്ലാത്ത; ക്രൂരം, നൃശംസം, നിൎദ്ദയം; **-ity,** *n.* ക്രൌൎയ്യം, നൈഷ്ഠൂൎയ്യം; **-ly,** *adv.* നിൎദ്ദയമായി, നിഷ്കരുണമായി.

Inhume, *v. t.* കുഴിക്കുക, കുഴിച്ചിടുക, നിക്ഷേപിക്കുക; **-ation,** *n.* നിഖനനം, അടക്കം.

Inimical, *a.* വിരോധിയായ, വൈരിയായ; **-ly,** *adv.* ശത്രുഭാവേന, ദ്രോഹബുദ്ധിയോടെ; പ്രതികൂലമായി, വിരുദ്ധമായി.

Inimitable, *a.* ഒപ്പമില്ലാത്ത, തുല്യമില്ലാത്ത, അസാധാരണം, അനന്യകാൎയ്യം, അപ്രതിമം.

Iniquity, *n.* അന്യായം, കുററം, ദുരാത്മത, പാപം, ദുരാചാരം; **-ous,** *a.* അന്യായമായ, പാപിഷ്ഠമായ etc; (of persons only) ദുരാത്മാവായ, ദുർജ്ജനമായ, ദുരാചാരനായ; **-ously,** *adv.* അന്യായമായി, അധൎമ്മമായി, പാപമായി.

Initial, *a.* ആരംഭത്തിലുള്ള, ആദിമം, ആദ്യം, പ്രാഥമികം; *n.* ആദ്യാക്ഷരം, തുടങ്ങുന്ന അക്ഷരം; pl. പേരിന്റെ മുമ്പുവെയ്ക്കുന്ന അക്ഷരങ്ങൾ; *v. t.* മേലെഴുതുക, അടയാളംവെയ്ക്കുക; **-ly,** *adv.* ആദ്യമായി, പ്രഥമമായി.

Initiate (in-ish'i-āte), *v. t.* ആരംഭിക്കുക, തുടങ്ങുക, ഉപക്രമിക്കുക; പ്രഥമതത്വങ്ങളെ ഉപനയിക്കുക, ഉപദേശിക്കുക, പ്രവേശിപ്പിക്കുക; **-ed,** *a.* ദീക്ഷിതം, അഭിമന്ത്രിതം; വിദ്യാപ്രവിഷ്ടം, കൃതപ്രവേശം, തുടങ്ങിയ; **-ion,** *n.* ആരംഭം, തൊടക്കം, ആദ്യപാഠം, പ്രഥമശിക്ഷണം, വിദ്യാതത്വോപദേശം, ഉപനയം; ദീക്ഷാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരണം; **-ive**, *n.* ആരംഭം, ഉപക്രമം; **-ory**, *a.* ആദ്യമായ, ആരംഭകം, ഉപക്രമകാരിയായ.

Inject, *v. t.* ഉൾചെലുത്തുക, ഉള്ളിൽകടത്തുക; **-ion**, *n.* അന്തഃക്ഷേപണം, മരുന്നുകുത്തിവയ്പ്.

Injudicious (-dish'us), *a.* അവിവേകമായ, അവിചക്ഷണമായ, വിചാരശൂന്യമായ; *see* **Indiscreet.**

Injunction, *n.* കല്പന, ആജ്ഞ, നിദേശം, നിയോഗം; 'sacred i. വിധി, ചോദന'; 'scriptural i. ശാസ്ത്രചോദന, ധർമ്മസൂത്രം, ശാസ്ത്രാജ്ഞ'.

Injure (.jer), *v. t.* കെടുത്തുക, പീഡിപ്പിക്കുക, ഹിംസിക്കുക, ക്ഷണിപ്പിക്കുക, ക്ഷയിപ്പിക്കുക, ദൂഷിപ്പിക്കുക, ദ്രോഹിക്കുക, അപരാധംചെയ്ക; **-er**, *n.* അപകർത്താവ്, പീഡകൻ, ഹിംസകൻ, ദ്രോഹി; **-ious**, *a.* പീഡാകരം, അനിഷ്ടകരം, ഹാനികരം, ബാധകം, ഹിംസകം, ഘാതകം, ഹിംസാത്മകം, നൃശംസം; **-iously**, *adv.* അപകാരത്തോടെ, ഹിംസാപൂർവം, ക്ഷതിപൂർവം; **-y**, *n.* ഉപദ്രവം, പീഡ, അപായം, ഹിംസ, അനിഷ്ടം, ഹാനി, ദ്രോഹം; ക്ഷതി, ബാധ; നാശം, ക്ഷയം.

Injustice, *n.* അന്യായം, അധർമ്മം, അനീതി, ന്യായവിരോധം, അനയം,

Ink, *n.* എഴുത്തുമഷി, മഷി, മേള, ഗോള; 'red i. അലക്തം'; 'i. stand മഷിക്കുപ്പി, വാർദളം'; *v. t.* മഷികൊണ്ടെഴുതുക, ദൂഷിപ്പിക്ക; **-y**, *a.* മഷിപുരണ്ട.

Inkling, *n.* ജാട, ഈഷജ്ജ്ഞാനം, ഊഹം, തുമ്പ്.

Inlagation, *n.* രാജ്യഭ്രംശമോചനം.

Inlaid, p.t. and p.p. of Inlay.

Inland, *a.* കടലിൽനിന്ന വളരെദൂരമുള്ള, ഉൾനാടായ; *n.* ഉൾനാട്; **-er**, *n.* ഉൾനാട്ടുകാരൻ, ദേശമദ്ധ്യവാസി, ഇടനാട്ടുകാരൻ.

Inlay, *v. t.* പതിക്കുക, ഇഴയിടുക, അമിഴ്ത്തുക.

Inlet, *n.* വഴി, പ്രവേശം, മുടക്ക്, ദ്വാരം; സമുദ്രവങ്കം, ഉൾക്കടൽ.

Inly, *adv.* *see* **In.**

Inmate, *n.* ഒപ്പംപാർക്കുന്നവൻ, സഹവാസി, പരിജനം.

Inmemoriam, *adv.* സ്മരണാർത്ഥം.

Inmeats, *n.* pl. കരള്, അകത്തെഇറച്ചി.

Inmesh, *v. t.* വലയിൽ അകപ്പെടുത്തുക.

Inmost, *a.* *see* **In.**

Inn, *a.* പഥികാശ്രമം, മഠം, വിടുതി, നിയമപഠനസ്ഥലം; ശുണ്ഡ, കള്ളുകട, പാനസ്ഥലം.

Innate, *a.* ഉടൻപിറന്ന, സഹജം, സ്വാഭാവജം, നിജം, നിസർഗ്ഗജം; **-ly**, *adv.* സഹജമായി, സ്വാഭാവികമായി.

Innavigable, *a.* കപ്പലോട്ടത്തിനുകൊള്ളാത്ത, കപ്പലോടാത്ത; **-bly**, *adv.* കപ്പലോട്ടത്തിനനുകൂലമില്ലാതെ.

Inner, *a.* ഉള്ളായ, ഉള്ളിലുള്ള.

Innermost, *a.* ഏററവും ഉള്ളിലുള്ള.

Innings, *n.* pl. ഊഴം, കളിയൂഴം; കടൽതുർന്നുണ്ടായ ഭൂമി.

Innocent, *a.* കററമില്ലാത്ത, നിരപരാധിയായ, നിർമ്മലം, നിഷ്കളങ്കം, അനവദ്യം; മുഗ്ദ്ധം, അനിമിത്തം; 'i. smile മുഗ്ദ്ധഹാസം, അനിമിത്തഹാസം'; നിരുപദ്രവം, ശുദ്ധമതിയായ, നിർമ്മലചിത്തമുള്ള, സരളം, അകൃത്രിമം; **-ly**, *adv.* നിരപരാധമായി, ദോഷംകൂടാതെ, നിഷ്കപടമായി; **-Innocence**, *n.* നിരപരാധത, നിർദ്ദോഷത, സാരള്യം; etc.

Innocuous, *a.* അഹിംസകമായ, അനുപദ്രവിയായ, അനപകാരിയായ; **-ly**, *adv.* അനപകാരമായി, അഹിംസാപൂർവം, **-ness**, *n.* അഹിംസ, അനപകാരം, അക്ഷതി.

Innominate, *a.* പേരില്ലാത്ത, നാമഹീനമായ.

Innovate, *v. t.* പുതുമയുണ്ടാക്കുക, നൂതനരീതിയെ സൃഷ്ടിക്കുക or പ്രവർത്തിപ്പിക്കുക or നടപ്പിൽവരുത്തുക; ദേശാചാരം പരിവർത്തനംചെയ്ക, **-ion**, *n.* പുതുമനടപ്പാക്കൽ, നൂതനമാർഗ്ഗപ്രവർത്തനം, ദേശാചാരപരിവർത്തനം; നൂതനരീതി, നവീനരീതി, നൂതനമാർഗ്ഗം or പദ്ധതി or സരണി, രീത്യന്തരം, പുതിയരീതി; **-or**, *n.* നവമാർഗ്ഗപ്രവർത്തകൻ, നവരീതിസ്ഥാപകൻ.

Innoxions, *a.* ഹാനിവരുത്താത്ത, ദോഷംചെയ്യാത്ത; അപരാധംചെയ്യാത്ത.

Innuendo, *n.* ഭംഗി, വക്രോക്തി, വ്യംഗോക്തി, ഭംഗിഭാഷിതം.

Innumerable, *a.* എണ്ണമില്ലാത്ത, അസംഖ്യം, ഗണനാതീതം, സംഖ്യാതീതം, അസംഖ്യേയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Inoculate, *v. t.* നിവേശിപ്പിക്കുക, സംക്രമിപ്പിക്കുക, ഒട്ടിച്ചുചേൎക്കുക, അച്ചുകുത്തിവയ്ക്കുക, കീറിവയ്ക്കുക; **-lation**, *n.* മരമൊട്ടിക്കൽ.

Inodorous (-dŏr-us), *a.* വാസനയില്ലാത്ത, മണമില്ലാത്ത, ഗന്ധഹീനം.

Inoffensive, *a.* തിന്മയുണ്ടാകാത്ത, ഉപദ്രവമുണ്ടാകാത്ത, നിരപരാധിയായ, ദോഷംചെയ്യാത്ത.

Inoperative, *a.* പ്രവൎത്തിക്കാത്ത, പ്രവൎത്തനം നടക്കാത്ത, ഫലിക്കാത്ത അകാൎയ്യസാധകം.

Inopportune, *a.* അപ്രാപ്തകാലമായ, അവസരമല്ലാത്ത, അനവസരമായ, സമയോചിതമല്ലാത്ത, അ(ആ)കാലികം; **-ly**, *adv.* അകാലത്തിൽ, അസ്ഥാനത്തിൽ, സമയംതെററി; **-ness**, *n.* അനവസരം, അസമയം, അകാലികത്വം.

Inordinate, *a.* അതിരററ, ക്രമംകെട്ട, അത്യധികമായ, ഉദ്രിക്തം, അമിതം, അതിമാത്രം; **-ly**, *adv.* അധികമായി; **-ness**, *n.* അമിതത്വം, അതിരേകം.

Inorganic, -ical, *a.* അംഗങ്ങളില്ലാത്ത, നിൎജ്ജീവം, ജഡമായ.

Inpatient (-shent), *n.* നിവാസരോഗി, ചികിത്സാലയത്തിൽ താമസിപ്പിച്ചു ചികിത്സിക്കപ്പെടുന്ന രോഗി.

Inquest, *n.* മൃതികാരണാന്വേഷണം, അപമൃത്യുവിചാരണ; വിചാരണ.

Inquietude, *n.* മനക്കലക്കം, പരിഭ്രമം, അശാന്തി, അസ്വാസ്ഥ്യം, ഉദ്വേഗം, ആകുലത, മനസ്താപം.

Inquire, (of, after) *v. t.* അന്വേഷിക്ക, ചോദിക്കുക, പരീക്ഷിക്കുക, നിരൂപിക്കുക, നിൎണ്ണയിക്കുക, നിശ്ചയിക്കുക; **-er**, *n.* പ്രഷ്ടാവ്, പൃച്ഛകൻ, അന്വേഷകൻ, ജിജ്ഞാസു; പരീക്ഷകൻ, നിരൂപകൻ, നിൎണ്ണേതാവ്; **-y**, *n.* ചോദ്യം; അനുയോജ്യം, പൃച്ഛ, പ്രശ്നം; ജിജ്ഞാസ; അന്വേഷണം; പരീക്ഷണം, നിൎണ്ണയം.

Inquisition, *n.* ന്യായവിചാരണ, നീതിന്യായവിചാരണസഭ.

Inquisitive, *a.* നുഴഞ്ഞു or നൂണു or കിഴിഞ്ഞുനോക്കുന്ന, ആരായുകശീലമായ, തലയിടുന്ന, ജിജ്ഞാസുവായ; **-ly**, *adv.* സകൗതുകം, ജിജ്ഞാസാപൂൎവം, **-ness**, *n.* ആരായുന്ന ഗുണം, ക(കൗ)തൂഹലം, കൗതുകം, ജിജ്ഞാസ, ജ്ഞാനേച്ഛ.

Inquisitor, *n.* പരീക്ഷകൻ, വിചാരകൻ, നിരൂപകൻ; നീതിന്യായസഭ; **-ial**, *a.* അതിപരീക്ഷകനിരൂപകൻ, അതിചച്ചകൻ; **-ially** *adv.* അതിപരീക്ഷാപൂൎവം.

Inrail, *v. t.* വളച്ചുകെട്ടുക, അഴിക്കകത്താക്കുക.

Inroad, *n.* ആക്രമണം; ആപാതം, അവസ്കന്ദം(ന്ദനം), എതിൎപ്പ്.

Inrush, *n.* ഓട്ടം.

Insalubrious, *a.* രോഗജനകം, അനാരോഗ്യമായ, അക്ഷേമകരം, അഹിതം.

Insalutary, *a.* അഹിതം, പഥ്യമല്ലാത്ത, അസുഖകരം.

Insane, *a.* പൈത്തിയമുള്ള, ഭ്രാന്തുള്ള, ഭ്രാന്തചിത്തം, സോന്മാദം, ഭ്രഷ്ടബുദ്ധിയായ; **-ly**, *adv.* സോന്മാദം, പിച്ചായി; **-ness**, *n.*, **-Insanity**, *n.* ഉന്മാദം, ചിത്തഭ്രമം, ചിത്തവിപ്ലവം.

Insanitary, *a.* ആരോഗ്യവിഘാതകം, രോഗാവഹം.

Insatiable, -satiate, *a* തൃപ്തിയില്ലാത്ത. തൃപ്തിപ്പെടുത്താൻ പ്രയാസമായ; അതിലോലുപം.

Inscribe, *v. t.* എഴുതുക, വരയ്ക്കുക, അങ്കിതമാക്കുക, പതിക്കുക, അക്ഷരംകൊത്തുക; സമൎപ്പിക്കുക; **-ed**, *a.* എഴുതപ്പെട്ട, അഭിലിഖിതം, സമൎപ്പിതം; **-Inscription**, *n.* എഴുത്ത്, ശിലാലേഖം, പട്ടയപ്പേർ, പേർ etc.

Inscrutable, *a.* ആരാഞ്ഞറിയാൻപാടില്ലാത്ത, അറിയാൻപാടില്ലാത്ത, തെളിവററ, ദുൎഗ്രാഹ്യം, അചിന്ത്യം; **-y**, *adv.* പരമഗഹനമായി, തെളിവില്ലാതെ.

Insect, *n.* പൂച്ചി, പുഴ, കീടം, കൃ(ക്രി)മി; **-ivorous**, *a.* കീടഭോജിയായ, കൃമിഭുക്കായ.

Insecure, *a.* ഭദ്രമല്ലാത്ത, നിജമല്ലാത്ത, ശങ്കാന്വിതം, ഭയാന്വിതം, അക്ഷേമം; **-ity**, *n.* അപായം, ഭദ്രമില്ലായ്മ, ഭയം, ശങ്ക, അക്ഷേമം.

Insensate, *a.* മന്ദം, മൂഢം, നിൎബ്ബുദ്ധിയായ, അചേതനം; *see* **Foolish** under **fool**.

Insensible, *a.* ഉണൎവ്വില്ലാത്ത, അചേതനം, സുപ്തം, നഷ്ടേന്ദ്രിയം, മൂഢം, നിസ്സംജ്ഞം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബോധമില്ലാത്ത, മൂർച്ഛിതം, അഗോചരം, ഇന്ദ്രിയാഗോചരം, അതീന്ദ്രിയം, ദയാഹീനം, രാഗഹീനം, നിഷ്കൃപം; ജഡം, കഠിനം, മൂർഖം; അനഭിജ്ഞം, അജ്ഞം, അറിവില്ലാത്ത; **-ness, Insensibility,** *n.* മന്ദത, പ്രമോഹം, ബോധക്കേട്, മൂർച്ഛ, സംജ്ഞാഹാനി, അചൈതന്യം, ഇന്ദ്രിയസുപ്തി, സ്പർശാജ്ഞാനം; രാഗഹീനത, ദയാഹീനത; ജഡത, ജാഡ്യം; അനഭിജ്ഞത, അജ്ഞാനം; **-bly,** *adv.* പതുക്കെ, ക്രമേണ.

Inseparable, *a.* പിരിക്കവാൻമേലാത്ത, അവിയോജ്യം, അവിഭേദ്യം, സമവായിയായ; 'i. relation സമമായ ബന്ധം'; **-Inseparably,** *adv.* നിത്യസംബന്ധത്തോടെ, സമമായ സംബന്ധത്താൽ.

Insert, *v. t.* ഇടയിൽകയററുക, കുത്തിക്കയററുക, കടത്തുക, പ്രവേശിപ്പിക്കുക; **-ion,** *n.* കയററൽ, നിവേശനം, പ്രവേശനം.

Inset, *v. t.* പ്രക്ഷേപിക്കുക, നിവേശിപ്പിക്കുക, ചേർക്കുക; *a.* പ്രക്ഷിപ്തം, നിവേശിതം; *n.* പ്രക്ഷേപം, ചേർപ്പ്, പതിപ്പ്.

Insiccation, *n.* ഉണക്കം, വാട്ടം.

Inside, *a.* ഉൾപുറം, അകം, അഭ്യന്തരം, ഉദരം, ഗർഭം; *a.* അകത്തുള്ള; *prep. and adv.* ഉള്ളിൽ.

Insidious, *a.* കപടമായ, വഞ്ചകമായ, ചതിയുള്ള; 'i. disease ഉൾവ്യാധി'; **-ly,** *adv.* ചതിയായി.

Insight, *n.* ഉള്ളറിവ്, ജ്ഞാനം, പരിജ്ഞാനം, പരിചയം, നിരീക്ഷണം.

Insignia, *n.* pl. വിരുതുകൾ, വസ്ത്രഭൂഷണാദികൾ, അധികാരമുദ്രകൾ, ചിഹ്നങ്ങൾ, ലാഞ്ഛനങ്ങൾ.

Insignificant, *a.* അർത്ഥമില്ലാത്ത, നിരർത്ഥകം, അർത്ഥശൂന്യം; ഗൗരവമല്ലാത്ത, ലഘുവായ, തുച്ഛം, ക്ഷുദ്രം, തൃണപ്രായം; **-ly,** *adv.* നിരർത്ഥകമായി, അർത്ഥമില്ലാതെ; ലഘുവായി; **-ance, -ancy,** *n.* അനർത്ഥകത്വം, നിരർത്ഥകത, ലഘിമാവ്, അല്പത്വം; ക്ഷുദ്രത, അപകർഷം, തുച്ഛത.

Insincere, *a.* സവ്യാജമായ, കിതവമായ, കാപടികം, വക്രം, കൃത്രിമം, അസത്യം, അളീകം, ആത്മാർത്ഥതയില്ലാത്ത, വഞ്ചനയുള്ള; **-ity,** *n.* കാപട്യം, കൗടില്യം, വഞ്ചന, കൃത്രിമത; **-ly,** *adv.* കപടമായി, വ്യാജമായി, അസത്യമായി, മിഥ്യയായി.

Insinuate, *v. t.* പതുക്കെകടത്തുക, മൃദുവായിചെലുത്തുക, മന്ദംമന്ദംപ്രവേശിപ്പിക്കുക or അന്തർഗ്ഗമിപ്പിക്കുക; *v. t.* ഉപായത്തിൽ മനസ്സിലാക്കുക, സൂചിപ്പിക്കുക, കുത്തിപ്പറയുക, ഭംഗിയായി പരിഹസിക്കുക; *v. i.* നുഴയുക, സാമംപറഞ്ഞു ലളിക്കുക, അനുരഞ്ജിപ്പിക്കുക; **-ing,** *a.* ലാളനശീലമായ, സാന്ത്വനശീലമായ; വളച്ചുകെട്ടിപ്പറയുന്ന; **-ion,** *n.* അനുകൂലം, സേവ, നയവഞ്ചന, വക്രോക്തി, ഛേകോക്തി, വ്യംഗ്യോക്തി, വക്രഭണിതം; ലാളനം, പതുക്കെ സേവപിടിത്തം.

Insipid, *a.* ചുവയാറ or ഇല്ലാത്ത, വിരസം, നീരസം, രസഹീനം, ഉപ്പില്ലാത്ത; അസാരം, നിഃസാരം, നിസ്തേജസ്സായ, നിഃസത്വമായ; **-ity, -ness,** *n.* വൈരസ്യം, നീരസത, അസാരത.

Insipience, *n.* ഭോഷത്വം, മൗർഖ്യം, അജ്ഞാനം; **-ent,** *a.* അജ്ഞം, മൂർഖം, ഭോഷത്വമുള്ള.

Insist, *v. i.* ഊന്നിപ്പറയുക, ബലപ്പെടുത്തിപ്പറയുക; നിർബന്ധിക്കുക; **-sistence,** *n.* നിഷ്കർഷ, നിർബന്ധം, ശാഠ്യം; **-sistent,** *a.* ഊന്നിനില്ക്കുന്ന.

In situ: ആദ്യാവസ്ഥയിൽ.

Insnare, *v. t.* കുടുക്കുക, വലയിലാക്കുക.

Insobriety, *n.* മത്തു്, മത്തത, ക്ഷീബത്വം; മദ്യപാനാസക്തി.

Insociable, *a.* മരുക്കമില്ലാത്ത, പരസ്പരസംസർഗ്ഗത്തിൽ വിരക്തിയുള്ള; മൌനിയായ; ഒന്നിനൊന്നിണങ്ങാത്ത.

Insolate, *v. t.* വെയിലിൽ കായുതട്ടിക്കുക, സൂര്യകിരണങ്ങളെ വ്യാപിപ്പിക്കുക.

Insolent, *a.* ദൃപ്തം, ഗർവിതം, മത്തം, ഉദ്ധതം, അവലിപ്തം; ധൃഷ്ടം, ധിക്കാരമുള്ള, മര്യാദയില്ലാത്ത, ലജ്ജയില്ലാത്ത; **-ly,** *adv.* ധിക്കാരത്തോടെ, നിന്ദയോടെ, സഗർവം, മര്യാദയില്ലാതെ; **-Insolence,** *n.* ഗർവം, ഔദ്ധത്യം, ദർപ്പം, ഉത്സേകം; വൈയാത്യം, അവിനയം, ധൃഷ്ടത.

Insoluble, *a.* കലങ്ങാത്ത, അലിയാത്ത, അഭേദ്യം, അവിലയനീയം.

Insolvent, *a.* കടംവീട്ടാൻ നിർവാഹമില്ലാത്ത, പാപ്പരായ, നിർധനം, ഋണശോധ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാക്ഷമം; **-ency,** *n.* പാപ്പർ, നിദ്ധനത, പാപ്പരവസ്ഥ.

Insomnia, *a.* ഉറക്കമില്ലായ്മ, അസ്വാപം, നിദ്രാനാശം, അനിദ്രത.

Insomuch, *adv.* അത്ര, അത്രത്തോളം, അതുവരെ.

Insouciant (insōō'siant), *a.* ഏകാഗ്രതയില്ലാത്ത ശ്രദ്ധയില്ലാത്ത, പ്രമത്തം.

Insonorous, *a.* സ്വരഭംഗമുള്ള.

Insooth, *adv.* നിശ്ചയമായി, സത്യമായി.

Inspect, *v. t.* പരിശോധിക്കുക, അന്വേഷിക്കുക, മേൽവിചാരംചെയ്യുക; **-ion,** *n.* പരീക്ഷ, മേൽവിചാരിപ്പ്, മേൽനോട്ടം, കാര്യദർശനം; അദ്ധ്യക്ഷത, അധികാരം, അവേക്ഷ; **-or** പരീക്ഷകൻ, ദ്രഷ്ടാവ്, നിരീക്ഷൻ, അദ്ധ്യക്ഷൻ, കാര്യാധീശൻ; **-orship,** *n.* അദ്ധ്യക്ഷത, കാര്യാധീശത.

Insperse; *v. t.* തളിക്കുക, പ്രോക്ഷണംചെയ്യുക; **-spersion,** *n.* പ്രോക്ഷണം, അഭിഷേകം, തളി.

Inspire, *v. i.* ശ്വാസംകൊണ്ടു പൂരിപ്പിക്കുക, ഊതിവീർപ്പിക്കുക, ശ്വസിക്കുക, പ്രാണനെ ആകർഷിക്കുക; ചൈതന്യമൂതുക, നിവേശിപ്പിക്കുക, ജനിപ്പിക്കുക, പ്രബോധിപ്പിക്കുക; ആശ്വസിപ്പിക്കുക, ഉത്തേജിപ്പിക്കുക, പ്രോത്സാഹിപ്പിക്ക, പ്രവൎത്തിപ്പിക്ക, ധൈര്യോല്പാദനംചെയ്യുക; **-ation,** *n.* ശ്വസനം, ഉച്ഛ്വാസം, ശ്വാസം, പ്രാണം, ഊതിവീർപ്പിക്കൽ; നിവേശനം, ഉല്പാദനം; അവഭാസം, ഈശ്വരപ്രേരണ, ഈശ്വരപ്രേരിതമായ ജ്ഞാനം, ദൈവജ്ഞാനം; **-ed,** *a.* നിവേശിതം, ജനിതം, ഉല്പാദിതം പ്രേരിതം, ഈശ്വരപ്രേരിതം, ഈശ്വരപ്രബോധിതം; ആശ്വാസിതം, ജാതവിശ്വാസം, പ്രോത്സാഹിതം, ഉത്തേജിതം.

Inspirit; *v. t.* ഉത്തേജിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, ആശ്വസിപ്പിക്കുക, ഉല്ലസിപ്പിക്കുക, ജീവിപ്പിക്കുക; **-ing,** *a.* ഉത്തേജകം, പ്രോത്സാഹകം, ഉത്സാഹപ്രദം.

Inspissate, *v. t.* കുറുക്കുക, മുഴപ്പിക്കുക, ഘനീകരിക്കുക, സാന്ദ്രീകരിക്കുക; **-ed,** *a.* കുറുകിയ, ഘനീഭൂതം, സംഹതം, സാന്ദ്രം, നിബിഡം; **-ion,** *n.* ഘനത, സാന്ദ്രത, ഗാഢത.

Instable, *a.* അസ്ഥിരമായ, ചഞ്ചലമായ; **-Instability,** *n.* അസ്ഥൈര്യം, ചഞ്ചലത, ചാഞ്ചല്യം, അനവസ്ഥ, അസ്ഥായിത്വം, അനിത്യത.

Install, Instal, *v. t.* വിധിയാംവണ്ണം പ്രതിഷ്ഠിക്കുക, നിലയിലിരുത്തുക, അധികാരത്തിൽനിയോഗിക്കുക, അഭിഷേകം ചെയ്യുക, ഉദ്യോഗത്തിലാക്കുക, വാഴിക്കുക, സംസ്കരിക്കുക; **-stallation,** *n.* പ്രതിഷ്ഠാപനം, അഭിഷേകം, രാജ്യാഭിഷേകം, ഉദ്യോഗനിയമനം; **-ed,** *a.* പ്രതിഷ്ഠിതം, അഭിഷിക്തം, കൃതസംസ്കാരം, പദാരൂഢം.

Instalment, *n.* ഭാഗം, അംശം, തവണ.

Instance, *n.* ഉദാഹരണം; നിദൎശനം; ദൃഷ്ടാന്തം; പദം, സ്ഥാനം, സ്ഥലം, വിഷയം; പ്രസ്താവം, സമയം, അവസരം; പ്രാൎത്ഥനം, നിർബ്ബന്ധം, പ്രേരണ; *v. t.* ദൃഷ്ടാന്തരൂപേണ പറയുക, ഉദാഹരണംകാട്ടുക.

Instant, *a.* ബുദ്ധിമുട്ടിക്കുന്ന, ബദ്ധപ്പാടുള്ള; തല്ക്കാലമുള്ള, ഉടനേയുള്ള; താല്ക്കാലികമായ, ഇപ്പോഴത്തെ; *adv.* തൽക്ഷണം, ഉടനേ; *n.* ക്ഷണം, നിമിഷം; വൎത്തമാനമാസത്തിലെ തീയതി; **-aneous,** *a.* അപ്പോഴമാത്രമുള്ള, ക്ഷണസ്ഥായിയായ, അചിരം, താൽക്കാലികം, ക്ഷണികം; **-aneously,** *adv.* പെട്ടെന്നവെ, അപ്പോൾ, തല്ക്കാലം, തൽക്ഷണം; **-ly,** *adv.* പെട്ടെന്ന്, ധടിതിയിൽ, ക്ഷണത്തിൽ, അഞ്ജസാ.

Instate, *v. t.* ആക്കുക, വയ്ക്കുക, ആരോഹണംചെയ്യിക്കുക, പ്രതിഷ്ഠാപിക്കുക, പ്രവേശിപ്പിക്കുക.

In statu quo, മുൻനിലയിൽ.

Instauration, *n.* പ്രതിഷ്ഠാപനം, പ്രതിസന്ധാനം, വീണ്ടുംസ്ഥാപിക്കുക, പുതുക്കൽ.

Instead, *adv.* പകരം, വിനിമയമായി.

Instep, *n.* പുറംകാൽ, പുറവടി, പണ്ഡി, പിണ്ഡിക.

Instigate, *v. t.* പ്രോത്സാഹിപ്പിക്കുക, ഉത്തേജിപ്പിക്കുക, പ്രേരിപ്പിക്കുക, പ്രചോദിപ്പിക്കുക, ചെയ്യിക്കുക, ഉദ്ദീപിപ്പിക്കുക; **-ion,** *n.* പ്രോത്സാഹനം(ന), പ്രേരണം (ണ), പ്രചോദനം(ന); **-or,** *n.* പ്രോത്സാഹകൻ, പ്രവൎത്തകൻ, ഉത്തേജകൻ, പ്രേരകൻ.

Instil, *v. t.* അല്പാല്പം നിക്ഷേപിക്കുക, അല്പാല്പമായി, പ്രവേശിപ്പിക്കുക, കാതോളം ഉപദേശിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Instinct, *n.* പ്രകൃതി, സഹജജ്ഞാനം, അശിക്ഷിതബോധം, സ്വാഭാവികബുദ്ധി, സഹജബുദ്ധി; *a.* ഉത്തേജിതം, ഉദ്ദീപിതം, ഉദ്ദീപ്തം; **-ive**, *a.* സഹജമായ, ജന്മനാഉള്ള, പ്രകൃതിസിദ്ധം, സ്വാഭാവികം, സ്വഭാവപ്രേരിതം; **-ively**, *adv.* അന്തഃപ്രവൃത്ത്യാ, സ്വയം, സ്വതഏവ, സഹജബോധത്തോടെ.

Institute, *v. t.* ആരംഭിക്കുക, ഉപക്രമിക്കുക, പ്രവൎത്തിക്കുക, സ്ഥാപിക്കുക, നിൎദ്ദേശിക്കുക, പ്രചോദിക്കുക, ശാസിക്കുക, വ്യവസ്ഥചെയ്യുക; *n.* വ്യവസ്ഥ, സ്ഥിതി, വിധി, നിയമം, ആചാരസംഹിത; **-ion**, *n.* സ്ഥാപനം കല്പനം, വിധാനം; വിധി, നിയമം, രീതി, മാൎഗ്ഗം; ശാല, ആലയം, സഭ, ശ്രേണി, സംസൎഗ്ഗം, സംസ്ഥാനം, സമാജം; 'religious i. ധൎമ്മസ്ഥാപനം'; 'educational i. വിദ്യാസ്ഥാപനം, വിദ്യാലയം, ജ്ഞാനമന്ദിരം'; **-or**, *n* സംസ്ഥാപകൻ, പ്രവൎത്തകൻ, ആരംഭകൻ, തുടങ്ങുന്നയാൾ.

Instruct, *v. t.* പടി(ഠി)പ്പിക്കുക, അനുശാസിക്കുക, ഉപദേശിക്കുക; ജ്ഞാനംനല്കുക, ആദേശിപ്പിക്കുക; നിൎദ്ദേശിക്ക, പ്രചോദനംചെയ്ക; **-ion**, *n.* ഉപദേശം, ശിക്ഷണം, ശാസനം, ബോധനം; വിധി, നിയമം, കല്പം; ആജ്ഞ, ആദേശം, നിൎദ്ദേശം, നിയോഗം; **-ive**, *a.* ഉപദേശിക്കുന്ന, പഠിപ്പിക്കുന്ന, ബോധാവഹം or പരം, ബോധകം; **-or**, *n.* ശിക്ഷകൻ, ഗുരു, അധ്യാപകൻ, ഉപദേഷ്ടാവ്, ആചാൎയ്യൻ; **-ress**, *n.* ഉപദേഷ്ടി, ആചാൎയ്യ, ഉപാധ്യായ, ഉപാധ്യായി, അധ്യാപിക.

Instrument (in'strö), *n.* കരുവി, യന്ത്രം, സാധനം, കാൎയ്യസാധനം, ഉപകരണം, സാമഗ്രി, ദ്രവ്യം; കാരണം, കരണം, ഹേതു, നിമിത്തം, നിമിത്തകാരണം, കാരകം, സാധകം, കൎത്താവ്, കാരകഹേതു; ലേഖം, ലേഖ്യം, പത്രം, ലേഖപത്രം; 'musical i. വാദിത്രം, വാദ്യം, തൂൎയ്യം'; 'a wind i. സുഷിരം, ശംഖം'; 'stringed i. തന്ത്രി, തന്ത്രുവാദ്യം'; 'martial i. രണവാദ്യം'; **-al**, *a.* സാധനമായ, കാരണമായ, നിമിത്തമായ; വാദ്യജം, വാദ്യസംഭൃതം, വാദ്യോല്പന്നം; കരണം, തൃതീയാവിഭക്തി; **-ality**, *n.* കാരണത്വം, കൎത്തൃത്വം, കരണത്വം, സാധനത്വം; **-ally**, *adv.* കാരണത്താൽ, നിമിത്തത്താൽ.

Insubordinate, *a.* മുരണ്ടപ്രകൃതിയുള്ള, അടങ്ങാത്ത, അവിധേയം, കീഴ്‌വരുതിയില്ലാത്ത, കൂട്ടാക്കാത്ത, അനായത്തം, അവിനീതം, അനുപസജ്ജനം, അഗൌണം; **-ion**, *n.* കീഴ്‌പെടായ്ക, കുഴപ്പം, അവിനയം, വ്യതിക്രമം.

Insuetude, *n.* ശീലമില്ലായ്മ, പരിചയക്കുറവ്.

Insufferable, *a.* പൊറുക്കാൻകഴിയാത്ത, ദുഃസഹം, അസഹ്യം, അക്ഷന്തവ്യം.

Insufficient (-fish'ent), *a.* മതിയാകാത്ത, കുറവായ, അപൎയ്യാപ്തം, അപ്രചുരം; അനുചിതം, അക്ഷമം, അയോഗ്യം; **-ly**, *adv.* മതിയാകാതെ, അപൎയ്യാപ്തമായി, അനുചിതമായി, അയോഗ്യമായി; **-ficiency**, *n.* മതിയാകായ്ക, ശേഷികേട്, ന്യൂനത, അപൎയ്യാപ്തി, അബാഹുല്യം; അക്ഷമത, അനൗചിത്യം.

Insular, *a.* ദ്വീപീയം, ദ്വീപസംബന്ധിയായ; ജലപരിഗതം, വെള്ളത്താൽ ചുററപ്പെട്ട.

Insulate, *v. t.* പിരിക്കുക, വേർപെടുത്തുക, പൃഥക്കരിക്ക; **-ed**, *a.* വേർപെട്ട, പിരിഞ്ഞ, പൃഥക്സ്ഥിതം; **-ion**, *n.* മററൊന്നുമായുള്ള വേർപാട്, അന്യവിയോഗം, പൃഥക്സ്ഥിതി.

Insult, *n.* അവ(പ)മാനം, നികൃതി, മാനഭംഗം; അവജ്ഞ, ശകാരം, ഖലോക്തി, ഭള്ള്, അനാദരം, ആക്ഷേപം; **-Insult**, *v. t.* ദൂഷിക്കുക, പഴിക്കുക, അവമാനിക്കുക, ഗൎഹിക്കുക, ആക്ഷേപിക്കുക, നിസ്സാരപ്പെടുത്തുക; **-ing**, *a.* അവമാനമുണ്ടാക്കുന്ന; **-ingly**, *adv.* അവമാനമുണ്ടാക്കത്തക്കവണ്ണം.

Insuperable, *a.* കടക്കാൻമേലാത്ത, ദുരതിക്രമം, അലംഘ്യം, ദുസ്തരം, ദുൎജ്ജയം.

Insupportable, *a.* പൊറുക്കാൻവയ്യാത്ത, താങ്ങാൻവയ്യാത്ത, ദുഃസഹം, അസഹ്യം, ദുൎവ്വഹം.

Insuppressible, *a.* അടക്കിവയ്ക്കാൻവയ്യാത്ത, അമൎത്താൻമേലാത്ത, ദുൎന്നിവാരം.

Insure, **-Ensure** (-shör'), *v. t.* തീൎച്ചവരുത്തുക, നഷ്ടംകൂടാതാക്കുക, രക്ഷിക്കുക, യോഗക്ഷേമംചെയ്യുക, നാശത്തിൽനിന്നും രക്ഷിക്കുക; **-ance**, *n.* യോഗക്ഷേമം, രക്ഷണം, ഇൻഷ്വറൻസ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Insurgent, *a.* വഴക്കമുണ്ടാക്കുന്ന, രാജവിരോധിയായ, പ്രജാവിപ്ലവകാരി, പ്രകൃതിക്ഷോഭകാരിയായ.

Insurmountable, *a.* കടക്കാൻമേലാത്ത; *see* **Insuperable.**

Insurrection, *n.* രാജവിദ്രോഹം, പ്രജാക്ഷോഭം, രാജ്യോപപ്ലവം, ഉപപ്ലവം, കലാപം, ഇളക്കം.

Insusceptible, *a.* ഉണർവില്ലാത്ത, ഗ്രഹണമില്ലാത്ത, അവികാരിയായ.

Intact, *a.* തൊടാത്ത, കേടുപറ്റാത്ത, അഖണ്ഡം, അവികലം, അഭേദ്യം.

Intangible, *a.* തൊടുവാൻകഴിയാത്ത, പിടിക്കുവാൻമേലാത്ത, അസ്പൃശ്യം, പിടികിട്ടാത്ത.

Integer (in'tijèr), *n.* മുഴുഎണ്ണം, പൂർണ്ണാങ്കം, അഭിന്നം; **-Integrate**, *v. t.* കൂട്ടുക, സംപൂരിപ്പിക്കുക; **-Integrity**, *n.* ഉണ്മ, നേരു്, സാകല്യം, പൂർണ്ണത, അഖണ്ഡത, ആർജ്ജവം, സാരള്യം, വൈമല്യം.

Integral, *n.* *see* **Integer**; *a.* മുഴുത്ത, മുഴുവനായ, പൂർണ്ണം, അവികലം, സമഗ്രം, അഖണ്ഡം; പൂരിതം, കൂട്ടിയ, ചേൎന്ന, ഒന്നിച്ച.

Integument, *n.* തോൽ, പട്ട, മടൽ, ഉറ, ഉമി, തോടു്, പുടം, കോശം, ആവരണം.

Intellect, *n.* അറിവു്, ബുദ്ധി, ധീ, ധിഷണ, ഉപലബ്ധി, ചേതന; **-ual**, *a.* ബുദ്ധിവിഷയകം, മാനസികം; ബുദ്ധിമത്തായ, ധീമത്തായ; 'i. faculty ധീശക്തി'; 'possessing i. qualities ധീഗുണസമ്പന്നം'; **-ually**, *adv.* ബുദ്ധിപൂർവം.

Intelligence, *a.* അറിവു്, വിവേകം, മതി, ജ്ഞാനം, ബുദ്ധി, ബുദ്ധിചാതുൎയ്യം, മേധ; വാൎത്ത, വൎത്തമാനം, ഉദന്തം, വൃത്താന്തം, സമാചാരം; സന്ദേശം, വാചികം; **-er**, *n.* വൎത്തമാനക്കാരൻ, വാൎത്താഹരൻ, വാൎത്താവഹൻ, സന്ദേശഹരൻ; **Intelligent**, *a.* ബുദ്ധിയുള്ള, പ്രജ്ഞയുള്ള, മേധാവിയായ; ചതുരം, കുശലം, നിപുണം; **-ly**, *adv.* ബുദ്ധിയോടെ, നൈപുണ്യത്തോടെ, ബുദ്ധിപൂർവമായി; **-Intelligentia**, *n.* pl. അറിവുള്ളോർ, പ്രാജ്ഞർ; **-Intelligible**, *a.* മനസ്സിലാക്കാവുന്ന, തെളിഞ്ഞ, സ്പഷ്ടം, സുഗമം, ഭിന്നാൎത്ഥം, സുബോധം, സുവ്യക്തം, സുഗ്രാഹ്യം; **-ly**, *adv.* സ്പഷ്ടമായി, സ്പഷ്ടാൎത്ഥമായി, തെളിവായി; **-Intelligibility**, *n.* തെളിവു്, വിളക്കം, സ്പഷ്ടത.

Intemperate, -ant, *a.* അമിതമായ, മിതമല്ലാത്ത, ഇന്ദ്രിയനിഗ്രഹമില്ലാത്ത, അസംയതം, അടക്കമില്ലാത്ത, അമിതഭോഗിയായ, അതിഭുക്കായ, അതിപാനാസക്തിയുള്ള, മുഴുക്കുടിയുള്ള, അമിതം, കണക്കിൽകവിഞ്ഞ, ഉദ്രിക്തം, അത്യധികം; **-ly**, *adv.* അതിർകടന്നു്, കണക്കില്ലാതെ; ക്രമമില്ലാതെ, അത്യധികമായി; **Intemperance**, *n.* അടക്കമില്ലായ്മ, അസംയമം, അദമം, അജിതേന്ദ്രിയത്വം; അതിഭോജനം; അതിപാനം, പാനാസക്തി; അമിതത്വം, അമൎയ്യാദ, ആധിക്യം, അതിരേകം.

Intend, *v t.* വലിച്ചുനീട്ടുക, വലുതാക്കുക; നിനയ്ക്കുക, ഉദ്ദേശിക്കുക, മനസ്സുകൊണ്ടു വിചാരിക്കുക; **-Intention**, *n.* അഭിപ്രായം, സങ്കല്പം, ആശയം, ഉദ്ദേശം, ഇച്ഛ, ചികീർഷ, ആകൂതം, ബുദ്ധി, ഭാവം, ഇംഗിതം; അൎത്ഥം, കാൎയ്യം, പ്രയോജനം; വിവക്ഷ; **-al**, മനഃപൂൎവമായ, നിശ്ചയിച്ചുറച്ച, ഐച്ഛികം, അൎത്ഥവത്തായ; **-ally**, *adv.* മനഃപൂർവമായി, കരുതിക്കൂട്ടിക്കൊണ്ടു്, മനഃപൂർവകം; **-ed**, *a.* ex. by ആശയമുള്ള, ബുദ്ധിയുള്ള, ഉദ്ദേശിക്കപ്പെട്ട, വിചാരിക്കപ്പെട്ട; 'well i. സദാശയത്തോടുകൂടിയ'; 'evil i. ദുരാശയത്തോടുകൂടി, ദുഷ്ടമതിയുള്ള, പാപബുദ്ധിയായ'.

Intense, *a.* കടുത്ത, ഏറിയ, പ്രചണ്ഡമായ, തീവ്രം, അത്യന്തം, ഘനം, ഗാഢം, പ്രബലം, പരമം, നിതാന്തം; **-ify**, *v. t.* അധികപ്പെടുത്തുക, ബലപ്പെടുത്തുക, വൎദ്ധിപ്പിക്കുക, ഉഗ്രമാക്കുക; **-ity, -ness**, *n.* കടുപ്പം, ചണ്ഡത, തീവ്രത, ഗാഢത, പ്രകർഷം, ഉല്കൎഷം, ഗരിമ, പരാകോടി, പരാകാഷ്ഠ; **-ive**, *a.* കടുപ്പമുണ്ടാക്കുന്ന, പ്രകർഷകരം, വൃദ്ധികരം; **-ly**, *adv.* കടുപ്പമായി, ഏറി, അത്യന്തമായി, തീക്ഷ്ണമായി, നിതാന്തമായി, ബലവത്തായി.

Intent, *n.* *see* **Intend, Intention**; 'to all i. s' സൎവഥാ'; *a.* ഏകാഗ്രമായ, ഏകനിഷ്ഠമായ, മറ്റൊരുവിചാരമില്ലാത്ത, സുസമാഹിതമായ, അനന്യവിഷയമായ, ഏകതാനം, ഏകചിത്തം, ഉറച്ച, ആസക്തം, നിരതം, തല്പരം, നിഷ്ഠം etc;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-ly, *adv.* ഏകാഗ്രചിത്തത്തോടെ, ഏകാഗ്രതയോടെ, അഭിനിവേശത്തോടെ'; -ness, *n.* ഏകാഗ്രത, ഏകനിഷ്ഠത, അനന്യചിത്തത, ആസക്തി, അഭിനിവേശം, നിഷ്ഠ.

Inter, *v. t.* കുഴിച്ചിടുക, അടക്കുക, പ്രേതം മറവുചെയ്യുക.

Inter, *pfx.* തമ്മിൽ, ഇൽ, പരസ്പരം, അന്യോന്യം.

Interact, *n.* വിഷ്കംഭകം, പ്രവേശകം, ഇടയ്ക്കുള്ള രംഗം; *v. t.* അന്യോന്യം ചേഷ്ടിക്കുക or ബാധിക്കുക.

Inter alia മററുസംഗതികളുടെ കൂട്ടത്തിൽ.

Intercalar, -y, *a.* ഇടയിൽവന്ന, അധികമായ, നിവേശിതമായ; 'i. month അധികമാസം'; -**Intercalate**, *v. t.* അധികമാസം നിവേശിപ്പിക്കുക.

Intercede, *v. i.* പക്ഷംപിടിച്ചു പറയുക, ഇടയ്ക്കുകടക്കുക, ഇടയ്ക്കുവീഴുക, മാദ്ധ്യസ്ഥം ചെയ്യുക, ഇരക്കുക, അനുനയിക്ക, ആരാധിക്ക; -**er**, -**Intercessor**, *n.* മദ്ധ്യസ്ഥൻ, വക്കീൽ, പരാർത്ഥവാദി; -**Intercession**, *n.* മാദ്ധ്യസ്ഥ്യം, മദ്ധ്യസ്ഥത, പരാർത്ഥപ്രാർത്ഥനം.

Intercept, *v. t.* തടുക്കുക, രോധിക്കുക, വിച്ഛേദിക്കുക, പ്രതിബന്ധമുണ്ടാക്കുക; *see* **Obstruct**; -**er**, *n.* തടസ്സക്കാരൻ, വിഘ്നകരൻ; -**ion**, *n.* തടസ്സം, രോധം, വിച്ഛേദം, പ്രതിബന്ധം, വിഘ്നം.

Interchange (-chānj'), *v. t.* അങ്ങോട്ടുമിങ്ങോട്ടും മാറുക, അന്യോന്യം മാറുക, മാററംചെയ്ക, പരസ്പരം വിനിമയംചെയ്യുക; *n.* അന്യോന്യംമാററം, വിനിമയം, പരിവൃത്തി, ആദാനപ്രദാനം, കൊടുക്കൽ വാങ്ങൽ, കൈമാറാം; -**able**, *a.* പരസ്പരം മാററാവുന്ന, വിനിമയംചെയ്യാവുന്ന, പരിവർത്തനീയം.

Interclude, *v. t.* തടുക്കുക, നിരോധിക്കുക.

Intercommune, *v. i. see* **Associate**; -**ion**, -**ity**, *n.* പരസ്പരബന്ധം, ഇടപാട്, ഏർപ്പാട്, കൂടിക്കഴിക്കൽ, അന്യോന്യവ്യവഹാരം.

Intercourse, *n.* പരിചയം, പഴക്കം കച്ചവടം, പെരുമാററം, സംസർഗ്ഗം; 'sexual i. സംഭോഗം, സംയോഗം'.

Intercross, *v. i.* and *v. t.* ജാതികലർത്തി വർദ്ധിപ്പിക്കുക.

Intercurrent, *a.* മദ്ധ്യേ സംഭവിക്കുന്ന, ഏതുകാലത്തും ഉണ്ടാകുന്ന.

Intercutaneous, *a.* തോലിനുള്ളിലുള്ള, ത്വഗന്തർഭൂതമായ.

Interdependence, -pendency, *n.* പരസ്പരാശ്രയം, പരസ്പരനിബന്ധനം, അന്യോന്യാശ്രയം.

Interdict, *v. t.* അരുതെന്നു തടുക്കുക, പ്രതിഷേധിക്കുക, നിവാരണംചെയ്ക, പ്രത്യാഖ്യാനംചെയ്യുക; -**ion**, *n.* തടുത്തുചൊല്ല്, നിഷേധം, പ്രത്യാഖ്യാനം, നിരോധം; ശാപം, ആക്രോശം; -**ory**, *a.* തടുത്തുചൊല്ലുന്ന, നിഷേധകം.

Interest, *v. t.* താല്പര്യംതോന്നിക്കുക, അനുരഞ്ജിപ്പിക്കുക, സ്നേഹമുണ്ടാക്കുക, അനുരാഗമുണ്ടാക്കുക, രസംതോന്നിക്കുക; വിനോദിപ്പിക്കുക, ഹൃദയാകർഷകമാകുക, മനോഹരമാകുക; പലിശനൽകുക, പലിശവാങ്ങുക, അംശംവാങ്ങുക; *n.* ശ്രദ്ധ, താല്പര്യം, അർത്ഥം, ഹിതം, ലാഭം, ശ്രേയസ്സ്, ക്ഷേമം; ആദരം, സ്നേഹം, അപേക്ഷ; പക്ഷപാതം, ചേച്ച്; പലിശ, വട്ടി; 'simple i. സരളവൃദ്ധി, സാധാരണ പലിശ, മയ്യാദപ്പലിശ'; 'compound i. പലിശയ്ക്കുപലിശ, പെരുക്കപ്പലിശ, ചക്രവൃദ്ധി'; 'i. at five percent അഞ്ചുശതമാനംപലിശ'; ഭാഗം, അംശം, അധികാരം, ഉദ്ധാരം; രസം, വിനോദം, ഹൃദയംഗമത; -**ed**, *a.* അനുരക്തം, ജാതസ്നേഹം; പക്ഷപാതിയായ, ശ്രദ്ധയുള്ള, താല്പര്യമുള്ള; ആസക്തം, നിരതം; സംബദ്ധം, ലാഭാലാഭസംബദ്ധം; സ്വാത്ഥപരമായ; -**ing**, *a.* രസകരമായ; മനോഹരമായ, സരസമായ, ഹൃദയഹാരിയായ, ചിത്തരഞ്ജകമായ.

Interfere, *v. i.* തലയിടുക, ഇടയ്ക്കു നുഴഞ്ഞുകയറുക, ഇടപെടുക, തമ്മിൽ ഭിന്നിക്കുക, പരസ്പരവിരുദ്ധമാകുക; അന്യോന്യം വർത്തിക്കുക; -**ference**, *n.* തടസ്ഥം, ഇടപെടൽ, മാദ്ധ്യസ്ഥ്യം, പരവ്യാപാരചർച്ച; പരസ്പരസംഘട്ടം, സമാഘാതം.

Interfluent, *a.* ഇടയ്ക്കൊഴുകുന്ന, മദ്ധ്യസ്രവിയായ.

Interfuse, *v. t.* ഇടയിൽപ്രസരിക്കുക, തമ്മിൽ കലരുക or വ്യാപിക്കുക.

Interim, *n.* ഇടനേരം; 'in the i. അതിനിടയിൽ'.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Interior, *a.* അന്തഃസ്ഥം, അന്തർഗ്ഗതം, ആഭ്യന്തരം, ഉള്ളിലുള്ള; *n.* ഉള്ള്, അന്തർഭാഗം, ഉദരം, ഗർഭം, ഹൃദയം; 'the i. of a house ഗർഭാന്തരം, വാസഗൃഹം, ഭവനോദരം, അന്തർഭവനം'.

Interjacent, *a.* നടുവിലുള്ള, മദ്ധ്യേയുള്ള, മദ്ധ്യവർത്തിയായ.

Interject, *v. t.* നടുവിൽവയ്ക്കുക, മദ്ധ്യേ ക്ഷേപിക്കുക, തടുക്കുക; **-ion,** *n.* അന്തഃക്ഷേപണം; ഉദ്ഗാരം, വ്യാക്ഷേപകശബ്ദം.

Interlace, *v. t.* പിന്നുക, പിണച്ചുനെയ്യുക.

Interlard, *v. t.* ഇടയിലിടയിൽവെയ്ക്കുക, സമ്മിശ്രമാക്കുക, നാനാവിധമാക്കുക.

Interlay, *v. t.* ഇടയ്ക്കുവെയ്ക്കുക.

Interleaf, *n.* ഇടവെള്ള, ഇടവെള്ളക്കടലാസ്; **-leave,** *v. t.* ഇടവെള്ളയിടുക.

Interline, *v. t.* വരിമദ്ധ്യേ എഴുതുക, ഇടയിലെഴുതുക; വരി ഒന്നിടവിട്ടെഴുതുക; വരയിടുക; **-linear,** *a.* വരിമദ്ധ്യേയുള്ള.

Interlocution, *n.* സംഭാഷണം, സല്ലാപം, സംവാദം; **-locutor,** *n.* സംഭാഷകൻ, മറുപടിയും മറുപടിക്കുമറുപടിയും പറയുന്നയാൾ; **-y,** *a.* ചോദ്യം മറുപടി ഇതരരൂപത്തിലുള്ള, സംവാദരൂപത്തിലുള്ള, സങ്കഥാരൂപമായ, സംവാദാത്മകം.

Interlope, *v. i.* അന്യായമായി പ്രവേശിക്കുക, ആക്രമിക്കുക; **-er,** *n.* അന്യായമായി പ്രവേശിക്കുന്നവൻ, ആഗന്തുകൻ.

Interlude, *n.* ഉപനാടകം, വിഷ്കംഭം(കം), മദ്ധ്യരംഗം.

Interlunar, -y, *a.* അമാവാസിയായ, അമാ in comp.

Intermarry, *v. i.* അന്യോന്യവിവാഹം ചെയ്യുക, പരസ്പരം പരിണയിക്കുക; **-age,** *n.* പരസ്പരവിവാഹം.

Intermeddle, *v. i.* വല്ലവരുടെയും കാര്യം നിരൂപിക്കുക, വേണ്ടാത്തതിൽ തലയിടുക; **-er,** *n.* വല്ലവരുടെയുംകാര്യത്തിൽ ഇടപെടുന്നവൻ; പരാധികാരനിരൂപകൻ or ചർച്ചകൻ.

Intermediate, -medial, -mediary, *a.* ഇടയിലുള്ള, മദ്ധ്യേയുള്ള, വ്യവഹിതം, അന്തരാളസ്ഥിതം; **-ly,** *adv.* ഇടയിൽ, മദ്ധ്യത്തിൽ.

Interminable, *a. see* **Infinite.**

Intermingle, *v. t. or v. i.* മിശ്രമാക്കുക; കൂട്ടിക്കലർത്തുക.

Intermit, *v. i.* വിട്ടുനില്ക്കുക, വിരമിക്കുക, നിവർത്തിക്കുക, ഇടയ്ക്കുശമിക്കുക; *v. t.* തല്ക്കാലത്തേക്കു നിർത്തുക, ഇടയ്ക്കിടയ്ക്കു വിടർത്തുക; **-tent,** *a.* ഇടവിട്ടിടവിട്ടുള്ള, ഇടവിട്ടുള്ള രോഗം; **-mittence, -mission,** *n.* നിർത്ത്, വിരാമം, വിരതി, നിവൃത്തി, വിച്ഛേദം, ഉപശമം.

Intermix, *v. t. see* **Intermingle; -ture,** *n.* കലപ്പ്, സംസർഗ്ഗം, സങ്കരം, സമ്പർക്കം, സംയോഗം, സമ്മിളനം

Intermontane, *a.* പർവ്വതമദ്ധ്യത്തിലുള്ള, മലയിടുക്കിലുള്ള.

Intermundane, *a.* ജഗന്മദ്ധ്യവർത്തിയായ.

Intermural, *a.* ഭിത്തികളുടെ or ചുമരുകളുടെയിടയ്ക്കുള്ള, പ്രാകാരാന്തർവ്വർത്തിയായ.

Intern, *v. t.* ഒരിടത്തുവെയ്ക്കുക, മാറ്റിവെയ്ക്കുക, നിരായുധനാക്കുക.

Internal, *a. see* **Interior;** ഉള്ളിലുള്ള.

International, *a.* രാഷ്ട്രവ്യവഹാരസംബന്ധമായ, രാഷ്ട്രങ്ങൾതമ്മിലുള്ള, സാർവ്വരാഷ്ട്രികമായ.

Internecine, *a.* അന്യോന്യം നശിപ്പിക്കുന്ന, പരസ്പരവിനാശിയായ, പ്രാണാപഹാരിയായ, തമ്മിൽതിന്നുന്ന.

Internuncio, *n.* ദൂതൻ; പാപ്പാപ്രതിനിധി.

Interoscular, *a.* കണ്ണുകളുടെഇടയ്ക്കുള്ള, കണ്ണിനകത്തുള്ള.

Interosculate, *v. t.* അന്യോന്യം ചുംബിക്കുക, പരസ്പരംതൊടുക.

Interpellate, *v. t* അധികാരപൂർവ്വം ചോദിക്കുക, നിയമനിർമ്മാണസഭയിൽവെച്ച് സമാധാനംചോദിക്കുന്നവൻ; **-pellant,** *a.* തടസ്ഥമായ; *n.* തടസ്ഥംവരുത്തുന്നവൻ, തടസ്ഥക്കാരൻ; **-pellation,** *n.* തടസ്ഥം, നിയമനിർമ്മാണസഭയിലെചോദ്യം.

Interpolate, *v. t.* കള്ളമായി ഇടയിൽചേർക്കുക, വ്യാജമായി കലർത്തുക; **-ion,** *n.* കള്ളച്ചേരുവ, മിഥ്യാകല്പിതം, കപടമായ നിവേശനം.

Interpose, *v. t.* നടുവിൽവയ്ക്കുക, മദ്ധ്യത്തിൽ നിക്ഷേപിക്കുക; *v. i.* ഇടയ്ക്കുവീഴുക, മദ്ധ്യത്തിൽ ഗമിക്കുക, മദ്ധ്യത്തിൽ വർത്തിക്കുക, ഇടപെടുക; **-er,** *n.* മദ്ധ്യസ്ഥൻ; **-ition,** *n.* മദ്ധ്യസ്ഥത, മാദ്ധ്യസ്ഥ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Interpret, *v. t.* തെരിയുംവണ്ണംചൊല്ലുക, അൎത്ഥംപറയുക, വ്യാഖ്യാനിക്കുക, വിവരിക്കുക; ഭാഷാന്തരംചെയ്യുക; **-ation,** *n.* പദയോജന, വ്യാഖ്യാനം, വിവരണം, നിരൂപണം; അൎത്ഥം, ടീക, ഭാഷ്യം; ഭാഷാന്തരം, തൎജ്ജമ; **-er,** *n.* വ്യാഖ്യാതാവ്, അൎത്ഥപ്രകാശകൻ; ഭാഷ്യകൻ, വൃത്തികാരൻ, ടീകാകൃത്; തൎജ്ജമക്കാരൻ.

Interregnum, *n.* അരാജത്വം, അരാജകരാജ്യസ്ഥിതി.

Interrogate, *v. t.* ചോദിക്കുക, പ്രശ്നംചെയ്യുക; **-ion,** *n.* ചോദ്യം, പൃഷ്ട, അനുയോഗം; **-ive,** *a.* ചോദ്യമായ, പ്രശ്നരൂപമായ; **-ively,** *adv.* ചോദ്യരൂപത്തിൽ, പ്രശ്നരൂപേണ; **-or,** *n.* ചോദിക്കുന്നയാൾ, പ്രഷ്ടാവ്, പൃച്ഛകൻ, അനുയോക്താവ്; **-ory,** *n.* പ്രശ്നം, ചോദ്യം; *a. see* **Interrogative.**

Interrupt, *v. t.* തടയുക, പ്രതിബന്ധമുണ്ടാക്കുക, നിൎത്തുക, നിരോധിക്കുക, ഖണ്ഡിക്ക, ഭേദിക്കുക, വിഘ്നമുണ്ടാക്കുക, ആക്ഷേപിക്കുക; **-ion,** *n.* തടസ്സം, അന്തരായം, പ്രതിബന്ധം, വിച്ഛേദം, ഭംഗം, ഭേദം, വ്യാഘാതം, വിഘ്നം; **-edly,** *adv.* തടസ്സമായി, തടസ്സത്തോടെ; **-er,** *n.* വിഘ്നകാരി, വിച്ഛേദകാരി, ഭംഗകൃത്.

Interse, തങ്ങളാൽക്കിടയിൽ.

Intersect, *v. t. or v. i.* തമ്മിൽതമ്മിൽ മുറിക്കുക, പരസ്പരം ഛേദിക്കുക; **-ion,** *n.* പരസ്പരച്ഛേദം.

Intersperse, *v. t.* ഇടയിടെ ചേൎക്കുക or വിതറുക, അവിടവിടെ പ്രക്ഷേപിക്കുക; **-ed,** *n.* ചിതറിയ, സമ്മിശ്രമായ, സങ്കീൎണ്ണമായ; **ion,** *n.* സമ്മിശ്രണം, ചേൎക്കൽ.

Interstellar, *a.* നക്ഷത്രങ്ങളുടെ ഇടയ്ക്കുള്ള.

Interstice, *n.* വിടവ്, വിള്ളൽ, ഛിദ്രം, അവകാശം, വിവരം.

Intertexture, *n.* തയ്യൽ, മിടച്ചൽ.

Intertwine, Intertwist, *v. t.* തമ്മിൽ പിണയ്ക്കുക, പിണച്ചുനെയ്യുക, മിടയുക; *v. i.* പിണയുക; *n.* മിടച്ചൽ

Interval, *n.* ഇട, ഇടക്കാലം, അന്തരം, അന്തരാളം, അഭ്യന്തരം, അവകാശം; അവധി, അഭ്യന്തരകാലം, വിരാമം, വിച്ഛേദം.

Intervene, *v. i.* കരക്കിടുക, ഇടയ്ക്കുവരിക, അന്തൎഭവിക്കുക; **-ing,** *a.* കരക്കിട്ട ന്ന, ഇടയ്ക്കുവരുന്ന, അന്തൎഭവിക്കുന്ന, മദ്ധ്യവൎത്തിയായ, അന്തരാഗതമായ; **-Intervention,** *n.* ഇടപെടൽ, മദ്ധ്യസ്ഥത, മദ്ധ്യവൎത്തനം.

Interview (-vū), *n.* സമാവേശം, സംഗമം, സമാഗമം, പരസ്പരദൎശനം, കൂടിക്കാഴ്ച.

Interweave, *v. t.* പിന്നിനെയ്യുക, ഇഴനെയ്യുക.

Intestate, *a.* മരണശാസനമെഴുതാതെമരിക്കുന്ന; *n.* മരണശാസനമെഴുതാതെമരിക്കുന്നവൻ.

Intestine (-tin) *a.* ഉള്ളിലുള്ള, നാട്ടിനുള്ളിലുള്ള, ഗൃഹ്യമായ.

Intestines (-tins), *n.* pl. കുടൽ, കുടർ, ആന്ത്രം.

Intimate, *v. t.* തെര്യപ്പെടുത്തുക, സൂചിപ്പിക്കുക, കുറിക്കുക, അറിവിക്കുക, ഉപന്യസിക്കുക, ഉപേക്ഷിക്കുക; *a.* അടുത്ത, ഗാഢം, ദൃഢബദ്ധം, ഘനം; *n.* ആന്തരസ്നേഹിതൻ, ഗാഢസ്നേഹിതൻ, ദൃഢസുഹൃത്, സുഹൃത്തമൻ, പ്രിയവയസ്യൻ; **-Intimacy,** *n.* ദൃഢസ്നേഹം, ഗാഢസൗഹൃദം, അതിപരിചയം.

Intimidate, *v. t.* പേടിപ്പിക്കുക, ത്രസിപ്പിക്കുക, ഭയപ്പെടുത്തുക; ഭൎത്സിക്ക, തൎജ്ജിക്കുക, മനസ്സിടിക്കുക; **-ion,** *n.* പേടിപ്പിക്കൽ, ഭീഷ, ഭീഷണി, തൎജ്ജനം.

Into, *prep.* ഉള്ളിൽ, അകത്തു്, അകത്തേക്ക്.

Intolerable, *a.* പൊറുക്കാൻ കഴിയാത്ത, സഹിച്ചുകൊണ്ടുപോകാൻ മേലാത്ത, അസഹനീയം.

Intolerant, *a.* പൊറുമയില്ലാത്ത, പൊറുക്കാത്ത, അസഹനമായ, അസഹിഷ്ണുവായ; പരമതസഹനമില്ലാത്ത; **-Intolerance,** *n.* അമൎഷണം, അതിതിക്ഷ, അക്ഷമ, അസഹിഷ്ണുത.

Intone, Intonate, *v. t. and v. i.* സ്വരത്തോടെ ഉച്ചരിക്കുക, ഉച്ചത്തിൽ പറക, ഗംഭീരമായിപ്പറക; **-ation,** *n.* സ്വരം, ലയം, വൎണ്ണോച്ചാരണം, സ്വരഭേദം.

Intort, *see* **Contort.**

Intoxicate, *v. t.* മദിപ്പിക്കുക, മത്തുപിടിപ്പിക്കുക, മോഹിപ്പിക്കുക; **-ed,** *a.* ലഹരികൊണ്ട, മത്തമായ, മദോദഗ്രം;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-**ing**, *a.* ലഹരിപിടിപ്പിക്കുന്ന, ഉന്മാദകം, മാദകം; -**ion**, *n.* ലഹരി, മദം, ഉന്മാദം.

Intractable, *a.* അടങ്ങാത്ത, മൂർഖമായ, ദുർദ്ദമം, ദുർദ്ദാന്തം.

Intramural, *a.* ഭിത്തിക്കുള്ളിലുള്ള, ഭിത്ത്യന്തർവ്വർത്തിയായ.

Intransient, *a.* നിലനില്ക്കുന്ന, അഭംഗുരം, ചിരസ്ഥായിയായ.

Intransitive, *a.* അകർമ്മകമായ.

Intrench, *v. t.* കിടങ്ങുതോണ്ടി രക്ഷിക്ക, പരിഖയാൽ രക്ഷിക്കുക; ആക്രമിക്കുക; -**ment**, *n.* കിടങ്ങ്, തോട്, പരിഖ.

Intrepid, *a.* അഞ്ചാത്ത, കലങ്ങാത്ത, പേടിക്കാത്ത, ശൂരമായ; -**ity**, *n.* ധൈര്യം, ആണ്മ, വീര്യം, പൌരുഷം; വിക്രമം; -**ly**, *adv.* വിക്രമത്തോടെ.

Intricate, *a.* വിഷമമായ, ദുർഗ്ഗ്രാഹ്യം, സങ്കുലം, ഗൂഢം; വക്രം, കുടിലം; -**ly**, *adv.* വിഷമമായി, വക്രമായി, കുഴഞ്ഞുമറിഞ്ഞു; -**ness**, -**Intricacy**, *n.* വൈഷമ്യം, ഗഹനത, ഗൂഢത; വക്രത, കൌടില്യം.

Intrigue (in-trēg′), *n.* ചതിയാലോചന, തന്ത്രം, ഉപജാപം, കപടപ്രയോഗം; *v. i.* ദുരാലോചനചെയ്യുക, ഉപജാപംചെയ്യുക; -**er**, *n.* ഉപജാപകൻ, ക്ഷുദ്രചിന്തകൻ.

Intrinsic, -**al**, *a.* ഉള്ളിലുള്ള, അകമേവ്യാപിച്ച, അന്തർഗ്ഗതം, സ്വാഭാവജം, സത്യം, യഥാർത്ഥം. അകൃത്രിമം, സ്വാഭാവികം, സാംസിദ്ധികം; -**ally**, *adv.* യഥാർത്ഥത്തിൽ, സഹജമായി.

Introduce, *v. t.* ഉള്ളിൽചെലുത്തുക, അകത്തുകടത്തുക, തുടങ്ങുക, പ്രസ്താവംചെയ്ക, അറിയിക്കുക, പരിചയപ്പെടുത്തുക, വഴക്കത്തിൽകൊണ്ടുവരിക, പ്രവേശിപ്പിക്കുക, അവതരിപ്പിക്കുക; -**er**, *n.* പ്രവേശകൻ, അവതാരകൻ; പ്രവർത്തകൻ, പ്രാരംഭകൻ; -**Introduction**, *n.* അറിവാക്കൽ, പ്രവേശനം, അവതരണം; നിവേശനം, ആനയനം; മുഖബന്ധം, ആമുഖം, പ്രസ്താവന, ആരംഭം, ഉപന്യാസം, വാങ്മുഖം, ഉപക്രമം; -**Introductory**, *a.* പ്രാവേശികം, ആരംഭകം, പ്രാഥമികം, പരിചയപ്പെടുത്തുന്ന.

Intromit, *v. t.* അകത്താക്കുക, പ്രവേശിപ്പിക്കുക.

Introspect, *v. t.* അകത്തേയ്ക്കു നോക്കുക; -**spection**, *n.* ഉൾനോട്ടം, അന്തർദർശനം, അന്തരാലോകനം.

Introvert, *v. t.* അകത്തേയ്ക്കു വളയ്ക്കുക, അകപരിശോധനംചെയ്ക, അകത്തോട്ടു പരിവർത്തിപ്പിക്കുക.

Intrude, *v. t.* or *v. i.* വിളിക്കാതെ വലിഞ്ഞുകയറുക, ബലാല്ക്കാരമായി പ്രവേശിക്കുക, അനാവശ്യമായി തലയിടുക, ആക്രമിക്കുക; -**er**, *n.* വിളിക്കാതെ വന്നവൻ, ആഗന്തുകൻ; -**Intrusion**, *n.* വിളിക്കാത്ത വരവ്, ആക്രമണം; -**Intrusive**, *a.* അനാവശ്യത്തിൽ തലയിടുന്ന, ആഗന്തുകം, പരചർച്ചാശീലം.

Intrust, *see* **Entrust**.

Intuition (-tū-ish′un), *n.* ഉള്ളുണർവ്, സഹജജ്ഞാനം, സഹജാവബോധം, അന്തർജ്ഞാനം; **Intuitive**, *a.* പെട്ടെന്നു തോന്നിയ, അന്തർജ്ഞാനോപലബ്ധമായ; അന്തർജ്ഞാനിയായ; -**ly**, *adv.* സഹജജ്ഞാനേന, അന്തർജ്ഞാനേന, പ്രമാണനിരപേക്ഷമായി.

Intumesce, *v. i.* വീങ്ങുക, ശോഫമുണ്ടാകുക; -**ence**, *n.* ശോഫം, ശോഥം.

Inturbidate, *v. t.* കലുഷീകരിക്കുക, കുഴപ്പമാക്കുക, കലക്കുക.

Intwine, **Iutwist**, *v. t.* മിടയുക, തമ്മിൽ പിരിക്കുക or പിണയ്ക്കുക.

Inumbrate, *v. i.* നിഴൽ വീഴിക്ക, ഛായയാൽ മറയ്ക്കുക.

Inunction, *n.* അഭ്യഞ്ജനം, വിലേപനം.

Inundate, *v. t.* വഴിഞ്ഞൊഴുകുക, വെള്ളമെടുക്കുക, ജലമയമാകുക; -**ed**, *a.* ജലത്തിൽ മുഴുകിയ; -**ion**, *n.* വെള്ളപ്പൊക്കം, ജലവിപ്ലവം, ജലപ്രളയം.

Inurbanity, *n.* ആചാരഹീനത, അശിഷ്ടത, അസഭ്യത.

Inure, *v. t.* പഴക്കുക, പഴകുക, അഭ്യസിക്കുക, പരിചിതമായിത്തീരുക, ദൃഢീകരിക്കുക; -**ed**, *a.* പഴകിയ, അഭ്യസ്തം.

Inurn, *v. t.* സമാധിയിൽ സ്ഥാപിക്കുക, കുഴിച്ചിടുക, ശവം മറവുചെയ്യുക.

Inutility, *n.* നിഷ്പ്രയോജനത, അനുപയോഗം, വ്യർത്ഥത.

Invade, *v. t.* പടകയറുക, ആക്രമിക്കുക, പടക്കോറാംചെയ്യുക; -**er**, *n.* ആക്രാമകൻ; **Invasion**, *n.* പടയേറ്റം, ആക്രമണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Invalid, *a.* ക്ഷീണിച്ച, തളൎന്ന, ദുൎബല മായ, അശക്തം, വിഫലം; നിഷ്പ്രമാണം; -**Invalid**, *n.* ദീനക്കാരൻ, രോഗി; -**Invalidate**, *v. t.* ദുൎബ്ബലപ്പെടുത്തുക, വിഫലമാക്കുക, മോഘീകരിക്കുക; -**ity**, *n.* ബലമില്ലായ്മ, അപ്രാമാണ്യം.

Invaluable, *a.* വിലമതിയാത്ത, വില മതിക്കാൻ പാടില്ലാത്ത, അനൎഘം, അമൂല്യം.

Invariable, *a.* മാറാത്ത, എല്ലായ്പോഴുമുള്ള, നിത്യമായ, സ്ഥിരമായ, നിയതമായ; -**y**, *adv.* ഏകാന്തമായി, നിയതമായി, നിത്യമായി, ഇടവിടാതെ ചേൎന്ന്.

Invective, *n.* ആക്ഷേപം, നിന്ദ, നിന്ദാവാക്യം, ദുരുക്തി, ഗൎഹ; *a.* നിന്ദകം, അപവാദകം, നിന്ദാത്മകം.

Inveigh (in-vā'), *v. i.* ദൂഷിക്കുക, നിന്ദിക്കുക, അഭിശംസിക്കുക.

Inveigle (in-vē'gl), *v. t.* കുടുക്കിലാക്കുക, വഞ്ചിക്കുക, പ്രലോഭിപ്പിക്കുക, മോഹിപ്പിക്കുക; -**er**, *n.* പ്രലോഭകൻ, ആകൎഷകൻ; -**ing**, -**ment**, *n.* വിലോഭനം, ആകൎഷണം, വഞ്ചന.

Invent, *v. t.* കണ്ടുപിടിക്കുക, കല്പിക്കുക, നിൎമ്മാണംചെയ്ക; മനസ്സുകൊണ്ടു ചിന്തിക്കുക; പരമാൎത്ഥമില്ലാതെ സൃഷ്ടിക്കുക; -**ed**, *a.* കണ്ടുപിടിക്കപ്പെട്ട, രചിതം; മനഃസൃഷ്ടം; മനഃകല്പിതം, മിഥ്യാകല്പിതം, കൃതകം, കൃത്രിമം; -**ion**, *n.* കണ്ടുപിടിത്തം, കല്പന(നം), രചന(നം), നിൎമ്മാണം, ഘടനം; സൃഷ്ടി; യുക്തി, ഉപായജ്ഞാനം; വ്യാജകല്പനം, കള്ളംകെട്ടിയുണ്ടാക്കൽ; -**ive**, *a.* കണ്ടുപിടിക്കുന്ന, ഉപായജ്ഞം, യുക്തിയുള്ള; -**or**, *n.* കണ്ടുപിടിത്തക്കാരൻ, സ്രഷ്ടാവ്, നിൎമ്മാതാവ്, ചിന്തകൻ.

Inventory, *n.* സാമാനവിവരപ്പട്ടിക.

Inverse, *a.* മറിഞ്ഞുള്ള, കീഴ്മേലായ, തലകീഴായ, വ്യത്യസ്തം, വിലോമം, പ്രതിലോമം, പ്രതീപം; -**ly**, *adv.* മറിച്ച്, വിപൎയ്യയമായി, വ്യത്യാസത്തോടെ; -**Inversion**, *n.* മറിച്ച്, കീഴമേലാകൽ, വിപൎയ്യാസം, വിപൎയ്യയം, വ്യത്യാസം, വ്യത്യയം, വിപരീതത.

Invert, *v. t.* കമി(വി)ഴ്ത്തുക, തിരിക്കുക, മറിക്കുക.

Invertebrate, *a.* നട്ടെല്ലില്ലാത്ത; സംശയാത്മാവായ, ധൈൎയ്യമില്ലാത്ത, ചാഞ്ചല്യമുള്ള, ഭീരുവായ.

Invest, *v. t.* ചൂടുക, പുതയ്ക്കുക, വസ്ത്രം പൊതിയുക, അണിയുക; ഏല്പെടുത്തുക; ഉപരോധിക്കുക; (ആക്രമിക്കാൻ) വളയുക; ലാഭത്തിനു പണം വിനിയോഗിക്കുക, ലാഭത്തിനു നിക്ഷേപിക്കുക; -**iture**, *n* അധികാരപ്രവേശനം, അഭിഷേകം, സംസ്കാരം, പ്രതിഷ്ഠാപനം, അധികാരദാനം, പദസ്ഥാപനം; -**ment**, *n.* വേഷ്ടി, വസ്ത്രം, പരിധാനം; ലാഭാൎത്ഥം, ധനവിനിയോഗം, (ലാഭത്തിനായി) ധനനിക്ഷേപം.

Investigate, *v. t.* ആരായുക, അന്വേഷിക്കുക, പരിശോധിക്കുക; -**ion**, *n.* അന്വേഷണം, അവേക്ഷണം, നിരൂപണം, നിൎണ്ണയം; -**or**, *n.* ആരായുന്നവൻ, നിരൂപകൻ, നിൎണ്ണേതാവ്.

Inveterate, *a.* ഉറച്ച, പഴകിയ, രൂഢമൂലമായ, സുദൃഢം, ഗാഢം, ദൃഢം, സ്ഥിരം, ചിരസ്ഥായിയായ; -**racy**, *n.* ബദ്ധവൈരം, നിരൂഢത, സ്ഥിരത,

Invidious, *a.* വെറുപ്പുണ്ടാക്കുന്ന, ദ്വേഷജനനം, മത്സരാവഹം, ഈൎഷ്യാകരം,

Invigorate, *v. t.* ശക്തിപ്പെടുത്തുക, ബലപ്പെടുത്തുക, തേജസ്സു വൎദ്ധിപ്പിക്കുക, പോഷിപ്പിക്കുക, ദീപിപ്പിക്കുക; -**ing**, *a*, ബലവൎദ്ധകം; തേജസ്കരം, വീൎയ്യപ്രദം, ഉത്സാഹദായി; -**ion**, *n.* ബലവൎദ്ധനം, ശക്തിവൎദ്ധനം, പുഷ്ടികരണം; ബലവൃദ്ധി.

Invincible, *a.* വെല്ലാൻകഴിയാത്ത, ജയിക്കാൻമേലാത്ത, അജയ്യം, ദുരാസദം, അദമ്യം.

Inviolable, *a.* അലംഘ്യമായ, അനതിക്രമണീയം, അഭേദ്യം; മാററക്കൂടാത്ത; -**ness**, *n.* അലംഘ്യത, അവദ്ധ്യഭാവം; -**Inviolate**, *a.* അഭിന്നം, അലംഘിതം, അഖണ്ഡം.

Invisible, *a.* കാണാൻകഴിയാത്ത, അദൃശ്യമായ, പരോക്ഷം, ദുൎദ്ദൎശം, അഗോചരം, ദൎശനാതീതം, ദുൎഗ്ഗോചരം; -**ness**, *n.* കാണാൻപാടില്ലായ്മ, പരോക്ഷത; -**y**, *adv.* അപ്രത്യക്ഷമായി, അവിഷയമായി, അഗോചരമായി, അദൃശ്യമായി.

Invite, *v. t.* ക്ഷണിക്കുക, വിളിക്കുക, ആമന്ത്രണംചെയ്ക, അഭി or നിമന്ത്രണം ചെയ്ക, അഭ്യൎത്ഥിക്കുക, ആകൎഷിക്കുക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-**ation,** *n.* ക്ഷണം, വിളി, നിമന്ത്രണം, ആഹ്വാനം, അഭ്യർത്ഥന; **-ing,** *n.* മോഹിപ്പിക്കുന്ന, ചിത്താകർഷിയായ, മനോഹരമായ.

Invocate, *see* **Invoke.**

Invoice, *n.* സാമാനപ്പത്രിക, സാധനങ്ങളുടെ വിലവിവരപ്പത്രിക, ആവാഹപത്രം.

Invoke, *v. t.* വിളിക്കുക, അഭിമന്ത്രിക്കുക, അഭ്യർത്ഥനാരൂപത്തിൽ ക്ഷണിക്കുക, ആവാഹിക്ക, അർത്ഥിക്ക, ആകർഷിക്ക, അഭിവന്ദിക്ക; **-Invocation,** *n.* വിളി, ആമന്ത്രണം, ആഹ്വാനം, പ്രാർത്ഥന.

Involuntary, *a.* ഇച്ഛക്രടാത്ത, ആഗ്രഹംക്രടാത്ത, അനിച്ഛാപൂർവ്വം; അനിച്ഛുവായ; **-ly,** *adv.* ആഗ്രഹമില്ലാതെ, അസന്തോഷത്തോടെ, അബോധപൂർവം.

Involve, *v. t.* ചുററുക; മൂടുക, മറയ്ക്കുക; ഉൾപ്പെടുത്തുക, ഉൾക്കൊള്ളുക, സംബന്ധിക്കുക, തുടരുമാറാക്കുക; സമ്മിശ്രമാക്കുക; നിമഗ്നമാക്കുക; ലയിപ്പിക്കുക, വർഗ്ഗീകരിക്കുക; **-volved,** *a.* അകത്തേക്കു ചുരുണ്ട, ആവേഷ്ടിതം, അവഗുണ്ഠിതം; ഉൾപ്പെട്ട, അന്തർഗ്ഗതം, അന്തർഭൂതം, ഗ്രസ്തം, സംബദ്ധം, സംയുക്തം; ധ്വനിതം, ഫലിതം, ആന്തരാർത്ഥമായ, ഫലിതാർത്ഥമായ; **-Involution,** *n.* ചുരുട്ടൽ, തെറുക്കൽ, ആവേഷ്ടനം, ആവരണം; ജടിലത്വം, വ്യതികരം, സങ്കീർണ്ണത, അന്യോന്യസംശ്ലേഷം, പരസ്പരസംസക്തി; (in mathematics) സംവർഗ്ഗീകരണം; (i. to the third power) സദൃശത്രയസംവർഗ്ഗം, opp. **Envolution.**

Invulnerable, *a.* അഭേദ്യമായ, മുറിപ്പെടുത്തുവാൻമേലാത്ത.

Inward, *a.* അകത്തോട്ടുള്ള, ഉള്ളിലുള്ള; *adv.* അകത്തേക്ക്, ഉള്ളിലായി, അഭ്യന്തരമായി, മനസ്സുകൊണ്ട്; **-Inwards,** *n.* pl. കുടൽമുതലായവ; *adv.* മനസ്സിൽ, ഉള്ളിലേക്ക്.

Inweave, *v. t. see* **Intertwine.**

Inwrap, *v. t.* മൂടുക, പൊതിയുക.

Inwrought (-rawt'), *a.* ചിത്രവേലചെയ്യപ്പെട്ട, ഖചിതം, പ്രണിഹിതം, പ്രതിബദ്ധം.

Iota (i-o'ta), *n.* അണു, പൊടി, അല്പം, കണം, ബിന്ദുമാത്രം,

Ipso facto, adv. ഉള്ളപടി, അതിൻവണ്ണം.

Irascible, *a.* മുൻകോപമുള്ള, ചണ്ഡകോപമായ, ശീഘ്രകോപിയായ; സംരംഭിയായ, ചണ്ഡസ്വഭാവമുള്ള; *n.* മുൻകോപം, സുലഭക്രോധം, പിത്തസ്വഭാവം.

Irate, *a.* ചിനത്ത, കോപിച്ച, ക്രുദ്ധമായ, കുപിതമായ, രുഷ്ടമായ.

Ire (īr), *n.* കോപം.

Iris, *n* വാനവില്ല്, മഴവില്ല്; താരാമണ്ഡലം, മിഴിപടലം, വർണ്ണചക്രം.

Irk (ĕrk) *v. t.* പീഡിപ്പിക്കുക, ആയാസപ്പെടുത്തുക, വേദനിപ്പിക്കുക; *see* **Afflict;** **-some,** *a.* ദുഃഖകരം, ആയാസഹേതുകം, കഷ്ടം, ഉഴറൽ.

Iron (i'ĕrn), *n.* ഇരുമ്പ്, അയസ്, കാളായസം, കൃഷ്ണായസം; (pl.) ബന്ധനം, വിലങ്ങ്, ചങ്ങല, തുടൽ; *v. t.* ചങ്ങലകൊണ്ടുതളയ്ക്കുക, അടക്കുക; *a.* ഇരുമ്പായ; 'bar i., wrought i., malleable i. പച്ചിരുമ്പ്, ഇരുമ്പുപാളം'; 'cast i., white i., gray i., pig i. വാർപ്പിരുമ്പ്, കല്ലിരുമ്പ്, ചീനച്ചട്ടിയിരുമ്പ്'; 'i. age കലിയുഗം'; 'i. bar ഇരുമ്പുപാര'; 'i. clad ഇരുമ്പുപൊതിഞ്ഞ'; 'i. cased, i. clad ഇരുമ്പുപൊതിഞ്ഞ, കഠിനമായ, യുദ്ധക്കപ്പൽ'; 'i. fisted ഊററയുള്ള'; 'i. foundry ഇരുമ്പുവാർപ്പുപണിക്കാരൻ'; 'i. founder ഇരുമ്പുപണിസ്ഥലം'; 'i. furnace ഉല'; 'i. hearted ക്രൗര്യമുള്ള'; 'i. horse തീവണ്ടി'; 'i. man യന്ത്രാട്ട്'; 'i. master, i. monger ഇരുമ്പുവ്യാപാരി'; 'i. mold or mould ഇരുമ്പുകം'; 'i. sick ഇരുമ്പുവീണുതുളഞ്ഞ'; 'i. smith കൊല്ലൻ'; 'too many i s in the fire ഒരേസമയംചെയ്യാനുള്ള പലകാര്യങ്ങൾ'; **-er,** *n.* ഇസ്തിരിക്കാരൻ; **-ing,** *n.* ഇസ്തിരിക്കിടൽ, ഇസ്തിരിയിട്ടതുണി; **-ish,** *a.* ഇരുമ്പുചുവയുള്ള; **-y,** *a.* അയോമയമായ.

Irony, *n.* സോല്ലുണ്ഠനം, വ്യാജസ്തുതി, നിന്ദ, വ്യാജോക്തി, വിപരീതലക്ഷണം, ഉപരോധം; **-ical,** *a.* വ്യാജോക്തിയായ, വ്യാജോക്തിപരമായ; **-ically,** *adv.* വ്യാജോക്തിയായി, വക്രോക്തിയായി, നിന്ദാസ്തുതിയായി.

Irradiate, *v. t. and v. i.* തിളക്കുക, പ്രകാശിപ്പിക്കുക, ഒളിവീശുക, ദീപിപ്പിക്ക; **-ion,** *n.* തിളക്കൽ, പ്രകാശനം, പ്രദീപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നം; (Irradiance) ദീപ്തി, പ്രഭ, കാന്തി, തേജസ്സ്.

Irrational, *a.* വിവേകരഹിതമായ, ബുദ്ധിശൂന്യമായ, അവ്യുൽപന്നമായ, ചിഛ്ഛക്തിരഹിതമായ; ന്യായവിരുദ്ധമായ, യുക്തിവിരുദ്ധമായ, അതാർക്കികമായ; **-ity,** *n.* ബുദ്ധിഹീനത, അന്യായത; **-ly,** *adv.* ന്യായവിരോധത്തോടെ.

Irreclaimable, *a.* തിരുത്താൻസാധിക്കാത്ത, ശരിപ്പെടുത്താൻസാധിക്കാത്ത.

Irreconcilable, *a.* സമാധാനപ്പെടുത്താൻ മേലാത്ത, സന്ധിപ്പിക്കുവാൻ കഴിയാത്ത, അസന്ധേയം; ചേരാത്ത, യോജിക്കാത്ത, പരസ്പരവിരുദ്ധമായ; **-ness,** *n.* സന്ധികേട്, യോജിപ്പില്ലായ്മ, പരസ്പരവൈരുദ്ധ്യം, ചേർച്ചകേട്.

Irrecoverable, *a.* വീണ്ടെടുക്കാൻ സാധിക്കാത്ത, കൈവിട്ടുപോയ, കൈകടന്ന, പരിഹരിക്കാൻകഴിയാത്ത, അപരിഹാര്യം, അസാധ്യമായ.

Irredeemable, *a.* വീണ്ടെടുക്കുവാൻ കഴിയാത്ത, പണമായി മാറുവാൻസാധിക്കാത്ത, അത്യന്തനഷ്ടമായ.

Irreducible, *a.* കുറയ്ക്കുവാൻസാധിക്കാത്ത, ക്ഷമയില്ലാത്ത.

Irrefragable, *a.* മറുത്തുകൊള്ളാൻ കഴിയാത്ത, നിരാകരിക്കാൻ മേലാത്ത, അഖണ്ഡ്യം.

Irrefutable, *a.* എതിർവാദമററ, എതിരില്ലാത്ത, മറുവാക്കുചൊല്ലാനില്ലാത്ത, അപ്രത്യാഖ്യേയം.

Irregular, *a.* ചൊവ്വും നേരില്ലാത്ത, ഒഴുക്കമില്ലാത്ത, നിശ്ചയമില്ലാത്ത, പൊരുത്തമില്ലാത്ത, അനിയതം, ക്രമഹീനം; (In conduct) മര്യാദക്രമംവെടിഞ്ഞ; വിഷമം, അസമം, കടാകാരമായ; **-ity,** *n.* നിയമവിരോധം; അക്രമം, ഉൽക്രമം; അമര്യാദ, ദുർവൃത്തത; വിഷമത, ഒഴുക്കമില്ലായ്മ, വാച്ചക്കാവ്, അസമത, കടാകാരകത്വം; **-ly,** *adv.* നിയമവിരുദ്ധമായി, ക്രമവിരുദ്ധമായി, ക്രമക്കേടോടെ.

Irrelative, *a.* അസംബന്ധിയായ, നിസ്സംഗമായ.

Irrelevant, *a.* പൊരുത്തമില്ലാത്ത, വിഷയസംബന്ധമില്ലാത്ത, അപ്രസ്തുതമായ, അപ്രകൃതം, അസംബന്ധം, പ്രകൃതംവിട്ട; **-ly,** *adv.* അപ്രകൃതമായി, അപ്രസ്തുതമായി, അസംബന്ധമായി; **-vance, -vancy,** *n.* അപ്രകൃതത, അസംബന്ധം, അസംഗതി.

Irreligion (-lij'un), *n.* അധർമ്മം, അഭക്തി, ദേവനിന്ദ, പാപത, മതവിശ്വാസാഭാവം; **-Irreligious,** *a.* ദൈവഭക്തിയില്ലാത്ത, അധാർമ്മികമായ, അപുണ്യമായ, പാപിയായ; **-ly,** *adv.* അധർമ്മമായി, പാപമായി.

Irremediable, *a.* തീരാത്ത, പരിഹരിക്കാൻമേലാത്ത, മറുമരുന്നില്ലാത്ത, പ്രതിവിധിയില്ലാത്ത, അചികിത്സ്യം, ദുസ്സാദ്ധ്യം.

Irremissible, -mittable, *a.* ക്ഷമിപ്പാൻ പാടില്ലാത്ത.

Irremovable, *a.* മാററാൻ കഴിയാത്ത, നീക്കാൻ പാടില്ലാത്ത, സ്ഥിരമായ, അചലമായ.

Irreparable, *a.* കേടുതീക്കാൻ കഴിയാത്ത, മടക്കിക്കിട്ടാത്ത, പ്രതിവിധിയില്ലാത്ത, ദുഃസാദ്ധ്യമായ; **-y,** *adv.* നന്നാക്കാൻ കഴിയാത്തവണ്ണം.

Irrepleviable, *a.* ജാമ്യത്തിൽവിട്ടുവിക്കാൻ പാടില്ലാത്ത.

Irreprehensible, *a.* നിന്ദിക്കേണ്ടാത്ത. നിർദ്ദോഷം.

Irrepressible, *a.* അടക്കാൻമേലാത്ത, അനിവാര്യം, ദുർനിഗ്രഹം.

Irreproachable, *a.* കുററമില്ലാത്ത, ശുദ്ധമായ, നിർമ്മലമായ; അനിന്ദ്യമായ.

Irresistible, *a.* എതിക്കാൻ കഴിയാത്ത, അനിവാര്യമായ, ദുർന്നിവാരമായ.

Irresolute, *a.* സന്ദേഹമുള്ള, നിശ്ചയമില്ലാത്ത, അസ്ഥിരമായ, തരളമനസ്സായ; **-ness, -Irresolution,** *n.* അസ്ഥൈര്യം, ചഞ്ചലത, ചാപല്യം.

Irrespective, *a.* ഗണിക്കാത്ത, അപേക്ഷിക്കാത്ത, കൂടാത്ത.

Irresponsible, *a.* ഉത്തരവാദമില്ലാത്ത, ചുമതലയില്ലാത്ത.

Irretrievable, *a. see* **Irrecoverable.**

Irreverent, *a,* ആദരമില്ലാത്ത, ബഹുമാനമില്ലാത്ത; **-ly,** *adv.* അവജ്ഞയായി, അനാദരത്തോടെ; **-Irreverence,** *n.* അവമാനം, അവജ്ഞ.

Irreversible, *a.* മറിപ്പാൻമേലാത്ത, അപരിവർത്തനീയം.

Irrevocable, *a.* കൈകടന്ന, കൈവിട്ട, മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റിച്ചുചെയ്യുവാൻ പാടില്ലാത്ത, അനന്യഥാ കരണീയം.

Irrigate, *v.t.* നീർപായിച്ചു നനയ്ക്കുക, ഈറനാക്കുക, നീർച്ചാലൂടെ നനയ്ക്കുക, അവസേചിക്കുക; **-ion,** *n.* നനപ്പ്, നീർനനപ്പ്, ജലപ്ലാവനം.

Irriguous, *a.* നീർനിറഞ്ഞ, ജലാഢ്യം, സജലം, ജലപൂർണ്ണം.

Irritate, *v. t.* എരിച്ചിലാക്കുക, കോപിപ്പിക്കുക, ക്രോധിപ്പിക്കുക; **-ion,** *n.* എരിച്ചിൽ, ക്രോധം, രോഷം, കോപഹേതു; ഉത്താപം, സന്താപം; **-ing, -ive,** *a.* സന്താപകമായ, കോപാവഹമായ; **-Irritable,** *a.* കോപനമായ, ചണ്ഡപ്രകൃതിയായ.

Irruption, *n.* പൊട്ടൽ, പടയേററം.

Is, *v. i.* 3rd p. sing. of be ആകുന്നു.

Ischury, *n.* മൂത്രാവഷ്ടംഭം, മൂത്രകൃഛ്റം.

Island, Isle, *n.* വെള്ളത്താൽചുററപ്പെട്ട സ്ഥലം, ദ്വീപ്.

Islet, *n.* ചെറുദ്വീപ്.

Isochronal, *a.* സമകാലീനം.

Isolate, *v. t.* വേർതിരിക്കുക, വിയോജിപ്പിക്കുക; **-ed,** *a.* വേർപെടുത്തപ്പെട്ട, വിയുക്തം; **-ion,** *n.* വേർപെടുത്തൽ, വിയോജനം, വിച്ഛേദം വിശ്ലേഷം.

Isosceles, *a.* സമവശമുള്ള, സമദ്വിഭുജമായ.

Israelite, *n.* ജൂതൻ.

Issue, *n.* സന്താനം, ഫലം; പുറപ്പാട്, നിർഗ്ഗമം; ചെലവ്, വിളവ്, ഉല്പന്നം; പതിപ്പ്, പ്രതി; വിവാദവസ്തു, വിചാരണയ്ക്കുള്ള വിഷയം; രക്താതിസാരം; *v. i.* നിർഗ്ഗമിക്കുക, വെളിക്കുപോകുക, നിസ്സരിക്കുക, ഒഴുകുക, സ്രവിക്കുക, ക്ഷരിക്കുക, ഗളിക്കുക; ഉത്ഭവിക്കുക, ഉല്പാദനംചെയ്യുക; *see* **arise;** നിഷ്പാദിക്ക, നിവൎത്തിപ്പിക്കുക; *v. t.* ഇറക്കുക, നിർഗ്ഗമിപ്പിക്കുക, പരത്തിറക്കുക; പ്രകാശിപ്പിക്കുക; പ്രഖ്യാപനംചെയ്യുക; **-less,** *a.* നിരപത്യമായ, സന്താനമില്ലാത്ത.

Isthmus, *n.* ഇടസ്ഥലം, സംയോഗഭൂമി.

It, *pron.* അതു്.

Italics, *n.* pl. ചെരിവെഴുത്തു്, വലത്തുവശത്തേക്കു ചരിഞ്ഞ എഴുത്തു്.

Itch, *n.* ചിരങ്ങു്, ചൊറി; അത്യഭിലാഷം, കടന്നആശ.

Item, *n.* വസ്തു, വിഷയം, പുള്ളി, ചെയ്തി, അൎത്ഥം, അധികരണം, ഭിന്നഭാഗം.

Iterate, *v. t.* ആവൎത്തനംചെയ്ക, ആവൎത്തിച്ചുപറയുക; **-ion,** *n.* പുനരുക്തി, പൗനരുക്ത്യം, വീണ്ടുംപറയൽ; **-ive,** *adv.* ആവൎത്തിച്ചുപറയുന്ന.

Itinerate, *v. i.* സഞ്ചരിക്കുക, പ്രസംഗിച്ചു സഞ്ചരിക്കുക; **-ant, -ary,** *a.* ചുററിസഞ്ചരിക്കുന്ന, സ്ഥിരവാസസംക്രട്ടാത്ത; *n.* സ്ഥിരവാസമില്ലാത്തവൻ.

Iulus, *n.* ചേരട്ടവൎഗ്ഗം.

Ivan, Ivanovich, *n.* റഷ്യക്കാരൻ.

Ivory, *n.* ദന്തം, ആനക്കൊമ്പു്.

Ivy, *n.* ഒരുവക പടരുന്നകൊടി, ലത, വള്ളി, വൃക്ഷലത.

Jab, *v. t.* തട്ടുക, തുളയ്ക്കുക, കുത്തുക.

Jabber, *v. i.* പ്രജല്പിക്കുക, പ്രലപിക്കുക, അസ്പഷ്ടമായിപ്പറയുക, വേഗംപറയുക; **-er,** *n.* വാചാലൻ. ജല്പകൻ; **-ing,** *n.* ജല്പം, പ്രലാപം, അസ്പഷ്ടമായ വചനം.

Jack, Jak, *n.* പിലാവ്; 'j. fruit ചക്ക'.

Jackal, *n.* സൃഗാലൻ, ശോമായു, ജംബുകൻ, ക്രോഷ്ടാവ്.

Jack-ass, *n.* ആൺകഴുത, മുഠാളൻ.

Jackdaw, *n.* കാകൻ, കാക്ക, ദ്രോണകാകൻ.

Jacket, *n.* കഞ്ചുകം, നിചോളം, ചെറിയ ഉടുപ്പു്.

Jacketch, *n.* ഘാതകപുരുഷൻ.

Jackpudding, *n.* ഭണ്ഡൻ, വിദൂഷകൻ, വൈഹാസികൻ.

Jacobin, *n.* ഉഗ്രനായ രാഷ്ട്രീയവാദി.

Jaconet, *n.* ചല്ലാത്തുണി.

Jaculate, *v. t.* എറിയുക, ചാട്ടുക, എയ്യുക.

Jade, *n.* തളന്നകുതിര, പെട്ടക്കുതിര; വേശ്യ, അന്യസ്ത്രീ; വാല്യക്കാരത്തി; അക്കിക്കല്ലു്; *v. t* തളൎത്തുക; ക്ഷീണിപ്പിക്കുക; **-Jadery,** *n.* വശീകരണം.

Jag, Jagg, *n.* കുത, വെട്ടു്, ഛേദം; *v. t.* കുതയ്ക്കുക, പല്ലുവയ്ക്കുക, ചുമന്നുകൊണ്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോകുക; **-ged**, *a.* പല്ലുപല്ലായ; **-ger**, *n.* ചമട്ടുകാരൻ,പെറുക്കിക്കച്ചവടക്കാരൻ.

Jaggery, Jagghery, *n.* ചക്കര, ശക്കര, വെല്ലം, ഗുളം.

Jail (jāl), *n.* തടവ്, തുറുങ്ക്, കാരാഗൃഹം; **-er.** *n.* തടവുസൂക്ഷിപ്പുകാരൻ, ജയിലർ, കാരാദ്ധ്യക്ഷൻ.

Jam, *n.* തിക്ക്, വിങ്ങൽ, ചതവ്; പഴക്കട്ടി, വരട്ടുപഴം, പഴപ്പാവ്; *v. t.* ഞെരുക്കുക, തിക്കുക.

Jangle, *v. i.* വിവദിക്കുക, പേശുക, പ്രലപിക്കുക, കലഹംകൂട്ടുക; *v. t. see* **Rattle**; **-ing**, *n.* വിവാദം, വിപ്രലാപം, വാഗ്യുദ്ധം.

Janitor, *n.* വാതൽകാപ്പോൻ, ദ്വാരപാലൻ, പ്രതീഹാരൻ.

January, *n.* ഇംഗ്ലീഷുസംവത്സരത്തിന്റെ ആരംഭമാസം, ജനവരി, പൌഷമാഘം.

Japan, *n.* ഒരുവക കനത്ത വാർണീഷ്.

Jape, *v. t.* പരിഹസിക്കുക.

Jar, *n.* ഭരണി, ജാടി, ചാടി, കുംഭം; കടകടശബ്ദം, അപസ്വരം; ഉരവ്, സംഘട്ടം; *v. i.* കലഹംകൂട്ടുക, ഉരയുക, കക്കശശബ്ദമുണ്ടാക്കുക, കലഹിക്കുക; **-ring**, *a.* കണ്ണുകക്കശമായ, പരുഷമായ; പരസ്പരവിരുദ്ധമായ; *see* **Inconsistent.**

Jargon, *n.* പ്രലപിതം, സങ്കീർണ്ണവാക്ക്, ചിലപ്പ്.

Jasmine, *n.* മുല്ല, മല്ലിക.

Jasper, *n.* സൂര്യകാന്തം.

Jaundice, *n.* മഞ്ഞപ്പിത്തം, പിത്തകാമല; *v. t.* പിത്താംപിടിപ്പിക്കുക, അസൂയതോന്നിപ്പിക്കുക; **-ed**, *a.* കാമലപിടിച്ച.

Jaunt, *n.* സവാരി, സഞ്ചാരം, വിഹരണം; *v. i.* സഞ്ചരിക്കുക, വിഹരിക്കുക.

Javelin, *n.* ഈട്ടി, വേൽ, ചാട്ടുളി, കുന്തം, ശൂലം, ശല്യം, ശക്തി.

Jaw, *n.* അണ, താടി; ഭർത്സന, വാക്പാരുഷ്യം; *v. i.* തർജ്ജിക്കുക, ഭർത്സിക്കുക; **-ed**, *a.* ഹനുമത്തായ, ഹനുവിശിഷ്ടമായ.

Jay, *n.* ചാഷപക്ഷി, കികി, നിരർത്ഥവാദി.

Jealous, *a.* അസൂയയുള്ള, പരോൽകർഷാസുഖമായ; പ്രേമസംശയിയായ, ശങ്കാശീലമായ; **-ly**, *adv.* അസൂയയായി, അസൂയയോടെ, സാഭിമാനം; **-ness, -y**, *n.* അസൂയ, ഈർഷ്യ, അഭ്യസൂയ, സാപത്ന്യം, പരോൽകർഷദ്വേഷം; വ്യഭിചാരശങ്ക, പ്രേമശങ്ക; സാവധാനത.

Jeer, *v. i.* ഉപഹസിക്കുക, ആക്ഷേപിക്കുക, തിരസ്കരിക്കുക; *n.* ഉപഹാസം, അവജ്ഞ; **-ingly**, *adv.* ആക്ഷേപമായി, അവജ്ഞയോടെ.

Jehovah, *n.* യൂദർദൈവം, യഹോവ.

Jejune, *a.* പാഴായ, വറണ്ട, ശുഷ്കം, രൂക്ഷം, നീരസം, നിസ്സത്വം.

Jelly, *n.* കുഴമ്പ്, പാവ്; ഫലസത്ത്; 'j. bag അരിപ്പത്തുണി'; 'j. fish കടച്ചൊറി'.

Jemmy, *a.* വൃത്തിയായ, അഴകുള്ള; *n.* ഇരുമ്പുപാര.

Jenkins, *n.* pl. മുഖസ്തുതിക്കാരൻ.

Jennet, *n.* സ്പെയിനിലെ ഒരുവക ചെറുകുതിര.

Jeopardy, *n.* സംശയം, സന്ദേഹം, നഷ്ടം, അപകടം, പ്രാണാപായം; **Jeopard**, *v. t.* **-ize**, *v. t.* സംശയത്തിലാക്കുക, അപകടത്തിലാക്കുക; *see* **Danger** also.

Jerk, *v. i. or v. t.* തെറിപ്പിക്കുക, ചലിപ്പിക്കുക, കടയുക, തട്ടുക; *n.* തെറിപ്പിക്കൽ, തട്ട്, ചാലനം, കടച്ചൽ.

Jerkin, *n.* ചട്ട, കവചം, ചൊക്കായ്; *see* **Jacket.**

Jest, *n.* പരിഹാസം, നർമ്മം, ഹാസ്യം, വിനോദം, നർമ്മലാപം, കളിവാക്ക്; കളി, കേളി, ക്രീഡ; *v. i.* പരിഹസിക്കുക, കളിപറയുക, ക്രീഡിക്കുക; **-er**, *n.* നേരമ്പോക്കുകാരൻ, നർമ്മസചിവൻ, വിദൂഷകൻ; **-ingly**, *adv.* പരിഹാസപൂർവം, വിനോദമായി.

Jet, *n.* കരുനിമള; നീർപ്പീലി, ജലോൽക്ഷേപം; കൃഷ്ണപ്രസ്തരം; 'j. black കരിങ്കറുപ്പായ'; **-ty**, *a.* കറുപ്പായ.

Jew (jö), *n.* യൂതൻ.

Jewel (jö'el), *n.* രത്നം, ആഭരണം; **-led**, *a.* രത്നമയമായ, രത്നഖചിതമായ, രത്നസവിധമായ; **-ler**, *n.* രത്നവ്യാപാരി, രത്നാജീവി, മണികാരൻ, രത്നകാരൻ; **-Jewellery**, *n.* രത്നങ്ങൾ, രത്നാദികോശം, മണികൾ.

Jiffy, *n.* നിമേഷം, ക്ഷണം.

Jig, *n.* തുള്ളൽ, നൃത്തവിശേഷം; വഞ്ചന, വ്യാജം, ഛലം.

Jilt, *n.* മായക്കാരി, പകിട്ടുകാരി, വഞ്ചന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കാരി; *v. i.* സങ്കേതംലംഘിക്കുക, പ്രേമത്തിൽ ചതിക്കുക.

Jingle, *v. t. or v. i.* കിലുക്കുക, കിലുങ്ങുക; *n.* കിലുകിലശബ്ദം, കിലുക്കം, ശിഞ്ജിക്കുക, ക്വാണിക്കുക; ശിഞ്ജിതം, ഝണനൽകാരം, ഝണനഝണനസ്വനം, ക്വണിതം, കളരവം.

Jingoism, *n.* യുദ്ധപ്രിയത്വം, പോർവിളയാട്ടം, യുയുത്സ.

Jinricksha, *n.* സവാരിക്കൈവണ്ടി.

Job, *n.* കാര്യം, ഉദ്യോഗം, വ്യാപാരം, ക്രിയ; *v. i.* ചില്ലറവേലചെയ്യുക; **-ber,** *n.* ചില്ലറവേലക്കാരൻ, പൊട്ടുവേലക്കാരൻ; **-bing,** *n.* പൊട്ടുവേല, ചില്ലറപ്പണി.

Jockey, *n.* സവാരിക്കാരൻ, കുതിരകേറുന്നോൻ, അശ്വവിദ്യാവിശാരദൻ; *v. t.* കുതിരസ്സവാരിചെയ്തു മറിച്ചിടുക; *v. i.* കച്ചവടത്തിൽ ചതിക്കുക; **-ism,** *n.* അശ്വവിദ്യ, കുതിരസ്സവാരിപരിശീലനം.

Jocose, Jocular, *a.* ഹാസ്യകരമായ, നേരമ്പോക്കുള്ള, വിനോദാത്മകം; **-ly,** *adv.* പരിഹാസപൂർവം, വിനോദമായി; **-ness, -ity,** *n.* വിനോദം, ഉല്ലാസം, പ്രമോദം.

Jocund, *a.* കളിയായ, ഉല്ലാസമായ, വെടിയായ, പ്രമുദിതമായ; **-ity,** *n.* ഉല്ലാസം, പ്രഹർഷം, ആനന്ദം.

Jog, *v. i.* (on) പതുക്കെപ്പതുക്കെ നടക്കുക, അനങ്ങിനടക്കുക; *v. t.* പതുക്കെ ചലിപ്പിക്കുക, ആട്ടുക; *n.* ആട്ടൽ, ഈഷദാഘാതം.

Join, *v. t. or v. i.* അണയ്ക്കുക, ഇണങ്ങുക, പിണയ്ക്കുക, ചേർക്കുക, യോജിപ്പിക്കുക, ഘടിപ്പിക്കുക, സമ്മേളിപ്പിക്കുക; വിവാഹംചെയ്യിക്കുക; തുടരുക; 'to j. issue കക്ഷിപിരിയുക'; 'j. hand കൂട്ടക്ഷരം'; **-ed,** *a.* ചേന്ന, പററിയ, യുക്തം, സംയുതം, സമേതം, മിളിതം, ഘടിതം; **-der,** *n.* ചേച്ച്, കക്ഷിചേർക്കൽ, വാദമുഖം സമ്മതിക്കൽ, വ്യവഹാരത്താൽ കൂട്ടിച്ചേർക്കൽ; **-er,** *n.* കൂട്ടിച്ചേർക്കുന്നവൻ, ആശാരി, തച്ചൻ; **-ery,** *n.* തച്ചുപണി, ആശാരിപ്പണി; **-Joint,** *n.* മുട്ട്, ഏപ്പ്, സന്ധി, ചേപ്പ്, ഗ്രന്ഥി; *a.* ഒന്നിച്ചുചേത്ത, മിളിതമായ, സംയുക്തം, സമവേതം; ഭാഗിക്കാത്ത, അസംവിഭക്തം; 'out of j. t സന്ധിതെററിയ, കുഴതിരിഞ്ഞ, ഉളുക്കുപററിയ'; 'j. t and several ഒത്തുചേന്നും തനിച്ചും'; 'j. t stock കൂട്ടുമുതൽ'; 'j. t stock company കൂട്ടുമുതൽസംഘം; *v. t. or v. i.* കൂട്ടിച്ചേർക്കുക, ഇഴചേർക്കുക, ഘടിപ്പിക്കുക'; **-Jointed,** *a.* മുട്ടുമുട്ടായ, മുട്ടുള്ള; **-Jointly,** *adv.* ഒരുമിച്ച്, ഒന്നായി, യോജിപ്പായി; **-Junction,** *n.* ചേർപ്പ്, സന്ധിസ്ഥാനം, കവല, തീവണ്ടിപ്പാത കൂടുതമ്മിൽച്ചേരുന്ന കവല, തീവണ്ടിക്കവല.

Jointure, *n.* വിധവാധനം, സ്ത്രീധനം.

Joist, *n.* തുലാം, കുറുക്കുതടി.

Joke, *n. see* **Jest.**

Jole, *n.* കവിറം, ഗണ്ഡം, കപോലം.

Jolly, *a.* ഉല്ലാസമായ, കളിചിരിയുള്ള, പ്രമോദിയായ, വിനോദിയായ; **-ity,** *n.* ഉല്ലാസം, കളി, ആനന്ദം, പ്രഹർഷം, പ്രമോദം, ഉത്സവം; **-ness,** *n.* കളി, പ്രഹാസം.

Jolt, *v. t.* സംക്ഷോഭിപ്പിക്കുക; *v. i.* ക്ഷോഭിക്കുക; **-ing,** *n.* സംക്ഷോഭം, ഉദ്ഘാതം.

Jolthead, *n.* സ്ഥൂലബുദ്ധി, മൂർഖൻ, മൂഢൻ, മടയൻ, മണ്ടൻ.

Jostle (jos'l), *v. t.* തട്ടിക്കലുക്കുക, ഉന്തിത്തള്ളുക, കുഞ്ചിയ്ക്കൂടിച്ചുതള്ളുക, ഞെരുക്കുക, പരസ്പരം തിക്കുക; **-ing,** *n.* തമ്മിൽത്തിക്ക്; പരസ്പരസമാഘാതം.

Jot, *n.* അംശം, അല്പം, കണം, ലവം, ലേശമാത്രം; *v. t.* കുറിക്കുക, കുത്തിക്കുറിക്കുക, ഓർമ്മക്കുറിപ്പെഴുതുക; **-ting,** *n.* കുറിപ്പ്.

Journal (jėr'nal), *n.* ഡയറി, വൃത്താന്തപത്രം, ദിനക്കുറിപ്പുപുസ്തകം, കണക്കുപുസ്തകം; **-ist,** *n.* വൃത്താന്തപത്രപ്രകാശകൻ, പത്രലേഖകൻ.

Journey, (jėr'ni), *n.* സഞ്ചാരം, പ്രയാണം, യാത്ര; *v. i.* യാത്രചെയ്യുക; **-er,** *n.* യാത്രക്കാരൻ, പഥികൻ; **-Journeyman,** *n.* കൂലിവേലക്കാരൻ, വൈതനികൻ.

Jove, *n.* റോമാക്കാരുടെ ഈശ്വരൻ.

Jovial, *a.* ഉല്ലാസമായ, കളിയുള്ള, ആനന്ദത്തോടുകൂടിയ; **-ity,** *n.* കളി, വിളയാട്ടം, ഉല്ലാസം.

Jowl (jol), *n.* കവിറം, ഗണ്ഡം.

Joy, *n.* ഇമ്പം, സന്തോഷം, ആനന്ദം, ഹർഷം, ഉത്സവം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Jubilant, *a.* ജയഘോഷം മുഴക്കുന്ന, കളി കൊള്ളുന്ന, ആർത്തു(പ്പു)വിളിക്കുന്ന.

Jubilate, *v. i.* ജയഘോഷം മുഴക്കുക, ആർപ്പുവിളിക്കുക, നന്ദിക്കുക, ഹർഷിക്കുക.

Jubilee, *n.* ഉത്സവം, പ്രഹർഷം, മഹോത്സവം, ഉത്സവകാലം, അമ്പതാംവർഷത്തിന്റെ ഉത്സവം.

Judaism, *n.* യഹൂദമതം.

Judge (juj), *n.* ന്യായാധിപതി, മദ്ധ്യസ്ഥൻ, പഞ്ചായത്തുകാരൻ, ഗുണദോഷം പറയുന്നവൻ; *v. t.* വാചാരണചെയ്തു തീരുമാനിക്കുക, വിധിക്കുക, നിശ്ചയിക്കുക, പരിച്ഛേദിക്കുക; **-ment,** *n.* വിധി, തീർച്ച, നിർണ്ണയം, ദണ്ഡാജ്ഞ; **-Judicatory,** *n.* ധർമ്മസഭ, വിചാരസഭ, ന്യായസഭ; **-Judicature,** *n.* ന്യായവിചാരണാധികാരം, ന്യായാധികാരം; **-Judiciary** (jōdish'iari), *n.* ധർമ്മാസനങ്ങൾ, ന്യായാധിപതികൾ, അധികാരികൾ, കച്ചേരികൾ; **-Judicious,** *a.* യുക്തിയുക്തമായ, ന്യായമായ, ബുദ്ധിയുള്ള, വിവേകിയായ, നീതിമാനായ.

Jug, *n.* കുടം, കലശം, കുംഭം, ഭരണി.

Jugate, *a.* സംയുക്തമായ, ചേർന്ന, സംശ്ലിഷ്ടമായ.

Juggle, *v. i.* മോഹിക്ക, മോഹിപ്പിക്കുക, വഞ്ചിക്കുക, ചെപ്പടിവിദ്യകാട്ടുക; *n.* **-ing, -ry,** *n.* കൺകെട്ട്, ചെപ്പടിവിദ്യ, ജാലവിദ്യ, ഇന്ദ്രജാലം; വഞ്ചന, ചതിവ്; **-er,** *n.* കൺകെട്ടുകാരൻ, ചെപ്പടിവിദ്യക്കാരൻ, ഐന്ദ്രജാലികൻ.

Jugulum, *n.* തൊണ്ട, കഴുത്ത്; **-lar,** *a.* കഴുത്തിലുള്ള, കണ്ഠസ്ഥം, കണ്ഠ്യം.

Juice, *n.* ചാറ്, നീര്, ചാറ്; **-Juicy,** *a.* ചാറുള്ള, സത്തുള്ള, രസപൂർണ്ണം.

Jujube, *n.* ലന്തമരം.

July, *n.* ആഷാഢശ്രാവണം, ജൂലായി മാസം.

Jumble, *v. t.* വാരിവലിച്ചിടുക, കുഴയ്ക്കുക, താറുമാറാക്കുക; *v. i.* കീഴ്മേലാക്കുക; *n.* സങ്കരം, മിശ്രണം, സംക്ഷോഭം, സംകുലത.

Jump, *v. i.* ചാടുക, കുതിക്കുക, തുള്ളുക; **-ing,** *n.* ചാട്ടം, തുള്ളൽ, പ്ലവനം, ഉൽപതനം, വല്ഗിതം, **-er,** *n.* ചാട്ടക്കാരൻ, കുതിപ്പുകാരൻ.

Juncture, . അവസരം, സമയം, കഷ്ടകാലം; സന്ധി, ഗ്രന്ഥി.

June, *n.* ജൂൺമാസം.

Jungle, *n* കാട്, കുററിക്കാട്, ഗുല്മം.

Junior, *a.* ഇളയ, കീഴ്പെട്ട താഴ്ന്ന.

Junk, *n.* പഴംകയറിൻതുണ്ട്; ഉപ്പിറച്ചി; ചീനക്കപ്പൽ.

Junket, *n.* പലഹാരം; സദ്യ, മിഷ്ടാന്നം, മോദകം.

Juno, *n.* വിവാഹാധിദേവത.

Junta, *n.* സഭ, നീതിസ്ഥലം.

Junto, *n.* മന്ത്രിഗണം, മന്ത്രിസഭ; ചതിസ്സംഘം, കലഹസംഘം.

Juridical, *a.* രാജ്യനിയമസംബന്ധമായുള്ള, ന്യായവിചാരണസംബന്ധിച്ച, ന്യായാധിപതിക്കുള്ള.

Jurisconsult, *n.* നിയമജ്ഞൻ, സ്മൃതിശാസ്ത്രജ്ഞൻ. ധർമ്മശാസ്ത്രകോവിദൻ.

Jurisdiction, *n.* അധികാരം, അധികാരതുത്തി, വിചാരണാധികാരം.

Jurisprudence, *n.* നിയമശാസ്ത്രം, ധർമ്മശാസ്ത്രം, സ്മൃതിശാസ്ത്രം, വ്യവഹാരശാസ്ത്രം.

Jurist, *n. see* **Juriconsult.**

Jury, *n.* പഞ്ചായത്തുകാർ, സഭ്യന്മാർ, പ്രമാണപുരുഷന്മാർ.

Just, *a.* ചട്ടമനുസരിച്ച, ശരിയായ, നന്മയായ, നിഷ്പക്ഷമായ, നീതിയായ, സത്യമായ, യോഗ്യമായ, യഥാർത്ഥം, ഉചിതം; (of persons) ന്യായവർത്തിയായ, ന്യായശീലനായ, വിമലാത്മാവായ, ധാർമ്മികനായ; *adv.* അരികിൽ, അടുത്ത്; മിക്കവാറും, ഏറെക്കുറെ, ഏകദേശം; ഇപ്പോൾ, പെട്ടെന്ന്, താമസിയാതെ, ഉടൻ; യുക്തമായി, യഥാർത്ഥമായി; ഓളം; 'j. come here ഇത്രത്തോളം വരണെ'; **-ly,** *adv.* തെളിവായി, നിർവ്യാജമായി, സരളമായി; യഥാന്യായം; സത്യമായി, യുക്തമായി, നീതിയായി; **-ness,** *n.* ന്യായത, യോഗ്യത, യുക്തത, സാമ്യം; **-Justice,** *n.* ധർമ്മം, ന്യായം, നീതി, ഋജുത, പരമാർത്ഥം; യോഗ്യത; സാമ്യം, സമദർശിത്വം, അപക്ഷപാതം, സർവ്വസമത; ന്യായദണ്ഡം, ശിക്ഷ; ജഡ്ജി, ധർമ്മാദ്ധ്യക്ഷൻ, പ്രാഡ്വിപാകൻ; *see* **Judge;** 'court of j. കോടതി, കച്ചേരി, വ്യവഹാരമണ്ഡപം'; **-ship,** *n.* നീതിന്യായാധികാരം, ധർമ്മാദ്ധ്യക്ഷത്വം; **Justiciary,** *see* **Judge;**

Justify, *v. t.* ന്യായമാണെന്നു പ്രതിപാദിക്കുക, ന്യായമാണെന്നുകാട്ടുക, ദോഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ നിരാകരിക്കുക, കുററമില്ലെന്നു സ്ഥാപിക്കുക, കുററത്തിൽനിന്നും വിടത്തുക; **-able**, *a.* ന്യായീകരിക്കാവുന്ന, ശുദ്ധിക്ഷമം; **-ication**, *n.* നീതീകരണം, ന്യായസ്ഥാപനം, ശരിയാണെന്നുവരുത്തൽ, വ്യപദേശം; **-er**, *n.* നീതീകരിക്കുന്നവൻ, നിദ്ദോഷമാക്കുന്നവൻ.

Justle (jus'l), *see* **Jostle.**

Jut, *v. i.* ഉന്തുക, നീണ്ടുവരിക, പ്രലംബിക്ക, പുറത്തേക്കു നീളുക; *n.* ഉന്തൽ, നീളൽ, പ്രലംബനം, പ്രാലംബം.

Jute, *n.* ശണം, ചണം.

Juvenescent, *a.* തരുണീഭവിക്കുന്ന, ചെറുപ്പമാകുന്ന.

Juvenile, *a.* പ്രായംകുറഞ്ഞ, തരുണമായ; (of persons)തരുണനായ,ഇളയ,ചെറുപ്പമായ; **-ity**, *n.* യൗവ്വനം, താരുണ്യം, ചെറുപ്പം, കൗമാരം, ഇളപ്പം, താരുണ്യഭാവം.

Juxtapose, അടുത്തടുത്തുവയ്ക്കുക, സന്നിധാനംചെയ്യുക, സംസ്ഥാപിക്കുക; **-ition,** *n.* തൊടന്നനില, അയൽനില, ചേന്നിരിപ്പ്, തൊട്ടിരുപ്പ്, സാമീപ്യം, കൂട്ടിരിപ്പ്, സാന്നിദ്ധ്യം, സംസ്ഥിതി, സന്നികർഷം, നൈകട്യം, ഉപശ്ലേഷം.

Kabala, *n.* ഗൂഢജ്ഞാനം; *see* **Cabal.**

Kaffir, Kafir, *n.* കാഫർ, മഹമ്മദീയനല്ലാത്തവൻ.

Kaiser, *n.* ചക്രവത്തി, ജമ്മൻചക്രവത്തി.

Kaleidophon, -phone, *n.* സ്വരദശ്കയന്ത്രം.

Kaleidoscope, *n.* ബഹുരൂപദശിനി.

Kangaroo, *n.* കങ്കാരുമൃഗം, ആസ്ത്രേലിയയിലുള്ള ഒരുമാതിരി മൃഗം.

Kaw, *v. i.* കാക്കകരയുക; *n.* കാക്കകരച്ചിൽ, കാകരവം.

Kedge (kej), *n.* ചെറുനങ്കൂരം.

Keel, *n.* കപ്പലിന്റെ അടിമരം, നൗതലം.

Keen, *a.* മൂച്ചയുള്ള, ക്രൂരമായ, കഠിനമായ, തീക്ഷ്ണമായ, നിശിതം, തീവ്രം, ഖരം; വ്യഗ്രം, ഉച്ചണ്ഡം, ഉല്ക്കടം, സൂക്ഷ്മം, മമ്മസ്പൃക്കായ; **ly,** *adv.* തീവ്രമായി, ഉഗ്രമായി, പ്രഖരതയോടെ; **-ness,** *n.* മൂച്ച, കൊടുമ, തീക്ഷ്ണത, വ്യഗ്രത, ഉച്ചണ്ഡത കൗതുഹലം, അത്യുത്സാഹം; സൂക്ഷ്മത, വിദഗ്ദ്ധത, കുശാഗ്രമതിത്വം; കടുത, തിശമത, ഉഗ്രത.

Keep, *v. t.* സൂക്ഷിക്കുക, കൈവശംവയ്ക്കുക, രക്ഷിക്കുക, പാലിക്കുക, ഗോപനംചെയ്യുക; (sheep) നോക്കിരക്ഷിക്കുക; (accounts) എഴുതിവെയ്ക്കുക; (a servant) വേലയ്ക്കുനിത്തുക; (a dog) പോററുക; (a woman) വെച്ചുകൊണ്ടിരിക്കുക; (boarders) വിടുതികൊടുക്കുക; (a school-house) നടത്തുക; (for sale) വില്പാൻവരുത്തിവെയ്ക്കുക; ഇരിക്കുക; 'to k. silence മിണ്ടാതിരിക്കുക'; 'to k. one's word വാക്കുതെററിക്കാതിരിക്കുക'; 'to k. possession വിട്ടുകൊടുക്കാതിരിക്കുക'; 'to k. company കൂട്ടുകെട്ടായിരിക്കുക'; 'to k. watch കാവൽനില്ക്കുക, ഉണന്നിരിക്കുക, അനുസരിച്ചു നടക്കുക'; 'to k. commandment ശാസനയനുസരിക്കുക'; 'to k. faith ശ്രദ്ധയിൽ or വിശ്വാസത്തിൽ സുസ്ഥിരമായിരിക്കുക'; 'to k. one's house or room വീട്ടിൽത്തന്നെയിറങ്ങാതിരിക്കുക'; 'to k. one's bed കിടപ്പിലാക; ഘോഷിക്കുക'; 'to k. a feast സദ്യകഴിക്കുക'; 'to k. a holibay ഉത്സവമായിക്കഴിക്കുക'; 'to k. at arms length അകററിനിത്തുക, മാററിനിത്തുക, ദൂരെനിത്തുക'; 'to k. back കാട്ടാതെവെയ്ക്കുക, തടുത്തുനിത്തുക'; 'to k. company with സഹവാസംചെയ്യുക'; 'to k. counsel, *see* **Counsel**'; 'to k. down കീഴമത്തുക'; 'to k. good (bad) hours നേരത്തേ(താമസിച്ചു)വരിക; നേരത്തേ(താമസിച്ചു)ഉറങ്ങുക'; 'to k. house പ്രത്യേകം വീടുവാങ്ങി താമസിക്കുക; ഗൃഹകാര്യം നോക്കുക, ദീപാളി എടുക്കുക'; 'to k. one's hand in നിത്യംചെയ്യുക, നടത്തിവരിക'; 'to k. open house ആതിഥ്യംകാട്ടുക'; 'to k. the peace സമാധാനം പരിപാലിക്കുക'; 'to k. a stiff upper lip ധൈയ്യം വിടാതിരിക്കുക'; 'to k. term വിദ്യാലയത്തിൽ താമസിച്ചു പഠിക്കുക', 'to k.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

touch കാര്യം ശരിയായി ചെയ്യുക'; 'to k. under കീഴമർത്തുക, ഞെരുക്കുക'; 'to k. up നിലനിർത്തുക'; *v. i.* ഇരിക്കുക, വസിക്കുക; 'to k. from ചെയ്യാതിരിക്കുക'; 'to k. in with ഇണങ്ങിയിരിക്കുക'; 'to k. on മുന്നോട്ടുപോകുക'; 'to k. to ഉപേക്ഷിക്കാതിരിക്കുക, ചേർന്നു നടക്കുക'; 'to k. up അധീനമാകാതിരിക്കുക, കിടക്കാതിരിക്കുക'; *n.* രക്ഷണം, പാലനം, ഉപ്പില്ലി; അവസ്ഥ, ദശ, സ്ഥിതി, വൃത്തി, കാവൽ, കോട്ട, രക്ഷ, സ്ഥലം; 'k. sake സ്മാരകചിഹ്നം'; **-er,** *n.* സൂക്ഷിക്കുന്നവൻ, നടത്തിപ്പുകാരൻ, രക്ഷകൻ, പാലകൻ, പൻ or പാലൻ in comp; **-ing,** *n.* രക്ഷ, സൂക്ഷിപ്പ്; പാലനം; സാദൃശ്യം, അവിരോധം, ആനുരൂപ്യം.

Keg, *n.* ഒരുവക ചെറുവീ(പീ)പ്പ, ചാടി.

Kehul, *n.* സൂമ്മ.

Kelter, Kilter, *n.* ക്രമം, നില.

Ken, *n.* കാഴ്ച, ഗോചരം, നയനവിഷയം, നയനപഥം, ബുദ്ധിവിഷയം; പുര; കള്ളന്മാരുടെ താവളം; *v. t.* അകലെനിന്നു നോക്കുക, ദൂരെക്കണ്ടു മനസ്സിലാക്കുക, അറിയുക.

Kennel, *n.* നായ്ക്കൂട്, കുക്കുരാലയം; നായ്ക്കൂട്ടം; ജലമാർഗ്ഗം; ഓവ്; *v. i.* നായുടെയിടയിൽവസിക്കുക, നായ്ക്കൂട്ടിൽ പാർക്കുക.

Kerchief, *n.* തലച്ചാൽത്ത്, ഉറുമാൽ, ലേസ്.

Kernel, *n.* മണി, വിത്ത്, ബീജം, പരുപ്പ്, സാരാംശം, മദ്ധ്യഭാഗം, അഭ്യന്തരം; **-ly,** *a.* ബീജാകാരമായ, ബീജപൂർണ്ണമായ, കിളിപ്പുള്ള.

Kerosene, *n.* മണ്ണെണ്ണ.

Kersey(-zi), *n.* പരുക്കൻകമ്പിളി; **-mere,** *n.* നേർമ്മക്കമ്പിളി.

Kettle, *n.* കടാരം, കൊറിൽ; 'k drum ഭേരി, ദുന്ദുഭി, ഡിണ്ഡിമം, പെരുമ്പറ, രണഭേരി'.

Key (kē), *n.* താക്കോൽ, ചാവി, താഴ്ക്കോൽ; വ്യാഖ്യ, നിർവ്വചനം, ടീക; 'k. borad സംഗീതപ്പെട്ടിയിലെ പൽനിര'; 'k. cold ജീവനില്ലാത്ത'; 'k. note, k. tone സ്വരനിദാനം, സ്വരം'; 'k. stone ആണിക്കല്ല്'; 'k. of a position വാതിൽ'; 'to k. up ഉയർത്തുക, മുറുക്കുക'; **-Keys,** *n.* pl. മണൽത്തുരുത്തികൾ.

Khan, *n.* നാട്ടുവാഴി, ഇടപ്രഭു, രാജാവ്; **-ate,** *n.* ഇടപ്രഭുത്വം.

Khedive (-dēv'), *n.* മിസിരി (ഈജിപ്റ്റ്), ദേശാധിപതി.

Kibe, *n.* കാല്വെടിപ്പ്, പാദസ്ഫോടം.

Kick, *v. t.* ചവുട്ടുക, തട്ടുക, കാല്മടക്കിയടിക്കുക, കാലെറിയുക; *n.* ചവിട്ട്, തട്ട്, പാദപ്രഹാരം, കുളമ്പുകടച്ചിൽ.

Kickshaw, *n.* അല്പവസ്തു.

Kid, *n.* വെള്ളാട്ടിൻകുട്ടി, തുകൽ.

Kidnap, *v. i.* ആളാമോഷണംചെയ്ക, ആളിനെമോഷ്ടിക്കുക; **-per,** *n.* ബാലസ്തേയകൃത്, ആൾമോഷണക്കാരൻ; **-ping,** *n.* ബാലസ്തേയം, ശിശുമോഷണം, ആൾമോഷണം.

Kidney (-ni), *n.* വൃക്കം, ഗുർദ്ദം, മൂത്രാശയം.

Kilderkin, *n.* പതിനെട്ടുഗാലൻകൊള്ളുന്ന ചെറുവീപ്പ.

Kill, *v. t.* കൊല്ലുക, കൊലപ്പെടുത്തുക, ഹനിക്കുക; 'k. joy കണ്ണിതം ജനിപ്പിക്കുന്നവൻ'; 'to k. time വൃഥാ നേരംകളയുക'; **-er,** *n.* കൊലയാളി, കൊല്ലുന്നവൻ, ഹന്താവ്, അന്തകൻ; **-ing,** *n.* കൊല, ഹത്യ, വധം, ഘാതം, മാരണം, നാശം, വിശസനം.

Kiln (kil), *n.* (ഉണക്കുന്ന)ചൂള, (ചുടുന്ന) ചൂള; ചുട്ടാല, പാകപുടി.

Kilogram, *n.* രണ്ടേകാൽറാത്തൽ (ഫ്രഞ്ചുതൂക്കം).

Kilometre, *n.* ഏറെക്കുറെ അഞ്ചുമൈൽ (ഫ്രഞ്ചളവ്).

Kimbo, *a.* വളഞ്ഞ, വക്രിച്ച, കുടിലം.

Kin, *see* **Kindred;** 'of k. സജാതീയമായ, സഗോത്രമായ'; 'kith and k. ആപ്തന്മാർ (pl).

Kind, *a.* അൻപുള്ള, നല്ല, ഉരുക്കമായ, ദയാലുവായ, സാനുകമ്പം, കരുണാർദ്രം, സ്നിഗ്ദ്ധം; പ്രിയകരം, ഹിതം, ഹിതകാമം, അനുകൂലം, പ്രീതം; മധുരം, പ്രിയം; 'k. to the poor ദീനാനുകമ്പിയായ, ദീനവത്സലമായ'; 'k. office ഉപകാരം.; 'k. act സുകൃതം'; 'k. words പ്രിയവചനം'; 'speaking k. words പ്രിയംവദം, പ്രിയവാദിയായ'; 'k. present പ്രീതിദാനം'; *n.* ജാതി, ഗണം, വർഗ്ഗം; വിശേഷം, ഭേദം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രകാരം, ജാതി രീതി, രൂപം, വിധം; **-ly,** *a.* സൌമ്യമായ, മൃദുവായ, കോമളമായ, സ്നിഗ്ദ്ധം, പ്രിയം; അനുകൂലം, സമാനശീലം; *adv.* ദയയോടെ, കൃപയോടെ, സസ്നേഹം, സാനുകമ്പം; **-ness,** *n.* പ്രസാദം, അനുഗ്രഹം, കൃപ, ദയ, സ്നേഹം, സുശീലം, സൌജന്യം, ആനുകൂല്യം; ഉപകാരപ്രിയം, സുകൃതം(തി), ഹിതം; **-Kindliness,** *n.* സൌമ്യത, സ്നിഗ്ദ്ധത, സൌജന്യം, സുശീലത.

Kindergarten (-tn), *n.* പഠിത്തത്തോടെ കളികളെയും ചേർത്തിട്ടുള്ള ഒരുതരം ശിശുവിദ്യാലയം, വിനോദവിദ്യാലയം.

Kindle, *v. t.* കൊളുത്തുക, തീകത്തിക്കുക, മിന്നുക, ജ്വലിക്കുക, ദീപിപ്പിക്കുക.

Kindred, *n.* ബന്ധുത, ജ്ഞാതിത്വം, സജാതിത്വം, സപിണ്ഡത; ഉററവർ, ശേഷക്കാർ, ബന്ധുക്കൾ; *a.* ഉററ, ശേഷക്കാരായ, സജാതീയം, സമാനം.

Kine, *n.* pl. പശുക്കൾ.

Kinematics, Kinetics, *n.* ചലനശാസ്ത്രം, ഗതിശാസ്ത്രം.

King, *n.* രാജാവ്, അരചൻ; 'supreme or great k. മഹാരാജൻ, അധിരാജൻ, സമ്രാട്, അധീശ്വരൻ, മണ്ഡലേശ്വരൻ'; 'k. of k. s രാജരാജൻ, രാജാധിരാജൻ, ചക്രവർത്തി, സാർവ്വഭൌമൻ'; 'k. craft രാജനീതി, രാജനയം, രാജ്യചാതുര്യം'; **-dom,** *n.* രാജ്യം, രാഷ്ട്രം, വിഷയം; ആധിപത്യം, ഐശ്വര്യം, പ്രഭുത്വം; ജാതി, വർഗ്ഗം; **-less,** *a.* രാജാവില്ലാത്ത, അരാജകം; **-like, -ly,** *a.* രാജകീയം; രാജയോഗ്യം, രാജാർഹം, രാജസദൃശം, രാജോചിതം; **-ship,** *n.* രാജത്വം, പ്രഭുത്വം, ആധിപത്യം രാജാധികാരം.

Kinsfolk, *n.* ശേഷക്കാർ, വംശക്കാർ.

Kinsman, *n.* ഇനത്താൻ, ഇനക്കാരൻ, സ്വജനം, ബന്ധു. സഗോത്രൻ.

Kirk (kérk), *n.* പള്ളി, കോവിൽ.

Kismet, *n.* *see* **Fate.**

Kiss, *v. t.* മുത്തുക, ഉമ്മവെയ്ക്കുക, ചുംബിക്കുക, അധരപാനംചെയ്ക; *n.* മുത്തം, ഉമ്മ, ചുംബനം, അധരപാനം; **-er,** *n.* ചുംബകൻ.

Kit, *n.* ആയുധപ്പെട്ടി, ആയുധക്കോപ്പ്, കൂട്ടം, ഉപസ്കരം, ഉപകരണസാമഗ്രി; പൂച്ചക്കുട്ടി; **-ling, -ten,** *n.* പൂച്ചക്കുട്ടി.

Kitchen, *n.* അടുക്കള, വടക്കിനി, മടപ്പള്ളി, മഹാനസം, പാകശാല; 'k. garden ശാകവാടിക'; 'k. maid അടുക്കളക്കാരത്തി, പാകചേടി'; k. work അടുക്കള ജോലി'.

Kite, *n.* ഗരുഡൻ, പരുന്ത്, പട്ടം, കാററാടി.

Kith, *n.* പരിചയക്കാരൻ, ഉററവൻ.

Kitten, *n* പൂച്ചക്കുട്ടി, മാർജാരവത്സം.

Knab, *v. t.* കാന്തുക, ദംശിക്കുക, കടിക്കുക.

Knack (nak), *n.* കൌശലം, ചാതുര്യം, വൈദഗ്ദ്ധ്യം, പാടവം, കൈച്ചുറുക്ക്; *see* **Skill;** കളിക്കോപ്പ്, കളിപ്പാട്ടം.

Knag (nag), മുട്ട്, മുഴ, കണ, കഴല, മുന, ഇളമാൻകൊമ്പ്, മരപ്പിരി; **-ged, -gy,** *a.* മുട്ടുള്ള, മുഴങ്ങുള്ള, പിരിയുള്ള.

Knap (nap), *n.* കുമിഴ്; ഉന്നതഭൂഭാഗം, ഏററത്താം; *v. i.* **snap.**

Knapsack, *n.* പൊക്കണം.

Knar, Knarl, *n.* മരക്കണ, മരമുട്ട്, ചുറ, കാഷ്ഠഗ്രന്ഥി.

Knave (nāv), *n.* പോക്കിരി, വഞ്ചകൻ, ചതിയൻ, ധൂർത്തൻ, കിതവൻ, ജാല്മൻ.

Knead (nēd), *v. t.* കശക്കുക, കലയ്ക്കുക, പിശറുക, ഞെവി(ര)ടുക.

Knee (nē) *n.* മുഴങ്കാൽ, വളവ്, മുട്ട്, ജാനു.

Kneel (nēl), *v. i.* മുട്ടുകാലിന്മേൽ വീഴുക, പ്രാർത്ഥിക്കുക, അടിപണിയുക.

Knell (nel), *n.* ചാവുമണിയൊച്ച, പ്രേതഘണ്ട.

Knick, Knack, *n.* കളിപ്പാട്ടം.

Knife (ni'f), *n.* കത്തി, പിശ്ശാങ്കത്തി.

Knight (nī't), *n.* ബഹുമാനപ്പട്ടം, യോധൻ, ഭടൻ.

Knighterrant, *n.* ദിഗ്വിജയയാത്രചെയ്യുന്ന വീരൻ.

Knighthood, *n.* നൈററസ്ഥാനം, നൈററ് എന്ന അന്തസ്സ്.

Knit (nit), *v. t. or v. i.* ചേക്കുക, പിന്നുക, പിണയ്ക്കുക, മുടയുക.

Knob (nob), *n.* മുഴ, മൊട്ട്, കൊമ്മ, കുമിഴ.

Knock (nok), *v. t.* തട്ടുക, താങ്ങുക, അടിക്കുക, പ്രഹരിക്കുക; *n.* തട്ടുതൽ, അടി, പ്രഹ(ഹാ)രം; **-against** കൂട്ടിമുട്ടുക, സംഘട്ടനംചെയ്യുക; **-down,** നിലത്തുവീഴ്ത്തുക, **-off** തട്ടിയെടുക്കുക, കൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കലാക്കക; **-out,** അടിച്ചുവെളിക്കാക്കക; **-up,** വിമ്മിഷ്ടപ്പെടുത്തുക, ഖേദിപ്പിക്കക; **-er,** *n.* തല്ലുന്നവൻ; കതവുതട്ടുന്ന കൈപ്പിടി.

Knoll (nol), *n.* മലയുച്ചി, ഉന്നതഭൂഭാഗം, മണിയൊലി, പ്രേതമണിനാദം.

Knot (not), *n.* ചേപ്പ്, മുട്ട്, ബന്ധനം, റ്റീവി, മടിക്കുത്ത്; മണ്ഡലം, കൂട്ടം, സമൂഹം; കല, സ്തബകം; *v. t.* ചേൎക്കക, യോജിപ്പിക്കക, ബന്ധിപ്പിക്കക; 'k. ed hair, പിന്നിയതലമുടി, വേണി'; 'k. ed wound വട്ടംകെട്ടിയവ്രണം'; **-ted, -ty,** *a.* ഗ്രന്ഥിലം, ചേപ്പുള്ള; വിഷമം, ഗൂഢം, ദുൎജ്ഞേയം, ദുൎബോധം; 'k. point കെട്ട്, വിഷമസ്ഥാനം'.

Know (no), *v. t.* അറിയുക, മനസ്സിലാക്കക, വേദനംചെയ്യുക, ബോധിക്കക, അവഗമിക്കക; അനുഭവിക്കക; **-er,** *n.* അറിയുന്നവൻ, ജ്ഞാതാവ്, ജ്ഞാനി; **-ing,** *a.* അറിയുന്ന, ഉണൎവുള്ള **-ledge,** *n.* (Act) അറിവ്, ജ്ഞാനം, വിജ്ഞാനം, ബോധം, വേദനം ഉപലംഭം, ഉപലബ്ധി; (Learning) അറിവ്, ജ്ഞാനം, പാണ്ഡിത്യം; അഭിജ്ഞാനം, പരിചയം; 'spiritual k ആത്മജ്ഞാനം, ആത്മവിദ്യ'; 'acquiring k. വിദ്യാജനനം, ജ്ഞാനപ്രാപ്തി'; 'eager after, k. ജിജ്ഞാസു'; 'thirst after k. ജിജ്ഞാസ, ജ്ഞാനലിപ്സ'; **-Known** (non), *a.* അറിഞ്ഞ, അറിയപ്പെട്ട, വിദിതം, അനുഭൂതം, വിഭാവിതം; ഖ്യാതം. വിശ്രുതം. പ്രസിദ്ധം.

Knuckle (nuk'l), *n.* വിരൽചേൎപ്പ്, വിരൽമുട്ട്; അംഗുലിസന്ധി; *v. i.* കീഴ്പെടുക, വിട്ടുകൊടുക്കക.

Knur (nur), **Knurl** (nurl), *n.* ചേൎപ്പ്, മുട്ട്, ഗ്രന്ഥി.

Koran, *n.* കൊറാൻ, മഹമ്മദീയമതഗ്രന്ഥം.

Kosmos, *n.* വിശ്വം, ജഗത്.

Labefy, *v t.* ക്ഷീണിപ്പിക്കക, ദൂഷ്യംവരുത്തുക.

Label, *n.* ചീട്ട്, പട്ടം. മേൽവിലാസം; *v. t.* ലേബലൊട്ടിക്കക, വിലാസമൊട്ടിക്കക.

Labial, *a.* ചുണ്ടിനെസംബന്ധിച്ച, ഓഷ്ഠ്യം.

Labiodental, *a.* ദന്തോ(ന്ത്യ)ഷ്ഠ്യം.

Labor, Labour (lā-bėr), *n.* തൊഴിൽ, വേല, ഉഴപ്പ്. ശ്രമം, പരിശ്രമം, കഷ്ടം, ക്ലേശം, ദുഃഖം; ഉദ്യമം, വ്യവസായം; പ്രസവവേദന, പ്രസവകാലം; *v. i.* തൊഴിൽചെയ്യുക, വേലചെയ്യുക, പരിശ്രമിക്കക, പ്രവൎത്തിക്കക; കഷ്ടപ്പെടുക, ഖേദിക്കക; *v. t.* മഹാപ്രയത്നത്താൽ സാധിക്കക; കിളയ്ക്കുക, കൃഷിചെയ്യുക; **-ed,** *a.* ശ്രമപ്പെട്ടുണ്ടാക്കിയ, കഷ്ടപ്പെട്ടുണ്ടാക്കിയ; **-er,** *n.* തൊഴിലാളി, വേലക്കാരൻ, ജോലിക്കാരൻ, കമ്മി, കാമ്മികൻ. പണിയെടുക്കുന്നവൻ, കൂലിക്കാരൻ; **-Laborious,** *a.* അധ്വാനമുള്ള, ശ്രമസാദ്ധ്യമായ. ദുഃഖസാദ്ധ്യം; ഉദ്യമിയായ, അത്യധ്വാനിയായ, മടയ്ക്കുന്ന, പരിശ്രമശീലമുള്ള, ഉഴയ്ക്കുന്ന; **-ly,** *adv.* ശ്രമത്തോടെ, ആയാസത്തോടെ, അധ്വാനിച്ച്; **-ness,** *n.* ശ്രമസാദ്ധ്യത; ഉദ്യമം, വ്യവസായം, ആയാസം;

Laboratory, *n.* രസപരീക്ഷാശാല, രസസംസ്കാരശാല; ശില്പശാല.

Labyrinth, *n.* ചുററിച്ചുഴലുംവഴി, അതിഗഹനപ്രദേശം, വെളിക്ക കടക്കാൻപാടില്ലാത്ത ഇടം, കാനകം, ഗഹനം; **-ian,** *a.* ഗഹനമായ, സുദുസ്തരമായ.

Lac (lak) *n* അരക്ക്.

Lac, Lakh, *n.* ലക്ഷം, നൂറായിരം.

Lace, *n.* ലേസ്, ജരിഗ, ജാലർ. നാട, കയറ്, പൂനാട; 'golden l. പൊൻകസവ്, പൊൻജരിഗ'; 'silver l. വെള്ളിക്കസവ് വെള്ളിജരിഗ'; 'l. d mutton വേശ്യ'; **-Lacing,** *n.* കെട്ട്, വാറ്.

Lacerate, *v. t.* കിഴിക്കക, കീറുക, ഉഴറുക, വിപാടനംചെയ്ക, വിദാരണംചെയ്ക; **-ion,** *n.* കീറൽ, കിഴിപ്പ്, വിദാരണം, നിൎഭേദം, തുള, ഛിദ്രം, സന്ധി.

Laches, *n.* ഉപേക്ഷ, തള്ളൽ.

Lachrymal, *a.* കണ്ണീൎസംബന്ധിച്ച, അശ്രുസംബന്ധമായ.

Lack, *v. t. or v. i.* കുറവാകുക, പോരാതെവരിക, വേണ്ടിവരിക; *n.* പോരാത്ത അവസ്ഥ, കുറവ്, അഭാവം, ന്യൂനത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Lackaday, *intj.* അയ്യോ!
Lackadaisical, *a.* ധ്യാനപരമായ, ധ്യാനനിമഗ്നമായ, ചിന്താകുലം, ഉൽകണ്ഠിതം, വിഷണ്ണം.
Lackey, Lacquey, *n.* ചേടൻ, ദാസൻ, ഭൃത്യൻ.
Lacker, Lacquer, *v. t.* മെരുകെണ്ണപൂശുക, വാർണീഷിടുക; *n.* ഒരുമാതിരി മഞ്ഞിച്ച വാർണീഷ്.
Laconic, -al, *a.* ചുരുങ്ങിയ, ചുരുക്കമുള്ള, സംക്ഷിപ്തം, ലഘു; അധികം സംസാരിക്കാത്ത; **-ally,** *adv.* ചുരുക്കി, സംക്ഷേപമായി, വിസ്തരിക്കാതെ; **-ism, -Loconism,** *n.* ചുരുക്കം, അല്പവാക്ക്, ലാഘവം, മിതവാക്യം,
Lactary, *n.* ക്ഷീരസ്ഥാനം, അകിട്, മുല.
Lactation, *n.* പാലുകൊടുപ്പ്, ക്ഷീരദാനം.
Lacteal, -tean, -tious, *a.* പാലുള്ള, രസമുള്ള; **-tiferous,** *a.* ക്ഷീരവാഹകമായ; **-tometer,** *n.* പാലളക്കുന്നയന്ത്രം.
Lad, *n.* പയ്യൻ, ബാലകൻ, ദാരകൻ, കുമാരൻ മാണവകൻ.
Ladder, *n.* ഏണി, കോവേണി, നിശ്രേണി, അധിരോഹിണി.
Lade, *see* **Load.**
Lading, *n.* ഏറ്റുമതിസാമാനം, കപ്പൽച്ചരക്ക്.
Ladle, *n.* കരണ്ടി, ചട്ടുവം; 'wooden l. മരച്ചട്ടുവം, ദർവ്വ'; 'sacrifical l. സ്രുവം, ചമസി'; **-ful,** *n.* ചട്ടുവം നിറച്ചുള്ളതു്.
Ladrone, *n.* കവർച്ചക്കാരൻ, ദസ്യു, കടൽക്കള്ളൻ, ജാല്മൻ.
Lady, *n.* റാണി, ഗൃഹനായിക, ദേവി, സ്വാമിനി, ഭാര്യ; ആര്യ, വനിത, കലാംഗന, ഭാമിനി; 'l. bird, -fly, -cow, ഇന്ദ്രഗോപം, ഒരുവകവണ്ട്'; 'l. love പ്രിയ, പ്രണയിനി, കാമിനി, ദയിത'; 'l. 's maid തോഴി'; **-like,** *a.* ശിഷ്ടമായ, സഭ്യമായ; പേലവം, കോമളം, മൃദു, സുകുമാരം.
Lag, *v. i* പിന്തുക, പിന്നിൽതാഴുക, താമസിക്കുക, വിളംബിക്കുക; **-Laggard,** *a.* മന്ദമായ, പതുങ്ങുന്ന; *n.* വെറുതെ കാലം കളയുന്നവൻ, പതുങ്ങിക്കിടക്കുന്നവൻ.
Lagoon, *n.* അനൂപം, നികന്നപൊയ്ക.
Laic, -al, *see* **Lay.**
Laidly, *a.* അപ്രിയം, ജുഗുപ്സിതം, ബീഭത്സം.
Lair (lār), *n.* (മൃഗങ്ങളുടെ)കിടപ്പുസ്ഥലം, വാസസ്ഥലം, ഗുഹ, വങ്ക്.
Laissez faire (lās'-ā-fār'), *n.* പോയപോക്കിനുവിടൽ, ഇടപെടാതിരിക്കൽ.
Laity, *n. see* under **Lay.**
Lake, *n.* പൊയ്ക, തടാകം, സരസ്സ്, ജലാശയം.
Lallegro, കളിക്കാരൻ, ആനന്ദതുന്ദിലൻ.
Lama, *n.* ടിബറ്റിലേയും മംഗോളിയയിലേയും ബുദ്ധമതസന്യാസി.
Lamb, *n.* ആട്ടിൻകുട്ടി.
Lambative, *n.* ലേഹ്യം.
Lambent, *a.* അങ്ങിങ്ങോടുന്ന, ചഞ്ചലമായ, തരളം.
Lame, *a.* ഞൊണ്ടിയായ, മുടന്തിയായ, ഖഞ്ജമായ, പംഗുവായ; ദുർബ്ബലം, വികലം, ന്യൂനം; **-ly,** *adv.* ഞൊണ്ടിയായി, വികലമായി; **-ness,** *n.* ഞൊണ്ടൽ, ഏന്തു്, ഗതിവൈകല്യം; വൈകല്യം.
Lamel, Lamella, *n.* കവചം, ആവേഷ്ടനം, പടലം.
Lament, *v. t. or v. i.* വിലപിക്കുക, സങ്കടപ്പെടുക, കരയുക, പരിതപിക്കുക; **-able,** *a.* വിലപിക്കേണ്ട, കരയേണ്ടതായ, ശോച്യം, ശോചനീയം, ശോകവിഷയം; **-ation,** *n.* വിലാപം, വിലാപം, പരിദേവനം. ആക്രോശം; **-ed,** *a.* ശോചിതമായ; **-er,** *n.* ശോചകൻ, പരിദേവകൻ, വിലപിക്കുന്നവൻ
Lameter, Lamiter, *n.* ഞൊണ്ടൽ, മുടന്തു്.
Lamina, *n.* ചെതിൾ, പാളി, പടൽ, പോള, തകിട്, കവചം, ശല്കം, പത്രം, അട്ടി, അടുക്ക്; **-Laminated,** *a.* അട്ടിയട്ടിയായ.
Lammas, *n.* ആഗസ്റ്റ് ഒന്നാംതീയതി.
Lamp, *n.* വിളക്ക്, പ്രദീപം, ദീപകം; 'l. black മഷി, പുകക്കരി'; 'l. light ദീപപ്രകാശം'; 'l. stand ദീപയഷ്ടി, വിളക്കുമരം'.
Lampoon, *n.* പരിഹാസലേഖനം, നിന്ദാലേഖനം; *v. t.* ലേഖനത്തിൽ നിന്ദിക്കുക, പരിഹസിച്ചെഴുതുക, ആക്ഷേപിക്കുക; **-er,** *n.* നിന്ദകൻ.
Lanate, -ted, *a.* നീണ്ടരോമമുള്ള.
Lance, *n.* കുന്തം, ഈട്ടി, വേൽ, ശൂലം, തോമരം; *v. t.* കുന്തംകൊണ്ടു കുത്തുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിളൎക്കക; **-er,** *n.* കന്തക്കാരൻ, വേൽക്കാരൻ; **-Lancet,** *n.* ശലാക, വ്രണം കണ്ടിക്കുന്ന കത്തി.

Lanch, *v. t. see* **Cast.**

Lancinate, *v. t.* കീറുക, മുറിക്കുക.

Land, *n.* മണ്ണു്, നിലം, തറ, ദേശം, സ്ഥലം, കര; *v. t.* (വള്ളത്തിൽനിന്നു് or കപ്പലിൽനിന്നു്) കരയ്ക്കിറങ്ങുക; **-ed,** *a.* കരയ്ക്കിറങ്ങിയ, കപ്പലിൽനിന്നിറങ്ങിയ; നിലംപുരയിടങ്ങളുള്ള; **-ing,** *n.* കരയ്ക്കിറങ്ങൽ; 'l. place കടവു്, തരണസ്ഥാനം, ഘട്ടം, ഘട്ടി'; 'land-mark എല്ലുക (എല്ലു)കല്ലു്'; 'land-scape ദൎശിതദേശം, ചിത്രക്കാഴ്ച'.

Lane, *n.* ഇടവഴി, ചെറിയതെരു.

Language (-gwāj), *n.* ഭാഷ, വഴക്കനട, വാചകരീതി or വാചകപ്പോക്കു്, ശൈലി.

Languid, *a.* വാടിയ, ബലഹീനമായ, പരിമ്ലാനം, ക്ലാന്തം, ലളിതം, ശിഥിലം, വിഷണ്ണം, ശ്രാന്തം, അലസം, മന്ദം; *see* **Droop; -ly,** *adv.* മ്ലാനമായി, വിഷാദത്തോടെ, മന്ദമായി; **-ness, -Languor,** *n.* ഗ്ലാനി, അവസാദം, ശിഥിലത, മ്ലാനത, മാന്ദ്യം, തളൎച്ച, മടി, തന്ദ്രി, ആലസ്യം, കാൎയ്യവിമുഖത.

Languish, *v. i.* തളരുക, വാടുക, അവസന്നമാകുക, മ്ലാനമാകുക, ശിഥിലീഭവിക്കുക; (with love) ഉല്ക്കണ്ഠപ്പെടുക, ഉത്സുകമായിഭവിക്കുക; **-ing,** *a.* വാടുന്ന, ക്ഷീണിക്കുന്ന, ഉത്സുകം, ഉല്ക്കണ്ഠിതം; **-ingly,** *adv.* വാടി, തളൎന്നു്, അലസമായി, സോല്ക്കണ്ഠം, കാമാലസദൃഷ്ടിയോടെ; **-ment,** *n.* തളൎച്ച, വാട്ടം; ഔത്സുക്യം, ഉല്ക്കണ്ഠ.

Laniary, *n.* കൊലസ്ഥലം, അറപ്പുസ്ഥലം; ഇർച്ചയല്ലു്, ചവ്വണദന്തം, അഗ്രദന്തം; *a.* മുറിക്കുന്ന, പറിച്ചുചീന്തുന്ന.

Lanier, *n.* ചൎമ്മബന്ധം.

Laniferous, Lanigerous, *a.* രോമമുള്ള, രോമമുണ്ടാക്കുന്ന.

Lank, *a.* മെലിഞ്ഞ, ഒട്ടിയ, ശുഷ്കിച്ച, ക്ഷാമം, ക്ഷീണമായ, ചടച്ച; നീണ്ട, നീണ്ടശരീരമുള്ള; ശിഥിലമായ; **-ness,** *n.* മെലിവു്, ഒട്ടൽ, കൃശത, കാൎശ്യം; **-y,** *a* കൃശദീൎഘമായ, ദീൎഘക്ഷാമമായ, നീണ്ടുകനംകുറഞ്ഞ.

Lantern, *n.* വിളക്കുകൂടു് or പെട്ടി; റാന്തൽ.

Lap, *n.* ആടത്തൊങ്ങൽ, മടി, ഉത്സംഗം, അങ്കം, വസ്ത്രാന്തം, മുണ്ടിൻതുമ്പു്; *v. t.* ചുരുട്ടുക, മടക്കുക, പൊതിയുക.

Lap, *n.* ഒരുചുററു്; *v. t.* നക്കുക, അഴക്കടിക്കുക.

Lapidarious, *a.* കല്ലുനിറഞ്ഞ, ശിലാമയമായ.

Lapidary, *n.* രത്നവ്യാപാരി.

Lapis, Lazuli, *a.* വൈഡൂൎ(ഡൂ)ൎയ്യം, നീലോപലം, നീലക്കല്ലു്.

Lappet, *see* **Lap.**

Lapse, *n.* വീഴ്ച, താഴ്ച, പതനം; കഴിവു്; പോക്കു്, അബദ്ധം, പ്രമാദം, സ്ഖലിതം; സ്ഖലനം, ഭ്രംശം; *v. i.* ക്രമേണ പോകുക, കഴിഞ്ഞുപോകുക, അതിക്രമിച്ചുപോകുക, ഭ്രംശിച്ചുപോകുക; **-ed,** *a.* താഴ്ന്നുപോയ, വീണുപോയ, കഴിഞ്ഞുപോയ, കാലാവധികഴിഞ്ഞ.

Lapwing, *n.* ആലാക്കാട്ടിക്കുരുവി, ടിട്ടിഭം, കോയഷ്ടികം.

Lar, *n.* കുലദേവത, ഗൃഹദേവത.

Larboard, *n.* കപ്പലിൻ ഇടതുപുറം.

Larceny, *n.* ചെറുകളവു്, ചൌൎയ്യം.

Lard, *n.* പന്നിക്കൊഴുപ്പു് പന്നിവസ, പന്നിമേദസ്സു്; *v. t.* കൊഴുപ്പുപിടിപ്പിക്കുക, കൊഴുപ്പിടുക.

Larder, *n.* ഇറച്ചിയറ, ഭക്ഷ്യമാംസാഗാരം.

Large (lärj), *a.* (In size) വണ്ണിച്ച, വലിയ, വിശാലം, ബൃഹത്തായ, സ്ഥൂലമായ, മഹത്തായ; (of body) വണ്ണിച്ച ശരീരമുള്ള, സ്ഥൂലശരീരമായ, തടിച്ച; (In number) വളരെ, അനവധി, ധാരാളം, ഏറെ; (In age) വയസ്സുചെന്ന, വൃദ്ധമായ, പ്രായമേറിയ; 'at l. സ്വതന്ത്രമായി, തടസ്സമില്ലാതെ'; സവിസ്തരം, വിസ്തരിച്ചു്; മുഴുവനും'; **-ly,** *adv.* വളരെ, ഏറെ, അധികമായി, അതീവ, വിപുലമായി; **-ness,** *n.* സ്ഥൂലത, ബൃഹത്വം, വൈപുല്യം, പ്രാചൎയ്യം, ബാഹുല്യം, ധാരാളത, പെരുമ, വണ്ണം, മഹാകായത; വലിപ്പം, വിസ്താരം.

Largess, *n.* കൊടുക്കൽ, ദാനം, വിതരണം, പാരിതോഷികം, ഉപായനം, ഉപഹാരം; *see* **Gift.**

Lark, *n.* വാനമ്പാടിപ്പക്ഷി; കളി, വിളയാട്ടം, ഉല്ലാസം; *v. i.* കളിക്കുക, വിളയാടുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Larum, *n.* ഉണത്തുംമണി, അലാറം, അപ കടമണി.

Larva, *n.* പൂച്ചിയുടെ പുഴുവായ അവസ്ഥ, പുഴക്കുട്ട്, കീടം.

Larynx (-ingks), *n.* കരൽവള, കണ്ഠനാളം, കൃകം.

Lascar, *n.* കപ്പൽവേലക്കാരൻ, നാവികൻ, പോതവാഹൻ.

Lascivious, *a.* കാമവിചാരമുള്ള, വ്യഭിചരിക്കുന്ന, കാമിയായ, കാമാസക്തം, ലമ്പടം, കാമഹേതുകം, കാമമൂലകം; **-ly**, *adv.* ഭോഗാസക്തിയോടെ; **-ness**, *n.* ഭോഗാസക്തി, രതാസക്തി.

Lash, *n.* വാർകയറു, ചാട്ട, ചമ്മട്ടി, ചാട്ടത്തല്ല്, കശയടി; കട്ടത്തവാക്ക്; *v. t.* ചാട്ടയാൽ or ചവുക്കിയാൽതല്ലുക, വാക്കകൊണ്ടു വേദനപ്പെടുത്തുക, കെട്ടുക.

Lass, *n.* കന്നിപ്പെൺ, ചെറുമി, കന്യ, തരുണി, ബാല.

Lassitude, *n.* തളച്ച, ഖേദം, ഗ്ലാനി.

Lasso, *n.* ഊരാംകുടുക്കുള്ള കയറ്.

Last, *a.* അന്ത്യമായ, അന്തിമമായ, അവസാനമായ; കഴിഞ്ഞ, മുമ്പലത്തെ; താഴ്ന്ന, അപകൃഷ്ടമായ; പരമം, അത്യന്തം, ഉത്തമം, കടശ്ശിയായ; മാതിരി; *v. t.* നിലനില്ക്കുക, നീണ്ടുനില്ക്കുക, ഈടുനില്ക്കുക, തുടന്നുനില്ക്കുക; **-Lastly**, *adv.* കടശിയായി ഒടുക്കം.

Latch (lach), *n.* കൊളുത്തു; *v. t.* കൊളുത്തുക, പൂട്ടുക; **-et**, *n.* കാല്പുറകെട്ടുന്ന നാട, ചെരിപ്പിൻെറ ചരടു.

Late, *a.* താമസിച്ചുവന്ന, കാലംതെറ്റിയ, സമയംകഴിഞ്ഞ, ആധുനികമായ, ഇപ്പോൾകഴിഞ്ഞ, കാലധർമ്മംപ്രാപിച്ച, മുമ്പിലത്തെ; **-ly**, *adv.* സാധാരണസമയംകഴിഞ്ഞു, അല്പംമുമ്പേ; **-Later**, *a.* ഒടുവിലത്തെ, രണ്ടാമതുപറഞ്ഞ, ഉത്തരം, അപരം; പരം, ഉത്തരകാലീനം, പാശ്ചാത്യം; *adv* ഉത്തരോത്തരം, പിന്നീടു, അനന്തരം.

Latent, *a.* ലയിച്ചിരിക്കുന്ന, മറഞ്ഞുകിടക്കുന്ന, നിലീനമായ, ഗൂഢം ഗുപ്തം, അപ്രത്യക്ഷം, അന്തർഹിതം, നിഭൃതം.

Lateral, *a.* വശത്തുള്ള, പക്കത്തുള്ള, പാർശ്വസ്ഥം, പാർശ്വികം; **-ly**, *adv.* വശത്തു, പാർശ്വഭാഗത്തിൽ.

Laterite, *n.* ഇരുമ്പുള്ള മക്കിക്കല്ല്.

Lath, *n.* നേർമ്മപ്പലക; *v. t.* പലകയടിക്കുക; **-ing**, *n.* പലകയടിക്കൽ; **-y**, *a.* നേർത്തുനീണ്ട.

Lathe, *n.* കടച്ചിൽച്ചക്രം, അച്ചുപടി.

Lather, *n.* സോപ്പിൻെറനുര, അംജനഫേനം, നുരപ്പിണ്ഡം; *v. t.* സോപ്പുതേക്കുക; ചമ്മട്ടികൊണ്ടടിക്കുക; *v. i.* നുരയ്ക്കുക.

Latifolious, *a.* വീതിയേറിയ ഇലയുള്ള, വിശാലപർണ്ണമായ.

Latin, *a.* റോമരാജ്യസംബന്ധമായ, ലത്തീൻഭാഷ.

Latitude, *n.* തെക്കോട്ടോ വടക്കോട്ടോഉള്ള ദൂരം, അക്ഷം; വിരിവു, വിസ്താരം, ആയതി; അനിയന്ത്രണം, സ്വാതന്ത്ര്യം, നിയമോപേക്ഷ, നിയമാതിക്രമം, ശൈഥില്യം; **-Latitudinarian**, *a.* സ്വാതന്ത്ര്യമുള്ള, അനിയന്ത്രണമായ; *n.* മതസ്വാതന്ത്ര്യമുള്ളവൻ, നിർബന്ധമില്ലാത്തവൻ; **-ism**, *n.* മതശൈഥില്യം, അനിയന്ത്രണം.

Latrine (-trin'), *n.* മറപ്പുര, ചുളി, കക്കൂസ്, മലമൂത്രവിസർജ്ജനസ്ഥലം.

Latten, *n.* പിത്തളം, പിത്തളത്തകിടു, ലോഹത്തകിടു, തകരം; 'black l. കമ്പിപ്പിത്തള'; 'white l. വെള്ളോട്'.

Latter, *a.* രണ്ടെണ്ണത്തിൽ ഒടുവിലത്തെ, ഇക്കാലത്തുള്ള, ഏററവും ആധുനികമായ, ഉത്തരം, പരം, അവരം, അന്യം, അന്തിമം, ഒടുവിൽപറഞ്ഞ; **-ly**, *adv.* ഇക്കാലത്തു, അധുനാതനകാലത്തിൽ.

Lattice, *n.* പിന്നൽതട്ടി, ക്രാസ്പണി, ക്രാസ്തട്ടി, ജാലത്തട്ടി; 'l. work പിന്നൽപണി, ജാലപ്പണി'; *v. t.* പിന്നൽപണിചെയ്യുക, ജാലപ്പണിചെയ്യുക.

Laud (lawd) *v. t.* പുകഴ്ത്തുക, ഉയത്തുക, കൊണ്ടാടുക, വലുതാക്കുക, സ്തുതിക്ക; *n.* പുകഴ്ത്തൽ, പ്രശംസ, ഗുണകീർത്തനം; **-able**, *a.* വാഴ്ത്തത്തക്ക, പ്രശസ്യം, പ്രശംസാർഹം, ശ്ലാഘ്യം, സ്തുത്യം; *see* **Praiseworthy**; **-ation**, *n.* വാഴ്ത്തൽ, പ്രശംസനം; **-atory**, *a.* വാഴ്ത്തലുള്ള, പ്രശംസാഗർഭം, പ്രശംസകം, സ്തുതിരൂപം (ആയ), പ്രശംസാകരം; **-er**, *n.* വാഴ്ത്തുന്നവൻ, പ്രശംസകൻ, സ്താവകൻ, കൊണ്ടാടുന്നവൻ.

Laugh (läf), *v. t. or v. i.* ചിരിക്കുക, ഇളിക്കുക, ഹസിക്കുക, മന്ദഹസിക്കുക, പരിഹസിക്കുക; 'l. violently അട്ടഹാസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്യുക'; 'l. at ഉപഹസിക്കുക, അവഹസിക്കുക, അവമാനിക്കുക'; 'l. in the sleeves ഉള്ളിൽ ചിരിക്കുക'; -ing, -Laughter, *n.* ചിരി, ഹാസം, ഹസിതം, സ്മിതം; 'a horse l. അട്ടഹാസം, ഉച്ചൈർഹാസം, പ്രഹാസം'; 'an inward l. അന്തർഹാസം'; -able, *a.* ചിരിക്കത്തക്ക, ഹാസ്യം; -er, *n.* ചിരിക്കുന്നവൻ, ഹാസകൻ; -ing, *a.* ചിരിക്കുന്ന; 'l away ചിരിയാൽ ഇല്ലാതാക്കുക, ചിരിച്ചു കാലം കളയുക'; 'l. down പരിഹാസത്താൽ ഇല്ലാതാക്കുക'; 'l. one out of പരിഹസിച്ചുമുടക്കുക'; 'l. to scorn നിന്ദിക്കുക'; 'l. stock പരിഹാസാസ്പദം, പരിഹാസപാത്രം'; -ingly, *adv.* ചിരിച്ചു, ചിരിയോടെ, സഹാസം.

Launch, Lanch (länsh), *v. t. or v. i.* വെള്ളത്തിലിറക്കിവിടുക, വെള്ളത്തിൽ തള്ളുക, വെള്ളത്തിലിറങ്ങുക; വിസ്തരിക്കുക; *n.* വള്ളമിറക്കൽ, നീററിലിറക്കം.

Laundress, Launder, *n.* അലക്കുന്നവൾ, വെളുത്തേടത്തി, രജകസ്ത്രീ; -Launderer, *n.* വെളുത്തേടൻ, അലക്കുകാരൻ, രജകൻ; -Laundry, *n.* വെളുത്തേടക്കുടി or വീട്ട്, അലക്കുപുര, അലക്കുകമ്പനി, അലക്കുസ്ഥലം.

Laurel, *n.* വാമകരം, നാരളം (?); pl. കീർത്തി.

Lava, *n.* മലപൊട്ടിയ തീയൊഴുക്ക്, പവ്താഗ്നിപ്രവാഹം, അഗ്നേയോദ്ഗാരം.

Lave, *v t.* കഴുവുക, കളിക്കുക; കോരുക; -er, *n.* തോണി, കളിനീർത്തൊട്ടി.

Lavender, *n.* ഒരു വാസനച്ചെടി, കർപ്പൂരവള്ളി; സുഗന്ധദ്രവകം; 'l. water വാസനനീർ'.

Lavish, *a.* ചെലവുചെയ്യുന്ന, ധാരാളമായ, മുക്തഹസ്തമായ, വാരിക്കോരിക്കൊടുക്കുന്ന; *v. t.* കണ്ടമാനം ചെലവുചെയ്യുക, വെറുതേ ചെലവഴിക്കുക.

Law, *n.* വിധി, ധമ്മം, നിയമം, ശാസനം, സ്മൃതി, വ്യവസ്ഥ, കല്പന, കാൎയ്യാകാൎയ്യനിയമം; ന്യായം, ധമ്മാനുസാരം, വ്യവഹാരവിധി; 'code of l. നിയമസംഹിത, ധമ്മസംഹിത. ധമ്മശാസ്ത്രം, സ്മൃതിശാസ്ത്രം'; 'criminal l. ദണ്ഡനീതി, പീനൽകോഡ്'; -ful, *a.* പ്രാമാണികമായ, ന്യായമായ, നിയമാനുസാരമായ, ന്യായ്യം, ശാസ്ത്രോക്തം, ധമ്മസമ്മതമായ; 'l. wife ധർമ്മപത്നി, നിയമാനുസാരം വിവാഹം കഴിച്ചവൾ'; 'l. means ധമ്മോപായം, ന്യായോപായം; -fully, *adv.* നിയമാനുസാരേണ, ന്യായമായി, ധമ്മമായി, യഥാന്യായം; -fulness, *n.* ന്യായത, ധമ്മ്യത, ധമ്മാവിരോധം; -less, *a.* നിയമവിരുദ്ധമായ, സ്മൃതിവിരുദ്ധമായ; (of persons) തോന്ന്യാസക്കാരനായ, സ്വതന്ത്രനായ, നിയമരഹിതനായ, കാമചാരനായ, മൎയ്യാദയില്ലാത്ത, ധമ്മഭ്രഷ്ടനായ; -lessly, *adv.* അവശമായി, ശാസ്ത്രവിരുദ്ധമായി, നിയമഹീനമായി; -lessness, *n.* വ്യവസ്ഥയില്ലായ്മ, നിയമമില്ലായ്മ; -Lawyer, *n.* ചട്ടംപഠിച്ചവൻ or അറിഞ്ഞവൻ, വക്കീൽ, ന്യായവാദി, ന്യായനിപുണൻ, വ്യവഹാരപണ്ഡിതൻ, ധമ്മശാസ്ത്രജ്ഞൻ, സ്മൃതിപാരഗൻ.

Lawn, *n.* പുൽത്തറ, പുൽത്തകിടി, ഛായാതലം, കളിസ്ഥലം; ക്ഷൗമം, ദുകൂലം.

Lax, *a.* അയഞ്ഞ, ഇളന്ന, തളന്ന, ശിഥിലം, ശ്ലഥം, മൃദുകോമളം; ദുരാചാരം, ധമ്മഭ്രഷ്ടം; *n.* ഇളക്കം, അതിസാരം, പ്രവാഹിക; -ative, *a.* ഇളക്കുന്ന, വയറിളക്കുന്ന മരുന്നു; -ity, -ness, *n.* അയവു, ഇളത്തം, തളർച്ച, ഖണ്ഡിപ്പില്ലായ്മ, ശൈഥില്യം, ഇന്ദ്രിയാസംയമം.

Lay, *v. t.* ശമിപ്പിക്കുക, സമാധാനപ്പെടുത്തുക, വ്യവസ്ഥപ്പെടുത്തുക, സ്ഥാപിക്കുക, സമപ്പിക്കുക, നിക്ഷേപിക്കുക, കയററിവെയ്ക്കുക; വിരിക്കുക, കിടത്തുക, വീഴ്ത്തുക; മുട്ടയിടുക; 'to l. along സംസ്ഥാംഗംവീഴുക'; 'to l. apart വിടുക, ഉപേക്ഷിക്കുക'; 'l. aside താഴത്തു വെച്ചേക്കുക'; 'to l. asleep ഉറക്കുക'; 'to l. away സൂക്ഷിച്ചുവെയ്ക്കുക'; 'to l. bare ഉരിയുക, നഗ്നമാക്കുക'; 'to l. before ബോധിപ്പിക്കുക'; 'to l. by (പണം) കെട്ടിവെയ്ക്കുക, അശ്രദ്ധയായി വിചാരിക്കുക'; 'to l. damages നഷ്ടത്തിന്റെ വില കണക്കാക്കുക'; 'to l forth നീട്ടുക'; 'to l. hands together കൂട്ടിയാലോചിക്കുക'; 'to l. in സംഭരിച്ചുവെയ്ക്കുക'; 'to l. it on മടിയില്ലാതെ പ്രവത്തിക്കുക'; 'to l. on പ്രഹരംകൂട്ടുക, തല്ലുക'; 'to l. one's self down കിടന്നുറങ്ങുക'; 'to l. over വിരിക്കുക, മൂടുക'; 'to l. out പ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണാമൂടക്കുക, ചെലവിടുക, ശവംമറവുചെയ്യാൻശ്രമിക്കുക'; 'to l. siege to നിരോധിക്കുക, വളയുക, ഞെരുക്കുക'; 'to l. to or unto ചുമത്തുക, ആരോപിക്കുക, ഉത്സാഹിക്കുക'; 'to l. to heart മനസ്സിൽ വെച്ചുകൊള്ളുക, കരുതിക്കൊള്ളുക'; 'to be laid up കിടപ്പിലാകുക'; 'to l. wait for പതിയിരിക്കുക'; 'to l. waste പാഴാക്കുക, നശിപ്പിക്കുക'; *a.* സാമാന്യം, സാധാരണം, പുരോഹിതനല്ലാത്ത; **-man,** *n.* ഗൃഹസ്ഥൻ, സാമാന്യമനുഷ്യൻ, പ്രാകൃതൻ; **-Lacial,** *a.* ഗൃഹസ്ഥനായ; **-Laity,** *n.* ഗൃഹസ്ഥവർഗ്ഗം, സാമാന്യവർഗ്ഗം, പുരോഹിതഭിന്നവർഗ്ഗം.

Layer, *n.* ഇടുന്നവൻ, വെയ്ക്കുന്നവൻ; അട്ടി, അടുക്ക്, പാളി.

Lazar, *n.* കുഷ്ഠരോഗി.

Lazaretto, Lazarhouse, *n.* സാംക്രമികരോഗാശുപത്രി.

Lazy, *a.* മടിയുള്ള, അലസമായ, തന്ദ്രിലം, ജഡം, മന്ദം, തന്ദ്രാലു, ശീതകമായ; **-ly,** *adv.* മടിയോടെ, അലസമായി, പതുക്കെ; **-ness,** *n.* മടി, ആലസ്യം, തന്ദ്രാലുത, ഉത്സാഹക്കുറവ്.

Lea, *n. see* **Lawn.**

Lead (lēd), *v. t.* നടത്തുക, വഴികാട്ടുക, തുടങ്ങുക, നയിക്കുക, പ്രാപിക്കുക, ആകർഷിക്കുക, അകപ്പെടുത്തുക, നാളുകഴിക്കുക, ചീട്ടിറക്കുക, (ചീട്ട) കളിതുടങ്ങുക; 'to l. off or out മുൻപിൽ നടക്കുക, ആരംഭിക്കുക'; *n.* ഈയം, വങ്കം, നായകത്വം, നേതൃത്വം, മുഖ്യത്വം; **-er,** *n.* തലവൻ, നടത്തിപ്പുകാരൻ, നായകൻ, മാർഗ്ഗദർശകൻ, മുഖ്യൻ, അധിപൻ; മുമ്പേപോകുന്നവൻ, അഗ്രേസരൻ; **-ership,** *n.* നായകത്വം, ആധിപത്യം; **-ing,** *a.* മുൻപേപോകുന്ന, മുഖ്യം, ഉൽകൃഷ്ടം, പ്രമുഖം, പരമം, ഉത്തമം; in com; *n.* നയം, നീതി, നേതൃത്വം; **-Led,** *a.* നീതം, പ്രേരിതം, അധിഷ്ഠിതം.

Leaf, *n.* ഇല, തകിട്, ദലം, പത്രം, പർണ്ണം; *v. i.* തഴയ്ക്കുക, ഇലയിടുക; **-age,** *n.* തൂപ്പ്, ഇലച്ചിൽ, തഴത്തൊത്ത്, **-less,** *a.* ഇലയില്ലാത്ത, നിഷ്പത്രമായ; **-let,** *n.* തളിർ, കിളിന്നില; **-y,** *a.* ഇലതിങ്ങിയ, തഴച്ച, പർണ്ണമയമായ.

League (lēg), *n.* മൂന്നുമൈൽദൂരം; സന്ധി, ഐക്യം, ഉടമ്പിടി; *v. t.* കൂട്ടിച്ചേർക്കുക, സമ്മേളിപ്പിക്കുക; **-ed,** *a* ഉടമ്പിടിചെയ്ത; **-er,** *n.* ഉടമ്പിടിചെയ്തവൻ, സഹകാരി.

Leak (lēk), *n.* വെടിപ്പ്, പൊട്ടൽ, ഓട്ട, ഒഴുക്ക്; *v. i.* ചോരുക, ഒഴുകുക, കാലുക, പാലുക; **-age,** *n.* ഒഴുക്ക്, ഒഴുക്കുവഴി; **-ing,** *n.* ഒഴുക്ക്, സ്രവം, ക്ഷരണം, നിസ്യന്ദം, രയം; **-y,** *a.* ച്ഛിദ്രപൂർണ്ണമായ, ഓട്ടയുള്ള, ചോർച്ചയുള്ള.

Lean, *a.* മെലിഞ്ഞ, ചടച്ച, ശോമ്പിയ, കൃശമായ, പരിക്ഷാമമായ; *n.* സ്നായു; *v. i.* ചാരുക, ചരിയുക, ചായുക, അവലംബിക്കുക, ആശ്രയിക്കുക, പക്ഷമാശ്രയിക്കുക; വളയുക; *v. t.* വയ്ക്കുക; **-ing,** *a.* ചായ്ഞ്ഞ, ആലംബിച്ച; *n.* ചായ്വ്, പ്രവണത, ആലംബനം; **-ness,** *n.* മെലിവ്, കൃശത, ശോഷം, ശരീരശോഷണം.

Leap (lēp), *v. i.* കുതികൊള്ളുക, കുതിക്കുക, ചാടുക, തുള്ളുക, ഉൽപ്ലവിക്കുക; *n.* ചാട്ടം, പ്ലവം, വല്ഗിതം, പ്ലവനം; **-ing,** *n.* ചാട്ടം, പ്ലവനം.

Learn (lérn), *v. t.* അറിയുക, പഠിക്കുക, ജ്ഞാനസമ്പാദനംചെയ്യുക, പരിചയിക്കുക, പഴകുക; *v. i.* അറിയുക, അവഗമിക്കുക, സംവേദനംചെയ്ക, ബോധിക്കുക; *see* **Know, -ed,** *a.* പാണ്ഡിത്യമുള്ള, വ്യുല്പത്തിയുള്ള; (of person) വിദ്വാനായ, (വിദുഷിയായ) ജ്ഞാനിയായ, പണ്ഡിതനായ, ബഹുശ്രുതനായ; (of books etc.) പാണ്ഡിത്യംനൽകുന്ന, അറിവുതരുന്ന; **-edly,** *adv.* പണ്ഡിതനെപ്പോലെ, പാണ്ഡിത്യത്തോടെ, നിപുണതയോടെ; **-er,** *n.* ശിഷ്യൻ, ഛാത്രൻ, അദ്ധ്യേതാവ്; **-ing,** *n.* വിദ്യ, പഠിപ്പ്, പാണ്ഡിത്യം, വ്യുല്പത്തി, വിദ്യാസമ്പത്; (Act) പാരായണം, പഠനം, ശിക്ഷണം, അഭ്യാസം, വിദ്യാർജ്ജനം, ജ്ഞാനാഗമം; ശാസ്ത്രം, വിദ്യ.

Lease (lēs , *n.* വാടകയ്ക്കുകൊടുപ്പ്, പാട്ടം; *v. t.* വാടകയ്ക്കുവിടുക or കൊടുക്കുക, കുത്തകയായി കൊടുക്കുക.

Leasing, *n. see* **Falsehood.**

Leash (lēsh), *n.* തോൽവാറ്, കഴുത്തിൽ ഇടും തോൽവളയം.

Least (lēst), *a.* തീരെക്കുറഞ്ഞ, ഇങ്ങേഅറ്റത്തതായ, അണുവായ, അല്പമായ, ലേശം, ലവം; *adv.* ചെറുതും, അല്പമായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Leather, *n.* ഊറയ്ക്കിട്ട തോൽ, ചർമം; 'l. bottle കുപ്പ'; **-Leathern,** *a.* തോലുകൊണ്ടുണ്ടാക്കിയ; **Leatheret, ette,** *n.* കൃത്രിമത്തോൽ.

Leave (lēv), *n.* അവധി, അനുവാദം, അനുജ്ഞ, വിട, ആമന്ത്രണം, യാത്രചോദിക്കൽ; *v. t.* വിടുക, ത്യജിക്കുക, വേണ്ടെന്നുവയ്ക്കുക, പരിഹരിക്കുക, തള്ളുക; യാത്രപറയുക, വിടവഴങ്ങുക; മരണശാസനമെഴുതികൊടുക്കുക; ഒഴിയുക, വിരമിക്കുക; *v. i.* പോകുക, നടന്നുകളയുക, വിടുക, ഒഴിയുക; 'l. for പോകുക, യാത്രചെയ്യുക'; 'l. off ഒഴിക്കുക, ഉപേക്ഷിക്കുക, വേണ്ടെന്നുവയ്ക്കുക, വിരമിക്കുക, നിവർത്തിക്കുക'; 'l. out വജ്ജിക്കുക, പരിത്യജിക്കുക; **-leavings,** *n.* ഉച്ഛിഷ്ടം, ശേഷിപ്പ്, ശിഷ്ടം, ശേഷഭാഗം; 'l. of food എച്ചിൽ, ഉച്ഛിഷ്ടം',

Leaven, *n.* പുളിപ്പ്, നുരപ്പ്, പുളിച്ചമാവ്; ദൂഷ്യം; *v. t.* പുളിപ്പിക്കുക; ദൂഷ്യപ്പെടുത്തുക; **-ing,** *n.* പുളിയ്ക്കാൻവയ്ക്കൽ, പുളിപ്പിക്കുന്ന സാധനം; **-ous,** *a.* പുളിച്ചമാവുള്ള.

Le beau monde നാഗരികാലോകം.

Lecher, -er, *n.* സ്ത്രീലോലൻ, ലമ്പടൻ, ദുർനടപ്പുകാരൻ, പുലയാടുന്നവൻ; *v. i.* വ്യഭിചരിച്ചുനടക്കുക; **-ous,** *a.* കാമുകനായ, കാമജനകമായ; **-ously,** *adv.* സ്ത്രീലമ്പടനായി; **-ousness,** *n.* കാമാതുരത്വം; **-y,** *n.* ദുർനടപ്പ്, വിഷയലമ്പടത്വം.

Lectern, *n.* പാരായണപീഠം.

Lection, *n.* പാഠം, പാഠഭേദം, പാഠാന്തരം

Lecture, *n.* ഉപന്യാസം, പ്രസംഗം, വ്യാഖ്യാനം, അദ്ധ്യാപനം; വാക്ദണ്ഡം, നിർഭത്സനവാക്യം; *v. t. or v. i.* പാഠംപറയുക, പ്രസംഗിക്കുക, പഠിപ്പിക്കുക, ഉപദേശിക്കുക, ഗർഹിക്കുക; **-er,** *n.* ഉപന്യാസകർത്താവ്, പ്രാസംഗികൻ, പ്രസംഗകൻ, അദ്ധ്യാപകൻ. വ്യാഖ്യാതാവ്.

Ledge (lej), *n.* അടുക്ക്, വരി, പടി.

Ledger (lej'ėr), *n.* പേരേട്. പ്രധാനപ്പെട്ട കണക്ക്, ഇനക്കണക്ക്.

Lee, *n.* കാറ്റുപറ്റാത്ത വശം, കാററിനഭിമുഖമായ ദിക്ക്; **-ward,** *adv.* അനുവാതം, വാതാനുലോമം.

Leech, *n.* അട്ട; വൈദ്യൻ, ഭിഷക്.

Leek, *n.* വെള്ളുള്ളി.

Leer, *n.* കടക്കണ്ണ്, കടാക്ഷം, ഒളിനോട്ടം.

Lees, *n.* pl. മലം, മട്ട്, വണ്ടൽ.

Leet, *n.* ഉദ്യോഗാത്ഥിപ്പട്ടിക.

Left pa. t and p. p. of leave ഇടത്തേ, വാമം, സവ്യം, ദക്ഷിണേതരം.

Leg, *n.* കാല്, പാദം, ജംഘ; **-Legging,** *n.* ജംഘാരക്ഷണം.

Legacy, *n.* മരണശാസനമനുസരിച്ചുള്ള ദാനം.

Legal, *a.* ചട്ടമനുസരിച്ചുള്ള, ന്യായമായ, ന്യായ്യം, ധർമ്മ്യം, വ്യവഹാരാനുരൂപം; **-ity,** *n.* ന്യായ്യത, ധർമ്മശാസ്ത്രാനുസാരം; പ്രവൃത്തിസേവ, കർമ്മനിഷ്ഠ; **-ize,** *v. t.* വ്യവസ്ഥാപിക്കുക, നിയമപ്പെടുത്തുക, ശാസ്ത്രസമ്മതമാക്കുക; **-ly,** *adv.* ന്യായമായി, യഥാന്യായം.

Legate, *n.* ദൂതൻ. പ്രതിനിധി, പ്രതികാരകൻ, പ്രണിധി; **-Legation,** *n.* ദൌത്യം, ദൂതധർമ്മം, സ്ഥാനപതിത്വം.

Legatee, *n.* മരണശാസനപ്രകാരം, അവകാശി, മരണശാസനം നൽകപ്പെട്ടവൻ, ഉത്തരാധികാരി; **-Legator,** *n.* ഉത്തരദാനകാരി.

Legend, *n.* ഇതിഹാസം, പുരാണം; *v. t.* ഇതിഹാസം പറയുക; **-dary,** *a.* പുരാണസംബന്ധമായ, ഐതിഹ്യമായ, കല്പിതമായ; *n.* ഐതിഹാസികൻ, പൌരാണികൻ.

Legerdemain (lej-), *n.* കയ്യടക്കം, മോടിവിദ്യ, ചെപ്പടിക്കളി; മായ, ചതി; **-ist,** *n.* കയ്യടക്കക്കാരൻ.

Legible, *a.* തെളിവായിരിക്കുന്ന, വായിക്കത്തക്ക, വ്യക്താക്ഷരമായ, സുവ്യക്തം; **-bly,** *adv.* തെളിവായി, വായിക്കത്തക്കവണ്ണം, വ്യക്തമായി.

Legion (lē'jun), *n.* വലിയതുക; സമൂഹം, സേന, പട.

Legislate *v. i.* ചട്ടമേർപ്പെടുത്തുക, വ്യവസ്ഥവയ്ക്കുക; **-ion,** *n.* നിയമനിർമ്മാണം, വ്യവസ്ഥാവിധാനം; **-ive,** *a.* നിയമംനിർമ്മിക്കുന്ന, നിയമസ്ഥാപകം, വ്യവസ്ഥാപിതം; **-or,** *n.* ചട്ടമുണ്ടാക്കുന്നവൻ, ചട്ടമേർപ്പെടുത്തുന്നവൻ, ശാസ്താവ്, ന്യായപ്രവർത്തകൻ, **-ure,** *n.* ചട്ടമുണ്ടാക്കുന്ന നാട്ടുകൂട്ടം, ചട്ടമുണ്ടാക്കുന്ന സഭ, നിയമനിർമ്മാണസഭ, പർലമെൻറ്.

Legitimate, *a.* ന്യായമായ, ഞായമായ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധൎമ്മമായ, ഉചിതമായ യഥായോഗ്യം, യഥാന്യായം; *see* **Lawfull, -Legal;** സത്യമായ, യഥാൎത്ഥമായ; 'as l. wife ധൎമ്മപത്നി'; 'as l. son ഔരസപുത്രൻ'; *v. t.* ഔരസമാക്കുക, ഞായമാക്കുക; **-ly,** *adv.* ധൎമ്മമായി, ധൎമ്മാനുസാരമായി, ഉചിതമായി; **-Legitimacy.** *n.* ന്യായത, യുക്തത, ഔചിത്യം; സുജന്മം, ഔരസത്വം, യഥാൎത്ഥത.

Legume, -men, *n.* പയറ്, അമര, ശമി, ശിംബം, മുദ്ഗം, ശിംബിക; ശമീധാന്യം.

Leisure (lē'zhur, lezh'ūr), *n.* ഒഴിവ്, അവസരം, ഒഴ്ച്ച്, അവകാശം, വിശ്രമസമയം; **-ly,** *a.* മെല്ലെ, പതുക്കെ, വിശ്രമത്തോടെ, സൌകൎയ്യംപോലെ.

Leman, *n.* പ്രിയൻ, പ്രിയ, രഹസ്യക്കാരൻ, ജാരൻ.

Lemon, *n.* എലുമിച്ചമരം, എലുമിച്ചപ്പഴം, ചെറുനാരങ്ങ or ചെറുനാരകം, ജംബീ(ബി) രം.

Lemonade, *n.* ജംബീരപാനകം, ചെറുനാരങ്ങാനീർ, ലമനീഡ്.

Lemures, *n. see* **Devil.**

Lend, *v. t.* വാយ്പകൊടുക്കുക, പണം കടംകൊടുക്കുക, വാടകയ്ക്കുകൊടുക്കുക; **-er,** *n.* കടംകൊടുക്കുന്നവൻ, ഉത്തമൎണ്ണൻ.

Length, -en, *see* under **Long.**

Lenient, *a.* മൃദുവായ, ദയയുള്ള, സൌമ്യമായ, കോമളം, അപരുഷം; സമാധാനപ്പെടുത്തുന്ന; **-ly,** *adv.* അതീക്ഷ്ണമായി, സൌമ്യമായി, ദയയോടെ, ക്ഷമാപൂൎവ്വം, **-Lenity, -Lenience, -cy,** *n.* സൌമ്യത, മൃദുത, ദയ, ദയാൎദ്രഭാവം, സാമബുദ്ധി; **-Lenitive,** *a.* മൃദുവാക്കുന്ന, ശാന്തപ്പെടുത്തുന്ന, ശമകം, ശാന്തികരം, സ്നിഗ്ദ്ധം, ചിക്കണം; *n.* ഉപശമനം.

Lens, *n.* കണ്ണാടി; 'convex l. മദ്ധ്യോന്നതക്കണ്ണാടി'; 'concave l. മദ്ധ്യനിമ്നക്കണ്ണാടി'; 'a double convex l. യവം'; 'a crystal l. സൂൎയ്യകാന്തക്കണ്ണാടി, അക്കാശ്മം';

Lenticular, *a.* യവാകൃതിയായ.

Lentiform, *a.* മുഴപോലെയുള്ള, യവാകൃതിയായ.

Lentigo, *n.* ചുണങ്ങ്; **Lentiginous,** *a.* ചുണങ്ങുള്ള.

Lentil, *n.* നവധാന്യം.

Leo, *n.* ചിങ്ങംരാശി, സിംഹരാശി; **-nid,** *n.* കൊള്ളിമീൻ; **-nine,** *n.* സിംഹത്തേപോലുള്ള, സൈംഹം, സിംഹശീലമായ.

Leopard (lep'-), *n.* ചെന്പുലി, ചിവിങ്കി, പുള്ളിപ്പുലി, ചിത്രവ്യാഘ്രം.

Leper, *n.* കുഷ്ഠരോഗി, **-Leprosy,** *n.* കുഷ്ഠം; **-rous,** *a.* കുഷ്ഠരോഗമുള്ള.

Lesion (-zhun), *n.* അപകാരം, മുറിവ്, പീഡ.

Less, *a.* കുറഞ്ഞ, താഴ്ന്ന, ചെറിയ; *adv.* കുറവായി, ചെറുതായി; *n.* ചെറുപങ്ക്, ചെറിയഭാഗം, ചെറിയപകുതി; (as a suffix) **-ly,** ഹീനം, രഹിതം etc. **-en,** *v. t.* കുറയ്ക്കുക, അല്പമാക്കുക, ചെറുതാക്കുക, ന്യൂനീകരിക്കുക; *v. i.* കുറയുക, ചെറുതാകുക, അല്പീഭവിക്കുക.

Lessee, *n.* കുത്തകയെടുത്തവൻ, പാട്ടക്കാരൻ, കുടിയാൻ, പട്ടോലികാധാരി.

Lesson, *n.* പാഠം, വായ്പാടം, അദ്ധ്യായം; ശാസനം, ഉപദേശം, ബോധനം, ശിക്ഷണം; ഖണ്ഡനം; *v. t.* ഉപദേശിക്കുക.

Lessor, *n.* ജന്മി, പാട്ടംകൊടുക്കുന്നവൻ.

Lest, *conj.* അല്ലെങ്കിൽ, അല്ലാത്തപക്ഷം.

Let, *v. t.* വിട്ടുകൊടുക്കുക, അനുജ്ഞ കൊടുക്കുക, വാടകയ്ക്കു കൊടുക്കുക; രോധിക്കുക, താക്കുക; ഒഴുക്കുക, പ്രവഹിപ്പിക്കുക; **-down,** അവതരിപ്പിക്കുക, താഴെക്കൊണ്ടുവരിക, താഴെവയ്ക്കുക; **-in,** പ്രവേശിപ്പിക്കുക, കടത്തുക, ഉള്ളിൽവിടുക; **-off,** വിമോചിപ്പിക്കുക, വിട്ടുകളക; **-out,** പുറത്തേക്കുവിടുക, വെളിക്കാക്കുക, പ്രകാശിപ്പിക്കുക.

Lethal, *a.* കൊല്ലുന്ന, പ്രാണാപായമായ, മരണഹേതുകമായ.

Lethargy (-ji), *n.* ഉറക്കം, മയക്കം, മന്ദം, ജാഡ്യം, നിൎഭരനിദ്ര; **-ic,** *a.* ഉറക്കമുള്ള, മയക്കമുള്ള.

Lethe, *n.* മറവി, മയക്കം, വിസ്മൃതി, സ്മൃതിനാശം; വൈതരണി.

Lethean, *a.* മറവിയുണ്ടാക്കുന്ന, മയക്കുന്ന,

Letter, *n.* എഴുത്ത്, അക്ഷരം; 'printing l. മുദ്രാക്ഷരം'; കത്ത്, എഴുത്ത്, ലേഖ്യം, സന്ദേശപത്രം; ശബ്ദാൎത്ഥം, അക്ഷരാൎത്ഥം; (letters pl) വിദ്യ, ജ്ഞാനം, അറിവ്; 'a man of l. s പഠിപ്പുള്ളവൻ, പണ്ഡിതൻ, കൃതവിദ്യൻ, വിദ്വാൻ'; 'a dead l. നിരൎത്ഥകവചനം';

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

v. t. അക്ഷരംകൊണ്ടടയാളപ്പെടുത്തുക, അക്ഷരംകൊത്തുക, അക്ഷരംപഠിക്കുക; **-ed,** *a.* അക്ഷരംപഠിച്ച or കൊത്തിയ; പഠിപ്പുള്ള, വിദ്യാഭ്യാസമുള്ള.

Lettuce (let'is), *n.* ഉവച്ചീര, ഹരിതകം.

Levant, *n.* മദ്ധ്യധരണിയുടെ കിഴക്കേപ്രദേശം, പൂൎവദേശം, കിഴക്കൻദേശം; *a.* കിഴക്കുള്ള, പൌരസ്ത്യം.

Levee, *n.* രാജദൎശനം, രാജദൎശനസംഘം.

Level, *a.* സമമായ, സമതലമായ, നിരപ്പായ; *n.* സമത, നിരപ്പ്, സാമ്യം, സമഭാവം, സമവൃത്തി; സമതലം; ലക്ഷ്യദേശം; നിയമം; *v. t.* സമീകരിക്കുക, നിരപ്പാക്കുക, നിരത്തുക, ലക്ഷീകരിക്കുക, ഉദ്ദേശിക്കുക; **-ler,** *n.* നിരത്തുന്നതു് (വൻ), നിരപ്പുവരുത്തുന്നതു് (വൻ), വിശേഷനാശകൻ; **-ness,** *n.* നിരപ്പ്, സമത, സാമ്യം, സമഭൂമി, സമഭാവം.

Lever, *n.* തുലായന്ത്രം, ഭാരംപൊക്കി (ക്ഷന്ന യന്ത്രം).

Leveret, *n.* മുയൽക്കുട്ടി, ശശശിശു.

Leviathan, *n.* കടൽക്കുതിര, തിമിംഗലം.

Levigate, *v. t.* മിനുസപ്പെടുത്തുക, ചൂൎണ്ണമാക്കുക, നേൎമ്മപ്പെടുത്തുക; ശ്ലക്ഷ്ണീകരിക്ക.

Levitate, *v. t.* ലഘൂകരിക്കുക, പൊങ്ങുമാറാക്കുക; *v. i.* പൊങ്ങിപ്പോകുക.

Levitical, *a* യാജകീയം, പുരോഹിതസംബന്ധമായ.

Levity, *n.* ആലോചനയില്ലായ്മ, ലഘുത, പൊങ്ങച്ചം, ഗൌരവമില്ലായ്മ, ചാപല്യം.

Levy, *v. t.* (force) ചേൎക്കുക, കൂട്ടുക, സൈന്യശേഖരംചെയ്യുക; *n.* പടകൂട്ടൽ; ദാപനം; സൈന്യസമൂഹം.

Lewd (lüd), *a.* കാമമുള്ള, കാമുകമായ, ഭോഗാസക്തമായ; ചീത്തയായ, ദുരാചാരമായ, പാപാത്മാവായ; **-ly,** *adv.* കാമത്തോടെ, രതാൎത്ഥിയായി; **-ness,** *n.* ഭോഗാസക്തി, രതാൎത്ഥത, വ്യവായേച്ഛ; ദുഷ്ടത, ദുരാചാരത.

Lexicon, *n.* അകാരാദി, നിഘണ്ടു, കോശം, അഭിധാനം, ശബ്ദകോശം; **-Lexicographer,** *n.* കോശകാരൻ, നിഘണ്ടുനിൎമ്മാതാവ്.

Lex loci, *n.* നാട്ടുവഴക്കം, നാട്ടാചാരം.

Liable *a.* ഉത്തരവാദമായ, അധീനമായ, ഉൾപ്പെട്ട, വശം in comp. ബാദ്ധ്യതയുള്ള; **-ness, -bility,** *n.* ബാദ്ധ്യത, അധീനത, ഉത്തരവാദത്വം, പാത്രത; (Liabilities) കടം, ഋണം.

Liaison (leazon), *n.* സംബന്ധം, ഇണക്കം, പ്രേമബന്ധം.

Liar, *see* under **Lie.**

Libation, *n.* നിവേദ്യം, അൎപ്പണം, അൎഘ്യദാനം, ഉദകദാനം.

Libel, *n.* ദൂഷണപത്രിക, അധിക്ഷേപം, മാനനഷ്ടവാക്ക്, *v. t.* ആക്ഷേപിക്കുക, അപവദിക്കുക, ശകാരിക്കുക; **-ler,** *n.* അഭിവാദകൻ, ദൂഷ്യംപറയുന്നവൻ, ആക്ഷേപിക്കുന്നവൻ; **-lous,** *a.* അപവാദമുള്ള, നിന്ദാഗൎഭമായ, ദുഷ്കീൎത്തിപരമായ.

Liberal, *a.* വിട്ടുകൊടുക്കുന്ന, ഉദാരമായ, വദാന്യമായ, ദാനശീലമായ, മുക്തഹസ്തമായ; (L. minded) ഉദാരമനസ്സായ, മഹാത്മാവായ, (നായ); കുലീനമായ, അഭിജാതമായ; വിപുലമായ, പരിപൂൎണ്ണമായ; 'l. education, സൎവ്വവിഷയകമായ വിദ്യാഭ്യാസം'; **-ity,** *n.* ഔദാൎയ്യം, വദാന്യത, ത്യാഗം, അകാൎപ്പണ്യം, ദാതൃത്വം, അതിദാനം; മഹാത്മ്യം; മഹാശയത്വം, ഉദാരചിത്തത്വം, ചിത്തൌദാൎയ്യം; **-ly,** *adv.* ഔദാൎയ്യത്തോടെ, പിശുക്കില്ലാതെ.

Liberate, *v. t.* വിടുതൽചെയ്യുക, സ്വതന്ത്രമാക്കുക; **-ion,** *n.* വിടുതൽ, വിമോചനം, രക്ഷപെടുത്തൽ; **-or,** *n.* വിമോചകൻ, ഉദ്ധൎത്താവ്, രക്ഷിതാവ്.

Libertine, *n.* ലമ്പടൻ, കാമുകൻ, കാമാസക്തൻ, സ്ത്രീസേവി; *a.* അചാരമില്ലാത്ത, കാമാസക്തം, വിഷയാസക്തം, ദുൎവൃത്തം; **-ism,** *n.* വ്യഭിചാരം, പുലയാട്ട്, വിഷയാസക്തി, ഭോഗാസക്തി, സ്ത്രീവ്യസനം, സ്ത്രീവ്യാസംഗം.

Liberty, *n.* സ്വാതന്ത്ര്യം, സ്വാധീനത, സ്വവശത; അപാരതന്ത്ര്യം, സ്വേച്ഛ, സ്വകാമം, സ്വരുചി; അനുജ്ഞ; മുക്തി, മോക്ഷം, മോചനം; വിരഹം, അഭാവം, ശൂന്യത; അധികാരം, ക്ഷമത, ശക്തി; കൎമ്മവശത, ദൈവാനധീനത, മൎയ്യാദാതിക്രമം.

Libidinous, *a. see* **Lustful.**

Libra, *n.* തുലാരാശി; **-tion,** *n.* തോലനം.

Library, *n.* ഗ്രന്ഥശാല, ഗ്രന്ഥാലയം, ഗ്രന്ഥസമൂഹം; **-Librarian,** *n.* ഗ്രന്ഥശാലാദ്ധ്യക്ഷൻ, പുസ്തകശാലാധികൃതൻ, പുസ്തകശാല നടത്തിപ്പുകാരൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Lice, *n.* pl. of **Louse,** പേനകൾ, ഈരുകൾ.

License, Licence, *n.* അനുമതി, പട്ടയം, അനുജ്ഞ; 'written l. അനുമതിക്കുറ്റ്', അനുജ്ഞാപത്രം, അനിയന്ത്രണം, മര്യാദാതിക്രമം; *v. t.* അനുജ്ഞനൽകുക, അനുമതിനൽകുക; **Licentiate** (-shiāt), *n.* അധികാരമുള്ളവൻ, അനുവാദമുള്ളവൻ.

Licentious (-shi-us), *a.* അടക്കമില്ലാത്ത, ഒതുക്കമില്ലാത്ത, മര്യാദയില്ലാത്ത; കാമാസക്തമായ, വിഷയാസക്തമായ, ധർമ്മഭ്രഷ്ടമായ; *see* **Libertine, Lustful; -ly,** *adv.* കാമാസക്തമായി; **-ness,** *n.* വ്യഭിചാരം, ദുർവൃത്തത, ഭ്രഷ്ടചാരിത്രം (ത്ര്യം), സ്ത്രീലോലത.

Lich, *n.* ശവം.

Lichen (liken or lich'en), കൽപായൽ, ശിലാവല്കലം, സ്ലകരി.

Lick, *v. t.* നക്കുക, ഉറഞ്ചുക, ലേഹനംചെയ്ക; *n.* നക്കൽ; **-ing,** *n.* ലേഹനം, ആഘാതം; **-Lickerish,** *a.* രസമുള്ള, രുചിയുള്ള, നക്കിത്തിന്മാൻ നല്ലതായ; ഭോഗേൽസുകമായ.

Licorice, *n.* ഇരട്ടിമധുരം, അതിമധുരം, യഷ്ടിമധുകം, മധുയഷ്ടിക.

Lid, *n.* കതവ്, മൂടി, അടപ്പ്, പിധാനം, പടലം; 'eye l. കൺപോള, അക്ഷിപുടം'.

Lie (lī), *v. i.* കിടക്കുക, ചാരുക, അമന്നിരിക്കുക, ശയിക്കുക, സ്ഥിതിചെയ്യുക; **-down,** കിടക്കുക, വീഴുക; **-in,** പെററുകിടക്കുക, പ്രസവിക്കുക; **-low,** മറവിലിരിക്കുക, മിനക്കെട്ടിരിക്കുക; **-on or upon,** ആശ്രയിക്ക, ധർമ്മമായിരിക്കുക; കടമായിരിക്കുക; **-over,** അവധിക്ക കടം വീട്ടാതിരിക്കുക; **-to,** നിന്നുപോകുക, തമസംവരിക; **-with,** ഒന്നിച്ചുപാർക്കുക, കൂടെ കിടക്കുക, സംഗമിക്കുക, അനുഗമിക്കുക, മൈഥുനംചെയ്യുക, അധീനമായിരിക്കുക; *n.* കള്ളം, അനൃതം, വിതഥം, അളീകം, വഞ്ചനവാക്ക്.

Lie *v. i.* കള്ളംപറയുക, അസത്യംപറയുക; **-Liar,** *n.* കള്ളൻ, അസത്യംപറയുന്നവൻ; **-Lying,** *n.* കള്ളംപറയൽ, അസത്യഭാഷണം; *a.* കള്ളംപറയുന്ന, അസത്യംപറയുന്ന.

Lief (lēf), *a.* ഓമനയായ, പ്രിയമുള്ള; *adv.* ഓമനയായി, സന്തോഷത്തോടെ.

Liege, (lēj), *a.* സ്വാതന്ത്ര്യമുള്ള, സ്വേച്ഛാധികാരമുള്ള, കുടികളുള്ള, കോഴ്മയായ, വിശ്വാസമുള്ള; *n.* അധിപതി, പ്രഭു; സ്വാമി, ഈശ്വരൻ. മഹാരാജൻ.

Lien (lē'en), *n.* അവകാശം, ചേച്ച്, സ്വത്തുകൊണ്ടുള്ള ഉത്തരവാദിത്വം; കടക്കാരൻെറ സ്വത്തു പിടിച്ചുവയ്ക്കുവാനുള്ള അവകാശം.

Lientery, *n.* അതിസാരം, ആമാതിസാരം.

Lieu (lū). *n.* പകരം, ഈട്, സ്ഥാനം.

Lieutenant (leftenant), *n.* പ്രതിനിധി, കപ്പിത്താനടുത്ത ഉദ്യോഗസ്ഥൻ, പ്രതിപുരുഷൻ, സേനാപതിപ്രതിനിധി; 'l. governor പ്രതിശാസകൻ'; 'lord l. രാജപ്രതിനിധി'.

Life, *n.* പ്രാണൻ, വാഴ്വ്, ഭാവം, വീര്യം, ജീവാത്മാവ്, ജീവിതരീതി, ആചാരം, ജീവിതകാലം, നടവടി, ജീവിതചരിത്രം, സത്വം, ചൈതന്യം, പ്രാണാത്മാവ്; 'endowed with l. ജീവിയായ, പ്രാണിയായ, സചേതനമായ'; 'love of l. ജീവിതതൃഷ്ണ, ജിജീവിഷ'; 'impatience of l. ജീവിതദ്വേഷം or ത്രാസം'; 'deprived of l. നഷ്ടപ്രാണമായ'; 'support of l. പ്രാണയാത്രാരക്ഷണം, പ്രാണയാത്രാധാരണം'; 'reckless of l. ജീവിതനിരപേക്ഷമായ'; ആയുസ്സ്, ആയുഃപരിമാണം; (fig) ജീവിതം, പ്രാണങ്ങൾ; സംസാരം, ഭവം, സംസൃതി, ലോകയാത്ര, ഭൂലോകവാസം, ഇഹവാസം; വൃത്തി, ആചാരം, രീതി, പ്രവൃത്തി, വൃത്തം; ചരിത്രം, ജീവനവൃത്താന്തം; അവസ്ഥ, ഭാവം, ദശ, ഗതി; ഉത്സാഹം, വീര്യം; തേജസ്സ്, സത്വം, രസം; 'come to l. ഉജ്ജീവിക്കുക'; 'active l. പ്രവൃത്തി, പ്രവൃത്തിമാർഗ്ഗം, സംസാരമാർഗ്ഗം'; 'retired l. നിവൃത്തി, നിവൃത്തിമാർഗ്ഗം'; 'engaging in public l. ലോകവ്യവഹാരപ്രവൃത്തി, പൊതുക്കാര്യപ്രവൃത്തി'; 'l. blood പ്രാണൻ, സത്വം, ജീവസാരം'; 'l. belt പ്രാണരക്ഷപ്പട്ട'; 'l. estate, l. interest ജീവദശാവകാശം'; 'l. giving പ്രാണദം, ജീവദായിയായ, വീര്യദം, ഉത്സാഹകരം; 'l. guard രാജപരിചരൻ, അംഗരക്ഷകൻ'; 'l. time ജീവിതാവധി, ജീവിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലം'; **-less,** *a.* ജീവനില്ലാത്ത, ചൈതന്യമില്ലാത്ത, നിശ്ചേതനം; നിഃസത്വം, നിരുത്സാഹമായ, സത്വഹീനമായ.

Lift, *v. t.* എഴുപ്പുക, ഉയൎത്തുക, പൊക്കുക, ഉന്നമിപ്പിക്കുക ഉദ്ഗമിപ്പിക്കുക, ഉന്നത പദത്തിലാക്കുക; *n.* എഴച്ചി, എഴിച്ചം, ഉന്നമനം, ഉല്ക്കൎഷം, ഉത്ഥാപനം; പ്രതിപത്തി, ഉന്നതി; ഉയൎത്തുന്നവൻ, സഹായം.

Ligament, Ligature, Ligation, *n.* കെട്ട്, കയറ്, നാരു്, ബന്ധനം, പരിവേഷ്ടനം.

Light (lit), *a.* ലഘുവായ (in all senses); ഭാരമില്ലാത്ത, ഘനമില്ലാത്ത; സുഖമായ, സുകരമായ, സുസാദ്ധ്യം, അകഠിനം; ചപലം, ലഘു, ലഘുശരീരം(ആയ); സോല്ലാസം, പ്രഫുല്ലം; ചപലം, തരളം, ഗൗരവഹീനം, (ഇല്ലാത്ത); തുച്ഛം, ക്ഷുദ്രം, തൃണപ്രായമായ; *v. i.* ഇറങ്ങുക, സംഭവിക്കുക; **-en,** *v. t* ലഘൂകരിക്കുക, ശമിപ്പിക്കുക, ഭാരംകുറയ്ക്കുക; **-er,** *a.* ലഘുതരമായ; *n.* വള്ളം, ഉഡുപം, വഹിത്രം; **-ly,** *adv.* ലഘുവായി, ലാഘവത്തോടെ; സുഖമായി, അനായാസേന, കാരണംക്രടാതെ; വേഗത്തിൽ; അസ്ഥിരതയോടെ; **-ness,** *n.* ലഘുത്വം, ലാഘവം, ഭാരമില്ലായ്മ; സുഖം, സൗകൎയ്യം, അനായാസം, സുസാദ്ധ്യത; സുവാഹ്യത, ചാപലം, ദ്രുതഗതിത്വം, ശരീരലഘുത; ചാഞ്ചല്യം, അസ്ഥിരത, ലോലത, അഗൗരവം; അല്പത, തുച്ഛത, ക്ഷുദ്രം; **-some,** *a.* ഉത്സാഹമുള്ള, ഹൃഷ്ടമായ, സോല്ലാസമായ, പ്രഫുല്ലമായ, സാനന്ദം.

Light, *n.* വെളിച്ചം, വിളക്ക്, അറിവ്, സൂൎയ്യോദയം; ശോഭിതം, തെളിവ്, പ്രകാശം, ആലോകം, ഭം, പ്രഭ, ദീപ്തി, ജ്യോതിസ്; പ്രദീപം, ദീപിക; ജ്ഞാനം, അവഗമം; പ്രസിദ്ധി, പ്രാകാശ്യം, പ്രകാശത, പ്രാകട്യം; ദൃഷ്ടി; 'see or come to l. പ്രകാശിക്കുക, ആവിൎഭവിക്കുക, പ്രാദുൎഭവിക്കുക'; 'bring to l. പ്രകാശിപ്പിക്കുക, സ്പഷ്ടമാക്കുക, ആവിഷ്കരിക്കുക, വിവരിക്കുക, പ്രഖ്യാപനംചെയ്യുക'; 'to throw l. on വിശദീകരിക്കുക, വെളിച്ചംവീശുക'; *v. t.* കത്തിക്കുക, ദീപിപ്പിക്കുക, ജ്വലിപ്പിക്കുക; **-en,** *v. t,* പ്രകാശിപ്പിക്കുക, വെളിച്ചം കത്തിക്കുക, ദീപിപ്പിക്കുക, ജ്വലിപ്പിക്കുക; *v. i.* സ്ഫുരിക്കുക, വിളങ്ങുക, പ്രകാശിക്ക; **-er,** *n.* വെളിച്ചംഉണ്ടാക്കുന്നവൻ, വിളക്കുകൊളുത്തുന്നവൻ; **-less,** *a.* വെളിച്ചമില്ലാത്ത, മങ്ങിയ, നിഷ്പ്രഭം, നിരാലോകം; **-some,** *a.* തേജോമയം; **-ning,** *n.* മിന്നൽ, മിന്നൽപിണർ, വിദ്യുത്; 'fire of l. വൈദ്യുതാഗ്നി'; 'forked l. തഡില്ലത'; 'the falling of l. വിദ്യുല്പാതം, ഇടിവെട്ടൽ'; 'struck by l. വിദ്യുതോപഹതം, ഇടിവെട്ടിയ'.

Ligneous (-nēus), *a.* മരംകൊണ്ടുണ്ടാക്കിയ; **-niferous,** *a.* മരംകൊണ്ടുണ്ടാക്കുന്ന; **-Ligniform,** *a.* മരംപോലെയുള്ള.

Like, *a.* സമമായ, ഒത്ത, പോന്ന, പോലുള്ള, സദൃശം, തുല്യം; *n.* സമം, തുല്യഗുണം, യമകം; *adv.* അതേമാതിരിയായി, അതേവിധത്തിൽ; *see* **Likely;** *v. t.* ഇഷ്ടപ്പെടുക, രുചിക്കുക, അഭിനന്ദിക്കുക, പ്രശംസിക്കുക; *v. i.* ഇഷ്ടപ്പെടുക, അഭിലഷിക്കുക, അനുഗ്രഹിക്കുക; **-ed,** *a.* ഇഷ്ടമായ, ദയിതമായ; **-en,** *v. t.* പോലാക്കുക, തുല്യമാക്കുക; *see* **Compare; -ing,** *n.* ഇഷ്ടം, രുചി, അഭിരുചി, കാമം, പ്രീതി, പ്രണയം, അഭിലാഷം, അനുരാഗം, അഭിമതം, **-ness,** *n.* തുല്യത, സാദൃശ്യം, സാമ്യം, ആനുരൂപ്യം, ഔപമ്യം; രൂപം, ആകൃതി, പ്രതിമ, പകൎപ്പ്, ചിത്രം; **-wise,** *adv.* അപ്രകാരം, കൂടെ, കൂടാതെ, (അതും) കൂടി, അതുപോലെ; **-Likely,** *a.* സംഭാവ്യം, സംഭവനീയം, ഉപപന്നം, ശ്രദ്ധേയം; ആകാവുന്ന, നടക്കാവുന്ന, പ്രായേണ; **-hood, -ness,** *n.* സംഭാവ്യത, സംഭവം.

Lilac, *n.* ഒരുവക അഴകുള്ള പൂച്ചെടി.

Lily, *n.* കുവള, താമര, നളിനി, ഉൽപലം, കുമുദം, പത്മം.

Limation, *n.* രാകൽ, മിനുക്കൽ, ഘൎഷണം.

Limature, *n.* രാക(വ)ൽ, രാക്കപൊടി, ലോഹചൂൎണ്ണം.

Limb (lim), *n.* കാല്, കൈ, മരച്ചില്ല, അവയവം, അംഗം; ഗാത്രം; over every l. പ്രത്യംഗമായ, സൎവാംഗീണമായ; അററം, പ്രാന്തം, കോടി, സീമ; **-less,** *a.* അനംഗം, അംഗഹീനം.

Limber, *a.* വളയുന്ന, മൃദുവായ, കോമളമായ, കട്ടിയില്ലാത്ത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Limbo, *n.* നരകം, തടവ്, തുറുങ്ക്, കാരാഗാരം.

Lime, *n.* (tree) ജംബീരം, നാരകം; നാരങ്ങ; നായ്ചങ്ങല; കൽച്ചുണ്ണാമ്പ്, നൂറ്, കുമ്മായം; 'quick l. ചുണ്ണാമ്പ്'; 'l. burner കുമ്മായച്ചൂളക്കാരൻ'; 'l. kiln കുമ്മായച്ചൂള'; 'l. stone കൽച്ചുണ്ണാമ്പ്'; *v. t.* വെളിഞ്ഞിർപിരട്ടുക, കെണിയിൽപെടുത്തുക; കുമ്മായംതേക്കുക; കുമ്മായവളമിടുക.

Limit, *n.* അതിര്, അതിർത്തി, അററം, അവധി, മര്യാദ, സീമ, എല്ല, വരമ്പ്; *v. t.* എല്ലകയിടുക, അതിർത്തിവെയ്ക്കുക, പരിച്ഛേദിക്കുക, ഇത്രയെന്നു കണക്കാക്കുക, സങ്കോചിപ്പിക്കുക, നിയന്ത്രിക്കുക; **-ation**, *n.* അതിർത്തികല്പിക്കൽ, സീമാനിരൂപണം; **-ed**, *a.* എല്ലകയിട്ട, പരിച്ഛിന്നം, പരിമിതം, നിയതം, ചുരുങ്ങിയ; അവ്യാപകം, സംബാധം; 'l. monarchy നിയന്ത്രിതരാജാധികാരം'; **-er**, *n.* അതിർത്തിയിടുന്നവൻ, പരിച്ഛേദകൻ; **-less**, *a.* അതിരററ, അളവററ, നിരവധി.

Limmer, *n.* നായാട്ടുനായ്, ആഭാസൻ, വേശ്യ, കോവണിക്കയററ്.

Limn (lim), *v. t.* ചിത്രമെഴുതുക, വർണ്ണമിടുക; **-er**, *n.* ചിത്രകരൻ.

Limous, *a.* ചെളിയുള്ള, കുഴമ്പായ.

Marble, *n.* മാർബിൾക്കല്ലു്, വെണ്ണക്കല്ലു്, മണിശില.

Marcescent, *a.* വാടുന്ന, ചീയുന്ന, അഴുകുന്ന

March, മൂന്നാംമത്തെമാസം, കുംഭം-മീനം; *v. i.* ഒഴുക്കമായ്നടക്കുക, ക്രമമായിപ്പോക, മുന്നോട്ടുകയറുക, സഞ്ചരിക്കുക, കവാത്തുപോക; *v. t.* നടത്തുക; *n.* പടപ്പോക്കു്, കവാത്തു്, ഘോഷയാത്ര, ചെന്നദൂരം.

Marches, *n.* (pl.) എല്ല, അരിക്, അതൃത്തി, എല്ലക.

Marchioness, (mār'shunes), *n.* മാർകിസ്പ്രഭുവിൻറെ ഭാര്യ.

Mare, *n.* പെട്ടക്കുതിര, പെൺകുതിര, ബഡവ, വാജിനി.

Marrgin (mär'jin), *n.* വെളുമ്പു്, ഓരം, കര, സീമ, പരിസരം, കച്ചം; **-al**, *a.* വെളുമ്പിലുള്ള, ഓരത്തുള്ള, പ്രാന്തസ്ഥമായ; **-ally**, *adv.* വെളുമ്പിനൂടെ, അരികായി, ഓരമായി.

Margosa, *n.* വേപ്പുമരം.

Margrave, *n.* ജർമ്മനിയിലെ മാടമ്പിപ്പട്ടം or പ്രഭുസ്ഥാനം.

Marigold, *n.* ഒരുതരം മഞ്ഞപ്പൂച്ചെട്ടി.

Marine (marēn'), *a.* കടലേസംബന്ധിച്ച, സാമുദ്രം; കപ്പലോട്ടംസംബന്ധിച്ച; *n.* കപ്പൽപടയാളി; പടക്കപ്പലുകൾ; നാവികശാസ്ത്രം or വ്യവസ്ഥ.

Mariner, *n.* നാവികൻ, സമുദ്രഗാമി, കപ്പലോട്ടക്കാരൻ.

Marionette, *n.* ചരട്ടുപാവ, ചരടുവലിച്ചു കളിപ്പിക്കുന്നപാവ or പൊമ്മ.

Marital, *a.* ഭർത്താവിനെസംബന്ധിച്ച.

Maritime, *a.* സമുദ്രീയം, കടലിനെസംബന്ധിച്ച; കടലടുത്ത; കപ്പലിനെസംബന്ധിച്ച.

Marjoram, *n.* പ്രസ്ഥപുഷ്പം, ജംബീരം.

Mark, *n.* അടയാളം, രൂപം, മുദ്ര, ലക്ഷണം, അങ്കം, കളങ്കം, ബിന്ദു, പൊട്ടു്, പുള്ളി, വര; ലക്ഷ്യം, ശരവ്യം; ഒരുവക പുരാതനതുക്കം; ഒരുവക പുരാതനനാണയം; 'a man of m. മഹാൻ, വിശ്രുതൻ'; 'to make one's m. ഒപ്പിടുക, കീർത്തി പ്രാപിക്കുക'; 'wide of the m. ലാക്കപിഴച്ച, അകാര്യമായ'; 'hit the m. ലക്ഷ്യംഭേദിക്കുക'; *v. t.* അടയാളമിടുക, കുറിക്കുക, കാണിക്കുക, വട്ടവിടുക, പുള്ളികുത്തുക, കലയിടുക (വീഴുക), കണക്കുവയ്ക്കുക, നോക്കുക, കുറികൊള്ളുക; 'to m. out തിരഞ്ഞെടുക്കുക'; 'to m. time നിന്നുചുവടുവയ്ക്കുക, താളംപിടിക്കുക'; *v. i.* നോക്കുക, ലക്ഷ്യംകൊള്ളുക; **-Marked** (markt), *a.* പുള്ളികുത്തിയ, അടയാളംവെച്ച, മുദ്രിതം; **-Marksman**, *n.* ലക്ഷ്യഭേദി, ലാക്കതെററാത്തവൻ, വില്ലാളി.

Market, *n.* ചന്ത, കട, കിടങ്ങു്, വ്യാപാരസ്ഥലം, കമ്പോളം, *v. i.* കോളുകൊള്ളുക, വിലപേശിയടുക്കുക, കച്ചവടംചെയ്യുക; **-able**, *a.* വില്ക്കാവുന്ന, ക്രയവിക്രയയോഗ്യമായ.

Marl, *n.* ചുണ്ണാമ്പുകലൻകളിമണ്ണു്, ചിക്കണമണ്ണു്.

Marmalade, *n.* മിഷ്ടാന്നം, സ്വാദുഫലം, പഴക്കട്ടി.

Marmorean, *a.* ചിത്രശിലാസംബന്ധമായ, വണ്ണക്കല്ലുസംബന്ധിച്ച.

Marmoset, *n.* ചെറുകുരങ്ങു്, ക്ഷുദ്രവാനരൻ, പൊടിക്കുരങ്ങു്.

Maroon, *a.* കടുംചുവപ്പായ, ഘനാരുണമായ, ഘനരക്തമായ.

Marquee, (-kē'), *n.* പോർക്കളക്കൂടാരം.

Marquis, *n.* ഡ്യൂക്കിനോടടുത്തസ്ഥാനമുള്ള പ്രഭു.

Marrow, *n.* എല്ലിൻസത്തു്, മജ്ജ, മേദസ്, വപ; സാരം, മുഖ്യാംശം; **-less**, *a.* മജ്ജാഹീനം, മേദോഹീനം, നിസ്സാരം; **-y**, *a.* മേദസ്വിയായ, സാരവത്തായ.

Marry, *v. t. or v. i.* പുടവകൊടുക്ക, ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്യാണംചെയ്യുക, ഇണയ്ക്കുക, വിവാഹം ചെയ്യുക, പരിണയിക്കുക; *adv.* നിശ്ചയമായും; *see* **Indeed**; **-age,** *n.* കല്യാണം, പുടവകൊട, വിവാഹം, പാണിപീഡനം; **-ageable,** *a.* വിവാഹയോഗ്യമായ, പരിണേയം; **-ed,** *a.* പുടവകൊടുത്ത, കല്യാണംകഴിച്ച, പരിണീതം; 'a m. d man കുടുംബി, ഗൃഹസ്ഥൻ'; 'a m. d woman വിവാഹിത, സഭർതൃക, സുവാസിനി'; 'twice m. d പുനർഭൂവ്'; 'one m. d before his elder brother പരിവേത്താവ്'; 'the sin of such m. പാരിവേദ്യം'.

Mars, *n.* യുദ്ധാധിദേവത, അങ്ഗാരകൻ, ചൊവ്വ, കുജൻ; കുമാരൻ, കാർത്തികേയൻ, സുബ്രഹ്മണ്യൻ.

Marsh, *n.* ചതുപ്പുനിലം, അനൂപദേശം, കച്ഛം, ചെളിസ്ഥലം; **-y,** *a.* ചതുപ്പലായ. ചെളിവെള്ളംനിറഞ്ഞ, ജലപൂർണ്ണം.

Marshal, *n.* സേനാധിപതി, വ്യവസ്ഥാപകൻ; *v. t.* വരിനിരത്തുക, അണിനിരത്തുക, വിന്യസിക്കുക, വ്യൂഹംചമയ്ക്കുക.

Mart, *n.* കട, ചന്ത, ആപണം.

Martial (mär'shal), *a.* പോർസംബന്ധിച്ച, യുദ്ധവിഷയകമായ; രണയോഗ്യമായ, പോരിൽ പ്രിയമുള്ള, രണാസക്തം, യുദ്ധപ്രിയം.

Martin, *n.* ഒരുവകക്കുരുവി.

Martinet, *n.* ക്ലിപ്തക്കാരൻ, ആചാരക്കാരൻ, ശാസകൻ.

Martingale, *n.* കുതിരനെഞ്ഞുവാറ്, തലിക, അധോബന്ധനം.

Martyr (mär'tėr), *n.* സ്വാഭിപ്രായത്തിനു ജീവൻകളയുന്നവൻ, സത്യസാക്ഷി, പ്രതിഷേധകൻ, എതിർപ്പുയോഗം; **-dom,** *n.* സ്വധർമ്മാർത്ഥമുള്ള ജീവിതത്യാഗം, പ്രാണോത്സർഗ്ഗം, ദേഹത്യാഗം.

Marvel, *v. i.* ആശ്ചര്യപ്പെടുക, വിസ്മയിക്കുക; **-lous,** *a.* അത്ഭുതമായ, സാശ്ചര്യമായ ആശ്ചര്യകരം; 'a m. tale ആശ്ചര്യകഥ'; 'a m. deed അത്ഭുതകർമ്മം'; **-lously,** *adv.* അത്ഭുതമായി, ചിത്രമായി, **-lousness,** *n.* ചിത്രത.

Mascot, -te, *n.* ശുഭവസ്തു.

Masculine, *a.* ആണായ, ആണത്തമുള്ള; പുരുഷത്വമുള്ള; പുരുഷസ്വഭാവമായ; ബലമുള്ള; 'm. gender പുല്ലിംഗം'; **-ly,** *adv.* പുരുഷനെപ്പോലെ, പുംവത്; **-ness,** *n.* ആണത്തം, പുംസ്ത്വം, പൌരുഷം.

Mash, *v. t.* ഇടിച്ചുകലക്കുക, ഞവുടുക, ചമ്മന്തിയാക്കുക, സമ്മർദ്ദിക്ക; *n.* ഇടിച്ചുകലക്കിയതു്, കഞ്ഞി, സമ്മേഷം, സഞ്ചൂർണ്ണനം.

Mask, Masque, *n.* (വെച്ചുകെട്ടുന്ന) മോന്ത, മരമുഖം; വർണ്ണകം, കപടമുഖം, വ്യാജം; *v. t.* മറുവേഷംധരിക്കുക, വേഷം മാറുക; **-ed,** *a.* മുഖംമറച്ച; മരമുഖം വെച്ചുകെട്ടിയ; വേഷംമാറിയ; ഛന്നം, ഗൂഢം; **-er,** *n.* കള്ളവേഷക്കാരൻ, കപടരൂപി.

Mason, *n.* കല്ലാശാരി; **-Masonic,** *a.* ഫ്രീമേസൺസഭാസംബന്ധമായ; **-ry,** *n.* കെട്ടിടപ്പണി, ശില്പശാസ്ത്രം, കൽപണി, കൽവേല; ഫ്രീമേസൺസഭാവ്യവസ്ഥ.

Masquerade (maskėrād), *n.* മാറുവേഷം, വേഷക്കൂത്തു്, കപടവേഷധാരണം; *v. i.* കൃത്തുവേഷമണിയുക, കപടവേഷം ധരിക്കുക.

Mass, *n.* കട്ടി, കുമ്പൽ, രാശി, അളവു്, പരിമാണം, മൊത്തം, സാമാന്യജനങ്ങൾ, പൊതുജനങ്ങൾ, പിണ്ഡം, ഘനം; നിചയം, പ്രചയം; 'in m. es കൂട്ടമായി, സംഘമായി; 'in the m. മൊത്തത്തിൽ'; **-ive, -y,** *a.* കട്ടിയായ, തടിച്ച, വണ്ണിച്ച, സ്ഥൂലമായ, ഗുരുവായ, ബൃഹത്തായ, പിണ്ഡാകാരമായ; **-iveness,** *n.* വണ്ണം, തടിപ്പു്, ഗുരുത്വം.

Massacre (mas'akėr), *n.* കൊല, കൂട്ടക്കൊല, കഴുത്തറപ്പു്, ഇല്ലായ്മചെയ്യൽ, സംഹാരം, വിശസനം, നിഷൂദനം; *v. t.* കോപിച്ചുകൊല്ലുക, കൂട്ടക്കൊലചെയ്യുക.

Massage (masäzh'), *n.* തടവൽ, സംവാഹനം, അംഗമർദ്ദനം.

Masses, *n.* (pl.) പാമരജനങ്ങൾ.

Mast, *n.* കപ്പൽപായ്മരം, കൂപകം, ഗുണവൃക്ഷകം.

Master, *n.* മുതലാളി, പ്രഭു, ഈശ്വരൻ, നാഥൻ, സ്വാമി, അധിപൻ, ഏമാൻ; അധികാരി, നായകൻ; 'm. of a family കുലപതി, കാരണവർ'; ഉപാദ്ധ്യായൻ, ഗുരു, ആചാര്യൻ; പണ്ഡിതൻ, കുശലൻ, പാരംഗതൻ, വ്യുല്പന്നൻ; 'm. hand നല്ല ജോലിക്കാരൻ'; 'm. work man പ്രധാനജോലിക്കാരൻ, അഥവാ പണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കാരൻ'; 'm. piece അപ്രതിമകൃതി; നിരുപമകൃതി or കൃത്യം, അത്യുത്തമകൃതി; അത്യുൽകൃഷ്ടകർമ്മം'; 'm. stroke വൈദഗ്ദ്ധ്യകർമ്മം, ചാതുര്യകർമ്മം; അത്യുത്തമക്രിയ'; *v. t.* ഉള്ളിലാക്കുക, അധീനപ്പെടുത്തുക, വശീകരിക്കുക, ജയിക്കുക; **-ly,** *a.* തുല്യമല്ലാത്ത, അനുപമമായ, അത്യുത്തമം, അദ്വിതീയം, അത്യുൽകൃഷ്ടം, നിപുണം; *adv.* അത്യുൽകൃഷ്ടമായി, പരമനിപുണതയോടെ; **-ship,** *n.* പ്രഭുത്വം, സ്വാമിത്വം, ആധിപത്യം, ഐശ്വര്യം, പ്രാധാന്യം; **-y,** *n.* പ്രഭുത്വം, അധികാരം, ഉൽകർഷം, ശ്രേഷ്ഠത, ആധിക്യം, മുഖ്യത, പരമപദം, ഉത്തമപദം; പ്രാവീണ്യം, പരമകൌശലം, പരമപാടവം.

Masticate, *v. t.* ചവയ്ക്കുക, ചവ്വണംചെയ്യുക; **-ion,** *n.* ചവ, ചവ്വണം, ദംശനം; **-ory,** *a.* ചവയ്ക്കാൻകൊള്ളാവുന്ന, ചവ്വണോചിതമായ; *n.* ചവ്യം.

Mastiff, *n.* ഒരുവക വലിയനായ്.

Mastitis, *n.* മുലത്താര, മുലക്കുരു.

Mastodon, *n.* പ്രാചീനമഹാഗജം.

Masturbation, *n.* സ്വയംഭോഗം.

Mat, *n.* പായ്, തടുക്ക്; മിടച്ചിൽ, വള്ളിക്കെട്ട്; ഒരുമാതിരി വെള്ളോട്ട്.

Matachin, *n.* വാളുംപരിചക്കളി.

Matadore, *n.* ഘാതകൻ.

Match, *n.* ഒപ്പം, ഇണ, കിട, സമാനം, തുല്യം, തുല്യപരാക്രമം; ഇരട്ടയിൽഒന്ന്, സമാനകക്ഷൻ; വിവാഹം, കല്യാണം, വിവാഹബന്ധം, പ്രേമബന്ധം; പോര്, യുദ്ധം; വെടിത്തിരി, തിരി, അഗ്നിശലാക; *v. t.* സമമാക്കുക, തുല്യമാക്കുക, സമീകരിക്കുക, തുല്യതയോടെ ഘടിപ്പിക്കുക; ഒന്നിച്ചുകൂട്ടുക, സമായോജിപ്പിക്കുക, വിവാഹത്തിനുനിശ്ചയിക്കുക, വിവാഹംചെയ്യിക്കു; സംയോജിപ്പിക്കു, ചേർക്കുക, അനുരൂപമാക്കിച്ചെയ്യുക; *v. i.* യോജിക്കുക, ചേരുക, സംഗമിക്കു; **-ed,** *a* തുല്യബലമായ, തുല്യശക്തിയായ; വിവാഹംചെയ്ത, വിവാഹിതം; **-less,** *a.* ജോടിയില്ലാത്ത, സമമില്ലാത്ത, അതുലമായ, നിരുപമമായ, അദ്വിതീയം; **-lessly,** *adv.* അനുപമമായി, എതിരില്ലാതെ, അപ്രതിരൂപമായി; **-lessness,** *n.* അനുപമത.

Mate (māt), *n.* തോഴൻ, കൂട്ടാളി, സഹചരൻ, മിത്രം, ചങ്ങാതി; സ്വാമി, പതി; (female) തോഴി, സഹചരി, സഖി; ഭാര്യ, പ്രിയ. ദയിത; സഹകാരി.

Material, *a. see* under **Matter.**

Maternal, *a.* അമ്മയുടെ, മാതൃകം, 'm. uncle മാതുലൻ'; (female) മാതുലിനി; 'm. affection അപത്യസ്നേഹം, വാത്സല്യം'; 'm. duty മാതൃധർമ്മം'.

Mathematics (-iks), *n.* (sing.) കണക്കശാസ്ത്രം, ഗണിതശാസ്ത്രം, ഗണിതം, പരിമാണവിദ്യ; **-Mathematic, -al,** *a.* ഗണിതവിഷയകമായ, ഗണിതസംബന്ധിയായ; ഗണിതശാസ്ത്രാനുരൂപമായ; **-ally,** *adv.* കണക്കശാസ്ത്രമനുസരിച്ച്; **-ian,** *n.* കണക്കൻ, ഗണിതശാസ്ത്രജ്ഞൻ.

Matin, *n.* പ്രഭാതകൃത്യം, പ്രാതരുപാസന; *a.* രാവിലത്തെ, പ്രാതഃകാലീനം.

Matrass, *n.* വാറ്റുകുപ്പി.

Matriarch, *n.* തറവാടുഭരിക്കുന്നഅമ്മ, മരുമക്കത്തായപ്രകാരമുള്ള നാടുവാഴി.

Matrice, *n.* ഗർഭാശയം; മുദ്രാക്ഷരസംസ്കാരം.

Matinee (-ā), *n.* അന്തിസ്സദിർ (Fr).

Matricide *n.* തായ്കൊല, മാതൃവധം; അമ്മയെ കൊന്നവൻ, മാതൃഹന്താവ്, മാതൃഘാതകൻ.

Matriculate, *v. t. and v. i.* സംസ്കാരപൂർവം വിദ്യാലയം പ്രവേശിക്കുക; *n.* വിദ്യാലയപ്രവിഷ്ടൻ; **-Matriculation,** *n.* കലാശാലപ്രവേശം, പതിവ്.

Matrimony, *n.* വിവാഹം, കല്യാണം, സംബന്ധം, പരിണയം; **-ial,** *a.* വൈവാഹികമായ; , 'm. alliance വിവാഹസംബന്ധം'; **-ially,** *adv.* വിവാഹച്ചട്ടങ്ങളനുസരിച്ച്.

Matron, *n.* വിവാഹിത, മൂത്തമ്മ, പ്രായമുള്ളസ്ത്രീ, പുരന്ധ്രി, ആര്യ, പ്രൌഢ, കുടുംബിനി, പുത്രവതി; **-ly,** *a.* മൂത്തമ്മയ്ക്കൊത്ത, പുരന്ധ്രിയോഗ്യമായ, പ്രൌഢമായ, ധീരമായ, ഗംഭീരമായ, വിനീതമായ.

Matter, *n.* പണ്ടം, ദ്രവ്യം, വസ്തു, ഭൌതികവസ്തു, സാകാരദ്രവ്യം, ജഡദ്രവ്യം; സാധനം, പ്രകൃതി, ഉപകരണം, ഉപാദാനം; പദാർത്ഥം, സംഗതി; അർത്ഥം; വിഷയം; പ്രകരണം, പദം, പ്രസ്താവം; പ്രയോജനം, ഹേതു, വ്യാപാരം; സാരം, സത്വം. ഗുരുത്വം, ഗൌരവം, പ്രഭാവം; പഴുപ്പ്, ചലം, പൂയം, ദുഷ്യം; 'm. in hand പ്രകൃതം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്തുതം'; 'm. of dispute വിവാദവസ്തു, വിവാദവിഷയം, വിവാദാസ്പദം'; *v. i.* മുഖ്യമായിരിക്കുക, സാരമാകുക; പഴുക്കുക; **-less,** *a.* ജഡമല്ലാത്ത; **-y,** *a.* ചലമുള്ള, പഴുപ്പുള്ള, മുഖ്യമായ, കാമ്പുപുഷ്ടിയുള്ള; **-Material,** *a.* ഭൂതാത്മകമായ, ഭൂതമയമായ, ആധിഭൌതികമായ, പാഞ്ചഭൌതികമായ, മൂർത്തമായ, ദ്രവ്യമയമായ, പ്രാകൃതികമായ; ഘനമായ, സ്ഥൂലമായ, അപാരമാർത്ഥികം, ഞനാത്മീയം; സാരവത്തായ, വാസ്തവികമായ; ഗുരുവായ, പരമാർത്ഥമായ, മുഖ്യമായ, ആവശ്യകമായ, പ്രധാനമായ, വിശിഷ്ടമായ; 'm. world ഭൂതസൃഷ്ടി, സ്ഥൂലജഗത്ത്'; 'm. body സ്ഥൂലദേഹം, ജഡദേഹം, ഭൌതികപിണ്ഡം'; 'm. cause പ്രകൃതി, ഉപാദാനം, ഉപാദാനകാരണം'; *n.* സാധനം, ഉപകരണം, ദ്രവ്യം, കാരണം, പ്രകൃതി, പദാർത്ഥം, സാധനവസ്തു; 'all m. s സാമഗ്രികം, സാധനങ്ങൾ, സജ്ജകാം'; 'the m. of cloth വസ്ത്രയോനി, വസ്ത്രപ്രകൃതി'; **-ism,** *n.* ലോകായതം, അനാത്മവാദം, ചാർവാകമതം; **-ist,** *n.* ലോകായതികൻ. അനാത്മവാദി, വിഷയി; **-ity,** *n.* ഭൌതികത്വം, മൂർത്തിമത്വം; **-ize,** *v. t. or v. i.* ഉരുവാകുക, മൂർത്തമാക്കുക, കാണത്തക്കതാക്കുക; **-ly,** *adv.* ഉണ്മയായി, മുഖ്യമായി, അർത്ഥമായി, വസ്തുവായി തത്വമായി, പരമാർത്ഥമായി, സത്തമായി.

Mattock, *n.* പാര, തുരക്കന്നകമ്പി, ഖനിത്രം, ടങ്കം, പാഷാണദാരണം, കൽത്തുരപ്പൻ.

Mattress, *n.* മെത്ത, മൃദ്വാസ്തരം.

Mature, *a.* പഴുത്ത, പക്വമായ, മുററിയ, ചെല്ലേണ്ട, പരിപാകം, പരിണതം, ഫലോന്മുഖം; സമ്പന്നം, പരിപൂർണ്ണം, പ്രൗഢം; *v. t.* പരിപാകപ്പെടുത്തുക, പരിണമിപ്പിക്കുക, പചിപ്പിക്കുക, മുററിക്കുക, മൂപ്പിക്കുക, കഠിനമാക്കുക; *v. i.* പാകമാക, പരിണമിക്കുക, മുററുക, പ്രൌഢീഭവിക്കുക; **-ate,** *v. t.* പചിപ്പിക്കുക, പരിണമിപ്പിക്കുക; *v. i.* പക്വീഭവിക്കുക, പഴുക്കുക, പഴുപ്പുവയ്ക്കുക; **-ation,** *n.* പാകം, വിപരിണതി, പരിണതി, പരിണാമം; പഴുപ്പ്, പഴുപ്പുപോക്ക്'; **-ative,** *a.* പാകമായ, പഴുക്കുന്ന; **-ity, ness,** *n.* പാകം, പരിണാമം, മഴപ്പ്, മുററൽ, പരിണതി, പ്രൗഢദശ, കഠോരത, പ്രൗഢത, സംപൂർണ്ണത; **-ly,** *adv.* പരിണാമത്തോടെ, പാകത്തോടെ; ആലോചിച്ച്, വിമർശിച്ച്'; **-Maturescent** *a.* അപക്വമായ, പരിണാമോന്മുഖമായ.

Matutinal, Matutine, *a.* പുലർവേളയെ സംബന്ധിച്ച, വെളുപ്പാൻകാലത്തുള്ള, പ്രാതഃകാലികം, പകലുള്ള.

Maudlin, *a.* ഇളപ്പമനസ്സായ, കുട്ടിത്തരമായ, മത്തപ്രായമായ.

Mauger, Maugre, *adv.* ആകിലും, ആയാലും.

Maul (mawl), *n.* കൊട്ടാൻ, കൊട്ടുപിടി; *v. t.* കൊട്ടുപിടികൊണ്ട് അറയുക or അടിക്കുക; വിരൂപപ്പെടുത്തുക.

Maund, *n.* എട്ടുവീശം.

Mausoleum (maw-), *n.* അലങ്കാരക്കരിയാല, ചൈത്യം, സമാധി.

Maw, *n.* വയർ, ഉദരം, ജഠരം.

Mawkish, *a.* ചാറില്ലാത്ത, നീരസമായ, നിസ്സത്ത്വമായ, ജുഗുപ്സാവഹമായ.

Maxillar, -illary, *a.* താടിസംബന്ധിച്ച.

Maxim, *n.* സൂത്രം, ഉക്തി, വചനം, വാക്യം, തത്വം, നിയമം, മൊഴി; 'moral m. നീതിവാക്യം, സദുപദേശവചനം'.

Maximum, *n.* ഉത്തമപരിമാണം, ഉച്ചനില, ഉത്തമസംഖ്യ, പരമസംഖ്യ, കൂടിയതുക.

May (mā, *n.* ഇംഗ്ലീഷുവർഷത്തിന്റെ അഞ്ചാമത്തെ മാസം; *aux. v.* അനുവാദമുണ്ടാക, സമ്മതമാക, ആകാം, സംഗതിവരിക, ആക, ആയിരിക്കുക.

Mayhem, *n.* അംഗഭംഗംവരുത്തൽ.

Mayor, *n* നീതിത്തലവൻ, നഗരാധികാരി, നഗരാദ്ധ്യക്ഷൻ.

Maze, *n.* ഗഹനം, കുടിലമാർഗ്ഗം, സുഗഹനസ്ഥാനം; വക്രത, ഗഹനത, വൈഷമ്യം; **-y,** *a.* ഗഹനമായ, വളഞ്ഞ, അതിവക്രമായ.

Me, *pron.* obj. case of I. എന്നെ.

Mead (mēd), *n.* മധു, മധുപാനീയം; *see* **Meadow.**

Meadow, *n.* മൈതാനം, നിലം, പുൽത്തകിടി, കേദാരം; സ്ഥലി, വനസ്ഥലി, ശാദ്വലം; 'm. grass യവസം'; **-y,** *a.* പുൽത്തകിടിയായ.

Meagre (mē'gėr), *a.* മെലിഞ്ഞ, എളിയ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കറഞ്ഞ, സ്വല്പമായ, കൃശമായ, വിരസമായ; അപൂൎണ്ണമായ; **-ly**, *adv.* മെലിഞ്ഞ്, സ്വല്പമായി; **-ness**, *n.* കൃശത, ക്ഷീണത, ക്ഷാമത, ചുരുക്കം, സ്വല്പത.

Meal, *n.* ഊണ്, ഭോജനം, ആഹാരസാധനം, ആഹാരം; മാവ്, മാവുപൊടി; **-y**, *a.* പൊടിയായ, മാവായ; കോമളം, മസൃണം, മൃദു, പൊടിപോലത്ത; 'm. mouthed ചക്കരവാക്കായ, മൃദുഭാഷിയായ, കോമളവാക്കായ'.

Mean, *a.* നടുവായ, ശരാശരിയായ, മദ്ധ്യമായ; മദ്ധ്യം, മദ്ധ്യസ്ഥിതം; ചെറിയ, താഴ്ന്ന, മോശമായ, നീചമായ, അധമമായ, ഹീനം, പ്രാകൃതം, ഗൎഹ്യമായ, തുച്ഛമായ; *v. t.* അൎത്ഥമാക്കുക, ഉദ്ദേശിക്ക, വിചാരിക്ക; ഗമിപ്പിക്ക, സൂചിപ്പിക്ക, ദ്യോതിപ്പിക്ക, നിൎദ്ദേശിക്ക; *n.* ഇടത്തരം, ശരാശരി, മദ്ധ്യപരിമാണം, സമപക്ഷം; ഇട; അന്തരം, അഭ്യന്തരം, അന്തരാളം; പരിമിതത; (means) സാധനങ്ങൾ, ഉപകരണം, ഉപായം, കരണം, ദ്വാരം, യോഗം, ഗതി, സാഹായ്യം, സാമഗ്രി, കാരണം, ഹേതു; ആയം, വരവ്, പണം, ധനം, സാമൎത്ഥ്യം, ശക്തി, ധനാഗമം; 'by no m. അല്ലേഅല്ല, യാതൊന്നുകൊണ്ടുമില്ല'; 'by all m. നിശ്ചയമായിട്ടും, തീൎച്ചയായും'; 'by any m. എങ്ങിനെയെങ്കിലും, ഏതുവിധേനയും'; **-ing**, *n.* അഭിപ്രായം, ഉദ്ദേശം, ആശയം, അൎത്ഥം, താല്പൎയ്യം, ഭാവം, ആകൂതം, ഇംഗിതം, ആകാംക്ഷ; വിവക്ഷ, വിവക്ഷിതം; 'the m. of a word പദാൎത്ഥം'; 'literal m. അവയവാൎത്ഥം, വാക്കിന്റെ വാക്കൎത്ഥം'; 'hidden m. മൎമ്മം, ഗൂഢാൎത്ഥം'; *a.* അൎത്ഥമുള്ള, ആശയമുള്ള; **-ingless**, *a.* അൎത്ഥമില്ലാത്ത, നിരൎത്ഥകം, നിഷ്കാരണം; **-ingly**, *adv.* അൎത്ഥവത്തായി, സാകൂതമായി; **-ly**, *adv.* അഗാധമായി, ദീനമായി, അവജ്ഞയോടെ, അപമാനത്തോടെ; **-ness**, *n.* നീചത, അധമത, കുത്സിതത.

Meander, *n.* ചുററുവഴി, വളഞ്ഞവഴി, കുടിലഗതി; *v. i.* വളഞ്ഞുപോകുക, ചുററിപ്പോകുക, ചുററുക; *v. t.* വളയ്ക്കുക, കുടിലീകരിക്കുക; **-ing**, *a* വളഞ്ഞ, ചുററുള്ള, വക്രം, വിസൎപ്പിയായ.

Measles (mē'zls), *n.* മസൂരിക, അഞ്ചാംപനി.

Measure (mezh'ūr), *n.* അളവ്, മാത്ര, ഉപായം, മാനം, വിഭാഗം, അംശം; പ്രയോഗം, സാധനം, യുക്തി, പ്രവൃത്തി; ഛന്ദസ്, വൃത്തം; താളം, ലയം; അപവൎത്തം; *v. t.* അളക്കുക, ഉദ്ദേശിക്ക, ഗണിക്കുക, വിഭജിക്കുക, ലംഘിക്കുക, അതിക്രമിക്കുക, കടക്കുക; *v. i.* അളവുകൊള്ളുക; **-ed**, *a.* അളവുള്ള, മിതമായ, നിയതമായ; സമം, സമാനം, ധീരം; **-er**, *n.* അളവുകാരൻ, മാപകൻ; **-less**, *a.* അളവില്ലാത്ത, അമിതമായ, അപരിമാണം; **-ment**, *n.* അളവ്, മാപനം, മാനം, പ്രമീതി, പരിമിതി.

Meat (mēt), *n.* ഊണ്, ഇറച്ചി, അന്നം, മാംസം, മാംസാഹാരം; 'seller of m. മാംസികൻ'.

Mechanic, etc. *see* under **Machine.**

Medal, *n.* വിരുതുവില്ല; കീൎത്തിമുദ്ര, മുദ്ര, മെഡൽ; **-list**, *n.* മുദ്രാശാസ്ത്രജ്ഞൻ, മെഡൽകിട്ടിയവൻ.

Medallion, *n.* വലിയ ബിരുദുവില്ല, പതക്കം.

Meddle (med'l), *v. i.* ഇടപെടുക, തലയിടുക; **-er**, *n.* അന്യകാൎയ്യത്തിൽ തലയിടുന്നവൻ; **-ing**, **-some**, *a.* അന്യകാൎയ്യത്തിൽ തലയിടുന്ന; **-someness**, *n.* അന്യകാൎയ്യത്തിൽ ഇടപെടൽ, പരകാൎയ്യചൎച്ച.

Medial, *a.* നടുത്തരമായ, ഇടത്തരമായ, മദ്ധ്യമായ.

Mediate, *v. t.* or *v. i.* ഇടനിലനില്ക്കുക, മാദ്ധ്യസ്ഥംചെയ്യുക, സമാധാനപ്പെടുത്തുക; *a.* ഇടനിലനില്ക്കുന്ന, അന്തൎഗ്ഗതമായ; **-ion**, *n.* ഇടനില, മദ്ധ്യസ്ഥത; **-ly**, *adv.* ഇടനിലകൊണ്ട്, മദ്ധ്യസ്ഥൻമുഖാന്തിരം; **-or**, *n.* ഇടനിലക്കാരൻ, മദ്ധ്യസ്ഥൻ; **-orship**, *n.* മദ്ധ്യസ്ഥാധികാരം, മാദ്ധ്യസ്ഥം.

Medical, *a.* വൈദ്യസംബന്ധമായ, ഔഷധീയം, ആയുൎവ്വേദസംബന്ധമായ; 'm. science ആയുൎവ്വേദം, വൈദ്യശാസ്ത്രം'; 'm. man വൈദ്യൻ, ഭിഷക്'; **-ly**, *adv.* വൈദ്യശാസ്ത്രാനുരൂപമായി.

Medicament, *n.* മരുന്ന്, ഔഷധം, പരിഹാരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Medicaster, *n.* കള്ളവൈദ്യൻ, കൂടചികിത്സകൻ.

Medicate, *v. t.* ചികിത്സചെയ്ക, മരുന്നു കൊടുക്കുക, മരുന്നുകൂട്ടുക, ചികിത്സിച്ചു ഭേദപ്പെടുത്തുക; **-ion,** *n.* മരുന്നുകൂട്ട്, ഔഷധീയമിശ്രണം.

Medicine, (med'sin), *n.* മരുന്ന്, ഔഷധം, ഭേഷജം; ആയുർവേദം, വൈദ്യശാസ്ത്രം; **-al,** *a.* മരുന്നായ, ഔഷധസംബന്ധമായ, ഔഷധീയം, രോഗഹരം, ഗുണമുണ്ടാക്കുന്ന.

Medieval, Mediaeval (-diē-), *a.* ഇടക്കാലത്തുള്ള, മദ്ധ്യകാലത്തുള്ള, മദ്ധ്യകാലീനം.

Mediocre (-kėr), *a.* സാമാന്യമായ, മിതമായ, മദ്ധ്യമമായ, സാധാരണമായ; *n.* സാധാരണഗുണമുള്ളമനുഷ്യൻ; **-Mediocrity,** *n.* മിതം, നടുത്തരം, സാമാന്യത്വം.

Meditate, *v. t. or v. i.* ധ്യാനിക്ക, ചിന്തിക്ക, ഭവിപ്പിക്ക, വിമർശിക്ക, പരികല്പിക്ക, മന്ത്രിക്ക; **-ion,** *n.* ധ്യാനം, ചിന്ത, ഭാവനം(നാ), കല്പനം, അന്തർധ്യാനം, സമാധി, ആത്മൈകാഗ്രത, പ്രണിധാനം, പ്രസംഖ്യാനം; **-ive,** *a.* ചിന്താപരമായ, ധ്യാനപരമായ, ചിന്താശീലമായ, സമാഹിതമായ.

Mediterranean, *a.* നാട്ടിൻനടുവിലുള്ള, ഭൂമദ്ധ്യസ്ഥമായ, മദ്ധ്യദേശീയമായ, കരനടുവിലുള്ള.

Medium, *a.* നടുത്തരമായ, ഇടത്തരമായ, ഇടമട്ടിലുള്ള; *n.* ഇടയ്ക്കുനിന്നുചെയ്യുന്നതു്, സാധനം, ദ്വാരം, കാരണം, നിമിത്തം, ഹേതു, സാമഗ്രി, അംഗം, യോഗം, മാർഗ്ഗം; മദ്ധ്യമത, സാമാന്യപക്ഷം, മദ്ധ്യപക്ഷം.

Medly (med'li), *n.* കലപ്പു്, സന്നിപാതം, പ്രകീർണ്ണകം, നാനാദ്രവ്യസമ്മിശ്രണം, കൂട്ടു്; *a.* കലന്ന, സമ്മിശ്രിതം.

Medulla, *n.* മജ്ജ, മേദസ്സ്; **-ry,** *a.* മജ്ജാസംബന്ധിയായ, മേദോമയമമായ.

Meed, *n.* പ്രതിഫലം.

Meek, *a.* അടക്കമുള്ള, ഒതുക്കമുള്ള, വിനീതമായ, വിനയമുള്ള, അനുദ്ധതമായ, സൌമ്യമായ; ദീനമായ, കൃപണമായ; **-ly,** *adv.* വിനയത്തോടെ, താഴ്മയോടെ; അനുദ്ധതമായി; കൃപണമായി, ദീനമായി; **-ness,** *n.* അടക്കം, താഴ്മ, വിനയം, അഗർവം, അനൌദ്ധത്യം, ദൈന്യം, കാർപ്പണ്യം.

Meet, *v. t.* എതിരേല്ക്കുക, ചേരുക, കൂടുക, സംഗമിക്കുക, സമ്മേളിക്കുക, കണ്ടുമുട്ടുക, അഭിമുഖീഭവിക്കുക; എത്തുക, പ്രാപിക്കുക; *v. i.* ചേരുക, എതിർവരിക, സമ്മേളിക്കുക, ഒന്നിച്ചുകൂടുക; എതിക്കുക, യുദ്ധംതുടങ്ങുക; *a.* തക്ക, ഉചിതമായ, യോഗ്യമായ, ഉപപന്നമായ; **-ly,** *adv.* തക്കതായി, യോഗ്യമായി; **-ness,** *n.* ഔചിത്യം, യുക്തത; **-ing,** *n.* സമാഗമം, കൂട്ടം, ചേർച്ച, സംഗം, സമ്മിളനം, സംയോഗം; സഭ, സമാജം, മേളകം, സദസ്സ്, പരിഷത്ത്, ജനസമുദായം; 'member of a m. സഭ്യൻ, സദസ്യൻ'.

Megalomania, *n.* അഹംഭാവം, ഞാനെന്നുള്ളവിചാരം, അഹംമന്യത.

Megrim, *n.* തലവേദന, കപാലശൂലം; മനച്ചടവു്; *see* **Humour.**

Melancholy (-kol-i), *a.* വിഷണ്ണം, വിഷാദമുള്ള, ഖിന്നമായ, ദുർമ്മനസ്സായ, വിമനസ്സായ, ദീനമനസ്സുനായ, ചിന്താശീലനായ, ചിന്താകുലം; *see* **Dejected;** നിത്യവിഷണ്ണമായ, വിഷാദാത്മകം, ശോകഗർഭം; *n.* വിഷാദം, അവസാദം, ഖേദം, ഉദ്വേഗം, ഗ്ലാനി, നിർവേദം, ദീനത; **-ic,** *a.* സദാവിഷാദിയായ; **-ia,** *n.* വിഷാദരോഗം; **-ily,** *adv.* വിഷാദത്തോടെ, ഉദ്വേഗത്തോടെ.

Melee, (mālā'), *n.* ശണ്ഠ, കഴപ്പം, പോർ, സങ്കുലയുദ്ധം.

Meliorate, *v. t.* ശേലാക്കുക; *v. i.* ശേലാക്കുക, നന്നാക്കുക; *see* **Improve.**

Melliterous, *a.* തേൻകനിയുന്ന, തേൻതരുന്ന.

Mellifluous, *a.* തേൻപൊഴിയുന്ന, മധുരമായ, മധുസ്യന്ദിയായ; മധുരവാക്കായ; **-ly,** *adv.* മധുരമായി; **-ness,** *n.* മാധുര്യം, മധുപ്രവാഹം, തേൻപൊഴിച്ചിൽ.

Mellow (mel'ō), *a.* കനിഞ്ഞ, കനിയായ, പക്വമായ, പരിണതമായ; മൃദുവായ, കോമളമായ, മിനുസമായ; *v. i.* പചിക്കുക, പാകംചെയ്യുക, മൃദുകരിക്ക; *see* **Mature;** **-ness,** *n.* പക്വത, പരിപാകം, കോമളത, മാർദ്ദവം.

Melodrama, *n.* അത്ഭുതമായനാടകം.

Melody, *n.* സുസ്വരം, ശ്രുതി, സ്വരമാധുര്യം, മാധുര്യം, ശ്രോത്രാഭിരാമത, രാഗം; **Melodious,** *a.* ഇനിയ, ഇമ്പമായ, മധുരം, ശ്രുതിമനോഹരം, മഞ്ജു, കളം, **-ly,**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

adv. മധുരമായി, കളമായി, സുസ്വര ത്തിൽ; **-ness**, *n.* മാധുര്യം.

Melon, *n.* മധുരക്കമ്മട്ടിക്കായ്.

Melt, *v. i.* അലിയുക, ഉരുകുക, ആർദ്രമാകുക, ക്ഷരിക്കുക, ആർദ്രീഭവിക്കുക; ദയാർദ്രീഭവിക്കുക, കാരുണ്യംകൊണ്ടലിയുക; *v. t.* ഉരുക്കുക, അലിക്കുക, വിലയിപ്പിക്കുക; **-er**, *n.* ഉരുക്കുന്നവൻ, ദ്രാവകൻ, **-ing**, *n.* അലിവ്, ഉരുക്കൽ, ദ്രവം, വിലയനം, ഗളനം, ദ്രാവണം, വിലായനം.

Member, *n.* അംഗം, അവയവം; (of a discourse etc) അംഗം, പ്രകരണം, ഖണ്ഡം, ഛേദം, വിഭാഗം, അംശം; സഭ്യൻ, സദസ്യൻ, സാമാജികൻ; **-ed**, *a.* അംഗിയായ, അവയവിയായ; **-ship**, *n.* സഭ്യസ്ഥിതി, സഭ്യപദം.

Membrane, *n.* നനുത്തതോൽ, തൊലി, ചർമ്മം; **-ous**, *a.* നനുത്തതൊലിപോലുള്ള.

Memento, *n.* സ്മരണം, സ്മാരകം.

Memoir, (mem'wor), *n.* ചരിത്രം, വൃത്തം, കുറിപ്പ്, വൃത്താന്തം, ഇതിഹാസം.

Memory, *n.* ഓർമ്മ, സ്മരണം, സ്മൃതി, സ്മരണശക്തി, ധാരണ; സ്മാർത്തകാലം, സ്മൃതികാലം; 'retentive m. മേധ, ധാരണാവതിയായ ബുദ്ധി'; having retentive m. മേധാവി, ധാരണാവത്തായ'; 'commit to m. കണ്ഠസ്ഥമാക്കുക, കാണാപ്പാഠംപഠിക്കുക, ഹൃദയസ്ഥമാക്കുക'; 'loss of m. ഓർമ്മകേട്, സ്മൃതിലോപം'; 'time beyond m. അസ്മാർത്തകാലം'; **-able**, *a.* ഓർമ്മിക്കത്തക്ക, സ്മർത്തവ്യമായ, സ്മരണാർഹം, വിഖ്യാതം, പ്രസിദ്ധം; **-Memorandum**, *n.* ഓർമ്മക്കുറിപ്പ്, യാദാസ്ത, സ്മരണലേഖനം; **-Memorial**, *a.* ഓർമ്മയെനിലനിർത്തുന്ന, സ്മാരകം; *n.* ഓർമ്മസ്ഥാപനം, സ്മാരകം, സ്മരണചിഹ്നം; അർജി, ഹർജി, ആവേദനം, വിജ്ഞപത്രം; **-ist**, *n.* ഹർജിക്കാരൻ; **-ize**, *v. t.* വിജ്ഞാപനംചെയ്യുക, അറിയിച്ചുപ്രാർത്ഥിക്കുക or അഭ്യർത്ഥിക്കുക.

Men, *n.* pl. മനുഷ്യർ.

Menace, *v. t.* പേടിപ്പിക്ക, ഭയപ്പെടുത്തുക; *n.* പേടിപ്പിക്കൽ, ബിഭീഷിക, ഭയദർശനം; **-er**, *n.* പേടിപ്പിക്കുന്നവൻ, ഭർത്സിക്കുന്നവൻ; **-ing**, *a.* ഭയപ്രദമായ, പേടിയുണ്ടാക്കുന്ന.

Menagerie, Menagery (-aj'-), *n.* കാട്ടുമൃഗക്കൂട്ടം.

Mend, *v. t.* പുതുക്കുക, നന്നാക്കുക, നവീകരിക്കുക; *v. i.* ഉൽക്കർഷപ്പെടുക, ഉന്നതിപ്പെടുക, വർദ്ധിക്കുക; **-er**, *n.* നന്നാക്കുന്നവൻ, കേടുപോക്കുന്നവൻ, സന്ധാതാവ്, ഉദ്ധർത്താവ്; **-ing**, *n.* നന്നാക്കൽ, കേടുപോക്കൽ, ശരിപ്പെടുത്തൽ.

Mendacious, *a.* കള്ളമായ, പൊയ്യായ.

Mendacity, *n.* കള്ളം, പൊയ്ചൊൽ.

Mendicant, *n.* പിച്ചക്കാരൻ, ആണ്ടി, തെണ്ടി, ഭിക്ഷു; (religious) പരിവ്രാട്, പരിവ്രാജകൻ, യോഗി, സന്ന്യാസി; **-Mendicancy, -Mendicity**, *n.* ഇരപ്പ്, തെണ്ടൽ, ഭൈക്ഷ്യം, ഭിക്ഷ, യാചന, പ്രവ്രജ്യ.

Menial, *a.* ഇഴിവായ, നീചമായ, താഴ്ന്ന, അടിമയായ; *n.* ഊഴിയക്കാരൻ, വേലക്കാരൻ, പ്രേഷ്യൻ, ദാസൻ, കിങ്കരൻ.

Meniscus, *n.* അർദ്ധചന്ദ്രൻ, പഞ്ചമിച്ചന്ദ്രൻ.

Menology, *n.* മാസപ്പട്ടിക.

Menopause, *n.* ആർത്തവംനിന്നുപോകൽ.

Menses, (-sēz), *n.* pl. ഋതു, ആർത്തവം, പൂപ്പ്, തീണ്ടാരി, പുഷ്പം, രജസ്.

Menstrual, (-strö-), *a.* മാസംതോറും സംഭവിക്കുന്ന, മാസികം, മാസ്യം, മാസീയം, പ്രതിമാസികം; 'm. time ഋതു, ഋതുകാലം'; 'm. discharge പുറത്തുപോകൽ,ഋതുവാകൽ'; **-Menstruate**(-strö-), *v. i.* രജസ്വലയാകുക, ഋതുമതിയാകുക, പുഷ്പിണിയാകുക, പൂക്കുക; **-ion**, *n.* ഋതുസ്രാവം; **-Menstruous**, *a.* ഋതുവായ, ആർത്തവസംബന്ധമായ.

Menstruum (-ströum), *n.* ദ്രാവണം, വിദ്രാവകരസം.

Mensurable (-shu-), *a.* അളക്കാവുന്ന, പ്രമേയമായ, മാപ്യമായ.

Mensurate, *v. t.* അളക്കുക; *see* **Measure**; **-ion**, *n.* അളവ്, പരിമാണം, മാപനം.

Mental, *a.* മാനസികം, മാനസം, ചിത്തഗതമായ, മനോഭവമായ; 'm. distress മനസ്താപം'; **-ly**, *adv.* മനസ്സുകൊണ്ട്, ബുദ്ധികൊണ്ട്.

Mention, (men'shun), *n.* കുറിപ്പ്, പ്രസ്താവം, ആഖ്യാനം, ആവേദനം, ഉച്ചാര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണം, നിർദ്ദേശം, നാമഗ്രഹണം; *v. t.* പറയുക, കറിക്കുക, തെയ്യപ്പെടുത്തുക, നിർദ്ദേശിക്കുക, സ്മരിപ്പിക്കുക; **-ed,** *a.* സൂചിപ്പിച്ച, പറഞ്ഞ, ഉക്തമായ, നിർദ്ദിഷ്ടം, സ്മൃതം.

Mentor, *n.* ഉപദേശകൻ, ഉപദേഷ്ടാവ്.

Menu, *n.* ഊൺചടങ്ങുചീട്ട്, വിഭവപ്പട്ടിക, ഭോജനപ്പട്ടിക.

Mephitic, -cal, *a.* നാററമുള്ള, ദുർഗ്ഗന്ധമുള്ള, പ്രാണഹരമായ.

Mercenary, *a.* പണത്തിനുവശപ്പെടുന്ന, കൂലിക്കുചെയ്യുന്ന, അത്ഥപരവശമായ, ലാഭാത്ഥിയായ; 'from m. motives ലാഭേച്ഛയാൽ, ലാഭേച്ഛയാൽ; കൂലിആവശ്യപ്പെടുന്ന'; *n.* കൂലിക്കാരൻ, ഭൃതകൻ, വൈതനികൻ, വേതനാത്ഥി; **-ly,** *adv* നേട്ടം നോക്കിക്കൊണ്ട്, ലാഭേച്ഛയോടെ, സ്വാത്ഥബുദ്ധിയോടെ; **-ness,** *n.* ലാഭേച്ഛ, ലാഭബുദ്ധി, ലാഭാപേക്ഷ.

Mercer, *n.* ജവുളിവ്യാപാരക്കാരൻ; **-y,** *n.* ജവുളിവ്യാപാരം.

Merchant, *n.* വലിയകച്ചവടക്കാരൻ, കുത്തകക്കച്ചവടക്കാരൻ; *a.* കച്ചവടംചെയ്യുന്ന, കച്ചവടത്തിനുള്ള; **-able,** *a.* കച്ചവടത്തിനുപററിയ, വിലയാകുന്ന, മുതലാകുന്ന, മുതൽപിരിയുന്ന; **-Merchandise,** *n.* കച്ചവടസാമാനം, ചരക്ക്, കച്ചവടം, വാണിജ്യം; 'm. man വ്യാപാരക്കപ്പൽ'; **-Mercantile,** *a.* കച്ചവടസംബന്ധമായ.

Mercury, *n.* രസം (ലോഹം), ബുധൻ (ജ്യോതിഷം), ദൂതൻ, വത്തമാനപ്പത്രം'; 'white sublimate of m. രസകർപ്പൂരം'; 'sulphuret of m. കജ്ജളി'; **-al,** *a.* വേഗമുള്ള, ചുറുക്കുള്ള, പണംസമ്പാദിക്കുന്ന, രസംകൂട്ടിയ; *n.* ചുണയുള്ളവൻ, ചപലൻ, രസംകൂട്ടിയ ഔഷധം.

Mercy (mėr'si), *n.* കരുണ, ഇരക്കം, മന്നിപ്പ്, കൃപ, അനുകമ്പ; പ്രസാദം, അനുഗ്രഹം; ക്ഷമ, തിതിക്ഷ; 'fountain of m. ദയാനിധി'; **-ful,** *a.* ദയാലുവായ, കൃപാലുവായ, കരുണാശീലമായ, വത്സലമായ; **-fully,** *adv.* ദയയോടെ, സദയം, സാനുകമ്പം, കരുണയോടെ; **-fulness,** *n.* ദയ, കൃപ, വാത്സല്യം, അലിവ്; **-less,** *a.* നിർദ്ദയമായ, നിഷ്കരുണമായ, കടുപ്പമായ, അലിവില്ലാത്ത, കഠോരമായ, നിഷ്ഠുരമായ; **-lessly,** *adv.* നിർദ്ദയമായി, നിഷ്ഠുരമായി, കരുണയില്ലാതെ.

Mere (mēr), *a.* ശുദ്ധമായ, കലപ്പില്ലാത്ത, കേവലമായ; *n.* പൊയ്ക, സരസ്, ഹ്രദം; *see* **Lake;** പര്യന്തം സീമ, *see* **Boundary; -ly,** *adv.* കേവലമായി, തീരെ, മാത്രം, തന്നിയെ.

Meretricious (-shus), *a.* കൃത്രിമശോഭമായ, ബാഹ്യരുചിരമായ, പകിട്ടുള്ള; മോഹിനിയെസംബന്ധിച്ച, വേശ്യാംഗനാസംബന്ധമായ; **-ly,** *adv.* മിഥ്യാശോഭയോടെ, വെറുംപകിട്ടോടെ.

Merge (mėrj), *v. i.* അമിഴ്ന്നുപോകുക, അമുങ്ങുക, പുതയുക, നിമജ്ജിക്കുക, വിലയിക്കുക; *v. t.* അമുക്കുക, പുതയ്ക്കുക, നിമജ്ജിപ്പിക്കുക; നശിപ്പിക്കുക; വിലയിപ്പിക്കുക; **-Mersion,** *n.* പുതയൽ, അവഗാഹനം.

Meridian, *n.* നട്ടുച്ച, മദ്ധ്യാഹ്നം, ദിനമദ്ധ്യം, മദ്ധ്യാഹ്നസമയം, ആകാശമദ്ധ്യം; 'distance from the first m. രേഖാന്തരം, അക്ഷാന്തരം, പരാകോടി, പരാകാഷ്ഠ'; *a.* മാദ്ധ്യാഹ്നികം, ഉച്ചയ്ക്കുള്ള; ആകാശമദ്ധ്യസംബന്ധിയായ; ഉത്തമമായ, പരമമായ.

Meridional, *a.* ദക്ഷിണദേശീയമായ, ദക്ഷിണാഭിമുഖമായ.

Merit, *n.* ഗുണം, യോഗ്യത, ഉൽകർഷം, ശ്രേഷ്ഠത, വിശിഷ്ടത, ഗുണോൽകർഷം; (M. s) ഗുണാഗുണങ്ങൾ, ഗുണദോഷങ്ങൾ; പുണ്യം, ധമ്മം, സുകൃതം, ശ്രേയസ്; *v. t.* അർഹിക്ക; **-ed,** *a.* യുക്തമായ, ഉചിതമായ; *see* **Proper; -Meritorious** (-us), *a.* പ്രശസ്യം, ശ്ലാഘ്യം, പ്രശസ്തം, ശ്ലാഘാർഹം, പ്രശംസാർഹം; ഗുണമുള്ള, ഗുണിയായ, ഗുണസമ്പന്നമായ; പുണ്യശീലമായ, പുണ്യാത്മകമായ; **-ly,** *adv.* ശ്ലാഘ്യതയോടെ, പ്രശസ്യമായി; **-ness,** *n.* ഗുണവത്ത, പാത്രത, യോഗ്യത.

Mermaid, *n.* മത്സ്യാംഗന, മത്സ്യസ്ത്രീ.

Merry, *a.* ഉല്ലാസമായ, കളിയായ, ഹൃഷ്ടമായ, വിലാസിയായ, വിനോദിയായ, ഹാസ്യകരമായ; **-ly,** *adv.* ഉല്ലാസത്തോടെ, കളിയായി, സോല്ലാസം, സാനന്ദം; **-ment,** *n.* ഉല്ലാസം, കളി, വിനോദം, വിലാസം, ആഹ്ളാദം, ഹാസ്യം, ഉത്സവം, വേല;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'what is said in m. നേരംപോക്ക്', ഹാസ്യവിനോദം, വിനോദോക്തി'; **-ness,** *n.* ഏഷ്ഷത, ആനന്ദവൃത്തി, ഉല്ലാസം, വിനോദം.

Merryandrew (-drö), *n.* കോമാളി, വിദൂഷകൻ.

Meru, *n.* മേരു, സുമേരു, ഹേമാദ്രി, രത്നസാനു, സുരാലയം.

Mesentery, *n.* ആന്ത്രപേശി.

Mesh, *n.* വലക്കണ്ണ്, ചല്ലടം; pl. വല; *v. t.* വലയിൽപിടിക്കുക; **-y,** *a.* വലയുടെരൂപത്തിലുള്ള.

Meslin, *n.* മിശ്രധാന്യം, ധാന്യമിശ്രണം.

Mesmerism, *n.* വശീകരണം മന്ത്രവിദ്യ, ജീവാകർഷണം; **-meric, -merical,** *a.* മന്ത്രികംകൊണ്ടുള്ള; **-Mesmerist,** *n.* മാന്ത്രികൻ, വശ്യപ്രവൃത്തിക്കാരൻ; **-ise, -ize,** *v. t.* മോഹിപ്പിക്കുക, മയക്കുക, പാട്ടിലാക്കുക.

Mess, *n.* ഊണ്, അന്നം, അന്നപാത്രം, സദ്യ, സഹഭോജനക്കാർ, കലപ്പ്, സങ്കരം; *v. i.* ഒത്തിരുന്നുണ്ണുക, പന്തിഭോജനംചെയ്യുക; *v. t.* കലത്തുക, സമ്മിശ്രമാക്കുക.

Message, *n.* ചെയ്തി, വർത്തമാനം, സന്ദേശം, വാചികം, സന്ദേശവാക്ക്, ദൌത്യം; **-Messenger,** *n.* ദൂതൻ, ആൾ, സന്ദേശഹരൻ, പ്രേഷ്യൻ; 'female m. ദൂതി, ദൂതിക'.

Messiah, *n.* ആത്മമോചകൻ, ക്രിസ്തു.

Messieurs (mes'yérz), *n. pl.* ശ്രീമാന്മാർ.

Messuage (-wāj), *n.* വീടുംതോട്ടവും, വാസഗൃഹം, ഗൃഹവാടിക.

Metabolism, *n.* ജീവവസ്തുവിൻ തത്ത്വപരിണാമം.

Metacarpus, *n.* മണിബന്ധം, കരഭം, പീലി കൈക്കുഴ.

Metachronism, *n.* ന്യൂനകാലനിരൂപണം, അബദ്ധകാലപ്രസ്താവം,

Metal, *n.* ലോഹം, ധാതു, തൈജസം; 'base m. കുപ്യം'; 'fused m. രസധാതു, ധാതുരസം'; 'inferior m. ഉപധാതു'; **-lic, -lical,** *a.* ലോഹസംബന്ധമായ, ധാതുസംബന്ധമായ; ലോഹമയമായ; **-list,** *a.* ലോഹജ്ഞൻ, ലോഹപരിശോധകൻ, ധാതുജ്ഞൻ; **-Metalliferous,** *a.* ലോഹപ്രദമായ; **-Metalliform,** *a.* ലോഹസദൃശമായ, ലോഹാകാരമായ; **-Metallography,** *n.* ലോഹശാസ്ത്രം, ലോഹവിദ്യ; **-Metallurgy,** *n.* ലോഹപ്രവൃത്തി, ധാതുശോധനം.

Metamorphose, *v. t.* രൂപംമാറ്റുക, ആകൃതിഭേദംവരുത്തുക; **-ed,** *a.* രൂപംമാറ്റപ്പെട്ട, പരിണതരൂപമായ; **-Metamorphosis,** *n.* ആകൃതിമാറ്റം, രൂപപരിണാമം, രൂപാന്തരം, ശരീരവികാരം.

Metaphor, *n.* രൂപകം, ലക്ഷണം, ആരോപം, ഉപചാരം; ദൃഷ്ടാന്തം, നിദർശനം; **-ic, -ical,** *a.* ഔപചാരികമായ, ലാക്ഷണികമായ, സരൂപകമായ, ആരോപിതമായ; **-ically,** *adv.* ഔപചാരികമായി.

Metaphysic, -ical (fiz'ik-), *a.* ആന്വീക്ഷികമായ, ആദ്ധ്യാത്മികമായ, ആത്മജ്ഞാനപരമായ; **-ally,** *adv.* ആത്മവിദ്യാനുസാരമായി; **-ian,** *n.* ആന്വീക്ഷികീജ്ഞൻ, അദ്ധ്യാത്മവിദ്യക്കാരൻ, ജ്ഞാനി; **-Metaphysics** (met-a-fiz'iks), *n.* മനഃശാസ്ത്രം, തത്ത്വശാസ്ത്രം, വേദാന്തം, അദ്ധ്യാത്മവിദ്യ, ആത്മതത്ത്വശാസ്ത്രം.

Metastasis, *n.* (pl. ses), പുനർജ്ജന്മം, രോഗസ്ഥലാന്തരം; പോഷണപരിണാമം; **-tatic,** *a.* വികാരിയായ, പരിണാമസംബന്ധമായ.

Metatarsus, *n.* പ്രപദം, ഉപ്പൂറ്റി, പാദാസ്ഥി; **-Metatarsial,** *a.* പാദസംബന്ധമായ.

Metathesis, *n.* (pl. ses), മൊഴിമാറ്റം, വർണ്ണവ്യത്യാസം.

Mete (mēt), *v. i.* വിധിക്കുക, നിയമിക്കുക, പകുത്തുകൊടുക്കുക.

Metempsychosis (-sikō'sis), *n.* പുനർജ്ജന്മം, ജന്മാന്തരം.

Meteor (mē'tē-or), *n.* ജ്യോതിസ്, ഉല്ക, ഉൽപാതം, കൊള്ളിമീൻചാട്ടം; **-ic,** *a.* കൊള്ളിമീനിൽനിന്നുണ്ടായ, ഉല്കോത്ഭവം; **-ous,** *a.* ഉല്കാത്മകമായ; **-Meteorology,** *n.* അന്തരിക്ഷവിദ്യ, നഭശ്ശാസ്ത്രം.

Meter, *n.* അളവുകോൽ, അളക്കുന്ന ഉപകരണം, മാപകം.

Methinks, *v. imp.* എനിക്കു തോന്നുന്നു.

Method, *n.* രീതി, പ്രകാരം, മാർഗ്ഗം, വിധി, പദ്ധതി, വഴി, സമ്പ്രദായം; വ്യവസ്ഥ, ക്രമം, പര്യായം, വ്യൂഹനം, വിന്യാസം, ക്രമ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെടുത്തൽ, വ്യവസ്ഥാപനം, നിയമം; **-ical,** *a.* അടുക്കുള്ള, രീതിയുള്ള, പദ്ധതിയാക്കപ്പെട്ട, യഥാക്രമം, അനുപൂർവ്വം; (of persons) ക്രമാനുസാരിയായ, നിയമാനുസാരിയായ, ക്രമശീലമുള്ള; **-ically,** *adv.* ക്രമമായി, അനുക്രമമായി; **-icalness,** *n.* വ്യവസ്ഥ, ക്രമശീലത, അടുക്ക്; **-ism,** *n.* നിയമനിഷ്ഠ; **-ist,** *n.* നിയമനിഷ്ഠൻ, കർമ്മനിഷ്ഠൻ; **-ize,** *v. t.* വിരചിക്കുക, വിന്യസിക്കുക.

Meticulous, *a.* സങ്കോചമുള്ള, ഏറെക്കരുതലുള്ള, അതിശ്രദ്ധയുള്ള.

Metonymy, *n.* ലക്ഷണാലംകാരം.

Metre (me'tėr), *n.* വൃത്തം, ഛന്ദസ്സ്; **-Metric, -al,** *a.* ഛന്ദോബദ്ധമായ, വൃത്താത്മകമായ, ഛന്ദസമായ, പദ്യരൂപമായ.

Metropolis, *n.* രാജധാനി, തലസ്ഥാനം; **-Metropolitan,** *a.* തലസ്ഥാനത്തുള്ള, രാജധാനീയമായ; *n.* ശ്രേഷ്ഠഗുരു.

Mettle, *n.* തേജസ്, സത്വം, ഉത്സാഹം, വീര്യം, ഓജസ്, പ്രഭാവം, പൗരുഷം; **-ed, -some;** 'of great m.,' 'high m. തേജസ്വിയായ, പരമോത്സാഹമുള്ള, വീര്യവത്തായ.

Mew (mū), *n.* പൂച്ചകരച്ചിൽ; പഞ്ജരം, കൂട്, ബന്ധനം, നിരോധം, ബന്ധനാഗാരം, ഗുപ്തി; ഒരുവക കടൽപക്ഷി; *v. t.* കൂട്ടിലടയ്ക്കുക.

Mewl (mūl), *v i.* അഴുതുക, കരയുക, കുട്ടി കരയുക, കീച്ചിടുക.

Mews, *n.* (pl.) കുതിരപ്പന്തി, കുതിരാലയം; ഇടവഴി.

Miasma, *n.* വിഷവായു, നഞ്ചുകാററ് pl.

Mica, *n.* അഭ്രകം; **-Micaceous** (-shus), *a.* അഭ്രകമുള്ള.

Mice (mis), *n.* pl. of mouse.

Michael-mas (mik'el) മൈക്കൽമാസ് കാലം, ശരത്കാലം.

Mickle, *a.* വളരെ, ഏറെ, വലിയ.

Microbe, *n.* രോഗജനകകീടം, സുഖക്കേടുണ്ടാക്കുന്ന കൃമി, സൂക്ഷ്മജന്തു.

Microcosm, *n.* സൂക്ഷ്മജഗത്, മനുഷ്യൻ.

Microscope (-skōp), *n.* ഭൂതക്കണ്ണാടി, സൂക്ഷ്മദർശനയന്ത്രം.

Micturition, *n.* മൂത്രവിസർജ്ജനം, അതിമൂത്രരോഗം, മൂത്രോത്സർഗ്ഗേച്ഛ.

Mid, *a.* ഇടയായ, ഇടയ്ക്കുള്ള, മദ്ധ്യമമായ, പകുതി; 'm. course അർദ്ധമാർഗ്ഗം, അർദ്ധപഥം'; 'm. day ഉച്ച, മദ്ധ്യാഹ്നം'; (a) ഉച്ചയ്ക്കുള്ള, മാദ്ധ്യംദിനമായ; 'm. heaven ആകാശമദ്ധ്യം'; 'm. land ഇടനാട്ടിലുള്ള, മദ്ധ്യദേശീയമായ, ദേശമദ്ധ്യവർത്തിയായ'; 'm. night പാതിരാത്രി, അർദ്ധരാത്രി, അർദ്ധരാത്രം, രാത്രിമദ്ധ്യം'; 'm. summer മദ്ധ്യവേനൽ, നിദാഘമദ്ധ്യം', 'm. way വഴിനടുവ്, അർദ്ധമാർഗ്ഗം'; *adv.* വഴിനടുവിൽ, ഇടയ്ക്കുവച്ച്; 'm. wife സൂതിക, പതിച്ചി, സവിക'; 'm. wifery പ്രസവകാര്യം, പ്രസവമെടുപ്പ്, സൂതികർമ്മം, പ്രസവവിദ്യ'; 'm. winter ശിശിരമദ്ധ്യം'; **-Middle,** *a.* ഇടയ്ക്കുള്ള, പാതിയായ; *n.* നടുവ്, മദ്ധ്യഭാഗം, മദ്ധ്യസ്ഥലം, അഭ്യന്തരം, ഇടഗം; 'in the m. of the ocean കടൽനടുവിൽ'; 'the m. classes മദ്ധ്യമജാതിക്കാർ, മദ്ധ്യമവർണ്ണക്കാർ'; 'm. aged മദ്ധ്യമവയസ്സനായ'; 'm. finger നടുവിരൽ'; 'm. man മദ്ധ്യസ്ഥൻ'; **-ing,** *a.* മദ്ധ്യമമായ, നടുവായ, സാധാരണമായ; **-Midst,** *n.* ഇട, മദ്ധ്യം; 'In the m. മദ്ധ്യത്തിൽ, ഇടയിൽ'; 'from the m. ഇടയ്ക്കുനിന്നും, മദ്ധ്യത്തുനിന്നും'.

Midden (mid'n), *n.* കുപ്പക്കുന്ന്, ചവററുകുന്ന്, ചളിക്കുണ്ട്; 'm. crow കാക്ക'.

Mien (men), *n.* വടിവ്, ആകാരം, രൂപം, വദനാകൃതി; 'with a dejected m. ഖിന്നവദനനായി'.

Might (mīt), *n.* ഊക്ക്, ബലം, ശക്തി, കെല്പ്, തേജസ്സ്, ശൗര്യം, പരാക്രമം, പ്രഭാവം; *see* **Strength; -Mighty,** *a.* ശക്തിമുഴുത്ത, പ്രബലമായ, വിക്രാന്തമായ; മഹത്തായ, വിശാലമായ, വിഭൂതിമത്തായ; 'm. lord മഹേശ്വരൻ, അധീശ്വരൻ'; **-ily,** *adv.* ബലാത്താരെ, വിക്രമത്തോടെ, അധികമായി, അന്ത്യമായി, അതിമാത്രമായി; **-ness,** *n.* സാമർത്ഥ്യം, പ്രഭാവം, വീര്യം.

Migrate, *v. i.* കുടിയേറുക, വിദേശത്തു കുടിയേറിപ്പാർക്കുക, നിർഗ്ഗമിക്കുക; **-ion,** *n.* കുടിയേറിപ്പാർപ്പ്, പര്യടനം, ദേശാന്തരഗമനം; **-ory,** *a.* സഞ്ചാരശീലമുള്ള, കുടിയേറിപ്പാർപ്പുശീലമുള്ള, പര്യടനശീലമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Mikado, *n.* ജപ്പാൻചക്രവർത്തി.

Milch, *a.* പാൽകൊടുക്കുന്ന; **-cow,** *n.* കറവപ്പശു, ക്ഷീരിണി, ദുഗ്ദ്ധവതി.

Mild, *a.* മൃദുവായ, കോമളമായ, സൗമ്യമായ, അപ്രഖരമായ, അനുഗ്രമായ, സുകുമാരമായ, ശാന്തമായ; സദയമായ, കൃപാലുവായ, ക്ഷമാശീലമായ, സൌമ്യപ്രകൃതിയായ; *see* **Innocent also;** 'm. means സാമം, സാമോപചാരം, സാമോപായം'; 'm. speech സാന്ത്വവാദം, മൃദുഭാഷണം'; **-ly,** *adv.* മെല്ലെ, പതിയെ, മൃദുവായി, മാർദ്ദവത്തോടെ, സാമോപായത്തോടെ, സാമോപചാരങ്ങളാൽ; **-ness,** *n.* മാർദ്ദവം, കോമളത, സൌമ്യത, ശാന്തി; പ്രകൃതിമൃദുത കോമളസ്വഭാവം.

Mildew (mil'dū), *n.* പൂപ്പ്, കരിമ്പൻ, കരിമ്പായൽ, പൂഞ്ച്.

Mile (mīl), *n.* 1760 ഗജം (5280 അടി) ദൂരം; ഒരു ക്രോശത്തിന്റെ പകുതിദൂരം; **-eage** (mīl'āj), *n.* ഒരുമയിലിനുള്ള ദൂരം, മൈൽക്കൂലി, മൈൽപടി.

Militant, *a.* പൊരുന്ന, സമരശീലമായ, രണോദ്യതമായ.

Military, *a.* യുദ്ധസംബന്ധമായ, ക്ഷാത്രമായ, പോർത്തൊഴിലുള്ള; യുദ്ധപ്രവൃത്തമായ, ആയുധജീവിയായ; 'm. preparation യുദ്ധസന്നാഹം, യുദ്ധസാമഗ്രി'; 'm. profession or life പടയാളിജീവിതം, ആയുധവൃത്തി, സൈനികവൃത്തി'; 'm. caste ക്ഷത്രിയജാതി, ക്ഷത്രിയവർഗ്ഗം'; 'a man of the m. class ക്ഷത്രൻ, ക്ഷത്രിയൻ, രാജന്യൻ, വിരാട്, ബാഹുജൻ, മൂർദ്ധാഭിഷിക്തൻ'; 'a woman of the m. class ക്ഷത്രിയ, ക്ഷത്രിയാണി'; 'm. man പോരാളി, പടയാളി, യോദ്ധൻ, വീരൻ, സൈനികൻ'; 'm. duty ക്ഷാത്രധർമ്മം, യോദ്ധധർമ്മം'; 'm. science യുദ്ധശാസ്ത്രം; *n.* പട്ടാളം, സൈന്യം, ക്ഷത്രഗണം.

Militate, *v. i.* പ്രതിരോധിക്കുക, എതിർക്കുക, എതിർത്തു യുദ്ധംചെയ്യുക.

Militia (milish'a), *n.* കൂട്ടപ്പട, നാട്ടുപട, സംരക്ഷകസൈന്യം, രാഷ്ട്രസേന.

Milk, *n.* പാല്, രസം, പയസ്, ക്ഷീരം, ഗോരസം, ഗവ്യം; 'fresh m. പീയൂഷം'; 'made of m. പായസ്യം'; 'coagulated m. ദധി, തൈര്'; 'm. livered പേടിയുള്ള, കാതരമായ, ക്ലീബഹൃദയമായ, ഭീരുവായ'; 'm. maid പാൽക്കാരത്തി, ഗോപകന്യ, ആഭീരി, ഇടയത്തി'; 'm. man ഗോപൻ, ഇടയൻ'; 'm. pail, -pan പാൽക്കുഴ, പാൽപാത്രം, ക്ഷീരഭാജനം'; 'm. sop ഭീരു, അല്പക്കാരൻ'; *v. t.* കറക്കുക, പാൽകറക്കുക, പൈകറക്കുക; **-er,** *n.* കറക്കുന്നവൻ, കറവക്കാരൻ, ദോഗ്ദ്ധാവ്, ദോഹകൻ; **-y,** *n.* പാലുള്ള, ക്ഷീരിയമായ; പാലുതരുന്ന; 'm. way പാൽവഴി, വിയദ്ഗംഗ'; *see* **Galaxy;** പേടിയുള്ള, കാതരമായ, സൗമ്യ; *see* **Mild.**

Mill, *n.* മില്ല്, ചക്രം, പേഷണി, പൊടിപ്പൻയന്ത്രം; *v. t.* പൊടിക്കുക; മുഷ്ടികൊണ്ടടിക്കുക, പ്രഹരിക്കുക; **-er,** *n.* തിരുപ്പയന്ത്രക്കാരൻ, മില്ലുകാരൻ.

mille (mil), *n.* ആയിരം.

Millennium, -Millenary, *a.* ആയിരം ആണ്ട്, സഹസ്രസംവത്സരം, ആയിരവർഷക്കാലം; **-Mellennial, -Millenarian,** *a.* ആയിരമാണ്ടുക്കുള്ള, സഹസ്രവർഷീയമായ, സഹസ്രവാർഷികമായ.

Milleped, Millipede, *n.* ബഹുപാത്, ചേരട്ട, തേരട്ട.

Millesimal, *a.* ആയിരാമത്തെ, സഹസ്രതമമായ; സഹസ്രാംശാത്മകമായ.

Millet, *n.* തിനയരി, ചാമ അണ, പ്രിയംഗു.

Milliner, *n.* സ്ത്രീവസ്ത്രക്കാരൻ, സ്ത്രീവസ്ത്രകൃത്'; **-y,** *n.* സ്ത്രീപരിച്ഛദം, പെണ്ണുങ്ങളുടെ വേഷസാമാനങ്ങൾ.

Million (-yun), *n.* പത്തുലക്ഷം, നിയുതം; 'ten m. കോടി'; 'hundred m. അർബ്ബുദം'; **-ary,** *a.* നിയുതീയം, പത്തുലക്ഷമായ; **-th,** *a.* നിയുതതമമായ, പത്തുലക്ഷംചെന്ന; **-Millionaire,** *n.* കോടീശ്വരൻ, ലക്ഷാധീശൻ.

Millwright (-rīt), *n.* യന്ത്രക്കാരൻ, കമ്മാളൻ.

Mime, *n.* നടൻ, നർത്തകൻ, കുശീലവൻ; ഭണ്ഡൻ, വിദൂഷകൻ, വൈഹാസികൻ; **-Mimic, -cal,** *a.* അനുകരണശീലമായ, അനുകാരിയായ; അനുകരണരൂപമായ; *n.* ഭണ്ഡൻ; അനുകാരി, അനുകരണക്കാരൻ; *v. t.* അനുകരിക്കുക, കളിയാക്കിയനുകരിക്കുക, വിഡംബിക്കുക; **-ker,** *n.* അനുകാരി, അനുകരിക്കുന്നവൻ, വിഡംബനകൃത്; **-ry,** *n.* കളിയാക്കി അനുകരിക്കൽ, വിഡംബനം, അനുകരണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Mimosa, *n.* തൊട്ടാൽവാടി, നമസ്കാരി, ഖദിര, ലജ്ജാലു.

Minaret, *n.* എടുപ്പ്, ശിഖരം, ശൃംഗം, പ്രാസാദശിഖരം.

Minatory, *a.* പേടിപ്പിക്കുന്ന, ഭീതിയുണ്ടാക്കുന്ന, തർജ്ജകം, ഭീഷണം.

Mince (mins), *v. t.* നുറുക്കുക, കൊത്തിയരിയുക, കനംകുറയ്ക്കുക; ഗദ്ഗദമായി സംസാരിക്കുക, വിക്കിവിക്കിപ്പറയുക; *v. i.* പതുക്കെനടക്കുക, ഇടറിനടക്കുക; ഭിന്നസ്വരത്തിൽപറയുക; **-ngly,** *adv.* ചെറുതുചെറുതായി, ഭിന്നഗതിയായി.

Mind, *n.* മനസ്സ്, ചിത്തം, ചേതസ്, ബുദ്ധി, മതി; ഹൃദയം, അന്തഃകരണം, ഉള്ള്; അഭിപ്രായം, മതം, ഇഷ്ടം, വാഞ്ഛ, രുചി; ഉദ്ദേശം, സങ്കല്പം, ഓർമ്മ, സ്മരണം, സ്മൃതി, സ്മരണശക്തി, അനുബോധം; 'to give the m. to മനസ്സിനെ നിർത്തുക, ആസക്തചിത്തമായിരിക്കുക'; 'out of one's m. ഭ്രാന്തബുദ്ധിയായ, തലതിരിഞ്ഞ, പിച്ചായ'; 'fixed in m. മനസ്സിലുറച്ച'; 'of low m. നീചമനസ്സായ'; 'working of the m. ചിത്തവൃത്തി, ചേതോവികാരം'; 'according to one's m. ഇഷ്ടംപോലെ, യഥാകാമം, യഥേഷ്ടം'; 'to have a m. to ask ചോദിക്കുവാനാഗ്രഹിക്ക'; 'to cross the m. മനസ്സിൽതോന്നുക'; 'call to m. ഓർമ്മിക്കുക, സ്മരിക്കുക, അനുചിന്തിക്കുക'; 'put in m ഓർമ്മിപ്പിക്കുക, അനുബോധിപ്പിക്കുക, ഉദ്ബോധിപ്പിക്കുക'; 'of one m. ഏകചിത്തമായ'; 'change of m. ബുദ്ധിഭേദം, മനംമാററം'; 'flashnig accross the m. മിന്നൽ, സ്ഫുരണം, പെട്ടെന്നുള്ളതോന്നൽ'; *v. t.* നിനയ്ക്കുക, വിചാരിക്കുക, ശ്രദ്ധിക്കുക, ആലോചിക്കുക, രക്ഷിക്കുക; 'never m. സാരമില്ല'; **-ed,** *a.* മനസ്സുള്ള, താല്പര്യമുള്ള, ഭാവമുള്ള; **-ful,** *a.* ശ്രദ്ധയുള്ള, നോട്ടമുള്ള, സൂക്ഷ്മമുള്ള. ജാഗ്രതയായ; **-fully,** *adv.* അവധാനമായി, ശ്രദ്ധയോടെ, ആദരത്തോടെ; **-fulness,** *n.* ശ്രദ്ധ, അവധാനം, നോട്ടം, ജാഗ്രത; **-less,** *a.* അവധാനമില്ലാത്ത, ശ്രദ്ധയില്ലാത്ത, നോട്ടമില്ലാത്ത; നഷ്ടബുദ്ധിയായ, ബുദ്ധിഹീനമായ.

Mine (mīn), *a. and pron.* എന്നുടയ, എന്റെ, എനിക്കുള്ള, മദീയമായ; *n.* ഖനി, ആകരം, വിളയുംസ്ഥലം; 'm. for jewels മണിഭൂമി, രത്നാകരം'; *v. t.* ഖനിക്കുക, തുരക്കുക, കുഴിക്കുക; **-er,** *n.* ഖനകൻ, കുഴിക്കുന്നവൻ, നിലവറതോണ്ടുന്നവൻ.

Mineral, *n.* ധാതു, ഖനിജം, ലോഹം; *a.* ധാതുസംബന്ധമായ, ധാതുമയമായ; **-ogy,** *n.* ധാതുവിദ്യ, ധാതുപരീക്ഷണശാസ്ത്രം; **-ogist,** *n.* ധാതുശാസ്ത്രജ്ഞൻ.

Minerva, *n.* സരസ്വതി.

Minette, ചെറുചായാപടം.

Mingle, *v. t.* കലർത്തുക, കൂട്ടുക, ചേർക്കുക, ഒന്നാക്കുക, കുഴയ്ക്കുക or കുഴപ്പുക, മിശ്രീകരിക്കുക; *v. i.* സമ്മേളിക്ക, ഏകീഭവിക്ക, മിശ്രീഭവിക്ക, ഒന്നാവുക; **-ed,** *a.* ചേർന്ന, മിശ്രിതം, മിളിതം, സങ്കീർണ്ണം; **-ment,** *n.* കലപ്പ്, ചേരുവ, സമ്മിശ്രണം, സംസർഗ്ഗം.

Miniature, *n.* സാമ്യം, ചെറുപ്രതി or പകപ്പ്, *a.* ചെറുതായ, സൂക്ഷ്മമായ.

Minikin, *a.* ചെറിയ, കുറുകിയ, ഹ്രസ്വം; കൃശൻ; പ്രിയ.

Minim, *n.* വിന്ദു, തുള്ളി, $\frac{1}{60}$ ഡ്രാം; **-um,** *n.* അധമപക്ഷം, ഏററവുംകുറഞ്ഞ അളവ്, ഇങ്ങേഅററത്തെ അളവ്; **-mise, -mize,** *v. t.* ചെറുതാക്കുക, അല്പമാക്കുക, ചുരുക്കുക.

Minion, (min'yun), *n.* വല്ലഭൻ, പ്രിയൻ, രാജവല്ലഭൻ, ഒരുവക ചെറിയഅച്ചെഴുത്ത്.

Minister, *n.* സേവകൻ, കാര്യസ്ഥൻ, മന്ത്രി, പ്രധാനി, പുരോഹിതൻ, ദേശികൻ, നിയുക്തൻ; 'prime m. മുഖ്യമന്ത്രി, പ്രധാനമന്ത്രി'; 'm. of counsel ആലോചനാമന്ത്രി, ധീസചിവൻ, അമാത്യൻ'; 'm. for ordinary affairs കർമ്മമന്ത്രി, കർമ്മസചിവൻ'; *v. t. or v. i.* കൊടുക്കുക, ഉപകരിക്കുക, ശുശ്രൂഷിക്കുക; **-ial,** *a.* പ്രവൃത്തിസംബന്ധമായ, മന്ത്രിസംബന്ധിയായ, നിയോഗസംബന്ധിയായ, ഉപചാരപരമായ; (*n.*) in comp; 'm. duties മന്ത്രികാര്യങ്ങൾ'; **-Ministration** (-shun), *n.* സേവകപ്രവൃത്തി, മന്ത്രാധികാരം; ഉപചാരം, സേവ, ശുശ്രൂഷ, ഉപകാരം; ഉപാദ്ധ്യായവൃത്തി; **-Ministry** (-tri), *n.* ഉപകാരം, സാഹായ്യം, കർതൃത്വം, കാരണത്വം; സാചിവ്യം, മന്ത്രാധികാരം, മന്ത്രിസ്ഥാനം; നിയോഗം, അധികാരം, നിയോഗിപദം; സചിവമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ഡലം, മന്ത്രിഗണം, മന്ത്രിവർഗ്ഗം; മന്ത്രികം; ഗുരുക്കൾ, പൌരോഹിത്യം, ഉപാദ്ധ്യായപടം.

Minium, *n.* നാകസിന്ദൂരം, ചൂനസിന്ദൂരം; ചായില്യം.

Minor, *a.* കുറഞ്ഞ, അല്പമായ, ഇളയ, പ്രായപൂർത്തിവരാത്ത; *n.* ലോകവ്യവഹാരത്തിൽ ഇടപെടാത്തവൻ, പ്രായപൂർത്തിവരാത്തവൻ, ബാലൻ; **-ity,** *n.* ബാല്യം, ബാലാവസ്ഥ, ഇളംപ്രായം; ന്യൂനപക്ഷം, അല്പപക്ഷം.

Minotaur (-tawr), *n.* ആൾകാള, നരവൃഷഭം, ഒരുപുരാണസത്വം.

Minster, *n.* മഹാമന്ദിരം, കോവിൽ, പള്ളിസ്ഥാനം; **-Minstrel,** *n.* ഗായകൻ, മാഗധൻ, വൈതാളികൻ, ബന്ദി, സ്തുതിപാഠകൻ, സംഗീതകുശലൻ, പാണൻ, വാദ്യക്കാരൻ; **-sy,** *n.* പാട്ട്, സംഗീതം, ഗീതവാദനം, ഗന്ധർവ്വവൃത്തി, മാഗധവൃത്തി.

Mint, *n.* കമ്മട്ടം; *v. t.* കാശു അടിക്കുക, നാണയമടിക്കുക, കല്പിക്കുക; **-Minitage,** *n.* അടിച്ചനാണയം, കമ്മട്ടക്കൂലി.

Minuend, *n.* തുക, കുറച്ചുകളയേണ്ടസംഖ്യ, ശോധനീയസംഖ്യ.

Minuet, *n.* ഒരുവക നർത്തനം.

Minus, *n.* ന്യൂനചിഹ്നം, കുറപ്പടയാളം(—); *a.* കുറവായ, ന്യൂനമായ, ഊനമായ.

Minute (min′it), *n.* മിനിട്ട്, നിമിഷം, ക്ഷണം; കുറിപ്പ്; *v. t.* കുറിക്കുക, കുറിച്ചെഴുതുക; (minute′), *a.* അല്പമായ, നേർത്ത, സൂക്ഷ്മമായ, അണുവായ, അതിസൂക്ഷ്മമായ; നിപുണമായ, ശ്രദ്ധയുള്ള, വിസ്തരിച്ച; സൂക്ഷ്മദൃഷ്ടിയായ; **-ly,** *adv.* സൂക്ഷ്മമായി, അണുക്കണക്കിന്, നല്ലനോട്ടത്തോടെ; **-ness,** *n.* സൂക്ഷ്മത, അത്യല്പത, അതിനേർമ്മ; **-Minutiæ** (minū′shiē), *n.* (pl.) സൂക്ഷ്മഭാഗങ്ങൾ, സൂക്ഷ്മാംശങ്ങൾ, സൂക്ഷ്മാവയവങ്ങൾ, പരമാണുക്കൾ.

Minx, *n.* ഡംഭക്കാരി, കോപ്പുകാരി, ധൃഷ്ട, അവിനീത, ഭ്രഷ്ട.

Miracle, *n.* അത്ഭുതം, അസാധാരണം, അമാനുഷ്യം, അതിശയം, ലോകോത്തരം, ചമൽകാരം; **-Miraculous,** *a.* അത്ഭുതമായ, ലോകോത്തരം, ദിവ്യം; അത്ഭുതശക്തിസമ്പന്നമായ; 'm. weapon ദിവ്യാസ്ത്രം'; *adv.* അത്ഭുതമായി, ദിവ്യശക്തികൊണ്ട്.

Mirage (mirăzh′), *n.* കാനൽനീർ, കാനൽജലം, മരീചിക, മൃഗതൃഷ്ണ.

Mire (mīr), *n.* മണ്ണ്, ചേറ്, ചെളി; 'get into the m. സങ്കടത്തിൽപെടുക'; *v. t.* ചെളിപുരട്ടുക; **-y,** *a.* പങ്കിലമായ, കലുഷമായ, ചെളിപററിയ, ചെളിയുള്ള.

Mirror, *n.* മുഖക്കണ്ണാടി, പളുങ്ക്; ആദർശം, ദർപ്പണം, മുകുരം; പ്രതിമ; *v. t.* പ്രതിഫലിപ്പിക്കുക, പ്രതിബിംബിക്കുക.

Mirth (mėrth), *n.* ഉല്ലാസം, കളി, ആഹ്ലാദം, പ്രമോദം, ആനന്ദം; **-ful,** *a.* ഹൃഷ്ടമായ, പ്രമുദിതമായ.

Misadcceptation, *n.* മറിച്ചുമനസ്സിലാക്കൽ, അന്യഥാഗ്രഹണം, വിപരീതഗ്രഹണം.

Misadventure, *n.* ഇടർ, ആപത്ത്, വിപത്ത്.

Misadvised, (-vīzd′), *a.* ദുരുപദേശം നൽകപ്പെട്ട.

Misalliance, *n.* നീചസംബന്ധം.

Misanthrope, *n.* മനുഷ്യദ്വേഷി; **-Misanthropic, -al,** *a.* മനുഷ്യദ്വേഷമുള്ള, വിശ്വവൈരിയായ; **-ist,** *n.* മനുഷ്യശത്രു.

Misapply (-plī′), *v. t.* ദുർവ്വിനിയോഗംചെയ്ക, വേണ്ടാത്തതരത്തിൽ പ്രയോഗിക്കുക, വേണ്ടാത്തതരത്തിൽ ചെലവഴിക്കുക; **-ication,** *n.* ദുർവ്വിനിയോഗം, കണ്ടമാനച്ചെലവ്.

Misapprrhend, *v. t.* മറിച്ചു മനസ്സിലാക്കുക, അന്യഥാഗ്രഹിക്കുക, വിപരീതമായി ബോധിക്കുക or മനസ്സിലാക്കുക; **-Misapprehension** (-shun), *n.* അന്യഥാബോധം, തെററിദ്ധാരണ, മിഥ്യാമതി.

Misappropriate (-āt), *v. t.* കളവുചെയ്യുക, മോഷ്ടിക്കുക, അപഹരിക്കുക; വേണ്ടാത്തിടത്തുചേർക്കുക; **propriation,** *n.* അപഹരണം, വേണ്ടാത്തിടത്തു യോജിപ്പിക്കൽ, ദുർവ്വിനിയോഗം.

Misarrange, *v. t.* ക്രമമില്ലാതെവയ്ക്കുക, അടുക്കില്ലാതെവയ്ക്കുക; **-ment,** *n.* കുഴഞ്ഞഏർപ്പാട്.

Misbecome (kam′), *v. t.* ചേരാതിരിക്കുക, യോജിക്കാതിരിക്കുക.

Misbegot, -gotten (-got′n), *a.* ന്യായരഹിതമായിജനിച്ച, ഹറാംപിറന്ന, വിജാതമായ, കുജന്മമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Misbehave, *v. i.* മര്യാദകേടായി പെരുമാറുക; **-ed,** *a.* ദുർവൃത്തമായ, ദുശ്ശീലമായ; **-havior, -haviour,** *n.* ദുർന്നടപ്പ്, ചീത്തത്തരം, അവിനയം.

Misbelieve, *v. i.* തെററായി വിശ്വസിക്ക; **-lief,** *n.* അബദ്ധവിശ്വാസം.

Miscalculate, *v. t.* തെററായി കണക്കുകൂട്ടുക or കണക്കാക്കുക; **-ion,** *n.* അബദ്ധക്കണക്കുകൂട്ടൽ, മിഥ്യാഗണനം.

Miscall, *v. t.* പേർമാറിപ്പറയുക.

Miscarry (miskar'i), *v. i.* ശരിയാകാതെ പോകുക, അസാദ്ധ്യമായിപ്പോകുക, ഭഗ്നമാകുക, ഗർഭമലസുക; **-iage,** *n.* ഗർഭസ്രാവം, പ്രസവമലസൽ; അസിദ്ധി, അശുഭഫലം, ദുർഗ്ഗതി; ദുരാചാരം, കുനീതി, അവിനയം.

Miscegenation, *n.* ജാതിക്കലപ്പ്, വർഗ്ഗസങ്കരം.

Miscellaneous (-us), *a.* കലപ്പായ, നാനാവിധമായ, പലവിധമായ, സങ്കീർണ്ണം, **-ly,** *adv.* സങ്കീർണ്ണമായി.

Miscellany, *n.* കലപ്പ്, എഴുതിയവയുടെ കലപ്പ്.

Mischance (-chans'), *n.* ഇടർ, വിപത്ത്, ദുരദിഷ്ടം.

Mischief (-chif), *n.* തിന്മ, ചേതം, കുറമ്പ്, കുസൃതി, അപകാരം, ദോഷം, ബാധ, അഹിതം, അനർത്ഥം, മര്യാദകേട്, പാപം, ദോഷം; 'm. making പൈശുന്യം, ദുർവൃത്തി'; **-Mischievous,** *a.* കുറുമ്പായ, കുസൃതികൂട്ടുന്ന, ഉപദ്രവിക്കുന്ന, ദുർബുദ്ധിയായ; കുചേഷ്ടിതമുള്ള; **-ly,** *adv.* ദുഷ്ടബുദ്ധിയോടെ, സാപകാരം; **-ness,** *n.* അപകാരശീലത, ദുഷ്ടബുദ്ധി, പാപാത്മത.

Miscomputation, *n.* മിഥ്യാഗണനം, അബദ്ധഗണനം.

Misconceive, *v. t.* മറിച്ചു മനസ്സിലാക്കുക, തെററിദ്ധരിക്കുക, അന്യഥാ ബോധിക്കുക; **-Misconception,** *n.* തെററായ വിചാരം or ധാരണ or ബോധം, മിഥ്യാബുദ്ധി, മിഥ്യാബോധം.

Misconduct, *v. t.* വിവേകമില്ലാതെ നടത്തുക, ചൊവ്വില്ലാതെ നിർവ്വഹിക്കുക, (miscon'duct) *n.* ദുർന്നയം, കെട്ട നടത്ത, മര്യാദകേട്.

Misconjecture, *n.* മിഥ്യാനുമാനം, തെററായ ഊഹം; *v. t.* തെററായി ഊഹിക്ക.

Misconstrue, (-strö), *v. t.* ദുർവ്യാഖ്യാനം ചെയ്യുക; **-Misconstruction,** *n.* ദുർവ്യാഖ്യാനം.

Miscreant, *n.* ചീത്ത, ഖലൻ, പാപിഷ്ഠൻ, ദുരാത്മാവ്, ദുഷ്ടൻ; നാസ്തികൻ, പാതകൻ.

Misdate, *v. t.* തെററായി തീയതിവെയ്ക്കുക; *n.* തെററുതീയതി.

Misdeed, *n.* കുററം, ദുഷ്കൃതം, പാപകർമ്മം.

Misdeem, *v. t.* തെററായിത്തീരുമാനിക്കുക, തെററായി എണ്ണുക.

Misdemean, *v. t.* തെററായി നടക്കുക; **-meanor,** *n.* ദുർന്നടപ്പ്, തെററ്, കുററം.

Misdiet, *v. t.* അപഥ്യാഹാരം കൊടുക്കുക.

Misdirect, *v. t.* തെററായ വഴികാട്ടുക, തെററായവഴിയിലൂടെയയ്ക്കുക; **-ction,** *n.* തെററുവഴികാട്ടൽ, വിമാർഗ്ഗദർശനം, മിഥ്യോപദേശം.

Misdo, *v. t.* തെററുചെയ്യുക, അബദ്ധം പ്രവർത്തിക്കുക; **-er,** *n.* അപരാധി, കുററവാളി.

Misemp.oy, *v. t.* ദുരുപയോഗം ചെയ്യുക, തെററി വിനിയോഗിക്കുക; **-ment,** *n.* ദുരുപയോഗം, അപവ്യയം.

Miser (mī'zėr), *n.* പിശുക്കൻ, ലുബ്ധൻ; **-ly,** *a.* പിശുക്കുള്ള, കയ്യയയ്ക്കാത്ത, അനുദാരമായ.

Misery, *n.* കഷ്ടപ്പാട്, ദുരിതം, വിപത്ത്, ദുർദ്ദശ; ക്ലേശം; **-Miserable,** *a.* ദുഃഖിതമായ, ദുഃഖാന്വിതമായ, കഷ്ടപ്പാടുള്ള, മന്ദഭാഗ്യമായ, ദൈവോപഹതമായ.

Misfeasance (-zance), *n.* അതിക്രമം, തെററ്, വികർമ്മം.

Misfit, *n.* പൊരുത്തമില്ലായ്മ.

Misfortune, *n.* വിപത്ത്, ആപത്ത്, ദുർദ്ദൈവം, ദുർഭാഗ്യം; അനർത്ഥം, അനിഷ്ടം, വ്യസനം, ദുഃഖം.

Misgive, *v. t.* തെററായിക്കൊടുക്കുക, സംശയിക്കുക, ശങ്കിക്കുക; *v. i.* ചാഞ്ചല്യമുണ്ടാക, ശങ്കതോന്നുക; **-ing,** *n.* ശങ്ക, സംശയം, സന്ദേഹം, വികല്പം, അവിശ്വാസം.

Misgotten, *a.* അന്യായമായി കിട്ടിയ, ന്യായരഹിതമായി സമ്പാദിച്ച.

Misgovern, *v. t.* ദുർഭരണം ചെയ്യുക, വേണ്ടപോലെ സംരക്ഷിക്കാതിരിക്കുക; **-ment,** *n.* ദുർഭരണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Misguide (-gīd′), *v. t.* വഞ്ചിക്കുക, തെറ്റിക്കുക, വഴിതെറ്റിക്കുക, ചീത്തവഴിയെ തിരിക്കുക; **-ed**, *a.* ഉന്മാൎഗ്ഗപ്രവൃത്തമായ, വഴിതെറ്റിയ, ദുൎവിനീതമായ.

Mishap, *n. see* **Misfortune.**

Misinform, *v. t.* തെറ്റായി അറിവിക്കുക, വഞ്ചിക്കുക.

Misinterpret, *v. t.* തെറ്റിച്ചു വ്യാഖ്യാനിക്കുക, അൎത്ഥം തെറ്റിച്ചുപറയുക; **-tation**, *n.* അബദ്ധവ്യാഖ്യാനം.

Misjudge (-juj′), *v. t. and v. i.* തെറ്റായി വിധിക്കുക, തെറ്റിച്ചു തീരുമാനിക്കുക, മിഥ്യാവിചാരണചെയ്യുക.

Mislay, *v. t.* ഇടമാററിവെയ്ക്കുക, അസ്ഥാനത്തിൽവെയ്ക്കുക.

Mislead, *v. t.* നേൎവ്വഴിക്കല്ലാതെ നടത്തുക, വഞ്ചിക്ക, വഴിതെറ്റിക്ക; **-ing**, *a.* വഴിതെറ്റിക്കുന്ന.

Mismanage (-āj), *v. t.* അശടായി നിൎവ്വഹിക്ക, വേണ്ടതിൻവണ്ണം നിൎവ്വഹിക്കാതിരിക്ക; **-ment**, *n.* കുഴഞ്ഞ നടത്തിപ്പ്, അവ്യവസ്ഥ.

Misname, *v. t.* പേർതെറ്റിച്ചുവിളിക്കുക, അല്ലാപ്പേരുവിളിക്കുക.

Misnomer, *n.* തെറ്റിയപേർ, മറുപേരു്.

Misogamy, *n.* വിവാഹദ്വേഷം, വിവാഹനിന്ദ; **-ist**, *n.* വിവാഹദ്വേഷി.

Misogyny, *n.* സ്ത്രീദ്വേഷം, സ്ത്രീനിന്ദ.

Misplace, *v. t.* ഇടംതെറ്റിവെയ്ക്കുക, വേണ്ടാത്തവണ്ണംചേൎക്കുക.

Misprint, *v. t.* അച്ചുപിഴപ്പിച്ചടിക്കുക, തെറ്റി അച്ചടിക്കുക; *n.* അച്ചടിപ്പിഴ, അച്ചുപിഴ, മുദ്രണദോഷം.

Misprize, *v. t.* കുറച്ചുവിലമതിക്കുക.

Mispronounce, *v. t.* തെറ്റിയുച്ചരിക്കുക, അശുദ്ധമായി ഉച്ചരിക്കുക.

Misquote (-kwōt′), *v. t.* തെറ്റി എടുത്തുപറയുക, അബദ്ധമായി ഉദ്ധരിക്കുക.

Misreckon, *v. t* തെറ്റിക്കണക്കാക്കുക, തെറ്റിവിചാരിക്കുക.

Misrepresent, *v. t.* കള്ളംപറക, തെറ്റായിപ്രസ്താവിക്കുക, മാററിഅറിയിക്കുക; **-tation**, *n.* തെറ്റായ അറിയിപ്പ്, മിഥ്യാനിവേദനം, അബദ്ധപ്രസ്താവന.

Misrule, *n.* കുഴഞ്ഞഭരണം, ദുൎഭരണം, അന്യായപ്രഭുത്വം, ചീത്തനടത്തിപ്പ്.

Miss, *n.* കന്യക, കുമാരി (title); ഭ്രമം, ദോഷം, അപരാധം, ഭ്രംശം; ഹാനി, അഭാവം, നാശം, ലോപം; *v. t.* തട്ടാതെ or ഏശാതെപോകുക, ഏൽക്കാതെപോകുക, കാണാതെപോകുക; ഇല്ലാതാവുക; തെറ്റിപ്പോവുക; **-ing**, *a.* കിട്ടാത്ത, ഇല്ലാത്ത, കാണാത്ത, നഷ്ടം, ഭ്രഷ്ടം, സ്ഥാനഭ്രഷ്ടം, തിരോഹിതം etc.

Missal, *n.* ക്രൈസ്തവപാരായണപുസ്തകം.

Misshape, *v. t* അവലക്ഷണമാക്കുക, വികൃതമാക്കുക, ആകൃതിദൂഷിപ്പിക്കുക, ആകാരം ദൂഷിപ്പിക്കുക.

Missile, *n.* കവണി, ക്ഷിപണി; ചക്രം.

Mission, *n.* ദൌത്യം, പ്രേരണം, പ്രേഷണം, നിയുക്തസംഘം, നിയോഗിവൎഗ്ഗം; **-ary**, *n.* ധൎമ്മപ്രവൃത്തിക്കയയ്ക്കപ്പെട്ടവൻ, പാതിരി, മതപ്രസംഗികൻ.

Missive, *a.* എറിയത്തക്ക, അയക്കത്തക്ക; *n.* സന്ദേശം, വാചികം; വാൎത്താഹരൻ; സന്ദേശഹരൻ.

Misspell, *v. t.* അക്ഷരംതെറ്റിക്കുക; **-ing**, *n.* അക്ഷരവ്യത്യയം, അക്ഷരത്തെറ്റ്.

Misspend, *v. t.* വീൺചെലവുചെയ്യുക, ദീപാളികുളിക്കുക.

Misstate, *v. t.* പിഴപ്പിച്ചുപറയുക, അവാസ്തവമായി പ്രസ്താവിക്കുക, അബദ്ധമായി അറിയിക്കുക; **-ment**, *n.* അബദ്ധപ്രസ്താവന, അവാസ്തവപ്രസ്താവന, പൊയ്യ്.

Mist, *n.* ചാററമഴ; മൂടൽമഞ്ഞ്, ധൂമിക, ഖബാഷ്പം; **-y**, *a* മൂടൽമഞ്ഞുള്ള, അവ്യക്തമായ.

Mistake, *v. t. or v. i.* പിശകുക, തെററുക, പിഴയ്ക്കുക, ഭ്രമപ്പെടുക; *n.* പിശക്, തെററ്, ഭ്രമം, വ്യാമോഹം, മതിഭ്രമം; അശുദ്ധ, പ്രമാദം, സ്ഖലിതം; **-en**, *a.* തെററായ, ശരിയല്ലാത്ത, ഭ്രാന്തമായ, മൂഢമായ.

Mister, *n.* ആൎയ്യൻ, ശ്രീമാൻ.

Mistimed, *a. see* **Late.**

Mistletœ (mis′l-tō), *n.* പുല്ലുരുവി, ഇത്തിൾ.

Mistress, *n.* ഗൃഹിണി, കുടുംബിനി, സ്വാമിനി, ഭട്ടിനി; ആദ്ധ്യാപിക, ആചാൎയ്യ, ഉപാദ്ധ്യായ, ഉപാദ്ധ്യായി; വെപ്പാട്ടി, ഉപപത്നി; പ്രിയ, പ്രിയതമ, വല്ലഭ, കാന്ത, കാമിനി, കുശല, നിപുണ; ശ്രീമതി.

Mistrust, *v. t.* അവിശ്വസിക്കുക, ശങ്കിക്കുക, സംശയിക്കുക; *n.* അവിശ്വാസം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശങ്ക; **-ful,** *a.* അവിശ്വസിക്കുന്ന, അവിശ്വാസിയായ, ശങ്കാശീലമുള്ള; **-fully,** *adv.* അവിശ്വാസമായി, സാശങ്കം; **-fulness,** *n.* ആശങ്ക, അവിശ്വാസം.

Misunderstand, *v. t.* തെററിമനസ്സിലാക്കുക, അബദ്ധമായിഗ്രഹിക്കുക, തെററിദ്ധരിക്കുക; **-ing,** *n.* മിഥ്യാഗ്രഹണം, തെററിദ്ധാരണ, ഭ്രമം; വൈമത്യം, മതഭേദം, ദ്വൈധം.

Misuse, *n.* ദുർവിനിയോഗം, ധൂർത്തത്തരം; കുപ്രയോഗം, അന്യഥോപയോഗം, *v. t.* ദുർവിനിയോഗംചെയ്യുക.

Mite (mit), *n.* അണു, ലവം, കണം, ലേശം, കണിക; ഒരുകാശു, തുട്ട്, ധനലേശം, അത്യല്പം.

Mithridate, *n.* വിഷനാശനം, വിഷനാശനൌഷധം, വിഷഘ്നം.

Mitigate, *v. t.* കുറയ്ക്കുക, ലഘുവാക്കുക, ന്യൂനീകരിക്കുക; **-ion,** *n.* കുറവ്, ശമം, ശമനം, ലഘൂകരണം, ന്യൂനത; **-ive, -Mitigant,** *a.* കുറയ്ക്കുന്ന, ശാന്തികരം, ശമകമായ.

Mitre (mīt'ẽr), *n.* പാതിരിയുടെതലപ്പാവ്, മുടി.

Mix, *v. t.* കലത്തുക, കൂട്ടിച്ചേർക്കുക, മിശ്രീകരിക്കുക, *v. i.* കലരുക, കൂടിച്ചേരുക, ഏകീഭവിക്കു; **-ed,** *a.* കലന്ന, കൂടിച്ചേന്ന, സംയുതമായ; സംബദ്ധമായ; **-ing, -ture,** *n.* കലപ്പ്, ചേരുവ, മിശ്രണം, സംയോഗം, സമ്പക്കം, സംയുക്തത; മിശ്രം.

Mixen (miks'n), *n.* മലക്കുന്നു, പുരീഷരാശി, കുപ്പക്കുന്നു.

Mizzen, *a.* ഏററവും പിമ്പിലുള്ള, അമരത്തോടടുത്ത.

Mizzle, *v. i.* മഴച്ചാററൽ; *n.* ചാററമഴ; തുഷാരവർഷം, ശീകരാസാരം.

Mnemonics (nēmon'iks), *n.* സ്മരണവിദ്യ; **-nic,** *a.* ഓർമ്മിക്കുവാനുപകരിക്കുന്ന, സ്മരണോപകാരിയായ.

Moan (mōn), *n.* കരച്ചിൽ, പുലമ്പൽ, ആർത്തനാദം, ക്രന്ദിതം, വിലപനം, പരിദേവനം; *v. i.* കരയുക, വിളിക്കുക, ഞരങ്ങുക, വീർപ്പിടുക, ആർത്തനാദം പുറപ്പെടുവിക്കു, ക്രന്ദനംചെയ്യുക; **-ful,** *a.* കരയുന്ന, വിലാപകാരിയായ; **-fully,** *adv.* കരച്ചിലോടെ, വീർപ്പോടെ, സവിലാപം.

Moat, *n.* കിടങ്ങ്, തോട്, പരിഖ, ഉപകുല്യ; **-ed,** *a.* കിടങ്ങുള്ള.

Mob, *n.* ചന്തക്കൂട്ടം, പൊതുജനക്കൂട്ടം, പ്രാകൃതജനങ്ങൾ, ബഹുജനങ്ങൾ, നീചസംഘം.

Mobile (bil), *a.* നില്പാത്ത, നിലയററ, ഇളക്കമുള്ള, ചഞ്ചലമായ, മാററത്തക്ക, ജംഗമം; **-Mobility,** *n.* പ്രവത്തനം, ഇളക്കം, നിലയില്ലായ്ക, അസ്ഥിരത, ചാഞ്ചല്യം, ചലനയോഗ്യത.

Mobocracy, *n* പാമരപ്രഭുത്വം.

Mock, *v. t. or v. i.* കൊഞ്ഞനംകുത്തുക, പരിഹസിക്കുക, നിന്ദിക്കുക, അവമാനിക്കുക; വഞ്ചിക്കുക, ചതിക്കുക, മോഹിപ്പിക്കു; *a.* കൃത്രിമമായ, കൃതകമായ; 'm. fight കൃത്രിമയുദ്ധം, വ്യാജയുദ്ധം'; **-er,** *n.* ഉപഹാസകൻ, അവക്ഷേപകൻ, കൊഞ്ഞനംകാട്ടുന്നവൻ; **-ery, -ing,** *n.* കൊഞ്ഞനം, ഉപഹാസം, അവജ്ഞ, അവമാനം; വഞ്ചന (ന), ചതി, വ്യാജം, കപടം; **-ingly,** *adv.* പരിഹാസത്തോടെ, കൊഞ്ഞനംകുത്തിക്കൊണ്ട്.

Mode (mōd), *n.* വിധം, മുറ, പ്രകാരം, മാർഗ്ഗം, വിധി, വൃത്തി, കല്പം, ക്രമം; രൂപം, ആകൃതി; ആചാരം, സമ്പ്രദായം; ശിഷ്ടമാർഗ്ഗം, സഭ്യമാർഗ്ഗം; വാച്യം, അത്ഥം; രാഗം, രാഗിണി; **-al,** *a.* രൂപവിഷയകമായ, രൂപസംബന്ധമായ; **-Modalist,** *n.* അമൂർത്തത്രയേകത്വവാദി; ത്രിത്വപ്രകാരവാദി; **-Modality,** *n.* രൂപമാത്രത്വം, രൂപസംബന്ധം; **-Modally,** *adv.* രൂപസംബന്ധമായി.

Model, *n.* ആദശം, പ്രതിമ; അച്ച്, മൂശ, മാതൃക, പ്രതിച്ഛായ; പകപ്പ്, മാതൃക; 'working m. ചെറുയന്ത്രം'; *v. t.* പകപ്പുണ്ടാക്കുക, മാതൃകയുണ്ടാക്കുക, മൂശപിടിക്കുക; **-er, -ler,** *n.* ആകൃതിപ്പെടുത്തുന്നവൻ, മൂശാരി.

Modena, *n.* ഒരുവക കടുംചുവപ്പുവണ്ണം.

Moderate, *a.* കവിയാത്ത, മിതമായ, കണക്കുള്ള, അല്പമായ, അതിരുകടക്കാത്ത; *v. t.* ഒതുക്കുക, കുറയ്ക്കുക, അടയ്ക്കുക, ശമിപ്പിക്കുക, സംയമിക്കുക, സഭാദ്ധ്യക്ഷനായിരിക്കുക; *v. i.* തണുക്കുക, ശമിക്കുക, തളരുക; സഭാനാഥത്വം വഹിക്കുക; **-ly,** *adv.* മിതമായി, കവിയാതെ; **-ness,** *n.* മിതത്വം, **-ation,** *n.* മിതമാക്കൽ, ലഘൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരണം, പ്രശമനം; സംയമം, ഒതുക്കം; സമത ക്ഷമ, സമവൃത്തി, സമഭാവം; 'm. in desires അല്പസന്തോഷം, അല്പാകാംക്ഷ'; **-ator,** *n.* ഒതുക്കുന്നവൻ, സഭാനാഥൻ, സർവ്വകലാശാലാപരീക്ഷകൻ, മദ്ധ്യസ്ഥൻ.

Modern, *a.* പുതിയ, ഇക്കാലത്തുള്ള, ആധുനികമായ; *n.* ഇക്കാലത്തുള്ളവൻ, ആധുനികൻ, ആധുനാതനൻ, ഇദാനീന്തനൻ, നൂതനൻ, നവീനൻ; **-ness,** *n.* നൂതനത, പുതുമ; **-Moderns,** *n.* pl. അധുനാതനന്മാർ, നവീനന്മാർ.

Modest, *a.* വണക്കമുള്ള, വിനയമുള്ള; ഒതുക്കമുള്ള, വിനീതമായ, ലജ്ജാശീലമുള്ള, അപ്രഗത്ഭമായ, നാണിക്കുന്ന, ധാർഷ്ട്യമില്ലാത്ത; അഗർവ്വമായ, നമ്രമായ, നിരഭിമാനമായ, അനുദ്ധതമായ, നമ്രശീലമായ; മിതമായ; **-ly,** *adv.* വണക്കത്തോടെ, വിനയത്തോടെ, വിനയമായി, അനുദ്ധതമായി; **-y,** *n.* വണക്കം, വിനയം, ശാലീനത, ലജ്ജ, നാണം; നമ്രത, അനൌദ്ധത്യം; പരിമിതത, മര്യാദ.

Modicum, *n.* കുറച്ച്, അല്പം.

Modify (mod'i-fi) *v. t.* തിരുത്തുക, മാറുക, വ്യത്യാസപ്പെടുത്തുക, പരിണമിപ്പിക്കുക; **-ied,** *a.* മാററംവരുത്തിയ, പരിണതരൂപമായ, നിയമിതമായ; **-ication,** *n.* തിരുത്തൽ, മാററംവരുത്തൽ, രൂപപരിവർത്തനം; വികാരം, പരിണാമം, രൂപാന്തരം, ഭേദം, വിഭേദം.

Modulate, *v. t.* സ്വരംമാറുക, സ്വരലയമുണ്ടാക്കുക, സ്വരഭേദംചെയ്യുക; **-ion,** *n.* സംക്രമം, പരിവർത്തനം; 'm. of voice സ്വരസംക്രമം'; സ്വരലയം, സ്വരാനുക്രമം, സ്വരാനുപൂർവ്യം.

Mofussil, *n.* നാട്ടിൻപുറം, ഗ്രാമാന്തരം; **-silite,** *n.* നാട്ടിൻപുറത്തുകാരൻ.

Mohair, *n.* ആംഗോറയാട്ടിൻരോമം.

Mohur, *n.* മോഹര എന്ന സ്വർണ്ണനാണയം.

Moiety, *n.* പാതി, അര, അർദ്ധം, അർദ്ധഭാഗം.

Moil, *v. t.* പിരട്ടുക, ചേറുപിരട്ടുക; *v. i.* ജോലിചെയ്തിട്ടു മണ്ണുപിരളുക; *n.* അഴുക്ക്, പുള്ളി, കറ, കളങ്കം.

Moist, *a.* ഈർപ്പമുള്ള, നനവുള്ള, നനഞ്ഞ, ക്ലിന്നം; **-en,** *v. t.* നനയ്ക്കുക, ഈറനാക്കുക; **-ening,** *n.* നനപ്പ്, ക്ലേദനം; **-ure,** *n.* ഈർപ്പം, നനവ്, ക്ലേദം.

Molar, *a.* ഉടച്ചരയ്ക്കുന്നതിനുള്ള; *n.* കടവായ്പല്ല്, അണപ്പല്ല്, ചർവ്വണദന്തം.

Molasses, *n.* ശർക്കരപ്പാവ്, ശർക്കരപ്പാനി, വെല്ലക്കട്ടി.

Mold, *see* **Mould.**

Mole, *n.* പൊട്ട്, മറു, പുള്ളി; മാംസപിണ്ഡം; ചിറ, അണ, അലതാങ്ങി; ചുണ്ടെലി; 'm. eyed സൂക്ഷ്മനയനമുള്ള'; 'm. hill പുററ്, വല്മീകം'.

Molecule (mol'ekūl), *n.* പരമാണു, അണു, കണം.

Moles, *n.* വ്യംഗം.

Molest, *v. t,* അലട്ടുക, ഉപദ്രവിക്കുക, സൈ്വരംകെടുത്തുക; **-ation,** *n.* അലട്ടൽ, ഉപദ്രവം, ബാധ, ആയാസം, ക്ലേശം, **-er,** *n.* ഉൽപീഡകൻ, തൊന്തരവുചെയ്യുന്നവൻ.

Mollient, *a.* ആററുന്ന, തണുപ്പിക്കുന്ന, ശമിപ്പിക്കുന്ന.

Mollify (mol'ifī), *v. t.* മൃദുവാക്കുന്ന, ആററുന്ന, ശമിപ്പിക്കുക, ലാഘൂകരിക്കുക.

Mollusc (mol'usk), *n.* നത്തയ്ക്ക.

Molt, *v. t. and v. i.* same as **Moult.**

Molten, *a.* ഉരുക്കിയ, വിലീനമായ, ഉരുക്കിവാർത്തുണ്ടാക്കിയ.

Moment, *n.* ക്ഷണം, നിമിഷം, മുഹൂർത്തം; മുഖ്യത, ഗുരുത്വം, മഹത്വം, പ്രഭാവം, മഹിമാവ്; **-ary,** *a.* പെട്ടെന്ന് ഇല്ലാതെയാവുന്ന, ക്ഷണികമായ, അസ്ഥായിയായ; **-ous,** *a.* മഹത്തായ, പ്രധാനമായ, ഗുരുവായ, അലഘുവായ.

Momentum, *n.* വേഗം, വീച്ച്, ആവേഗം.

Monachism (-ak-izm), *n.* മഠവാസം, സംസാരത്യാഗം; ആരണ്യകവൃത്തി.

Monad, *n.* ഒന്ന്, പരമാണു, അഭേദ്യവസ്തു.

Monarch (-ark), *n.* രാജാവ്, ഈശൻ, ഈശ്വരൻ, സ്വാമി; **-al, -ic, -ical,** *a.* രാജകീയമായ, രാജയോഗ്യമായ; ഏകരാജായത്തമായ; **-y,** *n.* ഏകരാജശാസനം, ഏകരാജതന്ത്രം, ഏകരാജാധിപത്യം; രാജ്യം, വിഷയം.

Monastery, *n.* ആശ്രമം, സന്ന്യാസിമഠം, വിഹാരം, മുനിവാസം, വാനപ്രസ്ഥാശ്രമം; **-Monastic, -ical,** *a.* മഠസംബന്ധമായ, വിഹാരികം, ആശ്രമികം, വൈഖാനസം.

Monday, *n.* തിങ്കളാഴ്ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Monetary, *a.* പണസംബന്ധമായ, ദ്രവ്യസംബന്ധിയായ, മൌദ്രികമായ.

Money, *n.* പണം, ധനം, അൎത്ഥം, വിഭവം, വസു; നാണയം, മുദ്ര; 'm. lender ഉത്തമൎണ്ണൻ, കസീദകൻ, പലിശകൊണ്ടുപജീവിക്കുന്നവൻ'; **-ed,** *a.* പണമുള്ള, ധനിയായ; **-less,** *a.* പണമില്ലാത്ത, നിൎധനം, പാവപ്പെട്ട, ദരിദ്രമായ.

Monger, *n.* വ്യാപാരി, കൊടുക്കൽവാങ്ങൽ ചെയ്യുന്നവൻ, ക്രയവിക്രയികൻ, കച്ചവടക്കാരൻ.

Mongoose, *n.* കീരി.

Mongrel (mung'grel), *a.* സങ്കരജാതിയായ, സങ്കരജാതീയം.

Monism, *n.* അദ്വൈതവാദം.

Monitor, *n.* ശാസകൻ, ബോധകൻ, ഉപദേശകൻ, ശിക്ഷകൻ; ഉപഗുരു; **-y,** **-Monitive,** *a.* പ്രബോധകമായ, ഉപദേശരൂപമായ.

Monk (mungk), *n.* യതി, സന്ന്യാസി, മുനി, യോഗി, മാവാസി, വാനപ്രസ്ഥൻ; **-ish,** *a.* മുനിസംബന്ധിയായ, യതിസദൃശമായ.

Monkey, *n.* കുരങ്ങ്.

Monochord, *n.* ഏകതന്ത്രീവാദ്യം, ഒററക്കമ്പിവീണ.

Monochromatic, *a.* ഏകവൎണ്ണമായ, ഒററനിറമായ.

Monochronic, *a.* ഒരേസമയത്തുള്ള, സഹകാലീനമായ, വൎത്തമാനമായ.

Monocrat, *n.* അധീശ്വരൻ, ഏകച്ഛത്രാധിപതി.

Monocular, *a.* ഒററക്കണ്ണുള്ള, ഏകാക്ഷമായ, ഏകനയനമായ; ഒരു കണ്ണിനുപയോഗിക്കുന്ന.

Monogamy, *n.* ഏകപത്നീവ്രതം, ഏകസ്ത്രീവിവാഹം; **-ist,** *n.* ഒരു ഭാൎയ്യയുള്ളവൻ, ഏകപത്നീകൻ, ഏകസ്ത്രീകൻ.

Monologue, *n.* സ്വഗതം, ആത്മഗതം, ആഗതഭാഷണം.

Monomachy, *n.* പിടി, ദ്വന്ദം, ദ്വന്ദ്വയുദ്ധം.

Monomania, *n.* ഏകവിഷയാസക്തി, ഏകവിഷയഭ്രാന്ത്, ഏകവിഷയോന്മാദം; **-maniac,** *a.* ഒരേഒരു സംഗതിയിൽ ഭ്രാന്തുപിടിച്ച, ഏകവിഷയോന്മത്തമായ.

Monoplane, *n.* ഏകതലവിമാനം.

Monopoly, *n.* കുത്തക, ഏകാധികാരം; **-ist, -izer,** *n.* കുത്തകക്കാരൻ, സൎവ്വഗ്രാഹകൻ; **-ize,** *v t.* കുത്തകപിടിക്കുക.

Monosyllable, *n.* ഏകാക്ഷരം; **-labic,** *a.* ഏകാക്ഷരപദമായ, ഏകാച്ചായ.

Monotheist, *n.* ഏകേശ്വരവാദി, അദ്വൈതവാദി; **-theism,** *n.* ഏകേശ്വരവാദം, അദ്വൈതം, അദ്വൈതവാദം.

Monotony, *n.* ഒരേഒരു ഒച്ച, ഏകസ്വരം, സ്വരഭേദം, വിശേഷമില്ലായ്മ, വൈചിത്ര്യമില്ലായ്മ; **-ous,** *a.* ഏകനാദമായ, അഭിന്നസ്വരമായ, ഏകരൂപമായ, ഒരേഒരു പ്രകാരത്തിലുള്ള, വൈചിത്ര്യമില്ലാത്ത, നിൎവ്വികാരമായ, നിൎവ്വിശേഷമായ; **-ously,** *adv.* ഒരേഒരു ഒച്ചയിൽ, ഒരേമട്ടിൽ, നിൎവ്വികാരമായി; **-ousness,** *n.* *see* **Above.**

Monsieur (mosye'), *n.* ഫ്രെഞ്ചിൽ മൎയ്യാദയായി സംബോധനംചെയ്യുന്ന പദം; മാന്യൻ, മിസ്റ്റർ, സർ etc; pl. **Messieurs** (me-sye').

Monsoon, *n.* പരുവക്കാററ്, വൎഷകാലം, മഴക്കാലം.

Monster, *n.* ഭീഷണസത്വം, രാക്ഷസൻ, ക്രൂരകൎമ്മാവ്, വലിയ ജന്തു; അത്ഭുതം, അപൂൎവ്വവസ്തു; **-Monstrous,** *a.* അത്ഭുതമായ, വിലക്ഷണമായ, അപൂൎവ്വമായ; അപരൂപമായ; രാക്ഷസരൂപമായ, ഘോരദൎശനമായ, കരാളശരീരമായ, ഘോരരൂപമായ, ഉഗ്രദൎശനമായ; (of acts) ദാരുണമായ, അതിബീഭത്സമായ, വികടമായ; **-ly,** *adv.* അത്ഭുതമായി, ദാരുണമായി, ഉല്ക്കടമായി, അത്യന്തം; **-ness,** **-Monstrosity,** *n.* കൊടുമ, അത്ഭുതത, ഘോരത, ദാരുണത.

Month, *n.* മാസം; 'half a m. പക്ഷം'; 'bright half of the m. ശുക്ലപക്ഷം, പൂൎവ്വപക്ഷം'; 'dark half of the m. കൃഷ്ണപക്ഷം, ഉത്തരപക്ഷം'; **-ly,** *a.* മാസംതോറുമുള്ള, ഒരുമാസമിരിക്കുന്ന, മാസികം, മാസ്യം'; 'half m. പാക്ഷികം; 'm. allowance മാസികം, മാസപ്പടി'; *adv.* മാസംതോറും, പ്രതിമാസം.

Monument, *n.* കീൎത്തിസ്തംഭം, യശസ്തംഭം, സ്മാരകചിഹ്നം; ചൈത്യം, സമാധി, സ്തൂപം; **-al,** *a.* ഓൎമ്മയ്ക്കുവേണ്ടിയുള്ള, ഓൎമ്മിപ്പിക്കുക; ചൈത്യസംബന്ധിയായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Mood, *n.* ചിത്തവൃത്തി, ഭാവം, വൃത്തി, പ്രകൃതി, അവസ്ഥ, ദശ; 'an angry m. കോപവൃത്തി'; വാച്യം, അൎത്ഥം; **-y,** *a.* കോപിച്ച, ക്രുദ്ധമായ, വക്രഭാവമായ, ഉദാസീനമായ; സ്വച്ഛന്ദമായ, സൈ്വരിയായ.

Moon, *n.* ചന്ദ്രൻ, തിങ്കൾ, പിറ, ഉപഗ്രഹം, ഒരുമാസം; 'orb of the m. ബിംബം, മണ്ഡലം'; 'digit of the m. കല, രേഖ, കീറ്'; 'full m. പൂൎണ്ണിമ, മുഴുതിങ്കൾ, പൂൎണ്ണചന്ദ്രൻ, വെളുത്തവാവ്, പൗൎണ്ണമാസി'; 'new m. അമാവാസി'; 'm. beam ചന്ദ്രപാദം, ചന്ദ്രരശ്മി'; 'm. light നിലാവ്, കൌമുദി, ചന്ദ്രിക, ചന്ദ്രാതപം'; 'm. plant സോമലത, സോമവല്ലി, ബ്രാഹ്മി'; 'm. shine ചന്ദ്രദ്യുതി, ചന്ദ്രകാന്തി'; 'm. stone ചന്ദ്രകാന്തം, സോമകാന്തം, ചന്ദ്രമണി'; 'm. struck പേപിടിച്ച, ഭ്രാന്തുപിടിച്ച'; **-less,** *a.* ചന്ദ്രനില്ലാത്ത; **-y,** *a.* ചന്ദ്രനെപ്പോലുള്ള, ചന്ദ്രതുല്യമായ.

Moor, *v. t.* നങ്കൂരമിടുക, കയറുകൊണ്ടു കെട്ടുക, വഴിതടയുക; *n.* 'm. land പുൽവെളി, മൈതാനം, ചതുപ്പുസ്ഥലം'; വടക്കേ ആഫ്രിക്കാക്കാരൻ; **-ish, -y,** *a.* പുൽവെളിയായ, ചതുപ്പുനിലമായ.

Moorings, *n.* pl. നങ്കൂരം മുതലായവ.

Moot, *v. t.* തൎക്കിക്കുക, വിചാരിക്കുക, വാദിച്ചുവ്യക്തമാക്കുക; *a.* തൎക്കിക്കത്തക്ക; 'm. point വിചാരവിഷയം, വിവാദവിഷയം'.

Mop, *n.* അഴുക്കുതുടയ്ക്കുംതുണിച്ചുരുൾ; സമ്മാൎജ്ജിനി, ശോധിനി; ബാലിക, തരുണി; *v. t.* തുടയ്ക്കുക, അഴുക്കടിക്കുക, വിളക്കുക.

Mope, *v. i.* മന്ദിച്ചിരിക്കുക, മന്ദമായിരിക്കുക; *n.* മന്ദൻ.

Mopish, *a.* മന്ദമായ, വിഷണ്ണമായ, അവസന്നമായ.

Moppet, *n.* തുണിപ്പൊമ്മ, തുണിപ്പാവ.

Moral, *a.* നടവടിയായ, നീതിനെറിയായ, ന്യായമായ, സാധുവായ; ധാൎമ്മികം, സാത്വികം, ധൎമ്മ്യം, പുണ്യം, ധൎമ്മാനുരൂപമായ; 'm. instruction നയോപദേശം, നീതി'; 'm. lessons നീതിപാഠങ്ങൾ'; 'm. advancement മാനസോന്നതി'; 'm. science നീതിശാസ്ത്രം'; 'm. duties ശാശ്വതധൎമ്മം, സദാചാരം'; നിയമാധീനമായ; അനുമാനസിദ്ധമായ, യുക്തിസിദ്ധമായ; *n.* താല്പൎയ്യം; അഭിപ്രായം, ഭാവാൎത്ഥം, താല്പൎയ്യാൎത്ഥം; **-ist,** *n.* നീതിശാസ്ത്രജ്ഞൻ, നയജ്ഞൻ, നീത്യുപദേശകൻ, മൎയ്യാദക്കാരൻ; **-ity,** *n.* നീതി, നയം, നീതിവിദ്യ, സദ്‌വിചാരം, ധൎമ്മാന്വേഷണം, സാധുവൃത്തം, സദാചാരം, ധൎമ്മവൃത്തി; ന്യായ്യത, ധൎമ്മാനുസാരം; **-ize,** *v. t.* ധൎമ്മോപദേശത്തിലാക്കുക; *v. i.* ധൎമ്മം or നീതിയുപദേശിക്കുക, നീതിയുപദേശിച്ചെഴുതുക, പ്രസംഗിക്കുക; **-ly,** *adv.* നീതിശാസ്ത്രാനുരൂപമായി, നീതിയോടെ, ധൎമ്മമായി; യുക്തിയോടെ, മനസ്സോടെ, അനുമാനത്തോടെ; **-Morals,** *n.* pl. നടവടികൾ, ആചാരം, നീതിശാസ്ത്രം; 'good m. സുശീലം, സദാചാരം, സാധുവൃത്തം, വിനയം, സുചരിതം..

Morass, *n.* ചതുപ്പുനിലം, ഉഴനിലം, കച്ഛം, അനൂപം.

Morbid, *a.* ആരോഗ്യമില്ലാത്ത, സുഖക്കേടുള്ള, ദൂഷിതമായ, വികൃതമായ.

Morbific, *a.* രോഗകരമായ, സുഖക്കേടുവരുത്തുന്ന.

Morbose, *a.* രോഗജനിതമായ, സുഖക്കേടുകൊണ്ടുള്ള, വ്യാധ്യുത്ഭവമായ.

Mordacious (-shus), *a.* കടിക്കുന്ന, രൂക്ഷമായ, നിന്ദാകരമായ; **-dacity,** *n.* കടിക്കൽ, ദംശനം.

Mordant, *a.* കടിക്കുന്ന, പരിഹസിക്കുന്ന, അരുന്തുദമായ, നിന്ദാഗൎഭമായ, ഉഗ്രമായ, ചായംപിടിപ്പിക്കുന്ന; *n.* ക്ഷാരം, കാരം; *v. t.* ക്ഷാരംപിടിപ്പിക്കുക.

More, *a.* അധികതരമായ, ഏറെയുള്ള, അധികമായ; *n.* ഏററം, അധികം, ആധിക്യം, അതിരേകം; *adv.* അധികമായി, ഇനിയും, അധികതരം.

Moreover, *adv.* ഇന്നിയും കൂടാതെ.

Morganatic, *n.* അനുലോമമായ, കുലഹീനവിവാഹസംബന്ധമായ.

Moribund, *a.* ചത്തമട്ടിലുള്ള, മൃതപ്രായമായ, മുമൂൎഷുവായ.

Moringa, ന. മുരിങ്ങ.

Morion, *n.* തലപ്പാവ്, ശിരസ്കം, ശിരസ്ത്രാണം.

Morn, Morning, *n.* പുലർകാലം, വിഭാതം, പ്രഭാതം, ഉഷസ്സ്; പൂവാഹ്നം, പ്രാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹനം; *a.* രാവിലെയുള്ള, കാലത്തുള്ള; 'm. breeze വിഭാതവായു, പുലർകാററ്'; 'm. devotion പ്രാതരുപാസന'; 'm. star പ്രഭാതതാര'; 'm. twilight പ്രാതഃസന്ധ്യ'.

Morocco, *n.* മിനുസത്തുകൽ.

Morose, *a.* കടുപ്പമായ, കക്കശമായ, രൂക്ഷസ്വഭാവമായ, ദുഃശീലമായ; **-ly,** *adv.* വക്രഭാവത്തോടെ, സ്വഭാവരൂക്ഷതയോടെ; **-ness,** *n.* കടുപ്പം, മുരമുരപ്പ്, കക്കശത, രൂക്ഷത.

Morosis, *n.* ബുദ്ധിശൂന്യത, ബുദ്ധിമാന്ദ്യം, ഒരുതരം ഭ്രാന്ത്.

Morpheus (-fūs), *n.* നിദ്രാദേവത.

Morphia, Morphine, *n.* കറുപ്പുസത്ത്, അവീൻസത്ത്.

Morrow (mor'ō), *n.* നാളെ, മറുനാൾ, അടുത്തദിവസം,

Morsel, *n.* തുണ്ട്, ശകലം; കവളം, ഉരുള, ഒരുവായ്, ഒരുവായുളവ്.

Mortal, *a.* മർത്ത്യമായ, മനുഷ്യമായ, മർത്ത്യധർമ്മവായ, ജനനമുള്ള, പ്രാണിയായ, ദേഹിയായ, മരിക്കുന്ന, മരണമുള്ള, നശ്വരമായ, നശിക്കുന്ന; പ്രാണഹരമായ, മാരാത്മകമായ, അന്തകരമായ; അത്യന്തദാരുണമായ, അതിക്ലേശകമായ; *n.* മർത്ത്യൻ, മനുഷ്യൻ, പ്രാണി, ശരീരി മൃത്യുവശൻ; 'm. enemy ആമരണാന്തവൈരൻ, ബദ്ധവൈരൻ, ദൃഢവൈരി'; **-ity,** *n.* മർത്ത്യത, മരണശീലത, മൃത്യുവശത, മരണധർമ്മം, കാലധർമ്മം, നശ്വരത, അനിത്യത; മൃത്യു, മരണം, നാശം, ജീവിതനാശം; മനുഷ്യം, മാനുഷത; **-ly,** *adv.* പ്രാണാന്തമായി, മരണകരമായി.

Mortar, *n.* സിമിൻറ്, ചുണ്ണാമ്പലേപം, കുമ്മായക്കൂട്ട്; ഉരൽ; ചട്ടിപ്പീരങ്കി, കുന്താണിപ്പീരങ്കി.

Mortgage (mor'gāj), *n.* ഒററി, ഈട്, സ്ഥാവരധനനിക്ഷേപം, പണയം, **-ee,** *n.* ഒററിക്കാരൻ, ഈടുകാരൻ, ഈടവകാശമുള്ളവൻ; **-or,** *n.* പണയംവെയ്ക്കുന്നവൻ, ഈടുകൊടുക്കുന്നവൻ, ഒററികൊടുക്കുന്നവൻ.

Mortiferous, *a.* മരണാവഹമായ.

Mortify (mor'tifi), *v. i. or v. t.* പരാജയപ്പെടുത്തുക, അവമാനിപ്പിക്കുക, ഇഴിവുപെടുത്തുക, അടക്കുക; നിഗ്രഹിക്കുക, കൊല്ലുക; ക്ലേശിപ്പിക്ക, ചൈതന്യം നശിപ്പിക്ക; *v. i.* നശിക്കുക, ചൈതന്യം നശിക്കുക, ദുഃഖിക്കുക, **-ed,** *a.* പരാജിതമായ, മാനം കെടുത്തിയ, ഗർവം നശിച്ച; വശീകൃതമായ, ആശയില്ലാത്ത; ദുഃഖിച്ച, പീഡിതമായ; മാംസം ക്ഷയിച്ച; **-ication,** *n.* അഭിഭവം, മാനഹാനി; അടക്കം, ഇന്ദ്രിയനിഗ്രഹം, വൈരാഗ്യം; തപശ്ചര്യ, തപസ്യ; ദുഃഖം, ക്ലേശം, വ്യഥ; ആശാഭംഗം; മാംസപാകം, മാംസകോഥം, ചൈതന്യനാശം; **-ing,** *a.* മാനംകെടുക്കുന്ന, ക്ലേശിപ്പിക്കുന്ന.

Mortise, *n.* വൈരത്തുള, കുടുമത്തുള; 'm. and tenon കുടുമയിട്ടുറപ്പിച്ച'; 'm. joi കുടുമയുറപ്പ്'; 'm. lock പാറപ്പൂട്ട്'; *v. t.* കുടുമത്തുളയുണ്ടാക്കുക, കുടുമയിട്ടുറപ്പിക്കുക.

Mortmain, *n.* തീറധികാരമില്ലാത്ത ഉടമസ്ഥത.

Mortuary, *n.* ചുടുകാട്, പരേതഭൂമി, ശ്മ ശാനം.

Mosaic (mōzā'ik), *a.* പലനിറമുള്ള, നാനാവർണ്ണമായ; 'm. work ചിത്രകർമ്മം'.

Mosque (mosk), *n.* മസ്ജിത്, മഹമ്മദീയദേവാലയം.

Mosquito (mos-kē'tō), *n.* കൊതുക്, മശകം.

Moss, *n.* പായൽ, ശൈവലം, ചണ്ടി, ജലനീലിക; 'm. grown പായൽപററിയ, പായൽകിളിർത്ത'; **-y,** *a.* പായലുള്ള.

Most, *a.* ഏററവും അധികമായ, ഭൂയിഷ്ഠമായ, അത്യധികമായ; ഉത്തമമായ; *n.* ഏറിയപങ്ക്, അധികഭാഗം, മുക്കാലേഅരയ്ക്കാലും, മിക്കവാറും, എല്ലാം; *adv.* അത്യന്തമായി, മിക്കവാറും **-ly,** *adv.* പ്രായേണ, പ്രായശഃ, ബഹുധാ, അധികവും, ഏറിയക്രമം.

Mote, *n.* പൊടി, കരട്, അണു, ലേശം, ബിന്ദു, അണുരേണു, കണിക.

Moth, *n.* രാമബാണപ്പൂച്ചി, ചോമ്പൻ, ശലഭം, പതംഗം, കീടം.

Mother, *n.* അമ്മ, തള്ള, മാതാവ്, ജനനി, അംബ, ജനയിത്രി; 'm. of offspring പുത്രവതി, അപത്യവതി'; 'm. in law അമ്മായിഅമ്മ, ശ്വശ്രു'; 'm. of a hero വീരമാതാവ്, വീരപ്രസൂ'; 'born of a different m. ഭിന്നോദരമായ, അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്യോദരമായ, അമ്മ രണ്ടായ'; **-hood,** *n.* മാതൃത്വം, ജനനീത്വം, മാതൃഭാവം, മാതൃധൎമ്മം; **-less,** *a.* അമ്മയില്ലാത്ത, അമാതൃകമായ; **-ly,** *a.* അമ്മയെപ്പോലുള്ള, മാതൃസദൃശമായ, മാതൃയോഗ്യമായ; *adv.* അമ്മയെപ്പോലെ, മാതൃഭാവത്തോടെ, മാതൃസ്ഥാനത്തിൽ നിന്നിട്ട്.

Mother of pearl, *n.* മുത്തുച്ചിപ്പി.

Motile, *a.* ഇളകുന്ന, ജംഗമമായ.

Motion (mō'shun), *n.* ഗതി, ഗമനം, ചലനം, സഞ്ചരണം; ചേഷ്ട, അംഗവിക്ഷേപം; 'to set in m. ഇളക്കിവിടുക, ഇളക്കുക, കമ്പിപ്പിക്ക'; ക്ഷോഭം, വേഗം, ആവേഗം, മനോവികാരം, കല്പന; പ്രേരണ, പ്രോത്സാഹനം; ഉപന്യാസം, ഉപക്ഷേപം, സൂചന; രേകം, രേചനം, ഉച്ചാരം; *v. i.* കൈകാട്ടിവിടുക, ചൂണ്ടിക്കൊടുക്കുക; **-less,** *a.* നിശ്ചലമായ, നിശ്ചേഷ്ടമായ, ഇളക്കമില്ലാത്ത, ഗതിഹീനമായ, നിഷ്കമ്പമായ, സ്ഥിരമായ.

Motive, *a.* ഇളക്കത്തിന്ന കാരണമായ, ചാലകമായ, പ്രേരകം, പ്രവൎത്തകം, ഹേതുകം; *n.* ഹേതു, കാരണം, നിമിത്തം, പ്രയോജനം, കാൎയ്യം, അൎത്ഥം, നിദാനം, നിബന്ധനം, പ്രവൎത്തകം, പ്രവൃത്തി; 'without m. s നിഷ്കാരണമായി, അഹേതുകമായി, നിഷ്പ്രയോജനമായി'.

Motley (-li) *a.* പലനിറമുള്ള, നാനാവൎണ്ണമായ, ബഹുപ്രകാരമായ, വിവിധമായ.

Motor, *n.* ചലനസൂത്രം, ചലനശക്തി.

Mottle, *v. t.* ചിത്രമാക്കുക, നാനാവൎണ്ണമാക്കുക; **-ed,** *a.* പുള്ളികളുള്ള, നാനാവൎണ്ണമായ, പലനിറമായ.

Motto, *n.* വാക്യം, വചനം, ആദൎശവാക്യം, മൂലവാക്യം, മുദ്രാവാക്യം.

Mould (mōld), *n.* പശമണ്ണ്, ചെളി; സംസ്കാരം, ആകാരം, ആകൃതി, സംസ്ഥാനം, രൂപം, മൂൎത്തി; പ്രകൃതി, കാരണം; *v. t.* സംസ്കരിക്കുക, കല്പിക്കുക, ആകാരം നൽകുക, രൂപംനൽകുക, പ്രവൎത്തിപ്പിക്കുക, രചിക്കുക; **-y,** *a.* അഴുക്കടഞ്ഞ, മലിനമായ, കളങ്കമയമായ.

Moulder, *v. i.* പൊടിയുക, ഉതിരുക, തകരുക; *v. t.* പൊട്ടിക്കുക, പൊടിക്കുക, തകൎക്കുക, ഉതിൎക്കുക; *n.* വാൎപ്പടക്കാരൻ.

Moult (mōlt), *v. i.* രോമം, തൂവൽ, കൊമ്പു മുതലായവയെ ഉതിൎക്കുക or കളക, ചട്ടയുരിയുക; **-ing,** *n.* പൎണ്ണപതനം, തൂവൽകൊഴിച്ചൽ.

Mound, *n.* മേട്ട്, മൺകൂന, മണത്തിട്ട്, കൊത്തളം.

Mount, *n.* മല, കുന്ന്, പൎവ്വതം, അദ്രി, നഗം, അചലം.

Mount, *v. i.* and *v. t.* ഏറുക, കയറുക, ഉയരുക, വാഹനത്തിൽ കയറുക, ഉയൎത്തിപ്പിടിക്കുക, ഏററിവയ്ക്കുക, ഉയരെ വയ്ക്കുക; **-ed,** *a.* ആരൂഢം, ആരോപിതം; 'a. m. soldier അശ്വാരൂഢൻ, കുതിരപ്പടയാളി, സാദി'; **-ing,** *n.* ആരോഹണം, ആരോപണം.

Mountain (mown'tin), *n.* വലിയ മല, പൎവ്വതം; **-eer,** *n.* മലവാസി, പൎവ്വതനിവാസി, ശൈലാടൻ; **-ous,** *a.* മലകൾ നിറഞ്ഞ, ശൈലമയമായ; പൊക്കമുള്ള, പൎവ്വതപ്രമാണമായ.

Mountebank, *n.* മൂഢവൈദ്യൻ, പൊട്ടുവൈദ്യൻ; നാട്യക്കാരൻ, തന്നത്താൻ പുകഴ്ത്തുന്നവൻ, വീമ്പുകാരൻ.

Mourn (mōrn), *v. t.* or *v. i.* ദുഃഖപ്പെടുക, കരയുക, പുലമ്പുക, അനുശോചിക്കുക, വിലപിക്കുക, ആക്രോശിക്കുക; **-er,** *n.* കരയുന്നവൻ, ശോചകൻ; **-ful,** *a.* ദുഃഖമായ, വ്യസനകരമായ, ശോകാവഹമായ; (of persons) ശോകാകുലനായ, ദുഃഖാൎത്തനായ, **-fully,** *adv.* ശോകത്തോടെ, വ്യസനത്തോടെ; **-fulness,** *n.* ശോകം, സങ്കടം, ദുഃഖം; **-ing,** *n.* കരച്ചിൽ, ശോകം, ഖേദം, ക്രന്ദനം; അശൗചം, പുല; 'm. dress ദുഃഖവേഷം, അമംഗളവേഷം'.

Mouse, *n.* ചുണ്ടെലി, മൂഷികൻ, ഖനകൻ; pl. **Mice.**

Moustache (moostash), *n.* മേൽമീശ.

Mouth, *n.* വായ്, മുഖം, ആസ്യം; ദ്വാരം, ഛിദ്രം, പഴുത്, രന്ധ്രം; *v. t.* or *v. i.* ഉദ്ധതമായി പറയുക, ഗൎവ്വമായി പറയുക; ചവയ്ക്കുക, ഗ്രസിക്കുക; **-ful,** *n.* ഒരു വായ്, കവളം, ഉരുള; **-less,** *a.* മുഖഹീനൻ.

Move (mōōv), *v. i.* ഇളകുക, ചലിക്കുക, അനങ്ങുക, നടക്കുക, ഗമിക്കുക, പോകുക, ചേഷ്ടിക്കുക, യത്നിക്കുക; 'm. on മുന്നോട്ടുപോകുക'; 'm. about ചുററുക, ചുററിസ്സഞ്ചരിക്കുക'; 'm. off അകന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോകുക'; *v. t.* ഇളക്കുക, അനക്കുക, ചലിപ്പിക്കുക; പ്രേരിപ്പിക്കുക, പ്രവൎത്തിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, ചേഷ്ടിപ്പിക്കുക, അലിയിക്കുക, ദയയുണ്ടാക്കുക; ആൎദ്രീകരിക്കുക; ഉപന്യസിക്കുക, ഉപക്ഷേപിക്കുക; *n.* അനക്കം, ചലനം, ഗമനം, പോക്കു്; **-able,** *a.* ഇളക്കത്തക്ക, അനങ്ങുന്ന, ചലം, ചരം, ജംഗമം, ചരിഷ്ണു, ചലനശീലം, ഗമനശീലമായ; **-ables,** *n.* എടുത്തുമാററാവുന്ന സാമാനങ്ങൾ; **-ed,** *a.* ഇളക്കപ്പെട്ട, അനങ്ങിയ, ചലിതം, പ്രേരിതം etc. 'gently m. പതുക്കെ അനക്കിയ, വേല്ലിതമായ, ആധൂതം, ആകമ്പിതം, ധൂതം'; **-er,** *n.* അനക്കുന്നവൻ, ഇളക്കുന്നവൻ; ഉപക്ഷേപകൻ, ഉപന്യാസകൃത്; പ്രവൎത്തകൻ, പ്രയോജകൻ, പ്രേരകൻ; **-ing,** *a.* ഇളകുന്ന, സഞ്ചരിക്കുന്ന, നടക്കുന്ന; ചലത്തായ; ഹൃദയസ്പൃക്കായ, മൎമ്മസ്പൃക്കായ, ഹൃദയംഗമമായ, ദയാവഹമായ, മനസ്സലിയിക്കുന്ന; **-ingly,** *adv.* മനസ്സലിയിച്ചു്, ഹൃദയംഗമമായി; **-ment,** *n.* ഇളക്കം, ചലനം, യാനം, ഗതി, പോക്കു്, വ്യാപാരം, ചേഷ്ട, ക്രിയ, പ്രവൃത്തി; 'graceful m. വിലാസം, വിഭ്രമം'; ചലനം, ഭ്രമണം, സഞ്ചരണം; 'circular m. മണ്ഡലഭ്രമണം, വട്ടത്തിൽചുററൽ'; ക്ഷോഭം, കമ്പം; ഗ്രാമം, മൂൎച്ഛന.

Mow (mō), *v. t.* or *v. i.* പുല്ലരുക്കുക, പുല്ലുചെത്തുക, വിളവെട്ടുക്കുക, കൊയ്യുക; *n.* വൈക്കോൽകെട്ടു്, പുൽകെട്ടു്, ധാന്യരാശി; **-er,** *n.* പുല്ലുചെത്തുന്നവൻ, കൊയ്ത്തുകാരൻ; **-ing,** *n.* പുല്ലരുപ്പു്, കൊയ്ത്തു്, തൃണകൎത്തനം.

Much, *a.* കൂടുതൽ, മികച്ച, ഏറിയ; *n.* കൂടുതൽ, ആധിക്യം, ഏററം; *adv.* ഏറെ, അതിയായി, അധികമായി, കൂടുതലായി.

Mucilage, *n.* പശ, പശപശപ്പുള്ള സാധനം.

Muck, *n.* അഴുക്കു്, മലം, പുരീഷം, അമേദ്ധ്യം, തീട്ടം, *v. t.* മലം പുരട്ടുക, അഴുക്കു പുരട്ടുക; **-y,** *a.* അഴുക്കുള്ള, മലിനമായ, പങ്കിലമായ, അമേദ്ധ്യമായ.

Mucus (-kus), *n.* ചെളി, മലം, ഇന്ദ്രിയമലം; 'm. of the nose മൂക്കിള, നാസാമലം'; 'm. of the throat കഫം, ശ്ലേഷ്മാവു്'; 'm. of the bowels ആമം'; 'm. of the urethra പുഷ്പം, ഉളു, രീണ്ടാരിക്കറ'; **-Mucous, Muculent,** *a.* പശയായ, ചിക്കണമായ, ശ്ലേഷ്മളമായ.

Mud, *n.* ചെളി, ചേറു്, പങ്കം, കൎദ്ദമം, ശാദം; **-dy,** *a.* ചേറായ, ചെളിയുള്ള, മലിനമായ, മലീമസമായ; 'm. headed ചെളിത്തലയായ, സ്ഥൂലബുദ്ധിയായ; **-Muddle,** (mud'l), *v. t.* കലക്കുക, പങ്കിലമാക്കുക, ദൂഷിപ്പിക്ക, മദിപ്പിക്ക; *n.* കലക്കം, താറുമാറു്, കുഴപ്പം.

Muff, *n.* മന്ദബുദ്ധി, നിൎഗ്ഗുണൻ, മടയൻ; രോമമയമായ കയ്യുറ.

Muffin, *n.* ഇട്ടലി, ഇഡ്ഡലി.

Muffle (muf'l), *v. t.* ഇറുകെച്ചുററുക, വസ്ത്രം കൊണ്ടു മുറുക്കെ ചുററുക, വസ്ത്രത്താൽ മറയ്ക്കുക; **-er,** *n.* ആച്ഛാദനം, അവഗുണ്ഠനം, മുഖാച്ഛാദനം; ഗളരക്ഷ, കഴുത്തിൽകെട്ടുന്ന ആട.

Mug, *n.* പാനപാത്രം, കംസം, മൊന്ത.

Muggy (mug'i), **Muggish,** *a.* ഇറുകിയ, നനഞ്ഞ, ഈൎപ്പമുള്ള.

Mulberry, *n.* പട്ടുനൂൽപുഴച്ചെടി, മാംബറി, യൂപം, ബ്രഹ്മദാരു.

Mulct, *n.* അപരാധം, ദണ്ഡം, പിഴ, ശിക്ഷ; *v. t.* ദണ്ഡിക്കുക, പിഴയിടുക.

Mule, *n.* കോവർകഴുത, അശ്വതരം, വേശരം.

Muleteer, *n.* കോവർകഴുതക്കാരൻ.

Muliebrity, *n.* സ്ത്രീത്വം, സ്ത്രീഭാവം, നാരീത്വം.

Mull, *n.* താറുമാറു്, കലവ; *v. t.* ഛിന്നഭിന്നമാക്കുക, നുറുക്കുക; കുഴക്കുക, കലക്കുക.

Mull, Mulmul, *n.* നേരിയവസ്ത്രം, മൽമൽ.

Muller, *n.* അമ്മിക്കുഴവി.

Mulligrubs, *n.* ആന്ത്രശൂലം, ആന്ത്രവേദന.

Multangular, *a.* പലകോണമുള്ള, പലമൂലയുള്ള, ബഹുകോണമായ.

Multifarious, *a.* പലവിധമായ, നാനാവിധമായ.

Multiform, *a.* നാനാരൂപമായ, നാനാപ്രകാരമായ; **-ity,** *n.* അനേകരൂപത, നാനാരൂപത്വം.

Multigenerous, *a.* വിവിധമായ, പലതരത്തിലുള്ള.

Multilateral, *a.* അനേകഭുജമുള്ള, പലവശങ്ങളുള്ള, നാനാപാൎശ്വങ്ങളുള്ള.

Multilineal, *a.* ബഹുരേഖമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Multiparous, *a.* ബഹുപ്രസവമുള്ള.

Multiped, *a.* അനവധി കാലുകളുള്ള; *n.* ബഹുപാത്, തേരട്ട.

Multiple, -plex, *a.* പലപങ്കുള്ള, പെരുക്കമായ, പലമടങ്ങുള്ള; ആവൎത്തിതമായ; 'm. star കൂട്ടനക്ഷത്രം'; **-ple,** *n.* പെരുക്കം, ആധാരം, മൂലസംഖ്യ, പ്രമാണസംഖ്യ; ഗുണിതം; 'common m. സാധാരണഗുണിതം, പൊതുപ്പെരുക്കം'.

Multiplicity, *n.* ബാഹുല്യം, ധാരാളത്വം, പ്രാചുൎയ്യം, പ്രഭൂതത്വം; 'm. of business അനേകകാൎയ്യവ്യാപൃതത്വം, കാൎയ്യവൈവിദ്ധ്യം.

Multiply, *v. t.* പെരുക്കുക, ഗുണിക്കുക, അനേകമാക്കുക, വൎദ്ധിപ്പിക്ക; *v. i.* വൎദ്ധിക്കുക, പെരുകുക; സന്തതിജനിപ്പിക്ക; **-ed,** *a.* ഗുണിതമായ, പെരുക്കപ്പെട്ട, വൎദ്ധിതമായ; **-ier, -icator,** *n.* ഗുണകം, പെരുക്കസംഖ്യ; **-ication,** *n.* ആവൃത്തി, ഗുണനം, അഭ്യാസം. വൎദ്ധനം; **-icative,** *a.* ഗുണകമായ; **-plicand,** *n.* ഗുണ്യം, ഗുണ്യസംഖ്യ, പെരുക്കപ്പെടേണ്ട സംഖ്യ or അക്കം.

Multipotent, *a.* ബഹുകാൎയ്യക്ഷമമായ, ബഹുകാൎയ്യപ്രാപ്തിയുള്ള.

Multiradiate, *a.* ബഹുകിരണമായ.

Multisonous, *a.* ബഹുനാദമായ, പലതരത്തിൽ ശബ്ദമുള്ള.

Multitude, *n.* കൂട്ടം, സമൂഹം, ഗണം, നിവഹം, വൃന്ദം; ജനത, ജനക്കൂട്ടം, ബാഹുല്യം.

Multitudinous, *a.* അനേകമായ, കൂട്ടമായ, സമൂഹമായ.

Multiversant, *a.* ബഹുരൂപധാരിയായ.

Multivocal, *a.* നാനാൎത്ഥമുള്ള, ദ്വയാൎത്ഥമുള്ള.

Multocular, *a.* അനവധികണ്ണുകളുള്ള.

Mum, *a.* മിണ്ടാത്ത, നിശ്ശബ്ദമായ; *intj.* മിണ്ടാതെ!, ശബ്ദിക്കരുതു!, നിശ്ശബ്ദം!, മിണ്ടരുതു്!, ശ്ശൂ.

Mumble, *v. i. and v. t.* മുണുമുണുക്കുക, മുരമുരക്കുക.

Mummer, *n.* ഓണപ്പൊട്ടൻ, കോമാളി; **-y,** *n.* വേഷക്കളി, കോലംകെട്ടു്.

Mummy, *n.* എണ്ണയിലിട്ടുവെച്ചശവം, മമ്മി.

Mump, *v. t. or v. i.* അസ്പഷ്ടമായി പറയുക, മുരമുരക്കുക, മുണുമുണുക്കുക; ചതിക്കുക.

Mumps, *n.* pl. ഈറ; ഇളിഭ്യത്തം; പിണ്ടിവീക്കം, മുണ്ടിവീക്കം.

Munch, *v. t. and v. i.* ചവച്ചുടച്ചുതിന്നുക, ചവ്വണംചെയ്യുക; **-er,** *n.* ചവച്ചുതിന്നി.

Mundane, *a.* ലൌകികമായ, സാംസാരികമായ, ഐഹികമായ; 'm. existence സംസാരം, ലോകയാത്ര'.

Mungoose, *n.* കീരി.

Municipal, *a.* നഗരസംബന്ധമായ, നഗരീയം; **-ity,** *n.* സ്വയംഭരിക്കുന്ന പട്ടണം or നഗരം, സ്വാധിപത്യനഗരം, മുനിസിപ്പാലിററി.

Munificent, *a.* ധാരാളംകൊടുക്കുന്ന, ഉദാരമായ, വദാന്യമായ, ദാനശൌണ്ഡമായ, ത്യാഗശീലമായ; **-ly,** *adv.* ഉദാരമായി; **-Munificence,** *n.* കൊടുപ്പു്, ഔദാൎയ്യം, വദാന്യത, അതിത്യാഗം.

Muniment, *n.* പോൎത്തളവാടം, കോട്ട, കൊത്തളം; ശാസനാപത്രം, രേഖ,കരണം.

Munition, *n.* യുദ്ധസാമഗ്രികൾമുതലായവ.

Mural, *a.* മതിലിനുള്ള, മതിലിനെസംബന്ധിച്ച, ചെങ്കുത്തായ, കീഴാംതൂക്കായ.

Murder, *n.* കൊല, വധം, സൂദനം, ഹിംസ; *v t.* കൊല്ലുക, ഹനിക്കുക; **-er,** *n.* കൊലയാളി, ഘാതകൻ, ഹന്താവു്; **-ous,** *a.* കൊലക്കൊതിയുള്ള, വധോദ്യതമായ; കൊട്ടുമയുള്ള, നിഷ്ഠുരമായ, ദാരുണമായ; ഘാതകമായ, പ്രാണാന്തകമായ; മാരാത്മകമായ, ആത്യയികമായ.

Muriatic, *n.* കടലുപ്പു്; *a.* ഉപ്പിനുള്ള, ഉവൎപ്പായ, ഉപ്പായ, ലവണസംബന്ധമായ.

Murky, *a.* ഇരുണ്ട, മങ്ങിയ.

Murmur, *v. i.* മുരമുരക്കുക, മുരളുക, പിറുപിറുക്കുക; പരാതിപ്പെടുക; *n.* മുരമുരപ്പു്, പരാതി; **-er,** *n.* പിറുപിറുക്കുന്നവൻ, അസന്തുഷ്ടൻ.

Murrain, *n.* കന്നുകാലിവ്യാധി, മാരി, പശുപ്പിണി.

Muscle, (mus'l), *n.* ദശനാരു്, ദശനമ്പു്. മാംസപേശി, പേശി, സ്നായു, സിര; **-Muscular, -Musculous,** *a.* പേശിസംബന്ധിയായ, മാംസളമായ, ദൃഢാംഗമായ.

Muse (mūz), *n.* അഗാധചിന്ത, ഏകാഗ്രചിന്ത, ധ്യാനം; സരസ്വതി; *v. i.* അതിഗാഢമായി ചിന്തിക്കുക, ധ്യാനിക്കുക, വിചാരശൂന്യമായിരിക്കുക, കടന്നുകടന്നു വി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാരിക്കുക; **-ful,** *a.* ചിന്താശീലമായ, ചിന്താനിഷ്ഠമായ.

Museum (mūzē'um), *n.* മ്യൂസിയം, കാഴ്ച ബംഗ്ലാവ്, വിനോദശാല, ദുർല്ലഭവസ്തുസംഗ്രഹം.

Mushroom, *n.* കുമിൾ, ഛത്രകം; പെട്ടെന്നുകേമനായവൻ; *a.* കുമിൾസംബന്ധിച്ച, താൽകാലികമായ, പെട്ടെന്നുണ്ടായി നശിക്കുന്ന.

Music (mū'zik), *n.* ഗീതം, സംഗീതം, പാട്ട്; താളൈക്യം, മാധുര്യം, വാദ്യഘോഷം; **-al,** *a.* പാട്ടിനെസംബന്ധിച്ച, സംഗീതവിഷയകമായ; സുസ്വരമായ, സുശ്രാവ്യമായ; നാദപ്രിയമായ; 'm. entertainment ഗാനോത്സവം'; 'm. instrument വാദിത്രം'; 'm. glasses ജലതരംഗം'; **-ally,** *adv.* നല്ലസ്വരത്തിൽ, സംഗീതശാസ്ത്രാനുരൂപമായി; **-ian,** *n.* പാട്ടുകാരൻ, ഭാഗവതർ; വാദകൻ, സംഗീതജ്ഞൻ, സ്വരാഭിജ്ഞൻ.

Musk, *n.* കസ്തൂരി, കസ്തൂരിക, മൃഗനാഭി, മൃഗമദം'; 'm. deer ഗന്ധമൃഗം, കസ്തൂരിമൃഗം'; 'm. rat ഗന്ധമൂഷികൻ'; **-y,** *a.* കസ്തൂരിയുള്ള, കസ്തൂരിമണമുള്ള.

Musket, *n.* തോക്ക്, തുപ്പാക്കി, കൈത്തോക്ക്; **-eer,** *n.* തോക്കുകാരൻ, പടയാളി; **-oon,** *n.* ചെറുതോക്ക്; **-ry,** *n.* തോക്കുക്കൂട്ടം, വെടി.

Muslin (muz'lin), *n.* മസ്ലിൻ, അംശുകം.

Mussulman, *n.* ജോനകൻ, മുസ്ലീം, കൊറാനിൽ വിശ്വസിക്കുന്ന മനുഷ്യൻ.

Must, *v. i.* വേണം, വേണ്ടതാകുന്നു, ആവശ്യമാകുന്നു; *n* പുളിക്കാത്തമദ്യം, പുളിച്ചു പോയാത്ത മുന്തിരിച്ചാറ്, പുതുവീഞ്ഞ്, ദ്രാക്ഷാരസം.

Mustard (mus'tėrd), *n* കടുക്, കടുകചെടി, 'black m. കൃഷ്ണിക'; 'white m. സിദ്ധാർത്ഥകം'.

Muster, *v. t.* കൂട്ടുക, കൂട്ടിച്ചേർക്കുക, സംഗ്രഹിക്കുക, സമാഹരിക്കുക, സംഗമിപ്പിക്കുക; ഏകീകരിക്കുക; (സൈന്യത്തെ) ഒന്നിച്ചുചേർക്കുക, ഒരിടത്തുവിളിച്ചുകൂട്ടുക; *n.* പടക്കണക്കുപുസ്തകം.

Musty, *a.* പഴകിയ, പൂത്ത, പുളിച്ച, പൂശണപ്പെട്ട.

Mutable, *a.* മാറാവുന്ന, മാറുന്ന, വികാരവത്തായ, അസ്ഥിരമായ, അസ്ഥായിയായ; ഇളകുന്ന, ചഞ്ചലമായ; **-ness, -Mutability,** *n.* നിലനില്പില്ലായ്മ, അനിത്യത്വം, മാററം, അസ്ഥൈര്യം, അനവസ്ഥിതി, ലൌല്യം, ചാഞ്ചല്യം, തരളത; **-Mutation,** *n.* മാററം, വികാരം, പരിണാമം, വികൃതി, സ്ഥിതിഭേദം, അവസ്ഥാഭേദം.

Mute, *a.* മിണ്ടാത്ത, മൂകമായ, വാക്ശൂന്യമായ, നിശ്ശബ്ദമായ, വ്യഞ്ജനാക്ഷരമായ; *n.* മിണ്ടാത്തവൻ, ഊമ, മൂകൻ; പക്ഷിക്കാട്ടം; **-ly,** *adv.* നിശ്ശബ്ദമായി, ഊമയായി, ജഡനേപ്പോലെ; **-ness,** *n.* ഊമത്തം, മൂകത, ജാഡ്യം, മൌനഭാവം.

Mutilate, *v. t.* അംഗച്ഛേദംചെയ്യുക, മുടന്താക്കുക, കോലംകെടുത്തുക, വികലമാക്കുക, മുറിക്കുക; **-ed,** *a.* തുണ്ടുതുണ്ടായ, ഖണ്ഡിതാംഗമായ; **-ion,** *n.* അംഗച്ഛേദം, മുറിക്കൽ, ഖണ്ഡനം, വൈകല്യം.

Mutiny, *n.* സൈന്യദ്രോഹം, പട്ടാളവഴക്ക്, ക്ഷോഭം, പ്രകോപം, വ്യുത്ഥാനം, കോപം; *v. i.* എതിർക്കുക, അടങ്ങാതെഴുക, വഴക്കിടുക, ക്ഷോഭിപ്പിക്കുക, കല്പനലംഘിക്കുക; **-eer,** *n.* പ്രകോപകാരി, ആജ്ഞാലംഘി, ദ്രോഹകാരി, ക്ഷോഭകാരി; **-ous,** *a.* കലഹമുണ്ടാക്കുന്ന, കല്പനലംഘിക്കുന്ന, എതിർക്കുന്ന, ക്ഷോഭകാരിയായ, പറഞ്ഞാൽകേൾപ്പിക്കാൻകഴിയാത്ത.

Mutter, *v. t. or v. i.* താഴ്ന്നസ്വരത്തിൽ പറയുക, മുണമുണക്കുക, അസ്ഫുടമായി പറയുക; ഗർജ്ജിക്കുക, മുഴക്കുക; **-ing,** *n.* മന്ത്രം, ജപം, കീഴ്സ്വരത്തിൽ സംസാരം; ഗർജ്ജിതം, സ്തനിതം; **-er,** *n.* മന്ത്രക്കാരൻ, അസ്ഫുടവാദി; **-ingly,** *adv.* അസ്പഷ്ടമായി, വ്യക്തമായി, കീഴ്സ്വരത്തിൽ.

Mutton (mut'n), *n.* ആട്ടിറച്ചി.

Mutual, *a.* അന്യോന്യമായ, പരസ്പരമായ; 'm. help അന്യോന്യസഹായ്യം'; 'm. obligation പ്രത്യുപകാരം, പ്രത്യുദ്യോഗം; **-ity,** *n.* പരസ്പരയോഗം, പരസ്പരസംബന്ധം, അന്യോന്യാശ്രയം; **-ly,** *adv.* തമ്മിൽതമ്മിൽ, പരസ്പരമായി.

Muzzle (muz'l), *v. t.* വായടയ്ക്കുക, മുഖംബന്ധിക്കുക, പൂട്ടുക, കെട്ടുക; *n.* വായ്, നീണ്ടമുഖത്തി, വായ്പൂട്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

My, (mi), *a.* എന്റെ, എനിക്കുള്ള.
Myography, *n.* സ്നായുവൎണ്ണനം.
Myology, *n.* സ്നായുവൎണ്ണനം, പേശിവൎണ്ണനം.
Myope, -opia, -ops, -opy, *n.* അല്പദൃഷ്ടി, അദീൎഘദൃഷ്ടി.
Myriad (mir-), *n.* പതിനായിരം, അയുതം, അനേകം.
Myrmidon (mėr'), *n.* പരിചരൻ, ക്രൂരപരിചരൻ, ക്രൂരഭൃത്യൻ.
Myrobalan, -obolan, *n.* താന്നിക്ക, കലിദ്രുമം.
Myrrh (mėr), *n.* നറുംപശ, ബോലം, ഗന്ധരസം, രസഗന്ധം.
Myrtle (mėr'tl), *n.* ഒരു സുഗന്ധച്ചെടി, കൊളുന്ത്.
Mystery (mis-), *n.* പരമരഹസ്യം, നിഗൂഢം, ഗുഹ്യം, ഗൂഢാൎത്ഥം, ഗൂഢതത്വം, ഗഹനവിഷയം; **-ious**, *a.* പരമരഹസ്യമായ, ഗഹനമായ, ഗൂഢാൎത്ഥമായ, അവ്യക്തമായ, അസ്പഷ്ടമായ; 'a. m. person അവ്യക്തകൎമ്മാവായ പുരുഷൻ, ഗൂഢചരിത്രനായ മനുഷ്യൻ'; **-iously**, *adv.* ഗഹനമായി; **-iousness**, *n.* ഗൂഢത, ഗഹനത, അറിയാൻപാടില്ലായ്ക.
Mystic, -al, *a.* മറഞ്ഞൎത്ഥമുള്ള, തെളിവില്ലാത്ത, രഹസ്യമായ, ഗൂഢമായ; *see* **Mysterious**; **-ally**, *adv.* ഗൂഢമായി, ഗഹനമായി; **-ism, -ness**, *n.* ഗൂഢത, ഗഹനത; **-Mystify**, *v. t.* മറവായതാക്കുക, മായയാക്കുക, കുഴപ്പുക, നിഗൂഢമാക്കുക.
Myth, Mythe, *n.* പുരാണം, പുരാവൃത്തം, പുരാണകഥ, പുരാവൃത്താഖ്യാനം; കല്പിതകഥ, കൂടാൎത്ഥകഥ; **-ic, -ical**, *a.* പൌരാണികമായ; കാല്പനികമായ, കൂടാൎത്ഥമായ; **-Mythology**, (mith-ol'o-ji), *n.* പുരാണം, ഇതിഹാസം, ദേവതാഖ്യാനം; **-ical**, *a.* പൌരാണികമായ, ഐതിഹാസികമായ; **-ist**, *n.* പുരാവിത്, പുരാണവിദ്, ഇതിഹാസജ്ഞൻ.

Nab, *v. t.* അറിയാതെ പിടികൂടുക, നിനച്ചിരിക്കാതെ ഗ്രഹിക്കുക; *n.* കുന്നിന്റെ ഉച്ചി; തോക്കിന്റെ കൊത്തി; (പൂട്ടിന്റെ) കള്ളൻ നില്ക്കുന്നകാഠി.
Nabit, *n.* കല്ക്കണ്ടപ്പൊടി.
Nabob, *n.* നവാബ്, മഹമ്മദീയരാജാവ്, പ്രഭു.
Nacre (nā'kėr), *n.* മുത്തുച്ചിപ്പി, മുക്താസ്ഫോടം, ശുക്തിപുടം.
Nadir, *n.* അങ്ങേഅററത്തെ താഴ്ച, അധോബിന്ദു, അധോലംബസ്ഥാനം; *opp.* **Zenith.**
Nag, *n.* ചെറുകുതിര, മട്ടക്കുതിര, അശ്വകം, ഘോടകം; *v. t.* ക്ലേശിപ്പിക്കുക, അടിക്കടി കുററപ്പെടുത്തുക.
Naiad, *n.* ജലദേവത, അപ്സരസ്സ്.
Nail, *n.* നഖം, പക്ഷിനഖം, മൃഗനഖം, ആണി; *v. t.* ആണിതറയ്ക്കുക, ആണിയടിക്കുക.
Naive (näēv'), *a.* നേരായ, ഋജുവായ, സരളമായ, നിവ്യാജമായ, സുജനമായ; **-ly**, *adv.* നിവ്യാജമായി; **-Naivete** (nä-ēv'tä), *n.* നേരു്, ദാക്ഷിണ്യം, സൌജന്യം, ആൎജ്ജവം.
Naked, *a.* നഗ്നമായ, വിവസ്ത്രമായ, മുണ്ടില്ലാത്ത, മറയ്ക്കാത്ത, ഒളിവില്ലാത്ത, വിവൃതമായ; അസജ്ജമായ, അഭൂഷിതമായ; കേവലമായ, ശുദ്ധമായ, സ്പഷ്ടമായ, സപ്രകാശമായ, സ്ഫുടമായ; **-ly**, *adv.* നഗ്നമായി, അപരിഛിന്നമായി, കേവലമായി, സ്പഷ്ടമായി; **-ness**, *n.* നഗ്നത, നഗ്നഭാവം, അനാവൃതത്വം.
Name, *n.* പേർ, നാമധേയം, പട്ടം, കീൎത്തി, പ്രതിഷ്ഠ, ഖ്യാതി, പ്രസിദ്ധി, യശസ്സ്; 'good n. സുകീൎത്തി, സുഖ്യാതി'; 'bad n. ദുഷ്കീൎത്തി, അപകീൎത്തി'; *v. t.* പേരിടുക, വിളിക്കുക, ചൊല്ലുക, പറയുക, പേരുകൊണ്ടു നിൎദ്ദേശിക്കുക; **-ed**, 'by name', *a.* പേരോടുകൂടിയ, നാമധാരിയായ'; **-ing**, *n.* നാമകരണം, നാമനിൎദ്ദേശം; **-less**, *a.* പേരില്ലാത്ത, അപ്രസിദ്ധമായ; **-ly**, *adv.* അതായതു്; **-Namesake**, *n.* ഒരേ പേരുള്ളയാൾ, ഏകനാമധാരി.
Nap, *n.* ഉറക്കം, മയക്കം, തൂക്കം, അല്പനിദ്ര; രോമം; ഗണ്ഡം; *v. i.* 'take a n. സ്വല്പമുറങ്ങുക, മയങ്ങുക'; **-less**, *a.* രോമഹീനമായ; **-py**, *a.* ലോമശമായ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിദ്രാലുവായ, ഉറക്കമുള്ള; നിദ്രാകാരിയായ.

Nape, *n.* പിടലി, പിടർ.

Naphtha, *n.* മണ്ണെണ്ണ.

Napkin, *n.* കൈത്തോർത്ത്, തൂവാൽ.

Narcotic, *a.* ഉറക്കമുണ്ടാക്കുന്ന; *n.* ഉറക്കം, നിദ്ര, തൂക്കം, മയക്കം.

Nard, *n.* ജടില, തപസ്വിനി.

Narrate, *v. t.* കഥചൊല്ലുക, കഥനംചെയ്ക, വർണ്ണിക്കുക, ആഖ്യാനംചെയ്ക; **-ion,** *n.* ആഖ്യാനം, നിവേദനം; കഥ; **-ive,** *n.* കഥ, കഥാപ്രബന്ധം, ഇതിഹാസം; *a.* കഥാസംബന്ധിയായ, വിവരണവിഷയകമായ; **-or,** *n.* കാഥികൻ, കഥകൻ, നിവേദകൻ.

Narrow (nar'o), *a.* അകലമില്ലാത്ത, ഇടുങ്ങിയ, സങ്കുചിതമായ; അല്പമായ; ക്ഷുദ്രമായ, ലഘുവായ, അനുദാരമായ; സൂക്ഷ്മമായ, അതിസൂക്ഷ്മമായ; *v. t.* ചെറുതാക്കുക, അകലം കുറയ്ക്കുക, വിസ്താരം കുറയ്ക്കുക, സംക്ഷേപിക്ക, സങ്കോചിപ്പിക്കുക; *v. i.* അകലംകുറയുക, സങ്കുചിതമാകുക; **-ly,** *adv.* അവിസ്തൃതമായി, സങ്കുചിതമായി, കഷ്ടിച്ച്, ഒരുപ്രകാരത്തിൽ, ഞെങ്ങിഞെരുങ്ങി; സൂക്ഷ്മമായി, നിപുണമായി; **-ness,** *n.* അകലക്കുറവ്, സങ്കോചം, അനുദാരത, വിശാലതക്കുറവ്.

Nasal (nā'zal), *a.* മൂക്കിനെ സംബന്ധിച്ച, അനുനാസികമായ; *n.* അനുനാസികം.

Nascent (nas'ent), *a.* മുളയ്ക്കുന്ന, ആരംഭിക്കുന്ന, വദ്ധിഷ്ണുവായ.

Nasty, *a.* ചീത്ത, വൃത്തികെട്ട, ചീഞ്ഞ, മലിനമായ, അബദ്ധമായ, കുത്സിതമായ, അശ്ലീലമായ, അസഭ്യമായ; **-ily,** *adv.* ചീഞ്ഞ്, കുത്സിതമായി; **-iness,** *n.* വൃത്തികേട്, മാലിന്യം, മലം.

Natal, *a,* ജന്മ in comp; പിറപ്പു സംബന്ധിച്ച, സഹജമായ; 'n. country ജന്മഭൂമി'.

Natant, *a.* പ്ലവനംചെയ്യുന്ന, നീരിൽ പൊന്തിയൊഴുകുന്ന, ഒഴുകുന്ന, നീന്തുന്ന.

Nation (nā'shun), *n.* രാഷ്ട്രം, ജനപദം, ദേശം, വിഷയം, (people) ജനത, ജനം, ദേശജനം, **-al,** *a.* ദേശീയം, ദേശ്യം; 'n. custom ദേശാചാരം'; 'n. law ദേശധർമ്മം'; 'n. calamity രാഷ്ട്രീയകലാപം'; ദേശാഭിമാനി; സാമാന്യമായ, സാധാരണമായ, സർവജനീനമായ; **-ality,** *n.* സ്വദേശാഭിമാനം, രാഷ്ട്രീയത, ദേശീയത; **-ally,** *adv.* സാമാന്യമായി.

Native, *a.* ദേശീയമായ; സ്വദേശത്തിലുണ്ടായ; സഹജമായ, നൈസർഗ്ഗികമായ, സ്വഭാവജമായ, ജന്മസിദ്ധമായ; 'n. country ജന്മഭൂമി'; 'n. place ജന്മസ്ഥാനം, ഉല്പത്തിസ്ഥാനം'; *n.* സ്വദേശി, ദേശവാസി, ദേശോത്ഭവൻ; **-ity,** *n.* ഉല്പത്തി, സംഭവം, ഉത്ഭവം, ജന്മപത്രിക, ജാതകം; 'cast one's n. ജാതകംനിരൂപിക്കുക'; 'star at one's n. ജന്മനക്ഷത്രം'; 'name given at one's n. ജന്മനാമം'.

Natron, *n.* സർജ്ജികാക്ഷാരം.

Natty, *a.* ശോഭനമായ, പരിമൃഷ്ടമായ, വിനീതമായ.

Nature, *n.* സൃഷ്ടി, ജഗത്, ഭൂമണ്ഡലം, വിശ്വം, ബ്രഹ്മാണ്ഡം; മാർഗ്ഗം, രീതി, ക്രമം, വിധി, ധർമ്മം, സൃഷ്ടിക്രമം; പ്രകൃതി, മായ, ശക്തി, ആദിശക്തി, പ്രധാനം; പ്രകാരം, രൂപം, ജാതി, രീതി; ഭാവം, പ്രകൃതി, സ്വഭാവം, നിസർഗ്ഗം, ധർമ്മം, തത്ത്വം, സത്വം, ഗുണം, പ്രകൃതിസ്വഭാവം, സ്വരൂപം, സ്വധർമ്മം, ശീലം; സ്വഭാവം, പ്രകൃതിഗുണം; 'properties of n. ഗുണത്രയം (സത്വം, രജസ്സ്, തമസ്സ്)'; 'good n. സദ്ഭാവം, സുശീലം, സൌജന്യം'; 'by n. പ്രകൃത്യാ, ജാത്യാ, സ്വഭാവത്താൽ'; 'blind by n. ജാത്യന്ധൻ, ജന്മാന്ധൻ'; 'function of n. ശരീരധർമ്മം'; **-ed,** *a.* സ്വഭാവമായ, ശീലമായ; **-Natural,** *a.* സ്വാഭാവികമായ, നൈസർഗ്ഗികമായ, സഹജമായ, നിസർഗ്ഗജമായ, നിജമായ, അന്തർഭവമായ; യോഗ്യമായ, യഥാന്യായമായ, ഉചിതമായ; സ്വഭാവാനുഗതമായ, സ്വഭാവയോഗ്യമായ; അകൃതകം, അയത്നനിർമ്മിതം; 'n. cavity ദേവഖാതം'; 'n. loveliness അവ്യാജസൗന്ദര്യം'; സുലഭമായ; (child) ഒളിവില്ലാത്ത, നിയമവിരുദ്ധമായുണ്ടായ, ഗൂഢജം, അനൌരസം, ജാരജം, ഉപസ്ത്രീജാതം, വിജാതം; സത്യം, യഥാർത്ഥം, സരളം, പ്രകൃതം; യഥാകാലമായ; 'n. death യഥാകാലമുണ്ടാകുന്ന മരണം'; 'n. form

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വരൂപം'; 'n. disposition സ്വഭാവം, ജന്മസ്വഭാവം'; 'n. history ജഡാജഡശാസ്ത്രം, സ്ഥാവരജംഗമശാസ്ത്രം'; 'n. philosophy പദാൎത്ഥവിജ്ഞാനം, പദാൎത്ഥദൎശനം'; n. മൂഢൻ, മൂൎഖൻ, ജഡൻ; -ist, n. പദാൎത്ഥശാസ്ത്രജ്ഞൻ, പദാൎത്ഥവിജ്ഞാനി; -ize, v. t. അഭ്യസിക്കുക, പരിചയപ്പെടുക; ദേശീയമാക്കുക, സ്വന്തപ്പെടുത്തുക; -ly, adv. പ്രകൃത്യാ, നിസൎഗ്ഗേണ, സ്വഭാവേന, ജാത്യാ; 'n. charming നിസൎഗ്ഗമധുരമായ, പ്രകൃതിസുഭഗമായ, അവ്യാജസുന്ദരമായ'; യഥാക്രമമായി, അനുലോമമായി, സൃഷ്ടിക്രമാനുസാരേണ; അകൃത്രിമമായി, അയത്നമായി, സഹജശക്തിയോടെ; സ്വതേ, സ്വയം, താനേതന്നെ, അന്തഃപ്രവൃത്തികൊണ്ട്; അവശ്യമായി, നിൎവ്വാദമായി, നിശ്ചയമായി; -ness, n. സഹജത്വം, യാഥാൎത്ഥ്യം etc.

Naught, Nought (nawt), n. ഒന്നുമില്ലായ്ക, ശൂന്യം, നാസ്തി, പൂജ്യം; 'set at n. തൃണീകരിക്കുക, നിസ്സാരമാക്കുക'.

Naughty (nawt'i), a. കരുത്തംകെട്ട, ചപ്പിട്ട, മൎയ്യാദകെട്ട, ഉപദ്രവിയായ, ദുൎവൃത്തമായ; adv. ചീത്തയായി, കുസൃതിയായി, മൎയ്യാദകേടായി; -iness. n. കുസൃതി, വികൃതി, വഷളത്തം.

Naumachy (na'maki), n. കപ്പൽപോർ, കപ്പൽയുദ്ധം നൌയുദ്ധം.

Nausea (naw'shēa), n. ഓക്കാനം, ഛൎദ്ദി, വമനം; വെറപ്പ്, അറപ്പ്, ഇളിപ്പ്, കുത്സ, നിൎവ്വേദം; -**Nauseate** (nawsheāt), v. i. or v. t. ഓക്കാനിക്കുക, ഛൎദ്ദിക്കുക, വമിക്കുക, വെറുക്കുക; -**Nauseous** (naw'sheus), a. വെറപ്പുള്ള, ബീഭത്സാവഹമായ, കുത്സിതമായ, ഗൎഹിതമായ; ഓക്കാനമുണ്ടാക്കുന്ന.

Nautch (nawch), n. സദിർ, നടനം, നാട്യം, ആട്ടം.

Nautical, a. നാവികമായ, കപ്പൽവിഷയമായ.

Naval, a. കപ്പൽസംബന്ധമായ, സമുദ്രസംബന്ധമായ.

Nave, n. മദ്ധ്യഭാഗം, കേന്ദ്രം, നാഭി, വണ്ടിച്ചക്രത്തിന്റെ കുടം, പിണ്ഡി, ചക്രനടുവ്, കുമിഴ്, അരട.

Navel (nāv'l), n. നടു; കുമിഴ്, നാഭി, തുന്ദം, പൊക്കിൾ; 'hollow of the n. പൊക്കിൾക്കുഴി, നാഭിച്ചുഴി'; 'having a protuberant n. തുന്ദിയായ, തുന്ദിലനായ'; 'n. string നാളം, നാഭി'.

Navigable, a. കപ്പലോടത്തക്കതായ.

Navigate, v. t. and v. i. കപ്പലോടിക്കുക, ചുക്കാൻപിടിക്കുക, കപ്പൽവിടുക, കപ്പൽയാത്രചെയ്യുക; -ion, n. കപ്പലോട്ടം, കപ്പൽയാത്ര, കടൽയാത്ര; കപ്പൽനടത്തിപ്പ്, കപ്പലോട്ടവിദ്യ, കപ്പലോട്ടശാസ്ത്രം; -or, n. കപ്പലോട്ടക്കാരൻ, നാവികൻ, കടൽയാത്രക്കാരൻ, കപ്പിത്താൻ.

Navy (nā'vi), n. കപ്പൽപട, നാവികസൈന്യം.

Nay (nā), adv. അല്ല, അപ്രകാരമല്ല, അതുമല്ല, അതുമാത്രമല്ല, പിന്നെയും, വീണ്ടും.

Nazarite, n. നൈഷ്ഠികബ്ദൻ.

Neal, v. t. and v. i. കാച്ചിപ്പതപ്പെടുത്തുക, തുകയ്ക്കുക.

Neap, a. താഴ്ന്ന, നീചമായ; 'n. tide ഇറക്കം, വാറം'.

Near (nēr), a. അടുത്ത, സമീപത്തുള്ള, ഞെരുങ്ങിയ, ആസന്നമായ, സന്നിഹിതമായ; തമ്മിൽചേൎന്ന, ഞെരുങ്ങിച്ചേൎന്ന, കൃപണമായ; 'who is n. her delivery പ്രസവിക്കാറായവൾ'; 'n. his death ആസന്നമരണൻ'; adv. സമീപത്തിൽ, അടുത്തു്, അരികേ; -Nearly see below; v. t. അടുക്കുക, സമീപിക്കുക, ഉപഗമിക്കുക, എത്തുക, ചെന്നുചേരുക, വന്നുചേരുക; -ly, adv. മിക്കവാറും, ഏകദേശം, പ്രായേണ, കഷ്ടിച്ചു്; ദൃഢമായി, ഗാഢമായി; 'n. connected ദൃഢസംബന്ധമായ; -ness, n. അടുപ്പം, ചേൎച്ച, സാമീപ്യം, സന്നിധി; സന്നികൎഷം, ചേൎച്ച, ദൃഢസംസൎഗ്ഗം, ദൃഢസംബന്ധം; പരിചയം; കാൎപണ്യം, ദൈന്യം.

Neat, a. വൃത്തിയായ, ശോഭനമായ, പരിഷ്കൃതമായ, വിനീതമായ; കുശലമായ, പ്രവീണമായ; ഗോജാതിസംബന്ധിച്ച; 'n. herd കാലിമേയ്ക്കുന്നവൻ; -ly, adv. വിനീതമായി, വൃത്തിയായി, ശുദ്ധമായി; -ness, n. വൃത്തി, ശുചിത്വം, ശുദ്ധത, പരിപാടി.

Neb, n. കൊക്ക്, ചുണ്ട്, പറവമൂക്ക്, അലക്.

Nebula, n. ശുക്ലപടലം, താരാഗണം; pl. **Nebulae**.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Nebulous (-ūlus), *a.* മൂടിമറഞ്ഞ, മങ്ങിയ, മറവുള്ള, മേഘാവൃതമായ.

Necessary, *a.* അവശ്യമായ, ഒഴിച്ചുകൂടാൻ പാടില്ലാത്ത, അവശ്യകമായ, ഭവിതവ്യമായ; അപേക്ഷിതമായ, ആകാംക്ഷിതമായ, വിധിവശമായ, ദൈവവശമായ; *n.* കുളിപ്പുര, മറപ്പുര, മൂത്രപ്പുര; **-ian,** *n.* ദൈവവാദി, ദൈവപരൻ; *see* **Fatalist;** **-ies,** *n.* (pl.) അവശ്യവസ്തുക്കൾ, ഉപകരണങ്ങൾ, സാമഗ്രികൾ, ദ്രവ്യസംഭാരം; 'n. of life അന്നപാനങ്ങൾ, അന്നവസ്ത്രങ്ങൾ'; **-ily,** *adv.* അവശ്യമായി, വേണ്ടതായി, നിശ്ചയമായി.

Necessity, *n.* അവശ്യകത്വം, അവശ്യകത, അവശ്യകർത്തവ്യത, ദൈന്യം, ദീനത, ദുർഗതി, ബുദ്ധിമുട്ട്, ദാരിദ്ര്യം; പ്രയോജനം, കാരണം, അർത്ഥം, നിമിത്തം, കാര്യം, ആകാംക്ഷ; ഭവിതവ്യത, നിയതി, വിധി, ദൈവം; **-ate,** *v. t.* ആവശ്യമാക്കിത്തീർക്കുക; പ്രവർത്തിപ്പിക്കുക, നിർബന്ധിക്കുക; **-ous,** *a.* പാവപ്പെട്ട, ദീനമായ.

Neck, *n.* കഴുത്ത്, ഗളം, കണ്ഠം; 'back of the n. പിടലി, ചുമൽ, കൃകാടിക'; 'n. of a pitcher ഭരണിക്കഴുത്ത്'; 'n. cloth n. 'kerchief ഗ്രീവാവസ്ത്രം, ഗളാവേഷ്ടനം, ഗ്രൈവേയകം'; 'n. lace മാല, ഹാരം, കണ്ഠമാല, കണ്ഠാഭരണം'; 'n. lace of jewels മണിമാല, രത്നമാല'; 'n. lace of pearls മുത്തുമാല, മുക്താവലി, മൌക്തികസരം'; 'n. lace of gold പൊന്മണിമാല, പൊന്നിൻനൂൽ, കനകമാല, കനകസൂത്രം'.

Necrology, *n.* മരിച്ചവരുടെ പട്ടിക, മൃതജനവൃത്താന്തം.

Necromancy, *n.* പ്രേതസിദ്ധി, പിശാചവിദ്യ, ഭൂതവിദ്യ; **-er,** *n.* പ്രേതവിദ്യക്കാരൻ, ഭൂതവിദ്യാജ്ഞൻ; *see* **Magician.**

Nectar, *n.* അമൃതം, സുധ, പീയൂഷം; തേൻ; 'n. of flowers തേൻ, മധു, പുഷ്പാസവം, പുഷ്പരസം, മകരന്ദം, മരന്ദം, **-ean,** **-eous, -ine,** *a.* അമൃതോപമം, സുധാതുല്യം, തേൻകനിഞ്ഞ.

Need, *n.* ആവശ്യം, പ്രയോജനം, അർത്ഥം, ഉപയോഗം, കാരണം, നിമിത്തം, ഹേതു, അപേക്ഷ, വ്യസനം, ആപത്ത്, കഷ്ടം, ദുഃഖം, ദാരിദ്ര്യം, ക്ലേശം, സങ്കടസമയം; *v. t.* വേണ്ടിവരിക, ആവശ്യപ്പെടുക, കുറവായിരിക്കുക; *v. i.* വേണ്ടിവരിക; **-er,** *n.* ആവശ്യക്കാരൻ; **-ful,** *a.* മുട്ടുള്ള, ആവശ്യമുള്ള; **-fully,** *adv.* ആവശ്യമായി, പ്രയോജനത്തോടെ; **-less,** *a.* നിഷ്പ്രയോജനമായ, വേണ്ടാത്ത; **-lessly,** *adv.* ആവശ്യമില്ലാതെ, അനാവശ്യമായി, നിരർത്ഥകമായി, കാരണംകൂടാതെ; **-lessness,** *n.* കാരണമില്ലായ്മ, അകാരണം; **-y,** *a.* പാവപ്പെട്ട, ദരിദ്രമായ, ദീനമായ, നിഃസ്വമായ, ബുദ്ധിമുട്ടുള്ള, ഒന്നുമില്ലാത്ത, അകിഞ്ചനമായ; *see* **Poor; -Needs,** *adv.* നിശ്ചയമായി, തീർച്ചയായി, അവശ്യം, അവശ്യമായി.

Needle, *n.* സൂചി; 'the eye of a n. സൂചിയുടെ ഓട്ട, സൂചിക്കണ്ണ്'; 'a magnetic n. കാന്തസൂചി'; 'n. maker സൂചിക്കാരൻ'; 'n. gun തിരത്തോക്ക്'; 'n. telegraph കാന്തവിദ്യുദ്യന്ത്രം'; 'n. woman തുന്നൽക്കാരത്തി'; 'n. work തുന്നൽപണി'; *v. t.* കൂർപ്പിക്കുക; *v. i.* കൂർത്തുവരിക; **-ful,** *n.* സൂചിയിൽ ഒരിക്കൽ കോർക്കുവാനാവശ്യമുള്ള നൂൽ; **-Needler,** *n.* സൂചിയുണ്ടാക്കുന്നവൻ, സൂചിവ്യാപാരി, തുന്നൽക്കാരൻ.

Neem, *n.* വേപ്പ്.

Ne exeat, കോടതിയധികാരാതൃത്തി വിട്ടുപോകാതിരിക്കുവാനുള്ള വാറണ്ട്.

Nefarious (-us), *a.* വളരെ ചീത്തയായ, പരമദുഷ്ടമായ, അപകീർത്തികരമായ, അധർമ്മമായ, പാതകമായ, വെറുക്കത്തക്ക; **-ly,** *adv.* അതിഘോരമായി; **-ness,** *n.* അതിഘോരത.

Negative, *a.* നിഷേധിക്കുന്ന, നിഷേധകമായ, ഇല്ലെന്നുള്ള, വേണ്ടെന്നുള്ള, അരുതെന്നുള്ള; അഭാവരൂപമായ, ഇല്ലാത്തതരത്തിലുള്ള, അകർണരൂപമായ, അഭാവാത്മകമായ; *n.* എതിർപ്പ്, മറുപ്പ്, നഞ്, നിഷേധശബ്ദം; നാസ്തിപക്ഷം, നിഷേധവാക്യം, വ്യതിരേകം; *v. t* ഇല്ലെന്നുപറയുക, മറുത്തുചൊല്ലുക, നിഷേധിക്ക, നിരസിക്ക; **-ly,** *adv.* ഇല്ലെന്ന്, നിഷേധത്തോടെ; **-Negation,** *n.* മറുപ്പ്, എതിർപ്പ്, പ്രത്യാഖ്യാനം, നിഷേധം, അസ്വീകാരം; അഭാവം, ഇല്ലായ്മ.

Neglect, *v. t.* ചെയ്യാതൊഴിയുക, ഗൌനിക്കാതിരിക്കുക, ഉപേക്ഷിക്ക, മറക്കുക, ചെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുംതിരിക്ക, വിസ്മരിക്ക, ശ്രദ്ധിക്കാതിരിക്ക, അതിക്രമിക്ക, ത്യജിക്ക, തള്ളിക്കളയുക; അവമാനിക്ക, അവഗണിക്ക, അനാദരിക്ക; **-Negligence,** *n.* ഉപേക്ഷ, തള്ളൽ; മറവി, വിസ്മരണം, പ്രമാദം, ത്യാഗം, അതിക്രമം, ലംഘനം; അവജ്ഞ, അവമാനം, അനാദരം, അവധീരണം; **-ful, -Negligent,** *a.* ഉപേക്ഷകമായ, മന്ദാദരമായ, അനവധാനമായ, ശ്രദ്ധിക്കാത്ത; **-fully,** *adv.* ഉപേക്ഷയായി, മന്ദാദരമായി, ആദരത്തോടുകൂടാതെ, സമീക്ഷണംചെയ്യാതെ, നോട്ടംകൂടാതെ.

Negotiate (n'gō'shiāt), *v. t. or v. i.* പറഞ്ഞുവെയ്ക്കുക, ഉടമ്പടിക്കൈപറയുക, കച്ചവടം ചെയ്യുക, ഏർപ്പാടുചെയ്യുക; **-ion,** *n.* പറഞ്ഞുവെയ്പ്, ഉടമ്പടിക്കൈപറയൽ, വ്യവഹാരം, ഏർപ്പാട്, വിക്രയം, നിശ്ചയം; **-or,** *n.* ഇടപാടുചെയ്യുന്നവൻ, നിശ്ചയക്കാരൻ, ഏർപ്പാടുകാരൻ, വ്യവഹർത്താവ്, സാമകുശലൻ.

Negro, *n.* ആഫ്രിക്കാക്കാരൻ, കരിയൻ, കറുപ്പൻ, കറമ്പൻ; fem. **Negress,** കറുപ്പി.

Neigh (nā), *v. i.* കുതിരകരയുക, ഹേഷിക്കുക, ഹ്രേഷിക്കുക; *n.* കുതിരകരച്ചിൽ, ഹേഷാരവം, ഹേഷ.

Neighbour (nā'bėr), *n.* അയല്ക്കാരൻ, പ്രതിവാസി, സമീപസ്ഥൻ; **-hood,** *n.* അയൽ, സന്നിധി, സാമീപ്യം; സമീപദേശം; സമീപവാസികൾ, അയല്ക്കാരൻ; **-ing,** *a.* അയൽവക്കത്തുള്ള, അടുത്തിരിക്കുന്ന; **-liness,** *n.* ഉപകാരശീലം, ചങ്ങാതിത്വം; **-ly,** *a.* അൻപുള്ള, ഉപകാരബുദ്ധിയുള്ള, മയ്ത്രിയായ; **-ship,** *n.* അയൽവാസം.

Neither (nē'thėr, nī'thėr), *pron., a., pron. and conj.* അതുമല്ല ഇതുമല്ല, രണ്ടുമല്ല, അതോ ഇതോ അല്ല.

Nemine contradicente, എതിരില്ലാതെ.

Nemesis, *n.* പ്രതീകാരദേവത.

Neogamist, *n.* നവോഢൻ, നവോഢ, നവപതി, പുതുമണവാളൻ, പുതുമണവാട്ടി.

Neology (-ji), *n.* പുതിയപദപ്രയോഗം, നൂതനന്യായം, ഹേതുവാദം; **-ist,** *n.* നൂതനമതാശ്രയി.

Neophyte (-fīt), *n.* നവശിഷ്യൻ, പുതിയശിഷ്യൻ, പഴക്കമില്ലാത്തവൻ, അപരിചിതൻ, അനഭ്യസ്തൻ.

Nepenthe, -penthes, *n.* ദുഃഖശമനം, സങ്കടംപോക്കുന്ന ഔഷധം.

Nephew (nev'ū), *n.* മരുമകൻ, സഹോദരിയുടേയോ സഹോദരന്റേയോ മകൻ, ഭ്രാതൃപുത്രൻ, (sister's son) ഭാഗിനേയൻ, സ്വസ്രീയൻ, ഭഗിനീസുതൻ.

Ne plus ultra, കടശ്ശി, കടശ്ശിക്കൈ.

Nephritic, -al, *a.* വൃക്കത്തേസംബന്ധിച്ചുള്ള, വൃക്കരോഗഹരമായ.

Nepotism, *n.* ബന്ധുപക്ഷപാതം, അതിയായ ജ്ഞാതിസ്നേഹം.

Neptune, *n.* വരുണൻ, ഒരു ഗ്രഹം, നെപ്റ്റൂൺ.

Nereid, Nereis, *n.* ജലദേവത, സമുദ്രദേവത

Nerve, *n.* സിര, നരമ്പ്, ഉരുതി, ധമനി; ബലം, വീര്യം, ഊക്കം, തേജസ്സ്, ഓജസ്സ്; ഉറപ്പ്, ധൈര്യം, ധൃതി, മനഃസ്ഥൈര്യം; *v. t.* ഉറപ്പുകൊടുക്കുക, ബലംവർദ്ധിപ്പിക്കുക, ഊക്കംകൂട്ടുക; **-less,** *a.* ബലമില്ലാത്ത, ശക്തിഹീനമായ; **-ous,** *a.* നാഡിബലമുള്ള, ഊക്കമുള്ള; ഓജസ്വിയായ, ഊർജ്ജസ്വലമായ, ധീരമായ; എളുപ്പം ക്ഷോഭിക്കുന്ന പേടിയുള്ള, ധൈര്യംകുറഞ്ഞ, മനസ്സിളതായ; **-ously,** *adv.* ബലത്തോടെ, വീര്യത്തോടെ; ഇളക്കത്തോടെ; ധൈര്യംകൂടാതെ; **-ousness,** *n.* വീര്യം, ഓജസ്, ഊർജ്ജസ്, ബലം; സ്നായുവികാരം, ധൈര്യക്കുറവ്.

Nescience (nesh'yens), *n.* അറിയായ്മ, അവിദ്യ.

Nest, *n.* കൂട്, നീഡം; വീട്, സ്ഥാനം, ആശ്രയം.

Nestle (nes'l), *v. i. and v. t.* (പക്ഷിയെപോലെ) കൂടിനെആശ്രയിക്കുക, അടങ്ങിയുറയ്ക്കുക, രക്ഷനേടുക, വച്ചുപോറുക, സുഖമായി കിടക്കുക; *v. t.* പോഷിപ്പിക്ക, രക്ഷിക്ക; **-ing,** *n.* കൂട്ടിലിരിക്കുന്ന കിളിക്കുഞ്ഞ്.

Net, *n.* വല, കണി, കൂട്, തന്ത്രം, ജാലം, പാശം, പാശബന്ധം; *a.* ചെലവുകളൊഴിച്ചുള്ള, ശുദ്ധമായ, തനി; *v. t.* വലയിൽപിടിക്കുക; ജാലീകരിക്ക.

Nether, *a.* താഴത്തെ, കീഴിലുള്ള, പാതാളലോകത്തിലുള്ള; 'n. world അധോലോകം, പാതാളലോകം'; 'n. garment അധോവാസസ്, അടിയുടുപ്പ്, അടിമുണ്ട്'; **-most,** *a.* ഏറ്റവുംഅടിക്കുള്ള.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Nettle, *n.* ചൊറുതണം, കൊട്ടത്തുവ, പീതപച്ചില്ലി; *v. t.* പരിതപിപ്പിക്ക, കോപിപ്പിക്ക.

Neural (nū'ral), *a.* നരമ്പുസംബന്ധിച്ച, നട്ടെല്ലുസംബന്ധിച്ച; **-gia,** *a.* വാതശൂലം, ഞരമ്പുവലി; **-algic,** *a.* വാതശൂലംകൊണ്ടുണ്ടായ; **-Neurology,** *n.* നാഡീവിദ്യ.

Neurotomy, *n.* സിരാച്ഛേദവിദ്യ.

Neuter (nū'tėr), *a.* നപുംസകമായ, ക്ലീബമായ, ആണുംപെണ്ണുമല്ലാത്ത, ഷണ്ഡമായ; 'n. gender ക്ലീബം, നപുംസകം'; **-Neutral** (nū'tral), *a.* നടുനിലയായ, തടസ്ഥമായ, മദ്ധ്യസ്ഥമായ, ഉദാസീനമായ, സമദൃഷ്ടിയായ, പക്ഷപാതമില്ലാത്ത; *n.* തടസ്ഥൻ, മദ്ധ്യസ്ഥൻ, രണ്ടിലുംചേരാത്തവൻ; **-ity,** *n.* മാദ്ധ്യസ്ഥ്യം, സമഭാവം, സമദൃഷ്ടി; **-ly,** *adv.* നിഷ്പക്ഷമായി, രണ്ടിലുംചേരാതെ, ഔദാസീന്യത്തോടെ, ഉഭയസാമാന്യമായി, സമഭാവത്തോടെ; **-Neutralize,** *v. t.* പ്രത്യേകത നശിപ്പിക്ക, ശരികെട്ടുക, ദുർബലപ്പെടുത്തുക, ശക്തിനശിപ്പിക്ക; **-ation,** *n.* വിശിഷ്ടഗുണനാശനം, പ്രത്യേകഗുണം നശിപ്പിക്കൽ, ദുർബ്ബലീകരണം; **-ed,** *a.* നഷ്ടഗുണമായ, നഷ്ടശക്തിയായ, നഷ്ടബലമായ.

Never, *adv.* ഒരിക്കലുമില്ല, ഒരുപൊഴുതില്ലമില്ല.

Nevertheless, *adv.* ആയാലും, എന്നിരുന്നാലും, അങ്ങിനെയായാലും.

New (nū), *a.* പുതുതായ, നവമായ, ഇക്കാലത്തുള്ള, പഴക്കമില്ലാത്ത, നവീനം, അഭിനവം, നൂതനം, ആധുനികം, അർവാചീനം; അപൂർവം, അശ്രുതപൂർവം; 'n. comer പുതുതായി വരുന്നവൻ, ആഗന്തുകൻ'; 'n. born നവോൽപന്നം, സദ്യോജാതം'; 'n. fangled, n. fashioned പുതിയ മട്ടില്ലുള്ള, നവഘടിതമായ'; **-ly,** *adv.* പുതുതായി, നൂതനമായി; 'n. married wife നവോഢ, പുതുതായി കല്യാണംകഴിച്ചവൾ'; **-ness,** *n.* പുതുമ, അപൂർവത; പുതിയരീതി, പുതുമട്ട്, നവാചാരം.

News, *n.* പുതുവാൎത്ത, ചെയ്തി, വൃത്താന്തം; 'good n. ശുഭവാൎത്ത'; 'ill n. അശുഭവാൎത്ത'; 'n. monger വാൎത്താവാഹകൻ'; 'n. paper വൃത്താന്തപത്രം.

Newt (nūt), *n.* കെവ്വളി, ഗൌളി.

Next *a.* അടുത്ത, അരുകില്ലുള്ള; *adv.* അടുത്തു, അനന്തരം, പിന്നീട്.

Nexus, *n.* ബന്ധം, സന്ധി.

Nib, *n.* കൊക്ക്, ചുണ്ട്, ചഞ്ചു; മുന, അററം, അഗ്രം; **-bed,** *n.* അററമുള്ള, മുനയുള്ള.

Nibble, *n.* ചെറുകടി, അല്പദംശം; *v. t.* കുറേശ്ശയായി കടിക്കുക, അല്പാല്പം ദംശിക്കുക, കാന്തുക, കൊത്തുക, മേയുക; കുററം കണ്ടുപിടിക്ക, ദോഷംകണ്ടുപിടിക്ക, ഛിദ്രം അന്വേഷിക്ക.

Nice (nīs), *a.* ഇനിമയുള്ള, ലളിതമായ, ശോഭനമായ, സുഭഗമായ, രമ്യമായ, രമണീയമായ; സ്വാദുവായ, സുരസമായ; നേൎത്ത, കുശാഗ്രബുദ്ധിയായ, അതിസൂക്ഷ്മമായ; മിനുസമായ, നേരിയ; കോമളമായ, മൃദുവായ, സുകുമാരമായ; അതിസൂക്ഷ്മമായ, അതിനിപുണമായ; **-ly,** *adv.* നന്നായി, സുഷ്ഠുവായി, ലളിതമായി, ശോഭനമായി; നേരിയതായി, സൂക്ഷ്മമായി, സൂക്ഷ്മതയോടെ; **-ness, -ty,** *n.* നേൎമ്മ, ലാളിത്യം, രമ്യത, സ്വാദുത, സൌരസ്യം, കുശാഗ്രമതിത്വം, യുക്തി, നീതി.

Niche (nich), *n.* മാടം, മൂല, കുഴി.

Nick, *n.* കുത, അറപ്പ്, കൊത്തു; കണക്കടയാളം; അളവുകണക്ക്; ആണിയക്ഷരക്കുത (അച്ചടി); വക്കില്ലുള്ളപൊട്ട്, ശുഭകാലം, നല്ലസമയം; ജലപ്പിശാച്; *v. t.* പുള്ളിയിടുക, വെട്ടുക, കീറുക; നല്ലസമയത്തിലെത്തിക്കുക.

Nickel, *n.* നിക്കൽ, ഒരുവക വെള്ളലോഹം; 'n. silver ഒരുവക വെള്ളോട്ട്'.

Nickname, *n.* കളിപ്പേർ, പരിഹാസപ്പേര്, ഹാസ്യനാമം; *v. t.* പരിഹാസപ്പേരിടുക, പരിഹാസപ്പേർ വിളിക്കുക.

Nicotine, *n.* പുകയിലവിഷം.

Nictate, Nictitate, *v. i.* കണ്ണു ചിമ്മുക, ഇമയ്ക്കുക, മീലനംചെയ്ക, നിമീലനം ചെയ്ക; **-ion,** *n.* കണ്ണുചിമ്മൽ, ഇമയ്ക്കൽ, നിമേഷം.

Nidus, *n.* (pl. nī'di) നീഡം, പക്ഷിക്കൂട്; പൊരുണ്ടാക്കുന്നസ്ഥലം; **-Nidification,** *n.* കൂട്ടുകെട്ടൽ.

Niece (nēs), *n.* മരുമകൾ, ഉടപ്പിറന്നവളുടെ മകൾ, ഭാഗിനേയി, സ്വസ്രീയ; ഉടപ്പിറന്നവന്റെ മകൾ, സഹോദരപുത്രി, ഭ്രാത്രീയ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Niggard (nig'ėrd), *n.* പിശുക്കൻ, ലുബ്ധൻ.

Nigger, *n.* കരിയൻ, കറമ്പൻ, നീഗ്രോയെ നിന്ദിച്ചുവിളിക്കുന്ന പേർ.

Niggle, *v. i.* കളിക്കുക; ഇളിഭ്യംകാട്ടുക.

Nigh (nī), *a. adv. see* **Near.**

Night (nīt), *n.* ഈറവ്, രാവ്, രാത്രി, ഇരുളം, ഇരുട്ട്, മങ്ങൽ; **-dress,** *n.* രാത്രിവേഷം; **-fall,** *n.* അന്തിവേള, വൈകുന്നേരം; **-mare** (nīt'mār), *n.* ദുഃസ്വപ്നം; **-shade,** *n.* ഒരുമാതിരി വിഷച്ചെടി; **-soil,** *n.* മലം; **-walker,** *n.* നിശാചരൻ; **-watch,** *n.* ഇരവുകാവൽ; **-ly,** *a.* രാത്രിസംബന്ധമായ, നൈശമായ; *adv.* രാത്രിയിൽ, രാത്രിതോറും.

Nightingale (nīt-in-gāl), *n.* രാപാടിക്കുരുവി, പ്രിയഗീതൻ, ബുല്ബുലം.

Nihil, *n.* ശൂന്യം, അഭാവം, ഇല്ലായ്മ; **-ism,** *n.* ശൂന്യവാദം; **-ist,** *n.* ശൂന്യവാദി; **-ity,** *n.* ഇല്ലായ്മ, ശൂന്യത.

Nil, *n.* ശൂന്യം, പൂജ്യം.

Nimble, *a.* ചുറുചുറുപ്പായ, ലഘുവായ; 'n. footed കാൽചുറുക്കുള്ള'; 'n. handed കൈച്ചുറുക്കുള്ള'; 'n. witted ശീഘ്രബുദ്ധിയായ'; **-ness,** *n.* ലഘുത, ചുറുചുറുക്ക്, ചാപല്യം, ക്ഷിപ്രത; **-Nimbly,** *adv.* ചുറുക്കായി, വേഗത്തിൽ.

Nine (nīn), *a. and n.* ഒൻപതു്; 'n. fold ഒൻപതുമടങ്ങ്'; **-Ninth,** *a.* നവമമായ, ഒൻപതാമത്തെ; **-Nineteen,** *a. and n.* പത്തൊമ്പതു്; **-teenth,** *a.* പത്തൊമ്പതാമത്തെ, നവദശമായ; **-Ninety,** *a. and n.* തൊണ്ണൂറ്, നവതി.

Ninny (nin'i), *n.* മടയൻ.

Nip, *v. t.* നുള്ളുക (കിള്ളുക), നശിപ്പിക്ക, അഴിക്കുക; *n.* നുള്ള് (കിള്ള്).

Nippers, *n.* ചെറുകൊരുടുകൾ (കാട്ടുകൾ), കടിപ്പിക്കുന്ന കൊരുടുകൾ.

Nipple, *n.* മുലഞെട്ട്, ചൂചുകം, സ്തനാഗ്രം, മുലമൊട്ട്, സ്തനമുഖം.

Nit, *n.* ഈരു്, പേൻമുട്ട; **-ty,** *a.* ഈരു നിറഞ്ഞ.

Nitrate, *n.* നൈട്രിക് ആസിഡിന്റെ ഉപ്പ്, കാടിക്കാരം.

Nitre, *n.* വെടിയുപ്പ്.

Nitrogen (-jen), *n.* വെടിയുപ്പുണ്ടാക്കുന്ന ഒരുവാതകം അഥവാഗ്യാസ്, നിർഗ്ഗുണവായു.

No, *adv.* ഇല്ല, അല്ല, വേണ്ട; 'n. longer ഇനിയില്ല'; 'n. matter വേണ്ടതില്ല; കൂട്ടാ, അരുതു്'; *a.* ഒന്നുമില്ലാത്ത, ആരുമല്ലാത്ത, ഇല്ല, അല്ല; 'n. body ആരുമല്ലാത്തവൻ, നിസ്സാരൻ'.

Noble, *a.* കുലീനമായ, അഭിജാതമായ, അന്തസ്സുള്ള, നിലയുള്ള, ആര്യമായ; ഉദാരമായ, മഹാത്മാവായ, മഹാനുഭാവമായ; മഹത്തായ, ധീരമായ, ശ്രേഷ്ഠമായ, വിശിഷ്ടമായ, യശസ്വിയായ, മഹാപ്രതാപമുള്ള; *see* **Majestic** also oft. ex. by ഋഷഭ, സിംഹ, പുംഗവ etc; 'n. looking ധീരദർശനമായ, മഹാനുഭാവാകൃതിയായ'; 'n in reason ഉദാത്തചിത്തമായ'; 'n. animal ഉദാത്തസത്വം'; 'n. nature സത്വം'; *n.* 'n. man മാടമ്പി, പ്രഭു, ശിഷ്ടജനം, കുലീനൻ, ഉൽകൃഷ്ടൻ, ആര്യൻ'; **-ness,** *n.* മഹത്വം, മഹിമ, ഉൽകർഷം, ഉന്നതി, വൈഭവം; **-Nobly,** *adv.* ചിറപ്പായി, കുലീനവത്തായി, ആഭിജാത്യത്തോടെ; 'n. born കുലോല്പന്നമായ'; ഔദാര്യത്തോടെ, ഉദാരതയോടെ, ഉദാത്തമായി, ധീരമായി; പ്രതാപത്തോടെ; **-Nobility,** *n.* കുലീനത, തറവാടിത്തം, ആഭിജാത്യം, കുലോൽകർഷം, ഔദാര്യം, മാഹാത്മ്യം, മഹാനുഭാവം, മഹാശയം, മഹത്വം, മഹിമ, ഉൽകർഷം, ശ്രേഷ്ഠത്വം, ഉന്നതി, പ്രതാപം, ഐശ്വര്യം, ഓജസ്സ്, തേജസ്സ്, ധീരത, ശ്രീ; തറവാട്ടുകാർ, ശിഷ്ടജനങ്ങൾ, കുലീനലോകം.

Nocent, *a. see* **Mischievous.**

Noctambulist, *n.* സ്വപ്നചാരി, നിശാചരൻ.

Noctavagant, *a.* രാത്രിയിൽസഞ്ചരിക്കുന്ന.

Nocturnal, *a.* രാവിലുള്ള, നിശാസംബന്ധമായ.

Nod, *n.* തലചായ്പ്, തലയാട്ടൽ, ശിരഃകമ്പം; *v. t. or v. i.* തലചായ്ക്കുക, ശിരഃകമ്പംചെയ്യുക, സമ്മതിക്കുക, ഉത്തുംകൊള്ളുക.

Noddle, *n.* തല, മണ്ട.

Noddy, *n.* പൊണ്ണൻ, ഭോഷൻ, മുട്ടാളൻ.

Node, *n.* മുട്ട്, മുഴ, മുഴങ്ങ്, സന്ധി; സന്ധിവീക്കം, അസ്ഥിവീക്കം; 'ascending n. രാഹു'; 'descending n. കേതു'; 'line of n. s ക്രാന്തിഭേദരേഖ'; **-Nodal,** *a.* ക്രാന്തിഭേദസംബന്ധമായ; **-Nodated,** *a.* മുട്ടുള്ള; **-Nodical,** *a.* ക്രാന്തിഭേദസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബന്ധമായ; n. l month ചാന്ദ്രമാസം'; **-Nodose,** *a.* കമ്പുള്ള, മുഴയുള്ള, **-Nodosity,** *n.* വീക്കം, മുഴ.

Nodule, *n.* കട്ട, പിണ്ഡം; **-ular,** *a.* കട്ടയായ.

Noemics, *n.* pl. മനോവിദ്യ, ബോധവിദ്യ; **-etic, -etical,** *a.* മാനസികമായ.

Nog, *n.* മൊന്ത, പാനപാത്രം.

Noise, *n.* ഒച്ച, ശബ്ദം, അമളി, ഘോഷം, വലിയഒച്ച, ക്രൂക്കാറിളി; 'rattling n. രണിതം, രണത്കാരം, കടകടശബ്ദം'; 'jingling n. ക്വണം, ക്വണനം, കിണികിണിശബ്ദം'; 'loud n. കളകളം, കോലാഹലം, മഹാഘോഷം; ജനസംസാരം'; *v. t.* ശബ്ദമുണ്ടാക്കുക, ഒച്ചപ്പാടുണ്ടാക്കുക, ഘോഷിക്കുക, പ്രഖ്യാപനംചെയ്ക, പ്രകടിപ്പിക്കുക; **-ful,** *a.* ഒച്ചയുള്ള; **-less,** *a.* നിശ്ശബ്ദമായ, ഒച്ചയടങ്ങിയ; **-lessly,** *adv.* നിശ്ശബ്ദമായി, ഒച്ചയുണ്ടാക്കാതെ; **Noisy,** *a.* വലിയ ഒച്ചപ്പാടുണ്ടാക്കുന്ന, മഹാശബ്ദമായ, മഹാസ്വനമായ, കളകളമായ; മുഖരമായ; **-ily,** *adv.* വലിയ ഒച്ചയോടെ, ഉച്ചസ്വരത്തിൽ,മഹാശബ്ദത്തോടെ; **-iness,** *n.* വലിയ ഒച്ച, മഹാശബ്ദം, മഹാധ്വനി.

Noisome (noi'sum), *a.* ദുർനാറ്റമുള്ള, വാടയുള്ള, ദുർഗ്ഗന്ധമായ; ഉപദ്രവമുണ്ടാക്കുന്ന, മാരകമായ, നാശമുണ്ടാക്കുന്ന; **-ness,** *n.* ദുർഗ്ഗന്ധം, നാററം, വാട.

Nomad, Nomade, *n.* നാടോടി, സഞ്ചാരി, കോവലൻ, ആട്ടിടയൻ; *a.* സഞ്ചരിക്കുന്ന, ഇടയസംബന്ധമായ.

Nomadic, *a.* കാലിമേച്ചിലപേക്ഷിച്ചു നടക്കുന്ന.

Nome, *n.* പ്രദേശം, ദേശഭാഗം.

Nomenclature, *n.* നാമാവലി, പേരുവിവപ്പട്ടിക, അകാരാദി, പരിഭാഷ.

Nominal, *a.* പേർസംബന്ധിച്ച, നാമവിഷയകമായ;ശാബ്ദികമായ,നാമമാത്രമായ, നാമമാത്രധാരിയായ, പേരിനുമാത്രമുള്ള; **-ly,** *adv.* പേരിനുമാത്രം,ശബ്ദമാത്രത്താൽ.

Nominate, *v. t.* പേരിടുക, പേർപറയുക, നിയമിക്കുക; **-ion,** *n.* നിയോഗം, പ്രതിഷ്ഠാപനം; **-ive,** *a.* കർത്താവ്, കർത്തൃവാചകം, പ്രഥമാവിഭക്തി, നിർദ്ദേശിക; **-or,** *n.* നിയോജകൻ; **Nominee,** *n.* നിയുക്തൻ, നിയമിക്കപ്പെട്ടവൻ, അധികൃതൻ.

Non, *a.* ഇല്ലാത്ത, അല്ലാത്ത; *pfx.* നിഷേധോപസർഗ്ഗം, നിഃ, നിർ, വി, അ etc; കേട്, ഇല്ലാഴ്മ.

Nonage, *n.* ഇളംപ്രായം, ചെറുപ്പം, ബാല്യം. ബാല്യദശ.

Nonagenarian, *n.* തൊണ്ണൂറുവയസ്സുള്ളവൻ

Nonagon, *n.* നവകോണാകൃതി.

Nonce (nons), *n.* തല്ക്കാലസമയം, അവസരം, കാലം.

Nonchalant, (-sha-), *a.* ഉദാസീനമായ, താല്പര്യമില്ലാത്ത, നിശ്ചിന്തമായ.

Nonconductor, *n.* നിഷ്പ്രചാരിണിയായ.

Nonconformist, *n.* കേൾക്കാത്തവൻ.

Nonconformity, *n.* ഇണങ്ങായ്ക, പിരിവു്.

Nondescript, *a.* പുതുമയായ, വിചിത്രമായ, വിലക്ഷണമായ.

None, *a.* ആരും അല്ല, ആരും ഇല്ല.

Nonentity, *n.* ഇല്ലാഴ്മ, അഭാവം, അസത്ത, അസദ്ഭാവം, ശൂന്യത; ശൂന്യം, അവസ്തു.

Nonesuch, *n.* ഒപ്പമില്ലാത്തതു്, ഒപ്പമില്ലാത്തവൻ.

Nonfeasance, *n.* അകർമ്മം.

Nonpareil, *n.* *see* **Nonesuch;** ഒരുതരം ചെറിയ ഇംഗ്ലീഷ് അച്ചെഴുത്തു്.

Nonplus, *n.* മലപ്പ്, ഭ്രമം, ഒന്നുംതോന്നായ്ക, കുണ്ഠത, മോഹം; *v. t.* കുണ്ഠിതപ്പെടുത്തുക, വിമോഹിപ്പിക്കുക.

Nonsense, *n.* നിരർത്ഥകം, അബദ്ധം, തെററ്, ജല്പിതം; **-Nonsensical,** *a.* അബദ്ധമായ, അസംഗതമായ, അനർത്ഥകമായ; **-ly,** *adv.* അബദ്ധമായി, പൈത്തിയമായി, അസംഗതമായി, അസംബന്ധമായി, വൃഥാ; **-ness,** *n.* അസംബന്ധത etc.

Nonsuit (-sūt), *n.* വഴക്കാരള്ളുക.

Noodle, *n.* മൂഢൻ, മൂർഖൻ, ജഡമതി.

Nook, *n.* മൂല, ഇടുക്ക്, മുടുക്ക്.

Noon, *n.* മദ്ധ്യാഹ്നം, ഉച്ച.

Noose (nōz, nōs), *n.* ചുരുക്ക്, കുരുക്ക്, കുനാംകുരുക്ക്, തള; *v. t.* കുരുക്കിടുക; കുരുക്കിൽപിടിക്കുക.

Nor, *conj.* ഇതുമില്ല. *see* **Neither.**

Norm, *n.* വിധിമം, വിധി, നിയമം; മാതിരി, ആദർശം; അച്ച്; **-Normal,** *a.* നിയമക്രമമായ, സാധാരണമായുള്ള, യഥാക്രമമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

North, *n.* വടക്ക്, വടക്കേദിക്ക്, ഉത്തരദിക്ക്; **-erly, -ern,** *a.* വടക്കേ, വടക്കായ; **ward,** *a.* വടക്കായ; **wards,** *adv.* വടക്കോട്ട്, വടക്കായി.

Nose, *n.* മൂക്ക്, നാസ, നാസിക, ഘ്രാണം.

Nosegay, *n.* പൂച്ചെണ്ട്, പൂങ്കൊത്ത്,

Nosology, *n.* രോഗനിദാനശാസ്ത്രം.

Nostril, *n.* നാസാദ്വാരം.

Nostrum, *n.* രഹസ്യൌഷധം.

Not, *adv.* ഇല്ല, അല്ല.

Nota Bene, നല്ലവണ്ണം സൂക്ഷിക്കുക or ഗൌനിക്കുക. (written N. B.)

Notch, *n.* വെട്ട്, കണ്ടിപ്പ്, ഛേദം, ഭംഗം; *v. t.* വെട്ടുക, നറുക്കുക, കീറുക.

Note, *n.* അടയാളം, ടീക, കുറിപ്പ്. നോട്ട്, കൈച്ചീട്ട്, കടച്ചീട്ട്, സ്വരം, കീർത്തി, യാദാസ്ത്; *v. t.* നോക്കുക, ഗൌനിക്കുക, കുറിച്ചുവെയ്ക്കുക; 'n. book കുറിപ്പുപുസ്തകം'; 'n. worthy ഗൌനിക്കത്തക്ക, സ്മരണീയം'; **-able,** *a.* സ്മരണീയമായ, സ്മരണാർഹമായ; ഉൽകൃഷ്ടമായ, പരമമായ; **-ary,** *n.* ലേഖകൻ; **-ation,** *n.* അടയാളപ്പെടുത്തൽ, അങ്കവിദ്യ; **-ed,** *a.* നോക്കിയ, ലക്ഷിതമായ; കേൾവികേട്ട; വിശ്രുതമായ.

Nothing, *n.* ഒന്നുംഇല്ലായ്ക, അല്പമായത്, പൂജ്യം; *adv.* ഒന്നുംഇല്ല.

Notice, *n.* നോട്ടം, ആലോകനം, നിർദ്ദേശം, വർണ്ണനം, ഉദ്ദേശം; വിചാരം, ഗണന; അറിയിപ്പ്, സൂചന, നിവേദനം; വിജ്ഞാപന, വിജ്ഞപ്തി, പ്രസ്താവം, ഘോഷണം; ആദരം, സല്ക്കാരം, സംഭാവന; *v. t.* കരുതിനോക്കുക, ഗൌനിക്കുക, ശ്രദ്ധിക്കുക, പ്രസ്താവിക്കുക.

Notify (nō'tifi), *v. t.* അറിവിക്കുക, തെയ്യപ്പെടുത്തുക, മനസ്സിലാക്കുക, ബോധിപ്പിക്കുക, പ്രഖ്യാപനംചെയ്യുക; **-ication,** *n.* വിജ്ഞാപനം, വിളംബരം.

Notion, *n.* മതി, ബുദ്ധി, ബോധം, മനോഗതം, മതം, ഭാവം, ഭാവന, വാസന, **-al,** *a.* മനഃസൃഷ്ടമായ, മനോഗതമായ; *see* **Ideal.**

Notorious, *a.* പേർപൊങ്ങിയ, നാടറിഞ്ഞ; കുപ്രസിദ്ധമായ, ദുഷ്കീർപിടിച്ച; **-ly,** *adv.* സുപ്രസിദ്ധമായി, കുപ്രസിദ്ധമായി; **-ness, -Notoriety,** *n.* പ്രസിദ്ധി, കുപ്രസിദ്ധി, ദുഷ്കീർ.

Notwithstanding, *prep. and conj.* എന്നാലും എങ്കിലും, അങ്ങനെയാണെങ്കിലും.

Nought (nawt), *n. see* **Naught.**

Noumenon, *n.* വസ്തുതത്വം, പാരമാർത്ഥികത്വം; opp. **Phenomenon,** തോന്നൽ, പ്രാതിഭാസികത്വം, വസ്തു അനുഭവപ്പെടുന്നവിധം.

Noun, *n.* പേർ, നാമം, നാമവാചകം.

Nourish (nur'ish), *v. t.* പോറുക, വളർത്തുക, രീറുക; **-er.** *n.* പോറുന്നവൻ, പോഷിപ്പിക്കുന്നവൻ; **-ing,** *a.* പുഷ്ടികരമായ, തടിപ്പിക്കുന്ന; **-ment,** *n.* പോഷണം, സംവർദ്ധനം, ഭരണം, ആഹാരംകൊടുക്കൽ, അന്നദാനം; ഊണ്, ആഹാരം, ഭോജനം, ഭക്ഷ്യം.

Novel, *a.* പുതിയ, നവം, നൂതനം, അപൂർവ്വം; *n.* നാവൽ, കല്പിതകഥ, ആഖ്യായിക; **-ist,** *n.* നാവലെഴുത്തുകാരൻ, ആഖ്യായികാകാരൻ; **-ty,** *n.* പുതുമ, നവത, നൂതനത; മുൻപു കണ്ടിട്ടില്ലാത്ത വസ്തു, കൌതുകവസ്തു, അൽഭുതം.

November, *n.* നവംബർമാസം; തുലാം-വൃശ്ചികം.

Novennial, *a.* ഒൻപതുകൊല്ലത്തിലൊരിക്കലുണ്ടാകുന്ന, ഒമ്പതാംകൊല്ലത്തെ.

Novercal, *a.* വളർത്തമ്മയ്ക്കു പററിയ, വളർത്തമ്മയെസംബന്ധിച്ച, വൈമാത്രീയമായ.

Novice, *n.* ആരംഭിക്കുന്നവൻ, തുടങ്ങുന്നവൻ, നവശിഷ്യൻ, വിദ്യാർത്ഥി; **Novitiate** (nōvish'īāt), *n.* നവശിഷ്യത, അനഭ്യാസം; നവാഭ്യാസകാലം, വിദ്യാരംഭാവധി.

Novus homo, നവോദയൻ, പുതുതായി ഉയർന്നവൻ.

Now, *adv.* ഇപ്പോൾ, ഉടനെ; *n.* ഇക്കാലം, ഈവേള.

Nowadays (-dāz), *adv.* ഇക്കാലത്തിൽ, ഇക്കാലം, ഇയ്യിടെ.

Nowhere (no'hwār), *adv.* എങ്ങുമില്ല.

Nowise, (nō'wīz), *adv.* ഒരുവിധത്തിലുമില്ല.

Noxious, (nok'shus), *a.* ചീത്തയായ, ഉപദ്രവിയായ, വിഷമുള്ള, കൊല്ലുന്ന.

Nozzle *n.* മുക്ക്, അററം, കോണം.

Nubile, *a.* വിവാഹപ്രായമെത്തിയ.

Nubilous, *a.* കാർമൂടിയ, മേഘാവൃതമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Nucleus (nū'klēus), *n.* പരുപ്പ്, ബീജം, ഗർഭം, കാമ്പ്, കഴമ്പ്, അണ്ടി; മൂലം, മൂലകാരണം.

Nude (nūd), *a.* തുണിയില്ലാത്ത, നഗ്നമായ, വിവസ്ത്രമായ; **-ation,** *n.* നഗ്നമാക്കൽ, വിവസ്ത്രീകരണം; **-ity,** *n.* നഗ്നത.

Nudge (nuj), *v. t.* കൈമുട്ടുകൊണ്ടുതട്ടുക, അറിവിയ്ക്ക; *n.* മുട്ട്, തട്ട്, ഇടി.

Nugatory, *a.* വ്യർത്ഥമായ, നിഷ്ഫലമായ, മോഘമായ, നിരർത്ഥകമായ, നിസ്സാരമായ.

Nugget, *n.* കട്ടി, പിണ്ഡം, ഘനം, പാളം (ലോഹം).

Nuisance (nū'sans), *n.* ഉപദ്രവം, തൊ(ന്തര)ല്ല, കുററം, പീഡ, ശല്യം; 'family n. കലാധി, ഗൃഹോൽപാതം'.

Null, *a.* ഫലമില്ലാത്ത, നിരർത്ഥകമായ, വ്യർത്ഥം; **-ify,** *v. t.* ഫലമില്ലാതാക്കുക, ഖണ്ഡിക്ക; **-ity,** *n.* മോഘത, നിഷ്ഫലത, വൈഫല്യം; ഇല്ലായ്മ, അഭാവം, ശൂന്യത.

Nullah, *n.* നീർച്ചാൽ, ചെറുതോട്.

Numb (num), *a.* വിറച്ച, മന്ദമായ, ജഡമായ, അനങ്ങാത്ത, സ്തബ്ധമായ, ചൈതന്യമില്ലാത്ത, കോച്ചിയ; *v. t.* കോച്ചുക, വിറയ്ക്കുക, മരവിക്ക, സ്തംഭിക്ക; **-ness,** *n.* കോച്ചൽ, മരവിപ്പ്, ജാഡ്യം, സ്തംഭം.

Number, *n.* തുക, സംഖ്യ, എണ്ണം, രാശി; പരിമാണം; ഗണം, സമൂഹം, കൂട്ടം; അക്കം; അങ്കം; ഛന്ദസ്, പദ്യം, കവിത; വചനം; 'science of n. ഗണിതം, കണക്കശാസ്ത്രം'; *v. t.* എണ്ണുക, അക്കമിടുക **-er,** *n.* കണക്കുകൂട്ടുന്നവൻ, ഗണകൻ; **-ing,** *n.* ഗണനം, സംഖ്യാനം; **-less,** *a.* കണക്കററ, കണക്കില്ലാത്ത, സംഖ്യാതീതമായ.

Numbles, *n.* മാൻകുടൽ, പന്നിക്കുടൽ.

Numeral, *a.* എണ്ണംസംബന്ധമായ, സംഖ്യാസംബന്ധമായ; *n.* അക്കം, സംഖ്യ; **-ly,** *adv.* യഥാസംഖ്യം.

Numerary, *a.* എണ്ണത്തിൽപെട്ട, തുകയിലുൾപ്പെട്ട.

Numeration, *n.* സംഖ്യാവായിക്കൽ, എണ്ണൽ.

Numerator, *n.* എണ്ണുന്നവൻ, അംശം, ലവം.

Numerical, *a.* സംഖ്യാസംബന്ധമായ, അക്കത്തിൽപറഞ്ഞ; **-merically,** *adv.* എണ്ണത്തിൽ, കണക്കായി, യഥാസംഖ്യം,

Numerous -(us), *a.* ധാരാളമായ, നിറഞ്ഞ, അനേകമായ.

Numismatics, *n.* നാണയവിദ്യ, കമ്മട്ടവിദ്യ.

Numskull, *n.* മൂഢൻ.

Nun, *n.* പരിവ്രാജിക, തപസ്വിനി, മഠവാസിനി, ബ്രഹ്മചാരിണി; **-nery,** *n.* വിഹാരം, മഠം.

Nuncio (-shi-o), *n.* ദൂതൻ, പ്രതിനിധി, ധർമ്മാധ്യക്ഷദൂതൻ.

Nuncupative, -patory, *a.* വാമൊഴിയായ, വാമൊഴിയായ, ശാബ്ദികമായ, വാചികമായ.

Nuptial (nup'shal), *a.* വിവാഹസംബന്ധമായ, പുടവകൊടസംബന്ധിച്ച; (pl.) വിവാഹം, പുടവകൊട, പരിണയം, പാണിഗ്രഹണം.

Nurse (nérse), *n.* പോററമ്മ, വളർത്തുന്നവൾ, ആയ, ധാത്രി, ഉപമാതാവ്; പരിചാരിക, ഉപചാരിക; പാലകൻ, പോഷകൻ; *v. t.* (രോഗിയെ) ശുശ്രൂഷിക്ക, ഉപചരിക്കുക, സേവിക്കുക, പരിപാലിക്കുക; വളർത്തുക, മുലകൊടുക്കുക, ലാളിക്കുക; **-ery,** *n.* വളർത്തുസ്ഥലം, ബാലഗൃഹം; 'n. song ഉറക്കപാട്ട്, ശിശുഗീതം'; 'n. man പുഷ്പാജീവി'; **-ing,** *n.* ഉപചാരം, സേവ, പരിചരണം, ശുശ്രൂഷ, പാലനം, പോഷണം, ലാളനം; **-ling,** *n.* മുലകുടിക്കുന്നകുട്ടി, മുലക്കുഞ്ഞ്, സ്തനംധയൻ, ബാലൻ, ശിശു.

Nurture, *n.* പോഷണം, വളർത്തൽ, പഠിപ്പ്, ഉപദേശം.

Nut, *n.* കായ്, കുരു, അണ്ടി, അടയ്ക്ക, പാക്ക്; ഫലം, ബീജം; **-arian,** *n.* കായ്തിന്നുജീവിക്കുന്നവൻ.

Nutant, *a.* തലയാട്ടുന്ന, അകത്തേക്കുവളഞ്ഞ, തലകുനിച്ച, പ്രണതശിരസ്സായ; **-Nutation,** *n.* തലയാട്ടം, തലകുനിക്കൽ.

nutriment, *n.* പുഷ്ടിയുണ്ടാക്കുന്ന ഊണ്, ആഹാരം, പുഷ്ടിയുണ്ടാക്കുന്ന അന്നം.

Nutrition (-trish'un), *n.* പോഷണം, പാലനം, പുഷ്ടി.

Nutritious (-trish'us), *a.* ബലംകൊടുക്കുന്ന, ആരോഗ്യകരമായ, പോഷകം, ധാതുവർദ്ധനമായ.

Nuxvomica, *n.* കാഞ്ഞിരക്കുരു.

Nuzzle (nuz'l), **Nozzle** (noz'l), *v. i.*

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മോന്തകൊണ്ടു കുത്തുക, തലചായ്ച്ചു നടക്കുക.

Nyctalopia, Nictalopy, *n.* രാത്രി കണ്ണുകാണായ്ക.

Nymph (nimf), *n.* അപ്സരസ്, സ്വർഗ്ഗസ്ത്രീ, ദേവത; 'wood n. വനദേവത'; 'sea n. ജലദേവത'.

Nymphomania, *n.* (സ്ത്രീകളിൽ) ഉൽക്കടമായ സുരതേച്ഛ, അത്യധികമായ സംഭോഗാസക്തി.

O, Oh, *intj.* ഒ, ഹോ, ഹാ, അരേ; അയ്യോ, അഹഹ, അയ്യോ! (sarrow), (സന്തോഷവും ആശ്ചര്യവും) അഹോ, ആങ്ഹാ, ഹന്ത, ബത; (anger) ഉം, അ്; etc.

Oaf (ōf), *n.* മൂഢൻ, മടയൻ, മന്ദൻ.

Oak (ōk), *n.* ഓക്കമരം, കരുവാലിമരം, സിന്ദൂരമരം.

Oakum, *n.* വക്കനാരു്, കയറാരുണ്ട്.

Oar, *n.* തുടുപ്പ്, നൻപ്, തുഴ, തണ്ടു്; *v. t.* തണ്ടുവലിക്കുക.

Oasis (ō'asis), *n.* ഓസിസു്, (മരുഭൂമിയിലെ) പുൽപ്രദേശം, ശാദ്വലസ്ഥലം, രമ്യസ്ഥാനം.

Oat (ōt), *n.* ഓട്ടു് എന്ന ധാന്യം.

Oath (ōth), *n.* ആണ, സത്യം, ശപഥം.

Obdurate, *a.* വഴങ്ങാത്ത, മൂർഖമായ, കഠിനമായ, കഠിനചിത്തമായ, മക്കടമുഷ്ടിയുള്ള; **-Obduracy,** *n.* വഴങ്ങായ്ക, കട്ടപ്പം, ചിത്തകാഠിന്യം, മക്കടമുഷ്ടി.

Obeisance (ōbā'sans), *n.* വന്ദനം, തണ്ടം, പണിവ്, വഴിപാടു്, നമസ്കാരം, അഭിവാദനം.

Obelisk, *n.* ക്രൂശ് ചതുരത്തൂണ്; † എന്ന അടയാളം.

Obese, *a* തടിച്ച, പീനം, പീവരം; **-Obeseness, -Obesity** (ō-), *n.* തടിപ്പ്, വണ്ണം.

Obey (ō-bā'), *v. t.* അനുസരിക്ക, പറഞ്ഞതുകേൾക്കുക, വഴങ്ങുക, കീഴ്പെടുക, കല്പനകേൾക്ക; **-Obedient** (ō-), *a.* അനുസരണയുള്ള; വഴക്കമുള്ള, ആജ്ഞാനുവർത്തിയായ, വിധേയമായ; **-ly,** *adv.* ആജ്ഞാനുസാരേണ; **-Obedience** (ō-), *n.* വണക്കം, വഴക്കം, അനുസരണം.

Obiter dictum, ഇടയ്ക്കുപറയപ്പെടുന്നതു്, പ്രാസംഗികമായി പറയപ്പെടുന്നതു്.

Obit, *n.* മരണം, നിര്യാണം, ചാക്ക്, ചാവ്, മരണത്തീയതി, ശ്രാദ്ധം; **-bituary,** *a.* മരണവിവരപ്പട്ടിക, മരണസംബന്ധിയായ.

Object, *n.* വിഷയം, പൊരുൾ, ദ്രവ്യം, വസ്തു, അർത്ഥം; 'visible o. ചക്ഷുർവിഷയം'; 'o. of confidence വിശ്വാസസ്പദം, വിശ്വാസഭൂമി'; 'o. of dispute വാദവിഷയം'; അർത്ഥം, കാരണം, ഫലം, അഭീഷ്ടം, കാംക്ഷിതം, മനോരഥം; നിമിത്തം, പ്രയോജനം, കാര്യം; അഭിപ്രായം, താല്പര്യം, ഉദ്ദേശം, ലക്ഷ്യം; കർമ്മം; (Object), *v. t. or v. i.* തടസ്സംചൊല്ലുക, വിരോധിക്ക, ഖണ്ഡിക്ക, നിരസിക്ക, എതിർക്കുക; **-ion,** *n.* തടസ്സംപറയൽ, ബാധ, അപവാദം, ആക്ഷേപം, ദോഷം; **-ionable,** *a.* തടുക്കേണ്ട, പ്രതിഷേധിക്കേണ്ട; **-ive,** *a.* വിഷയാശ്രിതമായ, പദാർത്ഥനിഷ്ഠമായ, കർമ്മവിഷയകമായ; **-or,** *n.* തടസ്സംപറയുന്നവൻ, അപവാദകൻ.

Objectlesson, *n.* ദൃഷ്ടാന്തബോധനം.

Objuration, *n.* ശപഥം.

Objurgate (-jer'gat), *v. t.* ശാസിക്കുക, ആക്ഷേപിക്ക, നിന്ദിക്ക; **-ion,** *n.* നിന്ദ, ഉപാലംഭം, ആക്ഷേപം, ധിക്കാരം; **-ory,** *a.* നിന്ദകമായ, നിന്ദാർത്ഥകമായ.

Oblate, *a.* ധ്രുവങ്ങൾ പതുങ്ങിയ, ധ്രുവങ്ങൾപരന്ന, ബലിയായി അർപ്പിച്ച, നിവേദിച്ച; **-Oblation,** *n.* കാണിക്ക, നൈവേദ്യം, ബലി, ഉപായനം, ഹവ്യം, ഹവനം, ഹുതം, യാഗം.

Obligate, *v. t. see* **Oblige,** below.

Oblige (ō-blīj'), *v. t.* ബന്ധിക്കുക; ചെയ്യുമാറാക്കുക, നിർബന്ധിക്കുക; ബാദ്ധ്യസ്ഥപ്പെടുക; കടമാക്കുക; ഉപകാരംചെയ്യുക, ഹിതംപ്രവർത്തിക്കുക, അനുഗ്രഹിക്കുക, ഉപകരിക്കുക; 'I am very much obliged to you താങ്കൾ ചെയ്തു വലിയ ഉപകാരമാണ്'; **-ation,**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

n. അവശ്യകത, കർത്തവ്യത, ഭാരം, കടം, ചുമതല, ബന്ധം; പ്രതിജ്ഞ, വാഗ്ദാനം, അനുഗ്രഹം, ഹിതം, പ്രിയം; **-atory,** *a.* അവശ്യകമായ, ചെയ്യേണ്ട, അനുഷ്ഠിക്കേണ്ട, അപരിഹാര്യമായ, നിർബന്ധമായ; **-ing,** *a.* അനുഗ്രഹശീലമായ, ഉപകാരശീലമായ, ഉപകാരിയായ, അനുകൂലമായ, ഉതകുന്ന ദയയുള്ള; **-ingly,** *adv.* സൌജന്യത്തോടെ, സാനുഗ്രഹം; **-ingness,** *n.* ഉപകാരശീലം, സൗജന്യം.

Oblique (-lēk'), *a.* ചായ്വായ, ചാഞ്ഞ, കള്ളത്തരമായ, വക്രമായ, കുടിലമായ; **-ly,** *adv.* കുടിലമായി, ചരിഞ്ഞു്, കള്ളമായി; **-ness,** *n.* ചായ്വ്, വക്രത, കൌടില്യം, കള്ളം.

Obliterate, *v. t.* മായ്ക്കുക, അഴിക്കുക, തുടയ്ക്കുക; **-ion,** *n.* മായ്ക്കൽ, തുടപ്പ്, മാർജ്ജനം.

Oblivion, *n.* മറവി, വിസ്മൃതി, വിസ്മരണം; ദോഷവിസ്മരണം; **-Oblivions** (-us), *a.* മറവിയുണ്ടാക്കുന്ന, വിസ്മരിപ്പിക്കുന്ന, മറക്കശീലമായ.

Oblong, *a.* നീണ്ട, ദീർഘാകാരമായ, ദീർഘചതുരശ്രമായ, ദീർഘചതുരശ്രം.

Obloquy (-kwi), *n.* അപവാദം, നിന്ദ, പഴി etc.

Obnoxious (ob-nok'shus), *a.* വശമായ, അധീനമായ, യോഗ്യമായ, അർഹമായ, ഗർഹിതമായ, വെറുക്കത്തക്ക, അപ്രിയം, നിന്ദ്യം; **-ly,** *adv.* വെറുക്കത്തക്കവണ്ണം, നിന്ദയോടെ; **-ness,** *n.* അധീനത, പാത്രത; നിന്ദ്യത.

Obscene (ob-sēn'), *a.* അസഭ്യമായ, ധൂർത്തമായ, അശ്ലീലമായ, ഗ്രാമ്യമായ; അശുഭമായ; **-ly,** *adv.* അസഭ്യമായി, പറയാൻകൊള്ളരുതാത്തതായി; **-ity, -ness,** *n.* അസഭ്യത, അശ്ലീലത, അവാച്യത.

Obscure (ob-skūr'), *a.* മങ്ങിയ, അവ്യക്തമായ, ഇരുണ്ട, നിഷ്പ്രഭമായ, മലിനമായ; പേരുകേൾക്കാത്ത, അറിയപ്പെടാത്ത, അവിജ്ഞാതമായ; വെളിപ്പെടാത്ത, നിഗൂഢമായ, ദുർബോധമായ, അവ്യക്തമായ; *v. t.* ഇരുട്ടുകൊണ്ടു മൂടുക or മായ്ക്കുക, ഇരുളാക്കുക, മലിനീകരിക്ക; ഗൂഢമാക്കുക, ഒളിവിൽവെയ്ക്കുക; **-ation,** *n.* മായ്ക്കൽ, പ്രഭാഹരണം; നിഷ്പ്രഭത; **-ed,** *a.* ഇരുണ്ട, മലിനമായ; **-ity, -ness,** *n.* ഇരുൾ, മങ്ങൽ; അപ്രസിദ്ധം, അടക്കം, നിശ്ചയമില്ലായ്മ, ഗൂഢത, ഗഹനത, ദുർബോധത, അപ്രസിദ്ധി; **-ly,** *adv.* ഇരുണ്ടു്, മങ്ങി, സന്ധ്യാകാരം; ഗൂഢമായി, അസ്പഷ്ടമായി, അവ്യക്തമായി.

Obsecrate, *v. t.* see **Entreat.**

Obsequies (ob'sekwiz), *n.* pl. അപരക്രിയകൾ, ശേഷക്രിയകൾ, മരണച്ചടങ്ങുകൾ, അന്ത്യകർമ്മങ്ങൾ; **-Obsequial,** *a.* ഔർദ്ധ്വദേഹികമായ, അന്ത്യകർമ്മയോഗ്യമായ.

Obsequious (-kwi-us), *a.* അനുസരണയുള്ള, അത്യധികം വണക്കമുള്ള, അടിപണിയുന്ന, കെഞ്ചുന്ന, വശവർത്തിയായ; **-ly,** *adv.* ഏറാവും അനുസരണയോടെ; **-ness,** *n.* അതിയായ അനുസരണ.

Observe (-zėrv'), *v. t. or v. i.* നോക്കുക, ദർശിക്കുക, ഈക്ഷിക്കുക, നിരൂപിക്കുക, ആലോചിക്കുക, പ്രസ്താവിക്കുക, പറയുക; ആചരിക്കുക, അനുഷ്ഠിക്കുക; *v. i.* ശ്രദ്ധവെയ്ക്കുക, സൂക്ഷിക്കുക; (on, upon) പ്രസ്താവിക്കുക, സംസാരിക്കുക; **-able,** *a.* കുറിക്കൊള്ളത്തക്ക, അനുഷ്ഠിക്കത്തക്ക, കാണത്തക്ക; **-ance,** *n.* അനുഷ്ഠാനം, ആചാരം, വഴക്കം; **-ant,** *a.* ഗൌനമുള്ള, ശ്രദ്ധയുള്ള, നോട്ടമുള്ള, സൂക്ഷ്മതയുള്ള; **-ation,** *n.* നോട്ടം, അവലോകനം, നിരൂപണം; വചനം, ഉക്തി; **-atory,** *n.* നക്ഷത്രബംഗ്ലാവ്, ജ്യോതിഷശാല, പരിശോധനമന്ദിരം; **-er,** *n.* നോട്ടക്കാരൻ, ശ്രദ്ധയോടെനോക്കുന്നവൻ, സൂക്ഷ്മപരിശോധകൻ, അപേക്ഷകൻ.

Obsess, *v. t.* വളയുക, ദുഃഖിപ്പിക്കുക, പീഡിപ്പിക്കുക; **-Obsession,** *n.* വളച്ചിൽ, ആവേഷ്ടനം.

Obsolete, *a.* പ്രയോഗം നശിച്ച, ലുപ്തപ്രയോഗമായ, പഴയകാലത്തു നടന്നിരുന്ന; ലോപം, അപ്രചാരം.

Obstacle (-kl), *n.* തടസ്സം, പ്രതിബന്ധം, വിഘ്നം, വിഘാതം.

Obstetrics, *a.* പ്രസവസംബന്ധിയായ; *n.* പ്രസവവൈദ്യം.

Obstinate, *a.* വഴങ്ങാത്ത, ഇണങ്ങാത്ത, അനുനയിക്കാൻമേലാത്ത, മർക്കടമുഷ്ടിയുള്ള, കഠിനമായ, ദൃഢമായ; ദുസ്സാദ്ധ്യമായ; **-ly,** *adv.* നിർബന്ധമായി, വഴങ്ങാതെ, മർക്കടമുഷ്ടിയോടെ; **-ness, -Obstinacy,**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

n. നിർബന്ധം, ആഗ്രഹം, ദുരാഗ്രഹം, നിർബന്ധശീലം, ദൃഢത.
Obstipation, *n.* തടസ്സം; മലബന്ധം.
Obstreperous, *a.* ബഹളംകൂട്ടുന്ന, ക്രൂക്ക വിളിക്കുന്ന, നിലവിളിക്കുന്ന; **-ly,** *adv.* വലിയ ബഹളത്തോടെ.
Obstruct, *v. t.* തടയുക, നിറുത്തുക, അടയ്ക്കുക, രോധിക്കുക, വിഘ്നപ്പെടുത്തുക; **-er,** *n.* തടയുന്നവൻ, വിഘ്നകരൻ, പ്രതിബന്ധകൻ; **-ion,** *n.* തടവ്, നിറുത്തൽ, അടവ്, വിഘ്നം, രോധനം; **-ionist,** *n.* തടസ്സപ്പെടുത്തുന്നവൻ, വിഘ്നകാരി; **-ive,** **-Obstruent,** *a.* തടസ്സംചെയ്യുന്ന, മുടക്കുന്ന, വിഘ്നപ്പെടുത്തുന്ന; *n.* അടപ്പ്, മലബന്ധത്തിനുള്ള ഔഷധം.
Obtain, *v. t.* ലഭിക്കുക, ആർജ്ജിക്കുക, കിട്ടുക; *v. i.* നടപ്പായിത്തീരുക, പ്രബലപ്പെടുക; സാധിക്കുക; **-able,** *a.* ലഭ്യമായ; **-er,** *n.* പ്രാപകൻ; **-ment,** *n.* പ്രാപ്തി, ലബ്ധി, ലാഭം.
Obtest, *v.t. see* **Entreat.**
Obtrude, *v. t.* ബലാൽക്കടത്തുക or പ്രവേശിപ്പിക്കുക; വേണ്ടാതെ കൊണ്ടുചെല്ലുക; മുഷ്കോടെ പ്രസ്താവിക്കുക; *v. i.* ബലമായി കടക്കുക, ക്ഷണിക്കാതെ പ്രവേശിക്കുക; **-Obtrusion** (ob-trözhun), *n.* കാര്യമില്ലാതുള്ള തലയിടൽ, ബലാൽപ്രവേശം, ആക്രമം, അധികപ്രസംഗം; **-Obtrusive** (trö'siv), *a.* ധൃഷ്ടമായ, ബലാൽക്കാരംചെയ്യുന്ന, കരുമ്പുള്ള; **-ly,** *adv.* ബലമായി, ധൃഷ്ടമായി.
Obtund, *v. t.* കനപ്പിക്കുക, മഴക്കുക, ചണകെടുത്തുക, ഉണർവു നശിപ്പിക്കുക; **-Obtuse,** *a.* മന്ദമായ, മൂഢമായ, സ്ഥൂലമായ, കനത്ത; മൂർച്ചയില്ലാത്ത, അതീക്ഷ്ണമായ, തടിച്ച, തേജസ്സില്ലാത്ത, അനിശിതമായ; '*o.* angle ബഹിർലംബകോണം', **-ly,** *adv.* തടിപ്പായി, മൂർച്ചയില്ലാതെ; **-ness,** *n.* ജാഡ്യം, മൂഢത, മന്ദത, സ്ഥൂലത, ഘനത.
Obvert, *v. t.* താഴോട്ടു മുഖമാക്കുക, അധോമുഖീകരിക്കുക, അഭിമുഖീകരിക്കുക; **-Obverse,** *a.* അഭിമുഖമായ; **-Obverse,** നാണയത്തിന്റെ മുഖം, മുഖവശം, or മുൻപുറം, മുകപ്പ്.
Obviate, *v. t.* ഒഴിക്കുക, തടുക്കുക, നീക്കുക, പരിഹരിക്കുക; *see* **-Obstruct.**

Obvious (-us), *a.* പ്രത്യക്ഷമായ, തെളിവായ, സ്പഷ്ടമായ; സുപ്രകാശമായ, സ്പഷ്ടാത്മമായ, '*o.* to the sight ദൃഷ്ടിഗോചരമായ, പ്രത്യക്ഷമായ, സുലക്ഷ്യമായ'; **-ly,** *adv.* സ്പഷ്ടമായി, വ്യക്തമായി; **-ness,** *n.* സ്പഷ്ടത, തെളിവ്.
Occasion (ok-ka'zhun), *n.* അവസരം, സമയം; പ്രയോജനം, അപേക്ഷ, ഉപയോഗം, കാര്യം, കാരണം; സംഭവം, നിമിത്തം, ഹേതു, ഉപാധി; **-al,** *a.* നൈമിത്തികം, താല്ക്കാലികം, പ്രാസംഗികം, അപ്പോഴത്തേക്കുള്ള; **-ally,** *adv.* ചിലപ്പോൾ, വല്ലപ്പോഴും, ഇടയ്ക്കിടയ്ക്ക്, കാര്യവശാൽ; **-ed,** *a.* ഉണ്ടായ, ജാതമായ ഉദിതമായ.
Occident (ok'sident), *n.* പടിഞ്ഞാറ്, പശ്ചിമദിക്ക്, പാശ്ചാത്യദേശം; **-al,** *a.* പടിഞ്ഞാറുള്ള, പാശ്ചാത്യമായ.
Occiput. *n.* (pl. **Occipita**) തലയുടെ പുറക്, മസ്തകപൃഷ്ഠം.
Occult (okkult'), *a.* രഹസ്യമായ, മറവായ, അറിയാത്തുള്ള, നിഗൂഢമായ, ദുർബോധമായ, ഗുപ്തമായ, അജ്ഞേയമായ, **-ism,** **ness,** *n.* ഗൂഢത, ഗഹനത, മറവ്, രഹസ്യം.
Occultation, *n.* മറവ്, ആച്ഛാദനം.
Occupy (ok'üpi), *v. t.* ആളുക, കൈവശപ്പെടുത്തുക, പ്രവേശിക്കുക, താമസിക്കുക, അനുഭവിക്കുക; **-ancy,** *n.* അനുഭവം, ഭോഗം, അധികാരം; **-ant,** *n.* ഭോക്താവ്, അനുഭവക്കാരൻ, അധികാരി; **-ation,** *n.* കൈക്കൊള്ളൽ, ഉദ്യോഗം, തൊഴിൽ, വൃത്തി, ജീവനോപായം, കൃത്യം, ക്രിയ, ചരിതം, ചേഷ്ട; നിയോഗം, അധികാരം; ആവേശനം, ആവാസം, ആക്രമണം; **-ed,** *a.* പ്രവേശിക്കപ്പെട്ട, പാർത്തതായ, ആക്രാന്തമായ; **-er,** *n.* പാർപ്പുകാരൻ, കൈവശക്കാരൻ, ഉടമസ്ഥൻ, അധിഷ്ഠാതാവ്.
Occur (ok'kér'), *v. i.* മനസ്സിൽ തോന്നുക, നേരിടുക, സംഭവിക്കുക, അടുത്തുവരിക, കണ്ണിൽപെടുക; **-rence,** *n.* സംഭവം, കാര്യം; **-rent,** *a.* സംഭാവ്യമായ, യദൃച്ഛയാ ഉണ്ടാകുന്ന; *n.* ശത്രു, വൃത്താന്തം.
Ocean (o'shan), *n.* സമുദ്രം, കടൽ, സാഗരം; *a.*; **-ic,** *a.* കടലിനെസംബന്ധിച്ച, സമുദ്രസംബന്ധിയായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Ochre (ō'kėr), *n.* കാവിമണ്ണ്.

Ochlocracy, *n.* പ്രാകൃതജനപ്രഭുത്വം, ബഹുജനവാഴ്ച.

Octagon (ok'-), *n.* എൺകോൺ, എൺകോൺവടിവ്, അഷ്ടകോണാകൃതി.

Octave (ok'-), *n.* എട്ടാംസ്വരം, ഉച്ചസ്വരം.

Octavo, *n.* എട്ടായിമടക്കിയ കടലാസ്.

Octennial, *a.* എട്ടാംകൊല്ലത്തിലുണ്ടാകുന്ന, അഷ്ടവാർഷികമായ, എട്ടുകൊല്ലംനില്ക്കുന്ന.

October, *n.* അക്ടോബർമാസം, കന്നി-തുലാം.

Octogenarian, *n.* എൺപതു വയസ്സുള്ള ആൾ.

Octohedron, *n.* അഷ്ടപൃഷ്ഠം.

Octopetalous, *a.* എട്ട ദലങ്ങളുള്ള.

Octosyllable, *n.* എട്ടക്ഷരങ്ങളുള്ള പദം.

Octuple, *a.* എട്ടിരട്ടിയായ, എൺമടങ്ങായ.

Ocular, **-lary**, *a.* കണ്ണുസംബന്ധമായ, കണ്ണാലേകണ്ട, ചാക്ഷുഷമായ, പ്രത്യക്ഷമായ; 'o. evidence പ്രത്യക്ഷപ്രമാണം, ചാക്ഷുഷജ്ഞാനം'; **-ly**, *adv.* പ്രത്യക്ഷപ്രമാണത്താൽ; **-Oculist**, *n.* കണ്ണുവൈദ്യൻ.

Odd, *a.* ഒറ്റയായ, പ്രത്യേകമായ, വിശേഷപ്പെട്ട, പത്തുമയായ, അതിശയമായ, വിഷമമായ, വിലക്ഷണമായ, അസാധാരണമായ, അപൂർവമായ; **-ity**, **-ness**, *n.* വൈഷമ്യം; വൈലക്ഷണ്യം, അപൂർവത; കൌതുകം; **-ly**, *adv.* വിഷമമായി, ചിത്രമായി. വിലക്ഷണമായി; **Odds**, *n.* (s. and pl.) കൂടുതൽ, മുന്തൽ, സംഗതി, വിരോധം, ശണ്ഠ, തർക്കം; of o. s വിരോധമായി, വിപരീതമായി, തമ്മിൽ പിണങ്ങി; 'o. s and ends കണ്ടവും തുണ്ടവും, കക്ഷണവും മുക്ഷണവും, ഉച്ഛിഷ്ടം, ബാക്കി'.

Ode (ōd), *n.* ചെറുപാട്ട്, ചിന്ത്, ഗീതം, ഗാനം, ഗേയം.

Odious (ō'dius), *a.* അരുവരുപ്പായ, അറപ്പായ, കുത്സിതമായ, നിന്ദ്യമായ, അപ്രിയമായ; **-ly**, *adv.* കുത്സിതമായി, മോശമായി, വെറുപ്പായി; **-ness**, *n.* വെറുപ്പ്, നിന്ദ്യത; **-Odium**, *n.* വെറുപ്പ്, ജനവിരോധം, കുത്സനം, ദ്വേഷം.

Odontalgy, **-gia**, *n.* പല്ലുകുത്ത്, പല്ലുവേദന, ദന്തശൂലം.

Odour (ō'dor), *n.* വാസന, നറുമണം, മണം, സുഗന്ധം സൌരഭം, ആമോദം, പരിമളം; കീർത്തി, പുകഴ്; **-ous**, **-Odoriferous** (-us), *a.* വാസനയുള്ള, മണമുള്ള, സുഗന്ധിയായ, സുരഭിയായ.

Oesophagus (ēsof'-), *n.* *see* **Gullet**.

Of (ov), *prep.* ഇൽ, കുറിച്ച്, ന്റെ, ഇലുള്ള, ആൽ, ഇൽനിന്ന്, കൊണ്ടുള്ള ഇന്ന്, ഇക്ക്, എന്ന; 'poor o. wisdom ബുദ്ധിയിൽ ദരിദ്രന്മാർ'; 'informed o. his departion വേർപാടിനെക്കുറിച്ചു അറിയിച്ചു'; 'It is o. Rama അതു രാമന്റെ വകയാകുന്നു'; 'died o fever പനിയാൽ, പനികൊണ്ടുമരിച്ചു'; 'I have received o. the king എനിക്കു രാജാവിൽനിന്നു കിട്ടി'; 'pot o gold പൊന്നുകൊണ്ടുള്ള കുടം'; 'before an hour o. the appointed time നിശ്ചിതസമയത്തിനു ഒരുമണിക്കൂർമുൻപ്'; 'the town o. Quilon കൊല്ലം എന്ന പട്ടണം'.

Off, *adv.* ദൂരത്തിൽ, ദൂരെ, അകലെ; *a.* ദൂരെയുള്ള, അകലെയുള്ള; *intj.* പോ! അകലത്തു! ദൂരപ്പോ!

Offal, *n.* ബാക്കി, ഉച്ഛിഷ്ടം, കുപ്പ, എച്ചിൽ.

Offend, *v. t.* or *v. i.* കോപമുണ്ടാക്കുക, കുററംചെയ്യുക, പീഡിപ്പിക്ക, ക്ലേശിപ്പിക്ക; (against) അതിക്രമിക്ക, ഭഞ്ജിക്ക; കോപിപ്പിക്ക, കോപമുണ്ടാക്കുക, തടുക്കുക; **-er**, *n.* അപരാധി, പാതകി, പിഴച്ചവൻ; **-Offence**, *n.* അപരാധം, പിഴ, പാപം, കോപം, രോഷം; ഇഷ്ടക്കേട്, അവമാനം, അവജ്ഞ; രോധം, ബാധ; **-less**, *a.* നിർദോഷമായ, നിരപരാധമായ; **-Offensive**, *a.* വിരോധമായ, വെറുക്കത്തക്ക, കോപജനനമായ, അപ്രിയമായ, നന്നല്ലാത്ത, അരമ്യമായ, അസഭ്യമായ, നിന്ദ്യമായ; ദുഃഖമുണ്ടാക്കുന്ന, വേദനയുണ്ടാക്കുന്ന; അക്രമംചെയ്യുന്ന; **-ly**, *adv.* അപകാരമായി, അപരാധമായി; **-ness**, *n.* അപ്രിയത, കട്ടപ്പം, നിന്ദ്യത.

Offer, *v. t.* കാട്ടുക, നീട്ടുക, നല്കാമെന്നു പറയുക, അർപ്പിക്കുക, വാഗ്ദത്തംചെയ്യുക, സ്വയം അർപ്പിക്കുക, സമ്മതിക്കുക, വിലപറയുക, നിശ്ചയിക്കുക, എതിർക്കുക, ബലാല്ക്കാരം കാട്ടുക; *v. i.* വരിക, എത്തുക; സമ്മതംകാട്ടുക; പ്രയത്നിക്കുക, ഉ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്യമിക്കുക, *see* **Attempt,** *n.* പ്രസ്താവം, നിർദ്ദേശം, നിശ്ചയം; (as in marriage) പറഞ്ഞവില, പ്രയത്നം, ഉദ്യമം, പ്രവൃത്തി; **-er,** *n.* വഴിപാടു കഴിക്കുന്നവൻ, ഉപഹർത്താവു്, ഉപനേതാവു്, നിവേദകൻ, ഹോതാവു്; **-ing,** *n.* അർപ്പണം, ബലിദാനം; ബലി; ഹവിസ്സ്, ഹവ്യം, ഹുതം, ആഹുതി; അർഘം, കാഴ്ചദ്രവ്യം, ഉപായനം.

Office (of'fis), *n.* കർമ്മം, ക്രിയ, കൃത്യം, പ്രവൃത്തി, ഉദ്യോഗം, തൊഴിൽ, അധികാരം, സ്ഥാനം, വിധിസംഗ്രഹം; ഉദ്യോഗശാല, ഉദ്യോഗസ്ഥാനം; കടമ; **-Officer,** *n.* ഉദ്യോഗസ്ഥൻ, അധികാരി, തലവൻ; **-Official** (of-fish'al), *a.* അധികാരസ്ഥാനം സംബന്ധിച്ച, അധികാരയുക്തമായ, ഔദ്യോഗികമായ; *n.* അധികാരി, സർക്കാർസേവകൻ; **-dom,** *n.* ഉദ്യോഗസ്ഥവർഗ്ഗം, അധികൃതവർഗ്ഗം; **-ficiate,** *v. i.* ഒരു ഉദ്യോഗസ്ഥനപകരം ജോലി നോക്കുക; **-ly,** *adv.* ഔദ്യോഗികമായി, അധികാരത്തോടെ, അധികാരത്താൽ; **-Officious,** *a.* അന്യകാര്യത്തിലിടപെടുന്ന; അതിയായ ഉപകാരം ചെയ്യുന്ന, ഉപകാരശീലമായ; **-ly,** *adv.* അധികാരച്ചേഷ്ടയോടെ, പ്രഗത്ഭതയോടെ; **-ness,** *n.* അന്യാധികാരചേഷ്ട, പരനിരൂപണത്തിൽ ഇടപെടൽ.

Offing, *n.* ചക്രവാളത്തിനടുത്ത കടൽ, അടിവാനക്കടൽ, പുറംകടൽ.

Offscouring, *n.* ചണ്ടി, അഴുക്ക്, എച്ചിൽ.

Offset, *n.* തളിർ, മുള, കമ്പു്; തട്ടിക്കഴിപ്പാനുള്ള സംഖ്യ, ഈടു്, പ്രതിഫലം; പർവ്വതശാഖ, മലപ്പുറപ്പു്, വളവു്, ലംബാന്തരം; *v. t.* എതിർകണക്കുവെയ്ക്കുക.

Offshoot, *n.* കള, മുള, പ്രരോഹം, ശാഖ, എത്ത്, പൊട്ടിക്കിളിപ്പു്.

Offspring, *n.* സന്താനം, സന്തതി, പ്രജ, അപത്യം.

Oft, *adv.* അടിക്കടി, പലപ്പോഴും, കൂടെക്കൂടെ; പലമുറ.

Often, *adv. see* **Oft.**

Ogle, *v. t.* കടാക്ഷിക്കുക, കടക്കണ്ണിട്ടുനോക്കുക; *n.* കടാക്ഷം.

Ogre (o'gèr), *n.* അരക്കൻ, മനുഷ്യഭുക്ക്, രാക്ഷസൻ.

Oil, *n.* എണ്ണ, കൊഴുപ്പു്; *v. t.* എണ്ണ പുരട്ടുക, തൈലമിടുക; **-y,** *a.* തൈലമയമായ, ചിക്കണം, മസൃണം, സ്നിഗ്ദ്ധം; 'oil cake പിണ്ണാക്കു്'; 'oil cloth ഒരു വക പശ പിടിപ്പിച്ച തുണി'.

Ointment, *n.* അഞ്ജനം അഭ്യഞ്ജനം, ലേപനം, പിരട്ടാനുള്ളതു്, തേപ്പു്, പൂശൽ, പൂച്ചു്.

Old (old), *a.* വയസ്സുചെന്ന, പഴമയായ, പഴയ, (person) കിഴവനായ, കിഴവിയായ; പുരാതനമായ; **-en,** *a.* പഴയ, പുരാതനമായ, പ്രാചീനം; **-ish,** *a.* അല്പംവയസ്സുചെന്ന, ഒട്ടൊക്കെ കിഴവനായ, ഒട്ടൊക്കെ പഴയതായ.

Oleaginous, *a.* മിനുസമായ, മെഴുമെഴുപ്പായ, ചിക്കണമായ, മേദുരമായ.

Oleander, *n.* അലരിച്ചെടി, കരവീരം, ഹയമാരകം.

Oleograph, *n.* എണ്ണവർണ്ണപ്പടം.

Olfactory, *a.* മൂക്കുസംബന്ധിച്ച, നാസാസംബന്ധമായ.

Olibanum, Oliban, *n.* സാമ്പ്രാണി, പറങ്കിസാമ്പ്രാണി.

Oligarchy, *n.* സ്വല്പജനാധിപത്യം.

Olio, *see* **Medley.**

Olive, *n.* ഓലീവുമരം, ജിതവൃക്ഷം.

Olla podrida, *n.* പലവക കൂടിയതു്.

Olympiad, *n.* നാലാംകൊല്ലത്തിൽ നടത്താറുള്ള ഒരു മഹോത്സവം.

Omen, *n.* ശകുനം, കുറി, നിമിത്തം; 'good o. ശുഭശകുനം'; ill o. ദുശ്ശകുനം'; **-Ominous,** *a.* അമംഗളമായ, അനിഷ്ടസൂചകമായ; ശുഭത്തേ കാട്ടുന്ന; ശകുനസംബന്ധമായ; **-ly,** *adv.* അശുഭലക്ഷണത്തോടെ.

Omit, *v. t.* വിടുക, വിട്ടുകളക, തള്ളുക, ഉപേക്ഷിക്കുക; അതിർകടക്കുക, അതിക്രമിക്കുക, ലംഘിക്കുക; **-Omission** (omish'un), *n.* വിട്ടുകളയൽ, തപ്പു്, മറന്നതു്, വർജ്ജനം, ത്യാഗം, ഉപേക്ഷ, ലോപം.

Omnifarious, *a.* സർവ്വവിധമായ.

Omnigenous, *a.* എല്ലാജാതിയുമായ.

Omnipotent, *a.* സർവ്വശക്തിയുള്ള, അനന്തശക്തിയുള്ള; **-Omnipotence, -tency,** *n.* സർവ്വശക്തി, സർവ്വശക്തൻ, ദൈവം, അധികാരം, 'the o. t സർവ്വശക്തൻ'; **-tently,** *adv.* സർവ്വശക്തിയോടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Omnipresent, *a.* സർവ്വഗതമായ, സർവ്വാത്മകമായ, സർവ്വവ്യാപിയായ; **-Omnipresence,** *n.* സർവ്വവ്യാപ്തി, വിശ്വാത്മത, വിശ്വരൂപത.

Omniscient (-nish'ent), *a.* എല്ലാം അറിവുമുള്ള, സർവ്വജ്ഞനായ, സർവ്വദർശിയായ, സർവ്വസാക്ഷിയായ, വിശ്വനേത്രമായ, ത്രികാലജ്ഞമായ; **-Omniscience** (-nish'ens), *n.* സർവ്വജ്ഞത്വം, സർവ്വജ്ഞാനം.

Omnivagant, *a.* സർവ്വഗതമായ, സർവ്വഗാമിയായ.

Omnivorous (-us), *a.* സർവ്വഭക്ഷകമായ, എല്ലാം തിന്നുന്ന സർവ്വഭോജിയായ.

Omphalic (-fal'ik), *a.* പൊക്കിൾസംബന്ധമായ.

Omphalocele, *n.* പൊക്കിൾവീക്കം.

On, *prep.* മേൽ, മീതേ, പുറത്തു്, മുകളിൽ, ഇൽ, കൽ; അരികെ, സമീപം; *adv.* മുന്നോട്ടു്. മേലേ, മേൽ, നില്ക്കാതെ; *intj.* പോ!, മുന്നോട്ടു്.

Once (wuns), *adv.* ഒരിക്കൽ.

On dit, *n.* വാർത്ത, ജനശ്രുതി.

One (wun), *a.* ഒരു, അഭിന്നമായ, രണ്ടല്ലാത്ത, ഒരായ; *n.* ഒന്നു്; *indef. pron.* ഒരുവൻ; **-ness,** *n.* ഏകത്വം, ഒരുമ, ഏകഭാവം, അദ്വൈതം.

Oneirocritic, -al, *a.* സ്വപ്നാർത്ഥസംബന്ധമായ.

Oneiromancy, *n.* സ്വപ്നലക്ഷണം, സ്വപ്നാർത്ഥവിചാരം, സ്വപ്നാർത്ഥജ്ഞാപനം.

Onerous, *a.* ഭാരമായ, ദുർഭരമായ, ദുർവ്വഹമായ.

Onion, *n.* ചുമന്നുള്ളി, ഈരുള്ളി, വെൺകായം.

Onlooker, *n.* കാണി, കാഴ്ചക്കാരൻ, സാക്ഷി.

Only (on'li), *a.* ഏകമായ, ഒരേഒരു, മാത്രമായ മുഖ്യമായ; *adv.* മാത്രം, കേവലം, തന്നെ; *conj.* ഒഴികെ.

Onomatopoeia (-pe'a), *n.* അനുകരണം, അനുകരിച്ചു വാക്കുണ്ടാക്കുന്നതു്.

Onset, *n.* എതിർപ്പു്, ആക്രമണം, യുദ്ധാരംഭം.

Onslaught (on'slawt), *n.* പാച്ചിൽ, പാഞ്ഞെതിർപ്പു്, പാഞ്ഞുകയറ്റം.

Ontology (-o-ji), *n.* സത്വശാസ്ത്രം, ഭൂതവിചാരം; **-ist,** *n.* സത്വശാസ്ത്രജ്ഞൻ.

Onus, *n.* ഭാരം.

Onward, *adv.* മുൻപോട്ടു്.

Onyx (-niks), *n.* ഗോമേദകം.

Ooze (ōz), *n.* ചെളി, ഇളകിയ ചെളി, പശമണ്ണു്; ഒഴുക്കു്, ഊറൽ, സ്രവം, ദ്രവം; *v. t.* ഒഴുക്കുക, ഊറുക, സ്രവിപ്പിക്കുക, സ്യന്ദിപ്പിക്കുക; *v. i.* ഒഴുകുക, ഊറുക, സ്രവിക്കുക; **-ing,** *n.* ഒഴുക്കു്, സ്യന്ദനം, ക്ഷരണം, സ്രവം; **-y,** *a.* ഒഴുകുന്ന, ഊറുന്ന.

Opaque (ō-pāk'), *a.* വെളിച്ചംകടക്കാത്ത, പ്രകാശം പ്രവേശിക്കാത്ത, ഇരുളായ, നിഷ്പ്രഭമായ; **-ness, -Opacity,** *n.* മങ്ങൽ, അസ്വച്ഛത, നിഷ്പ്രഭത; ശൂന്യം.

Opal, *n.* ശിവധാതുക്കൽ, പുളകം, വിമലകം.

Open (ō'pn), *v. t.* തുറക്കുക, വിടർത്തുക, വികസിപ്പിക്കുക, നിവിർക്കുക. ഭേദിക്കുക, സ്ഫോടിപ്പിക്കുക, വ്യഞ്ജിപ്പിക്കുക, പ്രകാശിപ്പിക്ക; വ്യാഖ്യാനംചെയ്ക, വിവരിക്കുക; ഛേദിക്കുക, നിർഭേദിക്കുക; ശോധിക്കുക; തുടങ്ങുക, ആരംഭിക്കുക, ഉപക്രമിക്കുക; *v. i.* വിടരുക, പൊട്ടുക, തുറക്കുക, etc; *a.* തുറന്ന, വികസിച്ച, നിവർത്തിയ നിരർഗ്ഗളമായ, അനർഗ്ഗളമായ; നിർവ്യാജമായ, നേരായ, കള്ളമില്ലാത്ത, ഉത്താനമായ, സരളമായ; വെളിവായ സുപ്രകാശമായ, വ്യക്തമായ; വെളിസ്ഥലമായ, മറവൊന്നുമില്ലാത്ത, അനാശ്രയമായ; പ്രവേശിക്കത്തക്ക, പോകത്തക്ക, ഗമ്യമായ, ഉപസർപ്പണീയമായ; **-er,** *n.* തുറക്കുന്നവൻ, ഉദ്ഘാടകൻ, പ്രകാശകൻ; **-ing,** *n.* തുറസ്സു്, തുറപ്പു്, വിവൃതി, ഉന്മീലനം, വികാസം, പൊട്ടൽ, ഭേദം; തുള, വിള്ളൽ, ദ്വാരം, സ്ഫോടനം (സ്ഫേടനം); തുടക്കം, ആരംഭം, ഉപക്രമം, പ്രസ്താവം, ഉപോദ്ഘാതം; *a.* വിടരുന്ന, വിള്ളുന്ന; ഒന്നാമത്തെ; തുടങ്ങുന്ന, ആരംഭകമായ, ആദ്യത്തെ; **-ly,** *adv.* തെളിവായി, പ്രകാശമായി, സുസ്പഷ്ടമായി, വ്യക്തമായി; **-ness,** *n.* തുറസ്സു്, തുറന്ന അവസ്ഥ, വിവൃതത്വം, വിവൃതി, നേരു്, സരളത്വം, നിഷ്കാപട്യം, തെളിവു്.

Opera, *n.* സംഗീതനാടകം നാടകശാല.

Operate, *v. i.* ചെയ്യുക, കാര്യം ഉത്ഭവിക്കുക, പ്രവർത്തിക്കുക, സാധിക്കുക, ഫലിക്കുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക, വ്യാപരിക്കുക; ശസ്ത്രോപചാരംചെയ്യുക, ശസ്ത്രക്രിയചെയ്യുക; **-ion,** *n.* പ്രവൃത്തി, ക്രിയ, കാര്യം, ചേഷ്ടിതം, ഉദ്യമം, വ്യാപാരം, പ്രവൎത്തകത്വം, കാരണം, സാധനം; 'mental o. മനോവ്യാപാരം'; 'quick in o. വേഗത്തിൽചെയ്യുന്ന'; ശസ്ത്രക്രിയ, ശസ്ത്രോപായം, ശസ്ത്രോപചാരം; **-ive,** *a.* ചെയ്യുന്ന, പ്രവൎത്തിക്കുന്ന, കൎമ്മകാരിയായ. കാൎയ്യീഭൂതമായ; ഗുണവഹമായ, സിദ്ധികരമായ, പ്രബലമായ, കാൎയ്യക്ഷമമായ; *n.* കൎമ്മകാരൻ, പണിക്കാരൻ, ശില്പകാരൻ; **-or,** *n.* ചെയ്യുന്നോൻ, പ്രവൎത്തകൻ, കൎത്താവ്.

Operose, *a.* പ്രയത്നപ്പെട്ടുണ്ടാക്കിയ, ശ്രമസാദ്ധ്യമായ.

Ophiology, *n.* സൎപ്പവിദ്യ, പാമ്പിനെസംബന്ധിച്ച ശാസ്ത്രം.

Ophthalmia, -thalmy, *n.* ചെങ്കണ്ണ്, നേത്രരോഗം; **-thalmic,** *a.* നേത്രസംബന്ധമായ, നയനപ്രദേശത്തുള്ള; 'o. region കണ്കുഴി.

Opiate, *n.* കറപ്പുലേഹ്യം, കറപ്പുമരുന്ന്; ഉറക്കമരുന്ന്, സ്വാപനൌഷധം; *a.* നിദ്രാവഹമായ, ഉറക്കംവരുത്തുന്ന; മന്ദതവരുത്തുന്ന; *v. i.* ഉറക്കമരുന്നുകൊടുക്കുക, ഉറക്കംവരുത്തുക.

Opine (opin'), *v. i* നിനയ്ക്കുക, ഉദ്ദേശിക്കുക, വിചാരിക്കുക, അഭിപ്രായപ്പെടുക; **-Opinion** (-yun), *n.* അഭിപ്രായം, മതം, തൎക്കം, ബുദ്ധി, ആശയം; **-ated, -ative,** *a.* സ്വാഭിപ്രായമാനിയായ, സ്വമതാഭിമാനിയായ. ദുരാഗ്രഹിയായ.

Opium, *n.* അവീനി, കറപ്പ്.

Opponent, *a.* വിരോധമായ, എതിരായ; *n.* എതിര്, എതിരാളി, വിരോധി, വൈരി, ശത്രു.

Opportune, *a.* സമയോചിതമായ, അനുകൂലമായ; **-ly,** *adv.* സമയത്തിന്, യഥാവസരം, സമയോചിതമായി; **-ness,** *n.* കാലൌചിത്യം, പ്രസ്താവയോഗ്യത; **-Opportunity,** *n.* അവസരം, കാലം, യോഗം; സൌകൎയ്യം, ഉപായം, സന്ദൎഭം.

Oppose (-pōz'), *v. t.* എതിൎക്കുക, വിരോധിക്കുക. പ്രതികൂലിക്കുക, നേരിടുക; **-ed,** *a.* വിരുദ്ധമായ, വിപരീതമായ, പ്രതികൂലമായ; **-er,** *n.* എതിൎക്കുന്നവൻ, എതിരാളി, പ്രതിഹന്താവ്, പ്രതിഷേധകൻ; **-Opposite** (-zit), *a.* മുൻപിലുള്ള, നേരെയുള്ള, മുഖത്തോടുമുഖം തിരിഞ്ഞ, അഭിമുഖമായ; വിരുദ്ധമായ, വിപരീതമായ, വ്യത്യസ്തമായ; *n.* വിപൎയ്യയം, വ്യത്യാസം, വിപരീതം; **-ion,** *n.* വൈപരീത്യം, വ്യത്യയം, വ്യത്യാസം, എതിരിടൽ, വിരോധം, വെറുപ്പ്, പ്രതിക്രിയ, പ്രതിബന്ധം, ബാധ; വിരോധികൾ, എതിൎപക്ഷക്കാർ, പ്രതിയോഗപക്ഷം; വിരുദ്ധഭാവം, വൈരം; **-ly,** *adv.* മുഖത്തോടുമുഖമായി, അഭിമുഖമായി, സമ്മുഖമായി, വിപരീതമായി, മറിച്ച്, തിരിച്ച്.

Oppress, *v. t.* ഉപദ്രവിക്കുക, കൎശിക്കുക, മൎദ്ദിക്കുക, ഞെരുക്കുക, അതിഭാരം ചുമത്തുക; **-ion,** *n.* അന്യായം, കൊടുമ, നിൎബന്ധം, പീഡ, മൎദ്ദനം, ഉപദ്രവം, നൈഷ്ഠുൎയ്യം, ക്രൌൎയ്യം; **-ive,** *a.* ഉപദ്രവിക്കുന്ന, പീഡാകരമായ, അതിക്രൂരമായ; അതിഭാരമായ; **-or,** *n.* പ്രജാപീഡകൻ, ഉപദ്രാവി, മൎദ്ദിക്കുന്നവൻ, നിഷ്ഠുരൻ, ക്രൂരചരിതൻ.

Oppro rium, *n.* നിന്ദ, മാനക്കേട്, ഗൎഹ, തിരസ്കാരം, അപവാദം, അവജ്ഞ, ധിക്കാരം; **-Opprobrious,** (-us), *a.* അസഭ്യമായ, ഗൎഹ്യമായ നിന്ദ്യമായ, വഷളായ; **-ly,** *adv.* നിന്ദ്യമായി, നിന്ദിച്ച്; **-ness,** *n.* ഗൎഹ്യത. നിന്ദകത്വം.

Oppugn, *v. t.* *see* **Oppose.**

Optative, *a.* ഇച്ഛയെ തെളിയിക്കുന്ന, ഇച്ഛാത്മകമായ.

Optic, -al, *a.* മിഴിസംബന്ധമായ, നേത്രസംബന്ധമായ, ചാക്ഷുഷമായ; കണ്ണുശാസ്ത്രസംബന്ധമായ; *n.* കണ്ണ്, ചക്ഷുരിന്ദ്രിയം; **-Optics,** *n.* sing. നയനശാസ്ത്രം.

Optimism (-izm), *n.* ശുഭാപ്തിമതം, നന്മയ്ക്കെന്നുള്ള വിശ്വാസം; **-Optimist,** *n.* ശുഭാപ്തിവിശ്വാസി.

Option (op'shun), *n.* അഭിരുചി, ഇഷ്ടം, അഭിലാഷം ബോധിച്ചത്; **-al,** *a.* ഇഷ്ടപ്പെട്ട, ഐച്ഛികമായ; **-ally,** *adv.* ഇഷ്ടപ്പെട്ടതനുസരിച്ച്. ഐച്ഛികമായി.

Opulent, *a.* സ്വത്തുള്ള, പണമുള്ള, സമൃദ്ധമായ, സമ്പന്നമായ; **-Opulence, -Opulency,** *n.* സമ്പത്ത്, വലിയസ്വത്ത്, ഐശ്വൎയ്യം, സമൃദ്ധി.

Or, *conj.* അല്ലെങ്കിൽ, അഥവാ; *adv.* മുന്നം, മുൻപ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Oracle (or'akl), *n.* ദേവവാക്ക്, അശരീരി, പ്രശ്നദേവൻ; പ്രശ്നസ്ഥാനം; പ്രമാണം. പ്രമാണപുരുഷൻ, ആപ്തവചനം; **-Oracular,** *a.* ദേവവാണീതുല്യമായ, പ്രമാണഭൂതമായ, പ്രാമാണികമായ.

Oral, *a.* വായ്മൊഴിയായ, വാചികമായ, വാക്കായിട്ടുള്ള; *adv.* വായ്മൊഴിയായി, വാഗ്രൂപത്തിൽ.

Orange (or'anj), *n.* നാരകച്ചെടി; നാരങ്ങ.

Orang-owtang (ō-rang-ō-tang'), ഒറാങ്ങുട്ടാൻ, വാലില്ലാക്കുരങ്ങ്.

Oration (-rā'shun), *n* പ്രസംഗം, സരസ്വതീനിഷ്യന്ദം; **-Orator,** *n.* പ്രവക്താവ്, പ്രാസംഗികൻ, വാഗ്മി, വാചാലൻ, **-ical,** *a* വാക്ചാതുര്യമുള്ള, അലംകാരസുന്ദരമായ; **-Oratory,** *n.* വാക്പാടവം, വാക്ചാതുര്യം; ഭജനാലയം; **-Oratorio,** .. സംഗീതനാടകം.

Orb, *n.* ഉണ്ട, ഗോളം മണ്ഡലം വൃത്തം, ബിംബം, ചക്രം; **-ed, -Orbicular** (-lér), *a.* വൃത്തത്തിലുള്ള, വട്ടത്തിലുള്ള, ഗോളാകൃതിയായ; **-Orbiculate,** *n.* വട്ടം, ദീർഘവൃത്താകാരം, അണ്ഡാകൃതി.

Orbit, *n.* ഗ്രഹപഥം, ഗ്രഹം സഞ്ചരിക്കുന്ന മാർഗ്ഗം, അയനം.

Orchard (-chèrd), *n.* കനിത്തോട്ടം, വാടിക, ഉപവനം, വൃക്ഷവാടിക.

Orchestra (-kestra) *n.* വാദ്യശാല, സംഗീതശാല, വാദകസമൂഹം, മേളക്കാരുടെ കൂട്ടം.

Ordain, *v. t.* നിയമിക്കുക, വിധിക്കുക, അഭിഷേകംചെയ്യുക, പട്ടംകെട്ടുക; **-er,** *n* നിശ്ചയിക്കുന്നവൻ, സംസ്ഥാപകൻ, പ്രചോദകൻ.

Ordeal, *n.* കടുംപരീക്ഷ, സത്യം, പ്രമാണം.

Order, *v. t.* ആജ്ഞാപിക്കുക, ശാസിക്കുക; *n.* കല്പന, ശാസനം, നിയോഗം; 'written o. ആജ്ഞാപത്രം, നീട്ട്'; പ്രചോദനം(ന), വിധി, നിയമം, പ്രേരണ; ക്രമം, അനുക്രമം, പരിപാടി വ്യവസ്ഥ, വിന്യാസം'; 'o. of battle പടയണി, വ്യൂഹം, സൈന്യരചന'; 'natural o. of words അന്വയം'; വഴി, സ്ഥിതി, രീതി, പദ്ധതി; ആചാരം, നിയമം; കൂട്ടം, ഗണം, വർഗ്ഗം; വർണ്ണം, ജാതി; ആശ്രമം, വർണ്ണാശ്രമം; **-er,** *n.* കല്പിക്കുന്നയാൾ, ആജ്ഞാപകൻ, **-less,** *a.* ക്രമഹീനമായ, അടുക്കില്ലാത്ത, കുഴഞ്ഞ; **-ly,** *a.* ക്രമമുള്ള, വ്യവസ്ഥിതം, യഥാക്രമം; *adv.* ക്രമമായി, യഥാക്രമം.

Ordinal, *a.* വരിക്രമമായ, മുറയുള്ള; *n.* മുറയുള്ള അക്കം; വിധിസംഹിത.

Ordinance *n.* ചട്ടം, വിധി, ചടങ്ങ്, ആർഡിനൻസ്; ശാസനം, നിയോഗം.

Ordinary, *a.* സാധാരണമായ, പ്രസിദ്ധമായ, നിത്യമായ, ദിവസംതോറുമുള്ള; സാമാന്യമായ, മദ്ധ്യമമായ, അപരമായ, ഇടത്തരമായ, താണ; *n.* ധർമ്മാദ്ധ്യക്ഷൻ; സാധാരണ ഊണസ്ഥലം; **-ily,** *adv.* ആചാരമനുസരിച്ച്, സാധാരണമായി.

Ordinate, *a.* ഒഴുക്കമായ, ക്രമമായ, മുറയായ; **-ion,** *n.* നിയോഗം നിയമനം.

Ordnance, *n.* പെരുംപീരങ്കിപ്പട, പെരുംപീരങ്കി.

Ordure, *n.* മലം, അഴുക്ക്.

Ore (or), *n.* ധാതു, മണ്ണിൽ കലന്ന ലോഹാംശം.

Organ, *n.* ഇന്ദ്രിയം, കരണം. കരുവി, സാധനം, ഉപകരണം, കർമ്മസാധനം, കർമ്മേന്ദ്രിയം, ധീന്ദ്രിയം, അന്തരേന്ദ്രിയം; ദ്വാരം; മുഖം, സാധനം; വാദ്യം; **-ic, -ical,** *a.* അംഗങ്ങളുള്ള, ഇന്ദ്രിയസംബന്ധമായ, ഇന്ദ്രിയമയമായ, ഇന്ദ്രിയോൽപന്നമായ; **-ism,** *n.* അംഗക്കെട്ട്, നിർമ്മാണം, രചന, ഘടന; **-ist,** *n.* വാദ്യവാദ്യക്കാരൻ, വംശീവാദകൻ; **-Organize,** *v. t* ഉരുവാക്കുക, നിർമ്മാണംചെയ്യുക, വിരചിക്കുക; വിന്യസിക്കുക, ക്രമേണ സ്ഥാപിക്കുക, വ്യൂഹംചമയ്ക്കുക; അവയവങ്ങൾ ചേർക്കുക, ഇന്ദ്രിയങ്ങൾകൊണ്ട യോജിപ്പിക്കുക; **-ation,** *n.* നിർമ്മാണം, സൃഷ്ടി,ഘടനം(ന), വിന്യാസം, വ്യൂഹനം; അവയവഘടനം.

Orgasm, *n.* ആവേഗം, ക്ഷോഭം, അത്യന്താവേഗം.

Orgy, *n.* രാത്രിയിലെ ഉത്സവം, പ്രഹർഷം, പ്രമോദം.

Orgies, *n.* pl. കുടിവെറിയാട്ടം, ലഹരിക്കൂത്ത്.

Orient, *a.* ഉദിക്കുന്ന, കിഴക്കുള്ള, പ്രകാശമായ, ഉജ്ജ്വലമായ; *n.* കിഴക്ക്, പ്രാചി, കിഴക്കേദിക്ക്; **-al,** *a.* കിഴക്കുള്ള, പൗരസ്ത്യമായ, പൂർവ്വദേശീയം; *n.* കിഴക്കുപാർക്കുന്നവൻ, കിഴക്കൻ; **-alist,** *n.* കിഴക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ൻദേശത്തെ ഭാഷപഠിച്ചവൻ.

Orifice (-fis), *n.* പൊത്തല്, ദ്വാരം, സുഷിരം, ദ്വാരം. മുഖം, ഛിദ്രം, രന്ധ്രം.

Origin (-jin), *n.* മുതൽ, മൂലം, പ്രഭവം, ആരംഭം, ഉത്ഭവം, ഉദ്ഗമം, സംഭവം, ജനനി, ആദി; ഊററകണ്ണ്, ഉറവു്; ബന്ധം; **-al,** *a.* മൂലമായ, ആദിമമായ, ആദ്യത്തെ, അപൂർവ്വമായ, അപൂർവ്വകല്പിതമായ, അചിന്തിതപൂർവ്വമായ; സ്വയം, ഉണ്ടാക്കിയ, നവതയുള്ള; *n.* മൂലം, മൂലഗ്രന്ഥം; **-ality,** *n.* അപൂർവ്വരചനാശക്തി, കല്പനാശക്തി; അപൂർവ്വത; **-ally,** *adv.* ആദിയിൽ, ഒന്നാമതായി, ആദ്യമായി; **-ate,** *v. t.* (ആദ്യമായി) ഉണ്ടാക്കുക, ഉല്പാദിപ്പിക്കുക, ജനിപ്പിക്കുക; ആരംഭിക്കുക, തുടങ്ങുക; *v. i.* ഉണ്ടാകുക, ഉത്ഭവിക്കുക; **-ation,** *n.* തുടക്കം, ആരംഭം; **-ator,** *n.* പ്രവത്തകൻ, തുടങ്ങുന്നവൻ, തുടക്കക്കാരൻ, ഉല്പാദകൻ, നിമ്മാതാവു്.

Oriole, *n.* മാനാഴക്കരുവി.

Orion, *n.* മൃഗശീർഷാനക്ഷത്രം, മകയിരം.

Orison (-zun), *n.* പ്രാത്ഥനാസ്തവം, സ്തുതി, ഉപാസന, സ്തോത്രം.

Ornament, *n.* അലങ്കാരം, ഭൂഷണം, ആഭരണം, പണ്ടം, സംസ്കാരം, പരിഷ്കാരം, ശോഭ, കല്പന, ലജ്ജ, അവതംസം, ലലാമം, തിലകം; *v. t.* അണിയുക, അലങ്കരിക്കുക, പ്രസാദിപ്പിക്കുക, ശോഭിപ്പിക്കുക, രഞ്ജിപ്പിക്കുക'; **-al,** *a.* ശോഭാവഹമായ, മോടിയുണ്ടാക്കുന്ന, ശോഭാകരമായ; **-ally,** *adv.* അലങ്കാരമായി, വിഭൂഷണാത്ഥം; **-ation,** *n.* അലങ്കരണം, മണ്ഡനം, രഞ്ജനം.

Ornate, *a.* അലങ്കരിച്ച, കാന്തിമത്തായ, വിചിത്രമായ, ശോഭിതമായ, അഴകായ; **-ly,** *adv.* സാലംകാരം, ശോഭാപൂർവ്വം.

Ornithology, *n.* പക്ഷിശാസ്ത്രം; **-ist,** *n.* പക്ഷിശാസ്ത്രജ്ഞൻ.

Orology, *n.* പവ്വതശാസ്ത്രം.

Orphan, *n.* അനാഥപ്പിള്ള, അനാഥബാലൻ, അച്ഛൻ മരിച്ചകുട്ടി, അമ്മ മരിച്ച കുട്ടി; **-age,** *n.* അനാഥത, അനാഥാശ്രയം, അനാഥാലയം.

Orpiment *n.* (yellow), പിഞ്ജരം, മഞ്ഞ, പീതനം, ഹരിതാലകം, അരിതാരം.

Orrery, *n.* ഗ്രഹമാലാനുകരണയന്ത്രം.

Orris, *n.* പൊൻകസവു്, വെള്ളിക്കസവു്.

Orthodox, doxal, -doxical, *a.* ഉപദേശശുദ്ധിയുള്ള, ശാസ്ത്രമതാനുസാരിയായ, മാമൂൽപ്രിയമുള്ള; **-y,** *n.* ശാസ്ത്രാനുസാരൻ, മാമൂൽപ്രിയൻ, വൈദികധമ്മാചരണം, വൈദികാചാരക്കാരൻ.

Orthoepy, *n.* ശുദ്ധോച്ചാരണം; നല്ല ഉച്ചാരണം; **-ist,** *n.* ശുദ്ധോച്ചാരണം അറിയാവുന്നവൻ.

Orthogon, *n.* സമചതുരശ്രം; **-al,** *a.* സമകോണാകൃതി.

Orthography (-fi), *n.* അക്ഷരപ്പിഴയില്ലായ്മ, അക്ഷരവിന്യാസം, വണ്ണവിന്യാസം.

Orts, *n.* pl. ഉച്ഛിഷ്ടം.

Oscillate (os'il-l'ate), *v. i.* ആടുക, തെറിക്കുക, തുടിക്കുക, സ്പന്ദിക്കുക; **-ion,** *n.* ആട്ടം, തെറിപ്പു്, തുടിപ്പു്, അന്ദോലനം, പ്രേംഖണം; **-ing, -ory,** *a.* അങ്ങോട്ടുമിങ്ങോട്ടും ആടുന്ന, തുടിക്കുന്ന, തെറിക്കുന്ന, സ്പന്ദമാനമായ.

Oscitant, *a,* കോട്ടുവായിടുന്ന, ജൃംഭിക്കുന്ന; മടിയുള്ള, നിദ്രാമാന്ദ്യമുള്ള, മയക്കമുള്ള; **-tate,** *v. i.* കോട്ടുവായിടുക, വിജൃംഭിക്കുക.

Ospray, Osprey, *n.* കുരരി, കുരരം.

Osseous (-us), *a.* എല്ലായ, എല്ലുള്ള, എല്ലുമായ; **-Ossicle,** *n.* ചെറുഎല്ലു്, അസ്ഥികം; **-Ossify,** *v. t.* എല്ലാക്കുക; *v. i.* എല്ലാകുക; **-Ossuary,** *n.* അസ്ഥിസ്ഥാനം.

Ostensible, *a.* തെളിഞ്ഞ, വ്യക്തമായ, സുപ്രകാശമായ, പ്രസിദ്ധമായ, പ്രകടമായ; **-bly,** *adv.* തെളിവായി, പ്രകടമായി.

Ostentation, *n.* പകിട്ടു്, മോടി, ആഡംബരം, ഡംഭം, ഖ്യാപ്തി, ആത്മപ്രശംസ; **-Ostentatious** (-shus), *a.* ആഡംബരമായ, ആത്മശ്ലാഘിയായ; **-ly,** *adv.* ആഡംബരത്തോടെ ഡംഭപൂർവ്വം, പകിട്ടായി.

Osteocope, *n.* എല്ലുപിളർപ്പു്, അസ്ഥിവേദന.

Osteology, *n.* അസ്ഥിവണ്ണനം, അസ്ഥിശാസ്ത്രം.

Ostler (os'ler), *n.* വഴിയമ്പലക്കാരൻ; **-ess,** *n.* വഴിയമ്പലക്കാരത്തി.

Ostracise, (-ze), *v. t.* അകററുക, ബഹിഷ്കരിക്കുക, പന്തിവിലക്കുക; **-Ostracism,** *n.* രാജ്യഭ്രഷ്ടു്, നാട്ടുകടത്തൽ, ബഹിഷ്കരണം, നീക്കൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Ostrich, *n.* ഒട്ടകപ്പക്ഷി, തീവിഴുങ്ങി പ്പക്ഷി.

Other (uth'ėr), *a. and pron.* മറ്റേ, അല്ലാത്ത, വേറായ; **-wise,** *adv.* മ റ്റൊരുപ്രകാരത്തിൽ, വേറൊരുതര ത്തിൽ, അന്യഥാ, ഇതരഥാ; അല്ലെങ്കിൽ, അഥവാ.

Otiose (o'shi-ōs), *a.* ഒഴിവായ, പ്രവൃത്തി യില്ലാത്ത, അനവഹിതമായ, നിരുത്സാഹ മായ, പ്രമത്തമായ; **-osity,** *n.* ഇട, സ ന്ദർഭം, ഒഴിവു്, മടി.

Otter, *n.* നീർനായ്, കഴനായ്, ജലമാർ ജ്ജാരം.

Ottoman, *n.* തുരുക്കൻ, തുർക്കി; മഞ്ചം, ഇരി ക്കകട്ടിൽ.

Ought (awt), *n.* വല്ലതും, യാതൊന്നും; *v. i.* കടപ്പെട്ടിരിക്ക, വേണ്ടിയിരിക്ക, ബാ ദ്ധ്യതപ്പെട്ടിരിക്ക, ആവശ്യമായിരിക്ക; *see* **Must.**

Ounce, *n.* പൊൻതൂക്കം, പൌണ്ടിന്റെ പന്ത്രണ്ടിലൊരുഭാഗം, റാത്തൽ തൂക്കത്തി ൽ പതിനാറിലൊരുഭാഗം, ഔൺസു്.

Our, poss. *a.* നമ്മുടെ, നമുക്കുള്ള.

Ours (ourz), poss. *pron.* നമ്മുടേതു്.

Ourselves, *pron.* pl. നമ്മൾതന്നെ.

Out, *adv.* പുറമേ, പുറത്തു്, വെളിയിൽ, നന്നായി, തുറന്നു്, ഉറക്കെ; ഇല്ലാതെ, തീർന്നു്, അവസാനത്തോളം, മുഴുവനും; ഒഴിഞ്ഞു്, വിട്ടു്; പിണക്കമായി, തെ റ്റായി, അബദ്ധത്തിൽ; (കളിയിൽ) പൊയ്പോകുക; *intj.* വെളിക്കു്!, അ കലെ!, പോ!

Out-and-out, *a.* ശരിയായി, തികച്ചുമുള്ള, മുഴുവനായ, തീർന്ന.

Outbalance, *v. t. see* **Outweigh.**

Outbid, *v. t.* വിലകൂട്ടിപ്പറയുക.

Outbreak (out'brāk), *n.* വെടിപ്പു്, പി ളപ്പു്, പൊട്ടൽ, കലഹം, തോന്നൽ, ദ്രോ ഗ്രഹം.

Outcast, *a.* ബഹിഷ്കരിക്കപ്പെട്ട, തള്ളിയ, ഇഴിവുപെട്ടുത്തിയ; *n.* ദേശഭ്രഷ്ടൻ, നാടു കടത്തപ്പെട്ടവൻ, ബഹിഷ്കൃതൻ; ജാതി ബാഹ്യൻ, പതിതൻ; ചണ്ഡാലൻ, നീചൻ.

Outcome (-kum), *n.* ഫലം, പരിണാമം, വിളവു്.

Outcry (-krī), *n.* ക്രുക്കുവിളി, കരച്ചിൽ, ഉൽക്രോശം, കോലാഹലം, ആർത്തനാദം.

Outdo, *v. t.* അതിശയിക്കുക, അതിക്രമി ക്കുക, വെല്ലുക.

Outdoor, *a.* വെളിസ്ഥലത്തുള്ള.

Outer, *a.* വെളിയിലുള്ള, പുറത്തുള്ള.

Outermost, *a.* എല്ലാത്തിനും വെളിയിലുള്ള.

Outfit, *n.* സംഭാരങ്ങൾ, സജ്ജ; സാമഗ്രി കൾ.

Outflow (-flō), *n.* വഴിഞ്ഞൊഴുക്കു്, പുറ ത്തേക്കുള്ള ഒഴുക്കു്, പ്രസ്രവണം.

Outgoing, *n.* വെളിക്കുപോകുക, പുറപ്പാ ടു്, വെളിയിൽപോകൽ.

Outgrow (-grō), *v. i.* കവിഞ്ഞുവളരുക, കവിഞ്ഞു വർദ്ധിക്കുക.

Outherod, *v. t.* കൊടുമയിൽ മുന്തുക അ ഥവാ കവിഞ്ഞുനില്ക്കുക.

Outhouse, *n.* ഉപഗൃഹം, കുശിനി.

Outing, *n.* ചുററിനടപ്പു്, ഭ്രമണം, പര്യ ടനം, വിഹാരം.

Outlandish, *a.* അന്യമായ, വൈദേശിക മായ.

Outlaw, *n.* ബഹിഷ്കൃതൻ, നിയമബാ ഹ്യൻ, കൊള്ളക്കാരൻ, കള്ളൻ; *v. t.* നിയമരക്ഷയ്ക്കു പുറത്താക്കുക.

Outlay (outlā), *n.* (പണത്തിന്റെ) ചെ ലവു്, വ്യയം, വിനിയോഗം, മുടക്കു്, ദ്രവ്യവ്യയം.

Outlet, *n.* പോകുംവഴി, വായിൽ, ദ്വാരം, ഓവു്, നിർഗ്ഗമം, നിർഗ്ഗമദ്വാരം.

Outline, *n.* പുറംവര, ബാഹ്യരേഖ, ആ കാരമാത്രം, വസ്തുമാത്രം; പുറംവടിവുമാ ത്രം; സ്ഥൂലവർണ്ണനം.

Outlive, (-liv), *v. t.* അതിജീവിക്കുക, ക ടന്നുജീവിക്കുക, കവിഞ്ഞുജീവിച്ചിരിക്കുക.

Outlook, *n.* നോട്ടം, നിരീക്ഷണം, അ വേക്ഷ.

Outlying (-lī-ing), *a.* കുറേദൂരത്തിലുള്ള, അകന്നിരിക്കുന്ന.

Outmaneuver, -Outmanoeuvre, *v. t.* സൈന്യനായകത്വത്തിൽ മുന്തിനില്ക്കു.

Outmarch, *v. t.* മുന്നിൽനടക്കുക, മുമ്പിട്ടു (മുന്നിട്ടു) നടക്കുക.

Outnumber, *v t.* എണ്ണത്തിലേറുക, എ ണ്ണത്തിലധികപ്പെടുക.

Out-of-doors (-ov-dōrz), *adv.* വെളി യിൽ.

Out-of-the-way, *a.* ഏകാന്തമായ, അ സാധാരണമായ, വിപരീതമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Outpatient (-shent), *n.* (ആശുപത്രിയിൽ കിടക്കാതെ) ചികിത്സിക്കപ്പെടുന്ന രോഗി, പ്രവാസരോഗി, വീട്ടുരോഗി.

Outpost, *n.* പുറംകാവൽ, പുറത്തുറ.

Outpour (-por), **-ing,** *n.* ചൊരിവ്, പൊഴിവ്, വെളിയൊഴുക്ക്, വർഷണം; *v. t.* പുറത്തേക്കൊഴുക്കുക, വർഷിക്കുക, ചൊരിയുക, പൊഴിയുക.

Output, *n.* ഉല്പന്നം, വിളവ്, ഫലം, ലാഭം.

Outrage, *n.* നിന്ദ, അപകാരം മാനഭംഗം, സാഹസം, ബലാല്ക്കാരം, അന്യായം, ദ്രോഹം, ഉപദ്രവം, ധിക്കാരം; *v. t.* കളങ്കപ്പെടുത്തുക, ദൂഷിപ്പിക്ക, പാതിവ്രത്യഭംഗം ചെയ്യുക; *see* **Insult; -ous,** *a.* മൂർഖമായ, കൊടിയ, അത്യധികമായ, ദാരുണമായ, ഘോരമായ; **-ously,** *adv.* മൂർഖമായി, ഘോരമായി, ദാരുണമായി, കടുപ്പമായി; **-ousness,** *n.* കടുപ്പം, കൊടുമ, ഘോരത.

Outreach, *v. t.* വഞ്ചിക്കുക; എത്തുക.

Outride, *v. t.* മുന്തിസവാരിചെയ്യുക.

Outright (out'rit), *adv.* മുഴുവനും, ഉടനേ, സ്പഷ്ടമായി, വ്യക്തമായി.

Outroot, *see* **Eradicate.**

Outrun, *v. t.* കടന്നോടുക, ഓടിമുന്തുക, കടന്നുചെല്ലുക, ഓടിമുൻകേറുക.

Outset, *n.* തുടക്കം, ആരംഭം, പ്രാരംഭം, ഉപക്രമം, ആദി; 'at the very o. ആദ്യംതന്നെ'.

Outshine, *v. t.* അധികം പ്രകാശിക്കുക, ഏറെ പ്രകാശിക്കുക or തിളങ്ങുക, അതിശോഭിക്കുക.

Outside, *n.* വെളി, ബഹിർഭാഗം, ബഹിഃപ്രദേശം, പരമാവധി; *adv.* വെളിയിൽ, പുറത്ത്; *a.* പുറത്തുള്ള, വെളിയിലുള്ള, ബാഹ്യമായ; **-er,** *n.* അന്യൻ, പുറമേയുള്ളവൻ, അന്യദേശീയൻ; *see* **Foreigner.**

Outskirt (-skért), *n.* എല, അതൃത്തി, ഉപാന്തം, പര്യന്തം, പ്രാന്തം.

Outspoken, *a.* തുറന്ന, നേരേയുള്ള, കപടമററ, തെളിച്ചുപറയുന്ന, തുറന്നുപറയുന്ന.

Outstanding, *a.* ബാക്കിയുള്ള, പിരിഞ്ഞുകിട്ടാത്ത, വീട്ടാത്ത; *n. pl.* കിട്ടാനുള്ളത്.

Outstretch, *v. t.* വെളിക്കുപരത്തുക, അധികമായി നീട്ടുക, നിവർത്തുക.

Outstrip, *v. t.* കടന്നുപോകുക, അതിക്രമിക്കുക, വെല്ലുക, ലംഘിക്കുക, മുമ്പിടുക, എതിരിടുക.

Outward, *a.* പുറത്തുള്ള; *adv.* വെളിമ്പുറമായി.

Outwear (-wār'), *v. t.* ഉടുത്തുകീറുക, ഉപയോഗിച്ചു പഴയതാക്കുക.

Outweigh, *v. t.* അധികമാകുക, വെല്ലുക, കൂടുതൽ തൂങ്ങുക.

Outwit, *v. t.* ബുദ്ധിയിൽ കടന്നുനില്ക്കുക, തന്ത്രത്തിൽവെല്ലുക, കളിപ്പിക്ക, വഞ്ചിക്ക.

Outwork, *n.* പുറംകോട്ട.

Oval, Ovate, *a.* വൃത്തത്തിലുള്ള, ഗോളാകാരമായ, അണ്ഡാകൃതിയിലുള്ള; *n.* ഗോളാകാരം, അണ്ഡാകൃതി, മുട്ടവടിവ്.

Ovarious (-us), *a.* മുട്ടയിടുന്ന, മുട്ടയുള്ള; **-Ovary,** *n.* അണ്ഡാശയം, അണ്ഡകോശം.

Ovation (-shun), *n* ജനങ്ങളുടെ പുകഴ്ത്തൽ, ലോകസല്ക്കാരം.

Oven (uv'n), *n.* റൊട്ടിക്കിടങ്ങ്.

Over, *prep.* മേൽ, മുകളിൽ, അധികം, ഉപരി, കുറകെ; ഏറെ; *adv.* അധികമായി, മുഴുവനും; *a.* മേലെയുള്ള, മുകളിലുള്ള, കഴിഞ്ഞ.

Overabound, *v. i.* സമൃദ്ധിയായിരിക്കുക.

Overact, *v. t.* അത്യഭിനയംകാട്ടുക, കണക്കിലേറെ നടിക്കുക; *v. i.* കൈകടന്നുചെയ്യുക; **-action,** *n.* അതിനാട്യം, കൊപ്പരാട്ടി.

Overawe, *v. t.* ആകുലപ്പെടുത്തുക, പേടിപ്പിക്കുക, ഭയപ്പെടുത്തുക; **-ed,** *a.* പേടിച്ചുവിറച്ച, സംഭ്രമാകുലമായ.

Overbalance, *v. t.* താഴ്ത്തുക, താക്കുക, കമ(മി)ഴ്ത്തുക; *see* **Outweigh;** *n.* അതിഭാരം, അധികഭാരം.

Overbear (-bār), *v. t.* വശപ്പെടുത്തുക, വശീകരിക്കുക, ദമിപ്പിക്കുക, അടക്കുക, അമുക്കുക, **-ing,** *a.* ധൃഷ്ടമായ, ഗർവുള്ള, ഗർവിതമായ, ധിക്കാരമായ; **-ingly,** *adv.* ധിക്കാരത്തോടെ, ഗർവോടെ, ഉദ്ധതമായി.

Overboard, *adv.* കപ്പലിൽനിന്നു വെളിയിൽ, കടൽനടുവിൽ.

Overburden, *v. t.* അതിഭാരം കയററുക, വലിയഭാരം കയററി പീഡിപ്പിക്ക; **-ed,** *a.* അതിഭാരം കയററിയ.

Overcast, *v. t.* ഇരുട്ടുക, മങ്ങിക്കുക, അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധികം വിലയിടുക, പരുക്കനായി തയ്യുക; *a.* ദുഃഖപ്പാടുള്ള, മങ്ങിയ, കാർമൂടിയ, മേഘാവൃതമായ.

Overcautious (-'shus), *a.* അത്യധികംകരുതലുള്ള; **-ly,** *adv.* വലിയ കരുതലോടെ; **-ness,** *n.* വലിയകരുതൽ.

Overcharge, *v. t.* അധിഭാരം കയററുക; വിലകയററുക, കൂട്ടിപ്പറയുക; *v. i.* വലിയവില വാങ്ങിക്കുക,

Overcloud, *v. t.* ഇരുട്ടാക്കുക, മറവാക്കുക, മറയ്ക്കുക, മൂടുക.

Overcome (-kum'), *v. t.* ജയിക്കുക, മുകളിലാക്കുക, അതിക്രമിക്കുക.

Overconfident, *a.* അതിധൈര്യമുള്ള.

Overdo, *v. t.* കടന്നു ചെയ്യുക, അതിരുകടന്നുപ്രവർത്തിക്കുക, കൈകടന്നുപ്രവർത്തിക്കുക; അധികം വേവിക്കുക; അധികം ക്ഷീണിപ്പിക്കുക; **-Overdone,** *a.* അധികം വെന്ത; ഏററംവളന്ന. അതിശ്രാന്തമായ.

Oveadose, *n.* അധികമളവു്, അതിമാത്ര.

Overdress, *v. t* പകിട്ടായി ഉടുപ്പിക്കുക, ഉജ്ജ്വലവേഷംധരിപ്പിക്കുക.

Overdue (-dū), *a.* അവധികഴിഞ്ഞ, തവണതെററിയ.

Overeat, *v. t.* കണക്കിലേറെ ഭക്ഷിക്കുക.

Overestimate, *v. t.* കൂടുതൽ മതിക്കുക, അധികമായ വിലകാണുക, അത്യധികം ഉദ്ദേശിക്കുക; *n.* അധികമതിപ്പു്.

Overflow (-flō'), *v. t.* കവിഞ്ഞൊഴുക്കുക, കവിയിക്കുക; *v. i.* പൊങ്ങിവഴിയുക, വെള്ളംപെരുകുക; *n.* വെള്ളപ്പെരുക്കം, കവിഞ്ഞൊഴുകൽ; അതിരേകം ഏററം, പ്രാചുര്യം; **-ing,** *a.* കവിഞ്ഞൊഴുകുന്ന, ഏററമായ, അധികമായ, അതിരിക്തമായ.

Overgrow (-grō'), *v. t.* കവിഞ്ഞുവളരുക, കൂടുതൽവളരുക, അത്യധികം വദ്ധിക്കുക.

Overhang, *v. t.* മീതേതൂങ്ങുക, പ്രലംബിക്കുക, ഭയമുണ്ടാക്കിക്കൊണ്ടിരിക്കുക.

Overhasty, *a.* അതിസാഹസിയായ.

Overhaul, *v. t.* വീണ്ടും വീണ്ടും പരീക്ഷിക്കുക; ഓടിപ്പിടിക്കുക.

Overhead, *adv.* തലയ്ക്കുമേൽ, ഉയരത്തിൽ, മീതെ, മേൽ.

Overhear, *v. t.* അറിയാതെ കേൾക്കുക, ഒളിച്ചുകേൾക്കുക.

Overjoy, *v. t.* സുഖിപ്പിക്കുക, സന്തോഷിപ്പിക്കുക, അത്യന്തം ആനന്ദിപ്പിക്കുക; **-ed,** *a.* ഹർഷാകുലമായ, ആനന്ദപുളകിതമായ.

Overland, *a.* കരമാർഗ്ഗമായിപ്പോകുന്ന; *adv.* കരമാർഗ്ഗമായി.

Overlap, *v. t.* കവിഞ്ഞുകിടക്കുക, ഏറിയിരിക്കുക, അതിവ്യാപിക്കുക.

Overlay (-lā'), *v. t.* പൊതിയുക, പൂശുക; മൂടുക, ഉടയ്ക്കുക, ഞെരുക്കുക.

Overleap, *v. t.* ഉല്ലംഘിക്കുക, കടന്നുചാടുക.

Overlie, *v. t.* മീതേകിടക്കുക; അമത്തുക, ഞെക്കുക.

Overload, *v. t.* അതിഭാരം കയററുക.

Overlook, *v. t.* ഉയർന്നുനിന്നുനോക്കുക, മേൽവിചാരണ ചെയ്യുക, മാപ്പുകൊടുക്കുക, വിഗണിക്കുക.

Overmatch, *v. t.* വെല്ലുക, അടക്കുക.

Overmuch, *a.* അധികമായ, അത്യന്തമായ, മേൽമിച്ചമായ; *n.* ഏററം, ആധിക്യം.

Overnight (-nīt), *adv.* തലേദിവസം രാത്രിയിൽ, ഇന്നലെ, സന്ധ്യയ്ക്കു്, രാത്രിമുഴവനും.

Overpass, *v. t.* കടക്കുക, കടന്നുപോകുക; വിഗണിക്കുക.

Overpay, (-pā'), *v. t.* കണക്കിലേറെ വിലകൊടുക്കുക, വലിയവിലകൊടുക്കുക, കൂടുതൽപ്രതിഫലം നൽകുക.

Overpower, *v. t.* തോല്പിക്കുക, പരാജയപ്പെടുത്തുക, ആക്രമിക്കുക, ബലത്തിൽ മുന്നുക; *n.* അതിശക്തി, മേലധികാരം.

Overreach, *v. t.* കടക്കുക, യുക്തിയിൽ മുന്നിടുക, വഞ്ചിക്കുക, കളിപ്പിക്കുക; **-er,** *n.* വഞ്ചകൻ, ചതിയൻ.

Override, *v. t* കുതിരകയറുക, മേൽകയറുക, നിരാകരിക്കുക, അസാധുവാക്കുക; കുതിരയെ ഓടിച്ചു ക്ഷീണിപ്പിക്കുക.

Overrule (-rōl'), *v. t.* നിയന്ത്രിക്കുക, റദ്ദ് ചെയ്യുക, നിഷേധിക്കുക, അസാധുവാക്കുക; *v. i.* പരമാധികാരത്തോടെ വാഴുക.

Overrun, *v. t.* പരക്കുക, പടരുക, നിറയുക; കടന്നോടുക മുന്നിടുക; കവിയുക; ആക്രമിക്കുക, സ്വന്തമാക്കുക; *v. i.* പ്രബലപ്പെടുക, കവിയുക; *see* **Harass, Oppress.**

Oversea, *a.* അന്യമായ, കടലിനക്കരെ നിന്നുള്ള, മറുനാട്ടിലുള്ള.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Oversee, *v. t.* നോക്കുക, മേൽനോട്ടംചെയ്യുക, അവേക്ഷിക്കുക; **-er,** *n.* അവേക്ഷകൻ, അധിഷ്ഠാതാവ്, അദ്ധ്യക്ഷൻ; മേൽനോട്ടക്കാരൻ.

Overset, *v. t.* മറിക്കുക, കമിഴ്ത്തുക, കീഴ്മേലാക്കുക, വിപര്യസിക്കുക

Overshadow (-ō), *v. i.* മറവാക്കുക, മൂടുക, നിഴലിടുക, ഇരുട്ടാക്കുക.

Overshoot, *v. t.* ലാക്കുതെറ്റി വെടിവെയ്ക്കുക, ഉന്നംതെറ്റുക, കവിയുക.

Oversight (-sīt), *n.* മേൽനോട്ടം, തെറ്റ്, തപ്പ്, നോട്ടപ്പിഴ.

Overspread, (-spread'), *v. t.* പുറത്തുവിരിക്കുക, മൂടുക, പരക്കുക; *v. i.* ചിതറിക്കിടക്കുക.

Overstate, *v. t.* കൂട്ടിപ്പറയുക, അത്യധികം വർണ്ണിക്കുക, വലുത്തിപ്പറയുക; **-ment,** *n.* അതിവർണ്ണനം.

Overstay, *v. t.* അധികം താമസിക്കുക, അവധിതെറ്റിത്താമസിക്കുക.

Overstep, *v. t.* അധികമാകുക, കടന്നുനില്ക്കുക, അതിക്രമിക്കുക.

Overstock, *v. t.* അത്യധികം സംഭരിക്കുക, അധികം ശേഖരിക്കുക.

Overstrain, *v. t.* അധികം പ്രയത്നപ്പെടുക, കൂടുതൽ ചെയ്യുക.

Overt, *a.* പ്രകാശമായ, സ്ഫുടമായ, വ്യക്തം, സ്പഷ്ടം, പ്രകടം, പ്രത്യക്ഷം; **-ly,** *adv.* പ്രകാശമായി, പ്രത്യക്ഷമായി, പ്രകടമായി; **-ness,** *n.* സ്ഫുടത, വ്യക്തത.

Overtake, *v. t.* ഓടിപ്പിടിക്കുക; പിടികൂടുക.

Overthrow (-thrō), *v. t.* കീഴിൽത്തള്ളുക, എടുത്തെറിയുക, പരാജയപ്പെടുത്തുക, നശിപ്പിക്കുക, *n.* അഴിവ്, നാശം, തോൽവി.

Overtop, *v. t.* കടന്നുപോകുക, ഉന്തിനില്ക്കുക, മെച്ചപ്പെടുക, നിസ്സാരമാക്കുക.

Overture, *n.* പ്രസ്താവം, ഉപന്യാസം, ഉപക്ഷേപം, നിവേദനം, പ്രാൎത്ഥന, വചനം; 'secret o. ഉപജാപം; പ്രസ്താവന, ഉപോദ്ഘാതം'.

Overturn, *v. t.* എടുത്തുമറിക്കുക, മറിക്കുക, കമഴ്ത്തുക; അഴിക്കുക, നശിപ്പിക്ക, പാഴാക്കുക; **-Overturn,** *n.* വീഴ്ച.

Overvalue (-val'ū), *v. t.* കൂടുതൽ വിലമതിക്കുക,

Overweening, *a.* അത്യഭിമാനിയായ, ഗൎവ്വമുള്ള, അതിശ്ലാഘിയായ.

Overwhelm, *v. t.* ആകുലീകരിക്ക, ഗ്രസിക്ക, ആക്രമിക്ക; മുക്കുക, നിമജ്ജിപ്പിക്ക; **-ed,** *a.* അഭിഭൂതമായ, ഗ്രസ്തമായ, ആക്രാന്തമായ, മഗ്നമായ, ഉപപ്ലുതമായ, ആകുലമായ.

Overwork, *n.* അധികവേല, അമിതശ്രമം, അത്യായാസം.

Overwrought, *a.* അതിപരിഷ്കൃതമായ.

Overzeal, *n.* അത്യുൽസാഹം, അത്യുൽകണ്ഠ; **-ous,** *a.* അത്യുൽസുകമായ, അത്യാസക്തമായ.

Oviform, *a.* അണ്ഡാകൃതിയായ, മുട്ടവടിവായ.

Oviparous (-rus), *a.* മുട്ടയിടുന്ന, മുട്ടയിട്ടുണ്ടാകുന്ന; opp. **Viviparous.**

Ovum, *n.* മുട്ട; pl. **Ova.**

Owe (ō), *v. t.* കൊടുക്കേണ്ടിയിരിക്കുക, കടപ്പെട്ടിരിക്കുക; **-ing,** *a.* കൊടുക്കേണ്ട; ജനിതമായ, ഉണ്ടായ, ഹേതുവായ, കാരണമായ; *prep.* കാരണംകൊണ്ട്.

Owl, *n.* മൂങ്ങ, ആന്ത, കോട്ടാൻ, ഉലൂകം; 'o. light മന്ദപ്രഭ, അല്പപ്രകാശം'; **-et,** *n.*

Own (ōn), *a.* സ്വന്തമായ, തന്റേതായ, സ്വീയം, സ്വകീയം, ആത്മീയം; *v. t.* സ്വീകരിക്കുക; ഉടമസ്ഥനായിരിക്കുക, ഉടമപ്പെട്ടിരിക്കുക; തന്റേതെന്നു അറിയുക or അറിയിക്കുക; **-ed,** *a.* സ്വീകൃതമായ, സ്വീകരിക്കപ്പെട്ട, സ്വത്വവിശിഷ്ടമായ, സ്വന്തം കൈവശത്തിലുള്ള; **-er,** *n.* ഉടമസ്ഥൻ, സ്വാമി, ഈശ്വരൻ; **-ership,** *n.* ഉടമസ്ഥത സ്വാതന്ത്ര്യപ്രഭുത്വം, അധികാരം.

Ox (oks), *n.* കാള, എരുത്, pl, **Oxen** (used for both male and female).

Oxidize, *v. t.* അമ്ലവാതകംചേൎക്കുക, ഭസ്മമാക്കുക; **-Oxidation** (-shun), *n.* ഭസ്മീകരണം.

Oxygen (oks'ijen), *n.* പ്രാണവായു, അമ്ലവാതകം.

Oyster (ois'tėr), *n.* ചിപ്പി, ശുക്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pabulum, *n.* ഊണ്, ആഹാരം, ഇര, ഭോജനം.

Pace (pās), *n.* അടി, ചുവട്, വേഗം, നട, പാദം; *v. t.* പതുക്കെനടക്കുക, അടിയളക്കുക; **-ed,** *a.* ഗതി in comp. 'slow p. മന്ദഗതിയായ.

Pachyderm, *n.* തൊലിക്കട്ടിയുള്ള മൃഗം, ആന, കുതിര, കാണ്ടാമൃഗം.

Pacify, *v. t.* സമാധാനപ്പെടുത്തുക, സാന്ത്വനംചെയ്യുക, പ്രസാദിപ്പിക്കുക, പരിതോഷിപ്പിക്കുക; **-ied,** *a.* സമാധാനപ്പെടുത്തിയ, ശാന്തമായ; **-ier,** *n.* സമാധാനപ്പെടുത്തുന്നവൻ, സാന്ത്വനകൻ, **-ic,** *a.* ശാന്തമായ, പ്രശമിതമായ, നിരുദ്വേഗമായ; സമാധാനശീലമായ; p. words സമവാദം'; **-ication,** *n.* ശമം, ശമനം, ശാന്തി, സാന്ത്വനം, പ്രസാദനം, സന്ധാനം, ചേർപ്പ്, സന്ധീകരണം; **-icatory,** *a.* ശാന്തിദമായ, സമാധാനപ്പെടുത്തുന്ന, സാമോപായകമായ.

Pack, *n.* ഭാരം, കെട്ട്, ചിപ്പം, ക്രമ്പൽ, ഭാണ്ഡം; *v. t.* കെട്ടുക, അടക്കിക്കെട്ടുക, ചുമത്തുക, അടുക്കുക; **-age,** *n.* കെട്ട്, ഭാണ്ഡം, ചുമട്; **-Packet,** *n.* പായ്ക്കറ്റ്, കെട്ട്, ചിപ്പം.

Packhorse, *n.* ചുമട്ടുകുതിര.

Pact, *n.* ഉടമ്പടി, കരാർ, നിശ്ചയം, ഒപ്പന്തം.

Pad, *n.* മെത്ത, തലയണ, പതുക്കെ നടക്കുന്ന കുതിര കൊള്ളക്കാരൻ; മൃദുവസ്തു; *v. t.* തിണിക്കുക, മൃദുവസ്തു വിരിക്കുക; *v. i.* പതുക്കെ നടക്കുക.

Paddle, *v. t.* തടവുക, തുഴയുക, തണ്ടുവലിക്കുക, തണ്ടുവലിച്ചിളക്കുക; *v. i.* തണ്ടുകൊണ്ടു വെള്ളമിളക്കുക, ജലത്തിൽ തുഴയുക, നീരിൽ കളിക്കുക.

Paddock, *n.* ആവരണം, പുൽവയൽ, വാടിക; തവള.

Paddy, *n.* നെൽ.

Padlock, *n.* ആമപ്പൂട്ട്, പൂട്ട്, താലകം.

Padrone, *n. see* **Patron.**

Paean (pē'-), *n.* ജയശബ്ദം, ജയഘോഷം, സമരഗീതം, പടപ്പാട്ട്, വെന്നിപ്പാട്ട്.

Pagan, *n.* ദേവതാപൂജകൻ, പ്രതിമാപൂജകൻ, വിഗ്രഹാരാധനക്കാരൻ; **-ism,** *n.* ദേവതാർച്ചനം, വിഗ്രഹാരാധനം; *see* **Idolater, -try.**

Page (pāj), *n.* ബുക്കിന്റെ പുറം, ദലം, താളംപുറം; ഭൃത്യൻ, പരിചരൻ, വേലക്കാരൻ.

Pageant (pāj'ent), *n.* കാഴ്ച, ആഡംബരം, ശോഭ, ചമല്ക്കാരം, കൗതുകം, ഉത്സവം; **-ry,** *n.* ആഡംബരം, ചിറപ്പ്, വെടിപ്പ്.

Pagoda, *n.* വിഗ്രഹം; കോവിൽ, ക്ഷേത്രം, അമ്പലം.

Pail, *n.* തൊട്ടി, ഭരണി, തമല, പാത്രം.

Pain, *n.* സങ്കടം, വേദന, നോവ്, ദുഃഖം, പീഡ; 'bodily p. വ്യാധി'; 'mental p. ആധി, മനസ്താപം, മനോവ്യഥ, ചിത്തോദ്വേഗം'; 'sharp p. ശൂലം, കുത്തിനോവ്, വലി, തീവ്രവേദന'; (Pains) പരിശ്രമം, പ്രയത്നം, ഉദ്യോഗം, വ്യവസായം, കഷ്ടം; *v. t.* പീഡിപ്പിക്കുക, ദുഃഖിപ്പിക്കുക, നോവിക്കുക; **-ed,** *a.* നൊന്ത, വേദനയുള്ള, പീഡിതം; **-ful,** *a.* വേദനയുള്ള; വേദനയുണ്ടാക്കുന്ന, ദുഃഖദം, കഷ്ടം, പീഡാകരം; ശ്രമസാദ്ധ്യം, ദുഷ്കരം, കഠിനം; **-fully,** *adv.* സവ്യഥം, ദുഃഖത്തോടെ; **-less,** *a.* ദുഃഖമില്ലാത്ത, വേദനയില്ലാത്ത, വ്യഥയില്ലാത്ത; **-Painstaking,** *a.* ജാഗ്രതയായിരിക്കുന്ന, ചുറുചുറുപ്പായിരിക്കുന്ന, വ്യവസായിയായ, ഉദ്യമിയായ; *see* **Industrious.**

Paint, *v. t.* വർണ്ണംകൊടുക്കുക, ചിത്രമെഴുതുക, വർണ്ണംകൊടുത്തു വരയ്ക്കുക, വർണ്ണിച്ചുപറക, ആലേഖിക്കുക, രഞ്ജിക്കുക; *n.* ചായം, വർണ്ണം, വർണ്ണകം, ലേപം; 'p. brush വർത്തിക, തൂലിക, തൂലി, വർണ്ണതൂലി, ബ്രഷ്'; **-ed,** *a.* ചിത്രിതം, വർണ്ണിതം (in a picture) ചിത്രഗതം, ആലിഖിതം, **-er,** *n.* പടംവരക്കാരൻ; രംഗാജീവൻ, പടമെഴുത്തുകാരൻ; **-ing,** *n.* ചായപ്പണി, വർണ്ണവേല, പടമെഴുത്ത്, ചിത്രകർമ്മം, ചിത്രവിദ്യ; ആലേഖനം, ചിത്രമെഴുത്ത്; ആലേഖ്യം, ചിത്രം; 'drawn in a p. ആലേഖ്യഗതമായ'; 'p. on the body പത്രരേഖ, പത്തിക്കീറ്, പത്രരചന, പത്രാവലി.

Pair (pār), *n.* ഇണ, ജോടി, യുഗം, യുഗളം, യുഗ്മം, ദ്വിതയം, ദ്വയം, യമകം, മിഥുനം, ദമ്പതികൾ; 'a married p. ഭാര്യാഭർത്താക്കന്മാർ, ജായാപതികൾ, ദമ്പതികൾ, സ്ത്രീപുരുഷന്മാർ'; *v. t.* സംയോജി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ്പിക്കുക. ഇണചേർക്കുക'; *v. i.* മൈഥുനമാചരിക്കുക, മൈഥുനംചെയ്യുക, സ്ത്രീപുരുഷന്മാരെപ്പോലെ സംഗമിക്കുക.

Palace, *n.* കൊട്ടാരം, മാളിക, പ്രാസാദം, ഹർമ്മ്യം, സൌധം; **Palatial** (-shal), *a.* മഹത്തായ, വിശാലമായ, രാജയോഗ്യമായ; 'p. building മഹാഭവനം'.

Paladin, *n.* വീരൻ, മാടമ്പി.

Palaeolithic, *a.* അശ്മോപകരണകാലത്തുള്ള, കല്ലുമാത്രം ഉപകരണമാക്കിയിരുന്ന കാലത്തുള്ള.

Palaeology, *n.* പുരാണവസ്തുശാസ്ത്രം.

Palaeontology, *n.* ശിലാജന്തുവിദ്യ, ഭൂമിയുടെ ആദ്യാവസ്ഥാശാസ്ത്രം.

Palaestra, *n.* മല്ലഭൂമി, ഗോദ.

Palaetiology (-leshi-ol'o-), *n.* ഭൂവികാരവിദ്യ, കാര്യകാരണനിയമംകൊണ്ടു ഭൂതകാലസ്ഥിതിയെ വിവരിക്കുന്ന ശാസ്ത്രം, ഭൂതാനുമാനവിദ്യ.

Palanquin (-ken'), **Palankeen,** *n.* പല്ലക്ക്, നരയാനം, ശിബിക.

Palate, (-āt), *n* അണ്ണം, അണ്ണാക്ക്, താലു, കാകുദം; 'soft p. ശുണ്ഡിക, അളിജിഹ്വ'; ചുവ, രുചി, അഭിരുചി; **-able,** *a.* ചുവയുള്ള, സ്വാദുള്ള, രുച്യം, രുചികരം, **-al, -ial,** *a.* താലവ്യമായ.

Palaver, *n.* വെടിപറച്ചിൽ; *v. t.* മുഖസ്തുതി ചെയ്യുക, തട്ടിക്കുക; *v. i,* വീൺവാക്കുകൾ പറയുക, വീണത്തരം പറയുക.

Pale, *a.* വിളറിയ, വിവർണ്ണമായ, മങ്ങിയ, പാണ്ഡു, പാണ്ഡുരം, മന്ദപ്രഭമായ; 'p. blue ആനീലം, ശ്വേതനീലമായ'; *n.* ശലാക, ശല്യം, ശൂലം; ആവരണം, വരണം, വേലി; *v. t.* കോൽകൊണ്ടു വേലികെട്ടുക; **-ing,** *n.* പത്തൽനിര, വേലി; **-ish,** *a.* ആപാണ്ഡുവായ, ആപാണ്ഡുരമായ; **-ness,** *n.* വിളർച്ച, പാണ്ഡുത, വൈവർണ്ണ്യം, പാണ്ഡുരാഗം, തേജോഹാനി, കാന്തിക്ഷയം.

Palfrey (-fri), *n.* ലഘുവാജി, സവാരിക്കുതിര. സ്ത്രീയുടെ സവാരിക്കുതിര.

Palindrome, *n.* മുരജബന്ധം, അനുലോമവിലോമപദം.

Palingenesis, *n.* രൂപാന്തരം, രൂപപരിവൃത്തി.

Palisade, *n.* അഴി, തറി; അഴിക്കോട്ട, വേലി, തൂണ്, അഴി, പത്തൽ, വേലിക്കമ്പ്.

Pall (pawl), *n.* മൂടുപുടവ, മൂടുതുണി, പ്രാവാരം, പ്രച്ഛദപടം; കോടി, പ്രേതപടം, ശവമുണ്ട്, ശവാച്ഛാദനം; *v. t.* വിരസമാക്കുക, അരുചിയുണ്ടാക്കുക; *v. i.* വിരസമുണ്ടാകുക.

Palladium, *n.* പുരദേവത, നഗരദേവത, രക്ഷാദേവത; രക്ഷ, രക്ഷണം.

Pallet, *n.* വൈക്കോൽ പട്ടുക്ക, ചെറുമെത്ത; പർണ്ണപത്രം, മൈപ്പലക, പടമെഴുത്തുപലക, കുലാലപത്രം.

Palliate, *v. t.* കുറയ്ക്കുക, (ദോഷം) ലഘൂകരിക്കുക, പ്രശമിപ്പിക്കുക, മറയ്ക്കുക; **-ion,** *n.* കുറയ്പ്, ലഘൂകരണം, പ്രശമം, ദോഷമാർജ്ജനം, ദോഷക്ഷാളനം; **-ive,** *a.* കുറയ്ക്കുന്ന, ഉപശമനമായ, ശമകം; *n.* പാപശമനം; ഉപശമനം, ക്ലേശാപഹം.

Pallid, *a.* വിളറിയ, നിറമില്ലാത്ത, മങ്ങിയ.

Palm (päm), *n.* ഉള്ളംകൈ, തലം, പ്രഹസ്തം, കരതലം; 'the p. s joined ഉള്ളംകൈ, ചേപ്പ്, സംഹതതലം'; 'the hollowed p. കൈക്കുമ്പിൾ, പ്രസൃതം (തി), ചുളുകം'; (Tree) താലം, പന, ഈന്തൽ, തെങ്ങ് കമുക് മുതലായ മരം, തൃണദ്രുമം; 'p. of victory ജയധ്വജം, ജയലക്ഷണം'; 'p. of superiority ഗുണാധിക്യപതാക'; *v. t.* കൈയടക്കുക, കൈയടക്കംചെയ്യുക'; (off) കളിപ്പിക്കുക, വഞ്ചിക്കുക, ചതിക്കുക; **-ate, -ated,** *a.* കൈപ്പത്തിപോലുള്ള, കരതലാകൃതിയായ; **-y,** *a.* താലാവൃതമായ, താലസങ്കീർണ്ണമായ, പനനിറഞ്ഞ; സമൃദ്ധമായ, ശ്രീമത്തായ; 'p. days വിഭവകാലം; വിഭവം'.

Palmachristi, *n.* ആവണക്ക്, ഏരണ്ഡം, ചിററാവണക്ക്.

Palmister, *n.* കൈനോട്ടക്കാരൻ, രേഖാശാസ്ത്രജ്ഞൻ; **-Palmistry,** *n.* കൈനോട്ടം, സാമുദ്രികം, സാമുദ്രശാസ്ത്രം.

Palmerworm, *n.* കമ്പിളിപ്പുഴു, പട്ടുനൂൽപുഴു.

Palmiped, *a.* തോലടിയുള്ള, ജാലപാദമായ.

Palmyra (mi'ra), *n.* പനമരം, താലവൃക്ഷം.

Palpable, *a.* തൊട്ടറിയാവുന്ന, സ്പർശ്ശ്യേയമായ; സ്ഥൂലമായ, ഘനമായ, നിബിഡമായ; തെളിവായ, വ്യക്തമായ; **-bly,** *adv.* സ്ഫുടമായി, വ്യക്തമായി, പ്രത്യക്ഷമായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Palpitate (-tāt), *v. i.* ഇടിക്കുക, നെഞ്ചിടിക്കുക, സ്പന്ദിക്കുക, സ്ഫുരിക്കുക; **-ion,** *n.* തുടിപ്പു്, നെഞ്ചിടിപ്പു്, സ്ഫുരണം, വേപനം, വേപഥു.

Palsy (pawl'zi), *n.* പക്ഷവാതം, സ്തംഭം; 'Bell's p. മുഖവാതം'; 'scrivener's p. വിരൽവാതം'; *v. t.* മരവിപ്പിക്കുക, സ്തംഭിപ്പിക്കുക, ജഡീകരിക്കുക, ചൈതന്യനശിപ്പിക്കുക· **-sical,** *a.* പക്ഷവാതമുള്ള, പക്ഷവാതംപിടിച്ച; **-ied,** *a.* ചൈതന്യംപോയ, മരവിച്ച.

Palter, *v. i.* അലക്ഷ്യംചെയ്യുക, നിസ്സാരമാക്കുക, മാറാട്ടംചെയ്യുക.

Paltry (-tri), *a.* നിസ്സാരമായ, പ്രയോജനമില്ലാത്ത, ക്ഷുദ്രമായ, ലഘുവായ, കുത്സിതമായ.

Paludal, *a.* ചതുപ്പുനിലംസംബന്ധിച്ച; താണനിലംസംബന്ധിച്ച, അനൂപമായ.

Pamper (-pėr), *v. t.* (അത്യന്തം) തടിപ്പിക്കുക, സംവൎദ്ധിപ്പിക്കുക, പരിപോഷിപ്പിക്കുക; **-ed,** *a.* തടിച്ച, പരിപുഷ്ടമായ; **-er,** *n.* കത്തിനിറയ്ക്കുന്നവൻ, അതിപോഷകൻ; **-ing,** *n.* തടിപ്പു്, സ്ഫീതി, പരിപോഷണം.

Pamphlet, *n.* തുണ്ടുപത്രിക, ലഘുപുസ്തകം, ലഘുപത്രിക; **-eer,** *n.* ലഘുപത്രിക എഴുതുന്നവൻ.

Pan, *n.* താലം, തട്ടു്, ചട്ടി, ചില്ലു്, ഭാജനം, പാത്രം, ദോശക്കല്ലു്.

Panacea (-sē'a), *n.* സൎവ്വരോഗനിവാരിണി.

Pancake, *n.* ദോശ (തോച).

Pancratium, *n.* മല്ലയുദ്ധം; **-Pancratic,** *a.* മല്ലക്രീഡാനിപുണമായ, ഗുസ്തിചെയ്വാൻ സാമൎത്ഥ്യമുള്ള.

Pancreas (-krēas), *a.* കണയം, മാംസസഞ്ചി.

Pandal, *n.* പന്തൽ.

Pandect, *n.* വിദ്യാസംഗ്രഹം; സ്മൃതിസംഹിത.

Pandemic, *a.* ആകെപ്പരന്ന, സൎവ്വജനീനമായ, സാൎവ്വലൌകികമായ, സൎവ്വസാമാന്യമായ; 'p. disease ജനപദോദ്ധ്വംസരോഗം'.

Pandemonium, *n.* പിശാചസഭ, രക്ഷഃസഭ, പേയ്ക്കൂട്ടം.

Pander, *v. i.* കൂട്ടിക്കൊടുക്കുക, ദുഷ്ടകാമാദികൾക്കു ഇടംകൊടുക്കുക; **-er,** *n.* നമ്മസചിവൻ, വിടൻ, സുരതദൂതൻ; **-ing, -ism,** *n.* കൌട്ടിന്യം, വിടകൃത്യം.

Pandiculation, *n. see* **Stretching.**

Pandit, pundit, *n.* പണ്ഡിതൻ, വിദ്വാൻ, വിദ്വാൻ.

pane, *n.* കണ്ണാടിത്തട്ടു്, പളുങ്കുപലക, പളുങ്കുശില,

Panegyric (panijir'ic), *n.* സ്തുതി, ശ്ലാഘ, പ്രശംസ, സ്തുതിപാഠം, ഗുണകീൎത്തനം; **-al,** *a.* സ്തുതിമയമായ, പ്രശംസാത്മകമായ; **-Panegyrize,** *v. t.* സ്തുതിക്കുക, ശ്ലാഘിക്കുക, പ്രശംസിക്കുക; **-Panegyrist,** *n.* സ്തുതിപാഠകൻ, സംസ്തവകൻ, വൈതാളികൻ.

Panel, *n.* ചട്ടമിട്ടതട്ടു്, ചട്ടപ്പലക; മദ്ധ്യസ്ഥർ, ജൂറിമാർ; ചിത്രപ്പലക; കല്ലുചെത്തിയവശം; 'p. game വേശ്യാഗൃഹചോരണം'; 'p. house വേശ്യാഗൃഹം'; 'p. saw കൈവാൾ'; 'p. thief വേശ്യാഗൃഹചോരൻ'; *v. t.* കണ്ണാടിപ്പലകവെയ്ക്കുക.

Pang, *n.* വേദന, യാതന, പീഡ.

Panic, *n.* പേടി, കുഴപ്പം, പരിഭ്രമം, സമുദ്വേഗം, മഹാസംഭ്രമം, വിപ്ലവം, ത്രാസം; 'p. struck or seized പരിഭ്രമിച്ച, ഭയവിഹ്വലമായ, വിദ്രാവിതമായ,.

Pannel, *n.* കുതിരജീനി, ചട്ടിപ്പീഠക്കിവണ്ടി.

Pannier (pan'yėr), *n.* അപ്പക്കൊട്ട, പൊതി, (അപ്പ)ക്കൂട.

Panoply, *n.* കവചം.

Panorama, *n.* വിശ്വദൃശ്യം, പരന്നകാഴ്ച, വിവിധലോകചിത്രം.

Pansy, *n.* ഊതാനിറമായ ഒരുവക പൂ.

Pant, *v. i.* നെടുവീൎപ്പിടുക, വീൎക്കുക, തുടിക്കുക, പതയ്ക്കുക, സ്പന്ദിക്കുക, സ്ഫുരിക്കുക, ഉച്ഛ്വസിക്കുക; വീൎപ്പുമുട്ടുക; ഉൽക്കണ്ഠയോടെ ആഗ്രഹിക്കുക. അഭിലഷിക്കുക; **-ing,** *n.* തുടിപ്പു്, വീൎപ്പു്, സ്ഫുരണം, സ്ഥൂലസ്ഥൂലനിശ്വാസം.

Pantaloon, *n.* വിദൂഷകൻ, വൈഹാസികൻ; pl. കാൽചട്ട, ചല്ലടം, ഷരായി, ജംഘാവസ്ത്രം.

Pantechnicon (-tek'ni-), *n.* സാമാനപ്പണ്ടകശാല, എല്ലാത്തരം ചരക്കുകളും വില്ക്കുന്നസ്ഥലം, പണ്ടകശാല.

Pantheism, *n.* ബ്രഹ്മവാദം, വിശ്വദേവതാവാദം; **-Pantheist,** *n.* വിശ്വദേവതാവാദി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pantheon, *n.* വിശ്വദേവതാഗണം, വിശ്വദേവകുലം, സർവ്വദേവതാമണ്ഡപം.

Panther, *n.* ചിവിങ്കിപ്പുലി, വെങ്ങാപ്പുലി, പുള്ളിപ്പുലി; **-ess,** *n.* പെൺചിവിങ്കിപ്പുലി.

Pantograph, *n.* പടങ്ങളെ വേണ്ട അളവിൽ പകർത്തിയെടുക്കാനുള്ള ഒരു ഉപകരണം.

Pantomime, *n* അഭിനയക്കൂത്തു്, കഥകളി; മൗഢ്യാഭിനയം, നിശ്ശബ്ദലാസ്യം; മൂകാഭിനേതാവു്, മൂകാഭിനയക്കാരൻ.

Pantry, *n.* കലവറ, അഞ്ചാംപുര, അന്നകോഷ്ഠം, ഭക്ഷ്യാഗാരം.

Pap, *n.* മുലഞെട്ടു്, മുലക്കണ്ണു്; മുല, സ്തനം, ചൂചുകം; മൃദുവായഭോജനം.

Papa, *n.* കുട്ടിയുടെഅച്ഛനേവിളി; അപ്പൻ, അച്ഛൻ, പിതാവു്.

Paper, *n.* കടലാസു്, പത്രം, പത്രകം; 'written p. ലേഖം, പത്രം, പത്രിക'; *v. t.* കടലാസുകൊണ്ടു മൂടുക.

Paper-hangings, *n.* pl. ചുവർചിത്രക്കടലാസു്, ചുവർകടലാസു്.

Paper-money, *n.* നോട്ടു്, കടലാസുനാണയം.

Papiermache (pap'yāmäshā), *n.* (കടലാസും ഗോന്തും ചേർത്തുണ്ടാക്കുന്ന) ഒരുകൂട്ടു്.

Pappy, *a.* മജ്ജായുക്തമായ, മൃദുവായ, കോമളമായ.

Papula (pl. Papulae), *n.* മുഖക്കുരു, വിസ്ഫോടം, ആണി.

Papyrus (pa-pī'rus), *n.* ഓലഞാങ്ങണ, പെരുങ്കോരപ്പുല്ലു്.

Par, *n.* ഒപ്പം, തുല്യത, സാമ്യം, സമഭാവം; 'at p. സമമായ, തുല്യമായ'; **-ity,** *n.* സാമ്യം, തുല്യത്വം.

Parable, *n.* ഉപമ, ദൃഷ്ടാന്തം, നിദർശനം; **-Parabolic,** *a* ദൃഷ്ടാന്തരൂപമായ.

Parabola, *n.* അനുവൃത്തം.

Parachute (-shöt), *n.* ഛത്രയന്ത്രം, വിമാനത്തിൽനിന്നും താഴേട്ടു ചാടുമ്പോൾ ഉപയോഗിക്കുന്ന കുടപോലുള്ള ഒരു ഉപകരണം.

Parade, *n.* പടയണി, സൈന്യയാത്ര; അസ്ത്രാഭ്യാസം, യുദ്ധാഭ്യാസം; ആഡംബരം, ഡംഭം, ബാഹ്യശോഭ; 'p ground പടയണിക്കളം, വ്യായാമഭൂമി'; *v. t.* ആഡംബരത്തോടെ കാട്ടുക, പടയണികാട്ടുക, സൈനികപ്രകടനംചെയ്യുക; *v. i.* സൈന്യയാത്രചെയ്യുക, ഡംഭത്തോടെ ചുററിനടക്കുക.

Paradigm, (par'adim), *n.* വാഴ്ച്ചാടു്, മാതൃക, നിദർശനം, രൂപനിദർശനം.

Paradise, *n.* വൈകുണ്ഠം, സ്വർഗ്ഗം, സ്വർല്ലോകം, സുഖഭവനം; നന്ദനവനം; **-Paradisiacal,** *a.* സ്വർഗ്ഗീയം, സ്വർഗ്ഗ്യമായ.

Paradox, *n.* അസത്യാഭാസം; അയുക്തം, അബദ്ധം, വിരുദ്ധമതം; **-ical,** *a.* അയുക്താഭാസമായ, വിരുദ്ധമതമായ, വിപരീതമായ, വിപരീതാഭിപ്രായമുള്ള.

Paraffin, -fine, *n.* മണ്ണെണ്ണസത്തു്.

Parage, *n.* സ്ഥിതിതുല്യത.

Paragenesis, *n.* ധാതുദ്രവ്യോല്പത്തിശാസ്ത്രം; **-genic,** *a.* ജാത്യാലുള്ള.

Paragon, *n.* ഉത്തമമാതൃക, പ്രതിമ, ഉപമ, നിദർശനം; അനുപമവസ്തു.

Paragraph, *n.* ഖണ്ഡിക, പരിച്ഛേദം, ഭാഗം, വാക്യഖണ്ഡം.

Parallax, *n.* ദൃഗ്ലംബനം, ദർശനസ്ഥിതിവ്യത്യാസം; ലംബനം, സ്ഥിതിവ്യത്യാസം.

Parallel, *a.* സമാന്തരമായ, തുല്യമായ അകലത്തിലുള്ള; സദൃശമായ, സമാനമായ, *n.* സമാന്തരരേഖ, 'p. of latitude അക്ഷവൃത്തം'; സാദൃശ്യം, സമത, ആനുരൂപ്യം, ഉപമ, പ്രതിമ; 'having no p , un-p. ed തുല്യമില്ലാത്ത, അനുപമമായ, അദ്വിതീയമായ'; *v. t.* സമാന്തരീകരിക്കുക; സമമായിരിക്കുക; **-ism,** *n.* സമാന്തരം, സാദൃശ്യം.

Parallelogram, *n.* സമാന്തരചതുർഭുജം, ദീർഘചതുരം.

Parallelopiped, *n.* ദീർഘചതുരക്കട്ടി, സമാന്തരഘാതം.

Paralysis (par-al'isis), *n.* തിമിർവാതം, സ്തംഭം, ജാഡ്യം, പക്ഷവാതം; 'p. of limbs അംഗഭംഗം, അംഗസ്തംഭനം, ഗാത്രസാദം'; **-Paralytic,** *a.* പക്ഷവാതം പിടിച്ച, മരവിച്ച, തളർന്ന, സ്തംഭിച്ച; **-Paralyze,** *v. t.* മരവിപ്പിക്ക, സ്തംഭിപ്പിക്ക, ജഡീകരിക്ക.

Paramount, *a.* മേൽകോയ്മയായ, സർവ്വാധീശമായ, പരമമായ, വിശിഷ്ടമായ, പ്രമുഖമായ, പ്രധാനമായ; 'lady p. ധനുർവേദവിദഗ്ദ്ധ'; 'p. lord അധീശ്വരൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമ്രാട്, സാർവ്വഭൗമൻ, സാർവ്വഭൗമൻ'; 'p. sway സാമ്രാജ്യം'.

Paramour (par'a-mōr), *n.* കള്ളക്കാമുകൻ, ജാരൻ, ഉപപതി, ചോരനായകൻ; (Female) ഉപപത്നി, ഉപസ്ത്രീ, അടുപ്പക്കാരി.

Parapet, *n.* ആൾമറ, കൈപിടി ചുവർ; (ഇലങ്കം) അലങ്കം, പ്രാകാരം.

Paraphernalia, *n.* pl. സാമഗ്രികൾ, പരിച്ഛദങ്ങൾ, സ്ഥാനമാനോപകരണങ്ങൾ; 'royal p. കട തഴ മുതലായ രാജചിഹ്നങ്ങൾ'; 'woman's p. സ്ത്രീധനം'.

Paraphrase (par'a-frāz), *n.* അനുവാദം, വിവരണം; *v. t.* വിസ്തരിച്ചു വ്യാഖ്യാനിക്കുക, പരിഭാഷപ്പെടുത്തുക, വൃത്തിയെഴുതുക, **-Paraphrastic,** *a.* വിസ്താരരൂപമായ, മൂലത്തേക്കാൾ വലിയ.

Parasite, *n.* പരാന്നഭോജി, പരാന്നപുഷ്ടൻ; വിടൻ, ചാടുകാരൻ; ഇത്തിൾ, വൃക്ഷാദനി, ജവന്തിക; **-ic, -ical,** *a.* പരാന്നപുഷ്ടമായ, പരോപജീവിയായ; മരത്തിൽ കളിക്കുന്ന.

Parasol, *n.* ചെറുകുട.

Parboil, *v. t.* പുഴുങ്ങുക, പാതിവേവിക്കുക, ഈഷത്ക്വഥിക്കുക.

Parcel, *n.* പാഴ്സൽ, ചിപ്പം, കെട്ട്, ഭാണ്ഡം; പകുതി, ഭാഗം, അംശം; കൂട്ടം, രാശി, ഗണം; 'part and p. അംശമായ, സ്വാന്തമായ, അംഗഭൂതമായ, ശരീരാവയവഭൂതമായ; *v. t.* (out) പങ്കിടുക, വിഭജിക്കുക.

Parcener, *n.* പങ്കാളി, സമാധികാരി; **-Parcenary,** *n.* സമാധികാരം.

Parch, *v. t.* വറക്കുക, പൊരിക്കുക, കരിക്കുക, ശോഷിപ്പിക്ക; *v. i.* വറളുക, പൊരിയുക, കരിയുക, ശോഷിക്കുക; **-ed,** *a.* വറുത്ത, വറണ്ട, പൊരിച്ച, പൊരിഞ്ഞ, തപ്തമായ, ശുഷ്കമായ, നീർവററിയ.

Parchment, *n.* തോല്പടലാസ്, ചർമ്മപത്രം.

Pard, *n.* ചിവിങ്കിപ്പുലി.

Pardon, (-dn), *v. t.* പൊറുക്കുക, ക്ഷമിക്കുക, സഹിക്കുക, കുററംനീക്കുക or പോക്കുക; **-able,** *a.* പൊറുക്കാവുന്ന, ക്ഷന്തവ്യമായ; **-ed,** *a.* ക്ഷാന്തമായ.

Pare, *v. t.* ഉരിയ്ക്കുക, നറുക്കുക, തൊലിക്കുക, ചീവുക, കറയ്ക്കുക.

Paregoric, *a.* കുറയ്ക്കുന്ന, ശമിപ്പിക്കുന്ന, വേദനനീക്കുന്ന, ശമനൌഷധം.

Parent, *n.* അച്ഛൻ, അമ്മ, മാതാവ്, പിതാവ്; 'p. s മാതാപിതാക്കന്മാർ, അച്ഛനമ്മമാർ'; പ്രഭവം, കാരണം, ഹേതു, ഉത്പാദകൻ, ജന്മഹേതു; **-age,** *n* അന്വയം, ജാതി, വംശം, കുലം; 'of royal p. രാജവംശ്യമായ'; **-al,** *a.* അൻപായ, ഉരുക്കമായ, അമ്മയേസംബന്ധിച്ച, അച്ഛനേസംബന്ധിച്ച; പിതൃ, മാതൃ in comp.; പൈതൃകമായ; മാതാപിതൃയോഗ്യമായ, പിതൃചിതമായ; 'p affection വാത്സല്യം, പുത്രപ്രീതി, അൻപ്, ഉരുക്കം'.

Parenthesis, *n.* ഇടവാചകം, പ്രാസംഗികവാക്യം, വിവരണം, ഇടയ്ക്കുചേർത്തതു, **-Parenthetical,** *a.* പിരിവായ, ഇടയ്ക്കുവെച്ച, പ്രാസംഗികമായ, നിക്ഷിപ്തമായ, അപ്രധാനമായ; **-ly,** *adv.* ഇടയ്ക്കുചേർത്തിട്ട്, ബന്ധംക്രൂടാതെ.

Parergon, *n.* ശേഷപൂരണം, തികയ്ക്കൽ.

Par excellence, adv. ഉത്തമതമമായി.

Parget, *n.* ലേപം, പൂശൽ, സുധ.

Parhelion, *n.* സൂര്യാഭാസം, മിഥ്യാസൂര്യൻ.

Pariah, *n.* പറയൻ, അന്ത്യജൻ, ഹീനജാതി, പഞ്ചമൻ.

Pari passu, വശത്തോടുവശം, ജോടിയായി.

Parish, *n.* പൌരോഹിത്യപ്രദേശം, കോവിൽപററ്, 'p. priest ഗ്രാമപുരോഹിതൻ'; **-Parishioner,** *n.* ഗ്രാമികൻ, ഗ്രാമവാസി.

Park, *n.* പുൽതറ, ശികാരവനം, ചോലക്രീഡാവനം, ലീലാവനം, കളിത്തോട്ടം, ഉപവനം, പ്രമദവനം, മൃഗയാഭൂമി; **-er** (p. keeper), *n.* വനപാലൻ, ഉദ്യാനരക്ഷകൻ.

Parley, *v. i.* കലന്നുപറയുക, ഒത്തുചേൎന്നുപറയുക, പേശിത്തളിയുക, സല്ലപിക്കുക; **-Parlance,** *n.* സംഭാഷണം, സല്ലാപം, സംസാരം; സന്ധിപ്രസംഗം;

Parliament, *n.* പ്രതിനിധിസഭ, വിചാരസഭ, കാര്യവിചാരസഭ, രാജ്യസഭ; **-Parliamentary,** *a.* പ്രതിനിധിസഭയെ സംബന്ധിച്ച, പ്രതിനിധിസഭയാൽ അംഗീകരിക്കപ്പെട്ട, പ്രതിനിധിസഭയിൽ പാസാക്കിയ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Parlour (pär'l'er), *n.* കൊൽചാവടി, ചാവടി, സല്ലാപശാല.

Parious, *a.* പേടിതോന്നിക്കുന്ന, ഞെട്ടുക്കുന്ന, ഭയാവഹമായ, ഭയങ്കരമായ, ഭീതിപ്രദമായ.

Parochial (paro'-ki-al), *a.* പള്ളിപ്രദേശംസംബന്ധിച്ച, ഗ്രാമ്യമായ, ഗ്രാമികമായ.

Parody, *n.* അനുകരണകാവ്യം, വികടാനുകരണകാവ്യം, വികടകാവ്യം; *v. t.* വികടകവിതയുണ്ടാക്കുക, അനുകരണകാവ്യം ചമയ്ക്കുക.

Parole, *n.* ഉറുതിമൊഴി, വാക്ക്, സത്യം, പ്രതിജ്ഞ, വചനം.

Paronomasia (-māshi-), *n.* ശ്ലേഷം, ശ്ലേഷാലങ്കാരം.

Parŏnychia (-nik'i-), *n.* കുഴിനഖം, വിരൽച്ചുറവ്, ചിപ്പ്യം.

Paronym, *n.* സമാനോച്ചാരണപദം.

Parotis, *n.* ലാലാമണി, ലാലാധാരം.

Paroxysm, *n.* രോഗമൂർച്ഛ, രോഗചേഷ്ട, ആവേഗം; ആവേശം.

Parricide, *n.* പിതൃഹത്യ; പിതൃഘാതകൻ; **-al,** *a.* പിതൃഹന്താവായ, പിതൃവധാത്മകമായ.

Parrot, *n.* തത്ത, തത്തമ്മ, ശുകം, കീരം, കിളി.

Parry, *v. t.* വിലക്കുക, തടുക്കുക, നിറുത്തുക.

Parse, *v. t.* (വാക്കുകളെ) പിരിക്കുക, പദംപിരിക്കുക, ഭഞ്ജിക്കുക, ഛേദിക്കുക, അന്വയംപറയുക; **-ing,** *n.* അന്വയം, പദഭഞ്ജനം, പദച്ഛേദം.

Parsee, *n.* അഗ്നിപൂജക്കാരൻ, പാഴ്സി, പാരസീകൻ.

Parsimony, *n.* പിശുക്ക്, അല്പവ്യയം, മിതവ്യയം; **-ious,** *a.* പിശുക്കായ, മിതവ്യയിയായ, കൃപണനായ, വ്യയപരാങ്മുഖമായ, മടിശ്ശീല മുറുകെക്കെട്ടുന്ന.

Parsley, *n.* ഓമച്ചെടി, അജമോദ.

Parson, *n.* ഗ്രാമപുരോഹിതൻ, ഗ്രാമോപാദ്ധ്യായൻ, ഗ്രാമഗുരു; **-age,** *n.* ഗ്രാമഗുരുഗൃഹം.

Part, *n.* തുണ്ട്, പങ്ക്, വിഭാഗം, ഭിന്നം; ദേശം, ഇടം, ഏകദേശം, അവയവം, അംഗം; (Allotted) വിഭാഗം, അംശം; പ്രവൃത്തി, കർമ്മം, കാര്യം, നിയോഗം, ധർമ്മം; സ്വകർത്തവ്യം; 'perform one's p. പ്രവൃത്തി നിർവ്വഹിക്കുക, നിയോഗമനുഷ്ഠിക്കുക; ഭൂമികാപാത്രം; 'assignment of p. s ഭൂമികാകല്പനം'; അവയവം, ഘടകം, ഘടകാവയവം; വാരം, പര്യായം; *see* **Turn;** പക്ഷം; സംബന്ധം, ബന്ധം, അനുഷംഗം; 'to have a p. in സംബന്ധിച്ചിരിക്കുക, ചേർന്നിരിക്കുക, ഉൾപ്പെട്ടിരിക്കുക'; (p. s) മതി, ബുദ്ധിഗുണം, ധീശക്തി; (region) ദേശം; 'for one's p. സംബന്ധിച്ചിടത്തോളം; 'by p. s, in p. s തുണ്ടുകളായി, ഭാഗങ്ങളായി, അംശങ്ങളായി ഭാഗശഃ'; 'in p. അംശത്തിൽ, കുറെ, അല്പം'; 'in good p. പ്രിയമായി, അനുകൂലമായി, പ്രസന്നമായി, പ്രസന്നമനസ്സോടെ'; 'in ill p. അത്തലോടെ, ഖിന്നമനസ്സോടെ, രുഷ്ടമനസ്സോടെ'; 'in four p. s നാലായി, നാലുഭാഗമായി'; 'in many p. s പലതായി, ബഹുധാ'; *v. t.* പങ്കിടുക, വിഭജിക്കുക; വേർപെടുത്തുക, പൊളിക്കുക, വിയോജിപ്പിക്കുക, വിശ്ലേഷിപ്പിക്കുക, വിച്ഛേദിക്കുക, (തലമുടി) വകുക്കുക, സീമന്തനംചെയ്ക; *v. i.* വേർപെടുക, അകലുക, വിയോജിക്കുക, വിഭിന്നമാക, വിച്ഛിന്നമാക, വിശ്ലേഷിക്കുക. അപഗമിക്കുക; പൊട്ടുക, കീറുക, വിദലിക്ക, സ്ഫുടിക്കുക; (with) യാത്രപറയുക, ആമന്ത്രണംചെയ്ക, ഉപേക്ഷിക്കുക, വിട്ടുപോകുക, കളയുക, വേണ്ടെന്നുവയ്ക്കുക, (ഒന്നിൽനിന്നു) മാറുക; **-ing,** *a.* പിരിയുന്ന, വിടവാങ്ങുന്ന, വിടവഴങ്ങുന്ന, വിടകൊള്ളുന്ന; *n.* വിടവ്, പിരിവ്, വിയോഗം, വിരഹം; വിടവാങ്ങൽ, യാത്രപാച്ചിൽ, വേർപാട്'; 'p. of hair തലവകുക്കൽ, സീമന്തം, സീമന്തരചനം'; **-ly,** *adv.* കുറേ, അംശിച്ച്, ഭാഗിച്ച്, അല്പം; **Partake,** *v. i.* പങ്കിടുക, പങ്കുപറ്റുക, ഭാഗഭാക്കായിത്തീരുക; ഭുജിക്കുക; അനുഭവിക്ക, സേവിക്ക; **-er,** *n.* പങ്കുകാരൻ, പങ്കുപറ്റുന്നവൻ, സഹഭോജി; **-Partial,** *a.* കുറേമാത്രമുള്ള, ചിലഭാഗങ്ങളിൽമാത്രമുള്ള, അവ്യാപകമായ, അസംപൂർണ്ണമായ, ഏകദേശമായ; പക്ഷപാതിയായ, പക്ഷസ്നേഹിയായ, ഏകദേശീയമായ, അസമദർശിയായ; **-ity,** *n.* പക്ഷപാതം, അസമദൃഷ്ടി; സ്നേഹം, അനുരാഗം, പ്രണയം, പ്രേമം; **-ly,** *adv.* അംശമായി, മുഴുവനല്ലാതെ, കുറേയൊക്കെ, അസംപൂർണ്ണമായി, അല്പാചില്പം

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യായി; **-Participate,** *v. t.* പങ്കുപററുക, പങ്കുകൊള്ളുക, പങ്കുവാങ്ങുക, പങ്കിടുക; **-ion,** *n.* പങ്കുപററൽ, പങ്കിടൽ, സഹഭുക്തി; **-Participant,** *n., a.* പങ്കുകാരൻ; പങ്കുപററുന്ന; *see* **Partaker; -Particle,** *n.* ചില്ല്, പൊടി, തുണ്ട്, അണു, ലവം, കണിക, കല; നിപാതം, അവ്യയം; **-Partition,** *n.* പങ്കിടൽ, ഭാഗംവെപ്പ്, പരിച്ഛേദം, ഭാഗം, വിഭജനം; വ്യവച്ഛേദനം, ഭിത്തി, വ്യവധാനം, മാസന്ധി; *v. t.* വേർതിരിക്കുക, വിച്ഛേദിക്ക, തുണ്ടിക്കുക, വിഭജിക്കുക, അംശാംശിഭാവംചെയ്യുക; **-Partner,** *n.* പങ്കാളി, സഹായൻ, സഹകാരി; 'p. of joys and sorrows സമദുഃഖസുഖൻ, സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്നവൻ'; (പങ്കുകാരത്തി) ഭാര്യ, (പങ്കുകാരൻ) ഭർത്താവ്; **-ship,** *n.* പങ്കാളിത്തം.

Parterre, *n.* പൂന്തോട്ടം, പൂഞ്ചോല, പുഷ്പവാടി, കുസുമാകരം.

Participle, *n.* കൃദന്തം, കൃദ്വാചി.

Parti(y)coloured, *a. see* under **Party.**

Particular, *a.* വിശേഷിച്ച, വിശിഷ്ടമായ, വിശേഷകമായ; പ്രത്യേകമായ, ഓരോന്നായ, വ്യക്തമായ, വിവിക്തമായ; പൊതുവല്ലാത്ത, അവ്യാപകമായ, സ്വകാര്യമായ; കൃത്യമായ; ക്ലിപ്തമായ; അസാമാന്യമായ, ലോകോത്തരമായ; 'at a. p. time വിശിഷ്ടസമയത്തിൽ'; 'a p. rule വിശേഷവിധി'; 'p. average (ചരക്കുടമസ്ഥന്റെ) തനിനഷ്ടം'; *n.* കാര്യം, സംഗതി, വർത്തമാനം, വിവരങ്ങൾ, സൂക്ഷ്മവിവരങ്ങൾ; 'in p. പ്രത്യേകിച്ച്'; 'to go into p. s വിവരമായി പ്രസ്താവിക്കുക'; **-ity,** *n.* പ്രത്യേകിച്ചുള്ള പറച്ചിൽ or നിർദ്ദേശം; അസാമാന്യത, അവ്യാപകത്വം; പ്രത്യേകത, ഭിന്നത, വിശിഷ്ടത; വിവരണം, വിസ്തരം, **-ly,** *adv.* വിശേഷിച്ച്, വിശേഷതഃ, പ്രധാനമായി, പ്രത്യേകിച്ച്; സവിസ്തരം, സൂക്ഷ്മതയോടെ, അതിസൂക്ഷ്മമായി; ഒന്നൊന്നായി, പ്രത്യേകമായി, ഏകൈകമായി; **-Particularize,** *v. t.* വിശേഷിപ്പിക്ക, പ്രത്യേകിച്ചു പറയുക, സവിശേഷം വർണ്ണിക്കുക, ഒന്നൊന്നായി വിവരിക്കുക, ഓരോന്നായി നിർദ്ദേശിക്ക; **-ation,** *n.* പ്രത്യേകനിർദ്ദേശം, വ്യവച്ഛേദം; **-ed,** *a.* പ്രത്യേകം നിർദ്ദേശിക്കപ്പെട്ട, എണ്ണിയെണ്ണിപ്പറഞ്ഞ, വ്യവച്ഛിന്നമായ.

Partridge, *n.* തിത്തിരിപ്പക്ഷി, കപിഞ്ജലം, ഒരുവക കാടപ്പക്ഷി.

Parturient, *n.* പ്രസവിക്കുന്ന, ഈററുന്ന, ആസന്നപ്രസവയായ; **-Parturition,** *n.* പ്രസവം, ജനനം, ഉല്പത്തി, ഉത്ഭവം.

Party, *n.* സംഘം, ഗണം, സമൂഹം, മണ്ഡലം; സഭ, സമാജം; പക്ഷം; കക്ഷി, സംബന്ധി, കൂററാർ; വാദി; പ്രതി, പ്രതിവാദി, വിശിഷ്ടജനം, പ്രത്യേകവ്യക്തി; 'a p. to a plot കൂടസഹായൻ'; *a.* കക്ഷിസംബന്ധിച്ച, പാക്ഷികമായ; 'p. coloured ചിത്രവിചിത്രമായ, നാനാവർണ്ണമായ, വിചിത്രമായ, പലനിറമായ'; 'p. man കക്ഷിക്കാരൻ, കൂററൻ'; 'p. spirit കക്ഷിപ്രേമം, പക്ഷോത്സാഹം'; 'p. wall ഭിത്തി, സന്ധി'; **-Partisan,** *n.* പക്ഷപാതി, പക്ഷപ്രേമം, പക്ഷാവലംബി; **-ship,** *n.* കക്ഷിഗ്രഹണം, പക്ഷാവലംബനം.

Parvenu, *n.* നവോദയൻ; നാട്യക്കാരൻ, മാരീചൻ.

Pasha, Pacha, *n* തുരുക്കചക്രവർത്തി, പാദ്ഷാ.

Pasquinade, *n.* പരിഹാസലേഖനം, പരിഹാസകവിത, ആക്ഷേപലേഖനം.

Pass, *v. t.* കടക്കുക, താണ്ടുക, ചെലവഴിക്ക, പോക്കുക കഴിക്കുക, വിടുക, അതിശയിക്ക, നടത്തുക, അയയ്ക്കുക, മാററുക, വെളിക്കിടുക, വെളിയിൽ വിടുക, സമ്മതിക്ക, ജയിക്കുക, വിജയത്തോടെ പോകുക, വിചാരണംചെയ്ക, തള്ളുക; *v. i.* ചെല്ലുക, പോകുക, മാറുക, നടമാടുക, ഗണിക്കപ്പെടുക, കഴിയുക, തീരുക, മുടിയുക, മറയുക, മായുക, പരിശോധിതമാക, അംഗീകരിക്കപ്പെടുക, സംഭവിക്ക, നേരിടുക, നുഴയുക, തള്ളുക; **-away,** അതിക്രമിക്ക, പൊയ്പോകുക; നശിക്കുക, മറയുക; **-by,** കടന്നുപോക, ഉല്ലംഘിക്ക; ഉപേക്ഷിക്ക, ഗൌനിക്കാതിരിക്ക; **-for,** പോലെയാകുക, നടിക്കുക, പോലെഭാവിക്ക; **-into,** കടത്തുക, നിവേശിപ്പിക്ക, ആസ്തീരുക; **-off,** അകലെപ്പോകുക; **-on,** മുന്നോട്ടുപോകുക; **-over,** കടക്കുക; തരണംചെയ്യുക, മീതേ കടക്കുക, ഉപേക്ഷിക്ക, ത്യജിക്ക, വേണ്ടെന്നുവെയ്ക്കു;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-through, തുളച്ചുപോകുക, ഊടെപോകുക, നിർഭേദിക്ക; *n.* ചരം, ഇടക്കവഴി, മലമ്പാത; ദരി, വിദരം, രന്ധ്രം; അനുജ്ഞ, അനുമതിപത്രം, മുദ്ര, അടയാളം, രഹ്ദാരി, പാസ്പോർട്ട്; തട്ട്, പ്രഹാരം, അടി; തടവ്, നില്പ്; കടവ്, കടത്ത്; അവസ്ഥ, ദശ, ദുർഘട, ദുസ്ഥിതി, കഷ്ടാവസ്ഥ; **-able,** *a.* കടക്കത്തക്ക, സഹ്യമായ, സഹിക്കാവുന്ന, അനുവദനീയമായ, പ്രവേശിക്കാവുന്ന, കടക്കാവുന്ന, നട്ടത്തരമായ, ഒരുമാതിരി കൊള്ളാവുന്ന; **-age** (pas'āj), *n.* വഴി, മാർഗ്ഗം; വാക്യം, വചനം; ഗമനം, യാനം, യാത്ര, ഉല്ലംഘനം; തരണം; ഗമനാധികാരം, അനുജ്ഞാപത്രം, ഗമനകാലം, അവസരം, വൃത്താന്തം; 'p. money കടത്തുകൂലി, ആതരം'; **-ed,** *a.* കഴിഞ്ഞ, പോയ, അതീതമായ, കടക്കപ്പെട്ട, തീർന്നമായ; (as excrement) ഉച്ചാരിതമായ; **-er,** *n.* (p. by) വഴിപോക്കൻ, യാത്രക്കാരൻ, പാന്ഥൻ; **-ing,** *n.* തരണം, കടക്കൽ, ഗമനം, ചലനം; *a.* പോകുന്ന, ഗാമിയായ, കടക്കുന്ന, ഉത്തമമായ, പരമമായ, ശ്രേഷ്ഠമായ; *adv.* ഏറാവും, അധികം, അതീവ; **-Passenger,** *n.* തരിതാവ്, (കരമാർഗ്ഗമോ ജലമാർഗ്ഗമോ ആയുള്ള) യാത്രക്കാരൻ; **-Past,** *a.* കഴിഞ്ഞ, പോയ, നടന്ന, അതീതമായ, അതിക്രാന്തമായ, വൃത്തമായ, പരോക്ഷമായ; 'p. time ഭൂതകാലം, കഴിഞ്ഞകാലം'; പൂർവ്വമായ; 'p. times പണ്ട്'; സിദ്ധമായ, നിഷ്പന്നമായ, സമാപ്തമായ, കൃതമായ; *n.* കഴിഞ്ഞത്, ഭൂതം അതീതം, ഗതം, ഭൂതകാലം; *prep.* കടന്ന, കഴിഞ്ഞ, അതീതം; അതിക്രാന്തം.

Passible, *a.* വേദനക്ഷമമായ.

Passion (pash'un), *n.* ഭാവം, വികാരം, ചിത്തവികാരം, വികൃതി, രാഗം, രസം, മനോവികാരം, മനോഭാവം, രാഗം, ഇന്ദ്രിയവൃത്തി; ഇന്ദ്രിയം; 'the p. s ഇന്ദ്രിയങ്ങൾ, ഇന്ദ്രിയക്കൂട്ടം'; 'subduing of the p. s ഇന്ദ്രിയനിഗ്രഹം, അടക്കം'; 'p of love കാമവികാരം, ശൃംഗാരഭാവം'; 'void of p. s വീതരാഗമായ, വിരക്തമായ'; 'absence of p. s വിരാഗം, വിരക്തി'; പ്രകോപം, സംരംഭം, ക്രോധം, അമർഷം, ഉത്താപം, ഉഗ്രത, ക്ഷോഭം, ചിത്തക്ഷോഭം; അതിയായ ആഗ്രഹം, ലാലസ, ലോഭം, ലോലുപത, ഔത്സുക്യം, ഉത്കണ്ഠ, വ്യസനം, ആസക്തി, 'quality of (tendency to) p. രജോഗുണം, രജസ്സ്'; കാമം, കാമവികാരം, രജസ്, രജോവൃത്തി, മദം, അനുരാഗം; ദുഃഖാനുഭവം, ദുഃഖഭോഗം; സഹനം, കർമ്മാശ്രയത, ഗ്രഹണം; **-ate,** *a.* കോപമുള്ള, കോപനം, ക്രോധിലം, ശീഘ്രകോപിയായ, സംരംഭിയായ, രോഷശീലമായ, ചണ്ഡസ്വഭാവമായ, പിത്തസ്വഭാവമായ, ചൂടുള്ള, ചട്ട, ഉഷ്ണമായ; കൊടുതായ, ദീപ്രമായ, ഉഗ്രമായ, അത്യുൽകടമായ, ഉച്ചണ്ഡമായ, പ്രഖരമായ, പരമമായ, ഗാഢമായ, ഉൽകടമായ; 'p. love for gambling ചൂതുകളിയിൽ ഗാഢാഭിനിവേശം or അത്യാസക്തി'; രാഗയുക്തമായ, വികാരാധീനമായ, രാഗാനചിതമായ, ഉൽകണ്ഠിതമായ, രജോഗുണിയായ, കാമാർത്തമായ; 'a. p woman ഭാമിനി, കോപന കാമിനി'; **ately,** *adv.* ദേഷ്യപ്പെട്ട്, കോപത്തോടെ; ചണ്ഡമായി, അത്യുൽകടമായി. തീക്ഷ്ണമായി, ബലവത്തായി; സരാഗം, രാഗപൂർവ്വം; **-ate-ness,** *n.* ചണ്ഡസ്വഭാവം, സുലഭകോപിതം, etc; **-less,** *a.* അടക്കമുള്ള, വിരക്തമായ, രാഗഹീനമായ, ശാന്തരാഗമായ, നിസ്സംഗമായ.

Passion-flower, *n.* ജിമിക്കിപ്പൂവ്, മൂഠംക്കൂട്ടംപോലെ നില്ക്കുന്ന പൂവ്.

Passion-week, *n.* പാടുപട്ടപെരുന്നാൾ.

Passive, *a.* എതിർക്കാത്ത, സഹിക്കുന്ന, സഹനശീലമായ, സഹനാത്മകമായ, തിതിക്ഷുവായ, തടുക്കാത്ത; നിശ്ചേഷ്ടമായ; 'p. voice കർമ്മവാച്യം'; 'impersonal p. ഭാവവാച്യം'; **-ly,** *adv.* എതിർക്കാതെ, പ്രതിഷേധിക്കാതെ, സഹിച്ച്, സഹിഷ്ണുതയോടെ, നിശ്ചേഷ്ടമായി, തിരിച്ചുപ്രവർത്തിക്കാതെ; **-ness,** *n.* സഹനശീലം, സഹനാത്മ, സഹിഷ്ണുത; കർമ്മപാത്രത.

Paste, *v. t.* പശകൊണ്ട് ഒട്ടിക്കുക, പശയിടുക, പശപറ്റിക്കുക; *n.* പശ, കൊഴുത്ത ദ്രാവകവസ്തു, പേസ്റ്റ്; 'p. board പേസ്റ്റ് ബോർഡ്, കടലാസുപലക, പലകക്കടലാസ്'.

Pastern, *n.* കുതിരക്കുളമ്പിൻസന്ധി, മുട്ടുകാല്.

Pastil, Pastille, *n.* ചാമ്പ്രാണിത്തിരി.

Pastime, *n.* നേരംപോക്ക്, കളി, ക്രീഡ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഹാരം, ഖേല, ഖേലനം, വിലാസം, കൌതുകം.

Pastor, *n.* ആട്ടിടയൻ, അജാപാലൻ; ആചാര്യൻ, ഗുരു, ഉപാദ്ധ്യക്ഷൻ; **-al,** *a.* നാട്ടുംപുറത്തുള്ള; Ex. by (*n.*) in comp. eg. അജാപാലഗീതം; 'p. life അജാപാലവൃത്തി, ഇടയവൃത്തി, ഇടയജീവിതം'; 'p. duties ധർമ്മകാര്യങ്ങൾ'; p. office ആചാര്യകർമ്മം'; *n.* 'p. poem ഗോപകാവ്യം, ആയർപാട്ട്''.

Pastry, *n.* അട, അപ്പം, മിഷ്ടാന്നം, ആപൂപികം.

Pasture, *n.* പുല്ല്, തൃണം, യവസം, ശാദ്വലഭൂമി, പുൽത്തകിടി; *v. i.* മേയുക, പുല്ലുതിന്നുക; *v. t.* മേയ്ക്കുക, പുല്ലുതീറ്റുക, കാലിമേയ്ക്കുക; **-age,** *n.* പുല്ല്, മേച്ചിൽസ്ഥലം, ഗോപ്രചരം.

Pasty, *a.* പശയായ; *n.* ഇറച്ചിയട.

Pat, *a.* തക്ക, പററിയ, കൊണ്ട, ചേരുന്ന, ഉചിതമായ; *adv.* തക്കപോലെ, ഉചിതമായി; *v. t.* തട്ടുക തടവുക, തലോടുക; *n.* തട്ട്, തലോടൽ, മൃദുപ്രഹാരം.

Patch (pach), *v. t.* ചേർക്കുക, ഒട്ടിക്കുക, തുണ്ടു വെച്ചുതൈക്കുക, കീറലോ വിള്ളലോ നീക്കുക, ഗ്രന്ഥിക്കുക; *n.* തുണ്ട്, ശകലം, തുണിത്തുണ്ട്; 'p. work വെച്ചുതൈപ്പ്, കൂട്ടിത്തുന്നൽ'; ഭാഗം, പ്രദേശം, ഭൂമി, ക്ഷേത്രം; **-ed,** *a.* തുണിതൈച്ച, ചേർത്തൊട്ടിച്ച.

Pate, *n.* തല, ഉച്ചി.

Patent, *a.* സ്പഷ്ടമായ, സ്ഫുടമായ, സുപ്രകാശമായ, തെളിവായ; *n.* ഒരു കണ്ടുപിടിത്തത്തിലുള്ള അവകാശദാനം, പ്രത്യേകാധികാരം, വിശേഷാവകാശപത്രം; **-ee,** *n.* വിശേഷാവകാശി.

Pater-familias, *n.* കുടുംബപതി, കുലപതി.

Paternal, *a.* പൈതൃകമായ, പിത്ര്യമായ, പിതൃ in comp; അച്ഛനേസംബന്ധിച്ച; അച്ഛനസമമായ; **-ly,** *adv.* അച്ഛനേപ്പോലെ, പിതൃസന്നിഭമായി.

Paternity, *n.* പിതൃത്വം, പിതൃധർമ്മം; പ്രഭവം, പ്രസൂതി.

Path, *n.* (p.-way), വഴി, പാത, മാർഗ്ഗം, പദ്ധതി, സരണി.

Pathogenesis, *n.* രോഗനിദാനശാസ്ത്രം.

Pathetic; -al, *a.* സങ്കടകരമായ, കഷ്ടമായ, കരുണമായ, ഹൃദയദ്രാവിയായ, കരുണാത്മകമായ; **-ally,** *adv.* കരുണമായി; **-Pathos,** *n.* ശോകം, കരുണരസം.

Pathology, *n.* രോഗനിദാനശാസ്ത്രം.

Patient (pā´shent), *a.* പൊറുക്കുന്ന, സഹിഷ്ണുവായ, തിതിക്ഷുവായ, ക്ഷമയുള്ള; ധീരമായ, ശാന്തമായ, സമാധാനമുള്ള; *n.* ദീനക്കാരൻ, രോഗി, ആതുരൻ; **-ly,** *adv.* ക്ഷമാപൂർവ്വം, ധീരതയോടെ; **-Patience,** *n.* ക്ഷമ, തിതിക്ഷ, ക്ഷാന്തി, സഹിഷ്ണുത; ധീരത, പ്രശാന്തി, ധൈര്യം, ഉത്സാഹം.

Patio, *n.* അങ്കണം.

Patriarch, *n.* കാരണവൻ, വലിയച്ഛൻ, കുലപതി; വൃദ്ധജനം, ഗുരുജനം; **-al,** *a.* (*n.*) in comp.

Patrician, (pa-trish´an), *n.* കുലീനൻ, അഭിജാതൻ, റോമായിലെ കുലീനൻ; *a.* തറവാടിത്തമുള്ള, കുലീനമായ, ശിഷ്ടമായ, അഭിജാതമായ.

Patricide, *n.* *see* **Parricide.**

Patrimony, *n.* പിതുരാർജ്ജിതസ്വത്ത്, പൈതൃകധനം; **-ial,** *a.* പിതുരാർജ്ജിതം കിട്ടിയ.

Patriot, *n.* (സ്വ)ദേശാഭിമാനി, ദേശഭക്തൻ; **-ic,** *a.* ദേശാഭിമാനമുള്ള, (ദേശാഭിമാനിയായ), സ്വദേശഭക്തൻ; **-ically,** *adv.* സ്വദേശഭക്തിയോടെ; **-ism,** *n.* സ്വദേശപ്രീതി, സ്വദേശാഭിമാനം, സ്വദേശഭക്തി.

Patrol, *v. i.* കാവല്യനടക്കുക, (രാത്രിയിൽ) ചുററിനടക്കുക; *n.* കാവൽനടക്കുന്നവർ, രാത്രിപരിരക്ഷകർ.

Patron, *n.* സംഭാവയിതാവ്, രക്ഷകൻ, രക്ഷാധികാരി, പോഷകൻ, പുരസ്കർത്താവ്; **-age,** *n.* സംഭാവന, അനുഗ്രഹം, ഉപകാരം, പാലനം, പോഷണം, പുരസ്കാരം; **-al,** *a.* രക്ഷകമായ, വത്സകമായ; **-ize,** *v. t.* ആശ്രയം നൽകുക, അനുഗ്രഹിക്കുക, സംവർദ്ധിപ്പിക്കുക; **-less,** *a.* നിരാശ്രയമായ, അനാഥമായ, അശരണമായ, തുണയില്ലാത്ത, താങ്ങില്ലാത്ത.

Patronymic, *n.* പൈതൃകനാമം.

Patten, *n.* പാദകരട്, മരക്കാലുറ, കാഷ്ഠപാദുക.

Patter, *v. t.* പൊട്ടപൊട ശബ്ദമുണ്ടാക്കുക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പടപടശബ്ദമുണ്ടാക; *n.* പടപടശബ്ദം.

Pattern, *n.* മാതിരി, മാതൃക, നിദൎശനം, പ്രതിമ; ആകാരം, ത്രൂപം.

Paucity, (paw'siti), *n.* അല്പത, കുറേ.

Paunch (päush), *n.* അടിവയറ്, ഉദരം; *v. t.* വയർ കീറുക, കുടൽ പുറത്താക്കുക.

Pauper (paw,pėr), *n.* ഏഴ, പാപ്പർ, ദരിദ്രൻ, തെണ്ടി, യാചകൻ; **-ism,** *n.* പാപ്പരവസ്ഥ, ദരിദ്രത, അകിഞ്ചനത്വം.

Pause (paws), *n.* നിൎത്തു; താമസം, വിരാമം, വിരതി, വിച്ഛേദം, ഇട, അന്തരം, അന്തരാളം; അവസാനം, യതി (in poetry).

Pave, *v. t.* കല്ലുപാവുക, ഇഷ്ടികനിരത്തുക, പ്ലട്ടുക; **-er,** *n.* കല്ലുപാവുന്നവൻ, കൽകെട്ടുകാരൻ; **-ment,** *n.* കട്ടിമം, തളം, കൽത്തറ, നിരത്തു്.

Pavilion, *n.* കൂടാരം, പടമണ്ഡപം, പടവാസം.

Paw, *n.* മൃഗത്തിന്റെ നഖമുള്ള, കാൽ, കാല്പ്; *v. t.* മാന്തുക, പിറാണ്ടുക; കൈകൊണ്ടുതൊടുക or സ്പൎശിക്കുക.

Pawky, *a.* കള്ളത്തരമുള്ള, സൂത്രശാലിയായ, തന്ത്രമുള്ള.

Pawn, *v. t.* പണയംവെയ്ക്കുക, ഈടുവെയ്ക്കുക; *n.* പണയം, ഈടു്; വാതു്, വാതുകെട്ടൽ.

Pawnbroker, *n.* പണയത്തിന്നു് പണം കടംകൊടുക്കുന്നവൻ.

Pay, *v. t.* നൽകുക, കൊടുക്കുക, വേതനം നൽകുക, വിലകൊടുക്കുക, വീട്ടുക, അടച്ചുതീൎക്കുക, പ്രതിഫലം കൊടുക്കുക, പകരംകൊടുക്കുക; *n.* ശമ്പളം, വില; *see* **Hire**; 'p. day ശമ്പളദിവസം'; 'p. master ശമ്പളംകൊടുപ്പുകാരൻ, വേതനാദ്ധ്യക്ഷൻ'; **-ee,** *n.* പണം നൽകപ്പെടുന്നയാൾ, വാങ്ങുന്നയാൾ, പരിഗ്രഹീതാവു്; **-er,** *n.* നൽകുന്നയാൾ, ഒടുക്കുന്നയാൾ, ദാതാവു്; **-ment,** *n.* കൊടുപ്പു് (പണം), ദാനം, വീട്ടൽ; 'p. of debt കടംവീട്ടൽ'.

Pea (pē), *n.* പയർ, പട്ടാണി.

Peace, *n.* സന്ധി, സന്ധാനം; ശമം, പ്രശമം, ഉപശമം, നിർവ്വതി, സ്വസ്ഥത, പരിഭേമില്ലായ്ക, സമാധാനം; ഐക്യം, ചേൎച്ച, സഖ്യം, മൈത്രി; മൌനം, മിണ്ടാട്ടമില്ലായ്മ, തുഷ്ണീംഭാവം; 'p. of mind മനസ്സമാധാനം, സ്വാസ്ഥ്യം, ചിത്തപ്രസാദം;' 'hold p. മിണ്ടാതിരിക്കു'; 'p. maker സന്ധാതാവു്, സമാധാനപാലകൻ, സമാധാനപ്രിയൻ, രഞ്ജകൻ'; intj. മിണ്ടരുതു്, നിശ്ശബ്ദം, ഛു്, ശ്; **-able,** *a.* പ്രശാന്തമായ, ശാന്തപ്രകൃതിയായ, പ്രസന്നമായ, നിരാകുലമായ, സ്വസ്ഥമായ; സമാധാനപ്രിയമായ, യുദ്ധവിമുഖമായ; **-bleness,** *n.* സമാധാനത, ശാന്തത, യുദ്ധദ്വേഷം, കലഹവിമുഖത; **-ful,** *a.* സമാധാനമായ, സമാധാനമുള്ള, പ്രശാന്തമായ, നിരുപദ്രവമായ, യുദ്ധഹീനമായ; (Life etc.) നിർവൃതമായ, സ്വസ്ഥമായ, ശാന്തമായ; **-fully,** *adv.* സമാധാനത്തോടെ, സ്വസ്ഥമായി, പ്രസന്നമനസ്സോടെ; യുദ്ധംകൂടാതെ, സാമോപായത്താൽ.

Peach, *n.* പാരസീകദേശത്തുള്ള ഒരുമാതിരി പഴം.

Peacock, *n.* മയൂരം, ആൺമയിൽ; *fem* **Peahen**; 'p. 's tail പീലിക്കാറ, മയിൽപീലിവാൽ, ശിഖണ്ഡം, പിച്ഛം, കലാപം'; 'p. 's crest ശിഖ, ചൂഡ, ഉച്ചിപ്പൂവ്'; 'eye in the p. 's tail മയിൽപീലിക്കണ്ണു്, ചന്ദ്രകം, മേചകം'; 'p. 's cry കേക'.

Peahen, Peafowl, *n.* പെൺമയിൽ, മയൂരി, ബർഹിണി.

Peak, *n.* കൊടുമുടി, ശിഖരം, ശൃംഗം, കൂടം, അറ്റം; **-ed,** *a.* കൂൎത്ത, മുനയുള്ള, ശിഖരിയായ.

Peal, *n.* വലിയഒച്ച, പേരൊലി, ഇടിമുഴക്കം, ധ്വനി, രവം, മഹാധ്വനി; 'p. of thunder മേഘഗൎജ്ജിതം, ഇടിമുഴക്കം, സ്തനിതം'; 'p of bells മണിയടിശബ്ദം, ഘണ്ടാനാദം, ക്വണിതം'; *v. i.* മുഴങ്ങുക, മഹാശബ്ദം, ശബ്ദിക്കുക, ധ്വനിക്കുക.

Pear (pār), *n.* പേരിമരം, പേരക്കായ്.

Pearl (pėrl), *n.* മുത്തു്, മുക്ത, മുക്താഫലം, മൌക്തികം; 'p. shell കക്കാ, ചിപ്പി, ശുക്തി, മുക്താസ്ഫോടം'; **-y,** *a.* മുത്തുള്ള, മുക്താമയമായ; മുള്ളുപോലുള്ള; മുക്താഭമായ, മുക്തോപമമായ.

Peasant, *n.* നാട്ടിൻപുറത്തുകാരൻ, വേളാളൻ, കൊഴവൻ, കൃഷിക്കാരൻ, കർഷകൻ, കൃഷീവലൻ; **-ry,** *n.* കൃഷിക്കാർ, കൊഴവക്കൂട്ടം, കർഷകസംഘം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pease, *n.* pl. *see* **Pea.**

Peat, *n.* പുൽമൺകട്ട (വിറകായി ഉപയോഗിക്കുന്നതു്).

Pebble, *n.* കൃഴാങ്കല്ലു്, ഉണ്ടക്കല്ലു്, സ്ഫടികക്കല്ലു്; **-y,** *a.* കൽക്കഷണം ഉള്ള or നിറഞ്ഞ, കൃഴാങ്കല്ലു് നിറഞ്ഞ.

Peccable, *a.* പാപവശമായ, പാപാധീനമായ.

Peccadillo, *n.* ചെറിയതെററു്, ചെറുപിഴ, സ്ഖലിതം.

Peccant, *a.* പാപമുള്ള, പിഴയുള്ള, കുററമുള്ള; **-Peccancy,** *n.* വികാരം, ദോഷം, **Peccavi,** *n.* ദോഷസ്വീകാരം.

Peck, *v. t.* ചുണ്ടുകൊണ്ടു കൊത്തുക or പൊളിക്കുക *n.* കാൽപറ, രണ്ടുഗ്യാലൻ അളവു്; 'p. at എപ്പോഴും പ്രഹരിക്കുക, നിന്ദിക്കുക'.

Pectoral, *a.* മാറത്തുള്ള, മാറിനെസംബന്ധിച്ച; *n.* മർകവചം, കാസം ശമിപ്പിക്കുന്ന മരുന്നു്.

Peculate, *v. t.* അപഹരിക്കുക, കളവുചെയ്യുക; **-ion,** *n.* അപഹാരം, മോഷണം; **-or,** *n.* കള്ളൻ, അപഹർത്താവു്.

Peculiar, *a.* വിശേഷപ്പെട്ട, വിചിത്രമായ, ഒന്നിനമാത്രമുള്ള, സ്വകീയമായ, പ്രത്യേകമായ; *n.* അസാധാരണധനം, സ്വന്തധനം; **-ity,** *n.* വിശേഷവിവരം, വിശേഷധർമ്മം, വിശേഷലക്ഷണം, വിശേഷഗുണം; **-ly,** *adv.* വിശേഷിച്ചു്, പ്രത്യേകിച്ചു്.

Pecuniary, *a.* പണവിഷയമായ, ധനസംബന്ധമായ.

Pedagogue (ped'agog) *n.* ഉപാദ്ധ്യായൻ, വിദ്യാഗർവി, പണ്ഡിതമന്യൻ; **-Pedagogics,** *n.* ബോധനവിദ്യ.

Pedal, *a.* പാദസംബന്ധമായ, പാദവിഷയമായ.

Pedant, *n.* വമ്പൻപണ്ഡിതൻ, പണ്ഡിതം മന്യൻ, പണ്ഡിതമാനി, വിദ്യാഗർവിതൻ; **-ic, -ical,** *a.* സമുദ്ധതമായ, വൻപുനടിക്കുന്ന; **-ically,** *adv.* പാണ്ഡിത്യവൻപോടെ, വിദ്യാഭിമാനത്തോടെ; **-ry,** *n* പാണ്ഡിത്യവൻപത്തരം, പാണ്ഡിത്യദർപ്പം.

Peddler, *n. see* **Pedler.**

Pedestal, *n.* സ്തംഭത്തിൻചവടു് or പാദം, ആധാരം, സ്തംഭതലം, പീഠം, പലക.

Pedestrian, *n.* കാൽനടക്കാരൻ, പാദചാരി, പദാതി; *a.* കാൽനടയായിപോകുന്ന; **-ism,** *n.* കാൽനട, പാദഗമനം.

Pedicel, *n.* ഇലക്കാമ്പു്, മഞ്ജരി; വൃന്തം, പുഷ്പബന്ധനം.

Pedicular, *a.* പേനുള്ള, പേൻസംബന്ധിച്ച.

Pedicure, *n.* പാദരോഗവൈദ്യൻ, പാദാവേക്ഷ.

Pedigree, *n.* വംശാവലി, പരമ്പര, വംശം, കുലം; വംശചരിതം, തലമുറക്കണക്കു്.

Peduncle, *n.* പൂവിൻകാമ്പു്, പൂവിൻഞെട്ടു്, വൃന്തം, പുഷ്പബന്ധനം.

Peel, *v. t.* തൊലിക്കുക, പൊളിക്കുക, നിസ്ത്വചീകരിക്കുക; *v. i.* തൊലിയുക, *n.* തൊലി, ത്വക്കു്, വല്കം; **-ing,** *n* തൊലിപ്പു്, തോലുരിക്കൽ.

Peep, *v. i.* ഒളിഞ്ഞു(ച്ചു)നോക്കുക, എത്തിനോക്കുക; പതുക്കെ എഴുന്നുവരിക. മന്ദംമന്ദം ഉദ്ഗമിക്കുക, പതുക്കെ തെളിയുക; കൃവുക, കൃജനംചെയ്യുക, കീച്ചിടുക; *n.* ഒളിനോട്ടം; പൂർവദർശനം, കാണാസ്ഫുരിക, ആദ്യകാഴ്ച.

Peepul, *n.* അരചമരം, അരയാലു്.

Peer, *n.* വയസ്യൻ; സഹായൻ, തുല്യൻ; അഭിജാതൻ പ്രഭു, മാടമ്പി; *fem.* **Peeress,** *v. i.* പൂണ്ടുപാർക്കുക, അടുത്തുനോക്കുക, പ്രത്യക്ഷപ്പെടുക, വെളിപ്പെടുക; **-er,** *n.* സൂക്ഷിച്ചുനോക്കുന്നവൻ, സൂക്ഷ്മനിരൂപകൻ; **-less,** *a.* അതുലമായ, തുല്യമില്ലാത്ത, നേരില്ലാത്ത.

Peevish, *a.* മുൻകോപമുള്ള, എപ്പോഴും വഴക്കിടുന്ന, കലഹപ്രിയമായ; പിശുനമായ, ദുഃശീലമായ, കർക്കശമായ, രൂക്ഷഭാവമായ; **-ness,** *n.* ദുഃശീലം, മുൻകോപം, രൂക്ഷസ്വഭാവം, കാർക്കശ്യം.

Peewit, *n. see* **Lapwing.**

Peg, *n.* മരആണി, ആപ്പു്, പെഗ്ഗു്, ഭാരയഷ്ടി, വിഹംഗിക; 'p. of a. lute കൃണിക'; 'iron p. കീലം, ഇരുമ്പുപെഗ്ഗു്'; *v. t.* തറയ്ക്കുക, മരക്കുടക്കിലിടുക, മരക്കുടക്കിൽ തൂക്കുക.

Pelf, *n.* അന്യായാർജ്ജിതവിത്തം, ചീത്തമുതൽ.

Pelican, *n.* നാരപ്പക്ഷി, ഞാറ.

Pelisse, *n.* സ്ത്രീകളുടെ ഉടുപ്പു്.

Pell, *n.* തോലു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pellet, *n.* ചെറുപന്ത്, കട്ടിപ്പന്ത്, ചിറണ്ട.
Pellicle, *n.* നന്നത്തോൽ, സൂക്ഷ്മചർമ്മം, പടലം, പാട, പുടം.
Pell-mell, *adv.* കുഴപ്പമായി, കുഴഞ്ഞുമറിഞ്ഞു്, സങ്കീർണ്ണമായി, ക്രമമില്ലാതെ.
Pellucid, *a.* സ്വച്ഛമായ, നിർമ്മലമായ, വിശദമായ, പ്രസന്നമായ; **-ity, -ness,** *n.* സ്വച്ഛത, നിർമ്മലത, പ്രസാദം.
Pelt, *v. t.* (കല്ലുകൊണ്ടു്) എറിയുക; ധാരാളമായി വർഷിക്കുക; *n.* പച്ചത്തോൽ; ഏറു്.
Pelvis, *n.* ഉപസ്ഥാശയം, വസ്തിദേശം.
Pen, *v. t.* എഴുതുക; കൂട്ടിലടയ്ക്കുക, തൊഴുത്തിലടയ്ക്കുക; *n.* പേന; തൊഴുത്തു്, കൂടു്, ആല; 'cow-pen ഗോശാല'; 'p. man എഴുത്തുകാരൻ, ലേഖകൻ, ലേഖനകുശലൻ'.
Penal, *a.* ശിക്ഷാർഹമായ, ശിക്ഷിക്കത്തക്ക, *a.* ദണ്ഡാർഹമായ, ദണ്ഡ്യമായ; ശിക്ഷയെസംബന്ധിച്ച, ദണ്ഡസംബന്ധമായ; **-ty,** *n.* ശിക്ഷ, ശാസനം; സാഹസം, ധനദണ്ഡം.
Penance, *n.* തപസ്സു്, തപസ്യ, തപശ്ചര്യ, കായക്ലേശം; 'imposed p. പ്രായശ്ചിത്തം'.
Penchant (päng'shänt), *n.* മനച്ചരിവു്, മനോഹിതം, വാഞ്ഛ, ഓരവാരം.
Pencil, *n.* പെൻസിൽ, *v. t.* എഴുതുക.
Pendant, *n.* കടുക്കൻ, കുണ്ഡലം, കണ്ണാവതംസം, ലോലകം.
Pendent, *a.* ഇളകുന്ന, തൂങ്ങുന്ന, വിലോലമായ, പ്രലംബമാനമായ, ആലംബിയായ.
Pending, *a.* തീർച്ചപ്പെടാത്ത, തീരാത്ത, കഴിയാത്ത, അനിശ്ചിതമായ; 'p. the decision തീരുമാനം ചെയ്യാതിരിക്കുന്നു'.
Pendulous, *a* തൂങ്ങുന്ന, ലംബിയായ, ആടുന്ന.
Pendulum, *n.* ലോലകം, ഘടികാരക്കട്ടി, നാഴികമണിക്കട്ടി.
Penetrate, *v. t* കഴിയ്ക്കുക, തറയ്ക്കുക, നുഴയുക, പ്രവേശിക്കുക, നിർഭേദിക്കുക, താക്കുക, ഉരുത്തുക; *v. i.* ഉള്ളിൽ കടക്കുക, കിഴിഞ്ഞുകയറുക; അർത്ഥംബോധിക്കുക, ആശയം ഗ്രഹിക്കുക; **-ion,** *n.* കിഴിപ്പു്, തറപ്പു്, കടത്തൽ, പ്രവേശം; വ്യാപ്തി, മൂർച്ഛനം; അർത്ഥബോധം, അർത്ഥജ്ഞാനം; (power of p.) ഗ്രഹണസാമർത്ഥ്യം, കുശാഗ്രമതി; 'a man of p. സൂക്ഷ്മബുദ്ധി, വിദഗ്ദ്ധൻ, മർമ്മജ്ഞൻ; **-ing, -ive,** *a.* ക്രമ്മതയുള്ള, കിഴിഞ്ഞുചെല്ലുന്ന, ഉള്ളിൽകടക്കുന്ന, ഭേദകമായ; വ്യാപകമായ; സൂക്ഷ്മബുദ്ധിയായ, തീക്ഷ്ണബുദ്ധിയായ, ക്രമ്മബുദ്ധിയായ.
Peninsula, *n.* കോൺതുരുത്തു്, അർദ്ധദ്വീപു്, ദ്വീപകല്പം; **-r,** *a.* ദ്വീപകല്പരൂപമായ.
Penis, *n.* ലിംഗം, ഉപസ്ഥം, ശിശ്നം, മേഢ്രം, മേഹനം.
Penitent, *a.* അനുതപിക്കുന്ന, അനുതാപമായ, പശ്ചാത്തപിക്കുന്ന; **-ial,** *a.* അനുതാപജനിതമായ, പാശ്ചാത്താപരൂപമായ; **-iary,** *n.* പ്രായശ്ചിത്താഗാരം, തടവു്, കാരാവാസം; **-ly,** *adv.* പശ്ചാത്താപത്തോടെ; **-Penitence,** *n.* അനുതാപം, പശ്ചാത്താപം, അനുശയം.
Pennant, Pennon, *n.* ചെറുകൊടി, പതാക, കേതുവസനം; **-Pennate,** *a.* ചിറകുള്ള, പക്ഷമുള്ള.
Penny, *n.* പെനി (നാണയം); **-Penniless,** *a.* പാവപ്പെട്ട, നിർദ്ധനമായ.
Pennywise, *a.* അല്പലാഭംവരുത്തി പെരുംചേതമുണ്ടാക്കുന്ന.
Pensile, *a. see* **Pendent.**
Pension (pen'shun), *n.* ഉപകാരശമ്പളം, പെൻഷൻ, വാർഷികം; *v. t.* പെൻഷൻനൽകുക; **-er,** *n.* പെൻഷനർ.
Pensive, *a.* ചിന്താപരായണമായ, ചിന്താക്രാന്തമായ, ഉദാസീനമായ, വ്യാകുലമായ; **-ly,** *adv.* ചിന്തയോടെ, മനോവിചാരത്തോടെ, വിഷാദത്തോടെ; **-ness,** *n.* ചിന്താപരത, വിഷാദം, ഖേദം.
Pent, p. p. of pen; p. *a.* അടച്ചുവയ്ക്കപ്പെട്ട.
Pentachord, *n.* പഞ്ചതന്ത്രീവാദ്യം.
Pentagon, *n.* ഐങ്കോണം(ൺ), പഞ്ചഭുജം; **-al,** *a.* ഐങ്കോണമായ, പഞ്ചകോണമായ, പഞ്ചഭുജമായ.
Pentameter, *n.* പഞ്ചഗണശ്ലോകം.
Pentangular, *a.* ഐങ്കോണമായ, ഐമൂലയുള്ള, പഞ്ചകോണമായ.
Pentapetalous, *a.* അഞ്ചിതളുള്ള, പഞ്ചദലമായ.
Pentateuch (pen'tatūk), *n.* മോശയെഴു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിയ പഞ്ചഗ്രന്ഥങ്ങൾ, അഞ്ചുപുസ്തകം, പഞ്ചാഗമം.

Pentecost, *n.* ജൂതന്മാരുടെ ഒരു വാർഷികോത്സവം.

Penthouse, *n.* ചരിപ്പ്, ചായ്പ്, പന്തൽ.

Penult, Penultima, Penultimate, *n.* ഉപാന്ത്യാക്ഷരം, ഒടുവിലത്തേതിന്റെ മുൻപിലുള്ള അക്ഷരം; **-Penultimate,** *a.* ഉപാന്ത്യമായ, ഒടുവിലത്തേതിനുമുൻപിലുള്ള.

Penumbra, *n.* ഖണ്ഡഛായ, ഈഷച്ഛായ, അരുകൊളി, മങ്ങിയ നിഴൽ.

Penury, *n.* ഒന്നുമില്ലായ്മ, അതിദാരിദ്ര്യം, നിർധനത, ഗതികേട്; **-ious,** *a.* ഗതികെട്ട, ദീനമായ, നിർധനമായ, കൃപണമായ, കഷ്ടപ്പെട്ട.

Peon, *n.* പ്യൂൺ, ശിപായി, ഭൃത്യൻ, പദാതി.

People (pē'pl) *n.* ജനങ്ങൾ, ലോകം, ആളുകൾ, പ്രജകൾ, നാട്ടുകാർ, കുടികൾ, ജനപദന്മാർ; 'common p. ലോകർ, സാമാന്യജനങ്ങൾ'; കൂട്ടം, വർഗ്ഗം; സേവകജനങ്ങൾ, പരിവാരം; *v. t.* കുടിയേറുക, ആളേറിപാർപ്പിക്കുക, ജനങ്ങളെക്കൊണ്ടു നിറയ്ക്കുക, ജനാകീർണ്ണമാക്കുക.

Pepper, *n.* (മി) മുളക്, കുരുമുളക്, നല്ലമുളക്, മരീചം; 'long p. തിപ്പലി, പിപ്പലി'; *v. t.* മുളകുകൂട്ടുക; വെടിവയ്ക്കുക, മുറിവേൽപ്പിക്കുക.

Peppermint, *n.* ഒരു വാസനച്ചെടി, ഒരുവക കർപ്പൂരത്തുളസി; പെപ്പർമിട്ടായി.

Pepsin, *n.* ദഹനനീര്, ദീപനനീര്, ജഠരാഗ്നിനീർ, ജഠരരസസാരം.

Peptic, *n.* ദഹനമുണ്ടാക്കുന്ന മരുന്ന്; *a.* ദഹനകാരിയായ, ജീർണ്ണകാരിയായ.

Peracute, *a.* കടുത്ത, ചുട്ട, അതിതീക്ഷ്ണമായ, അതിതീവ്രമായ.

Peradventure, *adv.* ഒരുവേള, ഒരുപക്ഷേ, ആയേക്കാം.

Perambulate, *v. t.* ചുററിത്തിരിയുക, നടക്കുക, ഉലാവു(ത്തു)ക, പരിക്രമിക്കുക, പര്യടനംചെയ്യുക.

Per-annum, *adv.* പ്രതിവർഷം, ആണ്ടുതോറും.

Perceive (pėr-sēv'), *v. t.* ഉണരുക, കാണുക, ഗ്രഹിക്കുക, ഉപലഭിക്കുക, ബോധിക്കുക ദർശിക്കുക, നിരൂപിക്കുക; **-ed,** *a.* അറിഞ്ഞ, ജ്ഞാതമായ, ഗോചരമായ; **-er,** *n.* കാണുന്നവൻ, കാഴ്ചക്കാരൻ; **-Perceptible,** *a.* അറിയാവുന്ന, കാണാവുന്ന, വേദ്യമായ, പ്രത്യക്ഷമായ, ദൃഷ്ടിഗോചരമായ, വ്യക്തമായ, സുസ്പഷ്ടമായ; oft ex by വിഷയ, ഗോചര, ഗ്രാഹ്യ in comp; 'p. to the eye പ്രത്യക്ഷമായ, കൺകൊണ്ടു കാണാവുന്ന, ചക്ഷുർഗ്രാഹ്യമായ, ദൃഷ്ടിഗോചരമായ, ഇന്ദ്രിയവിഷയകമായ'; **-Perceptibly,** *adv.* പ്രത്യക്ഷമായി; **-Perception,** *n.* കാഴ്ച, ഉപലബ്ധി, ഗ്രഹണം, ബോധം, അവഗമനം, അനുഭവം, അറിവ്, ജ്ഞാനം, 'power of p. ഗ്രാഹകത്വം, ഗ്രഹണശക്തി, വിഷയാനുഭവം, ചൈതന്യം, ചിച്ഛക്തി'; **-Perceptive, -Percipient,** *a.* ഗ്രഹിക്കാവുന്ന, ഗ്രഹണക്ഷമമായ, വിഷയഗ്രഹണസമർത്ഥമായ, ചേതനമായ.

Percent, *adv.* നൂറുക്കു; (*Per centum*); **-Percentage,** *n.* നൂറുക്കു വീതക്കണക്ക്.

Perch, *n.* വാസയഷ്ടി, കിളിക്കോൽ, കോൽ; 16½ അടി നീളമുള്ള കോൽ; *v. i.* പക്ഷിയേപ്പോലെ കുത്തിയിരിക്കുക.

Perchance, *adv. see* **Perhaps.**

Percolate, *v. t.* വടികെട്ടുക, അരിക്കുക, ഇററിറവീഴ്ത്തുക; *v. i.* ഇററിററുവീഴുക, തുള്ളിതുള്ളിയായി ഒലിക്കുക; **-ion,** *n.* ഇററിററുവീഴൽ, ലവശഃക്ഷരണം, പൊഴിവ്.

Per contra, മറിച്ച്, നേരേതിരിച്ച്.

Percuss, *v. t.* തട്ടുക; **-Percussion** (-kush'un), *n.* തട്ടൽ, സമാഘാതം, സംഘട്ടം.

Per diem, ദിനമൊന്നുക്ക്.

Perdition, *n.* അഴിവ്, മുടിവ്, നാശം, ക്ഷയം; അധോഗതി, അധഃപാതം, നരകപാതം.

Perdu, Perdue, *a.* പ്രച്ഛന്നമായ, ഗൂഢമായ.

Perdurable, *a.* ഈടുനില്ക്കുന്ന, നിലനില്ക്കുന്ന, ചിരസ്ഥായിയായ.

Peregrinate, *v. i. see* **Trauel.**

Peremptory, *a.* സുനിശ്ചിതമായ, നിയതമായ, ഖണ്ഡിതമായ, അധികാരപരമായ, സ്പഷ്ടമായ; 'p. order അലംഘനീയാജ്ഞ, അടിയന്തിരകല്പന'; സ്ഥിരബുദ്ധിയായ; **-ily,** *adv.* സുനിശ്ചിതമായി, സു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്പഷ്ടമായി, ദൃഢനിശ്ചയപൂർവം; **-iness,** *n* തെളിച്ചം, ദൃഢനിശ്ചയം, ദൃഢത.

Perennial, *a.* ആണ്ടുമുഴുവനും ഉള്ള; വർഷം മുഴുവനും നില്ക്കുന്ന, നിത്യമായ, എന്നും കാണുമുള്ള.

Perfect, *a.* പരിപൂർണ്ണമായ, ദോഷമററ, നിശ്ചയമായ, പരിണതമായ, സമഗ്രമായ, അഖണ്ഡമായ, അക്ഷതമായ, പരമമായ, വിശിഷ്ടമായ, ഉത്തമമായ, അഭിജ്ഞമായ, പ്രവീണമായ; (in grammar) ലിട്; *v. t.* പൂർത്തിയാക്കുക, സമാപിപ്പിക്ക, നിർവ്വത്തിപ്പിക്കുക; **-er,** *n.* പൂർത്തിയാക്കുന്നവൻ, സമ്പാദകൻ, സാധകൻ; **-ness,** *n.* പൂർത്തി, പരിപൂർണ്ണത, സിദ്ധി, സമ്പന്നത, സമഗ്രത, അഖണ്ഡത, മുഴുപ്പ്, പരിപാകം, പരിണതി, ഉൽകൃഷ്ടത, വിശിഷ്ടത, പ്രകർഷം; നൈപുണ്യം, കൗശലം, വിജ്ഞാനം; ഗുണം, ഉത്തമഗുണം, ഉല്ക്കർഷം; **-ive,** *a.* സമ്പൂർണ്ണമാക്കാവുന്ന, മുഴുമിക്കാവുന്ന, സിദ്ധികരമായ; **-ly,** *adv.* എല്ലാം, സമഗ്രമായി, സമ്പൂർണ്ണമായി, മുഴുവൻ.

Perfidy, *n.* വിശ്വാസവഞ്ചന, ദ്രോഹം, ചതി, വിശ്വാസഘാതകം, കരാർതെററിക്കൽ, വഞ്ചന; **-ous,** *a.* സത്യസന്ധമല്ലാത്ത, വിശ്വാസവഞ്ചനയായ, വിശ്വാസഭഞ്ജകമായ, ശത്രുപക്ഷംചേന്ന, അനാര്യമായ; **-iously,** *adv.* വിശ്വാസവഞ്ചനയായി, കള്ളമായി, കൈതവമായി.

Perforate, *v. t.* തൊളയ്ക്കുക, ദ്വാരമിടുക, കിഴിക്കുക; **-ed,** *a.* കിഴിച്ച, ഓട്ടയിട്ട, വിദ്ധമായ, ഉൽകീർണ്ണമായ; **-ion,** *n.* തൊളപ്പ്, കിഴിപ്പ്, വേധം; തൊള, കിഴിഞ്ഞ, ഓട്ട, ഛിദ്രം, സുഷിരം; **-or,** *n.* ചെമ്മാന്റെ ഉളി, തമിർ, കതിരുളി, നാരായം, സൂചി.

Perforce, *adv.* ബലാല്ക്കാരമായി, വലിച്ച്, വലിച്ചുപിടിച്ച്

Perform, *v. t.* ചെയ്യുക, നിർവ്വഹിക്കുക, പൂർത്തിയാക്കുക; (on the stage) കളിക്കുക, നടിക്കുക, അഭിനയിക്കുക, പ്രയോഗിക്കുക; **-ance,** *n.* നിറവേററൽ, സാധനം, സാധിപ്പ്, കരണം, വിധാനം, അനുഷ്ഠാനം, ആചരണം; കാര്യം, പ്രവൃത്തി, ക്രിയ, കർമ്മം, കൃതി, ചേഷ്ട; പ്രയോഗം, അഭിനയം, നടനം, കളി; **-er,** *n.* നിറവേററുന്നവൻ, ചെയ്യോൻ, നിർവത്തകൻ; (of dramas) അഭിനേതാവ്, അഭിനയക്കാരൻ, നടൻ, കളിക്കാരൻ; വാദകൻ, (പാട്ടുകാരൻ, കൊട്ടുകാരൻ.)

Perfume, *v. t.* മണമുണ്ടാക്കുക, മണപ്പിക്കുക, നറുപുക പുകയ്ക്കുക, വാസനിപ്പിക്കുക, വാസനകൂട്ടുക, പരിമളമേററുക, ആമോദിപ്പിക്കുക; *n.* മണം, വാസന, ആമോദം, സുഗന്ധം, സൗരഭ്യം; (thing scented) ഗന്ധദ്രവ്യം, വാസനാദ്രവ്യം; (for the person) അനുലേപനം; **-ed,** *a.* സുവാസിതമായ, മണംപിടിപ്പിച്ച, സാമോദമായ, ധൂപിതമായ; **-er,** *n.* സുഗന്ധദ്രവ്യം വില്ക്കുന്നവൻ, ഗന്ധദ്രവ്യംപാരി, **-ery,** *n.* ഗന്ധദ്രവ്യം, ഗന്ധദ്രവ്യപാരം; **-ing,** *n.* മണംപുരട്ടൽ, വാസനം, അംഗരാഗം, ഗന്ധലേപം.

Perfunctory, *a.* അശ്രദ്ധയായ, അലക്ഷ്യമായ, നിരുത്സാഹമായ, പ്രമത്തമായ; **-ily,** *adv.* അശ്രദ്ധയായി, നിരുത്സാഹമായി; **-ness,** *n.* അശ്രദ്ധ, അനവധാനം, അനാസ്ഥ, നിരുത്സാഹത.

Perhaps, *adv.* ഒരുവേള, ഒരു സമയം.

Periapt, *n.* രക്ഷ, രക്ഷാകരണ്ഡം.

Pericardium, *n.* ഹൃദയകോശം, ഹൃദാശയം.

Pericarp, *n.* വിത്തുറ, പുറളി, ബീജകോശം.

Pericranium, *n.* കപാലാവരണം, തലയോട്ടിമൂടി.

Perigee, *n.* അധമചന്ദ്രായനം, ചന്ദ്രകലയിൽ ഭൂമിയോടടുത്തുള്ള സ്ഥാനം.

Perihelion, -helium, *n.* ഗ്രഹായനനീചഭാവം, സൂര്യ്യാഭാസം.

Peril, *n.* ആപത്ത്, അപായം, മോശം, ഭയം, സന്ദേഹം; *v. t.* ആപത്തിൽ പതിപ്പിക്കുക, സംശയത്തിൽ പതിപ്പിക്കുക; **-ous,** *a.* സന്നിഗ്ദ്ധമായ, സംശയഹേതുകമായ, ആപല്ക്കരമായ.

Period, *n.* കാലം, യുഗം, തവണ, കാലചക്രം, അന്തം, അവസാനം, വിരാമം, പൂർണ്ണവിരാമം; **-ic, -ical,** *a.* ക്ളിപ്തകാലങ്ങളിൽവരുന്ന, നിശ്ചിതകാലങ്ങളിൽ വരുന്ന, അനുകാലികം, നിയതകാലികം, സാമയികം; *n.* സാമയികപുസ്തകം, പത്രഗ്രന്ഥം, മാസിക, പത്രം, വർത്തമാനപ്പത്രം; **-ically,** *adv.* കാലാകാലത്തിൽ, നിയതകാലത്തിൽ, കാലാനുരൂപമായി, വേണ്ടപ്പോഴെല്ലാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Periosteum, *n.* അസ്ഥിത്വക്, എല്ലിൻതൊലി, അസ്ഥിപ്പാട.

Peripatetic, *a.* ചുററിനടക്കുന്ന, അങ്ങിങ്ങുനടക്കുന്ന, ഭ്രമണശീലമായ.

Periphery, *n.* ചുററം, ചുററളവ്, പരിവേഷം, പരിണാഹം, വട്ടം; നേമി.

Periphrase, Periphrasis, *n.* അതിവാക്ക്, അമിതവാക്ക്; വാഗ്വിസ്തരം, വാഗ്ബാഹുല്യം; *v. t.* പ്രപഞ്ചനംചെയ്ക, നീട്ടിപ്പറയുക, വിസ്തരിച്ചുപറയുക, വ്യാഖ്യാനിക്ക; **-Periphrastic,** *a.* ബഹുവാക്യമായ, അതിവാക്കായ; 'p. future ലൃട്'.

Perish, *v. i.* അഴിയുക, അററുപോകുക, ക്ഷയിക്കുക, മരിക്കുക; **-able,** *a.* നശിക്കുന്ന, നശ്വരമായ, ഭങ്ഗുരമായ; 'p. in a moment ക്ഷണികമായ, ക്ഷണഭംഗുരമായ'.

Peristyle, *n.* (വീട്ടുചുററിയുള്ള) തൂൺനിര, സ്തംഭപംക്തി, സ്തംഭശ്രേണി.

Peritoneum, *n.* ആന്ത്രവേഷ്ടനം.

Periwig, *n.* കള്ളത്തലമുടി, കൃത്രിമകേശം, കൃത്രിമത്തലമുടി.

Periwinkle, *n.* ഒരുവക ആംഗലചിപ്പി.

Perjure, *v. t.* കള്ളയാണയിടുക, കള്ളസത്യംചെയ്യുക, കൂടസാക്ഷ്യം ചെയ്യുക; **-ed, -er,** *a., n.* കള്ളസ്സത്യംചെയ്യുന്ന, കള്ളസ്സത്യംചെയ്യുന്നവൻ; **-y,** *n.* കള്ളസ്സത്യം, മിഥ്യാസാക്ഷ്യം.

Perk, -y, *a. see* **Saucy.**

Permanent, *a.* നിലനില്ക്കുന്ന, എന്നുമുള്ള. നിത്യമായ, സ്ഥിരമായ, ധ്രുവമായ, അക്ഷയമായ; **-ly,** *adv.* നിത്യമായി, സ്ഥിരമായി, ധ്രുവമായി; **-Permanence, -cy,** *n.* നിലനില്പ്, സ്ഥിരത. സ്ഥായിത്വം, നിത്യത, അക്ഷയത, സനാതനത്വം; പ്രതിഷ്ഠ, സ്ഥിതി.

Permeate, *v. t.* പരത്തുക (പരവുക), വ്യാപിപ്പിക്ക, പ്രവേശിപ്പിക്ക; **-ion,** *n.* വ്യാപ്തി, പരപ്പ്, പ്രവേശം, ഭേദനം; **-Permeable,** *a.* പരക്കുന്ന, വ്യാപ്യമായ, പ്രവേശ്യമായ.

Permit, *v. t.* അനുവദിക്ക, സമ്മതിക്ക, ആജ്ഞകൊടുക്ക; *n.* അനുവാദം, സമ്മതം, അനുജ്ഞ, ഉത്തരവ്; **-Permissible,** *a.* അനുവദിക്കത്തക്ക, സമ്മതിക്കത്തക്ക, അനുമന്തവ്യമായ, അനുജ്ഞാർഹമായ; ന്യായമായ, യുക്തമായ; **-Permission,** *n.* അനുജ്ഞ, അനുമതി; **-Permissive,** *a.* അനുജ്ഞാപ്രദമായ, അനുമതിനൽകാവുന്ന.

Permute, *v. t.* തിരിക്കുക, മറിക്കുക, മാറിമാറിവരുത്തുക, പരിവർത്തിപ്പിക്ക; **-ation,** *n.* തിരിപ്പ്, മാറിമാറിവരൽ, മാററം, വിനിമയം, പരിവൃത്തി, വ്യതിഹാരം; അങ്കപാശം.

Pernicious (pér-nish'us), *a.* കെടുക്കുന്ന, ഹാനികരമായ, അപകാരമായ, ദുഷ്ടമായ; **-ly,** *adv.* ഹാനികരമായി, അപകാരകമായി, ഹിംസ്രമായി.

Peroration, *n.* ഉപസംഹാരം, വിരാമവാക്യം.

Perpendicular, *a.* ചെങ്കുത്തായ, കുത്തനെയായ, മേൽകീഴായ്, നേരെയുള്ള, ലംബമായ, ഋജുവായ; *n.* ലംബം, ലംബരേഖ, കുത്തനവര; **-ly,** *adv.* കുത്തനെ, ലംബമായി, നേരേകീഴ്മേലായി.

Perpetrate, *v. t.* ചെയ്യുക, കുററംചെയ്യുക.

Perpetual, *a.* ഇടവിടാത്ത, നിലയ്ക്കാത്ത, നിത്യമായ, ശാശ്വതമായ, അവിച്ഛിന്നമായ, നിരന്തരമായ, അനന്തമായ; **-ly,** *adv.* ഇടവിടാതെ, നിത്യമായി, അവിരതമായി; **-Perpetuity,** *n.* നീണ്ടുനില്പ്, നിത്യത്വം, ചിരസ്ഥായിത, ആനന്ത്യം, നിത്യത, അവിരാമം, നൈരന്തര്യം; **-Perpetuate,** *v. t.* നിലനിർത്തുക, സ്ഥിരീകരിക്ക.

Perplex, *v. t.* കലക്കുക, കുഴക്കുക, വിഷമിപ്പിക്ക, മോഹിപ്പിക്ക, പരിഭ്രമിപ്പിക്ക, ക്ലേശിപ്പിക്ക; **-ed,** *a.* കുഴങ്ങിയ, കലങ്ങിയ, പാറിയ, വിഷമിപ്പിച്ച, സംഭ്രാന്തമായ, മൂഢമായ, കാതരമായ, കുഴപ്പത്തിലായ; **-ing,** *a.* കുഴങ്ങുന്ന, സന്ദിഗ്ദ്ധമായ, വിഷമമായ; **-ity,** *n.* കുഴക്കം, പരിഭ്രമം, വിഷമം, വ്യഗ്രത, ചിത്തവൈക്ലവ്യം, സന്ദേഹം.

Perquisite (per-kwi-zit), *n.* ബോണസ്, മേൽവരവ്, അധികലാഭം, പുരസ്കാരം.

Pers, *a.* ഇളനീലമായ.

Perscrutation, *n.* പര്യന്വേഷണം, ശോധപരിശോധനം.

Per se, തന്നത്താനെ, തന്നിലെ.

Persecute, *v. t.* ഉപദ്രവിക്കുക, പീഡിപ്പിക്ക, ക്ലേശിപ്പിക്ക, ബുദ്ധിമുട്ടിക്ക, അഭിദ്രവം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിക്ക, ഹിംസിക്ക; **-ion,** *n.* ബാധ, ഉപദ്രവം, പീഡനം, അഭിദ്രോഹം, ഹിംസ; **-or,** *n.* ഉപദ്രവകാരി, ഹിംസിക്കുന്നവൻ, കൊല്ലുന്നവൻ.

Persevere, *v. i.* വിടാതെചെയ്യുക, ഒരേനിലയിൽനിന്നുചെയ്യുക, നിഷ്ഠയോടെ പ്രവർത്തിക്ക നഷ്ടയായി ചെയ്യുക; **-ance,** *n.* സ്ഥിരപരിശ്രമം, സ്ഥിരോത്സാഹം, ഉത്സാഹം, അതിനിർബന്ധം, ഉറതിനില; അനവരതചേഷ്ട സർവ്വദാപ്രവൃത്തി; **-ing,** *a.* എപ്പോഴും പ്രവർത്തിക്കുന്ന, സ്ഥിരപരിശ്രമിയായ, നിർബന്ധശീലമായ; **-ingly,** *adv.* അഭിനിവേശത്തോടെ, ഉത്സാഹത്തോടെ.

Persiflage (-si-fläzh), *n.* പരിഹാസം, തെറി, കന്നത്തം കളിവാക്ക്, വിനോദം.

Persist, *v. i.* ഒരേപിടിയായിനില്ക്കുക, നിന്നനിലയിൽനില്ക്കുക, ആഗ്രഹത്തോടെ പ്രവർത്തിക്ക, അതിനിർബന്ധത്തോടെ ചെയ്യുക; **-ence, -cy,** *n.* നിർബന്ധം, സ്ഥിരനില, അഭിനിവേശം, ദൃഢാഗ്രഹം; **-ent,** *a.* തുടർന്നുചെയ്യുന്ന, ഒരേനിലയിൽനില്ക്കുന്ന, നിർബന്ധമുള്ള; **-ently,** *adv.* ആഗ്രഹത്തോടെ, നിർബന്ധത്തോടെ.

Person, *n.* ആൾ, മനുഷ്യൻ, പുരുഷൻ, നരൻ. ജനം, വ്യക്തി; ശരീരം, ദേഹം, കായം; രൂപം, ആകാരം, മൂർത്തി; പാത്രം; പുരുഷൻ (in grammar) 'in p. സ്വയം, തന്നത്താൻ, പ്രത്യക്ഷമായി'; **-able,** *a.* സ്വരൂപമായ, ശോഭനാകാരമായ, നല്ലവടിവുള്ള; **-age,** *n.* ആൾ പുരുഷൻ, ജനം, വ്യക്തി; ശ്രേഷ്ഠൻ, വിശിഷ്ടൻ, ശ്രേഷ്ഠജനം; **-al,** *a.* സ്വന്തമായ, വ്യക്തിഗതമായ; പ്രത്യേകആളിനെ സംബന്ധിച്ച; ശരീരികമായ, ദൈഹികമായ; 'p. beauty അംഗസൌഷ്ഠവം'; 'p. graces ശരീരലാവണ്യം'; 'p. union ശരീരസംബന്ധം'; 'p. attendant ആസന്നപരിചാരകൻ, സ്വന്തപരിചാരകൻ'; 'p attendance ശരീരശുശ്രൂഷ'; സ്വയംകൃതമായ, സ്വകൃതമായ, ആത്മകൃതമായ; 'for p profit സ്വന്തം ലാഭത്തിനായി, സ്വന്തം ഹിതത്തിനായി'; 'p. experience സ്വാനുഭവം,; ആളെ പറയുന്ന, പുരുഷ in comp; സ്ഥാവരമല്ലാത്ത, അസ്ഥാവരമായ, ജംഗമമായ; **-ality,** *n.* ആളേക്കുറിച്ചുള്ള സംസാരം, വ്യക്തിഗതാക്ഷേപം, പ്രത്യേകനിർദ്ദേശം, വ്യക്തി, പ്രത്യേകത, സത്വം; 'a man of p. സത്വവാൻ'; **-ally,** *adv.* തന്നത്താൻ, താൻതന്നെ, സ്വയം; വ്യക്തിഗതമായി, പ്രത്യേകമായി; **-Personate,** *v. t.* രൂപമെടുക്കുക, വേഷമെടുക്കുക or ധരിക്കുക; ഭാവനകാട്ടുക, അഭിനയിക്കുക, നടിക്കുക; **-ion,** *n.* വേഷധാരണം; അഭിനയം, നാടനം; **-or,** *n.* വേഷംകെട്ടിയവൻ, വേഷധാരി; അഭിനയക്കാരൻ, അഭിനേതാവ്; **-Personify,** *v. t.* ചേതനത്വമാരോപിക്കുക, ജീവനുള്ളതായി കല്പിക്കുക, ചേതനഭാവമാരോപിക്കുക, ഉപചരിക്കുക, ഔപചാരികമായിപ്പറയുക; **-ed,** *a.* ശരീരമുള്ള, മൂർത്തശരീരിയായ; **-ication,** *n.* ചേതനത്വാരോപം, ചേതനധർമ്മാരോപം, മനുഷ്യഗുണാരോപം, ഉപചാരം, oft ex. by പോലെ, 'p. of virtue ധർമ്മം മൂർത്തിമത്തായതു്'.

Personnel, *n.* ഉദ്യോഗസ്ഥന്മാർ.

Perspicacious, *a.* സൂക്ഷ്മദർശിയായ, തീക്ഷ്ണദൃഷ്ടിയായ; തീക്ഷ്ണബുദ്ധിയായ, കുശാഗ്രബുദ്ധിയായ; **-ness, -Perspicacity,** *n.* സൂക്ഷ്മദൃഷ്ടിത്വം, ദൃഷ്ടിസൂക്ഷ്മത; ക്രമബുദ്ധിത്വം.

Perspicuous, *a.* തെളിവായ, സ്പഷ്ടമായ, വിശദമായ, പ്രസന്നമായ, സുപ്രബോധമായ; **-ly,** *adv.* തെളിവായി, സ്പഷ്ടമായി; ഭിന്നമായി; **-ness, -Perspicuity,** *n.* തെളിവ്, സ്പഷ്ടത, പ്രസാദം.

Perspire (-pīr'), *v. i.* നീർപൊടിക്കുക, വിയക്കുക, സ്വേദിക്ക, പ്രസ്വേദിക്ക; *v. t.* വിയപ്പിക്കുക; **-ation,** *n.* സ്വേദനം, ഘർമ്മസ്രാവം; വിയർപ്പ്, സ്വേദം, സ്വേദോദകം; **-ing,** *a.* വിയക്കുന്ന, സ്വിന്നമായ.

Persuade (pér-swād'), *v. t.* അനുനയിക്കുക, അനുശാസിക്ക, പ്രോത്സാഹിപ്പിക്ക, ആകർഷിക്ക, വശപ്പെടുത്തുക; വിശ്വാസം ജനിപ്പിക്ക, സംശയം കളക, സമ്മതിപ്പിക്ക; **-ed,** *a.* അനുനയിക്കപ്പെട്ട, വിശ്വാസമുണ്ടാക്കിയ, ഛിന്നസംശയമായ, ജാതപ്രത്യയമായ; **-er,** *n.* പ്രവർത്തകൻ, പ്രോത്സാഹകൻ, നിയോജകൻ, പ്രേരകൻ; **-Persuasion,** *n.* അനുനയം, അനുശാസനം, ഉപദേശം, പ്രബോധനം, പ്രോത്സാഹനം; സംശയച്ഛേദം, ശങ്കാനിവൃത്തി, ദൃഢനിശ്ചയം, വിശ്വാസം, നിർണ്ണയം; മതം, മാർഗ്ഗം, സമ്പ്രദായം; **-Persua-**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

sive, Persuasory, *a.* അനുനയിപ്പിക്കുന്ന, അനുനയമായ, പ്രവൎത്തകമായ, ഹൃദയഗ്രാഹിയായ, ആകൎഷിയായ; വിശ്വാസമുളവാക്കുന്ന, സംശയഛിത്തായ.

Pert, *a.* ഇളക്കമുള്ള, സാമൎത്ഥ്യമുള്ള, ഉട്ടക്കുള്ള; ധൃഷ്ടമായ, കറമ്പുള്ള, അവിനീതമായ; **-ly,** *adv.* സാമൎത്ഥ്യത്തോടെ, ധൃഷ്ടതയോടെ, കറമ്പോടെ; **-ness,** *n.* സാമൎത്ഥ്യം, കറമ്പ്, ധാൎഷ്ട്യം.

Pertain, *v. i.* സംബന്ധപ്പെടുക, സംബന്ധിക്കുക, കൊള്ളുക, പറ്റുക.

Pertinacious, *a.* വിടാപ്പിടിയായ, നിൎബന്ധശീലമായ, സ്ഥിരപ്രതിജ്ഞമായ, ദൃഢമായ; **-ly,** *adv.* നിൎബന്ധത്തോടെ; **-ness, -Pertinacity,** *n.* നിൎബന്ധം, ആഗ്രഹം, മക്കട്ടമുഷ്ടി, ശാഠ്യം, അഭിനിവേശം, ദാൎഢ്യം, ധൈൎയ്യം.

Pertinent, *a.* തക്ക, പൊരുത്തമുള്ള, യുക്തമായ, യഥായോഗ്യമായ, യോഗ്യമായ; **-ly,** *adv.* യുക്തമായി, തക്കവണ്ണം, പ്രസ്താവസ്ദശമായി; **-Pertinence, -cy,** *n.* ചേച്ച, ഉപപത്തി, യോഗ്യത, യാഥാൎത്ഥ്യം, പ്രസ്തുതാനുസാരം.

Perturb, *v. t.* ഉലയ്ക്കുക, കലക്കുക, കുഴപ്പുക, സംക്ഷോഭിപ്പിക്ക, ആകുലീകരിക്കുക, **-ation.** *n.* ഉലച്ചിൽ, സംക്ഷോഭം, കലക്കം, കുഴപ്പം, തൊല്ല, പൎയ്യാകുലത്വം, ഉദ്വേഗം; **-ed,** *a.* ഉലഞ്ഞ, കലങ്ങിയ, കുഴഞ്ഞ, ക്ഷോഭിച്ച.

Peruke, *n.* *see* **Periwig.**

Peruse, *v. t.* വായിക്കുക; **-al,** *n.* വായന, പഠനം, ശോധന, വിമൎശനം.

Pervade, *v. t.* പരക്കുക, നിറക്കുക, വ്യാപിക്കുക, ഉൾപ്പുകുക, അഭിവ്യാപിക്ക, സൎവ്വത്ര പ്രവേശിക്ക, മൂൎച്ഛിക്ക; **-ing, -Pervasive,** *a.* പരക്കുന്ന, വ്യാപകമായ, വ്യാപിയായ; 'p. the whole body സൎവ്വാംഗീണമായ', **-Pervasion,** *n.* പരക്കൽ, അഭിവ്യാപ്തി, ആക്രമണം, മൂൎച്ഛനം.

Perverse, *a.* ചൊൽകേൾക്കാത്ത, മുരടായ, മൂൎഖമായ, വാമമായ, വിപരീതമായ, പ്രതികൂലമായ, വിലോമമായ, പ്രതിലോമമായ, വാമശീലമായ; **-ly,** *adv.* മുരട്ടസ്വഭാവത്തോടെ, വാമതയോടെ, പ്രതീപമായി; **-ness,** *n.* മുരടത്തം, പ്രതീപത, വാമത, വൈപരീത്യം, കൌടില്യം, ദുഷ്ടത; ദുശ്ശീലം.

Pervert, *v. t.* വികൃതിപ്പെടുത്തുക, കീഴ്മേൽ മറിക്കുക, തിരിക്കുക, തെററവഴിയേ നടത്തുക, നെറികേടായ്ചെയ്യുക, ദുൎവ്വിനിയോഗംചെയ്യുക, ദൂഷിപ്പിക്ക; **-er,** *n.* കീഴ്മേൽമറിച്ചുചെയ്യുന്നവൻ, നെറികേടായിച്ചെയ്യുന്നവൻ, വിപൎയ്യാസകാരി; **-ing,** *a.* തിരിക്കുന്ന, നെറികേടായ്ചെയ്യുന്ന, വിപൎയ്യാസകാരിയായ; **-Perversion,** *n.* വികൃതി, വിക്രിയ, തിരിവ്, വിപൎയ്യയം, കാലുഷ്യം

Pervious, *a.* വ്യാപിക്കത്തക്ക, പരക്കത്തക്ക, ഭേദ്യമായ, പ്രവേശ്യമായ, ഉള്ളിൽകടക്കത്തക്ക.

Pesage, *n.* തൂക്കക്കൂലി.

Pessary, *n.* ഗൎഭാശയാധാരം.

Pessimist, *n.* അധമഭാവനക്കാരൻ, ദോഷചിന്തകൻ, ദുഃഖൈകദൃക്; **-Pessimism,** *n.* എല്ലാം അധമമെന്നവാദം, ദോഷചിന്ത, ദുഃഖൈകദൃഷ്ടിത്വം.

Pest, *n.* പെരുമാരി, സാംക്രമികമഹാരോഗം, മാരകം, ആധി; **-er,** *v. t.* ബാധിക്ക, ഉപദ്രവിക്ക, പീഡിപ്പിക്ക; **-ilence,** *see* (*n*). above; **-iferous, -ilential,** *a.* കൊല്ലുന്ന, നശിപ്പിക്കുന്ന, വിനാശകരമായ, ഉപദ്രവിക്കുന്ന, പീഡാകാരിയായ.

Pestle, *n.* ഉലക്ക, കുഴവിക്കൽ; *v. t.* ഉലക്കകൊണ്ടു കുത്തുക; ഇടിക്കുക etc.

Pet, *n.* ഈഷൽകോപം, മുൻകോപം, കോപാവേശം; ചെല്ലം, ചെല്ലജന്തു, പ്രേമാസ്പദം, ക്രീഡാമൃഗം; *a.* പ്രിയമായ, ചെല്ലമുള്ള, ചെല്ലമായ, വല്ലഭമായ; *see* **Favourite;** *v. t.* ചെല്ലംകൊഞ്ചിക്കുക, ലാളിക്കുക, ഓമനിക്കുക.

Petal, *n.* ഇതൾ, ദലം, പത്രം; **-ed, -ous,** *a.* ദളമുള്ള, ഇതളുള്ള.

Petition, *v. t.* അൎത്ഥിക്ക, അഭ്യൎത്ഥിക്ക, യാചിക്ക, അറിയിക്ക, അപേക്ഷിക്ക, നിവേദനംചെയ്ക; *n.* അപേക്ഷ, അഭ്യൎത്ഥന, യാച്ഞ, നിവേദനം, വിജ്ഞാപന; പ്രാൎത്ഥനാപത്രം; **-er,** *n.* അപേക്ഷക്കാരൻ, അൎത്ഥി, യാചകൻ, നിവേദകൻ, കാൎയ്യാൎത്ഥി.

Petrify, *v. t.* കല്ലാക്കുക, കല്ലിപ്പിക്കുക, കഠിനീകരിക്ക, കട്ടിയാക്കുക, ജഡീകരിക്ക; *v. i.* കല്ലിക്കുക; **-action,** *n.* കല്ലിക്കൽ, കല്ലിച്ചസാധനം.

Petroleum, *n.* പെററോളിയം, ശിലാതൈലം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Petrology, *n.* കല്ലുശാസ്ത്രം, അശ്മവിദ്യ.
Petticoat, *n.* സ്ത്രീകളുടെ അടിമുണ്ട്, പാവാട; 'p. government സ്ത്രീശാസനം, പെൺഭരണം';'under p. government സ്ത്രീജിതൻ, സ്ത്രീവശൻ, അച്ചിക്കോന്തൻ'.
Pettifogger, *n.* കടിവക്കീല്, ക്ഷുദ്രവൃത്തി, അധമവൃത്തി; **-y,** *n.* തന്ത്രം, പിത്തലാട്ടം, ജാട, സൂത്രം.
Pettish, *a.* കോപഗുണമുള്ള, കക്കശമായ, പരുഷസ്വഭാവമായ; **-ly,** *adv.* കക്കശമായി, പരുഷമായി; **-ness,** *n.* ചിനപ്പ്, കാക്കശ്യം, സ്വഭാവപാരുഷ്യം.
Petty, *a.* അല്പമായ, നിസ്സാരമായ, ചെറുതായ, ക്ഷുദ്രമായ, ലഘുവായ.
Petulant, *a.* കുറുമ്പുള്ള, കോപശീലമുള്ള, കക്കശമായ, ദുശ്ശീലമായ; അവിനീതമായ, ധാർഷ്ട്യമുള്ള; **-ly,** *adv.* കക്കശമായി, ദുശ്ശീലമായി, പ്രദീപമായി, ധൃഷ്ടമായി; **-Petulance,** *n.* പ്രദീപത, കക്കശത, ദുശ്ശീലം, ധൃഷ്ടത.
Pew (pū), *n.* പള്ളിയിൽ എഴുതിയിട്ട ഇരിപ്പുസ്ഥലം.
Pewter, *n.* കല്ലീയം, ഒരുവക ഓട്ട്.
Phaeton (fā'tun), *n.* മേൽഭാഗംതുറന്ന നാലുചക്രക്കുതിരവണ്ടി, ഫീറ്റൺവണ്ടി.
Phalanx (fa'langks), *n.* പടയണി, സേനപ്പന്തി, വ്യൂഹം; വിരലെല്ല്.
Phallus, *n.* ലിങ്ഗം (മതപരമായി ആരാധിക്കുന്ന പ്രകൃതിയുടെ ഉത്ഭവശക്തിയുടെ അടയാളം); **-Phallic,** *a.* ലിങ്ഗസംബന്ധമായ.
Phantasm, *n.* നിഴൽ, ഛായ, മായ, മനോരഥസൃഷ്ടി.
Phantasmagoria, *n.* മായാജാലം.
Phantasy *n. see* **Fancy.**
Phantom, *n.* തോറ്റം, പ്രേതം, അറുകൊല, ഭൂതം, വേതാളം, പിശാചം; ഭ്രമം, മായ; ആഭാസം, ഭാസം, മനോരഥസൃഷ്ടി.
Pharisee, Pharisaic, *n. a. see* **Hyporite.**
Pharmaceutical, *a.* മരുന്നുണ്ടാക്കും തൊഴിലിനോസംബന്ധിച്ച.
Pharmaceutics (-su'tiks), *n.* sing, മരുന്നുണ്ടാക്കുന്ന മുറ.
Pharmocopaeia, *n* ഔഷധിതത്വശാസ്ത്രം.
Pharmacy, *n.* ഔഷധിക്രിയാവിദ്യ, മരുന്നുണ്ടാക്കുന്ന മുറ.
Pharos, *n.* ദീപസ്തംഭം, വിളക്കുമരം.
Phase (fāz), **Phasis,** *n.* ദർശനം, തോന്നൽ, വസ്തു, വസ്തു തോന്നപ്പെടുന്ന രൂപം; കല; (point of view) ദൃഷ്ടി; *see* **View.**
Pheasant, *n.* ഒരുതരം വാൻകോഴി.
Phenomenon, *n.* തോന്നൽ, തോറ്റം, ഗോചരവസ്തു, ദർശനം, ആരാഞ്ഞറിഞ്ഞ വിഷയം, സംഭവം, അൽഭുതം; **-Phenomenal,** *a.* കാണപ്പെടുന്ന, അകാരണമായ, ആശ്ചര്യമായ.
Phenyl (fe'nil), *n.* ദുർഗ്ഗന്ധവാരിണി (മരുന്നു).
Phial, *n.* ചെറുകുപ്പി.
Philander, *v. i.* സ്ത്രീജനസമാഗമമഭ്യസിക്കുക, സ്ത്രീസേവചെയ്യുക, പെണ്ണാട്ടുക, വിലസുക, വിലാസംകാട്ടുക, സ്ത്രീലോലതാംകാട്ടുക; *n.* സ്ത്രീലോലൻ.
Philanthropy, *n.* മനുഷ്യപ്പാറ്, മനുഷ്യദയ, ലോകാനുരാഗം, ഭൂതദയ, സർവ്വഭൂതദയ, വിശ്വസൌഹൃദം; **-ic, -ical,** *a.* ലോകോപകാരബുദ്ധിയുള്ള, അൻപുള്ള, ഭൂതദയയുള്ള; **-ist,** *n.* ലോകോപകാരി, മനുഷ്യസ്നേഹി, വിശ്വസുഹൃത്.
Philippic, *n.* ദൂഷണപ്രസംഗം, ഭർത്സനവാക്യം, നിന്ദാത്മകപ്രബന്ധം.
Philology, *n.* ഭാഷാതത്വം, ഭാഷാശാസ്ത്രം, ശബ്ദവ്യുല്പത്തിശാസ്ത്രം, ശബ്ദശാസ്ത്രം; **-er, -ist,** *n.* ശാബ്ദികൻ, ഭാഷാതത്വജ്ഞൻ; **-ical,** *a.* ശാബ്ദികമായ, ശബ്ദശാസ്ത്രസംബന്ധമായ.
Philomath, *n.* വിദ്യാപ്രിയൻ, ജ്ഞാനഭക്തൻ; **-y,** *n.* വിദ്യാസേവനം.
Philomel, Philomela, *n.* രാപ്പാടി, നയിററിങ്ങേല്പക്ഷി.
Philosophy, *n.* തത്വങ്ങൾ, ദർശനം; തത്വജ്ഞാനം, വിജ്ഞാനം, തത്വവിദ്യ, തത്വശാസ്ത്രം, തത്വം, ജ്ഞാനം, ശാസ്ത്രം; 'moral p. നീതിശാസ്ത്രം'; 'logical p. തക്കശാസ്ത്രം, തക്കവിദ്യ'; **-er,** *n.* ദർശനജ്ഞൻ, തത്വവിത്, തത്വജ്ഞാനി, താത്വികൻ, ജ്ഞാനി, പണ്ഡിതൻ, ജ്ഞാനനിഷ്ഠൻ; 'p s stone ചിന്താമണി, സ്പർശമണി'; **-ic, -ical,** *a.* തത്വ, ദർശന; in comp., ദാർശനികം; തത്വജ്ഞാനപരമായ, ജ്ഞാനപരമായ; **-ically,** *adv.* ദർശനാനുസാരേണ, തത്വമനുസരിച്ച്; **-ize,** *v. i.* വേദാന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരിക്കുക (in a bad sense), തത്വം നിരൂപിക്കുക.

Philter, Philtre, *n.* സ്ത്രീവശ്യം, മന്ത്രൌഷധം, വശീകരണചൂൎണ്ണം; *v. t.* വശ്യം ചെയ്യുക.

Phiz, *n. see* **Face.**

Phlebotomy, *n.* രക്തം കത്തിവാക്കൽ, സിരാവേധം, രക്തമോക്ഷണം.

Phlegm, *n.* കോഴ, കഫം, ശ്ലേഷ്മം, മാന്ദ്യം, ജാഡ്യം; **-atic,** *a.* കഫപ്രകൃതിയായ, ബഹുകഫമായ; ശ്ലേഷ്മജനകമായ; കഫത്തിൽനിന്നുണ്ടായ, ശ്ലേഷ്മജമായ; ജഡമായ, മന്ദമായ, ശീതമായ, തണുത്ത, ഉദാസീനമായ, ഉപേക്ഷയായ.

Phonetic, *a.* സ്വരസംബന്ധിയായ, സ്വരസംവാദിയായ, സ്വര, ധ്വനി, in comp; **-Phonetics, Phonics,** *n.* സ്വരശാസ്ത്രം, ധ്വനിവിദ്യ.

Phonograph, *n.* സ്വരലേഖനയന്ത്രം.

Phosphorus (fos'forus), *n.* ഫാസ്ഫറസ്സ്, നീപാഗ്നി, ദീപ്പാഷാണം; **-Phosphorescent,** *a.* മിന്നുന്ന, തിളങ്ങുന്ന, ഇരുട്ടിൽ വിളങ്ങുന്ന, സ്ഫുരൽപ്രകാശമുള്ള.

Photograph, *n.* ഛായാപടം; **-Photography,** *n.* ഛായാപടലേഖനം, കിരണലേഖനം.

Photogravure, *n.* ലോഹഛായ, ചിത്രമുദ്രണം.

Phrase (frāz), *n.* വാക്യം, വചനം, പദം, വാക്യാംശം; *v. t.* വിളിക്കുക, നാമകരണംചെയ്യുക, ഉദ്ദേശിക്കുക; **-Phraseology,** *n.* വാക്യബന്ധം, വാചകരീതി, ഭാഷാരീതി, ഭാഷാസരണി, വാഗ്രീതി; 'dramatic **p.** നാട്യോക്തി, നാട്യപരിഭാഷ'.

Phrenetic, *a.* വെറിപിടിച്ച, ഉന്മത്തമായ, ചിത്തഭ്രമമായ; *see* **Frantic; -Phrenetis,** *n.* സന്നിപാതജ്വരം, ഉന്മാദം.

Phrenology, *n.* കപാലസാമുദ്രികം, മസ്തിഷ്കവിദ്യ.

Phthisis (thi'sis), **Phthisic** (tiz'ik), *n.* ക്ഷയം, ക്ഷയരോഗം, രാജയക്ഷ്മാവ്.

Phylactery (fi-), *n.* രക്ഷ, രക്ഷാകരണ്ഡം, യന്ത്രം, രക്ഷാകവചം.

Physic, *n.* വൈദ്യം, ചികിത്സ, മരുന്ന്, ഔഷധം; *v. t.* ചികിത്സിക്കുക, ഭേദമാക്കുക, സ്വസ്ഥപ്പെടുത്തുക; **-ian,** *n.* വൈദ്യൻ, ഭിഷക്, രോഗഹാരി; **-Physical,** *a.* ആകാരത്തോടുകൂടിയ, സ്ഥൂലമായ, ജഡമായ, *see* **Material;** അവയവസംബന്ധമായ, ശരീരസംബന്ധമായ; 'p. strength ശരീരബലം'; 'p. substance സ്ഥൂലദ്രവ്യം, സ്ഥൂലവസ്തു'; ഔഷധസംബന്ധമായ, മരുന്നുസംബന്ധിച്ച; 'p science (physics) പദാൎത്ഥവിജ്ഞാനം, പദാൎത്ഥശാസ്ത്രം; **-y,** *adv.* പ്രകൃത്യാ, സ്വാഭാവികമായി, ജന്മനാ; *see* **Naturally.**

Physiognomy, *n.* ആകൃതി, മുഖഭാവം, വദനാകൃതി, മുഖം, വദനം; മുഖലക്ഷണനിരൂപണം; **-ist,** *n.* മുഖസാമുദ്രികൻ, മുഖലക്ഷണംകൊണ്ടു ഫലം പറയുന്നവൻ.

Physiography, *n.* ഭൂവൎണ്ണനം.

Physiology, *n.* ജീവശാസ്ത്രം, പ്രാണ്യോഷധിജീവനശാസ്ത്രം.

Physique, *n.* ശരീരസ്ഥിതി, ദേഹക്കൂറ്.

Piacular, *a.* പാപനാശിയായ.

Pianoforte (pi'ä'no-for-ta), **Piano,** *n.* സ്വരമണ്ഡലം, ഗീതപ്പെട്ടി, കിന്നരം, പിയാനോ.

Piazza, *n.* വരാന്ത, വേദിക, നടപ്പുര.

Pica, *n.* ഒരുതരം ചെറിയ അച്ചെഴുത്ത്.

Picaroon, *n.* കടൽകള്ളൻ.

Pice, *n.* പൈസ.

Pick, *v. t.* പെറുക്കുക, തിരിഞ്ഞെടുക്കുക, ശേഖരിക്കുക, പറിക്കുക, flower etc. ശോധിക്കുക; മോഷ്ടിക്കുക, തിരുടുക; (up) എടുക്കുക; 'p. a bone അസ്ഥിമാംസം ചവയ്ക്കുക'; 'p. out പറിച്ചെടുക്കുക'; 'p. the pocket മടിശ്ശീലതപ്പുക, കീശതപ്പുക, മോഷ്ടിക്കുക'; *n.* പാര, കട്ടപ്പാര; ഉത്തമമായതു്, വിശിഷ്ടഭാഗം; വരണം, ഉദ്ധാരം; **-ing,** *n.* എടുക്കൽ, ഉദ്ധരണം, ഉദ്ഗ്രഹണം.

Pickaxe, *n.* കട്ടപ്പാര, ക്രമ്പൻകോടാലി.

Picket, *n.* മരക്കൊളുത്ത്, മരക്കുടുക്ക്; സേനാരക്ഷ, പടക്കാവൽ.

Pickle, *n.* ഉപ്പിലിട്ടതു്; *v. t.* ഉപ്പിലിടുക.

Picklock, *n.* കള്ളത്താക്കോൽ; തിരുടൻ, കള്ളൻ.

Picnic, *n.* വിഹരണം, വനഭോജനം.

Picota, *n.* ഏറാം.

Pictorial, *a.* പടങ്ങളാകൊണ്ടലങ്കരിച്ച, സചിത്രമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Picture, *n.* ചിത്രം, പ്രതിമ, പ്രതികൃതി, പ്രതിച്ഛായ; വർണ്ണനം; 'p. board ചിത്രഫലക'; 'p. frame ചിത്രാവരണം'; 'p. gallery ചിത്രാവലി, ചിത്രശാല'; 'p. maker ചിത്രകാരൻ'; *v. t.* മനസ്സിൽ വിചാരിക്കുക; പടംവരയ്ക്കുക, ആലേഖിക്കുക, വർണ്ണിക്കുക; **-ed,** *a.* പടമാക്കിയ, വരച്ച, ചിത്രഗതമായ, ചിത്രാർപ്പിതമായ; മനസ്സുകൊണ്ടു കല്പിച്ച; **-Picturesque** *a.* പടംപോലെയുള്ള, ചിത്രോപമമായ, വിചിത്രമായ, പലവർണ്ണമായ, സുന്ദരമായ, ശിങ്കാരമായ.

Piebald (pi'bawld), *a.* പലവർണ്ണമായ, *see* **Variegated.**

Piece (pēs), *n.* തുണ്ടം, പകുതി, അംശം, ഒട്ട്, കുറെ; മാതിരിവസ്തു; തോക്ക്; നാണയം; ഓളവ്; *v. t.* ചേർക്കുക, സന്ധാനംചെയ്യുക; **-less,** *a.* അഖണ്ഡമായ, മുറിയാത്ത; **-Piecemeal,** *adv.* ഖണ്ഡംഖണ്ഡമായി, തുണ്ടുതുണ്ടായി, പ്രത്യേകം പ്രത്യേകമായി; *a.* തുണ്ടായ.

Pied, *a. see* **Veriegated.**

Pier, *n.* വിൽതാങ്ങി, അലതാങ്ങി, കാല്; മുട്ട്, താങ്ങ്, കടൽപ്പാലം, സേതുബന്ധം, സ്തംഭം, വപ്രം.

Pierce (pērs), *v. t.* കിഴിക്കുക, കോർക്കുക, തൈക്കുക, കുത്തിക്കയറുക, തൊളയ്ക്കുക; **-ed,** *a.* തൊളച്ച, കിഴിച്ച, കോർത്ത, നിർഭിന്നമായ; **-er,** *n.* കിഴിക്കുന്നവൻ, വേധകൻ, ഭേദകൻ; സൂചി, വേധനി, തൊളകോൽ; **-ing,** *a.* കിഴിക്കുന്ന, ഛേദിയായ; പരുഷമായ, കർക്കശമായ; മുനയുള്ള; *n.* തൊളപ്പ്, കിഴിപ്പ്, നിർഭേദം.

Piety, *n. see* under **Pious.**

Pig, *n.* പന്നി, പന്നിക്കുട്ടി, സൂകരം; ലോഹപാളം, ലോഹപിണ്ഡം; 'p. iron ഇരുമ്പുപാളം, വാറിരുമ്പ്'; 'p. headed മന്ദബുദ്ധിയായ, സ്ഥൂലബുദ്ധിയായ'; **-gish,** *a.* പന്നിക്കു തുല്യമായ, സൂകരോപമമായ; **-Piggery,** *n.* പന്നിക്കൂട്, സൂകരാലയം.

Pigeon (pijun), *n.* മാടപ്പിറാവ്, കപോതം; 'p. hearted ഭീരുഹൃദയമായ, കാതരഹൃദയമായ, പേടിച്ചു കിടുകിടുത്ത ഉള്ള'; 'p. hole കപോതബിലം'; 'p. house, p. cot കപോതപാലിക, വിടങ്കം'.

Pigment, *n.* വർണ്ണം.

Pigmy, Pygmy, *n.* കുള്ളൻ, മുണ്ടൻ, ഹ്രസ്വൻ, വാമനൻ.

Pike, *n.* ഈട്ടി, വേൽ, ചവളം; കോലാച്ചിമീൻ, കോക്കോല.

Pilaster, *n.* ചതുരത്തൂൺ ചുവരിൽനിന്നു ന്തിനില്ക്കുന്ന ചതുരത്തൂൺ.

Pile, *n.* കുവിയൽ, ക്രമ, രാശി, പുംജം, കൂട്ടം; ചിത, പട്ടട; തൂണ്, സ്തംഭം; കെട്ടിടം, ഹർമ്മ്യം, ഭവനം, മഹാമന്ദിരം; ഊന്ന്; *v. t.* ക്രമയാക്കുക, കുമ്പാരമാക്കുക, രാശീകരിക്കുക.

Piles (pīlz), *n.* pl. അർശസ്, മൂലവ്യാധി, ഗുദാങ്കുരം.

Pilfer, *v. t.* ചെറുകളവുചെയ്യുക, തട്ടിക്കുക, തിരുട്ടുക, കക്കുക; **-er,** *n.* തിരുടൻ, കള്ളൻ, മോഷ്ടാവ്, ചോരൻ.

Pilgrim, *n.* തീർത്ഥയാത്രക്കാരൻ, യാത്രികൻ; **-age,** *n.* തീർത്ഥയാത്ര, തീർത്ഥാടനം; 'p. of pilgrim തീർത്ഥം, പുണ്യസ്ഥാനം, പുണ്യസ്ഥലം'.

Pill, *n.* ഗുളിക, വടിക, ഉണ്ട.

Pillage, *n.* കൊള്ള, ലുണ്ഠനം; *v. t.* കൊള്ളചെയ്ക; **-er,** *n.* കൊള്ളക്കാരൻ, ലുംഠകൻ.

Pillar, *n.* കൽത്തൂൺ, കൽച്ചുമടുതാങ്ങി.

Pillory, *n.* ദണ്ഡനാചക്രം, മുക്കാലി, മുക്കോൺചട്ടം.

Pillow, *n.* തലയണ, മെത്ത, ഉപധാനം, ഉപബർഹം; *v. t.* തലയണയാക്കുക.

Pilose, Pilous, *a.* രോമമുള്ള, രോമംനിറഞ്ഞ, ലോമശമായ; **-Pilosity,** *n.* രോമവാശ്യ്, രോമപ്രാചുര്യം.

Pilot, *n.* കപ്പലോടിക്കുന്നവൻ, കർണ്ണധാരൻ, വിമാനമോടിക്കുന്നവൻ, പയിലട്ട്, വൈമാനികൻ, നാവികൻ, വഴികാട്ടി, നയിക്കുന്നവൻ; *v. t.* മാർഗ്ഗംകാട്ടുക, **-age,** *n.* ചുക്കാൻകൂലി, കർണ്ണികവേതനം.

Pimp, *n.* കൂട്ടികൊടുക്കുന്നവൻ.

Pimple, *n.* മുഖപ്പുരു, മുഖക്കുരു, രക്തസ്ഫോടം; **-ed, -y,** *a.* സസ്ഫോടമായ, മുഖപ്പുരുവുള്ള.

Pin, *n.* മൊട്ടുസൂചി; *v. t.* സൂചികുത്തിച്ചേർക്കുക.

Pincers, Pinchers, *n.* pl. കുടിൽ, ചവണ, കങ്കമുഖം.

Pinch, *v. t.* കിള്ളുക, നുള്ളുക, പിച്ചുക, ഞെരടുക; *n.* പിച്ച്, നുള്ള്, ഞെരട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pine, *n.* ദേവതാരുമരം, സരളം; *v. i.* മ്ലാനീഭവിക്ക, വാടുക, ക്ഷയിക്കുക; ഉൽകണ്ഠപ്പെടുക; **-ing,** *n.* വാട്ടം, മ്ലാനി, അവസാദം, ഉൽകണ്ഠ; *a.* വാടിയ, മ്ലാനമായ, ക്ഷീണമായ, വിഷണ്ണമായ, ഉത്സുകമായ.

Pinfold, *n.* മാട്ടിൻതൊഴുത്തു്, പവുണ്ടു്.

Pinion (pin'yun), *n.* ചിറക, കൈത്തള; *v. t.* ചിറകുകളെ മടക്കിക്കെട്ടുക, കൈകളെ മടക്കിക്കെട്ടുക.

Pink, ഒരുവക പൂവു്; ഇളംചവപ്പു്, പാടലവർണ്ണം; അററം, അഗ്രം, ശിഖരം, പരംകാഷ്ഠ, ഇളംചുവപ്പായ; *v. t.* തൊളയ്ക്കുക, തൊളയിടുക, അരിക പല്ലുപല്ലായി മുറിക്കുക; കുത്തുക.

Pinmoney, *n.* ഭാൎയ്യയ്ക്കു സ്വകാൎയ്യച്ചെലവിനുള്ള പണം.

Pinnace, *n.* ചെറുതോണി, ചെറുപടവു്.

Pinnacle, *n.* മച്ചു്, ആട്ടം, പ്രാസാദാഗ്രം, ഹൎമ്മ്യം; ഉച്ചി, ശിഖരം, കൊടുമുടി, ശൃംഗം.

Pint, *n.* പന്ത്രണ്ടൌൺസ്.

Pioneer, *n.* മുൻഗാമി, മുമ്പേ പോകുന്നവൻ, മാൎഗ്ഗദൎശകൻ, അഗ്രേസരൻ; വഴി തെളിക്കുന്നവൻ; *v. t.* വഴിവെയ്ക്കുക, മുൻനടക്കുക, പടയ്ക്കു വഴികൊടുക്ക.

Pious, *a.* ദൈവഭക്തിയുള്ള, ഭയഭക്തിയുള്ള, ധാൎമ്മികമായ, പുണ്യശീലമായ; 'p. action ധൎമ്മക്രിയ'; ഭക്തിമൂലകമായ'; **-ly,** *adv.* ഭക്തിയോടെ, ദൈവഭക്തിയോടെ; **-ness, -Piety,** *n.* ദൈവഭക്തി, പുണ്യശീലം, ഭക്തി, ധൎമ്മനിഷ്ഠ; 'distinguished for p. ധൎമ്മപ്രധാനമായ; പിതൃസേവ പുത്രധൎമ്മം'.

Pip, *n.* പഴത്തിന്റെ അരി, വിത്തു്, ബീജം; പുള്ളി, പൊട്ടു്, ബിന്ദു, അങ്കം; പുള്ളകളുള്ളവരുന്ന ഒരുമാതിരി സുഖക്കേടു്.

Pipe, *n.* മാളി, കുഴൽ, ഓടൽക്കുഴൽ, വേണു, സുഷിരം; ഓവു്, പ്രണാളി; 'water p. നീൎക്കുഴൽ, ജലക്കുഴൽ'; *v. i.* കുഴലൂതുക, ഓടക്കുഴൽ വായിക്കുക; **-er,** *n.* കുഴൽകാരൻ, വാംശികൻ, വേണുധ്മം.

Pipkin, *n.* മൺപാന, മൺകലം.

Piquant (pē'kant), *a.* കാരമായ, കടുപ്പമായ, ഉഗ്രമായ; പ്രഖരമായ; മിഷ്ടമായ, സ്വാദുവായ, രുചിയുള്ള; **-Piquancy,** *n.* എരിവു്, കാരം, രൂക്ഷത; രസം.

Pique (pēk), *n.* എരിച്ചൽ, കോപം, കലി, കലഹം, ഈൎഷ്യൽകോപം; *v. t.* അല്പം കോപിപ്പിക്കുക, രോഷിപ്പിക്കുക; ഉത്തേജിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക; (തന്നത്താൻ) അഭിമാനിക്കുക, വികത്ഥനംചെയ്യുക.

Pirate, *n.* കടൽകള്ളൻ, സമുദ്രദസ്യു; *v. t.* കടലിൽ കപ്പൽകൊള്ളയിടുക, കടൽകൊള്ളചെയ്യുക; **-Piracy,** *n.* കടൽകളവു്, കപ്പൽകൊള്ള; **-Piratical,** *a.* സാഹസമായ, സാഹസികമായ.

Piscator, *n. see* **Fisherman.**

Pisces (pis'ēz), *n.* മീനംരാശി, മീനരാശി.

Pish, *intj.* ച്ഛീ, ഛീച്ഛി.

Piss, *n.* മൂത്രം, മേഹം; *v. t.* മൂത്രമൊഴിക്കുക.

Pistil, *n.* ഗൎഭകേസരം.

Pistol, *n.* കൈത്തോക്കു്, ചെറുതോക്കു്.

Piston, *n.* കുഴലുലക്ക, ചണ്ടുകുഴവി, ഒരു കുഴലിൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങുന്ന ഉരുള.

Pit, *n.* കുഴി, അഗാധം, താഴ്ച, പള്ളം; 'p. coal കല്ക്കരി'; 'p. fall പടുകുഴി, കുടുക്കു്, കെണി, ഗൂഢഗൎത്തം'; 'p. head ഖനിമുഖം'; 'p. hole കുഴി, വസൂരിക്കല'; 'p. man തുരങ്കം പണിയുന്നവൻ. ഈൎച്ച്വാളു പിടിത്തത്തിൽ താഴെയിരിക്കുന്നവൻ'; *v. t.* കുഴിയിട്ടു കുറിക്കുക, കുഴിച്ചു അടയാളംകൊടുക്കുക, തമ്മിൽതല്ലിക്കുക, ശണ്ഠപിണയ്ക്കുക.

Pit-a-Pat, *adv.* തുടപടാന്നു്.

Pitch (pich), *n.* കീലു്; കയററം, ഇറക്കം, കാഷ്ഠ; പരിണാമം, നില; മടി, ഉത്സംഗം; സ്വരം; 'mineral p. ശിലാജതു; *v. t.* നാട്ടുക, സ്ഥാപിക്കുക; എറിയുക; *v. i.* ഇറങ്ങുക, അവതരിക്കുക; തലകീഴായി വീഴുക; പൊങ്ങുകയും താഴുകയും ചെയ്യുക, തത്തുക; **-y,** *a.* കീലു്പുരട്ടിയ, സൂചിഭേദ്യമായ, കറുത്ത.

Pitchdark, *a.* കറുകറാകറുത്ത, ഗാഢാന്ധകാരമായ, കാരിരുളായ.

Pitcher, *n.* പിടിയുള്ള പാത്രം, കുടം, കുംഭം, ഗ്രീവം.

Pitchfork, *n.* കവർത്തടി, ഇളക്കിയിടും കവരത്തടി; *v. t.* എടുത്തു വീശിയെറിയുക, നാട്ടുക, ഇടുക.

Pith, *n.* മജ്ജ, സാരം; സാരാംശം, സത്വം, തത്ത്വം; നിൎയ്യാസം, രസം; സത്ത്വം, വീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ര്യം, ബലം, ഉത്സാഹം; **-less,** *a.* അല്പ മായ, ബലമില്ലാത്ത, നിസ്സാരമായ, നി സ്സത്വമായ; **-y,** *a.* സാരമുള്ള, സത്വ പൂൎണ്ണമായ, സാരഗൎഭമായ; തേജസ്വി യായ, സത്വമുള്ള.

Pittance, *n.* ഭിക്ഷ, അല്പഭാഗം, ചെറ ദാനം.

Pity, *n.* ഉരുക്കം, അനുതാപം, ദയ, അനു കമ്പ, കരുണ, കൃപ; *v. t.* 'take pity on ദയചെയ്യുക, അനുതപിക്കുക'; **Piteous, Pitiable,** *a.* ദയനീയമായ, കരുണാൎഹമായ; in p. accents കരു ണസ്വനത്തിൽ; വരാകമായ, (വരാകിയാ യ) (in persons); **-ly,** *adv.* കരുണമാ യി, ദീനമായി; **-ness,** *n.* അനുകമ്പ്യത; കാരുണ്യം; **-Pitiful, Pitying,** *a.* കരു ണാൎദ്രമായ, ദയാശീലമായ; 'a. p. person ദയാനിധി, ദീനബന്ധു, ദീനവ ത്സലൻ'; ദീനമായ, ശോച്യമായ; നിന്ദ്യ മായ; **-ly,** *adv.* സദയം, ദയയോടെ, അനുകമ്പയോടെ, കരുണയോടെ; **-ness,** *n.* കാരുണ്യം, ദയാൎദ്രത; **-Pitiless,** *a.* ദയയില്ലാത്ത, നിൎദ്ദയമായ, നിഷ്കൃപ മായ, ക്രൂരമായ, നിഷ്ഠുരമായ, കഠോര മായ; **-ly,** *adv.* ദയയില്ലാതെ, ക്രൂരമാ യി, നിഷ്ഠുരമായി.

Pivot (piv'ut), *n.* കേന്ദ്രം, ചുഴിയാണി, വിവൎത്തനകീലകം.

Placard, *n.* വിളംബരപ്പത്രം, ഘോഷണ പത്രം; *v. t.* വിളംബരപ്പത്രം ഒട്ടിക്കുക.

Placate, *v. t.* സമാധാനപ്പെടുത്തുക, രഞ്ജി പ്പിക്ക, പ്രിയപ്പെടുത്തുക, അമൎത്തുക; **-Placable,** *a.* ശാന്തപ്പെടുത്താവുന്ന.

Place, *n.* പ്രദേശം, ഇടം, സ്ഥാനം, ഉദ്യോ ഗം, ഇരുപ്പിടം; 'p. of honour സമ്മാ നപദം, ഗൌരവസ്ഥാനം'; *v. t.* വെയ്ക്കുക, ഇടുക, സ്ഥാപിക്ക, ആരോപിക്ക.

Placenta, *n.* മറുവ്.

Placet, *n.* സമ്മതം, സമ്മതപത്രം; സഭാ നിയമത്തിന്നു രാജാവു നൽകുന്ന സമ്മതം.

Placid, *a.* ശാന്തമായ, കലങ്ങാത്ത, പ്രസ ന്നമായ, നിരാകുലമായ, പ്രസന്നചിത്ത മായ; **-ly,** *adv.* പ്രസന്നമായി, വിഷമ മില്ലാതെ, നിരാകുലമായി; **-ity, -ness,** *n.* അടക്കം, ഒതുക്കം, ശമം, പ്രസാദം, കോപമില്ലായ്മ, അക്ഷോഭം.

Placket, *n.* പാവാട, അടിയുടുപ്പ്.

Plagiarism, *n.* കാവ്യചൌൎയ്യം, സാഹിത്യ മോഷണം, പദചോരണം, പാദചോരണം, വരികക്കൽ; **-Plagiarist,** *n.* സാഹിത്യ ചോരൻ.

Plague (plāg), *n.* മാരി, മഹാമാരി, പ്ലേ ഗ്; ദുരിതം, അനൎത്ഥം, കഷ്ടപ്പാട്; *v. t.* മഹാമാരി ബാധിക്കുക; ഉപദ്രവിക്കുക, ക ഷ്ടപ്പെടുത്തുക; **-ing,** *a.* ബാധകമായ, ബാധിക്കുന്ന, ക്ലേശിപ്പിക്കുന്ന.

Plaid, *n.* ഷാളു്, സാൽവ, ഉത്തരീയം, അം ഗവസ്ത്രം.

Plain, *a.* നിരന്ന, സമമായ, തെളിവായ, കപടമില്ലാത്ത, വിനീതമായ, സ്പഷ്ടമായ, വ്യക്തമായ; (style) അനലംകൃതമായ, ശു ദ്ധമായ; (food) കൂട്ടാനില്ലാത്ത; അമായ മായ, നിഷ്കപടമായ, സരളമായ, ഋജുവാ യ; സാമാന്യമായ, നാതിസുന്ദരമായ; 'p. dealing ന്യായമായ പെരുമാററം, ന്യാ യാചാരം, സാരള്യം, നിഷ്കാപട്യം'; *v. t.* സമീകരിക്കുക; *n.* മൈതാനം, സമ ഭൂമി; **-ly,** *adv.* തെളിവായി, വ്യക്തമാ യി, പ്രകടമായി; നിൎവ്യാജമായി, നേരെ, വിനീതമായി, അനലങ്കാരമായി; 'p. dressed വിനീതവേഷമായ'; **-ness,** *n.* നിരപ്പ്, സമത, വണക്കം, തെളിവ്, വ്യ ക്തത, വൈശദ്യം, അവ്യാജം, നിൎവ്യാജ ത, അകാപട്യം, സാരള്യം, നേരു്.

Plainspeaking, *n.* തുറന്നവാക്കു്, ഖണ്ഡി തവചനം or വാക്കു് തീൎത്തുപറയൽ.

Plainspoken, *a.* ഉള്ളതെല്ലാം തെളിക്കാതെ പറ യുന്ന.

Plaint, *n.* മുറയിടൽ, പുലമ്പൽ, വിലാ പം, വിലപനം, പരിദേവനം, ശോകം; പ്രതിജ്ഞ, പൂൎവ്വപക്ഷം, പക്ഷം; **-Plain-tiff,** *n.* വാദി, അൎത്ഥി; **-Plaintive,** *a.* മുറയിടുന്ന, വിലാപിയായ; വ്യസനാതി ങ്ങിയ, ദുഃഖഗൎഭമായ, ദീനമായ; 'in p. words പരിദേവിതാക്ഷരങ്ങളിൽ'; **-ly,** *adv.* കരുണമായി, ദീനമായി.

Plait, *n.* മടക്കു്, മടിപ്പ്, ഭംഗി, ഞെറി, ഊൎമ്മി, ചുളുക്കു്, ചുളി, പുടം; പിന്നൽ, വേണി, കബരി, കേശബന്ധം; *v. t.* മടി യുക, മിടയുക, പിന്നുക ചുടീകരിക്കുക, വേണീകരിക്കുക.

Plan, *n.* ഉപായം, വഴിവക, ആലോചന, ക്രമം, രീതി, സൂത്രം, മട്ടം, പടം, പ്ലാൻ; *v. t.* പടംവരയ്ക്കുക, വരച്ചുകാട്ടുക, രീതി

शान्तमना, प्रसन्नमना, निराकुलमना, प्रसन्नचित्तमना

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തയ്യാറാക്കുക, ആലോചിക്കുക; **-ing,** *n.* ഉപായം, യോജന, ആലോചന.

Planchet, *n.* പലക.

Plane, *a.* പരപ്പായ, നിരപ്പായ, സമതലമായ, ഇഴപ്പുള്ളി, ചിന്തേരുളി, ചീപ്പുളി, *v. t.* ചീപ്പുളിയിടുക, ചിന്തേരിടുക, നിരപ്പാക്കുക, മിനുസമാക്കുക.

Planet, *n.* ഗ്രഹം, ജ്യോതിസ്സ്; 'minor p. ഉപഗ്രഹം'; 'passage of a p. സംക്രമം, സംക്രാന്തി' 'aspect of a p. ഗ്രഹദശ'; 'influence of a p. ഗ്രഹാവേശം'; **-ary,** *a.* ഗ്രഹ in comp.

Planish, *v. t.* സമീകരിക്കുക, ഒപ്പനിരപ്പാക്കുക.

Plank, *n.* പലക; *v. t.* പലകയടിക്കുക, പലക നിരത്തുക.

Plant, *n.* ചെടി, ഓഷധി, ലത, തരു, വൃക്ഷം; *v. t.* നടുക, നാട്ടുക, ഊന്നുക, പറിച്ചുനടുക; പാർപ്പിക്കുക; **-ation,** *n.* തോപ്പ്, തോട്ടം, വാടിക; കുടിയേററം, അധിനിവേശം; **-er,** *n.* നടുന്നവൻ; തോട്ടമുടമസ്ഥൻ, തോട്ടക്കാരൻ, വാടികേശ്വരൻ, തോപ്പുടമസ്ഥൻ.

Plantain (plan'tān), *n.* വാഴ, കദളി, രംഭ.

Plantigrade, *a.* കാൽനട നടക്കുന്ന, പാദതലചാരിയായ, ഉള്ളംകാൽ അമർത്തി നടക്കുന്ന.

Plash, *n.* നീരെറൽ, വെള്ളംതെറൽ, ആസ്ഫാലനം; ചെറുജലാശയം; പിണച്ച ചില്ലി; *v. i.* വെള്ളംതുടിച്ചു കളിക്കുക, ജലക്രീഡ ചെയ്യുക, വെള്ളംതെറുക, നീർതെറിപ്പിക്കുക; *v. t.* ചില്ലി കമ്പാമ്മിൽ പിണയ്ക്കുക; **-y,** *a.* നീർനിറഞ്ഞ, ജലാഢ്യമായ.

Plaster, *n.* പ്ലാസ്റ്റർ, ഒരുവക ലേപം, ചാന്തു്, ചുണ്ണലേപം, പൂച്ച്; *v. t.* പുരട്ടുക, ലേപനംചെയ്യുക; **-er,** *n.* പുരട്ടുന്നവൻ, കമ്മായംഇടുന്നവൻ, ലേപകൻ; **-ing,** *n.* പ്രലേപനം, കമ്മായംപൂശൽ.

Plastic, *a.* ഉരുവാക്കത്തക്ക, ആകൃതിപ്പെടുത്തത്തക്ക, ഇഷ്ടരൂപത്തിൽ വാക്കത്തക്ക; വളയുന്ന, സുഘനമൃമായ, മൃദുവായ.

Plat, *n.* തുണ്ടുനിലം or സ്ഥലം, പാത്തി; *v. t.* പിന്നുക, മടിയുക.

Plate, *n.* തകിട്, തട്ട്, തട്ടം, പൊൻ വെള്ളിത്തട്ടം, പട്ടം; പാത്രം, ഭാജനം; കോശം; 'copper p. ചെമ്പുതകിട്, താമ്രപട്ടം'; 'p. s of grant നിയമപത്രങ്ങൾ. ശാസനപത്രങ്ങൾ'; *v. t.* വെള്ളിതകിടു പൊതിയുക.

Plateau (platō'), *n.* പീഠഭൂമി, സമസ്ഥലി, ഉന്നതതടം, അധിത്യക; pl. **Plateaux** (-tōz')

Platform, *n.* വേദിക, തട്ട്, അട്ടാലം, പ്രസംഗമണ്ഡപം, ഉയർന്ന സ്ഥലം.

Platinum, *n.* ഘനരജതം.

Platitude, *n.* തത്ത്വവചനം, സാമാന്യം, പണ്ടുപറഞ്ഞ വാക്ക്, ചപ്പവാക്ക്, സാധാരണ വാക്ക്; pl. ഭോഷത്തം, വിഡ്ഢിത്തം.

Platoon, *n.* പടപ്പ്, വള്ളിക്കെട്ട്, ഗുല്മം.

Platter, *n.* താലം, വട്ടില്, താമ്പാളം, പാത്രം, ഭാജനം.

Plaudit, *n.* പുകഴ്ത്തു്, പുകഴ്ചി, പ്രശംസ, ധന്യവാദം, ജയഘോഷം.

Plausible, *a.* ന്യായമായിത്തോന്നുന്ന, സത്യാഭാസമായ, സത്യസങ്കാശമായ, പുറമേ തിളങ്ങുന്ന, പുറംസുന്ദരമായ; **-ity,** *n.* സത്യാഭാസം, പകിട്ട്, മായാമയത്വം.

Play, *v. i.* കളിക്കുക, വിളയാടുക, ക്രീഡിക്കുക, രമിക്കുക, വിഹരിക്കുക, വിലസുക; വായിക്കുക, വാദനംചെയ്ക; *v. t.* നടിക്കുക, അഭിനയിക്കുക, ആടുക; പ്രവത്തിപ്പിക്കുക; *n.* കളി, വിളയാട്ടം, ക്രീഡ, ലീല; കേളി, വിനോദം, വിലാസം; വിഹാരം, കൌതുകം, പരിഹാസം; 'in p. കളിയായി'; നാടകം, ആട്ടം, ചൂതുകളി; അഭിനയം; ആചരണം, വ്യാപാരം, കൃത്യം, ചേഷ്ട; അനക്കം, ചലനം, ഇളക്കം; പ്രസരം, അവസരം; 'p. day ഒഴിവുദിവസം, വിശ്രമദിവസം'; 'p. house നാടകരംഗം, നാടകശാല'; **-er,** *n.* കളിക്കാരൻ, ചൂതുകളിക്കാരൻ, പാത്രം; **-ful,** *a.* കളിയുള്ള, ക്രീഡാസക്തമായ, ലീലാശീലമായ; **-fully,** *adv.* കളിയായി, ക്രീഡാപൂർവം, പരിഹാസമായി; **-fulness,** *n.* കളിമട്ട്, ക്രീഡാസക്തി, ലീലാപരത.

Playfellow, *n.* വിളയാട്ടുതോഴൻ, ചെങ്ങാതി, കൂട്ടാളി.

Plaything, *n.* വിളയാട്ടുപണ്ടം, കളിപ്പണ്ടം, കളിപ്പാട്ടം.

Playwright (-rīt), *n.* നാടകകത്താവു്.

Plea, *n.* വാദം, പ്രതിയുടെവാദം, കാരപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രം വായിച്ചശേഷം പ്രതിജ്ഞചെയ്യുന്ന വാദം, ന്യായം, വിവരം, വഴക്ക്, സങ്കടം, പ്രാൎത്ഥന, അപേക്ഷ; 'p. s of the crown സൎക്കാർവക ക്രിമിനലന്യായം'; -**Plead**, *v. i.* ഉത്തരം നൽകുക, വാദിക്കുക, പക്ഷംപിടിച്ചു പറയുക, അപേക്ഷിക്കുക, വ്യവഹരിക്കുക, ഒഴികഴിവു പറയുക, സമാധാനംപറയുക, വക്കീൽപ്രവൃത്തി ചെയ്യുക; 'to p. guilty കുറ്റം സമ്മതിക്കുക'; 'to p. ignorance അറിഞ്ഞുകൂടായെന്നു പറയുക'; -**Pleader**, *n.* വക്കീൽ, വ്യവഹാരരേഖയെഴുതുന്നയാൾ, അഭിഭാഷകൻ, ഹേതുവാദി; -**ing**, *n.* വ്യവഹരിപ്പ്, വാദം; -**Pleadings**, *n. pl.* അന്യായഹരിജി, വാദപ്രതിവാദരേഖകൾ.

Please (plēz), *v. t.* സന്തോഷിപ്പിക്കുക, പ്രീതിപ്പെടുത്തുക, തൃപ്തിപ്പെടുത്തുക, പ്രീണിപ്പിക്കുക, രമിപ്പിക്കുക, പ്രമോദിപ്പിക്കുക, ആനന്ദിപ്പിക്കുക, പ്രസാദിപ്പിക്കുക, ആഹ്ലാദിപ്പിക്കുക, ഹൎഷിപ്പിക്കുക, അനുരഞ്ജിപ്പിക്കുക; ഹിതപ്പെടുക, രുചിക്കുക, ഇഷ്ടപ്പെടുക; -**ance**, *n.* ഉല്ലാസം, ക്രീഡോദ്യാനം; -**ant**, *a.* സുഖകരമായ, മധുരമായ, രമ്യമായ, രമണീയമായ, പ്രിയമായ, അഭിരാമമായ, കാമ്യമായ, കാന്തമായ, രുചിരമായ, ഹൃദ്യമായ, പ്രീതികരമായ, തുഷ്ടികരമായ, മനോജ്ഞമായ, മഞ്ജുളമായ; 'a p. joke ഹൃദയംഗമമായ പരിഹാസം'; -**antly**, *adv.* സുഖമായി, രമ്യമായി, മധുരമായി, പ്രിയമായി, രുചിയായി; -**antry**, *n.* നേരംപോക്ക്, വിനോദം, നൎമ്മഭാഷിതം, പരിഹാസം; -**ing**, *a.* സുഖ in comp. രമ്യമായ, കാന്തമായ, *see* **Pleasant**; 'p. to the ear ചെവിക്കിമ്പമുള്ള, ശ്രുതിസുഖമായ, സുശ്രാവ്യമായ, കേൾക്കാനിമ്പമുള്ള; 'p. to the eye കണ്ണിനാനന്ദം നൽകുന്ന, പ്രേക്ഷണീയമായ, കാണാൻകൊള്ളാവുന്ന; 'p. language ചാടുഭാഷണം'; -**ingly**, *adv.* സുഭഗമായി, സുഖമായി; -**Pleasure**, *n.* തൃപ്തി, ഇമ്പം, മനോരഥം, സുഖം, പരിതോഷം, തുഷ്ടി, പ്രമോദം, ഹൎഷം; അഭിരുചി, അഭിലാഷം; 'at one's p. സ്വേച്ഛയായി'; 'wandering at p. യഥേഷ്ടം സഞ്ചരിക്കുന്ന, സ്വച്ഛന്ദഗാമിയായ; 'sensual p. ഭോഗം, വിഷയസുഖം, വിഷയാനുരാഗം'; 'sexual p. രതി, രതിസുഖം, രതം, സുരതം'; 'p. boat കേളിനൌക, കളിവള്ളം'; 'p. ground കളിസ്ഥലം'; 'p. mansion കളിപ്പുര, കളിമാളിക, കേളിഗൃഹം, ലീലാഗാരം, വിലാസമന്ദിരം'; പ്രസാദം, അനുഗ്രഹം; -**able**, *a.* രമ്യമായ, രമണീയമായ, സുഖദമായ; -**ist**, *n.* വിഷയിയായ, വിഷയാസക്തനായ,

Plebian, *n.* സാധാരണമായ, പ്രാകൃതമായ, അകുലീനമായ; റോമായിലെ ഒരുകൂട്ടം സാധാരണമനുഷ്യരിലുൾപ്പെട്ടവൻ, പ്രാകൃതൻ, സാമാന്യൻ, നീചൻ.

Plectrum, *n.* വാദ്യക്കോൽ, ശാരിക.

Pledge (pleg), *n.* ഈട്, ജാമ്യം, അഭിജ്ഞാനം; പ്രതിജ്ഞ, ഉറപ്പ്, വാഗ്ദാനം; പന്തയം, പണയം; *v. i.* ഈടുവെയ്ക്കുക, പണയംവെയ്ക്കു.

Pledget (plejet), *n.* ചെറിയ ആപ്പ്; പഞ്ഞി, ചകരി.

Pleiades, *n.* കൃത്തികാനക്ഷത്രം.

Plenary, *a.* നിറവായ, മുററിയ, സമ്പൂൎണ്ണമായ.

Plenipotent, *a.* പൂൎണ്ണശക്തിയുള്ള, പൂൎണ്ണശക്തിയുക്തമായ; -**Plenipotence**, *n.* പൂൎണ്ണസാമൎത്ഥ്യം, പൂൎണ്ണശക്തി; -**Plenipotentiary**, *n.* പൂൎണ്ണാധികാരി, സ്ഥാനപതി, രായപാരി.

Plenish, *v. t.* സാധനങ്ങൾകൊണ്ടു നിറയ്ക്കുക.

Plenist, *n.* പൂൎണ്ണതാവാദി.

Plenitude, *n.* നിറവ്, പൂൎണ്ണത, സമൃദ്ധി, അങ്ങേഅററം.

Plenty, *n.* ധാരാളം, വായ്പ്, സമൃദ്ധി, ബഹുത്വം; **Plenteous**, **Plentiful**, *a.* ധാരാളമായ, അധികമായ, സമൃദ്ധിയായ, പ്രചുരമായ, സമൃദ്ധമായ; പരിപൂൎണ്ണമായ; -**ly**, *adv.* ധാരാളമായി; -**ness**, *n.* ധാരാളം, വായ്പ്.

Pleonasm, *n.* അധികപദദോഷം, ശബ്ദാധിക്യം, ശബ്ദാതിശയം; -**Pleonastic**, *a.* അധികശബ്ദമായ, അനാവശ്യവാക്കുകളുള്ള.

Plethora, *n.* രക്തപിത്തം; ബാഹുല്യം, അതിവൃദ്ധി; (opp. Anaemia) -**Plethoric**, *a.* രക്തപിത്തരോഗിയായ.

Pleura (plū'ra), *n.* ശ്വാസകോശാവരണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pleurisy, Pleuritis (plūrī′tis), *n.* പാൎശ്വശൂലം, നെഞ്ചുനോവ്.

Plexus, *n.* നാമ്പുപിന്നൽ, ഞരമ്പുവല, സിരാജാലം, നാഡീജാലം.

Pliant, Pliable, *a.* വളയത്തക്ക, പടിയത്തക്ക, പതവിയ, സുഖനമ്യമായ, മൃദുവായ, വഴങ്ങുന്ന.

Pliancy, Pliability, *n.* വഴക്കം, അമൎച്ച്.

Pliers, *n.* pl. ചെറുചവണ.

Plight (plit), *v. t.* വാക്കുകൊടുക്ക, പ്രതിജ്ഞചെയ്യുക; *n.* ദശ, കഷ്ടാവസ്ഥ, ആപത്ത്.

Plinth, *n.* തൂണിന്റെ അടിക്കെട്ട് or അടിവാരം, സ്തംഭമൂലം, പ്രാകാരമൂലം.

Plod, *v. i.* എപ്പോഴും കിടന്നുഴയ്ക്കുക, ആയാസപ്പെടുക, അവിരതം ശ്രമിക്കുക; **-der,** *n.* മടയ്ക്കുന്നവൻ, ഉഴയ്ക്കുന്നവൻ, നിരന്തരായാസി, പ്രയത്നക്കാരൻ, നിത്യാദ്ധ്യായി; **-ding,** *n.* അദ്ധ്യായനശീലം, മടപ്പ്, ഉഴയ്ക്കൽ, മന്ദമായ നിരന്തരശ്രമം.

Plot, *n.* തോട്ടം, പാത്തി, വയൽ, ഭാഗം, ദുരാലോചന, തന്ത്രം, കപടോപായം; കഥ കഥാവസ്തു; ‘arrangement of p. കഥാവസ്തുരചന, കഥാവസ്തുവിന്യാസം’; *v. i.* കപടോപായംചെയ്യുക, ദുരാലോചനചെയ്യുക; ‘p. against ദ്രോഹിക്കുക, അഭിദ്രോഹിക്കുക’; **-ter,** *n.* ദുരാലോചനക്കാരൻ.

Plough (plow), *n.* കലപ്പ, ഹലം; ‘p. beam ഏർകാൽ’; ‘p. boy ഏരോട്ടി, ഏരുനടത്തും പയ്യൻ, ബാലകർഷകൻ’; ‘p. handle മേഴി, കലപ്പക്കൈയ്’; ‘p. land ഉഴവുനിലം’; ‘p. man ഉഴവുകാരൻ, പൂട്ടുകാരൻ, ഹാലികൻ’; *v. t.* ഉഴുക, പൂട്ടുക, കർഷിക്കുക; *v. i.* കലപ്പവലിപ്പിക്ക; **-ed,** *a.* ഉഴുത, പൂട്ടിയ; ‘twice, thrice p. ഇരുചാലുഴുത, മുച്ചാലുഴുത’; ‘p. after sowing വിതയുഴുക’; **-er,** *n.* ഉഴവൻ, കർഷകൻ; **-ing,** *n.* ഉഴവ്, കർഷണം, ഭൂമിദാരണം.

Ploughshare, *n.* കൊഴു.

Plover, *n.* പാവഴക്കാലി, ആട്ടകാട്ടിക്കുരുവി.

Pluck, *v. t.* പറിക്കുക, എടുക്കുക, പിടുങ്ങുക; *n.* വീര്യം, ധൈര്യം, സത്വം, പൌരുഷം.

Plug, *n.* അടപ്പ, പിരട; *v. t.* അടയ്ക്കുക.

Plum, *n.* ദ്രാക്ഷപ്പഴവറ്റൽ; ഭാഗ്യം.

Plumage (plōm-āj), *n.* പറവത്തൂവൽ, ബർഹഭാരം.

Plumb (plum), *n.* ഈയക്കട്ടി, ലംബം, തൂക്കുനൂൽക്കുണ്ട, ലംബസൂത്രം; ചെങ്കുത്തായ, ലംബമായ; *v. t.* തൂക്കിട്ടളക്കുക, ആഴമളക്കുക, തൂക്കം അളക്കുക; **-er,** *n.* ഈയ്യവേലക്കാരൻ.

Plumbago, *n.* കരുത്തീയം, കാരീയം.

Plumbline, *n.* തൂക്കനോക്കുംനൂൽ.

Plume (plōm), *n.* ചിറക്, ഇറക്, പക്ഷം, പിഞ്ഛം; ശിഖ, ചൂഡ, ശേഖരം; *v. t.* തൂവൽ അലങ്കാരമായിവെയ്ക്കുക, തൂവലണിയുക, ചൂഡവെയ്ക്കുക, തൂവൽപറിക്കുക; ആത്മസ്തുതിചെയ്യുക, തന്നത്താൻ ശ്ലാഘിക്കുക.

Plummet, *n.* ലംബം, ആഴമളക്കും ഈയ്യക്കുണ്ട്, തൂക്കനൂല്.

Plump, *a.* കൊഴുത്ത, തടിച്ച, നെയ്പായ, ദേശവെച്ച, പുഷ്ടമായ, പീനമായ, സ്ഥൂലമായ; *adv.* അകസ്മാത്; *v. t.* തടിപ്പിക്കുക, പുഷ്ടമാക്കുക; **-ly,** *adv.* വ്യക്തമായി, സ്പഷ്ടമായി; **-ness,** *n.* കൊഴുപ്പ്, തടിപ്പ്, പീനത, പുഷ്ടി.

Plunder, *v. t.* കൊള്ളചെയ്യുക, കത്തിക്കവരുക, കവൎച്ചചെയ്യുക; *n.* കൊള്ള, പിടിച്ചുപറി; **-er,** *n.* കൊള്ളക്കാരൻ, കവൎച്ചക്കാരൻ; **-ing,** *n.* കൊള്ള.

Plunge, *v. i.* മുങ്ങുക, മുഴുകുക, മജ്ജനം ചെയ്ക, പ്രവേശിക്കുക; *v. t.* മുക്കുക, മുഴുകിക്കുക, അമിഴ്ത്തുക etc; *n.* മുങ്ങൽ, മുഴുകൽ, നിമജ്ജനം, ആപ്ലവം, പ്രവേശം; **-ed,** *a.* മുഴുകിയ, മഗ്നമായ etc.

Pluperfect, *a.* പൂൎണ്ണഭൂതമായ.

Plural, *a.* ഒന്നിലധികമായ, പല, അനേക; ബഹുവചനം; **-ity,** *n.* പലയെണ്ണം, ബഹുത്വം, അനേകത്വം.

Plus, *n.* കൂട്ടുന്നതിനുള്ള അടയാളം or കുറി.

Plush, *n.* മൃദുശീല, കമ്പിളിത്തുണി.

Pluto, *n.* യമൻ, കാലൻ.

Plutus, *n.* കുബേരൻ, വൈശ്രവണൻ.

Plutocracy, *n.* ധനപ്രഭുത്വം, പണത്തിന്റെ ഭരണം; **-Plutocrat,** *n.* പണത്താൽ അധികാരമുള്ളവൻ.

Pluvial, Pluvious, *a.* മഴയുള്ള, ഈറനായ, നനഞ്ഞ, വൃഷ്ടിമത്.

Ply, *v. t.* ഉഴയ്ക്കുക, വളയ്ക്കുക, മേലേ മേലേ വെയ്ക്കുക, വീണ്ടുംവീണ്ടുംചെയ്യുക, ഉത്സാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിച്ചു പ്രവൎത്തിക്കുക, അദ്ധ്വാനിക്കുക; മടക്കുക; ഓടിക്കുക; *v. i.* എപ്പോഴും ചെയ്യുക; *n.* മടക്ക്, മിടിപ്പ്, പുടം.

Pneumatic (nū-), *a.* വായുസംബന്ധിച്ച, വായുരൂപമായ, വായുമയമായ; *n.* വായുശാസ്ത്രം.

Pneumonia (nū-), *n.* ശ്ലേഷ്മപാകം, ശ്വാസകോശരോഗം.

Poach, *v. i.* അനുവാദമില്ലാതെ പ്രവേശിക്കുക or കടക്കുക; പറവ മുതലായവയെ മോഷ്ടിക്കുക; പിടിക്കുവാൻ പുറമെ ചെല്ലുക; കുത്തുക; **-er,** *n.* മൃഗയാചോരൻ, ജാംഗലചോരൻ; **-ing,** *n.* മൃഗയാമോഷണം.

Pock, *n. see* **Pimple; -mark,** *n.* മസൂരിക്കുത്ത്, മസൂരികാക്ഷതം.

Pocket, *n.* ചേപ്പ്, കീശ; *v. t.* കീശയിലിടുക, സൂത്രത്തിൽ സ്വന്തമാക്കുക; (Insult) സഹിക്കുക; **-ed,** *a.* കീശയിലെത്തുക്കപ്പെട്ട.

Pod, *n.* വിത്തുറ, ബീജകോശം, ശിംബ.

Podagrical, *a.* വാതരോഗിയായ.

Poet, *n.* കവി, സൂരി; 'a ready p. ശീഘ്രകവി'; **-ic, -ical,** *a.* കവിത, കാവ്യ in comp; 'p genius കവിതാശക്തി'; ശ്ലോകമായ, കവിതയായ, പദ്യമായ, ശ്ലോകരൂപമായ, പദ്യാത്മകമായ; 'p. work പദ്യഗ്രന്ഥം'; **-ically,** *adv.* ശ്ലോകരൂപത്തിൽ, പദ്യരൂപത്തിൽ; **-Poetics,** *n.* പദ്യശാസ്ത്രം, സാഹിത്യം; **-Poetry,** *n.* കാവ്യം, കവിത; പദ്യം, കാവ്യരചന, കവിത്വം; **-Poetaster,** *n.* കുകവി, കവിദേശ്യൻ; **-Poem,** *n.* കാവ്യം, കാവ്യപ്രബന്ധം, കാവ്യബന്ധം, കവിത; **-Poesy,** *n.* കവിത, കാവ്യരചന, കവിതാശക്തി.

Poignant (poin'ant), *a.* കാരമായ, ഉഗ്രമായ, തീവ്രമായ, തിഗ്മമായ; **-Poignancy,** *n.* കാരം, ക്രൂരം, തീക്ഷ്ണത.

Point, *n.* മുന, മൂൎച്ച; മുള്ള്; ശിഖ, ശിഖരം, അററം, അഗ്രം, ഭ്രൂനാസിക; മൎമ്മം, രഹസ്യം; ദിക്ക്; പുള്ളി, പൊട്ട്, കുത്ത്, ബിന്ദു, ചിഹ്നം, അങ്കം; ആശയം, അഭിപ്രായം, ഉദ്ദേശം, അൎത്ഥം, ലക്ഷ്യം; അതിര്, അവധി, പരിമാണം; വിഷയം, പദം, വസ്തു, സ്ഥാനം, സ്ഥലം, ആസ്പദം, പ്രസ്താവം; 'p. at issue വിവാദവസ്തു or വിഷയം'; ലക്ഷണം, വിശേഷചിഹ്നം, വിശേഷണം, ഇട, സന്ദൎഭം, കാലം, സമയം; 'to such a p. അത്രത്തോളം'; സൂചന, പന്തുപിടിക്കുന്നവൻ; അച്ചക്ഷരത്തോത്; 'p. blank നേരേ, തികച്ച്, മുഖത്തുനോക്കി, കട്ടായമായി'; 'p. device, p. devise അതികൃത്യമായ, ബഹുമോടിയായ'; 'p. lace തുന്നൽലേസ്'; 'p. s man തീവണ്ടിപ്പാതസന്ധുപിടിക്കുന്നവൻ'; 'p. s of a horse അശ്വലക്ഷണം'; 'p. of order നടപടിപ്രമാണം'; 'p. of reflection പ്രതിച്ഛായാസ്ഥാനം'; 'p of sight ദൎശനസ്ഥാനം'; 'p. of view ദൎശനഭാഗം'; 'boiling p. തിളപ്പാകം, തിളയ്ക്കുംപാകം'; 'cardinal p. s നാലുദിക്കുകൾ'; 'dew p. തുഷാരപാകം'; 'freezing p. മഞ്ഞുപാകം, കട്ടിപിടിക്കുന്ന പാകം'; 'melting p. ദ്രവപാകം, അലിയുന്ന പാകം'; 'nine p. s of law നിയമതുല്യം'; 'to strain a p. കവിഞ്ഞു പ്രവൎത്തിക്കുക, അതുതെന്നറിഞ്ഞിട്ടും ചെയ്യുക'; 'p. in hand ആലോചിച്ചുവരുന്ന സംഗതി'; 'p. by p. ഓരോന്നായി'; 'to stand upon p s തത്വത്തിന്മേൽ ഉറച്ചുനില്ക്കുക, വിട്ടുകൊടുക്കാതെനില്ക്കുക'; *v. t.* കൂൎമ്പിക്കുക, മൂൎച്ചയാക്കുക, മുനയാക്കുക; ഉദ്ദേശിക്കുക, കുറിക്കൊള്ളുക, ലക്ഷീകരിക്കുക, നോട്ടം വെയ്ക്കുക; തെയ്പ്പെടുത്തുക, അറിയിക്കുക, കാട്ടുക, ശ്രദ്ധയിൽകൊണ്ടുവരിക; വിരാമചിഹ്നമിടുക; സ്വരചിഹ്നനം ചെയ്യുക; ചൂണ്ടിക്കാട്ടുക, കണ്ണുകൊണ്ടു കാട്ടുക; (രത്നം) മുറിക്കുക; 'p. ing towards the north വടക്കോട്ടുതിരിഞ്ഞ, ഉദങ്മുഖമായ, ഉത്തരാഭിമുഖമായ'; 'p. blank കട്ടായമായ, തീൎത്ത, സ്പഷ്ടമായ, അസന്ദിഗ്ദ്ധമായ'; 'p. off (സംഖ്യ) ക്രമതിരിക്കുക'; 'p. at നോക്കിച്ചിരിക്കുക, നിന്ദിക്കുക'; **-ed,** *a.* കൂൎത്ത, മുനയുള്ള, നിശിതമായ തീക്ഷ്ണാഗ്രമായ, മൂൎച്ചയുള്ള; കൊണ്ടുകയറുന്ന, തുളച്ചുകയറുന്ന, അരുന്തുദമായ, മൎമ്മഭേദിയായ; നിൎദ്ദിഷ്ടമായ, സൂചിതമായ; **-edly,** *adv.* ഉദ്ദേശിച്ച്, ഉദ്ദേശപൂൎവം, സ്പഷ്ടമായി; **-er,** *n.* ചൂണ്ടുകോല്, ഘടികാരസൂചി, വേട്ടനായ്; **-ing,** *n.* ചൂണ്ടിക്കാട്ടൽ, നിൎദ്ദേശം, സൂചനം, അംഗുലിനിൎദ്ദേശം; **-less,** *n.* മുനയില്ലാത്ത, മൂൎച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യില്ലാത്ത, ധാരാഹീനമായ, നിരഗ്രമായ; രസമില്ലാത്ത, കുണ്ണമായ; അപ്രകൃതമായ, അപ്രസ്തുതമായ.

Poise (poiz), *n.* ഭാരതുല്യത, ഭാരസാമ്യം, സമനില; എതിർഭാരം, തോലം; *v. t.* തൂക്കുക, സമീകരിക്കുക, സമഭാരമാക്കുക.

Poison (poi'zn), *n.* വിഷം, നഞ്ച്; 'administering p. വിഷപ്രയോഗം, നഞ്ചിടൽ'; 'curing p. വിഷഘ്നമായ, വിഷഹരമായ, വിഷമിറക്കുന്ന'; *v. t.* നഞ്ചിടുക, വിഷംചേക്കുക, കലത്തുക or പുരട്ടുക; വിഷംനൽകുക, വിഷംകൊടുത്തു കൊല്ലുക, (one self) വിഷംതിന്നുക, വിഷംതിന്നു മരിക്കുക; കല്മഷമാക്കുക, ദൂഷിപ്പിക്കുക; **-ed,** *a.* വിഷംപുരട്ടിയ, വിഷം കലത്തിയ, വിഷംചേത്ത, വിഷാക്തമായ, വിഷലിപ്തമായ; **-er,** *n.* വിഷപ്രയോഗക്കാരൻ, വിഷദായി; **-ous,** *a.* വിഷമുള്ള, വിഷംപുരണ്ട, വിഷപൂണ്ണമായ.

Poke, *n.* ചാക്ക്, കോണി; ഉന്തു്, അടി, താഡനം, ആഘാതം; *v. t.* (തടികൊണ്ടു്) നീക്കുക, മൂട്ടുക, അന്വേഷിക്കുക; **-er,** *n.* തീമൂട്ടുന്ന കമ്പു് അല്ലെങ്കിൽ തടി, തീമൂട്ടുകോലു്, ഉത്തേജനി, ഉലയാണിക്കോലു്.

Pole, *n.* കമ്പം, ഏർകാലു്, നാട്ടുകോലു്. കൊടിമരം, അഞ്ചരഗജം കോലു്; ചുഴിയാണി; ധ്രുവം, അക്ഷാഗ്രം; **-Polar,** *a.* ധ്രുവസംബന്ധിയായ; **-ity,** *n* ധ്രുവനോക്കു്, ധ്രുവാഭിമുഖത; **-y,** *a.* ധ്രുവാഭിഗാമിയായ, ധ്രുവത്തിൻനേക്കു പോകുന്ന.

Polemics, *n.* തക്കം, വാദപ്രതിവാദം; **-Polemic, -al,** *a.* വാദത്തിനു് (തക്കത്തിനു്) ഇടയുള്ള, വിവാദാത്മകമായ; *n.* തക്കവിദഗ്ദ്ധൻ, വാദപ്രതിവാദശീലൻ.

Police (pō-lēs'), *n.* നാട്ടുകാവലു്, രക്ഷാപുരുഷന്മാർ, രക്ഷികൾ, നഗരരക്ഷികൾ; 'rural p. ഗ്രാമരക്ഷികൾ, നാട്ടിൻപുറത്തെ പോലീസു്'; 'p. man, p. officer പോലീസുകാരൻ, പോലീസുദ്യോഗസ്ഥൻ'; 'p. magistrate ദണ്ഡാധികാരി'.

Policy, *n.* നീതി, നയം, നീതിക്രമം, രാജ്യനീതി, രാജ്യനയം, രാജ്യഭരണരീതി or മാർഗ്ഗം; നീതിചാതുര്യം, വൈദഗ്ദ്ധ്യം, രാജ്യഭരണകൌശലം, യുക്തി, പ്രയോഗം, ഉപായം; (a written contract) ഭീമക്കാരാറു്, നിയമപത്രം, പ്രതിജ്ഞാപത്രം; **-Politic,** *a.* നീതിയറിയാവുന്ന, നയജ്ഞമായ, നയവിത്തായ, നീതിചതുരമായ; സാമത്ഥ്യമുള്ള, നിപുണമായ, ചതുരമായ; നോക്കിച്ചെയ്യ, നേരംവണ്ണം പ്രവത്തിച്ച, സുഘടിതമായ; **-al,** *a.* നീതി, രാജ്യ, in comp: p. affairs രാജ്യകാര്യങ്ങൾ'; 'p. 'scienceരാജ്യനീതിശാസ്ത്രം'; 'p. economy അത്ഥശാസ്ത്രം'; അത്ഥവിജ്ഞാനം'; 'p. institutions രാജ്യതന്ത്രങ്ങൾ, രാഷ്ട്രീയസ്ഥാപനങ്ങൾ; 'p. rights രാജ്യനിവാഹാധികാരങ്ങൾ'; **-ian,** *n.* നീതിജ്ഞൻ, നീതികശലൻ, രാജ്യനീതിനിപുണൻ, രാജ്യകാര്യധുരന്ധരൻ; **-Politics,** *n.* നീതി, രാജനീതി, രാജ്യനീതി; രാജ്യകാര്യങ്ങൾ, രാജ്യവ്യവഹാരങ്ങൾ; **-Polity,** *n.* ഭരണരീതി, രാജ്യവ്യവസ്ഥ, ദണ്ഡനീതി, (generally) നീതി, വ്യവസ്ഥ.

Polish, *v. t.* തിളക്കുക, വിളക്കുക, മിനുക്കുക, നാഗരികപ്പെടുത്തുക, കാന്തിയുണ്ടാക്കുക, പരിഷ്കരിക്കുക, സംസ്കരിക്കുക; *n.* കാന്തി, ശോഭ, മിനുക്കം, വിളക്കം, സ്നിഗ്ദ്ധത, നാഗരികത; സംസ്കാരം, പരിഷ്കാരം, സഭ്യത, ശിഷ്ടത, സൌജന്യം; **-ed,** *a.* മിനുക്കിയ, പരിഷ്കൃതമായ, ഉത്തേജിതം; ശിഷ്ടമായ, അഗ്രാമ്യമായ; **-er,** *n.* മിനുക്കുന്നതു്, തിളക്കുന്നതു്; (person) മിനുക്കുകാരൻ.

Polite, *a.* മര്യാദയുള്ള, നാഗരികമായ, സൌജന്യമുള്ള, വിനീതമായ, സഭ്യമായ, സഭ്യശീലമായ, പ്രിയംവദമായ; **-ly,** *adv.* സൌജന്യമായി, വിനയമായി, മര്യാദയായി; **-ness,** *n.* ശിഷ്ടത, സഭ്യത, വിനയം, സൌശീല്യം; ശിഷ്ടാചാരം, സുശീലവൃത്തി.

Poll, *n.* തല പേർപ്പട്ടിക, തിരഞ്ഞെടുപ്പു്, തിരഞ്ഞെടുപ്പുസ്ഥലം; *v. i. or v. t.* നറുക്കുക, മുറിക്കുക, പതിക്കുക, പട്ടികയിൽ കൊള്ളിക്കുക.

Pollard, *n.* മണ്ടമുറിച്ചമരം.

Pollen, *n.* പൂമ്പൊടി, പൊടി, രജസ്സു്, പുഷ്പരജസ്സു്.

Polltax, *n.* ആളുവരി, തലവരി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pollute, *v. t.* ചീത്തയാക്കുക, അശുദ്ധമാക്കുക, കളങ്കപ്പെടുത്തുക, ദൂഷിപ്പിക്കുക; പാതിവ്രത്യഭംഗംചെയ്യുക; **-er,** *n.* ദൂഷിപ്പിക്കുന്നവൻ, ദൂഷകൻ; **-ion,** *n.* ചീത്തയാക്കൽ ദൂഷണം; അഴുക്ക്, അമേദ്ധ്യത, മലം, അശൌചം; വാലായ്മ, പുല; ശുക്ലസ്രവണം.

Pollux, *n.* പുണർതം നക്ഷത്രം, പുനർവ്വസു.

Polo, *n.* കുതിരപ്പന്താട്ടം.

Poltroon, *n.* ഭീരു, ഇളനെഞ്ചൻ; *a.* ഇഴിവായ, നീചമായ.

Polyandry, *n.* അനേകഭർത്തൃകത, ബഹുഭർത്തൃത്വം; **-ist,** *n.* അനേകപതിക, അനവധി ഭർത്താവുള്ളവൾ.

Polychrome, *a.* പലവർണ്ണമായ, ബഹുവർണ്ണമായ.

Polygamy, *n.* ബഹുഭാര്യാത്വം; **-ist,** *n.* ബഹുഭാര്യൻ, ബഹുപത്നീവാദി.

Polygenous, *a.* പലജനമായ, ബഹുപ്രകാരമായ, ബഹുജാതിയായ.

Polyglot, *a.* പലഭാഷകളായ, ബഹുഭാഷാമയമായ.

Polygon, *n.* പലകോൺവടിവം, ബഹുഭുജം, ബഹ്വസ്രം; **-al,** *a.* ബഹുകോണമായ.

Polymathy, *n.* ബഹുശാസ്ത്രജ്ഞാനം.

Polypetalous, *a.* വളരെ ഇലകളുള്ള, അനേകപർണ്ണമായ.

Polyphonous, *a.* പലശബ്ദമുള്ള, ബഹുസ്വരമായ, ബഹുസ്വനമായ.

Polypus, *n.* പലകാൽകളുള്ള മൃഗം, അനേകപാദം, ബഹുമൂലം.

Polysyllabic, *a.* ബഹ്വക്ഷരമായ, അനേകമാത്രയായ.

Polytechnic, *n.* പലപാഠങ്ങൾ പഠിപ്പിക്കുന്നഇടം; ബഹുപാഠശാല, ബഹുകലാശാല.

Polytheist, *n.* പല ഈശ്വരന്മാരിൽ വിശ്വസിക്കുന്നയാൾ, അനേക ദേവവാദി; **-Polytheism,** *n.* ബഹുദേവവാദം.

Pomace, *n.* പഴച്ചാറ്, പഴസത്ത്.

Pomade, Pomatum, *n. see* **Perfume.**

Pomegranate, *n.* മാതളനാരങ്ങ, ദാഡിമം; (tree) മാതളനാരകം.

Pommel, *n.* ഉണ്ട, മുഴ, പിടി, മൊട്ട്; വാൾപിടിമൊട്ട്; *v. t.* അടിക്കുക, താഡിക്കുക.

Pomp, *n.* ആഡംബരം, പകിട്ട്, മട്ട്, ശോഭ, ശ്രീ, പ്രതാപം, വൈഭവം; **-ous,** *a.* ആഡംബരത്തോടുകൂടിയ, ശോഭനമായ, ദാംഭികമായ, ഗർവ്വിഷ്ഠമായ; (style) അലംകൃതമായ; **-ously,** *adv.* അതിശോഭയോടെ, അതിപ്രതാപത്തോടെ; ഡംഭത്തോടെ; **-ousness,** *n.* മഹാപ്രതാപം, ഐശ്വര്യം etc; ഡംഭം, ആടോപം.

Pond, *n.* കുടം, പെരുംകുളം, പൊയ്ക, തടാഗം, ജലാശയം, ചാല്, സരസ്; 'deep p. കയം, ഹ്രദം'; 'small p. കുഴി, പല്വലം, അല്പസരസ്'.

Ponder, *v. t.* ചിന്തിക്കുക, ആലോചിക്കുക.

Ponderous, *a.* ഭാരമുള്ള, കനമായ, അതിഗുരുവായ; **-ly,** *adv.* അതിഭാരമായി; **-Ponderosity,** *n.* കനം, അതിഗുരുത.

Poniard, *n.* കുത്തുവാൾ, ചുരിക.

Pontage, *n.* പാലവരി.

Pontiff, *n.* പ്രധാനഗുരു, പെരിയാചാര്യൻ, മുഖ്യപുരോഹിതൻ; **-Pontificate,** *n.* ധർമ്മാദ്ധ്യക്ഷാധികാരം.

Pontoon, *n.* ചട്ടിത്തോണി.

Pony, *n.* മട്ടക്കുതിര, കുതിരക്കുട്ടി.

Pooh (pö), *intj.* ഛീ, ഛൂ; **-Pooh,** *v. t.* നിന്ദിക്കുക, അവഗണിക്കുക.

Pool, *n.* ചെറുകുളം, കുഴി, ജലാശയം, പല്വലം.

Poop, *n.* കപ്പലിന്റെ(അമരം)പിൻപക്കം.

Poor, *a.* ഏഴയായ, എളിയ, പാവപ്പെട്ട, ദരിദ്രമായ, ദീനമായ, മെലിഞ്ഞ, അശക്തമായ, ഉത്സാഹമില്ലാത്ത; **-ly,** *adv.* ദരിദ്രമായി, നിഷ്ഫലമായി, വ്യർത്ഥമായി; **-ness, -Poverty,** *n.* ദാരിദ്ര്യം, ദീനത, ദരിദ്രാവസ്ഥ, അകിഞ്ചനത്വം.

Poorhouse, *n.* ദരിദ്രാലയം.

Poorlaw, *n.* ദരിദ്രരക്ഷണനിയമം.

Pop, *n.* 'ടപ്' എന്ന ശബ്ദം, വെടി, ആകസ്മികശബ്ദം; *v. i.* പായുക, പൊട്ടുക, ധടിതിയിൽ തള്ളുക; *adv.* പെട്ടെന്ന്, പൊട്ടുന്നനവേ.

Pope, *n.* റോമൻകത്തോലിക്കരുടെ പരമഗുരു.

Popery, *n.* റോമൻകത്തോലിക്കമതം.

Popgun, *n.* കളിത്തോക്ക്.

Popinjay, *n.* കിളി, തത്ത.

Poplar, *n.* ഇലവുപോലത്ത ഒരുവകമരം.

Poppy, *n.* കശകശച്ചെടി.

Populace, *n.* സാമാന്യജനങ്ങൾ, ലോകം, ജനം, ജനങ്ങൾ; **-Popular,** *a.* ജനസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മ്മതമായ, ലോകസമ്മതമായ, സവ്പ്രിയമായ; ലൌകികമായ, ജന or ലോക in comp; 'p. scandal ലോകാപവാദം'; 'p. favour ജനരഞ്ജനം'; 'p. usage ശുദ്ധി, ലോകാചാരം'; 'p. report ജനപ്രവാദം, ജനവാർത്ത, ജനശ്രുതി, കിംവദന്തി'; 'p. tumult പ്രകൃതിക്ഷോഭം'; സാമാന്യമായ, സാധാരണമായ; -ity, *n.* ലോകപ്രസിദ്ധി, ജനപ്രിയത, ജനപ്രീതി, ജനസമ്മതം; -ly, *adv.* ലോകത്തിൽ, സാധാരണമായി, സാമാന്യമായി, ലോകരഞ്ജനാർത്ഥം; -**Populate,** *v. t.* പാർപ്പിക്കുക, വസിപ്പിക്കുക, ജനങ്ങളെക്കൊണ്ടു നിറയ്ക്കുക; *v. i.* പ്രജാഭിവൃദ്ധിയുണ്ടാക്കുക; -ion, *n.* പ്രജകൾ, ജനസംഖ്യ; -**Populous,** *a.* ജനങ്ങൾ തിങ്ങിക്കൂടിയ; -ness, *n.* ജനബാഹുല്യം, ലോകബാഹുല്യം.

Porcelain, *n.* ചീനപ്പിഞ്ഞാണം.

Porch, *n.* നടപ്പന്തൽ, മുഖമണ്ഡപം, തോരണവാതൽ.

Porcine, *a.* സൂകരോപമമായ, സൂകരസംബന്ധിയായ.

Porcupine, *n.* മുള്ളൻപന്നി, എയ്പന്നി.

Pore, *n.* രോമകൂപം; ചെറിയദ്വാരം, സൂക്ഷ്മരന്ധ്രം; *v. i.* ഉററുനോക്കുക, ശൌനിച്ചു പഠിക്കുക; -ous, *a.* കണ്ണറയുള്ള, ധാരാളം സുഷിരങ്ങളുള്ള; രോമകൂപം നിറഞ്ഞ, വിരളാവയവകമായ; -ousness, **Porosity,** *n.* രന്ധ്രബാഹുല്യം.

Pork, *n.* പന്നി ഇറച്ചി; -er, *n.* സൂകരം, പന്നി.

Pornograph, *n.* അസഭ്യചിത്രം.

Porphyry, *n.* പലനിറക്കല്ല്, വിവിധവർണ്ണമുള്ള കല്ല്.

Porpoise (por'pus), *n.* കടൽപന്നി.

Porridge (por'ij), *n.* കുഴ്, ആണം, കഴമ്പ്.

Porringer, *n.* ചെറുകിണ്ണം, തളിക, യൂഷപാത്രം.

Port, *n.* തുറമുഖം, തുറ; ദ്വാരം, പ്രവേശം, വാതിൽ; ഒരുവകവീഞ്ഞു്; നടത്ത, ഭാവം, നടപടി; *v. t.* കടത്തിക്കൊണ്ടുപോകുക, ചുമന്നുകൊണ്ടുപോകുക; -able, *a.* എടുത്തുകൊണ്ടുപോകത്തക്ക, ചുമന്നുകൊണ്ടുപോകത്തക്ക, വഹനീയമായ; -er, *n.* വാതൽകാക്കുന്നവൻ, ദ്വാരപാലൻ; ചുമട്ടുകാരൻ, ഭാരവാഹകൻ; -erage, *n.* ചുമടെടുക്കൽ; ചുമട്ടുകൂലി; -**Portal,** *n.* വാതിൽ, ദ്വാരം, മുഖം, പ്രവേശദ്വാരം.

Portend, *v. t.* വരുംകാര്യം മുൻകൂട്ടി അറിയിക്കുക, മുൻകൂട്ടി അനിഷ്ടം സൂചിപ്പിക്കുക; -**Portent,** *n.* ഉൽപ്പാതം, ദുഃശകുനം, ദുർന്നിമിത്തം, അപശകുനം; മുന്നടയാളം, -ous, *a.* അനിഷ്ടത്തെ കാട്ടുന്ന, അത്ഭുതത്തെ കാട്ടുന്ന; -ously, *adv.* ഉല്പാതത്തോടുകൂടി, ദുഃശകുനമായി, ദുർലക്ഷണമായി.

Portfolio, *n.* കടലാസുറ, പത്രാധാരം; മന്ത്രിസ്ഥാനം.

Porthole, *n.* (കപ്പലിലെ) പീരങ്കിദ്വാരം, നൌപാർശ്വമുഖം.

Portico, *n* മുഖമണ്ഡപം, തലവാതിൽ.

Portion, *n.* പങ്കു്, വീതം, ഖണ്ഡം, അംശം, വിഭാഗം, ശകലം, സ്ത്രീധനം; *v. t.* പങ്കിടുക, പിരിച്ചുകൊടുക്കുക; വിഭജിക്കുക; -ing, *n.* പങ്കിടൽ, വിഭാഗം; -less, *a.* വീതമില്ലാത്ത, അനംശമായ, അംശഹീനമായ,

Portly, *a.* പെരുമയായ, വലുതായ, വണ്ണിച്ച, ഗൌരവഗതിയായ, ഉദാത്തമായ, ധീരമായ, ധീരദർശനമായ, ഗംഭീരാകൃതിയായ, സ്ഥൂലമായ, പീനമായ; -iness, *n.* പൊണ്ണത്തം, വണ്ണം, തടി, സ്ഥൂലകായത്വം.

Portmanteau (-tō), *n.* തോൽപെട്ടി, തുകൽസഞ്ചി, ചർമ്മപേടകം.

Portray, *v. t.* പടമെഴുതുക, വർണ്ണിച്ചുപറയുക; -**Portrait,** *n.* ചിത്രം, പടം.

Pose, *n.* അംഗവിന്യാസം, ഇരിപ്പ്, പടിതി, ഇരിപ്പുരീതി; *v. t.* നിലകൊള്ളിക്കുക, ഇരുപ്പിലിരുത്തുക

Poser, *n.* പരിഭ്രമിപ്പിക്കുന്നവൻ, കുഴക്കുന്നവൻ, കുഴക്കുന്ന ചോദ്യം.

Posit, *v. t.* പ്രതിജ്ഞചെയ്യുക, ഉപന്യസിക്കുക.

Position, *n.* നില, അവസ്ഥ; പദവി; പ്രതിജ്ഞ, വചനം, പക്ഷം, ഉപന്യാസം; 'wrong p. പക്ഷാഭാസം, ഹേത്വാഭാസം'; പ്രതിഷ്ഠ, ഗൌരവം; അവസ്ഥ, ദശ, ആകാരം, വടിവ്, ഭാവം, വൃത്തി.

Positive, *a.* ഉള്ള, സ്പഷ്ടമായ, നിശ്ചയമായ, അസ്സന്ദിഗ്ധമായ, പ്രത്യക്ഷമായ, സാക്ഷാത്തായ; അവശ്യകമായ, അവിശങ്കമായ; നിയതമായ, നിശ്ചിതമായ; സത്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ, യഥാർത്ഥമായ, താത്ത്വികമായ, വാസ്തവികമായ; വിവിക്തമായ, കേവലമായ, മറ്റൊന്നു ചേരാത്ത; ദൃഢനിശ്ചയമായ, സംശയമില്ലാത്ത, നിസ്സന്ദേഹമായ; 'p. degree മൂലസ്ഥിതി, സ്വതഃസ്ഥിതി'; 'p. electricity സ്ഫടികവിദ്യുച്ഛക്തി, കണ്ണാടിവിദ്യുച്ഛക്തി'; 'p. law സ്വാരസ്യനിയമം'; 'p. philosophy പ്രകൃതിതത്ത്വശാസ്ത്രം'; 'p. pole വിദ്യുദ്ധാതുപ്രക്ഷേപണാഗ്രം'; 'p. quantity ഉള്ളത്, ധനം, ധനരാശി (opposed to ഇല്ലാത്തത്, കടം, ക്ഷയം, നഷ്ടം, വ്യയം, ഹാനി); 'p. rotation ഇടംതിരിച്ചിൽ'; 'p. sign + എന്ന അടയാളം'; *n.* ഉള്ളത്, ഉണ്മ, വാസ്തവം, സത്യം, തീർമാനം etc; **-ly,** *adv.* സ്പഷ്ടമായി, വ്യക്തമായി, തീർച്ചയായി, വസ്തുതഃ, തത്ത്വതഃ, സത്യമായി, യഥാർത്ഥമായി; മതാഭിമാനത്തോടെ; **-ness,** *n.* തീർച്ച, തീരുമാനം, അസന്നിഗ്ദ്ധത, ദൃഢനിശ്ചയം. യാഥാർത്ഥ്യം.

Possess, *v. t.* ഉണ്ടാകുക, ധരിക്കുക, ആളുക, അനുഭവിക്കുക, അധീനത്തിലുണ്ടാകുക, ഉടമസ്ഥനായിരിക്കുക, വശത്താക്കുക, സ്വന്തമാക്കുക, ആവേശിക്കുക, ആക്രമിക്കുക, ഗ്രസിക്കുക, ഉൾപ്പെടുത്തുക; (of with) കിട്ടുക, പ്രാപിക്കുക, ലഭിക്കുക; അറിയിക്കുക, അറിവുകൊടുക്കുക; **-ed,** *a.* ഉടമപ്പെട്ട, അനുഭവിക്കപ്പെട്ട, അധീനമായ, ഹസ്തഗതമായ; പൂകപ്പെട്ട, പ്രാപ്തമായ, ലബ്ധമായ, അധിഗതമായ; ആവിഷ്ടമായ, ആക്രാന്തമായ; ഭൂതാവിഷ്ടമായ; ഉള്ള; **-ion,** *n.* ഉടമസ്ഥത, അനുഭവം, ഭോഗം, അധികാരം, സമ്പന്നത; ആവേശം, ബാധ, ഉപദ്രവം; സ്വത്ത്, ദ്രവ്യം, വിഭവം; **-ive,** *a.* കൈവശസംബന്ധമായ, ഉടമസംബന്ധമായ; സംബന്ധ in comp; 'p. case സംബന്ധിക, ഷഷ്ഠീവിഭക്തി'; **-or,** *n.* ഉടമസ്ഥൻ, അനുഭവക്കാരൻ, കൈവശക്കാരൻ, ഭോക്താവ്, അധികാരി, യജമാനൻ.

Possible, *a.* കഴിവുള്ള, ചെയ്യത്തക്ക, സാദ്ധ്യമായ, സംഭാവ്യമായ; **-Possibility,** *n.* കഴിവ്, സംഭവം, സംഭാവ്യത, ഉപപത്തി, സംഗതി; **-Possibly,** *adv.* കഴിയുംവണ്ണം, സാദ്ധ്യമാകുംവണ്ണം, ഉരുപക്ഷേ, ഒരു സമയം.

Post, *n.* കാല്, തൂണ്, സ്തംഭം; ഉദ്യോഗം, അധികാരപദം; സ്ഥാനം, അവസ്ഥ, നില, സ്ഥിതി, പദവി; സൈന്യസ്ഥാനം; ദൂതൻ, തപാൽ, തപാൽകാരൻ; 'p. haste വേഗത്തിൽ'; 'p. horse വേഗമുള്ള കുതിര'; *v. t.* സ്ഥാപിക്കുക, തളയ്ക്കുക, പ്രകടനപത്രങ്ങളൊട്ടിക്കുക, പതിവുചെയ്യുക, പേരേട്ടിലെഴുതുക, തപാലാപ്പീസിലിടുക, അമർത്തുക, അറിയിക്കുക, വേഗം അയയ്ക്കുക; *v. i.* വേഗം പോകുക; 'p. up അറിയിക്കുക'; 'p. off താമസിപ്പിക്കുക'; **-age,** *n.* തപാൽകൂലി; **-er,** *n.* ഓട്ടക്കുതിര, വേഗമുള്ള കുതിര; **-Postilion,** *n.* ജവാശ്വാരൂഢൻ.

Postdate, *v. t.* പിൻതീയതിവെയ്ക്കുക.

Post restante, *n.* (ആവശ്യപ്പെടുന്നതുവരെ തപാലാപ്പീസിൽ) എഴുത്തു സൂക്ഷിക്കുന്ന സ്ഥലം.

Postdiluvian, *a.* പ്രളയത്തിനു പിൻപുള്ള.

Posterior, *a.* പിന്നീടുള്ള, പുറകെയുള്ള; പുറകായ, ഉത്തരം, അപരം, അവരം; **-ity,** *n.* പിൻകാലം, പരത, ഉത്തരത; **-ly,** *adv.* പിന്നീട്, പുറകെ, പരതഃ, **-Posteriors,** *n.* (pl) നിതംബം, കുണ്ടി, ചകനം, പിട്ടം, ഗുദപ്രദേശം.

Posterity, *n.* സന്തതി, സന്താനം, വംശം, പുത്രപൌത്രാദികൾ.

Postern, *n.* പുറംവാതിൽ; *a,* പിൻപുറത്തുള്ള, രഹസ്യമായ.

Posthumous (postumous), *a.* അച്ഛൻ മരിച്ചതിനു പിൻപു പിറന്ന, ഗ്രന്ഥകർത്താവു മരിച്ചതിൽപിന്നെ പ്രകാശിപ്പിച്ച.

Postmeridian, *a.* ഉച്ചതിരിഞ്ഞുള്ള, പിൻപകലിന്റെ, അപരാഹ്നതനമായ.

Postmortem, *a.* മരിച്ചശേഷമുള്ള, മരണോത്തരമായ.

Postnatal, *a.* ജന്മോത്തരമായ.

Postnuptial, *a.* വിവാഹത്തിനുശേഷമുള്ള, വിവാഹോത്തരമായ.

Postpone, *v. t.* തള്ളിവെയ്ക്കുക, മാറ്റിവെയ്ക്കുക, താമസപ്പെടുത്തുക, തവണയ്ക്കുവെയ്ക്കുക; **-ment,** *n.* നിർത്തിവെയ്ക്കൽ, മാറ്റിവെയ്ക്കൽ, തവണയ്ക്കുവെയ്ക്കൽ.

Postprandial, *a.* ഊണ് കഴിഞ്ഞതിൽ പിന്നെ.

Postscript, *n.* അനുലേഖം, പിൻകുറിപ്പ് (p. s).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Postulate, *n.* ആധാരന്യായം, സ്വീകൃതപക്ഷം, ഗ്രഹീതപക്ഷം; *v. t.* സ്വീകരിക്ക, അംഗീകരിക്ക.

Posture, *n.* നില, അംഗവിന്യാസം, ഇരിപ്പവടിവു്, സ്ഥിതി.

Posy, *n.* പൂച്ചെണ്ടു്, പുഷ്പഗുച്ഛം; അംഗുലീയകലേഖം.

Pot, *n.* പാന, കുടം, കലം, ചട്ടി.

Potable, *a.* കുടിക്കത്തക്ക, പേയമായ, പാനാർഹമായ.

Potash, *n.* ക്ഷാരം, മരവുപ്പു്, സാമ്പരുപ്പു്, പൊട്ടാഷ്.

Potassium, *n.* പൊട്ടാസിയം, ക്ഷാരസത്തു്, കാരസത്തു്.

Potation, *n.* കുടി, പാനോത്സവം, പനീയം.

Potato, *n.* ഉരുളക്കിഴങ്ങു്, ഗോലാലു.

Potent, *a.* വലിപ്പമുള്ള, ശക്തിയുള്ള, പ്രബലമായ, വീര്യവത്തായ, പ്രഭാവിഷ്ണുവായ; **-Potency,** *n.* ശക്തി, സത്വം, വീര്യം, തിറം; **-Potentate,** *n.* അധിപതി, രാജാവു്, പ്രഭു; **-Potently,** *adv.* പ്രബലമായി, വീര്യത്തോടെ.

Potential (-shal), *a.* ശക്യമായ, സംഭവിക്കത്തക്ക, ഉപപന്നമായ; (mood) വിധിലിങു്; **-ity,** *n.* കഴിവു്, സംഭാവ്യത.

Pother, *see* **Bustle, Perplex.**

Potherb (pot'érb), *n.* ചീര, ശാകം, ചീര, ഇലക്കറി.

Potion, *n.* കുടിമരുന്നു്, പാനീയൌഷധം, പേയൌഷധം.

Potsherd, *n.* കലവോടു്, ഓട്ടക്കലം, ചില്ലി.

Pottage, *n.* പുഴക്കു്; പായസം, പ്രഥമൻ.

Potulent, *a.* ആമത്തമായ, പാനയോഗ്യമായ.

Pouch, *n.* സഞ്ചി, മടിശ്ശീല, കോശം; ലംബോദരം; ഉരപ്പു; *v. t.* സഞ്ചിയിലിടുക; കൊത്തിവിഴുങ്ങുക, സഹിക്കുക.

Poulterer, *n.* കോഴി വില്പനക്കാരൻ, പറവ വില്ക്കുന്നവൻ, ശൌനികൻ.

Poultice, *n.* പോൾട്ടീസു്, പത്തി, പ്രലേപം, ലേപം.

Poultry, *n.* കോഴിമുതലായ പറവ, വളത്തുപക്ഷികൾ; 'p. yard കോഴിമുതലായവയെ ഇടുന്ന സ്ഥലം'.

Pounce, *v. i.* വീണുപിടിക്കുക, റാഞ്ചുക, വാരുക, അവസ്കന്ദിക്കുക, ആക്രമിക്കുക, *n.* പറവനഖം, നഖരം; മഷിയുണക്കും പൊടി.

Pound, *n.* (For cattle) പൌണ്ടു്, അവരോധം, ഗോഷ്ഠം; *v. t.* അരയ്ക്കുക, പൊടിക്കുക, പേഷിക്കുക; പൌണ്ടിലടയ്ക്കുക, കാലിത്തൊഴുത്തിലടയ്ക്കുക; അടിക്കുക; **-age,** *n.* കരം, ശുല്കം, രാജസ്വം; **-er,** *n.* പൊടിക്കുന്നവൻ, അരയ്ക്കുന്നവൻ; ഉലക്ക, മുസലം, കഴവി, മുദ്ഗരം; **-ing,** *n.* പൊടിക്കൽ, ചൂർണ്ണനം, പേഷണം, അരയ്ക്കൽ, മർദ്ദനം.

Pour, *v. t.* ഊററുക, ഒഴുക്കുക, പൊഴിക്കുക, പായിക്കുക, മൊഴിയുക, വർഷിക്കുക, നിസ്സരിപ്പിക്കുക, നിർഗ്ഗളിപ്പിക്ക; *v. i.* ഊററുക, ഒഴുകുക, വർഷിക്കുക, നിർഗ്ഗളിക്കുക, നിർഗ്ഗമിക്കുക; **-er,** *n.* സ്രാവകൻ, ഊററുന്നവൻ, വർഷിക്കുന്നവൻ; **-ing,** *n.* ഊററൽ, ഒഴുക്കു്, സേകം, സ്രാവം.

Pout, *n.* ക്രോധാവേശം; *v. t.* ചുണ്ടു പിളുത്തുക, മുഖംനീട്ടുക.

Poverty *see* under **Poor.**

Powder, *n.* പൊടി ധൂളി, ഭസ്മം, മാവു്, വെടിമരുന്നു്; *v. t.* പൊടിയാക്കുക, പൊടിതൂവുക, പൊടിപുരട്ടുക; **-y,** *a.* പൊടിയായ, ചൂർണ്ണമായ.

Power, *n.* ശക്തി, സാമർത്ഥ്യം, ബലം, വീര്യം, വിഭവം (വാഗ്വിഭവം), തേജസ്സ്, ശൌര്യം; കഴിവു്, ബുദ്ധിശക്തി; (Influence) പ്രഭുത്വം, വശം, അധികാരം, അധീനത; അധിപതി, അധീശൻ, പ്രഭു; (legal) അധികാരം, അധികാരപത്രം, വസ്തുപ്പെരുക്കം, കരുവി, കമ്മവേഗം; **-ful,** *a.* ശക്തിയുള്ള, കഴിവുള്ള, സാമർത്ഥ്യമുള്ള; ശൂരമായ, വീരമായ, വിക്രാന്തമായ, മഹാപ്രതാപമുള്ള; (medicine) വീര്യമുള്ള, അമോഘമായ, ഗുണാവഹമായ; ഉറപ്പുള്ള, പ്രബലമായ; **-fully,** *adv.* പ്രബലമായി, പ്രഭാവത്തോടെ; **-fulness,** *n.* പ്രാബല്യം, പ്രബലത, ശക്തത്വം; **-less,** *a.* അശൂരമായ, ബലമില്ലാത്ത, നിർബലമായ, ശക്തിഹീനമായ, അശക്തമായ, നിഷ്പ്രഭാവമായ, അക്ഷമമായ; **-lessness,** *n.* അശക്തി, അസാമർത്ഥ്യം.

Pox, *n.* മസൂരി; ഉപദംശം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Practice, *n.* പ്രയോഗം, വഴക്കം, പ്രചാരം, സമ്പ്രദായം, രീതി, മാൎഗ്ഗം, പദ്ധതി, ക്രമം; അഭ്യാസം, നിരന്തരപ്രവൃത്തി, ചൎയ്യ; ക്രിയ, ആചാരം, കൎമ്മം, വ്യാപാരം, അനുഷ്ഠാനം; പ്രയുക്തി, (opposite to theory); കള്ളം, വ്യാജം, കൈതവം; 'family p. കുലസമ്പ്രദായം'; 'local p. ദേശാചാരം'; 'good p. സദാചാരം, സദ്വൃത്തി'; bad p. ദുരാചാരം. ദുർവ്വൃത്തി'; 'p. o medicine വൈദ്യക്രിയ, ചികിത്സ, ഭേഷജപ്രയോഗം'; 'p. of arms ആയുധാഭ്യാസം'; 'p. of law വ്യവഹാരം, വ്യവഹാരാഭ്യാസം'; -Practise, *v. t.* അടിക്കടിചെയ്യുക, അഭ്യസിക്ക, ആചരിക്ക, പഴകുക, തൊഴിൽനടത്തുക; -ed, *a.* ചെയ്ത, അഭ്യസ്തമായ, ആചരിതമായ, അനുഷ്ഠിതമായ; അഭിജ്ഞമായ, പക്വബുദ്ധിയായ; -ing, *a.* അഭ്യസിക്കുന്ന; -Practicable, *a.* ചെയ്യത്തക്ക, കരണീയമായ, ശക്യമായ, പ്രവൎത്തിക്കത്തക്ക, സാദ്ധ്യമായ, സുകരമായ; -Practical, *a.* പ്രയോജനമുള്ള, അഭ്യാസികമായ, വ്യവഹാരികമായ; 'p. knowledge വ്യവഹാരജ്ഞാനം, ലൌകികജ്ഞാനം, കാൎയ്യനടത്തിപ്പിനുള്ള അറിവു'; അഭ്യാസക്ഷമമായ, വ്യവഹരിക്കത്തക്ക, പ്രയോജ്യമായ, പ്രവൎത്തനീയമായ, വ്യവഹാരോചിതമായ; 'a p. scheme പ്രവൎത്തനീയോപായം, പ്രവൎത്തനീയപദ്ധതി'; നടത്തിപ്പറിയാവുന്ന, അഭിജ്ഞമായ; -ly, *adv.* കാൎയ്യത്തിൽ, പരമാൎത്ഥത്തിൽ, അനുഭവത്തിൽ, കാൎയ്യാംശത്തിൽ; പ്രവൃത്തിയിൽ; -Practitioner, *n.* തൊഴിൽനടത്തുവോൻ, ഭിഷഗ്വരൻ, വൈദ്യൻ, വക്കീൽ.

Pragmatic, al, *a.* പ്രവൃത്തിപരമായ, പ്രവൃത്തിനിരതമായ, വ്യവഹാരസംബന്ധമായ, പരകാൎയ്യചൎച്ചകമായ.

Prairie, *n.* പുൽവെളി, വെളിസ്ഥലം, മൈതാനം.

Praise (prāz), *n.* കൊണ്ടാടൽ, പ്രശംസ, സ്തുതി, വൎണ്ണനം, കീൎത്തനം; *v. t.* കൊണ്ടാടുക, പുകഴ്ത്തുക. പ്രശംസിക്കുക, ശ്ലാഘിക്കുക; -er, *n.* പുകഴ്ത്തുന്നവൻ; -Praiseworthy, *a.* പ്രശംസാൎഹമായ, ശ്ലാഘ്യമായ, കൊണ്ടാടത്തക്ക.

Prance, *v. i.* തുള്ളുക, തത്തുക പായുക, നൃത്തംചെയ്ക, പ്ലവിക്കുക; -ing, *n.* തുള്ളൽ, വല്ഗിതം.

Prank, *n.* വിളയാട്ടു, കളി, ക്രീഡ, ചേഷ്ട, ലീല; 'idle p. മൎക്കടചേഷ്ട, വാനരക്രീഡ'; *v. t.* ഡംഭിനായി അണിയുക, അല്ലെങ്കിൽ അലങ്കരിക്കുക; -ish, *a.* കളിമട്ടായ, ചപലമായ, ക്രീഡാശീലമായ.

Prate, *v. t. or v. i.* പ്രലപിക്കുക, നിരൎത്ഥമായി പറയുക, അലയ്ക്കുക

Publish, *v. t.* വെളിപ്പെടുത്തുക, പ്രകാശിപ്പിക്കുക, പ്രസിദ്ധംചെയ്യുക, പ്രചരിപ്പിക്കുക; **-er,** *n.* പ്രകാശകൻ, പ്രസിദ്ധംചെയ്യുന്നവൻ, പുസ്തകംഅടിച്ചു പ്രസിദ്ധംചെയ്യുന്നയാൾ; **-Publication,** *n.* വെളിപ്പെടുത്തൽ, പ്രകാശനം, പ്രസ്താവന; പ്രസിദ്ധംചെയ്ത പുസ്തകം.

Puck, *n.* ഒരു ദേവത; കുട്ടിച്ചാത്തൻ?

Pucker, *v. t* ഞെറിയുക, ചുരക്കുക, ചുളുക്കുക, മടിപ്പുവരുത്തുക, പുടീകരിക്കുക; *n.* **-ing,** *n.* ചുളി, മടിപ്പു്, ഞെറി.

Puddle, *n.* ചേറുനീർ, കലക്കവെള്ളം, ചേറുകുളം; *v. t.* കലക്കുക, ചേറുകലക്കുക, കലുഷീകരിക്കുക.

Pudency (-si), *n.* നാണം, കൃച്ഛം, ലജ്ജ, അടക്കം.

Pudenda, Pudendum, *n.* യോനി, ഉപസ്ഥം, ഭഗം.

Pudgy (puj'i), *a.* കട്ടക്കുട്ടിയായ, തടിച്ചുകുറുകിയ.

Pudicity, *n.* അടക്കം, നാണം, ശുദ്ധത, പാതിവ്രത്യം.

Puerile, *a.* കുട്ടിത്തരമായ, ബാലിശമായ, അവിവേകമായ; **-ity,** *n.* കുട്ടിത്തരം, ബാലിശ്യം.

Puerperal, *a.* പ്രസവസംബന്ധമായ, പിറവിസംബന്ധിച്ച; **-perous,** *a.* പ്രസവമുള്ള.

Puff, *v. t.* കാററിീശിപ്പറപ്പിക്കുക; ആട്ടുക; ഊതിവീപ്പിക്കുക, ഊതുക; വലുത്തിപ്പറയുക; *v. i* ഊതുക, ഊതിവീപ്പിക്കുക; *n.* ഊത്തു്, കാററടി; ശ്വാസം, മുഖമാരുതൻ; ഫൂൽകാരം, കാററു്, വാതവേഗം; അതിപ്രശംസ, മുഖസ്തുതി; **-ed,** *a.* ഊതിയ, ഊതിവീപ്പിച്ച, ശ്വാസപൂരിതമായ; 'p. up with pride ഡംഭുകൊണ്ടുവീത്ത, മദോദ്ധതമായ'; **-ing,** *a.* ഊതുന്ന; *n.* ഡംഭു്.

Pugfaced, *a.* കരങ്ങുമുഖമായ, കപിമുഖമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pugnose, *n.* പതിമൂക്ക്, പരന്നമൂക്ക്.
Pugil (-jil), *n.* ഒരുനുള്ള്, ഒരുപിടി, മൂന്നു വിരൽകൂട്ടിനുള്ളം അളവ്; **-Pugilism,** *n.* മുഷ്ടിയുദ്ധം, മല്ലയുദ്ധം; **-Pugilist,** *n.* മുഷ്ടിയോധൻ, മല്ലൻ, തല്ലുകാരൻ.
Pugnacious (-shus), *a.* ശണ്ഠയിടുന്ന, വഴക്കിടുന്ന, കലഹപ്രിയമായ, രണോൽസുകമായ; **-Pugnacity,** *n.* വഴക്ക്, കെറുതി, കലഹേച്ഛ, കലഹകാമം.
Puisne (pū'ni), *a.* ഇളയ, കീഴിലുള്ള, ചെറിയ.
Puissant, *a.* പരാക്രമമുള്ള, ബലമുള്ള, ശൂരമായ, വിക്രാന്തമായ, വീര്യമുള്ള; **-Puissance,** *n.* ശൌര്യം, പരാക്രമം, വീര്യം.
Puke, *v. i. and v. t.* ഓക്കാനിക്കുക, വമിക്കുക, ഛർദ്ദിക്കുക; *n.* ഓക്കാനമുണ്ടാക്കുന്ന ഔഷധം.
Pulchritude, *n. see* **Beauty.**
Pule (pūl), *v. i.* കുട്ടിയെപ്പോലെ കരയുക, ക്രുകുക, കീച്ചിടുക, ചിണുങ്ങുക.
Pull (pool), *v. t. or v. i.* പറിക്കുക, വലിക്കുക, പൊട്ടിച്ചെടുക്കുക, കർഷിക്കുക, പിടുങ്ങുക; *n.* പറിപ്പ്, കർഷണം, ഗ്രഹണം, ധരണം; **-down,** വലിച്ചിടുക, താഴെവീഴ്ത്തുക; **-off,** (ഉടുപ്പ്) അഴിക്കുക, (തൊപ്പി)എടുക്കുക, വലിച്ചുനീക്കുക, **-out,** വലിച്ചെടുക്കുക, കത്തിവാരിയെടുക്കുക, തുറന്നെടുക്കുക, വെളിയിലെടുക്കുക, ഉള്ളിൽനിന്നും എടുക്കുക, ഉദ്ധരിക്കുക, ഉൽഖനിക്കുക; **-towards,** ആകർഷിക്കുക, വലിക്കുക, പിടിക്കുക; **-up,** കടിഞ്ഞാൺ പിടിച്ചുവെട്ടുക; **-ing,** *n.* ആകർഷണം, ഗ്രഹണം.
Pullet, *n.* കോഴിക്കുഞ്ഞ്, അരക്കോഴി.
Pulley (pool'i), *n.* കപ്പി.
Pulmonary, *a.* ശ്വാസകോശസംബന്ധമായ; ചെമ്പരത്തിയോടുചേർന്ന; **-monic,** *n.* ശ്വാസകോശൌഷധം.
Pulp, *n* കഴമ്പ്, മജ്ജ, വസ; ഗർഭം, ബീജം; **-ous, -y,** *a.* മൃദുവായ, കൊഴുപ്പുള്ള, മാംസളമായ, കോമളമായ.
Pulpit (pool'-), *n.* പീഠം, പ്രസംഗപീഠം.
Pulse (puls), *n.* നാഡിത്തുടിപ്പ്, ഹൃദയത്തുടിപ്പ്, ധാതു, നാഡി, നാഡീസ്പന്ദനം; നവധാന്യം, പരുപ്പുവക, വൈദളം, ശമീധാന്യം; **-Pulsate,** *v. i.* സ്പന്ദിക്കുക, സ്ഫുരിക്കുക, തുടിക്കുക, അടിക്കുക; **-ion,** *n.* തുടിപ്പ്, ഗതി, സ്ഫുരണം, ആഘാതം, സ്പന്ദനം.
Pulverize, *v. t.* ഇടിക്കുക, (ഉരലിലിട്ടു കുത്തുക) പൊടിയാക്കുക, അരയ്ക്കുക, ചൂർണ്ണിക്കുക; **-Pulverulent,** *a.* പൊടിയായ, ചൂർണ്ണമയമായ.
Puma, *n* ഒരുവകപ്പുലി.
Pumice, *n.* കിട്ടക്കല്ല്, കമിഴ്കല്ല്, അഗ്നിപർവതശില.
Pummel, *n.* ഉണ്ട, മുഴ, മൊട്ട്, വാളിൻ്റെപിടിമൊട്ട്.
Pump, *n.* പമ്പ്, നീരടിക്കുംയന്ത്രം, തുമ്പ്, നീർത്തുവുംകുഴൽ, ഉത്തോലനയന്ത്രം; *v. t.* (വെള്ളം, കാററുമുതലായവ) അടിക്കുക, അടിച്ചുകയററുക, ഉൽക്ഷേപിക്കുക; അടിച്ചുകളയുക or ഇറക്കുക, നിഷ്കർഷിക്കുക, രേചിക്കുക; നീ.റിയുക; പമ്പുപ്രവർത്തിപ്പിക്കുക; വിവരങ്ങൾ വലിച്ചെടുക്കുക; 'air p. കാററുപമ്പ്'; 'force p. ശക്തിയെറി, ശക്തിപ്പമ്പ്'; 'water p. നീരെറി, നീർപമ്പ്'.
Pumpkin, *n.* കുമ്പളങ്ങ, മത്തൻ, ഇളവൻ, ഇളവൻകായ്, കുശ്മാണ്ഡകം, കക്കാരു.
Pun, *n.* രണ്ടർത്ഥം, ശ്ലേഷം; *v. t.* രണ്ടർത്ഥം വെച്ചു പറയുക, ചിത്രസംഭാഷണംചെയ്യുക, ശ്ലേഷംവെച്ചുപറയുക.
Punch, *n.* തമരുളി, തമരുസൂചി, തുളപ്പൻ; പാനകം; വികടകവി, വിദൂഷകൻ; അടി, പ്രഹരം; *v. t.* കുത്തുക, തുളയ്ക്കുക, കിഴിക്കുക.
Punchy, *a* തടിച്ച, വണ്ണിച്ച.
Punctilio, *n.* സൂക്ഷ്മത, സൂക്ഷ്മവിഷയം, ഖണ്ഡിതം; **-Punctilious,** *a.* സൂക്ഷ്മാചാരനിഷ്ഠമായ, അതിസൂക്ഷ്മദൃഷ്ടിയായ; **-ness,** *n.* സൂക്ഷ്മനിയമനിഷ്ഠ.
Punctual, *a.* സമയംതെററാത്ത, സമയനിഷ്ഠയുള്ള, സാമയികമായ; **-ity, -ness,** *n.* സമയനിഷ്ഠ, സമയപാലനം; **-ly,** *adv.* തക്കസമയത്തു്, വേണ്ടസമയത്തു്.
Punctuate, *v. t.* നിത്തിടുക, വിരാമചിഹ്നമിടുക; **-tion,** *n.* നിത്തടയാളമിടൽ, വിരാമചിഹ്നം.
Puncture, *v. t.* കിഴിക്കുക, ദ്വാരമിടുക, ആണിത്തൊളയിടുക; *n.* കുത്തൽ, കുത്ത്, കിഴിഞ്ഞ, ചെറുദ്വാരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Pundit, *n.* പണ്ഡിതൻ.
Pungent (-jent), *a.* തീക്ഷ്ണമായ, തീവ്രമായ, ഉറപ്പുള്ള, ക്രമമുള്ള; മർമ്മമറുക്കുന്ന, മർമ്മഭേദിയായ; (to the taste) തീവ്രമായ. കടുതായ, എരിയായ, ഉഷ്ണമായ; -**Pungency,** *n.* ഉഗ്രത, തീക്ഷ്ണത, കടുത, തീവ്രത, കട്ടപ്പം, ക്രൂരം, എരി.
Punish, *v. t.* ശിക്ഷിക്കുക, ഒതുക്കുക, അടക്കുക, ശാസിക്കുക, അടിക്കുക; -**er,** *n.* ശിക്ഷിക്കുന്നവൻ, ശാസ്താവ്, ദണ്ഡയിതാവ്; -**ment,** *n.* ശിക്ഷ, ദണ്ഡം, ശാസനം, നിഗ്രഹം, അടി.
Punitive, Punitory, *a.* ശിക്ഷസംബന്ധമായ, ദണ്ഡ in comp.
Punkah, *n.* പങ്ക.
Punt, *n.* അടിയകന്ന പടവ്; *v. t.* പടവിൽകൊണ്ടുപോകുക, വള്ളത്തിൽകൊണ്ടുപോകുക, ഊന്നിക്കൊണ്ടുപോകുക.
Puny, *n.* ചെറിയ, ബലഹീനമായ, ഇളയ, അത്യല്പമായ, ക്ഷുദ്രമായ.
Pup, *n.* നായ്ക്കുട്ടി; *v. i.* നായ്ക്കുട്ടി പ്രസവിക്കുക.
Pupil, *n.* ശിഷ്യൻ, അന്തേവാസി, മാണവകൻ; കൺമണി; -**age,** *n.* ശിഷ്യദശ, ഇളമ, കുട്ടിപ്പരുവം, അന്തേവാസിത്വം.
Puppet, *n.* പാവ, പുത്രിക, പാഞ്ചാലിക; മറ്റൊരാളുടെ ചൊല്പടിക്കാരനാകുന്നവൻ.
Puppy, *n.* പട്ടിക്കുട്ടി, നായ്ക്കുട്ടി.
Purblind, *a.* കൺക്രമ്മയററ, മാലക്കണ്ണുള്ള, കാഴ്ച കുറഞ്ഞ.
Purchase (per-), *v. t.* വിലയ്ക്കുവാങ്ങുക, വാങ്ങുക, ക്രയംചെയ്ക; ശ്രമപ്പെട്ടുസമ്പാദിക്കുക; *n.* വാങ്ങൽ, വാങ്ങിയ സാധനം, ക്രയം, ക്രീതദ്രവ്യം; -**er,** *n.* കോള്ളുകാരൻ, വാങ്ങുന്നവൻ.
Pure (pūr), *a.* നിർമ്മലമായ, കറമററ, പരിശുദ്ധമായ, കേവലമായ, പരിപൂതമായ, അപശബ്ദരഹിതമായ; (woman) സതിയായ, അക്ഷതയോനിയായ, പുരുഷൻതൊടാത്ത; -**ly,** *adv.* നിർമ്മലമായി, കറയററ്, വിശുദ്ധമായി, ശുചിയായി, കേവലമായി; -**ness, -Purity,** *n.* കലപ്പില്ലായ്മ, കറയില്ലായ്മ, വിശുദ്ധി, പ്രസാദം, തെളിവ്, ശുചിത, ശൌചം, പുണ്യത, സാധുത, പവിത്രത, പൂതത; -**Purify,** *v. t.* അഴുക്കുകളക, പരിപൂതമാക്കുക, ശുചീകരിക്ക, സംസ്കരിക്ക, -**ed,** *a.* നിർമ്മലമായ, ശുദ്ധമായ; ശോധിതമായ, പ്രക്ഷാളിതമായ; 'p. by penance പ്രായശ്ചിത്തമായ'; -**ication,** *n.* പരിപൂതി, വിശുദ്ധി, സംസ്കാരം, ശോധനം, മാർജ്ജനം, തുടയ്ക്കൽ; -**icative, -icatory,** *a.* പാവനമായ, പവിത്രമായ; -**ing,** *a.* ശുദ്ധമാക്കുന്ന, പാവനമായ.
Puritan, *n.* ഇംഗ്ലീഷ്ചർച്ചിൽനിന്ന് പിൻതിരിഞ്ഞവൻ, നിയമനിഷ്ഠൻ.
Purge (perj), *v. t.* അഴുക്കുകളയുക, ശോധിക്കുക, പാപംകളയുക, കറകളയുക; *n.* വിരേചനം, ഉദരശോധനം; -**ation,** *n.* വിരേചനം, ശുദ്ധി, വയറിളക്കൽ; -**ative,** *a.* വയറിളക്കുന്ന, വയറു ശുദ്ധമാക്കുന്ന, ശോധകമായ; *n.* വയറിളക്കുന്ന മരുന്ന്, വിരേചകം; -**atory,** *a.* ശുദ്ധിപ്പെടുത്തുന്ന, ശോധകമായ; *n.* പാപമോചനസ്ഥാനം.
Purlieu, *n.* *see* **Border.**
Purloin, *v. t.* *see* **Rob, steal,**
Purple (per-), *a.* കരിഞ്ചുവപ്പായ, ഊതനിറമായ; *n.* കരുത്തഊതനിറം, ആഴ്ന്നഊത, ധൂമളം, നീലലോഹിതം, മാന്തളിർവർണ്ണം; സംഭാരമിട്ട തോർച്ചാരായം; *v. t.* ഊതനിറമാക്കുക, നീലലോഹിതമാക്കുക, ധൂമ്രീകരിക്കുക; -**ish,** *a.* ഇളം ഊതയായ.
Purport (per-), *n.* അർത്ഥം, ഉദ്ദേശം, ഭാവം, അഭിപ്രായം, താല്പര്യം, ആശയം, ഭാവാർത്ഥം; *v. t.* അഭിപ്രായപ്പെടുക, ഉദ്ദേശിക്കുക.
Purpose, *n.* ഉദ്ദേശം, കാര്യം, എണ്ണം, നോട്ടം, ആശയം, അർത്ഥം, താല്പര്യം, ആകൂതം, ഇച്ഛ; *v. t.* അഭിപ്രായപ്പെടുക, ഉദ്ദേശിക്ക; -**ly,** 'on p., *adv.* ഉദ്ദേശത്തോടെ, വിചാരിച്ചുകൊണ്ട്, ബുദ്ധിപൂർവ്വം, സാഭിപ്രായം.
Purse (pers), *n.* ചെറുപണസഞ്ചി, മടിശ്ശീല; ധനം, പണം, സമ്പത്ത്; 'p. pride പണത്തിന്റെ അഹങ്കാരം, ധനദർപ്പം, അഭിമാനം'; 'p. proud പണച്ചെരുക്കുള്ള, ധനോന്മത്തമായ'; *v. t.* പണസഞ്ചിയിലിടുക; കോശത്തിൽ നിവേശിപ്പിക്കുക; ചുരുക്കുക, മടിയുക.
Purslain, -lane, *n.* കോഴിച്ചീര.
Pursue (-sū'), *v. t.* തുടർന്നുപോകുക, പിന്നാലെപോകുക, അനുസരിക്കുക, തേടുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുഷ്ഠിക്കക, സേവിക്കക, പ്രവൎത്തിപ്പിക്കക, ചെയ്യുക; പിന്നെയും പിന്നെയും ആഗ്രഹിക്കക; **-er,** *n.* തുടരുന്നയാൾ, അനുസാരി, അനുഗാമി, അനുയായി; **-Pursuit** (per-sūt'), *n.* പിൻതുടരൽ, വേട്ട, അനുസരണം, അനുധാവനം, അന്വേഷണം, തേട്ടം, മാൎഗ്ഗണം; അനുഷ്ഠാനം, നിഷ്ഠ, അനുശീലനം; തൊഴിൽ, വേല, വ്യാപാരം, വ്യവസായം, ഉദ്യമം, ആരംഭം, കാൎയ്യം, പ്രവൃത്തി; **-Pursuant,** *a.* അനുസരിച്ച തുടൎന്ന, അനുവൎത്തിയായ, അനുരൂപമായ, ഒത്ത; **-ly,** *adv.* അനുരൂപമായി, അനുസാരേണ, അനുസരിച്ച്, തുടൎന്ന്; **-Pursuance,** *n.* പിൻതുടൎച്ച, അനുസരിപ്പ്, അനുസരണം, അനുവൎത്തനം; **-Pursuivant,** *n.* അനുചരൻ, ദൂതൻ.

Pursy, *a.* തടിച്ച; കിതക്കുന്ന, ശ്വാസംമുട്ടുന്ന; **-siness,** *n.* പുഷ്ടി, കൊഴുപ്പ്, വണ്ണം; കിതപ്പ്.

Purtenance, *see* **Appertenance.**

Purulent, *a.* പീളകൊണ്ടു or കെട്ടിയ, ചലമുള്ള, പഴുപ്പുള്ള, ചലമൊഴുകുന്ന, പൂയസ്രാവിയായ; **-Purulence,** *n.* പഴുപ്പ്, പൂയപൂൎണ്ണത, പീള.

Purvey (per-vā'), *v. t.* സാമഗ്രികൾ ശേഖരിക്കക, ഉപകരണങ്ങൾ സംഭരിക്കക, തേടിക്കൊണ്ടുവരിക, ഒരുക്കൂട്ടുക; **-ance,** *n.* ഊണിനുള്ള ഒരുക്ക്, ഭോജനസംഭാരം, ഭോജനസാമഗ്രി; ഉപകരണങ്ങൾ, സാമഗ്രികൾ; **-or,** *n.* മടപ്പള്ളിവിചാരിപ്പുകാരൻ, ഭോജനാധികാരി.

Purview, *n.* വിഷയം, അവകാശം.

Pus, *n.* ചലം, പഴുപ്പ്, ദുഷ്ട്, പൂയരക്തം, ചീഴ്.

Push (poosh), *v. t. or v. i.* തള്ളുക, നീക്കക, മുട്ടുക, ചെലുത്തുക, മുട്ടുക; പ്രചോദിപ്പിക്കക, താഡിക്കക; **-ing,** *n.* തള്ളൽ, ഉന്ത്, മുട്ട്, പ്രചോദന; ആഘാതം, താഡനം; വേഗം, പ്രയത്നം; **-ing,** *a.* മുൻതള്ളുന്ന, സാഹസശീലമായ, ഉദ്യമിയായ.

Pusillanimous, *a.* കോഴയായ, കാതരമായ, ക്ലീബമായ, ദീനമായ, നീചബുദ്ധിയുള്ള, ധൈൎയ്യമില്ലാത്ത; **-Pusillanimity,** *n.* ആണത്തമില്ലായ്മ, പെണ്മ, കാൎപണ്യം, ദൈന്യം, ക്ലീബത, കാതൎയ്യം, ഭീരുത, അല്പത്വം.

Puss, Pussy, *n.* *see* **Cat.**

Pustule, *n.* കുമിള, പൊക്കിളം; കുരു; *see* **Pimple; -ar, -ous,** *a.* കുരുനിറഞ്ഞ.

Put (poot), *v. t.* വയ്ക്കുക, ചൊല്ലുക, സ്ഥാപിക്കക, അപ്പിക്കക, ന്യസിക്കക; 'p. to death കൊല്ലുക, ഹനിക്കക'; 'p. to flight ഓടിക്കക, തുരത്തുക, ആട്ടിപ്പായിക്കക'; 'p. in mind ഓൎമ്മിപ്പിക്കക, സ്മരിപ്പിക്കക, അനുബോധിപ്പിക്കക'; 'p. in order ക്രമപ്പെടുത്തുക, അനുക്രമംരചിക്കക, വിന്യസിക്കക, സജ്ജീകരിക്കക'; 'p. in writing കടലാസിലാക്കക, എഴുത്തിലാക്കക, രേഖപ്പെടുത്തുക'; **-about,** (കപ്പൽ)തിരിക്കക, പരിവൎത്തിപ്പിക്കക; **-aside,** മാററിവയ്ക്കുക, തള്ളുക, ഉപേക്ഷിക്കക; സൂക്ഷിക്കക, പരിരക്ഷിക്കക, സഞ്ചയിക്കക; **-away,** ദൂരെയാക്കക, ദൂരെത്തള്ളുക, നിഷ്കാസിക്കക, ബഹിഷ്കരിക്കക; **-down,** താഴെയിടുക, അവതരിപ്പിക്കക, നിക്ഷേപിക്കക; താഴ്ത്തുക, അമൎത്തുക, അടക്കക, നശിപ്പിക്കക; (in writing) എഴുതുക രേഖപ്പെടുത്തുക; **-back,** തിരികെത്തള്ളുക, യഥാസ്ഥാനത്താക്കക, താമസിപ്പിക്കക, ഇല്ലെന്നുപറയുക; **-by,** വെച്ചേക്കക, ഒന്നുംമിണ്ടാതിരിക്കക; കരുതിവയ്ക്കുക; **-forth,** നീട്ടുക; വെളിപ്പെടുത്തുക, കാട്ടുക, വ്യഞ്ജിപ്പിക്കക, പ്രകാശിപ്പിക്കക, വ്യക്തീകരിക്കക; കൊണ്ടുവരിക, ഉപക്ഷേപിക്കക, ഉപന്യസിക്കക, ഉദാഹരിക്കക; **-in,** ഇടയിൽചേൎക്കക, ഇടയ്ക്കുപറയുക, (കപ്പൽ) തുറമുഖത്തടുക്കക; **-off,** ഉരിയുക, ഊരുക; തെററിക്കളയുക, മാററിവയ്ക്കുക, താമസിപ്പിക്കക, കടലിലേക്കു പോകുക, കള്ളനാണയം മാറുക; **-on,** ധരിക്കക, ഇടുക, ശരീരത്തിലിടുക, ചാൎത്തുക, മൂടുക; ഗ്രഹിക്കക, സ്വീകരിക്കക, കാട്ടുക; കലൎത്തുക, കടത്തുക, സംക്രമിപ്പിക്ക; നിവേശിപ്പിക്ക; **-out,** പുറത്താക്കക, ഊതുക; കെടുത്തുക; പലിശയ്ക്കുകൊടുക്ക, മുഷിപ്പിക്കക, പ്രസിദ്ധംചെയ്യുക, തുറക്കക; **-over,** മേലധികാരം നിൎക്കുക; *see* **Put off; -to,** കൂട്ടുക, ചേൎക്കക, ഇടവരുത്തുക, വണ്ടിക്കുകെട്ടുക; 'p. to the sword ഛേദിക്ക, വെട്ടിനുറക്കക'; 'p. to astand നിൎത്തുക, നിലപ്പിക്ക, സ്തംഭിപ്പിക്ക'; **-together,**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംയോജിപ്പിക്ക, കൂട്ടിച്ചേൎക്കുക, ഒന്നിച്ചിടുക; **-up,** പ്രാൎത്ഥിക്ക, (വില്പാൻ) വെയ്ക്കുക, താമസിപ്പിക്ക; (with) സഹിക്ക, ക്ഷമിക്ക; വിശദമാക്കുക, വെളിവായി വയ്ക്കുക, പ്രദൎശിപ്പിക്ക.

Putative, *a.* പേർപെട്ട, കേൾവിപെട്ട, പ്രസിദ്ധമായ; ഊഹിച്ച, അഭിമതമായ; 'p. father അച്ഛനെന്നു വിചാരിക്കപ്പെട്ടുവരുന്നവൻ'.

Puteal, *n.* കിണററവക്ക്, (കിണറിന്റെ) വായ്ഭിത്തി.

Putrid, *a.* അഴുകിയ, ചീഞ്ഞ.

Putrefy, *v. i.* അളിയുക, ചീയുക, അഴുകുക, ചലവിക്ക; *v. t.* അഴുക്കുക, ചീയിക്കുക; **-action,** *n.* അഴുകൽ, പഴുപ്പ്, ചീയൽ; **-Putrid, -Putrescent,** *a.* ചീഞ്ഞ, അളിഞ്ഞ, പഥക്കേടായ; **-ness, -Putrescence,** *n.* അഴുക്കൽ, പൂതിഗന്ധം.

Putty, *n.* വാതിലിനു കണ്ണാടിച്ചില്ലു പതിക്കുന്ന പശ.

Puzzle, *n.* വിഷമപ്രശ്നം, കടംകഥ, പ്രഹേളിക, പ്രവഹ്ളിക; വിഷമം, പരിഭ്രമം, സംഭ്രമം, വ്യാകുലത, വ്യഗ്രത; *v. t.* കുഴയ്ക്കുക, പതറിക്കുക, വിഷമിപ്പിക്ക, പരിഭ്രമിപ്പിക്ക, ആകുലപ്പെടുത്തുക; **-ed,** *a.* കുഴങ്ങിയ, പതറിയ, വിഷമിച്ച, കിംകൎത്തവ്യതാമൂഢമായ; **-ing,** *a.* കുഴയ്ക്കുന്ന, കുഴക്കുന്ന, വിഷമിപ്പിക്കുന്ന.

Pyaemia (pī-e'mia) *n.* (മുറിവാലുണ്ടാകുന്ന) രക്തവിഷം.

Pygmy, *n.* മുണ്ടൻ, കുള്ളൻ, ഹ്രസ്വൻ, വാമനൻ, ഖൎവൻ.

Pylorus, *n.* (pl. Pylori) (കുടൽഭാഗത്തെ) ആമാശയമുഖം.

Pyoid, *a.* ചലംസംബന്ധിച്ച, പഴുപ്പുസംബന്ധിച്ച.

Pyramid (pir'), *n.* പട്ടകോണം, ബലഭൂജഗോപുരം, സൂച്യഗ്രസ്തംഭം; **-al,** *n.* ക്രുത്ത, സൂച്യാകാരമായ.

Pyre, *n.* പട്ടട, ചിത.

Pyretic, *n.* ജ്വരമരുന്ന്; *a.* ജ്വരസംബന്ധിയായ.

Pyrites, *n.* തീക്കൽ, സ്വൎണ്ണമാക്ഷികം.

Pyrometer, *n.* അഗ്നിമാപകം (യന്ത്രം)

Pyrotechnics (pī-rō-tek'niks), *n.* കമ്പക്കെട്ടുവിദ്യ, വാണവിദ്യ, തീവേല, അഗ്നിവിദ്യ.

Pyrrhonism (pir'on-), *n.* സൎവസന്ദേഹമതം, അവിശ്വാസിമതം, മിഥ്യാദൃഷ്ടി.

Pythagorean, *a.* പുനൎജ്ജന്മമുണ്ടെന്നു പഠിപ്പിച്ചവനായ പിതാഗോറസ്സിനെ സംബന്ധിച്ച.

Python (pī'thon), *n.* വലിയ മലമ്പാമ്പ്.

Quab, *n.* പരുവമാകാത്തതു്, പൂൎണ്ണമാകാത്തതു്.

Quack, *v. i.* വാത്തപോലെ കരയുക, താറാവു കരയുക, ഹംസത്തേപ്പോലെ നടിക്കുക; *n.* ഇല്ലാത്ത യോഗ്യത നടിക്കുന്നവൻ, കുവൈദ്യൻ; ഹംസനാദം; **-ery,** *n.* ദുശ്ചികിത്സ, മിഥ്യാഭിമാനം, തണ്ട്, പിത്തലാട്ടം.

Quad (kwod), *n.* അങ്കണം.

Quadrangle, *n.* നാൽകോണം, മുററം, ചതുഷ്കോണം; **-Quadrangular,** *a.* നാല്കോണമായ, ചതുഷ്കോണമായ, ചതുരശ്രമായ.

Quadrant, *n.* നാലിലൊന്നു്, ചതുൎത്ഥഭാഗം, പാദം; വൃത്തപാദം, തുരീയയന്ത്രം.

Quadrat, *n.* അച്ചെഴുത്തുകളിടയ്ക്കു ഇടയിടാൻ വയ്ക്കുന്ന ഈയക്കട്ട.

Quadrate, *n.* ചതുരം.

Quadratic, *a.* ചതുരം സംബന്ധിച്ച, ചതുരശ്രീയമായ; (equation) വൎഗ്ഗസമീകരണം.

Quadrature, *n.* വൎഗ്ഗണം, ചതുരശ്രം, പദസംസ്ഥാനം.

Quadrennial, *a.* നാലുകൊല്ലം കൂടിയ, നാലുകൊല്ലത്തിൽ ഒരിക്കലുള്ള, ചതുൎവാൎഷികമായ.

Quadrilateral, *a.* ചതുൎഭുജമായ, നാലുവശമുള്ള.

Quadripartite, *a.* നാലായിഭാഗിച്ച, ചതുൎവിധമായ.

Quadrisyllable, *n.* ചതുരക്ഷരം, നാലക്ഷരമുള്ള വാക്ക്.

Quadrivial, *a.* നാലുവഴി കൂടുന്ന.

Quadroon, *n.* വെള്ളക്കാരന്റെയും കാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിരിസ്ത്രീയുടെയും പുത്രിയിൽ വെള്ളക്കാരനുണ്ടായ സന്താനം.

Quadruped, *n.* നാല്ക്കാലികൾ, ചതുഷ്പാദ്, *a.* നാലുകാലുള്ള.

Quadruple, *a.* നാലിരട്ടിയായ, ചതുർഗ്ഗുണമായ; *v. t.* നാലിരട്ടിയാക്കുക, ചതുർഗ്ഗുണീകരിക്ക; **-Plex,** *a.* നാലായിമടക്കിയ; **-ruplicate,** *v. t.* നാലുമടക്കാക്കുക; *a.* നാലുമടങ്ങായ.

Quaff (kwaf), *v. t. and v. i.* അധികമായി കുടിക്ക, അടിവരെ വററിക്ക, അത്യാർത്തിയോടെ കുടിക്ക; **-er,** *n.* അധികം കുടിക്കുന്നവൻ.

Quag, -mire, *n.* കുഴിക്കണ്ടം, താണനിലം, ചതുപ്പുനിലം, ഈറനിലം.

Quail, *a.* കാട (കാടപ്പക്ഷി); വേശ്യ; 'q. call, q. pipe (കാടയേ) വശീകരണശബ്ദം, വശീകരണനാദം'; *v. i.* ഇളകുക, വിറയ്ക്കുക, അനങ്ങുക, വേപിയ്ക്കുക; കിടുകിടുക്കുക, മനസ്സിടിയുക, വ്യാകുലപ്പെടുക; ക്ഷയിക്ക, നശിക്ക.

Quaint, *a.* വിചിത്രമായ, അപരൂപമായ, അസംഗതമായ; യുക്തിയുള്ള, വിദഗ്ദ്ധമായ, അതിസൂക്ഷ്മമായ; **-ly,** *adv.* വിലക്ഷണമായി, അസംഗതമായി, അപൂർവ്വമായി.

Quake, *v. i.* വിറയ്ക്കുക, നടുങ്ങുക, കിടുകിടുക്ക, ത്രസിക്കുക; *n.* വിറ, വിറയൽ, കമ്പനം, വേപഥു.

Qualify (-fī), *v. t. or v. i.* തക്കതാക്കിത്തീർക്കുക, യോഗ്യമാക്കിത്തീർക്കുക, ക്ഷമമാക്കിത്തീർക്കുക; അധികാരപ്പെടുത്തുക; പ്രാപ്തിവരുത്തുക; വിശേഷിപ്പിക്കുക; ക്ലിപ്തപ്പെടുത്തുക, പരിച്ഛേദിക്കുക; നിബന്ധിക്കുക, അളവിലാക്കുക; പതപ്പെടുത്തുക, ക്രമപ്പെടുത്തുക; **-ed,** *a.* തക്ക, കൊള്ളാവുന്ന, യോഗ്യമായ, പര്യാപ്തമായ, കർമ്മക്ഷമമായ, ഗുണിയായ, ഗുണസമ്പന്നമായ; ക്ലിപ്തമായ, നിയതമായ, പരിഛിന്നമായ; *see* **Limited; -ication,** *n.* യോഗ്യത, ഔചിത്യം, ഗുണവിശിഷ്ടത; ഗുണം, പാത്രത്വം, വിശിഷ്ടഗുണം; പരിഛേദം, ക്രമം, മര്യാദ, പരിമാണം, അളവ്; **-Quality,** *n.* ഗുണം; ഭാവം, ധർമ്മം, സ്വഭാവം, പ്രകൃതി, രൂപം, ലക്ഷണം, വിശേഷഭാവം, ശീലം, ശക്തി; കുലീനത, ശ്രേഷ്ഠപദം, ഗൗരവം, ഉൽകൃഷ്ടപദം; പ്രകാരം, ജാതി, ഇനം.

Qualm (kwäm') *n.* ഓക്കാനിക്കണമെന്ന തോന്നൽ, വമനേച്ഛ; മനസ്താപം, അനുതാപം; **ish,** *a.* ഛർദ്ദിക്കാനിച്ഛിക്കുന്ന.

Quandary, *n.* കുഴപ്പം, മുട്ടപാട്, പ്രയാസം.

Quantity, *n.* അളവ്, പരിമാണം, പ്രമാണം, മാനം, മാത്ര, അംശം, ഭാഗം; രാശി; (large) കൂട്ടം, സഞ്ചയം, 'long q. നീളം, ദീർഘം'; 'short q. കുറക്കം, ഹ്രസ്വം'; 'known q. വ്യക്തരാശി'; 'unknown q. അവ്യക്തരാശി'; 'positive q. ധനരാശി'; 'negative q ഋണരാശി, ക്ഷയരാശി'; 'rational q. ശുദ്ധരാശി, അമൂലരാശി'; 'radical q., irrational q. മൂലരാശി, കൃത്രിമരാശി'; **-titative** *a.* പരിമാണസംബന്ധമായ; **-Quantum,** *n.* അളവ്, എണ്ണം, പരിമാണം, മാത്ര.

Quarantine (kwar'antēn), *n.* സംസർഗ്ഗനിഷേധം (നാല്പതുനാളേയ്ക്കു), വിലക്ക്, നിവാരണോപായം, ശുദ്ധീകരണം.

Quarrel, *n.* ശണ്ഠ, വഴക്ക്, വാഗ്വാദം, കലഹം, കലി, വിവാദം; *v. i.* ശണ്ഠയിടുക, വഴക്കിടുക, വിവദിക്ക; **-er,** *n.* ശണ്ഠക്കാരൻ, വിവാദി, കലഹകാരി; **-some,** *a.* കലഹപ്രിയമായ, വിവാദശീലമായ.

Quarry (kwo'ri), *n.* കൽത്തുരങ്കം, കൽക്കുഴി, ആകരം, ഖനി, കൽത്തറ; ഇരജന്തു, ആമിഷം; *v. t.* ഖനിക്കുക, കൽവെട്ടിയെടുക്കുക or തോണ്ടിയെടുക്കുക.

Quart, *n.* ഒരു ഗാലന്റെ നാലിലൊന്ന്.

Quartan, *a.* നാലാംമുറയായ, നാലാംദിവസം വരുന്ന, ചാതുർത്ഥികമായ.

Quarter, *n.* നാലിലൊന്ന്, പാദം, കാൽ, എട്ടുബുഷൽ, 28 റാത്തൽ; പ്രദേശം, ദിക്ക്, ദിഗ്ഭാഗം; ദയ, കൃപ, ജീവദാനം, മൂന്നുമാസം, മാസത്രയം; *v. t.* നാലായി പങ്കിടുക, നാലായിത്തുണ്ടിക്കുക or വിഭജിക്ക; പാർപ്പിക്ക, വസിപ്പിക്ക; *v. i.* പാർക്കുക; **-ly,** *a.* ത്രൈമാസികം, പാദികം; *adv.* മാസത്രയാന്തത്തിൽ, മൂന്നാംമാസത്തിന്റെ ഒടുവിൽ, പ്രതിത്രിമാസം.

Quarto, *n.* നാലായി മടക്കിയ താൾ.

Quartz, *n.* സ്ഫടികക്കൽ, ക്രൂഴാക്കൽ.

Quash, *v. t.* ഞെക്കുക, അമർത്തുക, അഴിക്കുക, മർദ്ദിക്ക, റദ്ദ്ചെയ്യുക, നിരസിക്ക.

Quasi (kwā'sī), *a.* പോലുള്ള; *adv.* പോലെ, ചില അംശങ്ങളിൽ.

Quaternion, *n.* നാല്, ചതുഷ്ടയം, ചതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ്ടം; -**Quarternary,** *a.* നാലുള്ള.

Quatrain, *n.* നാലുപാദമുള്ള പദ്യം, ചതുഷ്പദശ്ലോകം.

Quaver, *v. i.* സ്വരം വിറയ്ക്കുക, സ്വരം ഇടറുക, സ്വരം വിറപ്പിച്ചു പാടുക, ഭഗ്നസ്വരത്തിൽ ഗാനംചെയ്യുക; *n.* സ്വരഭംഗം, കമ്പസ്വരം.

Quay (kē), *n.* കപ്പൽത്തുറ, തുറമുഖം, ഘട്ടം, തുറമുഖമേട.

Quean (kwēn), *n.* അല്പസ്ത്രീ, ദുഷ്ട; *see* **Prostitute.**

Queen (kwēn), *n.* രാജസ്ത്രീ, റാണി, പട്ടമഹിഷി, രാജ്ഞി, ദേവി, രാജപത്നി; 'q. 's metal ഓട്'; -**like, -ly,** *a.* റാണിക്കുചേന്ന, രാജ്ഞീസദൃശമായ; -**dowager** (-jēr), *n.* രാജവിധവ; -**mother,** *n.* രാജമാതാ, റാണിമാതാ.

Queer (kwēr), *a.* പുതുമയായ, വിലക്ഷണമായ അപരൂപമായ, അൽഭുതമായ.

Quell, *v. t.* അടക്കുക, ശമിപ്പിക്ക, ശാന്തപ്പെടുത്തുക, നശിപ്പിക്ക, വശീകരിക്ക.

Quench, *v. t.* അടക്കുക, ശമിപ്പിക്ക, -**ing,** *n.* അടക്കം, ശമനം, ശാന്തി.

Querulous, *a.* ദുഃഖിതമായ, അസംതൃപ്തമായ, വിലാപിയായ, ദുഃഖാത്മകമായ; -**ly,** *adv.* വിലാപത്തോടെ; -**ness,** *n.* വിലാപശീലത.

Query, *n. see* **Question.**

Quest, *n.* ആരായൽ, അന്വേഷണം, തേടൽ.

Question (kwest'yun), *n.* ചോദ്യം, പ്രശ്നം, ജിജ്ഞാസ, നിരൂപണം, പരീക്ഷണം, സന്ദേഹം, വികല്പം, ആശങ്ക; വാദവിഷയം, വിഷയം; *v. t.* ചോദിക്ക, പരീക്ഷിക്ക, വിചാരിക്ക; ആശങ്കിക്ക, അവിശ്വസിക്ക, സംശയിക്ക; -**able,** *a.* ചോദ്യംചെയ്യത്തക്ക, ശങ്കനീയമായ, സന്ദിഗ്ദ്ധമായ, സന്ദേഹാസ്പദമായ; -**ably,** *adv.* സാശങ്കം, സന്ദിഗ്ദ്ധമായി; -**ary,** *a.* പ്രശ്നാത്മകമായ; -**er,** *n.* ചോദ്യം ചെയ്യുന്നവൻ, ജിജ്ഞാസു; -**less,** *adv.* നിസ്സംശയമായി, നിശ്ശങ്കമായി.

Queue (kū), *n.* പിൻകുടുമി, തലമുടിപ്പിന്നൽ, ഒന്നിന്റെപിറകെ ഒന്നായിനില്ക്കും ആൾവരി.

Quib, *n. see* **Quip.**

Quibble, *n.* പിരട്ടുവാക്ക്, വാക്കുപിരട്ട്, വക്രോക്തി, അപലാപം; *v. i.* വാക്കുകൊണ്ടു പിരട്ടിപ്പറയുക, തിരിച്ചുമറിച്ചുപറയുക, വക്രമായിപ്പറയുക; -**er,** *n.* വക്രോക്തിവാദി; -**ing,** *n.* വാക്ച്ഛലം.

Quick, *a.* ചുറുചുറുപ്പുള്ള, ചുറുക്കുള്ള, വിരവായ, ഉയിരുള്ള, ദ്രുതമായ, വേഗമുള്ള; 'q. wit പ്രത്യുല്പന്നമതി'; 'q. as thought മനോജവത്തോടെ, മനോവേഗത്തോടെ'; തീക്ഷ്ണമായ, സൂക്ഷ്മമായ, തീവ്രമായ, ശീഘ്രഗ്രാഹിയായ, വേഗം പ്രവൎത്തിക്കുന്ന; ശീഘ്രമായ, വേഗം പോകുന്ന, ചാടുന്ന, ചീളുന്ന; ജീവനുള്ള, ചപലമായ, ഇളകുന്ന, സ്പന്ദമാനമായ; 'q. with child ഗൎഭമുള്ള'; 'be q. q. q. വേഗമാട്ടെ വേഗമാട്ടെ'; 'q. lime കക്ക, വെന്തകക്ക, കുമ്മായം, ചുണ്ണാമ്പുപൊടി'; 'q. sand പൂഴിമണൽ, അസ്ഥിരപുളിനം, ഇടിയുന്ന മണൽത്തിട്ട'; 'q. sight തീക്ഷ്ണദൃഷ്ടി', സൂക്ഷ്മദൃഷ്ടി'; 'q. silver രസം, പാരദം'; 'q. witted ശീഘ്രബുദ്ധിയായ, യുക്തിവാക്കുള്ള, പ്രത്യുൽപന്നമതിയായ'; *adv.* ചുറുക്കോടെ, വേഗം; *see* **Quickly;** *n.* പ്രാണി, മുളച്ചുവളരുന്ന ചെടി, പ്രാണൻ, മൎമ്മം, വേദനതട്ടുന്നഭാഗം; -**en,** *v. t.* ചുറുക്കേറുക, വേഗംകൂട്ടുക, ത്വരിപ്പിക്ക; ജീവിപ്പിക്ക, ചുണകൂട്ടുക; ഉദ്ദീപിപ്പിക്കുക, ഉത്തേജിപ്പിക്കുക; *v. i.* ജീവിക്കുക, ജീവനിടുക; അനങ്ങുക, ഇളകുക, തുടിക്കുക, സ്പന്ദിക്കുക, ത്വരിക്കുക, -**ening,** *a.* ജീവൻനൽകുന്ന, ഉദ്ദീപിപ്പിക്കുന്ന, ഉദ്ദീപകമായ; -**ly,** *adv.* വേഗത്തിൽ, ശീഘ്രം, സത്വരം; പെട്ടെന്ന്, ഉടനെ, തൽസമയം; -**ness,** *n.* വേഗം, ചുറുക്ക്, ശീഘ്രത, തീക്ഷ്ണത.

Quiescent (kwī-es'-ent), *a.* അനങ്ങാതിരിക്കുന്ന, നിശ്ചേഷ്ടമായ, സ്ഥിരമായ, അചലമായ, മൌനമായ, ശാന്തമായ; -**Quiescence,** *n.* അനക്കമില്ലായ്മ, നിശ്ചലത, ചേഷ്ടാഭാവം, ശാന്തി

Quiet (kwī'et), *a.* അടക്കമുള്ള, ശാന്തമായ, നിശ്ചലമായ, സ്ഥിരമായ, നിഷ്കമ്പമായ, അവ്യാകുലമായ; സൌമ്യമായ, മൃദുവായ, അചണ്ഡമായ, അനുഗ്രമായ; സ്വസ്ഥമായ, നിൎവിഘ്നമായ, നിരുപദ്രവമായ, നിരുദ്വേഗമായ, അക്ഷോഭമായ; മിണ്ടാത്ത, നിശ്ശബ്ദമായ; *n.* അടക്കം, സ്ഥിരത, നിശ്ചലത്വം, ശാന്തി, ശമം, സ്വാസ്ഥ്യം, നിരുപദ്രവത, നിൎവൃതത്വം, നിരുപപ്ലവത;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

v. t. അടക്കുക, ഒതുക്കുക, സാന്ത്വനപ്പെടുത്തുക, ശമിപ്പിക്ക, വിരമിപ്പിക്ക, സ്ഥിരീകരിക്ക; **-ism,** *n.* അടക്കം, ശമം, വൈരാഗ്യം, നിവൃത്തിമാർഗ്ഗം; **-ist,** *n.* വിരാഗി; **-ly,** *adv.* ശാന്തമായി, ഒതുങ്ങി, അനങ്ങാതെ, ബഹളമുണ്ടാക്കാതെ, അക്ഷുബ്ധമായി, അനുഗ്രമായി, അചഞ്ചലമായി; **-ness, -itude,** *n.* ശമം; അടക്കം etc.

Quietus, *n.* പരമശാന്തി, ചാവ്, മരണം, ബന്ധനവിമോചനം.

Quill, *n.* തൂവൽ, തൂവൽപേന, ലേഖനി; (of a lute) രണം, ശാരിക; (of a porcupine) പന്നിമുള്ള്.

Quilt, *n.* പൂളിമെത്ത, തളിമം, വിരിപ്പ്, പ്രച്ഛദപടം; *v. t.* തുണിമേൽ തുണിവെച്ചുതയ്ക്കുക.

Quinary (kwī'-), *a.* പഞ്ചകം, അഞ്ച്, അഞ്ചടുക്ക്; *a.* പഞ്ചകമായ, അയ്യഞ്ചായ.

Quince (kwins), *n.* ശീമമാതളം.

Quinine, *n.* ജ്വരമരുന്ന്, കിനയിൻ.

Quindecagon, *n.* പഞ്ചദശഭുജം.

Quinquennial, *a.* അഞ്ചാണ്ടിരിക്കുന്ന, പഞ്ചവാർഷികം, പഞ്ചവർഷീയമായ; **-Quinquennium,** *n.* അഞ്ചുവർഷകാലം.

Quinsy, *n.* തൊണ്ടനോവ്, കരൾവളനോവ്, കണ്ഠപാകം.

Quintessence, *n.* സത്ത്, സാരം; *see* **Essence.**

Quintillion, *n.* 31 സ്ഥാനമുള്ള സംഖ്യ (English), 19 സ്ഥാനമുള്ള സംഖ്യ (ഫ്രഞ്ച്. ജർമ്മനി etc.); പത്തുലക്ഷത്തിന്റെ അഞ്ചുപെരുക്കം!

Quintuple, *a.* അഞ്ചുമടങ്ങായ, പഞ്ചഗുണമായ.

Quip, *n.* പരിഹാസം, ചുട്ടചൊൽ, മുള്ളുവാക്ക്, എതിർവാക്ക്.

Quire (kwīr), *n.* 24 താൾ, 24 കടലാസ്, ക്വയർ.

Quirk, *n.* ഉരുട്ട്, പിരട്ട്, പിരട്ടുവാക്ക്; നിന്ദ, ഉപാലംഭം, ധിക്കാരം; മനോലൌല്യം; **-ish,** *a.* ചപലമായ, മനസ്സിളക്കമുള്ള.

Quit, *v. t.* നീക്കുക, തുരത്തുക, കൈവിടുക, ഉപേക്ഷിക്ക; (debt) വീട്ടുക; *a.* ബാദ്ധ്യതതീർന്ന, മോചനംവന്ന, വിട്ട; **-tance,** *n.* വിടുതൽ, കടത്തിൽനിന്നും വിടുതൽ, മുക്തി; തിരിച്ചുകൊടുക്കൽ, വീടൽ.

Quite (kwī't), *adv.* മുഴുവനും, തീരെ, സർവ്വഥാ, സാകല്യേന, നിശ്ശേഷം, എല്ലാം, ഏററവും.

Quiver, *n.* അമ്പുതൂണി, തൂണി, തൂണീരം, നിഷംഗം; *v. t.* വിറയ്ക്കുക, ചലിക്കുക, സ്പന്ദിക്കുക, വേപിക്കുക; **-ed,** *a.* തൂണീരത്തോടുകൂടിയ; **-ing,** *a.* ഇളകുന്ന, സ്പന്ദിക്കുന്ന, ലോലമായ; *n.* വിറ, ഇളക്കം, അനക്കം, സ്ഫുരണം.

Quixotic, *a.* വിപരീതമായ, അത്ഭുതമായ, അസംഭവമായ.

Quiz, *n.* കടംകഥ.

Quoin (koin), *n.* മൂല, കോണം; വാത്തല.

Quoit (koit), *n.* ഇരുമ്പുവളയം; ചക്രം; *v. t.* ചക്രങ്ങൾകൊണ്ടു ക്രീഡിക്കുക.

Quondam, *a.* മുൻപലത്തേ പൂർവ്വമായ.

Quorum, *n.* നിർവ്വാഹസംഖ്യ, നിർദ്ദിഷ്ടസംഖ്യ, അവശ്യം വേണ്ടിയഎണ്ണം, ക്ലിപ്തസംഖ്യ.

Quota, *n.* അംശം, ഭാഗം, പങ്ക്, വീതം.

Quote, *v. t.* എടുത്തുകാട്ടുക, ഉദ്ധരിക്ക, ഉദ്ഗ്രഹിക്ക, ഉദാഹരിക്ക; **-ation,** *n.* ഉദ്ധാരം, ഉദ്ധാരണം, ഉദ്ധൃതവാക്യം.

Quoth, *v. t.* ചൊല്ലി, പറഞ്ഞു, മൊഴിഞ്ഞു.

Quotidian, *a.* ദൈനംദിനമായ, എന്നുമുള്ള; *n.* ദിവസപ്പനി, ദിവസവും ഉണ്ടാകുന്ന വിറപ്പൻപനി.

Quotient (kwo'shent), *n.* ഹരണഫലം.

Quotum, *n.* ഓഹരി, പങ്ക്.

Quran, *n.* കുറാൻ, മഹമ്മദീയമതഗ്രന്ഥം.

Rabbate, *v. t.* കിഴിച്ചുകൊടുക്കുക, കുറയ്ക്കുക, വിട്ടുകൊടുക്കുക.

Rabbet, *v. t.* ഒന്നുചിവുക.

Rabbi, *n.* യൂദഗുരു.

Rabbit, *n.* കഴിമുയൽ, ശശം, ശശകം.

Rabble, *n.* കീഴ്മക്കൾ, കലഹക്കൂട്ടം, നീചജനങ്ങൾ, പ്രാകൃതന്മാർ, താഴ്ന്നജനങ്ങൾ.

Rabid, *a.* ക്രൂരമായ, ഉഗ്രമായ, ഉന്മത്തമായ, സംഭ്രാന്തമായ; **-ly,** *adv.* ഉന്മാദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തോടുകൂടി; **-ness,** *n.* ഉന്മാദം, വാതുലത.

Rabies, *n.* നായ്പേയ്.

Race, *n.* ഇനം, ഗോത്രം, വംശം, കുലം, സന്തതി, അന്വയം, ജാതി, വൎഗ്ഗം; ഓട്ടം, പന്തയഓട്ടം, പോക്ക്, ചച്ചു, ധാവനം; മൂലം, ചുവടു; 'to run a r. പന്തയംവെച്ചു ഓടുക'; 'r. course പന്തയംവെച്ചു ഓടുന്ന ഭൂമി'; 'r. horse പന്തയക്കുതിര, ജവാശ്വം'; *v. i.* ഓടുക, പന്തയംവെച്ചു ഓടുക; **-ial,** *a.* ജാതീയം, വൎഗ്ഗീയം.

Rack, *n.* വേദനായന്ത്രം, സംപീഡനയന്ത്രം, യാതനായന്ത്രം; അതിവേദന, തീവ്രവേദന; *v. t.* അത്യന്തം പീഡിപ്പിക്ക, അത്യന്തം വേദനിപ്പിക്ക, യാതനായന്ത്രേണ പീഡിപ്പിക്ക.

Racket, *n.* കോലാഹലം, ബഹളശബ്ദം, കളകളം, തുമുലരവം; പന്തടിക്കോൽ; **-y,** *a.* ബഹളമുണ്ടാക്കുന്ന.

Rackrent, *n.* വലിയകരം, അമിതകരം; *v. t.* വലിയകരം ഈടാക്കുക.

Racy, *a.* ചുവയുള്ള, രസമുള്ള, സരസമായ, രസവത്തായ, ഉഗ്രരസമായ; **-Raciness,** *n.* ചുവ, വീൎയ്യം, കാരം.

Radiate, *v. i.* നിൎഗ്ഗമിക്കുക, ചുററിലും പ്രസരിക്കുക, കതിർവിതയ്ക്കുക, കിരണങ്ങൾ വികസിപ്പിക്ക, കിരണങ്ങളെ പ്രസരിപ്പിക്ക; **-ion,** *n.* കതിർവീശൽ, കതിർവിതറൽ, അംശുപ്രസരണം, കിരണസ്ഫുരണം; **-Radiant,** *a.* തിളങ്ങുന്ന, വിളങ്ങുന്ന, ഉജ്ജ്വലമായ, ദീപ്തിമത്തായ, തേജസ്വിയായ; **-ly,** *adv.* സുപ്രഭമായി, ഉജ്ജ്വലമായി; **-Radiance,** *n.* തിളക്കം, ദീപ്തി, പ്രഭ, കാന്തി, തേജസ്, ഔജ്ജ്വല്യം.

Radical, *a.* അടിമൂലമായ, മൌലികമായ; സ്വാഭാവികമായ, നൈസൎഗ്ഗികമായ; *n.* സമൂലപരിഷ്കൎത്താവ്; **-ly,** *adv.* സമൂലം, ആമൂലം; സ്വാഭാവികമായി, പ്രകൃത്യാ.

Radicalism, *n.* മൌലികത്വം, ആമൂലപരിഷ്കാരം, പരമോദാരചിത്തത്വം.

Radicle, *n.* ചെറുവേര്.

Radish, *n.* മുള്ളങ്കി, ഒരുതരം കിഴങ്ങ്.

Radius, *n.* കതിർ, കിരണം, ത്രിജ്യം, വ്യാസാൎദ്ധം, വിഷ്കംഭാൎദ്ധം; (of a wheel) വണ്ടിച്ചക്രത്തിന്റെ ഇല, അരം.

Radix, *n.* മൂലപദം.

Raff, *n. see* **Rabble.**

Raft, *n.* ചങ്ങാടം, ഉഡുപം, പ്ലവം, തരാന്ധം.

Rafter, *n.* തുല, ഉത്തിരം, നീണ്ടതടി, ഗൃഹസ്ഥൂണ.

Rag, *n.* കീറത്തുണി, തുണിത്തുണ്ടു, ജീൎണ്ണവസ്ത്രം; **-ged,** *a.* പൊടിഞ്ഞ, കീറിപ്പറിഞ്ഞ, ജീൎണ്ണമായ, ജൎജ്ജരമായ.

Rage (rāj), *n.* കടുംകോപം, ദ്വേഷ്യം, സംരംഭം, മന്യു, രോഷം, ക്രോധം, പ്രകോപം, ഉത്താപം, സന്താപം, ക്രോധാവേശം, അമൎഷം; ഉൽക്കടേച്ഛ, വലിയ ആഗ്രഹം, തീവ്രത, ഉഗ്രത; *v. i.* വളരെ കോപിക്കുക, അത്യധികം ക്ഷോഭിക്കുക, ക്രോധിക്ക, ക്രോധാകുലമായിബ്ഭവിക്ക; ഉഗ്രമായിതീരുക, തീക്ഷ്ണമായിഭവിക്ക; **-ful,** *a.* കോപമുള്ള, രുഷ്ടമായ, കുപിതമായ, സംരംഭിതമായ; **-ing,** *a.* കോപിക്കുന്ന, സംരംഭിയായ, തീക്ഷ്ണമായ, ഉച്ചണ്ഡമായ.

Raid, *n.* ആക്രമണം, പടയേററം, കൊള്ള, അവസ്കന്ദം, ആപാതം; *v. t. and v. i.* പാഞ്ഞുകേറുക, ആക്രമിക്കുക.

Rail, *v. i.* ശകാരിക്കുക, ഭള്ളുപറക, അധിക്ഷേപിക്ക, അപവദിക്കുക, ശപിക്കുക, നിന്ദിക്ക, ഭൎത്സിക്കുക; *v. t.* ഇരുമ്പുകമ്പികൾ ചുററിലും ഇടുക, ഇരുമ്പുവേലിയിടുക; *n.* കമ്പിത്തൂൺ, ഇരുമ്പുപത്തൽ, ഇരുമ്പഴി, ഇരുമ്പുപാളം; 'r. way, r. road തീവണ്ടിപ്പാത, ഇരുമ്പുപാത'; **-er,** *n.* ചീത്തപറയുന്നവൻ, നിന്ദകൻ. അപവാദകൻ; **-ing,** *n.* ഇരുമ്പുകമ്പിവേലി; ശകാരം, നിന്ദ, അപവാദം, അപഭാഷണം, തിരസ്കാരം, ആഭാസം.

Raiment, *n.* ഉടുപ്പ്, മുണ്ട്, വേഷം, പരിച്ഛദം; 'food and r. ഊണും ഉടുപ്പും'.

Rain, *n.* മഴ വൎഷം, വൃഷ്ടി; 'gentle r. ശീകരാസാരം'; 'heavy r. അതിവൎഷം, അതിവൃഷ്ടി'; 'r. bow മഴവില്ല്, ഇന്ദ്രചാപം'; 'r. fall വൎഷപാതം'; 'r. water മഴവെള്ളം, വൎഷജലം'; *v. i.* മഴപെയ്യുക, വൎഷിക്കുക; *v. t.* പെയ്യിക്കുക, വൎഷിപ്പിക്ക, സ്രവിപ്പിക്ക; **-y,** *a.* പെയ്യുന്ന, മഴപെയ്യുന്ന, വൎഷിയായ; 'a. r. day ദുൎദ്ദിനം'; 'r. season വൎഷകാലം, മഴക്കാലം'.

Raise (rāz), *v. t.* പൊക്കുക, ഉയൎത്തുക, നേരേനിൎത്തുക, ഉണ്ടാക്കുക, വളൎത്തുക, വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്സൽചെയ്ക, അധികപ്പെടുത്തുക, കെട്ടുക, ആരംഭിക്കുക; **-ed**, *a.* കിളത്തിയ, ഉയൎത്തപ്പെട്ട, ഉന്നതമായ, ഉദ്ധതമായ, ഉൽപന്നമായ; **-ing**, *n.* ഉയൎത്തൽ, കിളത്തൽ, ഉന്നതി.

Raisin, *n.* ഉണക്കമുന്തിരിങ്ങ, ശുഷ്കദ്രാക്ഷ.

Raisond' etre, *n.* വൎദ്ധനോപപത്തി.

Rajah, *n.* ഹൈന്ദവനേതാവ്, രാജാവ്.

Rake, *n.* പറമ്പി, പല്ലി, മൺകോരി; ധൂൎത്തൻ, വിടൻ, ദുഷ്ടപോക്രി, ശൃംഗാരപോക്രി; *v. t.* പറണ്ടിക്കൂട്ടുക, വാരിക്കൂട്ടുക, ചുരണ്ടിയെടുക്കുക, കൂട്ടിച്ചേൎക്കുക, കോരുക, മാന്തുക, സംഗ്രഹിക്കുക, സഞ്ചരിക്കുക; പുനൎജ്ജീവിപ്പിക്ക, ഉജ്ജീവിപ്പിക്ക; *v. i.* വ്യഭിചരിക്ക, ഭോഗാസക്തികൊണ്ട് ആയുസ്സുകളയുക; **-ish**, *a.* കാമാതുരമായ, ലമ്പടമായ, ഭോഗാസക്തമായ.

Rally, *v. t.* (ഛിന്നഭിന്നമായവരെ) ഒന്നിച്ചുചേൎക്കുക, സമ്മേളിപ്പിക്ക; വ്യൂഹീഭവിപ്പിക്ക. കൂട്ടംകൂട്ടുക, വിന്യസിക്ക; *v. i.* ഒരിടത്തുണ്ടാക, ഒരിടത്തുസമ്മേളിക്കുക.

Ram, *n.* ആണാട്, കൊററൻ, ആട്ടുകൊററൻ, മുട്ടാട്, മേഷം; മേടംരാശി; ഇടിയന്ത്രം, ഭിത്തിഭേദനയന്ത്രം; ഇടിപ്പൻ, മുട്ടി; *v. t.* മുട്ടുക, ഇടിച്ചുതകൎക്കുക, ഇടിച്ചുപൊളിക്കുക, ഇടിച്ചുനിരത്തുക; കുത്തിനിറയ്ക്കുക, അടിച്ചമൎത്തുക; **-rod**, *n.* (തോക്കിൻെറ) അച്ചുകോല്; **-mer**, *n.* അടിച്ചുകയറ്റുന്നവൻ, മുട്ടി, അച്ചുകോല്; **-mish**, **-my**. *a.* കൊററനെപ്പോലെയുള്ള, കാമാതുരമായ; **-mishness**, *n.* ഭോഗേച്ഛ.

Ramble, *v. i.* ചുററിസ്സഞ്ചരിക്ക, ചുററിനടക്കുക, പൎയ്യടനംചെയ്യുക, അങ്ങിങ്ങുനടക്കുക; അതുമിതും പറയുക, തോന്നിയതെഴുതുക; *n.* ചുററിനടത്ത, പൎയ്യടനം, ചുററിസഞ്ചാരം, വിഹരണം; **-er**, *n.* ചുററിനടക്കുന്നവൻ, നാട്ടുതെണ്ടിനടക്കുന്നവൻ, പൎയ്യടനശീലൻ, പഥികൻ.

Ramie, Ramee, *n.* ഒരുവക നാരുള്ള ചെടി.

Ramify, *v. t.* കവരമുണ്ടാക്ക, എത്തുണ്ടാക്ക, ബഹുശാഖീകരിക്ക, ഉപാംഗങ്ങളുണ്ടാക്ക; *v. i.* കവരമുണ്ടാക, ശാഖോപശാഖകളായി പരക്കുക, കവരംകവരമാക, പിരിയുക; **-ied**, *a.* കവരംകൊണ്ട, ശാഖിയായ, സൂക്ഷ്മശാഖാമയമായ, ശാഖാപ്രതിശാഖാരൂപേണ വിസ്തീൎണ്ണമായ; **-ication**, *n.* കവരം, ഉപശാഖ.

Rammer, *n.* ഇരുമ്പുലക്ക, ഇരുമ്പുമുട്ടി, അയോഘനം.

Rammish, *a.* കടുത്ത മണമുള്ള, ഉഗ്രഗന്ധമായ, തീക്ഷ്ണഗന്ധമായ.

Ramous, *a.* കവരമുള്ള, ശാഖിയായ, ശാഖാബഹുലമായ.

Ramp, *v. i.* കുതിക്കുക, പൊങ്ങിച്ചാടുക, തുള്ളുക, വല്ഗിക്കുക; *n.* കുതിപ്പ്, തുള്ളിച്ചാട്ടം, പ്ലുതം, വല്ഗിതം; **-Rampant**, *a.* തുള്ളുന്ന, പിൻകാലിന്മേൽ നില്ക്കുന്ന; ഉഗ്രമായ, കോപിച്ച അനിയന്ത്രിതമായ; **-Rampancy**, *n.* മുതിൎച്ച, പുളപ്പ്, ഉഗ്രത, ആധിക്യം, ബാഹുല്യം, അനിയന്ത്രണം, അതിക്രമം.

Rampart, *n.* കൊത്തളം, ഇടങ്കം, കോട്ട, പ്രാകാരം, വപ്രം, വരണം, സാലം.

Ranch, *n.* പശുപോഷണശാല.

Rancid, *a.* നാററമുള്ള, പാണ്ടലായ, തീക്ഷ്ണരസമായ, തീക്ഷ്ണഗന്ധമായ, പൂതിഗന്ധിയായ; **-ity**, *n.* പാണ്ടൽനാററം, പാണ്ടൽചുവ, ഉഗ്രരസം, ഉഗ്രഗന്ധം.

Rancour (-kor), *n.* ഉൾപക, ദ്വേഷം, വിദ്വേഷം, ദ്രോഹം, അതിമാത്സൎയ്യം; **-ous**, *a.* ഉൾപ്പകയുള്ള, കൊടിയ, അതിദ്വേഷിയായ. മത്സരബുദ്ധിയായ; കടിക്കുന്ന, വിഷപൂൎണ്ണമായ, ദംശനശീലമായ; **-ously**, *adv.* ദ്വേഷത്തോടെ, പകയോടെ, അതിദ്രോഹമായി.

Random, *a.* ആകസ്മികമായ, നിശ്ചയമില്ലാത്ത, യാദൃച്ഛികമായ, ദൈവാദാഗതമായ; 'at r. യദൃച്ഛയാ, വിചാരിച്ചിരിക്കാതെ, അവ്യവസ്ഥയായി'; 'talk at r. ക്രമമില്ലാതെ പറയുക, അടുക്കില്ലാതെ പറയുക'.

Randy. *a.* *see* **Disorderly.**

Range (rānj), *v. t.* വിന്യസിക്ക, അടുക്കിനവെയ്ക്കുക, ക്രമപ്പെടുത്തുക, വ്യൂഹംചെയ്യുക, വരിവരിയായി നില്ക്കുക or നിൎത്തുക; *v. i.* ചുററിനടക്കുക, ഉലാവുക, വിഹരിക്ക, അങ്ങോട്ടിങ്ങോട്ടു നടക്ക; സ്ഥിതിചെയ്യുക വൎത്തിക്കുക; *n.* വരി, നിര, അണി, രാജി, അടുക്ക്, ശ്രേണി, പന്തി; ഗണം, കൂട്ടം, വൎഗ്ഗം; പടി, സോപാനം, ആരോഹണം, വിഷയം, പഥി; 'beyond

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

the r. of sight ചക്ഷുവിഷയംകടന്നു', നയനഗോചരം അതിക്രമിച്ചു"; 'with in the r. of hearing ശ്രുതിപഥത്തിൽ, ശ്രുതിഗോചരത്തിൽ'; 'beyond the r അവിഷയത്തിൽ'; -er, *n.* കാട്ടാളൻ, വനപാലൻ. കാടുസൂക്ഷിപ്പുകാരൻ, റേഞ്ചർ.

Rank, *n.* വരി. നിര, പന്തി, നില, അന്തസ്സ്, പ്രതിഷ്ഠ. ഗൌരവം, ഉൽകർഷം, പ്രാധാന്യം, ഉച്ചപദവി, അവസ്ഥ, സ്ഥിതി, ആഭിജാത്യം; *v. i.* സമാനമായി വർത്തിക്കുക, കിടയൊത്തുനില്ക്കുക, തുല്യമായി വർത്തിക്ക, അണിയണിയായി നില്ക്കുക; *v. t.* വരിവരിയായി അടുക്കിവയ്ക്കുക, പംക്തിക്രമേണ ന്യസിക്ക or രചിക്കുക, വർഗ്ഗം വർഗ്ഗമായി രചിക്കുക; സമമായി എണ്ണുക, തുല്യമായി കണക്കാക്കുക; *a.* നാററമുള്ള. കൊടിയ, പൂതിഗന്ധിയായ, ഉഗ്രഗന്ധമുള്ള, വിപുലമായ, അതിസമ്പീതമായ; -ness, *n.* തടിപ്പു', പ്രചുരവൃദ്ധി; കൊടുമ, ഉഗ്രത, തീക്ഷ്ണത.

Rankle, *v. i.* കാറുക, പുകയുക, എരിയുക, ഉദ്ദീപിക്കുക, ഉഗ്രതരമായിത്തീരുക; പഴക്കുക, അകംപഴക്കുക.

Ransack, *v. t.* ആരായുക, കിളറിനോക്കുക, സൂക്ഷ്മമായി അന്വേഷിക്ക, കൊള്ളയിടുക.

Ransom, *n.* ബന്ധനമോചനം, വീണ്ടെടുപ്പു', നിഷ്ക്രയം, നിസ്താരം, മുക്തി, മോചനമൂല്യം, സ്വതന്ത്രമാക്കുന്നതിനു നൽകേണ്ട പ്രതിഫലധനം; *v. t.* ധനം നൽകിയിട്ടു മോചിപ്പിക്ക. പണംകൊടുത്തു വീണ്ടെടുക്ക, നിഷ്ക്രയിക്ക; -er, *n.* വീണ്ടെടുക്കുന്നവൻ, നിഷ്ക്രേതാവു'.

Rant, *n.* പാഴ്വാക്കു', ചെലപ്പു', വെറും ഒച്ച; *v. i.* ഉച്ചത്തിൽ പ്രലപിക്ക, ഉറക്കെ ഒച്ചവെയ്ക്കുക, ശബ്ദപാണ്ഡിത്യം കാട്ടുക; -er, *n.* ചെലയ്ക്കുന്നവൻ, പ്രലാപി.

Rap, *v. t.* പിടുങ്ങിക്കൊണ്ടുപോകുക, കൊള്ളയിടുക, പരാധീനപ്പെടുത്തുക; അടിക്കുക, തട്ടുക; *n.* അറ, അടി, തീവ്രപ്രഹാരം; പാരവശ്യം; അപഹരണം.

Rapacious (-shus), *a.* അത്യാഗ്രഹമുള്ള. കൊള്ളയിടുന്ന, അപഹാരിയായ, ഗ്രസനബുദ്ധിയായ, സർവ്വഹാരിയായ, സർവ്വഗ്രാഹിയായ, സാഹസികമായ; -ly, *adv.* പെട്ടെന്നു', ബലാൽ; അപഹാരബുദ്ധിയോടെ, കവർന്നെടുക്കാനുള്ള ഉദ്ദേശത്തോടെ, അതിലോഭത്തോടെ; -ness, -Rapacity, *n.* സാഹസികത, ആതതായിത്വം, അപഹരണശീലത, കൊള്ള, അപഹരണബുദ്ധി; അത്യാഗ്രഹം, അതിലോഭം.

Rape, *n.* പിടിച്ചുകൊണ്ടുപോക്കു', തട്ടിക്കൊണ്ടുപോകൽ, അപഹരണം; ദൂഷണം, ബലാൽസംഗം, ബലാൽക്കാരേണ സംഭോഗം, ഹഠസംഭോഗം, ആധർഷം, ബലാൽകാരം, സ്ത്രീസംഗ്രഹം; 'to commit r ബലാൽസംഗംചെയ്ക; അടത്ത മുന്തിരിപ്പഴം; ഒരുവക എണ്ണക്കുരു.

Rapid, *a.* വേഗമുള്ള, ശീഘ്രമായ, ദ്രുതമായ, ലാഘവമായ; -ity, -ness, *n.* വേഗം, ത്വര, ശീഘ്രത; -ly, *adv.* വേഗത്തിൽ, സത്വരം; -Rapids, *n.* വേഗമുള്ള ഒഴുക്കു'.

Rapier, *n.* ചുരിക, ചെറുവാളു', കൃപാണം.

Rapine (rap'in), *n.* കൊള്ളയിടുക, പിടിച്ചുപറിക്ക.

Rapt, *a.* ഹർഷോന്മത്തമായ, പരമഹൃഷ്ടമായ, പരവശമായ, മുഴുകിയ, ലീനമായ, നിമഗ്നമായ; -Rapture, *n.* ഹർഷോന്മാദം, ആനന്ദാതിരേകം, ഹർഷാവേശം; പ്രഹർഷം, ഉന്മാദം; -ed, *a.* ഉന്മത്തമായ, ആനന്ദലഹരിപിടിച്ച; -ous, *a.* ഉന്മത്തമായ, മോഹനമായ; 'r. joy പരമാനന്ദം'; -ously, *adv.* ഉന്മാദമായി, അത്യാനന്ദത്തോടെ.

Rare, *a.* കിട്ടാത്ത, ദുർല്ലഭമായ, വിരളമായ, ഇല്ലാത്ത; അപൂർവ്വമായ, അസാധാരണമായ, അത്യുത്തമമായ, അത്യുൽകൃഷ്ടമായ, വിലയുയർന്ന; സൂക്ഷ്മമായ, ഘനമില്ലാത്ത, -ly, *adv.* ദുർല്ലഭമായി, അപൂർവ്വമായി, ഒരുപ്രകാരത്തിൽ, കഷ്ടിച്ചു', കഷ്ടപ്പെട്ടു'; -ness, *n.* അപൂർവ്വത, ദുർല്ലഭത്വം, ക്ഷാമം, അരുമ. അപൂർവ്വത, അത്യുത്തമത; സൂക്ഷ്മത; -Rarity, *n.* അപൂർവ്വവസ്തു, ചമല്ക്കാരം, കൌതുകം, ദുർല്ലഭവസ്തു; -Rarefy, *v. i.* നേർത്തുപോകുക, ക്ഷയിച്ചുപോകുക, തീർന്നുപോകുക, വിരളമായ്പോകുക; *v. t.* ദുർല്ലഭമാക്കിത്തീർക്കുക.

Rascal, *n.* പടുകള്ളൻ, നീചൻ, പോക്കിരി, വഞ്ചകൻ, ശഠൻ, കിതവൻ, ഖലൻ; -ity, *n.* പോക്കിരിത്തരം, മോശം, അയോഗ്യത, ധൂർത്തത, ഖലത; -ly, *a.* അയോഗ്യമായ, പോക്കിരിത്തരമായ, മോശമായ, ധൂർത്തമായ etc.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Rase (rāz), *v. t.* അഴിയ്ക്കുക, തുടയ്ക്കുക, നിലമച്ചമാക്കുക, നിർപ്പാക്കുക, ഇടിച്ചുനിരത്തുക; **-ure**, *n.* പ്രമാർജ്ജനം, വിലേപനം, തുടയ്ക്കൽ, നിരത്തൽ.

Rash, *a.* തിടുക്കമുള്ള, മുന്നുപിന്നുനോക്കാത്ത, മൂർഖമായ, ക്ഷിപ്രകാരിയായ, അവിവേകിയായ, സാഹസികമായ; *n.* കുരു, പരു; **-ly**, *adv.* തിടുക്കത്തിൽ, വിചാരിക്കാതെ, വേഗത്തിൽ; **-ness**, *n.* തിടുക്കം, സാഹസം, അവിചാരം, അസമീക്ഷ, ഉത്സാഹം.

Rasher, *n.* പന്നിമാംസക്കഷണം.

Rasp, *n.* അരം, സംഘർഷണി; *v. t.* ഉരയ്ക്കുക, മിനുസമാക്കുക; രാകുക, ജ്വലിപ്പിക്ക; വേദനപ്പെടുത്തുക; **-er**, *n.* രാവുന്നവൻ; മാന്തി; **-y**, *a.* അരംപോലെയുള്ള, കിറുകിറാശബ്ദമുള്ള.

Raspatory, *n.* ഭിഷക്കിന്റെ അരം.

Raspberry, *n.* ഒരുവക പഴം, ഒരുവക ചെടി.

Rat, *n.* എലി, മൂഷികൻ; 'r. s bane എലിപ്പാഷാണം'; 'r. s tail കുതിരകാൽക്ക വാലിൽ ഉണ്ടാകുന്ന ഒരുതരം സുഖക്കേട്'; 'to smell a r. അശുഭശങ്ക തോന്നുക, സംശയംതോന്നുക'; *v. i.* എലികളെ കൊല്ലുക, കക്ഷിയെഉപേക്ഷിക്കുക; **-Ratter**, *n.* പക്ഷം വിട്ടുകളയുന്നവൻ; എലിയെ പിടിക്കുന്നവൻ; **-Ratting**, *n.* സ്വപക്ഷത്യാഗം.

Ratan, *n.* ആററുവഞ്ചി, വേതസം, വാനീരം, വേത്രം.

Rate, *n.* നിരക്ക്, വീതം, ഏക്കം; പതിവ്, വാശി; പ്രമാണം, പ്രകാരം; ചെലവ്, വില, നികുതി, വരി; 'r. payer കരം കൊടുക്കുന്നവൻ, *v. t.* കണക്കാക്കുക, പാട്ടംകണ്ടുകെട്ടുക, നികുതിനിശ്ചയിക്ക; ശകാരിക്ക, ശാസിക്ക; *v. i.* തിരക്കിൽപെടുക, തരത്തിൽപെടുക.

Ratable, *a.* നിരക്കാക്കാവുന്ന, കണക്കാക്കാവുന്ന.

Rather, *adv.* ഉത്തമമായി, അധികപ്രിയമായി, അധികമായി, കാലംഅധികം.

Ratify, *v. t.* ഉറപ്പിക്ക, സ്ഥിരീകരിക്ക, സാധുവാക്കുക, (മേലാവു സമ്മതിച്ചു) ഒപ്പുവെയ്ക്കുക, പ്രമാണീകരിക്ക; **-ier**, *n.* ഉറപ്പിക്കുന്നവൻ, സ്ഥിരപ്പെടുത്തുന്നവൻ; **-ication**, *n.* ഉറപ്പിക്കൽ, സ്ഥിരീകരണം, അനുമതി, സമ്മതം.

Ratio, *n.* വീതം, അളവ്, സംബന്ധം, പ്രമാണം.

Ratiocinate, *v. i.* കാര്യകാരണസഹിതം പറയുക, സഹേതുകം വിചാരിക്ക, ന്യായപൂർവം ചിന്തിക്ക; **-ion**, *n.* അനുമാനം, വിതർക്കം, യുക്തിവാദം, വിചാരം.

Ration, *n.* പടി, നാളുപടി, ആഹാരം, ആഹാരവീതം, അന്നപരിമാണം, നിരൂപിതാഹാരഭാഗം.

Rational, (ra'shun-al), *a.* ന്യായയുക്തമായ, വിവേകമുള്ള, അറിവോടുകൂടിയ, സചേതനമായ, ചിന്മക്തിസമ്പന്നമായ, ബുദ്ധിയുള്ള; ഉപപന്നമായ, സയുക്തികമായ, ന്യായ്യമായ, ന്യായാനുസാരിയായ; **-ism**, ഹേതുവാദം, യുക്തിവാദം, ഹൈതുകത്വം; **-ist**, *n.* ഹേതുവാദി, ന്യായവാദി; **-ity, -ness**, *n.* അറിവ്, ജ്ഞാനശക്തി, ചിച്ഛക്തി, ജ്ഞാനം, പ്രതിബോധം, ചേതനത്വം, വിചാരശക്തി; യുക്തത, ന്യായ്യത, ഉപപത്തി; **-ly**, *adv.* ന്യായമായി, ന്യായാനുസാരമായി, വിവേകത്തോടെ; **-Rationale**, *n.* ഉപപത്തി.

Rattan, *n.* (പി) പുരമ്പ്, ചൂരവടി.

Rattle, *v. i.* കിരുകിരുക്കുക, പടപടശബ്ദം കേൾക്കുക, കിലുങ്ങുക, ചെലമ്പുക; ചടചടഓടുക, കുതിരയോടിച്ചുപോകുക; ചിലയ്ക്കുക, പിറുപിറെ പറയുക, *v. t.* കിടുകടെ ഒച്ചയുണ്ടാക്കിക്ക, മുഴക്കുക, ഒച്ചവെച്ചു ഉപദ്രവിക്ക, പരിഭ്രമിപ്പിക്ക, ശകാരിക്ക, *n.* കടകടപ്പ്, ചിഞ്ചിനി, ചടചടശബ്ദം, കിലുക്കം, ചിലമ്പൽ, പൊറുപൊറെ സംസാരം, ചിലപ്പ്, കിലുക്കൻ, ശ്വാസംവലി; 'r. box കിലുക്കൻ'; 'r. headed ബോധമില്ലാത്ത'; 'r. snake ഒരു അമേരിക്കൻ വിഷപ്പാമ്പ്'.

Raucous, *a.* പരുഷമായ, പരുഷസ്വരമായ, മൊറണ്ട സ്വരമായ.

Ravage (-āj), *v. t.* കെടുതിചെയ്യുക, അപഹരിക്കുക, ദ്രോഹിക്ക, നശിപ്പിക്ക, കവച്ചുചെയ്യുക, ഇല്ലായ്മചെയ്യുക; *n.* കെടുതി, അപഹരണം, ദ്രോഹം, കവച്ച്, കൊള്ള, നാശം, ഉപദ്രവം, ബാധ, ഉദ്ധ്വാസം; **-er**, *n.* കവച്ച്ക്കാരൻ, കൊള്ളക്കാരൻ, ഉച്ഛേദകൻ.

Rave, *v. i.* മയക്കംകൊണ്ടിരിക്കുക, മയങ്ങിപ്പറയുക, (ഉന്മാദത്താൽ) പ്രലപിക്കുക, ബുദ്ധിഭ്രമത്തോടെ പറയുക; ഉന്മാദിക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഷ്ടബുദ്ധിയായിത്തീരുക; **-ing**, *n.* പിച്ചുപറയൽ, പുലമ്പൽ, ചിത്തവിപ്ലവം, ചിത്തവിഭ്രമം, ചൈതന്യനാശം; **-ingly**, *adv.* ഉന്മത്തമായി, ഭ്രാന്തമായി, ബുദ്ധിഭ്രമത്തോടെ.

Ravel, *v. t.* പിരിയഴിക്ക, വിശ്ലേഷിപ്പിക്ക; പിരിക്കുക, സംഗ്രന്ഥിക്കുക; **-ing**, *n.* പിരിയഴിച്ചുതൽ, വിശ്ലിഷ്ടതന്തു.

Raven, *n.* ഒരുമാതിരി വലിയ കാക്ക, അണ്ടങ്കാക്ക, ദ്രോണകാകൻ; *v. t. or v. i.* ആർത്തിയോടെ തിന്നുക, ഇരയാക്കുക; **-ous**, *a.* അത്യഗ്നിയുള്ള, അതിവിശപ്പുള്ള, അതിബുഭുക്ഷുവായ; **-ously**, *adv.* വലിയ വിശപ്പോടെ, അത്യാർത്തിയോടെ, അത്യാഗ്രഹത്തോടെ.

Ravine (ravēn′), *n.* ഇടുക്കുവഴി, കണവായ്, പിളൎപ്പ്, മലയിടുക്ക്, കന്ദരം, ദരി.

Ravish, *v. t.* പിടിച്ചുപറിക്ക, പങ്കപ്പെടുത്തുക, ബലാല്ക്കാരമായി അപഹരിക്ക; ബലാല്ക്കാരമായി അനുഭവിക്ക, ബലാൽസംഗംചെയ്യുക; (ചിത്തം) ഹരിക്കുക, വശീകരിക്കുക ആകർഷിക്കുക, മോഹിപ്പിക്ക, വിലോഭിപ്പിക്ക, പരമമായി ആനന്ദിപ്പിക്ക, ഹർഷിപ്പിക്ക; **-er**, *n.* പിടിച്ചുപറിക്കാരൻ, ബലാൽസംഗക്കാരൻ, ആനന്ദവിഹ്വലൻ; **-ing**, *n.* ബലസംയോഗം, ധർഷണം; *a.* ഹാരിയായ, മനസ്സ ഹരിക്കുന്ന, മോഹിപ്പിക്കുന്ന, ആഹ്ലാദകരമായ; **-ment**, *n.* കൊള്ള, കവച്ച, ധർഷണം, ദൂഷണം; പരമാനന്ദലഹരി, വശീകരണം.

Raw, *a.* പച്ചയായ, പാകംചെയ്യാത്ത, പഴുക്കാത്ത; പരിചയമില്ലാത്ത, ശീലമില്ലാത്ത, പുതിയ; സംസ്കരിക്കാത്ത, സംസ്കൃതമാകാത്ത. (person) അപരിണതമായ, അപക്വമതിയായ, അപക്വബുദ്ധിയായ; നിശ്ചർമ്മമായ; ആർദ്രശീലമായ; വെള്ളം ചേർക്കാത്ത, ജലാമിശ്രിതമായ; (തോൽ) ഊറയ്ക്കിടാത്ത; (നൂല്) നൂല്ക്കാത്ത, പിരിക്കാത്ത; (ചാരായം) കൂട്ടില്ലാത്ത; (കൊഴുപ്പ്) ഉരുക്കാത്ത; (ലോഹം, തുണി) മടക്കാത്ത; 'r. hide കൊരടാവ്'; 'r. material അസംസ്കൃതസാധനങ്ങൾ, ഉല്പന്നങ്ങൾ'; 'r. pig ചീനച്ചട്ടിയിരുമ്പ്, വാപ്പിരുമ്പ്'; *n.* പുണ്ണ്, വ്രണം, തോലുരിഞ്ഞ സ്ഥലം; **-ness**, *n.* അപാകം, പാകമാകായ്ക, ആമത, അപക്വബുദ്ധിത്വം.

Ray (rā), *n.* രേഖാരൂപത്തിലുള്ള വെളിച്ചം, കിരണം, രശ്മി, അംശു, പ്രഭ, ഒളി; *v. t.* കതിർവീശുക, കക്കുക, വമിക്കുക; 'bundle of r. s, pencil of r. s അംശുജാലം, കതിക്കൽ'; **-less**, *a.* പ്രകാശമില്ലാത്ത, ഒളിയററ.

Raze, *v. t.* മായ്ക്കുക, തുടക്കുക, തുടച്ചുകളയുക; നിലംപററിക്ക, വീഴ്ത്തുക, ഉച്ഛേദിക്ക, ധ്വംസിക്ക, ഉന്മൂലനംചെയ്ക; **-ure**, *n.* മായ്ക്കൽ, തുടയ്ക്കൽ, ഉച്ഛേദം, വിനാശം, വിധ്വംസം.

Razee, *n.* മുകളംതട്ടുപോയ പടക്കപ്പൽ.

Razor, *n.* കത്തി, മുടികളയുന്ന കത്തി, ക്ഷുരം, ക്ഷൌരക്കത്തി.

Re, *pfx.* മറുപടി, പിന്നീട്, വീണ്ടും, പിന്നെയും; 're-consider വീണ്ടും വിചാരിക്കുക'.

Reach, *v. t.* നീട്ടുക, എത്തുക, കൊള്ളിക്കുക, കൊടുക്കുക, പോയ്ചേക്കുക; തൊടുക, പിടിക്കുക; വ്യാപിക്കുക, സാധിക്കുക; *v. i.* (കൈ) നീട്ടുക, പരത്തുക, പരക്കുക, ഒക്കുക, കാററുപിടിച്ചോടുക; *n.* എത്തു്, എത്തുപാട്; പ്രാപ്തി, സാമർത്ഥ്യം, വ്യാപ്തി, ശക്തി, സാദ്ധ്യത; വിശാലത, വിസ്താരം; നീളം, പരപ്പ്; ഉൾക്കടൽ; ഉപായം, സൂത്രം; ഗോചരം; **-ing**, *a.* എത്തുന്ന, പ്രാപിക്കുന്ന.

React, *v. i.* തിരികെച്ചെയ്യുക, തിരിച്ചുപ്രവർത്തിക്ക, പ്രതിഹനിക്ക, പ്രത്യാഹനിക്ക; **-ion**, *n.* പ്രതികർമ്മം, പ്രതിഘാതം, പ്രത്യാഘാതം; പ്രതിക്രിയ, പ്രതികാരം.

Read, *v. t. or v. i.* വായിക്ക, പഠിക്കുക, അദ്ധ്യയനംചെയ്യുക, വ്യാഖ്യാനിക്ക, അർത്ഥംപറയുക, **-er**, *n.* വായിക്കുന്നവൻ, വാചകൻ, പഠിതാവ്, അദ്ധ്യേതാവ്, അച്ചുപിഴതിരുത്തുന്നവൻ; **-ing**, *n.* വായന, പാഠം, പഠനം, അദ്ധ്യയനം, അനുവാചനം, ശ്രാവണം.

Ready (red′i), *a.* തയ്യാറായ, ഒരുങ്ങിയ, സന്നദ്ധമായ, സിദ്ധമായ, സജ്ജീഭൂതമായ, സജ്ജമായ; (of persons) ഒരുങ്ങിയ, ഒരുമ്പെട്ട, പുറപ്പെട്ട, ഉദ്യതനായ, സന്നദ്ധനായ; അഭിമുഖനായ; അപ്പോഴുണ്ടാകുന്ന, പ്രത്യുല്പന്നമായ, തീക്ഷ്ണമായ, കുശാഗ്രമായ; വേഗമുള്ള, ശീഘ്രമായ, ത്വരിതമായ, ദ്രുതമായ, ക്ഷിപ്രമായ; ചെയ്യാവുന്ന, സാധിക്കാവുന്ന, സുകരമായ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഖമായ, പ്രയാസമില്ലാത്ത; ഉൽസുകമായ, ആഗ്രഹത്തോടുകൂടിയ; 'r. at hand അടുത്ത കൈക്കുള്ള, സമീപത്തുള്ള'; 'having r. wit, r. witted പ്രത്യുല്പന്ന മതിയായ, തൽക്ഷണബുദ്ധിയായ, വിദഗ്ദ്ധമായ'; **-ily,** *adv.* സോത്സാഹം, സന്നദ്ധമായി; പെട്ടെന്ന്, ഉടൻ ഉടനേ, വേഗത്തിൽ, താമസിക്കാതെ; സുഖമായി, യത്നിക്കാതെ, ക്ലേശിക്കാതെ; **-iness,** *n.* തയ്യാർ, സന്നദ്ധത, സിദ്ധത; ഔൽസുക്യം, ഉത്സാഹം, ശീഘ്രത, സൂക്ഷ്മത, ദക്ഷത.

Reagent, *n.* പ്രതികർമ്മമുള്ള or പ്രത്യാഘാതമുള്ളവസ്തു, ഇതരപദാർത്ഥങ്ങളുണ്ടെന്നു കണ്ടുപിടിക്കുന്ന സാധനം, ഉരകൽ.

Real, *a.* സത്യമായ, ഉണ്മയായ, വാസ്തവികമായ, അകൃത്രിമമായ, പരമാർത്ഥമായ, അകല്പിതമായ; സ്ഥാവരമായ; **-ity,** *n.* യാഥാർത്ഥ്യം, സത്യം, തഥ്യം, ഉണ്മ; **-ly,** *adv.* വാസ്തവത്തിൽ, യഥാർത്ഥമായി, സത്യമായി; **-Realize,** *v. t.* വസ്തുതയാക്കുക, പരമാർത്ഥമാക്കുക, സാധ്യമാക്കുക, അനുഭവസിദ്ധമാക്കുക, സ്ഥാവരസ്വത്താക്കുക, വസൂലാക്കുക, പിരിച്ചെടുക്കുക, പ്രത്യക്ഷീകരിക്ക; **-ation,** *n.* വാസ്തവമാക്കൽ, സാധനം, സിദ്ധി, സമ്പാദനം, പ്രത്യക്ഷീകരണം, സാദ്ധ്യമാക്കൽ.

Realm, *n.* രാഷ്ട്രം, വിഷയം, രാജ്യം, നാട്, പ്രദേശം, ലോകം, ഭുവനം.

Ream, *n.* ഇരുപതുകായർ കടലാസ്.

Reanimate, *v. t.* പുനർജ്ജീവിപ്പിക്കുക.

Reap, (rēp), *v. t. or v. i.* കൊയ്യുക, വിളവറുക്കുക, ഛേദിക്ക; ലഭിക്കുക, പ്രാപിക്കുക, അനുഭവിക്ക; **-er,** *n.* കൊയ്യുന്ന ആൾ, വിളവെടുക്കുന്നവൻ; **-ing,** *n.* കൊയ്ത്ത്, സംഗ്രഹം 'r. hook അരിവാൾ'.

Rear (rēr), *n.* പുറക്, പിൻഭാഗം, പൃഷ്ഠഭാഗം, പാർഷ്ണി; *a.* പുറകിലുള്ള, കടശിയണിയായ; *v. t.* ഉയർത്തുക, കെട്ടുക, നിർമ്മിക്കുക, വളർത്തുക, പരിപോഷിപ്പിക്ക, പിൻകാലിന്മേൽനിർത്തി പരിശീലിപ്പിക്ക; **-ing,** *n.* ഉയർത്തൽ, ഉന്നമനം; വളർത്തൽ, പോഷണം, ഭരണം, പാലനം.

Rearguard (-gärd), **-ward,** *n.* പിൻകാവൽപട; *a. and. adv.* പിൻപുറത്തേക്ക്, പുറത്ത്, പുറകോട്ട്.

Reason (rē'zn), *n.* (the faculty) മതി, വ്യുല്പത്തി, ബുദ്ധിവ്യുല്പത്തി, പ്രജ്ഞ, അറിവ്, ജ്ഞാനം, ചിച്ഛക്തി, അനുമാനശക്തി; ഉപപത്തി, യുക്തി, ന്യായം, സാമഞ്ജസ്യം, യാഥാർത്ഥ്യം, ഹേതു, കാരണം, നിമിത്തം, പ്രയോജനം; മിതം; സാമാന്യജ്ഞാനം; *v. t. or v. i.* വാദിക്കുക, തർക്കിക്ക, ഊഹിക്ക, അനുമാനിക്ക, യുക്തിവാദംകൊണ്ടു സ്ഥാപിക്കുക, വിചാരിക്ക; **-able,** *a.* ന്യായമായ, നീതിയുള്ള; യുക്തമായ, ന്യായ്യമായ, ഉചിതമായ, ഉപപന്നമായ, യഥാർത്ഥമായ; മിതമായ, നിയതമായ, കടന്നുപോകാത്ത, ക്രമംകെടാത്ത; **-ableness,** *n.* ന്യായ്യത, ഔചിത്യം, യുക്തി, യാഥാർത്ഥ്യം, പരിമിതത, അനതിക്രമം; **-ably,** *adv.* ന്യായമായി, യുക്തിപൂർവം, യഥോചിതം; പരിമിതമായി, നിയതമായി; **-er,** *n.* താർക്കികൻ, നൈയ്യായികൻ, ഹേതുവാദി, ന്യായവിത്; **-ing,** *n.* വിവാദം, തർക്കം, വിചാരം, ഊഹം, അദ്ധ്യാഹാരം; ന്യായം, അനുമാനം; 'art of r. തർക്കശാസ്ത്രം, തർക്കവിദ്യ'; **-less,** *a.* ബുദ്ധിയില്ലാത്ത, അറിവില്ലാത്ത; കാരണമില്ലാത്ത.

Reassign (-sīn'), *v. t.* തിരികെ മാററിക്കൊടുക്കുക.

Reassure (-a-shör'), *v. t.* വീണ്ടും ഉറപ്പാക്കുക, തിട്ടപ്പെടുത്തുക.

Reave, *v. t.* അപഹരിക്കുക.

Rebate, *v. t.* കുറയ്ക്കുക; *n.* വട്ടം.

Rebel, *n.* കലഹക്കാരൻ, ദ്രോഹി, രാജദ്രോഹി; *a.* കലഹിക്കുന്ന, കീഴ്പെടാത്ത, എതിർക്കുന്ന; *v. i.* അടങ്ങാതിരിക്കുക, എതിർക്കുക, കലഹിച്ചെഴുനേല്ക്ക, ആജ്ഞയതിക്രമിക്കുക; **-lion,** *n.* പ്രകൃതികോപം, പ്രജാക്ഷോഭം, ആജ്ഞാലംഘനം; **-lious,** *n.* കലഹമുണ്ടാക്കുന്ന, ഗവണ്മെൻറിനോ രാജാവിനോ കീഴടങ്ങാത്ത, പിണങ്ങിയെതിർക്കുന്ന.

Rebound, *v. t.* പൊങ്ങുക, മേലോട്ടു തെറിക്കുക, തട്ടിക്കുതിക്കുക, ഉല്പതിക്കുക; പിന്നോക്കം തെറിക്കുക; *n.* കുതിപ്പ്, ഉല്പതനം, പ്രതിഘാതം, തെറിപ്പ്.

Rebuff, *v. t.* തള്ളുക, നിരാകരിക്ക, തിരസ്കരിക്ക; തട്ടിത്തെറിപ്പിക്കുക; *n.* തള്ളൽ, തെറിപ്പിക്കൽ, പ്രതിഘാതം, തിരസ്കാരം, നിരാകരണം, പരാഭവം, പരാജയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Rebuke, *v. t.* നിന്ദിക്ക, ഉപാലംഭിക്ക, ഗർഹിക്ക, ഭർത്സിക്ക; *n.* നിന്ദ, ഉപാലംഭം, നിർഭർത്സന.

Rebut, *v. t.* ഒതുക്കുക, അടിച്ചു പിന്നിൽ തള്ളുക, പ്രതിഷേധിക്കുക.

Recalcitrant, *a.* കീഴ്പെടാത്ത, മുരണ്ട.

Recall, *v. t.* തിരിച്ചുവിളിക്കുക; നിവൎത്തിപ്പിക്ക, റദ്ദ്ചെയ്യുക; മറന്നതിനെ ഓൎമ്മിപ്പിക്ക, സ്മരിക്കുക. ഖണ്ഡിക്കുക, നിരസിക്ക; *n.* തിരിച്ചുവിളി, പ്രത്യാഹാരം, പ്രത്യാദാനം.

Recant, *v. t.* മറുത്തുപറയുക, നിഷേധിക്ക, ഖണ്ഡിക്കുക, പ്രത്യാഖ്യാനം ചെയ്ക; **-ation**, *n.* പ്രത്യാഖ്യാനം, ഖണ്ഡനം, വിപരീതവാദം, മറുത്തുചൊല്ല്.

Recapitulate, *v t.* പറഞ്ഞതുതന്നെ ചെറുതാക്കിപ്പറയുക, ചുരുക്കിപ്പറയുക, സംക്ഷേപിച്ചുപറയുക, വിഷയസാരം പറയുക; **-ion**, *n.* സംക്ഷേപം, സംക്ഷിപ്താനുവാദം; (of past events) സിംഹാവലോകനം.

Recast, *v. t.* വീണ്ടും എറിയുക, വീണ്ടും ഉരുക്കിവാൎക്കുക, വീണ്ടും എണ്ണുക.

Recede (rē-sēd), *v. t. or v. i.* വാങ്ങുക, പിന്നാക്കം പോരുക, ഒതുങ്ങുക, ഉൾവാങ്ങുക, നിവൎത്തിക്ക.

Receive (rēsēv'), *v. t.* വാങ്ങുക, ഏറ്റുകൊള്ളുക, സ്വീകരിക്ക. ഗ്രഹിക്ക, അംഗീകരിക്ക; കിട്ടുക, ലഭിക്ക; കടത്തുക, പ്രവേശിപ്പിക്ക, സല്ക്കരിക്ക, സ്വാഗതംപറയുക; അനുഭവിക്ക, ഗ്രഹിക്കുക, കൊള്ളുക; **-ed**, *a.* വാങ്ങിയ, സ്വീകരിച്ച, ഗൃഹീതമായ, സംഭാവിതമായ; ലോകപ്രസിദ്ധമായ; അഭിമതമായ,അഭ്യുപേതമായ; 'r. practice ലോകാചാരം'; 'r. doctrine ആമ്നായം; സമ്പ്രദായം'; **-er**, **-Recipient**, *n.* റിസീവർ, വാങ്ങുന്നവൻ, ഏല്ക്കുന്നവൻ, പ്രതിഗ്രാഹകൻ; ആശയം, ആധാരം, ഭാജനം; **-Receipt** (rēsēt'), *n.* വാങ്ങൽ, ആദാനം, ഗ്രഹണം; വരവു്, ലാഭം, ആദായം, ഉദയം; രസീതു്, കൈപ്പററുചീട്ടു്, സ്വീകാരപത്രം; ഔഷധയോഗം; *v. t.* പററുചീട്ടുകൊടുക്കുക; **-Receptacle**, *n.* കൊള്ളാപാത്രം, ആധാരം, നിധാനം, നിധി, ആശ്രയം, ആസ്പദം, പാത്രം; 'r. of bile പിത്താശയം, ആമാശയം'; **-Reception**, *n.* വാങ്ങൽ, പ്രതിഗ്രഹം, സ്വീകാരം, അംഗീകാരം, പ്രവേശനം, പ്രവേശിപ്പിക്കൽ; എതിരേല്പു്, ഉപചാരം, സല്ക്കാരം, ആദരം.

Recense, *v. t.* ശരിനോക്കുക, പരിശോധിക്ക; **-cension**, *n.* പരിശോധനം.

Recent, *a.* പുതി(തു)തായ, ഇയ്യിടെയുള്ള, ആധുനികമായ, നവമായ; **-ly**, *adv.* ഇയ്യിടെ, നൂതനമായി.

Receptacle, } *see* under **Receive**.
Reception, }

Recess, *n.* ഒഴിഞ്ഞസ്ഥലം; ഒതുക്കമുള്ള സ്ഥാനം, വിവിക്തദേശം, മൂല, കോണു്, രഹസ്യസ്ഥലം, ഗുപ്തസ്ഥാനം; നിവൃത്തിസ്ഥാനം, വിശ്രാമസ്ഥാനം, ആരാമം, വിശ്രമം, വിശ്രാന്തി.

Recipe, *n.* മരുന്നുമുറ, ഔഷധയോഗം.

Reciprocal, *a.* തമ്മിൽത്തമ്മിൽ, പരസ്പരം; **-ness**, **-Reciprocity**, *n.* പരസ്പരത, വ്യതികരം; **-Reciprocate**, *v. i.* പരസ്പരം പ്രവൎത്തിക്ക, മേലോട്ടും കീഴോട്ടും ഇളകുക; *v. t.* അന്യോന്യം പ്രവൎത്തിപ്പിക്ക, ഇടവാടുചെയ്യുക, കൊടുക്കയുംവാങ്ങയുംചെയ്ക, തമ്മിൽത്തമ്മിൽമാറുക, വിനിമയംചെയ്യുക; **-ion**, *n.* കൈമാററം, പരസ്പരത, വിനിമയം.

Recite, *v. t.* ഉരുവിടുക, കാണാപ്പാഠംചൊല്ലുക, ഉച്ചരിക്ക; **-al**, **-ation**, *n.* കഥനം, ഉച്ചാരണം, അനുവാദം; **-er**, *n.* കഥനക്കാരൻ.

Reck, *v. i.* ഗൌനിക്ക, ഗണിക്കുക, സൂക്ഷിക്ക, ശ്രദ്ധിക്ക; **-less**, *a.* ശ്രദ്ധയില്ലാത്ത, സൂക്ഷ്മമില്ലാത്ത, പ്രമത്തമായ, സാഹസിയായ; **-lessly**, *adv.* സാവധാനമല്ലാതെ, സാഹസമായി; **-lessness**, *n.* ഗൌനമില്ലായ്മ, പ്രമാദം, അനവധാനം, സാഹസം.

Reckon (rek'n), *v. t.* എണ്ണുക, കണക്കുകൂട്ടുക, മതിക്കുക, ആശ്രയിക്ക, അവലംബിക്ക; *v. i.* തൎക്കിക്ക, അനുമാനിക്ക, ഊഹിക്ക; പരിഗണിക്കപ്പെടുക; 'r. upon ആലംബിക്ക, അവലംബിക്ക, വിശ്വസിക്ക'; 'r. with കണക്കുചോദിക്കുക'; **-er**, *n.* എണ്ണുന്നവൻ; **-ing**, *n.* കണക്കുകൂട്ടൽ, എണ്ണക്കം, കണക്കുതീൎത്തുകൊള്ളൽ, വിലപ്പട്ടിക, ബിൽ.

Reclaim, *v. t.* തിരിച്ചെടുക്ക, സന്മാൎഗ്ഗത്തിൽവിടുക, സന്മാൎഗ്ഗത്തിൽനയിക്ക, നന്നാക്കുക, ഇണക്കുക, മരുക്കുക, പഴക്കുക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-Reclamation, *n.* വീണ്ടെടുക്കൽ, ഗുണപ്പെടൽ, പാപനിവൃത്തി, കുപഥത്യാഗം; പുനർഗ്രഹണം, തിരികേയുള്ള സ്വീകരണം.

Recline, *v. t.* വളയ്ക്കുക, ചായ്ക്കുക, ചരിക്കുക, കിടത്തുക; *v. i.* വളയുക, ചായുക, ചരിയുക, ആലംബിക്ക, സമാശ്രയിക്ക, ശയിക്കുക, കിടക്കുക; **-ing,** *a.* അവലംബിക്കുന്ന, ആലംബിക്കുന്ന, ചരിയുന്ന, കിടക്കുന്ന, നിഷണ്ണമായ.

Recluse, *n.* ഒഴിഞ്ഞുമാറിയിരിക്കുന്നയാൾ, പരിവ്രാഡ്, സന്ന്യാസി, ഏകാന്തവാസി, വിവിക്തസേവി, വാനപ്രസ്ഥൻ; 'a female r. പരിവ്രാജിക'; *a.* ഒഴിഞ്ഞ, ഏകാന്തമായ, നിർജനമായ, വിവിക്തമായ; **-ness,** *n.* അരണ്യകവ്രതം, വിവിക്തസേവ, പരിവ്രജനം.

Recognize, *v. t.* കണ്ടറിയുക, തിരിച്ചറിയുക, പ്രത്യഭിജ്ഞാനംചെയ്ക, നിണ്ണയിക്ക, അനുസ്മരിക്ക; ഒത്തുകൊള്ളുക, സ്വീകരിക്ക, അംഗീകരിക്ക; വണങ്ങുക, നന്ദികാട്ടുക; പ്രമാണീകരിക്ക, പ്രമാണപ്പെടുത്തുക; **-ance,** *n.* കൈച്ചീട്ട്, വിചാരണപ്പഞ്ചായത്തീപ്പ്, അംഗീകാരപത്രം; **-Recognition,** *n.* കണ്ടുമനസ്സിലാക്കൽ, പ്രത്യഭിജ്ഞ, ജ്ഞാപകം; അംഗീകാരം, സ്വീകാരം, പ്രതിപത്തി, അഭ്യുപഗമം.

Recoil, *v. i.* പിൻവാങ്ങുക, പിന്നിൽതാഴുക, പരാവത്തിക്ക; *n.* പിന്തിരിയൽ, പിന്മാറ്റൽ, പിൻവാങ്ങൽ.

Recollect, *v. t.* തിരികെ ചേക്കുക, വീണ്ടും സമാഹരിക്ക; ഓമ്മിക്ക, സ്മരിക്കുക, അനുചിന്തിക്ക; (oneself) ഉറപ്പുവരുത്തുക, ധൈര്യമവലംബിക്ക; **-ion,** *n.* ഓമ്മ, സ്മൃതി, അനുചിന്തനം.

Recommence, *v. t.* വീണ്ടും തൊ(തു)ടങ്ങുക, വീണ്ടും ആരംഭിക്ക.

Recommend, *v. t.* ശുപാശ്ചെയ്യുക, ശ്ലാഘിച്ചു സമപ്പിക്ക, പ്രശംസിക്ക; **-ation,** *n.* ശുപാശ, ഗുണവണ്ണനം, ഗുണകീത്തനം; ശുപാശ്ക്കത്തു്, ഗുണവണ്ണനപത്രം, പ്രശംസാലേഖം; ഉപദേശം, അനുശംസനം; അനുഗ്രഹകാരണം, ആദരഹേതു; **-atory,** *a.* ശുപാശ്ചെയ്യുന്ന, ഗുണശ്ലാഘിയായ.

Recompense, *v. t.* നഷ്ടം കെട്ടിക്കൊടുക്ക, പകരംകൊടുക്ക or വീട്ടുക, പ്രതിഫലം നൽകുക, പ്രായശ്ചിത്തംചെയ്യുക, കൂലികൊടുക്ക, കൈമാറുക, അങ്ങോട്ടുകൊടുക്കുക; *n.* സമ്മാനം, പാരിതോഷികം, മൂല്യം, പ്രതിഫലം, നിഷ്കൃതി, പകരം, പകരം കൊടുക്കൽ.

Reconcile, *v. t.* ചേക്കുക, രാജിപ്പെടുത്തുക, ശാന്തപ്പെടുത്തുക, സമാധാനപ്പെടുത്തുക, സംഘടിപ്പിക്ക, സമ്മേളിപ്പിക്ക, വൈരം ശമിപ്പിക്ക, അനുനയിക്ക, സ്വാന്തനം ചെയ്ക; (a statement) അഭിപ്രായവ്യത്യാസം പോക്കുക, വൈരുദ്ധ്യം നീക്കുക, യോജിപ്പുവരുത്തുക, ഏകവാക്യതയുണ്ടാക്ക; ഐക്യംവരുത്തുക; (quarrels) ഒതുക്കുക, തീക്കുക, ശമിപ്പിക്ക; **-ed,** *a.* യോജിപ്പിച്ച, തമ്മിൽചേത്ത, ഐക്യമുണ്ടാക്കിയ etc; **-er,** *n.* സന്ധിക്കാരൻ, സന്ധാതാവു്, സമാധാനക്കാരൻ; **-ment, -Reconciliation,** *n.* ചേപ്പ്, യോജിപ്പിക്കൽ, സന്ധാനം, പ്രസാദനം, വൈരശമനം, സഖ്യകരണം, ഐക്യപ്പെടുത്തൽ; സന്ധിസംമം, പുനഃസഖ്യം, അനുനയം, ഐക്യം, സമാധാനം, സംഗതി, വിരോധശമനം.

Recondite, *a.* രഹസ്യമായ, ഗഹനമായ, നിഗൂഢമായ, ഗൂഢാത്ഥമായ, ദുർബോധമായ, ഗഹനാത്ഥമായ.

Reconnaissance, *n.* പരിശോധനം, ദേശപരീക്ഷ; ശത്രുസങ്കേതപരിശോധനം.

Reconnoitre (-tĕr), *v. t.* നന്നേപരീക്ഷിക്കുക, നിപുണമായി പരീക്ഷിക്ക, ഗവേഷണം ചെയ്യുക.

Reconsider, *v. t.* പുനരാലോചന ചെയ്യുക.

Reconvey, *v. t.* മുൻപിരുന്ന സ്ഥലത്തു തിരിയെ കൊണ്ടുപോകുക, തിരികെ കൊടുത്തയയ്ക്കുക.

Record, *n.* പതിവുപുസ്തകം, കുറിപ്പേട്, കുറിപ്പുപുസ്തകം, രേഖ, ലേഖം; *v. t.* പതിക്കുക, കുറിച്ചുവെയ്ക്കുക, എഴുതിവെയ്ക്കുക, രേഖപ്പെടുത്തുക; **-er,** *n.* രേഖപ്പെടുത്തുന്നവൻ, കായസ്ഥൻ.

Recount, *v. t.* പറയുക, വിവരിക്ക, വീണ്ടും കണക്കുകൂട്ടുക.

Recoup (-koop'), *v. t.* വീണ്ടെടുക്കുക, പകരം സ്വീകരിക്ക, പൂരിപ്പിക്ക, പ്രതിവിധാനംചെയ്ക.

Recourse (-kōrs'), *n.* ആശ്രയം, ഉപാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രയം, താങ്ങ്, അവലംബം; ശരണം, ഗതി; *v. i.* ആശ്രയിക്ക, താങ്ങാക്കുക, അവലംബിക്ക.

Recover, *v. i.* ആരോഗ്യം ഉണ്ടാക, ദീനം ഭേദമാക, രോഗവിമോചനംവരിക, പൂർവ്വസ്ഥിതിയെ പ്രാപിക്ക, വീണ്ടുകിട്ടുക; സംജ്ഞലഭിക്ക, ബോധമുണ്ടാക; *v. t.* വീണ്ടെടുക്ക, തിരികെ സ്വീകരിക്ക, പ്രതിഗ്രഹിക്ക; രക്ഷപ്പെടുത്തുക; **-ed,** *a.* വീണ്ടെടുക്കപ്പെട്ട, തിരിച്ചുകിട്ടിയ, ദീനംഭേദമായ; ബോധംവീണ, **-y,** *n.* വീണ്ടുകിട്ടൽ, വീണ്ടെടുപ്പ്, പുനർലാഭം, പുനഃപ്രാപ്തി; പ്രകൃതിലാഭം, സ്വാസ്ഥ്യം, ആരോഗ്യപ്രാപ്തി, ആരോഗ്യം, രോഗമുക്തി, നിരാമയത്വം.

Recreant, *a.* ധൈര്യമില്ലാത്ത, ഭീരുവായ, താഴ്ന്ന, പതിതമായ, ധർമ്മഭ്രഷ്ടമായ.

Recreate, *v. t.* (oneself) വിശ്രമിക്ക, വിഹരിക്ക, രമിക്കുക, ക്രീഡിക്കുക; ഉല്ലാസപ്പെടുത്തുക, സമാശ്വസിപ്പിക്ക, ആനന്ദിപ്പിക്ക, രമിപ്പിക്ക, സന്തോഷിപ്പിക്ക, ശ്രമംതീർക്കുക; **-ion,** *n.* വിശ്രമം, വിനോദം, വിനോദനം, വിഹാരം, കളി, ക്രീഡ, കൌതുകം, മനോരഞ്ജനം; **-ive,** *a.* സുഖകരമായ, മനോരഞ്ജനമായ, വിനോദശീലമായ.

Recrement, *n.* കൊത്തം, ശിഷ്ടം, മലം *see* **Dross.**

Recriminate, *v. t. or v. i.* തിരിയെ കുറ്റംചമത്തുക, തിരിച്ചങ്ങോട്ടു കുറ്റംചമത്തുക; **-ion,** *n.* തിരികെ കുറ്റംചമത്തൽ, പ്രത്യാരോപണം; 'crimination and r. അന്യോന്യം കുറ്റംചമത്തൽ; **-ive, -ory,** *a.* തിരിച്ചു കുറ്റംചമത്തുന്ന.

Recrudescence, *n.* പുനഃസമുല്പന്നം, പുനരുദ്ഭവം; **-Recrudescent,** *a.* പുനഃസമുല്പന്നമായ, വീണ്ടും പുതുക്കുന്ന.

Recruit (rekroot'), *v. t.* പുതുക്കുക, നിറയ്ക്കുക, കൂട്ടത്തിൽഭടരെച്ചേർക്കുക, ശക്തിവർദ്ധിപ്പിക്കുക, പ്രബലീകരിക്ക, ആശ്വസിപ്പിക്ക, നവസൈനികന്മാരാൽ നിറയ്ക്കുക; *v. i.* ബലംകിട്ടുക, ബലംലഭിക്കുക, ശക്തമായിത്തീരുക; *n.* പുതുഭടൻ, ആദ്യമായി ചേന്ന പടയാളി.

Rectangle, *n.* സമകോണം, സമചതുരശ്രം; **-Rectangular,** *a.* സമകോണമായ, സമചതുരശ്രമായ.

Rectify, *v. t.* തിരുത്തുക, ശുദ്ധിചെയ്യുക, ഭേദഗതിചെയ്ക, പരിഹരിക്കുക, ശരിയാക്കുക, പുടമിടുക; **-ication,** *n.* തിരുത്തൽ, ശോധനം.

Rectilineal, Rectilinear, *a.* നേരായ, നേരേയുള്ള.

Rectitude, *n.* നേർമ്മ, സാരള്യം, ആർജ്ജവം, ശൌചം, സത്യശീലത.

Rector, *n.* ഗ്രാമപുരോഹിതൻ, ഗ്രാമാചാര്യൻ; നായകൻ, അദ്ധ്യക്ഷൻ; **-Rectoral, -rial,** *a.* ഗ്രാമപുരോഹിതസംബന്ധമായ; **-Rectory,** *n.* ഗ്രാമപുരോഹിതന്റെ വീട്.

Recumbent, *a.* ചാഞ്ഞ, ചെരിഞ്ഞ, ചരിഞ്ഞുകിടക്കുന്ന; അലസമായ.

Recumbence, -cy, *n.* ചാച്ചൽ, ചരിവ്, ശയനം, ഒരുവശം കിടപ്പ്.

Recuperate, *v. t.* and *v. i.* തിരികെ ആരോഗ്യത്തിലെത്തുക, തിരികെ എടുക്കുക, വീണ്ടെടുക്ക, പുനർലഭിക്കുക.

Recur, *v. i.* ആവർത്തിക്ക, പുനരാഗമിക്ക, പുനർഭവിക്ക, വീണ്ടും ഹൃദയത്തിലുദിക്കുക, ആവിർഭവിക്ക, സ്മരണയിലെത്തുക; ശരണമായി വരിക, ഉതവുക; **-rence, rency,** *n.* പ്രത്യാവൃത്തി, ആവർത്തനം, ഓർക്കൽ, സ്മരണം, പ്രാദുർഭാവം, ഉദയം; **-rent, -ring,** *a.* വീണ്ടും ഉണ്ടാകുന്ന, ആവർത്തകമായ, പ്രത്യാവർത്തിയായ.

Recusant (rek'ūzant), *a.* ഇണങ്ങാത്ത, യോജിക്കാത്ത, തിരിഞ്ഞുനില്ക്കുന്ന, പ്രതാപമായ.

Red, *a.* ചെവന്ന, രക്തമായ, ശോണമായ (blood r.) രക്തവർണ്ണമായ (dark r.) കഷായമായ, ശോണിതമായ (r. hot) ചുട്ടുപഴുത്ത, ഉത്തപ്തമായ, അഗ്നിവർണ്ണമായ; (r lead) സിന്ദൂരം; *n.* (r. colour) ചെവപ്പുനിറം, അരുണിമാവ്; **-den,** *v. t.* ചെവപ്പിക്കുക; *v. i.* ചെവക്കുക; **-dish,** *a.* അല്പംചെവന്ന, ആരക്തമായ, ഈഷദ്രക്തമായ; **-ness,** *n.* ചെവപ്പ്, രക്തത്വം, ലൌഹിത്യം, രക്തിമ, അരുണിമ.

Redact, *v. t.* *see* **Edit; -ion,** *n.* *see* **Edition.**

Redan, *n.* പോർക്കളക്കോട്ട, രണാങ്കണക്കോട്ട.

Redeem, *v. t.* മീളുക, പ്രായശ്ചിത്തംചെയ്ക, രക്ഷിക്ക; ധനംകൊടുത്തു മോചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്ക, ഉപനയിക്ക, ഉദ്ധരിക്കുക; **-er,** *n.* മീളുന്നവൻ, പരിക്രേതാവ്; ത്രാതാവ്, രക്ഷകൻ, മോക്ഷകൻ, ഉദ്ധത്താവ്; **-Redemption,** *n.* മീളൽ, വീണ്ടുകൊള്ളൽ, നിഷ്ക്രയം; പരിത്രാണം. ഉദ്ധാരം; മോക്ഷം, മുക്തി, താരണം.

Redolent, *a.* മണമുള്ള, പരിമളമായ, സുരഭിയായ; *see* **Fragrant; -Redolence, -cy,** *n.* സൌമണം, സുവാസന.

Redouble (-dub'l), *v. t. or v. i.* ഇരട്ടിക്കുക, വിഗുണീകരിക്കുക, വീണ്ടും വീണ്ടും ചെയ്യുക, അവിഛേദ്യമത്താൽ വദ്ധിപ്പിക്ക; **-ed,** *a.* ഇരട്ടിച്ച, ദ്വിഗുണിതമായ, വീണ്ടുംവീണ്ടും ചെയ്ത.

Redoubt (-dout'), *n.* കാവൽകോട്ട, ദുഗ്ഗരചന; **-able,** *a.* ഭീമമായ, മഹാപരാക്രമമായ, മഹാപ്രതാപമായ.

Redound, *v. i.* അനുകൂലമാകുക, ഉപയോഗപ്പെടുക, പൊങ്ങിക്കവിഞ്ഞുവഴിയുക or ഒഴുകുക, പരിണമിക്ക, സാധിപ്പിക്ക.

Redress, *v. t.* ശരിപ്പെടുത്തുക, തിരുത്തുക, പരിഹരിക്ക, നിരാകരിക്ക. ഉദ്ധരിപ്പിക്ക, മോചിപ്പിക്ക; *n.* പരിഹാരം, നിവൃത്തി, പ്രതീകാരം, സമാധാനം, ഉദ്ധാരം; **-ive,** *a.* നിവത്തിക്കുന്ന, പരിഹരിക്കുന്ന.

Reduce, *v. t.* പൂവ്വസ്ഥിതിയിലാക്കുക. കുറയ്ക്കുക, മടക്കുക, കീഴ്പെടുത്തുക, വരുത്തുക, കൃശപ്പെടുത്തുക, ക്ഷീണിപ്പിക്ക, (in mathematics) രൂപംനൽകുക, രൂപപ്പെടുത്തിപ്പറയുക; **-ed,** *a.* മുൻസ്ഥിതിയിലായ; വശീകൃതമായ, ക്ഷീണിച്ച; **-Reduction,** *n.* കുറയ്ക്കൽ, കീഴ്പെടുത്തൽ, ഇനംമാററൽ, കരണം, നയനം, ന്യൂനീകരണം.

Reductio ad absurdum, അനനത്ഥീകരണം, എല്ലാംകൂടിഅബദ്ധത്തിൽകൊണ്ടുചാടിക്കൽ.

Redundant, *a.* അധികമായ, അതിരിക്തമായ, ഏറിയ, വ്യത്ഥമായ; **-ly,** *adv.* ഏറി, കവിഞ്ഞ്, ഉദ്രിക്തമായി; **-Redundancy,** *n.* ഏററം, ആധിക്യം, അതിരേകം, ഉത്സേകം, പൌനരുക്ത്യം, വ്യത്ഥത.

Reduplicate, *v. t.* ഇരട്ടിക്കുക, ദ്വിഗുണീകരിക്ക (in grammar) അഭ്യസിക്കുക; **-ion,** *n.* ഇരട്ടിപ്പ്, അഭ്യാസം, ആമ്രേഡിതം.

Reed, *n.* ഞാങ്ങണ, നാണൽ, ഈറൽ, വേണു, വംശം.

Reef, *n.* ചങ്ങലക്കൽപാറ, ചങ്ങലപ്പാറ, ശിലാസംഘാതം, ശിലോച്ചയം, പാറപ്പലം, ശൈലസേതു; കപ്പൽപായ് ചുരുട്ട്; *v. t. or v. i.* ചുരുട്ടിക്കെട്ടുക, ഒതുക്കുക.

Reek, *v. i.* ആവിവിടുക, ആവിപുറപ്പെടുവിക്കുക; *n.* നീരാവി, ബാഷ്പം, ധൂമിക; **-ing, -y,** *a.* ആവി വമിക്കുന്ന.

Reel, *v. t.* തിരിവട്ടത്തിൽ or റാട്ടിൽ (നൂൽ) ചുററുക; *v. i.* ഭ്രാഞ്ചിനടക്കുക, പതറിനടക്കുക, തലകറങ്ങിനടക്കുക, സഞ്ചലിക്കുക; *n.* ഒരുവക നൃത്തം.

Refection, *n.* അല്പാഹാരം. ലഘുഭോജനം, ഉപാഹാരം; **-Refectory,** *n.* ലഘുഭക്ഷണശാല, ഉപാഹാരശാല.

Refer, *v. i.* ലക്ഷീകരിക്ക, വഴികാട്ടുക, ചോദിക്ക, അന്വേഷിക്ക, നോക്കുക; അഭിപ്രായം ചോദിക്ക, കുറിക്കുക, സൂചിപ്പിക്കുക; സംബന്ധിച്ചുപറക, ചോദിച്ചുമനസ്സിലാക്ക; *v. t.* മടക്കിഅയയ്ക്കുക, തിരികെ അടുക്കലേക്കയയ്ക്കുക; അഭിപ്രായത്തിനയയ്ക്കുക, ആലോചനയ്ക്കേല്പിക്കുക; ഊഹിക്കുക; സംബന്ധിപ്പിക്ക; **-ee,** *n.* പ്രമാണപുരുഷൻ, നിണ്ണേതാവ്; **-ence,** *n.* അഭിപ്രായംചോദിക്കൽ, അഭിപ്രായാന്വേഷണം, നിവേദനം, നിദ്ദേശം, സംബന്ധം, ആശ്രയം, വിഷയം, സമ്പക്കം.

Refine, *v. t.* ശുദ്ധിചെയ്യുക, വിമലീകരിക്ക, കറകളക, സ്ഫുടംചെയ്യുക; സംസ്കരിക്ക, പരിഷ്കരിക്ക; *v. i.* ശുദ്ധമാക, വിമലീഭവിക്ക; **-ed,** *a.* വിശുദ്ധമായ, സംസ്കരിക്കപ്പെട്ട, പ്രബുദ്ധമായ, ശിഷ്ടമായ, സഭ്യമായ; അതിസൂക്ഷ്മമായ; **-ment,** *n.* ശോധനം, ശുദ്ധി. ശുദ്ധത; സംസ്കാരം; ശിഷ്ടത, ചിത്തബോധം, ശുദ്ധി; അതിസൂക്ഷ്മത; 'r. of manners വിനയം, ആചാരസൌജന്യം. സഭ്യാചാരത്വം'; 'a man of r. ശിഷ്ടാചാരൻ, വിനീതൻ'; **-er,** *n.* നന്നാക്കുന്നവൻ, സംശോധകൻ, മലഹാരി.

Refit, *v. t. or v. i.* വീണ്ടും കൂട്ടിഇണക്കുക, പഴയതുതീക്കുക, അഴിച്ചുചേക്ക.

Reflect, *v. i.* ചിന്തിക്ക, ധ്യാനിക്ക, വിചാരിക്ക, പയ്യാലോചിക്ക; (on) അധിക്ഷേപിക്ക, നിന്ദിക്ക; *v. t.* പ്രതിക്ഷേപിക്ക, തിരികെ ഇടുക, പ്രതിബിംബിപ്പിക്ക, സംക്രമിക്ക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-ed, *a.* പ്രതിഫലിച്ച, സംക്രാന്തം; **-ing,** *a.* പ്രതിബിംബിക്കുന്ന; ചിന്താശീലമായ, ധ്യാനശീലമായ; **-ion,** *n.* ചിന്ത, വിചാരം, വിമർശം, ഭാവന, ധ്യാനം; ആക്ഷേപം, അധിക്ഷേപം; പരാവർത്തനം; സംക്രാന്തി; പ്രതിബിംബം, പ്രതിച്ഛായ, പ്രതിഫലം, പ്രതിരൂപം; **-or,** *n.* കണ്ണാടി, ആദർശം, ദർപ്പണം, പ്രതിക്ഷേപകൻ; ചിന്തകൻ; **-Reflexible,** *a.* പരാവർത്തനീയം; **-Reflexive,** *a.* പൂർവ്വസംബന്ധിയായ; 'a r. verb കർമ്മകർത്തൃവാച്യം'; **-ly,** *adv.* ആലോചിച്ച്.

Refluent, *a.* പരാവർത്തിയായ, ജലംതാഴുന്ന.

Reflux, *n.* നീർവററ്, പ്രതിസ്യന്ദം, പരാവർത്തം; വേലിയിറക്കം.

Reform, *v. t.* പുതുക്കുക, തിരുത്തുക, നന്നാക്കുക, പകരംചെയ്യു ശരിപ്പെടുത്തുക; പുനഃസംഘടനചെയ്ക; *v. i.* അബദ്ധത്തിൽനിന്നു നിവർത്തിക്ക, പാപമാർഗ്ഗം ത്യജിക്ക; *n.* **-ation,** *n.* നന്നാക്കൽ, ദോഷനിവൃത്തി, സംശോധനം, പരിഷ്കാരം, ധർമ്മപരിവർത്തനം; **-atory,** *n.* ശോധനാലയം, ദുർഗ്ഗുണപരിഹാരപാഠശാല; **-ed,** *a.* നന്നാക്കിയ, പരിഷ്കരിച്ച; **-er,** *n.* നന്നാക്കുന്നവൻ, ദോഷംതീർക്കുന്നവൻ, സംശോധകൻ, ധർമ്മപ്രവർത്തകൻ.

Refract, *v. t.* തിരിക്കുക, വക്രമാക്കുക, കോണമാക്കി മടക്കുക, പരാവർത്തിപ്പിക്ക, വക്രീകരിക്ക, പിരിക്കുക; **-ion,** *n.* വളയ്ക്കൽ, വക്രീകരണം, പരാവർത്തനം, വക്രീഭാവം; **-Refractory,** *a.* ദുഃശാഠ്യമുള്ള, വഴക്കമില്ലാത്ത, റിപ്രതീപമായ, അവിനേയമായ; വേഗംഉരുകാത്ത; *see* **Perverse;** **-iness,** *n.* പ്രതികടം, തിരിവ്, പ്രതീപത, ദുഃശീലം, അവിധേയത.

Refragable, *a.* ഛേദ്യമായ, ഖണ്ഡനീയമായ ഭേദ്യമായ, മുറിക്കത്തക്ക, കണ്ടിക്കത്തക്ക.

Refrain, *v. t* അടക്കുക, വിലക്കുക, സംയമിക്കുക, നിഗ്രഹിക്കുക, നിവർത്തിപ്പിക്ക; *v. i.* അടങ്ങുക, നിവർത്തിക്കുക, പരിഹരിക്ക, വർജ്ജിക്കുക, വിവർജ്ജിക്കുക, ത്യജിക്കുക; *n.* പല്ലവി, ധ്രുവകം.

Refrangible, *a.* തിരിക്കത്തക്ക, വളച്ചുപിരിക്കത്തക്ക, പരാവർത്തനീയമായ.

Refresh, *v. t.* ശ്രമംതീർക്കുക, ആയാസംതീർക്കുക, ബലമുണ്ടാക്കുക, പുതുക്കുക, ജീവിപ്പിക്കുക, ആനന്ദിപ്പിക്കുക, ആശ്വാസിപ്പിക്കുക, നവീകരിക്ക; തണുപ്പിക്ക, കുളിപ്പിക്ക, നിർവ്വാപണംചെയ്യുക; **-ed,** *a.* ക്ഷീണംതീന്ന, ശ്രമംതീന്ന, വിശ്രാന്തമായ, ആശ്വാസിതമായ, പുതുക്കിയ, നവീകൃതമായ; **-ment,** *n.* ക്ഷീണംതീർക്കൽ, ആഹ്ലാദനം, ക്ലമാപഹാരം, ആശ്വാസനം, വിശ്രാന്തി; അല്പഭക്ഷണം, ലഘുഭക്ഷണം; 'morning r. പ്രാതരാശം'.

Refrigerate, *v. t.* ആററുക, താപംതീർക്കുക, ദാഹംതീർക്കുക, നിർവ്വാപണംചെയ്ക, തണുപ്പിക്ക, കുളിപ്പിക്ക, ശീതളീകരിക്ക; **-ion,** *n.* കുളിർമ, ആററൽ, താപച്ഛേദം, നിർവ്വാപണം; **-Refrigerant,** *a.* ആററുന്ന, തണുപ്പിക്കുന്ന, ദാഹഹരമായ; *n.* കുളിപ്പിക്കുംമരുന്ന്, ഉഷ്ണനിർവ്വാപണം, താപശമനം; **-Refrigerator,** *n.* ശൈത്യസ്ഥാനം, ശീതകാരിയന്ത്രം.

Refuge (-ūj), *n.* ആശ്രയം, സംശ്രയം, ശരണം, ഗതി (person) ശരണ്യൻ, പാലകൻ, രക്ഷകൻ; ഉപായം, പ്രയുക്തി, ഗതി, സാധനം; **-Refugee,** *n.* രക്ഷതേടിവന്നവൻ, ശരണാഗതൻ, ശരണാർത്ഥി, ആശ്രിതൻ.

Refulgent (-jent), *a.* പ്രകാശംകൂടിയ, തിളക്കംകൂടിയ, ദേദീപ്യമാനമായ, വിഭ്രാജമാനമായ, ഭാസ്വത്തായ, ഉജ്ജ്വലമായ, പ്രദ്യോതമാനമായ; **-Refulgence,** *n.* പ്രകാശപ്പൊലിമ, വലിയതിളക്കം, അതിപ്രഭ.

Refund, *v. t.* തിരികെ അടയ്ക്കുക, തിരിച്ചുകൊടുക്കുക, പ്രത്യർപ്പിക്കുക.

Refuse, *v. t.* മറുക്കുക, തള്ളുക, ഉപേക്ഷിക്കുക, പ്രത്യാഖ്യാനംചെയ്യുക, പ്രതിഷേധിക്കുക; *v. i.* ഇണങ്ങാതിരിക്കുക, ചേരാതിരിക്കുക; *n.* കഴിവ്, ബാക്കി, ഉച്ഛിഷ്ടം, ശിഷ്ടം, അസാരം, അവശേഷം, ശേഷം, മലം; *a.* ശേഷിച്ച, ഉച്ഛിഷ്ടമായ, അവശിഷ്ടമായ.

Refute, *v. t.* തള്ളുക, എതിർക്കുക, ആക്ഷേപിക്ക, നിരസിക്ക, ഖണ്ഡിക്കുക, അപവദിക്ക; **-ation,** *n.* നിരാസം, നിരസനം, ഖണ്ഡനം, പ്രതിക്ഷേപം, പ്രത്യാഖ്യാനം.

Regain, *v. t.* തിരികെ കിട്ടുക, പുനർലഭിക്കുക, മടങ്ങിയെത്തുക.

Regal, *a.* രാജകീയമായ, രാജോചിതമായ.

Regale, *v. t.* സംതൃപ്തിപ്പെടുത്തുക, സന്തോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷിപ്പിക്കുക; ആശ്വസിപ്പിക്ക, സംവൎദ്ധിപ്പിക്ക.

Regalia, *n.* (pl.) രാജചിഹ്നങ്ങൾ, രാജലക്ഷണങ്ങൾ, രാജോപചാരം.

Regard, *v. t.* ആദരിക്ക, നോക്കുക, ശ്രദ്ധിക്കുക, പൂജിക്കുക, നിരീക്ഷിക്കുക, ആലക്ഷിക്കുക; പരിഗണിക്കുക; ബഹുമാനിക്കുക, ഭവ്യംകാട്ടുക; ഉദ്ദേശിക്കുക, അപേക്ഷിക്കുക, സംബന്ധിക്കുക; *n.* ആദരം, നോട്ടം, ശ്രദ്ധ, പൂജ, നിരീക്ഷ, ഗണന, ബഹുമാനം, വണക്കം, സ്നേഹം, പ്രണയം, പ്രീതി, ഉദ്ദേശം, വിഷയം; 'having r. to the result ഫലാപേക്ഷയോടെ'; 'with r. to ഉദ്ദേശിച്ച്, ആസ്പദമാക്കി, അധികരിച്ച്, അപേക്ഷിച്ച്; സംബന്ധിച്ച'; **-ful,** *a.* നോട്ടമുള്ള, ശ്രദ്ധയുള്ള, പരിഗണിക്കുന്ന, കൂട്ടാക്കുന്ന, സാപേക്ഷമായ; **-fully,** *adv.* അപേക്ഷിച്ച്, സംബന്ധിച്ച്, സാപേക്ഷം, ശ്രദ്ധയോടെ; **-ing,** *a.* സംബന്ധിക്കുന്ന, സംബന്ധിയായ; **-less,** *a.* നിരപേക്ഷമായ, പരിഗണിക്കാത്ത, അനപേക്ഷമായ, ഉദാസീനമായ, അനൽസുകമായ; **-lessly,** *adv.* അനാദരിച്ച്, നിരപേക്ഷമായി, ഉപേക്ഷയോടെ; **-lessness,** *n.* അഗണന, അനാദരം, ഉപേക്ഷ.

Regatta, *n.* വള്ളംകളി, പടകപന്തയം, നൌകാക്രീഡ.

Regenerate, *v. t.* വീണ്ടും ഉണ്ടാക്കുക, പുനർജനിപ്പിക്കുക, പുനർജീവിപ്പിക്കുക; *a.* **-ed,** *a.* വീണ്ടുംഉണ്ടായ, പുനർജ്ജാതമായ, പുനർഭവമായ; **-ion,** *n.* പുനരുജ്ജീവനം, പുനരുല്പത്തി, ഉത്ഥാപനം.

Regent (rē'jent), *n.* ഭരിക്കുന്നയാൾ, പാലകൻ; രാജപ്രതിനിധി; **-Regency,** *n.* ഭരണം; രാജപ്രതിനിധിമണ്ഡലം, രാജപ്രതിനിധിഭരണം.

Regicide, *n.* രാജകൊലചെയ്യുവൻ, രാജഘാതകൻ; രാജവധം, രാജഹത്യ.

Regime (rā-zhēm'), *n.* പദ്ധതി, പരിപാലനക്രമം, ഭരണക്രമം.

Regimen, *n.* പഥ്യമുറ, അന്നപാനവിധി, ഭക്ഷണക്രമം, പഥ്യാപഥ്യനിയമം.

Regiment, *n.* പടവകുപ്പ്, സൈന്യദളം, സൈന്യഗണം, സൈന്യവ്യൂഹം.

Regimentals, *n.* pl. സൈനികവേഷം, പടയുടുപ്പ്.

Region (rē'jun), *n.* പ്രദേശം, ദേശവിഭാഗം, നാട്, മണ്ഡലം, (of the sky) ദിക്ക്.

Register, *n.* പതിവുപുസ്തകം, രേഖപ്പെടുത്തുന്ന പുസ്തകം, റെജിസ്റ്റർ; *v. t.* പുസ്തകത്തിൽപതിക്കുക. എഴുതിവയ്ക്കുക; **-Registrar,** *n.* പതിക്കുന്നയാൾ; **-Registry, -Registration,** *n.* പേരുപതിക്കൽ, നാമലിഖനം, പുസ്തകത്തിൽ എഴുതിവയ്ക്കൽ.

Regnant, *n.* ഭരിക്കുന്ന, അധികാരിയായ, രാജ്യാധികാരിയായ.

Regorge, *v. t.* പുറത്തേക്കുവിടുക, ഉദ്വമിക്കുക.

Regress, *n.* തിരികെപ്പോകൽ, നിർവാഹം, പ്രതീപഗതി, പരാവർത്തനം; *v. t.* തിരികെപോകുക, **-ion,** *n.* പ്രതീപഗമനം, എതിർപോക്ക്.

Regret, *v. t.* അനുശോചിക്ക, ക്ലേശപ്പെടുക, വ്യസനിക്ക; *n.* ദുഃഖം, വ്യസനം, അനുതാപം, ഖേദം, മനസ്താപം, ഉദ്വേഗം; *see* **Grief; -ful,** *a.* വ്യസനാകുലമായ, ദുഃഖിതമായ, അനുതപ്തമായ, അനുശോകാർത്തമായ, ഖിന്നമായ, സോൽകണ്ഠമായ.

Regular, *a.* ഒരേമാതിരിയിരിക്കുന്ന, നിയതമായ, നിയമാനുസാരിയായ; ഒഴുക്കായ, ഇടവിടാത്ത, ക്രമമായ, ക്രമാനുഗതമായ, ക്ലിപ്തകാലത്തിൽവരുന്ന, ആചാരപരമായ, നിത്യമായ, യഥാരീതിയായ; നിയമത്തെ അനുസരിക്കുന്ന, വ്യവസ്ഥിതമായ, ക്രമംവിടാത്ത; **-ity,** *n.* കൃത്യത, ചട്ടം, നിയതത്വം, നിയമം; പഴ്ചയം, അനുക്രമം, ക്രമം, പരിപാടി, വ്യവസ്ഥ, പരമ്പര, ആനുപൂർവ്യം; ചട്ടപ്പടിനടപ്പ്, നിയമനിഷ്ഠ, നിയമാനുസാരിത്വം, ക്രമാനുഗം, വ്യവസ്ഥിതി; (of arrangement) അടുക്കിവയ്പ്, വിന്യാസം; **-ly,** *adv.* യഥാക്രമം, അനുക്രമം, യഥാവിധി, നിയമാനുസാരേണ; ക്ലിപ്തസമയത്ത്, ക്രമംതെറ്റാതെ, നിത്യം.

Regulate, *v. t.* ശരിപ്പെടുത്തുക, അണിപ്പെടുത്തുക, ക്രമേണ വിന്യസിക്കുക. വിരചിക്കുക, വ്യവസ്ഥപ്പെടുത്തുക; ചട്ടപ്പെടുത്തുക, ചിട്ടയാക്കുക, അനുശാസിക്ക, നിയന്ത്രിക്ക; വിധാനംചെയ്ക, യഥാവിധി വ്യവസ്ഥപ്പെടുത്തുക; **-ion,** *n.* വിധാനം, നിയന്ത്രണം, ചട്ടം; ചിട്ട നിയമം, ശാസനം, മര്യാദ, ക്രമം; **-or,** *n.* ശരിപ്പെടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുന്നവൻ, ശാസകൻ, ചിട്ടപ്പെടുത്തുന്ന യന്ത്രം, ചട്ടമാക്കുന്നയന്ത്രം, ശാസ്താവ്.

Regulus, *n.* ചെറിയരാജാവ്; ശുദ്ധലോഹം; മകംനക്ഷത്രം.

Regurgitate, *v. t.* തിരിച്ചുവപകരുക, മറിക്കുക; *v. i.* തിരിച്ചൊഴുകുക.

Rehabilitate, *v. t.* തിരികെ ധരിപ്പിക്ക, പിന്നെയും അധികാരംകൊടുക്കുക; യഥാസ്ഥാനത്താക്കുക.

Rehearse, *v. t.* ആവൎത്തിച്ചുചൊല്ലുക, ഉരുക്കഴിക്കുക, ചൊല്ലുക, പഠിക്കുക, വിവരിക്കുക, കഥിക്കുക; അഭിനയിക്കുക; **-al,** *n.* പാഠം, കഥനം, ആഖ്യാനം, പൂൎവ്വാഭിനയം, അഭിനയം.

Reign (rān), *n.* ഭരണം, രാജ്യഭരണം; അധികാരം; ഭരണകാലം, ഭരണദേശം; *v. i.* ഭരിക്കുക, പ്രശാസിക്ക, രാജ്യംഭരിക്ക; നിലനില്ക്കുക; **-ing,** *a.* രാജ്യഭാരംചെയ്യുന്ന.

Reimburse, *v. t.* തിരികെകൊടുക്കുക, വീട്ടുക, ചെലവുവെച്ചുകൊടുക്കുക, നഷ്ടംവെച്ചുകൊടുക്കുക.

Rein (rān), *n.* കടിഞ്ഞാൺ, കടിവാളത്തിൻവാറ്; രാജ്യനിയമം; *v. t.* പിടിച്ചുവലിക്കുക, നിയന്ത്രിക്കുക.

Reindeer, *n.* ഒരുമാതിരിമാൻ, കടമ്പമാൻ, ശീമക്കലമാൻ.

Reins, *n.* അര, കടി, ശ്രോണീദേശം; വൃക്കങ്ങൾ.

Reinsert, *v. t.* വീണ്ടുംചെലുത്തുക, തിരികെ കയറുക, വീണ്ടും ചെരുകുക.

Reinstate, *v. t.* വീണ്ടും സ്ഥാപിക്ക, പുനഃസ്ഥാപിക്കുക, പുനർനിയോഗിക്കുക; **-ment,** *n.* പ്രതിഷ്ഠാപനം, പുനഃസ്ഥാപനം.

Reinvigorate, *v. t.* ഉയിപ്പിക്കുക.

Reiterate, *v. i.* വീണ്ടുംവീണ്ടും ചെയ്യുക, തുടരെച്ചെയ്യുക, വീണ്ടുംവീണ്ടും പറയുക; **-ion,** *n.* വീണ്ടും പറയൽ, പുനൎവ്വചനം, ആമ്രേഡനം, പുനരുക്തി, പൗനഃപുന്യം.

Reject, *v. t.* തള്ളുക, നിരാകരിക്ക, നിരസിക്ക, ത്യജിക്ക; **-ion,** *n* അവധീരണ, നിരാകരണം, പ്രത്യാഖ്യാനം.

Rejoice (-jois'), *v. i.* മകിഴുക, കൊണ്ടാടുക, പ്രീതമാകുക, മോദിക്ക, ആനന്ദിക്ക, പരിതോഷിക്ക, ഹർഷിക്ക, രമിക്കുക, ഉല്ലസിക്ക; *v. t.* പ്രീതിപ്പെടുത്തുക, ആനന്ദിപ്പിക്ക, ഹർഷിപ്പിക്ക; **-ing,** *a.* ആനന്ദമായ, ഹർഷാവഹമായ; പ്രീയമാണമായ, മുദിതമായ, ഹൃഷ്ടമായ; *n.* ആനന്ദം, ഹർഷം.

Rejoin, *v. t.* കൂട്ടിച്ചേൎക്കുക, പിന്നെയുംചേൎക്കുക; *v. i.* ഉത്തരംപറയുക, വ്യവഹാരത്തിൽ സമാധാനം പറയുക, വാദിക്കുക; **-joinder,** *n.* ഉത്തരം, പ്രത്യുത്തരം, മറുപടി, പ്രതിവചനം, വാദം, പ്രത്യുക്തി.

Rejuvenate, *v. t.* ബലം വൎദ്ധിപ്പിക്ക, സത്വംവൎദ്ധിപ്പിക്ക; (**-nise, -nize,** *v. t*).

Relapse, *v. i.* തിരികെവരിക, ഒട്ടങ്ങുക, താഴുക, വീഴുക, പൂൎവ്വസ്ഥിതിയിലാക, പിൻവീഴുക; *n.* തിരികെ വരവ്, പുനഃപതനം, തിരികെവീഴൽ, ആവൃത്തി, പ്രത്യാഗമനം, പൂൎവ്വാവസ്ഥാപ്രാപ്തി.

Relate, *v. i.* (To) ഉദ്ദേശിക്കുക, അപേക്ഷിക്കുക, സംബന്ധിക്കുക; *v. t.* പറയുക, ചൊല്ലുക, ആഖ്യാനംചെയ്യുക, വൎണ്ണിക്കുക, ശംസിക്ക; **-ed,** *a.* പറഞ്ഞ, കഥിച്ച, വൎണ്ണിച്ച; കുറിച്ച, ഉദ്ദേശിച്ച, സംബന്ധമായ, അന്തബന്ധമായ, ചേൎന്ന; സംബന്ധമുള്ള ഏകഗോത്രമായ; **-er,** *n.* കഥ പറയുന്നവൻ, കഥയിതാവ്; **-ing,** *a.* (To) സംബന്ധിക്കുന്ന, വിഷയ in comp; **-ion,** *n.* സംബന്ധം, അന്വയം, ഭാവം; 'mutual r. അന്യോന്യസംബന്ധം, ആകാംക്ഷ, വ്യതിഷംഗം'; 'intimate r. സമവായബന്ധം, നിത്യബന്ധം'; 'the r. of the container and the contained ആധാരാധേയഭാവം or ബന്ധം'; ചാർച്ച, ബന്ധം, ജ്ഞാതിഭാവം, രക്തബന്ധം, സഗോത്രത, സപിണ്ഡത; ശേഷക്കാരൻ, ക്രാറാൻ, ജ്ഞാതി, ഇണങ്ങൻ, ഇനക്കാരൻ; ചൊല്ല്, ആഖ്യാനം, വൎണ്ണനം, കഥനം, നിരൂപണം, കീൎത്തനം; **-ionship,** *n.* ജ്ഞാതിഭാവം; **-ive,** *n.* സഗോത്രൻ, ജ്ഞാതി; *a.* അടിസ്ഥാനപ്പെടുത്തിയുള്ള, സാപേക്ഷമായ, തനിയേനില്ക്കാത്ത, അകേവലമായ, തനിക്കുതാനല്ലാത്ത; 'r. importance താരതമ്യം'; പരസ്പരമാശ്രയിച്ച; സംബന്ധിച്ച, സംബദ്ധമായ, ഉദ്ദിഷ്ടമായ; **-ively,** *adv.* (മറ്റൊന്നിനെ) അപേക്ഷിച്ച്, അന്യാപേക്ഷയോടെ.

Relax (-laks'), *v. t.* ഇളത്തുക, തളൎത്തുക, അയയ്ക്കുക, ശിഥിലീകരിക്ക, ശ്രദ്ധിക്കുക, വിശളിപ്പിക്ക; അയച്ചുവിടുക, മോചിപ്പിക്ക; കുറയ്ക്കുക, ലഘുവാക്കുക, മന്ദീകരിക്ക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഴിക്കുക, കെട്ടഴിക്കുക, വേർപെടുത്തുക; *v. i.* ശിഥിലീഭവിക്ക, അയയുക, ശ്ലഥി ക്കുക, ശ്രാസിക്കുക, പ്രശമിക്കുക, ന്യൂനീഭ വിക്കുക; **-ation,** *n.* ഇളത്തം, ശൈഥി ല്യം, മുക്തി, മോചനം, അയച്ചുവിടൽ; പ്രശമം, ന്യൂനീഭാവം; വിനോദം, വിശ്രാ മം, ജോലിയിൽനിന്നുമുള്ള വിരമിക്കൽ; **-ed,** *a.* അയച്ചുവിട്ട, അയഞ്ഞ, ശിഥിലി തമായ, മുക്തമായ, വിഗളിതമായ, വിട്ട.

Relay, *n.* ഉതവു്; മാറുകുതിര, മാറിഓടുന്ന തിനുള്ള കുതിര; *v. t.* തിരികെ വയ്ക്കുക.

Release, *v. t.* വിടുക, വിടുവിക്ക, മോചനം ചെയ്ക, ഉദ്ധരിക്കുക, നിർധരിക്കുക; *n.* വിടുതൽ, വിമുക്തി, മോക്ഷം, മോച നം, ഉദ്ധാരം, നിസ്താരം; **-er,** *n.* വിടുന്ന വൻ, വിടുവിക്കുന്നവൻ, മോക്ഷകൻ, ഉദ്ധത്താവു്.

Relegate, *v. t.* ഇടംമാറുക, തുരത്തുക, അകററുക, അയയ്ക്കുക, വിവസിപ്പിക്ക, രാ ജ്യഭ്രഷ്ടാക്കുക; അപ്പിക്കുക, അയച്ചുകൊടു ക്കുക.

Relent, *v. i.* ഇരങ്ങുക, പരിതപിക്കുക, ക രുണാമൃദുവായി ഭവിക്കുക, മൃദുചിത്തമാകു ക, മനസ്സലിയുക; **-less,** *a.* നിർദ്ദയമാ യ, നിഷ്കരുണമായ, ക്രൂരമായ, കഠിനഹൃ ദയമായ, നിർഘൃണമായ; **-lessly,** *adv.* നിർദയമായി, കഠോരമായി.

Relevant, *a.* തക്ക, ഉചിതമായ, പൊരു ത്തമായ, സന്ദർഭത്തിനുയോജിക്കുന്ന, പ്രാ സ്താവികമായ, പ്രസ്തുതമായ, പ്രസ്താവസ ദൃശമായ, പ്രസ്താവാനുരൂപമായ, പ്രസം ഗോചിതമായ; **-ly,** *adv.* സന്ദർഭത്തിനു യോജിക്കുംവണ്ണം, ഉചിതമായി, പ്രാസംഗി കമായി; **-Relevance, -cy;** *n.* ഇണ ക്കം, യോജിപ്പു്, പ്രസ്താവൌചിത്യം, പ്ര സ്തുതാനുസാരം, സന്ദർഭാനുസാരം.

Relic, *n.* അവശിഷ്ടം, അവശേഷം, ശേഷ ഭാഗം, മൃതശരീരം.

Relict, *n. see* **Widow.**

Relieve, *v. t.* (persons from sorrow etc.) മോചിപ്പിക്ക, ഉദ്ധരിക്ക, ദുഃഖംതീ ർക്ക, ദുഃഖംകളയുക; (pain) ശമിപ്പിക്ക, പ രിഹരിക്ക, ലഘൂകരിക്ക; ഉപകരിക്കുക, സഹായിക്കുക, അനുഗ്രഹിക്കുക; (guard etc) വിശ്രമിപ്പിക്ക, ഒഴിവുനൽകുക; **-Relief,** *n.* അകററൽ, ഉതവി, ഉപകാ രം, മോചനം, പരിഹാരം, സുഖം, വിശ്രാ മം, പുടപ്പുചിത്രം, സമതലത്തിൽ കിള ത്തി കൊത്തിയ ചിത്രം.

Relievo, *n.* ശിലാചിത്രപ്പടപ്പു്.

Religion (rělij'un), *n.* ധർമ്മം, മതം, ഭ ക്തിമുറ; **-Religious,** *a.* ധർമ്മ്യമായ; ധ ർമ്മാത്മാവായ, പുണ്യശീലമായ, വ്രതിയാ യ, ധർമ്മനിഷ്ഠമായ; **-ly,** *adv.* ഈശ്വര ഭക്തിയോടെ; **-ness,** *n.* ധാർമ്മികത്വം, ഈശ്വരഭക്തിത്വം.

Relinquish, *v. t.* കൈവിടുക, ത്യജിക്കുക, ഉത്സർജിക്കുക, വിസർജ്ജിക്കുക; **-ment,** *n.* ത്യാഗം, ഉപേക്ഷ.

Reliquary, *n.* അവശിഷ്ടഭാജനം, തിരുശി ഷ്ടപ്പെട്ടകം.

Relish, *v. t.* സ്വാദുള്ളതാക്കുക, രുചിപ്പെ ടുത്തുക, സുരസീകരിക്ക; ആസ്വാദിക്ക; രുചിക്കുക, ഇഷ്ടപ്പെടുത്തുക; രസം, ആ സ്വാദം, ആസ്വാദനം, രുചി; അഭിരുചി, അഭിലാഷം, ഇച്ഛ; അവദാംശം, ഉപ ദംശം.

Reluctant, *a.* മനസ്സില്ലാത്ത, ഇച്ഛയില്ലാ ത്ത, അസന്തുഷ്ടമായ, പരാങ്മുഖമായ; **-ly,** *adv.* ബലാൽ, സമ്മതമില്ലാതെ, മ നസ്സില്ലാമനസ്സോടെ; **-Reluctance,** *n.* മനസ്സില്ലായ്ക, അനിച്ഛ, വൈമനസ്യം, വിമുഖത, അരുചി.

Rely (-lī'), *v. i.* (on) വിശ്വസിക്കുക. ന മ്പുക, വിശ്രംഭിക്കുക; ആലംബിക്ക, സം ശ്രയിക്ക, ആശ്രയിക്ക; ആയത്തം, അധീ നം, തന്ത്രം etc. in comp.; **-iance,** *n.* വിശ്വാസം, പ്രത്യയം, ശ്രദ്ധ; സംശ്രയം, ശരണം; **-ing,** *a.* വിശ്വസിക്കുന്ന, ആ ശ്രിതമായ.

Remain, *v. i.* കാത്തിരിക്കുക, പിൻതങ്ങു ക, ഇരിക്കുക, ജീവിച്ചിരിക്ക, നിലത്തിരി ക്കുക, സ്ഥിതിചെയ്ക; മിച്ചമാകുക, ശേ ഷിക്കുക; **-ing,** *a.* മിച്ചമുള്ള, അവശേ ഷിക്കുന്ന; 'r. part of his life ആയുഃ ശേഷം'; **-Remains,** *n.* എല്ലുകൾ, അ സ്ഥികൾ, അസ്ഥ്യാദിശേഷം; **-Remainder,** *n.* ശിഷ്ടം, അവശേഷം, (in arithmetic) ശിഷ്ടം, വ്യത്യാസം, അന്തരം.

Remand, *v. t.* മടക്കിഅയയ്ക്കുക, തടവിൽ നിന്നും റിമാൻഡുചെയ്യുക.

Remark, *v. t.* ഗൌനിക്കുക, നോക്കുക, ല ക്ഷിക്കുക, നിരൂപിക്കുക; പറയുക, വദി ക്കുക; *n.* ഗൌനിപ്പു്, നോട്ടം, അവേക്ഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണം, നിരൂപണം; ചച്ച്, അനുശംസനം, ചൊല്ല്, ഉക്തി, ഭാഷണം, വചനം, അഭിധാനം; **-able**, *a.* പുതുതായ, അപൂർവ്വമായ, അത്ഭുതമായ; വിഖ്യാതമായ, വിശ്രുതമായ, ലോകോത്തരമായ, പ്രസിദ്ധമായ, വിശിഷ്ടമായ, സ്മരണാർഹമായ; **-ably**, *adv.* അതിശയമായി വിശേഷമായി, അത്ഭുതമായി, വിശിഷ്ടപ്രകാരേണ.

Remedy, *v. t.* സ്വാസ്ഥ്യപ്പെടുത്തുക, അകററുക, തിരുത്തുക, ഉപശമിപ്പിക്കുക, ചികിത്സിക്കുക; *n.* മരുന്ന്, ഔഷധം, ഭേഷജം; മറുപ്രവൃത്തി, പ്രതിക്രിയ, പ്രതികാരം, ഉപശമം, ഉപായം, പ്രതിവിധാനം, ഉപക്രമം, ചികിത്സ, പ്രതിസമാധാനം; **-iable**, *a.* പ്രതിവിധിചെയ്യാവുന്ന, പ്രതികാര്യമായ, ചികിത്സ്യമായ; **-ial**, *a.* പ്രതിവിധിയായ; **-less**, *a.* നിരുപായമായ, പ്രതിവിധിയില്ലാത്ത.

Remember, *v. t.* ഓക്കുക, ഓർമ്മിക്കുക, സ്മരിക്കുക, അനുസ്മരിക്കുക, അനുബോധിക്കുക, മനസ്സിൽവയ്ക്കുക; **-Remembrance**, *n.* ഓർമ്മ, സ്മരണം, സ്മൃതി, അനുചിന്തനം, അവധാരണം; ഓർമ്മനിലനിന്നത്, സ്മാരകം, സ്മാരണം, അഭിജ്ഞാനം; 'r. of love പ്രീത്യഭിജ്ഞാനം'; **-er**, *n.* ഓർമ്മിപ്പിക്കുന്നവൻ; ഉദ്ബോധകം.

Remind, *v t.* ഓർമ്മിപ്പിക്ക, സ്മരിപ്പിക്ക, അനുസ്മരിപ്പിക്ക, ഉദ്ബോധിപ്പിക്ക, അനുബോധിപ്പിക്ക, പ്രബോധിപ്പിക്ക; **-er**, *n.* ഉദ്ബോധകൻ, അനുബോധകൻ.

Reminiscence, *n.* ഓർമ്മ, സ്മൃതി, സ്മരണം, *see* **Memory.**

Remiss, *a.* ശ്രദ്ധയില്ലാത്ത, അശ്രദ്ധയായ, അനവധാനമായ, പ്രമത്തമായ, ഉപേക്ഷയുള്ള, മന്ദാദരമായ, അലക്ഷ്യമായ; **-ly**, *adv.* അശ്രദ്ധയായി; ഉപേക്ഷയോടെ, അനവധാനത്തോടെ, **-ness**, *n.* ശ്രദ്ധയില്ലായ്മ, ശ്രദ്ധയില്ലായ്മ, അനവധാനം, പ്രമാദം.

Remit, *v. t.* പണമയയ്ക്കുക, പണമടയ്ക്കുക, അയയ്ക്കുക, ശിഥിലീകരിക്കുക, വിടുക, മോചിപ്പിക്കുക, ഉപേക്ഷിക്കുക, നിവത്തിക്കുക; ക്ഷമിക്കുക, നിവൃത്തിപ്പിക്കുക, പ്രശമിപ്പിക്ക, എളുതാക്കുക, ലഘൂകരിക്ക, ചെറുതാക്കുക, ന്യൂനീകരിക്ക; *v. i.* ശമിക്കുക, കുറയുക, വിരമിക്കുക; **-tance**, *n.* അയപ്പ്, പണമൊടുക്ക്, പ്രേഷണം, ഒടുക്കുക, പ്രേഷിതധനസംഖ്യ; **-tent**, *a.* മാറിമാറിക്കാണുന്ന; **-ting**, *a.* അയഞ്ഞ, ശിഥിലിതമായ; **-Remission**, *n.* ശൈഥില്യം, പ്രശമം, ശാന്തി, വിരാമം; മോചനം, വിടൽ, മുക്തി, നിസ്താരം, ഉദ്ധാരം; ക്ഷമ, മാർജ്ജനം, നിവൃത്തി, ഉത്സർഗ്ഗം.

Remnant, *n.* മിച്ചം, ബാക്കി, ശേഷം, അവശേഷം, ശിഷ്ടം.

Remonstrate, *v. i.* എതിർന്യായംചൊല്ലുക, തടുത്തുപറയുക, താക്കീതു നൽകുക, നീക്കാൻ യത്നിക്കുക, പ്രതിഷേധിക്കുക; **-Remonstrance**, *n.* ന്യായംചൊല്ലൽ; തടസ്സം, എതിർന്യായം, പ്രത്യാദേശം, പ്രബോധവചനം, നിവാരണോപദേശം.

Remorse, *n.* ആത്മനിന്ദ, അനുതാപം, അനുശയം, പശ്ചാത്താപം; **-ful**, *a.* അനുതപ്തമായ, ആത്മനിന്ദയുള്ള, പശ്ചാത്തപ്തമായ; **-less**, *a.* കഠിനമായ, നിർദ്ദയമായ.

Remote, *a.* അകന്ന, ബഹുദൂരമായ, ദൂരമായ, അന്യമായ, അല്പമായ, സംബന്ധമില്ലാത്ത; **-ly**, *adv.* അകലെ, ദൂരെ; **-ness**, *n.* അകലം, ദൂരത.

Remount, *n.* മാറുകുതിര, ക്ഷീണിക്കാത്ത കുതിര; *v. i.* വീണ്ടും കുതിരപ്പുറത്തു കയറുക.

Remove, *v. t.* മാററുക, മാററിവയ്ക്കുക, ഇടംമാററുക, നീക്കുക; ദൂരീകരിക്ക, അകററുക, തള്ളുക, ബഹിഷ്കരിക്കുക, നശിപ്പിക്കുക; *v. i.* മാറുക, അകലുക, പേറുക; *n.* അകററൽ, അകററിയ ദൂരം, അപസരണം, പടി (degree), പദവി, ക്രമം; **-al**, *n.* മാററം, അകററൽ, അപനയനം, ഉത്സാരണം, ദൂരീകരണം, ഇടംമാററൽ, സ്ഥാനാന്തരീകരണം; നീങ്ങൽ, അപസരണം, അപഗമനം; തള്ളൽ, നിരാസം, നിരാകരണം, അപരിഹരണം, ഉച്ഛേദം, വിനാശം, ഭംഗം; **-er**, *n.* മാററുന്നയാൾ, നീക്കുന്നയാൾ, അപഹത്താവ്, ദൂരീകരിക്കുന്നവൻ.

Remunerate, *v. t.* ഈടുനൽകുക, പ്രതിഫലംകൊടുക്ക, മൂല്യംകൊടുക്ക, വേതനം നൽകുക; **-ion**, *n.* വില, വേതനം, പാരിതോഷികം.

Renaissance, Renascence, *n.* വിദ്യാപുനരുജ്ജീവനം, ജ്ഞാനവിജ്ഞാനപുനരുജ്ജീവനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Renal, *a.* വൃക്കസംബന്ധമായ, മൂത്രപിണ്ഡസംബന്ധമായ.

Renard, *n.* ഊളൻ, നരി, കാടൻ.

Renascent (-nas′ent), *a.* പുനർജ്ജീവിക്കുന്ന, വീണ്ടും ജനിച്ച.

Rencounter, *n.* പടത്തല്ല്, പടയേല്പ്, സമ്മർദ്ദം, ദ്വന്ദം, സംഘട്ടം, അഭിഘാതം.

Rend, *v. t.* കിഴിക്കുക, പീറുക, കീറുക, പിളക്കുക, റാക്കുക, ദാരണംചെയ്ക, ഉദ്ദലിക്കുക; **-er,** *n.* പിളക്കുന്നവൻ, വിദാരകൻ, ഭേദകൻ; **-ing,** *n.* കീറൽ, പിളക്കൽ, വിദാരണം, സ്ഫുടനം, ഭംഗം; **Rent,** *a.* കീറിയ, പിളന്ന, ഭിന്നം; *n.* പിളപ്പ്, കീറൽ, കിഴിഞ്ഞ, ഛിദ്രം, ഭേദം, വിദരം, സ്ഫുടനം.

Render, *v. t.* തിരിച്ചുകൊടുക്കുക, പ്രതിപാദിക്ക; നൽകുക; കൊടുക്കുക; ഉണ്ടാക്കുക, ജനിപ്പിക്ക, ചെയ്യുക; പരിഭാഷപ്പെടുത്തുക.

Rendezvous (ren′dā-vö), *n.* സങ്കേതസ്ഥാനം, സമാഗമസ്ഥാനം.

Rendition, *n.* തിരിച്ചുകൊടുപ്പ്, കീഴടക്കം, കീഴടങ്ങൽ; പിളപ്പ്.

Renegade, *n.* പതിതൻ, ധർമ്മഭ്രഷ്ടൻ, പാഷണ്ഡൻ, വിട്ടോടിയവൻ, സ്വപക്ഷത്യാഗി, നാടോടി.

Renew (-nū), *v. t.* പുതുപ്പിക്കുക, നവീകരിക്കുക, തിരികെകൊടുക്ക, വീണ്ടും തുടങ്ങുക, വീണ്ടുംചെയ്യുക, പുനരാരംഭിക്കുക; **-al,** *n.* നവീകരണം, പൂർവ്വവൽകരണം, പ്രതിസമാധാനം, ഉദ്ധാരം, പുനഃകരണം, പുനഃപ്രാരംഭം.

Renounce, *v. t.* ഒഴിക്കുക, തള്ളുക, ഉപേക്ഷിക്കുക, വേണ്ടെന്നുവെക്കുക, ത്യജിക്കുക, **-Renunciation,** *n.* തള്ളൽ, ഉപേക്ഷ, നിരാകരണം, പരിത്യാഗം; 'r. of the world സന്ന്യാസം, സർവ്വസംഗപരിത്യാഗം'.

Renovate, *v. t.* പുതുതാക്കുക, പുത്തനാക്കുക, നവീകരിക്കുക; **-ion,** *n.* പുതുമ, നവീനത, ഉദ്ധാരണം; *see* **Refresh, Renew.**

Renown, *n.* പുകഴ്, പേർ, കീർത്തി, യശസ്സ്, വിശ്രുതി; **-ed,** *a.* പുകഴ്പെറ്റ, പൊങ്ങിയ, പ്രസിദ്ധമായ, കീർത്തികേട്ട.

Rent, *n. see* **Rend;** ആദായം, വരുമാനം, കരം; *v. t.* കുത്തകയ്ക്കുവിടുക, പാട്ടത്തിനുകൊടുക്ക; **-Rental,** *n.* വാർഷികവരിത്തുക, കരക്കണക്ക്, കരപത്രിക.

Reordain, *v. t.* വീണ്ടും ഏല്പ്പെടുത്തുക, വീണ്ടും നിയമിക്കുക.

Reorganize, *v. t.* പുനർവിരചിക്കുക, പുനർഘടിപ്പിക്ക.

Repair, *v. t.* പുതുക്കുക, അഴിച്ചുപണിയുക, കേടുതീർക്കുക, ശേലാക്കുക, വീണ്ടുംകെട്ടുക; (loss etc.) പൂരിപ്പിക്ക, നികത്തുക, പ്രതികരിക്ക; *v. i.* ചേരുക, അടുക്കുക, തങ്ങുക, ആശ്രയിക്കുക; *n.* പുതുക്കൽ, ശരിപ്പെടുത്തൽ, പ്രതിസമാധാനം, നവീകരണം, ഉദ്ധാരം, അഴിച്ചുപണി; **-Reparable,** *a.* നികത്താവുന്ന, കേടുപോക്കാവുന്ന; **-Reparation,** *n.* കേടുപോക്കൽ, നവീകരണം; ക്ഷതിപൂരണം, നികത്തൽ, പ്രതിഫലം.

Repartee, *n.* ഉടൻമറുപടി, ക്ഷിപ്രോത്തരം, വ്യങ്ഗ്യോക്തി, ഭംഗിഭാഷണം.

Repast, *n.* ഊണ്, ഭോജനം, അന്നം, ആഹാരം.

Repatriate, *v. t.* സ്വദേശത്തിൽ തിരികെ കൊണ്ടുവരിക, പൌരത്വം മടക്കിക്കൊടുക്കുക.

Repay, *v. t.* മടക്കിക്കൊടുക്ക, തിരികെ അപ്പിക്ക, പ്രതിഫലംകൊടുക്ക; **-ment,** *n.* തിരിച്ചുകൊടുക്കൽ, പ്രതിദാനം, പ്രത്യപ്പണം.

Repeal, *v. t.* മാററുക, റദ്ദ്ചെയ്യുക, നിരസിക്കുക; *n.* മാററൽ, നിരസനം; **-er.** *n.* മാററുന്നവൻ, റദ്ദാക്കുന്നവൻ.

Repeat, *v. t. or v. i.* വീണ്ടും പറയുക, ആവത്തിച്ചുപറയുക; ആവത്തിക്കുക. വീണ്ടുംചെയ്യുക; ഉരുവിടുക; **-ed,** *a.* വീണ്ടും ചൊന്ന, ആവത്തിതമായ; **-edly,** *adv.* വീണ്ടുംവീണ്ടും, ആവത്തിച്ച്; **-Repitition,** *n.* ആവത്തിച്ചുപറയൽ, പൌനരുക്ത്യം; ഉരുവിടൽ, പഠനം, ആവൃത്തി, ആവത്തനം, ദ്വിരുക്തി.

Repel, *v. t.* തള്ളുക, എതിർത്തുനില്ക്കുക, അപാസിക്കുക, പ്രതിഹനിക്ക; **-lent, -ling,** *a.* തള്ളുന്ന, അങ്ങോട്ടുനീക്കുന്ന, പ്രതികാരകമായ, എതിർത്തുതള്ളുന്ന; *n.* എതിർത്തുതള്ളൽ, പ്രതികാരം, പ്രതിഘാതം, പ്രതിവാരണം.

Repent, *v. t.* അനുതപിക്കുക, പശ്ചാത്തപിക്കുക, അനുശോചിക്കുക; **-ance,** *n.*

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാശ്ചാത്താപം, അനുശയം, മനസ്താപം, പാപഖേദം; **-ant,** *a.* പശ്ചാത്താപമുള്ള, അനുതപിക്കുന്ന, സാനുശയമായ, സാനുതാപമായ.

Repeople, *v. t.* വീണ്ടും കുടിയേററുക.

Repercussion (-kush'un), *n.* തെറിപ്പ്, നീക്ക്, പ്രതിഘാതം, തള്ളൽ, പ്രതിപതനം.

Repertory, *n.* പണ്ടകശാല, ഭണ്ഡാരം. *see* **Treasury.**

Repine, *v. i.* ചിണുങ്ങുക, പടംക്രുക, പാട്ടം ദുരിതവും പറയുക, ദുഃഖിക്കുക, വ്യഥിക്കുക, ശോചിക്കുക; **-ing,** *n.* മനസ്താപം, ശോകം.

Replace, *v. t.* തിരികെവയ്ക്കുക, വീണ്ടും സ്ഥാപിക്കുക.

Replenish, *v. t.* വീണ്ടും നിറയ്ക്കുക, ചേർത്തുവയ്ക്കുക, വീണ്ടും സംപൂരിപ്പിക്കുക.

Replete, *n.* പരിപൂർണ്ണമായ, സങ്കീർണ്ണമായ, പരിപൂരിതമായ; **-ion,** *n.* പൂർണ്ണത, വാഴ്ച്, പരിപൂർത്തി.

Replica, *n.* ചിത്രപ്പകർപ്പ്, പ്രതികൃതി.

Reply, *n.* മറുപടി, ഉത്തരം, പ്രതിവചനം; ഉത്തരപക്ഷം, പ്രതിവാദം; *v. i.* മറുപടി പറയുക, ഉത്തരംനൽകുക; **-Replicant,** *n.* മറുപടിനൽകുന്നവൻ, ഉത്തരവാദി.

Report, *v. t.* വിവരമറിയിക്ക, കാററം ചമത്തുക; മറുപടിപറയുക, പ്രസിദ്ധപ്പെടുത്തുക, കറിപ്പെടുത്തു കാളുക, നിവേദിപ്പിക്ക, ബോധിപ്പിക്ക; *n.* അറിയിപ്പ്, ആവേദനം, വിജ്ഞപ്തി, കഥനം; കേൾവി, ഖ്യാതി, വിശ്രുതി; വാർത്ത, വൃത്താന്തം, ജനശ്രുതി, കിംവദന്തി; ഒച്ച, ശബ്ദം; **-er,** *n.* തെയ്യാറാക്കുന്നയാൾ.

Repose, *v. i.* വിശ്രമിക്കുക, കിടക്കുക; വിശ്വസിക്ക, അവലംബിക്ക; ആശ്രയിക്ക; *v. t.* വിശ്രമിപ്പിക്ക, സംവേശിപ്പിക്ക, കിടത്തുക; നിക്ഷേപിക്ക, സ്ഥാപിക്ക; *n.* വിശ്രമം, ഉറക്കം, നിർവൃതി.

Reposit, *v. t.* സൂക്ഷിക്ക, രക്ഷിക്ക, ന്യസിക്ക; **-ory,** *n.* സൂക്ഷിപ്പുസ്ഥലം നിധി, നിധാനം, പാത്രം, ഭാജനം, ആശ്രയം, ആധാരം, കോഷ്ഠം.

Reprehend, *v. t.* ഭർത്സിക്ക, പരീക്ഷമായി നിന്ദിക്ക; *a.* നിന്ദ്യമായ, ഗർഹണീയമായ; **-Reprehension,** *n.* നിന്ദ, ആക്ഷേപം, ഗർഹ, ദൂഷണം, ഉപാലംഭം.

Represent, *v. t.* വിവരിച്ചുപറയുക, വർണ്ണിക്കുക, നിരൂപിക്കുക; കാട്ടുക, പ്രദർശിപ്പിക്ക, സൂചിപ്പിക്ക, വെളിപ്പെടുത്തിക്കാട്ടുക; വിവരമറിയിക്ക, നിവേദിപ്പിക്ക, വിജ്ഞാപിപ്പിക്ക; നിലത്തിരിക്കുക; വേഷമെടുക്ക, നടിക്കുക, ചിത്രംവരയ്ക്കുക; **-ation,** *n.* വിവരണം, വർണ്ണനം, വിജ്ഞാപനം, പ്രദർശനം, നിരൂപണം, വിജ്ഞപ്തി; അഭിനയം; പടം, പ്രതികൃതി, നിദർശനം; **-ative,** *n.* പ്രതിനിധി, പ്രതിപുരുഷൻ; *a.* പ്രതിനിധീഭൂതമായ, ആദർശഭൂതമായ.

Repress, *v. t.* അടക്കുക, അമർത്തുക, താക്കുക, നിരോധിക്ക, നിയന്ത്രിക്ക, പ്രശമിപ്പിക്ക; **-ion,** *n.* അടക്കം, നിരോധം, നിഗ്രഹം, നിയന്ത്രണം; **-ive,** *a.* അടക്കുന്ന, അമർത്തുന്ന, നിഗ്രഹിക്കുന്ന.

Reprieve, *n.* നിറുത്തൽ, വിശ്രമം, വിരതി; ശിക്ഷയിൽ താമസം, ദണ്ഡവിളംബം; *v. t.* ശിക്ഷ താമസിപ്പിക്കുക.

Reprimand, *n.* നിന്ദിക്ക, ഭർത്സിക്ക, വാക്കുകൊണ്ടു ദണ്ഡിക്ക, അധിക്ഷേപിക്ക; *n.* നിന്ദ, ഭർത്സന, അധിക്ഷേപം, വാക്ദണ്ഡം.

Reprisal, *n.* പകരംചോദിക്കൽ, പ്രത്യപഹരണം, പ്രതിപീഡനം.

Reproach, *v. t.* കുറ്റപ്പെടുത്തുക, ശകാരിക്ക, ചീത്തപറക, ഗർഹിക്ക, ദൂഷിക്ക, കുത്സിക്ക, തിരസ്കരിക്ക, അവമാനിക്ക; *n.* ധിക്കാരം, നിന്ദ, ശകാരം, ഗർഹ, തിരസ്കാരം, അധിക്ഷേപം, ഉപാലംഭം, പരുഷോക്തി, വാക്പാരുഷ്യം, വാക്ദണ്ഡം; ദൂഷണം, കളങ്കം, ശകാരം, ലജ്ജാസ്പദം; **-ful,** *a.* ശകാരമായ, നിന്ദാഗർഭമായ; നിന്ദ്യമായ, ലജ്ജാപ്രദമായ; **-fully,** *adv.* അധിക്ഷേപമായി.

Reprobate, *v. t.* ദൂഷിക്കുക, നിന്ദിക്ക; *a.* നെറികെട്ട, നിന്ദ്യമായ, ദുഷ്ടമായ; *n.* പതിതൻ, നെറികെട്ടവൻ, ദുഷ്ടൻ, ദുർജ്ജനം; **-ion,** *n.* നിന്ദ, ഗർഹ, ഗർഹണം, നെറിയില്ലായ്മ.

Reproduce, *v. t.* വീണ്ടും ഉണ്ടാക്കുക, പുനരുല്പാദിപ്പിക്ക; **-Reproduction,** *n.* പുനർജ്ജനനം, പകർപ്പ്.

Reprove, Reproof, *see* **Reproach.**

Reptile (rep'til), *a.* ഇഴയുന്ന, നകരുന്ന, സർപ്പണശീലമായ; *n.* ഇഴജന്തു, പാമ്പ്, ഉരഗം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Republic, *n.* പ്രജാതന്ത്രരാജ്യം, പ്രജാപ്രഭുത്വം; **-an,** *a.* പ്രജാപ്രഭുത്വവിശിഷ്ടമായ, പ്രജാപ്രഭുത്വപരമായ; *n.* പ്രജാപ്രഭുത്വവാദി, പ്രജാപക്ഷവാദി; **-anism,** *n.* പ്രജാപ്രഭുത്വവാദം, പ്രജാതന്ത്രപക്ഷം.

Repudiate, *v. t.* തള്ളുക, നിരാകരിക്ക, വിലക്കുക, പരിത്യജിക്ക; **-ion,** *n.* തള്ളൽ, പ്രത്യാഖ്യാനം, പരിത്യാഗം; വിവാഹനിരസനം, ദാമ്പത്യവിശ്ലേഷം,

Repugnant, *a.* എതിരായ, പ്രതികൂലമായ, വിരോധമായ, വെറുപ്പായ, വിരുദ്ധമായ, **-Repugnance,** *n.* എതിർപ്പ്, വിരോധം, പ്രാതികൂല്യം, വെറുപ്പ്, വിരക്തി.

Repulse, *v. t.* തള്ളുക, തുരത്തുക, തിരിച്ചടിക്കുക, നിരാകരിക്ക; **-ion,** *n.* തള്ളൽ തുരത്തൽ, നിരാകരണം, നിഃസാരണം, പരാജയം, ഭംഗം; **-ive,** *a.* വിടിക്കാത്ത, പരാങ്മുഖമായ, അപ്രിയമായ, പ്രതിഘാതിയായ.

Repute, *v. t.* മതിക്കുക, അഭിഗണിക്ക; **-ation,** *n.* പുകൾ, കീൎത്തി, യശസ്സ്, പ്രസിദ്ധി; **-able,** *a.* മാന്യമായ, പ്രശസ്യമായ, മാനനീയമായ, ആദരണീയമായ; കീൎത്തികരമായ; **-ed,** *a.* ലോകവിശ്രുതമായ, സൎവജ്ഞാതമായ, പേരുകേട്ട പൊങ്ങിയ.

Request, *v. t.* ഇരക്കുക, യാചിക്ക, അൎത്ഥിക്ക; *n.* പ്രാൎത്ഥന, അഭ്യൎത്ഥന, വിജ്ഞാപന, അപേക്ഷ, ആകാംക്ഷ, ആഗ്രഹം.

Require, *v. t.* ചോദിക്ക, അൎത്ഥിക്ക, ആവശ്യപ്പെടുക, അപേക്ഷിക്ക; **-ment,** *n.* ആവശ്യം; **-Requisite,** *a.* ആവശ്യകമായ, അവശ്യകമായ; *n.* അവശ്യകവസ്തു, ആവശ്യമായ സാധനം; **-Requisition,** *n.* ആവശ്യം, അൎത്ഥന, അപേക്ഷ,

Requite, *v. t.* പകരംകൊടുക്ക, പ്രതിഫലം നൽകുക, പ്രതികാരംചെയ്യുക, പകരംചെയ്യുക; **-al,** *n.* പ്രതിദാനം, നിഷ്കൃതി, പ്രത്യുപകാരം, പ്രതികാരം, പകരംവീട്ടൽ, പ്രതിക്രിയ.

Rescind, *v. t.* റദ്ദ്ചെയ്യുക, നിരസിക്ക, അഴിക്കുക; **-Rescission,** *n.* വിലോപം, റദ്ദാക്കൽ, അഴിക്കൽ, നീക്കൽ.

Rescript, *n.* *see* **Counterpart.**

Rescue (-kū), *v. t.* വിടുവിക്ക, മീളുക, വീണ്ടെടുക്ക, വിമോചിപ്പിക്ക, രക്ഷിക്ക; *n.* വിമുക്തി, മോചനം, ഉദ്ധാരം, പരിത്രാണം, രക്ഷണം, വിടുതൽ; **-er,** *n.* രക്ഷകൻ, ഉദ്ധാൎത്താവ്.

Research (rē-sérch), *n.* ആരായ്കൾ, അന്വേഷണം, മാൎഗ്ഗണം, വിചാരണ.

Resemble, *v. t.* തുല്യമായിരിക്കുക, ഒരുപോലെയിരിക്കുക, തുല്യമാകുക, സമീകരിക്കുക; **-ance,** *n.* ഒപ്പം, സാദൃശ്യം, സാരൂപ്യം, സാമ്യം, ഔപമ്യം; പ്രതിരൂപം, ഛായാപടം; **-ing,** *a.* പോലെയിരിക്കുന്ന, തുല്യമായ.

Resent (-zent'), *v. i.* കോപിക്കുക, രോഷിക്കുക; **-ment,** *n.* കോപം, ക്രോധം; രോഷം, അമൎഷം.

Reserve, *v. t.* പ്രതിസംഹരിക്കുക, ശേഖരിച്ചുവയ്ക്കുക, പിടിച്ചുവയ്ക്കുക, ഗോപനം ചെയ്ക; *n.* സംവരണം, സംവൃതി, ശേഖരം, കരുതൽ; നാണം; നിയന്ത്രണം; കരുതൽസൈന്യം; **-ation,** *n.* മാററിവയ്ക്കൽ, ഒളിപ്പ്, ഗോപനം, മനോഗുപ്തി; **-ed,** *a.* രക്ഷിതമായ, ഗുപ്തമായ, പിടിച്ചുവച്ച, മനംമൂടിയ, മിണ്ടാട്ടമില്ലാത്ത, അല്പഭാഷിയായ.

Reservoir, *n.* ജലാശയം, തടാകം, വാപി, കുളം, വലിയതൊട്ടി, സംഗ്രഹസ്ഥാനം.

Reset, *v. t.* വിന്നെയുംവയ്ക്കുക, വീണ്ടും അച്ചക്ഷരം കൂട്ടിവയ്ക്കുക.

Reside, *v. i.* പാൎക്കുക, വസിക്കുക, ഇരിക്കുക, കുടിയിരിക്കുക; *n.* പാൎപ്പ്, സ്ഥിതി, വസതി; **-ent,** *a.* പാൎക്കുന്ന; *n.* പാൎപ്പുകാരൻ.

Residue, *n.* അവശേഷം, അവശിഷ്ടം; **-al, -ary,** *a.* അവശേഷമായ; **-siduum** (pl. **-sidua**), *n.* അടിഞ്ഞുകിടക്കുന്നതു്, മട്ട്, അടിവ്, ശിഷ്ടം.

Resign, *v. t.* രണ്ടാമതും ഒപ്പിടുക, വേണ്ടെന്നുവയ്ക്കുക, പരിത്യജിക്കുക, സമൎപ്പിക്കുക; ക്ഷമിക്കുക, രാജികൊടുക്കുക; **-ation,** *n.* രാജി, പരിത്യാഗം, ത്യാഗം; വേണ്ടെന്നുവയ്ക്കൽ; സമൎപ്പണം, നിവേശനം; ക്ഷമ, ക്ഷാന്തി; **-ed,** *a.* രാജിവെച്ച, ഉപേക്ഷിച്ച, ത്യക്തമായ, അൎപ്പിതമായ; ക്ഷമയുള്ള, ശാന്തമായ.

Resile, *v. i.* പിന്നാക്കംതുള്ളുക, പിന്നാക്കം വാങ്ങുക; **-silient,** *a.* പിൻവാങ്ങുന്ന; **-silience,** *n.* പിൻചാട്ടം, പിൻവാങ്ങൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Resin, *n* കങ്കിലിയം, അരാളം, മരക്കറ, യക്ഷധൂപം.

Resist, *v. t.* എതിൎക്കുക, വിരോധിക്കുക, തടുക്കുക, പ്രത്യാഹനിക്കുക; **-ance,** *n.* എതിൎപ്പ്, പ്രതിരോധം, പ്രതിബന്ധം, പ്രതിയോഗം, തടുപ്പ്; **-er,** *n.* പ്രതിയോഗി, തടുക്കുന്നവൻ, എതിൎക്കുന്നവൻ; **-less,** *a.* തടുക്കാൻമേലാത്ത, ദുൎന്നിവാരമായ.

Res jud cata, തീൎച്ചപ്പെടുത്തിയവിഷയം, പ്രതിഷ്ഠിതവിഷയം.

Resolute, *see* **Resolve.**

Resolve, *v. i.* തീരുമാനിക്ക, നിശ്ചയിക്ക, നിൎണ്ണയിക്കുക, ബുദ്ധിയുറയ്ക്കുക; *v. t.* പറിക്കുക, വേർപെടുത്തുക, വിവേചിക്കുക, തെളിവാക്കുക, നിശ്ചയിക്കുക; (doubts) ഛേദിക്കുക, കളയുക, അപനയിക്കുക; **-ed,** *a.* വേർപെടുത്തിയ, പിരിച്ച; തീരുമാനിച്ച, നിശ്ചയിച്ച; **-ent,** *n.* അലിക്കുന്ന സാധനം, ഉരുക്കുന്നസാധനം, ദ്രാവണം; **-er,** *n.* വേർപെടുത്തുന്നയാൾ, മുറിക്കുന്നയാൾ; **-Resolute,** *a.* ദൃഢമായ, ഉറച്ച, നിശ്ചയമായ, സ്ഥിരമതിയായ; **-ly,** *adv.* ഉറപ്പോടെ, ദൃഢമായി, സ്ഥിരമനസ്സോടെ; **-ness,** *n. see* **Resolution;** **-Resolution,** *n.* തീരുമാനം, നിശ്ചയം, വ്യവസായം, അദ്ധ്യവസായം, സ്ഥിരനിശ്ചയം, സ്ഥിരസങ്കല്പം; സ്ഥിരത, ധൈൎയ്യം, സ്ഥൈൎയ്യം; പിരിക്കൽ, വിശ്ലേഷണം, വിയോജനം, വിഭേദനം; ഉപന്യാസം, പ്രതിജ്ഞ, ഉപക്ഷേപം.

Resonant (rez'onant), *a.* പ്രതിധ്വനിക്കുന്ന, മുഖരിതമായ, മുഴങ്ങുന്ന, പ്രതിനാദിതമായ; **-Resonance,** *n.* മാറ്റൊലി, അനുനാദം, പ്രതിധ്വനി.

Resort, *v. i.* (To) ചെല്ലുക, പോകുക, ആശ്രയിക്കുക, പരിശ്രയിക്കുക, സങ്കേതം പ്രാപിക്കുക; തുനിയുക, ഉപസരിക്കുക, ചേൎന്നുവസിക്കുക; *n.* പോക്ക്, ഗമനം, അന്വേഷണം, വരവ്; എപ്പോഴുംചെല്ലുന്ന സ്ഥലം. ജനങ്ങൾകൂടുന്ന സ്ഥലം, അഭിഗമനസ്ഥാനം; ആശ്രയം, തുണ, സഹായം, സങ്കേതം; 'last r. അവസാനകൈ, അററകൈ, അവസാനക്കോടതി'; **-er,** *n.* കൂടെക്കൂടെചെല്ലുന്നയാൾ, പോക്കുവരവുള്ളവൻ.

Resound, *v* *i.* മാറ്റൊലിക്കൊള്ളുക, വീണ്ടുംശബ്ദിക്കുക, പ്രതിനദിക്കുക, പ്രതിധ്വനിക്കുക; *v. t.* പ്രതിധ്വനിപ്പിക്കുക, മാററൊലിക്കൊള്ളിക്കുക, മുഖരിതമാക്കുക; **-ing,** *a. see* **Resonant.**

Resource, *n.* നിവൃത്തി, പാങ്ങ്, പ്രയുക്തി, ഗതി, കല്പന, സാധനം; (resources) വിഭവം, ദ്രവ്യസാധനങ്ങൾ, വിത്തസാമഗ്രി, അൎത്ഥം, ധനം, പണം.

Respect, *v. t* പൂജിക്കുക, അൎച്ചിക്കുക, മാനിക്കുക, ആദരിക്കുക, സേവിക്കുക, ഭജിക്കുക, സൽകരിക്കുക, അപേക്ഷിക്കുക, ഉദ്ദേശിക്കുക; *n.* അപേക്ഷ, ഉദ്ദേശം, സംബന്ധം, അനുഷംഗം, വിഷയം; 'with r. to result ഫലാപേക്ഷയോടെ'; സമ്മാനം, പൂജ, ആദരം, ഭക്തി; നോട്ടം, ദൃഷ്ടി, അവേക്ഷ; വിഷയം, പ്രകരണം, വസ്തു, അൎത്ഥം; (r. s) നമസ്കാരം, പ്രണാമം, അഭിവന്ദനം. പ്രണിപാതം; **-able,** *a.* പൂജ്യമായ, മാനനീയമായ, ആൎയ്യമായ, വിശിഷ്ടമായ; മദ്ധ്യമമായ, സാമാന്യമായ, തരക്കേടില്ലാത്ത; **-ably,** *adv.* ആൎയ്യമായി, ഉദാരമായി, ഒട്ടൊക്കെ; **-ful,** *a.* സാദരം, സപ്രശ്രയം, സഗൌരവം, സവിനയം, മൎയ്യാദശീലമായ, ആദരമുള്ള; **-fully,** *adv.* ആദരത്തോടെ, സപ്രശ്രയം; **-ing,** *a.* ഉദ്ദേശിച്ച, അധികരിച്ച, അപേക്ഷിച്ച; **-ive,** *a.* സ്വന്തം, അതാതിന്റെ, അവരവരുടെ etc; സംബന്ധിച്ചുള്ള, സാപേക്ഷമായ, അന്യസംബന്ധമായ; **-ively,** *adv.* യഥാക്രമം, യഥാനുക്രമം, പ്രത്യേകം, പൌൎവ്വാപൎയ്യേണ.

Respire, *v. i.* ഉച്ഛ്വസിക്കുക, നിശ്വസിക്കുക; **-ation,** *n.* ശ്വാസം, ശ്വാസോച്ഛ്വാസം, പ്രാണം; **-atory,** *a.* ശ്വാസ in comp.

Respite, *n.* താമസം, വിരാമം. ഇട, വിശ്രമം, വിളംബം; *v. t.* താമസിപ്പിക്കുക, വിളംബിപ്പിക്കുക, ഇടനൽകുക.

Resplendent, *a.* പ്രഭയുള്ള, ദേദീപ്യമാനമായ, വിഭ്രാജമാനമായ, തിളക്കമേറിയ; *see* **Bright, Splendid.**

Respond, *v. i.* ഉത്തരംപറയുക, സമാധാനംനൽകുക, പ്രതിവചിക്കുക; *v. t.* ഉത്തരംകൊടുക്കുക, മറുപടിപറയുക; **-ent,** *n.* ഉത്തരംപറയുന്നവൻ, പ്രതി, അപ്പീൽപ്രതി, പ്രത്യൎത്ഥി; ഉത്തരവാദി; **-Response,** *n.* ഉത്തരം; പ്രതിവാദം സമാധാനം; **-Responsible,** *a.* ഉത്തരവാദിത്വമുള്ള,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്തരവാദിയായ, സമാധാനംപറയേണ്ട, ചോദ്യംചെയ്യാവുന്ന, ചുമതലയുള്ള, ധുരീണമായ; **-Responsibility,** *n.* ചുമതല, ഉത്തരവാദിത്വം, ഭരം; ചോദ്യംചെയ്യപ്പെടാവുന്ന അവസ്ഥ, പ്രഷ്ടവ്യത; **-Responsive,** *a.* ഉത്തരദായിയായ, സമാധാനംനൽകുന്ന, ഉത്തരംപറയാൻ ഒരുക്കമുള്ള; സംവാദിയായ, യുക്തമായ.

Rest, *v. i.* ഇരിക്കുക, വർത്തിക്കുക, തങ്ങുക; വിശ്രമിക്കുക, നിശ്ചലീഭവിക്ക, സ്ഥിരീഭവിക്ക, ആലംബിക്ക, താങ്ങുക, ചരിയുക, ചായുക; അടങ്ങുക, പ്രശമിക്കുക, സുഖിയായിരിക്ക, നിവൃത്തമായിഭവിക്ക, സ്വസ്ഥമായിഭവിക്ക; കിടക്കുക, ഉറങ്ങുക, സംവേശിക്കുക, നിലയിക്കുക; *v. t.* കിടത്തുക, സംവേശിപ്പിക്ക; അവലംബിപ്പിക്ക, ഇരുത്തുക; *n.* വിശ്രമം, വിശ്രാന്തി, കാര്യനിവൃത്തി; (of a body) സ്ഥിരത, അനക്കമില്ലായ്മ, നിശ്ചേഷ്ടത; സുഖം, സൌഖ്യം, സ്വാസ്ഥ്യം, നിർവൃതി, അടക്കം, ഉപശമം, ശാന്തി; താങ്ങ്, അവലംബനം, സ്ഥാനം; ഉറക്കം, കിടപ്പ്, നിദ്ര, ശയനം, സംവേശനം; അവശേഷം, മിച്ചം, ശിഷ്ടം, നിർത്ത്, യതി, അവസാനം; **-ing,** *a.* ഇരിക്കുന്ന, അനങ്ങാതിരിക്കുന്ന, ആശ്രിതമായ, സ്ഥിതമായ, വർത്തിയായ; **-less,** *a.* അടക്കമില്ലാത്ത, ഇളകിയ, വ്യാകുലമായ, പരിപ്ലവമായ, വിഹ്വലമായ, അസ്വസ്ഥമായ, വ്യഗ്രമായ, ഉദ്വിഗ്നമായ; ചപലമായ, ചഞ്ചലമായ, ഉറക്കമില്ലാത്ത, വിനിദ്രമായ; **-lessly,** *adv.* അസ്വസ്ഥമായി; **-lessness,** *n.* അസ്വാസ്ഥ്യം, അനിർവൃതി, ഉദ്വേഗം, വ്യഗ്രത, ചാപല്യം, ചാഞ്ചല്യം, ഇളക്കം etc.

Restaurant (res'tō-rant), *n.* ഭക്ഷ്യശാല, ലഘുഭക്ഷണശാല, ഉപാഹാരഗൃഹം; **-Restaurateur** (-tō'ratér), *n.* ഉപാഹാരഗൃഹാധിപൻ, ഭക്ഷ്യശാലാധിപതി.

Restitution, *n.* തിരിച്ചുകൊടുക്കൽ, പ്രതിദാനം, പ്രത്യർപ്പണം, പ്രത്യാനയനം.

Restive, Restiff, *a.* മുരണ്ട, ധൃഷ്ടമായ, ദുർമ്മാർഗ്ഗപ്രസ്ഥിതമായ, അദമ്യമായ, ദുർദ്ദമമായ, പ്രതീപമായ, ദുർവിനീതമായ, ഉദ്ധതമായ.

Restore, *v. t.* പഴയപടി വയ്ക്കുക, തിരിച്ചുകൊടുക്ക, വീണ്ടെടുക്ക, പുതുതാക്കുക, ശേലാക്കുക, നന്നാക്കുക, പുനരർപ്പിക്കുക, പരാവർത്തിപ്പിക്ക, പ്രത്യാനയിക്ക, പുനർലഭിക്ക; **-ation,** *n.* പുതുപ്പിക്കൽ, നന്നാക്കൽ, ഉദ്ധാരണം, സ്വസ്ഥപ്പെടുത്തൽ, പ്രതിദാനം, പ്രത്യർപ്പണം, പ്രതിപാദനം, പരാവർത്തനം, പ്രത്യാനയനം, ഉദ്ധാരം, പൂർവ്വാവസ്ഥ, പ്രാപണം etc; **-ative,** *a.* അഗ്നിവർദ്ധനമായ, സത്വവർദ്ധനമായ, ബലവർദ്ധനമായ; *n.* ബലമുണ്ടാക്കുന്നത്, ബലവർദ്ധനം, ബല്യം, വാജീകരണം; **-er,** *n.* തിരിച്ചുകൊടുക്കുന്നയാൾ, പ്രതിദാതാവ്, പ്രത്യർപ്പയിതാവ്.

Restrain, *v. t.* തടുക്കുക, അടക്കുക, ഒടുക്കുക, നിരോധിക്കുക, നിഗ്രഹിക്കുക, നിയമിക്കുക, സംയമിക്കുക, നിബന്ധിക്കുക, പ്രതിബന്ധിക്കുക, സംഹരിക്കുക, നിയന്ത്രിക്കുക; **-er,** *n.* നിയന്താവ്, നിഗ്രഹീതാവ്, നിരോധകൻ, നിയന്ത്രണംചെയ്യുന്നവൻ; **-Restraint,** *n.* അടക്കൽ, തടുക്കൽ, നിഗ്രഹം, നിരോധം, സംയമം, നിയമം, നിയന്ത്രണം, പ്രതിബന്ധം, സ്തംഭം, പ്രതിരോധം, ബാധ, യമം, ജയം, ദമം (of the senses); ആധേയം; 'r. of speach വാഗ്യമം, വാക്സംയമം'.

Restrict, *v. t.* വരയിടുക, അതിരുവയ്ക്കുക, അതിർത്തികല്പിക്ക, ക്ലിപ്തപ്പെടുത്തുക, നിരോധിക്കുക, നിയന്ത്രിക്കുക, സംയമിക്കുക, നിബന്ധിക്കുക, നിഗ്രഹിക്കുക, പരിച്ഛേദിക്കുക, വ്യാവർത്തിപ്പിക്ക; **-ed,** *a.* അതിരുവച്ച, അതിർത്തികല്പിച്ച, പരിച്ഛേദിച്ച, നിയതമായ, സാവധികമായ, പരിമിതമായ; **-ion,** *n.* അതിര്, അതിർത്തി, സീമ, ഇയത്ത, നിയമം, അവധി, പരിച്ഛേദം, നിബന്ധം, വ്യാവൃത്തി, യന്ത്രണ; **-ive,** *a.* അതിരിടുന്ന, അതിർത്തികല്പിക്കുന്ന, വ്യാവർത്തകമായ, നിയാമകമായ, പരിച്ഛേദകമായ, അവധാരണമായ.

Result, *v. i.* ഉണ്ടാകുക, വിളയുക, പുറപ്പെടുക, പര്യവസാനിക്ക, പരിണമിക്ക; ഉൽപാദിക്കുക, നിഷ്പാദിക്കുക, പ്രഭവിക്കുക, ഉദ്ഭവിക്ക, സംഭവിക്ക, ജനിക്കുക, പ്രവർത്തിക്കുക; *n.* ഫലം, പരിണാമം; അർത്ഥം, ഗുണം, നിഷ്പന്നം, സിദ്ധി, അവസാനം, അന്തം, പാകം; സിദ്ധാന്തം മഥിതാർത്ഥം, നിശ്ചിതാർത്ഥം; 'producing no r. നിഷ്ഫലമായ, നിർഗ്ഗുണമായ, വ്യർത്ഥമായ'; **-ing,** *a.* ഉണ്ടാകുന്ന, ജ, ജന്യ, ഉദ്ഭവ, ഫല in comp; *see* **Produced.**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Resultant, *n.* ഫലമായി വരുന്നവ; *a.* ഫലമായിവരുന്ന.

Resume, *v. t.* വീണ്ടും കൈക്കൊള്ളുക, വീണ്ടും എടുക്കുക, പിന്നെയും ഗ്രഹിക്കുക, പ്രത്യാഹരിക്കുക; *n.* (rā-zö-mā'), *n.* ചുരുക്കം, സാരം, സംഗ്രഹം, സാരാൎത്ഥം; **-Resumption,** *n.* വീണ്ടും കൈക്കൊള്ളൽ or എടുക്കൽ, പ്രത്യാദാനം, പുനൎഗ്രഹണം, പ്രത്യാഹാരം.

Resurrection, *n.* ഉയൎത്തെഴൽ, പുനരുദ്ധാരണം. പുനരുജ്ജീവനം, മൃതോത്ഥാപനം.

Resuscitate (-sus'itat), *v. t.* വീണ്ടും ഉണ്ടാക്കുക, ഉയിൎപ്പെടുത്തുക, പുനൎജ്ജീവിപ്പിക്ക, പുനരുത്ഥാനംചെയ്യിക്ക, ഉജ്ജീവിപ്പിക്ക, പ്രത്യുജ്ജീവിപ്പിക്ക, ജീവിപ്പിക്ക; **-ion,** *n.* ഉയിൎപ്പെടുത്തൽ, പുനൎജ്ജീവനം, ഉത്ഥാപനം, ഉജ്ജീവനം, പ്രത്യുജ്ജീവനം.

Retail, *n.* ചില്ലാക്കച്ചവടം, ചില്ലറവ്യാപാരം; *v. t.* ചില്ലറവില്ക്കുക, ചില്ലറവ്യാപാരംചെയ്യുക; **-er,** 'r. dealer, *n.* ചില്ലറക്കച്ചവടക്കാരൻ, ചില്ലറവ്യാപാരി, ഖണ്ഡവണിക്".

Retain, *v. t.* വിടാതെ പിടിച്ചുകൊണ്ടിരിക്കുക, വച്ചുകൊണ്ടിരിക്ക, ധരിക്കുക, രക്ഷിക്കുക, ഗ്രഹിക്കുക, (servants) കൂലികൊടുത്തുനിൎത്തുക; (in memory) മനസ്സിൽ വെയ്ക്കുക, ചിത്തത്തിൽ ധരിക്കുക; **-er,** *n.* കയ്യാൾ, ചാൎച്ചവൻ, അനുയായി, അനുഗൻ, അനുചരൻ, പാൎശ്വഗൻ, അനുഗാമി, അനുജീവി, സേവകൻ, ഭൃത്യൻ, കിങ്കരൻ, ആശ്രിതൻ; 'a body of r. s പരിവാരം, ഭൃത്യവൎഗ്ഗം, അനുയായിവൎഗ്ഗം'; **-Retention,** *n.* പിടിച്ചുവച്ചുകൊള്ളൽ, ധാരണം, ഗ്രഹണം; ധാരണാശക്തി, ഗ്രഹണശക്തി, ഓൎമ്മശക്തി; 'r. of urine മൂത്രസംഗം'; **-Retentive,** *a.* ധാരണയുള്ള, ധാരണാവത്തായ, ധാരണക്ഷമമായ; 'r. faculty ധാരണാശക്തി, ധാരണാമേധ, ധാരണാവതിയായ ബുദ്ധി, ഗ്രഹണസാമൎത്ഥ്യം; ധരം, ഗ്രാഹി in comp.

Retaliate, *v. t.* പകരംചെയ്യുക, പ്രതികരിക്കുക; **-tion,** *n.* പ്രതിക്രിയ, പ്രതികാരം, പ്രത്യപകാരം, പ്രതിഹിംസ, വൈരസാധനം, നിൎയ്യാതനം.

Retard, *v. t.* താമസപ്പെടുത്തുക, തടുക്കുക, വേഗംകറയ്ക്കുക, പ്രതിരോധിക്കുക, സ്തംഭിപ്പിക്ക, പ്രതിബന്ധിപ്പിക്ക, വിളംബിപ്പിക്ക, ഗതിനിരോധിക്ക; **-ation,** *n.* നിരോധം, പ്രതിബന്ധം, തടുക്കൽ, ഗതിരോധം, വേഗരോധം, താമസപ്പെടുത്തൽ, വിളംബം; **-ed,** *a.* തടുത്ത, തടസ്സപ്പെടുത്തിയ, നിരുദ്ധമായ, വിളംബിതഗതിയായ, അവരുദ്ധവേഗമായ.

Retch, Reach, *v. i.* ഓക്കാനിക്കുക, കുമട്ടുക, പുരട്ടുക.

Reticence, *n.* മിണ്ടാട്ടമില്ലായ്മ, മൌനം, സംവൃതി, മൂകഭാവം, വാഗ്യമം; **-Reticent,** *a.* അടക്കമുള്ള, മിണ്ടാട്ടംകുറഞ്ഞ, മൌനാവലംബിയായ, യന്ത്രിതവാക്കായ, വാഗ്യതമായ.

Reticule (-kūl), *n.* വലസഞ്ചി; **-Reticular,** *a.* ജാലാകാരമായ, ജാലരൂപമായ, വലയായ, പിന്നലായ; **-Reticulation,** *n.* വലപിന്നൽ, ജാലകൎമ്മം.

Retina, *n.* നേത്രാന്തഃപടലം.

Retinue, *n.* പരിജനം, പരിവാരം, പരിബൎഹം, പരിച്ഛദം, അനുയായിവൎഗ്ഗം, ഭൃത്യവൎഗ്ഗം, അനുചരന്മാർ.

Retire, *v. i.* വാങ്ങുക, പിൻവാങ്ങുക, ഒതുങ്ങുക, അകലുക, അപക്രമിക്കുക, അപഗമിക്കുക; ഉദ്യോഗമൊഴിഞ്ഞു വിശ്രമിക്കുക, അധികാരംത്യജിക്കുക, ഏകാന്തതയെഭജിക്കുക; 'r. from the world സൎവ്വസംഗപരിത്യാഗംചെയ്യുക'; **-ed,** *a.* ഒഴിഞ്ഞുമാറിയ, വിവിക്തമായ, ഗുപ്തമായ, വിജനമായ, ഗൂഢമായ, പ്രച്ഛന്നമായ, ഏകാന്തമായ, നിഭൃതമായ, നിൎജ്ജനമായ; (Disposition) പ്രവൃത്തിയിൽനിന്നുംവിരമിച്ച, വിവിക്തസേവിയായ, അധികാരം ഉപേക്ഷിച്ച; 'a r. person സന്ന്യാസി, മുക്തസംഗൻ, ബന്ധംവിട്ടവൻ'; **-ment,** *n.* ഒഴിഞ്ഞുമാറൽ, പിൻവാങ്ങൽ, അപസരണം, അപക്രമണം, അപഗമനം etc; നിൎജ്ജനസ്ഥാനം, വിവിക്തസ്ഥാനം, രഹഃസ്ഥാനം; വിവിക്തവൃത്തി, അധികാരത്യാഗം, വിവിക്തസേവനം, സംന്യാസം; **-ing,** *a.* ഒഴിഞ്ഞുമാറുന്ന, വാങ്ങിപ്പോകുന്ന, ഒതുങ്ങിയിരിക്കുന്ന, ഒഴിഞ്ഞുമാറിയിരിക്കുന്ന, വിവിക്തസേവിയായ; *see* **-Reserved.**

Retort, *v. i.* തിരിച്ചുപേറുക, പ്രതിബിംബിക്കുക, പ്രതിധ്വനിക്കുക, തിരിച്ചുപറയുക, കൊട്ടുമയായി പകരംപറയുക, പ്രത്യാക്ഷേപിക്കുക; *n.* പ്രത്യുത്തരം, കടുത്തമറുപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടി, പ്രത്യവസ്കന്ദനം, പ്രത്യാരോപം; ബക യന്ത്രം.

Retrace, *v. t.* പിറകേചേരുക, പിൻപറ്റുക, പ്രത്യാവൎത്തിക്കുക, എഴുതിയതിന്മേലെഴുതുക, വീണ്ടുംചെയ്യുക, തിരികെ പോകുക.

Retract, *v. t.* മടക്കുക, കുറക്കുക, മടക്കിയെടുക്കുക, പിൻവലിക്കുക; തള്ളിപ്പറയുക, നിഷേധിക്കുക; റദ്ദാക്കുക, ദുർബലപ്പെടുത്തുക; *v. i.* കുറകുക, ചുരുങ്ങുക; മറിച്ചുപറയുക; **-ion,** *n.* മടക്കിയെടുക്കൽ, വാക്കുമാററൽ, അഭിപ്രായമാററം, കുറക്കൽ.

Retreat, *v. i.* പിൻവാങ്ങുക, മാറിപ്പോകുക, നീങ്ങിപ്പോകുക; അപയാനംചെയ്യുക, അപഗമിക്കുക, അപസരിക്കുക; മാറിപ്പോകുക, ഓടിപ്പോകുക, പലായനംചെയ്യുക; *n.* പിൻവാങ്ങൽ, ഏകാന്തത, അപസരണം, അപക്രമണം; അപയാനം, പരാവൃത്തി, ഓട്ടം, പോക്ക്, പലായനം; ശരണം, ആശ്രയസ്ഥാനം, നിലയം, നിൎജ്ജനദേശം, നിൎജ്ജനസ്ഥാനം, പിൻവാങ്ങുമിടം.

Retrench, *v. t.* കുറയ്ക്കുക, ചുരുക്കുക, ചെലവുകുറയ്ക്കുക, ന്യൂനീകരിക്കുക, ഖണ്ഡിക്കുക; **-ment,** *n.* ചെലവുവെട്ടിക്കുറയ്ക്കൽ, ഖണ്ഡനം, വ്യയച്ഛേദം.

Retribution, *n.* പ്രതിഫലം, പ്രതികാരം, പകരംവീട്ടൽ; **-Retributive, -Retributory,** *a.* പകരംവീട്ടുന്ന, പ്രതികാരിയായ.

Retrieve, *v. t.* (പൊയ്പ്പോയതിനെ) തിരികെപ്രാപിക്കുക, പുനഃപ്രാപിക്കുക; നന്നാക്കുക, പുതുക്കുക, ശരിപ്പെടുത്തുക; കേടുതീൎക്കുക, പരിഹരിക്കുക; *v. i.* (നായാട്ടിൽ) മുറിവേററ ഉരുവിനെ തിരിച്ചറിയുക.

Retrocede, *v. i.* തിരിയുക, മടങ്ങുക, പിൻവാങ്ങുക; *see* **Return; -Retrocession,** *n.* പരാവൎത്തനം.

Retrograde, *a.* പിന്നോട്ടുപോകുന്ന, പ്രതിലോമമായ, പിറകോട്ടുള്ള; *v. i.* പിന്നാക്കംപോകുക, വക്രിക്കുക, അധഃപതിക്കുക; **-ation, -Retrogression,** *n.* പിന്നാക്കംപോകൽ, വിപരീതഗതി, ഇറക്കം, അധഃപതനം.

Retrospect, *n.* കഴിഞ്ഞവയെപ്പററിയുള്ള നോട്ടം, പുറകോട്ടുനോക്കൽ, സിംഹാവലോകനം; **-ive,** *a.* കഴിഞ്ഞതിനെ നോക്കുന്ന, പുറകോട്ടുനോക്കുന്ന, കഴിഞ്ഞതിനെ അപേക്ഷിച്ച, ഭൂതകാലസാപേക്ഷമായ.

Return, *v. i.* തിരിയുക, മടങ്ങുക, വീണ്ടും പോകുക, വീണ്ടും സന്ദൎശിക്കുക, മറുപടി പറയുക; *v. t.* മടക്കിഅയയ്ക്കുക, തിരിച്ചുകൊടുക്കുക, പ്രതീകാരംചെയ്യുക, അറിയിക്കുക; *n.* മടക്കം, തിരിച്ചുപോകൽ, പ്രത്യാഗമനം, നിവൎത്തനം, പ്രത്യായനം; മടക്കിക്കൊടുക്കൽ, മടക്കിഅയപ്പ്, പ്രത്യൎപ്പണം, പ്രതികാരം, പ്രത്യുപകാരം; പരിവൎത്തനം, പൎയ്യായം, ആവൎത്തം; ഫലം, ലാഭം, ഉല്പന്നം, ആദായം, വിളവ്.

Reunite, *v. t.* വീണ്ടുംഇണങ്ങുക, സമാധാനമാകുക, പുനഃസംയോജിക്കുക; **-Reunion,** *n.* വീണ്ടുമുള്ള ഇണക്കം, പുനസ്സംയോഗം, പുനഃസമാഗമം, വീണ്ടുമുള്ള യോജിപ്പ് or ചേച്ച്.

Reveal, *v. t.* തുറക്കുക, വെളിപ്പെടുത്തുക, പ്രകാശിപ്പിക്ക, വ്യഞ്ജിപ്പിക്ക, അറിയിക്ക, ആവിഷ്കരിക്ക, പ്രകടീകരിക്ക; **-er,** *n.* തുറന്നുകാട്ടുന്നവൻ, വെളിപ്പെടുത്തുന്നവൻ, പ്രകാശകൻ, വ്യഞ്ജകൻ, ഭേദകൻ; **-Revelation,** *n.* വിവരണം, വെളിപ്പെടുത്തൽ, പ്രകാശനം, വ്യക്തീകരണം; ശ്രുതിപ്രകാശം, ഐശോന്മേഷം.

Revel, *v. i.* കുടിച്ചുകഴയുക, അനുഭവിക്ക, കുടിയിൽമുഴുകുക; *n.* കുടി, സംപ്രീതി, പാനമഹോത്സവം, പാനകോലാഹലം; **-ry,** *n. see* (*n.*)

Revenge, *n.* പക, പ്രത്യപകാരം, പ്രതികാരം, പ്രതിദ്രോഹം, വൈരനിൎയ്യാതനം, പ്രതിക്രിയ; (Desire for r.) ജിഘാംസ, പകവീട്ടണമെന്നുള്ള ആഗ്രഹം; *v. t.* (persons) പകവീട്ടുക, പ്രതികാരംചെയ്യുക; **-er,** *n.* പകവീട്ടുന്നവൻ, പ്രതിഹിംസകൻ, **-ful,** *a.* പ്രതീകാരബുദ്ധിയായ, പ്രതീകാരേച്ഛുവായ; ക്ഷമയില്ലാത്ത, അമൎഷണമായ; **-fully,** *adv.* പകയോടെ, പ്രതീകാരബുദ്ധിയോടെ.

Revenue (-nū), *n.* വരുമാനം, ആദായം, തിറ, ചിറ, കരം, വരി, ബലി.

Reverberate, *v. i.* മാറെറാലിക്കൊള്ളുക, പ്രതിനദിക്ക, പ്രതിദ്ധ്വനിക്ക; *v. t.* മാറെറാലിക്കൊള്ളിക്കുക, പ്രതിധ്വനിപ്പിക്ക; പ്രതിക്ഷേപിക്ക, പ്രതിഹനിക്ക; **-ion,** *n.* മാറെറാലി, മുഴക്കം, പ്രതിധ്വനി, പ്രതിശബ്ദം; പ്രതിക്ഷേപം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Revere, *v. t.* വണങ്ങുക, പൂജിക്കുക, ഭജിക്കുക, സല്ക്കരിക്ക, ഉപാസിക്ക, അച്ചിക്ക; **-ence,** *n.* വണക്കം, ബഹുമാനം, അച്ചന, പൂജ; സല്ക്കാരം, ആദരം, സപൎയ്യ, പുരസ്കാരം, ഭക്തി; 'his r. തത്രഭവാൻ'; 'your r. അത്രഭവാൻ'; 'act of r. നമസ്കാരം, നമസ്യ, പ്രണിപാതം, കുമ്പിടൽ, പ്രണാമം, അഭിവന്ദനം'; *v. t. see* (*v.*); **-ed,** *a.* പൂജ്യമായ, അച്ചനീയമായ, സംമാന്യമായ, ആൎയ്യമായ, ഉപാസ്യമായ, കുമ്പിടത്തക്ക; **-ent, -ential,** *a.* ഭക്തിയുള്ള, സാദരമായ, സപ്രശ്രയമായ; 'with a r. bow ഭക്തിപ്രണാമത്തോടെ'; **-ently,** *adv.* ഭക്തിയോടെ, സാദരം, സപ്രശ്രയം.

Reverie, Revery, *n.* മനോരാജ്യം, ദിവാസ്വപ്നം, ചിന്തനം, ഭാവന, ധ്യാനം.

Reverse, *n.* പിൻപുറം, പൃഷ്ഠഭാഗം; പരിണാമം, വികാരം, പരിവൃത്തി; ആപത്തു്; മാറുപാടു്, എതിർ, വ്യത്യയം, വ്യത്യാസം, വൈപരീത്യം, പ്രതിപക്ഷം; *a.* എതിരായ, തിരിച്ചുള്ള, മറിച്ചുള്ള, വിപരീതമായ, വ്യത്യസ്തമായ, പ്രതീപമായ, വിരുദ്ധമായ; *v. t.* എതിരാക്കുക, വ്യത്യാസപ്പെടുത്തുക, നേരേതിരിച്ചാക്കുക, പ്രതിലോമമാക്കുക, മറിക്കുക (in law) പ്രത്യാദേശിക്കുക, പരാവൎത്തിപ്പിക്ക, ഖണ്ഡിക്കുക; **-al,** *n.* മാററൽ, തിരിക്കൽ, മാററം, ദുർബലപ്പെടുത്തൽ; **-ed,** *a.* മറിച്ച, തിരിച്ച, വിപൎയ്യസ്തമായ, പ്രതിലോമമായ, അധരോത്തരമായ, അധോമുഖമായ; **-ion,** *n.* വിപൎയ്യാസം, പരാവൎത്തനം, ശിരസ്സ്, പൂൎവ്വപരിണാമം; **-ly,** *adv.* മറിച്ചു്, പ്രതിലോമമായി, വ്യതിക്രമമായി, വ്യത്യാസമായി.

Revert, *v. i.* തിരിക്കുക, മറിക്കുക, മാറുക; *v. t. see* **Reverse; -Reversion,** *n.* മറിപ്പു്, പ്രത്യാവൃത്തി, പരാവൎത്തനം, പുനരാഗമനം; ഉത്തരാധികാരം; **-ary,** *a.* ഉത്തരഭോഗ്യമായ, ശിഷ്ടാവകാശസംബന്ധിച്ച.

Review, *v. t.* തിരികെനോക്കുക, പുനരീക്ഷിക്കുക, അവലോകനംചെയ്ക, പുനൎവിചാരിക്ക; പരിശോധിക്ക; (Book) ഗുണദോഷവിവേചനംചെയ്യുക, പരീക്ഷിക്കുക, സേനാപരിശോധനംചെയ്യുക; കീഴ്ക്കോടതിയുടെ വിധിപരിശോധിക്ക; തിരികെ ചെയ്യുക, രണ്ടാമതും പ്രവൎത്തിക്ക; *v. i.* തിരിഞ്ഞുനോക്കുക; *n.* പുനർദർശനം, പുനരീക്ഷണം, പുനൎവിചാരം; ഗുണദോഷവിവേചനം, ഗുണാഗുണപരീക്ഷ; പത്രഗ്രന്ഥം, മാസിക, ത്രൈമാസികം; സൈന്യപരിശോധനം; വിധി; രണ്ടാമതും പഠിച്ചപാഠം; **-able,** *a.* പരിശോധിക്കാവുന്ന; **-er,** *n.* ഗുണദോഷവിവേചകൻ.

Revile, *v. t.* ചീത്തപറയുക, നിന്ദിക്കുക, ശകാരിക്കുക, അപവദിക്ക; **-er,** *n.* ചീത്തപറയുന്നവൻ, നിർഭത്സകൻ, ശകാരിക്കുന്നവൻ; **-ing,** *n.* നിർഭത്സനം, നിന്ദ, ശകാരം, ചീത്തപറച്ചിൽ, അപവാദം, ആക്ഷേപം, അധിക്ഷേപം, ഉപാലംഭം, വാക്പാരുഷ്യം; *see* **Abuse, Reproach.**

Revise, *v. t.* പിഴനോക്കുക, പരിശോധിക്കുക, തിരുത്തുക, വീണ്ടുംചിന്തിക്ക; **-al, -ion,** *n.* പിഴതിരുത്തൽ, വിമൎശനം, പുനരാലോചന.

Revive, *v. t.* ഉയൎപ്പിക്കുക, വീണ്ടുംബലപ്പെടുത്തുക, ജീവിപ്പിക്ക, പുനൎജ്ജീവിപ്പിക്കുക, പ്രബോധിപ്പിക്ക, ചേതനനൽകുക; വീണ്ടും പ്രവൎത്തിപ്പിക്ക, നവീകരിക്ക; *v. i.* പ്രബോധിക്കുക, പുനൎജ്ജീവിക്ക, സമാശ്വസിക്ക; വീണ്ടുംപ്രവൎത്തിക്കുക; **-al,** *n.* ഉയിൎപ്പു്, സംജീവനം, ഉദ്ധാരണം, തെളിവിപ്പു്, പ്രബോധനം, പ്രത്യുജ്ജീവനം, ചേതനാലാഭം; പുനരുത്ഥാനം, സമുത്ഥാനം; ഉദ്ധാരം, പുനഃപ്രവൃത്തി.

Scrag (skrag), *n.* മെലിഞ്ഞതു്, കഴുത്തുപ്പിണ്ടി; **-Scraggy,** *a.* മെലിഞ്ഞ, പരുപരുത്ത, ചൊവ്വററ; രൂക്ഷമായ; കൃശമായ, ക്ഷീണമായ.

Scramble, *v. i.* റാഞ്ചുക, ചാടിപ്പിടിക്കുക, പാററിക്കേറുക; *n.* വൻപ്, വാതു്; കയററം.

Scrap, *n.* തുണ്ടു്, കീററു്, ഖണ്ഡം, ശേഷം, ശകലം.

Scrape, *n.* കഷ്ടപ്പാടു്, ആപത്തു്, ദുഃഖം, ദുർഗ്ഗതി, ദുർദ്ദശ; ഉരസൽ, ഘർഷണം; *v. t.* ചുരണ്ടുക, പരണ്ടുക; ഉരയ്ക്കുക, ഘർഷണംചെയ്യുക; മിനുസപ്പെടുത്തുക, മിനുക്കുക; കിറുകിറുക്കുക; ചെത്തിനന്നാക്കുക; *v. i.* ഉരയുക, ചുരണ്ടുക; (together) കഷ്ടപ്പെട്ടു സമ്പാദിക്കുക or സംഗ്രഹിക്കുക, ഏകീകരിക്ക; **-er,** *n.* ചുരണ്ടി, ചിരവ, കൈച്ചിരവ; പല്ലിത്തടി, വാച്ചി; ചുരണ്ടുന്നവൻ.

Scratch (skrach), *v. t.* ചൊറിയുക, അള്ളുക, മാന്തുക; *n.* കീറു്, പോറൽ, ചെറിയ മുറിവു്; പൊയ്ത്തലമുടി.

Scrawl, *v. t. or v. i.* കിറുക്കുക, കുത്തിക്കുറിക്കുക, അശ്രദ്ധയോടെ എഴുതുക; *n.* അശ്രദ്ധയോടുള്ള എഴുത്തു്, കുത്തിക്കുറിപ്പു്.

Scream, *v. i.* ക്രുകിവിളിക്ക, കീച്ചിടുക, ആക്രോശിക്ക; **-ing,** *n.* കീച്ചുവിളി, ക്രുക്കവിളി, ആക്രന്ദനം, ഉൽക്രോശം, ചീൽകാരം, ഉച്ചനാദം, വിക്രുഷ്ടം.

Screech, *v. i.* കീച്ചിടുക, ക്രുകിവിളിക്ക; *n.* ക്രുക്കവിളി, കീച്ചുവിളി, കീച്ചിടൽ; **-owl,** *n.* ചാക്കരുവി, കോട്ടാൻ, രാമൂങ്ങ, കാളമേചകം.

Screen, *n.* മറ, ആവരണം, തിരസ്കരിണി, യവനിക; *v. t.* മറയ്ക്കുക, അടയ്ക്കുക, ഗോപനംചെയ്യുക; രക്ഷിക്കുക, ആശ്രയം നൽകുക, ആശ്രയംനൽകി മറയ്ക്കുക.

Screw (skrö), *n.* പിരി, പിരിയാണി, തിരുകാണി, ഞെരുക്കൽ; ഉന്തുചക്രം; ലുബ്ധൻ, കൃപണൻ; *v. t.* പിരിയിട്ടുറപ്പിക്ക, പിരിയാണിയിട്ടുമുറുക്കുക, തിരുകാണിയിട്ടിറുക്കുക, ഞെരുക്കുക, പീഡിപ്പിക്ക; ഞെക്കിയെടുക്കുക, നിഷ്പീഡനംചെയ്ക.

Scribble, *v. t. or v. i.* കുത്തിവരയ്ക്കുക, കിറുകിറുക്കുക, അശ്രദ്ധയായി എഴുതുക; **-er,** *n.* ക്ഷുദ്രഗ്രന്ഥകാരൻ.

Scribe, *n* ലേഖകൻ, ഗുമസ്തൻ, കാര്യസ്ഥൻ, സെക്രട്ടറി; *v. t.* എഴുതുക, പതിക്കുക, രേഖപ്പെടുത്തുക.

Scrimp, *v. t.* വരയറുക്കുക, കുറുക്കുക, നിവക്കുക; *a.* കുറുകിയ, അല്പമായ; *n.* ലുബ്ധൻ, ലോഭി.

Scrip (skrip), *n.* സഞ്ചി, കൈച്ചോല്പിക, പൊക്കണം; ലേഖനം, എഴുത്തു്, അംശനിർണ്ണയപ്പട്ടിക.

Script, *n.* കൈയെഴുത്തുപോലത്ത അച്ചെഴുത്തു്. എഴുത്തുപ്രതി.

Scripture (skript'-), *n.* വേദം, ശ്രുതി, ആമ്നായം, നിഗമം; ശാസ്ത്രം, ധർമ്മശാസ്ത്രം; **-al,** *a.* വേദവിഹിതമായ, ശ്രുതിവിഹിതമായ, ശാസ്ത്രസിദ്ധമായ.

Scrivener (skriv'-), *n.* എഴുത്തുകാരൻ, ലേഖകൻ, പകപ്പെഴുത്തുകാരൻ; ധനപതി വത്തകൻ.

Scrofula (skrof'-), *n.* കണ്ഠമാല, ഗണ്ഡമാലാരോഗം; **-lous,** *a.* കണ്ഠമാലയുള്ള.

Scroll (skröl), *n.* ചുരുൾ, പട്ടിക, ചീട്ടു്, നക്കൽ, സ്ഥൂലലേഖനം, പരിശിഷ്ടം, അലങ്കാരക്കട്ടവേല; *v. t.* മുതൽകുറിപ്പെഴുതുക, നക്കലെഴുതുക.

Scrotum (skrö'tum), *n.* അണ്ഡകോശം, വൃഷണം.

Scrub (skrub), *n.* കുററിച്ചൂല്, തേഞ്ഞ തുടപ്പൻ; നീചൻ, തെണ്ടി, നീചമായതു്; കുററിക്കാടു്; ഉപയോഗമില്ലാത്ത കുതിര; *v. t.* ചുരണ്ടിത്തേയുക, ഉഴയ്ക്കുക, മടയ്ക്കുക.

Scruple (skrö'pl), *n.* ശങ്ക; ഇരുപതുനെല്ലെട; സ്വല്പം, അസമ്മതം; പ്രയാസം, കഷ്ടം; *v. i.* അറയ്ക്കുക, സന്ദേഹിക്ക, വികല്പിക്ക; **-Scrupulous,** *a.* നേരേയുള്ള, സരളമായ, ഋജുവായ; സൂക്ഷ്മമായ, നിപുണമായ; അറപ്പുള്ള, ശങ്കാശീലമായ.

Scrutiny (skrö'ti-ni), *n.* വിചാരണ, അന്വേഷണം, നിപുണപരീക്ഷണം, സൂക്ഷ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരൂപണം; **-ize,** *v. t.* ജാഗ്രതയായി ചോദിക്കുക, സൂക്ഷ്മമായി ആരായുക, സൂക്ഷിച്ചുനോക്കുക; **-izer,** *n.* ജാഗ്രതയായി അന്വേഷിക്കുന്നവൻ, സൂക്ഷ്മനിരൂപകൻ, സൂക്ഷ്മദർശി, സൂക്ഷ്മാന്വേഷകൻ.

Scud, *v. i.* പറക്കുക, പായുക, വേഗത്തിൽ പോകുക, തരിതപ്പെടുക.

Scuffle (skuf'l), *v. i.* മല്ലടിക്കുക, പോരാടുക, ശണ്ഠയിടുക, തമ്മിൽ അടിക്കുക; *n.* പോരാട്ട്, അടിപിടി, ശണ്ഠ, യുദ്ധം, തല്ലു്, അമളി, കഴപ്പം.

Sculk, *v. i.* ഒളിച്ചിരിക്ക, പതുങ്ങിയിരിക്ക; 's. off പതുങ്ങിക്കടക്കുക, ഒളിച്ചുപോകുക, പതുങ്ങിയോടുക, അപക്രമിക്കുക'; **-er,** *n.* പതുങ്ങിയിരിക്കുന്നവൻ ഗുപ്തവൃത്തി.

Scull (skul), *n.* തുടുപ്പു്, തുഴ, പടവു്, വള്ളം; *v. t.* തണ്ടുവലിക്കുക, അമരത്തിരുന്നു തണ്ടുവലിക്കുക.

Scullery (skul'ér-i), *n.* അടുക്കളപ്പുറം, പാകപാത്രശാല.

Scullion (skul'yun), *n.* പാത്രക്ഷാളകൻ, കലവും ചട്ടിയും തേയ്ക്കുന്നവൻ, വിടുപണിക്കാരൻ.

Sculp, *v. t.* ശില്പവേലചെയ്യുക, കൊത്തുപണിചെയ്യുക, ചെതുക്കുക, കൊത്തുക; **-tor,** *n.* ശില്പി, തഷ്ടാവു്, തക്ഷകൻ; **-Sculpture,** *v. t.* തക്ഷിക്കുക, പ്രതിമാനിർമ്മാണംചെയ്യുക, കൊത്തുക; *n.* ശില്പവേല, തക്ഷണം, പ്രതിമ, മൂർത്തി.

Scum, *n.* നര, പത, മണ്ഡം, ഫേനം; 's. of boiled rice തിള, പാട, നിസ്രാവം, ആചാമം'; ബാക്കി, കൊത്തു്, മട്ടി, കിട്ടം, മലം, ഉച്ഛിഷ്ടം; **-mer,** *n.* മട്ടിവടിച്ചെടുക്കും കരണ്ടി.

Scupper, *n.* കപ്പലിൻനീർവടിത്തുള, കപ്പൽവക്കത്തുള.

Scurf, *n.* കരപ്പൻ, പതുക്ക്; **-y,** *a.* ചൊറിപിടിച്ച.

Scurrile (skur'ril), *a.* വെറുക്കത്തക്ക, നിന്ദ്യമായ, അയുക്തമായ; പരുഷമായ, തീക്ഷ്ണമായ; ദുരുക്തമായ, അശ്ലീലമായ; **-Scurrility,** *n.* അസഭ്യം, അശ്ലീലത, പാരുഷ്യം.

Scurvy (skur'vi), *n.* ചൊറിക്കരപ്പൻ, ലവണരക്തം, കുഷ്ഠം; *a.* ചൊറിപിടിച്ച, കെട്ട, നീചമായ **-Scurvily,** *adv.* നീചമായി, ചീത്തയായി.

Scutch, (skuch), *v. t.* തല്ലിവേർപെടുത്തിയെടുക്കുക, ചതച്ചു പിരിച്ചെടുക്കുക; **-Scutcheon** (skuch'un), *n.* പരിശ (ച), കുലീനചിഹ്നപത്രം, കൗലീനകോശം.

Scutiform, *a.* പരിചവടിവായ, പരിചയുടെ ആകൃതിയിലുള്ള.

Scuttle, *n.* കുട, മഞ്ജൂഷ; ഛിദ്രം; ഏണിവാതിൽ, ദ്വാരം, കള്ളക്കതവു്, (കപ്പൽത്തട്ടിലെ) മൂടിയുള്ള ദ്വാരം; *v. t.* അടിതുളച്ചുമുക്കുക; *v. i.* തരിക്കുക, ബദ്ധപ്പെടുക, ഓടുക.

Scythe (sīth), *n.* വീച്ചരിവാൾ, അരിവാൾ; *v. t.* അരിവാൾകൊണ്ടു ചെത്തുക, അരിയുക, കൊയ്യുക; **-man,** *n.* അരിവാൾക്കാരൻ, പുല്ലരപ്പൻ, കൊയ്ത്തുകാരൻ.

Sea (sē), അഴി, കടൽ, അല, വെള്ളം, സാഗരം ജലധി; **-beach,** *n.* കടൽക്കര; **-beaten,** *a.* അലയടിയേററ; **-board,** *n.* കടലോരം, കടൽതീരം; **-borne,** *a.* കടൽമാർഗ്ഗമായി പോകുന്ന; **-breach,** *n.* കടൽകരയുടപ്പു്; **-breeze,** *n.* കടൽകാററു്; **-calf** (sē'-käf), *n.* നീർനായു്; **-canary,** *n.* വെൺതിമിങ്ങലം; **-captain,** *n.* കപ്പൽത്തലവൻ; **-card,** *n.* സമുദ്രപടം; **-chart,** *n.* സമുദ്രവിവരപടം; **-coast,** *n.* കടൽകര, കടലടുത്ത ഭൂമി; **-craft,** *n.* കപ്പലോട്ടവിദ്യ; **-dog,** *n.* നീർനായു്; പഴയ കപ്പലോട്ടക്കാരൻ; കടൽകൊള്ളക്കാരൻ; **-farer,** *n.* സമുദ്രസഞ്ചാരി, മാലുമി; **-faring,** *a.* കടൽയാത്രചെയ്യുന്ന, സമുദ്രസഞ്ചാരിയെ സംബന്ധിച്ച; **-fight,** *n.* കടൽയുദ്ധം; **-fire,** *n.* സാഗരാഗ്നി, ഫോസ്ഫറസ്പ്രകാശം; **-fowl,** *n.* കടൽപക്ഷി; **-girt,** *a.* സമുദ്രാവൃതമായ; **-god,** *n.* സമുദ്രരാജൻ, വരുണൻ; **-green,** *a.* കടൽപച്ചനിറമായ; **-horse,** *n.* കടൽകുതിര; **-king,** *n.* കടൽകൊള്ളക്കാരൻ; **-legs,** *pl.* കപ്പലിൽ ഉറപ്പോടുകൂടിയ നടത്ത; **-level,** *n.* കടൽമട്ടം, കടൽനിരപ്പു്; **-like,** *a.* കടൽപോലുള്ള; **-line,** *n.* ചക്രവാളരേഖ, മണ്ഡലരേഖ; **-liquor** (sē'lik'ér), *n.* കടൽനീർ; **-maid,** *n.* കടൽകന്യക; **-man,** *n.* കടലോടി, സമുദ്രസഞ്ചാരി; **-mark,** *n.* കടലടയാളം, (കടലിൽനിന്നു കാണത്തക്കവണ്ണം) കരയിൽ ഉയർന്നുനില്ക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Seal, *n.* മുദ്ര, മുദ്രയച്ച്, പതിപ്പ്; നിശ്ചയം, ഉറപ്പ്; കടൽനായ്, നീർനായ്, നക്രം; *v.* . മുദ്രവെയ്ക്കുക, മൂടിമുദ്രയടിക്കുക, ഉറപ്പാക്കുക, ദൃഢീകരിക്കുക; **-ed,** *a.* മുദ്രവച്ച, മുദ്രിതമായ, മുദ്രാങ്കിതമായ, മുദ്രാബദ്ധമായ.

Seam, *n.* മടക്ക്, മടിപ്പ്, സന്ധി, ഉണങ്ങിയവ്രണം; *v. t* ചേർക്കുക, ചേർത്തുതയ്ക്കുക, അണശീലയിടുക; വടുകുത്തുക; **-y,** *a.* ഏച്ചുതയ്ച്ച; **-Seamstress,** *n.* തയ്യൽക്കാരി.

Seance (sā'ängs), *n.* സമ്മേളനം, യോഗം, ഭൂതാവേശനിവേദിസമാജം.

Sear (sēr), *v. t.* കാച്ചുക, ചുടുക, കാച്ചിയുണക്കുക, കാച്ചി ദൃഢീകരിക്കുക; *a.* ഉണങ്ങിയ, വിശീർണ്ണമായ, മ്ലാനമായ.

Search (sérch), *v. t. or v. i.* തേടുക, ചോദിക്കുക, അന്വേഷിക്കുക, നിരൂപിക്കുക, നിരീക്ഷിക്കുക; **-ing,** *n.* തേടൽ, അന്വേഷണം, മാർഗ്ഗണം, നിരൂപണം, ജിജ്ഞാസ; **-er,** *n.* ആരായുന്നവൻ, അന്വേഷകൻ, അന്വേഷ്ടാവ്, നിരൂപകൻ, നിരീക്ഷകൻ; **-ing,** *a.* നിപുണമായി, സൂക്ഷ്മമായി.

Searchlight, *n.* അന്വേഷണദീപം, പ്രസരണദീപം.

Season (se'zn), *n.* ഋതുകാലം, സമയം, (in general) കാലം, വേള, അവസരം, പരുവം; 'auspicious s. ലഗ്നം, മുഹൂർത്തം, ശുഭവേള, ശുഭലഗ്നം'; 'in due s. കാലത്തിൽ'; 'out of s. അകാലത്തിൽ'; *v. t.* അധിവാസംചെയ്ക, രുചിപ്പെടുത്തുക; പചിക്കുക, പക്വീകരിക്ക, പതപ്പെടുത്തുക; പരിചയപ്പെടുക, സഹിഷ്ണുവാക; **-able,** *a.* പരുവമായ, പരുവത്തിനുള്ള, കാലാനുരൂപമായ; കാലകൃതമായ; ആർത്തവമായ, ഋതുസംബന്ധിച്ച, കാലോദ്ഭവമായ, ഋതവ്യമായ; **-ableness,** *n.* പരുവം, കാലൌചിത്യം, പ്രസ്താവസാദൃശ്യം; **-ably,** *adv.* യഥാകാലം, പരുവത്തിനു്, കാലാനുരൂപമായി; **-ing,** *n.* കറിക്കൂട്ട്, വ്യഞ്ജനം, ഉപസ്കരം, മസാല.

Seat (sēt) *n.* വേദിക, പീഠം, ഇടം, അധികാരസ്ഥാനം, നിലയം, ഇരിപ്പിടം, ആസനം; 's. on a sofa പര്യങ്കം'; 'cane s. വിഷ്ടരം'; 'raised s. ആസ്തരണം'; 'capital s. രാജധാനി'; 's. of justice ന്യായാസനം, ധർമ്മാസനം, വ്യവഹാരാസനം'; 's. of blood രക്താശയം, ക്രോധസ്ഥാനം'; *v. t.* ഇരുത്തുക, ഉപവേശിപ്പിക്ക, അധിരോഹണംചെയ്യിക്ക; **-ed,** *a.* ഇരുന്ന, ആസീനമായ, ഉപവിഷ്ടമായ, ആസനസ്ഥമായ, ആസനസ്ഥിതമായ; പ്രതിഷ്ഠിതമായ.

Secede (se-sēd'), *v. i.* വിടുക, പിരിയുക, വേർപെടുക, ഒതുങ്ങുക, പിൻവലിയുക, അപഗമിക്കുക, ത്യജിക്ക, ഉപേക്ഷിക്കുക; *n.* ഭിന്നമതാശ്രിതൻ, മതാന്തരഗ്രാഹി; **-Secession** (-sesh'un), *n.* ഒതുങ്ങൽ, വിട്ടുപോകൽ, പിൻവാങ്ങൽ, അപഗമനം, മതാന്തരസ്വീകാരം, സ്വധർമ്മത്യാഗം.

Seclude (sē-klōd'), *v. t.* പ്രത്യേകമാക്കുക, പൃഥക്കരിക്കുക, ഒഴിച്ചുമാററുക, വേർപെടുത്തുക, പിരിക്കുക, (oneself) ഏകാന്തവാസംചെയ്ക, ജനസംസർഗ്ഗം പരിഹരിക്ക or വർജിക്ക; **-ed,** *a.* ഒഴിഞ്ഞ, വിവിക്തമായ, നിർജനമായ, വിജനമായ, നിഭൃതമായ; (of persons) ത്യക്തസംഗനായ, മുക്തസംഗനായ, വിവിക്തവാസിയായ; **-Seclusion,** *n.* രഹസ്, വിവിക്തത, ഏകാന്തത, ഏകാന്തവാസം.

Second (sek'und), *a.* രണ്ടാമതായ, രണ്ടാമത്തെ, താഴ്ന്ന, മറേറ, ദ്വിതീയമായ, അനുകൂലമായ; *n.* രണ്ടാമത്തതു്; തുണ, സഹായം, സഹകാരി; ക്ഷണം, നിമിഷം, വിനാഴിക; *v. t.* പിൻപോകുക, അനുസരിക്കുക, താങ്ങുക, പിൻതാങ്ങുക, ആദരിക്കുക, അനുമോദിക്കുക; **-er,** *n.* പിൻതാങ്ങുന്നവൻ, അനുവാദകൻ; **-ly,** *adv.* രണ്ടാമതായി, രണ്ടാമത്തതു്; **-Secondary,** *a.* താഴ്ന്ന, കീഴ്പ്പെട്ട, അപ്രധാനമായ, അമുഖ്യമായ, അപ്രഥമമായ; മദ്ധ്യമമായ, സാമാന്യമായ, സാമാന്യഗുണകമായ; **-ly,** *adv.* അപ്രധാനമായി, അനുഷംഗമായി.

Secret, *a.* മറയ്ക്കപ്പെട്ട, ഗോപ്യമായ, ഒതുങ്ങിയ, രഹസ്യമായ, നിഗൂഢമായ, ഗുപ്തമായ, പ്രച്ഛന്നമായ, സംവൃതമായ, വെളിയിൽപെടാത്ത, അറിയപ്പെടാത്ത, അവ്യക്തമായ, ഗോപ്യമായ, ഗഹനമായ, ഗൂഢാർത്ഥമായ; *n.* രഹസ്യം, ഗോപ്യം, മർമ്മം; **-ly,** *adv.* രഹസ്യമായി, ആരുമറിയാതെ, ഗൂഢമായി, അവ്യക്തമായി; **-ness, -Secrecy,** *n.* രഹസ്യം, ഗുപ്തത. ഗൂഢത, പ്രച്ഛന്നത, ഗോപനം, മറയ്ക്കൽ, അപ്രകാശനം; വിവിക്തത, വിവിക്തവാസം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Secretary, *n.* സെക്രിററി, കാൎയ്യാധികൃതൻ, സചിവൻ, കാൎയ്യദർശി.

Secrete, *v. t.* വടിയുക, ഒഴുക്കുക, സ്രവിപ്പിക്കുക, നിൎഗ്ഗമിപ്പിക്കുക, നിസ്സരിപ്പിക്കുക, ഉത്സൎജ്ജിപ്പിക്കുക; മറയ്ക്കുക, ഗോപനം ചെയ്ക; **-ion,** *n.* ഊറൽ. സ്രാവം, ഉദ്രേചനം; അഴുക്ക്, മലം; ഒളിക്കൽ.

Sect, *n.* ശാഖ, വഴി, പക്ഷം, മതം, സമ്പ്രദായം. ഗണം; **-ary, -arian,** *a.* ശാഖാഗതമായ, സാമ്പ്രദായികമായ. സ്വപക്ഷാനുസാരിയായ, മതഭേദംസംബന്ധിച്ച; *n.* മാൎഗ്ഗക്കാരൻ, പക്ഷക്കാരൻ മതഭേദത്തിലുൾപ്പെട്ടവൻ.

Section (sek-shun), *n.* ഭാഗം, വിഭാഗം, ഖണ്ഡം, പകുതി, പ്രദേശം, അദ്ധ്യായം, പടലം, പൎവ്വം, പ്രകരണം, ഉല്ലാസം, ഉച്ഛ്വാസം, സ്കന്ധം, കാണ്ഡം, പാദം, പരിച്ഛേദം; 'sub s. അധികരണം'.

Sector, *n.* വൃത്താംശം, വൃത്തഖണ്ഡം.

Secular, *a.* ലൌകികമായ, ഐഹികമായ, സാംസാരികമായ, പ്രാപഞ്ചികമായ, വ്യാവഹാരികമായ; *n.* സാമാന്യൻ; **-ity, -ness,** *n.* ഐഹികത്വം, സംസാരാസക്തി, പ്രപഞ്ചാനുരാഗം.

Secundine (sek'-un-din), *n.* മറുപിള്ള, മാച്ച്.

Secure (sē-kūr'), *a.* ഭദ്രമായ, നിശ്ചയമായ, സുരക്ഷിതമായ, സ്വസ്ഥമായ; *v. t.* ഉത്തരവാദംചെയ്യുക, ഭദ്രപ്പെടുത്തുക, കൈവശമാക്കുക, കാക്കുക, ഭയംനീക്കുക; സ്ഥിരീകരിക്കുക, നിൎണ്ണയിക്കുക, ഉറപ്പിക്കുക; ദൃഢമായി ബന്ധിക്കുക; പിടിക്കുക, ആക്രമിക്കുക; **-ity,** *n.* രക്ഷ, കാക്കൽ, ഉറപ്പ്, ഉറപ്പ്, സ്ഥൈൎയ്യം, പരിത്രാണം, ക്ഷേമം, നിൎഭയത്വം, അഭയം; അഭയവാക്ക്; ശരണം, ആശ്രയം; ജാമ്യം; പണയം.

Sedan, *n.* പല്ലക്ക്.

Sedate, *a.* ശാന്തമായ, സ്വസ്ഥബുദ്ധിയുള്ള, ഗൌരവമായ, ധീരമായ, ഗംഭീരമായ, അചഞ്ചലമായ; **-ly,** *adv.* ധീരമായി, ശാന്തമായി, നിരുദ്വേഗമായി; **-ness,** *n.* ധീരത, ശാന്തത, ഗാംഭീൎയ്യം, സ്ഥൈൎയ്യം, ഗൌരവവൃത്തി; **-Sedative,** *a.* ശാന്തികരമായ, ശീതളമായ, ശാന്തിദമായ, ശമകമായ; *n.* ലംഘനം, അപകൎഷണം, ശമനൌഷധം.

Sedentary, *a.* അധികമനേരമിരിക്കുന്ന, ചലനമററ, നിഷ്പന്ദമായ, മന്ദിച്ചിരിക്കുന്ന, അനുദ്യോഗശീലമായ, അവ്യായാമിയായ, ചലനഹീനമായ.

Sedge, (sej), *n.* കോരപ്പുല്ല്.

Sediment, *n.* ഊറൽ, മട്ട്, കല്ക്കം, കിട്ടം, മലം, ശേഷം.

Sedition (se-dish'un), *n.* പടക്കുഴപ്പം, രാജദ്രോഹം, കലഹം, കീഴ്പ്പെടായ്മ, പ്രജാപ്രകോപം, പ്രകൃതിക്ഷോഭം; **-Seditious** (se-dish'us), *a.* കുഴപ്പമുള്ള. ദ്രോഹമായ, കലഹമുണ്ടാക്കുന്ന, പ്രകൃതിക്ഷോഭകരമായ, ഭേദകരമായ, ഉപജാപകമായ; **-ly,** *adv.* കുഴപ്പമായി, ക്ഷോഭകരമായി.

Seduce (se-dūs'), *v. t.* ദുഷിപ്പിക്കുക, വിമോഹിപ്പിക്കുക, സന്മാൎഗ്ഗഭ്രംശംവരുത്തുക, വിലോഭിപ്പിക്കുക, ചാരിത്ര്യനാശം ചെയ്ക; **-er,** *n.* ദൂഷകൻ, ചീത്തയാക്കുന്നവൻ, പ്രലോഭകൻ, വിലോഭകൻ, ആകൎഷകൻ, പിഴപ്പിക്കുന്നവൻ; **-Seduction, Seducement,** *n.* മയക്കപ്പണി, വിലോഭനം, വിമോഹനം. ആകൎഷണം; പ്രതാരണം, ചതി, വഞ്ചന(നം); ദുഷിപ്പിക്കൽ. ശീലപാതനം, ചാരിത്ര്യഭ്രംശം; **-Seductive,** *a.* മയക്കുന്ന, വിമോഹിയായ.

Sedulous, *a.* ഉത്സാഹമുള്ള. ശുഷ്കാന്തിയുള്ള ഉദ്യമിയായ, കാൎയ്യവ്യാപൃതമായ; **-ly,** *adv.* ആസക്തിപൂൎവ്വം, ഉത്സാഹമായി, അദ്ധ്വാനത്തോടെ; **-ness,** *n.* ശുഷ്കാന്തി, കാൎയ്യാസക്തി, അദ്ധ്വാനശീലത.

See, *n.* ഗുരുപദം, ധൎമ്മാധികാരം; *v. t.* കാണുക, നോക്കുക, ഈക്ഷിക്കുക, നിരൂപിക്കുക, ആലോചിക്കുക; അറിയുക, ബോധിക്കുക; ഓൎത്തുകൊള്ളുക; **-er,** *n.* കാണുന്നവൻ, ദ്രഷ്ടാവ്; സിദ്ധൻ, ഭവിഷ്യദ്വാദി.

Seed, *n.* വിത്ത്, മുള, വിത, കുരു, അണ്ടി, ബീജം; മൂലം, ആദി, പ്രഭവം, ഉത്ഭവം; പ്രജ, അപത്യം, സന്തതി, വംശം, സന്താനം; ശുക്ലം, രേതസ്സ്; 's. box, s vessel കോട്ട, തോട്ട്, തൊണ്ട്'; 's. bud മുള'; 's. cake ഒരുവക അപ്പം'; 's. coat വിത്തിന്റെ തോല്'; 's. cod, s. lip, s. lop വിത്തുവട്ടി'; 's. lac ഒരുവക അരക്ക്'; s leaf, s. lobe വിത്തില'; 's. man വിതയ്ക്കുന്നവൻ, വിത്തുകച്ചവടക്കാരൻ'; 's. plat, s. plot ഞാററുകണ്ടം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാക്കനിലം'; 's. stalk വിത്തുനാരു്'; 's. time വിതക്കാലം'; *v. t.* വിത്തിടുക, വിതയ്ക്കുക, നടുക; *v. i.* ബീജംനൽകുക, ഉൽപാദിപ്പിക്കുക; **-less,** *a.* നിർബ്ബീജമായ; **-ling,** *n.* മുള, കിളിപ്പ്, ബീജപ്രരോഹം, ബീജാങ്കുരം; **-y,** *a.* വിത്തുശക്തിയുള്ള, ബീജപൂർണ്ണമായ, ബഹുബീജമായ.

Seek, *v. t. or v. i.* തേടുക, തിരയുക, മാർഗ്ഗണംചെയ്ക, നിരൂപിക്ക; ആകാംക്ഷിക്ക, അഭികാംക്ഷിക്ക, പ്രാർത്ഥിക്കുക, അഭ്യർത്ഥിക്ക, യാചിക്ക; പ്രയത്നിക്ക; **-er,** *n.* തിരയുന്നവൻ, അന്വേഷ്ടാവു്, നിരൂപകൻ; **-ing,** *n.* തേടൽ, തിരയൽ, അന്വേഷണം, മാർഗ്ഗണം, നിരൂപണം.

Seem, *v. i.* തോന്നുക, കാണപ്പെടുക, ഭാസിക്കുക; **-ing,** *a.* തോന്നുക, പോലത്ത, പുറമേയുള്ള, കൃത്രിമമായ; *n.* ബാഹ്യരൂപം, പുറം, ആകാരം, തോന്നൽ; **-ingly,** *adv.* തോന്നലിൽ, തോന്നലായി, കാഴ്ചയ്ക്കു്, പുറമേ; 's. true സത്യാഭാസമായ, സത്യംപോലെ തോന്നുന്ന'; **-ly,** *a.* വിനീതമായ, യുക്തമായ, ഉചിതമായ, ഉപപന്നമായ.

See-saw, *a.* മാറിമാറിവരുന്ന, ആടുന്ന; *n.* ഉന്തൽ, താഴോട്ടും കീഴോട്ടുമുള്ള ചലനം, ഉന്നതാനതം.

Seethe, *v. t. or v. i.* വേവിക്ക, പുഴുങ്ങുക, തിളപ്പിക്ക, ക്വഥിക്കുക, പചിക്കുക; *n.* കലം, ഉരുളി, വട്ടളം.

Segment, *n.* വൃത്തഭാഗം, ഖണ്ഡം, പകുതി, പങ്കു്, അംശം.

Segregate, *v. t.* പിരിക്കുക, വേർപെടുത്തുക, റിലക്കിവയ്ക്കുക, തനിച്ചാക്കുക, വിശ്ലേഷിപ്പിക്ക; *v. i.* വേറാകുക, വിഭേദിക്കുക; **-ion,** *n.* വിശ്ലേഷം, വേർപാടു്.

Seidlitz (sīd'-), **Sedlitz,** *n.* ഭേദിക്കുള്ള ഉപ്പുപൊടി.

Seignior (sēn'yėr), *n.* പ്രഭു, യജമാനൻ.

Seismal, Seismic (seis-), *a.* ഭൂകമ്പസംബന്ധമായ, ഭൂമികുലുക്കംസംബന്ധിച്ച.

Seize (sēz), *v. t.* തട്ടിപ്പറിക്കുക, പിടിക്കുക, ആക്രമിക്കുക, അധികാരമായിപ്പിടിക്കുക, ധരിക്കുക, ഗ്രസിക്കുക; **-er,** *n.* പിടിക്കുന്നവൻ, ഹർത്താവു്, ഹാരി, ഗ്രാഹി in comp; **-ure,** *n.* പിടുങ്ങൽ, ഗ്രഹണം, ധാരണം, ഹരണം, ഗ്രസനം; ആക്രമം, ആത്മവശം, ഗ്രാസം.

Seldom, *adv.* ദുർല്ലഭമായി, ചുരുക്കമായി, എപ്പോഴെങ്കിലും, അങ്ങിനെയിരിക്കെ നോക്കാം; *a.* ചുരുക്കമായ, ദുർല്ലഭമായ; **-ness,** *n.* ദൌർലഭ്യം, അപൂർവ്വത.

Select, *v. t.* ആരാഞ്ഞെടുക്കുക, തിരിഞ്ഞെടുക്കുക, വരിക്കുക, ഉദ്ധരിക്കുക, ഉദ്ഗ്രഹിക്കുക, സംഗ്രഹിക്കുക, സമുദ്ധരിക്കുക; *a.* തിരിഞ്ഞെടുത്ത, വിശിഷ്ടമായ, ഉത്കൃഷ്ടമായ, വരമായ; **-ed,** *a.* തിരിഞ്ഞെടുക്കപ്പെട്ട; **-ion,** *n.* തിരിഞ്ഞെടുപ്പു്, സംഗ്രഹണം, വരണം, ഉദ്ധരണം; സംഗ്രഹം, സാരം.

Selenite, *n.* ചന്ദ്രകാന്തം.

Self, *a.* അതായെ, ആത്മാവായ, സ്വന്തമായ, സ്വീയമായ, നിജമായ; *n.* താൻ, ആത്മാവു്; 's. accomplished ആത്മോപാർജ്ജിതമായ, സ്വാർജ്ജിതമായ'; 's. command ആത്മസംയമം, ദമം,' 's. conceit അഹങ്കാരം, മമത്വം, സ്വാഭിമാനം'; 's. evident സ്വതഃസിദ്ധമായ'; 's. existent സ്വയംഭൂവായ, ആത്മഭൂവായ'; 's. interested സ്വാർത്ഥബുദ്ധിയായ'; 's. love മമത, അഹംമാനം, സ്വാനുരാഗം', 's. possessed അവ്യഗ്രമായ, സ്ഥിരാത്മാവായ, സ്വസ്ഥചിത്തമായ'; 's. possession ധൃതി, സ്വാസ്ഥ്യം, ആത്മനിഷ്ഠ'; 's. sufficient സ്വാഭിമാനിയായ'; 's. will സ്വേച്ഛ, സ്വാച്ഛന്ദ്യം'; 's. willed സ്വൈരമായ, സ്വച്ഛന്ദമായ, സ്വേച്ഛാചാരിയായ, സ്വൈരഗതിയായ' **-ish,** *a.* തൻകാര്യംനോക്കുന്ന, സ്വാർത്ഥപരമായ, സ്വാർത്ഥനിഷ്ഠമായ, തൻലാഭം നോക്കുന്ന, സ്വഹിതൈഷിയായ; **-ishly,** *adv.* സ്വാർത്ഥദൃഷ്ടിയോടെ, സ്വലാഭേച്ഛയോടെ; **-ishness,** *n.* സ്വാർത്ഥബുദ്ധി, സ്വലാഭേച്ഛ, തൻകാര്യം.

Sell, *v. t.* വില്ക്കുക, വിലയ്ക്കുകൊടുക്ക, വിക്രയംചെയ്ക, കൈമാററംചെയ്യുക, കാട്ടിക്കൊടുക്കുക, മോശംചെയ്യുക; *v. i.* കച്ചവടമാക, വിലയ്ക്കുപോക; **-er,** *n.* വില്ക്കുന്നവൻ, വിക്രേതാവു്, വിക്രയി; **-ing, -Sale,** *n.* വില്പന, വിക്രയം; **-Saleable,** *a.* വില്ക്കത്തക്ക, വിക്രേയമായ.

Selvage, *n.* തുണിവെളുമ്പു്.

Semaphore, *n.* കൈകാട്ടിമരം.

Semblance, *n.* തോന്നൽ, ആഭാസം, സാദൃശ്യം, ആകാരം, രൂപം, വടിവു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Semen, *n.* ശുക്ലം, രേതസ്, ബീജം, വീൎയ്യം, തേജസ്, ഇന്ദ്രിയം; **Seminal**, *a.* ശുക്ല സംബന്ധമായ.

Semi, *a.* അൎദ്ധം or പകുതി; 's. circle വൃത്താൎദ്ധം, അൎദ്ധവൃത്തം'; 's. form അൎദ്ധാകൃതി, അൎദ്ധാകാരം'.

Seminary, *n.* ഞാറുനിലം, പാകുനിലം, ബീജാരോപണസ്ഥലം; ശിക്ഷണാലയം, വിദ്യാമന്ദിരം.

Semi-vowel, *n.* അന്തസ്ഥം.

Sempiternal, *a.* നിത്യമായ, മുടിവില്ലാത്ത, നാശമില്ലാത്ത.

Sempstress, *n.* സൂചിക, തുന്നൽക്കാരത്തി, തയ്യൽക്കാരത്തി.

Senate, *n.* വൃദ്ധസഭ, ശിഷ്ടസഭ, മന്ത്രിസഭ, സചിവസഭ, ആലോചനാസഭ, പ്രതിനിധിസഭ; **-or**, *n.* വൃദ്ധസദസ്യൻ, സഭാംഗം.

Senatus, *n.* കലാശാലാനിൎവ്വാഹകസംഘം.

Send, *v. t. or v. i.* അയയ്ക്കുക, എറിയുക, പോക്കുക, സംപ്രേഷിപ്പിക്ക, വിസൎജ്ജിക്ക; 's. for വിളിക്കുക, ആനയിക്കുക'; **-er**, *n.* അയയ്ക്കുന്നയാൾ, പ്രേഷകൻ, പ്രേരകൻ.

Senescence, *n.* പ്രായമാകൽ; ക്ഷീണം; ജീൎണ്ണിപ്പ്.

Seneschal, (sen'e-shal), *n.* കാൎയ്യക്കാരൻ, പാൎവ്വത്യക്കാരൻ, മേൽനോട്ടക്കാരൻ.

Senile, *a.* മൂത്ത, മൂപ്പായ, വൃദ്ധമായ, ജരാജന്യമായ; **-ity**, *n.* വൃദ്ധത്വം, ജര, വാൎദ്ധക്യം, **-Senility**, *n.* കിഴവത്തം.

Senior, *n.* മൂത്തവൻ, ജ്യേഷ്ഠൻ, അഗ്രജൻ; ഗുരു, ഗുരുജനം, ആൎയ്യജനം; മൂപ്പൻ; *a.* മൂത്ത, പ്രായക്കൂടുതലുള്ള, വിശിഷ്ടമായ, വരീയസ്സായ; **-ity**, *n.* മൂപ്പ്, ജ്യേഷ്ഠത, വരിഷ്ഠത, വയോജ്യേഷ്ഠത.

Senna, *n.* നിലാവാകയില.

Sennight (sen'nit), *n.* ഒരുവാരം, ഏഴുനാൾകാലം, സപ്തരാത്രം, സപ്താഹം.

Sense (sens), *n.* പുനൽ, ഇന്ദ്രിയം, ഹൃഷീകം, വിഷയി, ഇന്ദ്രിയവൎഗ്ഗം, പഞ്ചേന്ദ്രിയങ്ങൾ; ഉണൎവ്, അറിവ്, വേദനം, ബോധം, ജ്ഞാനം, ഗ്രഹണം, സംവേദനം, ഇന്ദ്രിയബോധം; ബുദ്ധി, മതി, ധീ, ചിത്തവൃത്തി, പ്രജ്ഞ; ചേതന, അനുഭവം; 's. of obligation കൃതജ്ഞത, കൃതവേദിത്വം'; 's. of pleasure സുഖബോധം, സുഖാനുഭവം'; 'come to s. s, recover one's s. s സംജ്ഞയുണ്ടാക, ചേതനലഭിക്കുക'; 'loss of s. s ബുദ്ധിനാശം; 'common s. വിവേകം', 'good s. സുബുദ്ധി, സദ്ഭാവം'; 'out of s. s വിഗതചേതനമായ, നഷ്ടജ്ഞാനമായ, നഷ്ടേന്ദ്രിയമായ'; മതം, അഭിപ്രായം, ഉദ്ദേശം, ആശയം, ആകാങ്ക്ഷ; അൎത്ഥം, ഭാവം, പൊരുൾ; **-ible**, *a.* അറിയപ്പെടാവുന്ന, ഇന്ദ്രിയഗോചരമായ, ഇന്ദ്രിയജ്ഞേയമായ, പ്രത്യക്ഷമായ; ഇന്ദ്രിയാൎത്ഥഗ്രാഹിയായ, വിഷയഗ്രാഹിയായ, ഗ്രഹണസമൎത്ഥമായ; അറിവുള്ള; ജ്ഞ, വേദി in comp; സംജ്ഞയുള്ള, ബോധമുള്ള, സചേതനമായ, ജ്ഞാനക്ഷമമായ; ബുദ്ധിയുള്ള, ജ്ഞാനമുള്ള, വിവേകിയായ, ബുദ്ധിശാലിയായ, ധീസമ്പന്നമായ, വിചക്ഷണമായ, പ്രാജ്ഞമായ; ഉപപന്നമായ, ഉചിതമായ, സംഗതമായ, സമഞ്ജസമായ, സയുക്തികമായ, യുക്തിപൂൎവ്വമായ; **-ibility**, *n.* ഉണൎവ്, അറിവാനുള്ള കഴിവ്, ഗ്രഹണശക്തി; സൂക്ഷ്മബോധം, ശീഘ്രബോധം; വേദനം, അനുഭവം, സംജ്ഞ; **-ibly**, *adv.* പ്രത്യക്ഷമായി; സുബുദ്ധിപൂൎവ്വം, ബോധപൂൎവ്വം, ജ്ഞാനപൂൎവ്വം, ഭ്രമമില്ലാതെ; **-less**, *a.* അറിവില്ലാത്ത, അചേതനമായ; ചേതനയില്ലാത്ത, നിഃസംജ്ഞമായ, നഷ്ടചൈതന്യമായ, സംജ്ഞാഹീനമായ; ദുൎബ്ബുദ്ധിയായ, ബുദ്ധിഹീനമായ, മൂഢമായ, മൂൎഖമായ, മയത്തരമായ; ചേരാത്ത, അയുക്തമായ, അനുപപന്നമായ, അനുചിതമായ; നിരൎത്ഥകമായ, അസംബദ്ധമായ; **-lessly**, *adv.* മയത്തരമായി, മൂഢമായി; **-Sensitive**, *a.* ചേതനയുള്ള, സചേതനമായ, വിഷയഗ്രഹണസമൎത്ഥമായ; വേഗമറിയുന്ന, സൂക്ഷ്മവേദിയായ; ചലേന്ദ്രിയമായ, പെട്ടെന്നു ക്ഷോഭിക്കുന്ന, മൃദുപ്രകൃതിയായ, കോമളഹൃദയമായ; ഉളുപ്പുള്ള, നാണമുള്ള, ലജ്ജാലുവായ, ലജ്ജാവത്തായ; 's. plant തൊട്ടാവാടി'; **-ly**, *adv.* പൊടുന്നനവേയുള്ള അറിവോടെ, ശീഘ്രജ്ഞാനേന; **-ness**, *n.* ഉളുപ്പ്, സൂക്ഷ്മചൈതന്യം, ശീഘ്രബോധം; **-Sensitize**, *v. t.* ശീഘ്രവികാരം വരുത്തുക, ഛായാപടകടലാസുണ്ടാക്കുക; **-Sensory**, *n.* ജ്ഞാനേന്ദ്രിയകേന്ദ്രം, മജ്ജാകേന്ദ്രം, മൎമ്മം; **-Sensual** (-shu-), *a* ഇന്ദ്രിയ, വിഷയ .in

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

comp; ഇന്ദ്രിയസംബന്ധമായ;' s. pleasures വിഷയസുഖങ്ങൾ, വിഷയാസക്തി'; (of persons) ഇന്ദ്രിയസുഖനിരതനായ, വിഷയാസക്തനായ, വിഷയോപസേവിയായ; -ist, *n.* വിഷയി, വിഷയാസക്തൻ, ഭോഗാസക്തൻ; -ity, -ness, *n.* വിഷയാസക്തി, വിഷയവശത, വിഷയപരായണത, ഭോഗാസക്തി, കാമാസക്തി, ഇന്ദ്രിയസുഖനിരതി; -Sentient, *a.* ഉണർവുള്ള, ചിന്താശക്തിയുള്ള, സചേതനമായ, ചേതനാവത്തായ, ചൈതന്യവിശിഷ്ടമായ, പ്രാണവിശിഷ്ടമായ; *see* Sensible; 'a s. being പ്രാണി, ദേഹി, ശരീരി, ജീവൻ, ചേതനം'; -Sensation, *n.* പ്രത്യക്ഷം; സംവേദനം, ബോധം, ജ്ഞാനം, ഉപലബ്ധി, ചേതന, അനുഭവം; വികാരം, വിക്രിയ.

Sensorium, Sensory, *n* തലച്ചോറ്, മസ്തിഷ്കം, ജ്ഞാനകേന്ദ്രം, ചേതനാനിലയം, ബുദ്ധി, മൂള.

Sensory, *a.* ഉണർവുനരമ്പുകളെ സംബന്ധിച്ച, സംവേദനസംബന്ധമായ, സംവേദകമായ.

Sentence, *n.* തീർപ്പ്, വിധി, നിർണ്ണയം, ദണ്ഡാജ്ഞ; വിചാരം, നിശ്ചയം, സങ്കല്പം, അഭിപ്രായം; വാക്യം, ഉക്തി, വാചകം, പദസമൂഹം; സൂത്രം; *v. t.* വിധിക്കുക, തീർപ്പുകല്പിക്ക, കുറവാളിയെന്നു തീരുമാനിക്ക, ശിക്ഷിക്ക; -Sententious, *a.* സാരമായ, സത്തായ, ചുരുക്കമായ, ദാംഭികമായ.

Sentiment, *n.* മതം, അഭിപ്രായം, ബുദ്ധി, മതി; സങ്കല്പം, കല്പന; അർത്ഥം; *see* Sense, Idea; ഭാവം, രസം, രാഗം; 's. of love ശൃംഗാരരസം'; -al, *a.* രസികമായ, സരസമായ, രസാത്മകമായ, രസഭൂയിഷ്ഠമായ, വികാരപരമായ; കാല്പനികമായ, ഭാവിതമായ.

Sentinel, Sentry, *n.* പടക്കാവൽക്കാരൻ, മുറക്കാരൻ, രക്ഷി, രക്ഷാപുരുഷൻ, രക്ഷകൻ.

Separate, *v. t.* പിരിക്കുക, വേർപെടുത്തുക, വിയോജിപ്പിക്ക, അകറ്റുക; പ്രത്യേകം പ്രത്യേകമാക്കുക, വിശ്ലേഷിപ്പിക്ക, വിഭജിക്ക, വിഗമിപ്പിക്ക; *v. i.* വേർപെടുക, വിയോജിക്കുക, ഭിന്നമാക; -ed, *a.* വേർപെട്ട, ഭിന്നമായ, വിഭക്തമായ, വിച്ഛിന്നമായ; -ion, *n.* വേർപാട്, വിയോഗം, വിരഹം, വിപ്രയോഗം, വ്യതിരേകം, വിച്ഛേദം; ഭിന്നത, പാർത്ഥക്യം, പൃഥഗ്ഭാവം; വ്യാസംഗം, വിഘടനം, വിവേകം; 'afflicted by s. വിരഹാതുരമായ, വിരഹപയ്യൽസുകമായ, വിധുരമായ'; -ly, *adv.* ഓരോന്നായി, പ്രത്യേകമായി, വിഭിന്നമായി; -ness, *n.* വേർപെട്ട അവസ്ഥ, പാർത്ഥക്യം; -Separable, *a.* വേർപെടുത്താവുന്ന, വിഭാജ്യമായ, വിയോജ്യമായ, വിച്ഛേദ്യമായ, പിരിക്കാവുന്ന; 'not s. നിത്യസ്ഥായിയായ, പ്രകൃതിസ്ഥമായ'.

Sepoy, *n.* ശിപായി, ഇൻഡ്യൻഭടൻ.

Sepsis, *n.* അഴുകൽ, അലിയൽ, വിലയനം.

Septangular, *a.* സപ്തകോണമായ, എഴുകോണായ.

September, *n.* സപ്റ്റെമ്പർമാസം, ചിങ്ങം കന്നിമാസം.

Septenary, *a.* ഏഴായ; *n.* സപ്തകം.

Septennial, *a.* സപ്തവാർഷികമായ.

Septic, -cal, *a.* അഴുക്കുന്ന, ചീയിക്കുന്ന.

Septilateral, *a.* സപ്തഭുജമായ, സപ്തപാർശ്വമായ.

Septuagenarian, .. എഴുപതുവയസ്സുള്ള.

Septum, *n.* ഇടച്ചുമര്; മഹാബീജം, വിപം, കള്ളി.

Sepulchre (sep'ul-kĕr), *n.* സമാധി, ശവക്കുഴി, ശവമന്ദിരം, പ്രേതവാസം. ശ്മശാനം, ശവഗർത്തം; -Sepulchral, *a.* (*n.*) in comp; -Sepulture, *n.* ശവം പുതയ്ക്കൽ, ശവംകുഴിച്ചുമൂടൽ; പ്രേതകർമ്മം.

Sequel, *n.* ഉത്തരം, ഉത്തരഭാഗം, ശേഷം, പരിശിഷ്ടം. അനുബന്ധം; പരിണാമം.

Sequence, *n.* അനുക്രമം, ക്രമം, പിൻതുടർച്ച, വരി, അന്വയം, ആനുപൂർവ്യം, പരമ്പര.

Sequester, Sequestrate, *v. t. or v. i.* അകറ്റുക, പിരിക്കുക, വേറാക്കുക, വിയോജിപ്പിക്ക, മാററിവയ്ക്കുക, പിരിച്ചുവയ്ക്കുക; -ed, *a.* തനിച്ച, നിർജ്ജനമായ, ഏകാന്തമായ, ഒതുങ്ങിയ.

Seraglio (seral'yo), *n.* അന്തഃപുരം, അവരോധം, അന്തർഗൃഹം.

Seraph (ser'af), *n.* ഉയർന്നതരം, ദേവദൂതൻ, ദേവത; pl. -phs or -phim; -Seraphic, *a.* ദേവനെ സംബന്ധിച്ച, പരിശുദ്ധമായ, ദിവ്യമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Sere (sēr), *a.* ഉലന്ന, ഉണങ്ങിയ, വാടിയ, ശുഷ്കമായ, മ്ലാനമായ, വിശീർണ്ണമായ.

Serenade, *n.* രാത്രിയിൽ വെളിസ്ഥലത്തു വെച്ചു് പാടുംപാട്ടു്,

Serene (sē-rēn′), *a.* ശാന്തമായ, പ്രശാന്തമായ, പ്രസന്നമായ, അക്ഷുബ്ധമായ, സ്ഥിരമായ, നിഷ്കലമായ; (sky) നിരഭ്രമായ, കാറില്ലാത്ത, തെളിഞ്ഞ, സ്വച്ഛമായ, നിർമ്മലമായ, വിമലമായ; **-ly,** *adv.* തെളിവോടെ, തെളിവായി, പ്രസന്നമായി, പ്രസന്നചേതസ്സോടെ; **-ity, -ness,** *n.* തെളിവു്, തെളിച്ചം, പ്രശാന്തം, പ്രസാദം, അസംഭ്രമം, പ്രസന്നത, നിരഭ്രത, നിർമ്മലത.

Serf, *n.* ഊഴിയക്കാരൻ, അടിമ, അടിയാൻ, ദാസൻ; **-dom,** *n.* അടിമത്തം, ദാസ്യം, ദാസവൃത്തി.

Serge, *n.* ഒരുതരം നേർത്ത കമ്പിളിത്തുണി, സെർജ്.

Sergeant (sār′jent), *n.* പട്ടാളഉദ്യോഗസ്ഥൻ, അമീനാ, പോലീസ് ഉദ്യോഗസ്ഥൻ.

Seriatim, *adv.* ഒന്നിനുപുറകേഒന്നായി, ഓരോന്നായി, യഥാക്രമം.

Sericulture, *n.* പട്ടുപുഴവളർത്തൽ, പട്ടുവ്യവസായം.

Series (sē′rēz), *n.* sing. and pl. മാല, പരംപര, രാജി, ശ്രേണി, പോക്കു്, പരിപാടി, ആനുപൂർവ്യം; **-Serial,** *a.* പരമ്പരയായ, അനുക്രമമായ, യഥാക്രമമായ, ക്രമാനുസാരിയായ, വരിവരിയായ.

Serious, *a.* ഗൌരവമായ, ഗംഭീരമായ, ധീരമായ, ധീരദർശനമായ; ഗുരുവായ, അനപേക്ഷ്യമായ; കളിയില്ലാത്ത, വിനോദശീലമല്ലാത്ത; **-ly,** *adv.* ഗൌരവത്തോടെ, ഗംഭീരമായി; കളിയല്ലാതെ, സത്യമായി; **-ness,** *n.* ഗൌരവം, ഗാംഭീര്യം, ധൈര്യം, അവിനോദം.

Sermon, *n.* ധർമ്മോപദേശം, ധർമ്മവ്യാഖ്യാനം; **-Sermonize,** *v. i.* ധർമ്മോപദേശം ചെയ്യുക, ജ്ഞാനോപദേശംചെയ്യുക, പ്രസംഗിക്കുക, ചട്ടമിടുക.

Serous (-us), *a.* മേദസ്സായ, മേദുരമായ.

Serpent, *n.* സർപ്പം, പാമ്പു്, നാഗം, ഉരഗം; വഞ്ചകൻ, ചതിയൻ; **-ine,** *a.* ഇഴയുന്ന, വളഞ്ഞ, വക്രമായ, കുടിലമായ.

Serpigo, *n.* തഴുതണം, ദദ്രുമണ്ഡലം, മണ്ഡലം, മണ്ഡലകുഷ്ഠം.

Serrate, -ed, *a.* പല്ലുപല്ലായ, കരപത്രനിഭമായ, ക്രകചതുല്യമായ, ദന്തുരമായ.

Serried, *a.* തിങ്ങിയ, തിങ്ങിവിങ്ങിയ; തച്ചമർത്തിയ; തടിച്ച; സംശ്ലിഷ്ടമായ.

Serum, *n.* മേദസ്സു്, വസ, വപ; 's of milk തൈർവെള്ളം'; **-Serous,** *a.* നേർമ്മയായ, നേർത്ത, വെള്ളമായ; മേദസ്സസംബന്ധിച്ച.

Serve, *v. t.* സേവിക്കുക, ശുശ്രൂഷിക്കുക, ഉപാസിക്കുക, പരിചരിക്കുക, വേണ്ടി വേല ചെയ്യുക; അനുവർത്തിക്കുക, അനുസരിക്കുക; ഉപകരിക്കുക, അനുഗ്രഹിക്കുക, ഉപചരിക്കുക, സാഹായ്യംചെയ്യുക; സാധിപ്പിക്കുക, പ്രവർത്തിപ്പിക്കുക, നിവർത്തിപ്പിക്കുക; മതിയാക, ഉചിതമായിഭവിക്ക; വിളമ്പുക; പകരം ആയിരിക്കുക; (കോടതികല്പന) നടത്തുക; വർത്തിക്കുക, കാലംകഴിക്കുക; ശിക്ഷയനുഭവിക്ക; തുണയെടുക്ക; പന്തടിച്ചുകൊടുക്ക; ചുടിവരിയുക; *v. i.* ദാസനായിരിക്ക, വിടുപണിചെയ്യുക; സർക്കാർജോലിനോക്കുക; മതിയായിരിക്ക, ഉതകുക; പന്തടിച്ചുകൊടുക്ക; **-ant,** *n.* വേലക്കാരൻ, ഭൃത്യൻ, അനുജീവി, ഉപജീവി, ചേടൻ, പ്രേഷ്യൻ, അനുചരൻ, പരിചാരകൻ, നിയോജ്യൻ, ഉപാസകൻ; **-Service** (*is*), *n.* ഉദ്യോഗം, തൊഴിൽ, കടമ, ഭക്തി, ആരാധന, പണി, ഊഴിയം, വേല, വണക്കം, വന്ദനം, കീർത്തനം, വിളമ്പു്, അനുസരണം, ഉപകാരം, സാഹായ്യം, ഉപകൃതി, അനുഗ്രഹം, ഹിതം, അർത്ഥം, ഉപയോഗം; **-able,** *a.* ഉപയോഗമുള്ള, ഉപയോഗിയായ, ഉപകാരിയായ, സഹായഭൂതമായ; കാര്യക്ഷമമായ, കർമ്മകുശലമായ; **-ably,** *adv.* ഉപയോഗമായി, ഉപകാരമായി; **-Servile,** *a.* അടിമത്തരമായ, അടിപണിയുന്ന, ദാസോചിതമായ, ദാസ-ദാസ്യ in comp; അതിചാടുപരമായ, ശാവൃത്തിയായ, അതിലാളനപരമായ; **-ity,** *n.* ദാസ്യം, കാല്പനക്കൽ, കാല്ക്കൽ വീഴൽ; ശാവൃത്തി, അതിലാളനം; **-ly,** *adv.* ദാസതുല്യം, അടിമയെപ്പോലെ, അതിലാളനപൂർവ്വം, **-Servitor,** *n.* വേലക്കാരൻ, *see* **Servant; -Servitude,** *n.* അടിമത്തം, ഊഴിയം, ദാസ്യം, ഭൃത്യഭാവം, കിങ്കരത്വം, സേവ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Sesame, Sesamum, *n.* എള്ളുചെടി, തിലം.

Session (sesh'un), *n.* കൂടിയിരിക്കൽ; ഒന്നിച്ചുവരവു്, യോഗം, സഭായോഗം; വിചാരണസഭ, കുററവിചാരണ, സെഷൻ; സഭായോഗകാലം, കാര്യനിർവാഹകാലം.

Set, *v. t.* ഇരുത്തുക, ഇടുക, വയ്ക്കുക; നിത്തുക, സ്ഥാപിക്കുക, ഉറപ്പിക്കുക; നിലയ്ക്കുനിത്തുക, ആക്കുക, തടസ്സപ്പെടുത്തുക, കെട്ടുക, വിഷമിപ്പിക്ക; മനസ്സുറപ്പിക്ക, കഠിനപ്പെടുത്തുക; നാട്ടുക, നടുക, കഴിച്ചിടുക; പരിക്കുക, അമുഴ്ത്തുക, വെക്കുക; കട്ടിയാക്കുക, തൈരാക്കുക; ക്രമപ്പെടുത്തുക, നന്നാക്ക; മൂച്ചപ്പെടുത്തുക, ചാണയ്ക്കുവയ്ക്കുക; വിരിക്കുക, നിവത്തുക; (ഗാനം) തുടങ്ങുക; ഉളുക്കുക, ഉളുക്കുമാററുക; താഴ്ത്തുക; വാതുകെട്ടുക; പദം രാഗത്തിനൊപ്പിക്ക; രീച്ചപ്പെടുത്തുക, കുറിക്കുക; ശൃംഗരിക്ക, അലങ്കരിക്ക; വിലമതിക്കുക, ഗണ്യമാക്കുക; മണംപിടിച്ചു വേട്ടമൃഗത്തെ കാട്ടുക; നൽകുക, കൊടുക്ക, കല്പിക്കുക, നിയമിക്ക; അച്ചക്ഷരംചേക്ക, അക്ഷരംപെറുക്കിവയ്ക്കു; 'to s. against വിപരീതമാക്കുക, എതിക്കുക, പകരംവയ്ക്കുക'; 'to s. agoing ചലിപ്പിക്ക, നടത്തുക, തുടങ്ങുക, മുതലിക്ക, ആരംഭിക്ക'; 'to s. apart വകതിരിച്ചുവയ്ക്കുക, വേറേവയ്ക്കുക'; 'to s. aside വിട്ടുകളയുക, മാററുക, വിഗണിക്കുക, ദുർബലപ്പെടുത്തുക, വേർതിരിച്ചുവയ്ക്കുക'; 'to s. at defiance അലക്ഷ്യമാക്കുക, തുച്ഛീകരിക്ക, വീരവാദംചെയ്യുക'; 'to s. at ease അടക്കുക, ശമിപ്പിക്ക, ശാന്തമാക്ക'; 'to s. at naught നിന്ദിക്കുക, പുച്ഛിക്കുക, അനാദരിക്ക'; 'to s. at work, to s. to work പ്രവൃത്തിചെയ്യിക്കുക, ആരംഭിപ്പിക്ക, പ്രവൃത്തിക്കു പുറപ്പെടുക'; 'to s. before കാണിക്ക, മുൻപാകെവയ്ക്കുക'; 'to s. by നീക്കിവയ്ക്കുക, തള്ളുക; വിലവയ്ക്കുക'; 'to s. by the compass ദിക്കറിയുക, നിലയറിയുക'; 'to s down എഴുതിവയ്ക്കുക, രേഖപ്പെടുത്തുക; സ്ഥാപിക്ക, താഴ്ത്തുക'; 'to s. eyes on കാണുക, നോക്കുക, കണ്ണുവയ്ക്കുക'; 'to s. forth കാട്ടുക, പ്രസിദ്ധപ്പെടുത്തുക'; 'to s. forward മുൻപോട്ടുന്തുക, അഭിവൃദ്ധിപ്പെടുത്തുക'; 'to s. free സ്വതന്ത്രമാക്ക, വിട്ടുതൽചെയ്യുക'; 'to s. milk പാൽ പാടകെട്ടാൻവയ്ക്കുക, ഉറകൂട്ടാൻ വയ്ക്കുക, തൈരാക്കുക'; 'to s. much by കാര്യമായി വിചാരിക്ക'; 'to s. little by നിസ്സാരമായി വിചാരിക്കുക'; 'to s. off വേർതിരിച്ചുവയ്ക്കു'; 'to s. off against തമ്മിൽ തട്ടിക്കഴിക്കുക'; 'to s on or upon ഉത്സാഹിപ്പിക്ക, കുത്തിയിളക്കുക, കുത്തിപ്പൊന്തിക്കുക'; 'to s. one's cap for വിവാഹാത്ഥം ശ്രമിക്കുക'; 'to s. oneself against വിരോധംകാട്ടുക, വിരോധിയായിരിക്കുക'; 'to s on foot ആരംഭിക്കുക, തുടങ്ങുക'; 'to s. out പകിട്ടുക, ഭാഗിക്കുക'; വിലസുക, തയ്യാറാക്കുക; ഒരുക്കുക. പ്രദർശിപ്പിക്ക, പ്രസ്താവിക്ക; പറയുക; 'to s. over മേലേവയ്ക്കുക, അധികാരിയായിവയ്ക്കുക, വീർ കാട്ടുക'; 'to s. right നന്നാക്കുക, തിരുത്തുക, ശരിപ്പെടുത്തുക'; 'to s. tail (കപ്പൽ) ഓട്ടംതുടങ്ങുക, കപ്പൽ പുറപ്പെടുക'; 'to s. to (മുദ്ര)വയ്ക്കുക, (മുദ്ര)ഇടുക'; 'to s. up ഉണ്ടാക്കുക, പണിയിക്ക, ഉയത്തുക, പണികഴിപ്പിക്ക'; പ്രവൃത്തിക്കാക്കുക; *v. i.* അസ്തമിക്ക, അസ്തംഗമിക്ക, കാണാതാകുക, മറയുക; നടുക, നാട്ടിപ്പണിചെയ്ക; മുളയ്ക്കുക; ഞെറിവരിക; കട്ടപ്പമാക, ഉറക്കുക; കല്പിക്കുക; ഗതിയായിരിക്കുക, ഒഴുകുക; (out) പുറപ്പെടുക; മണംപിടിക്ക; (out) പരിശ്രമിക്ക, യത്നിക്ക; പററുക, സംബന്ധമാക; 'to s. about ആരംഭിക്ക, പ്രവത്തിക്ക'; 'to s. forward നടക്കുക, യാത്രതുടങ്ങുക'; 'to s. in തുടങ്ങുക, ഉറയ്ക്കുക, ഏററമുണ്ടാക'; 'to s. off പുറപ്പെടുക; മറുകടലാസിൽ പതിഞ്ഞുപോക'; 'to s. out പുറപ്പെടുക, തുടങ്ങുക'; 'to s. to ശ്രമിക്ക, യത്നിക്ക'; 'to s. up പ്രവൃത്തിക്കാരംഭിക്കുക, നടിക്ക, നാട്യംകാണിക്കുക'; *a.* ഉറച്ച, ഉറപ്പുള്ള, സ്ഥിരമായ, സ്ഥാപിതമായ, ന്യസ്തമായ, നിവേശിതമായ, വെച്ച; നിയതമായ, ക്രമമായ, പരികല്പിതമായ, ഏകരൂപമായ, വിന്യസ്തമായ, സുവിരചിതമായ; ശരിപ്പെടുത്തിയ, ഖചിതമായ, അന്വവിദ്ധമായ, പ്രതിബദ്ധമായ, കരംബിതമായ; *n.* അസ്തമയം, അവസാനം; തൈ, ഞാറു; കലച്ചിൽ; ഒരുമാതിരിച്ചുററിക; കൂട്ടം; പരിഷ, ഗണം; ഗതി, പോക്കു; നടനസംഘം; വാഴപ്പിള്ളിന്റെ വളവു്;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വര, ചൂതു്; അച്ചക്ഷരസംഹതി; **-ter,** *n.* ചേർന്നയാൾ, യോജയിതാവു്, പ്രതിഷ്ഠാപകൻ; വേട്ടപ്പട്ടി, മൃഗയാകുക്കരം; **-ting,** *n.* വെപ്പ്, ചേപ്പ്, യോജന, സന്നിവേശം, സ്ഥാപനം, രോപണം; അസ്തം, അസ്തമയം, അസ്തമനം; **-Setdown,** *n.* ആക്ഷേപം, അപകർഷണം, അഭിഭവം, മനഭംഗം; **-Setoff,** *n.* തട്ടിക്കഴിപ്പ്, ഒരേ വിലയുള്ള വസ്തു; ഈടു്, അലങ്കാരം.

Setateous (-shus); *a.* മുൾരോമമുള്ള, ശൂകയുക്തമായ.

Seton, *n.* (വ്രണം അടയാതെവയ്ക്കുന്ന) കാരത്തിരി, പരുത്തിത്തിരി.

Settee, *n.* ചാരുള്ള നീണ്ടപീഠം.

Settle, *v. t.* സ്ഥാപിക്കുക, തീർച്ചപ്പെടുത്തുക, ഉറപ്പിക്കുക; വ്യവസ്ഥാപിക്ക, പ്രതിഷ്ഠിക്ക; (lands etc.) കൊടുക്കുക, ചേർക്കുക; കുടിപാർപ്പിക്ക, അധിവസിപ്പിക്ക; സ്ഥിരീകരിക്ക, സ്വസ്ഥമാക്കുക; അടക്കുക, ഒതുക്കുക, പ്രശമിപ്പിക്ക, സമാധാനപ്പെടുത്തുക; തെളിയിക്ക, പ്രസാദിപ്പിക്ക, അടിക്കൊള്ളുക, അടിയിപ്പിക്ക; ഘനീഭവിപ്പിക്ക, കണക്കുതീർക്കുക; വിരചിക്ക, വിന്യസിക്ക, ക്രമപ്പെടുത്തുക; *v. i.* വ്യവസ്ഥപ്പെടുക, സ്ഥിരീഭവിക്കുക, ഉറയ്ക്കുക, പാർക്കുക, പാർപ്പുറപ്പിക്ക, അടങ്ങുക, ഒതുങ്ങുക, പ്രശമിക്ക, വിശ്രമിക്ക; താഴെയടിയുക, അമരുക, പ്രസന്നമാക; തെളിയുക, കട്ടിയാക; **-ed,** *a.* ഉറച്ച, തീർച്ചയായ, സ്ഥാപിതമായ, പ്രതിഷ്ഠിതമായ; നിയതമായ, നിശ്ചിതമായ, തീർച്ചപ്പെടുത്തിയ, വ്യവസ്ഥിതമായ, സിദ്ധമായ, നിഷ്പന്നമായ; **-ing, -ment,** *n.* സ്ഥാപനം, സ്ഥാപിക്കൽ; തീർച്ച, നിർണ്ണയം, അവധാരണം; സന്ധാനം, അടക്കം, പ്രശമം, പ്രശമനം, സന്ധി, സമാധാനം; കുടിയേറ്റം, പാർപ്പുവ്യവസ്ഥ; അധിവാസിതദേശം, കുടിപാർപ്പു സ്ഥലം; 's. in life വിവാഹം, ഗൃഹസ്ഥാശ്രമപ്രതിഷ്ഠ'; **-er,** *n.* കുടിയേറ്റക്കാരൻ, പാർപ്പുകാരൻ.

Seven (sev'n), *n.* ഏഴ്; *a.* ഏഴ്; **-fold,** *a.* ഏഴുമടങ്ങായ, സപ്തഗുണമായ; *adv.* ഏഴുവിധത്തിൽ, സപ്തഗുണമായി; **-th,** *a.* ഏഴാമത്തെ, സപ്തമം; **-Seventeen,** *a.* പതിനേഴ്; **-th,** *a.* പതിനേഴാമത്തെ; **-Seventy,** *a.* എഴുപതു്.

Sever, *v. t.* അറുക്കുക, തുണ്ടിക്കുക, പിളുക്ക, ഛേദിക്ക, ഖണ്ഡിക്ക, പിരിക്കുക, വേറാക്കുക, വിശ്ലേഷിപ്പിക്ക, വിഭേദിപ്പിക്ക; **-al,** *a.* പിരിഞ്ഞ, തുണ്ടിച്ച, വേറായ, ഭിന്നമായ, പലതായ, അനേകമായ, വളരെ, ചില; തനിത്തനിയായ; സ്വ, ആത്മ -in comp; *see* **Respective; -ance,** *n.* വേറാക്കൽ, പിരിക്കൽ, ഛേദനം, വിച്ഛേദം, വിഭേദം, പൃഥക്കരണം; **-ally,** *adv.* ഒന്നൊന്നായി, അതതായി, ഒററയൊററയായി; **-alty,** *n.* വേറു്, ഭിന്നത, പൃഥഗ്ഭാവം.

Severe, *a.* ഖരമായ, പരുഷമായ, തീക്ഷ്ണമായ, നിഷ്ഠുരമായ, കഠോരമായ, ചണ്ഡമായ, ഉഗ്രമായ, ഉഗ്രശാസനമായ, തീക്ഷ്ണദണ്ഡമായ, കടുപ്പമായ, കൊടിയ, അധികമായ, ദുസ്സഹമായ, ഘോരമായ, അതിമാത്രമായ, അതിയായ; **-ity,** *n.* കൊടുമ, ക്രൂരം, പാരുഷ്യം, കഠോരത, നൈഷ്ഠുര്യം, കാഠിന്യം, ഉഗ്രദണ്ഡത, തീവ്രത, ദുഃസഹത; കടുത്തശിക്ഷ, തീക്ഷ്ണദണ്ഡം; **-ly,** *adv.* പരുഷമായി, നിഷ്ഠുരമായി കൊടുതായി, കടുപ്പമായി, തീവ്രമായി, ചണ്ഡമായി, അത്യധികമായി.

Sew (sō), *v. t.* തൈക്കുക, ഇണയ്ക്കുക, മൂട്ടുക, തുന്നുക, പുരയ്ക്കുക; **-ed, Sewn,** *a.* തൈച്ച, സ്യൂതമായ, കോർത്ത, പ്രോതമായ; **-ing,** *n.* തയ്യൽവേല, തുന്നൽവേല or പണി, സീവനം.

Sewer (sū'ėr), *n.* ഓട, ഓവ്, അഴുക്കുതോടു്, പ്രണാളി, പരിവാഹം, മലപഥം.

Sex, *n.* സ്ത്രീപുരുഷൻ, ആൺപെൺ എന്നീ ശബ്ദങ്ങളെക്കൊണ്ടു കുറിക്കുന്ന; ഭേദം, മിഥുനം; ജാതി, ലിംഗം; 'the male s. പുംജാതി, പുരുഷജാതി etc; **-ual,** *a.* സ്ത്രീപുരുഷ in comp; ഇണയേസംബന്ധിച്ച, മിഥുനസംബന്ധമായ; 's. intercourse രതം, സുരതം, മൈഥുനം, സംഭോഗം'.

Sexagenarian, *n.* അറുപതുവയസ്സുള്ളവൻ.

Sexangular, *a.* ആറുമൂലയായ, ഷഡസ്രമായ, ഷട്കോണമായ.

Sexennial, . ആറുവർഷത്തിലൊരിക്കലുള്ള, ഷാഡ്വാർഷികമായ.

Sextant, *n.* വട്ടത്തിന്റെ ആറിലൊരുഭാഗം, വൃത്തഷഡ്ഭാഗം.

Sexton, . പള്ളിവക ഉദ്യോഗസ്ഥൻ, പള്ളിയധികാരി, ശവക്കുഴിതോണ്ടുന്നവൻ, വെട്ടിയാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Shabby, *a.* കുത്സിതമായ, കൃപണമായ, ദുഷ്ടമായ, നിന്ദ്യമായ, അധമമായ, തേഞ്ഞ, കൊള്ളരുതാത്ത; മലിനമായ, അഴുക്കായ; ജർജരിതമായ; **-ily**, *adv.* കുത്സിതമായി, മലിനമായി, വൃത്തികേടായി; **-iness**, *n.* കാർപണ്യം, മാലിന്യം.

Shackle, *n.* തളപ്പൂട്ട്, ആമം, വിലങ്ങ്, നിഗഡം, ചങ്ങല, ബന്ധനം; *v. t.* തളയിട്ടുപൂട്ടുക, ആമംവയ്ക്കുക, വിലങ്ങുവയ്ക്കുക, ബന്ധിക്കുക, കെട്ടുക.

Shad, *n.* ഉല്ലൻമീൻ.

Shade, *n.* ഛായ, നിഴൽ, തണൽ, ഇരുൾ, മങ്ങൽ, അന്ധകാരം, തിമിരം തമസ്സ്; മറവ്. മറ. വ്യവധാനം. തിരസ്കരിണി. വിതാനം; ക്രമം, ഭംഗം; പിശാച്; pl. പിതൃലോകം; 's. of difference സൂക്ഷ്മഭേദം, സംപ്ലൃന്തരം, അല്പസ്വല്പവ്യത്യാസം'; 's. of meaning അർത്ഥത്തിന്റെ സൂക്ഷ്മഭേദം'; 'cast into s. തിരസ്കരിക്ക. മറവിൽ തള്ളുക'; *v. t.* നിഴലിടുക, ഇരുളാക്കുക, മറയ്ക്കുക, പ്രകാശം കളക, വെളിച്ചം മറയ്ക്കുക; **-y**, *a.* തണലുള്ള നിഴലുപിണ, ഛായാബഹുലമായ, മൂടിയ, വെയിലില്ലാത്ത, ഛായ in comp.

Shadow (shad'o), *n.* തണൽ, നിഴൽ, ഛായ, ഛായാബിംബം, പ്രതിഛായ, പ്രതിമ, പ്രതിമൂർത്തി; ആശ്രയം, ശരണം; ഇരുൾ, തമസ്സ്, അന്ധകാരം; 'deep s. ഇരുണ്ടനിഴൽ, ഗാഢതമഃപടലം'; ചെറ്, അല്പം, ഗന്ധം, ലേശം. ആഭാസം; പിശാച്, പ്രേതം; *v. t.* മങ്ങലാക്കുക ഇരുളാക്കുക, ജാടയായിക്കുറിക്കുക. അസ്പഷ്ടമായി പ്രത്യക്ഷപ്പെടുത്തുക, പോലെകാട്ടുക, മായ്ക്കുക ആച്ഛാദനംചെയ്ക; **-y**, *a.* നിഴലായ, ഛായാരൂപമായ, ഛായാത്മകമായ, മങ്ങലായ, ഇരുണ്ട, നിജമല്ലാത്ത, ഉള്ളതല്ലാത്ത, മിഥ്യയായ, കള്ളമായ; തണലുള്ള, മങ്ങിയ, മന്ദഛായമായ, മന്ദപ്രഭമായ, മന്ദ or ന്യൂനതേജസ്സായ.

Shaft, *n.* കാണ്ഡം, കാമ്പ്, പിടി, തണ്ട്, ശരക്കോൽ; ബാണം, ശരം, അമ്പ്; അച്ചുതണ്ട്; ദണ്ഡം, തുരങ്കപ്പാത, തുരപ്പപാത, ഖനിമാർഗ്ഗം.

Shag, *n.* ചിട, ജട. സ്ഥൂലരോമം, പരുപരുത്തരോമം; **-gy**, *a.* ചിടപിടിച്ച, രോമം നിറഞ്ഞ, സ്ഥൂലരോമാവൃതമായ; രൂക്ഷമായ, മലിനമായ.

Shah (shä), *n.* പാരസീകരാജാവ്.

Shake, *v. t.* ഇളക്കുക, കുലുക്കുക, ഉലയ്ക്കുക, വിറപ്പിക്ക, കമ്പിപ്പിക്ക, കമ്പനംചെയ്യിക്ക, ക്ഷോഭിപ്പിക്ക; തകർക്കുക, ബലഹീനപ്പെടുത്തുക, ആകലീകരിക്ക, ഉടവുണ്ടാക്കുക; *v. i.* കുലുങ്ങുക, ഇളകുക, ഉലയുക, വിചലിക്കുക, വേല്ലനംചെയ്ക, ക്ഷോഭിക്കുക; *n.*, **-ing**, *n.* ഇളക്കം, ഉലവ്, വിറ, കമ്പം, ചലനം, വേപനം, ക്ഷോഭം; **-ing**, *a.* ഇളകുന്ന, വിറയ്ക്കുന്ന, ലോലമായ, സകമ്പമായ, തരളമായ, ചഞ്ചലമായ, പരിപ്ലവമായ; ക്ഷോഭകാരിയായ; **-y**, *a.* കുലുക്കമുള്ള, ഉറപ്പില്ലാത്ത, അസ്ഥിരമായ, ലോലമായ; *see* **Fickle.**

Shall, *aux. v.* ഉം, ഭാവികാലവാചി.

Shallop, *n.* ചെറുവള്ളം, ചെറുവഞ്ചി, ഒററപ്പായ്മരക്കപ്പൽ, ഇരട്ടപ്പായ്മരക്കപ്പൽ.

Shallow (shal'o), *a.* ആഴമില്ലാത്ത, മേൽമട്ടമായ, ഉത്താനമായ, അഗംഭീരമായ, അല്പജലമായ, നികന്ന, അല്പബുദ്ധിയായ; 's. knowledge പല്ലവഗ്രാഹി പാണ്ഡിത്യം'; *n.* തിടർ, തിട്ട, സൈകതം, പുളിനം.

Sham, *n.* ജാട, തന്ത്രം, നാട്യം, കള്ളം, വ്യാജം; *a.* തന്ത്രമായ, കള്ളമായ, വ്യാജമായ, കപടമായ; *v. i.* നടിക്കുക.

Shamble, *v. i.* വല്ലാതെ നടക്കുക.

Shambles, *n.* pl. കൊലക്കളം, കശാപ്പുസ്ഥലം.

Shambling, *a.* വക്രമായ, വളഞ്ഞ, വിരൂപമായ; ചഞ്ചലമായ, ചപലമായ, ഇളക്കമുള്ള, വിഷമമായ.

Shame, *n.* നാണം, ലജ്ജ, ത്രപ, വ്രീഡ; അപമാനം, ദുഷ്കീർത്തി, കളങ്കം, ലജ്ജാസ്പദം, അകീർത്തിഹേതു; *v. t.* ലജ്ജിപ്പിക്ക, നാണിപ്പിക്ക; അപമാനിക്ക, കളങ്കപ്പെടുത്തുക; നിസ്സാരമാക്കുക, ലഘൂകരിക്ക, നിന്ദിക്ക; **-ed**, *a.* നാണമുള്ള, ലജ്ജാശീലമായ; **-ful**, *a.* ലജ്ജാകരമായ, അപകീർത്തികരമായ, ഗർഹ്യമായ; **-less**, *a.* നാണമില്ലാത്ത; നിർലജ്ജമായ; **-lessly**, *adv.* നാണമില്ലാതെ, നിർലജ്ജമായി, ലജ്ജയില്ലാതെ.

Shampoo, *v. t.* ഉഴിയുക, തിരുമ്മുക, തടവുക, കഴുകുക, സോപ്പുതേയ്ക്കുക.

Shank, *n.* കണങ്കാലെല്ല്, ജംഘാസ്ഥി; ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ, ജംഘ, തണ്ട്, കാമ്പ്, ചുററ ന്ന അച്ചാണി, നാരാചം, പിടി.

Shanty, *see* **Hut.**

Shape, *n.* വടിവ്, ററിവടിവ്, ഉരുവം, മാതിരി, തോററം, തോന്നൽ, ആകാരം; *v. t.* കരുക്കൂട്ടുക, രൂപപ്പെടുത്തുക, ഘടിപ്പിക്കുക, രചിക്കുക, ഉണ്ടാക്കുക; **-less,** *n.* വടിവില്ലാത്ത, നിരാകാരമായ, നിരാകൃതിയായ; അരൂപമായ; വിരൂപമായ, കുരൂപമായ; **-ly,** *a.* സുരൂപമായ, സുരേഖമായ, ശുദ്ധാകാരമായ.

Shard, *n.* ഓട്ടുക്കലം, മൺപാത്രക്കഷണം, എല്ലുക, അരിക്; മലം, ചാണകം.

Share, *n.* പകുതി, അംശം, മൂലധനാംശം; കൊഴു, ഇരുമ്പുകൊഴു; 's. holder പങ്കാളി, സഹകാരി, അംശഭാഗി, അംശഗ്രാഹി'; *v. t.* പങ്കിടുക, പകുക്കുക, അംശിക്കുക, ഭാഗിക്കുക; ഭാഗം ലഭിക്ക, ഭാഗം അനുഭവിക്ക; **-er,** *n.* പങ്കുകാരൻ, ഭാഗി.

Shark, *n.* സ്രാവു്; കള്ളൻ (fig.)

Sharp, *a.* കൂർത്ത, തീക്ഷ്ണമായ, കീച്ചുശബ്ദമായ, ഉറത്തുന്ന, നിശിതമായ, സൂക്ഷ്മബുദ്ധിയുള്ള, സാമർത്ഥ്യമുള്ള; കാറമുള്ള, കടുവായ, ഉത്സാഹമുള്ള; *v. i.* വഞ്ചിക്കുക, മോശംചെയ്യുക; *n.* ഉദാത്തം, ഉദാത്തസ്വരം, ഉച്ചസ്വരം; **-en,** *v. t.* കൂർമ്പിക്ക, മൂർച്ചകൂട്ടുക, നിശിതമാക്ക, ഉത്തേജിപ്പിക്ക; രുചിയുണ്ടാക്കുക, ദീപനംഉണ്ടാക്കുക; **-er,** *n.* ചതിയൻ, ധൂർത്തൻ; **-ly,** *adv.* മൂർച്ചയോടെ, കൂർത്തു്, തീവ്രമായി, ഉഗ്രമായി, പരുഷമായി; **-ness,** *n.* കൂർപ്പ്, തീക്ഷ്ണത, സൂക്ഷ്മബുദ്ധി, മതിപ്രകർഷം, പാടവം, പാരുഷ്യം, കാർക്കശ്യം.

Shatter, *v. t.* തകർക്കുക, തറുമാറാക്കുക, കുഴപ്പിക്കെടുത്തുക, തവിടുപൊടിയാക്കുക, ചൂർണ്ണീകൃതമാക്കുക.

Shave, *v. t.* ക്ഷൌരംചെയ്യുക, മൊട്ടയടിക്ക, മുണ്ഡനംചെയ്യുക; *n.* ക്ഷൌരം; സൂത്രത്തിൽ രക്ഷപ്പെടൽ; **-er,** *n.* ക്ഷുരകൻ; വഞ്ചകവ്യാപാരി; **-ing,** *n.* ക്ഷൌരം, മുണ്ഡനം; ചീവൽ, കീററ്, തുണ്ട്, അംശം, ശകലം.

Shawl, *n.* സാൽവ, അംഗവസ്ത്രം, ഉത്തരീയം.

She, *pron.* അവൾ.

Sheaf, *n.* കതിർക്കുല, നെൽക്കുല, സ്തംബം, സ്തബകം; *v. t.* കതിർചേർത്തുകെട്ടുക.

Shear, *v. t.* അറുക്കുക, കത്തിരിക്കുക, കൊയ്യുക; അപഹരിക്ക; **-er,** *n.* അറുക്കുന്നവൻ, രോമച്ഛിദ്; **-ing,** *n.* അറുപ്പ്, കത്തരിക്കൽ, ലാവനം, വപനം, ഛേദനം; **-Shears** (shērz), *n.* pl. വലിയകത്തരി, കത്തരിക, കത്രി.

Sheath, *n.* ഉറ, കൂട്, തോട്, മടൽപാള, കോശം, പിധാനം, പുടം; ഇതൾ, പാള, ദലം; **-Sheathe,** *v. t.* ഉറയിലിടുക, കോശത്തിൽ നിവേശിപ്പിക്ക, പൊതിയുക.

Sheave, *n.* കപ്പിയിൽ കയറോടുന്ന ചക്രം, കപ്പിവണ്ടി, ചക്രം or ചാട്.

Shebean, *n.* താഴ്ന്ന കള്ളുകട.

Shed, *v. t.* പിരിക്കുക, ഇറയ്ക്കുക, തൂവുക, ചിതറിവീഴ്ത്തുക, എറിയുക, വീഴ്ത്തുക, ഒഴുക്കുക, ചിന്തുക, പ്രസരിപ്പിക്ക; *n.* കൊട്ടിൽ, പന്തൽ, കുടിൽ, ഉപഗൃഹം; **-der,** *n.* ചിന്തുന്നവൻ, ഒഴുക്കുന്നവൻ, മോചകൻ, വീഴ്ത്തുന്നവൻ, പാതകൻ.

Sheen, *a.* മിന്നുന്ന, ഉജ്ജ്വലമായ, ദീപ്തിമത്തായ; *n.* മിനുക്കം, പ്രഭ, തേജസ്സ്.

Sheep, *n.* sing. and pl. ചെമ്മരിയാട്, ആട്, മേഷം; **-ish,** *a.* പേടിയുള്ള, ഭീരുവായുള്ള, അപ്രതിഭമായ, ലജ്ജാശീലമായ, നിഷ്പ്രഭമായ, ആട്ടിൻസ്വഭാവമായ; 's. run, s. walk, *n.* ആട്ടുമേയുംതറ'.

Sheer (shēr), *v. i.* അകന്നുപോകുക, മാറിപ്പോകുക, അപസരിക്ക; *n.* കപ്പൽതട്ടിൻവളവു്; *a.* തനിയായ, ശുദ്ധമായ, മാത്രമായ.

Sheers, *n.* pl. കൊററി, ബകം.

Sheet, *n.* പടലം, പാളി, തകട്, തുപ്പട്ടി, കിടക്കവിരിപ്പ്, താള്, കടലാസുകീററ്, കപ്പൽപായ്, കപ്പൽപായിറക്കും കയറ്, വിരിവു്, വർത്തമാനപത്രം.

Sheetanchor (shēt'angk'ėr), *n.* പെരിയ നങ്കൂരം, അവസാനമായ ആധാരം, മുഖ്യാധാരം.

Sheetiron, *n.* ഇരുമ്പുതകട്.

Sheik (sh-ēk), *n.* ഷേക്ക്, കുലപതി.

Shelf, *n.* പരണ്, തട്ട്, ഷെൽഫ്, ചിത്രപീഠം.

Shell, *n.* ഉമി, മേലോട്, തോട്, തൊലി, ഓട്ടി, ചിപ്പി, കക്ക, പുറംഭാഗം, വെടിഗുണ്ട്, വെടിയുണ്ട; *v. t.* or *v. i.* തോടു പൊളിക്ക, ഓട്ടിയുടയ്ക്കുക, വെടിഗുണ്ടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റിയുക, തകക്കുക; **-y,** *a.* ചിപ്പിനിറഞ്ഞ, കംബുമയമായ .

Shelter, *n.* മറവു്, മറ; ആശ്രയം, ശരണം, നിവാസസ്ഥാനം; രക്ഷണം, ത്രാണം; *v. t.* രക്ഷിക്കുക, ശരണംനൽകുക, കാക്കുക, മറയ്ക്കുക, ഇടംകൊടുക്ക; **-less,** *a.* ഇടമില്ലാത്ത, നിരാശ്രയമായ, നിരാലംബമായ, അശരണമായ.

Shelve, *v. i.* ചായുക. ചരിയുക, അവസപ്പിക്കുക, പ്രവണീഭവിക്കുക; *v. t.* തള്ളിക്കളയുക, നിരാകരിക്കുക; **-ing,** *a.* ചരിഞ്ഞ, ചായ്‌വുമുള്ള.

Shepherd (-p-érd), *n.* ഇടയൻ, ആട്ടുമേയ്യുവൻ, മേഷപാലൻ, **-ess,** *n.* ഇടയത്തി.

Sherd, *n.* തുണ്ടു്, ചില്ലു്, ശകലം.

Sheriff, *n.* ഊരാൺമക്കാരൻ, ഗ്രാമത്തലവൻ, ഗ്രാമോദ്യോഗസ്ഥൻ.

Sherry, *n.* സ്പെയിൻദേശത്തെ കള്ളു്.

Shibboleth, *n.* അടയാളവാക്യം, സങ്കേതച്ചൊൽ.

Shield, *n.* ചർമ്മം, ഫലകം; പരിച(ശ), കവചം; ആശ്രയം, ശരണം, ഗുപ്തി; *v. t.* രക്ഷിക്ക, ത്രാണംചെയ്യുക, കാക്കുക.

Shift, *n.* മാറപാടു്, മാററം; യുക്തി, ഗതി, പ്രയോഗം; സൂത്രം, കപടം; അടിയുടുപ്പു്, അന്തരീയം, അധോവസനം; *v. t. or v. i.* മാററുക, അകററുക, ആശ്രയിക്ക, ഒതുക്കുക. ഒട്ടപ്പുമാററുക, **-y,** *a.* കപടപ്രിയമായ.

Shikar, *n.* വേട്ടയാടൽ, ശിക്കാർ, കാൽനടസവാരി.

Shilling, *n.* ഷില്ലിംഗ്, ഒരു വെള്ളിനാണയം. മുക്കാൽരൂപ.

Shilly-shally, *n.* അറപ്പു്, അനവസ്ഥ, അനിശ്ചയം, ദ്വൈധീഭാവം; *adv.* നിശ്ചയമില്ലാത്ത; *n.* അറപ്പു്, നിശ്ചയം.

Shimmer, *v. i.* മിന്നുക, പ്രകാശിക്ക, തെളുതെളെ പ്രകാശിക്ക; *n.* തെളുതെളുപ്പു്.

Shin, *n.* അഗ്രജംഘ, പാദം, മുഴങ്കാലെല്ലു്.

Shine (shin), *v. i.* ഒളിവീശുക, തിളങ്ങുക, വിദ്യോതിക്ക, ശോഭിക്ക, രാജിക്കുക, ഭാസിക്കുക സ്ഫുരിക്കുക, ജ്വലിക്കുക; *n* ഒളി, തിളക്കം. പ്രകാശം, ദ്യുതി. പ്രഭ, വെളിച്ചം; **-ing,** *a* തിളങ്ങുന്ന, ഒളിവീശുന്ന, ഭാസുരമായ, തേജസ്വിയായ, ദ്യോതമാനമായ; **-y,** *a.* പ്രകാശിക്കുന്ന.

Shingle, *n.* ഘനംകുറഞ്ഞ പലക; പരുക്കൻകല്, കരട്ടുകൽ, ചരൽ, ഉരുളൻകൽ.

Shingles, *n.* pl. അരയാപ്പുകട്ടി, ഒരുതരം രോഗം.

Ship, *n.* കപ്പൽ, പോതം, യാനം, ബൃഹന്നൌക; 's. master കപ്പിത്താൻ'; *v. t.* കപ്പൽകയററുക, കപ്പലേററിഅയയ്ക്കു.

Shipchandler, *n.* കപ്പൽസാമാനങ്ങൾ വില്ക്കുന്നവൻ.

Shipment, *n.* കപ്പൽകയററൽ, കപ്പൽചരക്കു്.

Shipshape, *a.* അലങ്കാരമായ, നാഗരികമായ, ശുചിയായ.

Shipwreck (ship'rek), *n.* കപ്പൽച്ചേതം, അഴിവു്, നാശം; *v. t.* കപ്പലുടയ്ക്കുക, ചേതപ്പെടുത്തുക.

Shipwright(-rit), *n.* കപ്പലാശാരി.

Shire, *n.* ഊരു്, നാട്ടു്, ദേശം.

Shirk (shérk), *v. t. or v. i.* സൂത്രത്തിലൊഴിയുക, തെററിക്കളയുക, വ്യാജമായി പരിഹരിക്ക or ത്യജിക്ക; **-er,** *n.* ഒഴിഞ്ഞുകളയുന്നവൻ, പിൻമാറിക്കളയുന്നവൻ. മടിച്ചുകളയുന്നവൻ; **-y,** *a.* മടിച്ചുകളയുന്ന.

Shirt, *n.* ഷർട്ട്, ആണുങ്ങളുടെ അടിക്കുപ്പായം.

Shive, *n.* അപ്പക്കഷണം; തുണ്ടു്, നുറുക്കു്, ലേശം.

Shiver, *v. i.* വിറയ്ക്കുക, കമ്പനംചെയ്ക, വേപിക്കുക, കിടുകിടുക്കുക; പലതായിനുറുങ്ങുക, പലതായി തകർന്നുപോക; *v. t.* പലതായി പൊട്ടിക്ക, ഖണ്ഡംഖണ്ഡമായി ഭേദിക്ക; *n.* വിറ, വിറയൽ, കിടുകിടുപ്പു്, നടുക്കം, കമ്പം; തുണ്ടു്, പൊടി, ശകലം.

Shoal, *n.* നികന്നസ്ഥലം, തിട്ട, ഗാധസ്ഥലം, സൈകതം, പുളിനം; കൂട്ടം, ഇനം, സംഘം; മത്സ്യസംഘം, മീൻതിരള.

Shock, *n.* ഞെട്ടൽ, കുലുക്കം, മുട്ടു്, കൂട്ടിഇടി, ആഘാതം, അഭിഘാതം, സംക്ഷോഭം. ആകസ്മികക്ഷോഭം; ഭയാവേശം സാധ്വസസംക്രമം; രാശി, ഉൽക്കരം, കററ; *v. t* കുലുക്കുക, ഞെട്ടിക്കുക, നടുക്കുക; തട്ടുക, മുട്ടുക, ഇടിക്കുക; ഭയജനിപ്പിക്ക, വെറപ്പുവരുത്തുക, വേദനപ്പെടുത്തുക; *v. i.* തമ്മിൽമുട്ടുക; **-ed,** *a.* ഞെട്ടിയ, ഭയന്ന, വിറച്ച; **-ing,** *a.* നടുക്കുന്ന, ഉദ്വേഗകരമായ, ബീഭത്സമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Shoe (shō), *n.* ഷൂ, ചെരിപ്പ്, പാദരക്ഷ, പാപ്പാസ്; ലാടം, ഖുരത്രാണം; 's. bill ഒരു വലിയ നീർപ്പറവ'; 's. black ചെരിപ്പുതുടയ്ക്കുന്നവൻ'; 's. buckle ചെരിപ്പുകൊളുത്ത്'; 's. flower ചെമ്പരത്തിപ്പൂ'; *v. t.* ചെരിപ്പിടുക, ലാടംതറയ്ക്കുക; ചെരിപ്പുകൊണ്ടടിക്ക.

Shog, *n.* ഇളക്കം, കുലുക്കം.

Shoot, *n.* പ്രക്ഷേപണം; ചാട്ടൽ, വെടിവയ്പ്, ഏറ്; മുള, തളിര്, പല്ലവം, കിസലയം, പ്രവാളം, അങ്കുരം, നവപല്ലവം, മൊട്ട്; *v. i.* വെടിവയ്ക്കുക, പുറത്തുവരിക, അങ്കുരിക്ക, ഉദ്ഭേദിക്ക, മൊട്ടിടുക, നാമ്പുനീട്ടുക, സ്ഫുടിക്കുക; നിസ്സരിക്ക, പുറത്തേക്കുനീളുക, ഉന്തുക; തുളച്ചുകയറുക, ഭിന്നഭേദിക്ക; *v. t.* പ്രക്ഷേപിക്ക, അയയ്ക്കുക, എയ്യുക, എറിയുക; വെടിവച്ചുകൊല്ലുക; **-er,** *n.* ഭേത്താവ്, വെടിവയ്ക്കുന്നവൻ, കൊള്ളിക്കുന്നവൻ, തുളയ്ക്കുന്നവൻ; **-ing,** *a.* മുളയ്ക്കുന്ന, അങ്കുരിക്കുന്ന; *n.* വെടിവയ്പ്, ശരപ്രക്ഷേപം; ഗുളികാപ്രക്ഷേപം; തീക്ഷ്ണവേദന; **-Shot,** *n.* വെടി, ഉണ്ട, ചില്ല്, അമ്പിൻപാട്, കല്ലേറ്, കുറിക്കാരൻ, ലക്ഷ്യവേധി, ലക്ഷ്യഭേദപ്രവീണൻ.

Shop, *n.* കട, പീടിക, കച്ചവടപ്പീടിക, ആപണം, ഷാപ്പ്; പണിപ്പുര, തൊഴിൽശാല; 's. keeper പീടികക്കാരൻ, ചില്ലറക്കച്ചവടക്കാരൻ'; 's. lifter പീടികക്കള്ളൻ', 's. lifting പീടികക്കളവ്, അങ്ങാടിക്കള്ളം'; *v. i.* പീടികയിൽചെന്നു സാമാനംവാങ്ങുക, കോളുകൊള്ളുക.

Shore, *n.* കര, തിട്ട, തീരം, തടം, വേല, രോധസ്സ്; **-Shorage,** *n.* ചുങ്കം.

Short, *a.* കുറിയ, നീളംകുറഞ്ഞ, ചെറിയ, ഹ്രസ്വമായ, ലഘുവായ; അല്പമായ, ചുരുങ്ങിയ, സ്വല്പമായ, കുറച്ചുകാലത്തേക്കുള്ള, അചിരസ്ഥായിയായ; വിസ്താരമില്ലാത്ത, അവിസ്തീർണ്ണമായ, ലഘുവായ, സംക്ഷിപ്തമായ; അപൂർണ്ണമായ, അപര്യാപ്തമായ; അനായതമായ, അദീർഘമായ; ഹീനമായ, വികലമായ; (vowel) ഹ്രസ്വമായ, ലഘുവായ ; 's. breathed വേഗത്തിൽ ശ്വാസംവലിക്കുന്ന, കിതയ്ക്കുന്ന, ആയുസ്സുകുറഞ്ഞ'; 's. coming കുറവ്, ഉപേക്ഷ'; 's. dated ചുരുങ്ങിയ അവധിക്കുള്ള'; 's. hand ഹ്രസ്വലിപി, ചുരുക്കെഴുത്ത്'; 's. spoken വേഗം സംസാരിക്കുന്ന, ചുരുക്കിപ്പറയുന്ന, പരുഷസ്വഭാവമായ'; 's. witted ബുദ്ധിക്കുറവുള്ള, മന്ദബുദ്ധിയായ'; 'cold s. തണുത്താൽ പൊട്ടുന്ന, ശീതഭംഗുരമായ'; 'hot s. ചുട്ടാൽ പൊട്ടുന്ന, ഉഷ്ണഭംഗുരമായ'; 'to come s., to fall s. പോരാതെവരിക, കുറവായിരിക്ക'; 'to cut s. കുറയ്ക്കുക, ചുരുക്കുക'; 'in s. ചുരുക്കത്തിൽ, സംഗ്രഹിച്ച്, സംക്ഷേപിച്ച്'; 'the long and s. മുഴുവനും, ആകപ്പാടെ'; 'to sell s. വാങ്ങിവില്ക്കാമേല്ക്കുക'; **-age,** *n.* കുറവ്; **-en,** *v. t.* കുറയ്ക്കുക, ചുരുക്കുക, സംക്ഷേപിക്ക, ന്യൂനീകരിക്ക, കുറക്കുക; കൃശീകരിക്ക, ക്ഷയിപ്പിക്ക; **-ly,** *ad.* താമസിയാതെ, ശീഘ്രം, വേഗം, എളുപ്പം; ചുരുക്കത്തിൽ; **-ness,** *n.* ചുരുക്കം, ഹ്രസ്വത, ക്ഷുദ്രത, ലഘുത, സംക്ഷേപം, ന്യൂനത, അപര്യാപ്തി.

Should (shood), *pa. t.* of **Shall.**

Shoulder (shōl'dėr), *n.* തോൾ, സ്കന്ധം, അംസം; *v. t.* തോളിൽതാങ്ങുക, തോൾകൊണ്ടുതാങ്ങുക, സ്കന്ധത്തിൽവഹിക്കുക; തോൾകൊണ്ടിടിക്ക.

Shout, *n.* ക്രുക്കുവിളി, ആർപ്പുവിളി, വിളി, ആരവാരം, രവം, കളകളം, മഹാശബ്ദം, ഘോഷം, ജയശബ്ദം, സിംഹനാദം; *v. i.* ആർപ്പുവിളിക്ക, ക്രുകിവിളിക്ക, ആക്രോശിക്ക, ഉദ്ഘോഷിക്ക.

Shove (shuv), *v. t.* or *v. i.* ഉന്തുക, തള്ളുക, ഓട്ടുക, സഞ്ചലിപ്പിക്ക; *n.* ഉന്ത്, തള്ള്, പ്രസാരണം.

Shovel (shuv'l), *n.* ഒരുവക വലിയ ചട്ടുകം, വലിയ കരണ്ടി, കോരിക, ഖനിത്രം, കാഷ്ഠകുദ്ദാലം; *v. t.* കോരുക, കോരിയിടുക.

Show (shō), *v. t.* or *v. i.* കാട്ടുക, കാണിക്കുക, ദർശിപ്പിക്കുക; തെളിയിക്ക, വെളിവാക്കുക, നിർദ്ദേശിക്ക, സൂചിപ്പിക്ക, പ്രകാശിപ്പിക്ക, വ്യഞ്ജിപ്പിക്ക, ആവിഷ്കരിക്ക, പ്രകടീകരിക്ക, ആദേശിക്ക, ഉപദേശിക്ക; പറയുക, ബോധിപ്പിക്ക, അറിയിക്ക, നിവേദനംചെയ്ക, ഭാവനകാട്ടുക; *v. i.* പ്രത്യക്ഷപ്പെടുക; *n.* കാഴ്ച, പ്രദർശനം, ആലോകം, കൗതുകം, വിനോദം; ആഡംബരം, ആട്ടം; ദൃശ്യം, സ്ഥാനം; വെറുംതോന്നൽ, മായ, ആഭാസം; ജാട, വ്യാജം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യപദേശം; -er, n. പ്രദർശകൻ, കാട്ടുന്നവൻ; -y, a. കൺപകിട്ടുള്ള, കൺകവരുന്ന, ദൃഷ്ടിഹാരിയായ, അതിദർശനീയമായ, ഏകാന്തശോഭനമായ.

Shower, n. ചാററമഴ, നീർച്ചാററൽ, വൃഷ്ടി, വർഷം, ആസാരം; 's. bath നീരചാററമിടം, ധാരാഗൃഹം, ധാരായന്ത്രഗൃഹം'; v. t. ചൊരിയുക, പെയ്യുക, വർഷിക്ക, ധാരാളമായി കൊടുക്കുക; -y, a. ചാറിച്ചാറി പൊഴിയുന്ന, വർഷിക്കുന്ന, വൃഷ്ടിമത്തായ, വർഷുകമായ.

Shrapnel, n. തിരനിറഞ്ഞ വെടിയുണ്ട്.

Shred, v. t. തുണ്ടുതുണ്ടായി നുറുക്കുക, കിഴിയ്ക്കുക, കീറുക, ഖണ്ഡംഖണ്ഡമായി വ്യവച്ഛേദിക്ക; n. തുണ്ട്, ഖണ്ഡം, വസ്ത്രഖണ്ഡം.

Shrew (shrö), n. വായാടി, വിവാദശീല, കർക്കശ, ഉഗ്രശീല, ധൃഷ്ട; -ish, a. വക്രശീലമുള്ള, കർക്കശസ്വഭാവമായ.

Shrewd (shröd), a. വിവേകമുള്ള, സാമർത്ഥ്യമുള്ള, തന്ത്രമുള്ള, കൌശലമുള്ള, ചതുരമായ, വിചക്ഷണമായ, നിപുണമായ; -ly, adv. ചാതുര്യത്തോടെ, വിദഗ്ദ്ധമായി; -ness, n. വൈദഗ്ദ്ധ്യം, ചാതുര്യം, നൈപുണ്യം.

Shriek (shrēk), v. i. വീറിടുക, കീച്ചിടുക, അഴക, ക്രവിവിളിക്ക, കീറുക, കരയുക, പരുഷമായി ക്രന്ദിക്കുക; n. വീറിടൽ, കീച്ചവിളി, ആക്രന്ദിതം, ക്രന്ദനം, ഉൽക്രോശം.

Shrike, n. കലിംഗപ്പക്ഷി.

Shrill, a. കൃത്ത, കീച്ചെന്നിരിക്കുന്ന, തുളച്ചുകയറുന്ന (ശബ്ദം), പരുഷമായ, കണ്ണവേധിയായ; -ness, കാർക്കശ്യം, കടുത.

Shrimp, n. ഇരാൽമീൻ, വരാൽമീൻ; കുള്ളൻ, മുണ്ടൻ, വാമനൻ.

Shrine, n. പുണ്യസ്ഥാനം, ദേവായതനം, കോവിൽ, ബലിപീഠം.

Shrink, v. i. ചുളുങ്ങുക, വലിയുക, ഉള്ളോട്ടുവലിയുക, ചുരുങ്ങുക, കുറുകുക, സങ്കോചിക്ക; പേടിച്ചുപുറകോട്ടുപോരുക, ഭയന്നുവിറയ്ക്കുക, ഒഴിഞ്ഞുമാറുക; v. t. ക്രമ്പിക്കുക, ചുരുക്കുക, സങ്കോചിപ്പിക്ക, ചുളിപ്പിക്ക; -ing, n. സങ്കോചം; -age, n. ചുരുക്കം, കുറവ്.

Shrivel, v. i. ചുരുങ്ങുക, കുറുകുക, ക്രന്യുക, അടയുക, സങ്കോചിക്ക; v. t. ചുരുക്കുക, കുറുക്കുക, സങ്കോചിപ്പിക്ക; -led, a. ചുരുങ്ങിയ, ചുളിയ, ചുളുങ്ങിയ, സങ്കുചിതമായ, വിശീർണ്ണമായ, വലിപൂർണ്ണമായ.

Shroff, n. ശ്രാപ്പ്, ഉണ്ടികക്കച്ചവടക്കാരൻ, ബാങ്കർ.

Shroud, n. പ്രേതവസ്ത്രം, മൂടുപടം, ആഛാദനം, ആവരണം; v. t. മൂടുക, പുതയ്ക്കു, പൊതിയുക, മറയ്ക്കുക, ഗോപനംചെയ്ക, ഗൂഹനംചെയ്ക; n. pl. പായ്മരക്കയറുകൾ.

Shrub, n. കുററിച്ചെടി, പടപ്പ്, ചെടി, ഗുല്മം, വിടപി, സ്തംബം, ബാലവൃക്ഷം; -by, a. ചെടിക്കാടുനിറഞ്ഞ, ഗുല്മാവൃതമായ; -Shrubbery, n. ഗുല്മവാടിക.

Shrug, v. t. വലിക്കുക, ചുരുക്കുക; v. i. തോൾചുരുക്കുക, ഇണങ്ങാതിരിക്കുക, മറുത്തുപറയുക; n. തോൾകുലുക്കൽ, സ്കന്ധധൂനനം.

Shudder, n. നടുക്കം, കമ്പം, വേപഥു, അംഗസ്ഫുരണം, അംഗകമ്പം; v. i. നടുങ്ങുക, വേപനംചെയ്യുക, കമ്പനംചെയ്യുക, പ്രസ്ഫുരിക്കുക; -ing, a. നടുങ്ങുന്ന, സഞ്ജാതവേപഥുവായ, കിടുകിടുക്കുന്ന, കല്പുന്ന.

Shuffle, v. i. വരിമാറുക, കലങ്ങുക, ക്രമംതെററുക, പുരളുക, കള്ളംചെയ്യുക; വഞ്ചിക്ക; v. t. മാററിമറിക്കുക, കുഴപ്പുക, ഉഴപ്പുക; കലത്തുക, സങ്കീർണ്ണമാക്കുക, സങ്കലീകരിക്ക; n. -ing, n. ഉഴപ്പ്, മാററിമറിക്കൽ, കള്ളം, ചതി, വഞ്ചന, കുഴപ്പ്, ഇളക്കൽ, സഞ്ചാലനം, സമ്മിശ്രണം; -er, n. ഉഴപ്പുകാരൻ, കുഴപ്പമുണ്ടാക്കുന്നവൻ, കുഴയ്ക്കുന്നവൻ, കള്ളൻ.

Shun, v. t. തള്ളുക, പരിഹരിക്കുക, വർജ്ജിക്കുക, പരിത്യജിക്ക, സംഗമംപരിഹരിക്ക.

Shunt, v. t. തിരിക്കുക, തള്ളുക; v. i. തിരിയുക, റയിൽവണ്ടി പാളംമാറി ഓടുക; n. അടുത്ത പാളം.

Shut, v. t. അടയ്ക്കുക, ചാത്തുക, മൂടുക, പൊത്തുക, വിലക്കുക, നിരോധിക്ക, ബന്ധിക്ക, കൂപ്പുക; സംഹരിക്ക, ചുരുക്കുക, തടയുക, സ്തംഭിപ്പിക്ക, പ്രതിബന്ധിക്ക; v. i. അടയുക, മുകുളീഭവിക്ക; -in, അകത്തടക്കുക, നിരോധിക്ക, ബന്ധിക്ക; -out, വെളിയിൽത്തള്ളുക, നിഷേധിക്ക, ബഹിഷ്കരിക്ക, വ്യാവർത്തിപ്പിക്ക; മിണ്ടാതാകുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുഖംസ്തംഭിപ്പിക്ക, നാക്കുതാഴ്ത്തുക; **-ter,** *n.* വാതൽ, കവാടം.

Shuttle, *n.* (നെയ്യുന്ന) ഷട്ടിൽ, നൂൽനാഴി; 'the fly -shuttle, എറിനാഴി, മല്ലികം, സൂത്രവേഷ്ടനം, ത്രസരം'.

Shy (shı), *a.* ക്രച്ചമുള്ള. കോഴയായ, നാണമുള്ള, ലജ്ജയുള്ള, ശാലീനമായ, വിനീതമായ, സവ്രീഡമായ; പേടിയുള്ള, കാതരമായ, ഭീരുസ്വഭാവമായ, ജനഭീതമായ, ഭീരുവായ; അറയ്ക്കുന്ന; *v. i.* ഞെട്ടുക, തിട്ടക്കത്തിൽമാറുക,അറയ്ക്കുക; **-ness,** *n.* ക്രച്ചം, നാണം, കോഴ, കാതര്യം, ഭീരുത, പേടി.

Sibilant, *n.* സീൽക്കാരാക്ഷരം, ഊഷ്മാവ്, ഊഷ്മവർണ്ണം; *a.* സീൽകാരമുള്ള.

Sibyl, *n.* ലക്ഷണംപറയുന്നവൾ, കുറത്തി, സാദ്ധ്വ, സിദ്ധസ്ത്രീ.

Sick, *n.* ദീനമായ, സുഖക്കേടായ, ആതുരമായ, രോഗിയായ, വേദനയുള്ള, സന്തപ്തമായ, പീഡിതമായ, ഉപതപ്തമായ; ഓക്കാനമുള്ള, വമനോന്മുഖമായ; വെറുപ്പുള്ള, നിർവിണ്ണമായ, വിരക്തമായ; **-en,** *v. t.* വെറുപ്പുണ്ടാക്ക, ചെടിപ്പുണ്ടാക്കുക, ക്ഷീണമുണ്ടാക്ക; ഓക്കാനിപ്പിക്ക, രോഗംത്തീകരിക്ക; *v. i.* ദീനമാക, ദീനംപിടിപെടുക; ചെടിപ്പുണ്ടാക; **-ening,** *a.* ദീനമുണ്ടാക്കുന്ന, മനംപിരട്ടിക്കുന്ന, വെറുപ്പിക്കുന്ന, ബീഭത്സമായ; **-ly,** *a* സുഖക്കേടായ, അശക്തമായ, അല്പശക്തിയുള്ള; അനാരോഗ്യമായ, നിത്യരോഗിയായ 's. by nature ജന്മരോഗിയായ; **-ness,** *n.* സുഖക്കേട്, ദീനം, രോഗം, വ്യാധി, ഗദം, അസ്വാസ്ഥ്യം, ആമയം, വികാരം, ഉപതാപം; ഓക്കാനം, ഛർദ്ദി.

Sickle, . അരിവാൾ, കൊട്ടുവാൾ, സസ്യകർത്തനി, കൊയ്ത്തരിവാൾ.

Side, *n.* വശം, പാർശ്വം, പക്ഷം, വെളിമ്പ്, ഭാഗം; സാമീപ്യം, അരിക്, പ്രാന്തം, സീമ, അന്തം; (Of a mountain) മലംപള്ള, ചെരിവ് ഉത്സംഗം, നിതംബം; ഭാഗം; 'outer s. ബാഹ്യഭാഗം; (Direction) ദിക്; 'one of the opposite s. വിപക്ഷം, പ്രതിപക്ഷം'; 'of the same s. സപക്ഷൻ. സ്വപക്ഷീയൻ;' വാംശവർഗ്ഗം; (In geometry) ഭുജം, പാർശ്വം; (of a river) പാരം, അവാരം, തടം; 's. long ചായ്ഞ്ഞ, വശത്തിൽനീണ്ട, തിരശ്ചീനമായ, തിര്യക്കായ; 's. long look കടക്കൺനോട്ടം, അപാംഗദൃഷ്ടി, തിര്യഗ്ദൃഷ്ടി, കടാക്ഷം'; 's. look അപാംഗദർശനം, കടാക്ഷം'; 's. wise, s. way വശത്തായി, വശത്തോട്ട്, തിരശ്ചീനമായി, തിര്യക്കായി'; *a.* വശത്തുള്ള, പാർശ്വസ്ഥമായ; *v. i.* വശത്തുചേരുക. പക്ഷംപിടിക്ക, പക്ഷമാശ്രയിക്ക; **-er, -Sidesman,** *n.* വശംപിടിക്കുന്നവൻ. പക്ഷപാതി, പക്ഷീയൻ, പക്ഷോദ്ഗ്രാഹി, വശംചേരുന്നവൻ, ചായുന്നവൻ.

Sidereal, *a.* നക്ഷത്രസംബന്ധമായ, നക്ഷത്രങ്ങൾനിറഞ്ഞ,താരം,നക്ഷത്ര in comp.

Sidle, *v. i.* തിര്യഗ്ഗമിക്കുക, വശത്തേക്കുപോകുക; **-ing,** *n.* തിര്യഗ്ഗതി.

Siege (sēj), *n.* വളയൽ, ഉപരോധം, അവരോധം, പരിവേഷ്ടനം.

Siesta (sē-es'ta), *n.* മയക്കം, ഉച്ചയുറക്കം, ദിവാനിദ്ര.

Sieve (sīv), *n.* അരിപ്പ്, അരിത്തട്ടം, ചല്ലടം, ശോധനി.

Sift, *v. t.* വേർതിരിക്ക, വേറാക്കുക, പൃഥക്കരിക്ക, ശോധിക്ക; നല്ലവണ്ണം പരിശോധിക്ക, സൂക്ഷ്മനിരൂപണംചെയ്യുക, ആലോചിക്ക; **-ing,** *n.* അരിച്ചെടുക്കൽ, വേറാക്കൽ, ശോധനം, നിർമ്മലനം.

Sigh (sī), *v. i.* നെടുവീർപ്പിടുക, ദീർഘനിശ്വാസംചെയ്ക; രോദിക്കുക, ഏങ്ങിക്കരയുക; **-ing,** *a.* വീർപ്പിടുന്ന, നെടുവീർപ്പിടുന്ന, ഏങ്ങലടിക്കുന്ന, ഏങ്ങിക്കരയുന്ന, നിശ്വാസിയായ, ഉച്ഛ്വാസിയായ.

Sight (sīt) *n.* കാഴ്ച, പാവ്, വിലോകനം, ആലോകം; ദൃഷ്ടിപഥം ദൃഷ്ടിവിഷയം. ദൃഷ്ടിഗോചരം; മിഴി. നോട്ടം, ദൃക്ശക്തി; കാഴ്ച, സുന്ദരക്കാഴ്ച, കൌതുകം, കൌതുകക്കാഴ്ച; **-liness,** *n.* കണ്ണിനഴക്, കണ്ണിന്ഇനിമ; **-ly,** *adv.* കാഴ്ച്ചയ്ക്കുസുന്ദരമായ, അഴകായ, സുദൃശ്യമായ, പ്രേക്ഷണീയമായ, ലളിതമായ.

Sign (sīn), *n.* അടയാളം, സങ്കേതം, ലക്ഷണം, ശകുനം, ചിഹ്നം, ലിംഗം, അഭിജ്ഞാനം, ലാഞ്ഛനം, വ്യഞ്ജനം; ധ്വജം; *v. t.* അടയാളപ്പെടുത്തുക കുറിയിടുക, കൈപ്പടയെഴുതുക; *v. t.* ഒപ്പുവയ്ക്കുക, കൈപ്പടയെഴുതുക, അടയാളം കാട്ടുക; *v. i.* ഒപ്പിടുക, കൈയെഴുത്തുനൽകുക; **-atory,** *a.* കൈയൊപ്പാൽ ബദ്ധമായ or

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കെട്ടപ്പെട്ട; *n.* ഒപ്പുകൊണ്ടു്ത്തരവാദിയായിരിക്കുന്നവൻ; **-ature,** *n* കൈപ്പട, ഒപ്പ്, കൈപ്പിപ്പ്, നാമലേഖനം; നാമാക്ഷരം, ഹസ്താക്ഷരം; **-Signal,** *n.* സംജ്ഞ, അടയാളം, കുറി, ആകാശദീപം; *a.* അപൂർവ്വമായ, വിശിഷ്ടമായ, സ്മരണാർഹമായ, അത്യുൽകൃഷ്ടമായ, ചിഹ്നം; *v. t. and v. i.* അടയാളംകാട്ടി അറിയിക്ക; **-Signalize,** *v. t.* കൊണ്ടാടുക, കേമമാക്കുക, പ്രസിദ്ധീകരിക്ക, വിശ്രുതീകരിക്ക; **-ly,** *adv.* പ്രസിദ്ധമായി, അത്യന്തം അപൂർവ്വമായോടെ; **-Signet,** *n.* മുദ്ര, സ്വന്തമുദ്ര, **-Signify,** *v. t.* വിവരം മനസ്സിലാക്ക, തെര്യപ്പെടുത്തുക, സൂചിപ്പിക്ക, അർത്ഥമാക്കുക; **-Significance,** *n.* ഗൌരവം, മഹത്ത്വം, കരുത്ത്, അർത്ഥം; **-icant, -icative,** *a.* അർത്ഥവത്തായ, ഹേതുഗർഭമായ, അഭിപ്രായഗർഭമായ, ബലമായ; സൂചിപ്പിക്കുന്ന, കുറിക്കുന്ന, സൂചകമായ; ഗുരുവായ, മുഖ്യമായ, പ്രധാനമായ; **-icantly,** *adv.* അർത്ഥവത്തായി, സാംക്രതം; **-ication,** *n.* ബോധനം, അർത്ഥം; ശക്തി, അർത്ഥശക്തി.

Signior, *n.* ആര്യൻ.

Signpost (sīn'-post), *n.* വഴികാട്ടിത്തൂൺ, ദിക്കുകാട്ടിത്തൂൺ.

Silent, *a.* മിണ്ടാത്ത, ഉരിയാടാത്ത തൂഷ്ണീകമായ, മൂകമായ, നിശ്ശബ്ദമായ; വായ്പൂട്ടിയ, വായടച്ച, നിരുത്തരമായ; **-ly,** *adv.* മിണ്ടാതെ, നിഭൃതമായി; **-Silence,** *n.* ശബ്ദമില്ലായ്മ, മൂകഭാവം, മിണ്ടാട്ടമില്ലായ്മ; *intj.* മിണ്ടാതെ! പറയണ്ട!; *v. t.* സംസാരംനിർത്തുക, അമർത്തുക, മൌനമവലംബിക്ക; വായ്മൂടിക്കെട്ടുക, നിരുത്തരീകരിക്ക, അധരീകരിക്ക, മുഖംബന്ധിക്ക; **-ed,** *a.* സമാധാനംപറയാത്ത, ഉത്തരമില്ലാത്ത, നിരുത്തരമായ, നിരുത്തരീകൃതമായ.

Silex, *n.* പളുങ്കുകൽ, വെള്ളക്കൽ, കാന്തക്കൽ.

Silica, *n.* മണലുണ്ടാക്കുന്ന വസ്തു, മണൽസത്ത്.

Silicle, *n.* വിത്താ, തോട്ട, ഓട്ടി, പുറളി, ബീജകോശം.

Silicon, Silicium, *n.* ശൈലികം.

Siliqua, Silique, *n.* ബീജകോശം.

Silk, *n.* പട്ടുനൂൽ, പട്ട്, പട്ടുതുണി, കൌശേയം, ദുകൂലം, കൌശാംബരം, പട്ടം; *a.* പട്ടുകൊണ്ടുള്ള; **-en,** *a.* പട്ടുകൊണ്ടുണ്ടാക്കിയ, മൃദുവായ, കോമളമായ.

Silkworm (silk'werm), *n.* പട്ടുനൂൽപുഴു.

Sill, *n.* പടി, ഉമ്മരം, കട്ടിളപ്പടി, അടിസ്ഥാനം, തറ.

Silly (sil'i), *a.* മനോബലമില്ലാത്ത, ബുദ്ധിയില്ലാത്ത, ബാലിശമായ, മൂഢമായ, കഥയില്ലാത്ത.

Silt, *n.* വണ്ടൽ, അടിയൽ; *v. t.* (up) അടയുക, അവരോധിക്കുക.

Silvan, Sylvan, *a.* കാടുസംബന്ധിച്ച, കാട്ടിൽപാർക്കുന്ന, വനവാസിയായ, വനസ്ഥമായ; 's. goddess വനദേവത'; 's. scenery വനശോഭ, വനശ്രീ'.

Silver, *n.* വെള്ളി, രജതം, വെള്ളിനാണയം; *a.* വെൺമയായ, വെളുത്ത, വെള്ളികൊണ്ടുണ്ടാക്കിയ, തെളിവായ, ധ്വനിക്കുന്ന, കിലുങ്ങുന്ന; *v. t.* വെള്ളിപൂശ്ശു(ശു)ക, വെളുപ്പാക്കുക; **-ing,** *n.* വെള്ളിപ്പൂച്ച്; **-Silversmith,** *n.* വെള്ളിത്തട്ടാൻ; **-y,** *a.* വെളുത്ത, മിനുക്കമുള്ള, തിളങ്ങുന്ന, പ്രകാശിക്കുന്ന, രൂപ്യവർണ്ണമായ, അതിധവളമായ'.

Similar, *a.* ഒപ്പമായ, ഒരേമാതിരിയായ, തുല്യമായ, സമമായ, സമാനമായ, അനന്യമായ, അനുരൂപമായ; **-ity,** *n* ഒപ്പം, സാമ്യം, സാദൃശ്യം, തുല്യത്വം; **-ly,** *adv.* പോലെ, അപ്രകാരം, അവ്വണ്ണം.

Simile (sim'-i-li), *n.* ഉപമ, ഉപമാലങ്കാരം, നിദർശനം; **-Similitude,** *n.* സാദൃശ്യം; ആകാരം, രൂപം, മൂർത്തി.

Simmer, *v. i.* ചെറുതിളയ്ക്കു, അല്പംവേകുക, പതുക്കെവേവുക.

Simoom, Simoon, *n.* അറബിക്കാററ്, വെന്തകാററ്.

Simper, *v. i.* ഇളിക്കുക, കഥയില്ലാതെ ചിരിക്കുക; *n.* ഇളിപ്പ്.

Simple, *a.* തനിയായ, കേവലമായ, നിരവയവമായ, അസമസ്തമായ, ശുദ്ധമായ, സരളമായ, ഋജുവായ, അമായമായ, ശുദ്ധാത്മാവായ, നിർവ്യാജമായ, മായാഹീനമായ, നേരായ; മോടിയില്ലാത്ത, വിനീതമായ; തെളിവായ, സ്പഷ്ടമായ, സുഗമമായ, സുബോധമായ, ഭിന്നാർത്ഥമായ, അഗൂഢാർത്ഥമായ; കഥയില്ലാത്ത, മുഗ്ദ്ധമായ, മൂഢമായ, ബാലിശമായ; *n.* ഒററ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂലി, മൂലിക, ഔഷധം; **-Simpleton,** *n.* മനോബലമില്ലാത്തവൻ, ക്ലീബൻ. മൂഢൽ. മൂഢബുദ്ധി, കഥയില്ലാത്തവൻ; **-Simplicity,** *n.* തനിമ, ശുദ്ധത, അമിശ്രത, സരളത, നേർമ്മ, ആർജ്ജവം, സാരള്യം, അവ്യാജം; വിനീതത്വം, ശുദ്ധത; തെളിവു്, സ്വഭാവത, സുഗമത്വം; കഥയില്ലാഴ്മ, മൂഢത; **-Simplify,** *v. t.* നേർമ്മയാക്കുക, ശുദ്ധീകരിക്ക, തെളിവാക്കുക, സുഗമീകരിക്ക, വ്യക്തീകരിക്ക; **-Simply,** *adv.* തനേ, തന്നെ, മാത്രം, വെറും, നരം, നിർവ്യാജമായി.

Simulacrum, *n.* പ്രതിമ, രൂപം; മായാരൂപം.

Simulate, *v. t. see* **Pretend.**

Simultaneous, *a.* ഒരേകാലത്തുള്ള, ഒന്നിച്ചുള്ള, ഏകകാലികമായ, യൌഗപദികമായ; **-ly,** *adv.* ഒന്നിച്ചു്, ഒരേകാലത്തിൽ, ഒരേവേളയിൽ; **-ness,** *n.* ഒരേകാലത്തായിരിക്കുന്ന അവസ്ഥ, ഏകകാലത, സമകാലത.

Sin, *n.* പാപം, പാതകം, തീമ, ദോഷം, ദുഷ്കൃതം, അന്യായം, കുററം; *v. i.* പാപംചെയ്യുക; **-ner,** *n.* പാപി, പാതകി, പാതകൻ; **-ful,** *a.* പാപിയായ, പാപകരമായ, പാപബുദ്ധിയായ, പാപാത്മകമായ; പാപമുള്ള, ദുഷ്ടമായ; **-fully,** *adv.* പാപമായി, ദുഷ്ടമായി; **-fulness,** *n.* പാപിത്വം, ദുഷ്ടത; **-less,** *a.* പാപരഹിതമായ, അനഘമായ, നിഷ്പാപമായ, നിർദ്ദോഷമായ, കുററമററ.

Since (sins), *prep.* പിന്നീടു്, അക്കാലം മുതൽ, അതിൽപിന്നെ; *adv.* അതുമുതൽ, കഴിഞ്ഞു്, മുമ്പേ; *conj.* അതുകൊണ്ടു്, അതുനിമിത്തം, എന്തുകൊണ്ടെന്നാൽ.

Sincere (sin-sēr′), *a.* അകൃത്രിമമായ, നിർവ്യാജമായ, സരളമായ, വിശുദ്ധമായ, സത്യമായ, താത്ത്വികമായ; ശുദ്ധാത്മാവായ; ശുദ്ധമായ, ഉണ്മയായ, യോഗ്യമായ, തുറന്ന, യഥാർത്ഥമായ; **-ly,** *adv.* നിർവ്യാജമായി, സത്യമായി, ആത്മാർത്ഥമായി; **-ity, -ness,** *n.* സാരള്യം, സത്യസന്ധത, നേരു്, ആർജ്ജവം, വിമലത്വത, ആത്മാർത്ഥത, ശൌചം, യഥാർത്ഥത.

Sine (sī′ne), *prep.* ഇല്ലാതെ; *n.* ജ്യാവു്, ജ്യാപിണ്ഡം, വൃത്താംശലംബരേഖ, വൃത്താംശലംബദീർഘം.

Sinecure (-cūr), *n.* വേലയില്ലാതെ വരുമാനംമാത്രമുള്ള ഉദ്യോഗം; *a.* വേലയില്ലാത്ത ഉദ്യോഗംസംബന്ധിച്ച, കർമ്മശൂന്യാധികാരിയായ.

Sine die, തവണക്കൂടാതെ.

Sine qua non, ഒഴിച്ചുകൂടാൻപാടില്ലാത്ത അവസ്ഥ.

Sinew (ū), *n.* ദശനാരു്, നരമ്പു്, സ്നായു; ബലം, സാമർത്ഥ്യം; **-y,** *a.* നരമ്പുനിറഞ്ഞ, പ്രബലമായ.

Sing, *v. t. or v. i.* ഈണത്തിൽശബ്ദിക്കുക, പാടുക, ഗാനംചെയ്ക; (birds) കൂജിക്കുക; **-er, -Songster,** *n.* പാട്ടുകാരൻ, ഭാഗവതർ, ഗായകൻ; **-ing, -song,** *n.* പാട്ടു്, ഗീതം, ഗാനം; കൂജനം, രുതം, രവം.

Singe (sinj), *v. t.* കരിക്കുക, തീയിൽവാട്ടുക; *n.* വാട്ടൽ, ഈഷദ്ദഹനം.

Single, *a.* ഒററയായ, തനിച്ച; ഏകമായ, അദ്വിതീയമായ, കേവലമായ, അസഹായമായ; ഭിന്നമായ, വ്യക്തമായ; കല്യാണമാകാത്ത, അവിവാഹിതമായ, യഥാർത്ഥമായ, നേരായ, ശുദ്ധമായ; *v. t.* പിരിച്ചെടുക്ക, പറക്കിയെടുക്ക, തിരഞ്ഞെടുക്ക; **-Singlehanded,** *a.* തുണയററ, തുണയില്ലാത്ത, തന്നത്താനായ; **-ness,** *n.* തനിമ, കേവലത, അദ്വിതീയത; ശുദ്ധി, അനന്യത, അനന്യഭാവം; **-Singly,** *adv.* വേറവേറായി, പ്രത്യേകമായി, തനിയേ, പൃഥക്കായി.

Singular, *a.* വിശേഷമായ, അപൂർവ്വമായ, അദ്വിതീയമായ, അനുപമമായ; അനന്യസാധാരണമായ, ലോകോത്തരമായ, അപരൂപമായ, വിലക്ഷണമായ, ലോകബാഹ്യമായ; ഒററയെകുറിക്കുന്ന; **-ity,** *n.* വിശേഷത, അപൂർവ്വത, തനിമ, പ്രത്യേകത; **-ly,** *adv.* അപൂർവ്വമായി, ലോകോത്തരമായി, വിശേഷമായി, നൂതനമായി.

Sinister, *a.* ഇടതുപുറമായ, വാമമായ, കെട്ട, അമംഗളമായ, അശുഭമായ; അയോഗ്യമായ, ദുഷ്ടമായ, കുടിലമായ; 's. motives ദുരാശയം, പാപമതി'; **-Sinistrally,** *adv.* ഇടതുവശത്തു്, ഇടതുദിക്കിൽ; **-Sinistrous,** *a.* ഇടതുവശത്തുള്ള, വാമസ്ഥമായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Sink, *v. i.* ഇറങ്ങുക, താഴുക, മുങ്ങുക, അമരുക, ക്ഷയിക്ക, അധഃപതിക്കുക, പറിച്ചെടുക്കുക, മറയുക, കണ്ണിൽനിന്നു മറയുക. ഒട്ടുങ്ങുക; *v. t.* മുക്കുക, നിമജ്ജിപ്പിക്ക, താഴ്ത്തുക, കുറയ്ക്കുക, അധഃപതിപ്പിക്ക, കഴിക്കുക; ക്ഷയിപ്പിക്ക, ന്യൂനീകരിക്ക അല്പീകരിക്ക; അടക്കുക, അമുക്കുക; പറിച്ചെടുക്ക; മറയ്ക്കുക; *n.* ഓവു്, ജലനിർഗ്ഗമം; **-er,** *n.* ഭാരം ചൂണ്ടൽകട്ടി, കടീയം; **-ing,** *n.* മുങ്ങൽ, താണുപോകൽ; *a.* മുങ്ങിപ്പോകുന്ന, ആത്മീകമായിക്കളയുന്ന; 's. g fund കടംവീട്ടാൻവച്ച ധനം'.

Sinuous, *a.* വളഞ്ഞുപുളഞ്ഞ, വക്രമായ, കോണലായ, സർപ്പാകൃതിയായ; **-Sinuosity,** *n.* വക്രിമാവു്, കൗടില്യം.

Sinus, *n.* വായു്, ദ്വാരം; വളവു്; ഉൾക്കടൽ; തിറവു്; കുഴി.

Sip, *n.* ഉറിഞ്ചിക്കുടി, ഊറിക്കുടി, ആചമനം; *v. t.* ഊറിക്കുടിക്ക. മൊത്തിക്കുടിക്ക.

Siphon (sī'fun), *n.* നീർ വലിച്ചെടുക്കും വളഞ്ഞ കുഴൽ, വക്രനാളി.

Sir (sẽr) *n.* സർ, അയ്യർ, ഘനവാൻ, ശ്രീമാൻ

Sirdar (sẽr-), *n.* തലവൻ, പടത്തലവൻ, പ്രധാനി.

Sire, *n.* (in addressing) ദേവ, ശ്രീമദ്ദേവ, മഹാരാജ, രാജൻ; താതൻ ജനകൻ.

Siren, *n.* സാഗരകന്യക, കടൽകന്യക. മോഹിനി, മയ്യൽകാരി, മായിനി; *a.* ആശകാട്ടി വശീകരിക്കുന്ന, മയക്കുന്ന.

Sirius, *n.* അഗ്നിനക്ഷത്രം; ചോതിനാൾ.

Sirloin (sẽr'loin), *n.* മാട്ടിന്റെ വശത്തുള്ള ഇറച്ചി.

Sirrah (sẽr'a), *n. and intj.* ആയ്യൻ, സർ ഹേയു്, എടോ, ഹേ.

Sirrup, *n.* സ്വാദുരസം, മധുരരസം, മധുരപാനീയം.

Sister, *n.* ഉടപ്പിറന്നവൾ, സഹോദരി. ഭഗിനി; ധർമ്മസോദരി; 'elder s. മൂത്ത സഹോദരി'; 'younger s. അവരജ, ഇളയസഹോദരി'; 's.'s son അനന്തരവൻ, മരുമകൻ, ഭാഗിനേയൻ. സ്വസ്രേയൻ'; 's.'s daughter അനന്തരവൾ, മരുമകൾ, ഭാഗിനേയി. സ്വസ്രീയ'; 's.'s husband അളിയൻ'; 's. in law നാത്തൂൻ, നനാന്ദാവു്, ശ്യാലി, സഹോദരഭാര്യ etc; **-hood,** *n.* അൻപു്, സ്നേഹം, ഭഗിനീത്വം; ഭഗിനീസമാജം; **-ly,** *a.* അൻപുള്ള, സ്നേഹമുള്ള, ഭഗിനീയോഗ്യമായ.

Sit, *v. i.* ഇരിക്കുക, സ്ഥിതിചെയ്യുക, ഉപവേശിക്ക, തങ്ങുക, വ്യവഹാരാർത്ഥമായി കൂടുക.

Site, *n.* സ്ഥിതി, സ്ഥാനം, പദം, സ്ഥലം, ഭൂമി, ഇടം; കെട്ടിടംനില്ക്കുന്ന സ്ഥലം, വാസ്തു, ഗൃഹപീഠം.

Sitting, *n.* ഇരിക്കൽ, സഭ, യോഗം, ഉപവേശനം.

Situate, -ed, *a.* വയ്ക്കപ്പെട്ട, നിലകൊണ്ട, അവസ്ഥിതമായ, നിവിഷ്ടമായ; badly s. ദുഃസ്ഥമായ, കൃച്ഛ്റഗതമായ'; **-ion,** *n.* സന്നിവേശം, അവസ്ഥാനം, സ്ഥിതി, നില; പദം, നിയോഗം, ഉദ്യോഗം, അധികാരം. പദവി; അവസ്ഥ, ഭാവം വൃത്തി, ആസ്പദം.

Sitz-Bath, *n.* കുളിത്തൊട്ടി; ഇരുന്നുകുളി.

Six, *a. and n.* ആറു്; **-teen,** *a. and n.* പതിനാറു്; **-teenth,** *a. and n.* പതിനാറാമതു്; **-th,** *a. and n.* ആറാമതു്; **-thly,** *adv.* ആറാമതായി; **-fold,** *a. and adv.* ആറുമടങ്ങായ, ആറുഗുണമായ; **-ty,** *a. and n.* അറുപതു്, ഷഷ്ടി; **-ieth,** *a. and n.* അറുപതാമതു്.

Size (sīz), *n.* അളവു്, സയിസു്, പ്രമാണം, മാനം; ആകാരം, വടിവു്, രൂപം, ആകാരമാനം; പശ.

Skain, Skein, *n.* (നൂൽ) കൈ, പംജിക; ഇരണ്ടക്കൂട്ടം.

Skate, *n.* വഴുകിയോട്ടം പാദരക്ഷ, തിരണ്ടി, പാപ്പാസു്, ഹിമപാദുകം; തിരണ്ടിമീൻ.

Skeleton, *n.* എല്ലിൻകൂടു്, കങ്കാളം, അസ്ഥിപഞ്ജരം; ആകാരം, സംസ്ഥാനം; വസ്തുമാത്രം, സ്ഥൂലലേഖനം.

Sketch, *n.* ആകൃതി, സ്ഥൂലലേഖനം, വിഷയസംഗ്രഹം; *v. t.* വരയ്ക്കുക, പടംവരയ്ക്കുക, കുറിപ്പെഴുതുക, സ്ഥൂലാഖ്യാനം നൽകുക; **-y,** *a.* കുറിപ്പമാത്രമായ.

Skew (skū), *a.* കോണലായ, വളഞ്ഞുപുളഞ്ഞ, വിഷമമായ; *v. i.* ചെരിഞ്ഞു നോക്കുക.

Skewer, *n.* കമ്പി, ആണി, ശലാക, മുള്ളു്.

Skiff, *n.* ചെറുതോണി, പാത്തി, ചെറുവള്ളം, വഞ്ചി; *v. t.* ചെറുവള്ളത്തിൽ കയറിപ്പോക, ഓടിവള്ളത്തിൽ കയറിപ്പോക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Skill, *n.* തിറം, സാമർത്ഥ്യം, കൌശലം, പാടവം, പ്രാവീണ്യം, ചാതുര്യം, വൈദഗ്ദ്ധ്യം, വിജ്ഞത; **-ful, -ed**, *a.* കൈപ്പഴക്കമുള്ള, സമർത്ഥമായ, കുശലമായ, ദക്ഷമായ, ചതുരമായ, പേശലമായ, വിജ്ഞമായ; **-ly**, *adv.* പാടവത്തോടെ, ദക്ഷതയോടെ, സാമർത്ഥ്യത്തോടെ; തിറമായി, കുശലമായി, വൈദഗ്ദ്ധ്യത്തോടെ; **-ness**, *n.* തിറം, കൌശലം, നൈപുണ്യം etc.

Skim, *n.* വടിച്ചെടുത്തവ, ചണ്ടി, ചവറ്, പത, മണ്ഡം, ഫേനം; *v. t.* പതവെട്ടുക, പത വടിച്ചുതള്ളുക; *v. i.* തത്തുക, വഴുതുക, വേഗത്തിൽ പോകുക, ബദ്ധപ്പെട്ടു വായിക്കുക; **-med**, *a.* പതവടിച്ച; **-mer**, *n.* പാടനീക്കുന്നവൻ; മീൻകൊത്തിപ്പറവ.

Skimp, *v. i.* ലുബ്ധുകാട്ടുക, എച്ചിത്തരം കാട്ടുക; നിസ്സാരഭാവത്തിൽചെയ്ക.

Skin, *n.* പുറംതോൽ, പച്ചത്തോൽ, പട്ട, പുറ്റി, ചർമ്മം; (of animals) ത്വക്, തോൽ; (hide) അജിനം, കൃത്തി; (of snakes) പടം, കഞ്ചുകം; *v. t.* ഉരിയുക, തോലുരിക്കുക; **-ny**, *a.* തോലായ, തൊലിയായ, ചർമ്മഭൃതമായ, തൊലിമാത്രമായ, ചടച്ച, മെലിഞ്ഞ, കൃശമായ;-**Skindeep**, *a.* മേൽമട്ടമായ, ഉപരിപ്ലവമായ, അല്പമായ.

Skinflint, *n.* ലുബ്ധൻ, പെരുംപിശുക്കൻ.

Skip, *v. t.* കടക്കുക, താണ്ടുക, വിടുക തവറിവിടുക; *v. i.* പായുക, കുതിക്കുക, തുള്ളുക, വല്ഗിക്കുക; *n.* **-ping**, *n.* കുതി, ചാട്ടം, പ്ലവനം, പ്ലുതം, പ്ലുതഗതി; **-ping**, *a.* കുതിക്കുന്ന, പ്ലുതഗതിയായ.

Skipper, *n.* കപ്പൽത്തലവൻ, കപ്പിത്താൻ, നൌകാധിപൻ.

Skirmish (skér-), *n.* ചെറിയശണ്ഠ, ക്രുട്ടിമുട്ടൽ, അടിപിടി; *v. i.* ചെറുപോർചെയ്യുക, ശണ്ഠയിടുക, ഡിംബയുദ്ധംചെയ്യുക.

Skirt (skért), *n.* ഓരം, അരിക്, പ്രാന്തം, പര്യന്തം, അന്തം, പരിസരം, സീമ; വസ്ത്രാഞ്ചലം, പാവാട; *v. t. or v. i.* വരമ്പിടുക, വിളിമ്പിലിരിക്കുക.

Skittish, *a.* ഇളകുന്ന, തുള്ളുന്ന, ചഞ്ചലമായ, തരളമായ, ചപലമായ; കളിസ്വഭാവമായ, ക്രീഡാശീലമായ.

Skulk, *v. i.* പതുങ്ങുക, ഒളിക്കുക, ഒളിച്ചിരിക്കുക.

Skull, *n.* തലയോട്, തലയോട്ടി, കപാലം, ശിരോസ്ഥി; 's. for alms ഭിക്ഷാകപാലം, മരയോട്'.

Sky (skī), *n.* വാനം, ആകാശം, വിണ്ടലം, അംബരം, വിഷ്ണുപദം.

Slab, *n.* കൽപലക, പലകക്കല്ല്, മരപ്പലക, കനമുള്ളപലക. ശിലാഫലകം.

Slabber, *v. i.* ഉമിനീരൊഴുകുക, ഈത്തയൊഴുകുക, കടവായൊഴുകുക.

Slack, *a.* അയഞ്ഞ, അഴിഞ്ഞ, ശിഥിലമായ, സ്രസ്തമായ, ഗളിതമായ; താമസിച്ച, മന്ദമായ, ഗൌനമില്ലാത്ത; **-en**, *v. t.* അയയ്ക്കുക, ഇളത്തുക, ശിഥിലീകരിക്കുക, മന്ദീകരിക്കുക, താമസിപ്പിക്കുക, കറയ്ക്കുക; *v. i.* ഇളരുക, തളരുക, ശിഥിലീഭവിക്കുക, മന്ദീഭവിക്കുക; **-ly**, *adv.* അയഞ്ഞ്, തളന്ന്, ശിഥിലമായി, ഗൌനിക്കാതെ; **-ness**, *n.* ശൈഥില്യം etc.

Slag, *n.* (ലോഹത്തിന്റെ) കിട്ടം, കാ, തുരുമ്പ്; അഗ്നിപർവ്വതച്ചാമ്പൽ; **-y**, *a.* കിട്ടമായ.

Slake, *v. t.* അടക്കുക, തണിപ്പിക്കുക, ശമിപ്പിക്കുക, ആറുക; നീർപുരട്ടുക, ജലം കലത്തുക.

Slam, *v. t.* ഒച്ചയോടുകൂടി അടയ്ക്കുക, ഇട്ടുവിടുക; വെട്ടിക്കൊല്ലുക; 'കളിയിൽ ജയിക്കുക.

Slander, *n.* പഴി, അപവാദം; *see* **Scandal**; *v. t.* പഴിക്കുക, അപവദിക്കുക, നിന്ദിക്കുക; നുണപറയുക; **-er**, *n.* പഴിപറഞ്ഞു പരത്തുന്നവൻ. നുണയൻ, സൂചകൻ, കർണ്ണേജപൻ; **-ous**, *a.* പഴിയായ, അപവാദാത്മകമായ, പരിവാദഗർഭമായ; **-ously**, *adv.* പഴിയായി, അപവാദമായി, നുണയായി.

Slang, *n.* നീചവാക്ക്, ഇഴിവാക്ക്, കൊഞ്ഞവാക്ക്, അപഭാഷ.

Slant, -ing, *a.* ചരിഞ്ഞ, ചരിവായ, പ്രവണമായ, വളഞ്ഞ, വക്രമായ; *v. t.* ചരിക്കുക, ചായ്ക്കുക, വക്രീകരിക്കുക; *v. i.* ചരിയുക, ചായുക, വളയുക; **-ingly**, *adv.* ചാഞ്ഞ്, ചരിഞ്ഞ്, വളഞ്ഞ്.

Slap, *n.* അടി, അറ, തട്ട്, കൊട്ട്; *v. t.* അടിക്കുക, അറയുക, കൊട്ടുക, തല്ലുക, താഡിക്കുക.

Slash, *v. t.* നീളമായിക്കീറുക, നീളത്തിൽ കണ്ടിക്ക or പിളക്ക, മുറിപ്പെടുത്തുക; അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടിക്കുക; *n.* നീണ്ടകീറ്, നീണ്ടപിളപ്പ്; **-ing,** *a.* നീളത്തിൽ പിളക്കുന്ന or കീറുന്ന, അരുന്തുദമായ, മർമ്മച്ഛിത്തായ.

Slate, *n.* സ്ലേററ്, മാക്കൽപലക, കൽപലക.

Slattern, *n.* തുമ്പുകെട്ടവൻ, ശീലംകെട്ടവൻ, വൃത്തികെട്ടസ്ത്രീ, പപ്രച്ഛ, അപരിഷ്കൃതവേഷ.

Slaughter (slaw'ter), *n.* കൊല, കത്തിവെപ്പ്, വധം, വിശസനം, സംഹാരം; *v. t.* കൊല്ലുക, കൊലചെയ്ക, സംഹരിക്കുക, വധിക്കുക, കശാപ്പുചെയ്യുക; **-er,** *n.* കശാപ്പുകാരൻ, കൊലക്കാരൻ, 's. house കശാപ്പുസ്ഥലം, കൊലക്കളം'.

Slave, *n.* ഊഴിയക്കാരൻ, അടിമ, ദാസൻ, പ്രേഷ്യൻ, കിങ്കരൻ, ഭൃത്യൻ; *v. i.* അടിമയായി ഉഴയ്ക്കുക; **-ry,** *n.* ഊഴിയം, അടിമത്തം, ദാസ്യം, ദാസഭാവം, ദാസ്യവൃത്തി; **-ish,** താഴ്മയായ. ദാസോചിതമായ.

Slaver, *n.* ഉമിനീർ, തുപ്പൽ, വായ്നീർ.

Slay, *v. t.* കൊല്ലുക, കൊലചെയ്യുക, വിശസിക്കുക; **-er,** *n.* കൊലയാളി, കൊലചെയ്യുന്നവൻ.

Sled, Sledge (slej), *n.* ഉരുളില്ലാവണ്ടി, മഞ്ഞുകട്ടിപ്പുറത്തുകൂടി ഒഴക്കിക്കൊണ്ടു പോകുന്ന വണ്ടി.

Sleek, *a.* പളപളപ്പായ, മിനുസമായ, മൃദുവായ, ശ്ലക്ഷ്ണമായ, സ്നിഗ്ദ്ധമായ, ചമൽക്കാരമായ.

Sleep, *n.* ഇളപ്പാററി, ഉറക്കം, തൂക്കം, മെയ്മറവി, നിദ്ര, സുപ്തി; *v. i.* ഉറങ്ങുക, നിദ്രചെയ്യുക; **-er,** *n.* നിദ്രാലു; വാററ്; **-ing,** *n.* ഉറക്കം, കിടപ്പ്, നിദ്ര; *a.* ഉറങ്ങുന്ന, നിദ്രാണമായ; **-less,** *a.* ഉറക്കമില്ലാത്ത, ഉറക്കമിളച്ച; **-lessness,** *n.* ഉറക്കമില്ലായ്മ, നിദ്രാനാശം; **-y,** *a.* ഉറക്കമുള്ള, ഉറങ്ങുന്ന, മന്ദമായ; ഉറക്കമുണ്ടാക്കുന്ന, നിദ്രാപ്രദമായ.

Sleet, *n.* ആലിപ്പഴംപെയ്യൽ, മഴയും മഞ്ഞുവർഷവും.

Sleeve, *n.* ചട്ടയുടെ കയ്യ്, പിപ്പലം.

Sleigh (slā), *n.* *see* **Sledge.**

Sleight (slīt), *n.* തന്ത്രം, കൌശലം, ഹസ്തലാഘവം, മായ, ഇന്ദ്രജാലം, വിദ്യ.

Slender, *a.* മെലിഞ്ഞ, ചടച്ച, കൃശമായ, ക്ഷീണമായ, ക്ഷാമമായ; ചെറുതായ, അല്പമായ, ലഘുവായ, രമ്യമായ; **-ness,** *n.* മെലിവ്, ചടവ്, രമ്യത, കാർശ്യം, അല്പത.

Sleuth (slōth), *n.* മണംപിടിച്ചു പോന്ന വഴി; **-hound,** *n.* മണംപിടിച്ചു വേട്ടതുടരും നായ്.

Slice, *n.* ചീളു്, പൊളി തുണ്ട്, ഖണ്ഡം, ശകലം, ഛേദം, ഭാഗം, ലവം; *v. t.* ചീവു(മു)ക, പൊളിക്കുക, തുണ്ടിക്കുക, ഛേദിക്കുക.

Slide (slīd), *v. i. and v. t.* വഴുകുക, ചരക്കുക, വിസപ്പിക്കുക, (സങ്കേതത്തിൽ) കടക്കുക, ച്യവിക്കുക, ഭ്രംശിക്കുക; *n.* **-ing,** *n.* വഴുവഴുപ്പായ വഴി, ഇറക്കം, ചരിവ്, ചരിഞ്ഞഇറക്കം, വിസർപ്പം, സ്ഖലനം.

Slight (slīt), *a.* ചെറിയ, സ്വല്പമായ, ഇളപ്പമായ, ലേശമായ, സ്തോകമായ, ക്ഷുദ്രമായ, ലഘുവായ; *v. t.* ലഘുവാക്കുക, ഉപേക്ഷിക്കുക, അവമാനിക്കുക, അവഗണിക്കുക, നിന്ദിക്കുക; *n.* ഉപേക്ഷ, അവമതിപ്പ്, അവമാനം, അനാദരം, അവഗണനം; **-er,** *n.* നിസ്സാരമാക്കിത്തള്ളുന്നവൻ, മന്ദാദരൻ; **-ing,** *a.* അവജ്ഞയോടുകൂടിയ, അനാദരത്തോടുകൂടിയ, അവമാനത്തോടുകൂടിയ; **-ingly,** *adv.* ഉപേക്ഷയായി, അനാദരമായി; **-ly,** *adv.* ചെററ്, അല്പം, കുറച്ച്, അല്പമാത്രം.

Slim, *a.* മെലിഞ്ഞ, ബലഹീനമായ, അല്പമായ, തന്ത്രമുള്ള.

Slime, *n.* പശയുള്ള സാധനം, ചളി, ചളിമണ്ണ്, കളിമണ്ണ്; **-y,** *a.* ചെളിയുള്ള, പശയുള്ള, സാന്ദ്രമായ.

Sling, *n.* കവണി, എറി, ഭിന്ദിപാലം, ഗോഫണ, ഉറി, ആഞ്ചാൻകയർ, ശിക്യം, തൂക്കം; *v. t.* കവണകൊണ്ടെറിയുക, എറിയുക, വീശിയെറിയുക, ഏഴററുക.

Slink, *v. i. or v. t.* പതുങ്ങുക, ഒളിക്കുക, ഒളിച്ചുപോകുക, അപഗമിക്കുക, അപസരിക്കുക.

Slip, *v. i.* തെന്നുക, തെററുക, വഴുതുക, തവറുക, ചെയ്യാതൊഴിയുക, അറിയാതെ പോകുക; നിർഗ്ഗളിക്കുക, വീഴുക, പതിക്കുക; *v. t.* തെന്നിക്കുക, എറിയുക; അറിയാതെവയ്ക്കുക, അറിയാതെ കൊണ്ടുപോകുക; അവഗണിക്കുക, വിടുക, ഉപേക്ഷിക്കുക, ത്യജിക്കുക; ശിഥിലീകരിക്കുക; *n.* വഴുതൽ, ചരക്കൽ, തെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റാൽ; ഭ്രംശം, ച്യുതി; തുണ്ട്, കീറ്, ചരിഞ്ഞ മണൽകെട്ട്; അബദ്ധം, തെററ്, ദ്രോഷം, പ്രമാദം; വിടപം, ശാഖ, പല്ലവം, കാണ്ഡം; **-pery,** *a.* വഴുക്കലായ, തെന്നുന്ന, ചക്കുന്ന, പിച്ഛിലമായ, സ്നിഗ്ദ്ധമായ; മാറുന്ന, മാററമുണ്ടാകുന്ന, അസ്ഥിരമായ; ചലമായ, ലോലമായ, അനവസ്ഥിതമായ.

Slipper, *n.* സ്ലിപ്പർ, ചെരുപ്പാപ്പാസ്.

Slit, *n.* കീറ്, പിളപ്പ്, ദീർഘഛേദം; *v. t.* വകുക്കുക, കീറുക, പിളക്കുക.

Sliver, *v. t.* പിളക്കുക, കിഴിക്കുക, നേത്തു തുണ്ടുകളാക്കുക; *n.* തുണ്ട്.

Slobber, *v. t. and v. i.* വായ്നീരൊഴുക്കുക, ഉമിനീരൊഴുക്കുക.

Slogan, *n.* പോർവിളി, സിംഹനാദം, സങ്കേതവാക്യം.

Sloop, *n.* ഒററപ്പാമരച്ചെറുകപ്പൽ, പത്തേമ്മാരി.

Slop, *n.* എച്ചിൽവെള്ളം, ചിതറിയ വെള്ളം, കലക്കൽവെള്ളം, മലിനജലം; താഴ്ന്നപാനം; പാനീയാഹാരം; അടിയുടുപ്പ്, കാൽചട്ട; *v. t.* അശ്രദ്ധകൊണ്ടു ചിതറുക or തെറിപ്പിക്കുക.

Slope, *v. i.* ചരിയുക, ചായുക, ക്രമത്തിനു താഴുക, പ്രവണീഭവിക്കുക; *v. t.* ചരിക്കുക, ചായ്ക്കുക, ക്രമത്തിനു ചരിക്കുക, ക്രമത്തിനിറക്കുക, പ്രവണീകരിക്കുക; *n.* ഇറക്കം, ചരിവ്, പ്രവണഭൂമി; മലംചരിവ്, കുന്നിൻചരിവ്, നിതംബം, കടകം, ഗിരിനിതംബം; *a.* **-ing,** *a.* ചരിഞ്ഞ, ഇറങ്ങിയ.

Slot, *n.* താഴ്; ഇടുങ്ങിനീണ്ട തുള; മാനിൻ കാലടി, കാൽചുവട്.

Sloth, *n* അലസത, മടി, ആലസ്യം; മന്ദം; തേവാങ്ക്, ഒരുവക പതുക്കെയിഴയുന്ന ജന്തു; **-ful,** *a* മടിയുള്ള, അലസമായ, തന്ദ്രാലുവായ.

Slouch, *v. i.* കുനിഞ്ഞുനടക്കുക, തലതൂക്കിയിട്ടുനടക്കുക; *n.* തലതൂക്കിയിടൽ, അവലക്ഷണമായ ആകാരം; **-ing,** *a.* പ്രലംബമായ, നിമ്നമായ.

Slough (slow), *n.* ചതുപ്പുനിലം, ചേററുതറ, ചളിസ്ഥലം; പാമ്പിൻപടം, നിർമ്മോകം, കഞ്ചുകം, ഭുജംഗതചക് (sluf).

Sloven (sluv'n), *n.* തുമ്പുകെട്ടവൻ, വൃത്തികേടായി ഉടുക്കുന്നവൻ, അഴുക്കുവേഷക്കാരൻ; **-ly,** *a.* തുമ്പുകെട്ട, അഴുക്കായ, മലിനമായ, അപരിഷ്കൃതമായ; **-liness,** *n.* കുഴപ്പം, തുമ്പുകേട്, അവലക്ഷണത.

Slow (slō), *a.* പതുക്കെയായ, മന്ദമായ, താമസമായ, പിന്നീടായ, സാവധാനമായ, കരുതലോടുകൂടിയ, തയ്യാറല്ലാത്ത, ഊരോഗതിയില്ലാത്ത; മന്ദബുദ്ധിയായ, ദീർഘാലോചനയുള്ള; **-ly,** *adv.* പതുക്കെ, വേഗമല്ലാതെ, വിളംബിച്ച്; **-ness,** *n.* മടി, മാന്ദ്യം, ആലസ്യം, തന്ദ്ര, ജാഡ്യം.

Sludge (sluj), *n.* ചേറ്, ചെളി, ചതുപ്പ്, പങ്കം; ഇളകിയ മഞ്ഞുകട്ടി.

Slue (slū), *v. t.* ചുഴററുക, തിരിക്കുക, ആട്ടുക.

Slug, *n.* തോക്കുണ്ട; മടിയൻ, അലസൻ, മന്ദൻ, നനഞ്ഞവൻ, തന്ദ്രാലു; **-gard,** *n.* *see n.* above; **-gish,** *a.* മടിയുള്ള, അലസമായ, തന്ദ്രാലുവായ; **-ly,** *adv.* പതുക്കെ, മന്ദമായി; **-ness,** *n.* മാന്ദ്യം, ആലസ്യം, ജാഡ്യം.

Sluice (slōs), *n.* നീർചാട്ടം, ജലപ്രവാഹം, പ്രപാതം; മടമുഖം, ജലനിർഗ്ഗമം, കലുങ്ക്.

Slum, *n.* പുറംതെരുവ്, പള്ളച്ചേരി.

Slumber, *v. i.* ഉറങ്ങുക, തൂങ്ങുക, മയങ്ങുക; മയക്കം, ഉറക്കം, അല്പനിദ്ര.

Slur, *n.* കറ, അഴുക്ക്, കളങ്കം, അകീർത്തിചിഹ്നം; *v. t.* കറപ്പെടുത്തുക, നിന്ദിക്കുക, മലിനീകരിക്കുക, ദൂഷിപ്പിക്കുക; മറയ്ക്കുക, ഒളിക്കുക.

Slush, *n.* ചെളി, ചതുപ്പുസ്ഥലം, കർദ്ദമം, ജലപങ്കം.

Slut, *n.* തുമ്പുകെട്ടവൾ, ശീലമില്ലാത്തവൾ, വന്ധകി, തേവിടിശ്ശി; **-tish,** *a.* അപരിഷ്കൃതവേഷമായ.

Sly (slī), *a.* തന്ത്രമായ, കൌശലമായ, വിദഗ്ദ്ധമായ, കള്ളമായ, രഹസ്യമായ; 'S. laugh അന്തർഹാസം'; **-ly,** *adv.* വിവേകത്തോടെ, ഉപായത്തോടെ, തന്ത്രമായി, വൈദഗ്ദ്ധ്യത്തോടെ, കള്ളമായി; രഹസ്യമായി, നിഭൃതമായി; **-ness,** *n.* കള്ളം, വ്യാജം, കൗശലം, വൈദഗ്ദ്ധ്യം, ചാതുര്യം.

Smack, *v. i.* രുചിക്കൊള്ളുക, ചുവയുണ്ടാകുക; ലക്ഷണമുണ്ടാകുക; മുത്തുക, ഉമ്മകൊടുക്കുക; നൊട്ടയിടുക; *v. t.* ചുംബിക്കുക, ശബ്ദത്തോടുകൂടി ചുംബിക്കുക; സ്ഫുടിപ്പിക്കുക, ആസ്ഫാലിപ്പിക്കുക; *n.* രുചി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസ്വാദം, സ്വാദ്, രസം, വാസന, ഗന്ധം; കാച്ച്; ഉമ്മ; ഞൊട്ട.

Small, *a.* ചെറിയ, കുറഞ്ഞ, അല്പമായ; ലഘുവായ, നിസ്സാരമായ; അപ്രധാനമായ, അമുഖ്യമായ; വിശാലമല്ലാത്ത, അല്പമായ; ബലഹീനമായ; നീചമായ; 's. pox മസൂരിക, മസൂരി, കുരു, ശീതള, വസന്തരോഗം'.

Smallclothes, *n.* pl. അരച്ചല്ലടം.

Smart, *a.* വേഗമായ, ശീഘ്രമായ, ദ്രുതമായ, ചുറുചുറുപ്പായ, ശീഘ്രകാരിയായ; കട്ടപ്പമായ, കട്ടമയായ, ക്രൂരമുള്ള, തീവ്രമായ, ഉഗ്രമായ; കുശാഗ്രബുദ്ധിയായ, പ്രദീപ്തപ്രജ്ഞമായ, ക്രമ്മബുദ്ധിയുള്ള; സരസമായ, മാർമ്മികമായ, രസികമായ, രസഗർഭമായ; *n.* കട്ടവേദന, തീവ്രവേദന, തീക്ഷ്ണവേദന, തീക്ഷ്ണവ്യഥ, ശൂലം; *v. i.* ദുഃഖിക്ക, വ്യസനിക്ക, കൊടിയവേദന അനുഭവിക്ക; **-ly,** *adv.* കട്ടതായി, തീവ്രമായി, ദ്രുതമായി, വേഗത്തിൽ, ചുറുചുറുക്കോടെ, നിപുണമായി, ശോഭനമായി; **-ness,** *n.* വിരവു്, ചുറുചുറുക്ക്, കട്ടപ്പം, ക്രൂമ്മ, ചമൽകാരം, ശോഭ, കുശാഗ്രബുദ്ധി.

Smash, *v. t.* നുറുക്കുക, തകർക്കുക, പൊടിക്കുക, ഉടയ്ക്കുക, ചൂർണ്ണമാക്കുക, ഭഞ്ജിക്കുക; *n.* തകരൽ, പ്രമാഥം, ചൂർണ്ണനം.

Smatter, *v. i.* അലട്ടുക, കുറച്ചറിയുക, അല്പംപഠിക്കുക; *n.* അല്പജ്ഞാനം; **-er,** *n.* പല്ലവഗ്രാഹിപണ്ഡിതൻ, അല്പജ്ഞൻ.

Smear, *v. t.* പൂശുക, മെഴുകുക, ലേപിക്കുക, തൈലംപുരട്ടുക, അഭ്യഞ്ജിക്ക, അഞ്ജിക്കുക; **-ing,** *n.* പുരട്ടൽ, അഞ്ജനം.

Smell, *n.* ഘ്രാണം; 'sense of s. ഘ്രാണേന്ദ്രിയം, ഘ്രാണശക്തി, ഗന്ധഗ്രഹണശക്തി'; ആഘ്രാണം, ഗന്ധഗ്രഹണം; മണം, ഗന്ധം, വാസം, വാസന, ആമോദം; *v. t.* മണപ്പിക്ക, ഘ്രാണിക്കുക, ആഘ്രാണിക്കുക; *v. i.* മണക്കുക, ഗന്ധമുണ്ടാക; **-ing,** *a.* മണപ്പിക്കുന്ന; മണക്കുന്ന.

Smelt, *v. t.* ഉരുക്കുക, തെളിയിക്ക, വിലയിപ്പിക്ക, ദ്രവിപ്പിക്ക; **-er,** *n.* ലോഹം ഉരുക്കുന്നവൻ, ലോഹകാരൻ.

Smile, *v. i.* പുഞ്ചിരിതൂകുക, പുഞ്ചിരിക്കുക, സ്മയിക്കുക, മന്ദഹസിക്ക; 's. on അനുഗ്രഹിക്ക, പ്രസാദിക്ക'; സന്തോഷമുഖം കാട്ടുക; *n.* പുഞ്ചിരി, മന്ദഹാസം, മന്ദസ്മിതം, വിഹസനം; **-ing,** *a.* പുഞ്ചിരിതൂകുന്ന, സ്മേരമായ, സസ്മിതമായ, പ്രസന്നമായ, പ്രഫുല്ലമായ, തെളിഞ്ഞ; 's. sweetly ചാരുഹാസിയായ'; 'a s. countenance സ്മേരമുഖം, പ്രസന്നവദനം, സന്തോഷമുഖം'; **-ingly,** *adv.* പുഞ്ചിരിയോടെ, പ്രസന്നമായി.

Smirch, *v. t.* അഴുക്കാക്കുക, മലിനീകരിക്ക.

Smirk, *n.* ഇളിപ്പ്; വികൃതഹാസം, കിറിപ്പ്, വിലക്ഷണസ്മിതം; *v. i.* ഇളിക്കുക, കിറിക്കുക.

Smite, *v. t.* അടിക്കുക, അറയുക, കൊല്ലുക, വധിക്കുക, ഹനിക്കുക; **-er,** *n.* കൊല്ലുന്നവൻ, സൂദനൻ, ഘാതകൻ.

Smith, *n.* കമ്മാളൻ, കൈത്തൊഴിൽകാരൻ, ലോഹകാരൻ, അയസ്കാരൻ, കൊല്ലൻ, സ്വർണ്ണകാരൻ, തട്ടാൻ; **-ery, -y,** *n.* ആല, ശില്പശാല, ലോഹകാരശാല, വ്യവസായശാല.

Smock, *n.* ശാടകം, അധോവസനം, ഉള്ളാട, കഞ്ചുകം, അകത്തെ ഉടുപ്പ്.

Smoke, *n.* പുക, ധൂമിക; 'cloud of s. ധൂമപടലം'; *v. t.* പുകയ്ക്കുക, പുകച്ചു ശോധിക്കുക, പുകച്ചുണക്കുക; പുകവലിക്ക, പുക പിടിക്ക; *v. i.* പുകയുക, പുകവിടുക; **-er,** *n.* പുകവലിക്കാരൻ; **-ing,** *n.* പുകവലി, ധൂമപാനം; പുകവിടൽ; **-less,** *a.* ധൂമഹീനമായ, പുകയില്ലാത്ത, പുകയാത്ത; **-y,** *a.* പുകയുന്ന, പുക പിടിച്ച, പുക പററിയ, ഇരുണ്ട, പുക മണക്കുന്ന, ധൂമസ്വാദമായ.

Smooth, *a.* നിരപ്പുള്ള, നിരന്ന, മൃദുവായ, നേർത്ത, സ്നിഗ്ദ്ധമായ, മസൃണമായ, മിനുസമായ, മയമുള്ള; 'by s. remedies സാമോപായങ്ങളാൽ'; എപ്പോഴും ഒഴുകുന്ന, ധാരാവാഹിയായ, തടസ്സമില്ലാത്ത, നിരന്തരായമായ; (business etc.) ശാന്തമായ, പ്രസന്നമായ, കഴയാത്ത; *v. t.* നിരപ്പാക്കുക, ഒപ്പനിരപ്പാക്കുക, മൃദുവാക്കുക, കോമളമാക്കുക; **-ly,** *adv.* സുഖമായി, തടസ്സാംക്രടാതെ, നിർവിഘ്നമായി, അനായാസേന; **-ness,** *n.* മൃദുത, മാർദ്ദവം, ഇളക്കമില്ലായ്മ, അക്ഷോഭം, പ്രസാദം etc.

Smoothen, *v. t.* ഒപ്പനിരപ്പാക്കുക, മഴമഴപ്പാക്കുക, മിനുസപ്പെടുത്തുക, മൃദുവാക്കുക.

Smother, *v. t.* വീർപ്പുമുട്ടിക്ക, അടക്കുക, ഒടുക്കുക; *n.* ശ്വാസംമുട്ടൽ, അടക്കൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Smoulder (smōl′dér), *v. i.* വേകുക, അനലുക, അനല്ലുക; ക്ഷീണിച്ചുപോകുക.

Smudge (smuj), *v. t.* ചളിപുരട്ടുക, അഴുക്കുപുരട്ടുക, മാലിനീകരിക്ക, ശ്വാസംമുട്ടിക്ക; *n.* കളങ്കം, അഴുക്കുപൊട്ടു്.

Smug, *a.* വൃത്തിയുള്ള, ശോഭനമായ, സുഭവേശമായ.

Smuggle, *v. t.* കള്ളംചെയ്യുക, വ്യാജക്കച്ചവടംചെയ്യുക.

Smut, *n.* ഓട്ട; അഴുക്കു്, അസഭ്യവാക്യം, ദുർവ്വചനം; *v. t.* അഴുക്കുപുരട്ടുക, മലിനീകരിക്ക, കളങ്കപ്പെടുത്തുക.

Snack, *n.* പങ്കു്, ലഘുശീഘ്രഭക്ഷണം.

Snaffle, *n.* ലഗാൻ, ലഘുവല്ഗ.

Snail, *n.* ഒച്ചു്, ഊരമച്ചി, മന്ദൻ, ചോമ്പൻ.

Snake, *n.* പാമ്പു്, സർപ്പം, ഉരഗം; **-y,** *a.* പാമ്പിനെസംബന്ധിച്ച.

Snap, *v. t.* അറുക്കുക, പൊട്ടിക്കുക, തകർക്കുക; അടയ്ക്കുക; കപ്പുക, കടിക്കുക, പറക, വെടിയുക; **-ping,** *a.* കപ്പുന്ന, പാറുന്ന, പിടിക്കുന്ന; *n.* പൊടിവു്, തകരൽ; അംഗുലിഭംഗം; പെട്ടെന്നുള്ള കടി; **-pish,** *a.* കടിക്കുന്ന, പരുപരുപ്പായ, പരുഷമായ, ദുഃശീലമായ, പട്ടിയുടെ സ്വഭാവമായ.

Snare, *n.* കണി, പാശം, ചതുക്കു്, കരുക്കു്, വല, ജാലം; *v. t.* കുരുക്കിലാക്കുക, കണിയിലകപ്പെടുത്തുക, വലവെച്ചുപിടിക്കുക.

Snarl, *v. i.* ഉരമുക, മുരമുരക്കുക, അമറുക, ഗർജ്ജിക്കുക; ചീററിക്കൊണ്ടുപറയുക, പരുഷമായിപ്പറയുക; *v. t.* മുരമുരക്കുക; *n.* ചീറിയുള്ള സംസാരം; **-er,** *n.* ചീറുന്നവൻ, കുക്കുശൻ, ശ്വാസസ്വഭാവൻ.

Snatch, *v. t.* പറിക്കുക, കപ്പുക, തട്ടിപ്പറിക്കുക, പിടിച്ചുപറിക്കുക; **-at,** വേഗത്തിൽ ഗ്രഹിക്കുക; **-off,** കവരുക, തട്ടിപ്പറിക്കുക; **-out,** പറിച്ചെടുക്കുക, ഉല്കൂർഷിക്കുക; **-up,** മേലോട്ടു് എടുക്കുക, പൊക്കിയെടുക്കുക; *n.* **-ing,** *n.* പിടിച്ചുപറിക്കൽ, തട്ടിപ്പറിക്കൽ; പെട്ടെന്നുള്ള പ്രവൃത്തി, ക്ഷണപ്രവൃത്തി; **-ing,** *a.* അത്യാർത്തിയുമുള്ള, ലോലുപമായ, അത്യാഗ്രഹമുള്ള.

Sneak, *v. i.* പതുങ്ങിപ്പോയോടുക, ഒളിച്ചോടുക, കടക്കുക, പതുങ്ങിനടക്കുക; *a.* **-ing,** ഇഴിവായ, നീചമായ.

Sneer, *v. t. or v. i.* (at) നിന്ദിക്ക, പരിഹസിക്ക, ആക്ഷേപിക്ക; *n.* പരിഹാസം, നിന്ദച്ചിരി, അവജ്ഞാപഹാസം; **-ingly,** *adv.* അവജ്ഞയോടുകൂടി, പരിഹാസമായി.

Sneeze, *v. i.* തുമ്മുക, ഹംജിക്ക, ക്ഷുതം ചെയ്യുക; *n.* തുമ്മൽ.

Snicker, Snigger, *v. i.* അന്തർഹസിക്ക.

Sniff, *v. t.* മൂക്കിലൂടെ വലിക്കുക, വലിച്ചുകോറുക.

Snip, *v. t.* അററംകണ്ടിക്കുക, അററംമുറിക്കുക.

Snipe, *n.* കടൽപുള്ളു്, കോട്ടാൻ, ദീർഘചഞ്ചു; മറയൻ, പൊട്ടൻ, വിഡ്ഢി.

Snivel, *n.* മൂക്കുചളി, മൂക്കീള, നാസാമലം; *v. i.* മൂക്കീളയൊഴുക്കുക.

Snob, *n.* സഭ്യംമന്യൻ, നവോദയൻ, അല്പൻ, ചെമ്മാൻ, ചക്കിലിയൻ.

Snooze, *see* **Nap.**

Snore, *v. i.* ക്രൂക്കംവിടുക, ക്രൂക്കംവലിക്കുക, ഘർഘരശബ്ദമുണ്ടാക്കുക; **-ings,** *n.* ക്രൂക്കം, ക്രൂഥനം.

Snort, *n.* മൂക്കുചീററം, ഫൂൽകാരം; *v. i.* ഫൂൽകരിക്കുക.

Snot, *n.* ചളി.

Snout, *n.* മൃഗത്തിന്റെ നീണ്ടമുഞ്ഞി, നീണ്ടമൂക്കു്, പ്രോംഥം, പോത്രം.

Snow (snō), *n.* മഞ്ഞു്, ഹിമം, തുഷാരം, തുഹിനം, മിഹിക; 'flow of s. തുഷാരസ്രുതി, ഹിമനിഷ്യന്ദം, മഞ്ഞൊഴുക്കു്'; 's. drift, mass of s. മഞ്ഞുകട്ടി, ഹിമാനി, ഹിമസംഹതി'; 's. storm ഹിമവർഷം, ഹിമസംപാതം'; *v. i.* മഞ്ഞുപെയ്യുക; **-y,** *a.* ഹൈമമായ, ഹിമമയമായ, ഹിമാഭമായ, ഹിമവർണ്ണമായ; കളങ്കമററ.

Snub, *v. t.* കത്തിരിക്കുക, കിള്ളുക, തള്ളുക, തടുക്കുക, അധിക്ഷേപിക്ക, അപകർഷിക്ക; 's. nose പതിമൂക്കു്, ചപ്പമൂക്കു്, നതനാസിക'; 's. nosed പതിമൂക്കായ'.

Snuff, *v. t. or v. i.* മൂക്കുകൊണ്ടുവലിക്കുക, മണംപിടിക്കുക, ശ്വാസംപിടിക്കുക, നിശ്വസിക്ക; *n.* പുകയിലപ്പൊടി, പൊടി, നസ്യം, നാസാചൂർണ്ണം; 's. out (തിരിമുറിച്ചു) വിളക്കണയ്ക്കുക, കെടുത്തുക'; **-ers,** *n.* തിരിക്കത്തിരി; **-y,** *a.* പുകയിലപ്പൊടിപററിയ, പൊടികൊണ്ടുദൂഷിതമായ.

Snuffle, *v. i.* മൂക്കുകൊണ്ടുപറയുക, കിണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങി(ചിണുങ്ങി)പ്പറയുക; അടഞ്ഞമൂക്കിലൂടെ ശ്വാസംവിടുക.

Snug, *a.* അടക്കിയ, സുസംഹൃതമായ, രഹസ്യമായ, മറവായ; സുഖാവഹമായ, ഹിതകരമായ; സുസ്ഥിതമായ, സുഖമായ, സ്വസ്ഥമായ; അട്ടത്തുകിടക്കുന്ന; **-ly,** *adv.* സുഖമായി, ഒതുക്കത്തോടെ; **-ness,** *n.* ഒതുക്കം, സുഖം; **-Snuggle,** *v. i.* ഞെരുങ്ങിപ്പാറുക, അട്ടത്തുകിടക്കുക, സുഖമായിക്കിടക്കുക.

So, *adv.* ഇതുപോലെ, അതുപോലെ, ഇപ്രകാരം, അപ്രകാരം, ഇങ്ങിനെ, അങ്ങനെ; അത്ര, ഇത്ര; അത്രത്തോളം; ആകയാൽ; *conj.* അങ്ങിനെആയാൽ, അങ്ങിനെ ആയിരുന്നാൽ.

Soak, *v. t. or v. i.* കുതിക്കുക, നനയ്ക്കുക, മുക്കുക; വലിച്ചെടുക്ക, നകുരുക; **-ed,** *a.* കുതിർന്ന, നനച്ച, ജലക്കിന്നമായ.

Soap, *n.* സോപ്പ്, ചവക്കാരം; *v. t.* സോപ്പിടുക; **-y,** *a.* വഴവഴപ്പായ, ചിക്കണമായ.

Soar, *v. i.* ആകാശത്തിൽ എഴിലുക, കിളരുക, ഉയർന്നുപറക്കുക; *n.* ഉയർന്നുപറക്കൽ, എഴുന്ന ഉയരം; **-ing,** *n. see* (*n.*)

Sob, *v. i.* തേങ്ങ(ന്മു)ക, പുലമ്പുക, വിമ്മിക്കരയുക; **-bing,** *n.* തേങ്ങൽ, പുലമ്പൽ, വിമ്മിക്കരയൽ, ഗദ്ഗദം; **-bingly,** *adv.* തേങ്ങി, വിമ്മിക്കരഞ്ഞുകൊണ്ട്, സഗദ്ഗദം.

Sober, *a.* ചിത്തസ്വാധീനമുള്ള, ശാന്തമായ, ധീരമായ, സ്ഥിരബുദ്ധിയായ, വിചാരശീലമായ; ലഹരികൊള്ളാത്ത, നിർമ്മദമായ; അധികം കുടിക്കാത്ത; മിതമായ, പരിമിതമായ, നിലയുള്ള, മദ്യാദയുള്ള; *v. t.* തെളിവിക്ക, ലഹരികളയുക, നിർമ്മദീകരിക്ക, സ്ഥിരീകരിക്ക, നിലയ്ക്കാക്കുക, ശാന്തമാക്കുക; **-ed,** *a.* ലഹരിയില്ലാത്ത, മത്തില്ലാത്ത; **-ly,** *adv.*, ശാന്തമായി, ചിത്തസ്വാധീനതയോടെ, മത്തില്ലാതെ; **-nes, -Sobriety,** *n.* അടക്കം, ധീരത, ഗാംഭീര്യം, വിചാരശീലത, ഇളക്കമില്ലായ്മ, ശാന്തി; മത്തില്ലായ്മ, വെളിവ്, മദാഭാവം; സംയമം, നിഗ്രഹം, മിതപാനം.

Sobriquet, *n.* നിന്ദപ്പേർ, ഉപനാമം, തുപ്പേർ.

Sociable (sō-sha-bl), *a.* ഇണക്കമുള്ള, സംഗമപ്രിയമായ, ജനസംഗശീലമായ, സ്നേഹസ്വഭാവമായ, അന്യോന്യമായ; സുജനമായ, മധുരാലാപമായ, സല്ലാപപ്രിയമായ, സ്നേഹബുദ്ധിയായ; **-ness; -Sociability,** *n.* സംസർഗ്ഗശീലത, സുശീലം.

Society (sō-si'e-ti), *n.* ഇണക്കം, ഐക്യസംഘം, ജനസംഘം, സഭ, സംഗമം, സംഗം, സംഗസ്സം, സമാഗമം, സഹവാസം, സഹചര്യം, സംഘം, സമാജം, ജനസമൂഹം; **-Social** (sō'shal), *a.* സർവ്വജനസംഘമായ, ദേശാചാരമായ, ഇണക്കമായ, കൂടിവാഴുകസ്വഭാവമുള്ള, സംസർഗ്ഗരൂപമായ, സംസർഗ്ഗാത്മകമായ; **-ly,** *adv.* സാമൂഹ്യരീതിയിൽ, സാമൂഹ്യമായി, സാംസർഗ്ഗികമായി.

Socialism (so'shal-izm), *n.* ധനസമതാവാദം, സ്വത്ത് തുല്യമായിരിക്കത്തക്കവണ്ണം ജനസമൂഹത്തെ സംഘടിപ്പിക്കുന്ന ഒരു പദ്ധതി; **-Socialist,** *n.* ധനസമതാവാദി.

Sociology (sō-shi-ol'o-ji), *n* ജനസമൂഹശാസ്ത്രം, കൂട്ടജീവിതമുറ, സാമാജികശാസ്ത്രം, മനുഷ്യസമൂഹത്തെയും തദനുകൂലമായ സ്ഥാപനങ്ങളെയും സംബന്ധിച്ചുള്ള ശാസ്ത്രം.

Sock, *n.* ചെറിയ കാലുറ, പാദത്രാണം.

Socket, *n.* ആധാരം, ഭാജനം, കൂട്, കൺകുഴി.

Sod, *n.* പുല്ത്തറ, ശാദ്വലം.

Soda, *n.* സോഡ, ലവണക്ഷാരം.

Sodality, *n.* മണ്ഡലം, സംഘം, ധർമ്മപഥം.

Sodden, *a.* വളരെനനഞ്ഞ, വളരെ കുതിന്ന.

Sodium, *n.* ലവണധാതു, കറിയുപ്പ്.

Sodomy, *n.* പുംമൈഥുനം, ഗുദമൈഥുനം; **-Sodomite,** *n.* ഗുദമൈഥുനകൃത്.

Sofa, *n.* സോഫ, ചാരുള്ളകട്ടിൽ, മഞ്ചം, പര്യങ്കം.

Soft, *a.* പതിയുന്ന, ഞെങ്ങുന്ന, അമുങ്ങുന്ന, പശിമയുള്ള, മൃദുവായ, കോമളമായ, പേലവമായ, സൌമ്യമായ; മസൃണമായ, സുഖസ്പർശമായ, അദൃഢമായ; (voice) മധുരമായ, മഞ്ജുളമായ; (in mind) വഞ്ചിക്കാവുന്ന, അല്പബുദ്ധിയായ, ബാലിശമായ; *intj.* മിണ്ടാതിരിക്ക! മിണ്ടരുത്; **-en,** *v. t.* മൃദുവാക്കുക; അടക്കുക, ശമിപ്പിക്ക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാന്ത്വനപ്പെടുത്തുക; ലഘൂകരിക്ക; *v. i.* മൃദുവാക, ദയാർദ്രീഭവിക്ക, പ്രശമിക്കുക, അലിയുക; **-ening,** *a.* ശാന്തികരമായ, ശമകമായ, ശമനമായ; **-ly,** *adv.* മൃദുവായി, കോമളമായി, മാർദ്ദവത്തോടെ; പതുക്കെ, അനങ്ങാതെ; ചപലമായി; നിശ്ശബ്ദമായി, മന്ദമായി; **-ness,** *n.* മാർദ്ദവം, സൌകുമാര്യം, മസൃണത, മാധുര്യം.

Soho, *intj.* അഹോ!

Soi disant താന്നേ‌പേർവെച്ച.

Soil, *n.* നിലം, മണ്ണ്, മൂത്, ഭൂമി, പ്രദേശം; 'native s. ജന്മഭൂമി'; 'fertile s. ഫലസമൃദ്ധമായ ഭൂമി, ഉർവ്വര'; 'dry s. മരു, മരുഭൂമി'; 'barren and salt s. ഓരുനിലം or ഭൂമി'; 'stony s. പാറനിലം, കല്ലുഭൂമി'; മലം, കിട്ടം, കളങ്കം, അഴുക്ക്; *v. t.* അഴുക്കാക്കുക, ദൂഷിപ്പിക്കുക; **-ed,** *a.* അഴുക്കായ, മണ്ണുപുരണ്ട, കല്മഷിതമായ.

Soiree (swä'-rā), *n.* അന്തിവിരുന്ന്, മിത്രസമാജം.

Sojourn, (sō'jĕrn), *v. i.* സ്വല്പകാലം താമസിക്കുക, പാർക്കുക, വസിക്കുക, അല്പകാലം താമസിക്ക, അന്യസ്ഥലത്തു താല്ക്കാലികമായി പാർക്കുക; *n.*, **-ing,** *n.* പാർപ്പ്, സ്വല്പകാലത്തെപാർപ്പ്, പ്രവാസം, അല്പയാത്ര; **-er,** *n.* ആഗന്തുകൻ, പ്രവാസി, യാത്രികൻ, പരദേശസേവി.

Solace (sol'ās), *v. t.* ആററുക, സാന്ത്വനപ്പെടുത്തുക, സമാശ്വസിപ്പിക്ക, സന്തോഷിപ്പിക്ക, വിനോദിപ്പിക്ക; . സാന്ത്വനം, ആശ്വാസനം, വിനോദം, ക്ലേശശാന്തി, ശോകശാന്തി.

Solar, *a.* സൂര്യനെ സംബന്ധിച്ച, സൌരമായ; 's. system സൌരലോകം'.

Solder, *v. t.* വിളക്കുക, വച്ചുവിളക്കുക, കൂട്ടിവിളക്കുക; തമ്മിൽചേർക്കുക, പാറിക്കുക; വെട്ടിവച്ചുവിളക്കുക; *n.* വിളക്കപ്പൊടി, തുളിപ്പുപൊടി, ധാതുലേപം, കൂട്ടിച്ചേർക്കുന്നത്.

Soldier, *n.* പോർചേവകൻ, പോരാളി, പടയാളി, യോദ്ധാവ്, ഭടൻ, സൈനികൻ; **-like, -ly,** *a.* പോരാളിക്കുചേന്ന, യോദ്ധാവെപ്പോലുള്ള, ശൂരമായ, വിക്രാന്തമായ; **-y,** *n.* പട, ബലം, സൈന്യം.

Sole (sōl), *a.* ഒററയായ, തനിച്ച, അപൂർവ്വമായ, ഏകാകിയായ, കേവലമായ; *n.* ഉള്ളങ്കാൽ, ഉള്ളടി, ചെരുപ്പിനടിത്തോൽ; *v. i.* ചെരുപ്പിന് അടിത്തോലിടുക.

Solecism, *n.* മുറകേട്, വാചകപ്പിഴ, സംസ്കാരച്യുതി, അശുദ്ധപ്രയോഗം, വ്യാകരണത്തെററ്.

Solemn (sol'em), *a.* ഭയഭക്തിഗാംഭീര്യങ്ങളുള്ള, ഗുരുവായ, ഗംഭീരമായ, ഉദാത്തമായ; പുണ്യമായ, സാംസ്കാരസഹിതമായ; ദൃഢമായ, സനിശ്ചയമായ, സ്ഥിരനിശ്ചയാത്മകമായ; **-ity, -ness,** *n.* ക്രിയാസംസ്കാരം, ധർമ്മക്രിയ, വിധി, ഉത്സവം; ഗാംഭീര്യം, ഗുരുത്വം, ഗൌരവം; ആഡംബരം; **-ize,** *v. t.* യഥാവിധി അനുഷ്ഠിപ്പിക്കുക, ശാസ്ത്രാനുസാരം നിർവ്വഹിപ്പിക്കുക; ഗൌരവമുണ്ടാക്കുക; **-ly,** *adv.* യഥാവിധി, യഥാശാസ്ത്രം, വിധിപൂർവം; സാഡംബരം, ധീരമായി, ഗംഭീരമായി.

Solicit, *v. t.* തെണ്ടുക, താഴ്മയായി ചോദിക്കുക, അപേക്ഷിക്കുക, അഭ്യർത്ഥിക്കുക, **-ation,** *n.* പ്രാർത്ഥന, യാചന; **-or,** *n.* യാചകൻ, അർത്ഥി, വക്കീൽ, കാര്യസ്ഥൻ; **-ous,** *a.* കവലയുള്ള, ഉൽസുകമായ, സോൽകണ്ഠമായ, ആശയുള്ള; **-ously,** *adv.* ഉൽസുകമായി, സോല്ക്കണ്ഠമായി; **-ude,** *n.* വ്യഗ്രത, ചിന്ത, ഉല്ക്കണ്ഠ, ഉദ്വേഗം.

Solid, *a.* ഉറപ്പുള്ള, ഞെരുങ്ങിയ, തിണ്മയായ, സംസാരമായ, സഗർഭമായ, ഘനമായ, ദൃഢസന്ധിയായ, സ്ഥൂലമായ, കഠിനമായ, അദ്രവമായ, അഗാധമായ, പരിപക്വമായ, സുദൃഢമായ; *n.* കട്ടി, ഘനം; 's. contents ഘനഫലം'; സംഘാതം, ഘനദ്രവ്യം; **-ify,** *v. t.* കട്ടിയാക്കുക, കഠിനീകരിക്കുക; **-ity, -ness,** *n.* കാഠിന്യം, ദൃഢത.

Soliloquy (sō-lil'ō-kwi), *n.* തന്നോടു താൻ പറയുന്നത്, ആത്മഭാഷണം, ആത്മഗതഭാഷണം, സ്വഗതം, ആത്മഗതം; **-Soliloquize,** *v. i.* സ്വഗതമായി പറയുക.

Solitary, *a.* തനിയേയായ, ഒററയായ, ഏകാന്തമായ, വിജനമായ, നിഭൃതമായ, സഹവാസസംക്രടാത്ത, ഇരുണ്ട, ഭയങ്കരമായ; *n.* മുനി വിവിക്തവാസി, പരിവ്രാഡ്, വനവാസി; **-ily,** *adv.* ഏകാന്തമായി, തനിയേ, വിവിക്തമായി. നിഭൃതമായി; **-iness, -Solitude,** *n.* വിവിക്തം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിജ്ജനം, വിജനസ്ഥാനം, വിജനം, അരണ്യം, ഏകാന്തവാസം.

Solo, *n.* ഒരുവൻ തനിച്ചു പാടുംപാട്ട്, ഏകാന്തഗീതം.

Solstice (sol'stis), *n.* അയനാന്തം, അയനം, അയനകാലം, അയനസന്ധി; 'summer s. കക്കിസംക്രാന്തി, ഉത്തരായനം'; 'winter s. മകരസംക്രാന്തി, ദക്ഷിണായനം'; **-Solstitial,** *a.* അയനാന്തസംബന്ധമായ.

Solve, *v. t.* വ്യാകരിക്കുക, വിവരിക്കുക, വിളക്കിക്കാട്ടുക, തെളിവാക്കുക, അകററുക, പിരിക്കുക; സമാധാനംനല്കുക; ലയിക്കുക, വിലയിക്കുക, വിദ്രവിക്കുക; **-ency,** *n.* കടംവീട്ടാനുള്ള ശക്തി, ഋണശോധനക്ഷമത, സമൃദ്ധി; **-ent,** *a.* പണമുള്ള, കടംവീട്ടാൻ ശേഷിയുള്ള; ദ്രവിക്കുന്ന, ദ്രാവകമായ; *n.* ദ്രാവകം, ദ്രവിക്കുന്നവസ്തു; **-Soluble,** *a.* അലിയിക്കാവുന്ന, ദ്രവിപ്പിക്കാവുന്ന, വിദ്രാവ്യമായ, ദ്രാവാർഹമായ; **-Solution** (-shun), *n.* സാധനം, വിവരണം, വ്യാഖ്യാനം, ഉപപത്തി, സമാധാനം; അലിയൽ, വിലയനം; യോഗം.

Sombre (som'bér), *a.* മന്ദമായ, മയങ്ങിയ, മങ്ങിയ, ഇരുണ്ട, വാട്ടമുള്ള, ശ്യാമമായ, മലിനമായ, ധൂസരമായ, മലിനപ്രഭമായ.

Some (sum), *a.* കുറേ, പല, ചില, കുറച്ച്; 's. body ഏതോ ഒരാൾ, മുഖ്യൻ'; 's. how എങ്ങിനെയോ, ഒരുവിധത്തിൽ.

Somerset, Somersault, *n.* മലക്കം, മറിച്ചിൽ, കുട്ടിക്കരണം, കരണംമറിച്ചിൽ.

Somnambulate, *v. i.* ഉറക്കത്തിൽ നടക്കുക, സ്വപ്നസഞ്ചാരംചെയ്യുക; **-Somnambulism,** *n.* നിദ്രാസഞ്ചാരം; **-Somnambulist,** *n.* നിദ്രാചാരൻ, സ്വപ്നചാരി, ഉറക്കത്തിൽ നടക്കുന്നവൻ.

Somniferous, *a.* ഉറക്കമുണ്ടാക്കുന്ന, നിദ്രാകൃത്തായ.

Somniloquist, *n.* ഉറക്കപ്പിച്ചുപറയുന്ന, ഉറക്കത്തിൽ സംസാരിക്കുന്ന, നിദ്രാലാപിയായ, നിദ്രാഭാഷിയായ.

Somnolent, *a.* ഉറക്കമുള്ള, നിദ്രയുള്ള, മയക്കമുള്ള, നിദ്രാലുവായ, നിദ്രാപരവശമായ.

Son (sun), *n.* പുത്രൻ, മകൻ, സുതൻ, തനൂജൻ, ആത്മജൻ, ദാരകൻ, ബാലകൻ; 's. in law ജാമാതാവ്, മരുമകൻ'; **-less,** *a.* മകനില്ലാത്ത, അപുത്രനായ (person).

Song, -ster, *n.* *see* under **Sing.**

Sonnet, *n.* ഗീതിക, ഗാഥ, ലഘുഗീതം, ലഘുകാവ്യം, പതിന്നാലടിപ്പദ്യം.

Sonorous, *a.* ധ്വനിക്കുന്ന, ലോഹംപോലെ രണനംചെയ്യുന്ന, മധുരമായ; വ്യക്തമായ, സ്പഷ്ടമായ, വ്യക്തവർണ്ണമായ; മുഴങ്ങുന്ന, വിരാവിയായ, മുഖരമായ, ശബ്ദനമായ; **-ly,** *adv.* മധുരമായി, മുഴക്കത്തോടെ, മുഴങ്ങി; **-ness,** *n.* മാധുര്യം, സ്പഷ്ടത; ഉച്ചത, മുഖരത.

Soon, *adv.* വിരവിൽ, വിരവോടെ, വേഗം, ഉടനെ, തുടിതിയിൽ, അവിളംബം, ആശു.

Soot, *n.* ചളി, മട്ട്, കിട്ടം, അഴുക്ക്, കജ്ജളം.

Sooth, *n.* നേര്, സത്യം, തഥ്യം; 'in s. നേരായി, സത്യമായി'; 's. sayer ദൈവജ്ഞൻ, ഗണകൻ, കണിയാൻ, മൌഹൂത്തികൻ'; 's saying ശുഭാശുഭകഥനം, ദൈവപരീക്ഷ, ദൈവചിന്തനം'.

Soothe, *v. t.* ഇഷ്ടവാക്കുകളാൽ പ്രീതിപ്പെടുത്തുക, ശമിപ്പിക്കുക, ശാന്തിയാക്കുക, ലഘൂകരിക്കുക, ലാളിക്കുക, സാന്ത്വനപ്പെടുത്തുക, പ്രസാദിപ്പിക്കുക; **-ing,** *a.* ശമിപ്പിക്കുന്ന, ശാന്തികരമായ, സാന്ത്വനകമായ, ആശ്വാസനശീലമായ; 's. words സാന്ത്വനവാക്കുകൾ, സാമവാക്കുകൾ'; *n.* സാന്ത്വനം, ആശ്വാസനം.

Sop, *n.* തിന്നാൻവേണ്ടി കുതിർത്തതു്, തൃപ്തിപ്പെടുത്തുവാനായി കൊടുത്തതു്, കൈക്കൂലി, കോഴ; *v. t.* മുക്കുക, പൂഴ്ത്തുക, താഴ്ക്കുക, കുതിർക്കുക.

Sophism (sof'izm), **Sophistry,** *n.* ഹേത്വാഭാസം, യുക്ത്യാഭാസം, സത്യാഭാസം, കള്ളന്യായം, പിരട്ടുവാക്ക്, കുതക്കം; **-Sophist, -er,** *n.* ഹേത്വാഭാസവാദി, പിരട്ടുവാക്കുകാരൻ, താക്കികൻ; **-ic, -ical,** *a.* ന്യായംതെററിയ, പിരട്ടുവാക്കായ, സത്യംപോലെതോന്നുന്ന, ഹേത്വാഭാസരൂപമായ, സത്യാഭാസമായ, വാക്ഛലമായ; **-Sophisticate,** *v. t.* *see* **Adulterate.**

Soporific, Soporiferous, *a.* ഉറക്കമുണ്ടാക്കുന്ന, നിദ്രാജനനമായ, സ്വാപകരമായ, നിദ്രാവഹമായ.

Sorcery, *n.* മന്ത്രവിദ്യ, മായാവിദ്യ, അഭിചാരം, ഐന്ദ്രജാലം; **-er,** *a.* ഐന്ദ്രജാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലികൻ, മായാകാരൻ, അഭിചാരവിത്; **-ess,** *n.* യോഗിനി, അഭിചാരിണി.

Sordid, *a.* അഴുക്കായ, കെട്ട, നീചമായ, കൃപണമായ, കുത്സിതമായ, അധമമായ.

Sore, *n.* പുണ്ണ്, വ്രണം, ക്ഷതം, ദുഃഖം; *a.* പുണ്ണുള്ള, വേദനയുള്ള, ദുഃഖിതമായ; പീഡാകരമായ, ക്ലേശപ്രദമായ; ഉഗ്രമായ, തീവ്രമായ, ദാരുണമായ; 's. throat കണ്ഠപാകം, കണ്ഠരോഗം, കഴുത്തുനോവ്'; **-ly,** *adv.* അധികമായി, വേദനയായി, ദുഃഖമായി.

Sorrel, *n.* ചുക്കഞ്ചീര, പുളിയാര, ശതവേധി, സഹസ്രവേധി, അമ്ലവേതസം; *a.* ഇളം ചുവപ്പായ, പിംഗളവർണ്ണമായ.

Sorrow (sor'ō), *n.* മനനോവ്, ശോകം, ദുഃഖം, ഖേദം, വ്യസനം; *v. i.* ശോചിക്ക, ദുഃഖിക്ക, വ്യസനിക്ക; **-ful,** *a.* ദുഃഖമുള്ള; ശോച്യമായ, ശോചനീയമായ; **-fully,** *adv.* ശോകത്തോടെ, സദുഃഖം.

Sorry (sor'i), *a.* ദുഃഖിക്കുന്ന, ദുഃഖിതമായ, ഖിന്നമായ; ദീനമായ, ശോച്യമായ, കൃപണമായ.

Sort, *n.* ഇനം, വകുപ്പ്, വക, തരം, ഭേദം, ജാതി; *v. t.* അടുക്കുക, തരംപിരിക്കുക, യഥാക്രമമാക്കുക, യഥാവർഗ്ഗംവിന്യസിക്ക; *v. i.* കൂടുക, ചേരുക, യോജിക്ക.

Sortie, *n.* പാച്ചിൽ, അവസ്കന്ദം.

Sot, *n.* മന്ദൻ, മൂഢൻ, കുടിയൻ, അതിപാനി, വെറിയൻ; **-Sottish,** *a.* കുടിയുള്ള കുടിച്ച, മദ്യപാനംചെയ്ത, മദോന്മത്തമായ.

Soul, (sōl), *n.* ആത്മാവ്; 'individual s. പ്രത്യഗാത്മാവ്, വിജ്ഞാനാത്മാവ്'; 'rational s. ചിദാത്മാവ്'; 'supreme s. പരമാത്മാവ്, ബ്രഹ്മം'; 'animating s. ജീവാത്മാവ്, പ്രാണൻ, ജീവൻ'; 'embodied s. ദേഹി, ശരീരാത്മാ, ശരീരി, പ്രാണാത്മാ, ക്ഷേത്രജ്ഞൻ'; ആത്മാ, ചിത്തം, മനസ്സ്, ഹൃദയം; ജീവനം, സാരം, സത്ഭാഗം, തത്ത്വഭാഗം, അംശം, സാരഭൂതം; (self) ആത്മാ, താൻ; വീര്യം, ബലം, ഉത്സാഹം, തേജസ്; ആൾ, വ്യക്തി.

Sound, *n.* ശബ്ദം, ഒച്ച, ഒലി, നാദം, കേൾക്കുന്നതു്, ധ്വനി; 'musical s. നിക്വാണം, ക്വണിതം, സംഗീതശബ്ദം'; 'confused s. കോലാഹലം, കലകലം, തുമുലരവം'; 'rattling s. രണം, രണിതം'; കടൽകൈവഴി, കടലിടുക്ക്, സന്ധിസംഗമം; *a.* ക്ഷേമമായ, സുസ്ഥമായ, ആരോഗ്യമായ; കേടില്ലാത്ത, അക്ഷതമായ, സസാരമായ, സാരവത്തായ, സാരഗർഭമായ; മുഴവനായ, അവികലമായ, കുറവില്ലാത്ത, അഭിന്നമായ; തീക്ഷ്ണമായ, തീവ്രമായ, നിർഭരമായ, ഗാഢമായ; നിർദ്ദോഷമായ, ദോഷഹീനമായ; ഗംഭീരമായ, അഗാധമായ, പരിപക്വമായ; ശരിയായ, അഖണ്ഡ്യമായ, ന്യായ്യമായ, യുക്തിസിദ്ധമായ; വിശ്രുദ്ധാചാരമായ, സത്യമാർഗ്ഗാനുയായിയായ; *v. i.* ഒച്ചയുണ്ടാക, ഒലിയിടുക, ധ്വനിക്കുക, ശബ്ദിക്കുക; *v. t.* ശബ്ദിപ്പിക്ക, ധ്വനിപ്പിക്ക; പരീക്ഷിക്കുക, നന്നേ നിരൂപിക്ക; ഉദ്ഘോഷിക്കുക, പ്രഖ്യാപനംചെയ്ക, പ്രകാശിപ്പിക്ക, പ്രകടീകരിക്ക; 's. the depth ആഴംനോക്കുക'; **-ing,** *a.* ശബ്ദിക്കുന്ന, മുഴങ്ങുന്ന, ശബ്ദമുണ്ടാക്കുന്ന, മുഖരമായ, നിനാദിയായ; *n.* ആഴംനോക്കൽ, അളക്കൽ; അഭിപ്രായമറിയൽ; ശബ്ദിപ്പിക്കൽ, വാദനം; **-ly,** *adv.* കട്ടപ്പമായി, തീവ്രമായി, കട്ടിയായി, ദൃഢമായി, നന്നായി, അത്യന്തമായി, ഗാഢമായി, നിർഭരമായി; **-ness,** *n.* മുഴുമ, അന്യൂനത, അഖണ്ഡ്യത; ആരോഗ്യം, സ്വാസ്ഥ്യം, കല്യത, അഖണ്ഡത; ദൃഢത, കട്ടി; നിലമ, പ്രമാണത.

Soup (sōōp), *n.* ആണം, കുഴമ്പ്, ചാറ്, ജൂഷം.

Sour, *n.* പുളിപ്പായ, അമ്ലമായ, അമ്ലരസമായ, കയ്പുള്ള; വെട്ടുവെട്ടപ്പായ, കർക്കശമായ, രൂക്ഷമായ, സദാവക്രമായ, ദുഷ്പ്രകൃതിയായ; *v. t.* പുളിപ്പിക്കുക, അമ്ലീകരിക്ക; പരുഷമാക്കുക, കർക്കശമാക്കുക; *v. i.* പുളിക്കുക; **-ness,** *n.* പുളിപ്പ്, അമ്ലത; പരുഷത.

Source (sōrs), *n.* ഉറവ്, ഊറവ്, ഊറക്കണ്ണ്, മൂലം, പ്രഭവം, യോനി, ഹേതു, ഉദ്ഭവം, ആദി, മുതൽ, ഉദ്ഗമസ്ഥാനം.

Souse, *v. t.* റാഞ്ചുക, പെട്ടെന്നു ആക്രമിക്ക, പെട്ടെന്നു ജലത്തിൽമുഴുകിക്കുക; ഉപ്പിലിടുക, അച്ചാറിടുക, വെള്ളത്തിലിട്ടുവയ്ക്കുക, കുതിർക്കുക; *v. i.* വെള്ളത്തിൽ മുഴുകുക; *n.* റാഞ്ചൽ; ഉപ്പിലിട്ടതു്.

South, *n.* തെക്ക്, തെക്കേദിക്ക്, ദക്ഷിണ, അവാചി; *a.* തെക്കുള്ള; *adv.* തെക്കോട്ട്;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-ern, -erly, *a.* തെക്കായ, തെക്കുള്ള, അവാചീനമായ; **-ward, -wards,** *adv.* തെക്കോട്ട്, തെക്കുനോക്കി.

Souvenir (soov'nēr), *n.* ജ്ഞാപകക്കുറി, ഓമ്മയടയാളം, സ്മാരകം.

Sovereign (sov'er-in), *n.* പവൻ; അധിരാജൻ, മഹാരാജൻ, സംപ്ഭൌമൻ, സമ്രാട്ട്; *a.* മേലായ, ഉയന്ന, ശ്രേഷ്ഠമായ, പ്രമുഖമായ, പ്രധാനമായ; ഉൽകൃഷ്ടമായ; **-ty,** *n.* ആധിപത്യം, രാജത്വം, സാമ്രാജ്യം; മുഖ്യാധികാരം, പ്രധാനാധികാരം.

Sow, *n.* പെൺപന്നി, സൂകരി; ലോഹപ്പാളം, വാറിരുമ്പ്; *v. t. or v. i.* വിതയ്ക്കുക, വിതറുക, ചിതറുക; വിത്തിടുക, വ്യാപിക്കത്തക്കവണ്ണം ഇടുക; 's. a dragon's teeth കലഹബീജം വിതയ്ക്കുക'; **-er,** *n.* വിതക്കാരൻ, വിതയ്ക്കുന്നവൻ, വിത്തിടുന്നവൻ, വപ്താവ്, വാപകൻ; **-ing,** *n.* വിത, വിതയ്ക്കൽ, വപനം, ബീജാരോപണം.

Space, *n.* ഇടം പരപ്പ്, അവകാശം, അവസരം, സ്ഥലം, ഭൂമി; പ്രദേശം, ദിക്ക്, ദിഗ്ഭാഗം; ആകാശം, ശൂന്യം, അന്തരിക്ഷം, നഭോമണ്ഡലം; 'infinite s. അനന്തം, മഹാകാശം'; 'finite s. ഘടാകാശം'; അന്തരാളം, ഇട, മദ്ധ്യം, അഭ്യന്തരം, വെളിയിടം; ഇടയ്ക്കുള്ളകാലം, ഇടസമയം; **-Spacious,** *a.* അകലമുള്ള, വിസ്തീർണ്ണമായ, വിശാലമായ, ഇടമുള്ള, വിസ്തൃതമായ; **-ness,** *n.* അകലം, വിസ്താരം, വൈപുല്യം.

Spade, *n.* പാര; ചീട്ടിലൊരു ഇനമായ സ്പേഡ്.

Span, *n.* ഒൻപതംഗുലം, അരമുഴം, ഒരു ചാൺ; കാലയളവ്, വിൽഞാൺവീതി; ജോടി; 'life's s. ജീവിതാവധി'; *v. t.* അളക്കുക.

Spangle, *n.* മിന്നുന്ന ലോഹത്തകിട്, ധാതുത്തകിട്; *v. t.* മിന്നുക്കുക, അണിയുക.

Spaniel (span'yel), *n.* സ്പാനിയൽപട്ടി, ഒരുവക വേട്ടനായ്.

Spank, *v. i.* വേഗത്തിൽനീങ്ങുക, ദ്രുതമായി ചലിക്കുക. വേഗത്തിൽ പോകുക; *v. t.* കൈകൊണ്ടടിക്കുക.

Spar, *n.* കുരുന്തക്കല്ല്, സ്ഫടികമൃത്തിക; തുലം, ഉത്തിരം, കൈമരം, തടി; *v. i.* കൈചുരുട്ടിഇടിക്കുക, മുഷ്ടിയുദ്ധംചെയ്യുക.

Spare, *v. t. or v. i.* മിച്ചംപിടിക്കുക, ചെലവുചെയ്യാതിരിക്കുക, കൊടുക്കാതെ വച്ചുകൊള്ളുക, കൊടുക്കുക, മോചിക്കുക, ഉപേക്ഷിക്കുക, വിട്ടുകളുക ഒഴിക്കുക, അവശേഷിപ്പിക്കുക, ബാക്കിവരുത്തുക; *a.* ചെലവാകാത്ത, അധികമായ, മിച്ചമായ, സ്വല്പമായ, ക്ഷീണമായ,കൃശമായ; **-ing,** *a.* മിതവ്യയമുള്ള, മാപ്പുനൽകുന്ന, സ്വല്പമായ; **-ly,** *adv.* മിതവ്യയമായി, അല്പമായി, ജാഗ്രതയായി; **-ness,** *n.* മെലിവ്, ക്ഷീണത.

Spark, *n.* തീപ്പൊരി, അഗ്നികണം; ധീരോദാത്തൻ, വേഷാഭിമാനി, അൻപൻ, പ്രേമവാൻ.

Sparkle, *n.* മിൻപൊരി, തിളക്കം, കാന്തി, പ്രകാശം; *v. i.* പൊരിചിതറുക, മിന്നുക, സ്ഫുരിക്കുക; **-ing,** *a.* മിന്നിക്കൊണ്ടിരിക്കുന്ന സ്ഫുരത്തായ, ദീപ്തിമത്തായ.

Sparring, *n.* മുഷ്ടിയുദ്ധം, തല്ല്; വിചാരം.

Sparrow (spar'rō), *n.* ഊർകുരുവി, അടുക്കലംകുരുവി, ചടകം, കലവിങ്കം.

Sparse (spärs), *a.* സ്വല്പമായ, വിരളമായ, ഞെരുക്കമില്ലാത്ത.

Spartan, *a.* സ്പാർട്ടരാജ്യത്തെസംബന്ധിച്ച, ധീരമായ, അഞ്ചാത്ത, പേടിയററ, സഹിക്കാൻ കരുത്തുള്ള, തീവ്രമായ, ചട്ടമായ.

Spasm, *n.* ഞരമ്പുവലി, കോച്ച്, കൊളുത്ത്, വലി. വെലക്കം, അംഗാകർഷം; **-Spasmodic,** *a.* ഞരമ്പുവലിസംബന്ധിച്ച, കോച്ചുള്ള. ക്ഷണികമായ.

Spat, *n.* നത്തപ്പെണ്ണ്,

Spatter, *v. t.* ചിതറുക, ചിന്നുക, തളിക്കുക, തൂവുക, പൂശുക, പുരട്ടുക, ദൂഷിപ്പിക്കുക.

Spattle, Spatula, *n.* പൂച്ച്, പുരട്ടുന്നത്, പ്രലേപനി, വിലേപനി.

Spavin, *n.* കുതിരയുടെ കാൽവീക്കം, സന്ധിശോഫം

Spawl, *n.* ഉമിനീർ.

Spawn, *n.* മുട്ട. മീൻമുട്ട, തവളമുട്ട; *v. t.* മുട്ടയിടുക, ഉണ്ടാക്കുക. പിറപ്പിക്കുക.

Spawner, *n.* പെൺമീൻ.

Spay (spā), *v. t.* ഗർഭകോശത്തെ അഴിക്കുക or നശിപ്പിക്കുക.

Speak, *v. t. or v. i.* ചൊല്ലുക, പറയുക, മൊഴിയുക. ഉച്ചരിക്കുക, വദിക്കുക, വചിക്കുക, ഭാഷിക്കുക, ആലപിക്കുക, സംഭാഷണംചെയ്യുക, കഥിക്കുക, അറിയിക്കുക, പ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഗിക്കുക, അഭിസംബോധനംചെയ്ക, അടയാളംകൊണ്ടു അറിയിക്കുക; **-er**, *n.* പ്രസംഗകൻ, വാഗ്മി, വാദി; **-ing**, *n.* മൊഴി, വാക്ക്, ഭാഷണം.

Spear, *n.* ഈട്ടി, വേല്, ചവളം, ശൂലം, കുന്തം, പ്രാസം, തോമരം, ശക്തി, ശല്യം.

Specie (spē'shē), *n.* നാണയം, പണം, കാശ്, രൊക്കം.

Species (spē'shēz), *n.* sing. and pl. വകുപ്പ്, ഇനം, ജാതി, പ്രകാരം, ഭേദം, വിശേഷം; 'of the same s. സജാതീയമായ, ഏകജാതീയമായ'; 'a s. of animal പ്രാണിവിശേഷം; 'genus and s. സാമാന്യവും വിശേഷവും, സാമാന്യവിശേഷങ്ങൾ'; **-Special** (spesh'al), *a.* വിശേഷമായ, അസാമാന്യമായ, അവ്യാപകമായ, വൈശേഷികമായ, തനിച്ചുകുറിക്കുന്ന, പ്രത്യേകലക്ഷണമുള്ള; ലോകോത്തരമായ, ലോകബാഹ്യമായ; തദ്ധേതുകമായ, തന്നിമിത്തകമായ; ജാതിവാചിയായ, ജാതി in comp; **-'ly**, *adv.* വിശേഷമായി, വിശേഷിച്ച്, സവിശേഷം, പ്രത്യേകമായി; **-ity, -ty**, *n.* പ്രത്യേകത, വിശേഷം, വിശേഷധർമ്മം, വൈശിഷ്ട്യം.

Specific, -al, *a.* ഇനത്തിനുള്ള, വർഗ്ഗത്തിനുള്ള, പ്രത്യേകമായ, പ്രത്യേകലക്ഷണമായ, അസാമാന്യമായ, ജാതിഗതമായ, വിശേഷലക്ഷണമായ; *n.* കൈകണ്ടമരുന്ന്, സിദ്ധൌഷധം; 's. c centre വർഗ്ഗോല്പത്തിമൂലം'; 's. c character വർഗ്ഗലക്ഷണം, ജാതിലക്ഷണം'; s. c duty പ്രത്യേകചുങ്കം'; 's. c gravity വിശിഷ്ടഗുരുത്വം'; 's. c legacy പ്രത്യേകദസ്യത്തു'; 's. c name വർഗ്ഗനാമം, ജാതിനാമം'; **-ically**, *adv.* പ്രത്യേകമായി, വിശേഷമായി; **-Specify**, *v. t.* പ്രത്യേകമായി പറയുക, ചൂണ്ടിക്കാട്ടുക, സവിശേഷം നിർദ്ദേശിക്കുക; **-ied**, *a.* പ്രത്യേകിച്ചു പറയപ്പെട്ട, നിർദ്ദിഷ്ടമായ, നിർദ്ദിഷ്ടലക്ഷണമായ; **-ication**, *n.* പ്രത്യേകനിർദ്ദേശം, വിശേഷനിർദ്ദേശം, പരിസംഖ്യ, വിശേഷം.

Specimen (spes'i-men), *n.* മാതിരി, ആദർശം, പ്രതിമ, പ്രതിരൂപം.

Specious (spē'shus), *a.* പോലുള്ള, പുറംകാഴ്ചമാത്രമുള്ള, പകിട്ടായ, സത്യസങ്കാശമായ; **-ly**, *adv.* തോന്നലായി, പോലെ; **-ness**, *n.* ഉള്ളതുപോലെതോന്നൽ.

Speck, Speckle, *n.* പുള്ളി, മറു, വട്ടു, തഴമ്പ്, ചിഹ്നം, അങ്കം, കളങ്കം, തിലകം; തെല്ല്, ശകലം, കണം, ലവം, അണു, സൂക്ഷ്മബിന്ദു; 's. s of clouds മേഘശകലങ്ങൾ'; *v. t.* പലനിറപ്പൊട്ടുകളിടുക, പുള്ളിയിടുക, കർബ്ബുരീകരിക്കുക; **-ed**, *a.* പൊട്ടിട്ട, പൊട്ടുപൊട്ടായ, പുള്ളിപ്പെട്ട, ചിത്രമായ, ചിത്രവിചിത്രമായ, ബിന്ദുചിത്രമായ, ശബളീകൃതമായ.

Spectacle (spek'takl), *n.* കാഴ്ച, പ്രദർശനം, കൌതുകക്കാഴ്ച; (pl.) കണ്ണട, ഉപനേത്രം; **-Spectacular**, *a.* ചിറപ്പായ, പകിട്ടേറിയ, നാടകശാലയേസംബന്ധിച്ച.

Spectator, *n.* കാണി, കാഴ്ചക്കാരൻ, പ്രേക്ഷകൻ, ദ്രഷ്ടാവ്; (in an audience) സദസ്യൻ.

Specter, Spectre, *n.* ഭൂതം, പ്രേതം, ജിൻ, ചെകിത്താൻ; **-Spectral** *a.* പ്രേതസംബന്ധമായ, മായാരൂപസംബന്ധിച്ച.

Spectrum, *n.* ഛായാരൂപം, പ്രഭാബിംബം, സപ്തവർണ്ണപ്രദർശനം, കറേഃനരം നോക്കിയിട്ടു പിന്നെ കണ്ണു തിരിക്കുന്നിടത്തെല്ലാം കാണുന്ന വർണ്ണഛായ; **-Spectrometer**, *n.* പ്രഭാമാപകയന്ത്രം; **-Spectroscope**, *n.* പ്രഭാബിംബപരിശോധിനി.

Specular, *a.* കണ്ണാടിപോലുള്ള, പ്രതിബിംബിക്കുന്ന.

Speculate, *v. i.* ചിന്തചെയ്യുക, ഊഹിക്കുക, വിചാരിക്കുക, ആലോചിക്കുക, ലാഭമാലോചിക്കുക; **-ion**, *n.* വിചാരം, ചിന്ത, ആലോചന, ഉപായം; **-ive**, *a.* വിചാരവത്തായ, വിചാരശീലമായ, ധ്യാനശീലമായ; കാല്പനികമായ, മാനസികമായ; **-or**, *n.* മനോരാജ്യക്കാരൻ, ആലോചനക്കാരൻ, കല്പകൻ, വിചാരകൻ, ചിന്തകൻ, തത്ത്വചിന്തകൻ.

Speculum, *n.* see **Mirror.**

Speech, *n.* മൊഴി, വാക്ക, ഉക്തി, വാണി, സംഭാഷണം, പ്രസംഗം; ഭാഷ; **-ification**, *n.* പ്രസംഗിക്കൽ; **-ify**, *v. i.* പ്രസംഗിക്കുക; **-less**, *n.* നാവില്ലാത്ത, മൂകമായ, സ്തംഭിതവാക്കായ, ഊമയായ, നിശ്ശബ്ദമായ, മൌനമായ.

Sublunar, *a.* ചന്ദ്രനുകീഴേയുള്ള, ഭൂലോകത്തുള്ള; **-y**, *a.* ഐഹികമായ, സാംസാരികമായ.

Submarine (rēn'), *a.* കടലിനടിക്കുള്ള, സമുദ്രസ്ഥമായ.

Submerge, *v. t. or v. i.* നീരിൽ അമിഴ്ത്തുക, താഴ്ത്തുക (താഴുക), വെള്ളത്തിൽ മുഴുകിക്ക, നിമജ്ജിപ്പിക്ക; **-Submersion**, *n.* മുഴുകൽ, നിമജ്ജനം, പ്ലാവനം.

Submit, *v. i.* വണങ്ങുക, പണിയുക, വശപ്പെടുക, അനുസരിക്ക, ക്ഷമിക്കുക; വിനയത്തോടുകൂടിപ്പറയുക; *v. t.* വിനയത്തോടെ അൎപ്പിക്കുക or നിക്ഷേപിക്ക or നിൎദ്ദേശിക്ക or അറിയുക; **-Submission**, *n.* വണക്കം, പ്രണതി, വശത; അനുവൃത്തി, അനുസരണം; ക്ഷമ, ക്ഷാന്തി, സഹിഷ്ണുത; **-Submissive**, *a.* വഴങ്ങുന്ന, വശ്യമായ, വശവൎത്തിയായ, വിധേയമായ; സവിനയമായ, നമ്രമായ, പണിയുന്ന, വണങ്ങുന്ന, ദീനമായ; **-ly**, *adv.* വിനയത്തോടെ, പ്രാൎത്ഥനാപൂൎവ്വം.

Subordinate, *a.* അധീനമായ; അപ്രധാനമായ, അമുഖ്യമായ; 'any thing s. to another അപ്രധാനം, ഉപസൎജ്ജനം'; *v. t.* (to) മറ്റൊന്നിനെ അപേക്ഷിച്ച അപ്രധാനമാക്കുക, കീഴ്പെടുത്തുക, കുറവായി കണക്കാക്കുക; *n.* കീഴ്പെട്ടവൻ; താഴ്ന്നവൻ; **-ion**, *n.* അധീനത, വശത, പരവശത, പാരതന്ത്ര്യപരാധീനത; ഗൌണത; **-ly**, *adv.* അമുഖ്യമായി, ഗൌണമായി, അപ്രധാനമായി.

Suborn, *v. t.* കള്ളപ്രമാണം ഹാജരാക്കുക, കള്ളസ്സാക്ഷ്യം ചെയ്യുക, കെട്ടുക, ചതിക്കുക, കോഴകൊടുക്ക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Subpoena (sub-pē'na), *n.* (അനുസരിക്കാതിരുന്നാൽ ശിക്ഷയുണ്ടാകുമെന്നവിധത്തിൽ) കോടതികല്പന. ആജ്ഞ, ആഹ്വാനപത്രം, സമൻസ്; *v. t.* കോടതികല്പനയാൽ വിളിക്കുക, ആഹ്വാനംചെയ്ക.

Sub rosa, രഹസ്യമായി.

Subscribe (sub-skrīb'), *v. t.* കയ്യെഴുത്തുവയ്ക്കുക, പേരെഴുതുക, ഒപ്പിടുക; സമ്മതിക്കുക; വരിയിടുക, സംഭാവനചെയ്യുക, പണംകൊടുക്കുക, ഉതവുക; **-er,** *n.* ഒപ്പുവയ്ക്കുന്നവൻ, പണംകൊടുക്കുന്നവൻ, അംശദായി; **-Subscription,** *n.* പേരെഴുതൽ; വരി, സംഭാവനം, അംശദാനം, പങ്കുകൊടുക്കൽ; (of a paper) വരിസംഖ്യ.

Subsequent, *a.* പിൻവരുന്ന, പിന്നെയുള്ള, അനന്തരമായ, ഉത്തരമായ; **-ly,** *adv.* പിന്നീട്, പിന്നെ, അനന്തരം; **-Subsequence,** *n.* തുടർന്നുപോകൽ, അനുഗമനം, അന്വയാനം.

Subserve, *v. i.* ഉപയോഗപ്പെടുക, ഉപകരിക്ക, വദ്ധിക്ക, പുരസ്കരിക്ക, **-Subservient,** *a.* ആയത്തമായ, അധീനമായ, വശപ്പെട്ട; ഉപകാരിയായ, സഹയോഗിയായ; **-Subservience, -cy,** *n.* അധീനത്വം, തന്ത്രത; ഉപയോഗം, ഉപകാരം.

Subside, *v. i.* കുറയുക, ശാന്തപ്പെടുക, അടങ്ങുക, ശമിക്കുക, വറവുക, താഴെ അടിയുക.

Subsidy, *n.* ധനസാഹായ്യം, കരം, വരി; **-Subsidiary,** *a.* വേണ്ടിയതുകൊടുക്കുന്ന, സഹകാരിയായ, തുണചെയ്യുന്ന, അനുക്രമമായ, മിത്രഭാവാപന്നമായ; മുഖ്യമല്ലാത്ത, ഗൌണമായ.

Subsidize, *v. t.* ഉപകാരമായി ദ്രവ്യംനൽകുക, വിലകൊടുത്തു തുണതേടുക, അഭിവൃദ്ധിചെയ്യുക.

Subsist, *v. i.* ഇരിക്കുക, ഭവിക്കുക, വർത്തിക്കുക; പിഴയ്ക്കുക, ജീവിക്കുക, ജീവിതംകഴിക്കുക; **-ence,** *n.* ഇരിപ്പ്, സത്ത, അസ്തിത്വം, ഭാവം, വൃത്തി; ആജീവം, ജീവനം, വൃത്തി, പ്രാണയാത്ര, ശരീരയാത്ര, ജീവിതവൃത്തി; **-ent,** *a.* വർത്തിക്കുന്ന, ജീവിക്കുന്ന.

Subsoil, *n.* അടിമണ്ണ്, മണ്ണ്.

Substance, *n.* സാരം, സത്ത്വം, തത്ത്വം, സാരാംശം; (In philosophy) ദ്രവ്യം, പദാർത്ഥം; വസ്തുദ്രവ്യം, അർത്ഥം, മൂർത്തദ്രവ്യം; സമ്പത്തി, ധനം, വിഭവം, വൈഭവം; **-Substantial,** *a.* സാരവത്തായ, സസാരമായ, സഗർഭായ, താത്ത്വികമായ, വാസ്തവികമായ, സത്യമായ; സ്വത്തുള്ള, സമൃദ്ധമായ; **-ly,** *adv.* വസ്തുത, തത്ത്വമായി, സാരമായി; **-Substantiate,** *v. t.* സാധിക്കുക, ഉപപാദിക്കുക, പ്രമാണീകരിക്കുക, തത്ത്വമാക്കിക്കാട്ടുക, നിലപ്പെടുത്തുക, ഉള്ളതാക്കിത്തീർക്കുക; **-ion,** *n.* ഉപപാദനം, സാധനം, സിദ്ധി; **-Substantive,** *n.* പേർച്ചൊൽ. നാമം, വിശേഷ്യം, സത്വം; *a.* ഉണ്മയായ, സ്വാതന്ത്ര്യമായ, സത്വവാചിയായ.

Substitute, *n.* പ്രതിപുരുഷൻ, പ്രതിഹസ്തൻ, പകരക്കാരൻ, പകരം. ഈട്; (In grammar) ആദേശം; *v. t.* പകരംവയ്ക്കുക, ഉപകല്പിക്കുക, ബദൽവയ്ക്കുക; മാറുക; പരിവർത്തിപ്പിക്ക, ഉപസജ്ജിക്ക; **-ion,** *n.* പകരംവയ്ക്കൽ, പകരം, പ്രാതിനിധ്യം.

Substratum, *n.* മൂലം, ആധാരം, അസ്ഥിവാരം, അധിഷ്ഠാനം; സ്തരം, ഫലകം.

Subtend, *v. t.* അഭിമുഖമായിരിക്കുക, എതിരായിരിക്കുക.

Subterfuge (-fūj), *n.* തന്ത്രം, ഉപായം, യുക്തി, പോക്ക്.

Subterranean, *a.* ഭൂമിക്കടിയിലുള്ള, നിലവറയായ, ഗൂഢമായ

Subtile, Subtle, *a.* അതിസൂക്ഷ്മമായ, അണുവായ, അതിലഘുവായ, നിരവയവമായ, നേർത്ത; ചതുരമായ, സൂക്ഷ്മദർശിയായ; സൂക്ഷ്മമതിയായ, കുശാഗ്രമതിയായ; ക്രമ്മയായ. ക്രൂര; തന്ത്രമുള്ള, സൂത്രമുള്ള, കൗശലമുള്ള; **-ness, -ty,** *n.* സൂക്ഷ്മത, നേർമ്മ, അണിമാവ്; വൈദഗ്ദ്ധ്യം, ചാതുര്യം.

Subtract, *v. t.* എടുക്കുക, പിരിക്കുക, കഴിക്കുക, നീക്കുക, കുറയ്ക്കുക; **-ion,** *n.* കഴിപ്പ്, കുറയ്ക്കൽ, വ്യവകലനം, ശോധനം; **-Subtrahend,** *n.* ശോധകസംഖ്യ, കുറയ്ക്കുവാനുള്ള തുക.

Suburb, Suburbs, *n.* എലപ്പുറം, ചുറ്റുപാടം, പേട്ട. പരിസരം, പര്യന്തഭൂമി, ശാഖാനഗരം, ഉപനഗരം; **-an,** *a.* നഗരപരിസരത്തിലുള്ള എലാക്കരയിലുള്ള.

Subvert, *v. t.* മറിക്കുക, അഴിക്കുക, കെടുത്തുക, ധ്വംസിക്കുക, ഖണ്ഡിക്കുക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-**Subversion,** *n.* അഴിക്കൽ, കെട്ടൽ, ധ്വംസം, ഉച്ഛേദം, വിനാശം; -**Subversive,** *a.* നശിപ്പിക്കുന്ന, ഇല്ലായ്മചെയ്യുന്ന, നാശകരമായ.

Subway, *n.* ഭൂമിക്കടിക്കൂടിയുള്ളവഴി, അന്തർഭൗമമാർഗ്ഗം.

Succeed (suk-sēd'), *v. i.* സംഫലീഭവിക്ക, ഫലിക്കുക, സാധിക്കുക, ജയംപ്രാപിക്കുക, വിജയിക്കുക; *v t.* പിൻതുടരുക, അനുഗമിക്കുക, അനന്തരാധികാരിയാകുക, ചെഴിക്കുക; -**ing,** *a.* പിൻതുടരുന്ന, പിൻവരുന്ന ഉത്തരമായ, ആഗാമിയായ, അന്വയായിയായ; -**Success,** *n.* കാര്യസിദ്ധി, സിദ്ധി, സാഫല്യം, സാദ്ധ്യസിദ്ധി, കൃതാർത്ഥത, ജയം, സമ്പത്ത്, ശ്രീ, ഉദയം, വാഴ്ച; -**ful,** *a.* ഫലിച്ച, കൃതിയായ, സഫലമായ, വിജയിയായ, ചരിതാർത്ഥമായ, കൃതകൃത്യമായ, ഇഷ്ടംലഭിച്ച, സമ്പന്നമനോരഥമായ; സഫലമായ, ഫലവത്തായ; -**fully,** *adv.* സഫലമായി, കാര്യസാദ്ധ്യത്തോടെ, അമോഘമായി; -**ion,** *n.* തുടർച്ച, അനുക്രമം, പരമ്പര, ആനുപൂർവ്യം, പര്യായം, ശ്രേണി; പററം, ആവലി, മാല; പിൻതുടർച്ച, ഉത്തരാധികാരം, ദായാവകാശം; -**ive,** *a.* തുടർന്നുവരുന്ന, പടിപടിയായ, ക്രമമായി. ക്രമബദ്ധമായ. ആനുക്രമികമായ, അനുപൂർവമായ, പരമ്പരാഗതമായ, ക്രമാഗതമായ, ക്രമാനുസാരിയായ; ഇടവിടാതുള്ള, സതതമായ. അവിരതമായ; -**ively,** *adv.* ക്രമമായി, അനുക്രമമായി, യഥാക്രമം, ആനുപൂർവ്യമായി, തുടർച്ചയായി; -**or,** *n,* അനന്തരഗാമി, ഉത്തരാധികാരി.

Succinct (suk-singt'), *a.* ചുരുക്കമായ, സംക്ഷിപ്തമായ, ലഘുവായ, അവിസ്തീർണ്ണമായ, ചെറിയ; -**ly,** *adv.* സംഗ്രഹിച്ച്. അടക്കി, ചുരുക്കമായി, സംക്ഷിപ്തമായി.

Succour suk'ėr), *v. t.* വേലയ്ക്കു തുണയ്ക്കുക; വേലയ്ക്കു ഉതവുചെയ്യുക, സഹായിക്ക, ഉപകരിക്കുക; *n.* സാഹായ്യം, സഹായം, ഉപകാരം, തുണ.

Succulent (suk'-ū-lent), *a.* ചാറുള്ള, സരസമായ, ആർദ്രമായ, രസമയമായ, സജലമായ, നീരുള്ള.

Succumb (suk-kum'), *v. i.* ഇണങ്ങുക, കീഴടങ്ങുക.

Such, *a.* അതുപോലുള്ള, ഏതാദൃശമായ, ഇതുപോലുള്ള, ഈദൃശമായ, അതായ, അത്രയ്ക്കുവലിയ, ഇപ്രകാരമായ, ഈവിധമായ.

Suck, *v. t.* ഇറമ്മുക, വലിച്ചുകുടിക്കുക, കുടിക്കുക, ചൂഷണംചെയ്യുക; -**ing,** *n.* മുലകുടി, സ്തനപാനം, ചൂഷണം; സ്തന്യം; -**Sucker,** *n.* മുലകുടിക്കാപിള്ള, ഇറമ്മുന്നവൻ; ഒരുവകക്കുഴൽ, മുള; കയർമീൻ; മുഴക്കടിയൻ.

Suckle (suk'l), *v. t.* മുലയൂട്ടുക, പാൽകൊടുക്കുക, വളർത്തുക; -**ing,** *n.* മുലകൊടുക്കൽ, സ്തന്യദാനം; മുലകുടിക്കുന്ന കുട്ടി, സ്തനംധയൻ; -**Suction,** *n.* ഇറമ്മിക്കുടി, ചൂഷണം, ആചൂഷണം.

Sudden, *a.* ധൃതിയായ, തിടുക്കത്തിലുള്ള, വിരവായ, തടിതിയായ, നിനച്ചിരിക്കാത്ത, ആകസ്മികമായ; ചഞ്ചലമായ, ലോലമായ; -**ly,** *adv.* പെട്ടെന്ന് പൊട്ടുന്നവേ, സഹസാ, കാകതാലീയന്യായേന, അതക്കിതമായി.

Sudorific, *a.* വിയർപ്പുണ്ടാക്കുന്ന, സ്വേദജനനമായ, സ്വേദകരമായ; *n.* വിയർപ്പിക്കുന്ന മരുന്ന്.

Suds (sudz), *n.* pl. ചവക്കാരനീർ, സോപ്പുവെള്ളം.

Sue (sū), *v. t.* പിന്തുടരുക, അപേക്ഷിക്കുക, അർത്ഥിക്കുക; വിവാഹാർത്ഥനംചെയ്യുക; വ്യവഹാരപ്പെടുക, അന്യായംകൊടുക്കുക; -**Suability,** *n.* വ്യവഹാരംകൊടുക്കാവുന്ന നില.

Suet, *n.* വസ, മേദസ്, കൊഴുപ്പ്, നെയ്യ്.

Suffer, *v. i.* സഹിക്കുക, പൊറുക്കുക, അനുഭവിക്കുക, ഉപശമിക്കുക, ഉണ്ടാക, നേരിടുക; വിടുക, സമ്മതിക്കുക, തടുക്കാതിരിക്കുക; *v. i.* വേദനപ്പെടുക, തപിക്കുക, തപ്തമാകുക, പീഡിതമാകുക; ശിക്ഷയനുഭവിക്കുക, ദൂഷ്യംപററുക; മുടങ്ങുക; -**able,** *a.* സഹിക്കാവുന്ന, സഹ്യമായ; -**ance,** *n.* സമ്മതം, അനുജ്ഞ, അനുമതി, ക്ഷമ; -**er,** *n.* ദുഃഖിതൻ, ദുഃഖഭാക്, ദുഃഖി; -**ing,** *n.* പീഡ, ദുഃഖം, വ്യഥ, പരിതാപം, വേദന, കൃച്ഛ്രം; ദുഃഖാനുഭവം; *a.* ക്ലേശിക്കുന്ന, ദുഃഖമനുഭവിക്കുന്ന, ദുഃഖഭാക്കായ.

Suffice, *v. i.* മതിയാക, തൃപ്തിയാക, പൂർത്തിയാക; കൊള്ളുക, പററുക, തക്കതാകുക; *v. t.* മതിവരുത്തുക, തൃപ്തിപ്പെടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുക, തൃപ്തിയാക്കുക; എത്തിക്ക, ഒപ്പിക്ക; -**ficiency** (fishensi), *n.* മതിയാകൽ, വേണ്ടുവോളം, പയ്യാപ്തി, ഔചിത്യം, യഥേഷ്ടത; സ്വശക്ത്യഭിമാനം, സ്വാഭിമാനം; -**ficient**, *a.* മതിയായ, പയ്യാപ്ത മായ, ഉചിതമായ, ഉപയുക്തമായ, സമത്ഥമായ; ധാരാളമായ, വേണ്ടുന്നത്ര ഉള്ള, സുലഭമായ, പ്രചുരമായ, വിപുലമായ; -**ly**, *adv.* തൃപ്തിയായി, വേണ്ടുവോളം, യഥേഷ്ടമായി, പ്രചുരമായി.

Suffix, *n.* പ്രത്യയം, ഒടുവിൽചേക്കുന്ന പദം; *v. t.* പ്രത്യയംചേക്കുക.

Suffocate, *v. t.* ശ്വാസംമുട്ടിക്ക, കണ്ഠരോധംചെയ്യുക, കണ്ഠസ്തംഭനംചെയ്യുക; -**ed**, *a.* ശ്വാസംമുട്ടിച്ച, രുദ്ധശ്വാസമായ, രുദ്ധകണ്ഠമായ.

Suffrage, *n.* ചീട്ട്; അഭിപ്രായപ്രകടനം, സമ്മതം, ജനാഭിപ്രായം, ജനപ്രിയം.

Suffuse, *v. t.* പരത്തുക, വ്യാപിപ്പിക്കുക, ഈറനാക്കുക, നിറമുണ്ടാക്കുക, -**ion**, *n.* പരത്തൽ, ആപ്ലാവനം, വ്യാപനം.

Sugar (shoog'ar), *n.* പഞ്ചസാര, സിത; അമൃതം, തേൻ; മധുരവാക്ക്; *v. t.* മധുരമുള്ളതാക്കുക; -**ed**, -**y**, *a.* മധുരമായ, മധുരമയമായ, പഞ്ചസാരയായ.

Sugarcandy (shoog'arkandi), *n.* കൽക്കണ്ടം.

Sugarcane (shoog'arkān), *n.* കരിമ്പ്, കന്നൽ, ഇക്ഷു, രസാലം.

Suggest (sug-jest'), *v. t.* കുറിക്കുക, സൂചിപ്പിക്കുക, ഉദ്ദേശിക്ക, പ്രസ്താവിക്ക, ഉപസ്ഥാപിക്ക, വ്യഞ്ജിപ്പിക്ക; ഉപദേശിക്ക, പ്രബോധിപ്പിക്ക; -**ion**, (-yun), *n.* സൂചന, ഉപന്യാസം, വ്യങ്ഗ്യം, ഉപക്ഷേപം, പ്രസ്താവം; മന്ത്രണം, ഉപദേശം, ബുദ്ധി; -**ive**, *a.* വ്യഞ്ജിപ്പിക്കുന്ന, സൂചിപ്പിക്കുന്ന, വ്യഞ്ജകമായ, സൂചകമായ, പ്രബോധമായ.

Suicide, *n.* തൻകൊല, ആത്മഹത്യ, പ്രാണത്യാഗം; ആത്മഘാതകൻ; തന്നത്താൻ ചാകുന്നവൻ; -**al**, *a.* തന്നത്താൻ നശിപ്പിക്കുന്ന, ആത്മനാശിയായ, സ്വനാശം വഹമായ.

Sui generis സ്വന്തംഇനത്തിലുള്ള.

Suit (sūt), *n.* അടുക്ക്, സംഗം, യുഗ്മം; വരി, പങ്ക്തി; വ്യവഹാരം, നടപടി; കാമാഭ്യചമത്തൽ; പ്രാത്ഥന, വിജ്ഞപ്തി; പ്രണയം; പരിജനം, പരിവാരം; *v. t.* or *v. i.* ഇണങ്ങുക, യോജിക്കുക, പ്രിയപ്പെടുത്തുക ഇഷ്ടപ്പെടുത്തുക; -**able**, *a.* ഇണങ്ങിയ, ചേന്ന, അനുരൂപമായ, യുക്തമായ, ഉചിതമായ, ഉപപന്നമായ, സദൃശമായ; -**ably**, *adv.* യഥോചിതം, അനുരൂപമായി, യഥായോഗ്യം, അനുഗുണമായി; -**or**, *n.* അപേക്ഷകൻ, പ്രാത്ഥകൻ; വാദി, അന്യായക്കാരൻ; പ്രണയാത്ഥി, പ്രേമാത്ഥി; വിവാഹാത്ഥി.

Suite (swēt), *n.* പരിവാരം, പരിജനങ്ങൾ; അടുക്ക്, വരി.

Sulcus, *n.* ചാല്, വിള്ളൽ.

Sulk, *v. i.* മുഖംകോട്ടുക, മുഖംചുളിക്കുക, ദുർമുഖംകാട്ടുക, വെറുപ്പുകാട്ടുക; കണ്ഠിതപ്പെടുക, വിഷണ്ണമാക; ദുശ്ശാഠ്യംകാട്ടുക; -**er**, *n.* കൊഞ്ഞണംകാട്ടുന്നവൻ; -**kily**, *adv.* വെറുപ്പോടെ, ശുണ്ഠിയോടെ; -**kiness**, *n.* ദുർമ്മുഖം, വെറുപ്പ്, കണ്ഠിതം; -**ky**, *a.* വെറുപ്പായ, രൂക്ഷമായ, വിഷണ്ണമായ, ഉദാസീനമായ.

Sullage, *n.* ലോഹക്കറ, കിട്ടം, തുരുമ്പ്.

Sullen, *a.* ഇരുണ്ട, കറുത്ത, അശുഭമായ; ഗ്രഹപ്പിഴയുള്ള, ദുശ്ശകുനമായ; മുഖംകറുത്ത, വെറുപ്പുള്ള, വിഷണ്ണമായ; മന്ദിച്ച, ഉദാസീനമായ.

Sully, *v. i.* കറപററിക്കുക, അഴുക്കാക്കുക, മലിനപ്പെടുത്തുക, മലിനീകരിക്കുക.

Sulphate, *n.* ഗന്ധകഉപ്പ്, ഗന്ധകമുള്ള പദാത്ഥം; 's. of copper തുത്ഥം, മയിൽതുത്ഥം'; 's. of iron അന്നഭേദി'; 'red s. of iron കാസീസം, കാശീശം'; 'green s. of iron ധാതുശേഖരം'; 's. of magnesia ഭേദിയുപ്പ്'; 's. of quinine കൊയിനാഭസ്മം'; 's. of zinc വെള്ളത്തുത്ഥം, പാൽതുത്ഥം'; -**Sulphatic**, *a.* ഭസ്മതുല്യമായ, ഗന്ധകദ്രാവകഭസ്മമായ; -**Sulphide**, *n.* ഗന്ധകമയപദാത്ഥം; -**Sulphite**, *n.* ഗന്ധകദ്രാവകമയപദാത്ഥം

Sulphur, *n.* ഗന്ധകം, ഗന്ധാശ്മകം; -**ated**, -**eous**, *a.* ഗന്ധകംചേന്ന, ഗന്ധകഗുണമുള്ള, ഗന്ധകഗർഭമായ.

Sulphuret, *n.* (of iron) താമ്രം; (of mercury) കജ്ജലി.

Sulphuricacid, *n.* ഗന്ധകാമ്ലം.

Sultan, *n.* സുൽത്താൻ, തുരുഷ്കരാജൻ, മഹമ്മദചക്രവത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Sultana, *n.* മഹമ്മദീയറാണി.

Sultry, *a.* വേവായ, ഉഷ്ണമായ, തിഗ്മമായ, അത്യുഷ്ണമായ, നിവാതമായ.

Sum, *n.* ആകത്തൊക, മൊത്തം, യോഗം, സങ്കലനം, പണത്തൊക, സാകല്യം, സമാഹാരം, സമവായം; ചുരുക്കം, സാരം, താല്പര്യം, സാരാംശം, പരാകോടി, ഔന്നത്യം; *v. t.* ശേഖരിക്കുക, ഒത്തുചേക്കുക, സങ്കലനംചെയ്ക, ചുരുക്കുക, സംക്ഷേപിച്ചുപറയുക, കൂട്ടിപ്പിടിച്ചുപറയുക, ഉപസംഹരിക്കുക; **Summary,** *a.* ചുരുക്കിയ, സംക്ഷിപ്തമായ, ആകെക്കൂട്ടിയ; ക്ഷിപ്രമായ, അവിളംബിതമായ; *n.* ചുരുക്കം, സാരം, സംക്ഷേപം, സംഗ്രഹം; **-ily,** *adv.* ചുരുക്കത്തിൽ, സംക്ഷേപമായി, സംക്ഷേപേണ.

Summer, *n.* വേനൽക്കാലം, കോടക്കാലം, ഗ്രീഷ്മർത്തു, ഉഷ്ണം, ചൂട്, വെയിൽ, പ്രകാശം, അഴക്; 's. house കേളിഗൃഹം, വിലാസമന്ദിരം, ഗ്രീഷ്മമണ്ഡപം'; 's. house with fountains ജലമന്ദിരം, ധാരായന്ത്രഗൃഹം'.

Summit, *a.* ഉച്ചി, ശിഖരം, ശൃങ്ഗം, ചൂഡ, അഗ്രം, അററം; (fig) പരാകാഷ്ഠ, പരാകോടി.

Summon, *v. t.* വരാൻപറയുക, വരാൻ കല്പിക്കുക, അറിയിക്കുക, എഴുതുക; **-Summons,** *n.* കല്പന, വരാൻകല്പന, ആഹ്വാനം, കോടതികല്പന; 'written s. ആഹ്വാനപത്രം'.

Summum-bonum, *a.* നിശ്രേയസം, പരമാത്ഥം, അപവൎഗ്ഗം.

Sumpter, *n.* ചുമട്ടുകുതിര, പോണിക്കുതിര.

Sumptuary, *a.* ചെലവുസംബന്ധിച്ച, വ്യയവിഷയകമായ.

Sumptuous, *a.* വൻചെലവുള്ള, മഹാർഹമായ, മഹാർഘമായ, ബഹുവ്യയസാദ്ധ്യമായ, മഹാമൂല്യമായ; വിശിഷ്ടമായ; 's. feast ഭോജനവിശേഷം'; **-ly.** *adv.* വലിയ ചെലവോടെ, അതിവ്യയപൂർവം; **-ness,** *n.* വൻചെലവ്, വലിയചെലവ്, അതിവ്യയം.

Sun, *n.* സൂര്യൻ, ദിവാകരൻ, കതിരോൻ, പകലവൻ; വെയിൽ, ആതപം; 's. beam സൂര്യകിരണം, സൂര്യരശ്മി'; 's. burnt വെയിലിൽകാഞ്ഞ, വിവൎണ്ണമായ, വെയിൽകൊണ്ടു കറുത്ത'; 's. day ഞായറാഴ്ച'; 's. dial സൂര്യഘടികാരം'; 's. rise സൂര്യോദയം'; 's. shine സൂര്യപ്രകാശം'; 's. set അസ്തമയം'; 's. shade ചെറിയ കൈക്കുട'; **-ny,** *a.* കാന്തിയുള്ള, പ്രകാശമായ; വെയിലുള്ള, ചൂടുള്ള; ഉല്ലാസമായ.

Sunder, *v. t.* പിരിക്കുക, വിഭജിക്കുക, വിയോജിക്കുക, ഖണ്ഡിക്കുക, മുറിക്കുക, പിളക്കുക.

Sundry, *a.* നാനാവിധമായ, പലപല, ബഹുവിധമായ, വിവിധമായ, അനേക, നാനാ in comp; **-Sundries** (sun'drēs), *n.* pl. പലവകസാധനങ്ങൾ, ചില്ലറസാമാനങ്ങൾ.

Sup, *v. i.* ഇറമ്മുക, ഉറുക്കൊള്ളുക; അത്താഴമുണ്ണുക, അന്തിയുണ്ണുക, രാത്രിയിൽ ഊണുകഴിക്കുക; **-Supper,** *n.* അത്താഴം, ഭോജനം.

Super, *pfx.* മേലേ, മുന്തിയ, കവിഞ്ഞ, അധിക, അതിശയ in comp; **-Superable,** *a.* ജയിക്കാവുന്ന, വെല്ലത്തക്ക, സാദ്ധ്യമായ.

Superadd, *v. t.* പിന്നെയും അധികമായി ചേക്കുക.

Superannuated, *a.* വയോധികമായ, വയസ്സുകൊണ്ടു കാര്യശേഷിനശിച്ച, തളന്ന.

Superb, *a.* അതിശോഭനമായ.

Supercargo, *n.* കപ്പൽകാര്യക്കാരൻ, സാമാനമേൽനോട്ടക്കാരൻ.

Supercilious (-i-us), *a.* അഹന്തയുള്ള, ഗവ്വമായ, അത്യുദ്ധതമായ, അതിദൃപ്തമായ.

Supereminent, *a.* ഉന്നതമായ, ഉയന്ന.

Supererogatory, *a.* അളവുകടന്ന, അതിരുകടന്ന, നിയമാതിരിക്തമായ; **-Supererogation,** *n.* കടന്ന ആചാരം, നിയമാതിരേകം, അത്യാചാരം.

Superficies, *n.* തലം, പുറം, പൃഷ്ഠം; **-Superficial** (-fish'al), *a.* മേൽപുറത്തുള്ള, പുറമേയുള്ള, ഉപരിതലത്തിലുള്ള; നികന്ന, അഗാധമല്ലാത്ത; അസൂക്ഷ്മമായ, അനിപുണമായ, അഗാഢമായ; **-ly,** *adv.* പുറമേ, ബാഹ്യമായി.

Superfine, *a.* അതിസൂക്ഷ്മമായ, അത്യുൽകൃഷ്ടമായ, മേന്മയായ.

Superfluous, *a.* വേണ്ടതിലധികമായ, അതിരിക്തമായ, വ്യത്ഥമായ, അപേക്ഷാതിരിക്തമായ; **-ness, -Superfluity,** *n.*

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആവശ്യത്തിലധികം, ആധിക്യം, അതിരേകം, വൈയർത്ഥ്യം.

Superhuman, *a.* അമാനുഷമായ, അതിമാനുഷമായ, മാനുഷാതിഗമായ.

Superimpose, *v. t.* ചുമത്തുക, മേലേവയ്ക്കുക, പുറത്തുവയ്ക്കുക.

Superincumbent, *a.* മീതേ ഇരിക്കുന്ന, മുകളിൽ ഇരിക്കുന്ന, ഉപരിസ്ഥിതമായ.

Superinduce, *v. t.* അതിയായി പ്രേരിപ്പിക്ക, അധികംനിർബന്ധിക്ക.

Superintend, *v. t.* മേൽനോട്ടംചെയ്ക, പര്യവേക്ഷിക്ക; **-ence,** *n.* മേൽനോട്ടം, അവേക്ഷ, അധികാരം, നടത്തിപ്പ്, അദ്ധ്യക്ഷത, കാര്യദർശനം; **-ent,** *n.* മേൽനോട്ടക്കാരൻ, നടത്തിപ്പുകാരൻ, അധീശൻ, അധികാരി.

Superior, *a.* ഉയൎന്ന, വലിയ, മററവകളെ അപേക്ഷിച്ചുമെച്ചമായ, ശ്രേഷ്ഠമായ, വരിഷ്ഠമായ, വിശിഷ്ടമായ; *n.* മേലാവ്, യജമാനൻ, മാധിപതി, കുലമകൻ, ശ്രേഷ്ഠൻ, അദ്ധ്യക്ഷൻ; **-ity,** *n.* മേന്മ, ആധിക്യം. ഉൽക്കർഷം, പ്രാബല്യം, പ്രാഗ്ഭാവം.

Superlative (-tiv), *a.* അത്യുച്ചമായ, സർവ്വോൽകൃഷ്ടമായ, പരമമായ, അത്യുത്തമമായ; **-ly,** *adv.* അത്യന്തം, പരമമായി.

Supermundane, *a.* പ്രപഞ്ചാതീതമായ.

Supernal, *a.* പരലോകസംബന്ധമായ, സ്വർഗ്ഗസംബന്ധമായ.

Supernatural, *a.* അലൌകികമായ, അതിമാനുഷമായ, അൽഭുതമായ, ആത്മലോകസംബന്ധമായ; **-ly,** *adv.* അലൌകികതയോടെ.

Supernumerary, *a.* കണക്കിൽകൂടിയ, സംഖ്യാതിരിക്തമായ.

Superpose, *v. t.* മീതേവയ്ക്കുക, മുകളിൽ വയ്ക്കുക.

Superscribe, *v. t.* തലവാചകമെഴുതുക, മേലെഴുത്തെഴുതുക, മേൽവിലാസമെഴുതുക; **-Superscription,** *n.* തലവാചകം, മേലെഴുത്ത്, മേൽവിലാസം, മേൽകുറിപ്പ്.

Supersede, *v. t.* പകരമാക്കുക, പകരംവയ്ക്കുക; ഉല്ലംഘിക്ക, അതിക്രമിക്ക, നിരസിക്ക, നിരാകരിക്ക; നിൎത്തിവയ്ക്ക, വേണ്ടെന്നുവയ്ക്ക, വിലോപിക്ക; **-ed,** *a.* നിരസ്തമായ, വേണ്ടെന്നുവച്ച.

Superstition, *n.* അന്ധവിശ്വാസം, മൂഢവിശ്വാസം, അതിവിശ്വാസം, മിഥ്യാധർമ്മം; **-Superstitious,** *a.* അന്ധവിശ്വാസമുള്ള, മൂഢമായ, മിഥ്യാധർമ്മിയായ.

Superstructure, *n.* കെട്ടിടം, ഭവനം, മന്ദിരം.

Supervene, *v. i.* മേലേവരിക, പുറമേനിന്നുവരിക; സംഭവിക്ക, വന്നുകൂടുക, ദൈവാൽ സംഭവിക്ക; **-venient,** *a.* വന്നുകൂടിയ, ദൈവാൽസംഭവിച്ച.

Supervise, *v. t.* മേൽനോട്ടംചെയ്യുക, മേൽവിചാരണചെയ്യുക, പരിശോധിക്ക, പര്യവേക്ഷിക്ക, നടത്തുക; **-or,** *n.* മേൽനോട്ടക്കാരൻ, നടത്തിപ്പുകാരൻ, പര്യവേക്ഷകൻ.

Supine, *a.* മലൎന്നുകിടക്കുന്ന, ഉത്താനശയമായ, മേലോട്ടുനോക്കിക്കിടക്കുന്ന, ഊൎദ്ധ്വമുഖമായ; അജാഗ്രതയുള്ള, നിരീഹമായ, ഉദാസീനമായ; **-ness,** *n.* മലൎന്നുകിടപ്പ്; അജാഗ്രത, ആലസ്യം, മടി, തന്ദ്രി.

Supplant, *v. t.* മാററുക, അകററുക, മറെറാന്നിന്റെസ്ഥാനം കവരുക, നിസ്സരിപ്പിക്ക, നിരാകരിക്ക, നിരസിക്ക.

Supple, *a.* മയമുള്ള, വളയ്ക്കാവുന്ന, കോമളമായ, സുനമ്യമായ, മൃദുവായ, ലഘുവായ, ഇഷ്ടംചൊല്ലുന്ന; *v. i or v. t.* മയപ്പെടുക, കോമളമാകുക.

Supplement, *n* അനുബന്ധം, പരിശിഷ്ടം, പരിപൂരണം, ശേഷപൂരണം, ഉത്തരഖണ്ഡം; *v. t.* അനുബന്ധിക്ക, പൂരിപ്പിക്ക, നികത്തുക, പോരാത്തതുചേൎക്കുക, കുറവു പരിഹരിക്ക, ന്യൂനതനിരാകരിക്ക; **-al, -ary,** *a.* അനുബന്ധമായ, പരിശിഷ്ടമായ, പൂരണമായ.

Suppliant, Supplicant, *n.* ഇരന്നുചോദിക്കുന്നവൻ, കെഞ്ചുന്നവൻ, അൎത്ഥി, പ്രണയി, ശരണാഗതൻ; *a.* തെണ്ടുന്ന, വണക്കത്തോടെ ചോദിക്കുന്ന, യാചിക്കുന്ന, പ്രണതമായ, ശരണാൎത്ഥിയായ; **-ly,** *adv.* വിനയമായി, കൈകൂപ്പി.

Supplicate, *v. t.* കെഞ്ചിച്ചോദിക്കുക, അനുനയിക്ക, അൎത്ഥിക്ക, കൃപ്പുകയ്യോടെ ചോദിക്കുക; **-ion,** *n.* കെഞ്ചൽ, അപേക്ഷ, പ്രാൎത്ഥന(നം), അനുനയം, സവിനയപ്രാൎത്ഥന; **-ory,** *a.* വിനയമായി, കെഞ്ചി, സാനുനയം, സവിനയം, പ്രണതിപൂർവ്വം.

Supply (supplī′), *v. t.* കൊടുക്കുക, നിറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ്യുക, കഠവംയിനിക്കുന്നതുചേക്കുക, ആവശ്യമുള്ളതുകൊടുക്കുക; *n.* കൊടുക്കപ്പെട്ടതു്, സംഭരം, സഞ്ചയം, സാമഗ്രി, ഉപകല്പനം; (s. s) സംമാനങ്ങൾ.

Support, *v. t.* താങ്ങുക, ഉപസ്തംഭിക്ക, സംസ്തംഭിക്ക, ആലംബംനൽകുക. ധരിക്കുക, നിലനിൎത്തുക, പോററുക; ഭരിക്കുക; പൊറുക്കുക, സഹിക്കുക; ഉപകരിക്ക, സഹായംചെയ്യുക; സമൎത്ഥിക്ക, ദൃഢപ്പെടുത്തുക; അഭിനന്ദിക്ക, അനുമോദിക്ക; *n.* താങ്ങു്, ഊന്നുകാൽ, ഊന്നുകോൽ, അവലംബം, ധാരണം; ആശ്രയം, ആധാരം; പോററൽ, ഭരണം, പാലനം, സംവൎദ്ധനം; ഉപജീവിക; സഹായം, പിൻതാങ്ങൽ, അനുഗ്രഹം; **-er,** *n.* താങ്ങുന്നവൻ, സഹായിക്കുന്നവൻ, പോഷകൻ, വൎദ്ധയിതാവു്, പാലകൻ.

Suppose, *v. t.* (ശരിയെന്നു്) വിശ്വസിക്ക, നമ്പുക, സംഭാവിക്ക, വിഭാവിക്ക, കല്പിക്ക, എണ്ണുക; വിചാരിക്ക, ഊഹിക്ക; **-ition,** *n.* വിഭാവന, കല്പന, ഉപന്യാസം, ഊഹം, അഭിപ്രായം, സങ്കേതം.

Suppress, *v. t.* അമൎത്തുക, അടക്കുക, ശമിപ്പിക്ക, നിഗ്രഹിക്ക, നിരോധിക്ക, നിവൎത്തിപ്പിക്ക, നിൎത്തുക, തടയുക; ഞെരുക്കുക, മൎദ്ദിക്ക, മറയ്ക്കുക, ഗൂഹനംചെയ്ക; **-ion,** *n.* അടക്കൽ, സംയമനം, നിരോധം, നിയന്ത്രണം, ദമനം, മൎദ്ദനം, മറയ്ക്കൽ, ഗോപനം.

Suppurate, *v. i.* ചലംകെട്ടുക, പഴുക്കുക; **-ion,** *n.* പഴുക്കൽ, പാകം, പരിപാകം.

Supreme (sū-prēm′), *a.* ഏററവും ഉയൎന്ന, പരമമായ, അതിശ്രേഷ്ഠമായ, നിരതിശയമായ; മുഖ്യമായ, പ്രധാനമായ, വിശിഷ്ടമായ. ഏററവുംമേന്മയായ, മികച്ച; **-ly,** *adv.* മികച്ചു്, പരമമായി, അത്യന്തമായി, ഏററവുംവലിയതായി; **-Supremacy,** *n.* പരമാധികാരം, പരമാധിപത്യം, പ്രഭുതചം, പ്രഭവിഷ്ണുത, പ്രാധാന്യം, ശ്രേഷ്ഠത, വിശിഷ്ടത.

Surcharge, *v. t* അതിഭാരംചമത്തുക, അധികംഭാരംകയററുക; ഏറെനിറയ്ക്കുക, അത്യന്തംപൂരിപ്പിക്ക; അധികവിലചമത്തുക.

Surcingle, *n.* തോൽവാറു്, കുതിരയുടെ ഇടവാറു്,

Surcoat, *n.* മേലങ്കി, അയഞ്ഞ കുപ്പായം, മേൽകുപ്പായം, നെട്ടങ്കി.

Surd *n.* (math) കരണി, മൂലിക, മൂലികാംശി; *a.* വൎഗ്ഗമൂലംകാണാത്ത സംഖ്യ ആയ, മൂലികയായ, കരണിയായ.

Sure (shoor), *a.* തിട്ടമായ, നിശ്ചിതമായ, അസന്ദിഗ്ദ്ധമായ, നിസ്സംശയമായ, സ്ഥിരമായ, ഉറച്ച, ബലമായ; നിൎഭയമായ; 's. footed അടിപതറാത്ത, ചവടുറച്ച'; **-ly,** *adv.* നിശ്ചയമായി, തിട്ടമായി, നിസ്സന്ദേഹമായി, നിസ്സംശയമായി; **-ty,** *n.* തിട്ടം, നിശ്ചയം, പ്രത്യയം, നിൎണ്ണയം; പ്രതിഭൂ; ഉത്തരവാദി, ജാമ്യക്കാരൻ, ജാമ്യം; **-tiship,** *n.* പിണ, ഉത്തരവാദം, പ്രതിഭാവ്യം.

Surf (sérf), *n.* അല, നര, പത, ഫേനം.

Surface (sér′fās), *n.* പരപ്പു്, തലം, മേൽപുറം, പൃഷ്ഠം, വെളിപ്പുറം, തലഭാഗം, മുഖം, ദൃശ്യവശം.

Surfeit (-fit), *v. t.* അതിഭുജിപ്പിക്ക; പെരുന്തീററിതീററുക, അതൃപ്തിവരുത്തുക; *v. i.* അതിഭോജനംകഴിക്കുക, പെരുന്തീററിതിന്നുക, മൂക്കററംതിന്നുക, തിന്നുചെടിക്കുക or മടുക്കുക; *n.* പെരുന്തീററി, അതിഭോജനം, അതിതൃപ്തി.

Surge (sérj), *n.* അല, തിര, കല്ലോലം, എറിതിര, ഒടിതിര, മഹോൎമ്മി; *v. t.* അലപൊങ്ങുക, തിരമറിയുക, ഉല്ലസിക്കുക, ഉദ്ഗമിക്കുക, ഉൽക്ഷേപിക്കുക.

Surgeon (sér′jun), *n.* വ്രണവൈദ്യൻ, ശസ്ത്രവൈദ്യൻ, ശല്യതന്ത്രജ്ഞൻ; **-Surgery,** *n.* ശല്യം, ശസ്ത്രതന്ത്രം, ശസ്ത്രശാസ്ത്രം; **-Surgical,** *a.* ശസ്ത്രസംബന്ധമായ.

Surly (sér-), *a.* പരുപരുത്ത, കക്കശമായ, പരുഷമായ, വക്രമായ, ദുശ്ശീലമായ.

Surmise, *v. t.* ഉദ്ദേശിക്ക, ആശങ്കിക്ക, ശങ്കിക്ക, ഊഹിക്കുക, തക്കിക്ക, ഭാവിക്കുക, സംഭാവിക്ക; *n.* ഉദ്ദേശം, തക്കം, ഊഹം, ആശങ്ക.

Surmount, *v. t.* മേലേറുക, ഉത്തരിക്ക, അതിക്രമിക്ക ലംഘിക്ക, പാരംഗമിക്ക, വെല്ലുക.

Surname, *n.* കുടുംബപ്പേർ, കുലനാമം, ഉപനാമം; *v. t.* തറവാട്ടുപേർവിളിക്കുക, കുലനാമംവിളിക്കുക.

Surpass (sér-), *v. t.* കടക്കുക, മുന്തുക, അതിശയിക്കുക, അധികപ്പെടുക, വെല്ലുക; **-ing,** *a.* അതിശയിക്കുന്ന, അതിക്രമിക്കുന്ന, മുന്തുന്ന, കടക്കുന്ന.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Surplice (sér'plis), *n.* പാതിരിയുടെ അയഞ്ഞവെള്ളക്കുപ്പായം, പാതിരിയുടെ വെള്ളനിലയങ്കി, ഉപരിച്ഛദം.

Surplus, *n.* അധികം, ബാക്കി, ശേഷിപ്പ്, അതിരിക്തഭാഗം.

Surprise (sér-prīz'), *v. t.* ആശ്ചര്യപ്പെടുത്തുക, തിടുക്കപ്പെടുത്തുക ഭ്രമിപ്പിക്കുക, വിസ്മയിപ്പിക്ക; തിടുക്കെന്നുവരുത്തുക; *n.*, **-al,** *n.* ആശ്ചര്യം, അതിശയം, ചമല്ക്കാരം; പെട്ടെന്നുള്ള ആപാതം, പൊട്ടുന്നനവേയുള്ള വരവ്; **-priser,** *n.* വിസ്മയം ജനിപ്പിക്കുന്നവൻ; പൊട്ടുന്നനവേ വരുന്നവൻ, ഭ്രമിപ്പിക്കുന്നവൻ; **-prising,** *a.* അത്ഭുതമായ, അസാധാരണമായ.

Surrender, *v. t.* ഒപ്പിക്കുക, അധീനപ്പെടുത്തുക, ഉപാനയിക്കുക, സമർപ്പിക്കുക, നിക്ഷേപിക്കുക; പരിത്യജിക്ക, സന്ന്യസിക്ക; (oneself) ശരണംഗമിക്ക; *n.* അധീനപ്പെടുത്തൽ, സമർപ്പണം, പരിത്യാഗം; പ്രണതി, വശീഭവനം.

Surreptitious (sér'reptish'us), *a.* കള്ളമായ, വഞ്ചകമായ, കള്ളമായിച്ചെയ്ത, കള്ളമായി പ്രകാശിപ്പിച്ച; **-ly,** *adv.* കള്ളമായി, കപടമായി.

Surrey, *n.* ഉല്ലാസവണ്ടി.

Surrogate, *n.* പകരക്കാരൻ, കാര്യസ്ഥൻ, പ്രതിനിധി.

Surround, *v. t.* ചൂഴുക, ചുററിക്കൊള്ളുക, വളയുക, പരിവർത്തിക്കുക, പരിഗമിക്കുക, വേഷ്ടിക്കുക, പരിവേഷ്ടിക്കുക; **-ing,** *a.* ചുഴലവുമുള്ള, ചുററുപാടുമുള്ള, പര്യന്തവർത്തിയായ; *n.* ചുററുപാടും, പരിവേഷ്ടനം, പര്യന്തം, പരിസരം.

Surtout (sértö'), *n.* ഒരുമാതിരി മേൽകുപ്പായം, പ്രാവാരം.

Surveillance (sèrvāl'yans), *n.* കാവൽ, മേൽനോട്ടം, അവേക്ഷണം, നിരൂപണം.

Survey (sér-vā'), *v. t.* ശ്രദ്ധിച്ചുനോക്കുക, സംദർശിക്ക, പരീക്ഷിക്ക, അവേക്ഷിക്ക, നിരീക്ഷിക്ക, നിരൂപിക്ക; അളക്കുക; മതിപ്പുകാണുക; *n.* നോട്ടം, ആലോകനം, നിരീക്ഷ, നിരീക്ഷണം; അളവ്, മാപനം; **-or,** *n.* ക്ഷേത്രമാപകൻ, ഭൂമാപകൻ, സർവേയർ.

Survive, *v. t.* അതിജീവിക്കുക, പശ്ചാജ്ജീവിക്കുക, ഒരുവൻപിറകിൽ ജീവിക്ക; *v. i.* ശേഷിക്കുക; അനന്തരം ജീവിച്ചിരിക്ക; തെററിരക്ഷപെടുക; **-al,** *n.* അതിജീവനം, ശേഷിച്ചിരിപ്പ്; പുരാതനനടവടി; അററശേഷിച്ചിരിക്കുന്ന നടവടി; **-vivor,** *n.* ജീവനോടെശേഷിച്ചിരിക്കുന്നവൻ, ശേഷിച്ചവൻ.

Susceptible (sus-sep'tible), *a.* യോഗ്യമായ, ഗ്രഹണക്ഷമമായ, ഗ്രഹണശക്തമായ, ഗ്രഹണീയമായ, പററത്തക്ക, പതിയത്തക്ക, ഏൽക്കത്തക്ക; **Susceptibility,** *n.* ഗ്രഹണശക്തി, ഗ്രാഹകത്വം, ഗ്രഹണശീലത, വേദനശീലത, ഗ്രഹണക്ഷമത, പതിയുവാനുള്ള കഴിവ്.

Suspect, *v. t.* സംശയിക്കുക, ശങ്കിക്കുക, വിശ്വസിക്കാതിരിക്കുക; ഊഹിക്കുക, ഉദ്ദേശിക്കുക, തക്കിക്കുക; **Suspicion,** *n.* ആശങ്ക, സംശയം, സന്ദേഹം, വികല്പം; **-Suspicious,** *a.* സംശയിക്കുന്ന, ശങ്കിക്കുന്ന, ആശങ്ക്യമായ, ശങ്കാവഹമായ, ശങ്കാസ്ഥാനമായ, ശങ്കാസ്പദമായ; ആശങ്കിയായ, സംശയശീലമായ സംശയബുദ്ധിയായ, അവിശ്വാസിയായ.

Suspend, *v. t.* തൂക്കുക, ഞാത്തുക, പ്രലംബിക്കുക, ലംബിക്കുക; മാററിവയ്ക്കുക, നീക്കിവയ്ക്കുക, വിളംബിപ്പിക്ക, വിലക്കുക, താല്ക്കാലികമായി മാററുക; താമസപ്പെടുത്തുക; **-ed,** . തൂക്കിയ, ഞാത്തിയിട്ട; മാററിയ, മാററിവച്ച; **-Suspense,** *n.* അനിശ്ചയം, സന്ദേഹം, സംശയം, വികല്പം, താമസം, തീർമാനമില്ലായ്ക; **-Suspension,** *n.* ഞാത്തൽ, തൂക്കൽ, ഉദ്ബന്ധനം, പ്രലംബനം; താമസം, വിളംബനം; വിച്ഛേദം, വിലക്കിവയ്ക്കൽ, നിർത്തിവയ്ക്കൽ.

Sustain, *v. t.* താങ്ങുക, സംസ്തംഭിക്കുക, ധരിക്കുക; പൊറുക്കുക, സഹിക്കുക, അനുഭവിക്കുക; അനുമതിനൽകുക; നീട്ടുക, നീട്ടിയിടുക; സംവർദ്ധിപ്പിക്ക; ആദരിക്ക; തെളിയിക്ക, പൊക്കിപ്പിടിക്ക; പ്രവർത്തിപ്പിക്ക; **-Sustenance,** *n.* കഴിച്ചിൽ, ജീവനം, കാലക്ഷേപം, അന്നം, ആഹാരം, പാലനം; ധാരണം etc.

Sutler, *n.* പട്ടാളക്കച്ചവടക്കാരൻ, സൈന്യാനുഗാമിയായ വണിക്ക്.

Suture, *n.* തയ്യൽ.

Suzerain, *n.* അധീശൻ, അധീശ്വരൻ.

Swab (swob), *n.* തുടപ്പുതുണി, തുടപ്പൻ; *v. t.* തുടയ്ക്കുക, ഒപ്പുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Swaddle, *v. t.* തുണികൊണ്ടുകെട്ടുക, തുണി ചുററുക, ബലമായി കെട്ടുക.

Swag, *v. i.* താഴുക, തൂങ്ങുക, ആടുക.

Swagger, *v. i.* പുകഴ്ത്തുക, വീമ്പുപറയുക, വികത്ഥനംചെയ്ക, പുളുപറയുക.

Swain, *n.* ഗ്രാമികൻ, അസഭ്യൻ, നാടൻ, കിഴങ്ങൻ, കർഷകൻ, കൃഷിക്കാരൻ, വേളാളൻ, വാല്യക്കാരൻ; വാരക്കാടി.

Swallow (swol'ō), *n.* വിഴുങ്ങൽ, ഗ്രസനം, ഗിളനം; തൊണ്ട, ഭക്ഷണനാളം, അന്നമാർഗ്ഗം; ഒരിറക്ക് ഒരുവായ്; രുചി, സ്വാദ്; കൊതിനുണ; മീവൽപക്ഷി, തൂക്കണാംകുരുവി; *v. t.* വിഴുങ്ങുക, ഗ്രസിക്കുക, തിന്നുക, അന്വേഷിക്കാതെ സ്വീകരിക്കുക, ആരായാതെഏററുക്കുക.

Swamp (swomp), *n.* ചതുപ്പുനിലം, ചേറുനിലം, കച്ഛഭൂമി, അനൂപപ്രദേശം; *v. t.* ചേററിൽതാഴ്ത്തുക, ചെളിയിൽപുതയ്ക്കുക; **-y**, *a.* ചതുപ്പായ, കച്ഛമായ, അനൂപമായ.

Swan (swon), *n.* അന്നം, ഹംസം, മരാളം.

Swap (swop), *n.* പണ്ടംമാററുക, കൈമാററംചെയ്യുക, പകരത്തിനുപകരംനൽകുക.

Swape, *n.* തുലായന്ത്രം.

Sward, *n.* പുൽനിലം, ശാദ്വലം, പുൽത്തകിടി.

Swarm, *n.* വലിയക്കൂട്ടം, തിരക്കു, സംഘം, സമൂഹം, ഗണം, വൃന്ദം, കുലം; *v. i.* കൂട്ടുക, ചേരുക, കൂട്ടംചേരുക; **-ing**, *a.* (with) നിറഞ്ഞ, വ്യാപ്തമായ, സങ്കീർണ്ണമായ.

Swarthy, *a.* കപിലവർണ്ണമായ, ഇരുണ്ട, മങ്ങിയ, കൃഷ്ണവർണ്ണമായ.

Swash, *v. i.* ശബ്ദത്തോടെ അലയുക; *v. t.* അലയ്ക്കുക, അടിക്കുക.

Swashbuckler, *n.* വൻപുപറയുന്നവൻ, വീമ്പുപറയുന്നവൻ.

Swath, *n.* അററംമുറിച്ച പുൽനിര, അഥവാ നെൽനിര.

Swathe, *n.* പട്ടം, ദീർഘഖണ്ഡം, നീണ്ടതുണ്ടു; *v. t.* നീണ്ടതുണ്ടുകൊണ്ടു അഥവാ പട്ടംകൊണ്ടു ചുററിക്കെട്ടുക.

Sway, *n.* ശാസനം, ഭരണം, ആധിപത്യം, അധികാരം, പ്രഭുത്വം; *v. t.* ശാസിക്കുക, ഭരിക്കുക, ആജ്ഞാപിക്ക; പ്രവർത്തിപ്പിക്ക, പ്രേരിപ്പിക്ക, പ്രചോദിപ്പിക്ക; *v. i.* ഇളക്കുക, ചലിപ്പിക്ക, കമ്പനംചെയ്യുക.

Swear, *v. i.* സത്യംചൊല്ലുക, ആണയിടുക, ശപിക്കുക; *v. t.* സത്യം ചെയ്യിക്കുക, ശപിപ്പിക്ക; **-er**, *n.* ആണയിടുന്നവൻ, ശപഥകൃത്; **-ing**, *n.* ആണ, ശപഥം, ശാപം.

Sweat, *v. i.* വിയക്കുക, പ്രസ്വേദിക്ക, സ്വേദിക്ക; ക്ഷീണിക്ക, പരിശ്രമിക്ക; *v. t.* സ്വേദിപ്പിക്ക, വിയപ്പിക്ക; *n.* വിയപ്പ്, സ്വേദം, ഘർമ്മം, സ്വേദജലം; പരിശ്രമം, ആയാസം; **-ing**, **-y**, *a.* വിയത്ത, വിയപ്പുള്ള, വിയക്കുന്ന, സ്വേദവത്തായ.

Sweep, *v. t.* അടിച്ചുവാരുക, തൂക്കുക, തുടയ്ക്കുക, വാരുക, വീശുക, വീശിയടിക്കുക; പറപ്പിക്കുക, ഉരയ്ക്കുക, ഇഴയ്ക്കുക; ഇഴച്ചുവലിച്ചുനടക്കുക; പ്രൌഢിയോടെ നടക്കുക; വാദനംചെയ്യുക; വലിക്കുക; *v. i.* ദ്രവഗതിയിൽപോകുക, ആഡംബരമായിപ്പോകുക; *n.* അടിച്ചുവാരൽ; വട്ട,വൃത്തം, പ്രസരം, ഗോചരം, വിഷയം; ഒഴുക്ക്, ചാട്ടം, പ്രവാഹം; അടിച്ചുവാരുന്നവൻ; പൊടിയടിക്കുന്നവൻ; കപ്പലിൻെറ വളവു്; ഉഗ്രത, വിനാശം, സംഹാരം; വക്രഗതി, വളവു്; ചുക്കാൻ, പങ്കായം; തുലായന്ത്രം; (ചീട്ടുകളിയിൽ) മുഴുവൻപിടിത്തം; **-er**, *n.* തൂപ്പുകാരൻ, സമ്മാർജ്ജകൻ; **-ing**, *n.* അടിച്ചുവാരൽ, കുപ്പയടിക്കൽ, സമ്മാർജ്ജനം, മലാപഹരണം; *a.* അടിച്ചുവാരി കൊണ്ടുപോകുന്ന, ഉഗ്രതയോടെ ഓടുന്ന, അടിച്ചുപറത്തുന്ന, നാശകരമായ; **-ings**, *n. pl.* ചവറുകൾ, ചണ്ടി, കുറമ്മൽ, മലം, സങ്കരം, ഉച്ഛിഷ്ടം.

Sweepstake, *n.* എല്ലാം ജയിക്കുന്നവൻ.

Sweet, *a.* ഇനിമയായ, മധുരമായ, മിഷ്ടമായ, സുരസമായ, മധുമയമായ; അഴകായ, ചാരുവായ, മഞ്ജുളമായ, ലളിതമായ, മനോജ്ഞമായ; *n.* മധുരം, മധു, മിഷ്ടം, ആസ്വാദം; അഴകുള്ള വസ്തു, മധുരമുള്ളവസ്തു; സുഖം; 's. s of royalty രാജ്യസുഖങ്ങൾ'; 's. heart വല്ലഭമായ, പ്രണയിയായ, ദയിതമായ, രമണമായ, പ്രിയതമമായ'; *n.* വല്ലഭൻ, പ്രണയി, ദയിതൻ, രമണൻ, പ്രിയതമൻ, വല്ലഭ, ദയിത, കാന്ത, രമണി, പ്രിയതമ; 's. meat മധുരദ്രവ്യം, മധുരഭക്ഷ്യം, മിഷ്ടാന്നം, മോദകം'; 's. smelling സുഗന്ധിയായ, നല്ല മണമുള്ള'; 's. speaking, s. toned, s. voiced മധുരശബ്ദം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഞ്ജുളസ്വനമായ, ചാരുഭാഷിയായ, മധുരവാക്കായ'; **-en,** *v. t.* മധുരപ്പെടുത്തുക, മധുരീകരിക്ക, മിഷ്ടീകരിക്ക, സ്വാദുകരിക്ക; *v. i.* മധുരീഭവിക്ക; **-ly,** *adv.* മധുരമായി, ചാരുവായി; 'smiling s. ചാരുഹാസിയായ'; **-ness,** *n.* മാധുര്യം, സ്വാദുത.

Swell, *v. i.* വീക്കുക, വിരിയുക, അകലുക, പൊങ്ങുക, തടിക്കുക, ഉരുണ്ടുകൂടുക; *v. t.* തടിപ്പിക്ക, വീങ്ങിക്ക, വദ്ധിപ്പിക്ക; *n.*, **-ing,** *n.* വദ്ധന, വളച്ച്, പൊങ്ങൽ, സ്ഫീതി, വൃദ്ധി; വീക്കം, പരു, ശ്വയഥു, ശോഫം, ശോഫഗണ്ഡം; (of the sea) അല, അലയുരുളം, അലപൊങ്ങൽ, ഊമ്മിപ്രലോഠനം, സംക്ഷോഭം; **-ing,** *a.* ഉരുണ്ടുപൊങ്ങുന്ന, ഉയന്നുകയറുന്ന, വീക്കുന്ന; **-Swollen,** *a.* വീത്ത, പൊങ്ങിയ, വീങ്ങിയ.

Swelter, *v. i.* വാട്ടുക, വേവുക, വിയക്കുക; *v. t.* വാട്ടുക, വേവിക്കുക, വിയപ്പിക്ക.

Swerve, *v. i.* തിരിയുക, വിചലിക്കുക, ഭ്രംശിക്ക, ഷരിയുക, വഴുതുക, തെറവുക, വഴിതെറവുക, തവറുക, വ്യതിയാനംചെയ്ക, വ്യതിക്രമിക്കുക.

Swift, *a.* ചുറുക്കുള്ള, വേഗംചെയ്യുന്ന, ജവനമായ, വേഗവത്തായ, ത്വരിതമായ, സത്വരമായ, ദ്രുതഗാമിയായ, ലഘുഗാമിയായ; *n.* ഒരുപക്ഷി, നിലയാടി; നീരോട്ടം; **-ly,** *adv.* ശീഘ്രം, വേഗത്തിൽ; **-ness,** *n.* എളുപ്പം, ശീഘ്രത, വേഗം, തരസ്.

Swig, *n.* അധികമായി കടിക്കുന്നവൻ, പെരുംകുടി; *v. t.* അധികമായി കടിക്കുക, ഒരുമിച്ചുവിഴുങ്ങുക.

Swill, *v. t. see* **Swig.**

Swim, *v. t. or v. i.* ദ്രാവകത്തിൽ ചലിക്കുക, നീന്തുക, വഴക്കിടപ്പോകുക, തലചുഴറുക.

Swindle, -er, *see* **Cheat.**

Swine, *n.* കാട്ടുപന്നി, വരാഹം, പന്നി, പന്നികൾ; **-ish,** *a.* പന്നിയേപ്പോലുള്ള.

Swing, *n.* ആട്ടം, ഊഞ്ഞാൽ, ദോള, പ്രേംഖ, പ്രേംഖോളനം, ഹിംദോളം; ദോളനം, പ്രേംഖണം; വേഗം, ഗതി, കൈവീച്ച്; *v. t.* അലക്കുക, വിറയ്ക്കുക, തെറിക്കുക, വീശുക, ആട്ടുക, ചുഴറുക, തൂക്കുക.

Swinge, *v. t.* ചവുക്കിയാൽ അടിക്കുക, ദണ്ഡിക്കുക, പ്രഹരിക്കുക, വീശുക.

Swingle, *v. t.* ചണംചീവുക, ചണംതല്ലുക, ചണംതട്ടിവൃത്തിയാക്കുക; 'കളയരിയുക; *n.* ചണക്കത്തി, ചണംചീവുന്ന ഉപകരണം.

Swirl, *v. t. or v. i.* ചുഴറുക, ചുഴിചുഴിയായിരിക്കുക, ചുഴിപ്പുണ്ടാകുക.

Swish, *v. t.* ആട്ടുക, ചുഴറുക, അടിക്കുക, ചൂരൽകൊണ്ടു തല്ലുക.

Swiss, *n.* സ്വിററ്സർലണ്ടുദേശക്കാരൻ, സ്വിററ്സർലണ്ടുഭാഷ.

Switch, *n.* ചുള്ളി, കോൽ, മാററിവയ്ക്കാവുന്ന ഇരുമ്പ്, കററി, മൂടി; ആണി, സ്വിച്ച്, പിഞ്ഞു; *v. t.* ദണ്ഡിക്കുക, ചാട്ടകൊണ്ടടിക്കുക, തീവണ്ടി പാതമാററുക; വൈദ്യുതശക്തിയുടെ ഗതിനിവത്തുക, സ്വിച്ചിടുക; 's. man കററികാവല്ക്കാരൻ, റയിൽ കമ്പിപൂട്ടുകാരൻ'.

Swivel, *n.* തിരുക്കാണി, തിരിപ്പ്, തിരിക്കാവുന്ന പീരങ്കി.

Swoon, *v. i.* ബോധംകെടുക, മെയ്മറക്കുക, മോഹിക്ക, പ്രമോഹിക്ക, വിമോഹിക്ക, വ്യാമോഹിക്ക, മൂർഛിക്ക; *n.* ബോധക്കേട്, മോഹാലസ്യം, മോഹം, മൂർച്ഛ; **-ing,** *a.* മോഹാലസ്യപ്പെടുന്ന, ബോധംകെടുന്ന, മൂഢമായ, മുഗ്ദ്ധമായ.

Swoop, *v. t. or v. i.* റാഞ്ചുക, തട്ടിയെടുക്ക, ഇറകിൽപിടിക്കുക; *n.* റാഞ്ചൽ, വീണ് അമത്തിപ്പിടിക്കൽ, ആക്രമണം.

Sword, *n.* വാൾ, കത്തി, അസി, ഖഡ്ഗം, കൃപാണം, കരവാളം, ചന്ദ്രഹാസം, ഉടവാൾ, കുത്തുവാൾ; 's. fish വേളാംസ്രാവ്, കൊമ്പൻ, കൊമ്പൻസ്രാവ്'; **-Swordsman,** *n.* വാൾക്കാരൻ, വാൾവീരൻ, വാളഭ്യാസി.

Sybarite (sib'ar-īt), *n.* കാമി, ഭോഗപ്രിയൻ, വിഷയലമ്പടൻ.

Syce, *n.* അശ്വപാലൻ, കുതിരക്കാരൻ.

Sycophant (sik'-ō-fant), *n.* ഏഷണിക്കാരൻ, മുഖസ്തുതിക്കാരൻ, പാദസേവകൻ; *v. i.* മുഖസ്തുതിചെയ്യുക, സേവയ്ക്കായി അടുത്തുകൂടുക; **-Sycophancy,** *n.* ചാട്ടുക്തി, മുഖസ്തുതി, പാദപൂജ.

Sycosis, *n.* പുഴക്കടി, പുഴുനടപ്പ്.

Syenite, Sienite, *n.* ഒരുവക സ്ഫടികക്കല്ല്.

Syle, Sile, *n.* ചെറുമണി.

Syllable, Syllabe, *n.* അക്ഷരം, ഒരുസ്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രംമാത്രമുള്ള വ്യഞ്ജനക്കൂട്ടം; വാക്ക; ലേശം; പുള്ളി.

Syllabus, *n.* വിഷയസംക്ഷേപം, കാര്യക്രമം.

Syllogism (sil'ōjizm), *n.* ന്യായം, സാവയവന്യായം; **-Syllogistic**, *a.* ന്യായസംഗതമായ, ന്യായ്യമായ.

Sylph (silf), *n.* തന്വംഗി, തന്നഗാത്രി; വിദ്യാധരി; ദിവ്യാംഗന.

Sylva, Silva, *n.* 'കാട്ടുമരങ്ങൾ, അരണ്യവൃക്ഷങ്ങൾ.

Symbol, *n.* അച്ച്, അടയാളം, ലക്ഷണം, ലിംഗം, സംജ്ഞ, സങ്കേതം, അറികുറി, കുറിപ്പ്, പ്രതിമ; **-ic**, *a.* കുറിപ്പുകൊണ്ട് അറിയിക്കുന്ന, സങ്കേതം കൊണ്ടറിയിക്കുന്ന, ലാക്ഷണികമായ, സങ്കേതരൂപമായ; **-lism**, *n.* കുറിപ്പുകളാൽ അറിയപ്പെടുത്തൽ, സങ്കേതപ്രയോഗം; **-Symbolize**, *v. t. or v. i.* സദൃശമായിരിക്കുക, കുറിക്കുക, അടയാളത്താൽ മനസ്സിലാക്കുക, സങ്കേതംമൂലം തെര്യപ്പെടുത്തുക; **-Symbology**, *n.* സങ്കേതവിദ്യ, ലാക്ഷണികവിദ്യ.

Symmetry (sim'e-tri), *n.* സൌഷ്ഠവം, പൊരുത്തം, സമത, അവയവപ്പൊരുത്തം, ഒത്ത അളവ്, കരുക്കം; യഥാപ്രമാണത, അവയവസംഗതി, ചതുരശ്രത; **-ical**, *a.* ഒത്ത അളവുള്ള, കരുക്കമുള്ള, സൌഷ്ഠവമുള്ള, അവയവയോജിപ്പുള്ള, ചതുരശ്രമായ.

Sympathy (sim'pa-thi), *n.* ഇരക്കം, സഹതാപം, സമദുഃഖം, സഹാനുഭവം, സംവേദനം, അനുകമ്പ; സ്വഭാവസാമ്യം, പ്രകൃതിസാമ്യം, ആനുഗുണ്യം, സാധർമ്മ്യം; **-etic**, *a.* ഇരക്കമുള്ള, ദയയുള്ള, സമദുഃഖസുഖിയായ, സഹഭാവമുള്ള; **-ize**, *v. i.* ഇരങ്ങുക, അനുതാപംകൊള്ളുക, സഹതപിക്കുക.

Symphony (sim'fōni), *n.* ഏകതാനത, സ്വരൈക്യം, നാദൈക്യം, സാമ്യം; **-ious**, *a.* സമസ്വരമായ, സംഗതസ്വരമായ.

Symposium (simpō'zi-um), *n.* കൂടിക്കുടിക്കൽ, കൂടിഉണ്ണൽ, സഹപാനം, സഹഭോജനം.

Symptom (sim'tum), *n.* ലിംഗം, ലക്ഷണം, കുറി, രോഗലക്ഷണം; **-atic**, *a.* കുറിക്കുന്ന, സൂചകമായ, ബാധകമായ.

Synagogue (sin'a-gog), *n.* യൂദപുരോഹിതസഭ, യൂദരുടെ ദേവാലയം.

Synchronal, Synchronous (sin'krō-nus), *a.* അതേകാലത്തിലുള്ള, സമകാലികമായ; **-Synchronism**, *n.* സമകാലീനത, സമകാലികസംഭവം; **-Synchronize**, *v. i.* ഒരേകാലത്തുണ്ടായിരിക്കുക, ഏകകാലത്തിൽവർത്തിക്കുക, ഏകകാലത്തിൽ ഭവിക്കുക or ജനിക്കുക.

Syncopate, *v. t.* വിട്ടുകളയുക, കുറവു ചെയ്യുക, ലോപിക്കുക, അക്ഷരംലോപിക്കുക.

Syncope (sin'kōpē), *n.* ലോപം, മൂർച്ഛ, മോഹാലസ്യം.

Syndic, *n.* അധിപതി, ന്യായവാദി; കാര്യസ്ഥൻ; **-Syndicate**, *n.* അധികാരിസഭ, പ്രധാനിസഭ, ആലോചനാസഭ.

Synod (sin'-od), *n.* പുരോഹിതസഭ, പരിഷത്ത്.

Synonym (sin'-onim), *n.* സമാനാർത്ഥപദം, ഒരേഅർത്ഥമുള്ളവാക്ക്, പര്യായം, തുല്യാർത്ഥശബ്ദം, പര്യായശബ്ദം; **-ous**, *a.* സമാനാർത്ഥമായ, തുല്യാർത്ഥമായ, ഏകാർത്ഥമായ.

Synopsis, *n.* സാരസംഗ്രഹം, സാരം, ആകപ്പാടെയുള്ളസാരം; **-Synoptical**, *a.* സാരഭൂതമായ.

Syntax (sin'taks), *n.* വാചകങ്ങളിൽ പദങ്ങളുടെ ശരിയായവ്യവസ്ഥ, പദവിന്യാസക്രമം, കാരകപ്രക്രിയ, വാക്യരചനാവിചാരം; **-Syntactic**, *a.* പദവിന്യാസസംബന്ധമായ.

Synthesis, *n.* കൂട്ട്, കൂട്ടൽ, ചേർക്കൽ, സംയോഗം, സങ്കലനം; **-Synthetical**, *a.* കൂട്ടുന്നതായ, ചേർക്കുന്നതായ, സാംയോഗികമായ, സംയോഗാത്മകമായ.

Syphilis, *n.* ഗ്രന്ഥിപ്പുണ്ണ്, ഉഷ്ണപ്പുണ്ണ്, ഉഷ്ണരോഗം, പറങ്കിപ്പുണ്ണ്, ഉപദംശം.

Syringe, *n.* പീച്ചാങ്കുഴൽ, ശൃംഗം, ശൃംഗകം, വസ്തി.

Syrup (sir'up), *n.* സിറപ്പ്, ചാറ്, മധുരം, മധു, ലേഹ്യം.

System, *n.* അംഗബന്ധനം, അംഗക്കെട്ട്, ഏർപ്പാട്, ചട്ടം, പദ്ധതി, രീതി, സരണി, ക്രമം; കല്പന, പ്രയോഗം; ശാഖ; (of the body) കായവ്യൂഹം; (philosophy) ദർശനം; the solar s. സൌരയൂഥം, സൌര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗത്"; പ്രപഞ്ചം; -atic, a. വ്യവസ്ഥയുള്ള, ക്രമമായ യഥാപദ്ധതിയായ, യഥാക്രമമായ, ക്രമാനുഗതമായ; -atically, adv. ക്രമമായി, അടുക്കോടെ, യഥാക്രമം, യഥാപദ്ധതി; -atize, v. t. അടുക്കുവിടാതെ ശരിയാക്കുക, വ്യവസ്ഥാപിക്കുക, യഥാക്രമം രചിക്കുക, വിന്യസിക്ക, രീതിപ്പെടുത്തുക.

Systole, n. അമർന്നുപോകൽ, ഹ്രസ്വമാകൽ, സങ്കോചം, ചുരുങ്ങൽ; ഹൃൽസങ്കോചം.

Syzygy, n. pl. ഗ്രഹയോഗം; വൃത്തസമ്മിശ്രണം.

Tab, n. ചെറിയനാട; മടക്ക്, മടിപ്പ്; ലോഹക്കഴ.

Tabard, n. കുറിയ അങ്കി, കുറിയകുപ്പായം.

Tabasheer, n. see **Manna**.

Tabby (tab'i), n. ഒരുതരംപട്ട്; കുമ്മായവും കല്ലുമായിക്കലർന്നതു; ചക്കിപ്പൂച്ച; a. പലവർണ്ണമായ, ചിത്രമായ, ശബളമായ, കർബുരിതമായ.

Tabernacle, n. കുടാരം, താല്ക്കാലികവാസസ്ഥാനം; പടവേശ്മം, പടമണ്ഡപം; v. i. അല്പകാലംപാർക്കുക.

Tabes, n. ക്ഷയം, ക്ഷയരോഗം.

Tablature, n. ചുവർചിത്രം.

Tableau (tab'lō), n. പടം, കാഴ്ച; pl. **Tableaux** (tab'lōz).

Table, n. പലക, പീഠം, മേശ, പത്രം; 'sitting at the same t. ഒന്നിച്ചുണ്ണുന്ന, സഹഭോജിയായ'; 't. of contents സൂചീപത്രം, സൂചീ, വിഷയവിവരം, അനുക്രമണിക'; 't. of numbers അക്കങ്ങൾ, അക്കപ്പട്ടിക, അങ്കപത്രം'; 'be at t. ഉണ്ണുക, ഭുജിക്കുക'; 'to keep good t. ഭോജനവിശേഷംഉപയോഗിക്ക'; 't. land മേട്, മേട്ടുപ്രദേശം, അധിത്യക, ഊർദ്ധ്വഭൂമി, പ്രസ്ഥം, പീഠഭൂമി, സാനു'; 't. talk വെടി, പന്തിവർത്തമാനം, വിശ്രംഭാലാപം, വിശ്രംഭകഥ'; -**Tablet**, n. പട്ടിക, പട്ടം, പലക, പത്രം; -**Tabular**, a. പത്രാകാരമായ.

Taboo, n. നിഷേധം, വിലക്ക്.

Tabour, Tabor, n. മൃദംഗം, മുരജം.

Tacit (tas'it), a മൗനമായ, മിണ്ടാത്ത; -ly, adv. മിണ്ടാതെ, മൌനമായി, മനസ്സുകൊണ്ടുമാത്രം.

Taciturn, a. മൗനമായ, മിണ്ടാട്ടമില്ലാത്ത, അധികമായി വർത്തമാനംപറയാത്ത; -ity, n. മിണ്ടാട്ടമില്ലായ്മ, സംവൃതി, മൌനം, മിതവാക്ക്, അനാലാപം, വാഗ്യമം.

Tack, v. t. തൈക്കുക, കെട്ടുക, ആബന്ധിക്ക; കപ്പൽ or തോണിമാററി ഓടിക്കുക; n. ചെറിയ ആണി, മുള്ളാണി; കപ്പൽ പായ്കയറ്; കപ്പൽഗതി; കുതക; നീണ്ട തൈയൽ; പററിചേർന്നുകൊള്ളുന്ന ഗുണം; -ing, n. കപ്പൽഗതിഭേദം.

Tackle, n. കപ്പിയന്ത്രം, ഭാരംപൊക്കുന്നതിനുള്ള യന്ത്രം, കപ്പൽകയറു മുതലായ സാമഗ്രികൾ, കപ്പി, നൌസജ്ജ; v. t. തൊടുത്തുക, പിടിക്കുക, പിടിച്ചുപോരാടുക; -ing, n. കപ്പൽസാമാനങ്ങൾ, സജ്ജ.

Tact (takt), n. കൗശലം, വൈദഗ്ദ്ധ്യം, യുക്തി, ചാതുര്യം; -**Tactics**, n. പോർനടത്തുംകൗശലം, യുദ്ധകൗശലം; കപടോപായം, വ്യൂഹരചനാവിദ്യ, സമരതന്ത്രം; -**Tactician**, n. സമരതന്ത്രമുള്ളവൻ, യുദ്ധകൗശലക്കാരൻ.

Tactile, a. സ്പർശിക്കാവുന്ന, തൊടാവുന്ന, തെളിവായ.

Tadpole, n. തവളക്കുഞ്ഞ്, ഭേകശാബകം, ഭേകശിശു.

Tag, n. കുർനാട, അററത്തു സൂചിയുള്ള നാട, ടാഗ്, അനുബന്ധം.

Tagrag, n. ഹീനർ, താഴ്ന്ന ആളുകൾ.

Tail, n. പിൻപുറം, വാല്, ലാംഗൂലം, പുച്ഛം, വാലധി.

Tailor, n. തയ്യൽക്കാരൻ, തുന്നൽക്കാരൻ, കൊല്ലൻ.

Taint, v. t. or v. i. കെടുത്തുക, മലിനപ്പെടുത്തുക, കളങ്കപ്പെടുത്തുക, വിഷംകലത്തുക, നഞ്ചിടുക; n. കേട്, കെടുതി, കറ, ദൂഷണം, ദോഷം.

Take, v. t. എടുക്കുക, പിടിക്കുക, പറിക്കുക, എടുത്തുകൊണ്ടുപോകുക, പിടിച്ചുകൊണ്ടുപോകുക, തടവിൽപിടിക്കുക, കൈവശപ്പെടുത്തുക; വശപ്പെടുത്തുക, വശീകരിക്ക, ആകർഷിക്ക; തിരിഞ്ഞെടുക്കുക; വേലയ്ക്കെടുക്കുക, ഉപയോഗിക്ക; ഏററുകൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ള്ളുക; വാങ്ങിക്കൊള്ളുക; ആലോചിക്ക; ഗ്രഹിക്ക, ധരിക്കുക; വിഴുങ്ങുക; ഭക്ഷിക്കുക; പ്രിയംകൊള്ളുക, ഇഷ്ടപ്പെടുക; ചിത്രം വരയ്ക്കുക. ചിത്രമെഴുതുക; വിചാരിക്കുക, ഭാവിക്കുക, ഏല്പെടുക; 'to t. care രക്ഷിക്ക, കാക്കുക'; 'to t. care of സൂക്ഷിക്കുക'; 'to t. down താഴ്ത്തിക്കൊണ്ടുപോകുക, കുണ്ഠിതപ്പെടുത്തുക; സേവിക്കുക, കടിക്കുക എഴുതിയെടുക്കുക'; 'to t. effect പാററുക, ഫലിക്കുക'; 'to t. fire കത്തുക, കോപിക്ക'; 'to t ground to the right or the left സൈന്യം വലത്തോട്ടോ ഇടത്തോട്ടോ നീങ്ങുക'; 'to t. heart ധൈര്യം കൈക്കൊള്ളുക'; 'to t. to heart വേദനയുണ്ടാക, ദുഃഖിക്ക'; 'to t. heed സൂക്ഷിക്ക'; 'to t. heed to ശ്രദ്ധിക്കുക'; 'to t. in വളച്ചെടുക്കുക, വളച്ചുകെട്ടുക, വേലികെട്ടുക, ഉൾപ്പെടുത്തുക, ചുരുട്ടുക; പററിക്കുക, ഗ്രഹിക്കുക, മനസ്സിലാക്കുക; പതിവായി വാങ്ങുക'; 'to t. in vain വെറുതേ ഉപയോഗിക്ക'; 'to t. issue കക്ഷിപിരിയുക'; 'to t. leave കല്പനവാങ്ങുക, വിടവാങ്ങുക, അവധിവാങ്ങുക'; 'to t. news paper വരിക്കാരനായിരിക്കുക'; 'to t. notice മനസ്സിലാക്കുക, അറിയുക'; 'to t. on ഏല്ക്കുക, ഭരമേല്ക്കുക'; 'to t. order for ഭരമേല്ക്കുക, ഏററുനടത്തുക, ഏർപ്പാടുചെയ്യുക'; 'to t. out പിരിയുക, കിഴിക്കുക, കുറയ്ക്കുക, നീക്കുക, എടുക്കുക, സിദ്ധിക്കുക, ഇല്ലാതാക്കുക, കൂട്ടിക്കൊണ്ടുപോകുക'; 'to t. over ഏല്ക്കുക, ഭരമേല്ക്കുക'; 'to t. part പങ്കെടുക്കുക, പങ്കുചേരുക. ഓഹരിയെടുക്കുക'; 'to t. part with ചേരുക, കൂട്ടുക'; 'to t. place സംഭവിക്ക'; 'to t. root വേരിറങ്ങുക, വേരുറയ്ക്കുക, വേരൂന്നുക, മുളയ്ക്കുക, വളരുക'; 'to t. sides പക്ഷം പിടിക്കുക, കക്ഷിപിടിക്കുക, കക്ഷിതിരിയുക'; 'to t. stock (സൂക്ഷിപ്പിലുള്ള) ചരക്കുകണക്കെടുക്കുക'; 'to t. to task സമാധാനംചോദിക്കുക, ആക്ഷേപിക്ക, അധിക്ഷേപിക്ക'; 'to t. up പൊന്തിക്കുക, ഉയർത്തുക; വാങ്ങിക്ക, മേടിക്ക; ആരംഭിക്ക, ചെലവാക്കുക, പ്രാപിക്ക, പിടിക്കിട്ടുക, ശകാരിക്ക, അധിക്ഷേപിക്ക; തുടൎന്നുപ്രവൎത്തിക്ക, കയ്യേല്ക്കുക, അനുകൂലിക്ക, സഹായിക്ക'; 'to t. upon oneself ഉത്തരവാദിയാകുക, ചുമതലവഹിക്കുക, സഹിക്കുക'; 'to t. up the gauntlet ദ്വന്ദ്വയുദ്ധത്തിനുനില്ക്കുക, പോർവിളി സ്വീകരിക്കുക; വെല്ലുവിളിക്ക'; *v. i.* പിടിക്കുക, ഫലിക്കുക, പ്രസാദിക്ക, സാദ്ധ്യമാക; (to) ഒക്കുക, പാഠയുക; തിരിയുക; (ചിത്രത്തിൽ) ഛായ പതിയുക; 'to t. after പോലെയിരിക്ക, തുല്യമായിരിക്ക, അനുകരിക്ക'; 'to t. on മനസ്സിൽതട്ടുക, അലയ്ക്കുക'; 'to t. to സമ്മതമാക, പ്രിയപ്പെടുക, വാസനയുണ്ടാക, ചെയ്യുക, പ്രവൎത്തിക്ക'; 'to t. up with തൃപ്തിപ്പെടുക'; 'to t. with ഇഷ്ടപ്പെടുക'; *n.* ഇഷ്ടപ്പെട്ടതു്, പിടിച്ചതു്, കിട്ടിയതു്; 't. in ചതി, വഞ്ചന'; 't. off നാട്യചേഷ്ട, ഹാസ്യചേഷ്ട'; 't. up (തുന്നൽയന്ത്രത്തിലെ) നൂൽമുറുക്കി'; **-er**, *n.* എടുക്കുന്നവൻ, പിടിക്കുന്നവൻ; **-ing**, *a.* ഇഷ്ടപ്പെടത്തക്ക, മനോഹരമായ, ആകർഷകമായ; *n.* പിടിക്കൽ, കൈവശപ്പെടുത്തൽ, മനഃക്ഷോഭം; **-ingly**, *a.* മനോഹരമായി; **-ingness**, *n.* മനോഹരത.

Talc (talk), *n.* വെണ്ണക്കല്ലു്.

Tale, *n.* കഥ, കടംകഥ, വൃത്താന്തം, ആഖ്യാനം. ഉപാഖ്യാനം, ആഖ്യായിക; ഗണന, പരിഗണന, സംഖ്യാനം; 't. bearer നുണയൻ, സൂചകൻ, കർണ്ണേജപൻ'; 't. bearing നുണ, പൈശുന്യം. ഉപജാപം'.

Talent, *n.* തിറം, മതി, ബുദ്ധി, ധീശക്തി, പ്രജ്ഞ, ബുദ്ധിപ്രഭാവം, മതിപ്രഭാവം, മതിവിഭവം, ബുദ്ധികൗശലം; ഗുണം; **-ed**, *a.* തിറമുള്ള, ധീമത്തായ, പ്രജ്ഞമായ, സുധീയായ. ഗുണിയായ, ഗുണവത്തായ.

Talisman, *n.* യന്ത്രം, തകിടു്, രക്ഷ, കവചം, മായ, രക്ഷാകരണ്ഡം; **-ic**, *a.* മന്ത്രസംബന്ധമായ.

Talk (tawk), *v. i.* പറയുക, ആലപിക്ക, സല്ലപിക്ക, സംഭാഷണംചെയ്ക, സംവദിക്ക, സംമന്ത്രിക്ക; *n.* സംസാരം, സംഭാഷണം, കഥാപ്രസംഗം; കിംവദന്തി.വാൎത്ത, വൃത്താന്തം, പ്രവാദം; 'idle t. ജല്പിതം, പ്രജല്പിതം, വിടുവായു്, കഥയില്ലാത്തവൎത്തമാനം'; 'popular t. ജനസംസാരം, ജനപ്രവാദം'; 'fine t. ശബ്ദപാണ്ഡിത്യം'; 'mere t. വെറുംവാക്കു്, വാക്കുമാത്രം, വാങ്മാത്രം'; **-ative**, *a.* വാഗ്വടിയായ, നാവടങ്ങാത്ത, ഒഴിവില്ലാതെ വൎത്തമാനം പറയുന്ന, ബഹുഭാഷിയായ, ജല്പനശീല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ, വാവദൂകമായ (വാവദൂകൻ, വാവദൂക); **-ativeness,** *n.* വായാടിത്തം, അതിവൎത്തമാനം, വാവദൂകത, ബഹുഭാഷിതം; **-er,** *n.* വൎത്തമാനക്കാരൻ, സംഭാഷണവിദഗ്ദ്ധൻ, കഥകൻ, വക്താവു്, ആലാപി.

Tall (tawl), *a.* പൊങ്ങിയ, പൊക്കമുള്ള, ഉയൎന്ന, തുംഗമായ, ഉന്നതമായ, ഉച്ഛ്രിതമായ, പ്രാംശുവായ; **-ness,** *n.* പൊക്കം, ഉയരം, ഉത്തുംഗത, ഉന്നതി, ഉദഗ്രായം; 't. of stature ദേഹദീൎഘത, ഉച്ചത'.

Tallow (tal'lō), *n.* കൊഴുപ്പു്, മൃഗനിണം, ദശനീർ, വസ, വപ.

Tally (tal'i), *v. t. or v. i.* എണ്ണുക, പറയുക, സംവദിക്ക, തുല്യമായിഭവിക്ക, അനുഗുണമായിഭവിക്ക, അനുരൂപമായിഭവിക്ക, ഒക്കുക, പൊരുത്തപ്പെടുക; *n.* എൺകുറിപ്പുള്ളി, പൊരുത്തം, ആനുരൂപ്യം, ഇണ.

Talmud, *n.* ജൂതമതഗ്രന്ഥം.

Talon, *n.* പക്ഷിനഖം, നഖം, നഖരം.

Tamarind, *n.* പുളിമരം, പുളി, അമ്ലിക, ആമ്ലിക.

Tamarisk, *n.* മന്നച്ചെടി, പിചുളം, ഝാനകം.

Tambour (tam'bōr), *n.* ചെണ്ട, ചെറിയ ചെണ്ട.

Tame, *v. t.* ഇണക്കുക, വിനയിക്ക, ദമിപ്പിക്ക, അടക്കുക, വശപ്പെടുത്തുക, വശീകരിക്കുക, ശമിപ്പിക്ക (fury); *a.* ഇണക്കമുള്ള, പഴകിയ, വിനീതമായ, ദാന്തമായ, വശകമായ, അധീനമായ; വീട്ടിൽവളൎത്തിയ, ഗ്രാമ്യമായ, ഗൃഹപുഷ്ടമായ; നിസ്സാരമായ, നിസ്തേജസ്സായ, നഷ്ടവീൎയ്യമായ, ചാറില്ലാത്ത, നിസ്സത്വമായ; **-ed,** *a.* ഇണങ്ങിയ, പഴകിയ, വശപ്പെട്ട, ദാന്തമായ, ശാന്തക്രൌൎയ്യമായ; **-er,** *n.* ഇണക്കുന്നവൻ, പഴക്കുന്നവൻ; **-ing,** *n.* ഇണക്കൽ, പഴക്കം, ദമനം; **-ly,** *adv.* നഷ്ടവീൎയ്യവത്തായി, ക്ലീബമായി; **-ness,** *n.* ഇണക്കം, വശത.

Tamper, (with), *v. i.* പരകാൎയ്യത്തിൽ തലയിടുക, രഹസ്യമായി കൈവയ്ക്കുക, ചതിചെയ്യുക, കൈക്കൂലികൊടുത്തു വശപ്പെടുത്തുക, ദുഷിപ്പിക്ക.

Tan, *v.* . തോലൂറയ്ക്കിടുക, ശ്യാമീകരിക്ക, പരിഷ്കരിക്ക; **-ner,** *n.* തോലൂറയ്ക്കിടുന്നവൻ, ചൎമ്മകാരകൻ; **-nery,** *n.* തോലൂറയ്ക്കിടുന്ന സ്ഥലം.

Tang, *n.* ചുവ.

Tangent, *n.* തൊടൽ, സ്പൎശം, സ്പൎശരേഖ.

Tangible, *a.* തൊടത്തക്ക, സ്പൎശനീയമായ, സ്പൃശ്യമായ; സ്പൎശവേദ്യമായ, പ്രകടമായ, സുസ്പഷ്ടമായ, വിഭാവ്യമാനമായ, പ്രത്യക്ഷത്തിലുള്ള; **-Tangibility,** *n.* തൊടാവുന്നഅവസ്ഥ, സ്പൎശനീയത്വം, തത്ത്വം, പ്രകടത, സ്പഷ്ടത.

Tangle (tang'gl), *v. t. or v. i.* കുഴപ്പമായികലങ്ങുക, ജടിലമാകുക, സമ്മിശ്രമാകുക, സംകലമാകുക, പിന്നുക; *n.* കെട്ടു്, കുഴപ്പം, കലക്കം.

Tank, *n.* കുളം, തൊട്ടി, തടാഗം, തടാകം, ജലാശയം, വാപി, ദീൎഘിക.

Tankard, *n.* മേൽമൂടിയുള്ള പാനപാത്രം, പാന, ക്രുജ, ചഷകം.

Tantalize, *v. t.* ആശപ്പെടുത്തുക, തൃഷ്ണവൎദ്ധിപ്പിച്ചുവിഷമിപ്പിക്ക, ആശയെ ഭഞ്ജിക്ക; വഞ്ചിക്ക, ചതിക്ക.

Tantamount, *a.* ഒപ്പമായ, സമമായ, തുല്യമായ, സമാനാൎത്ഥമായ, തുല്യാൎത്ഥകമായ.

Tantrum, *n.* കാരണമില്ലാത്ത വിരോധം, നിഷ്കാരണവൈരഭാവം, കാരണമില്ലാത്ത ദുശ്ശീലം.

Tap, *v. t.* ലഘുവായി തൊടുക, ഇടിക്കുക, തട്ടുക, കൊട്ടുക, തല്ലുക, തൊളയിടുക, വടിക്കുക; *n.* തട്ടു്, കൊട്ടു്, താഡനം; പീപ്പദ്വാരം, പീപ്പക്കുഴൽ; മദ്യം; മദ്യതരം.

Tape, *n.* നാട, പിന്നൽനാട, ടേപ്പു്, ദീൎഘപട്ടം.

Taper, *n.* മെഴുകുതിരി; *a.* ചേന്തിയ, മെലിഞ്ഞുനീണ്ട, കൂൎത്ത; *v. i.* കൂരാകുക, ചേന്തുക, കൂൎത്തുവരിക; **-Tapering,** *a.* കൂൎത്ത, കൂൎത്തുവരുന്ന, ചേന്തികൂൎമ്മിക്കുന്ന, ഗോപുച്ഛാകാരമായ.

Tapestry, *a.* തൊങ്ങലാട, ചിത്രയവനിക, രത്നകംബളം.

Tapeworm, *n.* കൃമി, ആന്ത്രകീടം, കുടൽപ്പാമ്പു്.

Tapioca, *n.* മരച്ചീനി, മരവള്ളി, ഏഴിലക്കിഴങ്ങു്.

Tapis, *n.* സംഘപീഠാവരണം, രത്നകംബളം.

Tar, *n.* കീലു്, ടാർ, സൎജ്ജരസം; *v. t.* കീലടിക്കുക, ടാറിടുക, കീലുപൂശുക.

Tardy, *a.* മന്ദമായ, താമസപ്പെടുത്തുന്ന,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആലസ്യമായ, ദീർഘസൂത്രമായ; **-Tardiness,** *n.* മാന്ദ്യം, മനസ്സില്ലായ്മ, താമസം, ആലസ്യം.

Tare, *n* കള, പുല്ല്, ഒരുവകവള്ളി; പൊതിതൂക്കം. പാത്രവാശി, വട്ടിത്തൂക്കം (സാമാനം തൂക്കുന്നതിൽ).

Target, *n.* പരിച; കുറി, ലക്ഷ്യം.

Tariff, *n.* ചുങ്കം, തീരുവ, തീരുവപ്പട്ടി.

Tarnish, *v. t.* കറപ്പെടുത്തുക, വിവർണ്ണമാക്കുക, കാന്തിമങ്ങിക്കുക, ദുഷിപ്പിക്ക, കളങ്കപ്പെടുത്തുക; *v. i.* അഴുക്കാകുക മലിനീഭവിക്കുക, ദുഷിക്കുക.

Tarpaulin, *n.* കീലുപൂശിയ പായ്, മെഴുകുതുണി.

Tarry, *v. i.* തങ്ങുക, ഇരിക്കുക, നില്ക്കുക, താമസിക്കുക. വിളംബിക്കുക.

Tart, *a* പുളിപ്പായ, കാപ്പായ, അമ്ലമായ, ക്രൂരമായ, കടുപ്പമായ; *n.* പുളിയപ്പം, അമ്ലീയം.

Tartar, *n.* മധുദ്രാവകയുപ്പ്, ദന്തശർക്കര, മലം, പിച്ചിക; ടാർട്ടർദേശക്കാരൻ.

Task, *n.* ചുമട്, കാര്യഭാരം(ഭരം) ചുമതല, കർത്തവ്യം, കടമ, വ്രതം; പാഠം; ഉഴപ്പ്. വേല; 'to take to t. അധിക്ഷേപിക്ക, നിർഭത്സിക്ക'; *v. t.* വേലയിടുക. ജോലിചുമത്തുക, കാര്യഭാരമേററുക, ഗുരുകാര്യത്തിൽ നിയോഗിക്ക.

Taskmaster, *n* വേലചുമത്തുവോൻ, മേൽനോട്ടക്കാരൻ. വേലയേററുവോൻ.

Tassel, *n.* പട്ടുഞ്ചം, ജാലർ, കൊയ്ചകം.

Taste, *v. t.* രുചിനോക്കുക, സ്വാദിക്കുക, ആസ്വാദിക്കുക, നക്കിനോക്കുക, അനുഭവിക്കുക; *v. i.* സ്വാദറിയുക, രുചിയറിയുക; *n.* ചവ, സ്വാദം, ആസ്വാദം, രസം; സ്വാദനം, ആസ്വാദനം, രസം, രസനം; (sense of t) രസനം, രസനേന്ദ്രിയം, രുചി; അഭിരുചി, പ്രവൃത്തി, ശീലം; രസികത; **-er,** *n.* രുചിനോക്കുന്നവൻ, ആസ്വാദകൻ; **-y, -ful,** *a.* രുചിയുള്ള, സ്വാദുവായ, സരസമായ, സുരസമായ, രുച്യമായ; ഹൃദ്യമായ. മനോഹരമായ, ഹൃദയഗ്രാഹിയായ; **-fully,** *adv.* സാമർത്ഥ്യത്തോടെ, രസജ്ഞതയോടെ, യഥാരുചി; **-less,** *a.* വിരസമായ, രസമില്ലാത്ത.

Tatter, *v. t.* കിഴിക്കുക; *n.* കിഴിഞ്ഞതുണ്ട്, കീറത്തുണി, ചീരം, ചീരചീവരം, കപ്പടം; **-ed,** *a.* കിഴിഞ്ഞ, ജീർണ്ണമായ, ജർജരിതമായ.

Tattle, *v. t. or v. i.* അതുമിതും പറയുക, വായാട്ടുക, ജല്പിക്കുക, അലയ്ക്കുക, കഥ പറയുക.

Tattoo, *v. t.* പച്ചകുത്തുക, രഞ്ജിപ്പിക്ക; *n.* പച്ചകുത്ത്; പെരുമ്പറനാദം, പടഹപ്രണാദം, രാത്രിയിലടിക്കുന്ന പോർപറ.

Taunt (tawnt), *v. t.* കുത്തിപ്പറയുക, കുറളുപറയുക, പഴിക്ക, നിന്ദിക്ക; ക്ലിയമാക്കുക, സോല്ലുണ്ഠനംചെയ്ക; *n.* കുത്തുവാക്ക്, അധിക്ഷേപം, നിന്ദ, ആക്ഷേപം; സോല്ലുണ്ഠനോക്തി; **-ing,** *a.* കുത്തുവാക്കായ, സാക്ഷേപമായ, ആക്ഷേപഗർഭമായ, ചുടുവാക്കായ.

Taurus (tawrus), *n.* വൃഷഭം, എരുത്; വൃഷഭരാശി. ഇടവംരാശി.

Taut, *a.* ദൃഢമായ, വലിഞ്ഞുനില്ക്കുന്ന, മുറുകിയ, അയവില്ലാത്ത; ചൂടായ, സുഖമായ, ഭദ്രമായ.

Tautology (-tol'o ji), *n.* പറഞ്ഞതു പറയൽ, പുനരുക്തി, പുനരുക്തതം, പൌനരുക്ത്യം; **-ous,** *a.* രണ്ടാമതും പറഞ്ഞ, രണ്ടാമതുപറഞ്ഞ, പുനരുക്തമായ, പുനരുക്തദുഷ്ടമായ.

Tavern, *n.* പൊതുച്ചാവടി, സത്രം, പഥിശാലം; കള്ളുകട, ചാരായക്കട.

Tawdry (-dri), *a.* ഉടുപ്പിൽ പകിട്ടായ, പുറംപകിട്ടായ, ബഹിരുജ്ജ്വലമായ, ബാഹ്യശോഭനമായ, മിഥ്യാശോഭയുക്തമായ, രസമില്ലാത്ത.

Tawny (taw'ni), *a.* വെയിലിൽ കാഞ്ഞു കറുത്ത, മങ്ങിയ, കപിലവർണ്ണമായ, പിംശംഗമായ, കഡാരമായ.

Tax, *n.* തീരുവ, വരിപ്പണം, ആയം, കരം, ബലി, ശുല്കം, രാജസ്വം, ഭാരം; *v. t.* തീരുവചുമത്തുക, വരിയിടുക, കരംചുമത്തുക, ആയംസപ്പെടുത്തുക, അത്യന്തം പീഢിപ്പിക്ക; നിന്ദിക്ക; കുററംചുമത്തുക, കണക്കുചോദിക്ക; **-able,** *a.* വരിയിടാവുന്ന, കരംചുമത്താവുന്ന, കരാർഹമായ, കരാധീനമായ; **-ation,** *n.* കരംചുമത്തൽ, വരിവയ്പ്, തിറ, ഇറ.

Taxicab, *n.* വാടകവണ്ടി.

Taximeter, *n.* വാടകവണ്ടിയിൽ യാത്രക്കൂലിയേ കുറിക്കുന്ന ഉപകരണം.

Tea (tē), *n.* തേയില, ററീ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Teach, *v. t.* പഠിപ്പിക്ക, അദ്ധ്യാപനംചെയ്ക, ശിക്ഷണംചെയ്യുക, ഉപദേശിക്ക, ശാസിക്ക; **-er,** *n.* അദ്ധ്യാപകൻ, ശിക്ഷകൻ, ഗുരു, ഉപദേഷ്ടാവ്, ശാസ്താവ്; 'religious t. ഉപാദ്ധ്യായൻ,ആചാര്യൻ'; **-ing,** *n.* അദ്ധ്യാപനം, ശിക്ഷണം, ഉപദേശം.

Teak, *n.* തേക്ക്, തേക്കമരം, അർണ്ണം.

Teal, *n.* നീർപാത്ത.

Team, *n.* കൂട്ടം, ഗണം, വരി, യുഗ്മം, ടീം.

Teapoy, *n.* ചെറുമേശ.

Tear (ter), *n.* കണ്ണീർ, അശ്രു, ബാഷ്പം, നേത്രാംബു, നേത്രജലം, നയനവാരി; **-ful,** *a.* കണ്ണീരോടുകൂടിയ, സബാഷ്പമായ, അശ്രുസംകലമായ, അശ്രുപൂർണ്ണമായ, അശ്രുപരിപ്ലുതമായ; **-fully,** *adv.* കണ്ണീരോടെ, സബാഷ്പം.

Tear (tār), *v. t.* കിഴിക്കുക, കീറുക, പിളർക്കുക, പിറിക്കുക, ദാരണംചെയ്ക, വിദാരണംചെയ്ക, വിദലിപ്പിക്ക, ഭേദിക്ക, നിർഭേദിക്ക, പിച്ചിപ്പറിക്ക; 'to t. down ഇടിച്ചുകളയുക, പൊളിച്ചുകളയുക'; 'to t. off പറിച്ചുകളയുക'; 'to t. out പറിച്ചെടുക്ക, ചുഴഞ്ഞെടുക്ക'; 'to t. up കുത്തിക്കിളയ്ക്കുക, കിളച്ചുമറിക്ക, ഇളക്കിമറിക്ക, നാനാവിധമാക്കുക'; *v. i.* കീറുക, കീറിപ്പോക, വിദാരിതമാക, വിഭിന്നമാകുക; വേഗത്തോടെ ചലിക്ക; . കീറൽ, ചീന്തൽ, വിള്ളൽ, പിളപ്പ്, ഛിദ്രം, വിദരം; **-ing,** *n. see* (*n.*)

Tease, *v. t.* ചീവുക, വാരുക, ഞൊന്തരവുചെയ്ക, അലട്ടുക, ക്ഷോഭിപ്പിക്ക, അർദ്ദിക്ക, പീഡിപ്പിക്ക.

Teasel, *n.* നായുരുവി, ഒരുചെടി, കായ്മുള്ളച്ചെടി; *v. t* രോമാപൊന്തിക്കുക.

Teat, *n.* വിലങ്ങിൻമടി, കാറി, മുലക്കാമ്പ്, മുലക്കണ്ണ്, ചൂചുകം, സ്തനാഗ്രം.

Technical(tek'nik-al), *a.* ശാസ്ത്രീയമായ, പാരിഭാഷികമായ,സാങ്കേതികമായ; **-ity,** *n.* പാരിഭാഷികശബ്ദം, പാരിഭാഷ; പാരിഭാഷികത്വം, സാങ്കേതികത്വം; **-ly,** *adv.* പരിഭാഷാനുസാരേണ, സാങ്കേതികമായി.

Technics (tek'niks), *n.* sing കലകാം, കലാവിദ്യ.

Technique (tek-nēk'), *n.* പ്രവൃത്തിരീതി, ചെയ്ക, സാങ്കേതികപദ്ധതി, വിദ്യാനൈപുണ്യം, ശില്പവേല.

Technology (-ji), *n.* പരിഭാഷ, സങ്കേതം; ശില്പവിജ്ഞാനം, കലാവിജ്ഞാനം.

Techy, Tetchy, *a.* ഇളിക്കുന്ന, മുഷിയുന്ന, വെട്ടുവെട്ടപ്പായ, കോപമുള്ള.

Tedious, *a.* അതിദീർഘമായ, ദീർഘസൂത്രമായ, ദീർഘതരമായ, നീണ്ട; തെല്ലയായ, ശ്രമാവഹമായ, ക്ലാന്തികരമായ, ഖേദകരമായ; മന്ദമായ, മന്ഥരമായ, ഒരേമാതിരിയായ, സാധാരണമായ, മടുപ്പുണ്ടാക്കുന്ന; **-ness,** *n.* അതിദൈർഘ്യം, അവസാനമില്ലായ്ക, മടുപ്പം, മുഷിവ്, ശ്രമാവഹത.

Tedium, *n.* ശ്രമാവഹത, മന്ദത, വിശേഷമില്ലായ്മ, ഏകനാദം.

Teem, *v. t. or v. i.* ഉണ്ടാക്കുക, പെരുക്കുക, ധാരാളമായി വദ്ധിപ്പിക്ക, ബഹുലമായി ഉൽപാദിപ്പിക്ക; **-ing,** *a.* നിറഞ്ഞ, പൂരിച്ച, പരിപൂർണ്ണമായ, പൂർണ്ണഗർഭമായ, ആഢ്യമായ, പ്രചരമായ, ഏറിയ.

Teens, *n.* pl. 13 മുതൽ 19 വരെവയസ്സ്.

Teeth, *n.* pl. of **Tooth;** **-e,** *v. i.* പല്ലുമുളയ്ക്കുക; **-Teething,** *n.* പല്ലുമുളയ്ക്കുംപരുവം, പല്ലുമുളയ്ക്കുംകാലം.

Teetotal, *a.* മദ്യനിവൃത്തിവിഷയകമായ; **-er,** *n.* കുടിനിറുത്തിയവൻ, കള്ളുകുടിക്കാത്തവൻ, കുടിമറുത്തവൻ, മധുവിദ്വേഷി.

Tegument, *n.* പുറളി, ആവരണം, ആവേഷ്ടനം, പട്ട, തോൽ.

Telegram, *n.* കമ്പി, കമ്പിവാർത്ത, കമ്പിസന്ദേശം, വിദ്യുത്സന്ദേശം; **-Telegraph,** *n.* കമ്പിയന്ത്രം, വിദ്യുദ്യന്ത്രം, വാർത്താവാഹകയന്ത്രം; **-Telegraphy,** *n.* കമ്പിവാർത്തയയയ്ക്കുംവിദ്യ.

Teleology (-ji), *n.* മീമാംസ, ഹേതുവിദ്യ.

Telepathy, *n.* മാനസസന്ദേശം, അന്തഃകരണവിദ്യ.

Telephone (-fōn), *n.* ദൂരശ്രവണയന്ത്രം, ദൂരഭാഷണയന്ത്രം.

Telescope (-skōp), *n.* ദൂരദർശനയന്ത്രം, ദൂരദർശിനി.

Tell, *v. t. or v. i.* ചൊല്ലുക, ഉരചെയ്യുക, പറയുക, തെര്യപ്പെടുത്തുക, അറിയിക്കുക, കഥിക്കുക, ശംസിക്കുക. ആവേദിക്കുക, നിവേദിക്കുക; എണ്ണുക, ഗണിക്കുക, ജപിക്കുക; *v. i.* വിവരിക്ക, പറയുക, അറിയിക്ക; കൊള്ളുക, പാറുക, സാധിക്ക, സഫലമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിഭവിക്ക, ഫലിക്കുക, ഗുണംചെയ്യുക, കം ര്യംചെയ്യുക, യശസ്സനൽകുക; (upon) ഗു ണമുണ്ടാക്കുക, കാര്യമുണ്ടാക്കുക, അവസം ദിപ്പിക്ക, ക്ഷയിപ്പിക്ക; ദുർബ്ബലീകരിക്ക; 't. tale നുണയൻ, സൂചകൻ, പിശുനൻ, കർണ്ണേജപൻ; **-er,** *n.* പറയുന്നവൻ, കഥ കൻ, ആഖ്യായകൻ; **-ing,** *n.* പറച്ചൽ, കഥനം, ശംസനം.

Temerity, *n.* ആലോചനയില്ലായ്മ, അവി വേകം, സാഹസം, ക്ഷിപ്രകാരിത, അസ മീക്ഷ്യകാരിത്വം, അവിമൃശ്യകാരിത.

Temper, *v. t.* കലയ്ക്കുക, ശരിയായി കല ത്തുക, സംമിശ്രമാക്കുക, സംയോജിപ്പിക്ക; മൃദുവാക്കുക. സ്നിഗ്ദ്ധീകരിക്ക, പ്രശമിപ്പി ക്ക, ലഘൂകരിക്ക, ക്രമമാക്കുക, മിതമാ ക്കുക, പതപ്പെടുത്തുക, ശമനപ്പെടുത്തുക; *n.* സംയോജനം, കലത്തൽ; ശീലം, പ്രകൃ തി, സ്വഭാവം; സമത, പതം, അക്ഷോ ഭം, അസംഭ്രമം, സംയമം, രോഷാഭാവം, ചിത്തസ്വാസ്ഥ്യം; കോപം, ദ്വേഷ്യം; **-Temperament,** *n.* ശീലം, പ്രകൃതി, സ്വഭാവം, ശരീരപ്രകൃതി, ശരീരസ്വഭാ വം; 'of a choleric t. പിത്തപ്രകൃതി യായ'; **-Temperate,** *a.* മിതമായ, അ തിരുള്ള, കണക്കിനുള്ള, നിയതമായ; പ്രശാന്തമായ, ധീരമായ, അകോപന മായ, അചണ്ഡമായ; അടക്കമുള്ള, സം യതമായ. സംയമിയായ, സംയമശീലമാ യ; സമശീതോഷ്ണമായ, മന്ദോഷ്ണമായ; **-ly,** *adv.* അടക്കത്തോടെ, മിതമായി, വേണ്ടത്ര, ധീരമായി, ശാന്തിയോടെ, അ ക്ഷോഭത്തോടെ. നിരുദ്വേഗമായി, ശാന്ത തേജസ്സോടെ; **-Temperance,** *n.* അട ക്കം, സംയമം, പരിമിതത്വം, ആത്മനിയ ന്ത്രണം, നിയമം, നിയതത്വം മിതാഹാ രം, മിതാശനം, മിതപാനം, പാനാസക്തി.

Temperature, *n.* ചൂട്ടുനില, ഉഷ്ണപരിമാ ണം, ശീതോഷ്ണസ്ഥിതി.

Tempest, *n.* കൊടുങ്കാററ്, കൊടുങ്കാററ്, അമളി; **-ous,** *see* **Stormy.**

Templar, *n.* മതാഭിമാനപ്പോർവീരൻ, സ്മൃ തിവിദഗ്ദ്ധൻ, നിയമവിദഗ്ദ്ധൻ.

Temple, *n.* ദേവാലയം, ദേവതായതനം, ദേവതാനികേതനം, സിദ്ധായതനം, ദേവ ഗൃഹം, ദേവഭവനം. ദേവമന്ദിരം, ക്ഷേത്രം; ചെന്നി, കരണത്തിന്റെ മേൽഭാഗം, ക പോലം, ശംഖം.

Temporal, *a.* അനിത്യമായ, ഐഹികമാ യ, സാംസാരികമായ, പ്രാപഞ്ചികമായ, ലൌകികമായ.

Temporary, *a.* താല്ക്കാലികമായ, നിലയ ററ, അല്പകാലത്തേക്ക നില്ക്കുന്ന, അചിര സ്ഥായിയായ, അല്പകാലികമായ, അശാ ശ്വതമായ, അസനാതനമായ, അചിരമാ യ, അനിത്യമായ, ക്ഷണികമായ; **-ily,** *adv.* സ്വല്പകാലത്തേക്ക്, താല്ക്കാലത്തേ ക്ക്, അശാശ്വതമായി, ക്ഷണികമായി.

Temporize, *v. i.* കാലാനുകൂലമായി നട ക്കുക, ലോകാനുസരണം വർത്തിക്കുക, സന്ദ ർഭാനുസാരമായി നടക്കുക; **-ing,** *a.* കാലാ നുകൂലമായിരിക്കുന്ന, സമയാനുവർത്തിയാ യ, സമയത്തെ അനുസരിച്ചിരിക്കുന്ന.

Tempt, *v. t.* പ്രലോഭിപ്പിക്ക, വിലോഭിപ്പി ക്ക, ആകർഷിക്ക, വികർഷിക്ക, മോഹി പ്പിക്ക, വിമോഹിപ്പിക്ക; **-ation,** *n.* പ്ര ലോഭനം, വിലോഭനം, ആകർഷണം, ആ ശയുണ്ടാക്കൽ. മയക്ക്, വികാരഹേതു; **-er,** *n.* പ്രലോഭകൻ, വിലോഭകൻ, മോ ഹകൻ; **-ing,** *a.* ആകർഷിക്കുന്ന, വി മോഹിപ്പിക്കുന്ന, മോഹിപ്പിക്കുന്ന, പ്രലോ ഭിയായ, മനംകവരുന്ന, മയക്കുന്ന.

Ten, *a. and n.* പത്ത്; **-th,** *a.* പത്താ മത്തെ.

Tenable, *a.* നിലനിത്താവുന്ന, രക്ഷണീയ മായ, പ്രതിപാദനീയമായ.

Tenacious (-shus), *a.* പററിക്കൊള്ളുന്ന, ഒട്ടിക്കൊള്ളുന്ന ഗ്രാഹിയായ, സംലഗ്ന ശീലമായ, ധാരണാവത്തായ; സംഗ്രഹമാ യ, പ്രതിനിവിഷ്ടമായ, ആഗ്രഹിയായ, ദൃഢസങ്കല്പമായ, സ്വമതനിഷ്ഠമായ, സ്വ മതത്തിൽ മക്കടമുഷ്ടികാട്ടുന്ന; ശാഠ്യമുള്ള; മെഴുപ്പാകമായ, കഴമ്പായ, ധ്യാനമായ, സാന്ദ്രമായ, ചിക്കണമായ; **-ness,** **-Tenacity,** *n.* ഗ്രഹണശക്തി. ഗ്രാഹക ത്വം, ധാരണാശക്തി; ഗ്രാഹം, അഭിനി വേശം, ദൃഢത, ധ്യാനത.

Tenant, *n.* കുടിയാൻ, പാട്ടക്കാരൻ, വസ്തു ചെല്ലുന്നവൻ, കഴിക്കാണക്കാരൻ, കു ടിയിരിപ്പുകാരൻ, പാക്കുന്നവൻ, വാടക ക്കാരൻ; '*t. in capite,* t. in chief പ ണ്ടാരഭൂമി കൈവശക്കാരൻ, പണ്ടാരപ്പാ ട്ടക്കാരൻ; *v. t.* അന്യന്റെവസ്തു ചെല്ലു ക, പാട്ടക്കാരനായിരിക്കുക, കുടിയാനാ യിരിക്കുക; **-Tenancy,** *n.* കുടിയാണ്മ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാട്ടനടപ്പ്"; **-able,** *a.* പാട്ടത്തിനകൊടുക്കാവുന്ന, വാടകയ്ക്കുകൊടുക്കാവുന്ന; **-antry,** *n.* കുടിയാന്മാർ, പാട്ടക്കാർ.

Tend, *v. t.* പരിചരിക്കുക, കാക്കുക രക്ഷിക്കുക, പാലിക്കുക; *v. i.* ചായുക, ചരിയുക, പ്രവണീഭവിക്കുക, പ്രവൎത്തിക്കുക, പ്രവഹിക്കുക, ഉദ്ദേശിക്കുക, വഴിയാകുക; **-ency,** *n.* ചായ്വ്", ചരിവ്", പോക്ക്", പ്രവൃത്തി, പ്രവണത, ശീലത, ആലുത; in comp.

Tender, *a.* ഇളയ, ഇളതായ, ബാലമായ, കൌമാരമായ; സുകുമാരമായ, കോമളമായ, മൃദുവായ, പേലവമായ; സുലഭവേദനമായ, സുലഭദുഃഖമായ, ദുഃഖജ്ഞമായ, മൃദുവായ, ബലഹീനമായ; അൻപുള്ള, ഇരക്കമുള്ള, സദയമായ, കരുണാൎദ്രമായ, കരുണമായ, സ്നിഗ്ദ്ധമായ, ദയാലുവായ; 't. hearted കരുണാത്മകമായ, കോമളചിത്തമായ മൃദുചിത്തമായ, ദയാൎദ്രചിത്തമായ'; 't. footed സ്വല്പപ്രിയമുള്ള'; *v. t.* വച്ചുകാട്ടുക, കൊടുക്കാൻ നീട്ടുക; *n.* നിവേദനം, പ്രസ്താവന, ദക്കാസ്", കൊടുക്കാൻനീട്ടിയതു"; **-ly,** *adv.* അരുമയോടെ, സകരുണം, സദയം, സാനുകമ്പം, സാദരം, കരുണാൎദ്രദൃഷ്ടിയോടെ; **-ness,** *n.* ഇളപ്പം, മാൎദ്ദവം, കോമളത, സ്നിഗ്ദ്ധത, കാരുണ്യം, ദയാലുത, വാത്സല്യം etc.

Tendon, *n.* നരമ്പു", സിര, സ്നായു, ദശനാരു";**-Tendinous,** *a.* നരമ്പുനിറഞ്ഞ, സിരാളമായ, സ്നായുമയമായ.

Tendril, *n.* പടർകൊടിന്തൽ, വള്ളിയുടെ ചുരുളാവേരു", പടർവേരു", ചുരുളാത്തണ്ടു", തന്തു, പ്രതാനം.

Tenement, *n.* ഭവനം, ആയതനം, കുടിയിരിപ്പ്", വാടകമുറികാം; സ്ഥാവരം.

Tenet, *n.* മതം, അഭിപ്രായം.

Tennis, *n.* ഒരുതരം പന്തുകളി, ഒരുവിധം പന്താട്ടം.

Tenon, *n.* കുടുമ, കുഴിയും കുടുമയും, ഏപ്പ്" (തച്ചുപണി).

Tenor, *n.* ഭാവം, ഭാവാൎത്ഥം, അഭിപ്രായം, താല്പൎയ്യം; ക്രമം, അന്വയം.

Tense, *n.* കാലം; *a.* വലിഞ്ഞുനില്ക്കുന്ന, വലിവുള്ള, മുറുക്കമുള്ള, വലിഞ്ഞ, മുറുകിയ; **-ion,** *n.* വലിവ്", മുറുക്കം.

Tent, *n.* കൂടാരം, പടവേശ്മം.

Tentacle, *n.* സ്പൎശിനി, സ്പൎശനക്കൊമ്പു കാം, പൂച്ചിമീശ.

Tentative, *a.* നോക്കുന്ന, പരീക്ഷാൎത്ഥമുള്ള, താല്ക്കാലികോപയുക്തമായ; *n.* നോട്ടം, പരീക്ഷ; **-tation,** *n.* പരീക്ഷ, പരീക്ഷണം; **-ly,** *adv.* പരീക്ഷാൎത്ഥം.

Tenuous, *a.* നേരിയ. നേൎത്ത, കനംകുറഞ്ഞ; **-Tenuity,** *n.* നേൎമ്മ.

Tenure, *n.* വസ്തുനടപ്പ്", വസ്തുനടപ്പവകാശം, പാട്ടം, ജന്മഭോഗം, കൈവശം, കൈവശരീതി, അവകാശനില.

Tepid, *a.* ചെറുചൂടായ, ഇളംചൂടായ, അനന്ന, അനച്ചയുള്ള, കോഷ്ണമായ, കവോഷ്ണമായ, മന്ദോഷ്ണമായ, ഈഷദുഷ്ണമായ; **-ness, -Tepidity, -Tepor,** *n.* ചെറുചൂട്", ഇളംചൂട്", കവോഷ്ണം, മന്ദോഷ്ണം.

Teratoid, *a.* അസാധാരണമായ, അപൂൎവ്വമായ, വികൃതരൂപിയായ, രാക്ഷസരൂപിയായ; **-Togeny,** *n.* രാക്ഷസജനനം, അപൂൎവ്വജനനം,ഭയങ്കരജനനം, മൂഢഗൎഭം.

Tercentenary, *a.* മൂന്നൂറാമാണ്ടായ, മൂന്നൂറാണ്ടുകൊണ്ടുവരുന്ന; *n.* ത്രിശതസംവത്സരോത്സവം.

Tergiversate, *v. i.* മറിക്കുകയും തിരിക്കുകയുംചെയ്യുക, ഒഴിഞ്ഞുകളയുക; **-sation,** *n.* മറിഞ്ഞുകളയൽ, സംഭാഷണത്തിൽ മാറിക്കളയൽ, വാക്ഛലം, അപലാപം.

Term, *n.* പൎയ്യന്തം, അന്തം; അതിൎത്തി; ഏല, മൎയ്യാദ, അതിരു", അവധി; കാൎയ്യനിൎവ്വാഹസമയം, കാൎയ്യനിൎവ്വാഹകാലം; വാക്കു", പദം, ശബ്ദം, സംജ്ഞ; അവയവം (of syllogism), pl. പ്രതിജ്ഞ, നിബന്ധന, പെരുമാറ്റം, പരസ്പരഭാവം; *v. t.* കുറിക്കുക, പേരിടുക. നാമകരണംചെയ്ക; **-less,** *a.* അവധിയില്ലാത്ത, അനന്തമായ, അതിരില്ലാത്ത; **-inal,** *a.* അവസാനത്തെ, അന്ത്യമായ; **-inus,** *n.* അതിരു", അതിൎത്തി, അന്തം, സീമ; **-Terminate,** *v. t.* തീൎക്കുക, അന്തംചേൎക്കുക, അവസാനിപ്പിക്കു; *v. i.* തീരുക, സമാപ്തമാകുക; **-ion,** *n.* ഒടുവു", അന്തം, അവസാനം, പരിണാമം, നിഷ്ഠ, സമാപ്തി, നിവൃത്തി; പ്രത്യയം.

Terma, *n.* പ്രാന്തമസ്തിഷ്കം.

Termagant, *n.* (മഹമ്മദീയരുടെ) അലഘന്ന ഭൂതം; അതികലഹപ്രിയ, കൎക്കശ, ചണ്ഡി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Terminology, *n.* പരിഭാഷ, സങ്കേതം.

Tern, *a.* മൂന്നുമടങ്ങായ; *n.* ഒരുതരം കടൽകാക്ക.

Terneplate, *n.* ഈയംപൂശിയ ഇരിമ്പുതകിട്, തകരം.

Terpsichores, *n.* (യവനരുടെ) നൃത്യദേവത; **-Terpsichorean,** *a.* നൃത്യസംബന്ധിയായ.

Terrace, *n.* മേൽത്തളം, മേട, അളിന്ദം, പ്രഘാണം; മേൽപുര; മേൽമാടം, ഉലാത്തുശാല, ചന്ദ്രശാല, ഹമ്മ്യപൃഷ്ഠം.

Terrane, *n.* ഒരേജാതിപ്പാറ.

Terraqueous, *a.* കടലുംകരയുമായ, ജലസ്ഥലാത്മകമായ.

Terreen, Terrene, *a.* മണ്ണുസംബന്ധിച്ച, മണ്ണുകൊണ്ടുള്ള, ഭൂമിസംബന്ധിച്ച, പാത്ഥിവമായ, ഭൌമികമായ, ഭൌമമായ; ലൌകികമായ, ഐഹികമായ.

Terrestrial, *a.* ഭൂമിസംബന്ധിച്ച പാത്ഥിവമായ, ഭൌമികമായ, ഭൌമമായ; ലൌകികമായ, ഐഹികമായ; ഭൂമിയിൽസഞ്ചരിക്കുന്ന, നിലത്തുനില്ക്കുന്ന, ഭൂചരമായ, സ്ഥലജമായ, നിലത്തുണ്ടാകുന്ന, ഭൂലോകസ്ഥമായ; 't. globe ഭൂഗോളം'.

Territory, *n.* രാജ്യം, പ്രദേശം, നാട്, ഭൂമി; അധീനരാജ്യം, ഉപസംസ്ഥാനം; **-ial,** *a.* പ്രാദേശികമായ, സംസ്ഥാനസംബന്ധമായ.

Terror, *n.* സംത്രാസം, ഭയം, ഭീഷണി, സംധ്വസം, ശങ്ക, ഭയകാരണം, ഭയഹേതു, ഭയസ്ഥാനം; **Terrible, -Terrific,** *a.* ഘോരമായ, ദാരുണമായ, ഭീഷണമായ, ഭീമമായ, ഉഗ്രമായ, കരാളമായ, വികടമായ; **-Terribly,** *adv.* ദാരുണമായി, ഘോരമായി, ഭീഷണമായി; **-Terrify,** *v.t.* ത്രസിപ്പിക്ക. ഭയപ്പെടുത്തുക, ഭീഷണിപ്പെടുത്തുക; **-Terrorism,** *n.* ഭീഷണത, ഭീഷണവൃത്തി; **-Terrorize,** *v. t.* ഭയപ്പെടുത്തുക, ഭീഷണിപ്പെടുത്തുക.

Terse, *a.* ചുരുങ്ങിയ, ചുരുക്കമായ, സംക്ഷിപ്തമായ, അടക്കമായ, ലാഘവാന്വിതമായ; **-ness,** *n.* ചുരുക്കം, സംക്ഷേപം.

Tertian (tėr'shi-an), *a.* മൂന്നുദിവസത്തിലൊന്നായ; *n.* തൃതീയകജ്വരം, മൂന്നുനാളിലൊരിക്കലുണ്ടാകുന്ന പനി.

Tertiary (tér-shi-a-ri), *a.* മൂന്നാമത്തെ, തൃതീയകമായ, തൃതീയിയായ.

Tessellate, *v. t.* കളങ്ങളാക്കുക, കളംകളമായി പടുക്കുക; **-Tesselation,** *n.* പലവർണ്ണക്കല്ലുകളെ പടുക്കുന്ന വേല; ചിത്രഖചിതവേല.

Test, *v. t.* ഉരച്ചുനോക്കുക, പരീക്ഷിക്ക, ശോധിക്ക, പരിശോധിക്ക, വിമശിക്ക; *n.* മൂശപരീക്ഷ, പുടംവയ്പ്, പരീക്ഷ, വിമശം, പ്രതീതി; പ്രമാണം; നികഷം, ഉരകല്ല്; (വണ്ടുമുതലായതിന്റെ) തോട്; ചിപ്പി, തോട്, ഉമി, ശൽക്കം.

Testaceous, *a.* ചിപ്പിസംബന്ധിച്ച, തോടുസംബന്ധിച്ച, ഓട്ടിസംബന്ധിച്ച.

Testament, *n.* മരണപത്രിക, ഒസ്യത്ത്, മൃത്യുലേഖം; മൃത്യുപത്രം, ഇഷ്ടപത്രം; നിയമം, സംഹിത, പവിത്രധമ്മം; **-ary,** *a.* മരണപത്രദത്തമായ.

Testator, *n.* മരണപത്രമെഴുതിവയ്ക്കുന്നവൻ, മരണപത്രകത്താവ്.

Testicles, *n.* അണ്ഡം, അണ്ഡകോശം, വൃഷണം.

Testify, *v. t.* സാക്ഷിപ്പെടുത്തുക, സാക്ഷ്യം നൽകുക, പ്രമാണീകരിക്ക; പ്രകാശിപ്പിക്ക, വിവരിക്ക, വ്യംജിപ്പിക്ക, പ്രകടീകരിക്ക, ആവിഷ്കരിക്ക, പ്രമാണവാക്കു പറയുക.

Testimony, *n.* സാക്ഷ്യം, പ്രമാണം, പ്രാമാണ്യം; **-Testimonial,** *n.* പ്രമാണപത്രം, പ്രമാണലേഖം, സാക്ഷ്യപത്രം.

Testy, *a.* വേഗംമുഷിയുന്ന, ഈറയുള്ള, ഈർഷ്യയുള്ള, കോപമുള്ള, കോപിക്കുന്ന.

Tetanus, *n.* (മുറിവുകളാലുണ്ടാകുന്ന) ഞരമ്പുവലി, ക്ഷതപാതം, ധനുർവാതം.

Tete (tāt), *n.* തല, തലക്കെട്ട്; പെണ്മുടി.

Tete-a-tete (tāt'-a-tāt'), *a.* രഹസ്യസംഭാഷണം, രഹസ്യസല്ലാപം, രണ്ടുപേർക്കിരിക്കാവുന്നസോഫ; *a.* രഹസ്യമായ, ഗോപ്യമായ; *adv.* രഹസ്യമായി, രഹസ്യസംഭാഷണത്തിൽ, അഭിമുഖമായി.

Tether, *n.* ചങ്ങല, കയറ്; *v. t.* കയർകൊണ്ടുകെട്ടുക.

Tetrad, *n.* നാലെണ്ണംകൂടിയത്, ചതുഷ്ടയം, ചതുഷ്കം.

Tetragon, *n.* നാല്കോണം, ചതുരസ്രം, ചതുർഭുജം; **-al,** *a.* ചതുരശ്രമായ, ചതുഷ്കോണമായ.

Tetter, *n.* കരപ്പൻ, ചൊഴക്കടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Text, *n.* മൂലഗ്രന്ഥം; വചനം, വാക്യം, മൂല വാക്യം; **-ual**, *a.* മൂലഗ്രന്ഥത്തിലുള്ള, മൗലികമായ.

Textbook, *n.* പാഠപുസ്തകം.

Textile, *a.* നെയ്ത്തുസംബന്ധിച്ച, നെയ്യപ്പെട്ട, നൂലുകൊണ്ടുള്ള, വ്യവസായം ചെയ്ത.

Texture, *n.* നെയ്ത്ത്, മിടച്ചിൽ, ഇഴ, ഇഴചേർപ്പ്, പാവ്, വിന്യാസം, വിരചനം, വിരചനരീതി.

Tew, *v. t. see* **Ply.**

Than, *adv. or conj.* of comparison കാൾ, കാളും, അപേക്ഷിച്ച്, വെച്ച് etc.

Thank, *v. t.* നന്ദിപറയുക, കൃതജ്ഞതകാട്ടുക, ഉപകാരത്തേപ്പററി പ്രശംസിക്ക; *n.* (Thanks) നന്ദിപറയൽ, നന്ദിപ്രകടനം, കൃതജ്ഞതാദർശനം, കൃതജ്ഞതാപ്രകാശനം, ഉപകാരസ്തുതി, ധന്യവാദം; **-ful**, *a.* കൃതജ്ഞമായ, കൃതവേദിയായ, ഉപകാരജ്ഞമായ, കൃതജ്ഞതാദർശിയായ; **-fully**, *adv.* കൃതജ്ഞതയോടെ, കൃതജ്ഞതാപൂർവം; **-less**, *a.* കൃതജ്ഞതയില്ലാത്ത, കൃതഘ്നമായ.

That, *adj. and pron.* അതു്, ആ, എന്നതു്; pl: those അതുകൾ; *con.* എന്നു്, എന്നിങ്ങനെ, എന്നായിട്ടു്.

Thatch, *n.* വീടുമേയുംപുല്ലു്, ഓല; *v. t.* വീടുമേയുക, പുരമേയുക; **-er**, *n.* പുരകെട്ടുന്നവൻ, പുരമേയുന്നവൻ.

Thaumaturgy (thaw'materji), *n.* അത്ഭുതപ്രവൃത്തി, മന്ത്രവാദം, കൈയടക്കം, ഇന്ദ്രജാലം.

Thaw, *v. i or v. t.* ഉരുകുക (ഉരുക്കുക), അലിയുക (അലിക്കുക), ദ്രവിക്കുക (ദ്രവിപ്പിക്കുക), വിലയിക്കുക (വിലയിപ്പിക്കുക); *n.* ഉരുകൽ, ദ്രവിക്കൽ, അലിയൽ, ഹിമസ്രുതി, തുഷാരസ്രുതി.

The *def. Article* ആ, ഈ; *adv.* എത്ര അത്ര; 't. sooner you come t. better നീ എത്ര വേഗംവരുന്നോ അത്രയും നല്ലതു്'.

Theatre (thē'atėr), രംഗം, രംഗഭൂമി, രംഗശാല, നാടകശാല, മല്ലശാല, പ്രദർശനശാല; **-Theatrical**, *a.* നാടകസംബന്ധമായ, നാട്യസംബന്ധമായ; pl. അഭിനയം; 't performance നാടകപ്രയോഗം'.

Thee, *pron.* objective case of **Thou.**

Theft, *n. see* under **Thieve.**

Theism, *n.* ഈശ്വരവാദം; **-Theist**, *n.* ഈശ്വരവാദി, സേശ്വരൻ.

Theme, *n.* സംഗതി, വിഷയം, പ്രകരണം, വസ്തു, പ്രബന്ധം.

Then, *adv.* അപ്പോൾ, തൽസമയം, തദാ, തദാനീം; പിന്നീടു്, പിന്നെ, അനന്തരം, അതിന്റശേഷം; എന്നിട്ടു്; **-Thence** (thens) *adv.* അവിടെനിന്നും, ആ സമയംമുതൽ, അക്കാരണത്തിനാൽ, അതിനാൽ.

Theocracy, *n.* ദൈവാധിപത്യം, ഈശ്വരപ്രഭുത്വം, ഈശ്വരഭരണം, ഈശ്വരകർത്തൃകത്വം.

Theodolite, *n.* ദൂരവും ഉയരവും കോണവും അളക്കും ഉപകരണം.

Theogony, *n.* ദേവോല്പത്തി, ദേവവംശം.

Theology (-o-ji), *n.* ഈശ്വരവിദ്യ, ബ്രഹ്മജ്ഞാനം, പരമാത്മവിദ്യ, അദ്ധ്യാത്മവിദ്യ; **-ian**, *n.* ഈശ്വരജ്ഞാനവിശാരദൻ, അദ്ധ്യാത്മവാദി; **-ical**, *a.* ഈശ്വരതത്വസംബന്ധമായ.

Theorem, *n.* പ്രമേയോപപാദ്യം, പ്രതിജ്ഞ, സൂത്രം, ആദേശം, പൂർവ്വപക്ഷം.

Theory, *n.* മതം, സിദ്ധാന്തം, വാദം; പരികല്പന, തർക്കം, മനഃസൃഷ്ടി; ആഗമം, ശാസ്ത്രം; ഉപപത്തി (as opposition to practice പ്രയോഗം) 't. and practice മന്ത്രതന്ത്രങ്ങൾ'; **-Theoretical**, *a.* വാദയോഗ്യമായ, വ്യവഹാരയോഗ്യമായ, കാല്പനികമായ; **-ally**, *adv.* കല്പനാപൂർവം, കാല്പനികമായി സിദ്ധാന്തമായി, വാദമായി; **-Theorize**, *v. t.* മതമാക്കുക, സിദ്ധാന്തമാക്കി കല്പിക്ക.

Theosophy, *n.* ഈശ്വരവാദം, ഈശ്വരജ്ഞാനം, യോഗാനുഭൂതേശ്വരജ്ഞാനം; **-ist**, *n.* ഈശ്വരജ്ഞാനവാദി.

Therapeutic (-pū'tik), *a.* രോഗം ശമിപ്പിക്കുന്ന, ശാന്തികരമായ; **-tics**, *n.* വൈദ്യശാസ്ത്രം.

There (thār), *adv.* അവിടെ, അവിടത്തിൽ, അങ്ങു്; *intj.* കാണുക, നോക്കുക; **-about**, *adv.* അതിനടുത്തു്; **-after**, *adv.* അതിൽപിന്നെ; **-by**, *adv.* അതിനാൽ; **-fore**, *adv.* അക്കാരണത്താൽ, ആകയാൽ; **-in**, *adv.* അതിൽ, ഇതിൽ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-of, *adv.* അതിനെപ്പററി, അതിന്റെ, ഇതിന്റെ; **-on,** *adv.* അതിന്മേൽ, ഇതിന്മേൽ; **-to,** *adv.* അതിന് ഇതിന്; **-under,** *adv.* അതിൻകീഴ്, അതിൻതാഴെ, അതിൻ അടിയേ; **-unto,** *adv.* അതിനും; **-upon,** *adv.* അതിന്മേൽ, ഇതിന്മേൽ; **-with,** *adv.* അതിനോട്, അതിനോടുകൂടി.

Thermal, *a.* ചൂടുള്ള, അനച്ചസംബന്ധിച്ച, വേവുസംബന്ധിച്ച.

Thermometer, *n.* ഉഷ്ണമാപനയന്ത്രം.

Thesaurus, *n.* കോശം, നിഘണ്ടു, വിദ്യാകോശം.

These, *pron.* pl. ഇവ.

Thesis, *n.* പ്രതിജ്ഞ, പൂർവ്വപക്ഷം; വിഷയം, പ്രബന്ധം.

Thews, *n.* pl. ബലം, മാംസപേശി, നരമ്പ്.

They (thā), *pron.* pl. അവർ.

Thick, *a.* കട്ടിയായ, അടുത്ത, തിങ്ങിയ, അടുത്തടുത്തുള്ള, ഘനമായ, അവിരളമായ, ഗാഢമായ, ധ്യാനമായ; സ്ഥൂലമായ, വിപുലമായ; മന്ദമായ; മൂടൽമഞ്ഞായ; *n.* തിങ്ങിയഇടം, കട്ടി, ആധിക്യം; *adv.* ഞെരുങ്ങെ, അടിക്കടി, നിരന്തരമായി, അവിരളമായി; **-en,** *v. t.* തടിപ്പിക്ക, കട്ടിയാക്ക, ഘനീകരിക്ക, നിബിഡീകരിക്ക; *v. i.* ഘനീഭവിക്ക; **-et,** *n.* കുററിക്കാട്, തോപ്പ്, ഗഹനം, ഗുല്മം, തരുഗഹനം; **-ly,** *adv.* ഇടവിടാതെ, നിരന്തരമായി, അവിരളമായി, ഗാഢമായി; **-ness,** *n.* കട്ടി, വണ്ണം, ഘനത, സാന്ദ്രത, സംഹതി; (of voice) സ്വരഘനത.

Thieve (thēv), *v. t.* മോഷ്ടിക്കുക, കക്കുക; **-ish,** *a.* കക്കുന്ന, മോഷ്ടിക്കുന്ന, അപഹരണശീലമായ; **-ishness,** *n.* മോഷണശീലം, ചൌര്യാസക്തി; **-Thief,** *n.* കള്ളൻ, ചോരൻ, മോഷകൻ; **-Theft,** *n.* കള്ളം, മോഷണം.

Thigh, *n.* തുട, ഊരു.

Thimble, *n.* വിരലുറ, അംഗുലിത്രാണം.

Thin, *a.* കനംകുറഞ്ഞ, മെലിഞ്ഞ, തനുവായ, വിരളമായ, കൃശമായ, ക്ഷീണമായ; *v. t.* മെലിയിക്ക, നേർമ്മയാക്കുക, ക്ഷീണിപ്പിക്കുക, ശിഥിലമാക്കുക, തനൂകരിക്കുക; **-ly,** *adv.* നേർമ്മയായി, കുറവായി, വിരളമായി, അസംഹതമായി, കനംകുറഞ്ഞ്; **-ness,** *n.* നേർമ്മ, മെലിവ്, തനുത, സൂക്ഷ്മത, വൈരള്യം, ക്ഷീണത.

Thing, *n.* വസ്തു, ദ്രവ്യം, അർത്ഥം; വിഷയം, അർത്ഥം.

Think, *v. t. or v. i.* നിനയ്ക്കുക, എണ്ണുക, ചിന്തിക്ക, വിമർശിക്ക, ആലോചിക്ക, വിചാരിക്ക, മനസ്സുകൊണ്ടു കല്പിക്കുക; **-er,** *n.* സൂരി, മുനി, ചിന്തകൻ; **-Thought,** *n.* (act) നിനവ്, ചിന്ത, ആലോചനം (result also) വിചാരം, വിമർശം, വിചാരണ, ഭാവന, ചിത്തചേഷ്ട; മതം, മനോരഥം; മതി, ബുദ്ധി, കല്പന, സങ്കല്പം, ചിത്തം, മനസ്സ്, മനോവൃത്തി, ഭാവന; **-ful,** *a.* ചിന്താശീലമുള്ള, വിചാരശീലമുള്ള, വിവേകശീലമുള്ള, സമീക്ഷ്യകാരിയായ, സാവധാനമായ, അപ്രമത്തമായ; ചിന്താകുലമായ, ചിന്താപരമായ, ചിന്താനിമഗ്നമായ, ധ്യാനപരമായ; **-fully,** *adv.* ചിന്തിച്ച്, വിമർശിച്ച്, വിവേകത്തോടെ, പര്യാലോചിച്ച്; **-fulness,** *n.* ചിന്താശീലത; **-less,** *a.* ചിന്തയില്ലാത്ത, വിചാരമില്ലാത്ത, അനവഹിതമായ; നിശ്ചിന്തമായ; അസമീക്ഷ്യകാരിയായ, ക്ഷിപ്രകാരിയായ, വിവേകഹീനമായ, മൂഢമായ; **-lessly,** *adv.* വിചാരമില്ലാതെ, വിവേകമില്ലാതെ; **-lessness,** *n.* അവിവേകം, മോഹം.

Thirst (thérst), *n.* ദാഹം, തൃഷ്ണ, പിപാസ, തൂട്, വാഞ്ഛ, എരിച്ചിൽ; *v. t.* ദാഹിക്കുക, ആശിക്കുക; *v. i.* ദാഹംകൊള്ളുക, ആശവയ്ക്കുക; **-y,** *a.* ദാഹമുള്ള, തൃഷാർത്തമായ, ഉദകാർത്ഥിയായ.

Thirteen, *a. and n.* പതിമൂന്ന്; **-th,** *a.* പതിമൂന്നാമത്തെ.

Thirty, *n.* മുപ്പത്; **-ieth,** *a.* മുപ്പതാമത്തേ.

This, *a. and pron.* ഈ, ഇത്; pl. **These,** ഇവ or ഇവകൾ.

Thistle (this'l), *n.* മുൾച്ചെടി, ഞെരിഞ്ഞിൽ.

Thither, *adv.* അവിടെ, അങ്ങ്, അങ്ങോട്ട്; **-ward,** *adv.* ആ സ്ഥലത്തേക്ക്.

Thong, *n.* തോൽവാറ്, കശ, പിന്നൽകയറ്.

Thorax, *n.* മാറിടം, മാറ്, ഉടൽ.

Thorn, *n.* മുള്ള്, ശല്യം; മുൾച്ചെടി, കണ്ടകലത, കണ്ടകവൃക്ഷം; തൊന്തരവ്, ഉപദ്രവം; **-less,** *a.* മുള്ളില്ലാത്ത, നിഷ്കണ്ടക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ; **-y,** *a.* കണ്ടകാവൃതമായ, മുള്ളുള്ള, കണ്ടകിതമായ.

Thorough (thur'ō), *a.* മുഴുവനായ, ആകപ്പാടെയുള്ള, സംപൂർണ്ണമായ, സമ്യക്കായ, സാദ്യന്തമായ, പര്യാപ്തമായ, പരിപൂർണ്ണമായ; 't. bred അഭിജാതമായ, അതികുലീനമായ'; 't. fare പെരുവഴി, എല്ലാവക്കും സഞ്ചരിക്കാവുന്ന വഴി, രാജമാർഗ്ഗം, സവ്വസാമാന്യപഥം'; **-ly,** *adv.* മുഴുവൻ, അപ്പാടെ, സാദ്യന്തമായി; **-ness,** *n.* പൂർണ്ണത, നിശ്ശേഷത, മുഴുവൻ.

Thou, *pron.* 2nd sing നീ; pl. നിങ്ങൾ.

Though (thō), *con.* ആയാലും, എന്നാലും.

Thousand, *a. and n.* ആയിരം, സഹസ്രം; 'in a t. ways or parts സഹസ്രധാ'; 'ten t. പതിനായിരം, അയുതം'; 'hundred t. നൂറായിരം, ലക്ഷം'; 'by t.s സഹസ്രക്കണക്കിനു'; **-th,** *a.* ആയിരാമത്തെ, സഹസ്രതമമായ.

Thrall, *n.* ദാസൻ, അടിമ; **-dom,** *n.* അടിമത്തം, ദാസത്വം, ദാസ്യം, ദാസവൃത്തി; പരാധീനത, അധീനത.

Thrash, *v. t.* അടിക്കുക, കഠിനമായി പ്രഹരിക്ക, പരുഷമായി താഡിക്ക, ശിക്ഷിക്ക; ധാന്യംമെതിക്കുക.

Thread, *n.* നൂല്, ഇഴ, ചരട്, സൂത്രം, തന്തു, പോക്ക്, ഗതി; *v. t.* തൊടുക്കുക, കോക്കുക, ഊടെ ചെലുത്തുക, സൂത്രിക്ക, ഗ്രന്ഥിക്ക; **-y,** *a.* നൂലുനിറഞ്ഞ, നൂലായ, സൂത്രമയമായ.

Threat, (thret), *n.* വെരട്ടൽ, ഭയപ്പെടുത്തൽ, തജ്ജനം, ഭർത്സനം; **-en,** *v. t.* ഭയപ്പെടുത്തുക; *v. i.* ഭീഷണിവാക്കുപറയുക, ഭയംജനിക്കുക; **-ening,** *a.* ഭയപ്പെടുത്തുന്ന, ഭയംജനിപ്പിക്കുന്ന, വെമ്പലുണ്ടാക്കുന്ന, വിഭീഷകമായ; **-eningly,** *adv.* ഭയപ്പെടുത്തി.

Three, *n.* മൂന്നു; 'aggregate of t. മൂന്നുകൂട്ടം, ത്രയം, ത്രിതയം, ത്രികം, ത്രയി'; 't. fold മൂന്നുമടക്കു'; **-Third,** *a.* മൂന്നാമത്തെ; തൃതീയമായ; മൂന്നാമത്തേതു, തൃതീയാംശം; **-ly,** *adv.* മൂന്നാമതായി; **-Thrice,** *adv.* മൂന്നുതവണ, മൂന്നുപ്രാവശ്യം.

Thresh, *v. t.* മെതിക്കുക, മർദ്ദിക്കുക; തല്ലുക, അടിക്കുക; **-ed,** *a.* മെതിച്ച, ചതച്ച.

Threshold, *n.* കതവുനില, വാതൽപടി, ഉമ്മറം.

Thrift, *n.* മിതവ്യയം, ഒതുങ്ങിയചെലവു; സംവൃദ്ധി; **-y,** *a.* പിടിച്ചു ചെലവുചെയ്യുന്ന, മിതവ്യയിആയ, പ്രബലമായുള്ള.

Thrill, *v. t.* തൊളയ്ക്കുക, ബാധിക്കുക, സ്ഫുരിപ്പിക്ക, ഹർഷിപ്പിക്ക. രോമാഞ്ചമുണ്ടാക്കുക; *n* നടുക്കം, വിറയൽ, പ്രകമ്പം, സ്ഫുരണം, ഹർഷം; (of joy, horror, etc.) രോമാഞ്ചം, കോൾമയിർ, പുളകം, ഉദ്ധർഷം; **-ing,** *a.* ഇളക്കുന്ന, വിറപ്പിക്കുന്ന, പ്രകമ്പനംചെയ്യിക്കുന്ന, രോമഹർഷണമായ, പുളകിതമായ.

Thrive, *v. i.* എഴിക്കുക, ചെഴിക്കുക, തഴയ്ക്കുക, പെരുകുക, വദ്ധിക്കുക, പ്രവദ്ധിക്കുക; **-ing,** *a.* ചെഴിയ്ക്കുന്ന, തഴയ്ക്കുന്ന, വദ്ധിക്കുന്ന, സമൃദ്ധമായ.

Throat, *n.* തൊണ്ട, ശ്വാസക്കുഴൽ, കരൽനാഴി, കണ്ഠം, ഗളം, കൃകം, നിഗരണം; 'relating to t. കണ്ഠ്യം'; 'up to the t. ആകണ്ഠം, തൊണ്ടവരെ'.

Throb, *v. i.* തുടിക്കുക, പതയ്ക്കുക, സ്പന്ദിക്ക, സ്ഫുരിക്കുക, വേപിക്കുക; **-bing,** *n.* തുടിപ്പു, പതപ്പു, സ്പന്ദം, സ്ഫുരണം, കമ്പം.

Throe (thrō), *n.* കടുത്തനോവു, വേദന, വ്യഥ, പ്രസവവേദന.

Throne, *n.* സിംഹാസനം, ഭദ്രാസനം, സാമ്രാജ്യം, ആധിപത്യം; *v. t.* രാജാവായി വാഴിക്കുക, അഭിഷേചിക്കുക, സിംഹാസനത്തിൽ ആരോഹണംചെയ്യിക്കുക.

Throng, *n.* കൂട്ടം, ജനത്തിരക്കു, പുരുഷാരം, ജനസംകുലം; *v t.* കൂട്ടുക, തിരക്കുക; *v. i.* ജനക്കൂട്ടമുണ്ടാക, ജനാകീർണ്ണമായിത്തീരുക.

Throttle, *n.* കരൽനാഴി, തൊണ്ട; *v. t.* കഴുത്തുപിരിക്കുക, കരൽനാഴി ഞെരിക്കുക.

Through (thrö), *prep.* അടിമുതൽ മുടിവരെ, ആൽ, ഊടെ, ഇടയിലൂടെ; *adv.* മീതെ, മുഴുവനും, ഊടെ; *a.* ഇടയിലെങ്ങും നില്ക്കാതെചെയ്യുന്ന.

Throughout (thrö-owt'), *prep.* മുഴുവനും, എല്ലാം, എങ്ങും, എല്ലായിടവും, സവ്വത്ര.

Throw (thrō), *v. t.* എറിയുക, വിതറുക, വീശുക, അലക്കുക, എറുക, പ്രക്ഷേപിക്ക, വിസർജ്ജിക്ക, പതിപ്പിക്ക, മുറുക്കുക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-about, ചുററിനം എറിയുക, നാലുപാടും എറയുക; **-away,** അകലെ എറിയുക, തള്ളുക, ത്യജിക്കുക; **-down,** താഴെയെറിയുക, നിലത്തിടുക, അധഃക്ഷേപിക്കുക; **-off,** വലിച്ചെറിയുക, പ്രക്ഷേപിക്കുക, നിരാകരിക്ക; **out,** തള്ളുക, നിരസിക്കുക; (Hints) സൂചിപ്പിക്ക, കുറിക്കുക, വ്യഞ്ജിപ്പിക്ക; **-up,** മേലോട്ടെറിയുക, ഉൽക്ഷേപിക്ക; *n.* ഏറ്, ഏററ്, വീച്ച്, പ്രക്ഷേപം, പ്രക്ഷേപണം, പ്രേരണം; **-er,** *n.* എറിയുന്നവൻ, പ്രാസകൻ.

Thrum, *n.* പുടവക്കര, (പാവിന്റെ) വിട്ടതല, പാവററം, ചിക്കുതൽ; പുഷ്പകേസരം, അല്ലി.

Thrush, *n.* പാടുന്ന ഒരുവകപക്ഷി, സാരിക, ശരാരി.

Thrust, *v. t.* തൊളയ്ക്കുക, കയററുക, കുത്തുക, തട്ടുക; *n.* രാള്ളൽ, മുഷ്ടിക്കുത്ത്, അടി, താഡനം, മുഷ്ടിപ്രഹാരം.

Thud, *n.* മുട്ട്, തട്ട്, കുത്ത്.

Thug, *n.* പിടിച്ചുപറിക്കാരൻ, ചതിക്കാരൻ, കൊള്ളക്കാരൻ, പതുങ്ങിയിരുന്ന കൊല്ലുന്നവൻ.

Thumb (thum), *n.* തള്ളവിരൽ, പെരുവിരൽ, അംഗുഷ്ഠം; *v. t.* തള്ളവിരൽകൊണ്ടു തൊടുക or സ്പർശിക്കുക, തള്ളവിരൽകൊണ്ട് അടയാളപ്പെടുത്തുക.

Thump, *v. t.* കുത്തുക, ഇടിക്കുക, തട്ടുക, മുട്ടുക, പ്രഹരിക്ക; *n.* കുത്ത്, മുട്ട്, തട്ട്, ആഘാതം, പ്രഹാരം.

Thunder, *n.* ഇടി, ഇടിമുഴക്കം, മേഘഗർജ്ജനം, ഘനധ്വനി, കാറലച്ച്; *v. i.* ഇടിമുഴങ്ങുക; ഉച്ചത്തിൽനടിക്കുക, മഹാശബ്ദമുണ്ടാക്കുക; **-er,** *n.* വജ്റപാണി.

Thunderbolt, *n.* ഇടിവെട്ട്, ഇടിയേറ്, വജ്റായുധം, മുഴക്കം.

Thunderstruck, *a.* പകച്ച, മൂകമായ, നാക്കടങ്ങിയ.

Thursday, *n.* വ്യാഴാഴ്ച, ഗുരുവാസരം.

Thus, *adv.* ഇപ്രകാരം, ഈവിധം.

Thwart, *v. t.* കുറുക്കിടുക, തട്ടുക, മറിക്കുക, എതിർക്കുക, നിഷ്ഫലമാക്കുക.

Thy, *a.* നിങ്ങളുടെ, നിന്റെ.

Tiara, *n.* മകുടം, കിരീടം, മൌലി.

Tic, *n.* ഞരമ്പുവലി, മുഖക്കോട്ടം.

Tick, *n.* കടം; നായുണ്ണി, ചെള്ള്; കിടക്കുള്ളീല; ഘടികാരശബ്ദം, ടിക്ക്ടിക്ക് എന്നുള്ള അടി; അടയാളം; ഒരുപക്ഷി; *v. i.* കടംകൊടുക്കുക; *v. t.* തൊട്ടുകുറിയിടുക, അടയാളംവയ്ക്കുക; **-er,** *n.* ടിക്ക്ടിക്ക് എന്ന ശബ്ദം പുറപ്പെടുവിക്കുന്നവൻ, അടിക്കുന്നത്, കമ്പിയടിക്കുന്നയന്ത്രം; **-tack,** *n.* ഘടികാരശബ്ദം.

Ticket, *n.* ടിക്കററ്, അനുമതിച്ചീട്ട്, അടയാളച്ചീട്ട്, അഭിജ്ഞാനപത്രം.

Tickle, *v. t.* ഇക്കിളിടുക; കക്കിളിപ്പെടുത്തുക, തൊടുന്നതുകൊണ്ടു കൃച്ഛ്രമുണ്ടാക്കുക, തൃപ്തിപ്പെടുത്തുക, സന്തോഷിപ്പിക്ക; **-Ticklish,** *a.* ഇക്കിളുള്ള, കിക്കിളിയുള്ള, കൃച്ഛ്രമുള്ള.

Tide, *n.* വേല, വേലിയേററവും വേലിയിറക്കവും; ഒഴുക്ക്, പ്രവാഹം; *v. t.* കടക്കുക.

Tidy, *a.* വൃത്തിയുള്ള, ചീറള്ള.

Tidings, *n.* pl. ചെസ്തികൾ, വാർത്തകൾ, പ്രവൃത്തി.

Tie (tī), *v. t.* കെട്ടുക, മുറുക്കുക, ഇറുക്കുക, ബന്ധിക്ക, നിബന്ധിക്ക, പിണയ്ക്കുക; *n.* കെട്ട്, ബന്ധം, നിബന്ധനം; കെട്ടുന്ന പാശം, ഗുണം, തന്തു; തള, ബന്ധനം; സംഗം; 'worldly t. s സംസാരബന്ധം'; 'free from t. s നിസ്സംഗമായ, മുക്തസംഗമായ'; **-er,** *n.* വരി, അടുക്ക്; ശ്രേണി.

Tiffin, *n.* ലഘുഭക്ഷണം, ഉപാഹാരം.

Tiger, *n.* കടുവായ്, ശാർദ്ദൂലം.

Tight, *a.* ഇറുക്കമായ, മുറുക്കമായ, ഗാഢബദ്ധമായ, ദൃഢബദ്ധമായ, അയയാത്ത; ആതതമായ; സംബാധമായ; **-en** (tīt'n), *v. t.* ഇറുക്കുക, ഞെരുക്കുക, ബന്ധിക്ക, ദൃഢീകരിക്ക, ദൃഢപ്പെടുത്തുക; **-ly,** *adv.* മുറുകെ, ഇറുകെ, ഞെരുങ്ങെ, ദൃഢമായി, അശിഥിലമായി; **-ness,** *n.* ഇറുക്കം, മുറുക്കം, ദൃഢത, ഘനത, സുസംഹതി, സംഹതി, ആനന്തര്യം.

Till, *n.* പണപ്പെട്ടി; *adv., prep.*—വരെ, —ഓളം; *v. t.* ഉഴുക, കൃഷിചെയ്യുക; **-age,** *n.* കൃഷി, കൃഷിപ്പണി; **-er,** *n.* കൊഴുവൻ, കർഷകൻ, കൃഷീവലൻ.

Tilth, *see* **Tillage.**

Tilt, *n.* മേലാപ്പ്, പന്നഗം; കുന്താഭ്യാസം; (കൊല്ലന്റെ)കൂടം, വലിയ ചുത്തിക; *v. t.* ഒരുവശം ചായുക or ചരിയുക, കുതിരപ്പുറത്തുകയറി ഈട്ടിയാൽ കുത്തുക; *v. i.* ചായുക, അവനമിക്കുക.

Timber, *n.* വെട്ടുമരം, തടി; ഉത്തരം, തുലാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Timbrel, *n.* മൃദംഗം, തപ്പ്, തമുക്ക്.

Time (tīm), *n.* കാലം, നേരം, സമയം, പൊഴുതു്; അവസരം, തഞ്ചം, ഇട; മടങ്ങ്, ഉരു, തവണ; ജീവിതകാലം; പരുവം; വേള; ലയം; 't. bargain സമയവ്യാപാരക്കാരർ'; 't. bill, t. table സമയവിവരപ്പട്ടിക'; 't. fuse സമയക്കിപ്പുമുള്ള; 't. honoured കാലപ്പഴക്കമുള്ള, ഏറിയകാലം ആചരിച്ചുവന്ന, ശ്രദ്ധിയമായ'; 't. immemorial, t. out of mind, t. out of memory പുരാതനമായ, പണ്ടേയുള്ള'; 't. keeper, നാഴികമണി, ഘടികാരം, നാഴികവട്ടക'; 't. killing സമയംകൊല്ലുന്ന'; 't. piece ടൈംപീസ്, ചെറുഘടികാരം'; 't. pleaser, t. server സമയത്തിനൊത്തു നില്ക്കുന്നവൻ, കാലാനുവർത്തി, കാലത്തിനൊത്ത കോലം കെട്ടുന്നവൻ'; 't. sanctioned വഴക്കമായിത്തീർന്ന, കാലപ്പഴക്കംകൊണ്ടു സമ്മതമായിത്തീർന്ന'; 't. saving സമയംലാഭിക്കുന്ന, എളുപ്പമുള്ള'; 't. worn പഴകിയ, ജീർണ്ണിച്ച'; 't. of memory പതിമൂന്നാം നൂററാണ്ടുമുതലുള്ളകാലം'; 'absolute t. ദേശാനവച്ഛിന്നകാലം, ദേശരഹിതകാലം'; 'apparent t. നട്ടുച്ച, കൃത്യം പന്ത്രണ്ടുമണിയെന്നെണ്ണുന്ന സൌരസമയഗണന'; 'astronomical t. ഉച്ചമുതൽ തുടർച്ചയായി ഇരുപത്തിനാലു മണിക്കൂറ എണ്ണുന്നസമയം, ജ്യോതിഷസമയം'; 'at t s ഓരോരിക്കൽ, ചിലപ്പോൾ, കൂടക്കൂടെ'; 'civic t. അർദ്ധരാത്രിമുതൽ നട്ടുച്ചവരെ പന്ത്രണ്ടുമണിക്കൂറായും നട്ടുച്ചമുതൽ അർദ്ധരാത്രിവരെ പന്ത്രണ്ടുമണിക്കൂറായും എണ്ണിവരുന്ന സമയം, സാധാരണ സമയം'; 'common t. ഒരുനിമിഷത്തിൽ ഇരുപത്തിയെട്ടംഗുലംവീതം നീളമുള്ള തൊണ്ണൂറ ചവടുവയ്ക്കുന്നവേഗം, സാധാരണ വേഗം'; 'in t. സമയത്തിനു്, തക്കസമയത്തു്'; 'mean t. മദ്ധ്യം, കൃത്യസമയം'; 'quick t. ദ്രുതം, മിന്നിട്ടിൽ ഇരുപത്തെട്ടംഗുലമുള്ള നൂററിപ്പത്തു ചവടുവയ്ക്കുന്ന വേഗം'; 'sidereal t. നക്ഷത്രസമയം. നാഠംകണക്ക്'; 'solar t. ഛായാഘടികാരസമയം, അടിയളവു വാക്യക്കണക്ക്'; 'standard t. പ്രമാണസമയം'; *v. t.* സമയംകറിക്കുക; വേണ്ടസമയത്തുചെയ്യുക; ഒരേസമയത്തുചെയ്യുക; താളംപിടിക്കുക; *v. i.* താളംപിടിക്കുക, ഒരുപോലെ ചവടുവച്ചുനടക്കുക; **-ly,** *a.* കാലോചിതമായ, തക്കസമയത്തുള്ള; *adv.* സമയത്തു്, സമയംനോക്കി, നേരത്തേയുള്ള, യഥാസമയം.

Timid, Timorous, Timorsome, Timersome, *a.* പേടിയുള്ള, ഭീരുവായ, കാതരമായ, ത്രസ്തമായ, ദീനമായ, ഭീരുഹൃദയമായ, ചകിതമായ; **-ity, -ness,** *n.* പേടി, ഭീതി, സംത്രാസം, കാതര്യം, ഭീരുത, ചിത്തവൈക്ലവ്യം; **-ly,** *adv.* ചകിതമായി, പേടിയോടെ, ശങ്ക, ക്രസൽ.

Tin, *n.* തകരം, വംഗം, പിച്ചടം.

Tincture (tingkt'ūre), *n.* കഷായം, സത്തു്, ദ്രാവണം, വിലയനം, നിര്യാസം; നിറം, ഛായം, ഛായ, ആഭാസം, ഈഷന്മിശ്രണം; *v. t.* കലത്തുക, സ്വല്പംകലത്തുക, വ്യാപിപ്പിക്ക, വഷളാക്കുക; നിറംവരുത്തുക, വണ്ണംകലത്തുക, ചായംപിടിപ്പിക്കുക.

Tinder, *n.* ചക്കിമുക്കിപ്പഞ്ഞി, വേഗംതീ പിടിക്കുന്ന സാധനം, ശീഘ്രദാഹ്യം.

Tine, *n.* കൂർത്തകോൽ, ശൂലം; കവരംകൊമ്പു്.

Tinge (tinj), *n.* കൂട്ടു്, മിശ്രം, കലപ്പു്, രാഗം, വർണ്ണം, നിറം, ചായം; *v. t.* കലത്തുക, ചായംപിടിപ്പിക്കുക, രഞ്ജിപ്പിക്കുക, നനയ്ക്കുക.

Tingle, *v. i.* ചെവിമൂളുക, ഉരുത്തുണ്ടാക, ചെകിടടയ്ക്കുക; കുത്തലുണ്ടാകുക, നോവുക; തരിക്കുക; തുടിക്കുക. പരയ്ക്കുക, സ്ഫുരിക്കുക; *n.* നൊന്തുവിറയൽ, തുടിപ്പു്, പരപ്പു്.

Tinker, *n.* തകരവേലക്കാരൻ; *v. t.* പാത്രംനന്നാക്കുക, വിളക്കുക, തുളിക്കുക.

Tinkle, *v. i.* കിലുങ്ങുക, ചെലമ്പുക, കണിക്കുക, നാദമുണ്ടാക്കുക; *n.* കിലുക്കം, ഝണഝണധ്വനി.

Tinsel, *n.* മിന്നുംവസ്തു, പകിട്ടുവസ്തു, മിഥ്യാശോഭയുള്ള വസ്തു ബാഹ്യശോഭമാത്രമുള്ള വസ്തു; *a.* പകിട്ടായ, പുറംമിന്നുന്ന, കൃത്രിമശോഭിയായ.

Tint, *n.* നിറം, രാഗം, ഛായ; *v. t.* രഞ്ജിപ്പിക്ക, നിറംചേർക്കുക.

Tiny, *a.* തീരെച്ചെറിയ, സ്വല്പമായ, അതിലഘുവായ, പ്രതനുവായ; 't. spark തനുപ്രകാശം'.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Tip, *n.* അററം, തുമ്പ്, മുന, അഗ്രം, ശിഖരം, പ്രാന്തം; 't. of the foot പ്രപദം, പാദാഗ്രം'; 't. -toe പാദാഗ്രം, പ്രപദം, അഗ്രപാദം'; 'from head to t. -toe അടിമുടി, ആപാദമസ്തകം, നഖശിഖാന്തം'; *v. t.* അററംവയ്ക്കുക, മുനവയ്ക്കുക, അററം കെട്ടിക്കുക; പതുക്കെഅടിക്കുക, തട്ടുക; ഇനാംകൊടുക്ക, സമ്മാനംകൊടുക്ക; ചരിച്ചുവയ്ക്കുക; 'to t. of മറിച്ചുകളയുക, ഒഴിച്ചുകളയുക, പകരുക'; 'to t. over കമഴ്ത്തിക്കളയുക, പകരുക'; 'to t. the wink കണ്ണുകാട്ടുക, കണ്ണിടുക'; 'to t. up ചരിക്കുക'; *v. i.* ചരിയുക, മറിഞ്ഞുപോക; **-Tips,** *n.* ഇനാം, സമ്മാനം, പാരിതോഷികം.

Tippet, *n.* സ്ത്രീകളുടെ കഴുത്തിലണിയുന്ന വസ്ത്രം, ഗ്രൈവേയം, ഗ്രീവാച്ഛാദനം; ചൂണ്ടക്കണ്ണി, ചൂണ്ടച്ചരട്; (പുരമേയുന്ന) പുൽക്കററ.

Tipple, *v. t.* മദ്യപാനംചെയ്യുക, പതിവായികുടിക്കുക, **-er,** *n.* വലിയകുടിയൻ, മദ്യപൻ.

Tipsy, *a.* കുടിച്ച, ലഹരിപിടിച്ച, പ്രമത്തമായ, മദവിഹ്വലമായ, മദവശമായ; ആടിനടക്കുന്ന.

Tirade, *n.* ആക്ഷേപം, ആക്ഷേപപ്രസംഗം, നിന്ദാവചസ്സ്, ഉപാലംഭലേഖം, ഉപാലംഭപ്രസംഗം.

Tire, *n.* ചമയം, ഉടുവസ്ത്രം; തലപ്പാവ്, ഉഷ്ണീഷം; ലോഹവലയം, ഇരിമ്പുവണ്ടിപ്പട്; *v. t.* തളർത്തുക, ക്ഷീണിപ്പിക്ക, അലട്ടുക, ആയാസപ്പെടുത്തുക; **-ing, -some,** *a.* തളർത്തുന്ന, ഖേദകരമായ, ശ്രമപ്പെടുത്തുന്ന, ആയാസപ്പെടുത്തുന്ന.

Tissue (tish'ū), *n.* നെയ്യപ്പെട്ടതു്, നെയ്ത്തു്, കണ്ണിവച്ചുനെയ്ത വസ്ത്രം, അങ്ഗി, സജീവവസ്തു, ക്രമം, രചന.

Tit, *n.* കഷ്ണം, തുണ്ട്; ചെറുകുതിര, തട്ടുകുതിര; (നിന്ദയായി) സ്ത്രീ, പെണ്ണാൾ.

Titan, *n.* അസുരൻ, ദാനവൻ, ദൈത്യൻ.

Titbit, *n.* ചെറുതുണ്ട്.

Tithe, *n.* പത്തിലൊരുപകുതി, പത്തിലൊരംശം, ദശാംശം, പത്തിലൊന്നു കരം, തീരുവ.

Titillate, *v. t.* ഇക്കിളിയിടുക, കിക്കിളിയിടുക.

Title, *n.* പേരു്, നാമം, പട്ടം, പട്ടപ്പേർ, ഉദ്യോഗനാമം, അധികാരം, ആഗമം, പദം; 't. page ആദ്യതാൾ, മുഖപത്രം'; 't. deed ആധാരം, രേഖ'; **-Titular,** *a.* പേരുമാത്രമുള്ള, സ്ഥാനപ്പേരുമാത്രം ശേഷിച്ച, നാമമാത്രമായ.

Titter, *n.* വിങ്ങിച്ചിരിക്കുക, അമർത്തിച്ചിരിക്കുക, ഉള്ളിൽചിരിക്കുക, കിളുകിളുക്കുക; *n.* കിളുകിളുപ്പ്; ഉൾച്ചിരി, അമർത്തിയ ചിരി, മന്ദഹാസ്യം.

Tittle, *n.* ചെറിയ അണു, അല്പം, ലേശം, ലവം, അണുമാത്രം.

Tittle-tattle, *n.* വെടിപറയൽ, കശപിശ വർത്തമാനം, നിസ്സാരസംഭാഷണം.

To, *prep.* ക്ക, ന്നു്, ഇടത്തേക്ക്.

Toad, *n.* തവള, പേക്കാന്തവള, കാട്ടുത്തവള, മണ്ഡൂകം; 't. eater പേക്കനെത്തിന്നി, മുഖസ്തുതിക്കാരൻ, കാല്പനക്കി'; 't. stool പേക്കൂണ്, പേക്കമിൾ'; **-y,** *n.* മുഖസ്തുതിക്കാരൻ, പാദസേവകൻ; ചേട്ട, മൂതേവി, പൊട്ടപ്പെണ്ണ്; **-yism,** *n.* നീചസേവ.

To-and-fro, *a.* അങ്ങോടിങ്ങോടായ.

Toast, *v. t.* (ഗോതമ്പപ്പം തീയിൽകാച്ചി) ഉണക്കുക, വാട്ടുക, ചുടുക, കരിക്കുക; ചൂടാക്കുക, ചൂടുപിടിപ്പിക്ക; മംഗലാർത്ഥം കുടിക്ക, ബഹുമാനാർത്ഥംകുടിക്ക; *n.* ഉണക്കിയ ഗോതമ്പപ്പം, വാട്ടിയറൊട്ടി; ആരോഗ്യവാഴ്ത്ത്, ആരോഗ്യാശംസ.

Tobacco (tō-bak'ō), *n.* പുകയില, തമാകു.

Tocsin, *n.* ഭയശബ്ദം, ഭയമണിനാദം, ഭയപ്പെടേണ്ടതാണെന്നു സൂചിപ്പിക്കുന്ന മണിയടി.

Today (tö-dā'), *n. and adv.* ഇന്നു്, ഇന്നേദിവസം.

Toddle, *v. i.* തളർന്നുനടക്ക, കുഴഞ്ഞുനടക്ക, പ്രാഞ്ചിക്കിതച്ചുനടക്ക.

Toddy, *n.* കള്ള്, മരനീർ.

Toe (tō), *n.* കാൽവിരൽ.

Together, *adv.* ഒന്നിച്ച്, കൂടി, ഒരുമിച്ച്, ഒരുമയിൽ.

Toil, *v. i.* ഉഴയ്ക്കുക, പ്രയാസപ്പെടുക, യത്നിക്കുക, ശ്രമിക്കുക; *n.* ഉഴപ്പ്, ശ്രമം, വേല; കണ്ണി, കുരുക്ക്, വല; **-some,** *a.* ഉഴപ്പായ, ആയാസമുള്ള, കഷ്ടപ്പെട്ട.

Toilet, *n.* അലങ്കാരങ്ങൾവയ്ക്കുന്ന മേശ, അലങ്കാരമേശ; ഭൂഷണം, പ്രസാധനം, ചമയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Token (tō'kn), *n.* അറികുറി, അടയാളം, ജ്ഞാപകക്കുറി, ലക്ഷണം.
Toledo, *n.* വാളുത്തല, വാൾ.
Tolerate, *v. t.* ഇടംകൊടുക്ക, അനുവദിക്ക, സഹിക്കുക, താങ്ങുക; *see* **Endure.**
Toll, *n.* ചീരുവ, ചുങ്കം, കരം; ചാവുമണി, മരണമണി; *v. t.* ചുങ്കംവാങ്ങുക, ആയം ഒക്ട്ടുക; (മണി) അടിക്കുക; മണിനാദമുണ്ടാക്കുക; *v. i.* മണിനാദമുണ്ടാക, മുഴങ്ങുക, കിലുങ്ങുക.
Tomahawk, *n.* കൈക്കോടാലി, മഴു.
Tomato, *n.* തക്കാളിപ്പഴം.
Tomb (tōm), *n.* കല്ലറ, കരിയാല, സമാധിസ്ഥാനം; 't. stone ചൈത്യം'.
Tome, *n.* ഗ്രന്ഥഭാഗം, വലിയ പുസ്തകം, വലിയഗ്രന്ഥം.
Tomfool, *n.* പട്ടവിഡ്ഢി, വിട്ടവിഡ്ഢി, പട്ടഭോഷൻ, ആനമണ്ടൻ, മടൻ; **-ery,** *n.* വിഡ്ഢിത്തം, പൊട്ടത്തരം.
Tomorrow (tō-mor'ō), *n.* അടുത്തനാൾ, നാളെ; *adv.* അടുത്തദിവസം, നാളേക്ക്.
Tomtom, *n.* പറ, പടഹം, ഭേരി, മൃദംഗം, തമുക്ക്.
Ton (tun), *n.* 20 ഹൺഡ്രഡ്വെയിറ്റ്, 2240 റാത്തൽ, ടൺ; കപ്പലിൽ 40 ഘനയടികൊണ്ടസ്ഥലം; വഴക്കം, ശിഷ്ടാചാരം, വേഷസമ്പ്രദായം.
Tone, *n.* ഒച്ച, ഒലി, സ്വനം, നാദം, രവം, ശബ്ദം; ഭാവം, ചേഷ്ട, ചേഷ്ടിതം; പോക്ക്, ഗതി; ഉദ്ദേശം, രീതി; (in music) സ്വരം; (of body) ബലം, ആരോഗ്യം; സ്വാസ്ഥ്യം, സുസ്ഥത, അഗ്നി; *v. t.* നാട്യസ്വരത്തിലുച്ചരിക്കുക, സ്വരവികാരംവരുത്തുക, (ചിത്രം) ഛായാവ്യത്യാസപ്പെടുത്തുക; 't. down സ്വരംതാഴ്ത്തുക, മന്ദമാക്കുക, മൃദുകരിക്കുക, സ്നിഗ്ദ്ധീകരിക്കുക; പാരുഷ്യംകുറയ്ക്കുക; 'to t. up സ്വരപുഷ്ടിവരുത്തുക, സ്വരംഉയർത്തുക'; **-Tonic,** *a.* സ്വരസംബന്ധമായ; ദീപനമുണ്ടാക്കുന്ന; *n.* ബലമുണ്ടാക്കുന്നതു്, ബലവർദ്ധനം, വാജീകരണം, ദീപനം, വാജീകരണചികിത്സ.
Tonga, *n.* ഒരുവക ലഘുവായവണ്ടി, തപാൽവണ്ടി, ഒരുമൂലിക.
Tongs, *n. pl.* കടിൽ, കൊടിൽ, ചവണ, ഇറുക്കി.
Tongue (tung'), *n.* നാക്ക്, നാവ്, രസന, ജിഹ്വ, രസജ്ഞ; ഭാഷ, ഉച്ചാരണം; ധാര, ഒഴുക്കം; ഉന്തൽ.
Tonight (tō-nīt'), *n. and adv.* ഇന്നുരാത്രി, നക്തം.
Tonsil, *n.* നാക്കിൻെറ ചുവട്ടിലുള്ള ഒരു മാംസഗ്രന്ഥി, ജിഹ്വാമൂലമാംസഗ്രന്ഥി.
Tonsure (ton'shör), *n.* ക്രോപ്പ്, ക്ഷൗരം, മുണ്ഡനം, ചൂഡാസംസ്കാരം; 't. ceremony ചൌളം'.
Too (tö), *adv.* അധികമായി, ഉം, കൂടി, ഏറെ, വളരെ, കണക്കിലധികം; പോലെ, തന്നെ.
Tool, *n.* ഉപകരണം, കരുവി, സാധനം, യന്ത്രം, ആയുധം, പണിക്കോപ്പ്, സാമഗ്രി; *v. t.* (പണിക്കോപ്പുകൊണ്ടു) പ്രവർത്തിക്കുക, പണിയുക; (വണ്ടി) ഓടിക്കുക, (വണ്ടി) തെളിക്കുക.
Tooth, *n.* പല്ല്, ദന്തം, ദശനം, രദം, രദനം, ദംശം, ദംഷ്ട്ര, ക്രമപല്ല്, കോമ്പല്ല്; **-Toothache,** *n.* പല്ലുവേദന, പല്ലുവലി; **-Toothed** (tootht), *a.* പല്ലുള്ള, കൊത്തപ്പെട്ട, പൽമുളച്ച; **-Toothpick,** *n.* പൽചവണ; **-Toothpowder,** *n.* പൽപൊടി, ദന്തചൂർണ്ണം; **-Toothsome** (-sum), *a.* നല്ലചുവയുള്ള, രുചിയുള്ള, സ്വാദുള്ള, വാസനയുള്ള; *v. t.* കൊത്തുക, പൽവെട്ടുക; **-Teething,** *n.* പല്ലുമുളയ്ക്കൽ, ദന്തോത്ഭവം
Top, *n.* ഉച്ചി, മേൽ, തല, അറ്റം, ശിഖരം, ശൃംഗം, ചൂഡ, ശിരസ്; പമ്പരം, ഭ്രമരം; (കടഞ്ഞരത്തിൻെറ) ചാറപാട്, രത്തച്ചുറ്റ്, രത്നവൃത്തം; ശ്രേഷ്ഠസ്ഥാനം, മുഖ്യസ്ഥാനം; 't. heavy തലമ്പ്ഭാരം കൂടിയ, മണ്ടക്കനംകൂടിയ, ഊർദ്ധ്വാഗ്രുരുവായ'; 't. knot ചൂഡ, ശിഖ, ശിഖണ്ഡം, ശിഖരം'; *a.* മുഖ്യമായ, ഉയർന്ന, മുകളിലുള്ള, അഗ്രത്തിലുള്ള, അറ്റത്തുള്ള; *v. t.* മുട്ടുക, കവിയുക, മുന്തുക; അഗ്രേസരനാകുക, തലവെട്ടുക; അറ്റംമുറിക്കുക; വിശിഷ്ടമാക്കുക; ഒരുതലഉയർത്തുക; *v. i.* ഉയന്നിരിക്കുക, മൻപിട്ടിരിക്കുക ശ്രേഷ്ഠമായിരിക്കുക; വർദ്ധിക്കുക, അതിക്രമിച്ചിരിക്കുക.
Topaz, *n.* പുഷ്യരാഗം, മഞ്ഞക്കല്ല്, പുഷ്പരാഗം.
Tope, *n.* സ്തൂപം; ഒരുവകച്ചുരാമീൻ; *v. i.* കണക്കുവിട്ടുകുടിക്കുക, അമിതപാനംചെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ്യുക; -er, *n.* കുടിയൻ, മുഴുക്കുടിയൻ, അതിപാനി.

Topic, *n.* തലക്കെട്ട്, തലവരി, മൂലവാക്യം, വിഷയം, പ്രസ്താവം, പ്രകരണം, വസ്തു; **-al,** *a.* വിഷയസംബന്ധമായ.

Topography (-fi), *n.* സ്ഥലവിവരം, സ്ഥലവർണ്ണനം.

Topple, *v. i.* താഴെവീഴുക, ഇടറിവീഴുക, ഉരുണ്ടുവീഴുക, ഉച്ചത്തിൽനിന്നു വീഴുക, മറിഞ്ഞുവീഴുക.

Topsyturvy, *adv.* അടിമുകളിലായി, തലകീഴായി; *a.* തലകീഴായ; *n.* കുഴപ്പം, തമാറ്; *v. t.* തലകീഴാക്കുക, കവിഴ്ത്തുക, കമഴ്ത്തുക, മറിക്കുക.

Torch, *n.* ഉല്ക, തീവട്ടി, പന്തം, വിളക്ക്, ചൂട്ട്.

Torment, *n.* ദണ്ഡനം, പീഡ, യാതന, കഠുവേദന, ദുഃഖം, ചിത്രവധം, ദാരുണവേദന, തീവ്രവേദന; *v. t.* ദണ്ഡിക്ക, അത്യന്തംപീഡിപ്പിക്ക, വളരെ വേദനപ്പെടുത്തുക, സന്തപിപ്പിക്ക, ക്ലേശിപ്പിക്ക, യാതനയനുഭവിപ്പിക്ക, കഷ്ടപ്പെടുത്തി കൊല്ലുക; *a.* പീഡിപ്പിക്കുന്ന, ക്ലേശിപ്പിക്കുന്ന, കഷ്ടപ്പെടുത്തുന്ന, പ്രമാഥിയായ, അരുന്തുദമായ; **-or,** *n.* അത്യധികം കഷ്ടപ്പെടുത്തുന്നവൻ, അതിപീഡകൻ; പ്രമാഥി, ആയാസകൻ, സന്താപകൻ.

Tornado, *n.* ചുഴലിക്കാററ്, ചണ്ഡമാരുതൻ, ഘൂർണ്ണവായു.

Torpid, *a.* ജഡമായ, മയക്കമായ, ഉറക്കമായ, സുപ്തമായ, വിചേതനമായ, പ്രജ്ഞയില്ലാത്ത; മന്ദമായ, അനങ്ങാത്ത, മിണ്ടാത്ത; **-ity, -Torpor,** *n.* ജാഡ്യം, സുപ്തി, ഉറക്കം, മയക്കം, മാന്ദ്യം, ചൈതന്യനാശം, മടി, തന്ദ്രി, ജഡിമാവ്.

Torrent, *n.* ഒഴുക്ക്, സ്രോതസ്, രയം, വേഗം, ഓഘം; വേഗമുള്ള നീരോട്ടം, ജലപ്രവാഹം, ജലപ്രപാതം, നിർത്ധരം, പ്രസ്രവണം, ആറ്, നദി; ധാര, ആസാരം; 't. s of rain പെരുമഴ, ധാരാസംപാതം, ധാരാസാരം, വൃഷ്ടിധാര'.

Torrid, *a.* എരിയുന്ന, പൊള്ളുന്ന, വേകുന്ന, ചുടുന്ന, ഉഷ്ണമായ.

Tort, *n.* അക്രമം, തിന്മ.

Tortoise (tor'tis), *n.* ആമ, കൂർമ്മം, കമഠം, കച്ഛപം; 'female of t. പെണ്ണാമ, ആമപ്പെണ്ണ്, കൂർമ്മി, കമഠി'.

Tortuous (-us), *a.* വളഞ്ഞ, പിരിഞ്ഞ, ചുററിയ, കോടിയ, വക്രമായ, കുടിലമായ, തിര്യക്കായ; **-ly,** *adv.* വളഞ്ഞ്, കോടി, വക്രമായി.

Torture, *v. t.* ചിത്രവധംചെയ്യുക, യാതനപ്പെടുത്തിക്കൊല്ലുക, പീഡിപ്പിക്കുക, ക്ലേശിപ്പിക്ക, ഉഴററുക; *n.* ചിത്രവധം, വേദന, യാതന, അതിക്ലേശം.

Tory, *n.* നവവിദ്വേഷി, പൂർവ്വാചാരപാലകൻ, പുതിയതിനെ എതിർക്കുന്നവൻ; opp. Whig and Radical.

Toss, *v. t.* എറിയുക, എററുക, ഉന്തുക, തള്ളുക, സംക്ഷോഭിപ്പിക്ക, മേലോട്ടെറിയുക, മേലോട്ടുതള്ളുക; *v. i.* മേലോട്ടുപോകുക, മേലോട്ടുയരുക, സംക്ഷോഭിക്ക; *n.* തൂക്കിമേലോട്ടെറിയൽ, എററ്, ഉന്ത്, ഉൽക്ഷേപണം, സംക്ഷോഭം; തലയെടുപ്പ്, തലപ്പിട്ടത്തം.

Total, *a.* മൊത്തമായ, മുഴുവനായ, ഭംഗിക്കാത്ത, പങ്കിടാത്ത, വിഭജിക്കാത്ത, സകലമായ, സർവ്വമായ, സമഗ്രമായ, സംപൂർണ്ണമായ, പ്രത്യേകമല്ലാത്ത, കേവലമായ; *n.* മൊത്തം, മുഴുവൻ മുഴുത്തൊക, ആകത്തൊക, എല്ലാം,എല്ലാംകൂടിയുള്ളത്; *v. t.* കൂട്ടുക, മൊത്തമാക്കുക; *v. i.* മൊത്തമാകുക; **-ity,** *n.* മൊത്തം, മുഴുമ, തൊക, ആകത്തൊക, സാകല്യം, സമഷ്ടി, ഐക്യം, കാർത്സ്ന്യം; **-ly,** *adv.* മുഴുവൻ, മുഴുവനുംകൂടി, മൊത്തമായി, ആകെ, സംപൂർണ്ണമായി, സാകല്യേന, അശേഷേണ, നിശ്ശേഷം.

Totter, *v. i.* ആടുക, അലയുക, ഇടറുക, സ്ഖലിക്കുക, പ്രസ്ഖലിക്കുക, കമ്പിക്കുക, വിറയ്ക്കുക, വിചലിക്കുക; **-ing,** *a.* ഇടറുന്ന, വിറയ്ക്കുന്ന, ഇടറിനടക്കുന്ന, വിഹ്വലഗതിയായ.

Touch (tuch), *v. t.* തൊടുക, സ്പർശിക്ക, സംസ്പർശിക്ക, പരാമർശിക്ക, തൊട്ടറിയുക, സ്പർശിച്ചറിയുക, പോയിച്ചേരുക, രുചിനോക്കുക, പോയിക്കാണുക; ഉദ്ദേശിച്ചുപറയുക, അധികരിച്ചുപറയുക; *v. i.* (തമ്മിൽ)തൊടുക, ചേരുക, സംസർഗ്ഗമുണ്ടാകുക, സമ്പർക്കമുണ്ടാകുക; *n.* തൊടൽ, സ്പർശം, സംസ്പർശം, സംസ്പർശനം, സംസർഗ്ഗം, സമ്പർക്കം; ഉര, വീശൽ, ലക്ഷണം, സൂചന, ഛായ; സ്പർശജ്ഞാനം, സ്പർശബോധം; സ്പർശേന്ദ്രിയം, സ്പർശം; 't. stone ഉരകല്ല്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാണ, ചാണക്കല്ല്, പരീക്ഷണക്കല്ല്, നികഷം, നികഷോപലം, ശാണം'; **-ing,** *prep.* ഉദ്ദേശിച്ച്, അധികരിച്ച്, പററി, കുറിച്ച്; *a.* ഹൃദയംഗമമായ, ഹൃദിസ്പൃക്കായ, ഹൃദയസ്പർശിയായ, മനസ്സലിയിക്കുന്ന, ദയനീയമായ, കരുണമായ; **-y,** *a.* മുൻകോപമുള്ള, ഉടൻകോപിക്കുന്ന, തൊട്ടാലുടൻ വിധംമാറുന്ന, കോപനമായ, ചണ്ഡകോപമായ, ശീഘ്രകോപമായ, സുലഭകോപമായ.

Tough (tuf), *a.* മുറിയാത്ത, ഒടിയാത്ത, ഉരമുള്ള, തിടമായ, വളയാത്ത, കഠിനമായ, ദൃഢമായ, മയമില്ലാത്ത, ദുർഭേദ്യമായ.

Tour (tör), *n.* സഞ്ചാരം, ചുററിസഞ്ചാരം, ചുററിനടത്തം, ദേശസഞ്ചാരം, പര്യടനം; **-ist,** *n.* വിനോദസഞ്ചാരക്കാരൻ, സഞ്ചാരി, പര്യടകൻ, യാത്രക്കാരൻ.

Tournament (tör'-), **Tourney** (tör'ni), *n.* കളി, കളിപ്പോർ, പ്രാസക്രീഡ, കുതിരവീരന്മാർ തമ്മിലുള്ള യുദ്ധം.

Tow (tō), *v. t.* കയറുകെട്ടി നീരിൽ വലിക്കുക, വലിക്കുക, ഇഴത്തുക, ആകർഷിക്ക, ആകർഷിച്ചിളക്കുക; *n.* പരുത്തചണം, ചണത്തിൻറ പരുത്തഭാഗം, ചിമ്പു; തുമ്പ്.

Toward, Towards (-érdz), *prep.* ക്ക്, ന്ന്, അടുത്ത്, പ്രതി, അഭി; *adv.* സമീപത്തിൽ; **-Towardly** (tō'érd-), *a.* ഒരുക്കമുള്ള, അനുസരണമുള്ള, മുന്നിട്ടുനില്ക്കുന്ന, ധീരമായ.

Towel, *n.* ഒററാട, തുവാൽ, തോർത്ത്, മാർജനവസ്ത്രം.

Tower, *n.* അട്ടം, ഉത്സേധം, ക്ഷൌമം (room on the t.) ഗോപുരം, സ്തൂപം, കോട്ട, കോട്ടയെട്ടപ്പ്; *v. i.* എഴപ്പുക, ഉയരുക, പൊങ്ങുക, മൂർദ്ധാവിൽ സ്ഥിതിചെയ്യുക; **-ing,** *a.* കിളുന്ന, ഉയന്ന, പൊങ്ങിയ, പ്രോന്നതമായ, ഉത്തുംഗമായ.

Town, *n.* പട്ടണം, നഗരം, പുരം, പത്തനം; **-Townhall,** *n.* നഗരമന്ദിരം, ഊരമ്പലം, ടൌൺഹാൾ; **-Township,** *n.* പൌരദേശം, നഗരസീമ; **-Townsman,** *n.* പട്ടണവാസി, നാഗരികൻ, പൌരജനം; fem. (പൌരി, പൌരവധു.)

Toxic, *a.* വിഷസംബന്ധിയായ; **-ology,** *n.* വിഷശാസ്ത്രം, വിഷവിദ്യ.

Toy, *n.* കളിപ്പാട്ടം, ക്രീഡനകം, ക്രീഡാവസ്തു, നിസ്സാരപദാർത്ഥം; *v. i.* ക്രീഡിക്കുക, കളിക്കുക.

Trace, *n.* ചുവട്, പദവി, പദപദ്ധതി; കുറിപ്പ്, ഛായ, ചിഹ്നം, അങ്കം, അടയാളം; വണ്ടിവലിക്കുംവാറ്; *v. t.* കുറിപ്പുവരയ്ക്കുക, ബാഹ്യരേഖയിടുക; ചുവടുപിടിച്ചുപോക, ചുവടുകൊണ്ടുപോക, കണ്ടുപിടിക്ക, അനുഗമിക്ക, അനുധാവനംചെയ്യുക; (word) വ്യുൽപാദിക്ക.

Tracery, *n.* ശിലാചിത്രാലങ്കാരം, കല്ലുകൊണ്ടുള്ള അലങ്കാരപ്പണി.

Trachea (trā-kē'a), *n.* കുരൽനാഴി, മൂച്ചുകുഴൽ, ശ്വാസമാർഗ്ഗം, പ്രാണമാർഗ്ഗം.

Track, *n.* ചുവട്, പദചിഹ്നം, പദപങ്ക്തി; കുറിപ്പ്, ചിഹ്നം, അങ്കം, വഴി; അടിച്ചുവട്ടുപാത, കാലടിപ്പാത, മാർഗ്ഗം; *v. t.* അടിപിടിച്ചുതുടരുക, തിരിക്കുക, അനുസരിക്കുക, അനുഗമിക്കുക; **-less,** *a.* കാലടിയേറാത്ത. നിർജനമായ, പാദാസ്പൃഷ്ടമായ.

Tract, *n.* പരപ്പ്, നിലം, ഭൂഭാഗം; ചെറുപുസ്തകം, ഗ്രന്ഥം, ലഘുഗ്രന്ഥം; **-able,** *a.* വഴങ്ങുന്ന, പഴക്കാവുന്ന, വിനീതമായ, വശ്യമായ, ചൊല്ലുകേൾക്കുന്ന; **-tion,** *n.* ഇഴത്തൽ, നീട്ടൽ, വലിക്കൽ, വലിപ്പ്, വഹനം.

Trade, *n.* പണ്ടമാററം, വില്പന, കൊട്ടക്കൽവാങ്ങൽ, വ്യാപാരം, വ്യവഹാരം, വൃത്തി; *v. i.* വ്യാപാരംചെയ്യുക; **-er,** *n.* വ്യാപാരി, വില്പനക്കാരൻ, വണിക്ക്; **-Tradesman,** *n.* കമ്പോളവ്യാപാരി, ചന്തക്കച്ചവടക്കാരൻ, പണ്യവിക്രയി; **-Tradewind,** *n.* വ്യാപാരക്കാററ്, പരുവക്കാററ്.

Tradition, (tra-dish'un), *n.* പറഞ്ഞുകേട്ടുവന്നകഥ, കണ്ടുപഠിച്ചശീലം or ആചാരം, വഴക്കം, സമ്പ്രദായം, ആമ്നായം; ഐതിഹ്യം, ലോകകഥ, പാരമ്പര്യം; **-al, -ary,** *a.* പാരംപര്യഗതമായ, പരമ്പരാപ്രാപ്തമായ, ക്രമാഗതമായ, ക്രമായാതമായ, പൌരാണികമായ; **-ally,** *adv.* പാരമ്പര്യമായി, വഴക്കമായി.

Traduce (tra-dūs'), *v. t.* പഴിക്കുക, നിന്ദിക്കുക, ദുഷിക്കുക, ദൂഷ്യംപറയുക, അപവാദം ഉണ്ടാക്കുക; **-er,** *n.* ദൂഷ്യംഉണ്ടാക്കുന്നവൻ, അപവദിക്കുന്നവൻ, അപവാദകൻ.

Traffic, *see* **Trade.**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Tragedy, (traj'e-di), *n.* ക്ലേശാന്തനാടകം, ദുഃഖാന്തനാടകം, ദുഃഖപര്യവസായിനാടകം; വിപത്തു്; **-Tragic, -ical,** *a.* ശോകപര്യവസായിയായ, ദുരന്തമായ; കരുണരസപ്രധാനമായ; ആർത്തമായ.

Trail, *n.* അടിച്ചുവട്ടപാത, കാലടിപ്പാത, പദം, പദപങ്ക്തി; മണം, ഗന്ധം; തുടച്ച്; *v. t.* ഇഴുക്കുക, വലിക്കുക, കർഷിക്കുക, വികർഷിക്കുക, ആകർഷിക്കുക; *v. i.* വലിയുക, മണംപിടിച്ചുപോകുക, തുടരുക.

Train, *n.* തുടച്ച്, പരമ്പര, ശ്രേണി, മാല; പരിവാരം, അനുചരാദികൾ, പരിജനം; (of dress) തൊങ്ങൽ, പുച്ഛം, വസനാന്തം, വാല്; പരിപാടി, അനുക്രമം, ക്രമം, പ്രബന്ധം; തീവണ്ടിനിര, തീവണ്ടി; 't. mile വേഗനാഴിക'; 't. of reasoning ഊഹക്രമം, തർക്കക്രമം'; 't. of a peacock പീലി, ബർഹം, പുച്ഛം'; 't. oil തിമിംഗലംനെയ്യ്'; 't. tackle പീരങ്കിക്കമ്പ (പീരങ്കികയററവാനുള്ള യന്ത്രം)'; 'roll t., t. of rolls കമ്മട്ടയുരുളുയന്ത്രം'; 't. of artillery പീരങ്കിപ്പട്ടാളം'; *v. t.* വലിക്കുക, ഇഴുക്കുക, പഠിപ്പിക്കുക, തിരുത്തുക, നടത്തുക, പരിശീലിപ്പിക്കുക, ശിക്ഷണംചെയ്യുക, അടക്കുക; അഭ്യസിപ്പിക്കുക; **-ing,** *n.* ശിക്ഷ, ശിക്ഷണം, അഭ്യാസം, പരിശീലനം; 'military t. രണശിക്ഷ, യുദ്ധാഭ്യാസം'.

Trait, *n.* വീശൽ, വീച്ച്, വടിവ്, വിശേഷഗുണം, ലക്ഷണം, ചിഹ്നം.

Traitor, *n.* വിശ്വാസപാതകി, ഘാതി, കള്ളക്കൂറുകാരൻ, ശത്രുസേവി, ശത്രുപക്ഷംചേർന്നവൻ; 't. to the king രാജദ്രോഹി'; 't. to the country സ്വദേശശത്രു, സ്വദേശഘാതകൻ'; **-Traitor, -ous,** *a* ദ്രോഹിയായ, വിശ്വാസഘാതിയായ, ശത്രുസേവിയായ.

Tram, *n.* വൈദ്യുതവണ്ടിയോടുന്നതിനുള്ള ഇരുമ്പുപാളപ്പാത; വൈദ്യുതവണ്ടി; വീഥിവണ്ടി.

Trammel, *n.* കുരുക്ക്, പാവയേപ്പിടിക്കും വല, കണി, വിലങ്ങ്, പ്രതിബന്ധം, തടവ്; *v. t.* കെട്ടപ്പെടുത്തുക, കെട്ടിടുക, വിലങ്ങിടുക, തടവിലാക്കുക.

Tramp, *v. t. and v. i.* ചവിട്ടുക, ചവിട്ടിമിതിക്കുക, മി(മെ)തിക്കുക, ചവിട്ടിത്തള്ളുക, അലഞ്ഞുതിരിയുക; *n.* കാലെച്ച, ചവിട്ട്, ചരണവിക്ഷേപം, കാൽനടയാത്ര, കാലടി, അലഞ്ഞുതിരിയുന്ന ആൾ.

Trample, *v. t.* മിതിക്കുക, ചവുട്ടുക, മർദ്ദിക്കുക, കീഴ്പെടുത്തുക, നിന്ദിക്കുക, അവമതിക്കുക; 't. to dust ചവിട്ടിപ്പൊടിക്ക'; **-ing,** *n.* ചവിട്ട്, മിതി, മർദ്ദനം, പദാഘാതം.

Trance (trans), *n.* മെയ്മറവി, സമാധി, ലയം, തന്മയാവസ്ഥ, ദേഹാതീതവൃത്തി, മൂർച്ഛ.

Tranquil (-kwil), *a.* അമർന്ന, ഇളക്കമില്ലാത്ത, പ്രശാന്തമായ, നിശ്ചലമായ, സ്ഥിതമായ, സ്വസ്ഥമായ, അക്ഷുബ്ധമായ, ശാന്താത്മാവായ; **-lity,** (-kwil'-i-ti), *n.* അമർത്തി, ശമം, പ്രശാന്തത, അക്ഷോഭം, നിർവൃതി, അനുദ്വേഗം, സ്വാസ്ഥ്യം; **-lize,** (-kwil-iz), *v. t.* അമർത്തുക, ശമിപ്പിക്കുക, ശാന്തപ്പെടുത്തുക, ആററുക, തണുപ്പിക്കുക, സ്വാന്തനപ്പെടുത്തുക, സമാശ്വസിപ്പിക്ക.

Transact *v. t. and v. i.* ചെയ്യുക, നടത്തുക, നിറവേററുക, സാധിക്ക; **-ion,** *n.* നടത്തിപ്പ്, നടത്തൽ, കരണം, അനുഷ്ഠാനം, നിർവാഹം, ആചരണം; കാര്യം, കൃത്യം, കർമ്മം, വ്യാപാരം, ഇടപാട്, വ്യവഹാരം.

Transcend (tran-send), *v. t. and v. i.* മുന്തുക, കടക്കുക, കൂടുതൽ ഉയർന്നുപോകുക, കവിയുക, കവിഞ്ഞുപോകുക, അതിശയിക്കുക, അതിക്രമിക്കുക; 't. s. definition ലക്ഷണാതീതമായ, അപരിച്ഛേദ്യമായ; 't. s description വചനാതീതമായ, വർണ്ണനാതീതമായ'; **-ent, -ental,** *a.* കിളർന്നുപോകുന്ന, കവിഞ്ഞുപോകുന്ന, എല്ലാത്തിനും ഉപരിയായ, സർവ്വാതിരിക്തമായ, സർവാതിശായിയായ, അത്യുത്തമമായ; **-ently,** *adv.* എല്ലാത്തിലും കിളർന്നിട്ട്, സവിശേഷം, പരമമായി, അത്യുത്തമമായി.

Transcribe (tran-skrib'), *v. t.* നോക്കിയെഴുതുക, പകർത്തിയെഴുതുക; **-er,** *n.* ലേഖകൻ, പകർത്തെഴുത്തുകാരൻ; **-Tarnscript,** *n.* കയ്യെഴുത്തുകാപ്പി, പ്രതി, പകർപ്പ്, പ്രതിലേഖം.

Transfer, *v. t.* ഇടംമാററുക, സ്ഥലംമാററുക, മാററുക, നീക്കുക, കയററിക്കൊണ്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോകുക അയയ്ക്കുക, അയച്ചുകൊടുക്ക; *n.* സ്ഥലംമാററം, മാററം, കൊണ്ടുപോകൽ, അയപ്പ്, പരാധീനപ്പെടുത്തൽ; **-ee,** *n.* മാററിയതു് ഏല്ക്കുന്നവൻ, മാററവസ്തുകൈക്കൊള്ളുന്നവൻ; **-ence,** *n.* സ്ഥലംമാററം, സ്ഥാനാന്തരപ്രാപണം; അയയ്ക്കൽ, സമപ്പണം, മാറപാട്ട്, പരാധീനപ്പെടുത്തൽ.

Transfigure, -figurate, *v. t.* വേഷംമാറുക, രൂപംമാററുക, രൂപാന്തരപ്പെടുത്തുക; **-uration** (-fir-ā'shun), *n.* ആകൃതിമാററം; മറുരൂപം, (യേശുവിൻെറ) നവരൂപധാരണം.

Transfix, *v. t.* കുത്തുക, കിഴിക്കുക, കുന്തംകുത്തിയിറക്കുക, വ്യധിക്കുക, നിർഭേദിക്ക.

Transform, *v. t.* പരിണമിപ്പിക്ക, രൂപാന്തരപ്പെടുത്തുക, രൂപംമാററുക, വേഷംമാറുക, വികാരപ്പെടുത്തുക; **-ation,** *n.* രൂപംമാററൽ, രൂപാന്തരപരിണാമം, രൂപാന്തരം, വികൃതി, വിഡംബനം.

Transfuse (-fūz'), *v. t.* പകരുക, ഒഴിക്കുക, ഊററുക, അന്യപാത്രത്തിൽ സംക്രമിപ്പിക്ക, നിവേശിപ്പിക്ക, ചെലുത്തുക; **-ion,** *n.* പകരൽ, ചെലുത്തൽ, സംക്രാമണം.

Transgress, *v. t.* അതിക്രമിക്ക, കടന്നുപോകുക, ഉല്ലംഘിക്ക, ഭഞ്ജിക്ക, തെററുചെയ്യുക; *v. i.* പാപംചെയ്യുക, ഉത്തരവുലംഘിക്ക, തെററുചെയ്യുക; **-ion,** *n.* അതിക്രമം, വ്യതിക്രമം, ഭംഗം ലോപം; അപരാധം, ദോഷം പാപം, തെററ്; **-or,** *n.* അതിക്രാമി, അപരാധി, ലംഘകൻ, കുററക്കാരൻ.

Tranship, *v. t.* ഒരുതോണിയിൽനിന്നു മറുതോണിയിലേററുക, ഒരു കപ്പലിൽനിന്നു മറെറാരുകപ്പലിൽ കയററുക, മറുകപ്പലിലാക്കുക.

Transient (tran'shent), *a.* നിലയില്ലാത്ത, നിലയററ, താല്ക്കാലികമായ, ചഞ്ചലമായ, ലോലമായ, ക്ഷണഭംഗുരമായ, അസ്ഥായിയായ, ചപലമായ, വിനശ്വരമായ, അനിത്യമായ, ക്ഷണികമായ. അസാരമായ; **-ness,** *n.* നിലയില്ലായ്മ, നിലനില്പില്ലായ്മ, അനിത്യത, അസ്ഥായിത്വം.

Transit, *n* കടക്കൽ. കൊണ്ടുപോകൽ, ക്രാന്തി, സംക്രമം, കടന്നുപോകൽ; **-ion,** *n.* സംക്രാന്തി, പരിവത്തം, വികാരം, സ്ഥിത്യന്തരം, അവസ്ഥാന്തരം; **-ive,** *a.* സകമ്മകമായ; **-ory,** *a.* നിലനില്പില്ലാത്ത, ക്ഷണഭംഗുരമായ.

Translate, *v. t.* വേറൊരിടത്തു് എടുത്തുകൊണ്ടുപോകുക, ലോകാന്തരംപ്രാപിപ്പിക്ക; രൂപം മാററുക, ഭാഷാന്തരപ്പെടുത്തുക; **-ion,** *n.* മറെറാരിടത്തു കൊണ്ടുപോകൽ, ലോകാന്തരനയനം, സ്വർഗ്ഗാരോപണം, ശരീരമുക്തി; വിപരിണമനം, രൂപമാററം; ഭാഷാന്തരം, അനുവാദം, തർജ്ജമ; **-or,** *n.* തർജ്ജമക്കാരൻ, ഭാഷാന്തരക്കാരൻ.

Transliterate, *v. t.* അന്യഭാഷയിലെ അക്ഷരത്തിലെഴുതുക, അന്യലിപിയിലെഴുതുക; **-tion,** *n.* അന്യലിപിലേഖനം.

Translucent, -lucid, *a.* തെളിഞ്ഞ, പാതിതെളിഞ്ഞ, ഒട്ടൊക്കെത്തെളിഞ്ഞ, അല്പപ്രസന്നമായ.

Transmarine, *a.* കടലിന്നപ്പുറത്തുള്ള.

Transmew, *v. t. and v. i.* മാററുക രൂപാന്തരം വരുത്തുക.

Transmigrate, *v. i.* മറെറാരുദേശത്തുപോകുക; പുനജ്ജന്മംപ്രാപിക്ക, ദേഹാന്തരം പ്രാപിക്ക, ദേഹാന്തരം ഗമിക്കുക; **-ion,** *n.* പുനജ്ജന്മം, പുനർജനനം, ദേഹാന്തരപ്രാപ്തി, ദേഹാന്തരഗമനം.

Transmit, *v. t.* അയയ്ക്കുക, ചെലുത്തുക, വിടുക, പ്രാപിപ്പിക്ക; **-mission,** *n.* അയപ്പ്. ചെലുത്തൽ, പ്രാപണം, പ്രേഷണം, സഞ്ചാരണം.

Transmute, *v. t.* വേറൊരു ഉരുവാക്കുക, മാററുക, വ്യത്യാസപ്പെടുത്തുക, രൂപാന്തരപ്പെടുത്തുക.

Transnatation, *n.* നീന്തിക്കടക്കൽ.

Transparent, *a.* പ്രകാശംകടക്കുന്ന, കിരണഭേദ്യമായ, രശ്മികടക്കുന്ന, നിമ്മലമായ, തെളിവായ, സ്വച്ഛമായ വിശദമായ; **-Transparency,** . തെളിവു്, സ്വച്ഛത. പ്രസാദം, നൈമ്മല്യം.

Transpire, *v. t. and v. i.* ശ്വാസംവിടുക, പ്രാണൻവിടുക; വിയക്ക്; വെളിവാകുക; സംഭവിക്ക.

Transplant, *v. t.* മാററിനടുക, ഇടംമാററിനടുക. പിരിച്ചുനടുക.

Transplendent, *a.* അതിപ്രഭയുള്ള; **-splendency,** *n.* അതിപ്രഭ, അതികാന്തി.

Transport, *v. t.* കൊണ്ടുപോകുക, അന്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേശത്തേക്ക എടുക്കുക, അന്യദേശത്തേക്ക മാററുക; ഉൽകണ്ഠിതമാക്കുക, അത്യന്തം പ്രമോദിപ്പിക്ക; *n.* കൊണ്ടുപോകൽ, നയം, വാഹനം; പോക്കപ്പൽ, പ്രവഹണം; ഹർഷോന്മാദം, ഹർഷനിർഭരം, പാരവശ്യം, ആവേശം; **-tation,** *n.* മാററൽ, കയററിക്കൊണ്ടുപോകൽ, നാടുകടത്തൽ, ബഹിഷ്കരണം.

Transpose (-p z'), *v. t.* മാററിവയ്ക്കുക, സ്ഥാനംമാററുക, നിലമാററുക, മറിക്കുക, വിപര്യസിക്ക, വിനിമയിക്ക; **-ition,** *n.* നിലമാററം, സ്ഥാനമാററം; തിരിപ്പ്, മറിപ്പ്, വിനിമയം, പരിവൃത്തി.

Transprint, *v. t.* സ്ഥലംമാററി അച്ചുപതിക്കുക.

Transshape, Transhape, *v. t.* ആകൃതി മാററുക, വടിവുമാററുക, രൂപംമാററുക.

Transubstantiate (-'shi-āt), *v. t.* വസ്തുഭേദംവരുത്തുക, ദ്രവ്യഭേദംവരുത്തുക, മററവസ്തുവായിമാററുക; **-tion** (-shi-ā'-), *n.* വസ്തുമാററം, ദ്രവ്യാന്തരമാക്കൽ, പദാർത്ഥാന്തരീകരണം.

Transude, *v. i.* കലിക്കുക, ചോരുക, ഊറിപ്പുറത്തിറങ്ങുക, വിയർക്കുക; **-sudation,** *n.* കലിപ്പ്, ചോർച്ച, വിയപ്പ്.

Transverse, *a.* കുറുകേയുള്ള, തിരിച്ചുള്ള, വ്യസ്തമായ, തിര്യക്കായ; **-ly,** *adv.* കുറുകെ, തിരിച്ച്, വ്യസ്തമായി, തിര്യക്കായി.

Trap, *n.* കണ്ണി, കെണി, കടുക്ക്, കൂട് (വല), ചതുക്ക്, ഉപായം; വണ്ടി, കട്ടവണ്ടി; പന്തടിക്കളി; വെങ്കൽപാറ; 't. door കെണിവാതൽ, കൂടദ്വാരം'; *v. t.* ചതുക്കുവെച്ചുപിടിക്കുക, വലവച്ചുപിടിക്കുക, കെണിയിൽപെടുത്തുക; അണിയിക്കുക, ആഭരണംധരിപ്പിക്ക; അലങ്കരിപ്പിക്ക.

Trapes, *v. i.* വൃത്തികേടായി നടക്കുക, ആടംമാറാട്ടമായിനടക്കുക.

Trapeze, *n.* കയറവൂഞ്ഞാൽ.

Trapezium, *n.* വിഷമചതുർഭുജം, അതുല്യലംബകം.

Trappings, *n.* pl. അലങ്കാരങ്ങൾ, സജ്ജ, പരിച്ഛദം, വസ്ത്രാദികൾ; കുതിരച്ചേടിപ്പ്;. 't. of an elephant പരിച്ഛേമം, ആദാനം'.

Traps, *n.* pl. ചില്ലറസാമാനങ്ങൾ, കെട്ടുകൾ, ഭാണ്ഡം.

Trash, *a.* നിസ്സാരമായ, ചവറായ; അസാരമായ, തുച്ഛമായ; *n.* നിസ്സാരവസ്തു, നിരർത്ഥകദ്രവ്യം; **-iness,** *n.* നിസ്സാരത; **-y,** *a.* നിസ്സാരമായ.

Traumatic, *a.* മുറിവുസംബന്ധിച്ച, മുറിവിനവയ്ക്കുന്ന; *n.* മുറിവുമരുന്ന്, മുറിവിനവയ്ക്കുന്ന മരുന്ന്.

Travail, *v. i.* ഉഴയ്ക്കുക, അധ്വാനംചെയ്യുക, വലിയ പാടുപെടുക; പ്രസവവേദനയനുഭവിക്കുക.

Trave, *n.* തുലാം; (ലാടംതറയ്ക്കുമ്പോൾ കുതിരമുതലായവയെ ഒതുക്കിനിത്തുവാനുള്ള) അണ, ഒതുക്കുചട്ടം.

Travel, *v. t.* and *v. i.* നടക്കുക, സഞ്ചരിക്കുക, അടനംചെയ്ക, പര്യടനംചെയ്ക; *n.*, **-ling,** *n.* നടത്ത, പര്യടനം, യാത്ര, അധ്വഗമനം; **-ler,** *n.* വഴിപോക്കൻ, സഞ്ചാരി, പാന്ഥൻ, പഥികൻ, അധ്വഗൻ, യാത്രികൻ, സാരണികൻ.

Traverse, *v. t.* കുറുക്കിടുക, കടക്കുക, അപ്പുറംകടക്കുക, അക്രമിക്ക, അതിക്രമിക്ക; *n.* കുറുക്ക്, കുറുകേയുള്ളതു, വിലങ്ങനെയുള്ളതു; മറപ്പ്; തിരശ്ശീല, മറ, തുണിത്തട്ടിക; വിലങ്ങ്; കിടങ്ങ്, കൊത്തളം; കുറുകെയുള്ളവര, ആക്രമത്തേ; ക്ഷേത്രമാപകരേഖ.

Travesty, *n.* പരിഹാസകവിത, ഹാസകൃതി, പാരഡി.

Trawl, *n.* വലിവല, ഇഴവല; *v. i.* വലവീശി മീൻ മുതലായവയേ പിടിക്കുക, വലവീശുക.

Tray, *n.* തട്ടം, താമ്പാളം, ഭാജനം, പാത്രം.

Treachery (trech'ér-i), *n.* വഞ്ചന, വിശ്വാസദ്രോഹം, വിശ്വാസഭംഗം, വൻചതി, കള്ളത്തരം, അസത്യസന്ധത, പ്രതിജ്ഞാഭംഗം, വാക്കുമാറൽ, കരാറുതെററിക്കൽ; **-ous,** *a.* വിശ്വാസഘാതിയായ, ചതിക്കുന്ന; അസാരമായ, ചതിനിറഞ്ഞ, മായാബഹുലമായ; **-ously,** *adv.* വഞ്ചനയായി, വൻചതിയായി.

Treacle (trē'kl), *n.* ശക്കരപ്പാവ്, പഞ്ചസാരപ്പാവ്, പാനി.

Tread (tred), *v. t.* and *v. i.* കാലടിവയ്ക്കുക, അടിവയ്ക്കുക, ചവിട്ടുക, മെതിക്കുക, പാദംവിന്യസിക്ക, പാദംകൊണ്ടു പീഡിപ്പിക്ക; ആക്രമിക്ക, മർദ്ദിക്ക; *n.* കാല്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചവിട്ട്, കാൽവയ്പ്, അടിവയ്പ്, ചരണപാതം, പാദന്യാസം.

Treadle (tred'l), *n.* കാലുകൊണ്ടു ചവിട്ടി പ്രവൎത്തിപ്പിക്കുന്ന യന്ത്രഭാഗം, മെതിമരം.

Treason (trē'zn), *n.* രാജദ്രോഹം, രാജാഭിദ്രോഹം, രാജ്യദ്രോഹം; **-able, -ous,** *a.* രാജദ്രോഹിയായ, രാജദ്രോഹമായ.

Treasure (trezh'ūr), *n.* പണം, ധനം, കോശം, നിധി, ദ്രവ്യസഞ്ചയം, ദ്രവ്യരാശി, ദ്രവ്യസംഗ്രഹം; വിത്തം, സ്വത്ത്; *v. t.* സ്വരുക്കൂട്ടുക, ശേഖരിക്ക, ഒരുമിച്ചുവയ്ക്കുക, സഞ്ചയിക്ക, രാശീകരിക്ക; **-er,** *n.* ചെല്‌വംകാൎയ്യക്കാരൻ, ഭണ്ഡാരാധിപതി, കോശാദ്ധ്യക്ഷൻ, കോശാധീശൻ, ഭൌരികൻ (gold t.); രൂപാദ്ധ്യക്ഷൻ, നൈഷ്കികൻ (silver t.); **-y,** *n.* കോശാഗാരം. ഭണ്ഡാഗാരം (ഭണ്ഡാരം), കോശഗൃഹം, ചെല്‌വപ്പുര.

Treasure, -trove, *n.* നിധി, പുതയൽ. ഉടമസ്ഥനില്ലാതെ മണ്ണിനടിയിൽ കഴിച്ചുവച്ചിരിക്കുന്ന ധനം.

Treat (trēt), *v. t.* കൈകാൎയ്യംചെയ്യുക. പെരുമാറുക, പൂജിക്ക, സല്ക്കരിക്ക, സേവിക്ക; നിരൂപിക്ക, വൎജ്ജിക്ക, പ്രസ്താവിക്ക; 't. at length വിസ്തരിക്ക. പ്രപഞ്ചനംചെയ്യുക'; ഉപചരിക്കുക, ചികിത്സിക്കുക; തൃപ്തിപ്പെടുത്തുക, സന്തൃപ്തമാക്കുക; *n.* സദ്യ, ഭോജനവിശേഷം, ഉത്തമാന്നതൎപ്പണം, സദ്യസല്ക്കാരം; **-ment,** *n.* പെരുമാറ്റം, ആചരണം, വൃത്തി, ആചാരം, നയം; 'ill t. അപകാരം, അപക്രിയ'; ചികിത്സ, ഉപക്രമം; വൎണ്ണന, നിരൂപണം, വിവേചനം, വിചാരണ, പ്രതിപാദനം; **-y,** *n.* കെട്ടുപാട്, കരാർ, സഖ്യം, സന്ധി, സന്ധാനം; ഉടമ്പടി, കരാർപത്രം. നിയമപത്രം, പ്രതിജ്ഞാപത്രം.

Treatise (trē'tiz), *n.* ചെറുപുസ്തകം, പ്രസംഗം, ഉപന്യാസം, ലേഖം.

Treble, *a.* മൂന്നുമടങ്ങായ, ത്രിഗുണമായ, ത്രിവിധമായ; *n.* (in music) താരം, ഉച്ചസ്വരം; *v. t.* മുമ്മടങ്ങാക്കുക, മൂന്നുഗുണമാക്കുക, ത്രിഗുണീകരിക്ക; **Trebly,** *adv.* മുമ്മടങ്ങ്, ത്രിഗുണമായി, ത്രിധാ. ത്രേധാ.

Tree, *n.* മരം, വൃക്ഷം, തരു, ദ്രുമം, പാദപം, വനസ്പതി, വിടപി, പലാശി.

Trefoil, *a.* മൂന്നിലയായ, ത്രിപൎണ്ണമായ, മൂന്നുദളമായ.

Trellis, *n.* എഴിപ്പണി, ക്രാസ്സുപണി.

Tremble, *v. i.* നടുങ്ങുക, വിറയ്ക്കുക, കിടുകിടുക്കുക, പതറുക, ഭ്രമിക്കുക; (with fear) വേപിക്കുക, കമ്പനംചെയ്യുക, സ്ഫുരിക്കുക, പ്രസ്പന്ദിക്കുക, വിഹ്വലമാകുക; **-ing,** *a.* വിറയ്ക്കുന്ന, കിടുകിടുക്കുന്ന, വേപഥുമത്തായ, ഇളകുന്ന, തരളമായ, ചപലമായ, ചഞ്ചലമായ, (with fear), ഇടറുന്ന, ഗദ്ഗദമായ (voice); 'with a t. voice ഇടറിയസ്വരത്തിൽ, സ്വരഭംഗത്തോടെ. സഗദ്ഗദം'.

Tremendous (-dus), *a.* അഞ്ചത്തക്ക, ഭയങ്കരമായ, വലിയ, മഹാപ്രമാണമായ, അതിബൃഹത്തായ, ഘോരമായ, ദാരുണമായ, അതിഗുരുവായ.

Tremor, *n.* വിറയൽ, വിറ, കിടുകിടുപ്പ്, നടുക്കം, കമ്പം, സാധ്വസം, വേപഥു, വേപനം, സ്ഫുരണം, കാതരത.

Tremulous, *a. see* **Trembling.**

Trench, *n.* കുഴി, അകഴി, തോട്, പടച്ചാൽ, ഖാതം, പരിഖ, നാളി, പ്രണാളി, ആലവാലം; *v. t. and v. i.* തുരക്കുക, കുഴിക്കുക, ഖനിക്കുക, കിടങ്ങുകോരുക, കിടങ്ങുതോണ്ടുക; മുറിക്കുക, മുറിച്ചുനന്നാക്കുക; 't. upon ആക്രമിക്കുക, കയ്യേറ്റംചെയ്യുക'; **-er,** *n.* വാനംതോണ്ടുന്നവൻ, കുഴിതോണ്ടുന്നവൻ; മരവി, മരപ്പാത്രം, മരത്താമ്പാളം.

Trenchant (trensh'ant), *a.* മുറിക്കുന്ന, വെട്ടുന്ന; കൂൎത്ത; കൂൎമ്പിച്ച; കടുത്ത, കടുമയായ, കഠിനമായ.

Trend, *v. t.* തിരിക്കുക, വളയ്ക്കുക, ചായ്ക്കുക; ആട്ടുരോമം നന്നാക്കുക; *v. i.* ചായുക, ചരിയുക; നീണ്ടുകിടക്കുക, നീളുക; *n.* വെടിപ്പാക്കിയ ആട്ടുരോമം; ഗതി, പോക്ക്, വൃത്തി, ഭാവം; **-er,** *n.* ആട്ടുരോമം നന്നാക്കുന്നവൻ.

Trepidation, *n.* അന്ധാളിപ്പ്, സംഭ്രമം, ഏക്കം, ഉദ്വേഗം. സംക്ഷോഭം, ഭയകമ്പം.

Trespass, *v. i.* എല്ലകടക്കുക, അതിരുകടക്കുക, അതിക്രമിക്കുക, കുറ്റംചെയ്യുക, പാപംചെയ്യുക; *n.* അതിരുവിടൽ. അതിക്രമം, മൎയ്യാദാതിക്രമം, അപരാധം, ദോഷം.

Tress, *n.* തലമുടിച്ചുരുൾ, തലമുടിപ്പിണി, കേശകലാപം, അളകം, ചൂൎണ്ണകുന്തളം, കുറുനിര.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Tressel, Trestle (tres'l), *n.* മുക്കാലിപീഠം, മേശയുടെ കാൽച്ചട്ടം, മരക്കുതിര.

Tret, *n.* കഴിവു് (വാങ്ങുന്നവന നഷ്ടത്തിന്ന തള്ളുന്നതു്).

Triad, *n.* മുമ്മൂർത്തി, ത്രിമൂർത്തി, ത്രികം, ത്രയം, ത്രിതയം. മൂന്നു്.

Triangle, *n.* മുക്കോണം, മുക്കോൺ, ത്രിഭുജം, ത്രികോണം; **-Triangular,** *a.* മുക്കോണമായ, ത്രികോണമായ, ത്രികോണാകൃതിയായ.

Tribe, *n.* ജാതി, വർഗ്ഗം, വർണ്ണം, വംശം.

Tribulation, *n.* സങ്കടം ക്ലേശം, കഷ്ടം.

Tribunal, *n.* ധർമ്മാസനം. ന്യായാസനം; നീതിന്യായസ്ഥലം. നീതിന്യായക്കോടതി, ലാക്കോടതി, ന്യായസഭ.

Tribune, *n.* പ്രസംഗപീഠം, നീതിന്യായാസനം, ധർമ്മാസനം.

Tribute, *n.* കരം, ഇറ (തിറ), കപ്പം, വരവം, ആയം, ശുല്കം, ഉതവി, ഉപഹാരം, ബഹുമതി, ഉപചാരം; **-ary,** *a.* കപ്പംനൽകുന്ന, സാമന്തമായ; *n.* കപ്പംനൽകുന്നതു്, സാമന്തം; ഉപനദി, പോഷകനദി.

Trice, *n.* അല്പനേരം, ക്ഷണനേരം, നിമിഷം; *v. t.* കയർകൊണ്ടു കെട്ടുക, കയർകൊണ്ടു വരിയുക.

Tricentenary, *n.* മൂന്നൂറാണ്ടു്, ത്രിശതാബ്ദം; ത്രിശതാബ്ദതിഥി.

Trick, *n.* സൂത്രം. ഛലം, കപടം, അപദേശം, വ്യാജം, കള്ളം, കൈതവം; മായ, ജാലവിദ്യ, ചെപ്പടിവിദ്യ, കൈയടക്കം, കൈച്ചുരുക്കു്, ഹസ്തലാഘവം; കുചേഷ്ട, ചേഷ്ടിതം, ലീല, ഖേലനം, ദുർലക്ഷണം; *v. t.* ഒപ്പിക്കുക, പററിക്കുക, വഞ്ചിക്കുക, കളിപ്പിക്കുക; **-ery,** *n.* ചതി, വഞ്ചന, കപടം; **-Ster,** *n.* സൂത്രക്കാരൻ, വഞ്ചകൻ, കിതവൻ, പ്രതാരകൻ.

Trickle, *v. i.* ഒഴുകുക, ഒലിക്കുക, വടിയുക, ഇററിററുവീഴുക, അല്പാല്പമൊഴുകുക, പരിസ്രവിക്കുക, കണംകണമായി സ്യന്ദിക്കുക.

Tricycle, *n.* മൂന്നുചക്രമുള്ളവിട്ടവണ്ടി.

Trident, *n.* ത്രിശൂലം, ത്രിശിഖരം, ത്രിശീർഷം, മൂന്നുമുനശൂലം, (of Siva) പിനാകം.

Triduen, *a.* മൂന്നുദിനത്തിൽ ഒരിക്കലുള്ള.

Triennial, *a.* മുമ്മൂന്നാണ്ടിലൊരിക്കൽവരുന്ന, ത്രൈവാർഷികമായ.

Trifle, *n.* അല്പം, സ്വല്പം, പൊടി, അണു, ലവം; അല്പവിഷയം, നിസ്സാരസംഗതി; *v. t. or v. i.* പാഴ്ചെലവുചെയ്യുക, വിളയാടുക; തുച്ഛമായി പെരുമാറുക; **-ing,** *a.* നിസ്സാരമായ, തുച്ഛമായ, നിരർത്ഥകമായ, ക്ഷുദ്രമായ, അല്പമായ, തൃണപ്രായമായ.

Trifoliate, *a.* മൂന്നുദലമുള്ള, ത്രിദളമായ, ത്രിപർണ്ണമായ.

Trig, *a* ക്ഷേമമായ, രക്ഷിതമായ, അലങ്കാരമായ, വൃത്തിയായ; (ചക്രത്തിനു്) തടസ്സംവയ്ക്കുക; *n.* താക്കം, തടസ്സം.

Trigger, *n.* (വണ്ടിയുടെ) വട്ടക്കു്, വട്ടക്കതടവു്; തോക്കിൻെറ കാത്തി, കാഞ്ചി.

Trigonometry, *n.* ത്രികോണത്തിൻെറ വശങ്ങൾക്കും അവയുടെ കോണങ്ങൾക്കും തമ്മിലുള്ള ബന്ധത്തെപ്പററി പ്രതിപാദിക്കുന്ന ഗണിതശാസ്ത്രം, ത്രികോണമിതി.

Trilateral, *a.* മുപ്പുറമുള്ള, മൂന്നുഭുജമുള്ള, ത്രിഭുജമായ, ത്രിപാർശ്വമായ.

Triliteral, *a.* മൂന്നക്ഷരമുള്ള, ത്ര്യക്ഷരമായ.

Trill, *n.* തെറിപ്പു്, വിറപ്പു്, സ്വരകമ്പം, ഒലിവിറപ്പു്, സ്വരത്തിൻെറ വിറയൽ; *v. t. and v. i.* വിറയ്ക്കുക. കമ്പനംചെയ്യുക; *v. i.* ഒഴുകുക, വടിയുക.

Trillion (tril'yun), *n.* പതിനായിരംകോടി, ദശപരാർദ്ധം, 19-ാംസ്ഥാനം.

Trim, *v. t.* ശരിപ്പെടുത്തുക, പരിഷ്കരിക്ക, ഒഴുക്കപ്പെടുത്തുക, വിരചിക്ക, അലങ്കരിക്ക, പുറപ്പെടത്തക്കവണ്ണം ചിത്രമാക്കുക, വെട്ടിശരിപ്പെടുത്തുക; *a.* ശരിപ്പെട്ടത്തിയ. പരിഷ്കരിച്ച, വിരചിതമായ, കത്തിരിച്ചുശരിപ്പെടുത്തിയ; മുററിയ, ഇറുക്കമായ; **-ming,** *n.* പരികല്പം, ഭൂഷണം, സജ്ജ, വേഷം. കപ്പലിൻെറ യാത്രയ്ക്കൊത്തുങ്ങിയസ്ഥിതി, തളവാടം (ഗീയർ).

Trinity, *n.* ത്രിമൂർത്തി.

Trinket, *n.* കളിപ്പണ്ടം; കങ്കണം. അല്പഭൂഷണം; അലങ്കാരം.

Trinomial, *a.* മൂന്നുകാലുള്ള, ത്രിപദമായ, മുക്കാലിയായ.

Trio, *n.* മുച്ചു്, ത്രയം, ത്രിതയം, ത്രികം.

Trip, *v. i.* തത്തുക, വിചലിക്കുക; ചെറുസഞ്ചാരംചെയ്യുക. ലഘുചരിക്കുക; *v. t.* ഇടറിവീഴ്ത്തുക. പ്രസ്ഖലിപ്പിക്ക, ഇടച്ചുയുണ്ടാക്കു; *n.* ഇടറൽ, ഇടച്ചു, സ്ഖലിതം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രമണം, ലാല്യസഞ്ചാരം, ചെറുയന്ത്ര, പഴ്ച്ച ടനം.

Tripartite, *a.* മൂന്നുപങ്കായ, ത്രിഭാഗമിയ, ത്രിഖണ്ഡമായ.

Tripe, *n.* ജഠരം, ഉദരം, വയർ, കുടൽ, ആന്ത്രങ്ങൾ (pl.)

Triped, *a.* ത്രിപദി, മൂന്നുപാദമുള്ളതു്.

Triphthong, *n.* സ്വരത്രയസംയോഗം. മൂന്നുസ്വരങ്ങൾ ഒന്നിച്ചുചേന്നതു്.

Triple, *a.* മുമ്മടങ്ങായ, മൂന്നുമടങ്ങായ, ത്രിഗുണമായ, ത്രിവിധമായ; *v. t.* മൂന്നുമടങ്ങാക്കുക, ത്രിഗുണീകരിക്കുക.

Triplet, *n.* ത്രിപാദശ്ലോകം, ത്രിപദി.

Triplicate, *a.* മൂന്നുമടങ്ങായ, ത്രിഗുണമായ; *n.* മൂന്നാംപ്രതി, മൂന്നാമത്തെ പകപ്പു്, മൂന്നാംപകപ്പു്; **-Triplicity,** *n.* മൂന്നിരട്ടി, ത്രൈഗുണ്യം, ത്രൈവിധ്യം.

Tripod, *n.* മുക്കാലി, മുക്കാലിപ്പലക, മുക്കാലിപ്പീഠം.

Trisect, *v. t.* മൂന്നുസമഭാഗമായി പകുക്കുക, മൂന്നു സമാംശങ്ങളായി വിഭജിക്കുക.

Trisyllable, *n.* ത്ര്യക്ഷരം, ത്രികം.

Trite, *a.* ക്ഷുണ്ണമായ, ജീൎണ്ണമായ, ഉച്ഛിഷ്ടമായ, സുപ്രസിദ്ധമായ, എപ്പോഴും പറയുന്ന.

Triturate, *v. t.* പൊടിയാക്കുക, ഭസ്മമാക്കുക, അരയ്ക്കുക, ഉരലിലിട്ടുകുത്തുക, ധൂളിയാക്കുക.

Triumph (-umf), *n.* ആൎപ്പുവിളിപ്പു്, ജയത്തുള്ളൽ, ജയഹർഷം, ജയോല്ലാസം; വിജയോത്സവം, ജയയന്ത്ര; ജയം; *v. i. and v. t.* വിജയോത്സവംനടത്തുക; വെല്ലുക, ജയിക്കുക; **-al,** *a.* ജയസംബന്ധമായ, ജയ in comp; **-ant,** *a.* വെല്ലുന്ന, ജയിക്കുന്ന, ജൈത്രമായ, ജേതാവായ, വിജയിയായ; **-antly,** *adv.* ജയത്തോടെ, ജയഘോഷത്തോടെ, ജയഹർഷത്തോടെ.

Triumvirate, *n.* മൂന്നുപേരുടെ ഭരണം, ത്രയഭരണം.

Trivet, *n.* മുക്കാലി.

Trivial, *a.* സാമാന്യമായ, നിസ്സാരമായ, അല്പമായ; *see* **Trifling; -ity,** *n.* നിസ്സാരത, സാരമില്ലായ്മ, അമുഖ്യത.

Trochee (-kē), *n.* കാവ്യവൃത്തം.

Troglodyte (-dīt), *n.* ഗുഹാവാസി.

Troll, *v. t. or v. i.* ചുറ്റുക, ഉരുളുക; ആശകാട്ടിവലിക്കുക; മീൻപിടിക്കുക; മാറിമാറി പദംപാടുക, ആവൎത്തനക്രമേണ ഗാനംചെയ്യുക.

Trolly, *n.* തള്ളുവണ്ടി, ട്രാളി.

Troop, *n.* (s) പട, പട്ടാളം, സേന, സൈന്യം; പടയണി; ഗുല്മം, ദലം; യൂഥം, ഗണം, കദംബം, കുലം; *see* **Herd; -er,** *n.* കുതിരപ്പട്ടാളക്കാരൻ, കുതിരവീരൻ, സാദി.

Trope, *n.* രൂപകാലങ്കാരം, രൂപകം.

Trophy (trō'fi) *n.* ജയസ്തംഭം, ജയചിഹ്നം, ജിതദ്രവ്യം.

Tropic, *n.* അയനവൃത്തം, ക്രാന്തിവലയം, ക്രാന്തിമണ്ഡലം; 't. of cancer കൎക്കിചക്രം, ഉത്തരായനവൃത്തം'; 't. of capricorn മകരചക്രം, ദക്ഷിണായനവൃത്തം'; **-al,** *a.* അയനവൃത്തസംബന്ധമായ.

Trot, *v. i.* തരിച്ചുനടക്കുക, മെതിച്ചുമെതിച്ചുനടക്കുക, ധൌരിതംചെയ്യുക.

Troth, *n.* വിശ്വാസം, പ്രത്യയം; സത്യം.

Trouble (trub'l), *v. t. and v. i.* ഉപദ്രവിക്കുക, പീഡിപ്പിക്കുക, ക്ലേശിപ്പിക്കുക, ശ്രമപ്പെടുത്തുക, കുഴയ്ക്കുക, കലക്കുക; *n.* തൊല്ല, ഉപദ്രവം, വിപത്തു്; തൊന്തരവു്, ദുഃഖം, ആയാസം, ഖേദം; നോവു്; രോഗം; **-ed,** *a.* ഉപദ്രവമുള്ള, പീഡിതമായ, വിഹ്വലമായ, ആൎത്തമായ; **-some,** *a.* തൊല്ലയുണ്ടാക്കുന്ന, ഉപദ്രവകരമായ; ക്ലേശാവഹമായ, ദുഃഖാവഹമായ; **-Troublous,** *a.* കലങ്ങിയ, ക്ഷോഭിച്ച; കൊന്തളിച്ച.

Trough (trof), *n.* തണ്ണീർതൊട്ടി, തോണി.

Trounce, *v. t.* ദണ്ഡിക്ക, ശിക്ഷിക്ക, ചാട്ടകൊണ്ടടിക്കുക, കവഞ്ചികൊണ്ടുതല്ലുക.

Troup (trōp), *n.* സംഘം.

Trousers, Trowsers (-zĕrz), *n.* pl. ചല്ലടം, കാല്ചട്ട.

Trout, *n.* ആറ്റുമീൻ, കളമീൻ.

Trow (trō), *v. i.* വിചാരിക്കുക, ചിന്തിക്കുക.

Trowel, *n.* കരണ്ടി, കുമ്മായക്കരണ്ടി.

Troy, t. weight, *n.* പന്ത്രണ്ടു് ഔൺസുള്ള റാത്തൽ, തട്ടാത്തൂക്കം, പൊൻവെള്ളിത്തൂക്കം.

Truant, *n.* കഴിമടിയൻ, വേലക്കള്ളൻ, പള്ളിക്കൂടത്തിൽപോകാതെ ഒളിച്ചുതിരിയുന്ന കുട്ടി; **-Truancy** (trōan-si), **-Truantship,** *n.* വേലക്കള്ളം, പള്ളിക്കൂടത്തിൽ പോകാതിരിക്കൽ, അലസത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Truce (trōs), *n.* യുദ്ധവിരതി, പോർനിര ത്തം, യുദ്ധവിശ്രാമം.
Truck, *n.* വണ്ടി, ചെറചില്ലുവണ്ടി, സാമാ നവണ്ടി, ശകടം; *v. t. and v. i.* പണ്ടം മാററുക, കൈമാററംചെയ്ക.
Truckle, *n.* കപ്പി, കപ്പിയുരുളം, ചെറച ക്രം; *v. i.* ഇണങ്ങുക, കെഞ്ചുക; 't. bed വണ്ടിക്കട്ടിൽ, ഉരുളംകട്ടിൽ'; **-er,** *n.* കീ ഴ്വഴക്കമുള്ളവൻ, അധീനൻ.
Truculent (truk'-), *a.* ഉഗ്രമായ, കടുത്ത, ക്രൂരമായ, നിർദ്ദയമായ; **-Truculence, -Truculency,** *n.* കാട്ടാളത്തം, നിഷ്ഠര തചം, ക്രൌര്യം.
Trudge, *v. i.* തളർന്നനടന്നുചെല്ലുക, ഇഴ ഞ്ഞുനടന്നുപോകുക, കാൽനടയായിപ്പോ കുക, നീങ്ങുക.
True (trö), *a.* ഉണ്മയായ, നേരായ, സത്യ മായ, യഥാൎത്ഥമായ, അകൃത്രിമമായ; യോ ഗ്യമായ; **-ly,** *adv.* നേരായി, സത്യമായി, യഥാർത്ഥമായി, തത്ത്വമായി; **-Truism** (trö'izm), *n.* സത്യം, സ്വതഃസിദ്ധവച നം; **-Truth,** *n.* നേര്, സത്യം, തഥ്യം, തത്ത്വം; സത്യത, പരമാൎത്ഥത; **-ful,** *a.* സത്യമുള്ള, സത്യമായ; നേരുപറയുന്ന.
Trump, *n.* തുരുപ്പ് (ചീട്ട്); എക്കാളം, കാ ളം, കാഹളം; *v. t. or v. i.* തുരുപ്പിറക്കി കളിക്കുക, തുരുപ്പടിക്കുക; മോഷം ചെയ്യുക.
Trumpery, *n.* മോശം, അസാരവസ്തു, സാ രമില്ലാത്തതു്, തുഛമായതു്, കൊള്ളരു തായ്മ; വീൺവാക്കു്, കള്ളം; *a.* അല്പമാ യ, നിസ്സാരമായ, വിലയില്ലാത്ത.
Trumpet, *n.* കാഹളം, കൊമ്പ്, തൂര്യം, തു രി; പാടലാളിപ്പു്, മോഘ; *v. t.* കാഹളം മുഴക്കുക, ഉദ്ഘോഷിക്ക, പ്രസിദ്ധംചെ യ്ക; **-er,** *n* കൊമ്പുകാരൻ, കാഹളമൂ തുന്നവൻ, തൂര്യവാദകൻ.
Truncate, *v. t.* ചെത്തുക, ചെത്തിക്കുറയ്ക്കു ക, ചെത്തിമുറിക്കുക, അവച്ഛേദിക്ക.
Truncheon (-shun), *n.* വലതടി, കുറന്ത ടി, കട്ടിക്കോൽ, ഗദ, ദണ്ഡം; *v. t.* തടി കൊണ്ടടിക്ക.
Trundle, *n* ഉരുളം, ചെറചക്രം; ചെറച ക്രവണ്ടി; ഉരുളച്ച, ഇളക്കം; *v. t.* ഉരുട്ടി ക്കൊണ്ടുപോകുക; ചാറിക്കുക; *v. i.* (ച ക്രത്തിന്മേൽ) ചരറുക, തിരിയുക.
Trunk, *n.* മട്ട, അടിമരം, തായ്മരം, തടി മരം; തണ്ടു്, സ്കന്ധം, കാണ്ഡം, പ്രകാ ണ്ഡം; ഉടൽ, കബന്ധം; തുമ്പിക്കൈ, ശു ണ്ഡാദണ്ഡം, തോൽപെട്ടി, ഇരുമ്പുപെ ട്ടി; മുഖ്യഭാഗം, അഗ്രഭാഗം.
Truss, *n.* തിരള്, പൊതി, ചിപ്പം, കൂച്ചം, ഭാരം; പട്ടം, വാറു്; *v. t.* കെട്ടുക, ബ ന്ധിക്കുക.
Trust, *v. t.* വിശ്വസിക്ക, നമ്പുക; നിക്ഷേ പിക്ക, സമൎപ്പിക്ക; *v. i.* ദീൎഘയാകുക; *n.* വിശ്വാസം, വിശ്രംഭം, പ്രത്യയം; നിക്ഷേ പം, ഏല്പിക്കൽ, ഏല്പിച്ചവസ്തു; ആശ, പ്ര ത്യാശ, ആശാബന്ധം; കടക്കച്ചവടം; വ്യാ പാരക്കൂട്ടുകെട്ടു്, വൎത്തകസംഘം; **-ee,** *n.* പരിപാലനത്തിന് ഏല്പിക്കപ്പെട്ട വസ്തു കൈവശം വച്ചുകൊണ്ടിരിക്കുന്ന വൻ, ന്യാസധാരി, നിക്ഷേപധാരി; ഊരാഴ്മ; **-ing,** *a.* വിശ്വസിച്ച്, വിശ്വസ്തമായ, വിശ്വാസയോഗ്യമായ; **-ingly,** *adv.* വിശ്വാസത്തോടെ; വി ശ്വസ്തതയോടെ; **-worthy, -y,** *a.* വി ശ്വസനീയമായ, വിശ്വസിക്കത്തക്ക, വി ശ്വാസാർഹമായ; വിശ്വാസയോഗ്യമാ യ, വിശ്രംഭാസ്പദമായ, വിശ്രംഭഭൂമിയായ.
Truth (tröth), *n. see* **True.**
Try (trī), *v. t.* പരീക്ഷിച്ചുനോക്കുക, പരീ ക്ഷിക്ക, ഉരച്ചുനോക്കുക, ആരായുക; വി വേചിക്കുക, ന്യായവിസ്താരംചെയ്യുക; പരി ഷ്കരിക്ക; പുടമിടുക; *v. i.* ഉദ്യമിക്ക, വ്യവ സായപ്പെടുക, പ്രവൎത്തിക്കുക; **ing,** *a.* ക്ലേശിപ്പിക്കുന്ന, കഷ്ടകരം, പീഡാകരം; **-Trial,** *n.* പരീക്ഷ, പരീക്ഷണം; വി ചാരണ, ന്യായവിചാരം; ആപത്തു്, കൃ ച്ഛ്റം, നിർഭാഗ്യം; പ്രയത്നം, ഉദ്യമം, ഉദ്യോഗം.
Tryst (trist), *n.* സങ്കേതസ്ഥാനം, സങ്കേ തസമയം; സമാഗമസങ്കേതം.
Tub, *n.* മരത്തൊട്ടി, പടവു്, തോണി, ദ്രോ ണി.
Tube, *n.* കുഴൽ, നാളി, നാളിക, നാഡി, സുഷിരം, നീർത്തുമ്പ്, പ്രണാളി, പ്രണാ ളം; **-Tubular,** *a.* കുഴൽപോലെയുള്ള, നാളാകൃതിയായ, നാഡീരൂപമായ.
Tuber, *n.* കിഴങ്ങ്, കന്ദം; **-ous,** *a.* ഗ്രന്ഥി ലമായ, ഉരുണ്ടുകൂടിയ.
Tubercle, *n.* സൂക്ഷ്മവ്രണം, ചെറവ്രണം, ഗ്രന്ഥി.
Tuck, *v. t.* മേലോട്ടുവലിക്കുക, തെറുക്കുക, തെറുത്തുകയററുക, മടക്കുക, ചുരുക്കുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒതുക്കുക; മടക്കിത്തുന്നുക; അകത്താക്കുക; *n.* (കുറകെയുള്ള) മടക്ക് or മടിപ്പ്; പല ഹാരം; മിഠായി; ചെണ്ടകൊട്ട്; **-er,** *n.* മറ്റാട, റവുക്ക; മടക്കിടുന്നവൻ, മടക്കിടുന്നകരു.

Tuesday (tūz'-), *n.* ചൊവ്വാഴ്ച.

Tuft, *n.* മുടി, കുടുമി, കൊണ്ട, തൂഞ്ചം, ചൂഡ; ശിഖ, ശേഖരം; കൊത്തു്, തൊത്തു്, ചെണ്ടു്, സ്തബകം, ഗുച്ഛം, അവതംസം; **-ed,** *a.* കുടുമിയുള്ള, ശിഖിയായ, ശേഖരിതമായ.

Tufthunter, *n.* മുഖസ്തുതിക്കാരൻ, പ്രിയവാദി.

Tug, *v. t. or v. i.* ശക്തിയായിവലിക്കുക, ബലമായി ഇഴക്കുക, കെട്ടിയിഴക്കുക, ആകർഷിക്ക.

Tuition (tū-ish'un), *n.* പഠിപ്പിക്കൽ, ശിക്ഷണം, അദ്ധ്യാപനം, ഉപദേശം.

Tulip, *n.* പൂവരശുമരം, ശീലാന്തി.

Tumble, *v. t. and v. i.* ഉരുണ്ടുവീഴുക, തട്ടിമറിയുക, തട്ടിവീഴുക, വീഴുക, തലകീഴായിവീഴുക, സ്ഖലിക്ക; *n.* ഉരുണ്ടുവീഴ്ച, സ്ഖലനം.

Tumbler, *n.* ടമ്പ്ളർ, പാനപാത്രം, കാചപാത്രം, കുടിക്കുവാനുപയോഗിക്കുന്ന ഗ്ലാസ്; ഞാണിന്മേൽക്കളിക്കാരൻ, കമ്പത്തിൽക്കൂത്താടി; സൂത്രായണൻ; തൻപുകഴ്ചക്കാരൻ.

Tumbrel, Tumbril, *n.* നാലുചക്രച്ചുമട്ടുവണ്ടി.

Tumefaction (-shun), *n.* വീങ്ങൽ, വീപ്പ്.

Tumefy, *v. t. and v. i.* വീങ്ങുക, വീക്കുക.

Tumid, *a.* പൊങ്ങിയ, വീത്ത, സ്ഫീതമായ, ആധ്മാതമായ.

Tumour, *n.* വീക്കം, എരിപന്തപ്പുരു, വിസ്ഫോടം; ശോഫം, ശ്വയഥു, വ്രണം, മാംസാർബുദം; 'fatty t. മേദോർബുദം'.

Tumult, *n.* കലക്കം, കലഹം, ശണ്ഠ, കുഴപ്പം, അല്ലൽ, തുമുലം, സങ്കലം; കോലാഹലം, കലകലരവം; **-uous,** *a.* കലഹമായ, ശമ്മലയായ, ക്ഷുബ്ധമായ, അവ്യവസ്ഥിതമായ; **-uary,** *a.* കലഹമായ, ക്ഷുബ്ധമായ, അടക്കമറ്റ.

Tumulus, *n.* മൺകൂന, മൺകവിയൽ, ശവക്കുഴിക്കുന്ന.

Tun, *n.* വൻവീപ്പ; 252 ഗാലൻ അളവ്.

Tune, *n.* രാഗം, താളം; രാഗൈക്യം, സ്വരൈക്യം; 'out of t. വിസ്വരമായ', 'in t. ശ്ലിഷ്ടസ്വരമായ, യുക്തസ്വരമായ'; *v. t.* സ്വരൈക്യംവരുത്തുക; **-ful,** *a.* സുസ്വരമായ, മധുരമായ, ഇമ്പമായ നാദമുള്ള, സ്വരൈക്യമുള്ള.

Tunic, *n.* കുപ്പായം, ചൊക്കായ്, അടിക്കുപ്പായം; തോൽ, ചർമ്മം, തൊലി; ചുണങ്ങ്.

Tunnel, *n.* നാളം, നാളി; പുകക്കുഴൽ; കുല്യ, ഗൂഢമാർഗ്ഗം; *v. t.* തുരങ്കംകുഴിക്കുക, അന്തർഭൌമമാർഗ്ഗമുണ്ടാക്കുക, സുഷിരീകരിക്കുക.

Tup, *v. t. or v. i.* (ആട്) മുട്ടുക; (ആട് തമ്മിൽ) ഇണചേരുക.

Tupai, *n.* കീരി, നകുലം.

Turban, Turband, *n.* തലപ്പാവ്, ഉഷ്ണീഷം, ശിരോവേഷ്ടനം.

Turbid, *a.* കലങ്ങിയ, തെളിച്ചമില്ലാത്ത, കലുഷമായ, പങ്കിലമായ, മലിനമായ.

Turbulent, *a.* ഇളകിയ, ക്ഷോഭിച്ച; എതിർക്കുന്ന, കലഹിക്കുന്ന; ദുർദാന്തമായ, അടക്കമില്ലാത്ത; കലഹകാരിയായ. അനവസ്ഥിതമായ; **-lence, -lency,** *n.* കലക്കം, കോപം, കലഹം, താറുമാറ്.

Tureen, Tereen, *n* വലിയകുഴിത്തളിക.

Turf, *n.* മേൽമണ്ണ്, പുൽസ്ഥലം, സതൃണഭൂമി, ശാദ്വലം, മൈതാനം; (the turf) കുതിരപ്പന്തയമൈതാനം.

Turgent, *a.* വീക്കമുള്ള, മുഴച്ച; പൊക്കമുള്ള, പ്രൌഢിയുള്ള; **-Turgesce** (-jes'), *v. i.* വീങ്ങുക, വീക്കുക.

Turgid, *a.* വീത്ത, വീങ്ങിയ, സ്ഫീതം, ഉച്ഛൂനമായ.

Turk, *n.* തുർക്കി, തുരുഷ്കൻ, മഹമ്മദീയൻ.

Turmeric, *n.* മഞ്ഞൾ, ഹരിദ്രം, കാഞ്ചനി, നിശ.

Turmoil (tér-), *n.* അദ്ധ്വാനം, ബദ്ധപ്പാട്, സംക്ഷോഭം, തുമുലം, കലാപം, കലക്കം, അമളി.

Turn, *v. i.* ചുറ്റുക, പരിഭ്രമിക്ക, ഘൂർണ്ണിക്ക, പരിവർത്തിക്ക; തിരിഞ്ഞുനില്ക്കുക; നില്ക്കുക, അടിസ്ഥാനമായിരിക്കുക; ആയിത്തീരുക, അനുഭവിക്ക, ഉണ്ടാകുക; വിട്ടുമാറുക; പരിണമിക്ക; കടച്ചൽപണിക്കുതക്കതായിരിക്ക പുളിക്കുക, അമ്ലീഭവിക്ക, ഉറക്കുട്ടുക; തലചുറ്റുക; ഓക്കാനംവരിക; വെള്ളം ഇറക്കമാക, വെള്ളം ഏറ്റമാക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(രീന്റ അച്ചക്ഷരത്തിനുപകാരം വേറെ) അച്ചടിയക്ഷരംതലതിരിച്ചിടുക; ‘to t. to സാഹായ്യം ഉപയോഗിക്കുക, ആലോചന ചോദിക്കുക’; *v. i.* ചററുക, ചുഴററുക, ചുണ്ണിപ്പിക്ക, പരിവത്തിപ്പിക്ക; മുഖംതിരിക്ക; പുറംതിരിക്ക; മറിക്ക, കീഴ്മേൽമറിക്ക, വിപയ്യസിക്ക, തലകീഴാക്ക; ഗതിമാററുക, വളയ്ക്കുക; നോട്ടംതിരിക്ക; ശ്രദ്ധമാററുക; ഭേദപ്പെടുത്തുക, ക്രൊള്ളിക്കുക, ഉപയോഗപ്പെടുത്തുക, നിയോഗിക്ക; ആക്കിത്തീക്കുക; രൂപഭേദംവരുത്തുക; കടയുക; ആകൃതിപ്പെടുത്തുക; തജ്ജമചെയ്യുക, പരിഭാഷപ്പെടുത്തുക; പുളിപ്പിക്ക. അമ്ലീകരിക്ക, ഉറക്കൂട്ടുക; ഓക്കാനംവരുത്തുക; ‘to be t. ed of കടക്കുക, കവിയുക’; ‘to t. a cold shoulder to നോക്കാതിരിക്ക, ഗൌനിക്കാതിരിക്ക, അലക്ഷ്യമാക്ക, ക്രൂട്ടാക്കാതെയിരിക്ക’; ‘to t. a corner മൂല തിരിയുക’; ‘to t. adrift വിട്ടുകളയുക, ത്യജിക്ക, ഉപേക്ഷിക്ക’; ‘to t. against വിരോധമാകുക, മുഷിയുക, വിരുദ്ധമാകുക’; ‘to t. a penny, to t. an honest penny സമ്പാദിക്ക, നേടുക’; to t. away നീക്കിക്കളയുക, പറഞ്ഞയയ്ക്കു, അപനയിക്ക, നിരാകരിക്ക, തടുക്കുക’; ‘to t. back തിരിച്ചുകൊടുക്ക, തിരിയെ കൊടുക്ക, മടക്കിക്കൊടുക്ക; തിരിച്ചയയ്ക്കുക, മടക്കുക’; ‘to t. down മടക്കാക്കുക, മടക്കിവയ്ക്കുക, മറിച്ചിടുക; കുറയ്ക്കുക, താഴ്ത്തുക’; ‘to t. in തിരിക്കുക, മടക്കുക, ഉള്ളിലേക്കു മടക്കുക, അകത്തേക്കുതിരിക്ക; കൊടുക്ക’; ‘to t. in mind (about, over) ആലോചിക്ക, ചിന്തിക്ക, ധ്യാനിക്കുക’; ‘to t. off ആട്ടിപ്പുറത്താക്കുക, ആട്ടിക്കൊടുക്ക; തിരിച്ചുകളയുക; സാധിപ്പിക്ക, നിവ്വഹിക്ക; കടയുക; നിത്തുക, തടസ്ഥപ്പെടുത്തുക; അടച്ചുകളയുക’; ‘to t. on തുറക്കുക, തുറന്നുവയ്ക്കുക, വിടുക’; ‘to t. one’s coat അഭിപ്രായം മാററുക, മറുഭാഗം തിരിയുക’; ‘to t. one’s good or money വ്യാപാരംചെയ്യുക, ഇടപാടുചെയ്യുക; പെരുക്കുക, വദ്ധിപ്പിക്ക’; ‘to t. one’s hand to ചെയ്യുക, തുനിയുക’; ‘to t. out പുറത്താക്കുക, വെളിക്കിറക്കുക, നിഷ്കാസിക്ക, സ്ഥാനഭ്രംശംവരുത്തുക; മേച്ചിലിന്നിളക്കുക; ഉണ്ടാക്ക, ജനിപ്പിക്ക, ഭവിപ്പിക്ക; ചെയ്യുക; എടുക്കുക; നിത്തുക; അടക്കുക; കൊടുക്കുക’; ‘to t. over മറിക്ക, തിരിക്ക, മറിച്ചിടുക; കൈമാററംചെയ്യുക, പരിശോധിക്ക’; ‘to t. tail തോററോടുക, അപമാനത്തോടെ മടങ്ങുക’; ‘to t. the back on or upon മുഖംതിരിച്ചിരിക്ക, മുഖത്തു നോക്കാതെയിരിക്ക, അപമാനിക്കുക’; ‘to t. the corner വിഷമംതീരുക, ഗ്രഹപ്പിഴയൊഴിയുക, ശുഭോദയമുണ്ടാകുക’; ‘to t. the die or dice നല്ലകാലംവരിക, മംഗളമാക, കാലംനന്നാക’; ‘to t. the head or brain തലചുററുക, ബോധക്കേടുവരിക, തൻേറടംവിട്ടുപോക; ബുദ്ധികെടുക, തന്നേത്തന്നെമറക്കുക; കാൎയ്യംതെററുക’; ‘to t. the scale or balance തീച്ച്വരിക, സംശയംതീരുക, മനസ്സുറയ്ക്കുക’; ‘to t. the stomach മനംപിരളുക, ഛൎദ്ദിവരിക; ‘to t. the tables തിരിച്ചടിക്ക, കാൎയ്യം നേരേതിരിഞ്ഞുവരിക’; ‘to t. up കീഴ്മേൽ മറിക്ക, മറിച്ചിടുക; ഉഴുതുമറിക്കുക; തലപൊക്കുക’; ‘to t. upon നേരേതിരിക്കുക, വിരുദ്ധമായി ഉപയോഗിക്ക’; ‘to t. up side down കീഴ്മേൽ മറിക്ക, കുഴച്ചിയിടുക’; *n.* ചുഴററൽ, ചുററൽ, തിരിക്കൽ; ആവൎത്തനം, മാററം, വ്യത്യാസം, ഭേദം; പരിവൃത്തി; വളവ്, തിരിവ്, തിരിച്ചിൽ; ഉലാത്തൽ, പരിക്രമം; സന്ദൎഭം, അവസരം, സമയം, കാലം; വൃത്തി; ഭാവം, ദശ; ഗതി, ക്രമം, പോക്ക്; ആകാരം, സ്വഭാവം; മയക്കം, ആലസ്യം; ഖനിക്കുഴി; **-er,** *n.* തിരിക്കുന്നവൻ, കടച്ചിൽപ്പണിക്കാരൻ; കരണംമറിയുന്നവൻ; **-ing,** *n.* കടച്ചിൽപണി; ചുററു്, വളവ്, തിരിവ്; *see n*; **-Turncoat,** *n.* സ്വപക്ഷംവിടുന്നവൻ.

Turnip, *n.* തക്കാരിക്കിഴങ്ങ്, ഒരുവക മുള്ളങ്കിക്കിഴങ്ങ്; ശിഖാമൂലം.

Turnkey, *n.* ചുങ്കവഴി; ചുങ്കവഴിയിലെ കാവൽക്കാരൻ.

Turnpike, *n.* ചുങ്കവാതിൽ.

Turpentine, *n.* പയിനെണ്ണ, ദേവദാരുതൈലം, ടർപ്പൻറയിൻ.

Turpitude, *n.* തിന്മ, ദുഷ്ടത, ദോഷം.

Turquoise, *n.* വൈഡൂൎയ്യം, ഹരിതാശ്മം.

Turret, *n.* ചെറുഗോപുരം, ശിരോഗൃഹം, പ്രാസാദശിഖരം.

Turtle, *n.* ആമ; മണിപ്പിറാവ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Tusk, *n.* (പല്ല്) കൊമ്പ്, ദന്തം.

Tussle (tus'l), *n.* മല്ല്, ബാഹുയുദ്ധം, തല്ല്.

Tut, *intj.* മിണ്ടരുതു്, അനങ്ങരുതു്; ച്ഛ.

Tutelage, *n.* അദ്ധ്യാപകത്വം, ആചാര്യത്വം, ബാലപരിശീലനം.

Tutelary, *a.* രക്ഷിക്കുന്ന, രക്ഷ, രക്ഷക in comp.

Tutenag, *n.* തുത്തനാകം, തുത്ഥം, തുത്ഥാഞ്ജനം.

Tutor, *n.* രക്ഷാകർത്താവ്, ആശാൻ, ഗുരു, അദ്ധ്യാപകൻ, ശിക്ഷകൻ; **-ship,** *n.* ആചാര്യത്വം.

Twaddle, *v. i.* ജല്പിക്കുക, ചിലയ്ക്കുക, നിസ്സാരമായിപ്പറക; *n.* നിസ്സാരസംഭാഷണം, ജല്പു്.

Twain, *n.* രണ്ടു്; ദ്വയം; *a.* രണ്ടു്, രണ്ടായ, ദ്വിധം, ദ്വേധം.

Twang, *v. t.* മണിനാദമുണ്ടാക്കുക, മുഴക്കുക, ശബ്ദംമുഴക്കുക; *v. i.* മണിനാദമുണ്ടാക, മുഴങ്ങുക, ഞാണൊലിമുഴങ്ങുക; *n.* ഞാണൊലി, ടങ്കാരം, ജ്യാഘോഷം; മണിനാദം, മുഴക്കം, കണിതം.

Twattle, *v. i. or v. t.* അലയ്ക്കുക, ജല്പിക്കുക; *n.* കള്ളൻ, ഹ്രസ്വൻ; നിസ്സാരസംഭാഷണം.

Tweak, *v. t.* നുള്ളുക, കിള്ളുക, പിച്ചുക; പിടിച്ചുവലിക്ക; തിരുമ്മുക; *n.* നുള്ളു്.

Tweed, *n.* നല്ല കമ്പിളിത്തുണി (പുരുഷന്മാർ ധരിക്കുന്നതു്.)

Tweedle, Twiddle, *v. t.* വീണ പതുക്കെ വായിക്ക.

Tweese, Tweeze, *n.* (വൈദ്യന്മാരുടെ) ശസ്ത്രക്കൂട്ടം; **-er,** *n.* ചവണ, കങ്കമുഖം.

Twelve, *n. and a.* പന്ത്രണ്ടു്; **-Twelfth,** *a.* പന്ത്രണ്ടാമത്തെ.

Twenty, *n.* ഇരുപതു്.

Twig, *n* ചില്ല, ചുള്ളി, കൊമ്പു്.

Twilight (-lit), *n.* മങ്ങൽ, മന്ദാരം, സന്ധ്യാവെളിച്ചം, സന്ധ്യ, സന്ധ്യാകാലം.

Twill, *v. t* കോണോടുകോൺനെയ്യുക.

Twin, *n.* ഇരട്ട, ഇരട്ടപ്രസവിച്ചവർ, യമർ, യമജർ; യുഗ്മം; *a.* ഇരട്ടയായ, യുഗ്മമായ.

Twine, *n.* ചരടു്, നൂല്, ട്വയിൻ; *v. t.* ചുററുക, വരിയുക.

Twinge, *n.* നുള്ളു്, പിച്ചു്; വ്യഥ, പീഡ, വേദന; *v. t.* പിച്ചുക, നൊമ്പലപ്പെടുത്തുക.

Twinkle, *v. i.* ചിമിട്ടുക, മിന്നുക, ജ്വലിക്കുക, സ്ഫുരിക്ക, തരളമായി പ്രകാശിക്ക; ചിമ്മുക, നിമീലനംചെയ്ക; *n.*, **-ing,** *n.* ഇമയ്പു്. ഇമയ്ക്കൽ, ചിമ്മൽ; സ്ഫുരണം, സ്ഫുരിതം, തരളജ്യോതിസ്സു്.

Twirl, *v. t. and v. i.* ചുഴററുക, തിരിക്കുക, വട്ടംകറക്കുക; വിരൽകൊണ്ടു വട്ടത്തിൽകറക്കുക, ചുഴലുക, കറങ്ങുക; *n.* വട്ടംചുററു്, ചുഴി, ചുററു്, ത്വരിതപരിവൃത്തി.

Twist, *v. t. and v. i.* പിരിക്കുക, പിണയ്ക്കുക, മുറുക്കുക, പുളയിക്ക; അർത്ഥവ്യത്യാസംവരുത്തുക, ദുരർത്ഥംവരുത്തുക; രൂപം മാററുക, കോട്ടുക; കടക്കുക, പ്രവേശിക്ക; *n.* പിരി, ചുററു്; കയറു്; പിരിച്ചനൂല്; **-ed,** *a.* വളഞ്ഞ, പിണച്ച, പുളഞ്ഞ, കോട്ടംവരുത്തിയ; **-er,** *n.* പിരിക്കുന്നവൻ.

Twit, *v. t.* കുത്തിപ്പറയുക, താഴ്ത്തിപ്പറയുക.

Twitch, *v. t.* പറിക്കുക, പിടുങ്ങുക, പിടിച്ചുവലിക്ക; പിടിച്ചുപറിക്കൽ, വലി; കോച്ചു്. നരമ്പുവലി; **-er,** *n.* പിടിച്ചുപറിക്കുന്നവൻ, പിടുങ്ങുന്നവൻ.

Twitter, *v. i.* കഥയില്ലാതെപറയുക, കിളുകിളുക്ക, ജല്പിക്ക, പ്രലപിക്ക; *n.* കിളുകിളുപ്പു്, കഥയില്ലാത്തപറച്ചിൽ, പ്രലാപം.

Two (tō), *n.* രണ്ടു്, ദ്വയം; *a.* രണ്ടു്; **-Twice,** *adv.* രണ്ടുതവണ; ഇരട്ടി, രണ്ടുമടങ്ങു്.

Tye, *n.* പാമരക്കമ്പു; അരിപ്പത്തൊട്ടി.

Tympan, Timpanum, *n.* ചെണ്ട, മദ്ദളം; ശ്രോത്രത്വക്, കർണ്ണോദരം, കർണ്ണദുന്ദുഭി.

Tyne, *n.* മാൻകൊമ്പു്.

Type, *n.* അച്ചു്, മുദ്ര; അക്ഷരം; മാതൃക, പ്രതിരൂപം; ലക്ഷണം, വടു; പ്രകാരം, രീതി; മുൻകുറി; വർഗ്ഗലക്ഷണം; 't. founder അക്ഷരംവാർപ്പുകാരൻ'; 't. foundry അക്ഷരവാർപ്പുശാല'; 't. metal മുദ്രാക്ഷരലോഹക്കൂട്ടു്'; 't. writer എഴുത്തുയന്ത്രം, ലേഖനയന്ത്രം, ടൈപ്പുറയിററർ'; *v. t.* മുൻകുറി ആയിരിക്കുക, മാതൃകയായിരിക്കുക; **-ical,** *a.* മാതൃകയായ, വർഗ്ഗലക്ഷണമുള്ള; ex. by അദശ etc. in comp;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-Typify, *v. t.* അദർശീകരിക്ക, പ്രതിരൂപംകൊണ്ടകാട്ടുക, രൂപത്താൽ കുറിക്കുക, സാദൃശ്യമാക്കുക; **-Typography,** *n.* അച്ചടിവിദ്യ, അച്ചടിപ്രവൃത്തി.

Typhoon, Tyfoon, *n.* ചുകാട്ടംചുഴലിക്കാററു്, ചുഴലിക്കാട്ടംകാററു്.

Typhus, . ഒരുമാതിരി പകർച്ചപ്പനി; **-Typhoid,** *a.* വിഷമജ്വരം സംബന്ധിച്ച, സന്നിപാതമായ.

Tyranny, *n.* പ്രജാപീഡനം, ജനമർദ്ദനം, നിഷ്ഠുരഭരണം, ദുർഭരണം; കാഠിന്യം; **-ic, -ical,** *a.* ജനമർദ്ദനമായ, പ്രജാപദ്രവിയായ, ക്രൂരതയുള്ള; **-ize,** *v. t.* അത്യധികംപീഡിപ്പിക്ക; **-Tyrant,** *n.* ഉഗ്രൻ, പ്രജാപീഡകൻ, നിഷ്ഠുരശാസനൻ, ദുശ്ശാസനൻ; സ്വേച്ഛാധിപതി.

Tyre, *n.* നേമി, ടയർ.

Tyro, Tiro, *n.* അഭ്യസിക്കുന്നവൻ, പഠിക്കുന്നവൻ; പരിചയമില്ലാത്തവൻ, അനഭ്യസ്തൻ, നവച്ഛാത്രൻ, നവശിഷ്യൻ; **-nism, -Tironism,** *n.* ശീലമില്ലായ്മ, പരിചയക്കുറവു്.

Ubiquitous (ū-bik'wĕtus), *a.* എവിടെയും ഉള്ള, എല്ലായിടത്തുമുള്ള, സർവ്വവ്യാപിയായ.

Udder, *n.* അകിടു്, അവിടു്; മുല, സ്തനം.

Ugly (ug'li), *a.* അവലക്ഷണമായ, വികൃതമായ, വികൃതാകാരമായ വെറുപ്പുണ്ടാക്കുന്ന, കുത്സിതമായ, നിന്ദ്യമായ; **-iness,** *n.* വിലക്ഷണത, വൈരൂപ്യം, അപരൂപത.

Ulcer, *n.* പുണ്ണു്, പൂയവ്രണം, വിദ്രധി, നാഡീവ്രണം; **-ate,** *v. t.* പഴുപ്പുവയ്ക്കുക, വ്രണ പ്പെടുത്തുക; *v. i.* വ്രണമാക, പഴുക്കുക; **-ated, -ous,** *a.*

Ulterior, *a.* അപ്പുറമുള്ള, അങ്ങേഅററത്തുള്ള, അപരമായ; അകലെയുള്ള; പിമ്പിലുള്ള, അനന്തരമായ.

Ultima, *a.* ദൂരെയുള്ള, അകലെയുള്ള; അവസാനത്തെ, അന്തിമമായ; **-mate,** *a.* ദൂരെയുള്ള, ഏററവും അകലെയുള്ള; ഒടുവിലത്തെ, അന്തിമമായ, പരമമായ, **-ly,** *adv.* ഒടുവിൽ, ഒടുക്കം, അവസാനത്തിൽ; **-mation,** *n.* അന്ത്യാവസ്ഥ; തീർപ്പു്, തീരുമാനം; **-matum,** (pl. Ultimata), *n.* അന്ത്യതീർപ്പു്, അന്ത്യപ്രതിജ്ഞ.

Ultra, *pfx.* അപ്പുറത്തുള്ള, മറുഭാഗത്തുള്ള; കടന്ന, അത്യധികമായ; *a.* മുന്തിനില്ക്കുന്ന, കവിഞ്ഞുനില്ക്കുന്ന; താമസിച്ച, വൈകിയ; അതി in comp; *n.* കടുംകൈ പ്രയോഗിക്കുന്നവൻ, കടുപ്പം ചെയ്യുന്നവൻ; അതിപരിഷ്കാരേച്ഛു, ഉൽപതിഷ്ണു; **-marine,** *a.* കടലിന്നപ്പുറത്തുള്ള, ദ്വീപാന്തരഭവമായ.

Ultroneous, *a.* സ്വമനസ്സാലെയുള്ള.

Umbilic, Umbilical, *a.* പൊക്കിൾസംബന്ധിച്ച, പൊക്കിൾവള്ളിസംബന്ധിച്ച, നാഭിസംബന്ധിച്ച; ഒത്തമദ്ധ്യത്തിലുള്ള.

Umbra (pl. Umbrae), *n.* പൂർണ്ണച്ഛായ, നിഴലു്, ഗ്രഹഛായ; സൂര്യകലങ്കകേന്ദ്രം.

Umbrage, *n.* തണൽ, നിഴൽ, ഛായ; അപ്രീതി, കോപം, അസൂയ, സ്പർദ്ധ, മുഷിച്ചിൽ, നീരസം; **-brageous,** *a.* നിഴലുള്ള.

Umbrella, *n.* കുട, ആതപത്രം, ഛത്രം; ഒരുവക കടച്ചെറി.

Umpire, *n.* നടുവൻ മൂന്നാമൻ, മദ്ധ്യസ്ഥൻ, നിർണ്ണേതാവു്.

Un, *pfx.* expressed by അ, നിര്, വിരുദ്ധ; ഹീന, ഇല്ലാത്ത, രഹിത in comp.

Unable, *a.* കഴിവില്ലാത്ത, കഴിയാത്ത, പ്രാപ്തിയില്ലാത്ത.

Unaccustomed, *a.* (to) ശീലമില്ലാത്ത, പരിചയമില്ലാത്ത, പതിവില്ലാത്ത അപരിചിതമായ, അനഭ്യസ്തമായ.

Unaffected, *a.* പകരാത്ത, ഗ്രഹിക്കാത്ത; നിസ്സ്നേഹമായ, അകൃത്രിമമായ, സഹജമായ, അവ്യാജമായ.

Unanimous, *a.* ഏകാഭിപ്രായമുള്ള, ഐകകണ്ഠ്യമുള്ള, ഏകമതമായ; **-ly,** *adv.* ഐകകണ്ഠ്യേന, ഐകമത്യമായി; **-Unanimity,** *n.* ഐകമത്യം, മതൈക്യം, ഏകചിത്തത.

Unarm, *v. t.* ആയുധംവയ്പിക്ക, നിരായുധമാക്ക; *v. i.* ആയുധംവയ്ക്ക; **-ed,** *a.* ആയുധമില്ലാത്ത, നിരായുധമായ; നഖവും പല്ലും കൊമ്പും ഒന്നുമില്ലാത്ത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Unassailable, *a.* എതിൎക്കാൻ സാധിക്കാത്ത, ദുഷ്പ്രധർഷമായ, അധൃഷ്യമായ, ദുരാസദമായ.

Unassuming, *a.* അഹങ്കാരമില്ലാത്ത, ദപ്പമില്ലാത്ത, വിനീതമായ, താഴ്മയുള്ള, അടക്കമുള്ള.

Unavailable, -vailing, *a.* പ്രയോജനമില്ലാത്ത, നിരൎത്ഥകമായ, നിഷ്ഫലമായ, നിർഗ്ഗുണമായ.

Unawares, *adv.* അറിയാതെ, കരുതാതെ, നിനയ്ക്കാതെ, പെട്ടെന്ന്, അതൎക്കിതമായി, നിഭൃതമായി, അകസ്മാൽ.

Unbar, Unbolt, *v. t.* താഴുതള്ളുക, താഴുമാറ്റുക, സാക്ഷമാറ്റുക, നിരൎഗ്ഗളമാക്കുക.

Unbelief, *n.* വിശ്വാസമില്ലായ്മ, അവിശ്വാസം; **-liever**, *n.* വിശ്വസിക്കാത്തവൻ, അവിശ്വാസി, നാസ്തികൻ, മിഥ്യാദൃഷ്ടി.

Unbend, *v. t.* (വളവ്) നിവിൎത്തുക, നേരെയാക്കുക, ചൊവ്വാവരുത്തുക; അയയ്ക്കുക, ശിഥിലീകരിക്ക, അയവുവരുത്തുക; അഴിച്ചുവിടുക; **-ing**, *a.* ക്രൂരമായ, മയമില്ലാത്ത.

Unbind, *v. t.* കെട്ടഴിക്കുക, അഴിക്കുക, ഉദ്ഗ്രന്ഥിക്ക, ശിഥിലീകരിക്ക.

Unblemished, *a.* കറപററാത്ത, കറയില്ലാത്ത; നിഷ്കളങ്കമായ, നിരവദ്യമായ, അക്ഷരമായ.

Unbosom, *v. t.* തുറക്കുക, വെളിപ്പെടുത്തുക, തുറന്നുപറയുക.

Unbounded, *a.* അളവില്ലാത്ത, കണക്കററ, അമിതമായ.

Unbridled, *a.* കടിഞ്ഞാണില്ലാത്ത, കടിഞ്ഞാണിടാത്ത, ഉച്ഛൃംഖലമായ, ഉദ്ദാമമായ; നിയന്ത്രണമില്ലാത്ത; തേ്വന്ന്യാസമായ. അഴിമതിയായ.

Unburden, *v. t.* ചുമടിറക്കുക, ഭാരമിറക്കുക, ഭാരമപനയിക്കുക.

Unceremonious, *a.* മൎയ്യാദയില്ലാത്ത, ആചാരോപചാരമില്ലാത്ത; അനാദരമായ; **-ly**, *adv.* മൎയ്യാദയില്ലാതെ, മന്ദാദരമായി.

Uncertain, *a.* നിശ്ചയമില്ലാത്ത, സന്നിഗ്ദ്ധമായ, സംശയഗ്രസ്തമായ; **-ty**, *n.* അനിൎണ്ണയം, സംശയം.

Unchain, *v. t.* ചങ്ങലയഴിക്കുക; സ്വാതന്ത്ര്യം നൽകുക.

Uncharitable, *a.* രഞ്ജനയില്ലാത്ത, സ്നേഹമില്ലാത്ത, ദോഷദൃഷ്ടിയായ, അസൂയകമായ, ഛിദ്രാന്വേഷിയായ.

Unchaste, *a.* ചാരിത്രശുദ്ധിയില്ലാത്ത, കാമാതുരമായ, പാതിവ്രത്യമില്ലാത്ത, പാംസുലമായ; വ്യഭിചാരിണിയായ.

Unclaimed, *a.* അവകാശപ്പെടാത്ത; അവകാശമില്ലാത്ത, അനധികൃതമായ.

Uncle, *n.* ചിററപ്പൻ, പേരപ്പൻ, പിതൃവ്യൻ; അമ്മാവൻ, മാതുലൻ.

Unclose, *v. t.* തുറക്കുക.

Unclothe, *v. t.* വിവസ്ത്രീകരിക്ക, വസ്ത്രമഴിക്ക.

Uncloven, *a.* കീറാത്ത, പിരിക്കാത്ത, അസ്ഫുടിതമായ.

Uncommon, *a.* സാമാന്യമല്ലാത്ത, അസാമാന്യമായ, അപൂൎവ്വമായ; **-ly**, *adv.* അസാധാരണമായി, അപൂൎവ്വമായി.

Uncompromising, *a.* സന്ധിക്കാത്ത, യോജിക്കാത്ത, ചേരാത്ത, രാജിപ്പെടാത്ത; സ്ഥിരമായ.

Unconcern, -ed, *a.* *see* **Indifferent.**

Unconscionable, *a.* ബുദ്ധിയ്ക്കൊക്കാത്ത, വിവേകശൂന്യമായ, ഞായമല്ലാത്ത; കണക്കിൽകവിഞ്ഞ, അത്യധികമായ; പെരിയ, വലിയ, മഹാ.

Unconscious (un-kon'shus) *a.* ബോധമില്ലാത്ത, അറിയാത്ത, ഉണൎവ്വില്ലാത്ത, നിഃസംജ്ഞമായ, മൂൎച്ഛിതമായ, അനഭിജ്ഞമായ.

Uncontested, *a.* എതിൎമറുപ്പില്ലാത്ത, വിവാദമില്ലാത്ത, പ്രത്യക്ഷമായ, തെളിവായ.

Uncontradicted, *a.* മറുത്തു or എതിൎത്തു ചൊല്ലാത്ത.

Uncontrolled, *a.* നിയന്ത്രണമില്ലാത്ത, കെട്ടില്ലാത്ത, നിൎയ്യന്ത്രണമായ.

Uncouple, *v. t.* വേർപെടുത്തുക, ഇണപിരിക്കുക.

Uncouth (un-köth´), *a.* അവലക്ഷണമായ, വിപരീതമായ, കുരൂപമായ.

Uncover, *v. t. or v. i.* തുറക്കുക, വെളിയിൽകാട്ടുക, വിവൃതമാക്കുക, തൊപ്പിയെടുക്കുക.

Unction, *n.* അഞ്ജനം, അഭ്യഞ്ജനം, വിലേപം, ആലേപം, വിലേപനം, ആലേപനം; **Unctuous**, *a.* വഴവഴപ്പുള്ള, മയമുള്ള, നെയ്ന്ന, സ്നിഗ്ദ്ധമായ, മസൃണമായ, ചിക്കണമായ, സാന്ദ്രമായ.

Uncut (unkut'), *a.* വെട്ടപ്പെടാത്ത, ഛേദിക്കപ്പെടാത്ത, അച്ഛിന്നമായ, മുഴുവനായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Undated, *a.* തീയതിവയ്ക്കാത്ത.
Undaunted, *a.* അഞ്ചാത്ത, പേടിക്കാത്ത, ധൈര്യമുള്ള.
Undeceive, *v. t.* തെററിദ്ധാരണമാററുക.
Undecided, *a.* അനിശ്ചിതമായ.
Undeniable, *a.* നിർവിവാദമായ, നിഃസന്ദേഹമായ.
Under, *prep. and adv.* താഴെ, കീഴെ, കുറവായി; *a.* താഴത്തെ; 'u. current അന്തഃപ്രവാഹം'.
Underbid, *v. t.* കുറഞ്ഞവില പറയുക.
Undergo, *v. t.* പെടുക, താങ്ങുക, പൊറുക്കുക, അനുഭവിക്കുക, സഹിക്കുക.
Undergraduate, *n.* ബിരുദമില്ലാത്ത വിദ്യാർത്ഥി.
Underground, *a.* നിലത്തിനടിക്കുള്ള, ഭൂമിക്കുള്ളായ.
Underhand, *a.* മൂടിയ, രഹസ്യമായ, ഗൂഢമായ, പരോക്ഷകൃതമായ; കള്ളത്തരമായ, നിന്ദ്യമായ.
Underlay, *v. t.* അടിക്കുവയ്ക്കുക, അടിയ്ക്കിടുക or സ്ഥാപിക്കുക.
Underlie, *v. t.* കീഴിലിരിക്കുക, അസ്ഥിവാരമായിരിക്കുക.
Underline, *v. t.* അടിവരയിടുക, അടിക്കുവരയിടുക, അമർത്തി അഥവാ ഉറപ്പിച്ചു പറയുക.
Underling, *n.* കീഴാൾ, ഇഴിഞ്ഞോൻ, അനുജീവി.
Undermine, *v. t.* തുരങ്കംവയ്ക്കുക, അടിയ്ക്കുവങ്കുവയ്ക്കുക, അടിതോണ്ടുക, വീഴ്ത്തുക, നശിപ്പിക്ക.
Underneath, *prep. and adv.* കീഴിൽ, അടിയിൽ, കീഴെ.
Underrate, *v. t.* വിലതാഴ്ത്തിമതിക്കുക, വിലതാഴ്ത്തി പറയുക; ലഘുവായി കണക്കാക്കുക, അപമാനിക്ക, ലഘൂകരിക്ക.
Undersell, *v. t.* വിലകുറച്ചുവില്ക്കുക.
Understand, *v. t. and v. i.* അറിഞ്ഞുകൊള്ളുക, അറിയുക, ഗ്രഹിക്ക, അർത്ഥമാക്കുക, ബോധിക്കുക, ഉപലഭിക്ക, അവധാരണംചെയ്ക; **-ing,** *n.* അറിവു്, ഗ്രഹണശക്തി, ബുദ്ധി, മേധ, ജ്ഞാനശക്തി, ഭാവം, വൃത്തി.
Undertake, *v. t. and v. i.* തുടങ്ങുക, ആരംഭിക്കുക; സ്വീകരിക്ക, അംഗീകരിക്ക, ഏല്ക്കുക; **-er,** *n.* കുത്തകക്കാരൻ, ഏല്ക്കുന്നവൻ, ആരംഭകൻ, അനുഷ്ഠാതാവു്; ശവം ചുമക്കുന്നവൻ, പ്രേതകർമ്മ നിർവാഹകൻ; **-ing,** *n.* ഏററസംഗതി, കാര്യം, വ്യവസായം, കർമ്മം, ആരംഭം, പ്രവൃത്തി.
Underwood, *n.* കീഴ്ചെടി, കീഴ്പടപ്പു്, ഗുല്മം, സ്തംബം.
Underworld, *n.* പാതാളം, അധോഭുവനം.
Underwrite, *v. t.* അടിക്കെഴുതുക, ഉത്തരവാദംചെയ്യുക.
Undeserving, *a.* തക്കതല്ലാത്ത, അനർഹമായ, നിർഗ്ഗുണമായ.
Undesigned, *a.* മനഃപൂർവമല്ലാത്ത, അനഭിപ്രേതമായ, അബുദ്ധിപൂർവമായ; **-ly,** *adv.* അറിയാതെ, അബോധപൂർവം.
Undesigning, *a.* നിഷ്കളങ്കമായ, ആത്മാർത്ഥമായ.
Undesirable, *a.* വെറുപ്പായ, അനഭിലഷണീയമായ.
Undetected, *a.* കണ്ടുപിടിക്കാത്ത, വെളിപ്പെടാത്ത.
Undiminished, *a.* കുറയാത്ത, തണിയാത്ത, അന്യൂനമായ, അലുപ്തമായ.
Undisguised (un-dis-gīzd), *a.* വെളിവായ, പരസ്യമായ.
Undisputed, *a.* തർക്കമില്ലാത്ത, നിസ്തർക്കമായ.
Undisturbed, *a.* കലക്കമില്ലാത്ത, ഉപദ്രവമില്ലാത്ത.
Undivided, *a.* വേർപെടാത്ത, വിഭജിക്കാത്ത; ഏകാഗ്രമായ (attention) അനന്യമായ, അനന്യാസക്തമായ.
Undo, *v. t.* തകർക്കുക, അഴിക്കുക, പാഴാക്കുക, നശിപ്പിക്കുക.
Undress, *v. t.* ആടയഴിക്കുക, വസ്ത്രമഴിക്കുക, മുണ്ടുരിയുക; *n.* സാധാരണവസ്ത്രം, സാധാരണവേഷം; **-ed,** *a.* (food) സംസ്കരിക്കാത്ത, പാകപ്പെടുത്താത്ത, പചിക്കാത്ത; വിവസ്ത്രമായ, മുണ്ടുരിഞ്ഞ.
Undue (un-dū'), *a.* തക്കതല്ലാത്ത, അത്യധികമായ.
Undulate, *v. t. and v. i.* തിരയ്ക്കുക, ഉരുളുക, അലയ്ക്കുക, തരംഗിതമാക; **-ing, -ory,** *a.* തിരയുള്ള, ഉയർന്നുതാഴുന്ന, ഉരുണ്ടുമറിയുന്ന, ഊർമ്മിമത്തായ, തരംഗിതമായ, ഉൽസർപ്പിയായ; **-ion,** *n.* അലയ്ക്കൽ, ഭംഗുരത, ഊർമ്മിമത്ത.
Unearth, *v. t.* കുഴിച്ചെടുക്കുക, ഉൽഖനിക്ക;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

-ly, *a.* മനുഷ്യാതീതമായ, ദിവ്യമായ, തൈജസമായ.

Uneasy, *a.* സൌഖ്യമില്ലാത്ത, നോവുന്ന, ആതുരമായ, ചിന്താകുലമായ.

Unequal (un-ē-kwal), *a.* സമമല്ലാത്ത, ഒപ്പമല്ലാത്ത, താഴ്ന്ന; **-led,** *a* തുല്യതയില്ലാത്ത.

Unerring, *a.* പിഴയ്ക്കാത്ത, കറിതെററാത്ത, നിശ്ചയമായ, ലാക്കറച്ച.

Uneven, *a.* സമമല്ലാത്ത, സമനിരപ്പല്ലാത്ത, പരുപരുത്ത, വിഷമമായ.

Unexpected, *a.* നിനയ്ക്കാത്ത, തുടിതിയിൽസംഭവിച്ച, അതക്കിതമായ, ആകസ്മികമായ, അകാണ്ഡമായ; **-ly,** *adv.* നിനച്ചിരിക്കാതെ, അകസ്മാത്.

Unfaithful, *a.* നന്ദിയില്ലാത്ത.

Unfasten (un-fas'n), *v. t.* അഴിക്കുക, അയയ്ക്കുക, തളനീക്കുക.

Unfathomable, *a.* ആഴമേറിയ, അഗാധമായ, അതലസ്പൎശമായ.

Unfavourable (-fā'vura-bl), *a.* പ്രതികൂലമായ, വിമുഖമായ, അനുകൂലമല്ലാത്ത, അപ്രിയമായ, അപ്രസന്നമായ.

Unfeeling, *a.* നിൎവിചാരമായ; ഇരക്കമില്ലാത്ത, നിൎദ്ദയമായ, ക്രൂരമായ.

Unfeigned (un-fānd'), *a.* ഉണ്മയായ, മായമററ, കപടമററ, അകൃത്രിമമായ, നിൎവ്യാജമായ.

Unfilial, *a.* പിതൃഭക്തിയില്ലാത്ത.

Unfit, *v. t.* തക്കതല്ലാതാക്കുക, കഴിവുള്ളതല്ലാതാക്കുക; *a.* തക്കതല്ലാത്ത, അയോഗ്യമായ.

Unfold, *v. t.* വിരിക്കുക, വിസ്തരിക്കുക; തുറക്കുക, വിവൃതമാക്ക, വിവരിക്ക.

Unforeseen, *a.* മുൻകൂട്ടി അറിയാത്ത, അപ്രതീക്ഷിതമായ.

Unfortunate, *a.* ഭാഗ്യമില്ലാത്ത, ദുദ്ദൈവമായ മന്ദഭാഗ്യമായ, ഹതഭാഗ്യമായ, ആപദ്ഗ്രസ്തമായ; അമംഗളമായ, അശുഭമായ; **-ly,** *adv.* ഭാഗ്യമില്ലായ്കയാൽ, മന്ദഭാഗ്യതകൊണ്ട്, ദുൎവിധിയാൽ.

Unfounded, *a.* അടിസ്ഥാനമില്ലാത്ത, അമൂലകമായ, അവ്യവസ്ഥമായ.

Unfrutiful, *a.* ഫലമില്ലാത്ത, വന്ധ്യമായ, മോഘമായ, നിഷ്ഫലമായ.

Unfurl (-ferl'), *v. t.* വിരിക്കുക, വിടൎത്തുക, പരത്തുക

Ungainly, *a.* തീൎച്ചയില്ലാത്ത, വൃത്തികെട്ട.

Ungodly, *a.* ദൈവഭയമില്ലാത്ത, ഈശ്വരഭക്തിയില്ലാത്ത, പാപിയായ.

Ungovernable, *a.* ഭരണീയമല്ലാത്ത, ഭരിക്കപ്പെടുവാൻ സാധിക്കാത്ത, അവശ്യമായ, അനിവാൎയ്യമായ, ദുൎന്നിഗ്രഹമായ, ഉഗ്രമായ.

Ungrateful, *a.* നന്ദിയില്ലാത്ത, കൃതജ്ഞതയില്ലാത്ത.

Unguent (ung-gwent), *n.* തൈലം, അഭ്യഞ്ജനം, വിലേപം.

Unhand, *v. t.* കൈയെടുക്ക, കൈവിടുക.

Unhappy, *a.* സുഖമില്ലാത്ത, സന്തോഷമില്ലാത്ത, നിൎവൃതിയില്ലാത്ത, ദുഃഖമുള്ള.

Unharmed, *a.* അക്ഷതമായ, നിൎവ്രണമായ, കേടില്ലാത്ത.

Unharness, *v. t.* മോചിപ്പിക്കുക, കെട്ടുവിടൎത്തുക. കെട്ടഴിച്ചുവിടുക.

Unhealthy, *a.* ആരോഗ്യമില്ലാത്ത, അനാരോഗ്യമായ, രോഗാവഹമായ.

Unhinge (-hinj'), *v. t.* ചേൎപ്പുതെററിക്ക, കഴററുക, വിസന്ധീകരിക്ക.

Unhurt, *see* **Unharmed.**

Unicorn. *n.* ഏകശൃംഗമായ, ഒററക്കൊമ്പുള്ള.

Uniform, *n.* പടവേഷം, കച്ച, ഏകവിധം, സമാനരൂപം, രൂപപ്രകാരം, വേഷപ്രകാരം, ഐകരൂപ്യം; *a.* ഏകരൂപമായ, ഐകരൂപ്യമുള്ള, നിൎവിശേഷമായ; **-ity,** *n.* ഐകരൂപ്യം, സാരൂപ്യം, സാമ്യം; **-ly,** *adv.* നിയതമായി, അശ്രാന്തമായി, അവിരതമായി, സദാ.

Unimpeachable, *a.* നിൎദ്ദോഷമായ.

Unimpeded, Uninterrupted, *a.* തടസ്സമില്ലാത്ത, നിൎവിഘ്നമായ, നിരന്തരമായ, അവിച്ഛിന്നമായ, അവിരതമായ.

Unique (ū-nēk'), *a.* ഒപ്പമില്ലാത്ത, തനിയായ, അപൂൎവമായ, അദ്വിതീയമായ.

Unison, *n.* ഏകതാനം, സ്വരൈക്യം.

Unit, *n.* ഒന്ന്, ഒററ, ഏകം; **-Unity,** *n.* ഒന്നിപ്പ്, അദ്വൈതം; 'doctrine of u. അദ്വൈതവാദം, അഭേദവാദം'; ഐക്യം, ഏകചിത്തത; **-Unitarian,** *n.* അദ്വൈതവാദി.

Unite, *v. t.* ഇണയ്ക്കുക, പിണയ്ക്കുക, ഒന്നാക്കുക, ചേൎക്കുക, സംഘടിപ്പിക്കുക, സന്ധാനംചെയ്യുക; *v. i.* ചേരുക, ഒന്നിക്കുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘടിക്ക, സംയോജിക്ക, സംഗമിക്ക, മേളിക്ക, സമ്മേളിക്ക; **-ed,** *a.* ഇണച്ച, പിണച്ച, സംഹതമായ, മിളിതമായ, സംയുക്തമായ; **-edly,** *adv.* ഒന്നായി, ഏകീഭവിച്ച്, സംഹതമായി; **-Union,** *n.* ഒന്നിപ്പ്, ചേച്ച്, ഇണചേരൽ, സംഗമം, സമാഗമം, സംഗതി, സംഹതി, സമവായം, സംയോഗം, യോഗം, സന്ധി.

Universe, *n.* പടപ്പ്, പ്രപഞ്ചം, വിശ്വം, ജഗത്, ത്രിഭുവനം; **-al,** *a.* മൊത്തമായ, സൎവ്വവ്യാപ്തമായ, സാൎവ്വലൌകികമായ, സാൎവ്വത്രികമായ, സൎവ്വ in comp. 'u. spirit വിശ്വാത്മാ, ജഗദാത്മാ, ബ്രഹ്മം'; **-ality,** *n.* സൎവ്വഗതത്വം, അഭിവ്യാപിത്വം; **-ally,** *adv.* എല്ലായിടത്തും, സൎവ്വത്ര.

University, *n.* സൎവ്വകലാശാല, വിദ്യാലയം, വിദ്യാശാല, വിദ്യാപീഠം.

Univocal, *a.* ഏകാൎത്ഥമായ.

Unkempt, *a.* (തലമുടി) ചിക്കാത്ത, ചീകിമിനുക്കാത്ത.

Unkind, *a.* അൻപില്ലാത്ത, ദയയില്ലാത്ത, കൎക്കശമായ, ക്രൂരമായ, നിൎദ്ദയമായ; **-ness,** *n.* ദയയില്ലായ്മ, നിൎദ്ദയത; അപകാരം, അഹിതം.

Unlace, *v. t. see* **Free.**

Unlawful, *a.* യുക്തമല്ലാത്ത, നിയമവിരുദ്ധമായ.

Unlearn, *v. t.* മറക്കുക, വിസ്മരിക്ക; **-ed,** *a.* അജ്ഞാനമായ, അകൃതവിദ്യയായ.

Unless, *conj.* ഒഴികെ, അല്ലെങ്കിൽ, അല്ലാതിരുന്നാൽ.

Unlicensed, *a.* തടവില്ലാത്ത, വിശൃംഖലമായ, നിരൎഗ്ഗളമായ.

Unload, *v. t.* ഭാരമിറക്കുക, ചുമടിറക്കുക, ഭാരമപനയിക്ക.

Unlock, *v. t.* പൂട്ടുതുറക്കുക, തുറക്കുക.

Unloose, *see* **Loose, Loosen.**

Unman, *v. t.* പൌരുഷം നശിപ്പിക്കുക, ആണത്തമില്ലാതാക്ക, ബലമില്ലാതാക്ക, അധൈൎയ്യപ്പെടുത്തുക; **-ly,** *adv.* ആണ്മയററ, ആണത്തമില്ലാത്ത, പൌരുഷമില്ലാത്ത, ക്ലീബമായ.

Unmask, *v. t. and v. i.* വേഷമഴിക്കുക, കപടവേഷംമാററുക, സ്വന്തരൂപംകാട്ടുക.

Unmeaning, *a.* അൎത്ഥമില്ലാത്ത, അനൎത്ഥകമായ.

Unmoor, *v. t.* നങ്കൂരമെടുക്കുക, നങ്കൂരമെടുത്തുവിടുക.

Unmoved, *a.* സ്ഥിരമായ, അവിചലിതമായ, നിൎവ്വികാരമായ.

Unnatural, *a.* നിസൎഗ്ഗവിരുദ്ധമായ, സൃഷ്ടിക്രമവിരുദ്ധമായ, പ്രകൃതിവിരുദ്ധമായ.

Unnecessary, *a.* വെറുതേയുള്ള, നിഷ്പ്രയോജനമായ, വൃഥാ in comp.

Unnerve, *v. t.* വീൎയ്യംകുറയ്ക്കുക, ബലംകുറയ്ക്കുക.

Unnoticed (-ist), *a.* ഗൗനിക്കാത്ത, എണ്ണാത്ത, ഗണിക്കാത്ത.

Unofficial (un-of-fish'-al), *a.* അനൌദ്യോഗികമായ, അനധികൃതമായ, അധികാരമില്ലാത്ത.

Unpack, *v. t.* തുറക്കുക, കെട്ടഴിച്ചെടുക്കുക.

Unparalleled, *a.* നേരില്ലാത്ത, ഒപ്പമില്ലാത്ത, നിരുപമമായ.

Unparliamentary, *a.* വാദനിയമവിരുദ്ധമായ, തൎക്കവ്യവസ്ഥാവിരുദ്ധമായ, വാദപ്രതിവാദനിയമവിരുദ്ധമായ.

Unprecedented, *a.* മുൻപുണ്ടായിട്ടില്ലാത്ത, നൂതനമായ, അപൂൎവ്വമായ.

Unpretending, *a.* വീമ്പില്ലാത്ത, കപടമില്ലാത്ത, വിനയശീലമായ.

Unprincipled, *a.* നേർനെറിയററ, നെറിയില്ലാത്ത, നിയമമില്ലാത്ത, ദുഷ്ടമായ, ദുൎവൃത്തമായ.

Unravel, *v. t.* അഴിക്കുക, വ്യാകരിക്കുക, വ്യാഖ്യാനിക്കുക.

Unreal, *a.* പരമാൎത്ഥമല്ലാത്ത, അസാരമായ, അതഥ്യമായ.

Unrelenting, *a. see* **Cruel.**

Unremitting, *a.* ഇടവിടാത്ത, തുടരെയുള്ള.

Unreserved, *a.* മുഴുവനായ, അശേഷമായ, സംപൂൎണ്ണമായ, പൂൎണ്ണമായ.

Unrest, *n.* അസ്വസ്ഥത, വൈക്ലവ്യം, ക്ഷോഭം.

Unrestrained, *a.* നിയന്ത്രണമില്ലാത്ത, നിൎയ്യന്ത്രണമായ, നിരംകുശമായ, തളവാടമില്ലാത്ത.

Unrivalled, *a.* എതിരില്ലാത്ത, അപ്രതിമമായ, അദ്വിതീയമായ, അപ്രതിരൂപമായ, അനുപമമായ.

Unroll, *see* **Open.**

Unruly, *a.* അടങ്ങാത്ത, മുരണ്ട, ഭരിക്കപ്പെടാൻകഴിയാത്ത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Unsaddle, *v. t.* പല്ലാണമഴിക്കുക, പല്ലാണംമാററുക.

Unsafe, *a.* ഭദ്രമല്ലാത്ത, രക്ഷയില്ലാത്ത, അപായമായ.

Unscrupulous, *a.* നിശ്ശങ്കമായ, ശങ്കാഹീനമായ, എന്തുംചെയ്യുന്ന.

Unseal, *v. t.* മുദ്രപൊട്ടിക്ക, മുദ്രമാററുക.

Unsettle, *v. t.* നിലയിളക്കുക, കുഴപ്പുക, ആകുലപ്പെടുത്തുക; **-ed,** *a.* നിലതെററിയ, അസ്ഥിരമായ; ആകുലമായ, ക്ഷുബ്ധമായ.

Unshackle, *v. t. see* **Free.**

Unsheathe, *v. t.* ഉറയിൽനിന്നൂരുക.

Unsightly, *a.* വിരൂപദർശനമായ, കുരൂപമായ, കണ്ടാൽ വൃത്തികെട്ട.

Unsophisticated, *a.* നേരേയുള്ള, നിർവ്യാജമായ, സരളമായ, ഋജുവായ.

Unsound, *a* അടിസ്ഥാനമില്ലാത്ത, അസാരമായ, അയുക്തിസിദ്ധമായ.

Unspeakable, *a.* പറയാൻവയ്യാത്ത, അവർണ്ണനീയമായ, അവാച്യമായ.

Unspotted, *a.* കളങ്കമില്ലാത്ത, നിഷ്കളങ്കമായ, വിമലമായ.

Unstable, *a.* അസ്ഥിരമായ, ചഞ്ചലമായ, മാറിമറിയുന്ന.

Unsteady, *see* **Fickle.**

Unstring, *v. t.* ഞാണഴിക്കുക, ഞാണയയ്ക്കുക, അയയ്ക്കുക.

Unsuitable, *a.* അയുക്തമായ, അനുപപന്നമായ, അനുചിതമായ.

Unswerving, *a.* ഉറച്ച, ഇളകാത്ത, സ്ഥിരമായ, അചലമായ.

Untenable, *a.* അരക്ഷണീയമായ, അപ്രതിപാദനീയമായ.

Untie, *v. t.* അഴിക്കുക, ഉന്മോചിപ്പിക്കുക, ഉദ്ഗ്രന്ഥിക്കുക, ശിഥിലമാക്കുക.

Until, *prep. see* **Till.**

Untimely, *a.* സമയംതെററിയ, അകാലമായ, അകാല in comp.

Unto, *prep. see* **To.**

Untoward, *a.* മുരണ്ട, നല്ലതല്ലാത്ത, മോശപ്പെട്ട, പ്രതികൂലമായ, കഷ്ടമായ.

Untwist, Untwine, Unveil, Unwrap, *see* **Open.**

Unusual (-zhū-al), *a.* പതിവല്ലാത്ത, വഴക്കമല്ലാത്ത, അപൂർവമായ, അസാമാന്യമായ.

Unvarnished, *a.* മിനുക്കാത്ത, പകിട്ടുപിടിപ്പിക്കാത്ത, അനലംകൃതമായ, സാധാരണമായ.

Unwholesome, *a.* സൌഖ്യമല്ലാത്ത, സുഖമല്ലാത്ത അപഥ്യമായ, അഹിതാവഹമായ, കെട്ട.

Unwieldy, *a.* മികച്ചുപോയ, പാരമായ, ഒതുങ്ങാത്ത, കടന്ന, അതിമഹത്തായ.

Unwittingly, *adv.* ബുദ്ധിഹീനമായി, നിനയ്ക്കാതെ, അജ്ഞാനത്താൽ.

Unworthy, *a.* അനർഹമായ, അയോഗ്യമായ, നിർഗ്ഗുണമായ.

Unwonted, *a.* പതിവല്ലാത്ത, നൂതനമായ, അപൂർവമായ.

Unyoke, *v. t.* മോചിപ്പിക്ക, അഴിച്ചുവിടുക.

Up, *adv. and prep.* മുകളിൽ, ഉയരെ; കിടപ്പുവിട്ട്; അധികമായി, മുഴുവനും; **-per,** *a.* മീതേയുള്ള, ഉപരിതനമായ, ഊർദ്ധ്വമായ.

Upbraid *v. t.* നിർഭർത്സിക്ക, നിന്ദിക്ക, കടുത്തുപറയുക.

Uphill, *a.* പ്രയാസമായ, വിഷമമായുള്ള.

Uphold, *v. t.* ഉറപ്പിക്ക, സമർത്ഥിക്ക, ദൃഢപ്പെടുത്തുക, താങ്ങുക, അവലംബിക്ക.

Upholsterer, *n.* വീട്ടുസാമഗ്രികൾ(സാമാനങ്ങൾ)വില്ക്കുന്നവൻ,ഗൃഹോപസ്കരവിക്രയി

Upkeep, *n.* രക്ഷ, രക്ഷണം.

Upland, *n.* മേട്, മേട്ടുസ്ഥലം, (ഭൂമി) ഉയന്നസ്ഥലം, അധിത്യക.

Uplift, *v. t.* ഉയർത്തുക, ഉയർത്തിവിടുക, തൂക്കിവിടുക; *n.* ഉയർത്തൽ.

Upon, *prep. see* **On.**

Upraise, *see* **Uplift.**

Upright, *a.* നിവന്ന, വളയാത്ത, യോഗ്യമായ, നീതിയായ.

Uproar, *n.* കലശൽ, ബഹളം, അമളി, കോലാഹലം, കൂക്കുവിളി, തുമുലം.

Uproot, *v. t.* പിഴുക, പിഴുതെടുക്ക, ഉന്മൂലനംചെയ്ക.

Upset, *v. t.* പുരട്ടുക, തലകീഴാക്കുക, കമഴ്ത്തുക, ഇളക്കിമറിക്ക.

Upshot, *n.* അവസാനം, പരിണാമം.

Upside, *n.* മേൽഭാഗം.

Upstart, *n.* ഇന്നലെയുണ്ടായവൻ, നവോദയൻ, അല്പൻ.

Upward, Upwards, *adv.* മേലോട്ട്, മീതെ; ധാരാളമായി, അധിക in comp.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Urban, *a.* പട്ടണസംബന്ധമായ, പൌരമായ, നാഗരികമായ; സുജനമായ, ദക്ഷിണമായ; **-ity**, *n.* നാഗരികത, മയ്യാദ, ദാക്ഷിണ്യം, സൌജന്യം.

Urbane, *a.* മയ്യാദയുള്ള, നാഗരികമായ.

Urchin, *n.* ചെറുകുട്ടി, വട്ട, മാണവകൻ; കാട്ടുപന്നി.

Urethra, *n.* മൂത്രമാർഗ്ഗം, മൂത്രദ്വാരം.

Urge (érj), *v. t.* തിട്ടക്കപ്പെടുത്തുക, അവസരപ്പെടുത്തുക, നിർബന്ധിക്ക; **-ency**, *n.* തിട്ടക്കം, അടിയന്തിരം, ഞെരുക്കൽ, അത്യവശ്യകത; **-ent**, *a.* തിട്ടക്കമായ, ഉടൻവേണ്ടുന്ന, അടിയന്തിരമായ, ആവശ്യകമായ, അപരിഹാര്യമായ, അവിലംബ്യമായ; **-ently**, *adv.* ഉടൻ, തിട്ടക്കത്തിൽ, നിർബന്ധമായി, ഒഴിച്ചുകൂടാതെ.

Urine, *n.* മൂത്രം, മേഹം; *v. i.* മൂത്രിക്ക, മൂത്രമൊഴിക്കുക, പെടുക്കുക; **-al**, *n.* മൂത്രപാത്രം, മൂത്രസ്ഥാനം; **-ary**, *n.* മൂത്രസ്ഥാനം; *a.* മൂത്ര in comp.

Urn, *n.* കുടം, കലം, (ജല) കുംഭം.

Ursa-major, *n.* സപ്തർഷികൾ.

Us, *pron.* നമ്മെ, നമ്മളെ, ഞങ്ങളേ.

Usage, *n.* പ്രയോഗം; വഴക്കം, മാമൂൽ, നടപ്പ്, വ്യവഹാരം, ആചാരം, ആചരണം, വൃത്തി.

Use, *v. t.* പ്രയോഗിക്ക, ഉപയോഗിക്ക, നടത്തുക, ആചരിക്ക; *v. i.* വഴക്കപ്പെടുക, പരിചയിക്ക, അഭ്യസിക്ക; *n.* ഉപയോഗം; പ്രയോജനം, അർത്ഥം, ഫലം, കാര്യം; പ്രയോഗം, വഴക്കം, നടപ്പ്, വ്യവഹാരം, വ്യാപാരം, ഉപഭോഗം, സേവനം; **-ful**, *a.* ഉപയോഗമുള്ള, ഉപയുക്തമായ, ഉപകാരമുള്ള, പ്രയോജനമുള്ള; **-fully**, *adv.* വെറുതെയല്ലാതെ, സഫലമായി; **-fulness**, *n.* പ്രയോജനത, ഉപയോഗിത; **-less**, *a.* നിഷ്പ്രയോജനമായ, വിഫലമായ, നിർഗ്ഗുണമായ, നിരുപയോഗമായ, വ്യർത്ഥമായ; **-lessly**, *adv.* വെറുതെ, വൃഥാ, നിഷ്ഫലമായി; **-lessness**, *n.* ഉപയോഗമില്ലായ്മ, വൈയർത്ഥ്യം.

Usher, *n.* വാതിൽകാക്കുന്നവൻ, കാവൽക്കാരൻ, പ്രതി(തീ)ഹാരൻ.

Usual (ū'zhū-al), *a.* വഴക്കമായ, പതിവായ, സാധാരണമായ, ലൌകികമായ; **-ly**, *adv.* പതിവായി, സാധാരണമായി, പ്രായേണ, മിക്കവാറും.

Usufruct, *n.* ഫലാധികാരം, ഫലഭോഗാധികാരം.

Usurp, (ū-zérp'), *v. t.* ബലമായി എടുക്കുക, അധികാരമില്ലാതെ ആക്രമിക്കുക, അന്യായമായി കൈവശപ്പെടുത്തുക, അപഹരിക്ക; **-ation**, *n.* അപഹരണം, ബലാദ്ഗ്രഹണം, ബലാപഹാരം; **-er**, *n.* അപഹരിക്കുന്നവൻ.

Usury (ū-zhū-ri), *n.* കടുവട്ടി, അന്യായപ്പലിശ; കുസീദം; **-er**, *n.* അന്യായപ്പലിശക്കാരൻ, പലിശക്കാരൻ, കുസീദകൻ; **-ous**, *a.* പലിശയേസംബന്ധിച്ച, കൌസീദമായ.

Utensil, *n.* കരുവി, ഉപകരണം, ആയുധം, സാധനം, വീട്ടുപാത്രം, ഭാജനം.

Uterus, *n.* ഗർഭകോശം, ഗർഭാശയം, യോനി; **-Uterine**, *a.* ഗർഭകോശസംബന്ധമായ.

Utility, *n.* ഉപയോഗം, ലാഭം.

Utmost, *a* കടശിയായ, അങ്ങേഅറ്റമായ, പരമമായ.

Utopian, *a.* കാല്പനികമായ, മനഃസൃഷ്ടമായ, മനസ്സുകൊണ്ടുണ്ടാക്കിയ.

Utter, *a.* മുഴുവനായ, സംപൂർണ്ണമായ, കേവല, മാത്ര in comp; *v. t.* പറയുക, ഉച്ചരിക്കുക; **-ance**, *n.* പറയുന്നത്, വചനം, ഉച്ചാരണം; **-ly**, *adv.* സർവ്വഥാ, അശേഷമായി, സാകല്യേന, സംപൂർണ്ണമായി.

Uvula, *n.* (അ) ഉണ്ണാക്ക്, ലംബിക, പ്രതിജിഹ്വ, അളിജിഹ്വ.

Uxorious, *a.* സ്ത്രീവശ്യനായ, ഭാര്യാസക്തനായ, ദാരനിരതനായ, കാമവശനായ; **-ness**, *n.* ഭാര്യാസക്തി, ഭാര്യാധീനത.

Vacant (vā'kant), *a.* ഒഴിഞ്ഞ, കാലിയായ, ശൂന്യമായ; അസ്വാമികമായ; വേലയില്ലാത്ത; **-Vacancy**, *n.* ഒഴിവ്, ശൂന്യം; ആൾനിയമിക്കപ്പെടാത്ത സ്ഥാനം, ഒഴിവ്; **-Vacate**, *v. t.* ഇടമൊഴിക്കുക, മാറുക, ശൂന്യമാക്കുക; **-ion**, *n.* ഒഴിവുകാലം, വിശ്രാമകാലം.

Vaccine, *a.* ഗോവിനെസംബന്ധിച്ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Vaccinate, *v. t.* ഗോമസൂരിപ്രയോഗംചെയ്യുക, അച്ചുകുത്തുക.

Vacillate, *v. i.* ഇളകുക, ആടുക, ചഞ്ചലപ്പെടുക; **-ion,** *n.* അസ്ഥിരത, നിശ്ചയമില്ലായ്മ, ചാഞ്ചല്യം.

Vacuity, Vacuum, *n.* ഇല്ലായ്മ, വെറുമ, ശൂന്യം, രിക്തം, ആകാശം.

Vade mecum, *n.* കൈയ്പുസ്തകം.

Vagabond, *n.* നാടോടി, അലഞ്ഞുതിരിയുന്നവൻ, ഭിക്ഷക്കാരൻ, സ്വേച്ഛാചാരി; *a.* അലഞ്ഞുതിരിയുന്ന, നാടോടിയായ, നിലയററ.

Vagary, *n.* ബുദ്ധിചാപല്യം, ഭ്രമം, വിഭ്രമം, മനോലൌല്യം.

Vagina, *n.* യോനിനാളം.

Vagrant, *see* **Vagabond.**

Vague (vāg), *a.* തെളിയാത്ത, അസ്പഷ്ടമായ, നിശ്ചയമില്ലാത്ത, സന്ദിഗ്ദ്ധമായ; **-ness,** *n.* അസ്പഷ്ടത, സന്ദേഹം, സംശയം.

Vain, *a.* ഫലമില്ലാത്ത, വ്യർത്ഥമായ, നിഷ്ഫലമായ, നിരർത്ഥകമായ; നിസ്സാരമായ, ശൂന്യമായ; വൃഥാഭിമാനിയായ, അഹങ്കാരിയായ, ഗർവിതമായ; **-ly,** *adv.* വെറുതേ, നിരർത്ഥകമായി, നിഷ്ഫലമായി; **-Vanity,** *n.* വീൺപെരുമ, തണ്ട്, പൊണ്ണക്കാര്യം, വൃഥാഭിമാനം, അഹങ്കാരം; നിസ്സാരത, വൈയർഥ്യം, നിഷ്ഫലത; നിസ്സാരവസ്തു.

Woe, *n.* ദുഃഖം, ശോകം, മഹാസങ്കടം, മഹാവ്യസനം, ദുരിതം; ശാപം; *intj.* കഷ്ടം, ഹാ കഷ്ടം, അയ്യോ; **-ful** *a.* കഷ്ടമായ, സങ്കടമായ.

Wold, *n.* കാട്, വളർത്തുകാട്, കൃത്രിമവനം, തോട്ടം, അരണ്യം; മല, ഗിരി.

Wolf, *n.* ചെന്നായ്, വൃകം; പട്ടിണി, ബുദ്ധിമുട്ട്, വിശപ്പ്, പശി.

Woman, *n.* പെണ്ണ്, സ്ത്രീ, നാരി, അംഗന, അബല; ദാസി; **-hood,** *n.* സ്ത്രീത്വം, സ്ത്രീഗുണം; **-ish,** *a.* സ്ത്രീയെപ്പോലെയുള്ള; **-kind,** *n.* പെൺജാതി, സ്ത്രീവർഗ്ഗം, സ്ത്രീജനം; **-ly,** *a.* സ്ത്രീ in comp; സ്ത്രീയെപ്പോലെ, സ്ത്രീയ്ക്കു ഉചിതമായവിധത്തിൽ.

Womb, *n.* ഗർഭം, ഗർഭാശയം, ഗർഭപാത്രം, ഗർഭസ്ഥാനം; ഉദരം, ഉത്ഭവസ്ഥാനം; ഉള്ള്, അകം.

Wonder, *n.* വിസ്മയം, അത്ഭുതം, കൌതുകം; അത്ഭുതചിത്രം, അത്ഭുതവസ്തു; *v. i.* വിസ്മയപ്പെടുക, ആശ്ചര്യപ്പെടുക; **-ful, -Wondrous,** *a.* ആശ്ചര്യമായ, അത്ഭുതമായ, വിസ്മയകരമായ, വിചിത്രമായ, വിസ്മാപകമായ; **-fully,** *adv.* അത്ഭുതമായി, ആശ്ചര്യമായി; **-ingly,** *adv.* വിസ്മയത്തോടെ.

Wont, *a.* വഴക്കമായ, നടപ്പായ, രീതിയായ, സമ്പ്രദായമായ, ആചാരമായ; *n.* നടപ്പ്, വഴക്കം, സമ്പ്രദായം, ആചാരം, രീതി; **-ed,** *a.* പതിവായ, നിത്യമായ, അഭ്യസ്തമായ.

Woo, *v. t.* പ്രേമം അർത്ഥിക്കുക, സ്ത്രീപ്രേമത്തിനു യത്നിക്കുക; അഭിലഷിക്കുക, വാഞ്ഛിക്കുക; *v. i.* പ്രേമസംഭാഷണംചെയ്യുക, സ്ത്രീയിൽ മനമഴിയുക; **-er,** *n.* പ്രേമാർത്ഥകൻ, പ്രണയാർത്ഥി, വിവാഹാർത്ഥി.

Wood, *n.* മരം, തടി, തണ്ട്; (pl.) മരക്കൂട്ടം, വനം; വിറക്; 'w. apple കപിത്ഥം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രവളക്കായ്"; 'w. cock കാട്ടുകോഴി'; 'w. craft നായാട്ട്, വേട്ട'; 'w. cut മരപ്പണിച്ചിത്രം'; 'w. cutter വിറകുവെട്ടുന്നവൻ'; 'w. land വൃക്ഷാവൃതഭൂമി, വൃക്ഷഭൂമി'; 'w. man കാട്ടുവാസി, കാടൻ; വനമുദ്യോഗസ്ഥൻ; വേടൻ, കാട്ടാളൻ'; 'w. note പക്ഷിസ്വരം'; 'w. nymph വനദേവത'; 'w. pecker മരംകൊത്തി'; 'w. tar പന്തം'; 'w. work മരപ്പണി'; *v. t.* (വിറക) നിറയ്ക്കുക, ശേഖരിക്കുക; *v. i.* വിറകുകയറുക; **-ed,** *a.* മരങ്ങളുള്ള, മരംനിറഞ്ഞ, വൃക്ഷാവൃതമായ; **-en,** *a.* തടിയായ, തടികൊണ്ടുണ്ടാക്കിയ, മര in comp; **-sy,** *a.* വനംസംബന്ധിച്ച; **-y,** *a.* മരംനിറഞ്ഞ, വൃക്ഷനിബിഡമായ; ആരുള്ള, നാരുള്ള.

Woof, *n.* ഊട, ഊടന്നൽ.

Wool, *n.* ആട്ടുരോമം, ഉണ്ണ; രോമന്തുല്; രോമം; **-len,** *a.* രോമംകൊണ്ടുണ്ടാക്കിയ; **-ly,** *a.* രോമംനിറഞ്ഞ, ലോമശമായ.

Word, *n.* വാക്ക്, ശബ്ദം, പദം; വചനം, പ്രതിജ്ഞ; വിവരം; വത്തമാനം; കല്പന, ആജ്ഞ, അടയാളം; *v. t.* വാക്കുച്ചരിക്കുക, ചൊല്ലുക; *v. i.* വാക്കുപയോഗിക്കു, സംസാരിക്കുക, തക്കിക്കുക; **-Wordy,** *a.* ബഹുശബ്ദമായ, വാഗ്വിസ്താരമുള്ള, അത്യധികം പദങ്ങളുള്ള; **-iness,** *n.* വാക്കുപെരുപ്പം, ശബ്ദവിസ്താരം, ബഹുശബ്ദത്വം, പദാധിക്യം.

Work, *n.* കമ്മം, കൃതി, വ്യാപാരം, ക്രിയ; തൊഴിൽ, ജോലി, ഉദ്യമം, ഉദ്യോഗം; പുസ്തകം, കൃതി; നിമ്മാണം, കോട്ട, കൊത്തളം, ഫലം; *v. i.* പ്രവൃത്തിചെയ്യുക, യത്നിക്കു, പരിശ്രമിക്കുക, തൊഴിൽചെയ്യുക; ഫലിക്കുക; *v. t.* (പ്രവൃത്തി) നടത്തുക, ചെയ്യുക; രചിക്കുക, നിമ്മാണംചെയ്യുക, പരിശ്രമിപ്പിക്കുക, സാധിപ്പിക്കുക; **-able,** *a.* ചെയ്യാവുന്ന, പ്രവത്തിക്കത്തക്ക; **-ing,** *n.* ചേഷ്ട, വ്യാപാരം, പ്രവൃത്തി, ക്രിയ; **-Wrought,** *a.* ചെയ്ത, ചെയ്യപ്പെട്ടത്; **-Workman,** *n.* ജോലിക്കാരൻ, വേലക്കാരൻ; ശില്പകാരൻ; **-like,** *a.* ദക്ഷമായ, കമ്മഠമായ; **-ship,** *n* പ്രവൃത്തികൗശലത; കമ്മം, പ്രവൃത്തി, പണി, ഘടന, കൈവേല.

World (wērld), *n.* ലോകം, വിശ്വം, ജഗത്, ചരാചരം; ഭൂമി, ഭൂഗോളം; ഭൂലോകവാസികൾ, ജനം, സംസാരം, ഭവം, ജീവയാത്ര; ലോകാചാരം, ലോകമാർഗ്ഗം, ജനരീതി, ലൌകികം; 'in this w. ഇഹലോകത്തിൽ, ഇവിടെ'; 'in the next w. പരത്തിൽ, പരലോകത്തിൽ'; 'renounce the w. സംന്യസിക്കുക'; 'aversion to the w. വൈരാഗ്യം'; 'knowing the ways of the w. ലൌകികജ്ഞന്മായ'; **-Worldly,** ലൌകികമായ; ഐഹികമായ, സാംസാരികമായ, പ്രാപഞ്ചികമായ; (minded) ഐഹികദൃഷ്ടിയായ, ഐഹികബുദ്ധിയായ, സംസാരനിഷ്ഠമായ, വിഷയാസക്തചിത്തമായ, പ്രപഞ്ചാസക്തമായ; 'w. wise സംസാരജ്ഞാനിയായ'; 'w. wisdom സംസാരജ്ഞാനം, ലോകജ്ഞാനം'; **-iness,** *n.* സംസാരനിഷ്ഠ, പ്രപഞ്ചാസക്തി, വിഷയാസക്തി; **-Worldling,** *n. see* **Sensualist.**

Worm (wérm), *n.* കൃമി, കീടം, പുഴു, ഇഴയുന്നജന്തു, ഇഴയുന്നപ്രാണി; നിസ്സാരൻ; **-y,** *a.* കൃമിയുള്ള, കൃമിനിറഞ്ഞ, പുഴുപിടിച്ച.

Worry, *v. t.* ബുദ്ധിമുട്ടിക്കുക, ബാധിക്കുക, ആയാസപ്പെടുത്തുക, പീഡിപ്പിക്കുക, അസഹ്യപ്പെടുത്തുക, തൊന്തരപ്പെടുത്തുക; *v. i.* തൊന്തരവുണ്ടാകുക, വേവലാതിപ്പെടുക; വെരുപ്പവരിക, ദുശ്ശീലം കാട്ടുക.

Worse, *a.* കൂടുതൽ ചീത്തയായ, നികൃഷ്ടതരമായ, ദുഷ്ടതരമായ; സുഖക്കേടുകൂടിയ, ക്ഷീണംവദ്ധിച്ച; ഗുണശൂന്യമായ; *n.* നഷ്ടം, വലിയദുഷ്ട്യം; *adv* ദുഷ്ടതരമായി; *v t.* കൂടുതൽ ചീത്തയാക്കുക, കൂടുതൽ ദുഷിപ്പിക്കുക, അപജയപ്പെടുത്തുക, കേടുവരുത്തുക; **-Worsen,** *v. t.* കൂടുതൽ ചീത്തയാക്കുക, കേടുവരുത്തുക, അപജയപ്പെടുത്തുക; സുഖക്കേടധികമാകു, ക്ഷീണം വദ്ധിക്കു; **-Worser,** *a.* കൂടുതൽ ചീത്തയായ.

Worship, *n.* പൂജ, ഉപാസനം, അച്ച, അച്ച്ന, ആരാധനം, വന്ദനം, സേവ, വണക്കം, കുപ്പൽ; (as a title) ദേവൻ, മഹാരാജൻ; ബഹുമാനപ്പെട്ടഅങ്ങുന്ന്; 'devil w. പിശാചസേവ'; 'fire w. അഗ്ന്യാരാധനം'; 'hero w. വീരാരാധനം'; *v. t.* പൂജിക്കുക, അച്ചിക്കുക, അഭ്യച്ചിക്കുക, ആരാധിക്കുക, ഭജിക്കുക, സേവിക്കുക, കുപ്പുക; **-per,** *n.* പൂജകൻ, ഉപാസകൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തൻ, ഭക്തജനം, ആരാധകൻ, സേവകൻ.

Worst (wérst), *a.* ഏററവും ചീത്തയായ്, പാപിഷ്ഠമായ, നികൃഷ്ടതമമായ, കഷ്ടതമമായ; *n.* ഏററവും കഷ്ടമായ അവസ്ഥ, അത്യരിഷ്ടം; *v. t.* ജയിക്കുക, വെല്ലുക, പരാജയപ്പെടുത്തുക.

Worsted, *n.* പിരിച്ച ആട്ടരോമന്തൽ, നല്ലമന്തൽ, ഒരുതരം തുണി.

Worth (wérth), *v. i.* ആക, ഉണ്ടാക, സംഭവിക്ക; *a.* വിലയുള്ള; വിലയായ; തക്ക, അർഹമായ, യോഗ്യമായ; ആസ്തിയുള്ള, സ്വത്തുള്ള, വകയുള്ള; *n.* വില, അർഘം, മൂല്യം; ഗുണം, ഉൽക്കർഷം, സാരവത്ത്; വിശിഷ്ടത, ശ്രേഷ്ഠത; ഉപയോഗം, വീര്യം; **-Worthily,** *adv.* വേണ്ടപോലെ, യോഗ്യമായി; **-less,** *a* വിലയില്ലാത്ത, ഗുണമില്ലാത്ത, നിർഗ്ഗുണമായ, ഗുണഹീനമായ, നിരർത്ഥകമായ, അല്പമൂല്യമായ, ഗുണപ്രായമായ; **-Worthy,** *a.* വിലയുള്ള, യോഗ്യതയുള്ള, യോഗ്യമായ, അർഹമായ, അനുരൂപമായ; ആര്യമായ, മാന്യമായ, പൂജ്യമായ; ഗുണിയായ, ഗുണമുള്ള, ഗുണോപേതമായ; **-ily,** *n.* മാന്യജനം, ആര്യൻ, ശ്ലാഘ്യൻ, മഹാൻ, ശ്രേഷ്ഠൻ.

Would, *see* under **Will.**

Wound, *n.* മുറിവ്, വ്രണം, ക്ഷതി, പരുക്ക്; *v. t.* മുറിപ്പെടുത്തുക, മുറിവേല്പിക്കുക, കുത്തിമുറിക്കുക; വേദനപ്പെടുത്തുക; ദുഃഖിപ്പിക്ക; **-ed,** *a.* മുറിവേല്പിച്ച, മുറിവുണ്ടായ, മുറിഞ്ഞ.

Wraith, *n.* പിശാച്, വേതാളം, ഭൂതം.

Wrangle, *v. i. see* **Quarrel.**

Wrap, *v. t.* ചുരുട്ടുക, ചുററുക, പൊതിയുക, പുതയ്ക്കുക, ആവരണംചെയ്ക, പരിവേഷ്ടിക്ക, ആച്ഛാദിക്ക; ഉരപ്പെടുത്തുക, പിൻതുടരുക; **-ped,** *a.* പൊതിഞ്ഞ, ഉറച്ചിട്ട, വേഷ്ടിതമായ, കോശീകൃതമായ; **-per,** *n.* ഉറ, കൂട്, ആവരണം, പുടം, കോശം, ആച്ഛാദനം.

Wrath, *n.* കോപം, ക്രോധം, ഉഗ്രത, ചണ്ഡരൂപം; *a.* കോപമുള്ള, കുപിതനായ, ക്രുദ്ധമായ; **-ful,** *a.* കുപിതനായ.

Wreak, *v. t.* പകരംവീട്ടുക, പകവീട്ടുക, പ്രതിക്രിയചെയ്യുക; വൈരംതീർക്കുക.

Wreath, *n.* ചുരുൾ, പിരി, മാല, ഹാരം; **-Wreathe,** *v. t.* തൊടുക്കുക, ഗ്രന്ഥിക്കുക; **-ed,** *a.* തൊടുത്ത, കെട്ടിയ, ഗ്രഥിതമായ.

Wreck, *v. t.* (കപ്പൽ) ഉടയ്ക്കുക, പൊളിക്കുക, നാശപ്പെടുത്തുക; *v. i.* കപ്പൽച്ചേതം വരിക, ഉടയുക, ഭഗ്നമാക, പൊളിക്കുക; *n.* കപ്പലുടവ്, ഉടഞ്ഞകപ്പൽ, ഉടവ്, പൊളിവ്, നാശം, ഭംഗം.

Wrench (rensh), *v. t.* പിടിച്ചുപറിക്കുക, മുറുക്കിവലിക്കുക, ബലമായി വലിക്കുക; *n.* പിരിച്ചുവലി; ഉളുക്ക്; വിൽമുറുക്കി.

Wrest (rest), *v. t.* തിരിക്കുക, ഹരിക്കുക, പിടിച്ചുതിരിക്കുക, പിടിച്ചുതിരിച്ചു ബലമായി എടുക്കുക; മറിക്കുക; അർത്ഥംമറിക്കുക; *n.* തിരിച്ചുപറിക്കൽ, ഉളുക്ക്; മുറുക്കിവലിക്കൽ; ബലമായുള്ള വലി.

Wrestle, *v. i.* ഗുസ്തിപിടിക്ക, മല്ലയുദ്ധം ചെയ്യുക, ബാഹുയുദ്ധംചെയ്യുക; **-er,** *n.* ഗുസ്തിക്കാരൻ, മല്ലൻ, ബാഹുയോധൻ; **-ing,** *n.* ഗുസ്തി, മല്ലയുദ്ധം.

Wretch, *n.* നികൃഷ്ടൻ, നീചൻ, ദുരാത്മാവ്, പാപിഷ്ഠൻ, പായൻ, ഭാഗ്യംകെട്ടവൻ, മന്ദഭാഗ്യൻ, വരാകൻ, ദീനൻ, കഷ്ടപ്പാടുകാരൻ; **-ed,** *a.* കഷ്ടപ്പെട്ട, അധന്യനായ, ദീനനായ, വരാകനായ (വരാകിയായ); ഏററവും നികൃഷ്ടമായ; ദുരിതപ്പെടുന്ന, അതിദുഃഖിതനായ; **-edly,** *adv.* ദീനമായി, ദുരിതമായി, കഷ്ടമായി.

Wriggle, *v. t.* പിടയ്ക്കുക, ഞെളിയുക, പിരളുക, പിരിയുക.

Wright, *n.* ഉണ്ടാക്കുന്നവൻ, ചെയ്യുന്നവൻ, പണിക്കാരൻ, ആശാരി, തച്ചൻ.

Wring, *v. t.* പിരിക്കുക; പിഴിയുക; പിടിച്ചുമത്തുക; കോട്ടുക, വളച്ചുതിരിക്ക; പിടിച്ചുപറിക്ക, അപഹരിക്ക; നിർബന്ധിക്ക, ബലാൽക്കാരംചെയ്യുക; വളയ്ക്കുക; *v. i.* പിരിയുക, പിടയ്ക്കുക.

Wrinkle, *n.* ചുളി, ചുളുക്ക്, വലി, ഭംഗം, രേഖ; വിചാരം, മനോരാജ്യം; *v. t.* ചുളിക്കുക; *v. i.* ചുളിയുക; *a.* ചുളിവീണ, ചുളിയുള്ള, വലിയുള്ള; **-ed, -y,** *a.* ചുളിവീണ, രേഖാങ്കിതമായ.

Wrist, *n.* മണിക്കെട്ട്, മണിബന്ധം, പ്രകോഷ്ഠം.

Write, *v. t.* എഴുതുക, ലേഖനംചെയ്യുക; രേഖപ്പെടുത്തുക; പുസ്തകമെഴുതുക; *v. i.* എഴുതുക; **-er,** *n* എഴുതുന്നവൻ, എഴുത്തുകാരൻ, ലേഖകൻ; ഗ്രന്ഥകാരൻ; ഗുമസ്തൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രായുസക്കാരൻ, റൈട്ടർ; **-ing**, *n* എഴുത്തു്, ലേഖം, ലേഖ്യം; (Art of w.) ലിപി, രചന, ഗ്രന്ഥം; അക്ഷരമെഴുതൽ, രചനാ വിന്യാസം.

Writhe (rīth), *v. t.* and *v. i.* മുറുക്കുക, തിരിക്കുക, ചുളിക്കു.

Wrong, *a.* തെറ്റായ, പിഴയായ, അബദ്ധമായ, അന്യായ്യമായ, ന്യായവിരുദ്ധമായ, അസത്യമായ, ശരിയല്ലാത്ത; കള്ളമായ, അയഥാർത്ഥമായ, അനൃതമായ; ദോഷമായ; *n.* തെറു്, പിഴ, അന്യായം; കുറ്റം, അപകാരം, അപരാധം; കള്ളം, അയഥാർത്ഥ്യം; ദോഷം; *v. t.* തെറ്റുചെയ്യുക, അപരാധംചെയ്യുക; അപകരിക്കുക; **-ful**, *a.* തെറ്റായ, അബദ്ധമായ, നീതിയല്ലാത്ത; **-fully**, *adv.* അബദ്ധമായി, തെറ്റായി; **-ness**, *n.* അബദ്ധം, ദോഷബുദ്ധി.

Wroth, *see* **Angry**.

Wry (rī), *a.* കോടിയ, വക്രിച്ച, കോണിച്ച, ഒരുഭാഗം തിരിഞ്ഞ; തെറ്റിയ, കൊള്ളരുതാത്ത; അഹിതമായ; **-ness**, *n.* കോട്ടം, തിരിവു്, വക്രത; വികൃതാകൃതി.

Wurbagool, *n.* വവ്വാൽ, കടവാതിൽ, വാവൽ.

Wynd, *n.* ഇടവഴി, മുട്ടക്കു്.

Wynn, *n.* മരവണ്ടി, തടികയറുന്നവണ്ടി.

Xanthic (zan'thik), *a.* മഞ്ഞകലന്ന, മഞ്ഞലേശമുള്ള.

Xantippe (zantip'e), *n.* ശണ്ഠക്കാരത്തി, കക്കശ, വക്രശീല.

Xebec (zē'bek), *n.* മൂന്നു പാമരക്കപ്പൽ.

Xenium (ze-'), *n.* സംഭാവന, സമ്മാനം, ദക്ഷിണ.

Xenodochy (ze-), *n.* സൽക്കാരശീലം, ആതിഥ്യം.

Xenomania (ze-), *n.* വൈദേശികാചാരപ്രിയത.

Xeroderma (ze-), *n.* ഒരുവക ത്വഗ് രോഗം.

Xerophagy (zē-rof'-aji), *n.* വററൽതിന്നുള്ള ജീവിതം, ശുഷ്കസാധനം ഭക്ഷിച്ചുള്ള പ്രാണധാരണം.

Xerophilous (ze-rof'-i-lus), *a.* നീർവേണ്ടാത്ത, നീർക്കൂടാതെ വളരുന്ന, വരൾച്ചയിൽ വളരുന്ന.

Xiphias (zi-), *n.* കൊമ്പൻസ്രാവു്; നക്ഷത്രസമൂഹവിശേഷം; ഒരു വാൽനക്ഷത്രം.

Xiphoid (zif'-oid), *a.* വാൾപോലുള്ള, ഖഡ്ഗാകൃതിയായ.

Xylo (zi'lō), *pfx.* മരംകൊണ്ടുള്ള; **-graph**, *n.* മരത്തിലുള്ള കൊത്തുപണി, തടിയക്ഷരയച്ചു്; **-lographer**, *n.* മരക്കൊത്തുപണിക്കാരൻ; **-graphic**, **-graphical**, *a.* മരക്കൊത്തുപണിസംബന്ധിച്ച; **-graphy**, *n.* മരക്കൊത്തുപണി, തടിയക്ഷരയച്ചു്; **-phone**, *n.* ഒരുവക വാദ്യം.

Xrays, *n.* pl. എക്സ്റേകൾ, ശുദ്ധവൈദ്യുതരശ്മികൾ.

Xyris, *n.* ഒരു പൂച്ചെടി.

Xyst, (zist), **Xystus**, *n.* കളരി, മല്ലരംഗം.

Xyster (zist'ér), *n.* അസ്ഥിചുരണ്ടുന്ന ശസ്ത്രം. എല്ലുമാന്തി or ചുരണ്ടി.

Yacca (yak'ka), *n.* ഒരുമാതിരിച്ചെടി, യാക്കാച്ചെടി.

Yacht (yot), *n.* കളിവള്ളം, ക്രീഡാനൗക, ഉല്ലാസക്കപ്പൽ, കളിക്കപ്പൽ.

Yaff, *v. i.* നായേപ്പോലെ കുരയ്ക്കുക.

Yaffingale, *n.* പച്ചനിറമുള്ള മരംകൊത്തി പക്ഷി.

Yagger, *n.* അങ്ങാടിക്കാരൻ, നാടോടി.

Yak, *n.* മലങ്കാള, ചമരം, ചമരക്കാള.

Yakkin, *n.* ചമരിമാൻ.

Yam, *n.* കണ്ടിക്കിഴങ്ങു്, ആലുകം.

Yang, *n.* ഞാറയുടെ കരച്ചിൽ.

Yankee, *n.* (അമേരിക്കയിലെ) ഐക്യസംസ്ഥാനക്കാരൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Yard, *n.* മുററം, കളം, അംഗണം, പ്രാങ്ഗണം, ചത്വരം; ഗജം, മൂന്നടിയളവു്; വടി, ദണ്ഡം.

Yarn, *n.* ആട്ടരോമനൂൽ, ഊണ്ണനൂൽ, ഊണ്ണനൂൽ.

Yawl, Yaul, *n.* കപ്പൽതോണി, പത്തേമാരി, തരി.

Yawn, *v. i.* കോട്ടുവായിടുക, ജൃംഭിക്ക, വിജൃംഭിക്ക; തുറക്കുക; വായ്തുറക്കുക; *n.* കോട്ടുവായ്, ജൃംഭണം; **-er,** *n.* കോട്ടുവായിടുന്നവൻ.

Yea, *adv.* അതേ, ശരി, അങ്ങിനെതന്നെ; എന്നുമാത്രമല്ല; *n.* സമ്മതം, സമ്മതപത്രം.

Year (yēr), *n.* കൊല്ലം, ആണ്ടു്, വത്സരം, അബ്ദം; (pl.) വയസ്സു്, വാർദ്ധക്യം, **-ling,** *n.* ഒരുവയസ്സായ പശുക്കുട്ടി, ഒരുവയസ്സായ കുതിരക്കുട്ടി; **-ly,** *a.* വർഷം തോറുമുള്ള, വാർഷികമായ, സാംവത്സരികമായ, ആബ്ദികമായ, പ്രതിവർഷമായ; *adv.* വർഷംതോറും.

Yearn, *v. i.* ആഗ്രഹിക്ക, ആശിക്ക, വാഞ്ഛിക്ക, സ്നേഹിക്ക, ഉൽകണ്ഠപ്പെടുക; ബുദ്ധിമുട്ടുക; പാൽ ഉറക്കുടുക; **-ing,** *n.* വാഞ്ഛ, സ്പൃഹ, ഔത്സുക്യം, വാത്സല്യം.

Yeast, *n.* മദ്യപ്പത, മദ്യംപുളിച്ചുള്ളനുര, കിണ്വം, മാവുപുളിച്ചനുര; **-y, Yesty,** *a.* പുളിച്ചുപൊങ്ങുന്ന, പുളിച്ചുപതഞ്ഞ, നുരയുള്ള.

Yelk, *see* **Yolk.**

Yell, *v. i.* ഊളയിടുക, ക്രുക്കിവിളിക്കുക, കീച്ചിടുക, നിലവിളിക്കുക. ആർക്കുക, അലറുക; *v. t.* ഉച്ചത്തിൽപറയുക, ആർത്തുപറയുക; *n.* ഊള, ക്രുക്കിവിളി, അലച്ച്, മഹാശബ്ദം.

Yellow, *a.* മഞ്ഞയായ, മഞ്ഞനിറമുള്ള, പീതമായ, പീതളമായ, ഹരിദ്രാഭമായ, ഗൌരവമായ, പീതവർണ്ണമായ; **-ish,** *a.* അല്പംമഞ്ഞിച്ച, ആപീതമായ, പാണ്ഡുരമായ; **-ness,** *n.* മഞ്ഞിപ്പു്, മഞ്ഞനിറം, പീതവർണ്ണം.

Yelp, *see* **Bark.**

Yen, *n.* യെൻ, ജപ്പാൻനാണയം.

Yeoman, *n.* സ്വതന്ത്രനായകുടിയാനവൻ, ജനാംദാരൻ, നാട്ടാണ്മക്കാരൻ, ഗൃഹസ്ഥൻ.

Yes, *adv.* അതേ, തന്നെ, ഉവ്വ്, അങ്ങിനെതന്നെ.

Yester, *a.* കഴിഞ്ഞ, അടുത്തുകഴിഞ്ഞ, ഇന്നലത്തെ, തലേന്നാളത്തെ; **-day,** *n.* ഇന്നലെദിവസം, തലേന്നാൾ; *adv.* ഇന്നലെ, തലേന്നാൾ; **-night,** *n.* കഴിഞ്ഞ രാത്രി.

Yet, *adv.* കൂടെ, മേലും, ഇന്നിയും, ആകിലും, ഇനിയും, അധികം; അപ്പോൾതന്നെ, അക്കാലത്തുതന്നെ, പലപ്പോഴും, എപ്പോഴെങ്കിലും ഒരിക്കൽ; *conj.* അതല്ലെങ്കിലും, അങ്ങിനെയായാലും, എന്നാലും, എങ്കിലും.

Yew (ū), *n.* മയമുള്ള തടിയോടുകൂടിയ ഒരു വൃക്ഷം, വളയ്ക്കാവുന്നതടിയുള്ള വൃക്ഷം.

Yield (yēld), *v. t.* വരവുണ്ടാക, അദായമാക, കിട്ടുക; ഉണ്ടാക, ഫലിക്ക; സമ്മതിച്ചുകൊടുക്ക, ദാനംചെയ്ക, ത്യജിക്ക, വിട്ടുകൊടുക്ക; *v. i.* വിട്ടുകൊടുക്കുക, വശപ്പെടുക, വശീഭവിക്കുക, ശരണംപ്രാപിക്ക, ശരണംഗമിക്കുക; അനുവദിക്ക, സമ്മതിക്ക; നിർബന്ധംചെയ്യാതിരിക്ക; താണുകൊടുക്ക, താഴുക; *n.* ഉല്പന്നം, ഫലം, ആദായം, വരവു്; **-ing,** *a.* ഫലംനൽകുന്ന, ആദായംനൽകുന്ന; സമ്മതമുള്ള, ഒതുക്കമുള്ള, അനുരോധിയായ, അനുകൂലമായ.

Yoke, *n.* നുകം, നുകത്തടി, അമിത്തടി, ബന്ധം, പാശം, കെട്ടു്; ദാസ്യം, ദാസ്യചിഹ്നം, അടിമത്തം, സേവ; ഇണ, ജോടി, യുഗം, യുഗ്മം; *v. t.* നുകംവയ്ക്കുക, അമിയ്ക്കുക, അമിത്തടി; *v. i.* ചേർന്നിരിക്ക, ഇണയായിരിക്ക, യോജിച്ചിരിക്ക; 'y fellow, y. mate ഇണ, ചങ്ങാതി, കൂട്ടുകാരൻ, ഭാര്യ, ഭർത്താവു്'; **-let,** *n.* ചെറിയ നിലം.

Yolk (yok), *n.* (മുട്ടയുടെ) ചുവന്നകരു.

Yon, Yonder, *a.* അക്കാണുന്ന, അവിടെയുള്ള; *adv.* അതാ, അവിടെ.

Yoncopin, *n.* അമേരിക്കത്താമര.

Yore, *adv.* പണ്ടു്, മുമ്പു്, പൂർവകാലത്തിൽ.

You (ū), *pron.* നീ, താൻ, നിങ്ങൾ, താങ്കൾ.

Young, *a.* ഇളയ, ബാല്യമായ, യൗവനമായ, തരുണമായ, ബാലമായ; *n.* കുട്ടി, കുഞ്ഞു്, ശാബകം, അപത്യം, പോതം, പോതകം; **-er,** *a.* പ്രായംകുറഞ്ഞ, (കാലം) ഇളപ്പമായ്; **-Youngster,** *n.* ചെറുപ്പക്കാരൻ, ചെറുക്കൻ, പൈതലാൻ, വടു, കുമാരൻ, ബാലൻ; **-Youth,** *n.* ചെറുപ്പം, യൗവനം, താരുണ്യം, കൌമാരം; ചെറുപ്പക്കാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൻ, യുവാവ്, തരുണൻ, ബാലൻ, കുമാരകൻ; -ful, *a.* പ്രായമാകാത്ത, ഇളംപ്രായമായ; തരുണവയസ്സുമായ; -fulness, *n.* താരുണ്യം, യൗവ്വനം, ബാല്യപ്രായം.
Yowl, *v. i.* മോങ്ങുക (നായ്); ഓരിയിടുക.

Zabra, *n.* ചെറിയ സ്പാനിഷ്കപ്പൽ.
Zamia, *n.* തെങ്ങുവകവൃക്ഷം.
Zamouse, *n.* ആഫ്റിക്കാപോത്ത്.
Zanella, *n.* ഇരട്ടപ്പിന്നലുള്ള കുടത്തുണി.
Zanje (than'hē) *n.* നീർച്ചാൽ, കല്യ.
Zany, *n.* വിദൂഷകൻ, വികടകവി; -ism, *n.* വിദൂഷകത്വം, കോമാളിത്തം.
Zaptieh (zap'ti-ā), *n.* തുർക്കിപ്പോലീസുകാരൻ.
Zareba, *n.* മുൾവേലി.
Zarf, Zurf, *n.* കാപ്പിക്കിണ്ണൻ വയ്ക്കുംതട്ട്.
Zeal (zēl), *n.* ഉത്സാഹം, ഔൽസുക്യം, ആസ്ഥ, അത്യൽകണ്ഠ, അത്യാസക്തി; -ous, *a.* അത്യുത്സാഹമുള്ള, സോത്സാഹമായ, വ്യഗ്രമായ, അത്യാസക്തമായ; -ously, *adv.* അത്യുത്സാഹത്തോടെ; -Zealot, *n.* അത്യുത്സാഹി, നല്ല എരിവുള്ളവൻ, അത്യാസക്തൻ.
Zebra, *n.* കാട്ടുകുതിര, സീബ്ര.
Zebu, *n.* ഇൻഡ്യൻകാള.
Zebub, *n.* അബിസീനിയയിലുള്ള ആടുമാടുകളെ പിടിക്കുന്ന ഒരുമാതിരി ഈച്ച.
Zenana, *n.* അന്തഃപുരം.
Zend, *n.* ജെണ്ടുഭാഷ, പഴയ ഐറാനിയൻ ഭാഷ.
Zend Avesta, *n.* പാഴ്സികളുടെ മതഗ്രന്ഥം, സെൻഡ് അവസ്ഥ.
Zendik, *n.* മാന്ത്രികൻ, മായാവി.
Zenith, *n.* ഉച്ചി, ഉച്ചസ്ഥാനം, പരാകോടി, ശിരോബിന്ദു.
Zephyr (zef'ir), *n.* പടിഞ്ഞാറൻകാറ്റ്, ഇളംകാറ്റ്.
Zeppelin, *n.* ഒരുമാതിരി ആകാശക്കപ്പൽ, സെപ്പലിൻ.
Zerda, *n.* ആഫ്രിക്കൻകുറുനരി.
Zero, *n.* ശൂന്യം, പൂജ്യം, വട്ടം.
Zest, *n.* അഭിരുചി, രുചി, പ്രീതി, അഭിലാഷം.
Zeta, *n.* ചെറിയ അറ.
Zigzag, *n.* വളവ്, കോണൽ, വളവുംതിരിവും; *a.* വളഞ്ഞുതിരിഞ്ഞ, വളഞ്ഞുപുളഞ്ഞ, കുടിലമായ, വക്രമായ; *v. i.* വളഞ്ഞുപുളഞ്ഞുപോകുക; -gery, *n.* വളവും തിരിവും.
Zinc, Zink, *n.* തുത്തനാകം.
Zip, *n.* വെടിയുണ്ടപായുന്നശബ്ദം.
Zodiac, *n.* രാശിചക്രം, രാശിമണ്ഡലം, ജ്യോതിഷ്ചക്രം; 'a sign of the z. രാശി, ലഗ്നം'.
Zoiatria, *n.* മൃഗവൈദ്യശാസ്ത്രം.
Zone, *n.* ഇടക്കച്ച, മേഖല, രശന, കാഞ്ചി; മണ്ഡലം.
Zoo, *pfx.* ജീവസംബന്ധമായ, പ്രാണിസംബന്ധമായ; -ography, *n.* പ്രാണിശാസ്ത്രം, ജന്തുശാസ്ത്രം; -ology, *n.* പ്രാണിശാസ്ത്രം, ജന്തുശാസ്ത്രം; -Zoon, *n.* (ഒരുമുട്ടയിൽ ഒററയായി ഉണ്ടാകുന്ന) പ്രാണി, ജന്തു; -otomy, *n.* പ്രാണിവ്യവച്ഛേദം, പ്രാണിഭേദനം, പ്രാണിവ്യവച്ഛേദശാസ്ത്രം.
Zoozoo, *n.* കാട്ടുപ്രാവ്.
Zopilote, *n.* കരിങ്കഴുകൻ.
Zyme, *n.* പുളിപ്പ്, മദ്യപ്പുളിപ്പ്; പകച്ച്വ്യാധികാരണം.
Zythum, Zythem, *n.* യവസുര, യവമദ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

SUPPLEMENT

Aberdeen, *n.* പരുപരുത്ത രോമമുള്ള ഒരിനം സ്കോട്ട്ലൻഡുപട്ടി.

Ablepsia, *n.* അന്ധത; **-ptical,** *adj.* അന്ധമായ.

Abreption, *n.* പൂർണ്ണമായ വേർപെടൽ, രണ്ടാകൽ.

Accelerando (āt-chel-er-an′-dō), *adj and adv.* വർദ്ധിതവേഗമായി, വർദ്ധിച്ച വേഗത്തിൽ.

Accelerator, *n.* അക്സിലറേറ്റർ, വേഗവർദ്ധനയ്ക്കുള്ള യന്ത്രഭാഗം (മോട്ടോർ).

Accumulator, *n.* വൈദ്യുതശക്തിസംഭരണോപകരണം.

Acedia, *n.* താല്പര്യമില്ലായ്മ; മന്ദത.

Acetate Silk, *n.* കൃത്രിമപ്പട്ട്.

Acetone, *n.* ഒരിനം അംഗാരയോഗം.

Acidosis, *n.* ഒരു അമ്ലതാവസ്ഥ; പീനമൂത്രമൂലം രക്തത്തിലെ വിഷമുണ്ടാകൽ.

Acid test, *n.* അമ്ലമുപയോഗിച്ചുള്ള സ്വർണ്ണത്തിന്റെ പരീക്ഷണം; തീർച്ചകല്പിക്കാവുന്ന തികഞ്ഞ പരീക്ഷണം.

Ack-Ack, *adj.* വിമാനനാശകം.

Actinism, *n.* രശ്മിശക്തിമൂലമുള്ള ധാതുപരിണാമം.

Acuity, *n.* കൂർമ്മത.

Addressee, *n.* വിലാസക്കാരൻ.

Adeem, *v. t.* മരണപത്രപ്രകാരമുള്ള വസ്തുദാനത്തെ നശിപ്പിച്ചോ വിറ്റോ റദ്ദാക്കുക.

Adrenal glands, വൃക്കങ്ങളുടെ മേലുള്ള രണ്ടു സൂക്ഷ്മഗ്രന്ഥികൾ.

Advance-Guard, *n.* അഗ്രസേന.

Aerial, *n.* കമ്പിയില്ലാക്കമ്പി ഉപകരണം.

Aerial Torpedo, *n.* ടോർപ്പിഡോപോലുള്ള വിമാനബോംബ്.

Aerobatics, *n.* (ആകാശത്തിൽ) സങ്കോചനവിദ്യ.

Aerodrome, *n.* വിമാനസങ്കേതം, വിമാനത്താവളം.

Aerogram, *n.* കമ്പിയില്ലാക്കമ്പിസന്ദേശം, കമ്പി മുഖാന്തിരവും (ടെലഫോൺ) വിമാനംവഴിയായും നൽകുന്ന സന്ദേശം.

Aeroplane, *n.* ആകാശത്തിലൂടെപോകുന്ന യന്ത്രം അഥവാ ശില്പം.

Aforementioned, *adj.* മുൻപറഞ്ഞ.

Afrikaans, *n.* ദക്ഷിണാഫ്രിക്കൻ.

Aftermath, *n.* അനന്തരഫലം.

Agamic, *adj.* മൈഥുനരഹിതമായ.

Agar-Agar, *n.* പാചകത്തിനും ഔഷധത്തിനും പശയ്ക്കും മറ്റും ഉപയോഗിക്കുന്ന ഒരുതരം കടൽച്ചെടി.

Air Arm, *n.* വിമാനസേന.

Air-Condition, *v. t.* ആവശ്യമായ ശുദ്ധിയോടും ശീതോഷ്ണസ്ഥിതിയോടുംകൂടി അന്തരീക്ഷം വയ്ക്കുക.

Aircraft, *n* ആകാശയന്ത്രം, ആകാശശില്പം; ആകാശയാനവിദ്യ.

Air Force, *n.* ആകാശസേനാവ്യൂഹം.

Air Mail, ആകാശമാർഗ്ഗേണ കത്തുകളും മറ്റും അയയ്ക്കാനുള്ള ഏർപ്പാട്.

Airman, *n.* ആകാശനാവികൻ.

Airminded, *adj* ആകാശയാനപ്രാധാന്യം അറിയുന്ന, ആകാശയാനപ്രാധാന്യവേദിയായ.

Air power, വിമാനസേനാശക്തി, വിമാനസൈന്യത്തിൽ പ്രബലമായ രാഷ്ട്രം.

Air raid, *n.* വിമാനാക്രമണം.

Alert, *n.* ഭയസൂചന, ആപത്തിനെപ്പറ്റി മുന്നറിയിപ്പ്; തയ്യാറായിരിക്കൽ.

Allergy, *n.* അതിസംവേദനശക്തി, അസാധാരണ വേദനശക്തി.

Alsatian (al-sā′-sh(i)an), കറുപ്പും മഞ്ഞയുമായോ മഞ്ഞയും ചാരനിറവുമായോ ഉള്ള ഒരുതരം വലിയ നായ് (ചെന്നായയെപ്പോലുള്ള പട്ടി).

Ambivalence, *n.* ഒരാളിൽതന്നെ ഒരു വസ്തുവിനെ സംബന്ധിച്ച ഭിന്നചേതോവൃത്തികളുടെ സഹവർത്തനം.

Ammeter, *n* വൈദ്യുതശക്തിപ്രവാഹമാപനോപകരണം അഥവാ യന്ത്രം.

Amplifier, *n.* ഉച്ചശബ്ദീകരണോപകരണം; ഉച്ചഭാഷിണി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Ampoule (am-pōōl'), *n.* ചെറസ്ഫടികാധാരം.
Anglophile, *n.* ഇംഗ്ലണ്ടിനോടും ഇംഗ്ലണ്ടിലുള്ളവയോടും സന്മനോഭാവമുള്ള ആൾ.
Anopheles, *n.* അണുക്കളെ വഹിക്കുന്ന ഒരുതരം കൊതുക്; **-eline,** *adj.* വ്യത്ഥമായ, ഉപദ്രവകരമായ.
Anti-Aircraft (ack-ack), *adj.* ശത്രുവിമാനങ്ങളെ നശിപ്പിക്കാൻവേണ്ടിയുള്ള; വിമാനനാശകം.
Antibiotic, *adj.* രോഗാണുസംക്രമത്തെ തടയുന്ന.
Anti-Semitism, *n.* (വംശപരമായോ മതപരമായോ ഉള്ള കാരണംമൂലമുണ്ടാകുന്ന) ജൂതവിദ്വേഷം അഥവാ ജൂതമർദ്ദനം.
Anzac, *n.* ആസ്ട്രേലിയൻഭടൻ.
Apologia, *n.* പത്രിക, പ്രതിവാദം, സമാധാനം.
Appeasement, *n.* രാജിപ്പെടാമെന്നാശിച്ചുകൊണ്ടു സൗജന്യങ്ങൾ മുറയ്ക്കു നൽകുന്ന പ്രീണനനയം, പ്രീണനാപനയം.
Appendicectomy, *n.* ശസ്ത്രക്രിയയിൽ ഒരു ഇനം.
Arc, *n.* വാതകത്തിലൂടെ പ്രകാശവത്തായ വൈദ്യുതപ്രസരണം; **-Arc lamp, -Arc-light,** ഒരുതരം വൈദ്യുതവിളക്ക്.
Armature, *n.* ഡയനാമോയുടേയോ ഇലക്ട്രോമോട്ടോറിന്റേയോ കറങ്ങുന്നഭാഗം.
Asdic, *n.* അന്തർവാഹിനീദർശനോപായം.
Asepsis, *n.* രക്തത്തിൽ വിഷസംക്രമം ക്രടാതിരിക്കൽ.
At-home, *n.* അതിഥിസല്ക്കാരം, സ്വീകരണം
Atmospherics, *n.* pl. ആകാശത്തിലെ വൈദ്യുതമർമ്മരങ്ങൾമൂലം (കമ്പിയില്ലാക്കമ്പിസന്ദേശം) കേൾക്കുന്നതിനുള്ള തടസ്സങ്ങൾ.
Atom, *n.* ത്രിഘടകങ്ങൾ (ഇലക്ട്രൺസ്, പ്രോട്ടൺസ്, ന്യൂട്രൺസ്) അടങ്ങിയ അണു.
Atom (Atomic) bomb, *n.* അണുകബാംബ്.
Auto, *n.* സ്വയംചലനയന്ത്രം.
Autogyro, *n.* ആകാശയാനയന്ത്രം.
Auto-suggestion, *n.* സ്വതോദയം.
Axis, *n.* നാസിജർമ്മനിയും ഫാസിസ്റ്റ് ഇററലിയും തമ്മിലുള്ള ക്രൂട്ടുകെട്ട്.
Azure, *n.* നീലവർണ്ണം.

Back-chat, *n.* തർക്കുത്തരംപറച്ചിൽ, ധിക്കാരമായ മറുപടി.
Back-fire, *n.* യന്ത്രനാളിയിൽ അനവസരത്തിലുള്ള വാതകസമ്മർദ്ദസ്ഫോടനം; തിരിച്ചടി.
Back-number, *n.* പത്രത്തിന്റെ മുൻലക്കം; ഉപയോഗംതീർന്ന മനുഷ്യൻ.
Bakelite, *n.* കൃത്രിമ അരക്ക്.
Ballyhoo, *n.* ക്രൂക്കുവിളിപ്രചരണം.
Bandobast, *n.* ബന്തവസ്സ്.
Basic, *adj.* അടിസ്ഥാനപരമായ, മൗലികം.
Basic English, ഇംഗ്ലീഷ്പഠിക്കുന്നതിനുള്ള ലഘുസമ്പ്രദായം.
Bastaard, *n* സങ്കരജാതൻ. ഇരുജാതി.
Beacon, *n.* തെരുവു കുറുകെ കടക്കാനുള്ള ഇടം കുറിക്കുന്ന അടയാളം, കപ്പലിനും വിമാനത്തിനും അടയാളസൂചനനൽകുന്ന ഉപകരണം.
Bearings, *n.* യന്ത്രത്തിന്റെ ബയറിംഗ്.
Behaviour, *n.* പെരുമാററം.
Bifocal, *adj.* രണ്ടിനും കണ്ണാടിച്ചില്ലുള്ള.
Bifurcate, *v. i.* രണ്ടുശാഖയായി വിഭജിക്കുക.
Bilinguist, *n.* ഉഭയഭാഷാഭിജ്ഞൻ, ദ്വിഭാഷാവേദി.
Billet, *n.* പട്ടാളത്താവളത്തിനു മററുള്ളവരുടെ താവളത്തിനോ ആയി കൈവശപ്പെടുത്തപ്പെട്ട സ്ഥലം.
Bindover, നിയമവിധേയതചത്തിലാക്കുക.
Bipartisan, *adj.* രണ്ടു രാഷ്ട്രീയകക്ഷികളെ സംബന്ധിച്ച അഥവാ രണ്ടു രാഷ്ട്രീയ കക്ഷികളാൽ പിൻതാങ്ങപ്പെട്ട.
Birth-control, *n.* സന്താനനിയന്ത്രണം.
Bisexual, *adj.* ഉഭയലിംഗിയായ, ആണിന്റെയും പെണ്ണിന്റെയും ലക്ഷണംതികഞ്ഞ.
Black market, *n.* വ്യാജവ്യാപാരം.
Black out, *n.* തമസ്സുരണം.
Blighter, *n.* തെണ്ടി.
Blimp, *n.* ചെറുതരം ആകാശക്കപ്പൽ.
Blitz, *n.* പെട്ടന്നുവേയുള്ള ഉഗ്രവും ഏകാഗ്രവുമായ ആക്രമണം.
Bolshevik, *n.* റഷ്യയിലെ (തീവ്രവാദികളായ) ഭൂരിപക്ഷ സോഷ്യലിസ്റ്റ്കക്ഷിയിലെ ഒരു അംഗം (opp. to Menshevik)
Bomb, *n.* അഗ്നിപർവ്വതം വമിക്കുന്ന ഗോളാകൃതിയിലുള്ള ലാവ; *v. t.* ബാംബെറിയുക; *v. i.* ബാംബുകൊണ്ടാക്രമണംനടത്തുക; **-er,** *n.* ബാംബേറുനടത്തുന്ന വിമാനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Bonnet, *n.* മോട്ടോർകാർയന്ത്രാവരണം.

Boost, *v. t.* മുൻപോട്ടുപോകാൻ സഹായിച്ചുകൊടുക്കുക, തള്ളിക്കൊടുക്കുക.

Borstal system, *n.* ഒരുതരം ദുർഗ്ഗുണപരിഹാരപാഠശാല.

Bottle neck, *n.* കുപ്പിയുടെ കഴുത്ത്; ഞെരുക്കമുള്ള മാർഗ്ഗം; പുരോഗതിക്കുള്ള സകാരണതടസ്സം.

Box-Office, *n.* ഇരിപ്പിടം (സിനിമാശാലകളിലും മററും) റിസർവ്വ് ചെയ്യാനുള്ള കാര്യാലയം.

Brain-storm, *n.* പെട്ടെന്നുള്ള തീവ്രമായ മാനസികാസ്വാസ്ഥ്യം.

Brains-trust, *n.* പൊതുകാര്യങ്ങൾക്കായി ചോദിക്കുമ്പോൾ മറുപടിനൽകാൻ വിളിച്ചുകൂട്ടപ്പെടുന്ന ബുദ്ധിമാന്മാരുടെ ഒരു സംഘം.

Brass-hat, *n.* സ്ഥാനമുള്ള സൈനികോദ്യോഗസ്ഥൻ.

Brassiere, *n.* സ്ത്രീ ഉള്ളിൽ ധരിക്കുന്ന സ്തനാവരണം.

Bren Gun, *n.* ബ്രെൻഗൺ, യന്ത്രത്തോക്ക്.

Bridge-head, *n.* സുരക്ഷിതസ്ഥാനമാക്കി നിലയെടുക്കപ്പെടുന്ന പാലത്തിൻെറ അങ്ങേഅറ്റം; ആക്രമിച്ചടക്കപ്പെട്ട ഏററവുംമുന്നിലുള്ള സ്ഥാനം, സമരരംഗാഗ്രസ്ഥാനം.

Brief, *v. t.* സംക്ഷേപിക്കുക; ഉപദേഷ്ടാവായിവയ്ക്കുക, ഒരു യുദ്ധത്തിന് ആജ്ഞാപിക്കുക.

Browned off, *adj.* ശല്യം ചെയ്യപ്പെട്ട, മുഷിഞ്ഞ, വെറുത്ത.

Bud-buddy, *n.* സഹോദരൻ.

Bulldoze, -Bulldozer, . ഉഴാനും നിരത്താനുമുള്ള ശക്തിയന്ത്രം.

Bump off, കൊല്ലുകയോ നശിപ്പിക്കുകയോ ചെയ്ക.

By-pass, *n* വാഹനമൊഴിയുന്നതിനുള്ള ചെറിയ നാളി; ഒഴിഞ്ഞ വഴി.

Cadence, *n.* സ്വരാവരോഹം.

Cadet, *n.* സൈനികപരിശീലനം സമ്പാദിക്കുന്ന ബാലകൻ.

Cafeteria, *n.* കാഫിസ്റ്റാൾ, പണം കൊടുക്കാനും വാങ്ങാനുമുള്ള പ്രത്യേക സ്ഥലത്തോടുകൂടിയ ഭക്ഷ്യശാല.

Calendar-line, *n.* ദിനരേഖ.

Campus, *n.* കാളേജ്മുററങ്ങൾ.

Canteen, *n.* മദ്യരഹിതഭക്ഷണസ്ഥലം, കൻറീൻ.

Catalyst, *n.* സ്വയംപരിണമിക്കാതെ ധാതുപരിണാമമുണ്ടാക്കുന്ന വസ്തു.

Cat-burglar, *n.* മാർജ്ജാരനെപ്പോലെ കയറുന്ന ചോരൻ.

Caterpillar, *n.* ചങ്ങലച്ചക്രത്തോടുകൂടിയ യന്ത്രക്കലപ്പ.

Catty, *adj.* പൂച്ചയെപ്പോലെയുള്ള, വിരോധമുള്ള, പകയുള്ള.

Cellophane, *n.* സ്ഫടികത്താൾ.

Central heating. ഒരു കേന്ദ്രച്ചൂളയിൽ നിന്നു വെള്ളമോ ആവിയോ കുഴൽവഴി അയച്ച് പല മുറികളിലും ചൂടു പ്രസരിപ്പിക്കുന്ന സംവിധാനം.

Chaprassi, *n.* കാര്യാലയസന്ദേശവാഹകൻ, ഭൃത്യൻ.

Chowkidar, *n.* കാവൽക്കാരൻ.

Cine-Camera, *n.* ചെറിയതരം ഫിലിംഉപയോഗിക്കുന്ന ചലച്ചിത്രക്യാമറ.

Cinema, *n.* സിനിമ, സിനിമറോഗ്രാഫ് എന്ന വാക്കിൻെറ ചുരുങ്ങിയ രൂപം.

Cissy, *n.* പെണ്ണിനെപ്പോലുള്ളവൻ, സ്ത്രീസദൃശൻ.

Clockwise, *adv.* ഘടികാരസൂചിയുടെ ഗതിക്കു സമാനമായ.

Close-up, *n.* അടുത്തുനിന്നെടുക്കപ്പെട്ട വിശദമായ വലിയ ഫോട്ടോ; അടുത്തുള്ള പരിശോധന.

Closet-play, *n.* ശ്രാവ്യനാടകം; അഭിനയിക്കുന്നതിനേക്കാൾ കൂടുതൽ വായിച്ചുരസിക്കുന്നതിനുള്ള നാടകം.

Cock-pit, *n.* ഡ്രൈവർക്കോ പയലററിനോ കാറിലോ വിമാനത്തിലോ ഇരിക്കാനുള്ള ചെറുമുറി.

Cocotte, *n.* ഒരുഴിഞ്ഞ സ്ത്രീ; സ്വൈരിണി.

Coed *n.* സഹവിദ്യാഭ്യാസം നൽകുന്ന വിദ്യാലയത്തിൽ പഠിച്ച ബാലിക.

Cold feet, *n.* നിരുത്സാഹനം, പേടി.

Columnist, *n.* പത്രപംക്തിയിലെ എഴുത്തുകാരൻ, പത്രപംക്തിലേഖകൻ.

Comforter, *n.* കുട്ടിയുടെ കളിപ്പാവ.

Cominform, *n.* 1947-ൽ രൂപീകരിച്ച സാർവ്വദേശീയകമ്മ്യൂണിസ്റ്റ്സംഘടന.

Comintern, *n.* കമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Commando, *n.* ഒരു സൈനികദലം അ ഥവാ ഘടകം.
Commissar, *n.* സോവ്യററ്ഭരണകൂടത്തി ലെ വകുപ്പദ്ധ്യക്ഷൻ.
Commute, *v. t.* വൈദ്യുതശക്തിപ്രവാഹം മാററിയും തിരിച്ചും വിടുക; *v. i.* നാട്ടംപു റത്തെ ഭവനത്തിൽനിന്നും നഗരത്തിലെ ആഫീസിലേക്ക യാത്രചെയ്യാൻ സീസൻ ടിക്കററുപയോഗിക്കുക.
Complex, *n.* അസാധാരണമായ മാനസി കാവസ്ഥയ്ക്കും ശരീരാവസ്ഥയ്ക്കും കാരണ മായ ചേതോവികാരസമൂഹം (വിസ്മൃതമാ യവ).
Concentration Camp, ഭരണാധികാരി കൾക്കിഷ്ടമില്ലാത്തവരെ പാർപ്പിക്കുന്ന താ വളം, രാഷ്ട്രീയതടങ്കൽസ്ഥലം.
Consortium (kon-sor'-shi-um), *n.* സ മാജം, സാർവ്വദേശീയധനസമിതി.
Contraception, *n.* കൃത്രിമോപകരണങ്ങൾ ഉപയോഗിച്ചുള്ള ഗർഭനിരോധനം.
Counter-clockwise, *adv.* ഘടികാര സൂചിഗതിക്കെതിരായി.
Counter-espionage, *n.* എതിർചാരവൃത്തി
Crater, *n.* ഭൂമിയുടെ വിടവ് (ബോംബു പൊട്ടൽമൂലം).
Crook, *n.* കള്ളൻ, ചതിയൻ.
Cubism, *n.* ഒരു വസ്തുവിൻെറ നാനാഭാവ ങ്ങളെ ഒന്നിച്ചുകൊണ്ടുവരുന്ന ചിത്രകലാ പ്രസ്ഥാനം.
Culture, *n.* ഒരുതരം പരിഷ്കാരം; കൃത്രിമ മായി വളർത്തപ്പെട്ട അണുസമൂഹം.
Cumulative vote, *n.* ഒന്നിലധികം വോട്ടു കൾ ഒരു സ്ഥാനാർത്ഥിക്ക് ഒന്നിച്ചുനൽകു ന്നതിനോ പല സ്ഥാനാർത്ഥികൾക്കായി വിതരണംചെയ്യുന്നതിനോ അനുവദിച്ചി ട്ടുള്ള വോട്ടിംഗ്സമ്പ്രദായം.
Cushy, *adj.* അനായാസകരവും സുഖകര വുമായ.

Dalai lama, ടിബററിലെ ബുദ്ധമതാദ്ധ്യ ക്ഷൻ.
Dame, *n.* വീരാംഗന.
Dash board, *n.* വിമാനപൈലററിൻെറ മുൻവശത്ത് ഉപകരണങ്ങൾ വച്ചിട്ടുള്ള ഫലകം.
D'day, *n.* സഖ്യകക്ഷികൾ ഫ്രാൻസ് ആക്ര മിച്ച് പ്രാരംഭദിവസം (1944 ജൂൺ 6).
D. D. T. കീടസംഹാരി.
Decelerate, *v. t. and v. i.* വേഗം കുറ യ്ക്കുക, മന്ദീഭവിപ്പിക്കുക.
Defeatism, *n.* പരാജയമനഃസ്ഥിതി, പരാ ജയപ്രതീക്ഷ.
Demob, *v. t.* പിരിച്ചുവിടുക.
Demote, *v. t.* റാങ്കുകുറയ്ക്കുക.
Denazify, *v. t.* നാസിതത്വങ്ങളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും മോചിപ്പിക്കുക.
Destroyer, *n.* ഒരു ടോർപിഡോബോട്ട്, നശീകരണബോട്ട്.
Devalue, നാണയവില കുറവുചെയ്യുക.
Dialectic-കാറൽമാർക്സിൻെറ-**Dialectical Materialism,...** ഭൗതികസിദ്ധാന്തം.
Direct action, *n.* വ്യവസായികലക്ഷ്യം പ്രാപിക്കാൻ വിനിയോഗിക്കുന്ന ഞെരു ക്കൽസമ്പ്രദായങ്ങൾ, പ്രത്യക്ഷനടപടി.
Dither, *v. i.* വിറയ്ക്കുക; *v. t.* കുഴയ്ക്കുക.
Dive-bomber, തലകുത്തനെ കീഴോട്ടു പറ ന്നു ബോംബുചെയ്യുന്ന വിമാനം.
Doodle-bug, *n.* പറക്കുംബോംബ്.
Dossier, *n.* പ്രമാണശേഖരം; രേഖകൾ.
Dust-cover, ഗ്രന്ഥാവരണം.

Earth, *n.* ഭൂമിയുമായുള്ള വൈദ്യുതബന്ധം.
E-Boat, ജർമ്മൻ മോട്ടോർടോർപ്പിഡോബോട്ട്.
Egocentric, *adj.* അഹന്താമയമായ.
Electrode, വാതകത്തിലേക്കോ ദ്രാവകത്തി ലേക്കോ അവയിൽനിന്നു പുറത്തേക്കോ വൈദ്യുതശക്തി പ്രവഹിപ്പിക്കുന്നതിനുള്ള ഉപാധി.
Electromobile, *n.* സ്വയം വൈദ്യുതശ ക്തികൊണ്ടു ചലിക്കുന്ന വാഹനം; വൈ ദ്യുതശക്തിവാഹനം.
Electronics, ഇലക്ട്രോൺസിൻെറ സ്വതന്ത്ര ചലനത്തെപ്പററിയുള്ള ശാസ്ത്രം.
Ensemble, *n.* സംഗീതജ്ഞസമ്മേളനം, ഭാഗവതരന്മാരുടെ സമിതി.
Entente (ong-tongt'), *n.* ധാരണ, സം സ്ഥാനങ്ങൾതമ്മിലുള്ള സൗഹൃദബന്ധം.
Epicentre, *n.* ഭൂമികുലുക്കം ഉണ്ടായ സ്ഥാ നത്തിനുനേരെ മുകളിൽ ഭൂമിക്കുപരിയുള്ള സ്ഥാനം.
Escape, *n.* ബഹിർഗമനമാർഗ്ഗം; യഥാർത്ഥ്യ ത്തിൽനിന്നുള്ള പലായനം; പരിമിതിക ളിൽനിന്നുള്ള വളർച്ച (പ്രത്യേകിച്ചും ഉദ്യാ നച്ചെടികളെസംബന്ധിച്ച്.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Esperanto, *n.* 1847-ൽ കണ്ടുപിടിക്കപ്പെട്ട ഒരു സാർവ്വദേശീയ സഹായകഭാഷ.

Eton-crop, *n.* സ്ത്രീകളുടെ മുടിവെട്ടിലുള്ള പരിഷ്കാരരീതി.

Exposure, *n.* പ്രകാശപതനമാത്ര.

Express, *v. t.* വ്യഞ്ജിപ്പിക്കുക; നില്ക്കാതെ ഓടുന്ന വണ്ടി, നില്ക്കാതെ ഓടുന്ന സന്ദേശവാഹകൻ.

Expressionism, *n.* ഭാവാത്മകത്വം (സാഹിത്യം).

Eye-wash, *n.* ചതി.

Family-tree, *n.* വംശപരമ്പരാവൃക്ഷം.

Feature, *n.* പ്രത്യേകം ആകർഷകമായി പ്രദർശിപ്പിക്കപ്പെടുന്നതു്.

Fed up, വലയുക, മുഷിയുക.

Feminism, *n.* സ്ത്രീമോചനപ്രസ്ഥാനം.

Ferro-concrete, *n.* ബലപ്പെടുത്തപ്പെട്ട കാൺക്രീറ്റ്.

Fifth column, *n.* അഞ്ചാംപത്തി, നിഗൂഢശത്രുക്കൾ.

Fifty-fifty, *n.* പകുതി പകുതി, പപ്പാതിയ്ക്കു.

Fiscal policy *n.* ഇറക്കുമതിത്തീരുവനയം.

Flag-day, *n.* പതാകവില്പന സംഭാവനപിരിക്കുന്ന ദിനം, പതാകാദിനം.

Fleet street, *n.* ത്രപ്രവത്തനരീതികളും പാരമ്പര്യങ്ങളും.

Flood-lighting, *n.* മഹാദീപപ്രകാശനം.

Flying-boat *n.* ജലവിമാനം.

Flying-bomb, *n.* ബാണബാംബ്.

Flying-squad, *n.* അതിവേഗത്തിൽ സഞ്ചരിക്കുന്ന പോലീസ്സംഘം അഥവാ പരിശോധകസംഘം.

Fool-proof, *adj.* അശ്രദ്ധയോ മടത്തരമോമൂലം തകരാറുവരാത്ത.

Forcible-feeding, *n.* നിരാഹാരവ്രതക്കാരെ നിർബ്ബന്ധിച്ചു ഭക്ഷണംകഴിപ്പിക്കൽ.

Four freedoms, അഭിപ്രായസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, ആവശ്യങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യം, ഭയത്തിൽനിന്നുള്ള സ്വാതന്ത്ര്യം.

Frequency, *n.* ഏതെങ്കിലും ആനുകാലികസംഗതിയുടെ അനുനിമിഷമുള്ള ത്രുടനത്തിന്റെയോ തരംഗത്തിന്റെയോ ഭ്രമണത്തിന്റെയോ എണ്ണം.

Fuhrer, *n.* നേതാവ്; അഡോൾഫ് ഹിറ്റ്ലർ.

Fundamentalism, *n.* ബൈബിൾ ഉല്പത്തിവാദത്തിലുള്ള വിശ്വാസം.

Futurism, *n.* ഭാവിഭാവനാസിദ്ധാന്തം.

Gadget, *n.* ചെറുകൌശലം.

Gallup poll, *n* പ്രായം, ലിംഗം, സാമ്പത്തികസ്ഥിതി, സാമൂഹ്യസ്ഥിതി എന്നിവയനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ട ഏതാനും പൗരന്മാരിൽനിന്നു ഉത്തരംവാങ്ങി പൊതുജനാഭിപ്രായം അറിയുന്ന രീതി.

Garage, *n.* മോട്ടാർകാർ ഇടുന്ന കെട്ടിടം.

Gate-crash, *v. i.* ക്ഷണംകൂടാതെ സ്വകാര്യസൽക്കാരത്തിലോ പണംകൊടുക്കാതെ പൊതുവിനോദപ്രകടനത്തിലോ പങ്കുകൊള്ളുക.

Generalissimo, *n.* വലിയ അഥവാ സംയുക്തമായ ഒരു സൈന്യത്തിന്റെ പരമാധികാരി.

Genetics, *n.* വംശപരമ്പരാപ്രശ്നങ്ങളെയും വസ്തുതകളെയും പ്രതിപാദിക്കുന്ന ശാസ്ത്രം.

Georgette, *n.* നേരിയപട്ടു്.

Germ-theory, *n.* സാംക്രമികരോഗകാരണം ജീവത്തായ അണുക്കൾമൂലമാണെന്നുള്ള സിദ്ധാന്തം.

Gestapo, *n.* ജർമ്മനിയിലെ നാസി രഹസ്യപോലീസ്.

Glamour, *v. t.* വശീകരിക്കുക, മയക്കുക, ഹൃദയംഹരിക്കുക.

Godown, *n.* ഗുദാം, പണ്ടകശാല.

Goosestep, *n.* മുട്ടുവളയ്ക്കാതെ പാദംപരത്തിയുള്ള കവാത്തു്.

Graft, *n.* അഴിമതിമൂലം നിയമാനുസാരമല്ലാത്ത നേട്ടം (പ്രത്യേകിച്ചു പൊതുജനസേവനത്തിൽ).

Grey matter, *n.* ചിന്താകർമ്മം നടത്തുന്ന മസ്തിഷ്കഭാഗം, തലച്ചോറ്, ബുദ്ധി.

Hague conference, ഹേഗിൽവച്ചുനടന്ന സാർവ്വദേശീയ സമാധാനസമ്മേളനം.

Halal, *v. t.* മഹമ്മദൻനിയമപ്രകാരം വധിക്കുക.

Half-time, *n.* സ്കൂൾഹാജരിനു നിശ്ചയിച്ചിട്ടുള്ളതിന്റെ പകുതിസമയം, ഫുട്ബാൾകളിയുടെയിടയ്ക്കുള്ള ഒഴിവുസമയം.

Half-tone block, *n.* ഹാഫ്ടോൺബ്ലോക്ക്

Heat-wave, *n.* ഒരോ സ്ഥലത്തേക്കും മാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റിക്കെ ണ്ടിരിക്കുന്ന ചൂട്ടുപിടിച്ച അന്തരീക്ഷാവസ്ഥ.

Helicopter, *n.* ഒരുതരം പറക്കുന്ന യന്ത്രം.

Herrenvolk, *n.* നാസിസിദ്ധാന്തപ്രകാരം ജർമ്മൻകാരായ ഉൽകൃഷ്ടജാതി.

Hitlerism, *n.* ഹിററ്ലരുടെ രാഷ്ട്രീയസിദ്ധാന്തങ്ങളും ഭരണവും രീതികളും.

Homosexual, *adj.* (സ്ത്രീപുരുഷന്മാർക്ക്) അവരവരുടെ വിഭാഗത്തിൽ ലൈംഗികാഭിലാഷമുള്ള

Honorific, *adj.* ബഹുമാനിക്കുന്ന.

Humanism, *n.* പ്രായോഗികതത്ത്വചിന്ത.

Hyphenate, *v. t.* ചെറുവരകൊണ്ടു കൂട്ടിച്ചേർക്കുക.

Imagist, *n.* ഇരുപതാംനൂററാണ്ടിലെ ഒരു പ്രത്യേകകാവ്യപ്രസ്ഥാനം.

Inflation, *n.* നാണയപ്പെരുപ്പം.

Inseminate, *v. t.* വിതയ്ക്കുക, ബീജാവാപംചെയ്ക, നടുക.

Insulin, *n.* ഇൻസുലിൻ, മൂത്രമൊഴിവുരോഗത്തിനു ചികിത്സിക്കാൻ ഔഷധമായി മൃഗങ്ങളിൽനിന്നെടുക്കുന്ന സത്ത്.

Intake, *n.* ഖനിയിലെ വായുമാർഗ്ഗം, വെള്ളം അകത്തേക്കെടുക്കുന്ന സ്ഥലം.

Intellectual, *n.* അപാരബുദ്ധിമാൻ, മഹാബുദ്ധിമാൻ.

Intelligetsia, *n.* സംസ്കാരസമ്പന്നമായ വിഭാഗം.

Internationale, *n.* മത്സരിച്ചുണ്ടായ മൂന്നാമത്തെ കമ്മ്യൂണിസ്റ്റ്സംഘടന (മൂന്നാം ഇൻററർ നാഷനൽ).

Intravenous, *adj.* സിരയിലുള്ള.

Introvert, *n.* ബാഹ്യവസ്തുപരതയ്ക്കു പകരം ആത്മപരതയുള്ള ഒരുതരം ഹൃദയം അഥവാ അന്തഃകരണം.

Iron lung, *n.* വായുസമ്മർദ്ദംകൊണ്ട് രോഗിയുടെ ശ്വാസകോശം പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു ഉപകരണം.

Jackpot, *n.* ഒരുതരം കളി.

Jeep; *n.* ജീപ്പ്, അമേരിക്കയിലെ ഒരുതരം സൈനികമോട്ടോർവാഹനം.

Jehad, *n.* മുസ്ലീങ്ങളുടെ മതയുദ്ധം, ആമരണാന്തയുദ്ധം.

Jet-driven, *adv.* വായുക്ഷേപണത്താൽ ഗമിക്കുന്ന.

Jitter, *v. i.* സങ്കോചപ്പെടുക, സങ്കോചം കാണിക്കുക.

Juvenilia, *n.* ബാല്യകാലത്തിലെ അഥവാ യൌവ്വനകാലത്തെ കൃതികൾ.

Key-industry, *n.* മററുവ്യവസായങ്ങൾക്ക് അടിസ്ഥാനമായ വ്യവസായം, അടിസ്ഥാനവ്യവസായം.

Klaxon (-horn), മോട്ടോർകാറിലെ വൈദ്യുതകാഹളം.

Kleptograph, *n.* കള്ളൻെറ ഫോട്ടോകൂടിയെടുക്കുന്ന, കള്ളനെ വിളിച്ചറിയിക്കുന്ന പരിഭ്രമശബ്ദം മുഴക്കുന്ന ഉപകരണം.

Knock-out, *n.* തട്ടിയിടുന്ന പ്രവൃത്തി.

Lamination, *n.* കനംകുറഞ്ഞ അട്ടിയായി അടുക്കിവയ്ക്കൽ.

Land army, *n.* കഴിഞ്ഞ യുദ്ധകാലങ്ങളിൽ പാടത്തും മററും പ്രവൃത്തിചെയ്യാൻ സംഘടിപ്പിക്കപ്പെട്ട സ്ത്രീസംഘം.

Lebensraum, *n.* "ജീവിക്കാനുള്ള ഇടം"; പുറമെത്തേക്കു വ്യാപിപ്പിക്കുന്നതിനുള്ള ജർമ്മൻ അവകാശവാദം.

Levy, *n.* സമാജാംഗങ്ങളിൽനിന്ന് ആവശ്യപ്പെടുന്ന സംഭാവന, നികുതി.

Liaison, *n.* മററു സൈന്യമോ സൈന്യഘടകമോ തമ്മിലുള്ള ഫലപ്രദമായ ബന്ധം.

Libido, *n.* പ്രവൃത്തിപ്രേരകമായ അഭിലാഷം, കാമം.

Linter, *n.* പഞ്ഞിനാരു് എടുക്കാനുള്ള ഒരു യന്ത്രം.

Liquidate, *v. t.* നിർമ്മാർജ്ജനംചെയ്ക, നീക്കംചെയ്യുക, ഇല്ലാതാക്കുക.

Local Time, *n.* സൂര്യനെ ആസ്പദമാക്കിയുള്ള തദ്ദേശീയസമയം.

Loud-Speaker, *n.* ഉച്ചഭാഷിണി, ശബ്ദബൃഹത്കരണയന്ത്രം.

Low-Brow, *adv.* ബുദ്ധിവൈഭവമില്ലാത്ത, ബുദ്ധിയുണ്ടെന്നു ഭാവിക്കാത്ത.

Luftwaffe, *n.* ജർമ്മൻ ആകാശസൈന്യം.

Magntic Mine, *n.* കടലിനടിയിൽ താഴ്ത്തപ്പെടുന്നതും കപ്പൽ അടുത്തുവരുമ്പോൾ കാന്തസൂചിയുടെ പ്രവർത്തനംമൂലം പൊട്ടുന്നതുമായ മൈൻ അഥവാ അമിട്ട്.

Malnutrition, *n.* പോഷകാപൂർണ്ണത, പോഷകാപര്യാപ്തത, പോഷകന്യൂനത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Mandate, *n.* നിയോജകശാസനം; സ്വരാജ്യസഭ നൽകുന്ന ഭരണാധികാരം.

Man-Handle, *v. t.* ആൾബലംകൊണ്ടിളക്കുക; പരുഷമായി കൈകാര്യംചെയ്ക.

Man-Power, *n.* തൊഴിൽചെയ്യാനുള്ള മനുഷ്യന്റെ ശക്തി, മനുഷ്യശക്തി; മനുഷ്യനു ചെയ്യാൻകഴിയുന്ന ജോലിയുടെ തോത്; യുദ്ധശേഷിയുള്ളവരുടെ മൊത്തസംഖ്യ.

Manual-Training, *n.* തടിപ്പണി ലോഹപ്പണി മുതലായവകൊണ്ട് കൈവേലയിൽ നൽകുന്ന പരിശീലനം.

Marathon-Race, *n.* ദീർഘദൂരമുള്ള ഓട്ടം, നെടിയ ഓട്ടം.

Marconigram, *n.* കമ്പിയില്ലാക്കമ്പിമുഖാന്തിരമുള്ള സന്ദേശം.

Martian (mär′-shan) *adj.* ചൊവ്വായെ സംബന്ധിച്ച.

Marxian, *adj.* കാറൽമാർക്സിനെയോ അദ്ദേഹത്തിന്റെ സിദ്ധാന്തമായ സോഷ്യലിസത്തെയോ സംബന്ധിച്ച.

Masochism (maz′o-kizm), *n.* സ്ത്രീയാലോ പുരുഷനാലോ ക്രൂരമായി പെരുമാറപ്പെടുന്നതിൽ സുഖിക്കുന്ന ഒരുതരം തലതിരിഞ്ഞ സ്ത്രീപുരുഷബന്ധം.

Medico, *n.* ഒരു ചികിത്സകൻ, ചികിത്സാവിദ്യാർത്ഥി.

Minimalist, *n.* മെൻഷേവിസ്റ്റ്, മിതവാദിയായ സോഷ്യലിസ്റ്റ്.

Misfire, *v. i.* വെടിപായാതിരിക്കുകയോ പൊട്ടാതിരിക്കുകയോ ചെയ്ക.

Mixer, *n.* സങ്കരസഹചരന്മാരുടെയിടയിൽ വേഗം ഇണങ്ങിച്ചേർന്നുപോകുന്നവൻ.

Mop up, ശത്രുശേഷത്തെ നിർമ്മാർജ്ജനം ചെയ്ക.

Moron, *n.* ദുർബലഹൃദയൻ, ബാലപ്രായൻ.

Mutation, *n.* തുടർന്നില്ലാതെവരുന്ന വ്യത്യസ്തത; പെട്ടെന്നു മുൻതലമുറയിൽനിന്നുണ്ടാകുന്ന മാളനംമാററം.

Nazi, *n.* നാഷണൽസോഷ്യലിസ്റ്റ്; **-fy**, *v. t.* നാസിസിദ്ധാന്തത്തിലേക്ക് ആകർഷിക്കുകയോ അതിനു വിധേയമാക്കുകയോ ചെയ്ക.

Neuropath, *n.* കേടുപററിയ സിരാപടലമുള്ളവൻ.

Nit-Wit, *n.* മഠയൻ.

Non-Stop, *adj.* നില്ക്കാത്ത, തുടർച്ചയായ, നിരന്തരമായ.

Nudist, *n.* നഗ്നതാപ്രസ്ഥാനക്കാരൻ, നിഗംബരൻ.

Off-chance, *n.* സന്ദർഭാനുകൂല്യം കുറഞ്ഞ.

Off-coloured, *adj.* അൽപവർണ്ണമായ, തികച്ചും വെള്ളക്കാരനല്ലാത്ത.

Off-side, *n.* പന്തിന്റെയും എതിരാളിയുടെ ഗോളിന്റെയും ഇടയ്ക്കുള്ള ഭൂമി.

Omnibus, *n.* ഒററവാല്യമായി സഞ്ചയിച്ച കൃതികൾ.

Oncer, *n.* ഞായറാഴ്ച ഒരിക്കൽമാത്രം പൊതുആരാധനയിൽ പങ്കുകൊള്ളുന്നവൻ.

Orderly, *n.* ആശുപത്രിഭൃത്യൻ; തോട്ടി.

Osteopathy, *n.* ഓജസ്സിദ്ധാന്തം.

Out-turn, *n.* ഉല്പാദനം, വേലചെയ്തുണ്ടാക്കപ്പെട്ടവ.

Oxford bags, *n.* pl. വീതിയുള്ള കാലുറകൾ.

Pancake, *v. i.* വല്ലാതെ വിമാനമിറക്കുക.

Panel, *n.* നാമാവലി; സമിതി.

Para troops, *n.* pl. പാരച്ച്യൂട്ടുവഴി ഇറങ്ങുന്ന ആകാശസൈന്യം, പാരച്ച്യൂട്ടുസൈന്യം

Partisan, *n.* അസ്ഥിരഭടൻ; മാർഷൽ ടിറേറായുടെ പ്രതിരോധകക്ഷിയംഗം.

Perforate, *adj.* കീറത്തക്കവണ്ണം വരിയായി സുഷിരമുള്ള. (ഉദാ: സ്റ്റാമ്പുതാൾ)

Pick-up, *n.* സ്വനഗ്രാഹിണീസൂചിവയ്ക്കുന്ന ശബ്ദാവർത്തനോപകരണം.

Poltergeist, *n.* ചാത്തൻ.

Postwar, *adj.* യുദ്ധാനന്തരം, പ്രായേണ ഒന്നാംലോകമഹായുദ്ധത്തിനുശേഷം.

Prewar, *adj.* യുദ്ധത്തിനുമുമ്പായ, പ്രായേണ ഒന്നാംലോകമഹായുദ്ധത്തിനുമുമ്പായ.

Progressive, *n.* രാഷ്ട്രീയകക്ഷികൾ പലതുള്ളതിൽ ഒന്നിൽപെട്ട ആൾ.

Projector, *n.* പ്രകാശപ്രക്ഷേപിണി.

Psychoanalysis, *n.* സിരാരോഗങ്ങളെയോ മാനസികവൈകല്യങ്ങളെയോ പരിശോധിച്ചറിയുന്ന ഒരു സമ്പ്രദായം.

Pylon, *n.* വിദ്യുച്ഛക്തികേബിൾത്താങ്ങ്.

Quadruple, *adj.* ചതുർവിഭാഗങ്ങളുള്ള, നാലുഭാഗമുള്ള.

Questionnaire, *n.* പ്രശ്നാവലി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Quisling, *n.* ശത്രുക്കളെ ക്ഷണിച്ചുവരുത്തി അവരുടെ ആജ്ഞാനുസരണം ഭരണം നടത്തുന്ന രാജ്യദ്രോഹി.

Quitter, *n.* കാലുമാറുന്നവൻ, വേഗം പിൻമാറുന്നവൻ.

Race, *v. i.* (നിയന്ത്രണംപോയി) കണ്ടമാനം ഓടുക (യന്ത്രത്തെ സംബന്ധിച്ച്).

Racialism, *n.* വംശവിദ്വേഷം, വംശമാത്സര്യം.

Radiator, *n.* വെള്ളം തണുപ്പിക്കാനുള്ള ഉപകരണം, റേഡിയേറ്റർ.

Radio, *n.* റേഡിയോ.

Radio-activity, *n.* അസ്വച്ഛപദാർത്ഥങ്ങളെ ഭേദിക്കാൻകഴിവുള്ള രശ്മികൾ പ്രസരിക്കുന്ന റേഡിയം മുതലായ പദാർത്ഥങ്ങളുടെ ശക്തി

Radium, *n.* റേഡിയം.

Rationalisation, *n.* വ്യവസായങ്ങളുടെ ശാസ്ത്രീയമായ സംഘടന അഥവാ ഭരണം.

Ration, *n.* റേഷൻ അഥവാ ന്യായപ്പങ്ക്.

Receptionist, *n.* സ്വീകരണോദ്യോഗസ്ഥൻ അഥവാ സ്വീകരിച്ചുമതലയുള്ള ജീവനക്കാരൻ.

Recondition, *v. t* കേടുപോക്കുക, നന്നാക്കുക, പഴയപടിയാക്കുക.

Rectify, *v. t.* വൈദ്യുതശക്തിപ്രവാഹം മാറ്റിവിടുക; **Rectifier**, *n.* മേല്പറഞ്ഞതിനുള്ള യന്ത്രോപകരണം.

Reinforced concrete, *n.* ഇരുമ്പോ ഉരുക്കോ ചേർത്ത് ബലപ്പെടുത്തിയ കോൺക്രീറ്റ്.

Relay, *v. t.* വിദൂരത്തിലുള്ള ലെട്ടത്തിൽ വൈദ്യുതപ്രവാഹം ത്ത ബാററി ഉപയോഗിച്ചു ശക്തിപ്പെടുത്തുക.

Ripping, *adj.* ഭേഷായ, വളരെ നല്ല.

Robot, *n.* മനുഷ്യാകൃതിയന്ത്രം, യന്ത്രമനുഷ്യൻ.

Rocket bomb, *n.* വാണബോംബ്.

Rotary club, *n.* റോട്ടറിക്ലബ്.

Rotarian, *n.* റോട്ടറിക്ലബ്ബിലെ അംഗം.

Rotary machine, *n.* അതിവേഗത്തിൽ അച്ചടി നടത്താവുന്ന ഒരുവക മുദ്രണയന്ത്രം.

Rotter, *n.* കാശിനുകൊള്ളരുതാത്തവൻ; ചീത്തമുട്ട.

Rummy, *n.* ചീട്ടുകൊണ്ടുള്ള ഒരുതരം കളി.

Sabotage (sab-o-tāzh′), *n.* വിധ്വംസകപ്രവൃത്തി, വിധ്വംസനം.

Sadism, *n.* ആസുരത, മർദ്ദനരസം.

Sammy, *n.* അമേരിക്കൻ അന്വേഷകഭടൻ.

Sanction, *n.* നിയമവിധേയത്വാദേശം.

Scorched earth (policy), *n.* ശത്രുക്കൾക്ക് ഉപയോഗപ്പെടാതിരിക്കാൻ സർവവും നശിപ്പിച്ചുകൊണ്ടു പിന്മാറുന്ന നയം.

Scot and yard, *n.* ലണ്ടൻപോലീസ് തലസ്ഥാനം.

Screen, *v. t.* പരിശോധനത്തിനു വിധേയമാക്കുക; സത്യസന്ധതയെ പരീക്ഷിക്കുക.

Shell-shock, *n.* പൊട്ടൽകൊണ്ടുണ്ടാകുന്ന മാനസികാസ്വാസ്ഥ്യം.

Sheriat, *n.* ഇസ്ലാമികമതനിയമസംഹിത.

Silencer, *n.* മോട്ടോർകാറുകളിൽ ഗ്യാസ് മോചനശബ്ദം കുറയ്ക്കുന്ന ഉപകരണം; സൈലൻസർ.

Siren, *n.* വിപൽസൂചകമായി ചൂളക്കിക്കുന്ന [illegible] ഹളം.

Sloppy, *adj.* നനവുള്ള (ഭക്ഷണം); അശ്രദ്ധയായ (ജോലി); ദുർബലമായ (വികാരം)

Snap-vote, *n.* അവിചാരിതമായി എടുക്കപ്പെടുന്ന വോട്ട്, അപ്രതീക്ഷിതവോട്ട്.

Solar, *adj.* സൂര്യരശ്മിപോലെ പ്രസരിതങ്ങളായ ശാഖകളോടുകൂടിയ.

Solicit, *v. i.* (വ്യഭിചാരിണികൾക്കു മുൻകൂർ പണം കൊടുക്കുക); (യാചകരെ സംബന്ധിച്ച്) ഭിക്ഷയ്ക്കുലട്ടുക.

Soviet, *n.* റഷ്യയിലെ ഭരണസമിതി.

Spellbinder, *n.* (രാഷ്ട്രീയമായോ മതപരമായോ ഉള്ള) മഹാവാഗ്മി, ശ്രോതാക്കളെ മോഹിപ്പിക്കുന്ന വാഗ്ധാടിക്കാരൻ

Spoilage, *n.* ചീത്തയാക്കുന്ന, അച്ചടിയിൽ ചീത്തയാക്കുന്ന (താൾ).

Spoil-sport, *n.* കളി തടസ്സപ്പെടുത്തുന്നവൻ.

Spot-light, *n.* ഒരു നടനിലോ ഒരു സ്ഥലത്തോ കേന്ദ്രീകരിക്കപ്പെടുന്ന പ്രകാശപുഞ്ജം; അതിനുള്ള ഉപകരണം.

Stooge, *n.* ചേടൻ.

Stunt, *n.* ദുഷ്കരാഭ്യാസം; വൃത്താന്തപത്രസമരം.

Surcharge, *n.* ആഡിറ്റർ അനുവദിക്കാത്ത തുക.

Surface mail, *n.* റോഡുവഴിയോ റെയിൽവഴിയോ കപ്പൽവഴിയോ അയയ്ക്കുന്ന തപാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Syndicalism, *n.* ഒരു തൊഴിലാളിപ്രസ്ഥാനപരിണാമം.

Take off, *n.* (വിമാനങ്ങൾ) പുറപ്പെടുന്ന സ്ഥലം.

Talkies, *n.* സംസാരിക്കുന്ന ചലച്ചിത്രം.

Tape machine, *n.* ടെലഗ്രാഫ് മുദ്രണയന്ത്രം

Taxi, *n.* വാടകമോട്ടോർകാർ.

Tear gas, *n.* കണ്ണീർവാതകം.

Technocracy, *n.* സാങ്കേതികവിദഗ്ദ്ധനിയന്ത്രണം; വ്യവസായത്തിന്റെ ശാസ്ത്രീയാസൂത്രണം.

Teleprinter, *n.* വിദ്യുച്ഛക്തികൊണ്ട് സന്ദേശങ്ങൾ ടൈപ്പുചെയ്യുന്ന യന്ത്രം.

Television, *n.* വിദ്യുച്ഛക്തിമുഖാന്തിരമുള്ള ദർശനം, ടെലിവിഷൻ.

Terminal, *n.* അന്തം; ആവത്തനാന്തം.

Test-Case, *n.* മാതൃകാകാര്യം.

Therapy, *n.* രോഗചികിത്സ.

Thermos, *n.* ചൂടോ തണുപ്പോ വിടാതെ ദ്രവകങ്ങൾ സൂക്ഷിക്കാനുള്ള പാത്രം.

Thriller, *n.* സംഭ്രമജനകകഥ.

Tongue-Twister, *n.* തെററാതെ ഉച്ചരിക്കവാൻ പ്രയാസമായ വാക്കുകൾ.

Totalitarian, *adj.* സർവ്വാധിപത്യഭരണപരമായ.

Tractor, *n.* യന്ത്രക്കലപ്പ, മോട്ടോർകലപ്പ.

Transmitter, *n.* പ്രക്ഷേപകൻ, അയയ്ക്കുന്നവൻ; സന്ദേശമയയ്ക്കുന്ന ഉപകരണം.

Travelogue, *n.* സഞ്ചരിക്കുന്ന സംഭാഷണ ചലച്ചിത്രം.

Trio, *n.* ത്രയം.

Trolley, *n.* പാളത്തിലൂടെ പോകുന്ന ചെറിയ വണ്ടി, ട്രോളി.

Trunk-Call *n.* ട്രങ്ക്കാൾ, തദ്ദേശത്തിന പുറത്തുള്ള ടെലഫോൺവിളി.

Type-Script *n.* ടൈപ്പടിച്ച പ്രമാണം അഥവാ ആധാരം.

Umpteen, *n.* അവ്യക്തസംഖ്യ.

Underground, *adj.* ഗൂഢമായ; *n.* ഭൂഗർഭത്തീവണ്ടി, ഭൂഗർഭസേനാപ്രവത്തനം.

Unesco, *n.* ഐക്യരാഷ്ട്ര വിദ്യാഭ്യാസശാസ്ത്രീയസാംസ്കാരികസംഘടന

United nations, ഐക്യരാഷ്ട്രങ്ങൾ.

U N O, *n.* 1945-ൽ സ്ഥാപിച്ച ഐക്യരാഷ്ട്രസംഘടന.

Unrra, ഐക്യരാഷ്ട്രദുരിതനിവാരണപുനരധിവാസഭരണം.

Utility, *n.* പൊതുജനാവശ്യത്തെ തൃപ്തിപ്പെടുത്താനുള്ള കഴിവ്, പൊതുജനസേവനസ്ഥാപനം.

Valorise, *v. t.* വിലക്കിപ്പപ്പെടുത്തുക.

Vamp, *n.* പുരുഷന്മാരെ ചൂഷണംചെയ്യുന്ന ഒരു സാഹസിക.

Visibility, *n.* ദർശനീയത.

Vitamin, *n.* വിററമിൻ.

Voile, *n.* വോയിൽതുണി, നേരിയതുണി.

Volte-face, *n.* അഭിപ്രായത്തിന്റെയോ നയത്തിന്റെയോ മനോഭാവത്തിന്റെയോ പെട്ടെന്നുള്ള പിൻമാററം.

Wall street, അമേരിക്കയിലെ ബാങ്കിംഗും ധനപരവുമായ താല്പര്യങ്ങൾ.

Wander lust, *n.* ദേശമാററത്തിനുള്ള ആസക്തി, സഞ്ചാരാസക്തി.

Warden, *n.* വാർഡൻ, വിമാനാക്രമണ മുൻകരുതൽസംബന്ധിച്ച സ്വയം ചുമതലയേററ ഒരു ഉദ്യോഗസ്ഥൻ.

Washout, *n.* പരാജയം, ഉപേക്ഷിക്കപ്പെട്ടതു്

Wave-length, *n.* തരംഗശിഖരങ്ങൾതമ്മിലുള്ള അകലം.

Week-end, *n.* വെള്ളിയാഴ്ചയോ ശനിയാഴ്ചയോ മുതൽ തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോവരെ.

Wind-break, *n.* കാററടി, കാററിൽനിന്നുള്ള രക്ഷ (വൃക്ഷങ്ങളും മററും).

Wind-screen, *n.* സ്ഫടികസദൃശമായ കാററട.

Windy, *adj.* പേടിച്ചുകിടുകിടുത്ത, സങ്കോചപ്പെട്ട.

Wireless, *n.* കമ്പിയില്ലാക്കമ്പി, കമ്പിയില്ലാക്കമ്പിസന്ദേശം; റേഡിയോ ഉപകരണം; *v. t.* റേഡിയോവഴി സന്ദേശമയയ്ക്കുക.

Yellow peril, *n.* മഞ്ഞനിറമുള്ള വർഗ്ഗക്കാരിൽനിന്നുള്ള വിപത്തു്.

Yellow press, *n.* അതിശയോക്തിപരങ്ങളായ പരിഭ്രമജനകലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങൾ.

Yes-man, *n.* എറാൻമൂളി, ഒത്തുപറയുന്നവൻ.

Zoom, *v. i.* (വിമാനങ്ങൾ) തിരിഞ്ഞുനേരേ മേല്പോട്ടു പറന്നുകയറുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

STOCK VERIFY 2020 G.R.V. Library

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

COMPILED

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar